# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

**പാറശ്ശാല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

**പെരുങ്കടവിള ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

**അതിയന്നൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

**നേമം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

**കഴക്കൂട്ടം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

**വെള്ളനാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

**നെടുമങ്ങാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

**വാമനപുരം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

**കിളിമാനൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

**ചിറയിൻകീഴ് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

4

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമുഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

**വാല്യം 57**

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

**വാല്യം 58**

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

**വാല്യം 59**

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

**വാല്യം 60**

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

**വാല്യം 61**

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

**വാല്യം 62**

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

**വാല്യം 63**

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

**വാല്യം 64**

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

**വാല്യം 65**

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

**വാല്യം 66**

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

**വാല്യം 67**

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

**വാല്യം 68**

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

**വാല്യം 69**

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

**വാല്യം 70**

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

**വാല്യം 71**

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

**വാല്യം 72**

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

**വാല്യം 73**

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

**വാല്യം 74**

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

**വാല്യം 75**

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

**വാല്യം 76**

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

**വാല്യം 77**

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

**വാല്യം 78**

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

**വാല്യം 79**

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

**വാല്യം 80**

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

**വാല്യം 81**

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

**വാല്യം 82**

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

**വാല്യം 83**

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

**വാല്യം 84**

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

8

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പൂത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

17

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

13

# നഗരസഭകൾ

### വാല്യം 153

**തിരുവനന്തപുരം ജില്ല**

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

### വാല്യം 154

**കൊല്ലം ജില്ല**

1. കൊല്ലം
2. പുനലൂർ
3. പരവൂർ

### വാല്യം 155

**പത്തനതിട്ട ജില്ല**

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

### വാല്യം 156

**ആലപ്പുഴ ജില്ല**

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

### വാല്യം 157

**കോട്ടയം ജില്ല**

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

### വാല്യം 158

**ഇടുക്കി ജില്ല**

1. തൊടുപുഴ

### വാല്യം 159

**എറണാകുളം ജില്ല**

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

### വാല്യം 160

**തൃശ്ശൂർ ജില്ല**

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

### വാല്യം 161

**പാലക്കാട് ജില്ല**

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

### വാല്യം 162

**മലപ്പുറം ജില്ല**

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

### വാല്യം 163

**കോഴിക്കോട് ജില്ല**

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

### വാല്യം 164

**വയനാട് ജില്ല**

1. കൽപ്പറ്റ

### വാല്യം 165

**കണ്ണൂർ ജില്ല**

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

### വാല്യം 166

**കാസർഗോഡ് ജില്ല**

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# വികസന റിപ്പോർട്ട്

# അളഗപ്പനഗർ

# ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങൾക്ക്
ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

## വികസന രേഖ തയ്യാറാക്കാൻ സഹായിച്ചവർ

804206

പി.എ.അരവിന്ദാക്ഷൻ (വെറ്റിനറി സർജൻ)
ശിവദാസൻ (കൃഷി ഓഫീസർ)
ടി.നരേന്ദ്രൻ (ബ്ലോക്ക് കൺവീനർ – കെ.ആർ.പി.)
പി.എ. വാറുണ്ണി (DRP)
പി.കെ വാസു "
വി.കെ. സുബ്രമണ്യൻ "
കെ.വി.സുരേഷ് "
സി.ഐ.രവീന്ദ്രൻ "
കെ.കെ. ഫ്രാൻസിസ്സ് "
കെ.എ. നീലകണ്ഠൻ "

സി.കെ. കൊച്ചുകുട്ടൻ
ടി.എസ്. ഭാസ്കരൻ
എം.ശിവദാസൻ
പി.വി. ഗോപിനാഥൻ
പി.ജെ. മോൻസി
എം.സി.ആന്റണി
സി.വി.വിജയൻ
ഉഷഉണ്ണി
അമ്മിണി ശശിധരൻ
എൻ.ആർ. പത്മാവതി
പുഷ്പാവതി ടീച്ചർ
എം.വി. രാജൻ
എ. സഹദേവൻ മാസ്റ്റർ
ഗിരിജാവല്ലഭൻ
കെ.രവി
വി.വി.രവീന്ദ്രൻ
ലോനപ്പൻ കൂടലി
എം.ശശിധരൻ
സി.ഐ.കുമാരൻ മാസ്റ്റർ
കെ.നാരായണൻ നമ്പൂതിരി
കെ.കെ.ഗോഖലെ

മോഹൻകർത്താറ
രാമകൃഷ്ണൻ മാസ്റ്റർ
ടി.ടി.കൊച്ചുമോൻ
പി.കെ.ശേഖരൻ
എം.എൽ വർഗീസ് മാസ്റ്റർ
ബാബുപോൾ .ടി.
ലിജോ .ജെ.കല്ലൂക്കാരൻ
പ്രിൻസ് മഞ്ഞളി
സി.എസ്. നസീർ
അജിത
എ.എ. സജി
വിജീഷ്
ഇ.ഡി.ഡേവീസ്
കൂടാതെ തൃശൂർ പരിഷദ് ഭവനിലെ
(കെ.എസ്.എസ്.പി.) പി.വി.ഉണ്ണികൃഷ്ണൻ
സതീഷ്
ഫിലിപ്പ് തോമസ്സ് .എ. തുടങ്ങിയവരും.

ലിപി ഒരുക്കിയത് പേജ്മേക്കർ.
പാട്ടുരയ്ക്കൽ, തൃശൂർ.

17

*പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും പുറമെ ഉള്ളവരുടെ പേരാണ് ചേർത്തിട്ടുള്ളത്.

# ആമുഖം

നമ്മുടെ പരമാധികരത്തിന് 50 വയസ് തികയാൻ പോകുന്നു. ഇതൊരു വിലയിരുത്തൽ വേളയാണ്. പിറന്ന നാടിനുവേണ്ടി ജീവിതം ഹോമിച്ച പതിനായിരങ്ങളുടെ സ്വപ്നങ്ങൾ പൂവണിഞ്ഞുവോ? അവശരും അശരണരുമായ ദരിദ്രകോടികൾക്ക് ഒരു പുതു ജീവൻ നൽകാൻ കഴിഞ്ഞുവോ? അരനൂറ്റാണ്ടു കൊണ്ട് രാജ്യം സമാഹരിച്ച സാമൂഹ്യ സമ്പത്ത് വീതം വെച്ചപ്പോൾ എവിടെയൊക്കെ പാകപ്പിഴകൾ സംഭവിച്ചു? ജനതയുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിൽ നാം എത്രമാത്രം മുന്നേറി? ദേശീയ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾ പ്രയോഗവൽക്കരിക്കുന്നതിൽ ഇന്നും നാം എവിടെ എത്തിനില്ക്കുന്നു? സ്വതന്ത്രമായി വിലയിരുത്തുക.

അധികാരവും സമ്പത്തും കേന്ദ്രീകരിച്ചത് മുകൾത്തട്ടിലായിരുന്നു. അവിടെ നിന്നും സമ്പത്തിന്റെ ശകലങ്ങൾ കീഴോട്ട് എറിഞ്ഞിരുന്നത് വഴിയിൽ തടഞ്ഞും അരിച്ചും ചുവടെ എത്തിയപ്പോൾ അത് മഞ്ഞ്കട്ടപോലെയായി. പരാതിയും പരിഭവവും പറഞ്ഞവരെ അധികാര ദണ്ഡുപയോഗിച്ച് അടിച്ചിരുത്താനും മടിയുണ്ടായിട്ടില്ല. സ്വാഭാവികമായും ജനതയിലാകെ അസംതൃപ്തിയും അസ്വസ്ഥതകളും വ്യാപകമായി. നല്ലൊരു വിഭാഗം നിരാശാവാദികളായി മാറി രാജ്യ കാര്യങ്ങളിൽ നിന്നും പുറം തിരിഞ്ഞു നിന്നു. മറുഭാഗത്ത് അധികാരവികേന്ദ്രീകരണത്തിനു വേണ്ടിയുള്ള ജനകീയ സമ്മർദ്ദങ്ങൾ കൊടുമ്പിരി കൊണ്ടു. അങ്ങിനെയാണ് 'ഗ്രാമസ്വരാജി'ന്റെ ദിശയിലുള്ള ഒരു അധികാര വികേന്ദ്രീകൃത രൂപം ഒരു ഭരണഘടനാ ഭേദഗതിയിലൂടെ സാധിതമാക്കിയത്.

കേരളം എന്നും ഭാരതത്തിനു മുൻപേ നടക്കാറുള്ളതാണ്. ഇന്ത്യക്കു മാത്രമല്ല അവികസിത രാജ്യങ്ങൾക്കു കൂടി പകർത്താവുന്ന വികസന ഒറ്റമൂലികൾ കരുപിടിപ്പിച്ച നാടാണിത്. വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീ സാക്ഷരത, ഭൂപരിഷ്കരണം, പരിമിതമായ സമ്പത്തിന്റെ ഫലപ്രദമായ വിതരണം എന്നിവയിലൊക്കെ കേരളത്തിന്റെ മാതൃകകൾ ലോകം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനർത്ഥം ഈ മാതൃകകളെല്ലാം സമ്പുഷ്ടമായിരുന്നു എന്നല്ല. ജീവിത പ്രയാസങ്ങളാൽ നൈരാശ്യം ബാധിച്ച ഒരു ജനതക്ക് പ്രതീക്ഷയുടെ തുരുത്തുകൾ നല്കാനായി എന്നു മാത്രമേ പറയാനാകു. ഇവിടെയാണ് നാം സ്ഥായിയായ വളർച്ചയുടെ അഭാവത്തെ പരിശോധനാ വിഷയമാക്കേണ്ടത്. കൊട്ടിഘോഷിക്കപ്പെടുന്ന നിരവധി നേട്ടങ്ങൾക്കിടയിൽ ഉല്പാദനമേഖലകളിലുള്ള മാന്ദ്യവും മുരടിപ്പും കേരളത്തിന്റെ പ്രധാനപ്പെട്ട ദൗർബല്യങ്ങളിലൊന്നാണ്. വിവിധ സേവന മേഖലകളിലെ സാമൂഹ്യ ഇടപെടൽ നിമിത്തം അതിന്റെ പരപ്പ് വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെങ്കിലും അവയുടെ കാമ്പ് മെച്ചപ്പെടുത്താനായില്ല എന്നത് നമ്മുടെ പരിമിതിയാണ്. ഗുണനിലവാര രംഗത്ത് നാം ഇന്ത്യൻ ശരാശരിക്ക് പിറകിലാണെന്ന വസ്തുത ഒട്ടും ആശാസ്യമല്ല.

ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് തന്നെയാണ് അവയ്ക്ക് പരിഹാരം കാണുന്നതിനായി അധികാര വികേന്ദ്രീകരണ പന്ഥാവിൽ ഒരു പുതിയ മാതൃക മെനഞ്ഞെടുക്കാൻ കേരളം ഒരുമ്പെടുന്നത് – ജനകീയാസൂത്രണപ്രസ്ഥാനം. ഭരണഘടനാപരമായ അധികാരം മാത്രമല്ല സമാഹരിക്കപ്പെടുന്ന വിഭവത്തിന്റെ 40% വിഹിതവും ഗ്രാമവാസികൾക്ക് കൈമാറികൊണ്ട് ഈ പ്രക്രിയയിലും കേരളം ഇന്ത്യക്ക് മുന്നിൽ എത്തിയിരിക്കുകയാണ്. ഇത് കേരളത്തിന്റെ വികസനരംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കിയിട്ടുള്ളതായി ഗ്രാമസഭാസന്ദേശങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. പദ്ധതി വിഹിതത്തിനു പുറമെ പ്രാദേശികവിഭവ സമാഹരണവും സന്നദ്ധപ്രവർത്തനവും കൂടിയാകുമ്പോൾ ചിലവഴിക്കപ്പെടുന്ന തുകയുടെ ഇരട്ടിയിലധികം കാര്യക്ഷമത ഉറപ്പുവരുത്താൻ കഴിയും. മാത്രമല്ല ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് അഴിമതിയെ ഒരു വിളിപാടകലെ മാറ്റി നിർത്താനും ഈ ജനകീയ ഇടപെടൽ കൊണ്ട് നേടിയെടുക്കാനാകും.

1996 സെപ്തംബർ 15ന് നടന്ന ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടപരിശീലനത്തോടെയാണ് അളഗപ്പനഗറിലെ പ്രവർത്തനങ്ങൾക്ക് ഔപചാരികമായ തുടക്കം കുറിച്ചത്. വിവിധ വാർഡുകളിൽ നിന്നായി ശില്പശാലയിൽ 148 പേർ പങ്കെടുത്തു. പുതിയൊരു കർമപരിപാടിക്ക് തയ്യാറെ

18

ടുക്കുന്ന ആവേശത്തോടെയാണ് ക്യാമ്പ് സമാപിച്ചത്. തുടർന്ന് മുഴുവൻ ജനങ്ങളിലും ജനകീയാസൂത്രണത്തിന്റെ സന്ദേശം വിളിച്ചോതുന്ന വാർഡുതല ഗ്രാമസഭകൾക്ക് തുടക്കമായി. സെപ്തംബർ 21, 22, 28, 29, ഒക്ടോബർ 2 എന്നീ തിയതികളിലായി 11വാർഡുകളിലെ ഗ്രാമസഭകളും ഗംഭീരമായി നടന്നു. 2027 വോട്ടർമാരാണ് വിവിധ ഗ്രാമസഭകളിലെത്തി നാടിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്. 10-ാം വാർഡാണ് ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുണ്ടായ ഗ്രാമസഭ – 324 പേർ. ഗ്രാമസഭാചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെയും വികാരത്തെയും സ്വാംശീകരിച്ചു കൊണ്ട്, ദ്വിതീയവിവരശേഖരണത്തിലൂടെ സമാഹരിച്ച അറിവുകളുടെ വെളിച്ചത്തിൽ അളഗപ്പനഗറിന്റെ വികസന ലക്ഷ്യം നേടിയെടുക്കാനുള്ള ശ്രമമാണ് ഈ റിപ്പോർട്ടിലൂടെ നടത്തുന്നത്. വികസന റിപ്പോർട്ടിന്റെ നിർമാണത്തിനായി ഒക്ടോബർ 30ന് ഒരു ഏകദിന പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. 98 പേരാണ് ഈ രണ്ടാംഘട്ട ശില്പശാലയിൽ പങ്കെടുത്തത്. തുടർന്ന് ഒക്ടോബർ 31ന് നാടിന്റെ നാനാതുറകളിലുംപ്പെട്ട 15പേർ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലുടനീളം നടന്ന് ഒരു പഠനപര്യടനവും നടത്തുകയുണ്ടായി.

വികസന റിപ്പോർട്ടിന്റെ നിർമാണം അത്യധികം ശ്രമകരമായ ഒന്നാണ്. നിരവധിപേരുടെ കഠിനാദ്ധ്വാനമാണ് ഈ റിപ്പോർട്ടിന്റെ മൂലധനം. പഞ്ചായത്തിലെ പ്രശ്നങ്ങളെ 12 വികസന മേഖലകളായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. ഓരോ വികസന മേഖലയിലെയും പ്രശ്നങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും വിശദമാക്കിയിട്ടുണ്ട്. പരിഹാരമാർഗ്ഗങ്ങളെ പോഷിപ്പിച്ചും സമ്പുഷ്ടമാക്കിയും പുതിയ സാധ്യതകളെ കണ്ടെത്തിയും ഈ റിപ്പോർട്ടിനെ മഹത്തരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# അളഗപ്പനഗർ പഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജ് | – | ആമ്പല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | – | കൊടകര |
| ബ്ലോക്ക് പഞ്ചായത്ത് വാർഡ് | – | അളഗപ്പനഗർ, പുതുക്കാട് |
| താലൂക്ക് | – | മുകുന്ദപുരം |
| ജില്ലാപഞ്ചായത്ത് | – | തൃശൂർ |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | – | പുതുക്കാട് |
| അസംബ്ലിമണ്ഡലം | – | കൊടകര |
| പാർലിമെന്റ് മണ്ഡലം | – | തൃശൂർ |
| വിസ്തീർണം | – | 18.38 ച.കി.മീ. |
| അതിരുകൾ | – | വടക്ക്: തൃക്കൂർ ഗ്രാമപഞ്ചായത്ത് |
| | | കിഴക്ക്: വരന്തരപ്പിള്ളി ഗ്രാമപഞ്ചാത്ത് |
| | | തെക്ക്: പുതുക്കാട് ഗ്രാമപഞ്ചായത്ത് |
| | | പടിഞ്ഞാറ്: N.H.47. |
| ജനസംഖ്യ | – | 25353 (പുരുഷൻമാർ – 12441, സ്ത്രീകൾ – 12912) |
| സാക്ഷരത | – | 20431 (പുരുഷന്മാർ – 10359. സ്ത്രീകൾ 10072) |
| വാർഡുകൾ | – | 11 |

**നിലവിലുള്ള ഭരണസമിതി**

സി.കെ.കുമാരൻ (പ്രസിഡണ്ട്.)

കെ.ആർ. ഗോപിനാഥൻ (വൈസ്പ്രസിഡണ്ട്)

കെ.എം. ചന്ദ്രൻ (സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ)

| | |
|---|---|
| എൻ.എ. തങ്കമ്മടീച്ചർ | (1–ാം വാർഡ്) |
| സരോജനി മോഹനൻ | (3 " ) |
| സി.ഡി.സജീവൻ | (4 " ) |
| ദേവസ്സിതട്ടിൽ | (5 " ) |
| എൻ.കെ. പൊന്നുകുട്ടൻ | (7 " ) |
| കെ.എൻ. കമലം | (8 " ) |
| തോമസ് മഞ്ഞളി | (9 " ) |
| എം.പ്രേമവല്ലി ടീച്ചർ | (11 " ) |

## പഞ്ചായത്ത് ഭരണസമിതികൾ (1953 – 95)

| കാലഘട്ടം | പ്രസിഡണ്ട് | വൈസ്പ്രസിഡണ്ട് |
|---|---|---|
| 1952 – 62 | എം.വി. ലോനപ്പൻ | പി.ഡി.ദേവസ്സി |
| 1963 – 79 | കെ.എൻ.നമ്പൂതിരി,<br>പി.ഡി.ദേവസ്സി,<br>സി.കെ. കുമാരൻ | പി.ഡി.ദേവസ്സി,<br>സി.കെ.കുമാരൻ,<br>എം.ഒ.ദേവസ്സികുട്ടി |
| 1979 – 84 | സി.എ.ജോർജ്ജ് | സി.ഐ.വേണുഗോപാലൻ |
| 1984 – 88 | സ്പെഷൽ ഓഫീസറുടെ ഭരണം | |
| 1988 – 95 | സി.കെ.കുമാരൻ | വി.കെ. സുബ്രമണ്യൻ |
| 1995 ഒക്ടോബർ | സി.കെ. കുമാരൻ | കെ.ആർ ഗോപിനാഥൻ |

## അധികാരം ജനങ്ങൾക്ക്
## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട്

# ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം

ജീവിതത്തിന്റെ അടിസ്ഥാന സൗകര്യം എന്ന നിലയിൽ പ്രഥമ ഗണനീയ സ്ഥാനമാണ് ഭവനങ്ങൾക്കുള്ളത്. ആവാസ സൗകര്യത്തിന്റെ കാര്യത്തിൽ കുറച്ചൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. ഭവനനിർമ്മാണത്തിലും താമസ സൗകര്യത്തിലും ധാരാളം വൈവിധ്യങ്ങൾ പഞ്ചായത്തിൽ പ്രകടമാണ്. ഗൾഫ് മേഖലയിലെ വരുമാനത്തിന്റെ സ്വാധീനം ഭവനനിർമ്മാണ രംഗത്ത് പഞ്ചായത്തിലാകെ പ്രകടമാണ്. കോൺക്രീറ്റ് ഭവനങ്ങളോടും അതിൽതന്നെ ആഡംബരങ്ങളോടുമുള്ള അതിരുകടന്ന അഭിനിവേശം പ്രകടമാകുന്നുണ്ട്, പൂർത്തീകരിക്കാൻ കഴിയാതെനിൽക്കുന്ന വീടുകളും ദൃശ്യമാണ്.

പഞ്ചായത്തിൽ നടത്തിയ ദ്വിതീയ സർവ്വെ പ്രകാരം 6,951 വീടുകളാണ് ഉള്ളത്. ഇതിൽ വളരെയേറെ സൗകര്യങ്ങളുള്ള വീടുകളും, ഒട്ടുംതന്നെ സൗകര്യങ്ങളില്ലാത്ത കുടിലുകളും ഉൾപ്പെടുന്നു. ഓട്മേഞ്ഞ വീടുകളാണ് അധികവും കാണുന്നത്. ഇവ എണ്ണത്തിൽ 4,261 വരും. കോൺക്രീറ്റ് വീടുകൾ മൊത്തം വീടുകളുടെ 1/3 ഭാഗം വരുന്നുണ്ട്. ഓട്മേഞ്ഞ വീടുകളിൽതന്നെ മൺചുമരുകളും ബലംകുറഞ്ഞ മേൽകൂരകളുള്ളതും കുറഞ്ഞ തറവിസ്തീർണ്ണം മാത്രമുള്ളതുമായി ഉടൻ മെച്ചപ്പെടുത്തേണ്ട വീടുകളുണ്ട്. 240 കുടിലുകൾ സർവ്വെയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## വീടുകളെ സംബന്ധിച്ച വിവരങ്ങൾ

| മേൽക്കൂരയുടെ സ്വഭാവം | എണ്ണം |
|---|---|
| ഓട് | 4261 |
| ഓല | 240 |
| കോൺക്രീറ്റ് | 2450 |
| ആകെ | 6951 |

1. ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഫാക്ടറികൾ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഓട്ടു കമ്പനികളാണ് ഇവയിൽ പ്രധാനമായത്. വിവിധതരം ഓടുകൾ, WIRE CUTT BRICKS എന്നിവ ഇതിൽ ഉണ്ടാക്കുന്നു. താൽക്കാലികമായ നാടൻ ചൂളകളിൽ ഉണ്ടാക്കുന്ന കളിമൺ ഇഷ്ടികകൾ ഈ പ്രദേശങ്ങളിൽ ഉദ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ മരക്കമ്പനികൾ, ക്രഷറുകൾ, ക്വാറികൾ എന്നിവയും പഞ്ചായത്തിന്റെ ചിലപ്രദേശങ്ങളിൽ നിലവിലുണ്ട്. ചുരുക്കത്തിൽ സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതിയുടെ കീഴിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനുതകുന്ന സാഹചര്യങ്ങൾ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

ഈ രംഗത്ത് ഇന്ന് നിലനിൽക്കുന്ന വത്യസ്ത പ്രശ്നങ്ങളെ വിലയിരുത്തുന്നത് പ്രശ്നപരിഹാരത്തിന് ഗുണകരമാകും. താഴേ പറയുന്ന തരത്തിൽ ഇതിനെ സംഗ്രഹിക്കാം:

1. ഭൂരഹിതരുടെയും കനാൽതീരത്ത് പുറം പോക്കിൽ താമസിക്കുന്നവരുടെയും ആധിക്യം
2. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ
3. ഭവനനിർമ്മാണ വായ്പയുടെ ലഭ്യതക്കുറവ്
4. വായ്പാ വിനിയോഗത്തിലെ അപാകതകൾ
5. ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്
6. തൊഴിലാളികളുടെ ലഭ്യതക്കുറവ്
7. പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തിനുണ്ടാകുന്ന കുറവ്
8. നിലവിലുള്ള പദ്ധതികൾക്ക് നേതൃത്വം നൽകാനുള്ള സന്നദ്ധ സംഘടനകളുടെ കുറവ്
9. സമഗ്രമായ ഭവന നിർമ്മാണ പദ്ധതിയുടെ അഭാവം
10. നിലവിലുള്ള ഭവനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത
11. പതിച്ചുകിട്ടിയ ഭൂമി ക്രയവിക്രയം ചെയ്ത് വീണ്ടും ഭവനരഹിതരാകുന്ന പ്രശ്നങ്ങൾ

ഭൂരഹിതരായ കുടുംബങ്ങളുടെ പുനരധിവാസത്തിന് അർഹതയുള്ളവർ പഞ്ചായത്തിൽ 500 ഓളം കുടുംബങ്ങളുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ദ്വിതീയ വിവിരശേഖരണത്തിലെ പോരായമ പരിഹരിച്ച് പ്രാഥമിക സർവ്വെ സംഘടിപ്പിച്ച് ഇവരെ കണ്ടെത്തണം. 4 സെന്റ് ഭൂമി, ഇത്തരം കുടുംബങ്ങൾക്ക് പതിച്ചുനൽകാനുള്ള നടപടികൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ മിച്ചഭൂമിയൊ വിലകൊടുത്തു വാങ്ങുന്ന ഭൂമിയൊ

ഇതിനായി ഉപയോഗിക്കാവുന്നതാണ്. നിലവിലുള്ള ഈ പദ്ധതിയുടെ അനുഭവത്തിൽനിന്നും ചില വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പുനരധിവാസഭൂമി ക്രയവിക്രയം നടത്തി വീണ്ടും ഈ കുടുംബങ്ങൾ ഭൂരഹിത പട്ടികയിലേക്ക് മാറുന്നു. മറ്റൊന്ന് പുനരധിവാസ കുടുംബങ്ങൾ കോളനികളായി താമസിക്കുമ്പോൾ വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഉയരാൻ കഴിയാത്ത സ്ഥിതി സംജാതമാകുന്നുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ചെലവു കുറഞ്ഞ രീതിയിൽ ഈ കുടുംബങ്ങൾക്ക് എത്തിക്കാൻ കഴിയുന്നത് കോളനിഘടനയുടെ നേട്ടമായും കാണുന്നുണ്ട്.

കൈവശഭൂമിക്ക് പട്ടയം ലഭിച്ചാൽ മാത്രമേ ഭവന നിർമ്മാണത്തിനാവശ്യമായ വായ്പകൾ സംഘടിപ്പിക്കുന്നതിന് കുടുംബങ്ങൾക്ക് കഴിയൂ. പട്ടയം ലഭിക്കാൻ അർഹതയുള്ള നിരവധി കുടുംബങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്.

ഭവനനിർമ്മാണത്തിനുള്ള വായ്പ ലഭിക്കാൻ അർഹതയുള്ളവരിൽ ഒരു ചെറിയ വിഭാഗത്തിനുമാത്രമെ ഇതുവരെ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളു. ബാക്കിവരുന്നവർ ഇപ്പോഴും പലിശ കൂടിയ വായ്പകളെയോ അമിത പലിശക്ക് വായ്പ കൊടുക്കുന്ന മറ്റു സ്ഥാപനങ്ങളെയോ ആണ് ആശ്രയിക്കുന്നത്. ഇത്തരം ഭവന നിർമ്മാണ വായ്പകൾതന്നെ കൃത്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിന്നും കഴിയാറില്ല.

വായ്പയെടുത്താൽ തിരിച്ചടക്കുന്നതിന് കഴിയാത്ത ദുർബലവിഭാഗങ്ങളുടെ ആവശ്യത്തിനായി ഒരു പ്രാദേശിക ഭവനനിർമ്മാണ പദ്ധതിക്ക് രൂപം കൊടുക്കണം. ഇതിൽപ്പെടുന്ന ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് അവർക്ക് സ്വരൂപിക്കാൻ കഴിയുന്ന തുക എത്രയെന്ന് പരിശോധിക്കുകയും ബാക്കിവരുന്ന തുക സാധനങ്ങളായോ അദ്ധ്വാനമായോ സംഭാവനവഴിയോ കണ്ടെത്തണം. പഞ്ചായത്തിന്റെ ഫണ്ടിൽനിന്നോ JRY വിഹിതത്തിൽനിന്നോ ഈ പദ്ധതിക്ക്വേണ്ടി തുക കണ്ടെത്താൻ കഴിയും.

## ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

| ഭവന നിർമ്മാണ പദ്ധതികൾ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനി പൂർത്തിയാക്കാനുള്ളവ |
|---|---|---|---|
| RLEGP | 25 | 25 | ഇല്ല |
| NREP | 25 | 25 | ഇല്ല |
| IAY | 26 | 22 | 4 |
| JRY | 2 | 2 | ഇല്ല |
| IAY & JRY | 29 | 27 | 2 |
| ആകെ | 107 | 101 | 6 |

ഭവനനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും പ്രതികൂലമായ ഘടകമാണ്. പഞ്ചായത്തിൽ നിർമ്മിക്കാൻ കഴിയാത്ത സിമന്റ്, കമ്പി എന്നിവയുടെ വിലവർദ്ധനവ് വളരെ കൂടുതലായി അനുഭവപ്പെടുന്നു. സമയത്തിന് തൊഴിലാളികളെ ലഭിക്കുന്നില്ല എന്നത് ഒരു കുറവായി നിലനിൽക്കുന്നു. ഇത്തരം ജോലികളിൽ ധാരാളം അന്യസംസ്ഥാനത്തുള്ളവരെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം പഞ്ചായത്തിൽ പ്രകടമാണ്. നിലവിലുള്ള പല ഭവന നിർമ്മാണ പദ്ധതികളും സന്നദ്ധസംഘടനകൾ സ്പോൺസർ ചെയ്യുന്ന തരത്തിലാണുള്ളത്. സന്നദ്ധസംഘടനകളുടെ ഇടപെടലുകൾ കുറവുവരുമ്പോൾ ഇത്തരം പ്രദേശത്ത് ആനുകൂല്യം ലഭിക്കാതെ പോകാറുണ്ട്. ഗ്രാമപഞ്ചായത്തിന് ഇത്തരം പദ്ധതികളിൽ ഇടപെടാനും ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതിനും കഴിയണം.

പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഭവന നിർമ്മാണ സഹകരണസംഘം അടിയന്തിരമായി രൂപീകരിക്കണം. ഭവനനിർമ്മാണത്തിനും റിപ്പയർ നടത്തുന്നതിന്നും ആവശ്യമായ വായ്പകൾ ഇതിലൂടെ ലഭ്യമാക്കാൻ കഴിയും. ചെലവുകുറഞ്ഞതരം വീടുകൾ ശാസ്ത്രീയമായി നിർമ്മിക്കാനുതകുന്ന പദ്ധതികളാണ് സംഘം നിർദ്ദേശിക്കേണ്ടത്. നിർമ്മാണത്തിന്റെ ആദ്യാവസാനം സംഘത്തിന് ഇടപെടാൻ കഴിയണം.

നിലവിലുള്ള ഭവനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഒരു പ്രത്യേക സ്കീമിന് രൂപം കൊടുക്കണം. സുരക്ഷിതമായ കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ ഇത് നിർമ്മിക്കാൻ ആവശ്യമായ സഹായങ്ങൾ ചെയ്യാൻ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിക്കണം. അതുപോലെ പ്രധാനമാണ് വൈദ്യുതീകരിക്കാത്ത വീടുകളിലെ സ്ഥിതി. ഇത് എത്രയെന്ന് കണ്ടെത്തി പരിഹാരം കാണേണ്ടതുണ്ട്.

## സാമൂഹ്യക്ഷേമ പദ്ധതികൾ

ലാഭാധിഷ്ഠിത സമൂഹത്തിൽ മാനുഷികമൂല്യങ്ങൾ അപ്രസക്തമാകുന്നു എന്നതാണ് പൊതു സ്ഥിതി. പെരുകിവരുന്ന ദുർബല ജനവിഭാഗങ്ങൾ നേരിടുന്ന അരക്ഷിതാവസ്ഥക്ക് ഒരു പരിധിവരെ തടയിടാൻ സാമൂഹ്യക്ഷേമ പദ്ധതികൾക്കാവുന്നുണ്ട്. അളഗപ്പനഗർ പഞ്ചായത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്ന് വളരെ വിശദമായ സർവ്വെ നടത്തേണ്ടതുണ്ട്. വിവിധതരം സാമൂഹ്യക്ഷേമപദ്ധതികളും പഞ്ചായത്തിൽ നിലവിലുണ്ട്.

## തൊഴിൽദാന പദ്ധതികൾ

IRDP, JRY പോലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ പഞ്ചായത്തിൽ നിലവിലുണ്ട്. 11,000/- കക്ക് താഴെ വാർഷിക വരുമാനമുള്ള ദാരിദ്ര്യരേഖക്ക് താഴേകിടക്കുന്ന ആളുകളാണ് ലക്ഷ്യമെങ്കിലും, അങ്ങനെയുള്ളവരിൽ ഒരു ചെറിയ വിഭാഗത്തിനു മാത്രമേ ഇപ്പോൾ ആനുകൂല്യങ്ങൾ

ലഭിക്കുന്നുള്ളൂ. 1996 ലെ കണക്കു പ്രകാരം അളഗപ്പനഗർ പഞ്ചായത്തിൽ 2,092 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴേയുള്ളത്. ഇതിൽ 151 ഹരിജനങ്ങളാണ്. നാളിതുവരെ 644 കുടുംബങ്ങൾക്കുമാത്രമാണ് പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ളത്. ഇങ്ങനെ ലഭിച്ച ആളുകൾതന്നെ വായ്പാവിനിയോഗം ശരിയായി നടത്തുന്നില്ല. വിനിയെഗം പരിശോധിക്കാൻ കൃത്യമായ മാർഗ്ഗങ്ങളും അവലംബിക്കാറില്ല.

**IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം**

| | |
|---|---|
| സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | 2092 |
| SC/ ST കുടുംബങ്ങൾ | 151 |
| ധനസഹായം ലഭിച്ച കുടുംബങ്ങൾ | 644 |
| ഇതിൽ SC/ ST | 321 |

JRY പോലുള്ള തൊഴിൽദാന പദ്ധതികൾ പലപ്പോഴും പാവപ്പെട്ടവർക്ക് അന്യമാകുന്നു. പദ്ധതി കരാറെടുക്കുന്ന കോൺട്രാക്ടർമാർക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്. ജനകീയ കമ്മറ്റിയുടെ കൺവീനർ സ്ഥാനം കയ്യടക്കി കാര്യം നടത്തുകയാണ് ഇക്കൂട്ടർ ചെയ്യാറുള്ളത്. അതിനാൽ ഇത്തരം ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ഗുണം പാവപ്പെട്ടവർക്ക്തന്നെ ലഭിക്കുന്നുവെന്ന കാര്യം ഉറപ്പുവരുത്തണം. റോഡുകൾ പണിയുന്ന കാര്യത്തിനാണ് ഈ പദ്ധതിയിൽ മുൻഗണന കൊടുക്കാറുള്ളത്. ഈ സ്ഥിതി മാറേണ്ടതാണ്.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം ലഭിക്കുന്ന പദ്ധതിയാണിത്. പരിശീലനം ലഭിച്ചവരുടെ എണ്ണം താരതമ്യേന കുറവാണ്. സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിച്ച് ഈ പരിശീലനത്തിലേക്ക് കൂടുതൽപേരെ ആകർഷിക്കേണ്ടതുണ്ട്. കൂടാതെ പരിശീലനത്തിനുശേഷം തൊഴിൽ കണ്ടെത്താനുള്ള സഹായങ്ങളും പ്രോത്സാഹനങ്ങളും ലഭ്യമാക്കണം.

**ട്രൈസം – തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| പരിശീലനവിഷയത്തിന്റെ വിവരം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|
| ബാത്തിക് പ്രിന്റിങ്ങ് | 3 | – | 3 |
| പ്ലാസ്റ്റിക് വർക്സ് | 2 | 2 | – |
| ഓട്ടോറിക്ഷ റിപ്പയറിങ്ങ് | 1 | 1 | – |
| ഹാന്റ് ലൂം വീവിങ്ങ് | 1 | 1 | – |
| വെൽഡിങ്ങ് | 21 | 10 | 11 |
| പ്രിന്റിങ്ങ് | 4 | 3 | 1 |
| റേഡിയോ റിപ്പയറിങ്ങ് | 1 | – | 1 |
| ടി.വി.റിപ്പയറിങ്ങ് | 1 | 1 | – |
| അച്ചാർ നിർമ്മാണം | 1 | 1 | – |
| വയർമെൻ | 1 | – | 1 |
| മോട്ടോർവൈന്റിങ്ങ് | 3 | 3 | – |
| ടർണിങ്ങ് | 1 | 1 | – |
| ഡയമണ്ട് വർക്സ് | 1 | – | 1 |
| പ്ലമ്പിങ്ങ് | 1 | 1 | – |
| കോൺക്രീറ്റിങ്ങ് ബാർ ബൈന്റിങ്ങ് | 1 | 1 | – |
| ആകെ | 43 | 25 | 18 |

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പരിപാടിയാണിത്. ഈ പദ്ധതിപ്രകാരം നാലുപേർക്കാണ് നമ്മുടെ പഞ്ചായത്തിൽ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളത് അർഹതയുള്ളവർ ധാരാളമുണ്ടായിട്ടും ഈ പദ്ധതിയെക്കുറിച്ചുള്ള അജ്ഞത നിമിത്തവും വേണ്ടത്ര ബോധവൽക്കരണമില്ലാത്തതിനാലും ഗുണഫലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്കുള്ളിൽ എത്തുന്നില്ല.

**ഗ്രമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടിയുടെ (RAP) വിവരങ്ങൾ**

| | |
|---|---|
| IRDP സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | 107 |
| സഹായം ലഭിച്ചവരുടെ എണ്ണം | 4 |
| ഇനി അർഹതയുള്ളവരുടെ എണ്ണം | 58 |

## CRSP കക്കൂസുകൾ

ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കുന്ന പദ്ധതിയാണിത്. 1992 മുതൽ 47 കക്കൂസുകൾക്കാണ് ഈ പദ്ധതി മൂലം ധനസഹായം കൊടുത്തിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ സാനിറ്റേഷൻ കക്കൂസില്ലാത്ത കുടുംബങ്ങൾ 1400 ലധികം വരുന്നുണ്ട്. ഈ സർക്കാർ പദ്ധതികൊണ്ടു മാത്രമായി പ്രശ്നത്തിന്റെ രൂക്ഷത കുറക്കാനാവില്ല. എന്ന് അനുഭവങ്ങൾ കാണിക്കുന്നു. സന്നദ്ധസംഘടനകൾ മുഖാന്തിരവും മറ്റു ഏജൻസികളുടെ സഹായം തേടിയും ഈ പ്രശ്നത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. (*പട്ടിക ചുവടെ കൊടുക്കുന്നു)

## പെൻഷൻ പദ്ധതി

പെൻഷൻ പദ്ധതികളെ സംബന്ധിച്ചും വിശദമായ ഒരു പഠനം നടക്കേണ്ടതുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ, അഗതി – വിധവ – വികലാംഗ – പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിവാഹധന സഹായങ്ങൾ, തൊഴിലാളി ക്ഷേമ നിധികൾ എന്നിവയും പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹരായവരിൽ വളരെക്കുറച്ചു പേർക്കുമാത്രമാണ് ഇത് ലഭിച്ചു വരുന്നത്. 1980 കളിൽ കർഷകതൊഴിലാളി പെൻഷൻ നടപ്പാക്കിയ കാലഘട്ടത്തിൽ പഞ്ചായത്തിൽ 800 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം

***കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | വിവധ പദ്ധതികളിലായി 1992 ശേഷം അനുവദിച്ച കക്കൂസുകളുടെ എണ്ണം, | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|
| 1 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | 13 | 13 |
| 3 | 2 | 1 |
| 4 | 1 | 1 |
| 5 | 3 | 3 |
| 6 | 4 | 3 |
| 7 | 3 | 3 |
| 8 | 12 | 12 |
| 9 | 6 | 6 |
| 10 | 3 | 3 |
| ആകെ | 47 | 45 |

* പഞ്ചായത്തിൽ ഇപ്പോൾ വാർഡുകളുടെ എണ്ണം 11 ആണ്. അതനുസരിച്ച് വ്യത്യാസങ്ങൾ ഉണ്ടായിരിക്കാം

ലഭ്യമായിരുന്നു. എന്നാലിന്ന് കുറഞ്ഞുവന്ന് 90 കളിൽ 116 പേർക്കായി പരിമിതപ്പെട്ടു.

**കർഷകതൊഴിലാളി പെൻഷനെ സംബന്ധിച്ച വിവരങ്ങൾ**

| വർഷം | അപേക്ഷ ലഭിച്ചത് | മരിച്ചവർ | തുടർന്നു ലഭിക്കുന്നത് |
|---|---|---|---|
| 1991 | 63 | 11 | 52 |
| 1992 | 16 | 1 | 15 |
| 1993 | 2 | – | 2 |
| 1994 | 31 | 5 | 21 |
| 1995 | 22 | 1 | 21 |
| ആകെ | 134 | 18 | 111 |

പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ വാർഡ്തലത്തിൽ ഓരോ ജനകീയ സെല്ലിന് രൂപംകൊടുക്കണം. അർഹരായവരെ കണ്ടെത്തുന്നതിന്നും ആവശ്യമായ സഹായം ചെയ്യുന്നതിന്നും ഈ സെല്ലുകൾക്ക് കഴിയും. ഇവയുടെ പ്രവർത്തനം അവലോകനം ചെയ്യാനും കുറവുകൾ പരിഹരിക്കാനും യഥാസമയം പഞ്ചായത്തിനു കഴിയുന്നതാണ്.

സർക്കാർ വകുപ്പിൽനിന്നും പെൻഷൻ പദ്ധതി നടത്തിപ്പ് പഞ്ചായത്തിന് മാറിയെങ്കിലും ഇതുവരെയും ഇത് നടപ്പായിട്ടില്ല. നിയമത്തിലെ അവ്യക്തതയാണ് നിഴലിക്കുന്നത്.

അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തിന് സമഗ്രമായ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പാക്കേണ്ടതാണ്. തൊഴിൽ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് വളരെയധികം സഹായിക്കുന്ന അവസ്ഥയാണിത്.

## അംഗനവാടി – ബാലവാടി – മഹിളാ സമാജങ്ങൾ

കൊടകര ബ്ലോക്കിനെ ഐ.സി.ഡി.എസ്. (സംയോജിത ശിശു വികസന പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സ്കീം അളഗപ്പനഗർ പഞ്ചായത്തിൽ നടപ്പാക്കണം. പഞ്ചായത്ത് ആവശ്യമായ നേതൃത്വം ഇക്കാര്യത്തിൽ ഏറ്റെടുക്കണം.

മഹിളാസമാജങ്ങളും ബാലവാടികളുമായി 6 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഈ സ്ഥാപനങ്ങൾ മഹിളകളുടെയും കുട്ടികളുടെയും ജീവിതം മെച്ചപ്പെടുത്താൻ സഹായിക്കുന്നതാണ്. എന്നാൽ ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ല. ജീവനക്കാർക്ക് ആവശ്യമായ അദ്ധ്യാപന പരിശീലനവും അലവൻസും ലഭ്യമാക്കാൻ കഴിയണം. കുട്ടികളുടെ ഭക്ഷണത്തിനും മറ്റും സാമ്പത്തിക സഹായം ചെയ്യുന്നതിന് പഞ്ചായത്ത് ശ്രമിക്കണം.

## വൃദ്ധ സദനങ്ങൾ

വൃദ്ധജനങ്ങൾ സമൂഹത്തിൽ പരിരക്ഷിക്കപ്പെടാതെ പോകുന്നു എന്നുള്ളത് നീതീകരിക്കാനാകാത്തതാണ്. പാശ്ചാത്യസംസ്കാരത്തിന്റെ കടന്നുകയറ്റം ഈ സാഹചര്യത്തിന് വഴിയൊരുക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 60 വയസ്സിനുമുകളിലുള്ള 2,759 പേർ ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 11 % വരും. പഞ്ചായത്തുതലത്തിൽ വൃദ്ധ സദനങ്ങൾ സ്ഥാപിച്ച് വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ പഞ്ചായത്ത് നേതൃത്വം നൽകണം. ഈ പഞ്ചായത്തിൽ വൃദ്ധ സദനങ്ങൾ സ്ഥാപിച്ചിട്ടില്ല.

പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തി വിലക്കയറ്റത്തിന് ആശ്വാസം നൽകാൻ കഴിയണം. ഇതിനായി പഞ്ചായത്ത്തലത്തിൽ പൊതുവിതരണകേന്ദ്രങ്ങളും സ്ഥിരമായി നിലനിർത്തണം. സഹകരണ സ്ഥാപനങ്ങളുടെ സഹായം ഇതിനായി സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ മിക്കവാറും ജനങ്ങൾ റേഷൻ ആനുകൂല്യത്തിന് അർഹരാണ്. കാര്യക്ഷമമായ റേഷൻ സമ്പ്രദായം നടപ്പിലാക്കുന്നു എന്നതിന് ഉറപ്പുണ്ടാക്കാൻ കഴിയണം.

കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അഴിമതി, നികുതിവെട്ടിപ്പ്, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും എന്നിവക്കെല്ലാം എതിരായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതുണ്ട്.

# സംസ്കാരം

1930കളിലാണ് ഈ പ്രദേശത്തിന്റെ സാംസ്കാരിക മാറ്റത്തിന് വഴിതെളിയിച്ച നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. വനവിഭവങ്ങളും നാടൻകൃഷിയും സാമ്പത്തികാടിത്തറയായിരുന്ന ഈ ചേരുവക്ക് മാറ്റം വരുന്നത് അളഗപ്പ ടെക്സ്റ്റയിൽസ് എന്ന സ്ഥാപനം തുടങ്ങുന്നതോടെയാണ്. വിവിധ പ്രദേശങ്ങളിൽനിന്നു വന്ന തൊഴിലാളികളും അവരുടെ സംഘടനാ പ്രവർത്തനങ്ങളും രാഷ്ട്രീയ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാറ്റം വരുത്തി. ത്യാഗശീലരും കഠിനാധ്വാനികളുമായിരുന്ന നിരവധിപേരുടെ കൂട്ടായ്മയിലൂടെയാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതെങ്കിലും ശ്രീ. പി.കെ. ആര്യൻ നമ്പൂതിരി ശ്രീ. പി.എസ്.നമ്പൂതിരി എന്നീ പേരുകൾ എടുത്തു പറയേണ്ടതാണ്. ഇവരുടെ സാന്നിദ്ധ്യം വന്നപ്പോഴാണ് അന്യഥാ പറയത്തക്ക പരാമർശങ്ങളൊന്നുമില്ലാതിരുന്ന ആമ്പല്ലൂർ, ദേശീയപ്രസ്ഥാനത്തിന്റേയും നവോത്ഥാന പ്രവർത്തനങ്ങളുടേയും തലക്കെട്ടുകളിൽ സ്ഥാനം പിടിക്കുന്നത്.

സാംസ്കാരിക രംഗത്ത് നിരവധി സംഭാവനകൾ നൽകിയ ഗ്രാമീണ വായനശാലകൾ അതതു പ്രദേശക്കാരുടെ ലാളനയേറ്റാണ് തഴച്ചു വളർന്നത്. മണ്ണംപേട്ടയിലെ ഗ്രാമീണ വായനശാലയും, ആമ്പല്ലൂരിലെ Dr. ACM ലൈബ്രറിയും, വട്ടണാത്രയിലെ മഹാത്മാ വായനശാലയും, പൂക്കോട് പ്രവർത്തിച്ചിരുന്ന ഐക്യ കേരള കലാസമിതിയും ഈ പട്ടികയിൽ ചിലത് മാത്രം. ഇടക്കാലത്ത് നിലച്ചുപോയെങ്കിലും പൂക്കോട് ഐക്യകേരള കലാസമിതി നാടക രംഗത്തും കലാരംഗത്തും പ്രകടിപ്പിച്ച കുതിച്ചുചാട്ടം സംസ്ഥാനത്തിനുതന്നെ മാതൃകയായിരുന്നു. പൂക്കോട് വിജയ കലാസമിതി, ആമ്പല്ലൂർ പി.എസ്.സ്മാരക ലൈബ്രറി, വരാക്കര ജയകേരള വായനശാല എന്നിവയും ഈ രംഗത്ത് പ്രവർത്തിച്ചിരുന്ന പ്രധാന സ്ഥാപനങ്ങളാണ്. ഏറ്റവും അവസാനമായി രൂപംകൊണ്ട പഞ്ചായത്ത് ലൈബ്രറിയിൽ ഗുണനിലവാരമുള്ള പുസ്തകങ്ങൾ ലഭ്യമാണെങ്കിലും ഒരു റഫറൻസ് ലൈബ്രറിയാക്കി മാറ്റാനുള്ള ശ്രമം നടക്കുന്നില്ല. ശോചനീയാവസ്ഥയിലകപ്പെടുന്ന സഹോദര സ്ഥാപനങ്ങളെ സഹായിക്കുന്ന കടമയും പഞ്ചായത്ത് ലൈബ്രറി ഏറ്റെടുക്കണം. നിരവധി പരിമിതികൾക്കും സാമ്പത്തിക ഞെരുക്കങ്ങൾക്കും ഇടയിൽ നിന്നുകൊണ്ടുതന്നെ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് അളഗപ്പനഗറിലെ സാംസ്കാരികമുന്നേറ്റത്തിന് വഴി തെളിയിച്ചിട്ടുണ്ട്. ഈ ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ നടന്നുവരാറുള്ള കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ നിരവധി ഗ്രാമീണ മുത്തുകളെ കണ്ടെത്താനുള്ള അവസരമായി മാറിയിട്ടുണ്ട്. എന്നാൽ സമീപകാലത്ത് ആ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം നേരിട്ടുവെന്നത് നിസ്തർക്കമാണ്. വായനയുടെ സ്ഥാനം ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളും കേബിൾ ടി.വിയും അപഹരിച്ചത് ഇതിനൊരു കാരണമാവാം. എന്നാൽ സമ്പന്നമായ ഒരു ഭൂതകാലത്തിന്റെ പ്രയോക്താക്കളായ ഈ സരസ്വതീ ക്ഷേത്രങ്ങളെ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ കഴിയുംവിധം സജ്ജരാക്കുക എന്നത് അടിയന്തിര കടമയാണ്. ജനങ്ങളുടെ അഭിരുചിക്കും താല്പര്യങ്ങൾക്കും അനുസൃതമായ രീതിയിൽ ഒരു പ്രവർത്തനശൈലി രൂപപ്പെടുത്തുക എന്നതാണ് നമ്മുടെ വർത്തമാന ദൗത്യം.

കലാ കായിക സംഘടനകൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ടെങ്കിലും തുടർച്ചയായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവ കുറവായിരുന്നു. എന്നാൽ 1980കളുട അവസാനത്തിൽ കേരള സർക്കാർ ആവിഷ്കരിച്ച 'യുവജനമേളകൾ' ഈ സ്ഥാപനങ്ങളുടെ ഉയിർത്തെഴുന്നേല്പിന് കാരണമായിട്ടുണ്ട്. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല മത്സരങ്ങളിൽ വിജയം കൈവരിച്ച് അളഗപ്പനഗറിന്റെ പ്രശസ്തി ഉയർത്തിപ്പിടിച്ച നിരവധി യുവതീയുവാക്കൾ നമ്മുടെ ഗ്രാമങ്ങളിൽ ഉണ്ട്. സംസ്ഥാന യുവജനമേളയിൽ നാടക മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയത് അളഗപ്പനഗറിലെ (സായം) തീയേറ്റേഴ്സായിരുന്നു.

കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച യശഃശരീരരായ വിജയൻ കരോട്ട് (സിനിമ), ശ്രീ. രവി ആമ്പല്ലൂർ, ശ്രീ. രവി പൂക്കോട് (നാടകം) എന്നിവർ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന ഈ ഗ്രാമത്തിന്റെ അഭിമാനസ്തംഭങ്ങളാണ്. സാഹിത്യ — ശാസ്ത്ര – പത്രപ്രവർത്തനരംഗങ്ങളിലും, സംഗീതം, നാടകം, കവിത, അക്ഷരശ്ലോകം, നാടൻപാട്ട്, വാദ്യകല തുടങ്ങിയ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധിപേർ ഈ പഞ്ചായത്തിലുണ്ട്.

1990ലെ സാക്ഷരതാ പ്രവർത്തനം ജനകീയ ഇടപെടലിന്റെ സാധ്യത വെളിവാക്കുന്നതായിരുന്നു. നമ്മുടെ പഞ്ചായത്തിലെ നിരവധി സായാഹ്ന ക്ലാസുകളിലായെത്തിയ ആയിരക്കണക്കിനാളുകളെ അറിവിന്റെ ലോകത്തേക്കാനയിക്കാൻ ആ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ഹിന്ദു, മുസ്ലീം, ക്യസ്ത്യൻ വിഭാഗങ്ങളിൽ പെടുന്നവരാണ്. ഹിന്ദു ആരാധനാലയങ്ങൾ ഒട്ടനവധി ഉണ്ടെങ്കിലും വരാക്കര ഭഗവതി ക്ഷേത്രം, മേടാംകുളം ശാസ്താ ക്ഷേത്രം, കുണ്ടുകാവ് ഭഗവതി ക്ഷേത്രം, പൂക്കോട് ഭഗവതി ക്ഷേത്രം, പച്ചളിപ്പുറം അയ്യപ്പൻകുന്ന് ക്ഷേത്രം എന്നിവയാണ് മുഖ്യമായവ. ഇവിടങ്ങളിലെല്ലാം ആചാരവിധിപ്രകാരം ഉത്സവങ്ങളും

പൂരങ്ങളും മറ്റ് ആഘോഷങ്ങളും കൊണ്ടാടാറുണ്ട്. പ്രമുഖ കൃസ്ത്യൻ ദേവാലയങ്ങൾ വെണ്ടോർ സെന്റ് മേരീസ് ചർച്ച്, വരാക്കര സെന്റ് ആന്റണീസ് ചർച്ച്, മണ്ണംപേട്ട മേരി ഇമ്മാക്കുലേറ്റ് ചർച്ച് എന്നിവയാണ്. കൂടാതെ സുറിയാനി മാർത്തോമാ വിഭാഗക്കാരുടെ ഒരോ ദേവാലയങ്ങളും ഇവിടെ ഉണ്ട്. പെരുന്നാളുകളും പ്രാദേശികമായ ആഘോഷങ്ങളും കേമമായിത്തന്നെ ഇവിടങ്ങളിൽ ആചരിക്കാറുണ്ട്. മുസ്ലീം വിഭാഗത്തിന്റേതായി ദേവാലയങ്ങൾ നമ്മുടെ പഞ്ചായത്തി ലില്ല. മത സൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകകൾ സൃഷ്ടി ച്ചുകൊണ്ടാണ് നമ്മുടെ പഞ്ചായത്തിൽ വിവിധ വിഭാഗങ്ങൾ ജീവിക്കുന്നത്. പൂരങ്ങളിലും പെരുന്നാളുകളിലും സ്നേഹ ത്തിന്റെ സന്ദേശം വ്യാപിപ്പിക്കുന്നതിൽ ഈ ഗ്രാമം മുന്നിൽ നിൽക്കുന്നു.

ക്ഷേത്രപ്രവേശന വിളംബരം നടപ്പാക്കിയിട്ട് പതിറ്റാണ്ടു കൾ കഴിഞ്ഞെങ്കിലും ക്ഷേത്രം നടത്തിപ്പു കാര്യങ്ങളിൽ ഇന്നും പിന്നോക്ക വിഭാഗങ്ങളെ അകറ്റി നിർത്തുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൂന്ന് സിനിമാശാലകളാണു ള്ളത്. കൂടാതെ ജനകീയ സിനിമകളെ പരിചയപ്പെടുത്തിയ മാസ് ഫിലിം സൊസൈറ്റിയും പ്രൊഫഷണൽ നാടകങ്ങ ളുടെ അരങ്ങേറ്റം സാദ്ധ്യമാക്കിയ 'ചൈതന്യ'യും ഈ രംഗത്ത് സ്തുത്യർഹമായ രീതിയിൽ പ്രവർത്തനം സംഘ ടിപ്പിച്ച സ്ഥാപനങ്ങളാണ്. സിനിമാശാലകളേക്കാൾ ജന ങ്ങൾ സ്വാധീനിക്കപ്പെടുന്നത് ഇലക്ട്രോണിക്സ് മാദ്ധ്യമ ങ്ങളായി മാറിയത് സമീപകാലത്താണ്. ഈ മാദ്ധ്യമങ്ങൾ സാമാന്യജനതയുടെ ദൗർബ്ബല്ല്യങ്ങളായി മാറിയിരിക്കുന്നു. ബാല മനസ്സുകളുടെ ചിന്തകളേയും സ്വപ്നങ്ങളേയും സ്വാധീനിച്ചുകൊണ്ട് അവരെ ഒരു പ്രത്യേകരീതിയിൽ രൂപീ കരിക്കുന്ന പ്രക്രിയ ഒരു ആസൂത്രിത പദ്ധതിയിലൂടെ നട പ്പാക്കുന്നതാണ്. പരസ്യങ്ങളിലൂടെയും മറ്റ് പ്രക്ഷേപണങ്ങ ളിലൂടെയും അടിച്ചേല്പിക്കപ്പെടുന്നത് അനുകരണീയമ ല്ലാത്ത ഒരുതരം ഉപഭോഗ സംസ്കാരമാണ്.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അധികം പ്രചരിക്ക പ്പെടുന്ന പത്രം: മാതൃഭൂമി, മലയാളമനോരമ എന്നിവയാണ്. ദേശാഭിമാനി, ദീപിക, കേരളകൗമുദി, മാധ്യമം, എക്സ്പ്രസ്, ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് എന്നീ പത്രങ്ങളും മറ്റ് ആനു കാലികങ്ങളും പ്രചരിക്കപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ 6 എൽ.പി.സ്കൂളുകളും, 4 യു.പി.സ്കൂളുകളും, 2 ഹൈസ്കൂളുകളും ഒരു പോളി ടെക്നിക്കും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നഴ്സറികൾ, ബാലവാടികൾ, ടൈപ്പ് റൈറ്റിങ് സ്ഥാപനങ്ങൾ, ജിംനേഷ്യം, കരാട്ടേ ക്ലാസ്സുകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

## കായികം

കായിക രംഗത്തും തനതായ സംഭാവനകൾ നൽകിയ സ്ഥാപനങ്ങളും വ്യക്തികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഫുട്ബോൾ രംഗത്ത് ഏറെ സംഭാവനകൾ നൽകിയത് ആമ്പല്ലൂരിലെ വിക്ടറി, യങ്സ്റ്റേഴ്സ്, നാദം തുടങ്ങിയ ക്ലബ്ബു കളാണ്. അതുപോലെ വോളീബാൾ രംഗത്ത് പൂക്കോട് പ്രഭാത് ക്ലബ്ബും ഈ കായിക ഇനത്തെ പ്രചരിപ്പിക്കുന്നതിൽ തനതായ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക പരാധീനതമൂലം ആ സ്ഥാപനം ഇന്ന് തകർന്ന അവസ്ഥ യിലാണ്.

സംസ്ഥാന തലത്തിലറിയപ്പെടുന്ന കായികതാരങ്ങളായ ശ്രീമതി ത്രേസ്യ, ജൈസി ജേക്കബ്, ഫുട്ബാൾ പ്രതിഭക ളായ സോളീ സേവ്യർ, ലിസ്റ്റൺ തുടങ്ങിയവരും, ടി.വി.പോളി, രാരി (ജിംനേഷ്യം), സി.കെ.ഷാജു (വോളി ബാൾ) എന്നിവരും ഈ ഗ്രാമത്തിന്റെ സംഭാവനകളാണ്. ഇതൊക്കെയാണെങ്കിലും സാമ്പത്തിക പരാധീനതകളാൽ സ്ഥാപനങ്ങളും അവശ്യമായ പരിശീലനം ലഭിക്കാത്തതി നാൽ നിരവധി കുരുന്നു പ്രതിഭകളും ഇവിടെ നശിച്ച് മണ്ണ ടിയുന്നുണ്ട്. ഇതിനൊരു പരിഹാരം കണ്ടെത്തുന്നതിനു വേണ്ടി ബോധപൂർവം ചില ശ്രമങ്ങൾ നടത്തിയേതീരൂ.

## സാദ്ധ്യതകൾ (സംസ്കാരം, കായികം)

1. സ്കൂൾ തലത്തിലുള്ള കലാ കായിക പരിശീലനം കാര്യക്ഷമമാക്കുക •

2. എല്ലാ വാർഡുകളിലും പൊതു കളിസ്ഥലങ്ങളും മിനി പാർക്കുകളും സ്ഥാപിക്കുക

3. പഞ്ചായത്ത് ലൈബ്രറിയെ മുഴുവൻ സമയ റഫറൻസ് ലൈബ്രററിയായി ഉയർത്തുക.

4. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യു കയും ഗുണനിലവാരമുള്ള പുസ്കതങ്ങൾ തെരഞ്ഞെടു ക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

5. സഞ്ചരിക്കുന്ന പുസ്തകശാലകൾ പ്രവർത്തിപ്പിക്കാൻ പരിപാടികൾ തയ്യാറാക്കുക.

6. വിവിധ ക്ലബുകളുടേയും വായനശാലകളുടേയും ഒ്ു ഏകോപന സമിതി പഞ്ചായത്തു തലത്തിൽ രൂപീകരിക്കു കയും സാംസ്കാരിക ആഘോഷ പരിപാടികൾക്ക് ഒരു പൊതു കലണ്ടർ ഉണ്ടാക്കുകയും ചെയ്യുക.

7. നിരവധി ദിനാചരണങ്ങളോടനുബന്ധിച്ച് കലാ കായിക മത്സരങ്ങളും സന്നദ്ധപ്രവർത്തനങ്ങളും നടത്താൻ പ്രോത്സാഹനം നൽകുക.

8. അനാചാരങ്ങൾ അന്ധവിശ്വാസങ്ങൾ എന്നിവക്കെ തിരേയുള്ള പ്രവർത്തനങ്ങൾ തുടർച്ചയായി സംഘടിപ്പി ക്കുക.

9. സംഗീതം, നൃത്തം, വാദ്യോപകരണങ്ങൾ എന്നിവക്ക് പരിശീലനം നൽകാൻ പരിപാടികൾ ആവിഷ്കരിക്കുക.

10. ടെലിവിഷൻ പ്രക്ഷേപണങ്ങളേയും പരസ്യങ്ങളേയും ശരിയായി വിലയിരുത്താൻ കഴിയുംവിധം 'മാദ്ധ്യമ ചർച്ച' സംഘടിപ്പിക്കുക.

11. നാടൻ കലകളേയും പ്രചീന സംരംഭങ്ങളേയും പോഷിപ്പിക്കാനും സംരക്ഷിക്കാനും പ്രത്യേക പരിപാടികൾ തയ്യാറാക്കുക.

12. ഗ്രന്ഥശാലകളിലെ ആനുകാലികങ്ങൾ ബൈന്റു ചെയ്ത് റഫറൻസിനായി ഉപയോഗിക്കാനുള്ള സൗകര്യമുണ്ടാക്കുക.

13. കേബിൾ ടി.വി.കളെ ഉപയോഗിച്ചുകൊണ്ടുള്ള സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ ആരായുക.

14. അവധിക്കാലങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധയിനം കോച്ചിങ് ക്യാംപുകൾ സംഘടിപ്പിക്കുക.

15. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിപാടികൾ ആവിഷ്കരിക്കുക.

16. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിവര ശേഖരണ കേന്ദ്രം സ്ഥാപിക്കുക.

17. ഗ്രന്ഥശാലകളിൽ ഇന്റർനെറ്റ് സ്ഥാപിക്കുക.

**ക്ലബ്ബുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, വായനശാലകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ**

| സ്ഥാപനത്തിന്റെ പേര് | വാർഡ് |
|---|---|
| 1 വിജയ കലാസമിതി & വായനശാല, പൂക്കോട് | VIII |
| 2. സന്തോഷ് ആട്സ് & സ്പോട്സ് ക്ലബ്ബ്, വരാക്കര | IX |
| 3. വായനശാല & ആട്സ് ക്ലബ്ബ്, പച്ചളിപ്പുറം | X |
| 4. പ്രഭാത് ആട്സ് & സ്പോട്സ് ക്ലബ്ബ്, പൂക്കോട് | VIII |
| 5. വരാക്കര യുവജന കലാസമിതി | IX |
| 6. മഹാത്മാ വായനശാല, വട്ടണാത്ര | X |
| 7. വി - വൺ സ്പോട്സ് ക്ലബ്ബ്, വട്ടണാത്ര | X |
| 8. ശോഭന ആട്സ് & സ്പോട്സ് ക്ലബ്ബ്, അളഗപ്പനഗർ | IV |
| 9. ജയകേരള വായനശാല, വരാക്കര | IX |
| 10. നാദം ആട്സ് ക്ലബ്ബ്, അളഗപ്പനഗർ | II |
| 11. ശക്തി ആട്സ് ക്ലബ്ബ്, വരാക്കര | IX |
| 12. കവിതാ കലാസമിതി, കാവല്ലൂർ | X |
| 13. വിക്ടറി, അളഗപ്പ നഗർ | V |
| 14. A.C.M. ലൈബ്രറി, ആമ്പല്ലൂർ | I |
| 15. പി.എസ്.സ്മാരക ലൈബ്രറി | I |
| 16. യങ്സ്റ്റേഴ്സ്, ആമ്പല്ലൂർ | V |
| 17. അഴീക്കോടൻ സ്മാരക സാംസ്കാരിക നിലയം | VII |
| 18. മണ്ണംപേട്ട ഗ്രമീണ വായനശാല | II |

# മൃഗസംരക്ഷണം, മത്സ്യക്കൃഷി

അളഗപ്പനഗർ പഞ്ചായത്തിൽ പശു ആണ് പ്രധാന വളർത്തുമൃഗം. പശുവളർത്തലിൽ കേന്ദ്രീകരിച്ചിരിക്കുന്നത് പ്രധാനമായും 2, 3, 7, 8, 9, 10, 11 എന്നീ വാർഡുകളിലാണ്. പശുക്കൾ 5,200, എരുമ 350, കാളകളും മറ്റു മൃഗങ്ങളും 550 എന്നിങ്ങനെയാണ്, നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം. പശുക്കളിൽ 4,200 എണ്ണം സങ്കരവർഗ്ഗങ്ങളിൽപ്പെട്ടതും അത്യുൽപാദനശേഷിയുള്ളതുമാണ്. പഞ്ചായത്തിൽ 1,500 ആടുകൾ ഉണ്ട്. ഇവയെ പ്രധാനമായും മാംസത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്.

**വളർത്തു മൃഗങ്ങളുടെ എണ്ണം**

| ഇനം | എണ്ണം. |
|---|---|
| കാള – നാടൻ | 336 |
| കാള – സങ്കരം | 175 |
| പശു – നാടൻ | 1264 |
| പശു – സങ്കരം | 1012 |
| ആകെ കന്നുകാലികൾ | 2787 |

**മറ്റു വളർത്തുമൃഗങ്ങൾ**

| ഇനം | എണ്ണം |
|---|---|
| എരുമ | 283 |
| പോത്ത് | 71 |
| ആട് | 879 |
| നായ | 548 |
| ആകെ | 1781 |

പക്ഷികളിൽ പ്രധാനമായത് കോഴികളാണ്. പഞ്ചായത്തിൽ മൊത്തം 17,000 കോഴികളുണ്ട്. അതിൽ 16,390 എണ്ണം നാടൻ കോഴികളാണ്. താറാവ് വളർത്തൽ കുറവാണ്. എങ്കിലും 600 താറാവുകൾ പഞ്ചായത്തിൽ ഉണ്ട്. കാട 125, മുയൽ 150, പന്നി 130 എന്നിവയും ഇവിടെ വളർത്തുന്നുണ്ട്. പന്നികളിൽ പ്രധാനമായും സങ്കരവർഗ്ഗത്തിൽ പെട്ടവയാണ്. 1,289 നായകൾ ഉള്ളതിൽ പ്രധാനമായും വളർത്ത് നായകൾ ആണ്.

**വളർത്തു പക്ഷികൾ**

| ഇനം | എണ്ണം |
|---|---|
| കോഴി നാടൻ | 16399 |
| കോഴി (imp) | 1664 |
| താറാവ് | 184 |

അളഗപ്പനഗർ പഞ്ചായത്തിലെ മൃഗാസ്പത്രി പ്രവർത്തിക്കുന്നത് വെണ്ടൂരിലാണ്. ഈ ആസ്പത്രിവഴിയാണ് മൃഗങ്ങളെ ചികിത്സനടത്തി വരുന്നത്. കഴിഞ്ഞവർഷം 4,236 മൃഗങ്ങളെയാണ് ഇവിടെ ചികിത്സിച്ചത്. വരിയുടച്ചത് 25 കാളകളെയാണ്. അതുപോലെതന്നെ 1100 പശുക്കളെ ബീജസങ്കലനം നടത്തിയിട്ടുണ്ട്. ഇതുവഴി 413 പശുക്കുട്ടികളാണ് ജനിച്ചത്. 73 എരുമകൾക്ക് ബീജസങ്കലനം നടത്തിയതിൽനിന്ന് 32 എരുമക്കുട്ടികൾ ജനിച്ചു.

പ്രതിരോധ കുത്തിവയ്പ് നടത്തിയത് 240 കന്നുകാലികൾക്കും 5220 കോഴികൾക്കും ആണ്. പേ വിഷബാധക്കെതിരെ 62 നായ്ക്കൾക്ക് കുത്തിവെപ്പ് നടത്തി.

**പേവിഷബാധ – പ്രതിരോധവും ചികിത്സയും**

| വിവരം | നായ | മറ്റു മൃഗങ്ങൾ |
|---|---|---|
| പ്രതിരോധകുത്തിവയ്പ് നല്കിയവയുടെ എണ്ണം. | 61 | ഇല്ല. |

കടിയേറ്റതിനുശേഷമുള്ള കുത്തിവെപ്പ് നടത്തിയിട്ടില്ല. ഈ ആസ്പത്രി വഴി ആടുകളേയും കോഴികളേയും വിതരണം ചെയ്തു വരുന്നുണ്ട്.

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| ഇനം | എണ്ണം |
|---|---|
| പശു<br>കിടാരി | 1085 |
| എരുമ | 104 |

കന്നുകാലികളുടെ രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|
| ദഹനസംബന്ധമായവ | 480 | 20 | 42 | – |
| ശ്വാസകോശ സംബന്ധമായവ | 180 | 15 | 20 | – |
| ഉപാപചയ സംബന്ധമായവ | 84 | 10 | – | – |
| ത്വക്ക് രോഗങ്ങൾ | 120 | 12 | 15 | – |
| ധാതുലവണങ്ങളുടെ അഭാവം | 72 | 10 | – | 20 |
| പരാദ രോഗങ്ങൾ | 960 | 30 | 52 | 15 |
| പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 350 | 20 | 25 | – |
| വന്ധ്യത | 40 | 12 | – | – |
| അകിടു വീക്കം | 72 | 5 | 28 | – |
| മുടന്തൻ പനി | 84 | – | – | – |

മൃഗസംരക്ഷണത്തിനു വേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് പുല്ല്, വൈക്കോൽ കാലിത്തീറ്റ എന്നിവയാണ്. ഈ പഞ്ചായത്തിന് ആവശ്യമായ പുല്ലും വൈക്കോലും ഇവിടെ നിന്ന് ലഭിക്കുന്നില്ല.

**മൃഗസംരക്ഷണത്തിൽ ഇന്ന് നിലവിലുള്ള പ്രശ്നങ്ങൾ**

1. പുല്ലും വൈക്കോലും ആവശ്യത്തിന് ലഭ്യമല്ല.

2. കാലിത്തീറ്റയുടെ വിലവർദ്ധനവ്, ലഭ്യതക്കുറവ്.

3. പഞ്ചായത്തിന്റെ വിദൂരപ്രദേശങ്ങളിൽ ചികിത്സാ സൗകര്യം എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

4. പാൽ വിപണത്തിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത

5. കോഴിക്കുഞ്ഞുങ്ങളേയും തീറ്റയും സമയത്തിന് ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്.

6. ഇറച്ചി സംസ്കരണത്തിനും വിപണനത്തിനുമുള്ള ബുദ്ധിമുട്ട്.

7. വളർത്തുമൃഗങ്ങൾക്ക് പ്രധാനമായും അനുഭവപ്പെടുന്ന രോഗങ്ങൾ കുളമ്പുരോഗം, പുഴുക്കടി, അകിടുവീക്കം എന്നിവയാണ്. കോഴിവസന്ത മൂലം കോഴികൾ മരണമടയുന്നുണ്ട്.

8. ചികിത്സക്ക് ആവശ്യമായ മരുന്ന് ലഭ്യമല്ല.

## നിർദ്ദേശങ്ങൾ

1. സബ്സിഡി നിരക്കിൽ കന്നുകാലികളെ വാങ്ങാൻ പലിശയില്ലാത്ത വായ്പ അനുവദിക്കുക.

2. നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും മുയൽ, ആട്, കാട, പന്നി എന്നിവയേയും ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.

3. തീറ്റപ്പുല്ല് വളർത്തുന്നതിന് സൗകര്യമുണ്ടാക്കുക. തരിശിട്ടിരിക്കുന്ന കൃഷിയിടങ്ങളിൽ ഈ സംവിധാനം ആലോചിക്കുകയും ന്യായവിലക്ക് ആവശ്യക്കാർക്ക് നൽകുകയും ചെയ്യുക.

4. കന്നുകാലികൾക്ക് ഉണ്ടാവുന്ന രോഗങ്ങൾക്ക് മരുന്നുകൾ സൗജന്യമായി നൽകുക.

5. മഴക്കാലത്ത് പാൽവിപണനം ഒരു പ്രശ്നമാണ്. ഇതിനു വേണ്ടി സൗകര്യങ്ങൾ ഉണ്ടാക്കുക.

6. പുല്ല്, വൈക്കോൽ, സമീകൃത കാലിത്തീറ്റ എന്നിവ ന്യായവിലക്ക് ലഭ്യമാക്കുക. സർക്കാർ ആഭിമുഖ്യത്തിൽ ആരംഭിച്ച കാലിത്തീറ്റ ഫാക്ടറിയുടെ വിപണനകേന്ദ്രം പഞ്ചായത്തിൽ തുടങ്ങുക.

7. ഇറച്ചിക്കോഴി യൂണിറ്റ് നടത്തുന്നതിന് സഹകരണ സംഘം രൂപീകരിക്കണം. മുയൽ, ആട്, പന്നി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.

8. പേപ്പട്ടിശല്യം പഞ്ചായത്തിൽ നിത്യസംഭവമാണ്. വളർത്തു നായ്ക്കൾക്ക് പേവിഷത്തിനെതിരായ കുത്തിവയ്പും, ലൈസൻസും നിർബന്ധമാക്കുക. ലൈസൻസ് ഇല്ലാത്ത നായ്ക്കളെ നശിപ്പിക്കുക.

9. എല്ലാ വാർഡുകളിലും പാൽസൊസൈറ്റിയുടെ സംഭരണ വിപണന കേന്ദ്രങ്ങൾ തുടങ്ങുക.

10. കോഴി വളർത്തലിൽ മുട്ടക്കോഴികളെ വളർത്തുന്നതിന്ന് 'അതുല്യ' എന്ന അത്യുത്പാദനശേഷിയുള്ള മുട്ടക്കോഴികളെ ആവശ്യക്കാർക്ക് സൗജന്യമായി നൽകുക.

11. പഞ്ചായത്തിൽ ലഭ്യമായ വൈക്കോൽ വിളവെടുപ്പു സമയത്ത് ശേഖരിച്ച് ന്യായവിലക്ക് നൽകുവാൻ പരിപാടിയുണ്ടാക്കുക.

12. ന്യായവിലക്ക് കാലിത്തീറ്റ ലഭിക്കുന്നതിന് കാലിത്തീറ്റ നിർമാണഫാക്ടറി സ്ഥാപിക്കുക.

13. പഞ്ചായത്തിലെ മൃഗാസ്പത്രി ഒരു പോളിക്ലിനിക്കാക്കുക. അവിടുത്തെ ഡോക്ടറുടെയും മറ്റു ജീവനക്കാരുടേയും സേവനം മുഴുവൻ സമയവും ലഭ്യമാക്കുക. കൃത്രിമ ബീജസങ്കലനത്തിനും രോഗം ബാധിച്ച മാടുകളെ പരിശോധിക്കുന്നതിനും ആവശ്യാനുസരണം നാട്ടിൻപുറങ്ങളിൽ

എത്തിച്ചേരുന്നതിന്ന് ഡോക്ടർക്ക് ഫോൺസൗകര്യവും വാഹനസൗകര്യവും ഏർപ്പെടുത്തുക.

14. കറവ് മാടുകൾ, കോഴി, പന്നി, മുയൽ എന്നിവയെ വളർത്തുന്നതിന് ആവശ്യമായ പരിശീലനകേന്ദ്രം സ്ഥാപിക്കുക. നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും കാടക്കുഞ്ഞുങ്ങളേയും ലഭ്യമാക്കുന്നതിന് ഒരു മുട്ട വിരിയക്കൽ കേന്ദ്രം സ്ഥാപിക്കുക.

15. മൃഗചികിത്സക്ക് ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കുക.

16. പഞ്ചായത്തിൽ ആധുനിക രീതിയിൽ ഒരു അറവുശാല സ്ഥാപിക്കുക. അതുപോലെത്തന്നെ അറവു മൃഗങ്ങളെ കശാപ്പിനു മുമ്പ് ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കുക.

17. ധനകാര്യ സ്ഥാപനങ്ങൾ മുഖേന അത്യുല്പാദന ശേഷിയുള്ള കന്നുകുട്ടികളെ വാങ്ങുന്നതിന് പണം ലഭ്യമാക്കുക.

18. സഹകരണ സംഘം രൂപീകരിച്ച്കൊണ്ട് ഇറച്ചിക്കോഴി, മുട്ട, മുയൽ താറാവ്, ആട് എന്നിവയുടെ വളർത്തലും ഇറച്ചി സംസ്കരണവും വിൽപനയും കാര്യക്ഷമമാക്കുക.

## മത്സ്യകൃഷി

മത്സ്യബന്ധനം മുഖ്യ ഉപജീവനമായി സ്വീകരിച്ചവർ നമ്മുടെ പഞ്ചായത്തിൽ ഇല്ല. മത്സ്യവിപണന മേഖലയിൽ പ്രവർത്തിക്കുന്നവർ കുറേയുണ്ട്. മത്സ്യ ഉപഭോഗത്തിന്റെ കൃത്യമായ കണക്ക് ശേഖരിക്കപ്പെട്ടിട്ടില്ലെങ്കിലും ജനങ്ങളുടെ ആഹാര വസ്തുക്കളിൽ പ്രധാനമാണിത്. പൊതുവായ മത്സ്യ മാർക്കറ്റ് നമ്മുടെ പഞ്ചായത്തിലില്ല. റോഡിന്റെ പാർശ്വങ്ങളിലും സൈക്കിളുകളിലുമാണ് പ്രധാനമായും മത്സ്യവിപണനം നടത്തുന്നത്. സ്വകാര്യ കിണറുകൾ, കുളങ്ങൾ, പൊതുകുളങ്ങൾ, അമ്പലക്കുളങ്ങൾ, തോടുകൾ, പുഴകൾ എന്നിവയിൽനിന്നും കിട്ടുന്ന മത്സ്യങ്ങൾ അതതു പ്രദേശികാവശ്യങ്ങൾക്കു വിനിയോഗിക്കപ്പെടുന്നു. ഇവക്ക് സ്ഥിരവും കൃത്യതയുമാർന്ന രൂപവുമില്ല. കായൽ / കടൽ മത്സ്യങ്ങൾ പഞ്ചായത്തിനു പുറത്തുനിന്നാണ് വരുന്നത്.

വിപണനസാദ്ധ്യത വളരെ കൂടുതലായതിനാലും ഇവിടുത്തെ ഉൽപ്പാദനം കുറവായതിനാലും മത്സ്യക്കൃഷിക്ക് സാദ്ധ്യതകളുള്ള ഒന്നാണ് നമ്മുടെ പഞ്ചായത്ത്. മത്സ്യക്കൃഷിക്ക് അനുയോജ്യമായ നിരവധി കുളങ്ങളും മണ്ണ് എടുത്തുപോയ കുഴികളും ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. സ്വകാര്യ കുളങ്ങളെ ഉപയോഗിച്ചുകൊണ്ട് ഈ മേഖലയിലെ സ്വകാര്യ സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ജനങ്ങളുടെ താല്പര്യങ്ങൾക്കനുസൃതമായ മത്സ്യങ്ങളെ കണ്ടെത്തുകയും അത്തരം മത്സ്യക്കുഞ്ഞുങ്ങളെ വളർത്താൻ പ്രോത്സാഹനം നൽകുകയും വേണം. ഇതിനാവശ്യമായ പരിശീലനം പഞ്ചായത്തുതലത്തിൽ നല്കി ഈ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം. മത്സ്യവിപണനത്തിനു വേണ്ടി രു പൊതു മാർക്കറ്റ് കണ്ടെത്തുന്നത് ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു പുറമേ ഒരു ആരോഗ്യപ്രശ്ന പരിഹാരം കൂടിയാണ്.

**കുളങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ**

| വലിപ്പം (സെന്റിൽ) | എണ്ണം |
|---|---|
| 10 സെന്റിൽ താഴെ | 6 |
| 10 –20നുമിടക്ക് | 2 |
| 20 – 30 | 2 |
| 30 –40 | 1 |
| 40 – 50 | ഇല്ല |
| 50നു മുകളിൽ | 16 |
| ആകെ | 27 |

33

# സഹകരണം

കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്കുള്ള ജനകീയ സ്വഭാവമാണ് അവയെ വിസ്തൃതമാക്കാനും വിപുലപ്പെടുത്താനും ഇടയാക്കിയിട്ടുള്ള പ്രധാന ഘടകം. ഗ്രാമവാസികളുടെ കൂട്ടായ്മയിൽ ശേഖരിക്കപ്പെടുന്ന ചെറു സമ്പാദ്യങ്ങളും മൂലധനവും നാടിന്റെ അഭിവൃദ്ധിക്കും ഗ്രാമീണരുടെ ദുരിത നിവാരണത്തിനുമായി വിനിയോഗിക്കപ്പെടുന്ന സംവിധാനം മറ്റു സംസ്ഥാനങ്ങൾക്കുപോലും മാതൃകയായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട 2 വായ്പാ സഹകരണ സംഘങ്ങൾ 499 -ാം നമ്പർ വട്ടണാത്ര സർവീസ് സഹകരണ ബാങ്കും 503 -ാം നമ്പർ ആമ്പല്ലൂർ സർവീസ് സഹകരണ ബാങ്കുമാണ്. 1946 ഫെബ്രുവരിയിലാണ് കൊച്ചി സഹകരണ ആക്ട് പ്രകാരം ഈ രണ്ടു സംഘങ്ങളും രജിസ്റ്റർ ചെയ്തത്. വട്ടാണത്ര സംഘത്തിന്റെ ആദ്യകാല പ്രവർത്തകർ കൊല്ലേരി കുഞ്ചു നായർ, അറക്കൽ രാവുണ്ണി നായർ, പൂക്കോട് വാരിയത്ത് ശങ്കരവാരിയർ മാസ്റ്റർ, പൂക്കോട് കെ.സി.നാരായണൻ നമ്പൂതിരി, പെരുന്തടി ആര്യൻ നമ്പൂതിരി എന്നിവരായിരുന്നു. സംഘം കൂടുതൽ ജനകീയവത്കരിക്കുന്നതിന്റെ ഭാഗമായി 1949 മുതൽ സംഘം റേഷൻ വിതരണം ഏറ്റെടുത്തു. തുടർന്ന് പലചരക്ക് വിതരണവും ആരംഭിച്ചു. അടക്കാ കൃഷിക്കാരുടെ താല്പര്യം പരിഗണിച്ച് ആ രംഗത്തും സംഘം ഇടപെടൽ നടത്തിയിരുന്നു. 1972ൽ ആണ് സംഘത്തെ സഹകരണ ബാങ്കായി ഉയർത്തിയത്. ഇന്ന് കാർഷിക കാർഷികേതര വായ്പകൾ നൽകുന്ന പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനമാണ് ആ ബാങ്ക്.

1946 ഫെബ്രുവരിയിൽ തന്നെയാണ് 503 -ാം നമ്പർ ആമ്പല്ലൂർ സർവീസ് സഹകരണ ബാങ്കും പ്രവർത്തനമാരംഭിച്ചത്. മുണ്ടക്കൽ ആണ്ടി, കുന്നത്ത് പറമ്പൻ ഔസേപ്പ് മാസ്റ്റർ എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. ആമ്പല്ലൂരിൽ പ്രവർത്തിച്ചിരുന്ന 811 -ാം നമ്പർ സഹകരണസംഘത്തിന്റെ പ്രവർത്തനം നിശ്ചലമായപ്പോൾ അതിനെ ഏറ്റെടുക്കാൻ തയ്യാറായത് 503 - ാം നമ്പർ സഹകരണസ്ഥാപനമാണ്. അളഗപ്പ നഗർ പഞ്ചായത്തിലെ 6 റേഷൻകടകൾ നേരിട്ട് നടത്തിക്കൊണ്ട് ഈ സംഘം അതിന്റെ പ്രവർത്തനം

**സഹകരണസംഘങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ**

| സംഘത്തിന്റെ വിശദാംശങ്ങൾ | വട്ടണാത്ര SCB 499 | ആമ്പല്ലൂർ SCB 503 |
|---|---|---|
| 1 പ്രവർത്തനം ആരംഭിച്ച വർഷം | 17 - 4 - 1946 | 1946 |
| 2 ആകെ അംഗങ്ങൾ | 5700 | 6000 |
| 3 ഒരു ഓഹരിയുടെ വില | 10 രൂപ | 10രൂപ |
| 4 അംഗീകൃത ഓഹരി മൂലധനം | 20 ലക്ഷം രൂപ | 22 ലക്ഷം രൂപ |
| 5 പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 11.25 ലക്ഷം രൂപ | 8.25 ലക്ഷംരൂപ |
| 6 സർക്കാർ ഓഹരിയുടെ തുക | 89,500 രൂപ | 45,000 രൂപ |
| 7 പൊതു സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | 1.45 കോടി | 1.10 കോടി |
| 8 a നൽകിയിട്ടുള്ള കാർഷിക വായ്പകൾ | 22.59 ലക്ഷം രൂപ | 71ലക്ഷം രൂപ |
| b മറ്റ് വായ്പകൾ | 100.07 ലക്ഷം രൂപ | 35 ലക്ഷം രൂപ |
| c പ്രത്യേകം വായ്പകൾ | 11.80 ലക്ഷം രൂപ | 55 ലക്ഷം രൂപ |

വിപുലപ്പെടുത്തി. വിവിധ ഭരണസമിതികളുടെ കെടുകാര്യ സ്ഥത മൂലം പിന്നീട് ഈ റേഷൻകടകളുടെ പ്രവർത്തനം സ്വകാര്യ വ്യക്തികൾക്കായി വിട്ടുകൊടുക്കേണ്ടി വന്നു. സംഘത്തിനു വലിയ തുക നഷ്ടം സഹിക്കേണ്ടി വന്നു. പിന്നീട് ജില്ലാ സഹകരണ ബാങ്കിന്റെ റിവൈവൽ സ്കീമിൽ പെടുത്തി 5ലക്ഷം രൂപ അനുവദിച്ചു കിട്ടിയതുകൊണ്ടാണ് സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ കാണുന്ന രീതിയി ലേക്ക് മെച്ചപ്പെടുത്താൻ കഴിഞ്ഞത്. ഈ കാലഘട്ടത്തിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ആത്മാർത്ഥമായ പരി ശ്രമവും ജീവനക്കാരുടെ സഹകരണവും ഈ സംഘത്തിന്റെ ഇപ്പോഴത്തെ വളർച്ചക്ക് വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഉത്ത രോത്തരം പുരോഗതിയിലേക്കു കുതിക്കുന്ന ഈ ബാങ്കിന് ഇനിയും വികസന സാദ്ധ്യതകളുണ്ട്.

**നമ്മുടെ പഞ്ചായത്തിൽ ആകെ 12 സഹകരണ സംരംഭങ്ങളാണുള്ളത്**

1. ആമ്പല്ലൂർ സർവീസ് സഹകരണ ബാങ്ക് – 503
2. വട്ടണാത്ര സർവീസ് സഹകരണ ബാങ്ക് – 499
3. അളഗപ്പാ ടെക്സ്റ്റൈൽസ് എംപ്ലോയീസ് സംഘം
4. അളഗപ്പനഗർ പഞ്ചായത്ത് പട്ടികജാതി ക്ഷേമ സഹ കരണസംഘം
5. ക്ഷീരവ്യവസായ സഹകരണസംഘം, പൂക്കോട്
6. വനിതാ സഹകരണസംഘം, മണ്ണംപേട്ട, കരുവാപ്പടി
7. ഭാരതീയ പട്ടിക ജാതി സർവീസ് സഹകരണ സംഘം
8. പോളിടെക്നിക് സഹകരണ സംഘം
9. അളഗപ്പനഗർ സ്കൂൾ കോ– ഓപ്പറേറ്റീവ് സംഘം
10. മണ്ണംപേട്ട സ്കൂൾ സഹകരണ സംഘം
11. വെണ്ടൂർ സ്കൂൾ (പ്രൈമറി) സഹകരണസംഘം
11. പനമ്പിള്ളി ഗോവിന്ദ മേനോൻ സ്മാരക കൈത്തറി സഹകരണ സംഘം

പ്രവർത്തന നിലവാരത്തിൽ എല്ലാ സംഘങ്ങളും ഒരേ രൂപത്തിലുള്ളതല്ല. വട്ടണാത്ര, ആമ്പല്ലൂർ സഹകരണ ബാങ്കു കൾ കൂടാതെ പൂക്കോട് ക്ഷീരവ്യവസായ സഹകരണ സംഘം താരതമ്യേന നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 999 അംഗങ്ങളുള്ള സംഘം ആമ്പല്ലൂരിൽ രണ്ട് ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വീടുവീടാന്തരം പാൽവിതരണം നടത്തുന്ന പ്രവർത്തനവും നടത്തുന്നുണ്ട്. ഇപ്പോൾ ശരാ ശരി 500 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കുന്നുണ്ട്. അവ യിൽ 125 ലിറ്റർ പ്രാദേശിക ഉപയോഗങ്ങൾക്കും ബാക്കി വരുന്നവ മിൽമക്ക് കൊടുക്കുകയുമാണ് ചെയ്യുന്നത്. ശരാ ശരി 1500 ലിറ്റർ പാൽവരെ അളക്കുന്ന സന്ദർഭങ്ങളുമുണ്ടാ യിട്ടുണ്ട്. മണ്ണംപേട്ട വനിതാസഹകരണ സംഘവും പന മ്പിള്ളി ഗോവിന്ദമേനോൻ സ്മാരക കൈത്തറി സഹകര ണസംഘവും പ്രവർത്തനരഹിതമാണ്. മറ്റു സംഘങ്ങൾ അതാതു സ്ഥാപനങ്ങളിൽ

മാത്രം പ്രവർത്തിക്കുന്നവയും പ്രവർത്തനമേഖല പരി മിതപ്പെടുത്തിയവയുമാണ്. വായ്പാ സഹകരണസംഘങ്ങ ളെല്ലാം കൃഷിവായ്പയും കാർഷികേതരവായ്പയുമാണ് കൂടുതൽ നല്കുന്നത്. പുതിയ മേഖലകളിലേക്ക് കടന്നു ചെല്ലാനുള്ള തുടക്കങ്ങൾ കുറിക്കുന്നുവെങ്കിലും വ്യാവസാ യിക സംരംഭങ്ങളുടെ പ്രോത്സാഹനങ്ങളിലേക്ക് എത്തു ന്നില്ല. അതുകൊണ്ട് തന്നെ ചെറുകിട സംരംഭങ്ങൾ ഇവിടെ വളർന്നു വരുന്നില്ല. ഇതര കമ്യേഴ്സൽ ബാങ്കുകൾ പുതിയ സാങ്കേതിക വിദ്യയിലൂടെ കൂടുതൽ ബിസിനസ്സ് സമാഹരി ക്കുമ്പോൾ അവയോട് മത്സരിക്കാൻ നമ്മുടെ സംഘ ങ്ങൾക്കു കഴിയുന്നില്ല. വിവിധ പദ്ധതികൾ നടപ്പിലാക്കു മ്പോൾ വേണ്ടിവരുന്ന ഡിപ്പാർട്ട്മെന്റ് അനുമതിയിലെ കാലവിളംബം ഈ മേഖലയെ തളർത്തുന്നതിലേക്ക് എത്താ റുണ്ട്.

വിഭവ ദൗർലഭ്യവും മൂലധന ചുരുക്കവും രൂക്ഷമായ ഈ കാലഘട്ടത്തിൽ സഹകരണസംഘങ്ങളുടെ പ്രസക്തി ഏറി വരികയാണ്. നിലവിലുള്ള സഹകരണ സംരംഭങ്ങളെ ബല പ്പെടുത്തിയും കൂടുതൽ സഹകരണസംഘങ്ങൾ തുടങ്ങി കൊണ്ടും പരമ്പരാഗത മേഖല വിട്ട് പുതിയ മേഖലകളി ലേക്ക് കടന്നു കയറികൊണ്ടും മാത്രമേ നമ്മുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാനാകു.

## നിർദ്ദേശങ്ങൾ

1. ആമ്പല്ലൂർ സഹകരണ ബാങ്കിന്റെ ഒരു എക്സ്റ്റൻഷൻ കൗണ്ടർ ആമ്പല്ലൂരിൽ തുടങ്ങി കൊണ്ട് പ്രവർത്തനം വിപുലീകരിക്കുക.
2. കാർഷികേതര വായ്പകളിൽ കച്ചവടത്തിനും വ്യാവ സായിക സംരഭങ്ങൾക്കും പരിഗണന നൽകുക.
3. പ്രവർത്തനരഹിതമായി കിടക്കുന്ന ആമ്പല്ലൂർ ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.
4. പൂക്കോട് ക്ഷീരവ്യവസായ സംഘത്തിന്റെ ഒരു കൗണ്ടർ വട്ടണാത്രയിൽ ആരംഭിക്കുക.

35

5. ചുരുങ്ങിയ വിലക്ക് പാൽ ഉല്പാദകർക്ക് കാലിതീറ്റ ലഭ്യമാക്കുന്ന തരത്തിൽ ചെറുകിട കാലിതീറ്റ ഫാക്ടറികൾ ആരംഭിക്കുക.

6. പഞ്ചായത്തുതലത്തിൽ ഗ്രൂപ്പ് ഫാമിങ്ങ് സമിതികളെ സംയോജിപ്പിച്ച് ഒരു കേന്ദ്ര ഗ്രൂപ്പ് ഫാമിംഗ് സംഘം പ്രവർത്തിപ്പിക്കുക.

7. കാർഷിക ഉല്പന്നങ്ങളും ചെറുകിട വ്യവസായ ഉല്പന്നങ്ങളും പഞ്ചായത്തുതലത്തിൽ ശേഖരിച്ച് വിതരണം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഒരു സംഭരണ വിതരണ സംവിധാനം ഉണ്ടാക്കുക

8. നാളികേരം, റബർ എന്നിവ അസംസ്കൃത വസ്തുക്കളായുള്ള ചെറുകിട വ്യവസായ സരംഭങ്ങൾ ആരംഭിക്കുക.

9. കല്ലൊര സഹകരണസംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുയും കൂടുതൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

10. മാവേലിസ്റ്റോർ മാതൃകയിൽ ഒരു കൺസ്യൂമർ സൊസൈറ്റി പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആരംഭിക്കുവാൻ ശ്രമിക്കണം.

11. അസംഘടിത മേഖലയിലെ നിർമ്മാണ തൊഴിലാളികളെയും സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെയും ഉൾപ്പെടുത്തികൊണ്ട് സഹകരണാടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പഞ്ചായത്ത് ബ്ലോക്കടിസ്ഥാനത്തിൽ ഒരു സംവിധാനം രൂപപ്പെടുത്തുക.

12. മൂന്നാം വാർഡിലെ ഹാന്റ്ലൂം യൂണിറ്റിനെ വനിതാ സഹകരണ സംഘമായി പുനഃസംഘടിപ്പിക്കുക. പ്രവർത്തനം നിലച്ചുപോയ വട്ടണാത്രയിലെ ഖാദി സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുക.

13. ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ ആമ്പല്ലൂർ കേന്ദ്രമാക്കി ആരംഭിക്കുക.

14. കെട്ടിട നിർമ്മാണത്തിനാവശ്യമായുള്ള സാമഗ്രികൾ ചെറുകിട സംരംഭങ്ങളായി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

15. വിവിധ സഹകരണ ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഏകോപിക്കാനും കഴിയുന്ന തരത്തിൽ പഞ്ചായത്തുതലത്തിൽ ഒരു ഏകോപന സംവിധാനം ആരംഭിക്കുക.

# വിഭവ സമാഹരണം

വികസന പ്രവർത്തനങ്ങൾക്ക് വിഭവങ്ങൾ കണ്ടെത്തുക എന്നത് സങ്കീർണ്ണമായൊരു പ്രശ്നമാണ്. ജീവിത പ്രയാസങ്ങൾ കൊണ്ട് സഹികെട്ടൊരു ജനതക്കു മേൽ വീണ്ടും നികുതി ചുമത്തുന്ന നടപടി എതിർപ്പുകൾ വിളിച്ചുവരുത്തും. അതിനാൽ തികഞ്ഞ ജാഗ്രതയോടെ നീതികരിക്കാനാവുന്ന തരത്തിലുള്ള വിഭവസമാഹരണം എല്ലാവരുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നതാണ് കരണീയമായിട്ടുള്ളത്. അധിക നികുതി ചുമത്തുമ്പോൾ അത് വികസന ലക്ഷ്യത്തിലേക്കാണ് പ്രയോജനപ്പെടുത്തുന്നത് എന്ന അറിവ് നികുതി കൊടുക്കുന്നവരിലേക്ക് കൈമാറണം. വരുമാനം ഉണ്ടാക്കുന്ന സംരംഭങ്ങളിൽ നിന്നും നികുതി പിരിച്ചെടുക്കാൻ കഴിയണം. പഞ്ചായത്തിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും എല്ലാവരെയും ബോദ്ധ്യപ്പെടുത്തുവാൻ പരിപാടികളുണ്ടാകണം. കെട്ടിടനികുതിയായലും മറ്റുപുതിയ നികുതി നിർദ്ദേശങ്ങളായാലും അത് ചുമത്തുന്നതിനുപയോഗിക്കുന്ന മാനദണ്ഡങ്ങൾ സുതാര്യമാക്കുകയും എല്ലാവർക്കും ബോദ്ധ്യമാക്കി കൊടുക്കുകയും വേണം. പക്ഷപാതിത്വത്തിന്റെ അംശങ്ങൾ കൂടുമ്പോളാണ് എതിർപ്പുകൾ കൂടിവരിക. നികുതി പിരിക്കുന്നത് ഉദ്യോഗസ്ഥന്മാർ മാത്രം എന്നതുവിട്ട് അതു കൂടി ജനകീയമാക്കിയാലോ?

**വരവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | പിരിച്ചെടുത്തത് (രൂപ) |
|---|---|
| കെട്ടിട നികുതി | 376691 |
| തൊഴിൽ നികുതി | 368120 |
| വിനോദനികുതി | 118825.46 |
| അഡീ.വിനോദനികുതി | 72077.04 |
| പ്രദർശന നികുതി | 6918 |
| പ്രദർശനത്തിൽ മേലുള്ള സർചാർജ്ജ് | 1729 |
| ലൈസൻസ് ഫീസ് | 10772.25 |
| കെട്ടിടനികുതി സർചാർജ്ജ് | 19580 |
| വസ്തുകൈമാറ്റനികുതി (75% + 25%) | 388608 |
| സർക്കാർ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വരവുകൾ | 148802.15 |
| ഡെപ്പോസിറ്റ് | 99841 |
| ഗ്രാന്റ് | 722099. |
| ആകെ. | 2334063.40 |

37

ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് | 646578.00 |
| പൊതുമരാമത്ത് | 536703 .00 |
| വിദ്യാഭ്യാസം | 25817.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 47448.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 116224.00 |
| മറ്റുള്ളവ | 471916.95 |
| ആകെ. | 1844686.95 |

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട നികുതി വരുമാനം കെട്ടിടനികുതിയും തൊഴിൽ നികുതിയുമാണ്. അളഗപ്പ ടെക്സ്റ്റയിൽസാണ് പ്രധാന തൊഴിൽ സ്ഥാപനം. ഇവ പിരിച്ചെടുക്കുന്ന കാര്യത്തിൽ നൂറു ശതമാനം പൂർണ്ണത കൈവരാറുണ്ട്. ചിലവിനത്തിൽ എസ്റ്റാബ്ളിഷ്മെന്റ് ചിലവും അതിന്റെ വർദ്ധനകളും ഒഴിച്ചുകൂടാനാവാത്തതാണ്. മറ്റു ഉൽപാദനമേഖലകളേക്കാൾ പൊതുമരാമത്തിന് ചിലവാക്കുന്ന തുക വളരെ വലുതാണ്. റോഡുകൾക്ക് ഗ്രാമവികസനത്തിൽ സുപ്രധാനമായ പങ്കുണ്ട്. എന്നാൽ അവയിൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും സന്നദ്ധപ്രവർത്തനം ഉപയോഗിക്കുക എന്നതും പരിമിതമായ വിഭവത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് സഹായകമാകും. മാത്രമല്ല ഉല്പാദന മേഖലകളിലേക്ക് പണം നിക്ഷേപിക്കാൻ മറ്റു ധന മാർഗ്ഗങ്ങളെ കൂടി കണ്ടെത്താൻ കഴിയണം.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സേവനം ലഭിക്കുന്നുണ്ട്

1. ആമ്പല്ലൂർ സർവീസ് സഹകരണബാങ്ക് No.503, മണ്ണംപേട്ട
2. വട്ടണാത്ര സർവീസ് സഹകരണബാങ്ക് No. 499, വട്ടണാത്ര
3. തൃശൂർ ജില്ലാ സഹകരണബാങ്ക് ബ്രാഞ്ച്, പുതുക്കാട്
4. ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് – കൊടകര
5. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അളഗപ്പനഗർ
6. ഇന്ത്യൻ ഓവർസീസ് ബാങ്ക്, വരന്തരപ്പിള്ളി.
7. ഫെഡറൽ ബാങ്ക്, മണ്ണംപേട്ട
8. കാത്തലിക്ക് സിറിയൻ ബാങ്ക് ആമ്പല്ലൂർ
9. ധനലക്ഷ്മി ബാങ്ക് വരന്തരപ്പിള്ളി.

മേൽപറഞ്ഞ ബാങ്കുകൾ താഴെപറയുന്ന ആവശ്യങ്ങൾക്ക് വായ്പകൾ നൽകിവരുന്നു.

1. കാർഷിക ഹൃസ്വകാലവായ്പകൾ
2. ദീർഘകാല കാർഷിക പദ്ധതികൾ വായ്പകൾ
3. സ്വയം തൊഴിൽ
4. മൃഗസംരക്ഷണം.
5. ഭവന നിർമാണം.
6. സേവനതുറകൾ
7. ചെറുകിടവ്യവസായ സംരഭങ്ങൾ

കാർഷികോല്പാദനം, കാർഷികവികസനപദ്ധതികൾ, എന്നിവയ്ക്ക് നൽകുന്ന വായ്പകൾ വിനിയോഗിക്കുന്നതിൽ കാര്യക്ഷമത കുറഞ്ഞുകാണുന്നു. ഇതുമൂലം ചെറിയ തോതി

ലെങ്കിലും വായ്പയുടെ തിരിച്ചടവ് കുടിശ്ശികയാക്കുന്നുണ്ട്.

പ്രാഥമിക സഹകരണബാങ്കുകൾ മാത്രമാണ് നിക്ഷേപങ്ങൾ പൂർണ്ണമായും പഞ്ചായത്തിൽ ചിലവഴിക്കുന്നത്. കൂടുതൽ ജനങ്ങൾ ഇടപാട് നടത്തുന്നതും ഈ സ്ഥാപനങ്ങളിലാണ്. ഉല്പാദന മേഖലയിലെ മൂലധന നിക്ഷേപത്തിൽ പ്രധാനഘടകമായ വായ്പാ സൗകര്യങ്ങൾ സുഗമവും സുതാര്യവുമാക്കുന്നതിൽ സഹകര ബാങ്കുകൾ ഏറെ മുന്നിലാണ്. ചെറുകിട കർഷകർക്കും താഴ്ന്ന വരുമാനക്കാർക്കും മുഖ്യമായും ആശ്രയിക്കാവുന്നതും സഹകരണ ബാങ്കുകളെയാണ്.

വാണിജ്യ ബാങ്കുകളിൽ നിക്ഷേപത്തിന്റെ ചെറിയൊരംശം മാത്രമാണ് പഞ്ചായത്ത് അതിർത്തിയിൽ വിനിയോഗിക്കപ്പെടുന്നത്. പലിശ നിരക്കിലുള്ള വ്യത്യാസം, ഇടപാടിനുള്ള സൗകര്യം എന്നിവ കണക്കിലെടുത്ത് ഈ ബാങ്കുകൾ വലിയ സംഖ്യകൾ വായ്പയെടുക്കുന്നവർക്ക് മുൻഗണന നൽകി വരുന്നു. ഇതു മൂലം നാമമാത്ര കൃഷിക്കാരും, താഴ്ന്ന വരുമാനക്കാരും ഒഴിവാക്കപ്പെടുന്നു.

കൊള്ളപ്പലിശക്ക് കടം കൊടുക്കുന്ന അനൗപചാരിക സ്ഥാപനങ്ങളും വ്യക്തികളും പഞ്ചായത്തിൽ ധാരാളമുണ്ട്. അറുപതു ശതമാനം മുതൽ നൂറ്റി ഇരുപത് ശതമാനം വരെ പലിശ ഇക്കൂട്ടർ ഈടാക്കുന്നു. ഇവരുടെ ചൂഷണത്തിന് ഇരയാകുന്നത് ഏറ്റവും നിർദ്ധനരായ തൊഴിലാളികളും നാമമാത്ര കർഷകരുമാണ്.

പഞ്ചായത്തിൽനിന്നും ധാരാളമാളുകൾ വിദേശത്ത് ജോലി ചെയ്യുന്നവരായുണ്ട്. ഇവരിൽ നിന്നുള്ള വരുമാനം ചിലവഴിക്കുന്നതിന് യാതൊരുമാർഗ്ഗനിർദ്ദേശങ്ങളും ഔപചാരികമായി നിലവിലില്ല. കെട്ടിടനിർമാണത്തിനും വാഹനം, വസ്തു എന്നിവ വാങ്ങുന്നതിനുമാണ് പ്രധാനമായും ഇവരുടെ വരുമാനം വിനിയോഗിക്കപ്പെടുന്നത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നില്ല.

2. പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്.

3. സംഭാവനകൾ ഉപയോഗിച്ചുള്ള ഫണ്ട് നിലവിലില്ല.

4. സന്നദ്ധപ്രവർത്തനങ്ങളിൽ കുറവ് ദൃശ്യമാണ്.

5. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

6. സമ്പാദ്യശീലം വളർത്തുന്നതിലും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിലും ജനകീയമുന്നേറ്റം ദൃശ്യമല്ല.

കേന്ദ്രീകൃതഘടനയും പ്രൊഫഷണൽ എസ്റ്റാബ്ലിഷ്മെന്റും ഉപയോഗിച്ച് വാണിജ്യബാങ്കുകൾ നിക്ഷേപം വർദ്ധിപ്പിക്കുകയും നിക്ഷേപത്തിന്റെ സിംഹഭാഗവും മറ്റുപ്രദേശങ്ങളിലേക്ക് വിനിയോഗിക്കപ്പെടുകയും ചെയ്യുന്നു.

7.ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന വായ്പകൾ ചെറിയ തോതിലെങ്കിലും കൊള്ളപ്പലിശക്ക് കൊടുക്കപ്പെടുന്നു.

8. വിദേശത്ത് ജോലിചെയ്യുന്നവരുടെ പണം ശരിയായ സൗകര്യങ്ങളുടേയും നിർദ്ദേശങ്ങളുടെയും അഭാവം മൂലം അശാസ്ത്രീയമായി ഉപയോഗിക്കപ്പെടുന്നു.

## സാധ്യതകൾ

**1. വീട്ടുനികുതി:**

വിസ്തീർണ്ണത്തിനുപകരം വീടുകളുടെ നിർമാണച്ചിലവിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.

നിലവിലുള്ള വീടുകളുടെ നിർമാണച്ചിലവ് പുതിയ വില നിലവാരത്തിന്റേയും പഴക്കത്തിന്റെയും അടിസ്ഥാനത്തിൽ പുനർനിർണയം ചെയ്യുക.

നിർമാണചിലവിന്റെ അടിസ്ഥാനത്തിൽ സ്ലാബുകൾ തിരിക്കുകയും ഉയർന്ന സ്ലാബുകൾക്ക് ഉയർന്ന നികുതി നിരക്ക് ഏർപ്പെടുത്തുകയും ചെയ്യുക. ഇതിലൂടെ ഒരു ലക്ഷം രൂപയുടെ വർദ്ധനവ് നടപ്പുവർഷത്തിലുണ്ടാകും.

**2. ബിൽഡിങ്ങ് റെഗുലേഷൻ ആക്ട്.**

പഞ്ചായത്തതിർത്തിയിൽ നിർമിക്കുന്ന മുഴുവൻ കെട്ടിടങ്ങൾക്കും അനുമതി നൽകുമ്പോൾ തന്നെ നിർമാണച്ചിലവിന്റെ വ്യക്തമായ രൂപം രേഖാമൂലം വാങ്ങിക്കുകയും 75000 രൂപക്ക് മേൽ ചിലവ് വരുന്ന മുഴുവൻ കെട്ടിടങ്ങൾക്കും 1/2% (100 രൂപക്ക് 50 പൈസ) നിരക്കിൽ കൺസ്ട്രക്ഷൻ ടാക്സ് ഈടാക്കണം. ഇതിനു സാധ്യാമാകുന്ന വിധത്തിൽ Building Regulation Act നടപ്പിലാക്കണം. ഈയിനത്തിൽ പ്രതിവർഷം മൂന്നുലക്ഷം രൂപ പഞ്ചായത്തിനു ലഭ്യമാകും.

**3. വിനോദനികുതി പരിഷ്കരണം**

ഇപ്പോൾ പിരിക്കുന്ന വിനോദനികുതിയിനങ്ങൾക്കു പുറമേ കേബിൾ T.V., T.V. എന്നിവകൂടി ഉൾപ്പെടുത്തേണ്ടതാണ്. ഈയിനത്തിൽ 25000 രൂപ ലഭ്യമാക്കാവുന്നതാണ്.

**4. വസ്തു കൈമാറ്റഫീസ്**

പഞ്ചായത്തതിർത്തിയിലുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവ കൈമാറ്റം ചെയ്യപ്പെടുമ്പോൾ പഞ്ചായത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതും അനുമതിവാങ്ങേണ്ടതുമാണ്. ആയതിന് ഒരു നിശ്ചിതഫീസ് ഈടാക്കാവുന്നതാണ്. ഈ സംവിധാനം നടപ്പാക്കുന്നതുവഴി ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിലകാണിക്കുന്നതിൽ സൗകര്യപ്രദമായ ഒരു മാനദണ്ഡം ഉണ്ടാക്കാവുന്നതും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന സംഖ്യയിൽ വർദ്ധനവുണ്ടാകുന്നതുമാണ്. ഈ പരിഷ്കരണത്തിലൂടെ 50000 രൂപയുടെ അധികവരുമാനം ഉണ്ടാകാവുന്നതാണ്.

**5. വിവാഹരജിസ്ട്രേഷൻ ഫീസ്**

പഞ്ചായത്തതിർത്തിയിൽ താമസിക്കുന്ന ആളുകളുടെ വിവാഹങ്ങൾ നിർബന്ധമായും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും മുഴുവൻ ആളുകളേയും ഈ നിയമത്തിൽ കീഴിൽ വരുത്തേണ്ടതുമാണ്. പട്ടികജാതിക്കാർ, ആഡംബര രഹിത വിവാഹക്കാർ എന്നവരെ ഇതിൽനിന്നും ഒഴിവാക്കണം. 25000 രൂപയെങ്കിലും വരുമാനമുണ്ടാകും.

**6. വിദേശമദ്യവില്പന**

പഞ്ചായത്തതിർത്തിയിൽ വിദേശമദ്യവിലപന നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും പ്രത്യേക ലൈസൻസ് ഏർപ്പെടുത്തണം. 10000 രൂപയുടെ അധികവരുമാനം ഇതിൽ നിന്നും ലഭ്യമാക്കണം.

**7. റബ്ബർ റോളറുകൾ**

പഞ്ചായത്തതിർത്തിയിൽ റബ്ബർറോളുകൾ സ്ഥാപിക്കുന്നതിന്ന് ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്. മറ്റുള്ളവർക്ക് വാടകക്ക് കൊടുത്ത് വരുമാനമുണ്ടാക്കുന്ന ഈ സ്ഥാപനങ്ങൾ പലയിടത്തും മലിനീകരണം വ്യാപകമായ രീതിയിൽ ഉയർത്തുന്നുണ്ട്. ഇതിന് ലൈസൻസ് ഏർപ്പെടുത്തുന്നതുമൂലം മലിനീകരണം പൂർണ്ണമായിതടയാവുന്നതും 10000 രൂപയെങ്കിലും അധികവരുമാനം ലഭിക്കുന്നതുമാണ്.

**8. ധാതുസമ്പത്തിന്റെ കൈമാറ്റം.**

പഞ്ചായത്തതിർത്തിയിൽ ഉള്ളതോ, ഉണ്ടാക്കുന്നതോ, ആയ കരിങ്കല്ല്, മണ്ണ്, മണ്ണിഷ്ടിക, എന്നിവ മറ്റുസ്ഥനങ്ങളിലേക്ക് കൊണ്ടുപോകുന്നത് പഞ്ചായത്തിന്റെ അനുമതിയോടെയാവണം. ഇതിനുവേണ്ടി ഒരു N.O.C.നൽകേണ്ടതും ആയതിന് ഫീസ് ചുമത്താവുന്നതുമാണ്. ഇതിൽ നിന്നും 5000 രൂപയെങ്കിലും വരുമാനമുണ്ടാക്കാം.

**9. സ്വകാര്യ മോട്ടോർ വാഹന ലൈസൻസും പബ്ലിക്ക് മോട്ടോർവാഹനലൈസൻസും**

സ്വകാര്യമോട്ടോർ വാഹനങ്ങൾ കൈവശം വെക്കുന്നതിന്നും പഞ്ചായത്തിൽ പ്രത്യേക രജിസ്ട്രേഷൻ നിർബന്ധമാക്കണം. ഇതിലൂടെ വാഹനനിയമങ്ങൾ പരിപാലിക്കപ്പെടുന്നുഎന്നുറപ്പുവരുത്താൻ കഴിയും. 6000 രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കാം. വാഹനവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാം.

**10 പാചകവാതക വിതരണം.**

പഞ്ചായത്തതിർത്തിയിൽ പാചകവാതകവിതരണം നടത്തുന്ന ഏജൻസികളിൽ നിന്നും വിതരണത്തിന്റെ തോതനുസരിച്ച് നികുതി ചുമത്താവുന്നതാണ്. 5000 രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

**11. സാങ്കേതിക വിദ്യാലയങ്ങൾ**

പഞ്ചായത്തിൽ സ്ഥാപിക്കുന്ന സാങ്കേതികവിദ്യാലയങ്ങൾക്ക് (ഉദ: കമ്പ്യൂട്ടർ, കമേഴ്സിയൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ) രജിസ്ട്രേഷൻ ഫീസ് ചുമത്തണം. ഇതിലൂടെ ഈ സ്ഥാപനങ്ങളുടെ സാങ്കേതിക സൗകര്യങ്ങളുടെ മേന്മഉറപ്പുവരുത്താൻ കഴിയും. അധികവരുമാനം 5000 രൂപ.

**12. പഞ്ചായത്ത് വസ്തുവഹകൾ**

പഞ്ചായത്തുടമസ്ഥതയിലുള്ള വിനിയോഗിക്കപ്പെടാത്ത സ്ഥലങ്ങൾ കെട്ടിടങ്ങൾ മറ്റു വസ്തുകൾ എന്നിവ ഉപയോഗ്യമാക്കി വാടകക്കുകൊടുക്കുന്നതിലൂടെ സേവനമേഖലകൾ വ്യാപിപ്പിക്കുവാനും വരുമാനം ഉണ്ടാക്കുവാനും സാധിക്കും. പ്രതീക്ഷിക്കുന്ന വരുമാനം 5000 രൂപ.

**13. സ്വകാര്യപണമിടപാടുകാർ**

പഞ്ചായത്തിൽ സ്വകാര്യ പണമിടപാടുകൾ നടത്തുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുക. ഇതിലൂടെ 5000 രൂപ പ്രതീക്ഷിക്കാം.

**14. പൊതു സ്ഥലങ്ങളിലെ ആദായങ്ങൾ**

പഞ്ചായത്തതിർത്തിയിൽ നിലവിലുള്ളതും മറ്റു സർക്കാർ സ്ഥാപനങ്ങളുടെ കീഴിലുള്ളതുമായ സ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്ന ആദായങ്ങൾ എടുക്കുന്നതിനും ലേലം ചെയ്തു കൊടുക്കുന്നതിനുമുള്ള അവകാശം പഞ്ചായത്തിനു ലഭ്യമാക്കുക. ഇതിലൂടെ 15000 രൂപയുടെ അധികവരുമാനമുണ്ടാക്കാവുന്നതാണ്. (ഉദാ: കനാലിന്റെ ഇരുവശങ്ങളിലുമുള്ള ഫലവൃക്ഷങ്ങൾ).

**15. പരസ്യം**

പഞ്ചായത്തിന്ന് പുറത്തുള്ള സ്ഥാപനങ്ങൾ പഞ്ചായത്തതിർത്തിയിൽ പരസ്യങ്ങൾ നടത്തുന്നതിന് വാടക ഈടാക്കുക.

**16. സേവനമേഖലകൾ**

പഞ്ചായത്തിന്റെ വകയായി ഒരു ബസ് സ്റ്റാന്റ് നിർമിക്കുകയും ആമ്പല്ലൂർ ജംഗ്ഷനിൽ നിന്നു തിരിഞ്ഞുപോകുന്ന മുഴുവൻ ബസ്സുകൾക്കും പാർക്കുചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്താൽ അത് യാത്രകാർക്കും ബസ് ജീവനകാർക്കും വലിയസൗകര്യമായിരിക്കും. ഈപ്രവർത്തനങ്ങൾക്ക് സർക്കാർ സഹായപദ്ധതികൾ ഉപയോഗിക്കാവുന്നതാണ്. ഈയിനത്തിൽ വർഷത്തിൽ 50,000 രൂപ വരുമാന മുണ്ടാക്കാവുന്നതാണ്.

**17.ഷോപ്പിങ്ങ് കോംപളക്സ്**

കമ്മ്യുണിറ്റി ഹാളിനോടനുബന്ധിച്ചും പഞ്ചായത്ത് ബസാസ്റ്റാന്റിനോടനുബന്ധിച്ചും കെട്ടിടങ്ങൾ നിർമിച്ച്

ഷോപ്പിങ്ങ് കോംപ്ലക്സുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനുവേണ്ടിവരുന്ന ചിലവുകൾ മുറികൾ വാടകക്ക് എടുക്കുന്നവരിൽ നിന്നു ലഭിക്കുന്ന സെക്യൂരിറ്റി സംഖ്യയും ഗവ.ഗ്രാന്റിന്റെ ഒരു ചെറിയഅംശവും ഉപയോഗിച്ച് നിർമിക്കാവുന്നതാണ്. ഇങ്ങനെ പഞ്ചായത്തിന്റെ സ്ഥലത്ത് മൊത്തം 25 മുറികളെങ്കിലും നിർമിക്കാവുന്നതും. ഈയിനത്തിൽ വാടകയായി ഒരു വർഷത്തിൽ ഏകദേശം രണ്ടു ലക്ഷം രൂപയെങ്കിലും ലഭിക്കാവുന്നതുമാണ്.

**18. വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യം**

കാറുകൾ വാനുകൾ, മറ്റുവാഹനങ്ങൾ എന്നിവക്ക് പാർക്ക് ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ (വണ്ടി പേട്ടകൾ) ചെയ്തു കൊടുക്കേണ്ടതും ആയതിന് നിസ്സാരമായ ഫീസ് ചുമത്താവുന്നതുമാണ്. ഒരു വർഷത്തിൽ 10000 രൂപയെങ്കിലും ഈ ഇനത്തിൽ വരുമാനമുണ്ടാക്കാവുന്നതാണ്.

**19. തരിശ് കൃഷിയിറക്കൽ**

പഞ്ചായത്തധീനതയിലുള്ള തരിശ് ഭൂമികളിൽ കൃഷിയിറക്കുന്നതിന് വ്യക്തികൾക്കോ സംഘടനകൾക്കോ പാട്ടത്തിന് (Lease) കൊടുക്കുകയും പഞ്ചായത്ത് കുളങ്ങളുടെ ബണ്ടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇരുവശങ്ങളിലും തെങ്ങുകൾ നട്ടുപിടിപ്പിക്കുകയും ചെയ്യുക. ഇത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗമാണ്.

**20. തൊഴിൽ ദാനം**

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വർഷത്തിൽ ചില ദിവസങ്ങൾ "ശ്രമദാന ദിനങ്ങളായി" ആചരിക്കുക. ഈ പ്രഖ്യാപിത ദിവസങ്ങളിൽ ജനങ്ങൾക്ക് കൂട്ടായി പണിയെടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക. "ഒരു വീട്ടിൽ നിന്നും ഒരാളുടെ ഒരു ദിവസത്തെ അധ്വാനം" സംഭാവന എന്ന മുദ്രാവാക്യത്തിലൂടെ മേൽപറഞ്ഞ ദിവസങ്ങളിലായി പഞ്ചായത്തിലൊട്ടാകെ ഒരു വർഷത്തിൽ 7000 മനുഷ്യാധ്വാന ദിനങ്ങൾ സമാഹരിക്കാവുന്നതാണ്.

ഒരു വർഷത്തിൽ ഒരു വീട്ടിൽ നിന്നും ഒരു മനുഷ്യാധ്വാനം ശ്രമദാനം – 7000 ശ്രമദാനത്തിലൂടെ ഏകദേശം ഏഴ് ലക്ഷം രൂപയുടെ അധ്വാനം സമാഹരിക്കാവുന്നതാണ്.

**21. ജനപങ്കാളിത്തവികസനം**

ഒരുലക്ഷം രൂപക്കു താഴെ ചിലവുവരുന്ന വികസനപ്രവർത്തനങ്ങൾ നിർബന്ധമായും ജനകീയസമിതികളേയോ, സന്നദ്ധസംഘടനകളേയോ ഏല്പിക്കണം. ഇങ്ങനെ നൽകിയാൽ മൊത്തം എസ്റ്റിമേറ്റിൽ 15 – 20 ശതമാനം സംഖ്യക്കുള്ള പ്രവർത്തനങ്ങൾ സംഭാവന ഉല്പന്നപ്പിരിവ്, ശ്രമദാനം എന്നിവയിലൂടെ സമാഹരിക്കാവുന്നതാണ്. ഇങ്ങനെയുള്ള ജോലികൾ ഏറ്റെടുക്കുന്ന ജനകീയ സമിതികൾക്കും സന്നദ്ധസംഘടനകൾക്കും ആവശ്യമായ മാർഗനിർദ്ദേശവും നേതൃത്വവും പഞ്ചായത്ത് സമിതിയിൽ നിന്ന് നേരിട്ട് നൽകുകയും പഞ്ചായത്ത് മെമ്പർ തന്നെ പ്രസ്തുത പദ്ധതിനടത്തിപ്പിന്റെ കാര്യനിർവാഹകനാവുകയും വേണം. ഈ ശൈലി നടപ്പിലാക്കുന്നതിലൂടെ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിക്കുകയും, വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നീങ്ങുകയും ചെയ്യുന്നതോടൊപ്പം പഞ്ചായത്തിന്ന് ഒരു വർഷം ചുരുങ്ങിയത് രണ്ട് ലക്ഷം രൂപയെങ്കിലും ലാഭിക്കാവുന്നതുമാണ്.

**22. ഉൽപാദന മൂലധനഫണ്ട്.**

പ്രത്യക്ഷഉൽപാദനമേഖലകളിൽ പഞ്ചായത്തിന്റെ മൂലധനമുടക്ക് വളരെ കുറവാണ്. ആയതുകൊണ്ട് അതിനു വേണ്ടി പ്രത്യേകം ഒരു ഫണ്ട് സ്വീകരിക്കേണ്ടതാണ്. ഈ ഫണ്ടിലേക്ക് സംഭാവനകൾ, നിക്ഷേപങ്ങൾ ഗ്രാമവികാസ് പത്രങ്ങൾ എന്നിവ സ്വീകരിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും വിദേശത്തു ജോലിചെയ്യുന്ന വ്യക്തികൾ ഇവിടെയുള്ളവരിൽ തന്നെ സാമ്പത്തികശേഷിയുള്ളവർ തുടങ്ങിയവരുടെ സഹായങ്ങൾ ഇതിലേക്ക് സ്വീകരിക്കാവുന്നതാണ്. ഈ ഫണ്ട് നേരത്തെ സൂചിപ്പിച്ച ഷോപിങ്ങ് കോംപ്ലക്സ് നിർമാണം പോലുള്ള പദ്ധതികൾക്ക് ഉപയോഗിക്കാവുന്നതാണ്.

23. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവഹകൾ മറ്റുള്ളവരുടെ കൈവശത്തിലിരിക്കുന്നതുണ്ടെങ്കിൽ തിരിച്ചെടുക്കുക.

**24. ബാങ്കുകളുടെ പ്രവർത്തനം**

പഞ്ചായത്തതിർത്തിയിൽ നടക്കുന്ന ബാങ്കിങ്ങ് പ്രവർത്തനങ്ങളിൽ പഞ്ചായത്ത് സമിതി പ്രത്യേകതാല്പര്യം കാണിക്കേണ്ടതും നിക്ഷേപ – വായ്പ അനുപാതം പരിശോധിക്കേണ്ടതുമാണ്. ഉല്പാദന മേഖലകളിൽ നൽകുന്ന വായ്പകളുടെ വിനിയോഗം സംബന്ധിച്ച് ബോധവൽകരണം നടത്തണം.

സഹകരണബാങ്കുകളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശ്രമിക്കേണ്ടതുണ്ട്. നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിലും വായ്പവിതരണത്തിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന വിധത്തിൽ പ്രാദേശിക അടിസ്ഥാനത്തിൽ ജനങ്ങളുടെ കൂട്ടായ്മ സംഘടിപ്പിക്കുകയും ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ ഉണ്ടാക്കുകയും ചെയ്യണം. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിൽ പഞ്ചായത്ത് സമിതികൾ താല്പര്യം കാണിക്കണം.

41

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ സാമ്പത്തികമായും സാമൂഹികമായും പിന്നണിയിൽ നിൽക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെടുന്ന ജനതയെ സമൂഹത്തിന്റെ മുഖ്യ ധാരയോടൊപ്പം അണി നിരത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. എന്നാൽ വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടും ദാരിദ്ര്യരേഖക്കടിയിൽ കഴിയുന്നവരിൽ ഗണ്യമായ വിഭാഗം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന വരാണ്. സാമ്പത്തികമായ പുരോഗതി കൈവരിച്ചാൽ തന്നെ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ മുൻ നിരയിലെത്തുന്നു. എന്നു പറയാനാകില്ല. സാമ്പത്തിക ഉന്നമനത്തോടൊപ്പം സാമൂഹ്യപ്രേരണകൾ കൂടി ഫലപ്രദമായാൽ മാത്രമേ ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനാകു.

1991 ലെ സെൻസസ് പ്രകാരം 303 കുടംബങ്ങളിലായി 2090 പേരാണ് പട്ടിക ജാതിക്കാരായി നമ്മുടെ പഞ്ചായത്തിലുള്ളത് ഇത് മൊത്തം ജനസംഖ്യയുടെ 8.2 %വരും ഇവരിൽ 1158 പേർ കോളനിയിലായും ബാക്കിയുള്ളവർ ചിന്നി ചിതറി വിവധപ്രദേശങ്ങളിലും കഴിയുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർ പുറമ്പോക്കുകളിലും പുഴയോരങ്ങളിലും, കനാൽ തീരങ്ങളിലും കുടിലുകൾ കെട്ടി താമസിക്കുന്നു.

**I. പട്ടികജാതി വിഭാഗത്തിന്റെ കോളനികൾ**

1. മണ്ണംപേട്ട അംബേദ്ക്കർ കോളനി
2. മണ്ണംപേട്ട തെക്കേക്കര കോളനി
3. മണ്ണംപേട്ട സെറ്റിൽമെന്റ് കോളനി - 19 - (4 സെന്റ്)
4. കാളക്കല്ല് കോളനി
5. പച്ചളിപ്പുറം സെറ്റിൽമെന്റ് കോളനി
6. വാളിപ്പാടം കോളനി
7. പൂക്കോട് കോളനി 1.HDP

**II പട്ടികവർഗ്ഗ കോളനി - 1 വേപ്പൂർ**

പട്ടികവർഗ്ഗത്തിൽപ്പെട്ട 23 പുരുഷൻമാരും 19 സ്ത്രീകളുമാണ് ഇവിടെ താമസിക്കുന്നത്.

കോളനികളിൽ പോലും പശ്ചാത്തല സൗകര്യങ്ങൾ തൃപ്തികരമായ അളവിൽ എത്തിയിട്ടില്ല.പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ പോലും കൃത്യമായ ശുദ്ധ ജലവിവരണം സാധിക്കുന്നില്ല. IRDP സർവ്വെപ്രകാരം കണ്ടെത്തിയ മൊത്തം ദരിദ്രജന വിഭാഗങ്ങളിൽ ഗണ്യമായ വിഭാഗം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. 22%കുടുംബങ്ങൾക്കുമാത്രമാണ് സ്ഥിരതയാർന്ന മേൽക്കൂരയുള്ള വീടുകളുള്ളത്. 75% പേരും കൂലിപണിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പാരമ്പര്യതൊഴിലിൽ നിന്നും ഉപജീവനം കഴിക്കുന്നവർ തുലോം കുറവാണ്. ചുരുക്കം ചില അപവാദങ്ങളൊഴികെ ഭൂരിപക്ഷം ചെറുപ്പക്കാരും പാരമ്പര്യ തൊഴിലിനോട് ആഭിമുഖ്യം കാണിക്കാത്തവരാണ്.

നാമമാത്രമായവർ മാത്രം സർക്കാർ ജോലി സമ്പാദിച്ചുകൊണ്ട് മാന്യമായ ജീവിതം പുലർത്തിവരുന്നു. പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ അളഗപ്പ ടെക്സ്റ്റെയിൽസിൽ പണിയെടുക്കുന്ന പട്ടികജാതിക്കാർ തുലോം തുച്ഛമാണ്. പരമ്പരാഗത സംരംഭങ്ങളെ വിട്ട് മറ്റു വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് വിവിധങ്ങളായ കാരണങ്ങളാൽ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സഹകരണമേഖലയിൽ പട്ടികജാതിക്കാരുടേതായ രണ്ടു സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. തൃശൂർ ജില്ലാ ക്ഷേത്രവാദ്യ കലാസംഘം
2. അളഗപ്പനഗർ പഞ്ചായത്ത് പട്ടികജാതിഈറ്റ, മുള, ചൂരൽ സഹകരണസംഘം

രണ്ടു സംഘങ്ങളുടെയും പ്രവർത്തനം മന്ദഗതിയിലാണ്. കലാഭ്യാസം പൂർത്തിയാക്കി പുറത്തുവരുന്നവർക്ക് ഉപജീവനത്തിൽ ആവശ്യമായ പശ്ചാത്തലം നിലവിൽ ഇല്ലാത്തതിനാൽ വേണ്ടത്ര പങ്കാളിത്തം ലഭിക്കുന്നില്ല. ഈറ്റ മുള ചൂരൽ എന്നിവയുടെ ലഭ്യത ഒരു പ്രധാന പ്രശ്നമായി നിലിൽക്കുന്നതിനാൽ സംഘത്തിന്റെ പ്രവർത്തനവും കാര്യക്ഷമാണെന്ന് പറയാനാകില്ല.

മണ്ണംപേട്ട അംബേദ്ക്കർ കോളനിയിൽ ഒരു ബാലവാടി പ്രവർത്തിക്കുന്നുണ്ട്. സ്കൂളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ കുട്ടികളുടെ എണ്ണം 240 ആണ്. വിവിധങ്ങളായ കാരണങ്ങളാൽ മുഴുവൻ കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസത്തിന് സാധിക്കുന്നില്ല. പൊതുജനാരോഗ്യസംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ അതിന്റെ പ്രയാസങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് ഈ വിഭാഗക്കാരാണ്. സ്വകാര്യആശുപത്രികളെ ആശ്രയിക്കാ

നുള്ള സാമ്പത്തിക ചുറ്റുപാടുകൾ ഇല്ലാത്തതിനാൽ ഏറെ പ്രയാസം അനുഭവിക്കുന്നു. പഞ്ചായത്തിലെ മൂന്നുപൊതുജനാരോഗ്യകേന്ദ്രങ്ങളും – ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രം – ഏതാണ്ട് അടുത്തടുത്തായിട്ടാണ് സ്ഥിതിചെയ്യുന്നത്. കിടത്തി ചികിൽസിക്കാവുന്ന സൗകര്യങ്ങളുള്ള പുതുക്കാട് ആശുപത്രിയിലെ സംവിധാനങ്ങളും കാര്യക്ഷമമല്ല.

**പട്ടികജാതിക്കാരുടെ സാമൂഹ്യഅവസ്ഥ**

| | |
|---|---|
| ആകെ പുരുഷൻമാർ | 774 |
| ആകെ സ്ത്രീകൾ | 749 |
| ആകെ കുടുംബക്കാർ | 303 |
| വീടുകൾ സ്ഥിരമായ മേൽകൂരയുള്ളവ | 68 |
| ഇലക്ട്രിക്ക് കണക്ഷൻ ഉള്ള വീടുകൾ | 118 |
| S.S.L.C.യും അതിനു മുകളിലുമുള്ളവർ | 123 |
| S.S.L.C. തോറ്റവർ | 93 |
| സർക്കാർ ജോലിയുള്ളവർ | 26 |
| I.R.D.P സഹായം ലഭ്യമായവർ | 64 |
| മറ്റുവായ്പകൾ ലഭിച്ചവർ | 73 |
| സ്വയം തൊഴിലുള്ളവർ | 11 |

സാംസ്കാരിക മേഖലയിലെ ഇടപെടലുകൾ ക്ഷയിച്ചു വരുന്നതായി കാണാം. പ്രാചീനകലകളായ തെയ്യം, തിറ, പറയൻതുള്ളൽ, എന്നിവ പുതിയ തലമുറയിലേക്ക് കൈമാറ്റം നടക്കുന്നില്ല. ആഘോഷങ്ങളും ഉത്സവങ്ങളും സമുചിതമായി കൊണ്ടാടാറുണ്ടെങ്കിലും നാടൻകലകളെ പോഷിപ്പിക്കുന്ന നടപടികളും കലാകാരന്മാർക്ക് അംഗീകാരവും നൽകിയാലെ ഈ രംഗത്തെ ഉണർവ് പ്രകടമാകു.

സാമൂഹ്യമായി ഈ വിഭാഗം ഇപ്പോഴും പിന്നോക്കാവസ്ഥയിൽ തന്നെ സംവരണത്തിന്റെ അടിസ്ഥാനത്തിൽ നല്കപ്പെടുന്ന അംഗീകരങ്ങൾക്ക് പുറമെ കാര്യമായൊന്നും നേടിയെടുക്കാനാകുന്നില്ല. എന്നതു ഇവരുടെ പിന്നോക്കവസ്ഥയെ സൂചിപ്പിക്കുന്നു. രാഷ്ട്രീയ സാമൂഹ്യസംഘടനകളുടെ നേതൃസ്ഥാനത്തും പൊതുവേദികളിലും സ്ഥാനം കിട്ടുക എന്നത് ഇന്നും യാഥാർത്ഥ്യമായിട്ടില്ല. വനിതകൾക്കാകട്ടെ വിവിധ ജീവിത പ്രയാസങ്ങൾക്കിടക്ക് സാമൂഹ്യ രംഗത്തേക്ക് കടന്നു വരാൻ പോലും കഴിയുന്നില്ല. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ പോലും ഇടത്തട്ടുകാരുടെയും മറ്റുവിഭാഗങ്ങളുടെയും ചൂഷണം നിമിത്തം പൂർണ്ണമായും ഉപയോഗിക്കാനാകാത്ത അവസ്ഥയാണ്. സമൂഹത്തിന്റെ ബോധപൂർവ്വമായ ഇടപെടലും സാമ്പത്തികവളർച്ചയും സാധ്യമാക്കിയാലേ സാമൂഹ്യരംഗത്തെ ഈ വിഭാഗത്തിന്റെ വേർതിരിവിന് ഒരളവെങ്കിലും കുറവു വരുത്താൻ കഴിയു.

## പ്രശ്നങ്ങൾ

1. ഭൂരിപക്ഷം പട്ടികജാതിക്കാരും ദരിദ്രരാണ്.

2. വീട്ടമ്മമാർക്ക് തൊഴിലുണ്ടാക്കുന്നതും വരുമാനമുണ്ടാക്കാൻ കഴിയുന്നതുമായ സംരംഭങ്ങൾക്ക് (ഉദാ: ആടുമാടു വളർത്തൽ) ആവശ്യമായ സഹായങ്ങൾ കിട്ടുന്നില്ല.

3. അംഗൻവാടികളും ബാലവാടികളും ആവശ്യാനുസരണമില്ലാത്തതിനാൽ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ തുടക്കംതന്നെ പിഴക്കുന്നു.

4. ശുദ്ധജല വിതരണം അപര്യാപ്തമാണ്. വരൾച്ചാകാലങ്ങളിൽ ഈ പ്രശ്നം അതീവ രൂക്ഷമാണ്.

5. ആരോഗ്യ സംവിധാനങ്ങൾ ഫലപ്രദമല്ല. മരുന്നുകൾ മറ്റു സൗകര്യങ്ങൾ എന്നിവ കാര്യക്ഷമമല്ല.

6. കൊതുക് ഈച്ച തുടങ്ങിയ പകർച്ചവ്യാധികൾ പരത്തുന്ന ജീവികളെ നശിപ്പിക്കാൻ ശാസ്ത്രീയ നടപടികൾ ഇല്ല.

7. പുതിയ ഇലക്ട്രിക് ശ്മശാനങ്ങൾ ആവശ്യമാണ്. നിലവിലുള്ള ശ്മശാനങ്ങളുടെ മതിലുകൾ കെട്ടി ഉയർത്തി വൃത്തിയാക്കണം.

8. പൊതുകുളങ്ങൾ കന്നുകാലികളെ കഴുകുന്നതിനുള്ള കുളങ്ങൾ എന്നിവ വ്യത്യസ്തമായി രൂപപ്പെടുത്തണം.

9. വ്യവസായ സംരംഭകർക്കുള്ള വായ്പാ സംവിധാനം ലഭ്യമാക്കണം. പരിശീലന പരിപാടികൾ, കറന്റ് കണക്ഷൻ എന്നിവയിലെ കാലവിളംബം ഒഴിവാക്കണം.

10. റിസർവേഷൻ ആനുകൂല്യങ്ങൾ നടപ്പാക്കിക്കാൻ ബന്ധപ്പെട്ടവർ മുൻകൈയെടുക്കണം.

11. കോളനികളിലേക്കുള്ള റോഡുകൽ സഞ്ചാരയോഗ്യമാക്കണം. നിരത്തുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് മുൻഗണനാ അടിസ്ഥാനത്തിൽ കണക്ഷൻ കൊടുക്കുകയും വേണം.

12. വീടില്ലാത്തവർക്ക് വീടുവെക്കാനുള്ള ധനസഹായം വർധിപ്പിക്കണം. ഇപ്പോഴുള്ള 20,000 രൂപ തികച്ചും അപര്യാ

പ്തമാണ്. സർക്കാർ നിബന്ധനയിൽ അയവ് വരുത്തി ഉപഭോക്താവിന്റെ സ്വതന്ത്ര ഭാവനക്കനുയോജ്യമായ വീടുകൾ നിർമ്മിക്കാൻ അനുവദിക്കണം.

13. വിധവകളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം വർധിപ്പിക്കണം.

14. പ്രാചീനകലകളെ പ്രോത്സാഹിപ്പിക്കുകയും അവയെ പൊതുരംഗത്തു കൊണ്ടുവരുവാൻ ബോധപൂർവം ശ്രമിക്കുകയും വേണം. ക്ലബ്ബുകൾ, കോളനികൾ എന്നിവിടങ്ങളിൽ ടി.വി., റേഡിയോ എന്നിവ അനുവദിക്കുകയും വേണം.

15. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അപമാനിതകയാക്കപ്പെടുന്ന വനിതകൾക്കുള്ള ധനസഹായം കൊടുക്കുന്ന പ്രവണത നിർത്തലാക്കുക. വനിതകൾക്ക് തൊഴിൽ ചെയ്തു ജീവിക്കാനുള്ള സാഹചര്യവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കുക.

16. മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് തുടർന്ന് അവരുടെ ആനുകൂല്യങ്ങൾ നിറുത്തലാക്കണം.

## പരിഹാരങ്ങൾ/ നിർദ്ദേശങ്ങൾ

1. എല്ലാ കോളനികളിലും അംഗൻവാടികളും ബാലവാടികളും സ്ഥാപിച്ച് വനിതകളിലും കുട്ടികളിലും വിദ്യാഭ്യാസ ആരോഗ്യകാര്യങ്ങളിലെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്താൻ നിരന്തര ശ്രമം ഉണ്ടാകണം.

2. ശുചിത്വം പാലിക്കുക തുടങ്ങിയ രോഗപ്രതിരോധ രംഗങ്ങളിലെ ശീലങ്ങൾ പാലിപ്പിക്കാൻ ഉതകുന്ന ബോധവൽക്കരണ ശ്രമങ്ങൾക്ക് സ്ഥിരതയാർന്ന സംവിധാനമുണ്ടാക്കണം.

3. 5 വയസ്സനു താഴെയുള്ള കുട്ടികളെ അംഗൻവാടികളിലെത്തിക്കുകയും അവരിൽ കളികളിലൂടെയും വിനോദത്തിലൂടെയും വിദ്യാഭ്യാസതല്പരത വളർത്തുകയും വേണം.

4. ശുദ്ധജലം മാത്രമേ ഉപയോഗിക്കാവൂ എന്നും ഏറ്റവും ശുദ്ധമായ ജലം പരമ്പരാഗത സ്രോതസ്സിലെ ജലമാണെന്നും അവരെ ബോധ്യപ്പെടുത്തുക. കോളനികളിലെ പൊതുകിണറുകൾ വ്യക്തിഗത കിണറുകൾ എന്നിവ ഉപയുക്തമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. പൊതു കിണറുകളുടേയും, വ്യക്തിഗത കിണറുകളുടേയും സംരക്ഷമചുമതല അതിന്റെ ഉപഭോക്താക്കളെതന്നെ ഏല്പിക്കുക.

5. കിണറുകളിലെ വെള്ളം ശുദ്ധീകരിക്കുന്നതിന്നും അണുബാധകളിൽനിന്നും രക്ഷനേടുന്നതിനുള്ള പ്രതിരോധമാർഗ്ഗങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

6. വരുമാനം വർധിപ്പിക്കുന്നതിനും ദാരിദ്ര്യം നീക്കാനും ഉദ്ദേശിച്ചുള്ള പദ്ധതികൾ കാര്യക്ഷമമാക്കുക. സർക്കാർ ധനസഹായ പദ്ധതികളിലെ ഇടത്തട്ടുകാരെ ഒഴിവാക്കി സൗജന്യങ്ങളും സഹായങ്ങളും നേരിട്ട് നൽകുക.

7. വ്യക്തികളെ ആശ്രയിച്ചുള്ള തൊഴിൽ സംരംഭങ്ങൾക്കു പകരം കുടുംബത്തിന്റെ മൊത്തം വികസനം ലക്ഷ്യമാക്കിയുള്ളതും ഗ്രൂപ്പടിസ്ഥാനത്തിലുള്ള സംരംഭങ്ങൾക്കും മുൻതൂക്കം നൽകുക.

8. വരുമാനവർദ്ധക സംരംഭങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അത് ഏറ്റെടുക്കുന്നവരുടെ അഭിരുചിക്കും കഴിവുകൾക്കും അനുസരണമായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകുക. അവരുടെ പങ്കാളിത്തത്തിനും അഭിപ്രായങ്ങൾക്കും പരിഗണന നൽകുന്നത് പദ്ധതി വിജയത്തിന് സഹായകമാകും.

9. വിപണന സാധ്യതകളുള്ള സംരംഭങ്ങൾ തിരഞ്ഞെടുക്കുകയും ആപൽഘട്ടങ്ങളിൽ ഇടപെടാനും സഹായിക്കാനും കഴിയും വിധത്തിലുള്ള MONITORING സംവിധാനം കാര്യക്ഷമമാക്കണം.

10. പാർപ്പിട പ്രശ്നം മുൻഗണന നൽകിതന്നെ പരിഹരിക്കണം. ചേരികളിലും കനാൽതീരങ്ങളിലും താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുവാനും അവർക്ക് സ്വന്തമായ വീട് ഉണ്ടാക്കാനുള്ള പദ്ധതികൾക്ക് അടിയന്തിരപ്രാധാന്യം നൽകണം.

11. പട്ടികജാതിക്കാരുടെ പ്രാചീനകലകളെയും പരമ്പരാഗത തൊഴിൽ സംരംഭങ്ങളെയും വളർത്തുവാനും പരിപോഷിപ്പിക്കുവാനും വേണ്ട നടപടികൾ വേണം. പഞ്ചായത്തുതലത്തിൽ നടത്തപ്പെടുന്ന കലാമേളകളിൽ ഈ കലകളെ ഉൾപ്പെടുത്തി അവരെ പ്രോത്സാഹിപ്പിക്കണം. അതുപോലെ പരമ്പരാഗത തൊഴിൽ സംരംഭങ്ങളിലൂടെ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളെ പ്രദർശിപ്പിക്കുവാനും പരിചയപ്പെടുത്താനും അവർക്ക് വിപണന സാധ്യതകൾ ഉണ്ടാക്കാനും മുൻകൈയെടുക്കണം.

12. കോളനികളിലെ പശ്ചാത്തല സൗകര്യങ്ങൾ പരമാവധി മെച്ചപ്പെടുത്തുകയും അവരെ മറ്റു ജനവിഭാഗങ്ങളുമായി സംവേദിപ്പിക്കുന്ന രീതിയിൽ കൂട്ടായ്മ വളർത്തിയെടുക്കാൻ ബോധപൂർവ്വമായ ശ്രമം വേണം.

13. ചിന്നിചിതറിക്കിടക്കുന്ന പട്ടികജാതിക്കാരെ അവരുടെ ആവശ്യങ്ങളും കഴിവും മനസ്സിലാക്കി വരുമാനവും തൊഴിലും ഉണ്ടാക്കാൻ കഴിയുന്ന സംരംഭങ്ങൾ ഏർപ്പെടുത്തുകയും അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സമൂഹം ഏറ്റെടുക്കുകയും ചെയ്യുക.

14. സർവ്വോപരി, പട്ടികജാതി വിഭാഗക്കാർ ഈ സമൂഹത്തിന്റെ ഭാഗമാണെന്നും തീരെ ദുർബലരായ അവരെകൂടി വളർത്തികൊണ്ടുവന്നാലെ സാമൂഹ്യ വികസനം അർത്ഥപൂർണ്ണമാകൂ എന്ന ചിന്ത വളർത്താനുതകുന്ന ബോധവൽക്കരണ പ്രവർത്തനം സമൂഹത്തിലുടനീളം നടക്കണം.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ ചരിത്രം വസ്തുനിഷ്ഠമായി ആവിഷ്ക്കരിക്കുന്നതിന്ന് പരിമിതികൾ നിരവധിയാണ്. പ്രാദേശിക ചരിത്ര രചനക്കാവശ്യമായ വസ്തുതകളുടെ അപര്യാപ്തതയാണ് ഇതിന് കാരണം. ഈ കുറവ് പരിഹരിക്കുന്നതിനുള്ള എളിയ ശ്രമങ്ങൾ ഇപ്പോൾ തുടങ്ങാൻ കഴിയുന്നു എന്നത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വലിയ നേട്ടം തന്നെയാണ്.

1930 കളുടെ അവസാനഘട്ടം മുതലുള്ള ചരിത്രമേ നമുക്ക് ഇപ്പോൾ രേഖപ്പെടുത്താൻ കഴിയുകയുള്ളു. കേരള സംസ്ഥാനത്ത് തൃശൂർ ജില്ലയിൽ കിഴക്ക് മലനിരകളോട് തൊട്ടുകിടക്കുന്ന പ്രദേശമാണ് അളഗപ്പനഗർ. 1938 ൽ ആമ്പല്ലൂർ പ്രദേശത്ത് അളഗപ്പടെക്സ്റ്റൈൽസ് കൊച്ചിൻ (ലിമിറ്റഡ്) എന്ന കമ്പനി ഡോ. അളഗപ്പചെട്ടിയാർ സ്ഥാപിക്കുകയുണ്ടായി. അതോടെയാണ് ഈ പ്രദേശം അളഗപ്പനഗർ എന്നറിയപ്പെടാൻ തുടങ്ങിയത്.

ആമ്പല്ലൂർ എന്ന പേരിനെ സംബന്ധിച്ച് 'കൊച്ചിയിലെ സ്ഥലനാമചരിത്രം' എന്ന പുസ്തകത്തിൽ ചേലനാട്ട് അച്യുതമേനോൻ രേഖപ്പെടുത്തിക്കാണുന്നത് ഇപ്രകാരമാണ് - 'ആമ്പൽപൂക്കളുടെ ഊര് - ആമ്പല്ലൂര്'. പനമ്പിള്ളി ഗോവിന്ദമേനോന്റെ ഒരു ലേഖനത്തിൽ ഈ പേരിന്റെ അർത്ഥകല്പനയെ ശരിവച്ച് കാണുന്നുണ്ട്.

തമിഴ്നാട്ടിലെ മധുര ജില്ലയിലെ കരൈക്കുടി സ്വദേശി ഡോ. അഴകപ്പൻ ചെട്ടിയർ 1938 ൽ അളഗപ്പടെക്സ്റ്റൈൽസ് സ്ഥാപിക്കുന്നതിനു മുൻപ് ഈ പ്രദേശം ഒട്ടുംതന്നെ ശ്രദ്ധേയമായിരുന്നില്ല.

ദേശീയ പ്രസ്ഥാനത്തിലും കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിലും വലിയെ പങ്കൊന്നും ഈ പ്രദേശത്തെ ജനങ്ങൾ വഹിച്ചിട്ടില്ല. അളഗപ്പ ടെക്സ്റ്റൈൽസിലെ തൊഴിലാളികൾ കൂലി ഏകീകരണത്തിനും മാനേജ്മെന്റിന്റെ തെറ്റായ നടപടികൾക്കും എതിരായി പ്രക്ഷോഭരംഗത്തേക്ക് വന്നതോടെയാണ് ദേശീയപ്രസ്ഥാനത്തിൽ അല്പാല്പമായി ഈ പ്രദേശത്തെ ജനങ്ങൾ പങ്കാളികളാകുന്നത്. അതിനു മുൻപ് പൂക്കോട് സ്വദേശിയായ ശ്രീ. പി.കെ. ആര്യൻ നമ്പൂതിരി തൃശൂർ കേന്ദ്രീകരിച്ച് നടന്ന ചില ദേശീയ പ്രക്ഷോഭങ്ങളിൽ പങ്കാളിയായിട്ടുണ്ടെന്നതൊഴിച്ചാൽ അദ്ദേഹവും ഈ പ്രദേശത്ത് പ്രവർത്തനം നടത്തിയതായി അറിവില്ല.

1938 ഫെബ്രുവരി 25 നാണ് ഈ പ്രദേശത്ത് ആദ്യമായി ഒരു പ്രക്ഷോഭം നടക്കുന്നത്. അത് അളഗപ്പ മില്ലിലെ തൊഴിലാളികൾ നടത്തിയ സമരമാണ്. കമ്പനിതൊഴിലാളികളിൽ ഈ പ്രദേശത്തെ തൊഴിലാളികൾക്ക് പുറമെ തമിഴ് — പ്രമാണി കുടുംബത്തിൽപെട്ടവരും ധാരാളമുണ്ടായിരുന്നു. അതിൽ തമിഴ് തൊഴിലാളികൾക്ക് മറ്റുള്ളവരെക്കാൾ കൂടിയ കൂലിനിരക്കും കൂടുതൽ ജീവിത സൗകര്യങ്ങളും മാനേജ്മെന്റ് നൽകിയിരുന്നു. മാനേജ്മെന്റിന്റെ ഈ നടപടി പ്രാദേശിക തൊഴിലാളികളിൽ അസംതൃപ്തി ഉളവാക്കി. ഇതിന്റെ ഭാഗമായി കൂലി ഏകീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ സമരം നടത്തി. സമരത്തെ നേരിടുന്നതിന് മാനേജ്മെന്റ് തമിഴ് വംശജരെ ഉപയോഗപ്പെടുത്തി. ഇതേത്തുടർന്ന് രൂക്ഷമായ സംഘട്ടനം നടന്നു. അതോടെ സമരത്തിന്റെ ദിശ ഒരു വംശീയ സംഘട്ടനം എന്ന നിലയിലേയ്ക്ക് നീങ്ങി എന്ന അഭിപ്രായവും നിലവിലുണ്ട്. എന്തായാലും ഈ സംഘട്ടനത്തെ തുടർന്ന് തമിഴ് വംശജരായ പ്രമാണികൾ ഇവിടം വിട്ട് സ്വദേശത്തേക്ക് തിരിച്ചുപോയി. പിന്നെ അവശേഷിച്ചവർ എവിടെയായാലും ജീവിക്കാൻ വകയില്ലാത്തവരായിരുന്നു. ഇതോടെ ആമ്പല്ലൂരിലെ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ആദ്യകാല ട്രേഡ്യൂണിയൻ പ്രവർത്തകരിൽ തമിഴ്നാട്ടിലെ തിരുപ്പൂർ സ്വദേശിയായ കാളിയപ്പൻ എന്നും സ്മരണീയനാണ്. അചഞ്ചലനും ധീരനും വർഗ്ഗബോധമുള്ളവനുമായിരുന്നു കാളിയപ്പൻ. തമിഴ് തൊഴിലാളികളെ പ്രീണിപ്പിച്ച് മാനേജ്മെന്റ് അവരെ സ്വന്തം താല്പര്യ സംരക്ഷകരാക്കി നിറുത്തിയപ്പോൾ കാളിയപ്പൻ തൊഴിലാളി താല്പര്യം ഉയർത്തിപ്പിടിച്ചു.

1942 ൽ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തെ തുടർന്ന് ദേശീയ നേതാക്കളെ തുറുങ്കിലടച്ചപ്പോൾ അതിനെതിരായി തൃശ്ശൂരിൽ നടന്ന പ്രതിഷേധ പ്രകടനത്തിൽ പങ്കെടുക്കാൻ ഇവിടത്തെ തൊഴിലാളികൾ സ്വമേധയാ പ്രകടനമായി പോകുകയും അവരെ പോലീസ് ഭീകരമായി മർദ്ദിക്കുകയും ചെയ്തു. മർദ്ദനമേറ്റതിൽ പ്രമുഖർ പി.കേശവൻ നായർ, കെ.കെ.രാമൻ, നാരായണമേനോൻ, പി.സി.ജോസഫ്, വിപ്ലവം ശങ്കരൻ നായർ എന്നിവരായിരുന്നു. 1938– 39 ൽ ആണ് യഥാർത്ഥത്തിലുള്ള ഒരു ട്രേഡ്യൂണിയൻ ആരംഭിക്കുന്നത്. കെ.കെ.വാര്യർ, പി.ഐ.കാക്കു, ഫ്രാൻസിസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു യൂണിയൻ രൂപീക

45

രണം. യൂണിയന്റെ ആദ്യ പ്രസിഡണ്ട് ചാലക്കുടി സ്വദേശി യായിരുന്ന നാരായണമേനോനാണ്. സെക്രട്ടറി പി.സി.ജോസഫായിരുന്നു.

ടെക്സ്റ്റൈൽസ് ആരംഭിച്ചതോടെ ആമ്പല്ലൂർ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഒരു ശ്രദ്ധാകേന്ദ്രമായി മാറി. അന്നത്തെ സ്വാതന്ത്ര്യസമര ഭടന്മാർ ആമ്പല്ലൂരും പരിസര പ്രദേശങ്ങളും ഒളിത്താവളങ്ങളാക്കി മാറ്റി. സി.അച്ചുതമേനോൻ, സുബ്രഹ്മണ്യ ഷേണായി, കെ.കെ.വാര്യർ തുടങ്ങിയവരും ആര്യാ പള്ളവും ഒളിവിലിരുന്ന് പ്രവർത്തിച്ചിരുന്നു മണ്ണംപേട്ടയിലെ ഒരു വീട്ടിൽനിന്ന് (പൊറത്തൂക്കാരൻ) ഒളിവിലിരുന്ന കെ.കെ.വാര്യരെ പോലീസ് പിടിക്കുകയും രഹസ്യപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്ന കല്ലച്ച് തലയിലേറ്റി റോഡിലൂടെ നടത്തി അതിക്രൂരമായി മർദ്ദിച്ചു. അക്കാലത്ത് പി.ഭാസ്കരൻ, വി.ടി.ഇന്ദുചൂഡൻ തുടങ്ങിയവർ ഇവിടത്തെ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച കാളിയപ്പനെ കുറിച്ച് പി.ഭാസ്കരൻ തന്റെ 'ചെങ്കാളിയപ്പൻ' എന്ന കവിതയിൽ (കായൽകാറ്റ് എന്ന സമാഹാരത്തിൽ) ഇങ്ങനെ എഴുതി:

.................................................................................

മുപ്പത്തിയഞ്ചാണ്ടു മുമ്പീ മലനാട്ടിൽ
മുണ്ടു നെയ്യുന്നൊരു മില്ലിന്റെ മുന്നിലായ്
കണ്ടു ഞാൻ മുന്നിൽ കൊടിയുമായ് പോകുന്ന
ചെങ്കാളിയപ്പനെ ചെന്തീക്കനലിനെ

.................................................................................

.................................................................................

തോക്കിൻ തലക്കൽ തിളങ്ങുമുരുക്കിന്റെ
വ്യാഘ്രനഖംകൊണ്ട് കീറിയ നെഞ്ചുമായ്
നാട്ടു രാജാവിന്റെ നീതി നടപ്പാക്കും
വേട്ട മൃഗങ്ങൾതൻ മുന്നിൽ നിലകൊണ്ട
ചെങ്കാളിയപ്പനെ കണ്ടേൻ

1944ൽ പി.എസ്.നമ്പൂതിരി ആമ്പല്ലൂരിൽ എത്തി ഇവിടത്തെ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അതോടെ ഇവിടത്തെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന് ഒരു പുതിയ ഉണർവ്വും ദിശാബോധവും സംഘടനാശേഷിയും കൈവന്നു. അതോടെ ആമ്പല്ലൂർ പ്രദേശമടങ്ങുന്ന അളഗപ്പനഗർ പഞ്ചായത്തിന്റെ ചരിത്രം കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാന ചരിത്രത്തിന്റെ ഭാഗമായി. ആമ്പല്ലൂർ കേരളത്തിന്റെ ഉജ്ജ്വലമായ ട്രേഡ്യൂണിയൻ സമരത്തിൽ സ്ഥാനം കണ്ടെത്തി. അളഗപ്പനഗർ ടെക്സ്റ്റൈൽസ് കേന്ദ്രീകരിച്ച് നടന്ന ഉജ്ജ്വല പോരാട്ടങ്ങൾ ആമ്പല്ലൂരിലേയും പരിസരപ്രദേശത്തേയും ജനങ്ങളിൽ രാഷ്ട്രീയമായും സാംസ്കാരികമായും സാമൂഹ്യമായും ഉണർവ്വു നൽകി. ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളിൽ നിന്നുണ്ടായ ആവേശവും രാഷ്ട്രീയമായ തിരിച്ചറിവും ഈ പ്രദേശത്ത് കർഷക സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് വിത്തുപാകി.

1945 – 46 കാലത്താണ് ഏറ്റവും ശക്തമായ ട്രേഡ്യൂണിയൻ പ്രക്ഷോഭം ഇവിടെ നടക്കുന്നത്. 42 ദിവസം നീണ്ടു നിന്ന പണിമുടക്ക് ഇവിടെ നടന്നു. പോലീസും ഗുണ്ടകളും ഈ സമരത്തെ കാര്യമായിത്തന്നെ നേരിട്ടു. സമരത്തെ നേരിടുന്നതിന് ഒരു പോലീസ് സ്റ്റേഷൻ തന്നെ ഇവിടെ ഉണ്ടാക്കി. (ഇന്നത്തെ പോളിടെക്നിക്കിലെ NSS ഓഫീസിൽ കയറി ച്ചെന്നാൽ ലോക്കപ്പ് റൂം ഇന്നും കാണാം. അന്നത്തെ കോടതിമുറി ഇന്നത്തെ മാതൃഭൂമി ഏജന്റ് കെ.പി.പൗലോസിന്റെ വീടാണ്.) ആ സമരത്തെ തുടർന്ന് തൊഴിലാളി യൂണിയൻ പ്രവർത്തകരെ പോലീസ് തിരഞ്ഞുപിടിച്ചു മർദ്ദിക്കുകയായിരുന്നു. ഒളിവിലിരിക്കുന്ന പി.എസിനെ തേടിയാണ് മർദ്ദനം. മർദ്ദനം അതിക്രൂരമായി മാറിയപ്പോൾ ഒളിവിലിരുന്ന് സമരത്തെ നയിച്ചിരുന്ന പി.എസ്.നമ്പൂതിരി കമ്പനി ഗേറ്റിൽ ഹാജരാകുകയായിരുന്നു. അദ്ദേഹത്തെ അറസ്റ്റു ചെയ്ത് പോലീസ് സ്റ്റേഷൻവരെ മർദ്ദിച്ച് റോഡിലൂടെ വലിച്ചിഴച്ചു കൊണ്ടുപോയി. പീഡനത്തിന്റെ നിഷ്ഠൂരമായ ഒരദ്ധ്യായമായിരുന്നു അത്.

ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തതിന്റെ പേരിൽ അതിക്രൂര മർദ്ദനത്തിനിരയായ ഒരു കമ്യൂണിസ്റ്റ് പ്രവർത്തകനായിരുന്നു പി.എസ്സിനോടൊപ്പംതന്നെ ജയിലിലടക്കപ്പെട്ട വിപ്ലവം ശങ്കരൻ നായർ. അതിക്രൂരമായ മർദ്ദനത്തെത്തുടർന്ന് രോഗബാധിതനായി മരണമടഞ്ഞ ശങ്കരൻ നായരുടെ കുടുംബത്തിന് സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ആനുകൂല്യം ലഭിക്കുകയുണ്ടായില്ല. സമരത്തെ തുടർന്ന് ഇവിടുത്തെ ട്രേഡ്യൂണിയൻ പ്രസ്ഥാനം കൂടുതൽ ശക്തിയാർജ്ജിച്ചു. അന്നത്തെ യൂണിയന്റെ പേര് KPTUC. (കേരള പ്രദേശ് ട്രേഡ്യൂണിയൻ കൗൺസിൽ) എന്നായിരുന്നു. ഇത് പിന്നീട് AITUC ആയി മാറി. ഈ സംഘടനയുടെ സംസ്ഥാന പ്രസിഡണ്ടായിരുന്നു പി.എസ്.നമ്പൂതിരി. KPTUCയുടെ സംസ്ഥാന സമ്മേളനം ആമ്പല്ലൂരിൽ എരിപ്പോട് തേമാലിപ്പറമ്പിൽ വച്ച് നടന്നു. ഇവിടെ വച്ച് പനമ്പിള്ളി ഗോവിന്ദമേനോൻ വിവാദപരമായ ഒരു പ്രസംഗം നടത്തുകയും അതിനെ തുടർന്ന് അദ്ദേഹത്തെ കൊച്ചി പാർലിമെന്റിൽ മത്സരിക്കുന്നതിൽനിന്നും വിലക്കുകയും ചെയ്തു. 1940കളുടെ ആരംഭത്തോടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിർത്തിയിൽ കളിമൺ വ്യവസായം പുഷ്ടിപ്പെട്ടുവന്നു. ഓട്ടുകമ്പനികളിലും ട്രേഡ്യൂണിയൻ പ്രസ്ഥാനം ശക്തമായി വളർന്നു. ആമ്പല്ലൂരിൽ

ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പി.എസ്സിനു പുറമേ കെ.കരുണാകരൻ, ജോർജ്ജ് ചടയന്മുറി, പി.ഡി.ദേവസ്സി, കെ.കെ.രാമൻ, പി.കെ.കറപ്പൻ, വിപ്ലവം ശങ്കരൻനായർ, പി.കേശവൻ നായർ എന്നിവരുമുണ്ടായിരുന്നു.

ആമ്പല്ലൂരിലെ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളുടെ സ്വാധീനത്തിൽ നിന്നാണ് ഇവിടത്തെ കർഷക പ്രസ്ഥാനം രൂപംകൊള്ളുന്നത്. അതിനു മുമ്പ് എന്തെങ്കിലും കർഷക മുന്നേറ്റം നടന്നതായി അറിവില്ല. 1947 ന് ശേഷമാണ് കർഷകർ സംഘടിതമായി രംഗത്തിറങ്ങുന്നത്. 1948ൽ വട്ടാണത്രയിൽ വച്ചുനടന്ന കർഷക സംഘം വഴിക്കപ്പാടംവില്ലേജ് സമ്മേളനത്തോടെ ഇവിടെ കർഷക പ്രസ്ഥാനം ബലപ്പെടാൻ തുടങ്ങി. (തെലങ്കാന നഗർ എന്നായിരുന്നു സമ്മേളന നഗരിയുടെ പേര്) ഭൂരിഭാഗം കർഷകരും അന്ന് പാട്ടത്തിന് കൃഷിനടത്തിയവരായിരുന്നു. അന്നത്തെ പാട്ടവ്യവസ്ഥയുടെ നിർദ്ദയത്വം മൂലം ദാരിദ്ര്യം വിട്ടുമാറാത്ത അവസ്ഥയിലായിരുന്നു കർഷകർ. അതിലും ശോചനീയമായിരുന്നു കർഷകതൊഴിലാളികളുടെ അവസ്ഥ.

വഴിക്കപ്പാടം വില്ലേജ് സമ്മേളനത്തോടെ കർഷകരിൽ സമരോത്സുകത വളർന്നു. രശീതി നല്കാത്ത ജന്മിക്ക് ഇനി മേൽ പാട്ടം നൽകേണ്ടതില്ലെന്ന് സമ്മേളനം തീരുമാനിച്ചു. അതിനെ തുടർന്ന് വ്യാപകമായ തോതിൽ കൃഷിഭൂമി ഒഴിപ്പിക്കാൻ ഉള്ള ശ്രമം ഉടമകളുടെ ഭാഗത്തുനിന്നുണ്ടായി. ഇതിനെതിരായി ഈ പ്രദേശത്തെ ജനങ്ങൾ സമരത്തിലേർപ്പെട്ടു. പൂമാല മഠം സുബ്രഹ്മണ്യയ്യരുടെ പച്ചളിപ്പുറം മേപ്പാടത്തുള്ള ഭൂമിയിലേക്ക് കർഷകർ മാർച്ച് ചെയ്തു.

മറ്റൊരു പ്രക്ഷോഭണത്തിന്റെ ഭാഗമായി അറക്കൽ കുഞ്ഞികൃഷ്ണൻ നായരുടെ ഭൂമി ഒഴിപ്പിച്ച് ജന്മി ഇറക്കിയ കൃഷി കർഷകർ ഉഴുതുമറിച്ച് അവിടെ വീണ്ടും കൃഷിയിറക്കി. മലബാറിലേതുപോലെ ജന്മിവ്യവസ്ഥ ഇവിടെ അതിക്രൂരമായിരുന്നില്ല എന്നതിനാലാകാം കർഷകസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇവിടെ ഏറെതീക്ഷ്ണതയില്ലാതെ പോയത്.

ഇവിടത്തെ ജാതിവ്യവസ്ഥ കേരളത്തിന്റെ പൊതു അവസ്ഥ വച്ച് നോക്കുമ്പോൾ അത്ര കടുത്തതായിരുന്നില്ല എങ്കിലും ക്ഷേത്രപ്രവേശന സമരം ഇവിടെയും നടന്നിട്ടുണ്ട്. 1947 – ന് ശേഷവും ഇവിടെ ഹരിജനങ്ങൾക്കും, മറ്റ് പിന്നോക്കസമുദായങ്ങൾക്കും ക്ഷേത്രപ്രവേശനം നിഷിദ്ധമായിരുന്നു. ഈ വ്യവസ്ഥക്കെതിരായി പൂക്കോട് മേടംകുളങ്ങര കേന്ദ്രീകരിച്ച് സമരം നടന്നു. കെ.എൻ. നമ്പൂതിരി, കാളിയൻ കൃഷ്ണനെഴുത്തച്ഛൻ, ടി.എ,വേലായുധൻ, അദ്ദേഹത്തിന്റെ അമ്മ തട്ടാപ്പറമ്പിൽ കാളി, പി.കേശവൻനായർ, കുന്നത്ത് ശങ്കരൻനായർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സമരം നടന്നത്. കേരളത്തിലെ ദേശീയപ്രസ്ഥാനത്തോടും നവോത്ഥാന പ്രസ്ഥാനത്തോടും അനുഭാവമുള്ളവരായിരുന്നു ഈ പ്രദേശത്തെ സവർണ്ണ വിഭാഗത്തിൽപെട്ട ജനങ്ങൾ. അതിനാലാകാം ക്ഷേത്രപ്രവേശന സമരത്തിന് മറ്റു പ്രദേശങ്ങളിൽ നേരിടേണ്ടി വന്നരീതിയിൽ ഉള്ള എതിർപ്പ് ഇവിടെ ഉണ്ടാകാതിരുന്നത്. പാലിയം – കുട്ടംകുളം അയിത്തോച്ചാടന സമരത്തിൽ സി.ഐ. കുമാരൻ മാസ്റ്റർ. ടി.എ,വേലായുധൻ, കാളി, പി.സി.ഗോവിന്ദൻ, K.N.നമ്പൂതിരി, കോമ്പാൻ നാരായണൻ എന്നിവർ പങ്കെടുത്തിരുന്നു. ഇതിൽ ഗോവിന്ദൻ, വേലായുധൻ, കുമാരൻമാസ്റ്റർ, എന്നിവർക്ക് ക്രൂരമായ മർദ്ദനവും അനുഭവിക്കേണ്ടിവന്നു. ഇക്കാലത്ത് പൂക്കോട് പ്രദേശത്ത് SNDPയും K.P.M.Sഉം പ്രവർത്തിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പ്രവർത്തകരായിരുന്ന പി.കെ.കുമാരൻ പി.കെ. ചാത്തൻ മാസ്റ്ററുമായിരുന്നു യഥാക്രമം ഈ സംഘടനകൾക്ക് നേതൃത്വം നൽകിയത്.

1947– ൽ സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷവും വിദ്യാഭ്യാസരംഗത്ത് വലിയമുന്നേറ്റമൊന്നും ഈ പ്രേദേശത്ത് ഉണ്ടായിരുന്നില്ല. 1927 – ൽ ആദ്യത്തെ സ്കൂളായ വെണ്ടൂർ എൽ. പി. സ്കൂൾ സ്ഥാപിച്ചു വെങ്കിലും ഭൂപരിഷ്കരണത്തിനു ശേഷമാണ് സാമാന്യ ജനതക്ക് ഈ രംഗത്തേക്ക് കടന്നുവരാൻ കഴിഞ്ഞത്. ട്രേഡ് യൂണിയൻ കർഷപ്രസ്ഥാനങ്ങൾ ഉണ്ടാക്കിയ സാംസ്കാരികമായ ഉണർവ്വ് 1952 ൽ മണ്ണംപേട്ടയിൽ ഒരു ഗ്രാമീണ വായനശാലക്ക് രൂപം നല്കി. അതേ വർഷം തന്നെ ആമ്പല്ലൂരിൽ A.C.Mലൈബ്രറി സ്ഥാപിതമായി. 1959 ൽ ആണ് വരാക്കര ജയകേരളവായനശാല രജിസ്റ്റർ ചെയ്യുന്നതെങ്കിലും യുവജന സ്പോർട്ട്സ് ക്ലബ്ബായും, ഉദയകാലസമിതിയായും അതിന്റെ പ്രവർത്തനങ്ങൾ നിലവിലുണ്ടായിരുന്നു. ഏതാണ്ടിതേകാലത്തുതന്നെ മഹാത്മാ വായനശാല വട്ടണാത്രയിൽ രൂപംകൊണ്ടു. പൂക്കോട് ആരംഭിച്ച ഐക്യകേരളകലാസമിതി 1975 ന് ശേഷം നിർജ്ജീവമാകുകയായിരുന്നു. ഈ സ്ഥാപനം ഏകദേശം 15 കൊല്ലക്കാലം സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചു. ഈ സ്ഥാപനങ്ങൾ അതാതു പ്രദേശങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ജനങ്ങളുടെ കലാ – സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വളരെയധികം ഉണർവ്വേകി. ഐക്യകേരള കലാസമിതി ജില്ലയിൽതന്നെ പുതിയൊരനുഭവമായിരുന്നു.

1953ൽ ആണ് അളഗപ്പനഗർ പഞ്ചായത്ത് രൂപീകൃതമാകുന്നത്. വരന്തരപ്പിള്ളി പഞ്ചായത്തിൽ നിന്നും ലഭിച്ച 253 രൂപയുടെ മൂലധനവുമായാണ് ഈ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.വി.ലോനപ്പനും, വൈസ് പ്രസിഡന്റ് പി.ഡി. ദേവസ്സിയുമായിരുന്നു. പിന്നീടുള്ള കാലത്ത് പ്രസി

ഡന്റുമാരായി പ്രവർത്തിച്ചത് പി.ഡി. ദേവസ്സി, കെ.എൻ, നമ്പൂതിരി, സി.എ.ജോർജ്ജ്, സി.കെ.കുമാരൻ എന്നിവരായിരുന്നു. സി.കെ.കുമാരൻ, സി.ഐ. വേണുഗോപാലൻ, വി.കെ.സുബ്രമണ്യൻ എന്നിവർ വൈസ് പ്രസിഡന്റുമാരായി പ്രവർത്തിച്ചു. ഇപ്പോഴത്തെ ഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ. സി.കെകുമാരനും, വൈസ്പ്രസിഡന്റ് കെ.ആർ ഗോപിനാഥനുമാണ്.

പഞ്ചായത്ത് രൂപീകരിച്ചതിനുശേഷമുള്ള 43 വർഷത്തെ ചരിത്രം ഏറെ തിളക്കമാർന്നതാണെന്ന് പറയാൻ കഴിയില്ല. എങ്കിലും വിഭിന്നസമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് വർഗ്ഗീയ ശിഥിലീകരണ ശക്തികൾക്ക് വലിയ വേരുകൾ ഇല്ല. അതുകൊണ്ടുതന്നെ മതസാമുദായികതയുടെ പേരിലുള്ള സംഘർഷവും ഈ പ്രദേശത്തുകാർക്ക് അന്യമാണ്. ഈ പ്രദേശത്ത് പുരോഗമന പ്രസ്ഥാനങ്ങൾ നേടിയ മേൽകൈയാണ് ഇതിനു കാരണം.

ഇന്ന് പഞ്ചായത്തിന്റെ തലങ്ങും വിലങ്ങും ഗതാഗതത്തിനാവശ്യമായ രീതിയിൽ റോഡുകളുണ്ട്. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതാണ്.

മെച്ചപ്പെട്ടവിദ്യാഭ്യാസ സൗകര്യങ്ങളും ഇന്ന് നിലവിലുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ത്യാഗരാജർ പോളിടെക്നിക്കും പ്രവർത്തിക്കുന്നു.

വ്യവസായ മേഖലയിൽ ഒരുഡസനിലധികം കളിമൺ വ്യവസായശാലകളും ഇവിടെയുണ്ട്.

# വിദ്യാഭ്യാസം

ആർഷഭാരത സംസ്കാരത്തിൽ വിദ്യാഭ്യാസം മുന്നിട്ടു നിന്നിരുന്നുവെങ്കിലും പ്രാദേശികതലത്തിൽ വേണ്ടത്ര വ്യാപരിക്കാൻ കഴിഞ്ഞിരുന്നില്ല. സമസ്തമേഖലയിലും സമ്പന്നമായ ഭാരതത്തിന്റെ ആകർഷണീയതയിൽ വിദേശീയരുടെ വരവോടുകൂടി സാമൂഹ്യ- സാംസ്കാരിക - വിദ്യാഭ്യാസ മേഖലയിൽ ഒരു വലിയ വ്യതിയാനം വന്നു.

മാറ്റത്തിന്റെ കാറ്റ് ഉൾക്കൊണ്ടു കൊണ്ട് അതുവരെ നിലനിന്നിരുന്ന നിലത്തെഴുത്തിൽ നിന്നും ചെറിയൊരു മോചനത്തിന് 1927ൽ തുടക്കം കുറിച്ചു. വരന്തരപ്പിള്ളി പഞ്ചായത്തിന്റെ ഭാഗമായിരുന്ന ആമ്പല്ലൂർ വില്ലേജിൽ വെണ്ടൂർ ദേശത്ത് മഞ്ഞളി വറീത് അന്തോണി അനുവദിച്ചു തന്ന സ്ഥലത്ത് വെണ്ടൂർ പള്ളിയുടെ ആഭിമുഖ്യത്തിൽ 1927ൽ ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു. പ്രഥമ പ്രധാനാദ്ധ്യാപകൻ എം.കെ. ഔസേപ്പുമാസ്റ്ററും, മാനേജർ മഞ്ഞളി ലോനപ്പൻ കുഞ്ഞിപ്പാവും ആയിരുന്നു. പിന്നീട് സ്കൂൾ പള്ളിവക സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് എൽ.പി.സ്കൂൾ എന്നാണ് ഇതിന്റെ പേര്. തുടർ പഠനത്തിന് പുതുക്കാടും ഒല്ലൂരും പോകേണ്ട സ്ഥിതിയാണ് അന്ന് ഉണ്ടായിരുന്നത്. 1953ൽ രൂപീകൃതമായ അളഗപ്പനഗർ പഞ്ചായത്തിലെ പ്രഥമവിദ്യാലയമാണ് ഈ സ്ഥാപനം. 1992 ൽ ചേർപ്പ് സബ്ജില്ലയിലെ ഏറ്റവും നല്ല ലോവർ പ്രൈമറി സ്കൂളിനുള്ള ട്രോഫിയും 1993ൽ തൃശൂർ റവന്യൂ ജില്ലയിലെ ഏറ്റവും നല്ല പി.റ്റി.എ.ക്കുള്ള സമ്മാനവും ഈ വിദ്യാലയത്തിനു ലഭിച്ചു. 1994ൽ ഈ സ്കൂളിലെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ. കെ.പി. ദേവസ്സി മാസ്റ്റർക്ക് അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡു ലഭിക്കുകയുണ്ടായി. അപ്രകാരം സബ്ബ് ജില്ലയിലും റവന്യൂ ജില്ലയിലും സംസ്ഥാനത്തും നല്ല നിലയിൽ അറിയപ്പെടുന്ന ഒരു വിദ്യാലയമാണിത്.

കൊച്ചിൻ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഡോ.മത്തായി വരന്തരപ്പിള്ളി സ്കൂൾ പരിശോധനക്ക് പോയി വരും വഴി മണ്ണംപേട്ട പള്ളിയോടനുബന്ധിച്ച് കുട്ടികളെ നിലത്തെഴുത്തു പഠിപ്പിക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ ശുപാർശപ്രകാരം അപേക്ഷകൊടുത്ത് 1933ൽ സ്ഥാപിതമായ വിദ്യാവിനോദിനി വിദ്യാലയം ഇന്ന് മാതാ ഹൈസ്കൂളായി ഈ ഭാഗത്ത് തിലകക്കുറിയണിഞ്ഞ് പ്രശോഭിച്ച് തലയെടുപ്പോടെ ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമായി നിലകൊള്ളുന്നു.

1951ൽ മണ്ണംപേട്ട സ്കൂളിന്റെ ശാഖയായി പൂക്കോട് ഒരു പ്രൈമറിസ്കൂൾ തുടങ്ങിയെങ്കിലും അന്നത്തെ തിരു - കൊച്ചി രാജപ്രമുഖൻ അംഗീകാരം നൽകാത്തതുമൂലം അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ.ഐ. എൻ മേനോന്റെ നിർദ്ദേശപ്രകാരം മണ്ണംപേട്ട സ്കൂളിന്റെ അനുവാദത്തോടുകൂടി വില്ലേജ് കോർട്ട് ജഡ്ജിയായിരുന്ന ചുള്ളിക്കാടൻ ഇക്കോരൻ അപേക്ഷനൽകിയതിന്റെ അടിസ്ഥാനത്തിൽ പൂക്കോട് നിവാസികളുടെ വിദ്യാലയമായി അടയ്ക്ക പന്തലിൽ ആരംഭിച്ചു. ഇന്ന് എസ്. എൻ. യു. പി. സ്കൂളായി നിലക്കൊള്ളുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ അളഗപ്പടെക്സ്റ്റൈൽ മില്ലിലെ തൊഴിലാളികളുടെ മക്കളുടെ പഠനത്തിനുവേണ്ടി മില്ലുടമയായ ഡോ.അളഗപ്പചെട്ടിയാർ ഒരു പ്രൈമറിസ്കൂൾ അളഗപ്പനഗറിൽ ആരംഭിച്ചു. തുടർന്ന് യു.പിയായും ഹൈസ്ക്കൂളായും ഉയർത്തി. 1990 - 91ൽ ഇത് അളഗപ്പനഗർ പഞ്ചായത്ത് ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. ഭൗതികസാഹചര്യങ്ങൾ വളരെ പ്രതികൂലമായിരുന്നിട്ടും മെച്ചപ്പെട്ട നിലയിൽ തന്നെ ഈ വിദ്യാലയം പ്രവർത്തിക്കുന്നു. 1956ൽ അളഗപ്പ ചെട്ടിയാർ ത്യാഗരാജാർ പോളിടെക്നിക്ക് എന്ന വിദ്യാഭ്യാസസ്ഥാപനവും സ്ഥാപിച്ചു. ഇന്നിതിന്റെ മാനേജുമെന്റ് സോഷ്യൽ വെൽഫെയർ സൊസൈറ്റിയാണ്.

ഇപ്പോൾ പഞ്ചായത്തിൽ നാലു ലോവർ പ്രൈമറി സ്കൂളുകളും രണ്ട് അപ്പർപ്രൈമറി സ്കൂളുകളും രണ്ട് ഹൈസ്കൂളുകളും അടക്കം എട്ടു സ്കൂളുകളുണ്ട്. അവയുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

## വിദ്യാലയ വിവരങ്ങൾ

| നമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജുമെന്റ് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 1. | വി.എൽ.പി.സ്കൂൾ ആമ്പല്ലൂർ ബ്രാഞ്ച് | സ്റാഫ് മാനേജ്മെന്റ് | 97 | 4 |
| 2. | ത്യാഗരാജാർ എൽ.പി.സ്കൂൾ അളഗപ്പനഗർ | പഞ്ചായത്ത് | 145 | 4 |
| 3. | സെന്റ് ഫ്രാൻസിസ് എൽ.പി.സ്കൂൾ വെണ്ടൂർ | കോർപ്പറേറ്റ് | 425 | 12 |
| 4. | സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ വരാക്കര | കോർപ്പറേറ്റ് | 147 | 4 |
| 5. | എ. യു.പി. സ്കൂൾ വെണ്ടോർ | കോർപ്പറേറ്റ് | 311 | 12 |
| 6. | എസ്.എൻ. യു.പി. സ്കൂൾ പൂക്കോട് | കമ്മറ്റി മാനേജ്മെന്റ് | 399 | 17 |
| 7. | അളഗപ്പനഗർ പഞ്ചായത്ത് ഹൈസ്കൂൾ ആമ്പല്ലൂർ | പഞ്ചായത്ത് | 512 | 17 |
| 8. | മാതാഹൈസ്കൂൾ മണ്ണംപേട്ട | കോർപ്പറേറ്റ് | 1000 | 50 |

## വിദ്യാലയസൗകര്യങ്ങൾ

<table>
<tr><th>പേര്</th><th>വിസ്തീർണ്ണം</th><th>ഓഫീസ് മുറി</th><th>സ്റ്റാഫ് മുറി</th><th>ലബോറട്ടറി</th><th>ലൈബ്രറി</th><th>മൂത്രപ്പുര</th><th>കക്കൂസ്</th><th>പാചകമുറി</th><th>വൈദ്യുതി</th><th>കളിസ്ഥലം</th><th>കിണർ</th></tr>
<tr><td>1. വി.എൽ.പി.എസ്. ആമ്പല്ലൂർ</td><td>50 സെന്റ്</td><td>ഇല്ല</td><td>ഇല്ല</td><td rowspan="8">ഇല്ല</td><td>ഇല്ല</td><td rowspan="8">ഉണ്ട്</td><td rowspan="8">ഉണ്ട്</td><td>ഇല്ല</td><td>ഇല്ല</td><td>ഉണ്ട്</td><td>ഇല്ല</td></tr>
<tr><td>2. ടി എൻ.പി. എസ്. അളഗപ്പനഗർ</td><td>2.28 ഏക്ര</td><td>ഉണ്ട്</td><td>ഇല്ല</td><td>ഇല്ല</td><td rowspan="7">ഉണ്ട്</td><td rowspan="7">ഉണ്ട്</td><td>ഇല്ല</td><td rowspan="7">ഉണ്ട്</td></tr>
<tr><td>3 സെന്റ് എഫ്.എക്സ്. എൽ.പി.എസ്. വെണ്ടൂർ</td><td>50സെ.</td><td>ഉണ്ട്</td><td>ഇല്ല</td><td>ഇല്ല</td><td rowspan="6">ഉണ്ട്</td></tr>
<tr><td>4. സെന്റ് ആന്റണീസ് എൽ.പി.എസ്. വരാക്കര</td><td>48സെ.</td><td>ഇല്ല</td><td>ഉണ്ട്</td><td>ഇല്ല</td></tr>
<tr><td>5. എ.യു.പി.എസ് വെണ്ടൂർ</td><td>1.50ഏക്ര.</td><td>ഉണ്ട്</td><td>ഉണ്ട്</td><td>ഉണ്ട്</td></tr>
<tr><td>6. എസ്. എൻ.യു.പി. എസ്. പൂക്കോട്</td><td>1 ഏ.</td><td>ഉണ്ട്</td><td>ഇല്ല</td><td>ഉണ്ട്.</td></tr>
<tr><td>7. എ.പി.എച്ച്. എസ്സ്. അളഗപ്പനഗർ</td><td>2.28ഏക്ര.</td><td>ഉണ്ട്</td><td>ഉണ്ട്</td><td>ഉണ്ട്.</td></tr>
<tr><td>8. എം.എച്ച്. എസ്സ്. മണ്ണംപേട്ട</td><td></td><td>ഉണ്ട്</td><td>ഉണ്ട്</td><td>ഉണ്ട്.</td></tr>
</table>

സ്വാതന്ത്ര്യ സമ്പാദനത്തിനു മുൻപു തന്നെ നിലവിൽ വന്നു കഴിഞ്ഞിരുന്ന വിദ്യാലയങ്ങളാണ് വെണ്ടൂർ ലോവർ പ്രൈമറി സ്കൂൾ, അപ്പർപ്രൈമറി സ്കൂൾ, മണ്ണംപേട്ട ലോവർപ്രൈമറി സ്കൂൾ എന്നിവ. പിന്നീടുണ്ടായ വിദ്യാലയങ്ങളാണ് വരാക്കര എൽ. പി.എസ്, പൂക്കോട് എസ്. എൻ .യു .പി. എസ്, മണ്ണംപേട്ട മാത എച്ച്. എസ്, അളഗപ്പനഗർ പഞ്ചായത്ത് എച്ച്.എസ്. ആമ്പല്ലൂർ വി.എൽ.പി.എസ് മുതലായവ. അതുപോലെ തന്നെ പിന്നീടുണ്ടായ പുരോഗതിയാണ് ത്യാഗരാജാർ പോളിടെക്ക്നിക്ക്. പോളിടെക്നിക്കിനോടനുബന്ധിച്ച് തൊഴിൽ പരിശീലനത്തിനു വേണ്ടി കമ്മ്യൂണിറ്റി പോളിടെക്നിക്ക് പ്രവർത്തിക്കുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും കലാലയ വിദ്യാഭ്യാസത്തിനും ഉള്ള പരിമിതി ഇപ്പോഴും പരിഹൃതമായിട്ടില്ല.

അനൗപചാരിക മേഖലയിൽ മൂന്നു പാരലൽ കോളേജുകളും നാലു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂളും നിലവിലുണ്ട്. കലാലയ വിദ്യാഭ്യാസത്തിന് ഒരു പരിധിവരെ അനൗപചാരിക മേഖലയിലെ പാരലൽ കോളേജ് ഉപകരിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി ത്യാഗരാജാർ പോളിടെക്നിക്ക്. ന്യൂകീറ്റ്സ് പാരലൽ കോളേജിലെ കമ്പ്യൂട്ടർ സെന്റർ എന്നിവ മാത്രമാണ് ആശ്രയം.

പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു. സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ ഇവിടെ നിന്ന് 10 ശതമാനത്തോളം വിദ്യാർത്ഥികൾ സീറ്റുകിട്ടാത്തതുമൂലവും കൂടുതൽ പഠനസൗകര്യത്തിനു വേണ്ടിയും പോകുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ 15 ശതമാനത്തോളം കുട്ടികൾ ഇംഗ്ലീഷ് മീഡിയഭ്രമം മൂലം പുറത്തേക്കു പോകുന്നതായി കാണുന്നു.

കഴിഞ്ഞ അഞ്ചു വർഷമായി മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞു വരുന്നതായി കാണാം. ഇത് ഏകദേശം രണ്ടു ശതമാനത്തോളം വരും. ജനനനിരക്കിലുള്ള കുറവ്, അടുത്ത പഞ്ചായത്തിൽ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം. ഇംഗ്ലീഷ് മീഡിയഭ്രമം ഇവയൊക്കെ ഇതിനു കാരണങ്ങളാകുന്നു. കുട്ടികൾ ഏറ്റവും കുറഞ്ഞ വിദ്യാലയം ആമ്പല്ലൂർ വി.എൽ. പി. എസ് ആണ്. നിലവിലുള്ള വിദ്യാലയങ്ങളുടെ ദൂരപരിധി താഴെകൊടുക്കുന്നു.

### സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

| തരം | ശരാശരിദൂരം കി.മീ | പരമാവധി ദൂരം കി.മീ |
|---|---|---|
| ലോവർ പ്രൈമറി സ്കൂൾ | 1.5 | 2.3 |
| അപ്പർ പ്രൈമറി സ്കൂൾ | 2.4 | 3.3 |
| ഹൈസ്കൂൾ | 3.2 | 3.8 |

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നാണ്. അദ്ധ്യാപകരിൽ നല്ലൊരുഭാഗം വേണ്ടത്ര ഇൻസർവ്വീസ് കോഴ്സിന് വിധേയരായിട്ടില്ല. ആറു വിദ്യാലയങ്ങൾക്ക് വൈദ്യുതി കണക്ഷനുണ്ട്. ഭൂരിപക്ഷം സ്കൂളുകളിലും സ്റ്റാഫ്റൂം ഇല്ല. എല്ലാ സ്കൂളുകളിലും മൂത്രപ്പുരയും കക്കൂസും കളിസ്ഥലവും ഉണ്ട്. ഒരു സ്കൂളിൽ ഒഴികെ മറ്റെല്ലായിടത്തും പാചകമുറിയുണ്ട്. കുടിവെള്ളത്തിന് എല്ലായിടത്തും സൗകര്യമുണ്ട്. എന്നാൽ പ്രാദേശികമായ ജലക്ഷാമം വിദ്യാലയങ്ങളേയും ബാധിക്കാറുണ്ട്. ദൃശ്യശ്രവ്യ ഉപകരണങ്ങൾ മിക്ക വിദ്യാലയങ്ങളിലും ലഭ്യമായിട്ടില്ല. ഇരുപതു ശതമാനത്തിലും അധികം വിദ്യാർത്ഥികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. അളഗപ്പനഗർ പഞ്ചായത്തിലെ ഹൈസ്കൂളുടെ എസ്. എസ്. എൽ. സി. വിജയ ശതമാനം ചുവടെ ചേർക്കുന്നു.

### എസ്.എസ്.എൽ.സി. വിജയശതമാനം
### അളഗപ്പനഗർ പഞ്ചായത്തുഹൈസ്കൂൾ

| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 1991 – 92 | 60 | 42 | 70 |
| 1992 – 93 | 83 | 51 | 61.4 |
| 1993 – 94 | 124 | 79 | 62.7 |
| 1994 – 95 | 115 | 59 | 51.3 |
| 1995 – 96 | 106 | 59 | 55.6 |

മണ്ണാംപേട്ട മാതാ ഹൈസ്കൂളിലെ

S.S.L.C.വിജയശതമാനം

| വർഷം | പരീക്ഷക്കിരുന്ന കുട്ടികൾ | വിജയശതമാനം |
|---|---|---|
| 1992 – 93 | 214 | 96.2 |
| 93 – 94 | 190 | 95.7 |
| 94 – 95 | 189 | 93.6 |
| 95 – 96 | 197 | 88.3 |

എല്ലാവിദ്യാലയങ്ങളിലും പി.റ്റി.എ. ഉണ്ടെങ്കിലും വേണ്ടത്ര അവസരവും സ്വാതന്ത്ര്യവും ഇല്ലാത്തതിന്റെ പോരായ്മ വലുതാണ്. എന്നാൽ പി.റ്റി.എ.യുടെ സഹായം സ്കൂൾ നടത്തിപ്പിന് വളരെ ഗുണപ്രദമാണ്. മാതൃസംഗമം നാമമാത്രമായി പ്രവർത്തനരംഗത്തുണ്ട്. പി.റ്റി.എ. പൊതുവെ നിർമ്മാണപ്രവർത്തന രംഗത്ത് സജീവമാണ്. വെണ്ടോർ എൽ.പി, യു.പി. സ്കൂളുകളിൽ ഏകദേശം അമ്പതിനായിരത്തോളം രൂപ ചിലവഴിച്ച് ഒരേസമയം 50 കുട്ടികൾക്കുപയോഗിക്കാവുന്ന മൂത്രപ്പുരയും 4 കുട്ടികൾക്കുപയോഗിക്കാവുന്ന കക്കൂസും പണിതീർത്തിട്ടുണ്ട്. കൂടാതെ വാട്ടർടാങ്ക്, പൈപ്പ്, ടാപ്പ് തുടങ്ങിയവയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്. മൂന്നാം ക്ലാസ്സിലേക്കുള്ള വിദ്യാർത്ഥികളുടെ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള ഡസ്ക് നിർമ്മാണം എന്നിവ നടന്നു വരുന്നു. അളഗപ്പനഗർ പഞ്ചായത്ത് ഹൈസ്ക്കൂളിലും ചില നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

പാഠ്യപദ്ധതിയിൽ കാലാനുസൃതമായ വ്യതിയാനങ്ങൾ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. സാഹിത്യസമാജം, കലാ – കായികമത്സരങ്ങൾ എന്നിവ നടത്തുന്നതിന് എല്ലാ വിദ്യാലയങ്ങളിലും സൗകര്യം ഉണ്ടാക്കണം. പൂന്തോട്ടം, പച്ചക്കറിതോട്ടം, പഠനോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ഫലപ്രദമായി എല്ലാസ്കൂളിലും നടപ്പിലാക്കണം. കൂടാതെ പഠനയാത്രകൾ, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ നടത്തി ഉല്ലസിക്കാനും രസിക്കാനും ഉള്ള അവസരം ഉണ്ടാക്കിക്കൊടുത്ത് ബുദ്ധിവികാസത്തിന് വേദിയൊരുക്കുക. സമാന്തര വിദ്യാലയങ്ങൾ ഇത്തരം പരിപാടികൾ കാര്യക്ഷമമായിനടത്താറില്ല. പഞ്ചായത്തിൽ 6 പ്രീപ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല.

2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാദ്ധ്യതനിലനിൽക്കുന്നു.

3. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കു പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

4. സ്കൂൾ വിദ്യാർത്ഥികളുടെ നിരക്ഷരത ഗണ്യമായ തോതിൽ നിലനിൽക്കുന്നു

5. കാവല്ലൂർ, പിച്ചാംപിള്ളി, പച്ചളിപ്പുറം തുടങ്ങിയ ഭാഗത്തുള്ള കുട്ടികൾ മറ്റു പഞ്ചായത്തുകളിലേക്ക് വിദ്യാഭ്യാസത്തിനു പോകേണ്ടിവരുന്നു.

6. ശിശു വിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

7. അംഗനവാടികൾ ഒന്നും തന്നെയില്ല.

8. അനൗപചാരിക വിദ്യാഭ്യാസത്തിനു വേണ്ടി ഒന്നും തന്നെ നടപ്പായിട്ടില്ല.

9. കലാ – കായിക വിദ്യാഭ്യാസസ്ഥാപനത്തിൽ ഇലക്ട്രിക്ക്, മെക്കാനിക്ക്, സിവിൽ, എന്നീ മൂന്നു കോഴ്സുകൾ മാത്രമാണുള്ളത്, അതു തീരെ അപര്യപ്തമാണ്.

11. ഹൈസ്കൂളുകളിൽ പോലും ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഇല്ല.

12. ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരില്ല.

## പരിഹാരമാർഗ്ഗങ്ങൾ

a ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തരംതിരിച്ച് ശുചിത്വമുള്ള കക്കൂസ് മൂത്രപ്പുര എന്നിവ നിർമ്മിക്കുക ജലക്ഷാമം നേരിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക, പഠനസൗകര്യങ്ങൾക്കായി ആവശ്യമുള്ളത്ര ബഞ്ചും ഡസ്ക്കും നിർമ്മിക്കുക, ലബോറട്ടറി ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്കൂൾ സൊസൈറ്റിവഴി പഠനോപകരണങ്ങൾ നൽകാൻ ഏർപ്പാടുണ്ടാക്കുക, കലാ – കായിക രംഗത്തുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ ശേഖരിക്കുക, ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ ലഭ്യമാക്കുക എന്നിവ ചെയ്യണം.

b. അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം 1 : 30 ആക്കുക.

c. ഓൾപ്രമോഷനും നിർബന്ധവിജയശതമാനവും നിർത്തലാക്കുക.

d. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് എല്ലാവാർഡുകളിലും ബാലവാടികൾ നിർബന്ധമാക്കുക.

e. കൊടകര ബ്ലോക്കിലെ അംഗനവാടികളുടെ ലിസ്റ്റിൽ ഈ പഞ്ചായത്തും ഉൾപ്പെടുത്തുക.

f. സാക്ഷരത പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടത്തിലുണ്ടായിരുന്ന അർപ്പണബോധത്തോടുകൂടിയ സാക്ഷരതാ പ്രവർത്തനം തുടർന്നു നടപ്പിലാക്കുക.

g. കലാ - കായിക രംഗം മെച്ചപ്പെടുത്തുന്നതിന് അഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനം നൽകുക.

h. ത്യാഗരാജാർ പോളിടെക്നിക്കിൽ ഇലക്ട്രോണിക്ക് , കമ്പ്യൂട്ടർ, ടെക്സ്റ്റൈൽസ് ടെക്നോളജി, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ തൊഴിൽ സാദ്ധ്യതയുള്ള ഡിപ്ലോമ കോഴ്സുകൾ തുടങ്ങണം.

i. ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക.

j. പി.റ്റി.എ. ക്ക് പഠനനിലവാരം പരിശോധിക്കുവാനുള്ള അധികാരം നല്കുക. കൂടാതെ പഞ്ചായത്തു പ്രസിഡണ്ടോ വാർഡുമെമ്പറോ ഇടയ്ക്കിടെ സ്കൂൾ സന്ദർശിക്കുന്നതും നന്നായിരിക്കും.

k. പ്രൈമറിതലത്തിൽ അക്ഷരവും അക്കവും ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

l. പഞ്ചായത്തിന് സമഗ്രമായ ഒരു വിദ്യാഭ്യാസനയം രൂപീകരിക്കുക.

m. അദ്ധ്യാപക പരിശീലനത്തിന് ഗുണനിലവാരം ഉയർത്തുകയും പഴഞ്ചൻ ബോധനരീതിപരിഷ്കരിക്കുകയും ചെയ്യുക.

n. പരീക്ഷാസമ്പ്രദായം പരിഷ്കരിച്ച് മൂല്യനിർണ്ണയം നടത്താൻ സ്കൂൾ വിദ്യാഭ്യാസ സമിതിക്ക് അധികാരം നൽകുക.

o. പാഠപുസ്തകങ്ങൾ അദ്ധ്യായനവർഷാരംഭത്തിൽ തന്നെലഭ്യാമാക്കാനും പുസ്തക വിതരണം പി.റ്റി.എ.യെ ഏല്പിക്കാനും ഏർപ്പാടുണ്ടാക്കുക.

p. പ്രൈമറി സ്കൂളിൽ ഒരു പ്യൂണിനെനിയമിക്കാനും പ്രധാനദ്ധ്യപകനെ ക്ലാസ്സ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതിനും സെൽഫ് ഡ്രോയിങ്ങ് ഓഫീസർമാരാക്കുന്നതിനും വേണ്ടതായ നിയമനിർമ്മാണം നടത്തുക.

q. പ്രൈമറി തലത്തിൽ മാതൃഭാഷ തന്നെ നിർബന്ധമായും പഠനമാദ്ധ്യമമാക്കണം. ഈ പ്രായത്തിൽ ഇംഗ്ലീഷ് മീഡിയപഠനം ഒഴിവാക്കുകയും രക്ഷിതാക്കളിൽ അവബോധം വരുത്തുകയും ചെയ്യുക.

r. കാർഷികാഭിരുചി കുട്ടികളിൽ ഉളവാക്കുന്നതിന് എല്ലാ സ്കൂളികളിലും കൃഷിതോട്ടങ്ങൾ ഉണ്ടാക്കുന്നതിന് പ്രോത്സാഹനം നൽകുക.

s. ഗാന്ധിജയന്തി വാരത്തിൽ കുട്ടികളിൽ സാമൂഹ്യസേവനസന്നദ്ധത ഉണ്ടാക്കുന്നതിന് സേവനവാരാഘോഷം കാര്യക്ഷമാക്കുക.

t. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് സ്പെഷൽ കോച്ചിങ്ങ് നൽകുക.

u. പഞ്ചായത്ത് തലത്തിൽ നല്ല സ്കൂൾ, പി.റ്റി.എ. , മാതൃസംഗമം എന്നിവയ്ക്ക് പ്രോത്സാഹനസമ്മാനം നൽകുക.

v. സ്കൗട്ട് ,ഗൈഡ് സ്കൂൾ തലത്തിൽ സാർവത്രികമാക്കുക.

w. ദേശീയ മത്സരപരീക്ഷകൾ മാതൃഭാഷയിൽ എഴുതാനുള്ള അവസരം ഉണ്ടാക്കുക.

x. സ്കൂൾ തലത്തിൽ രാവിലത്തെ അസംബ്ലി നിർബന്ധമാക്കുക.

y. പത്താം തരം പരീക്ഷയുടെ വിജയം ഗ്രേഡ് അടിസ്ഥാനത്തിൽ നിജപ്പെടുത്തുക.

z. വിദ്യാർത്ഥികളുടെ പ്രവേശനം പ്രാദേശിക വിദ്യാലയങ്ങളിൽ തന്നെ നടത്തണം. ഫീഡിങ്ങ് സ്കൂളുകളിൽ നിന്നു വരുന്ന കുട്ടികളെ അതതു യ.പി.യിലും ഹൈസ്കൂളിലും തന്നെ ചേർക്കണം.

* ചെറിയൊരു സാങ്കേതിക പ്രശ്നത്തിന്റെ പേരിൽ അനുമതി നിഷേധിച്ച പഞ്ചായത്ത് ഹൈസ്കൂളിന്റെ രണ്ടു ക്ലാസുമുറികൾക്ക് അനുമതി കിട്ടുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കുക.

പഞ്ചവത്സരപദ്ധതിയിൽ മുൻഗണനാക്രമത്തിൽ പെടുത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ :

1. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലും വി.എച്ച്.എസ്. ഇ. കോഴ്സുകൾ അടുത്ത അദ്ധ്യായനവർഷം മുതൽ തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക. അങ്ങിനെ നമ്മുടെ പഞ്ചാത്തിൽ ഹയർസെക്കണ്ടറിക്ക് തുടക്കം കുറിക്കാം.

2. ഒരു ഐ.ടി.ഐ. പഞ്ചായത്ത് അതിർത്തിയിൽ ആരംഭിക്കുന്നതിന് വേണ്ടതു ചെയ്യുക.

3. വെണ്ടൂർ എൽ.പി സ്ക്കൂളിന്റെ ബ്രാഞ്ച് സ്ക്കൂളായ വട്ടണാത്ര എൽ.പി.സ്ക്കൂളും വരാക്കര എൽ.പി.സ്ക്കൂളും യു.പി.സ്ക്കൂളായി ഉയർത്തുക.

4. വരാക്കര എൽ.പി. സ്ക്കൂൾ വരന്തരപ്പിള്ളിയിൽ നിന്നും വിഭജിച്ച് വരാക്കര പള്ളിയുടെ മാനേജ്മെന്റിലാക്കി യു.പി. സ്ക്കൂളായി ഉയർത്തുക.

5. പച്ചളിപ്പുറം, പീച്ചാപ്പിള്ളി, പയ്യാക്കര എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക.

പതിനൊന്നു വാർഡുകളിലായി 18.7 കി.മീ. ചുറ്റളവിൽ വ്യാപിച്ചുകിടക്കുന്ന ഈ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 3500 വിദ്യാർത്ഥികൾ വിദ്യാഭ്യാസം നേടുന്നുണ്ട്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും.ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നീരുറവകളെക്കൊണ്ടും പരമ്പരാഗത ജലസ്രോതസ്സുകളെകൊണ്ടും സമ്പന്നമായ കേരളത്തിൽ 1980 കൾമുതൽ വരൾച്ചയും കുടിവെള്ളക്ഷാമവും ഒരു സ്ഥിരം പ്രതിഭാസമാണ്. നമ്മുടെ പഞ്ചായത്തിലെ 70 % ജനങ്ങളും കിണറുകളെയാണ് കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്നത്. എന്നാൽ ലഭ്യമായ കിണറുകളിലും കുളങ്ങളിലും നല്ലൊരു ശതമാനം നികത്തപ്പെടുകയോ മലിന വസ്തുക്കളുടെ കൂമ്പാരശേഖരണമാകുകയോ ചെയ്തിരിക്കയാണ്. നമ്മുടെ പഞ്ചായത്തിൽ 33 പൊതുകിണറുകൾ ഉണ്ട്. 27 പൊതുകുളങ്ങളും 5 പൊതു കുഴൽക്കിണറുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 166 പൊതു ടാപ്പുകൾ ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൈപ്പ് വെള്ളത്തിന്റെ കണക്ഷൻ കൊടുത്തിട്ടുള്ള വീടുകളുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ 80 ശതമാനം വീടുകളിലും സ്വന്തമായി കിണറുകൾ ഉണ്ട്. ഇതിൽ ജലശേഖരണശേഷി നഷ്ടപ്പെട്ടവയും ഉപയോഗശൂന്യമായവയും ധാരാളമുണ്ട്. വ്യക്തിഗതമായ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നവരുടെ എണ്ണം പഞ്ചായത്തിൽ സമീപകാലത്തായി കൂടിവരികയാണ്.

വാട്ടർ അതോറിറ്റിയുടെ 3 പമ്പിങ് സ്റ്റേഷനുകൾ വഴിയാണ് പൈപ്പുവെള്ളം ലഭ്യമാക്കുന്നത്.

1. കുറുമാലി പുഴ പമ്പിങ് ഹൗസ്: കുറുമാലി പുഴയിൽനിന്നും പുതുക്കാട് ചന്തക്കുന്നിനും മുകളിലുള്ള വാട്ടർ ടാങ്കിലേക്ക് ശേഖരിച്ച് അവിടെനിന്ന് അളഗപ്പനഗർ പുതുക്കാട് പഞ്ചായത്തുകളിലേക്ക് ജലവിതരണം നടത്തുന്നു. ഈ വെള്ളം ശുദ്ധീകരണം നടത്താതെയാണ് വിതരണം ചെയ്യപ്പെടുന്നത്.

2. മണ്ണംപേട്ട വലിയ കുളത്തിൽനിന്നും വെള്ളം പമ്പു ചെയ്ത് ജലവിതരണം നടത്തുന്നു.

3. വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം പമ്പിങ് സ്റ്റേഷനിൽ നിന്നും പമ്പ് ചെയ്ത് അളഗപ്പനഗർ പഞ്ചായത്തിന്റെ ചുരുക്കം ചില പ്രദേശങ്ങളിലേക്കു മാത്രം പൈപ്പുവെള്ളം വിതരണം ചെയ്യുന്നു. എന്നാൽ 3 പദ്ധതികൾ നിലവിലുണ്ടെങ്കിലും 166 പൊതു ടാപ്പുകളിലൂടെയും വ്യക്തിഗത കണക്ഷനുകളിലൂടെയും ആവശ്യമായ ജലവിതരണം നടക്കാറില്ല. ജലദൗർല്ലഭ്യം രൂക്ഷമായ വേനൽക്കാലത്താകട്ടെ ഈ സംവിധാനങ്ങളുടെ കാര്യക്ഷമത 40 ശതമാനം ആയി കുറയുകയാണ് പതിവ്. പൈപ്പ് കണക്ഷനുകളിൽ കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ കുടിവെള്ളം ദുർവ്യയമായി പോകാറുണ്ട്. പലയിടങ്ങളിലും കേടുവന്ന ടാപ്പുകൾ പുനസ്ഥാപിക്കുന്നതിനു പകരം ജലവിതരണം നിർത്തലാക്കുന്ന സമ്പ്രദായം കണ്ടുവരാറുണ്ട്. പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കു മാത്രമായി ഒരു മെയിന്റനൻസ് ജീവനക്കാരൻ ഇല്ലാത്തതിനാൽ കേടുപാടുകൾ തീർക്കാൻ ഏറെ പ്രയാസം നേരിടുന്നു. അതോടൊപ്പം വോൾട്ടേജ് ക്ഷാമവും കറന്റ് കട്ടും മൂലം പമ്പിങ് നിർത്തിവെക്കേണ്ടതായും വരാറുണ്ട്. മോട്ടോറുകൾ കേടുവന്നാൽ നന്നാക്കുന്നതിനു വരുന്ന കാലതാമസം ജലവിതരണത്തെ ബാധിക്കാറുണ്ട്. പുതിയതായി പൈപ്പ് വെള്ള കണക്ഷനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കാനും കഴിയുന്നില്ല. പക്ഷെ വെള്ളത്തിന്റെ മലിനീകരണം വളരെ ഗൗരവമായ ഒന്നാണ്.

പഞ്ചായത്തിന്റെ 11 വാർഡുകളിലും ഏറിയും കുറഞ്ഞും കുടിവെള്ളപ്രശ്നം നിലനിൽക്കുന്നുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും വിപുലീകരണവും ലക്ഷ്യമാക്കുന്ന ഒരു ദീർഘകാല പരിപാടിയും അടിയന്തിര പ്രധാന്യം നൽകി നടപ്പാക്കേണ്ട ഒരു ഹ്രസ്വകാല പദ്ധ

തിയും നടപ്പിലാക്കിക്കൊണ്ട് ഈ പഞ്ചായത്തിന്റെ ഏറ്റവും യാതനയാർന്ന പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്.

## സാധ്യതകൾ / നിർദ്ദേശങ്ങൾ

* മണലി പുഴയിൽ ഒരു പമ്പിംഗ്സ്റ്റേഷൻ സ്ഥാപിച്ചു കൊണ്ട് അവിടെനിന്ന് പഞ്ചായത്താഫീസിനു പുറകിലുള്ള കുന്നിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് വെള്ളം വിതരണം ചെയ്യാവുന്നതാണ്. ഇത് നടപ്പിലാക്കിയാൽ പഞ്ചായത്തിലെ 1, 4, 5, 6, 7, 10 വാർഡുകളിലേക്ക് ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കാനാകും.

* കുറുമാലി പുഴയിൽ നിലവിലുള്ള പംമ്പിംഗ് സ്റ്റേഷനിൽ നിന്നും സ്പെഷൽ പൈപ്പ്ലൈൻ പഞ്ചായത്തിലെ 1, 5, 6, 7, 10 വാർഡുകളിൽ സ്ഥാപിച്ചുകഴിഞ്ഞു. അതിൽനിന്നുള്ള വെള്ളം പഞ്ചായത്താഫീസിന്റെ സമീപത്തുള്ള കുന്നിൻ പ്രദേശത്ത് ടാങ്ക് കെട്ടി സംഭരിച്ച് വിതരണം ചെയ്യാവുന്നതാണ്. ഏറെ സാമ്പത്തിക ബാധ്യതയില്ലാതെ ഒരു സംരംഭമാണ് ഇത്.

* പൂക്കോട് ഉള്ള പാല്ക്കായി കുളം താഴ്ത്തി അവിടെ ഒരു കിണർ കുഴിച്ച് പാലക്കുന്ന് പണിതീർത്തിട്ടുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്താൽ 8, 11 വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനാകും.

* കാളക്കല്ല് ചിക്കിനിയിലുള്ള ടാങ്കിലേക്കുള്ള ഇപ്പോഴത്തെ കണക്ഷൻ നിരവധി പോരായ്മകൾ ഉള്ളതാണ്. ഈ കണക്ഷൻ പ്രധാന ഡിസ്ട്രിബ്യൂഷൻ ലൈനിലാക്കി പമ്പിങ്ങ് നടത്തുകയാണെങ്കിൽ 2, 3, 9 വാർഡുകളിലെ പ്രശ്നങ്ങളുടെ രൂക്ഷത കുറക്കാനാകും.

* പച്ചളിപ്പുറത്തെ അയ്യംകുളം നന്നാക്കിയെടുത്ത് അയ്യപ്പൻകുന്നിൽ ഒരു ടാങ്ക് നിർമ്മിച്ച് പമ്പിങ്ങ് നടത്തിയാൽ ഈ പ്രദേശത്തെ കുടിവെള്ളത്തിന് ആശ്വാസം കണ്ടെത്താനാകും.

* താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി പൈപ്പ്ലൈൻ സ്ഥാപിക്കാൻ മുൻകൈയെടുക്കണം.

1. ഒന്നാം വാർഡിലെ കനാൽ സ്റ്റോപ്പിൽനിന്നും കാഞ്ഞൂർ ചുങ്കം റോഡ് വരെ.
2. രണ്ടാംവാർഡിൽ വൈദ്യശാല ജംഗ്ഷൻ മുതൽ തെക്കോട്ട് വളഞ്ഞൂപാടം വരെയും, മണ്ണംപേട്ട ബാലവാടി മുതൽ ഈശാനിമംഗലം റോഡുവരെയും ബാലവാടിയുടെ തെക്കോട്ടുപോകുന്ന റോഡിൽ പാച്ചെട്ടിച്ചിറവരെയും.
3. നാലാം വാർഡിൽ സുറായി സ്കൂളിന്റെ തെക്കോട്ടു പോകുന്ന റോഡിലേക്കും ആമ്പല്ലൂർ വടക്കുമുറി ഡോ. രംഗനാഥന്റെ വീടിന്റെ പടിഞ്ഞാറോട്ടു പോകുന്ന റോഡിലേക്കും, NHൽ മണലിയിലേക്ക് പോകുന്ന വഴിയിലും.
4. ഏഴാം വാർഡിൽ 4 സെന്റ് കോളനിയിലേക്കും രാമൻ നായർ മൂലയിലേക്കും.
5. എട്ടാം വാർഡിൽ ലക്ഷംവീട് കോളനി, പാലക്കുന്ന് ഹരിജൻ കോളനി, പൂക്കോട് സ്കൂൾ മൂല, വലിയകുളം റോഡ്, വട്ടണാത്ര റോഡ് എന്നിവടങ്ങളിൽ.
6. ഒമ്പതാം വാർഡിൽ വരാക്കര MLA റോഡിൽ എരിയാക്കര പാടം, ഉദയ ഓട്ടുകമ്പനി വഴി ഐനിക്ക മൂല വരെ, കപ്പേള റോഡിൽകൂടി കോട്ടായി വരെയും, ശങ്കുണ്ണി മൂല പാലക്കുന്ന് റോഡ്, വാളിപ്പാടത്തേക്ക്, താത്രിക്കുളം വഴി പൂക്കോട്നിന്ന് കരുവാപ്പടിയിലേക്കും.
7. പത്താം വാർഡിൽ പുളിക്കൽ നാരായണൻ നായരുടെ വീടിന്റെ ഭാഗത്തേക്ക്, കാര്യാട്ട് മുകാമി അമ്മയുടെ വീടിന്റെ ഭാഗത്തേക്ക്, പൊക്കൊടൻ കുന്നത്തേക്ക് പോകുന്ന വഴി അയ്യപ്പൻകുന്ന് അമ്പലം മുതൽ നെല്ലായി പറമ്പൻ റപ്പായിയുടെ വീടിനടുത്തുവരെ.
8. പതിനൊന്നാം വാർഡിൽ പയ്യാക്കര, വേപ്പൂർ എന്നിവിടങ്ങളിലേക്ക്.

പൈപ്പ് ലൈൻ അസാധ്യമായ കുന്നിൻ പ്രദേശങ്ങളിലും ഒറ്റപ്പെട്ട സ്ഥലങ്ങളിലും ഭൂഗർഭ ജല സ്രോതസുകളുടെ സാധ്യത കണക്കിലെടുത്ത് കുഴൽക്കിണറുകൾ സ്ഥാപിക്കാവുന്നതാണ്. താഴെപറയുന്ന സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

* 3-ാം വാർഡിൽ മിഷൻ കുന്ന്, നാലുസെന്റ് കോളനി, മാട്ടുമല.

* അളഗപ്പനഗർ ഇ.എസ്.ഐ പ്രദേശത്ത്

* 2-ാം വാർഡിൽ വിക്ടറി ക്രഷിനു സമീപം വെണ്ണമറ്റം ചാക്കോയുടെ വീടിനു സമീപം, ചിന്നത്ത് സുബ്രഹ്മണ്യന്റെ വീടിനു സമീപം.

* 4-ാം വാർഡിൽ വാലിപറമ്പിൽ ഉണ്ണിയുടെ വീടിനു സമീപം.

* 6-ാം വാർഡിൽ പുറമ്പോക്കിലെ 2 ലക്ഷംവീട് കോളനികൾ.

* 7-ാം വാർഡിൽ പൂക്കോട് 19 കോളനി.

* 8–ാം വാർഡിൽ ചുക്കിരിക്കുന്ന്, പാലക്കുന്ന് കോളനി, പൂക്കോട് സ്കൂൾ മൂല, വലിയകുളം റോഡ്, നെരേപ്പറമ്പിൽ അന്തോണിയുടെ വീടിനു പരിസരം.

* 9–ാം വാർഡിൽ വാളിപ്പാടം, റേഷൻ പീടിക മൂല, അയിനിക്ക മൂല എന്നിവിടങ്ങളിൽ.

* വട്ടണാത്ര ബാലവാടിക്കു സമീപം.

* 11–ാം വാർഡിൽ വേപ്പൂർ ഗിരിജൻ കോളനി, പയ്യാക്കര മംഗലംതണ്ട് എന്നിവിടങ്ങളിൽ.

പരമ്പരാഗത ജലസ്രോതസ്സുകളുടെ വിപുലീകരണവും നവീകരണവും സാധ്യമാക്കാൻ പ്രായോഗിക കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക.

പൈപ്പ് വെള്ളത്തോട് അനാവശ്യമായ ആഭിമുഖ്യത്തെ നിരുത്സാഹപ്പെടുത്തുകയും പകരം പരമ്പരാഗത ജലസ്രോതസ്സുകളോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാനും കഴിയും വിധം ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കണം.

മഴവെള്ളത്തെ അതതു പ്രദേശങ്ങളിൽതന്നെ ശേഖരിക്കാനും തദ്ദാര നീരുറവുകളെ സമൃദ്ധമാക്കാനും കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക.

മലിനീകരണത്തെ തടയാനും ജലസംരക്ഷണം ഉറപ്പാക്കാനും ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപകമാക്കുക.

പൊതു കിണറുകളെ ഉപയോഗയുക്തമാക്കുവാനും അവയുടെ സംരക്ഷണം ഉപഭോക്താക്കളെ ഏല്പിക്കാനും പരിപാടികളുണ്ടാവണം.

## ആരോഗ്യം

"2000 –ാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം സാക്ഷാല്ക്കരിക്കാൻ ജനകീയാസൂത്രണ പ്രവർത്തനങ്ങളെ കൂടെ ആയുധമാക്കാൻ, നമുക്കവസരം വന്നിരിക്കയാണ്. വിവിധ സ്രോതസുകളിൽ നിന്ന് നേരിട്ടും അല്ലാതെയും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സൂചികകൾ സംസ്ഥാന നിലവാരത്തെക്കാൾ മെച്ചപ്പെട്ടതാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ ആനുകൂല്യം വരും കാല പ്രവർത്തനങ്ങളുടെ അലംഭാവത്തിന് കാരണമാകരുത്.

**1991ലെ കാനേഷുമാരി പ്രകാരമുള്ള ആരോഗ്യസൂചികകൾ**

| ആരോഗ്യ സൂചികകൾ | പഞ്ചായത്ത് നിലവാരം | സംസ്ഥാന നിലവാരം |
|---|---|---|
| 1. പൊതുമരണനിരക്ക് | 4/ 1000 | – |
| 2. ശിശുമരണനിരക്ക് | 8/ 1000 | 17/ 1000 |
| 3. മാതൃമരണനിരക്ക് | 0.5/ 1000 | 1/1000 |
| 4. പൊതുജനനനിരക്ക് | 12/ 1000 | 18/ 1000 |
| 5. കപ്പിൾ പ്രൊട്ടക്ഷൻ നിരക്ക് | 62% | – |

| രോഗാതുരത | ശതമാനം |
|---|---|
| പരിസരജന്യം | 16.5 |
| ദാരിദ്ര്യജന്യം | 2. |
| തൊഴിൽ ജന്യം | 9.5 |
| മറ്റുള്ളവ 2 | 8 |

| | | |
|---|---|---|
| (1) മൊത്തം അന്ധർ | 30 | 0.11 % |
| (2) മൊത്തം മുടന്തർ | 360 | 1.41 % |
| (3) മൊത്തം ബധിര– മൂകർ | 35 | 0.13 % |
| മൊത്തം വികലാംഗർ | 425 | |
| വൈകല്യ നിരക്ക് | | 1.67 % |

ഈ വിഭാഗം മൊത്തം സമൂഹത്തിന്റെ സഹാനുഭൂതി അർഹിക്കുന്നവരാണ്. ഇവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കേണ്ടതാണ്.

### പോഷണനിലവാരം

ഈ പഞ്ചായത്തിൽ ICDS ന്റെ കീഴിലുള്ള അംഗൻവാടികളുടെ പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും അനുപൂരക പോഷകാഹാരം ലഭ്യമല്ല. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5

ജനസംഖ്യ – പ്രായഘടന സംബന്ധിച്ച കണക്കുകൾ (1991)

| വയസ്സ് ഗ്രൂപ്പ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ | ശതമാനം |
|---|---|---|---|---|
| 0–6 | 1589 | 1593 | 3182 | 12.55 |
| 7–18 | 1679 | 1541 | 3220 | 12.7 |
| 18–20 | 433 | 532 | 965 | 3.8 |
| 21–30 | 2780 | 3151 | 5931 | 23.39 |
| 31–40 | 2301 | 2231 | 4532 | 17.87 |
| 41–50 | 1394 | 1339 | 2733 | 10.77 |
| 51–60 | 964 | 1067 | 2031 | 8.01 |
| 60ന് മുകളിൽ | 1301 | 1458 | 2759 | 10.88 |
| ആകെ | 12441 | 12912 | 25353 | |

ബാലവാടികളും വെൽഫെയർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ബാലവാടിയുമാണ് ഈ പഞ്ചായത്തിലുള്ളത്. പ്രസ്തുതബാലവാടികളുടെ പരിസരത്തുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ഇപ്പോൾ അനുപൂരക പോഷകാഹാരം ലഭിക്കുന്നുള്ളു. ആയതുകൊണ്ട് എത്രയും വേഗം ഈ പഞ്ചായത്തിൽ അംഗൻവാടികൾ തുടങ്ങി മുഴുവൻ കുട്ടികൾക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അനുപൂരകപോഷകാഹാരം ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്കൂൾ തലത്തിലുള്ള ഉച്ചഭക്ഷണം ഫലപ്രദമായി നടത്തേണ്ടതാണ്.

## ആരോഗ്യരക്ഷാപ്രവർത്തനങ്ങളും ചിലവുകളും

ആരോഗ്യരക്ഷാപ്രവർത്തനങ്ങൾക്കായി ഈ പഞ്ചായത്തിൽ സുശക്തമായ സംവിധാനം ഇന്ന് നിലവിലുണ്ട്. E.S.I, ഡിസ്പെൻസറി, ഗവ: ആയുർവേദ ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രം, ഗവ: ഹോമിയോ ഡിസ്പൻസറി എന്നീ 4 സർക്കാർ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ പൂക്കോട്, ആമ്പല്ലൂർ വടക്കുമുറി, മണ്ണംപേട്ട എന്നിവിടങ്ങളിൽ ഓരോ സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യമേഖലയിൽ 2 ആയുർവ്വേദ ക്ലിനിക്കുകളും ഒരു അലോപതി ക്ലിനിക്കും രണ്ടു പാരമ്പര്യ ചികിത്സാ കേന്ദ്രവും പ്രവർത്തിക്കുന്നു.

**E.S.I ഡിസ്പെൻസറി:** ഈ സ്ഥാപനം സമീപപഞ്ചായത്തുകളിലെ തൊഴിലാളികൾക്ക് കൂടിയുള്ളതായതിനാൽ പഞ്ചായത്ത് തിരിച്ചുള്ള പ്രത്യേക ചെലവുകൾ ലഭ്യമല്ല. അളഗപ്പടെക്സ്റ്റൈയിൽസിലേയും ഒട്ടനവധി ഓട്ടുകമ്പനികളിലേയും മറ്റ് തൊഴിൽ ശാലകളിലേയും ആയിരകണക്കിന് തൊഴിലാളികളുടേയും അവരുടെ കുടംബങ്ങളുടെയും ഏക ആശ്രയ കേന്ദ്രമാണ് ഈ സ്ഥാപനം ഇപ്പോൾ പകൽ സമയത്ത് മാത്രമേ ഈ സ്ഥാപനം പ്രവർത്തിക്കുന്നുള്ളു. രാത്രി ഷിഫ്റ്റുകളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ മറ്റ് ചികിൽസാ സൗകര്യങ്ങൾ തേടേണ്ട അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ആയതു കൊണ്ട് ഇവിടെ കിടത്തി ചികിൽസിക്കുവാനുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രിയായി ഈ സ്ഥാപനത്തെ ഉയർത്തുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

**ഗവ: ആയുർവേദ ഡിസ്പെൻസറി:** ഈ പഞ്ചായത്തിന്റെ 7–ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന ഗവൺമെണ്ട് ആയുർവേദ ഡിസ്പെൻസറിയിൽ 1995 – 96 സാമ്പത്തിക വർഷത്തിൽ 4486 രോഗികളെ ചികിൽസിക്കുകയുണ്ടായി. 95 – 96 സാമ്പത്തികവർഷം ഈ സ്ഥാപനത്തിന് 175000 രൂപ ശമ്പളം ഇനത്തിലും 75000 രൂപ മരുന്നുകൾക്കും മറ്റ് അനുബന്ധ ചിലവുകൾക്കും കൂടി മൊത്തം രണ്ടര ലക്ഷം രൂപ ചിലവ് വന്നിട്ടുണ്ട്. ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും ഉണ്ടാക്കി കൊടുക്കുകയും ഈ ചികിൽസരീതി പരിപോഷിപ്പിക്കുവാൻ ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കേണ്ടതുമാണ്.

ഗവ:ഹോമിയോ ഡിസ്പെൻസറി: ഈ സ്ഥാപനം VII-ാം വാർഡിൽ പഞ്ചായത്തിന്റെ 20 സെന്റ് സ്ഥലത്ത് ഒരു താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന് പ്രാഥമിക ആവശ്യങ്ങളായ വെള്ളവും വെളിച്ചവും നാളിതുവരെയും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. ദിനം പ്രതി നൂറിലധികം രോഗികൾ ചികിൽസക്കെത്തുന്ന ഈ സ്ഥാപനത്തിനോടുള്ള കടുത്ത അവഗണനയാണ് ഇത്. ഇത് യുദ്ധകാലടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതാണ്. ഈ സ്ഥാപനത്തിൽ 95 – 96 സാമ്പത്തിക വർഷത്തിൽ 652 പുരുഷന്മാരെയും 1404 സ്ത്രീകളെയും, 1391 കുട്ടികളേയും കൂടി മൊത്തം 3447 രോഗികളെ ചികിൽസിക്കുകയുണ്ടായി. ഈ സ്ഥാപനത്തിന് ആറു വർഷത്തേക്ക് 1500 രൂപയുടെ മരുന്നാണ് ലഭിക്കുന്നത്. ഇത് തീരെ അപര്യാപ്തമാണ്. ഒരു വർഷത്തേക്ക് കുറഞ്ഞത് 25000 രൂപയുടെ മരുന്നെങ്കിലും അനുവദിക്കേണ്ടതാണ്. ശമ്പളവും മറ്റ് അനുബന്ധ ചിലവുകളും കൂടി 2 ലക്ഷം രൂപയാണ് ചിലവ്. ഈ സ്ഥാപനത്തിന് ഇതേ സ്ഥലത്ത് തന്നെ ഒരു പുതിയ കെട്ടിടം നിർമ്മിച്ച് ഈ ചികിൽസാരീതിക്ക് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

പ്രാഥമികാരോഗ്യകേന്ദ്രം: ഈ പഞ്ചായത്തിലെ പൊതുജനാരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ നാളിതുവരെ നെന്മണിക്കര, തൃക്കൂർ, വരന്തരപ്പിള്ളി, എന്നി മൂന്നു പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് നടന്നിരുന്നത്. പൊതു ജനാരോഗ്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ തൃപ്തികരമായ രീതിയിൽ നടക്കുന്നില്ല എന്നാണ് ഭൂരിപക്ഷം ഗ്രാമസഭാറിപ്പോർട്ടുകളിലും പ്രതിപാദിച്ച് കാണുന്നത്. ഈ പഞ്ചായത്തിൽ പുതുതായി ആരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രം 7- ാം വാർഡിൽ ഒരു വാടക കെട്ടിടത്തിൽ 28 – 6 – 1996 മുതൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ ഇപ്പോൾ ചികിൽസ മാത്രമേ നടക്കുന്നുള്ളു. പുതിയ സ്ഥാപനമായതിനാലും ഇവിടത്തെ സ്റ്റാഫ് പാറ്റേൺ ഘടന പൂർണ്ണമായിട്ടില്ലാത്തതിനാലും ഇവിടുത്തെ ചിലവിന്റെ കണക്ക് ലഭ്യമല്ല. ഈ പഞ്ചായത്തിലെ പൊതുജനാരോഗ്യം, കുടുംബക്ഷേമ രോഗപ്രതിരോധ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഈ സ്ഥാപനത്തിന്റെ പുരോഗതിക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഏറ്റവും വേഗത്തിൽ പ്രാവർത്തികമാക്കേണ്ടതാണ്.

(a) ഈ പഞ്ചായത്തിലെ മുഴുവൻ ജനതക്കും ഈ സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുവാൻ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് യാത്ര സൗകര്യമുള്ള ഒരു സ്ഥലത്ത് സ്ഥലം വാങ്ങി കിടത്തി ചികൽസിക്കുവാൻ കഴിയുന്ന ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം നിർമ്മിച്ച് പ്രാഥമികാരോഗ്യ കേന്ദ്രം അങ്ങോട്ട് മാറ്റേണ്ടതാണ്.

(b) ഇപ്പോൾ വിവിധ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരെ ഈ സ്ഥാപനത്തിന്റെ കീഴിൽ കൊണ്ടുവരണം.

(c) 5000 ജനസംഖ്യക്ക് ഒരു സബ്ബ് സെന്റർ എന്ന തോതിൽ ഇപ്പോൾ നിലവിലുള്ള ഒരു സർക്കാർ സബ് സെന്റർ കെട്ടിടം കഴിച്ച് 4 പുതിയ സബ് സെന്റർ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്.

(d) ആരോഗ്യ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടേയും ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടേയും തസ്തികകൾ സൃഷ്ടിച്ച് എത്രയും വേഗം നിയമനം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

(e) രോഗപ്രതിരോധ കുത്തിവയ്പ്പുകൾക്കുള്ള മരുന്നുകൾ സൂക്ഷിക്കുവാൻ I.L.R ലഭ്യമാക്കണം. അതുവരേക്കും ഒരു ഫ്രിഡ്ജിന്റെ സേവനം ഉറപ്പാക്കുക.

(f) രോഗപ്രതിരോധകുത്തിവയ്പുകൾ ഇപ്പോഴുള്ള 4 ബാലവാടികളിലും സബ് സെന്ററുകളിലും വെച്ച് നടത്തണം.

(g) ഓരോ വാർഡിലും മാസത്തിലൊരിക്കലെങ്കിലും ഓരോ ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തണം.

(h) ആരോഗ്യ പ്രവർത്തകരുടെ (ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ) ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തണം.

(i) ആരോഗ്യവകുപ്പു വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന നാഷണൽ പ്രോഗ്രാമുകളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായതെല്ലാം ചെയ്തുകൊടുക്കുക.

(j) ആരോഗ്യ കേന്ദ്രത്തിൽ നടത്തുന്ന മാസാന്ത്യ കോൺഫ്രൻസിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർബന്ധമായും പങ്കെടുത്ത് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും പോരായ്മകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ശുചിത്വം

വൻകിട വ്യവസായങ്ങൾ ഏറെയൊന്നുമില്ലെങ്കിലും പരിസരമലിനീകരണത്തിലും അന്തരീക്ഷ മലിനീകരണത്തിലും നമ്മുടെ പഞ്ചായത്ത് ഒട്ടും പുറകിലല്ല. ഇവ മൂലമുണ്ടാകുന്ന രോഗാതുരതയുടെ നിരക്ക് നമ്മുടെ പഞ്ചായത്തിൽ കൂടുതലായതിനാൽ ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. നമ്മുടെ പഞ്ചായത്തിലെ നിരവധികടകളിൽനിന്നും

വീടുകളിൽനിന്നും റോഡിലേക്ക് തള്ളുന്ന വെയ്സ്റ്റുകൾ നിക്ഷേപിക്കുന്നതിനായി പ്രധാനപ്പെട്ട സെന്ററുകളിൽ "വെയ്സ്റ്റ് തൊട്ടികൾ" (കോൺക്രീറ്റ് തൊട്ടികൾ) സ്ഥാപിക്കേണ്ടതാണ്. ഈ വെയ്സ്റ്റുകൾ യഥാസമയം മാറ്റി സംസ്കരിക്കുവാൻ പഞ്ചായത്ത് സ്വീപ്പർമാരുടെ സേവനം ഉപയോഗപ്പെടുത്തണം.

2. അളഗപ്പ ടെക്സ്റ്റൈയിൽസ്, അവരുടെ കാന്റീൻ, ആമ്പല്ലൂർ പ്രൈവറ്റ് മാർക്കറ്റ് എന്നിവിടങ്ങളിൽനിന്നും വരുന്ന മലിനജലം ഒഴിവാക്കുന്നതിനായി ഡ്രൈനേജ് സമ്പ്രദായം കുറ്റമറ്റതാക്കേണ്ടതാണ്.

**3. വെയ്റ്റിങ്ങ് ഷെഡ് കം കംഫർട്ട് സ്റ്റേഷൻ:** ആമ്പല്ലൂർ സെന്ററിൽ നമ്മുടെ പഞ്ചായത്തതിർത്തിയിൽ നാഷണൽ ഹൈവെയിലും പാലപ്പിള്ളി റോഡിലും ഓരോ വെയ്റ്റിങ്ങ് ഷെഡ് കം കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിച്ച് യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്. ഇത് സഹകരണാടിസ്ഥാനത്തിലോ ഉപഭോക്താക്കളുടെ സംരക്ഷണത്തിലോ ആകാവുന്നതാണ്.

**4. മാർക്കറ്റ്:** നമ്മുടെ പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് ഇല്ല. ആകെയുള്ള ഒരു പ്രൈവറ്റ് മാർക്കറ്റിൽ കടന്ന് ചെല്ലാൻ കഴിയാത്തവിധം ദുർഗന്ധം വമിക്കുന്ന അവസ്ഥയാണ്. മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് മാർക്കറ്റിൽ തന്നെയായതിനാൽ അങ്ങിങ്ങ് ചോര തളം കെട്ടിനിൽക്കുന്ന കാഴ്ച ഭയാനകമാണ്. ഈ അവസ്ഥ നമ്മുടെ പഞ്ചായത്തിൽ ഇറച്ചി വിൽപന നടക്കുന്ന എല്ലായിടത്തും കാണാവുന്നതാണ്. കൂടാതെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കവലകളിലും റോഡിൽവെച്ചുള്ള മത്സ്യവിൽപന നടക്കുന്നുണ്ട്. ഇവയെല്ലാം ഭയങ്കരമായ പകർച്ചവ്യാധികൾ ക്ഷണിച്ചുവരുത്തുന്ന പരിസരമലിനീകരണമാണ്. ഇതിന് ശാശ്വത പരിഹാരം കാണേണ്ടതാണ്. പ്രൈവറ്റ് മാർക്കറ്റിൽ കൂടെകൂടെ ഹെൽത്ത് അതോറിറ്റിയും പഞ്ചായത്ത് അധികൃതരും പരിശോധന നടത്തി സാനിറ്ററി കണ്ടീഷൻ ഉറപ്പുവരുത്തണം. ആവശ്യമെങ്കിൽ നിയമ നടപടിപോലും സ്വീകരിക്കാൻ മടിക്കരുത്.

A. പൊതുമാർക്കറ്റ്: പഞ്ചായത്ത് തലത്തിൽ ആധുനിക സൗകര്യമുള്ള ഒരു പൊതുമാർക്കറ്റ് അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. അതിനുശേഷം റോഡരികിലെ മത്സ്യവില്പനക്കാരെയും മാംസവില്പനക്കാരെയും മാർക്കറ്റിൽ കൊണ്ടുവരണം. റോഡരികിലെ മത്സ്യ വില്പന പൂർണ്ണമായും നിരോധിക്കണം. ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കണം. മാംസ വില്പനക്ക് ലൈസൻസ് നല്കുമ്പോൾ ബന്ധപ്പെട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം.

**B. അറവുശാല:** മാംസം നമ്മുടെ ഭക്ഷണരീതിയുടെ ഒരു ഭാഗമായി മാറിയിരിക്കുന്നു. മാംസവില്പന നടത്തുന്ന അതേ സ്ഥലത്ത് തന്നെയാണ് ഇപ്പോൾ കശാപ്പ് നടക്കുന്നത്. ഇത് ഒരു ആരോഗ്യപരമായ നടപടിയല്ല. നവീനരീതിയിലുള്ള അറവുശാലകൾ നിർമ്മിക്കുവാൻ വലിയ സാമ്പത്തിക ചെലവ് വരുന്നിതിനാൽ പഞ്ചായത്ത് തലത്തിൽ ഓരോ അറവുശാല എന്ന തത്വം സ്വീകാര്യമല്ല. ആയതുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ബ്ലോക്കിന്റെ മധ്യഭാഗത്തായി ആധുനിക രീതിയിലുള്ള ഒരറവുശാല നിർമ്മിച്ചു കഴിഞ്ഞാൽ ഓരോ പഞ്ചായത്തിലേയും മാംസ വില്പനക്ക് ഉപയോഗിക്കുന്ന മൃങ്ങളെ അതാത് പഞ്ചായത്തിലെ മൃഗഡോക്ടറോ; ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരോ പരിശോധിച്ച് രോഗങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം അറവുശാലയിൽ കശാപ്പിന് വിധേയമാക്കുക.

(5) പഞ്ചായത്തിന്റെ 2-ാം വാർഡിൽ പ്രവർത്തിക്കുന്ന 2 മെറ്റൽ ക്രഷറുകളിൽ നിന്നും ഉണ്ടാകുന്ന ശബ്ദമലിനീകരണത്തിനും, പെടിമലിനീകരണത്തിനും ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ പ്രസ്തുത സ്ഥാപനങ്ങളെ കൊണ്ട് നടപ്പിൽ വരുത്തേണ്ടതാണ്.

**(6) കമ്പോസ്റ്റിങ്ങ്:** ജൈവ വള കൃഷിരീതികൾക്ക് പ്രാധാന്യമേറിവരുന്ന ഈ കാലഘട്ടത്തിൽ ഓരോ വീടിനും ഓരോ കമ്പോസ്റ്റ് പിറ്റ് വളരെ അഭികാമ്യമാണ്- പരിസരമലിനീകരണത്തെ ചെറുക്കുന്ന ഫലപ്രദമായ ഒരു മാർഗ്ഗം കൂടിയാണ് കമ്പോസ്റ്റിങ്ങ്. ഇതിന് ആവശ്യമായ പ്രചാരണവും ബോധവൽക്കരണവും നടക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ ഒരു ട്രെഞ്ചിങ്ങ് ഗ്രൗണ്ടിനെ കുറിച്ച് ആലോചിക്കേണ്ടതാണ്. വെയ്സ്റ്റ് തൊട്ടകളിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ഒന്നാം തരം ജൈവവളം ഉണ്ടാക്കാവുന്നതാണ്.

**(7) പൊതുശ്മശാനം:** നമ്മുടെ പഞ്ചായത്തിൽ 6-ാം വാർഡിലുള്ള പൊതുശ്മശാനത്തിന്റെ മതിലുകൾ ഉയർത്തികെട്ടി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇത് ഹരിജനങ്ങൾക്ക് മാത്രമെന്ന ധാരണ മാറ്റിയെടുക്കണം. കൂടാതെ 5-ാം വാർഡിൽ NTCയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം വാങ്ങി ഒരു പൊതു ശ്മശാനം ഉണ്ടാക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കണമെന്ന് നിർദ്ദേശിക്കുന്നു. നാലുസെന്റ്, കോളനി, ലക്ഷംവീട്, പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നവർ മരിച്ചാൽ ശവം പൊതുശ്മശാനത്തിൽ സംസ്ക്കരിക്കണം എന്ന നിർദ്ദേശം വ്യാപകമാക്കണം.

(8) കനാൽ പുറമ്പോക്കിലും മറ്റ് പുറമ്പോക്കുകളിലും അനാരോഗ്യകരമായ സാഹചര്യങ്ങളിൽ താമസ്സിക്കുന്ന വീട്ടു

കാർക്ക് പുനരധിവാസ പ്രവർത്തനങ്ങളിൽ മുൻഗണന നൽകേണ്ടതാണ്.

**(9) കക്കൂസ്:** ഒരു വീടിന് ഒരു കക്കൂസ് എന്ന മുദ്രാവാക്യം നമ്മുടെ പഞ്ചായത്തിൽ നടപ്പിൽ വരുത്തണം. പരിസരജന്യ. ജലജന്യരോഗങ്ങൾക്ക് മുഖ്യകാരണം സാനിറ്ററി കക്കൂസുകളുടെ അഭാവമാണ്. ഈ പഞ്ചായത്തിലെ മൊത്തം 5013 വീടുകളിൽ 1600 വീടുകളിൽ സാനിറ്ററി കക്കൂസുകൾ ഇല്ല. സാമ്പത്തീകമായി വളരെ പിന്നോക്കം നിൽക്കുന്ന വീടുകളാണ് ഇതിൽ 90 ശതമാനവും. ആയതുകൊണ്ട് കക്കൂസ്സ് നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തീക സഹായം മുൻഗണനാ ക്രമത്തിൽ നൽകി എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കണം.

**(10) ആരോഗ്യവിദ്യാഭ്യാസം:** ആരോഗ്യപരിപാലനത്തിന് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വിഷയമാണ് ആരോഗ്യവിദ്യാഭ്യാസം. നമ്മുടെ നാട്ടിൽ ആരോഗ്യവകുപ്പിൽ കൂടി നടപ്പാക്കികൊണ്ടിരിക്കുന്ന നാഷണൽ പ്രോഗ്രാമുകളെ കുറിച്ചും, പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ദോഷഫലങ്ങളെകുറിച്ചു, വ്യക്തിശുചിത്വം, ആരോഗ്യശീലങ്ങൾ എന്നിവയെ കുറിച്ചു നമ്മുടെ ജനതയിൽ ശരിയായ ഒരു അവബോധം വളർത്തിയെടുക്കാൻ ആരോഗ്യവിദ്യാഭ്യാസം ഉപകരിക്കും. അതിനു വേണ്ടി ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെയും, ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തകരുടെയും മറ്റ് വിദഗ്ദ്ധരുടേയും സേവനം ഉപയോഗിച്ച് എല്ലാവാർഡുകളിലും ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകളും, സെമിനാറുകളും നടത്തേണ്ടതാണ്. എയിഡ്സ് രോഗത്തെ കുറിച്ച് ജനങ്ങളെ ബോധവാൻമാരക്കുന്നതിന് വേണ്ടി ബോധവൽക്കണ ക്ലാസ്സുകൾ വ്യാപകമാക്കണം.

**(11) യോഗപരിശീലന കേന്ദ്രം:** ജനങ്ങളുടെ മാനസികവും കായികവുമായ ആരോഗ്യം മെച്ചപ്പെടുത്താനുതകും വിധം പഞ്ചായത്തുതലത്തിൽ ഒരു യോഗാ - കേന്ദ്രം സ്ഥാപിക്കുന്നത് നന്നായിരിക്കും.

(12) നമ്മുടെ പഞ്ചായത്തിൽ 60 വയസിനു മുകളിലുള്ള ജനങ്ങളുടെ എണ്ണം 2759 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 11 ശതമാനം വരും. ഇവരുടെ മാനസികവും ആരോഗ്യപരവുമായ വളർച്ച ഉറപ്പുവരുത്തേണ്ടത് ഒരു സാമൂഹ്യ ബാധ്യതയാണ്. ഇതിനായി ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കാനാകുമോ എന്ന് ആലോചിക്കാവുന്നതാണ്.

(13) പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. പുകവലി, മദ്യപാനം പുകയില കൂട്ടിയുള്ള മുറുക്കൽ എന്നിവക്കെതിരെയുള്ള പ്രചാരണങ്ങൾക്ക് പ്രസക്തിയുണ്ട്. രക്തദാനത്തെ കുറിച്ചുള്ള ഭയശങ്കകൾ അകറ്റുകയും നേത്രദനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(14) ആരോഗ്യത്തെ ഫീൽഡ് വർക്കർമാരുടെ ഗൃഹസന്ദർശനത്തിനുള്ള ഇപ്പോഴത്തെ കുറവുകൾ പരിഹരിച്ചുകൊണ്ട് അവ കാര്യക്ഷമമാക്കാനും അവയെ Moniter ചെയ്യാനും സംവിധാനങ്ങളുണ്ടാകണം.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

ഗ്രാമവികസനത്തിൽ റോഡുകളുടെ പങ്ക് വളരെ നിർണായകമാണ്. സ്വയം സമ്പൂർണമല്ല ഗ്രാമങ്ങൾ എന്നതു കൊണ്ട് തന്നെ തൊഴിൽ അന്വേഷണം മുതൽ എല്ലാ കാര്യങ്ങൾക്കും റോഡുകളുടെ പുരോഗതിയിലൂടെ മാത്രമേ ഉപജീവന സാധ്യത തെളിയുന്നുള്ളു. എന്നാൽ സമീപകാലത്ത് റോഡ് നിർമാണത്തിനോട് അതിരുകവിഞ്ഞ ആഭിമുഖ്യവും ഗണ്യമായ തുകയും ചെലവിടുന്നതായി കാണാം. അളഗപ്പനഗർ പഞ്ചായത്തിൽ റോഡുഗതാഗതം മാത്രമേ നിലവിലുള്ളു. റെയിൽ ജലഗതാഗത സൗകര്യങ്ങൾ തീരെ ഇല്ല. അതിനാൽ റോഡുമാർഗ്ഗമേ പഞ്ചായത്തിൽ സഞ്ചരിക്കാൻ കഴിയുകയുള്ളു. പഞ്ചായത്തിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻന്റ് നിലവിലുണ്ട്. പുതിയതായി ആരംഭിക്കാൻ പോകുന്ന അളഗപ്പനഗർ - പുതുക്കാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോക്കുവേണ്ടി പഞ്ചായത്ത് 3 ഏക്കർ 5 സെന്റ് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. പുതിയ സ്ഥലത്തേക്ക് ഡിപ്പോ മാറുന്ന പക്ഷം നിലവിലുള്ള സ്ഥലം പഞ്ചായത്തിന് ലഭിക്കുമ്പോൾ അവിടെ പ്രൈവറ്റ് ബസ്സ്റ്റാന്റ്-കം ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.

പഞ്ചായത്തിൽ മൊത്തം 93.20 കി.മീ. റോഡുകളുണ്ട്. പൊതുമരാമത്തിന്റെ കീഴിലുള്ള റോഡുകളുടെ നീളം 17.00 കി.മീ.ആണ്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ നീളം 52.45 കി.മീ. ആണ്. ഇതിൽ 18. 45 കി.മീ. മാത്രമേ ടാർചെയ്തിട്ടുള്ളു. ടാറിടാത്ത റോഡുകളുടെ നീളം 34.00 കി.മീ.ആണ്. കൂടാതെ പട്ടിക 4ൽ 34 റോഡുകളും പട്ടിക 5ൽ 16 റോഡുകളും നിലവിലുണ്ട്. പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യത്തിൽ കൂടി കടന്നു പോകുന്ന പൊതുമരാമത്തിന്റെ കീഴിലുള്ള ആമ്പല്ലൂർ പാലപ്പിള്ളി റോഡിന് പഞ്ചായത്ത് അതിർത്തിയിൽ 3.7കി.മീ. നീളമാണുള്ളത്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ കൂടി കടന്നുപോകുന്ന N.H.47 ന് അതിർത്തിയിൽ 1.5 കി.മീ. നീളമുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളെ കുറിച്ചുള്ള രജിസ്റ്ററുകളിലുള്ള വിവരങ്ങൾ ബഹുഭൂരിപക്ഷവും കൃത്യമായ കണക്കുകൾ അല്ല. ഇത് സംബന്ധിച്ച് ഒരു വിദഗ്ദന്റെ സഹായത്തോടെ റോഡുകളുടെ നീളം, വീതി എന്നിവ അളന്ന് രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ 4 ഓട്ടോറിക്ഷ സ്റ്റാന്റുകൾ നിലവിലുണ്ട്. ആമ്പല്ലൂർ, വെണ്ടൂർ, മണ്ണംപേട്ട - വൈദ്യശാല, കരുവാപ്പടി എന്നിവയാണവ. ആമ്പല്ലൂർ പാലപ്പിള്ളി റൂട്ടിൽ 50ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, ബസ്സ്സർവ്വീസ് എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

(* അടുത്തപേജിൽ)

പഞ്ചായത്തിൽ മെച്ചപ്പെട്ട റോഡ് ശൃംഖല ഉണ്ടെങ്കിലും റോഡിന്റെ സ്ഥിതി മോശമാണ്. മിക്ക റോഡുകൾക്കും മെച്ചപ്പെട്ട ഓവുചാലുകളോ, കൺവർട്ടുകളോ ഇല്ല. മഴക്കാലത്ത് റോഡുകൾ തോടുകളാകുന്ന സ്ഥിതിയാണുള്ളത്. ശരിയായ രീതിയിൽ ഓവുചാലുകൾ ഉണ്ടാക്കിയും കൺവർട്ടുകൾ സ്ഥാപിച്ചും റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതാണ്. ടാറിങ്ങ് ചെയ്ത റോഡുകളുടെ സ്ഥിതി മോശമാകുമ്പോൾ യഥാസമയം റീട്ടാറിങ്ങ് നടത്തി സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭയിൽനിന്നുള്ള അഭിപ്രായങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആമ്പല്ലൂർ - പാലപ്പിള്ളി റോഡിൽ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിന് എതിർ വശത്ത് വെയ്റ്റിങ്ങ് ഷെഡ് പണിയുവാൻ PWD അനുമതി ലഭിക്കുന്ന മുറക്ക് പണി ഉടനെ ആരംഭിക്കേണ്ടതാണ്.

2. വരാക്കര - വട്ടണാത്ര - പഞ്ചായത്ത് ഓഫീസ് വഴി ഇരിങ്ങാലക്കുടയിലേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

3. വരാക്കര - വട്ടണാത്ര - പഞ്ചായത്ത് ഓഫീസ് വഴി ചാലക്കുടിയിലേക്ക് KSRTC ബസ് സർവ്വീസ് ആരംഭിക്കണം.

4. ചിമ്മിനിഡാം - ചാലക്കുടി KSRTC ബസ് സർവ്വീസ് ആരംഭിക്കണം.

* പട്ടിക -1

| റോഡ് | ഉടമസ്ഥത | ദൂരം (കി.മീ) | വീതി (മീ) | ബസ്സ് സൗകര്യം |
|---|---|---|---|---|
| 1. ആമ്പല്ലൂർ - പാലപ്പിള്ളി റോഡ് | PWD | 5.5 | 8 | ഉണ്ട്. |
| 2. ആമ്പല്ലൂർ - കല്ലൂർ | PWD | 2 | 8 | ഉണ്ട്. |
| 3. ചുങ്കം - കാഞ്ഞൂർ | PWD | 0.5 | 6 | ഇല്ല |
| 4. ചെങ്ങാലൂർ - മാവിൻചുവട് MLA | PWD | 4 | 8 | ഉണ്ട് |
| 5. കാളക്കല്ല് - പയ്യാക്കര MLA | PWD | 3 | 8 | ഇല്ല |
| 6. കാളക്കല്ല് - ചിക്കിനി MLA | PWD | 2 | 8 | ഇല്ല |
| 7. വെണ്ടൂർ - നെട്ടേപ്പാടം - ഹോമിയോ വഴി - MLA റോഡ് | പഞ്ചായത്ത് | 2.5 | 6 | ഉണ്ട്. |
| 8. വട്ടണാത്ര - പൂക്കോട് - വരാക്കര | പഞ്ചായത്ത് | 4 | 6 | ഉണ്ട് |
| 9. കരുവാപ്പടി - പൂക്കോട് | പഞ്ചായത്ത് | 1 | 8 | ഉണ്ട് |
| 10. പൂക്കോട് - പാലക്കുന്ന് ഹരിജൻ കോളനി | പഞ്ചായത്ത് | 1.5 | 6 | ഉണ്ട്. |
| 11. മണ്ണംപേട്ട അംബേദ്ക്കർ കോളനി | പഞ്ചായത്ത് | 1 | 6 | ഇല്ല |
| 12. തെക്കേക്കര ഹരിജൻ കോളനി | പഞ്ചായത്ത് | 2 | 6 | ഇല്ല |
| 13. വരാക്കരകപ്പേള - കോട്ടായി | പഞ്ചായത്ത് | 1.90 | 6 | ഇല്ല |
| 14. വെണ്ടൂർ - പുറമ്പോക്ക് | പഞ്ചായത്ത് | 0.350 | 6 | ഇല്ല |
| 15 എരിപ്പോട് ഹരിജൻ കോളനി | പഞ്ചായത്ത് | 1.200 | 6 | ഇല്ല |
| 16 കുന്നത്തുപ്പാടം - ബേപ്പൂർ | പഞ്ചായത്ത് | 1.5 | 6 | ഉണ്ട്. |

5. സൂപ്പർഫാസ്റ്റ്. ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് ആമ്പല്ലൂരിൽ സ്റ്റോപ്പ് അനുവദിക്കേണ്ടതാണ്.

6. ആമ്പല്ലൂരിൽ കംഫർട്ട് സ്റ്റേഷൻ തുടങ്ങണം.

7. റോഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ടെലഫോൺ, വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

8. ചിക്കിനി - മണ്ണംപേട്ട കരുവാപ്പടി വഴി തൃശൂർക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

പഞ്ചായത്തിൽ ടാർ ചെയ്യേണ്ട മെറ്റൽ റോഡുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

പട്ടിക 2

| വാർഡ് റോഡിന്റെ പേര് | ടാർചെയ്യേണ്ട ദൂരം (KM) | വീതി (മീറ്റർ) |
|---|---|---|
| 1 വില്ലേജ് കോർട്ട് റോഡ് | 1.200 | 6 |
| 5 ഫുട്ബാൾ ഗ്രൗണ്ട് | 0.750 | 8 |
| 6 ചുങ്കം-അംബേദ്ക്കർ കോളനി | 0.720 | 6 |
| 6 സെമിത്തേരി റോഡ് | 1.000 | 6 |
| 7 ഭഗവതിക്കാവ് | 3.000 | 6 |
| 8 പാലക്കുന്ന്-കോട്ടായി കോളനി | 1.500 | 6 |
| 9 കൊടകരപ്പാടം കോളനി | 1.000 | 6 |
| 11 കാവല്ലൂർ സ്ക്കൂൾ | 1.500 | 6 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള റോഡുകളുടെ അത്രതന്നെ പ്രാധാന്യമുള്ള രണ്ട് പഞ്ചായത്തുളെ ബന്ധിപ്പിക്കുന്ന മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക 3**

| വാർഡ് | റോഡിന്റെ പേര് | ദൂരം (KM) | വീതി (മീറ്റർ) |
|---|---|---|---|
| 2 | മണ്ണംപേട്ട തെക്കേക്കര ഹരിജൻ കോളനി – വളഞ്ഞൂപ്പാടം – കാഞ്ഞൂർ അമ്പലം റോഡ് | 2 | 8 |
| 3 | കാളക്കല്ല് – അമ്മുകുളം കോളനി റോഡ് | 0.8 | 6 |
| 3 | പുളിഞ്ചോട് – സൂര്യഗ്രാമം ഹരിജൻ കോളനി റോഡ് | 2.5 | 6 |
| 8 | പൂക്കോട് – ആണ്ടിക്കുന്ന് – കാവല്ലൂർ സ്ക്കൂൾ റോഡ് | 2.5 | 6 |
| 9 | വരാക്കര ഐനിക്കമൂല – കാവല്ലൂർ, പീച്ചാംപിള്ളി – ആലങ്ങാട് | 4 | 8 |
| 9 | വാളിപ്പാടം – കൊടകരപ്പാടം – പള്ളിക്കുന്ന് ഹരിജൻ കോളനി റോഡ് | 2.5 | 6 |
| 10 | എം.എൽ.എ. റോഡ് – ആതൂർ കോളനി | 0.5 | 6 |
| 11 | കാവല്ലൂർ മംഗലംതണ്ട് – വട്ടകോട്ടായി റോഡ് | 3.0 | 6 |
| 11 | പയ്യാക്കര – കുന്നത്തുപാടം ട്രാൻസ്ഫോർമർ റോഡ് | 3.0 | 6 |

ഗ്രാമസഭാ റിപ്പോർട്ടിൽനിന്ന് ശേഖരിച്ച നിലവിലുള്ള മൺ റോഡുകളുടെയും പുതിയതായി നിർമ്മിക്കേണ്ട മൺ റോഡുകളുടെയും പേരുകൾ ചുവടെ ചേർക്കുന്നു. (പട്ടിക 3 ഒഴികെ)

**പട്ടിക 4**

| വാർഡ് | നിലവിലുള്ള മൺറോഡുകൾ |
|---|---|
| 1 | കുറുപ്പാകുളം റോഡ് |
| 1 | ശ്രീലക്ഷ്മി – കനാൽ ബണ്ട് റോഡ് |
| 1 | ചുങ്കം – മന റോഡ് |
| 2 | മണ്ണംപേട്ട ബസാർ റോഡ് |
| 2 | പാൽചെറ്റിച്ചിറ റോഡ് & ബ്രാഞ്ച് |
| 2 | മണ്ണംപേട്ട തെക്കേക്കര കോളനി സബ് റോഡ് |
| 2 | വില്ലനൊടിപ്പാടം റോഡ് |
| 3 | കാളക്കല്ല് നാല് സെന്റ് കോളനി & കൈതക്കുളം ബ്രാഞ്ച് റോഡ് |
| 3 | കാളക്കല്ല് ലക്ഷംവീട് കോളനി റോഡ് & ബ്രാഞ്ച് റോഡ് |
| 3 | കാളക്കല്ല് MLA റോഡിന്റെ പടിഞ്ഞാറെ ബ്രാഞ്ച് |
| 4 | ആമ്പല്ലൂർ കിഴക്കുംമുറി |
| 5 | മരിയ റോഡ് |
| 5 | അമ്പൂക്കൻ റോഡ് |
| 5 | നേതാജി റോഡ് |
| 6 | വെണ്ടൂർ സെമിത്തേരി ബ്രാഞ്ച് റോഡ് |
| 6 | ഉമ്മത്തുംകുന്ന് റോഡ് |
| 6 | കുട്ടി ലക്ഷംവീട് റോഡ് |
| 6 | ചേന്ദംകുളം റോഡ് |
| 6 | വട്ടണാത്ര – അംബേദ്ക്കർ കോളനി റോഡ് |
| 7 | ഭഗവതിക്കാവ് ബ്രാഞ്ച് റോഡ് |
| 7 | നാലുസെന്റ് (19) റോഡ് |
| 7 | മേടംകുളം ക്ഷേത്രം റോഡ് |
| 7 | മേടംകുളങ്ങരപാടം – കൊമ്പൻ റോഡ് |
| 7 | പൂക്കോട് സ്ക്കൂൾ റോഡ് |
| 8 | ചുക്കിരിക്കുന്ന് ലക്ഷംവീട് & ബ്രാഞ്ച് റോഡ് |
| 8 | പൂക്കോട് സെന്റർ – മന – കേശവൻനായർ റോഡ് |
| 8 | വരാക്കര – പൂക്കോട് കോളനി റോഡ് |
| 8 | താത്രിക്കുളം റോഡ് |
| 9 | കോട്ടായി റോഡ് |
| 9 | അരിയക്കപ്പൊടം വരാക്കര റോഡ് |
| 10 | കാവല്ലൂർ ബ്രാഞ്ച് റോഡുകൾ |
| 10 | അയ്യപ്പൻകുന്ന് റോഡ് |
| 10 | പച്ചളിപ്പുറം – പൊന്നാരിമൂല – കാര്യാട്ട് പീതാംബരൻമൂല റോഡ് |
| 11 | കോട്ടായി റോഡ് |

63

പട്ടിക 5

വാർഡ് പുതിയതായി നിർമിക്കേണ്ട റോഡുകൾ

| വാർഡ് | റോഡ് |
|---|---|
| 1 | ശക്തി സിറാമിസ് റോഡ് |
| 2 | ചിക്കിനിപ്പാടം ബണ്ട് റോഡ് |
| 2 | ചിക്കിനിക്കുളം റോഡ് |
| 3 | ചിക്കിനി - കല്ലംകുളം റോഡ് |
| 3 | കാളക്കല്ല് ലക്ഷം വീട് - സെന്റ് ഫ്രാൻസിസ് ക്ലേവർക്ക്സ് |
| 4 | ശ്രീകൃഷ്ണപുരം റോഡ് |
| 4 | കേളിത്തോട് - പീച്ചി കനാൽ ബണ്ട് റോഡ് |
| 4 | VLP സ്കൂൾ റോഡ് |
| 6 | വെണ്ടൂർ കനാൽ പാലം-പുറമ്പോക്ക് ബണ്ട് റോഡ് |
| 8 | പാലക്കുന്ന് - കാവല്ലൂർ റോഡ് |
| 9 | ചുക്കിരിക്കുന്ന്-കനാൽ ബണ്ട്- വരാക്കര MLA റോഡ് |
| 9 | കൊടകരപ്പാടം - വരാക്കരപുളിഞ്ചോട് റോഡ് |
| 11 | പയ്യാക്കര ഗിരിജൻ കോളനി റോഡ് |
| 11 | വരാക്കര - പീച്ചാമ്പിള്ളി - കാവല്ലൂർപ്പാടം - ആലേങ്ങാട് റോഡ് |
| 11 | പയ്യാക്കര - വേപ്പൂർ ലിങ്ക് റോഡ് |
| 11 | പയ്യാക്കര ഫാം റോഡ് |

ഇതിനുപുറമെ ഗ്രാമസഭയിലെ റിപ്പോർട്ടുകളിൽ പുതിയതായി പല റോഡുകൾക്കും സ്ഥലം ലഭിക്കുവാൻ സാധ്യതയുള്ളതായി കാണുന്നു. ഈ റോഡുകൾ പണിയുവാൻ പഞ്ചായത്തിന് സറണ്ടർ കച്ചീട്ട് ലഭിക്കുന്ന മുറയ്ക്ക് റോഡുകൾ നിർമ്മിക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## ഊർജ്ജം

പ്രധാനമായും വൈദ്യുതിയാണ് ഈ തുറയിൽ ചർച്ച ചെയ്യപ്പെടുന്നത്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ (ബയോഗ്യാസ്, പുകയില്ലാത്തഅടുപ്പുകൾ, സൗരറാന്തലുകൾ) എന്നിവ പലയിടത്തുമുണ്ടെങ്കിലും വ്യാപകമല്ല.

പുതുക്കാട് സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. വരന്തരപ്പിള്ളി, പുതുക്കാട് എന്നീ സെക്ഷനുകളുടെ കീഴിലാണ് പഞ്ചായത്തിലെ മൊത്തം ഉപഭോക്താക്കൾ ഉള്ളത്. പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള 28 ട്രാൻസ്ഫോർമറുകളിലായി നിലവിൽ യഥാക്രമം ഗാർഹികം, വ്യാപാരം, വ്യവസായം, കാർഷികം എന്നിങ്ങനെ 3127, 145, 81, 293 കണക്ഷനുകൾ ഉണ്ട്. അപേക്ഷ സമർപ്പിച്ചിട്ടും കണക്ഷൻ ലഭിക്കാത്തവരുടെ എണ്ണം 653 ആണ്. പഞ്ചായത്ത് അതിർത്തിയിലെ ഇലക്ട്രിക്ക് പോസ്റ്റുകളിൽ കെ.എസ്.ഇ.ബി. രേഖയനുസരിച്ച് 40 Wന്റെ 686 ബൾബുകളും, 79 ട്യൂബുകളും ഉണ്ട്. ഇതിനായി പഞ്ചായത്ത് കെ.എസ്.ഇ.ബി.യ്ക്ക് 9685 രൂപ പ്രതിമാസം അടയ്ക്കുന്നുണ്ട്. ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും താരതമ്യം ചെയ്യുമ്പോൾ ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ പ്രധാന വൈദ്യുതി ഉപഭോക്താവ് എൻ.ടി.സി യുടെ കീഴിലുള്ള അളഗപ്പ ടെക്സ്റ്റൈൽസും, കളിമൺവ്യവസായ സ്ഥാപനങ്ങളും ആണ്. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചോ, നിലവിലുള്ളവയുടെ കപ്പാസിറ്റി വർദ്ധിപ്പിച്ചോ വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിലെ 3-ാം വാർഡിൽ പുളിഞ്ചോട് - സൂര്യഗ്രാമം റോഡിൽ ലക്ഷം വീട് കോളനിയിലും കൈതക്കുളം ഭാഗത്തും, 8-ാം വാർഡിൽ പാലക്കുന്ന് - ലക്ഷം വീട് വഴിയും, പൂക്കോട് ഹരിജൻ കോളനിവഴിയും, 11-ാം വാർഡിൽ പയ്യാക്കരയിലും, ഗിരിജൻ കോളനിയിലും ഇതുവരെയും വൈദ്യുതി എത്തിയിട്ടില്ല എന്ന വസ്തുത ദുഃഖകരമാണ്. ടിസ്ഥലങ്ങളിൽ എത്രയും വേഗം വൈദ്യുതി എത്തിക്കേണ്ടതാണ്. പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്തയിടങ്ങളിൽ സ്ഥാപിക്കുകയും, ഉള്ളവ കാര്യക്ഷമമാക്കുകയും വേണം. 6-ാം വാർഡിലെ 'മഡോണ' ഓട്ടുകമ്പനിക്ക് വേണ്ടി സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ നിന്ന് ശേഷിച്ച വൈദ്യുതി വാർഡിലെ ഇതര ഭാഗങ്ങളിൽ വിതരണം ചെയ്യണം.പഞ്ചായത്തിൽ പാരമ്പര്യേതര ഊർജ്ജവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതു വളരെ കുറവാണ്. ബയോഗ്യാസ് പ്ലാന്റുകളുടേയും മെച്ചപ്പെട്ട പുകയില്ലാത്ത അടുപ്പുകളുടേയും പ്രചാരം വർദ്ധിപ്പിക്കേണ്ടതാണ്. സൗരോർജ്ജ വൈദ്യുതി, മെച്ചപ്പെട്ട ഇലക്ട്രിക് ബൾബുകൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി അനർട്ട് പോലുള്ള സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി പഞ്ചാ

യത്തിൽ ടി സ്ഥാപനങ്ങളുടെ ശാഖ ആരംഭിക്കേണ്ടതാണ്. പെട്രോളിയം ഗ്യാസിന്റെ വിതരണം കാര്യക്ഷമമാക്കണം. പഞ്ചയാത്ത് അതിർത്തിയിൽ നിലവിലുള്ള 28 ട്രാൻസ്ഫോർമറുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. പോളിടെക്നിക്
2. നാഷണൽ
3. മേരീമാതാ
4. വെണ്ടൂർ നമ്പർ 1
5. വെണ്ടൂർ നമ്പർ 2
6. വെണ്ടൂർ നമ്പർ 3
7. സുറായി പള്ളി
8. യുണൈറ്റഡ് വർക്സ്
9. സെന്റ് ജോസഫ് ടൈൽസ്
10. മണ്ണംപേട്ട
11. വിക്ടറി ഗ്രാനൈറ്റ്
12. സദാകൃഷ്ണ
13. കുണ്ടുപറമ്പിൽ
14. മണ്ണംപേട്ട I
15. മണ്ണംപേട്ട II
16. പച്ചളിപ്പുറം
17. വട്ടണാത്ര
18. പൂക്കോട്
19. പാലക്കുന്ന്
20. വരാക്കര കപ്പേള റോഡ്
21. വരാക്കര നമ്പർ 1
22. വരാക്കര നമ്പർ 2
23. കാളക്കല്ല്
24. മേരീമാതാ
25. സെന്റ് ഫ്രാൻസിസ്
26. പുളിഞ്ചോട്
27. കുന്നത്തുപാടം
28. പാലക്കുന്ന് കോളനി

## മാർക്കറ്റ്

ഈ പഞ്ചായത്തിലെ പ്രധാന കാർഷികവിളകൾ നാളികേരം, നെല്ല്, പച്ചക്കറികൾ, വെറ്റില, കുരുമുളക്, അടയ്ക്ക ഇത്യാദിയാണ്. ഇവയുടെ ക്രയവിക്രയങ്ങൾക്കായി പഞ്ചായത്തിൽ ഒരു മാർക്കറ്റ് ഇല്ല. മറ്റ് സമീപപഞ്ചായത്തുകൾക്കു കൂടി സൗകര്യപ്രദമായ രീതിയിൽ പ്രധാനസ്ഥലത്ത് ഒരു മാർക്കറ്റ് ആരംഭിക്കണം. പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം കൂടിയാണിത്.

65

# വനിത

സമൂഹത്തിലെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ അർഹമായ പങ്കാളിത്തം ഉറപ്പുവരുത്താതെ സാമൂഹ്യവികസനം അസാധ്യമാണ്. ആദ്യകാലങ്ങളിൽ സ്ത്രീകളുടെ സാമൂഹ്യപങ്കാളിത്തം തീരെ കുറവായിരുന്നു. വിദ്യാഭ്യാസവും തൊഴിലുമെല്ലാം അവർക്ക് അന്യമായിരുന്നു. വീടിന്റെ ഉമ്മറത്തേക്ക് പോലും പ്രവേശനമില്ലാതെ അടുക്കളയിൽ മാത്രം കഴിഞ്ഞു കൂടുക എന്നത് നിയോഗമായി കരുതിയിരുന്ന കാലമായിരുന്നു അത്. വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ ഈ പ്രവണത വളരെ കൂടുതലായും കണ്ടിരുന്നു. 1991 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 12912 ആണ്. പുരുഷന്മാരേക്കാൾ 471 എണ്ണം കൂടുതലാണിത്.

ഹൈസ്കൂൾ വിദ്യാഭ്യാസം വരെ ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ്. എന്നാൽ അതിനു ശേഷം പെൺകുട്ടികളുടെ പഠനം കുറയുന്നു, ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ വിശേഷിച്ചും. ഇതിന്റെ പ്രതിഫലനം തൊഴിൽ മേഖലയിലും ദൃശ്യമാണ്. ഇതിനൊരപവാദം സ്കൂൾ അധ്യാപകരുടെ എണ്ണത്തിലാണ്. അവിടെ മഹാഭൂരിപക്ഷവും വനിതാ അധ്യാപകരാണ്. പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ അളഗപ്പ ടെക്സ്റ്റൈൽസിൽ 30% സ്ത്രീകളാണുള്ളത്. കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി ക്രഷേ സംവിധാനവും ഇവിടെ നിലിൽക്കുന്നു. ഇവിടെ മാത്രമാണ് തുല്യജോലിക്കു തുല്യവേതനം ലഭിക്കുന്നത്. മഹാഭൂരിപക്ഷം പേരും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. കാർഷികമേഖലയിലെ ആധുനിക വൽക്കരണം മൂലം കർഷികതൊഴിലാളികൾ കെട്ടിടനിർമ്മാണ മേഖലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങൾ കുറവാണ്. 1990ലെ സാക്ഷരതാ പ്രവർത്തനം മൂലം നിരക്ഷരതയിൽ നിന്നും മോചനം നേടിയവർ സ്ത്രീകളാണ് കൂടുതൽ. നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ നിരക്ക് 86% ആണ്. കളിമൺ വ്യവസായമാണ് സ്ത്രീകൾ കൂടുതലായുള്ള മറ്റൊരു തൊഴിൽ മേഖല. നമ്മുടെ പഞ്ചായത്തിൽ 7 മഹിളാസമാജങ്ങളും ഒരു വനിതാ സഹകരണ സംഘവും ബ്ലോക്കിന്റെ കീഴിൽ മൂന്ന് CPWP ബാലവാടികളും ഒരു പട്ടികജാതി ബാലവാടിയും സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ ഒരു ബാലവാടിയും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെയെല്ലാം പ്രവർത്തനം തൃപ്തികരമാണെന്ന് പറയാനാകില്ല.

## പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മയാണ് സ്ത്രീകൾക്കിടയിലുള്ള പ്രധാന പ്രശ്നം. സാമ്പത്തിക പരാധീനത അവരുടെ സാമൂഹ്യ അഭിവൃദ്ധിക്ക് തടസ്സമായി നിൽക്കുന്നു. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് വളരെ കുറവാണ്. ഉദാഹരണം: കാർഷിക മേഖല, സ്വകാര്യസ്ഥാപനങ്ങളിലെ സെയിൽസ് ഗേൾ തുടങ്ങിയവ.

2. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. പൊതു രംഗത്തേക്ക് കടന്നു വരുന്ന സ്ത്രീകളെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്. കുടംബത്തിന്റെയും കുട്ടികളുടെയും സംരക്ഷണം, വീട്ടിലെ പുരുഷൻമാരുടെ നിരുത്സാഹപ്പെടുത്തൽ എന്നിവ സ്ത്രീകളുടെ പൊതു പ്രവർത്തനത്തിന് വിഘാതമായി വർത്തിക്കുന്നു.

3. വിവിധങ്ങളായ പ്രാരാബ്ധങ്ങൾ നിമിത്തം കലാസാഹിത്യാദി മേഖലകളിൽ സ്ത്രീകളുടെ ഇടപെടൽ കുറവാണ്. ഗൗരവമാർന്ന വായനക്ക് ഉള്ള സൗകര്യങ്ങളോ സംവിധാനങ്ങളോ ഫലപ്രദമല്ല. ഗ്രാമീണ വായനശാലകളുടെ പ്രവർത്തനം പോലും വനിതകൾക്ക് അനുയോജ്യമായ സമയത്തല്ല നടക്കുന്നത്.

4. സ്ത്രീധന സമ്പ്രദായം നിയമം മൂലം നിരോധിച്ചെങ്കിലും അതിന്റെ സാന്നിദ്ധ്യം ഒരു ക്രൂരയാഥാർത്ഥ്യമാണ്. പണവും ആഭരണങ്ങളും വിവാഹക്കരാറിലെ മുഖ്യ ഘടകങ്ങളായി തീർന്നിരിക്കുന്നതിനു പുറമെ ആർഭാടകരമായ വസ്ത്രഭ്രമവും വിപുലമായ സദ്യകളും വിവാഹങ്ങളെ ഉത്സവചരായയുള്ളതാക്കി തീർക്കുന്നു. തന്മൂലം നിർദ്ധനരും സാമ്പത്തിക ശേഷിയില്ലാത്തവരുമായ പെൺകുട്ടികളുടെ വിവാഹം ഒരു ദുഃഖ സ്വപ്നമായി അവശേഷിക്കുന്നു.

5. സ്വന്തമായി ഭൂമിയുള്ള സ്ത്രീകൾ വളരെ കുറവാണ്. വീട്ടുജോലികൾക്കുപുറമെ ചെയ്യാവുന്ന മറ്റു ചെറു സംരംഭങ്ങൾക്കും മതിയായ പ്രോത്സാഹനം കിട്ടുന്നില്ല. ആടുമാടുകളെ വളർത്തൽ, പച്ചക്കറി കൃഷി, ടൈലറിങ്ങ് തുടങ്ങിയ

തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കടുക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും ലഭിക്കുന്നില്ല.

6. സർക്കാർ സഹായപദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ലാത്തതിനാൽ ആ പദ്ധതികളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

7. വിദ്യാലയങ്ങളിലെ പാഠ്യേതരവിഷയങ്ങളിൽ പൊതുവെ പെൺകുട്ടികൾ പ്രത്യക്ഷപ്പെടുന്നില്ല.

8. തൊഴിൽ നേടാൻ ആവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല. തൊഴിൽ നിയമങ്ങളെ കുറിച്ചുള്ള അവരുടെ അറിവുകുറവ് ചൂഷണം വർദ്ധിക്കാൻ ഇടയാക്കുന്നു.

9. രോഗാതുരതയിൽ സ്ത്രീകളുടെ നിരക്ക് ഉൽകണ്ഠാജനകമാണ്. 1995 – 96 വർഷത്തിൽ പഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിൽ എത്തിയ രോഗികളിൽ 1404 സ്ത്രീകളും 652 പുരുഷൻമാരുമാണ് ഉള്ളത്. ഇതര ആശുപത്രികളിലും ഈ അനുപാതം തുടരുകയാണ്.

## സാധ്യതകൾ

1. സാമ്പത്തിക സ്വയം പര്യാപ്തത നേടിയെടുക്കാൻ കഴിയും വിധം വനിതകൾക്ക് വിവിധ തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കിയെടുക്കാൻ മുൻകൈ എടുക്കണം. ഒരു സഹകരണ സംഘം രൂപീകരിച്ചുകൊണ്ട് അതുവഴി ഇറച്ചി കോഴി, മുട്ട, മുയൽ, കാട എന്നിവയുടെ വളർത്തൽ ഒരു തൊഴിൽ സംരംഭമായി വനിതകൾക്ക് ഏറ്റെടുക്കാനാകും. ഇവയുടെ വിപണനം സഹകരണസംഘത്തിന് നിർവ്വഹിക്കാവുന്നതാണ്.

2. വിവിധയിനം അച്ചാറുകളുടെ നിർമ്മാണം, വിവിധയിനം ഉപ്പേരികളുടെ നിർമ്മാണം, പൈനാപ്പിൾ, മാങ്ങ, പഴം, തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള പാനീയങ്ങളുടെ നിർമ്മാണം, വിവിധയിനം ജാമുകളുടെ നിർമ്മാണം, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയും ഈ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാവുന്നതാണ്.

3. ടൈലറിങ്ങ്, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, അടുക്കള തോട്ടങ്ങൾ, ആടുമാടുവളർത്തൽ തുടങ്ങിയ സംരംഭങ്ങൾ വനിതകൾക്ക് കുടുംബസംരക്ഷണത്തോടൊപ്പം നിർവ്വഹിക്കാവുന്നതാണ്. അവയെ പ്രോത്സാഹിപ്പിക്കണം.

4. വിദ്യാസമ്പന്നരായ യുവതികൾക്ക് ഏറ്റെടുത്ത് നടത്താവുന്ന വിവധ ഏജൻസി, കമ്മീഷൻ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. നാഷ്ണൽ സേവിംഗ്സ് പദ്ധതി, പോസ്റ്റോഫീസ് നിക്ഷേപങ്ങൾ, സഹകരണബാങ്ക്നിക്ഷേപവായ്പാ കളക്ഷൻ, യൂണിറ്റ് ട്രസ്റ്റ് ഇൻഷുറൻസ് സംരംഭങ്ങൾ എന്നിവ കര്യക്ഷമമായി നടക്കുന്ന അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

5. ആത്മവിശ്വാസക്കുറവും മുൻപരിചയമില്ലായ്മയുമാണ് സ്ത്രീജനങ്ങൾ കർമ്മരംഗത്തേക്ക് കടന്നു വരാതിരിക്കുന്നതിന്റെ പ്രധാന കാരണം. കൂട്ടായ്മയിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും വിധം വാർഡുതലത്തിൽ ഓരോ മഹിളാസഹകരണവേദികളും പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രീയ വനിതാ സമിതിയും രൂപീകരിക്കുന്ന കാര്യം പരിഗണിക്കണം.

6. വ്യക്തിഗത പദ്ധതികൾക്കു പകരം DWCRA പോലുള്ള ഗ്രൂപ്പു സംരംഭങ്ങളും തൊഴിൽ വൈദഗ്ദ്ധ്യം പഠിപ്പിക്കുന്ന (ഉദ: ടൈപ്പ്റൈറ്റിങ്ങ്, എംബ്രോയ്ഡറി, കുട നിർമ്മാണം, പപ്പടനിർമ്മാണം) പരിശീലന സംവിധാനങ്ങളും മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

7. 3–ാം വാർഡിൽ ഇപ്പോൾ പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വിപുലപ്പെടുത്തുകയും വേണം.

8. അർഹരായ മുഴുവൻ ആളുകൾക്കും അഗതി പെൻഷൻ, വിധവാ പെൻഷൻ, മാതൃസഹായ പദ്ധതി ആനുകൂല്യങ്ങൾ എന്നിവ കിട്ടുന്നു എന്നുറപ്പാക്കണം.

9. അംഗൻ വാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, പശ്ചാത്തല സൗകര്യങ്ങൾ പുഷ്ടിപ്പെടുത്തുക.

10. സ്ത്രീ നിയമങ്ങളെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലന സംരംഭങ്ങൾ എന്നിവ തുടർച്ചയായി ലഭ്യമാക്കുക.

11. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വനിരയിൽ വനിതകളുടെ പങ്കാളിത്തമുണ്ടാക്കാൻ ബോധപൂർവ്വശ്രമം വേണം.

12. ഗ്രാമീണ വായനശാലകൾ, ആർട്സ് ക്ലബ്ബുകൾ, കലാസമിതികൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയും വിധം പ്രവർത്തനം ചിട്ടപ്പെടുത്തുക. ഇവയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രതിമാസക്ലാസ്സുകളിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ കൂടി ചർച്ചാവിഷയമാക്കുക.

13. അവകാശങ്ങൾ തിരിച്ചറിയുകയും അതു നേടിയെടുക്കാൻ കഴിയുന്നതും സംഘടിത രൂപങ്ങളിലൂടെയാണ്. വനിതകളും ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിന്റെ പാതയായി സ്വീകരിക്കേണ്ടത്

67

# വ്യവസായം

പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളെ അപേക്ഷിച്ച് പടിഞ്ഞാറൻ പ്രദേശത്താണ് വ്യവസായിക സംരംഭങ്ങൾ കൂടുതലായിട്ടുള്ളത്. 964 തൊഴിലാളികൾ ജോലിയെടുക്കുന്ന അളഗപ്പടെക്സ്റ്റയിൽസാണ് ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനം. സ്വാതന്ത്ര്യ സമ്പാദാനത്തിനു മുമ്പുതന്നെ സ്ഥാപിതമായ ഈ സ്ഥാപനം ആമ്പല്ലൂരിന്റെ മുഖഛായ മാറ്റിയെടുത്തതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. 350 – ഓളം പേർ പണിയെടുക്കുന്ന 17 ഓട്ടുകമ്പനികളാണ് പഞ്ചായത്തിലെ വ്യവസായസ്ഥാപനങ്ങളിൽ രണ്ടാം സ്ഥാനത്ത്. ഈ സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. മറ്റു ചെറുകിട കുടിൽ വ്യവസായങ്ങളായി 100 ലധികം യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്വകാര്യ സംരംഭങ്ങളായി പ്രവർത്തിച്ചുവരുന്നു. വ്യവസായ സംരഭങ്ങൾക്കുള്ള പ്രധാനപ്പെട്ട മാർഗ്ഗതടസ്സം വൈദ്യുതി തന്നെയാണ്. കാർഷിക വിളകളുമായി ബന്ധപ്പെട്ട് നിരവധി ചെറുകിട സംരംഭങ്ങൾക്ക് സാധ്യതകൾ ഉണ്ട്. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതയുണ്ടായിട്ടും മൂലധന അപര്യാപ്തത മൂലം നിരവധി സംരംഭങ്ങൾ ഉപേക്ഷിക്കുന്നതായി കാണുന്നു. നിത്യോപയോഗ സാധനങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വനിതായൂണിറ്റുകൾക്കും ഒട്ടേറെ സാധ്യതകൾ ഉണ്ട്.

**പഞ്ചായത്തിലെ വ്യവസായ സംരംഭങ്ങൾ**

| ഇനം | ആകെ യൂണിറ്റുകൾ | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | |
| 1. പൊതുമേഖല അളഗപ്പ ടെക്സ്റ്റയിൽസ് | 1 | 246 | 718 | 964 |
| 2. സ്വകാര്യസംരംഭങ്ങൾ ഓട് വ്യവസായം | 17 | 250 | 100 | 350 |
| 3. ക്രഷർ | 3 | 4 | 8 | 12 |
| 4. തടിവ്യവസായം | 6 | – | 30 | 30 |
| 5. ഹോളോബ്രിക്സ് | 3 | 3 | 9 | 12 |
| 6. കല്ലാര 1 – 4 4 | | | | |
| 7. നെല്ലുകുത്തുയൂണിറ്റുകൾ | 9 | – | 18 | 18 |
| 8. റബർ ബാന്റ് | 1 | 10 | – | 10 |
| 9. ക്രിസ് നിർമ്മാണം | 1 | – | 5 | 5 |
| 10. സോഡ | 4 | – | 8 | 8 |
| 11 ഭക്ഷ്യസംസ്ക്കരണം ബേക്കറി | 2 | – | 15 | 15 |
| 12. റിപ്പയറിങ്ങ് വർക്ക്ഷോപ്പ് | 9 | – | 50 | 50 |
| 13. എഞ്ചിനീയറിംഗ് | 6 | – | 24 | 24 |
| 14. കൊപ്ര സംസ്കരണം | 7 | 6 | 24 | 30 |
| 15. ആയുർവ്വേദമരുന്നുകൾ | 2 | 16 | 4 | 20 |
| 16. അച്ചാറു നിർമ്മാണം | 1 | – | ലഭ്യമല്ല | – |
| 17. ആണി – കുറ്റി കൊളുത്ത് | 1 | – | ലഭ്യമല്ല | — |
| 18. ആഭരണ നിർമ്മാണം | 20 | – | ലഭ്യമല്ല | – |
| 19. ഈറ്റ നെയ്ത്തു സഹകരണ സംഘം | 1 | – | ലഭ്യമല്ല | – |
| 20. ചർക്ക – പഠിപ്പിക്കൽ | 1 | 10 | – | 10 |
| 21. ആർട്ടിഫിഷ്യൽ ഡയമണ്ട് | – | 5 | 10 | 15 |
| | | 550 | 1027 | 1577 |

68

## പ്രധാന വ്യവസായിക പ്രശ്നങ്ങൾ

**1. ഓട് വ്യവസായം**

a. സ്ത്രീ തൊഴിലാളികൾ ഗണ്യമായ അളവിൽ ഉപജീവനം കണ്ടെത്തിയിട്ടുള്ള മേഖലയാണിത്. എന്നാൽ അസംസ്കൃത വസ്തുക്കളായ വിറക്, വൈദ്യുതി, കളിമണ്ണ് എന്നിവയുടെ ദൗർലഭ്യം ഈ മേഖലയെ ഗ്രസിച്ചിരിക്കുന്ന പ്രധാന ഭീഷണിയാണ്.

b. പുതിയ ഓട്ടു കമ്പനികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ മൂലം കുറഞ്ഞ ചിലവിൽ അവയുടെ ഉൽപന്നങ്ങൾ വിപണിയിലെത്തുന്നു. പഴയ യൂണിറ്റുകൾക്ക് അവ വൻകിടയായാൽ പോലും പുതിയവയോട് മത്സരിക്കാൻ കഴിയാത്തതിനാൽ അവ അടച്ചു പൂട്ടപ്പെടുകയോ പൊളിച്ചുമാറ്റുകയോ ചെയ്യപ്പെടുന്നു.

c.ലോഡ് ഷെഡിംഗ് മൂലവും മറ്റും ഭാഗിക ഉൽപാദനം മാത്രമേ സാധ്യമാകുന്നുള്ളു. ഇത് വ്യവസായ നിലനിൽപ്പിനെ ബാധിച്ചുകൊണ്ടിരിക്കുന്നു.

d. വർഷങ്ങളായി ജോലി ചെയ്തുവരുന്ന തൊഴിലാളികളെ താല്ക്കാലികതൊഴിലാളികൾ എന്ന പേരിൽപ്പെടുത്തി ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം ചിലയിടത്തെങ്കിലുമുണ്ട്.

e. അയൽ ജില്ലകളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും കുടുംബത്തോടെ വന്ന് തൊഴിൽ നിയമങ്ങളൊന്നും പരിഗണിക്കാതെ ഇത്തരം സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ കുടിയേറുന്ന പ്രവണത വ്യാപകമാകുന്നു. ഇത് നിരവധി സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

f. അയൽ സംസ്ഥാനത്തേക്ക് ഓട് കയറ്റിയയക്കുന്നതിനു വേണ്ട റെയിൽ ഗതാഗത സൗകര്യ കുറവ് പ്രധാനപ്പെട്ട പ്രശ്നമാണ്.

**2. അളഗപ്പ ടെക്സ്റ്റയിൽസ്**

ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന വെല്ലുവിളികളുടെ ഭാഗമായി ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രശ്നങ്ങളും ഉയർന്നു വന്നിട്ടുണ്ട്. പുതിയ സാമ്പത്തിക നിയമങ്ങളുടെ രീതിയനുസരിച്ച് രോഗഗ്രസ്ത വ്യവസായങ്ങളെ അടച്ചുപൂട്ടുന്ന ദിശയിലേക്ക് നീങ്ങിയാൽ ഈ പ്രദേശത്തെ ജനജീവിതത്തെ അത് സാരമായി ബാധിക്കും. BIFR കോടതിയുടെ നിരീക്ഷണത്തിലിരിക്കുന്ന ഒരു സ്ഥാപനമാണിത്.

ഈ സ്ഥാപനത്തിലെ ഉൽപ്പന്നങ്ങൾ വസ്ത്ര നിർമ്മാണ രംഗത്ത് വളരെ പ്രശസ്തിയുള്ളതാണ്. കൂടുതൽ വിപുലീകരണവും ആധുനികവൽക്കരണവും സാധ്യമാക്കികൊണ്ട് ഇപ്പോഴത്തെ വെല്ലുവിളികളെ അതിജീവിക്കാൻ ശ്രമങ്ങൾ വേണം. വൈദ്യുതി ക്ഷാമത്തിന്റേതായ പ്രശ്നങ്ങളും ഈ കമ്പനിയുടെ നിലനിൽപ്പിനെ ബാധിച്ചേക്കാവുന്ന ഘടകമാണ്.

**3. തടിവ്യവസായം**

മരത്തിന്റെയും വൈദ്യുതിയുടെയും ദൗർലഭ്യം മൂലം ഈ സ്ഥാപനങ്ങൾ കടുത്ത പ്രതിസന്ധിയെ നേരിടുന്നു.

**4. ഹോളോബ്രിക്സ്**

ഏറെ വിപണന സാധ്യതകളുള്ള ഒരു സംരംഭമാണിത്. ധാരാളം തൊഴിലവസരങ്ങളും എന്നാൽ മൂലധനത്തിന്റെ അപര്യാപ്തത ഈ സന്ദർഭങ്ങളെ ശോഷിപ്പിക്കുന്നു. ധനകാര്യസ്ഥാപനങ്ങളുടെ ഉദാരസമീപനം അർഹിക്കുന്ന ഒരു മേഖലയാണിത്.

**5. ക്രഷർ യൂണിറ്റ്**

മൂന്നു ക്രഷർ യൂണിറ്റുകളാണ് ഈ പഞ്ചായത്തിലുള്ളത്. ശബ്ദമലിനീകരണവും അന്തരീക്ഷമലിനീകരണവും പ്രധാനപ്പെട്ട പ്രശ്നങ്ങളായി ഉയർന്നു വന്നിട്ടുണ്ട്. ഇവ പരിഹരിക്കാൻ യൂണിറ്റ് ഉടമസ്ഥർ തയ്യാറാകണം.

**6.കല്ലോര വ്യവസായം**

രണ്ട് സ്വകാര്യ സ്ഥാപനങ്ങളും ഒരു സഹകരണ സംരംഭവുമാണ് ഇവിടെ പ്രവർത്തിക്കുന്നത്. വിപണികണ്ടെത്തുന്നതിലുള്ള പ്രയാസങ്ങളും മേൽനോട്ടത്തിന്റെ അപര്യാപ്തതയും മൂലം ഇവ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

**7. ഈറ്റ – പനമ്പ്**

മണ്ണംപേട്ട അംബേദ്ക്കർ കോളനിയിൽ പ്രവർത്തിക്കുന്ന ഈ സഹകരണസ്ഥാപനം വേണ്ടത്ര പ്രവർത്തനക്ഷമമല്ല. അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യതയില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്.

**8. ആഭരണ നിർമ്മാണം**

സ്ത്രീ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാവുന്ന മേഖലയാണിത്. പരിശീലനത്തിന്റെ അപര്യാപ്തത ഇവയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയുണ്ട്. വിപണന രംഗത്തെ ഇടത്തട്ടുക്കാരുടെ ചൂഷണവും വ്യവസായത്തെ ദോഷകരമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ / സാധ്യതകൾ

1. നമ്മുടെ പഞ്ചായത്തിലെ 8,9,11 വാർഡുകളിൽ നിന്നും ലഭിക്കാവുന്ന റബ്ബർതടി സംസ്കരിച്ച് ഫർണിച്ചർ ഉൽപാദനത്തിനും വീട്ടുപകരണ നിർമ്മാണത്തിനും സാഹചര്യം ഒരുക്കാവുന്നതാണ്. പഞ്ചായത്തുടമസ്ഥതയിലോ സഹകരണാടിസ്ഥാനത്തിലോ സംരംഭം തുടങ്ങിവെക്കാം. ഇപ്പോൾ നിലവിലുള്ള റബ്ബർ ബാന്റ് സംരംഭത്തെ വിപുലീകരിക്കാനും നവീകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയും. കൂടാതെ കാർപ്പറ്റ്, കവർ, കുപ്പി, ബുഷ്, ചെരിപ്പുകൾ എന്നിവ ഉണ്ടാക്കുന്ന സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കണം.

2. ടെക്സ്റ്റയിൽ രംഗത്ത് നൂൽചുറ്റുന്നതിന് ആവശ്യമായ കോൺ, കവർ, കുട്ടകൾ, എന്നിവ ഉണ്ടാക്കുന്ന ഒരു വ്യവസായ സംരംഭം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുകയും അത്തരം ഉൽപ്പന്നങ്ങൾ അളഗപ്പ ടെക്സ്റ്റയിൽസിൽ തന്നെ കൊടുക്കാനും കഴിഞ്ഞാൽ വിപണനപ്രശ്നവും പരിഹിരക്കപ്പെടും. വളരെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്ന ഒരു സംരംഭമാണിത്.

3. റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും, തയ്യൽ യൂണിറ്റുകളും ആരംഭിക്കുക.

4. നോട്ട് ബുക്ക് നിർമ്മാണം ഒരു പ്രധാന കുടിൽ വ്യവസായമാണ്. നിരവധി നിർദ്ദേശങ്ങളും സന്നദ്ധതയും ഈ രംഗത്ത് പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തുതല സംരംഭമായി തുടങ്ങാവുന്നതാണ്.

5. പ്രധാന കാർഷികോല്പ്പന്നമായ നാളികേരസംസ്കരണയൂണിറ്റുകൾ തുടങ്ങുക. അതുപോലെ സോപ്പു നിർമ്മാസംരംഭങ്ങൾക്ക് വനിതായൂണിറ്റുകൾ ആരംഭിക്കുക.

6. കാലിത്തീറ്റയുടെ നിർമ്മാണത്തിന് ഏറെ പ്രാധാന്യമുണ്ട്. മൃഗപരിപാലന രംഗത്തെ പ്രധാന പ്രശ്നം കാലിത്തീറ്റയുടേതാണ്. പഞ്ചായത്ത് മുൻകൈ എടുത്ത് ധനസമാഹരണം സാധ്യമാക്കിയാൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാനാകും

7. ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള സന്നദ്ധത 8, 9, വാർഡുകളിൽ നിന്നും വന്നിട്ടുണ്ട്. അവയെ പ്രോത്സാഹിപ്പിക്കണം.

8. ആർട്ടിഫിഷൽ ഡയമണ്ട് നിർമ്മാണത്തിന് വിപണന സാധ്യതയുണ്ട്. സഹകരണസംരംഭത്തിന് സാധ്യതകളുണ്ട്. നിലവിലുള്ളവരെ കാര്യക്ഷമമാക്കുകയും വിവധവാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പുതിയ സംരംഭങ്ങളെ കുറിച്ച് ആലോചിക്കുകയും വേണം.

9. നിലവിലുള്ള ഈറ്റ, മുള നെയ്ത്തു സംരംഭത്തെ കാര്യക്ഷമമാക്കുകയും ബാംബൂ കോർപ്പറേഷനിൽ നിന്നും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുകയും വേണം. 9–ാം വാർഡിൽ മറ്റൊരു പുതിയ യൂണിറ്റ് സ്ഥാപിക്കാൻ സന്നദ്ധരായവരുണ്ട്.

10. സ്റ്റീൽ അലമാരകൾ, പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് ധാരാളം വിപണന സാധ്യതകളുണ്ട്. പഞ്ചായത്ത് മുൻകൈ എടുത്ത് ആരംഭിക്കാവുന്ന പദ്ധതിയാണിത്.

11. വനിതകൾക്ക് തൊഴിൽ സാധ്യതകളും വൈദഗ്ധ്യവുമുള്ള അച്ചാർ നിർമ്മാണം വനിതാ സഹകരണ സംരംഭമായി വിവിധ വാർഡുകളിൽ ആരംഭിക്കാവുന്നതാണ്. വിപണനത്തിനു വേണ്ടി സൗകര്യങ്ങളും സാധ്യമാണ്.

12. വട്ടണാത്രയിലുണ്ടായിരുന്ന ഖാദി യൂണിറ്റിനെ പുനരുദ്ധരിക്കുവാൻ ശ്രമിക്കണം. നേരത്തെ 20 പേർക്ക് തൊഴിലവസരം സാധ്യമാക്കിയിരുന്ന യൂണിറ്റാണിത്. ഉൽപാദിപ്പിക്കുന്ന നൂൽ ഖാദി ബോർഡ് മുഖാന്തിരം വിൽക്കാനും കഴിയും.

13. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ചെറുപ്പക്കാരെ ഉപയോഗിച്ചുകൊണ്ട് ഇലക്ട്രോണിക്ക് ചോക്ക്, മിനി ട്രാൻസ്ഫോർമർ, എമർജൻസി ലാമ്പ് എന്നിവയുടെ നിർമ്മാണത്തിന് വിജയസാധ്യതകൾ ഉണ്ട്. വൻകിട കമ്പനികളുമായി ബന്ധപ്പെട്ട് ഇവയുടെ വിപണന സാധ്യതയും എളുപ്പമാക്കാനാകും.

14. വിവിധ വ്യവസായ സംരംഭങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കണം.

15. ട്രൈസം പോലുള്ള തൊഴിൽ പരിശീലന പരിപാടികളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതോടൊപ്പം അവരെ അത്തരം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുത്താൻ പ്രേരിപ്പിക്കുകയും വേണം.

16. പഞ്ചായത്തിലെ വ്യവസായ തൽപരരുടേയും സാങ്കേതിക പരിജ്ഞാനമുള്ളവരുടേയും ധനകാര്യ സ്ഥാപനങ്ങളിലെ മേധാവികളുടേയും ഒരു കൂടിച്ചേരൽ വേദി ഉണ്ടാക്കുക. ലഭ്യമായ അസംസ്കൃത വസ്തുക്കളുടേയും വിഭവങ്ങളുടേയും അടിസ്ഥാനത്തിൽ ഒരു വ്യവസായ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

17. ഗൾഫ് പണത്തെ വ്യവസായിക നിക്ഷേപമാക്കി മാറ്റാനുള്ള പ്രേരണയും സാമൂഹ്യ സമ്മർദ്ധവും യാഥാർത്ഥ്യമാക്കുക.

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പൂർണ്ണമായും അളഗപ്പനഗർ പഞ്ചായത്ത് കാർഷിക മേഖലയായിരുന്നു. ആദ്യ ദശകങ്ങളിൽ പ്രധാന കാർഷിക വിളകൾ നെല്ല്, വാഴ, മറ്റ് നടീൽ വസ്തുക്കൾ എന്നിവയായിരുന്നു. 1920 നു ശേഷം പ്രധാനമായും വന്ന കൃഷി കവുങ്ങ്, തെങ്ങ്, എന്നിവയാണ്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കൃഷിക്കാർക്ക് നല്ല സാമ്പത്തിക വരുമാനം ഉണ്ടാക്കിയിരുന്ന വിളകളാണ് വെറ്റിലകൃഷിയും കുരുമുളക് കൃഷിയും. കന്നുകാലികളുടെ മേച്ചിൽ സ്ഥലങ്ങൾ കണക്കിൽ തരിശായി കാണുന്നുണ്ടെങ്കിലും ഈ തരിശ് ഭൂമികളിൽ പയറ്, മുതിര, മരച്ചീനി, ചേമ്പ്, ചേന, കിഴങ്ങ്, കൂർക്ക എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു. വർഷക്കാലങ്ങളിൽ പച്ചക്കറികൃഷി ചെറിയതോതിൽ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിലാണ് കശുമാവ് കൃഷിയും ഇത്തരം ഭൂമികളിൽ കൃഷിചെയ്യാൻ തുടങ്ങിയത്. പഞ്ചായത്തിന്റെ കിഴക്കൻ മലയോര പ്രദേശങ്ങളിലൊഴിച്ച് മറ്റെല്ലാ പ്രദേശത്തും ഏതാണ്ട് ഒരേ രീതിയിലാണ് അന്ന് കൃഷി നടത്തിയിരുന്നത്.

പഞ്ചായത്തിൽ അന്ന് വൻകിട ജന്മികളോ ഭൂസ്വാമിമാരോ ഉണ്ടായിരുന്നില്ല. മറ്റു തരത്തിൽ ഭൂമിയുടെ കേന്ദ്രീകരണം വലിയ തോതിൽ കാണാൻ കഴിയില്ല. ഇടത്തരം, ചെറുകിട ജന്മിമാരുടെ പാട്ടകൃഷിക്കാരായിരുന്നു ഭൂരിഭാഗവും. സ്വന്തമായ ഭൂമിയുള്ള കൃഷിക്കാരും ഉണ്ടായിരുന്നു. ഭൂമിയിൽ നിന്ന് കിട്ടിയിരുന്ന വിളവ് മോശമായിരുന്നു. നെല്ലാണെങ്കിൽ കൂടിയ വിളവ് ആറു മുതൽ പത്തു മേനിവരെ ആയിരുന്നു. പാട്ടകൃഷിക്കാർ കൊടിയ ദാരിദ്ര്യവും, കഷ്ടപ്പാടുകളുമാണ് അനുഭവിച്ചുകൊണ്ടിരുന്നത്.

1957 നും 71 നും ഇടക്ക് നടന്ന ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി ജന്മിത്തം പോയി, കൃഷിക്കാർ ഭൂമിയുടെ ഉടമകളായി. റവന്യൂ പുറമ്പോക്ക് ഭൂമികൾക്ക് പട്ടയം ലഭിച്ചു. കാർഷിക മേഖലയിൽ സജീവമായ മാറ്റമാണ് പിന്നീട് നമുക്ക് കാണാൻ കഴിയുന്നത്.

## ഇന്നത്തെ വിള

നെൽകൃഷി മേഖലയിൽ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും രാസവള പ്രയോഗവും വന്നതോടുകൂടി ആ മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിച്ചു. ഈ ഉത്സാഹം കൃഷിക്കാരിൽ അധികനാൾ നീണ്ടുനിന്നില്ല. കൂലി, വേല, വിത്ത്, വളം, ജലസേചനം, കേടുപാടുകൾ എന്നീ നാനാതരം സ്വഭാവത്തോടുകൂടിയ പ്രശ്നങ്ങളായപ്പോൾ നെൽകൃഷിക്കാരൻ അതിൽ നിന്ന് പിന്തിരിയാൻ തുടങ്ങി. നാണ്യ വിളകൾ കൃഷി ചെയ്യുന്നതിനാണ് അവർക്ക് കൂടുതൽ താല്പര്യം പിന്നീട് കണ്ടത്. പാടം നികത്തി തെങ്ങു വക്കുന്ന പ്രവണത വ്യാപകമായി. ഇപ്പോൾ റബ്ബർ കൃഷി ചെയ്യുന്ന രീതിയും കണ്ടുവരുന്നു. മറ്റ് കാർഷിക രംഗങ്ങളും പരിശോധിക്കപ്പെടേണ്ടതുണ്ട്.

**വിളകളുടെ വിശദീകരണം**

| വിളകളുടെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 1 നെല്ല് വിരിപ്പ് | 300 |
| മുണ്ടകൻ | 300 |
| പുഞ്ച | 13 |
| 2 തെങ്ങ് | 575 |
| ജലസേചനമുള്ളത് | 373 |
| ജലസേചനമില്ലാത്തത് | 222 |
| 3 കവുങ്ങ് | 100 |
| 4 റബ്ബർ | 107 |
| 5 വാഴ | 360 |
| 6 പച്ചക്കറി | 75 |
| 7 കശുമാവ് | 60 |
| 8 ഫലവർഗ്ഗങ്ങൾ | 56 |
| 9 കുരുമുളക് | 75 |
| 10 കിഴങ്ങു വർഗ്ഗം | 40 |
| 11 മാവ് | 35 |
| 12 എള്ള് | 25 |
| 13 ജാതി | 15 |
| 14 മറ്റുള്ളവ | 78 |

71

പ്രധാനവിളയായ തെങ്ങ് ഈ പഞ്ചായത്തിൽ 575 ഹെക്ടറിലാണ് കൃഷി ചെയ്യുന്നത്. അതിൽ 222 ഹെക്ടർ ഭൂമിയിൽ ജലസേചന സൗകര്യം ഇല്ല. പാടം നികത്തി തെങ്ങ് വക്കുന്നതുകൊണ്ട് ഇതിന്റെ വിസ്തീർണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ തെങ്ങിന്റെ ഉല്പാദന ക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിയാണ് ഉള്ളത്. കാറ്റുവിഴ്ച രോഗവും ഓല മഞ്ഞപ്പെട്ട് തെങ്ങിൻ തലപ്പ് ചെറുതായി വരുന്ന രോഗവും കണ്ടു വരുന്നുണ്ട്.

ജലസേചന സൗകര്യമുണ്ടെങ്കിൽ ആദായകരമായി കൃഷിചെയ്യാവുന്ന ഒന്നാണ് കവുങ്ങ് കൃഷി. മുൻപ് പഞ്ചായത്തിൽ ഈ കൃഷി വ്യാപകമായി ഉണ്ടായിരുന്നു. ഇവിടെ കൃഷിക്കാർ 'ചൊവ്വക്കേട്' എന്ന് വിളിച്ചിരുന്ന ഒരി രോഗത്തിന്റെ ഭാഗമായാണ് കവുങ്ങ് വെട്ടിക്കളഞ്ഞത്. നല്ല ആദായം ലഭിച്ചരുന്ന വെറ്റില കൃഷിയും കുരുമുളക് കൃഷിയും ഒരു തരം വാട്ടരോഗം വന്നാണ് നശിച്ചത്. ആദായകരം എന്ന് പറയാൻ കഴിയില്ലെങ്കിലും നമ്മുടെ പഞ്ചായത്തിൽ പണ്ടത്തെപോലെ വ്യാപകമായി കാണുന്ന ഒരു കൃഷിയാണ് വാഴ. പ്രകൃതിക്ഷോഭവും ചെമ്പൻചെല്ലിയുടെ ആക്രമണവും മൂലം വൻ നാശനഷ്ടമാണ് ഈ കൃഷിക്ക് ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുന്നത് പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ താരതമ്യേന ആദായകരമായി റബ്ബർ കൃഷി ചെയ്യുന്നുണ്ട്.

പ്ലാവ്, മാവ്, ഇഞ്ചി, മഞ്ഞൾ, കച്ചോലം, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ മറ്റ് ഫലവർഗ്ഗങ്ങൾ കൊക്കൊ, ജാതി, ഗ്രാമ്പു, എന്നിങ്ങനെ നാനാതരത്തിലുള്ള കൃഷികൾ ഈ പഞ്ചായത്തിലുണ്ട്.

## ഉൽപാദനക്ഷമത

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളുടെ ഉൽപാദന ക്ഷമതയുടെ കാര്യമാണ് നാം ഇനി പരിശോധിക്കേണ്ടത്. ഇത് കൃത്യമായി പറയാൻ ലഭ്യമായ കണക്കുകൾ നമ്മുടെ കൈവശമില്ല. കൃഷിക്കാരിൽനിന്ന് മനസ്സിലാക്കിയ കാര്യങ്ങൾവച്ച് നോക്കിയാൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരേയൊരു വിള റബ്ബർ മാത്രമാണ്. നെല്ല്, തെങ്ങ് മുതലായ വിളകൾക്ക് അടുത്തകാലത്ത് പുറകോട്ടടിയാണ് കണ്ടുവരുന്നത്.

## ഭൂവിനിയോഗം

ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ ശാസ്ത്രീയമായൊരു സമീപനം നമുക്കില്ല. കൃഷി ആദായകരമാക്കുന്നതിന് വിളവിന്യാസത്തിൽ മാറ്റങ്ങൾ വരുത്തുന്നതല്ലാതെ നിലവിലുള്ള വിളയെ ശാസ്ത്രീയമായി പരിരക്ഷിക്കുന്നതിന് കാര്യമായി ഒന്നും ചെയ്തുകാണുന്നില്ല. മണ്ണ് സംരക്ഷിക്കുന്നതിനും പോഷകഗുണം നിലനിർത്തുന്നതിനും കാര്യമായ ഒരു നടപടിയും കൃഷിക്കാരന്റെയോ സർക്കാരിന്റെയൊ ഭാഗത്തുനിന്ന് ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ശരാശരി 3000 MM മഴ ഒരു വർഷം ഇവിടെ ലഭിക്കുന്നു. ഈ വെള്ളം 70 % ഓളം ഭൂ പ്രതലത്തിൽ കൂടി ഒലിച്ചുപോകുകയാണ് ചെയ്യുന്നത്. മണ്ണിന് ജലത്തെ ഉൾക്കൊള്ളാനുള്ള കഴിവ് കുറഞ്ഞുപോയിരിക്കുന്നു. ഇതിന് ആവശ്യമായ മണ്ണ് സംരക്ഷണ പദ്ധതികളോ, സസ്യ സംരക്ഷണ പദ്ധതികളോ നമുക്കിതുവരെ ലഭ്യമായിട്ടില്ല.

## ജലസേചനം

വരൾച്ച അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ് അളഗപ്പനഗർ. വേനൽക്കാലത്ത് വറ്റാത്ത ജലസ്രോതസ്സുകളൊ, പുഴകളൊ ഈ പഞ്ചായത്തിലില്ല. പീച്ചി ഡാമിന്റെ ഇടതുകര ആമ്പല്ലൂർ ബ്രാഞ്ച് കനാൽ ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിൽകൂടി കടന്നുപോകുന്നു. കഴിഞ്ഞ കുറേ കാലമായി കനാലിൽ കൂടി വെള്ളം വരാറില്ല. പഞ്ചായത്തിൽ 25 പൊതുകുളങ്ങളുണ്ട്. കുളങ്ങൾ പലരും കൈവശം വച്ചു കാണുന്നുണ്ട്. ഇതിൽ പല കുളങ്ങളും മണ്ണ് വന്ന് നികന്നും ബണ്ടില്ലാതെയും കിടക്കുന്നുണ്ട്. നെൽപാടങ്ങളിലെ ജലസേചനത്തിനും ജല നിർഗമനത്തിനുമുള്ള തോടുകളുടെ സ്ഥിതി ദയനീയമാണ്. ഏറ്റവും പ്രധാനപ്പെട്ട തോട് ഭരതമലയിൽ നിന്നും വട്ടക്കോട്ടുമലയിൽ നിന്നും ആരംഭിച്ച് കാവല്ലൂർ, വഴിക്കപ്പാടം, ആമ്പല്ലൂർ വഴി മണലിപ്പുഴയിൽ ചേരുന്നു. ഇതിൽ ഇപ്പോൾ നിരവധി ചീപ്പുകളും ചിറകളും ഉണ്ട്. എല്ലാം താറുമാറായി കിടക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തോട്ടുരിത്തി ചീപ്പ്. ഇതുകൂടാതെ നിരവധി കൈത്തോടുകളും നീർച്ചാലുകളുമുണ്ട്. ഈ തോടുകളുടെ ശോച്യാവസ്ഥ കാരണം വർഷക്കാലത്ത് ജലനിർഗ്ഗമനത്തിന് കഴിയാതെ നെൽകൃഷി വെള്ളം കയറി നശിച്ചുപോകുന്നു. വെള്ളത്തിന് ക്ഷാമം വരുമ്പോൾ ജലസേചനത്തിനും ഇതുമൂലം തടസ്സം നേരിടുന്നുണ്ട്. പഞ്ചയാത്തിന്റെ ഭൂരിഭാഗം പ്രദേശവും പീച്ചി കനാലിന്റെ ആയക്കെട്ട് ഏരിയയിൽ പെട്ടതാണ്. പീച്ചിയിൽനിന്ന് വെള്ളം ലഭിക്കുന്നില്ലെങ്കിലും ആയക്കെട്ട് എന്ന കെട്ട് ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ വൈഷമ്യങ്ങൾ നമുക്കുണ്ടാക്കിയിട്ടുണ്ട്.

### ജലസ്രോതസ്സുകൾ

| കുളത്തിന്റെ പേര് | വാർഡ് |
|---|---|
| 1 വരാക്കര കുളം | 9 |
| 2 താത്രിക്കുളം | 9 |
| 3 ആര്യേക്കര കുളം | 8 |
| 4 പൊന്നിക്കുളം | 8 |
| 5 പൊട്ടക്കുളം | 6 |
| 6 കുറപ്പാകുളം | 1 |
| 7 പാച്ചെറ്റിച്ചിറ | 2 |
| 8 കൈതക്കുളം | 3 |
| 9 അയ്യൻകുളം | 10 |
| 10 വലിയകുളം | 2 |
| 11 മഞ്ഞളിക്കുഴി | 9 |
| 12 ചൂരക്കുളം | 11 |
| 13 പാൽക്കായിക്കുളം | 8 |
| 14 ചുങ്കൻ കുളം | 8 |
| 15 ചേന്ദൻകുളം | 6 |
| 16 ഇരട്ടക്കുളം | 1 |
| 17 കാഞ്ഞൂർകുളം | 2 |
| 18 ചിക്കിനികുളം | 2 |
| 19 വെണ്ടൂർകുളം | 6 |
| 20 കല്ലാകുളം | 3 |
| 21 അർക്കറ്റ്പാടം കുളം | 7 |
| 22 കൽക്കുഴിക്കുളം | 1 |
| 23 കോരുകുളം | 9 |
| 24 കരാത്തേകുളം | 9 |
| 25 കാവല്ലൂർപാടം കുളം | 11 |

## ഉൽപന്നങ്ങളുടെ വിപണനവും വിലയും

കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് ആദായകരമായ വില ലഭിക്കുന്നല്ല. വിലകൾ സ്ഥായിയായി നിൽക്കാതെ അടിക്കടി മാറിക്കൊണ്ടിരിക്കുന്നു. സ്വകാര്യകച്ചവടക്കാരും ഇടനിലക്കാരും കർഷകരെ വൻതോതിൽ ചൂഷണം ചെയ്യുന്നു. പ്രാദേശിക തലത്തിൽ കൃഷിക്കാരെ സഹായിക്കാനുള്ള മാർക്കറ്റിങ്ങ് സൊസൈറ്റികൾ ഈ പഞ്ചായത്തിലില്ല.

## കാർഷിക ബന്ധങ്ങൾ

കൃഷിയെമാത്രം ആശ്രയിച്ച് ജീവിക്കുന്ന കൃഷിക്കാരുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. 5230 പേരാണ് പഞ്ചായത്ത് രേഖകളനുസരിച്ചുള്ള കൃഷിക്കാരുടെ എണ്ണം. ഇതിൽ 20 % കൂടുതൽ ആൾക്കാർ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നതായി കാണുന്നില്ല. ഇതിൽ നിന്നുതന്നെ മണ്ണിൽ പണിയെടുക്കുന്ന കൃഷിക്കാർ എത്രയെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. തുണ്ടംതുണ്ടമായ ചെറുകിട കൃഷിക്കാരുടെ ഭൂമി മറ്റുതരത്തിൽ നല്ല വരുമാനക്കാരും കച്ചവടക്കാരും വാങ്ങി തോട്ടങ്ങൾ ആക്കുന്ന പ്രവണത ഈ അടുത്ത കാലത്ത് കാണുന്നുണ്ട്. പഴയ ജന്മിമാർക്ക് പകരം പുതിയകാർഷിക മുതലാളിമാർ ഈ മേഖലയിൽ ചുവടുറപ്പിക്കുന്നു.

## കൂലി, സേവന വ്യവസ്ഥകൾ

കാർഷിക മേഖലയിൽ ഈ അടുത്ത കാലത്ത് വലിയ വർദ്ധനവാണ് കൂലിയിൽ ഉണ്ടായിട്ടുള്ളത്. അതിൽ പുരുഷന്മാരുടെ കൂലി വർദ്ധനവാണ് എടുത്തു പറയത്തക്കതാണ്. പുരുഷന് 125 രൂപയും സ്ത്രീക്ക് 60 രൂപയുമാണ് ഈ പഞ്ചായത്തിലെ ശരാശരി കൂലി. മാടുകളെ ഉപയോഗിച്ചുള്ള ഉഴവ് ചുരുക്കമാണ്. ഒരു നേരം ഉഴവു നടത്താൻ 200 രൂപവരെ കർഷകൻ കൊടുക്കേണ്ടിവരുന്നു. ട്രക്ടറും ടില്ലറും ഉപയോഗിച്ചാണ് ഭൂരിഭാഗം ഉഴവുകളും നടത്തുന്നത്. കൊയ്ത്തിനും മെതിക്കും കർഷകതൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നില്ല. സമയത്തിന് കൊയ്തെടുക്കാൻ കഴിയാതെ വിളനാശം സംഭവിച്ച സംഗതികളും ഉണ്ടായിട്ടുണ്ട്. കൂടുതൽ ആകർഷകമായ കൂലി ലഭിക്കുന്ന കെട്ടിടനിർമ്മാണത്തിലേക്കും കർഷകതൊഴിലാളികൾ മാറിപോയി കൊണ്ടിരിക്കുന്നു. തെങ്ങ് കയറ്റത്തിന് തെങ്ങൊന്നിന് 2.50 രൂപ 3.00 രൂപ 3.50 രൂപ എന്ന തോതിൽ കൂലി കൊടുക്കേണ്ടി വരുന്നുണ്ട്. പുതിയ ഒരു തൊഴിൽ മേഖലയായ റബ്ബർ ടാപ്പിങ്ങിന് 100 റബ്ബർ വെട്ടി പാലെടുത്ത് ഷീറ്റാക്കുന്നതിന് 20 രൂപമുതൽ 30 രൂപ വരെ കൂലി നിലവിലുണ്ട്.

## വളപ്രയോഗം

ഇന്ന് എല്ലാതരം വിളകൾക്കും കൃഷിക്കാർ രാസവളം ഉപയോഗിക്കുന്നുണ്ട്. നെല്ല്, പച്ചക്കറി, വാഴ, റബ്ബർ എന്നീ വിളകൾക്കാണ് രാസവളം കൂടുതലായി പ്രയോഗിക്കുന്നത്. തെങ്ങ് കവുങ്ങ് മുതലായ നാണ്യവിളകൾക്ക് രാസവളപ്രയോഗം താരതമ്യേന കുറവാണ്. പഞ്ചായത്തിലെ വിവിധ രാസവളപ്രയോഗ ക്രമത്തെക്കുറിച്ച് കൃഷിഭവൻ വഴി ലഭിച്ച കണക്ക് താഴെചേർക്കുന്നു.

**കാർഷിക ഉപകരണങ്ങൾ**

| ഉപകരണങ്ങൾ | എണ്ണം |
|---|---|
| പമ്പുസെറ്റുകൾ | 496 |
| ടില്ലർ | 8 |
| ട്രാക്ടർ | 6 |
| മെതിയന്ത്രം | 3 |
| കുറ്റിപമ്പുകൾ | 115 |
| ചവിട്ടു പമ്പുകൾ | 50 |
| പവർ സ്പ്രെയർ | 5 |
| ഓയിൽ എഞ്ചിൻ | 95 |

ജൈവവളം വേണ്ടത്ര ചേർക്കാൻ കൃഷിക്കാർക്ക് കഴിയുന്നില്ല. ചാണകം എല്ലുപൊടി, വിവിധതരം പിണ്ണാക്കുകൾ, പച്ചില എന്നിവയാണ് സാധാരണ ലഭിക്കുന്ന ജൈവവളങ്ങൾ. ഈ വളങ്ങൾക്കൊക്കെ അമിതമായ വിലയാണിന്നുള്ളത്. കൂടുതൽ വിലകൊടുത്താൽ തന്നെ ചാണകവും പച്ചിലയും വേണ്ടത്ര ലഭിക്കാനില്ല. ജൈവവളങ്ങളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൃഷിക്കാർ ബോധവാന്മാരായി വരുന്നുണ്ട്. ശാസ്ത്രീയമായ രീതിയിലല്ല രാസവള പ്രയോഗം നടക്കുന്നത്. മണ്ണ് പരിശോധിച്ച് ഘടന മനസ്സിലാക്കി വളപ്രയോഗം നടത്തുന്ന രീതി ഇല്ല. കാലാകാലമായി ചെയതുപോരുന്ന കൃഷിക്കാരുടെ ധാരണക്കനുസരിച്ചും സാമ്പത്തിക കഴിവിനനുസരിച്ചും രാസവളം പ്രയോഗിക്കുന്നു. അശാസ്ത്രീയമായ രാസവള പ്രയോഗം കാരണം മണ്ണ് മരിച്ചുകൊണ്ടിരിക്കുകയാണ്. കീടനാശിനി പ്രയോഗത്തിലും ഇതുതന്നെയാണ് സ്ഥിതി. കീടനാശിനി എന്നത്, ഏതെല്ലാം വിളകളിൽ, എങ്ങനെയെല്ലാം പ്രയോഗിക്കണം, ഏതളവിൽ വേണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കൃഷിക്കാർ വേണ്ടത്ര ജാഗ്രത കാണിക്കുന്നതായി കാണുന്നില്ല. ഭക്ഷ്യവിളകളിൽ അമിതമായ കീടനാശിനി പ്രയോഗം ഇപ്പോഴുണ്ടെന്ന കാര്യം നാം ഗൗരവത്തിൽ എടുക്കേണ്ടതുണ്ട്.

## കൃഷിഭവൻ

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി രണ്ടും മൂന്നും പഞ്ചായത്തുകൾക്കു കൂടി ഒരു ഏലാ ആഫീസാണ് മുമ്പുണ്ടായിരുന്നത്. അതിൽ കൃഷി ആഫീസറും മറ്റു ജീവനക്കാരും അന്നുണ്ടായിരുന്നു. കുറെ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് ഏലാ ആഫീസുവഴി അന്ന് ലഭിച്ചിരുന്നു. ഈ ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ അർഹതയുള്ള കൃഷിക്കാർക്കല്ല ലഭിച്ചിരുന്നത്. തങ്ങളുടെ സ്വന്തം ആഫീസിൽ കർഷകർക്ക് എത്തിപെടാനുള്ള ബുദ്ധിമുട്ടുതന്നെയായിരുന്നു ഒരു കാരണം. 1987 ൽ കേരള സർക്കാർ എല്ലാ പഞ്ചായത്തിലും ഒരു കൃഷി ഭവൻ തുടങ്ങാൻ തീരുമാനിച്ചു. ഇതോടുകൂടി കൃഷിക്കാരും കൃഷി ഉദ്യോഗസ്ഥരും അന്യോന്യം അറിയാൻ തുടങ്ങി. നാട്ടിൻ പുറങ്ങളിലുള്ള വിവിധ കാർഷിക പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഉദ്യോഗസ്ഥന്മാർക്ക് അവസരം ലഭിച്ചു. അന്നു മുതൽ നമ്മുടെ പഞ്ചായത്തിൽ ഉദ്യോഗസ്ഥരും കൃഷിക്കാരും തമ്മിൽ നല്ല ബന്ധമാണ് നില നിന്നുപോരുന്നത്.

കൃഷിഭവന്റെ ആരംഭദശയിൽ സർക്കാർ കൊണ്ടുവന്ന് നടപ്പിലാക്കാൻ ശ്രമിച്ച 'ഗ്രൂപ്പ് ഫാമിങ്ങ്' തന്നെയാണ്

**വളം കീടനാശിനി പ്രയോഗത്തെ സംബന്ധിക്കുന്ന വിവരം**

| സ്ഥാപനം | 1993 – 94 | | | 1994 – 95 | | | 1995 – 96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| | MT | LTR | KG | MT | LTR | KG | MT | LTR | KG |
| 503 SCB മണ്ണംപേട്ട | 75 | 500 . | 150 | 60 | 130 | 130 | 90 | 600 | 250 |
| 499 SCB വട്ടണാത്ര | 75 | 600 | 130 | 50 | 160 | 170 | 70 | 500 | 200 |

കാർഷിക മേഖലയിലെ എടുത്തുപറയത്തക്ക സംഭവം. അതിന്റെ നേട്ടങ്ങൾ നെല്ലിന്റെ ഉൽപാദന മേഖലയിൽ കണ്ട താണ്. എന്നാലത് ആ രൂപത്തിൽ തുടർന്ന് നടത്താൻ നമുക്ക് കഴിഞ്ഞില്ല. ഇപ്പോൾ വിത്ത്, വളം, കീടനാശിനി, ട്രക്ടർ, ടില്ലർ തുടങ്ങി വിവിധ കാർഷികോപകരണങ്ങളും കിണർ, മോട്ടോർ പമ്പുസെറ്റ്, ഫലവൃക്ഷതൈകൾ എന്നി ങ്ങനെ നാനാതരത്തിൽ കൃഷിക്കാർക്ക് ആവശ്യമായ വസ്തു ക്കൾ സബ്സിഡിയോടുകൂടി നൽകിവരുന്നു. ഇതൊക്കെ യുണ്ടെങ്കിലും കാർഷികമേഖലയിൽ ഉൽപാദനചെലവ് കുറച്ച് ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ച് കൃഷി ആദായകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഗൗരവ മായി ആലോചിക്കേണ്ടിയിരിക്കുന്നു.

കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയി ട്ടുള്ള പെൻഷൻ പദ്ധതി കൃഷിക്കാർക്ക് ഗുണകരമായിട്ടു ള്ളതല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അതുപോലെ തന്നെ യാണ് ഈ അടുത്ത കാലത്ത് നടപ്പിലാക്കിയിട്ടുള്ള വിള ഇൻഷൂറൻസ് പദ്ധതിയും. ഇപ്പോൾ നടപ്പിലാക്കിയ ഈ രണ്ടു പദ്ധതികളും കൃഷിക്കാരന്റെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്നതല്ല. ജനങ്ങളെ കൃഷിയിലേക്ക് ആകർഷി ക്കാനും ഇപ്പോൾ കൃഷി ചെയ്യുന്നവരെ അവിടെ പിടിച്ചു നിർത്തുന്നതിനും ആവശ്യമായ ഭേദഗതികളോടുകൂടി മുക ളിൽ പറഞ്ഞ രണ്ടു കാര്യങ്ങളിലും തീരുമാനങ്ങളും ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാവണം.

## പാടശേഖര സമിതികൾ

കാവല്ലൂർ, പൂക്കോട് – വട്ടണാത്ര – പച്ചളിപ്പുറം, കീനൂർ ആമ്പല്ലൂർ, വെണ്ടൂർ, വരാക്കര, കാളക്കല്ല്, മേടംകുളങ്ങര, പയ്യാക്കര, മണ്ണംപേട്ട ചിക്കിനി എന്നിങ്ങനെ 10 പാടശേഖര സമിതികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് ഈ സമിതി കൾ ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പൊതുയോഗം നടത്തി ഭാരവാഹിക ളെയും തിഞ്ഞെടുക്കാറുണ്ട്.

1987 ൽ ഈ പാടശേഖര സമിതികൾ രൂപീകരിച്ചപ്പോൾ നമുക്കൊരു ലക്ഷ്യമുണ്ടായിരുന്നു. നെൽകൃഷി നഷ്ടത്തി ലാണ്. നെൽകൃഷി ഉപേക്ഷിച്ച് കൃഷിക്കാരൻ നാണ്യവിള കൃഷിചെയ്യുന്നു. നെൽപാടങ്ങൾ നികത്തി തെങ്ങ് വക്കുന്നു. ഈ പ്രവണത നമ്മുടെ സംസ്ഥാനത്തിന് ദൂരവ്യാപകമായ ദൂഷ്യഫലങ്ങൾ മനസ്സിലാക്കി കൊണ്ടാണ് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം കൊണ്ടുവന്നത്. ഒരു പാടശേഖരത്തിൽ ഒരു തരം വിത്ത് ഒരേസമയത്ത് ഇറക്കുക, ശാസ്ത്രീയമായ വള പ്രയോഗത്തിലൂടെ രാസവളത്തിന്റെ അളവ് കുറക്കുക, യോജിച്ച കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക, എന്നിങ്ങനെ ഉൽപാദന ചെലവ് കുറച്ച് ഉൽപാദനം വർദ്ധി പ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.

ആരംഭത്തിലുണ്ടായിരുന്ന ഈ പ്രവർത്തന ശൈലി ക്രമേണ ഇല്ലാതെയായി. സർക്കാരിൽനിന്ന് ലഭിക്കുന്ന ഉൽപാദന ബോണസ് വാങ്ങിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന ഒരു ഏജൻസി എന്ന പ്രവർത്തനം മാത്രമാണ് ഇപ്പോഴുള്ളത്. പൂക്കോട് – വട്ടണാത്ര – പച്ചളിപ്പുറം പാട ശേഖര സമിതി തോട്ടുരിത്തി മുതൽ വരിക്ക പാടം വരെ സർക്കാരിന്റെ സഹായത്തോടു കൂടി ഒരു നീർച്ചാലിന്റെ പണി ഏറ്റെടുത്ത് നടത്തിയത് വിസ്മയിക്കുന്നില്ല. സർക്കാ രിന്റെ സബ്സിഡിയോടുകൂടി വിവിധ പാടശേഖര സമിതി കൾക്ക് കൊടുക്കുന്ന കാർഷികോപകരണങ്ങൾ സമിതിക ളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമല്ല പലതും ഇപ്പോൾ ഉപയോഗിക്കുന്നത്.

## കേരവികസന സമിതി

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രധാനപ്പട്ട വിളയാണ് തെങ്ങ്. തെങ്ങിന്റെ ഉൽപാദനക്ഷമത വർഷം തോറും ഇവിടെ കുറഞ്ഞു വരുന്നു. പഞ്ചായത്തിൽ പകുതിയോളം തെങ്ങിന് വേനൽക്കാലത്ത് ജലസേചന സൗകര്യം ഇല്ല. സംസ്ഥാനത്തിന്റെ സമ്പദ് ഘടനയുടെ നട്ടെല്ലാണ് തെങ്ങു കൃഷി എന്നുള്ളതുകൊണ്ട് അതിനെ സംരക്ഷിക്കാൻ ഗവൺമെന്റ് എടുത്ത നടപടികളുടെ ഭാഗമാണ് പഞ്ചായ ത്തുതോറും കേരവികസന സമിതികളുടെ രൂപീകരണം. തെങ്ങുകൃഷി അഭിവൃദ്ധിപെടുത്തുന്നതിനു വേണ്ടി കഴിഞ്ഞ രണ്ട് വർഷമായി കിണർ കുഴിക്കുന്നതിനും മോട്ടോർ പമ്പ് സെറ്റ് വക്കുന്നതിനും കേര വകസന സമിതി മുഖേന ധന സാഹയം ചെയ്തു വരുന്നുണ്ട്. അത് ഈ വർഷവും തുട രുന്നു. കേടുവന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 200 രൂപ ധനസഹായവും ഒരു തെങ്ങിൻ തൈ സൗജന്യ നിരക്കിൽ കൊടുക്കുന്നു. മറ്റൊന്ന് തെങ്ങിന് സൗജന്യ നിര ക്കിൽ കൊടുക്കുന്നത് രാസവളമാണ്. കഴിഞ്ഞ രണ്ട് വർഷ ങ്ങളിൽ വേനൽകാലത്താണ് വളം ലഭിച്ചത്. ഈ വർഷം ഒക്ടോബർ മാസത്തിൽ ലഭിച്ചത് കുറച്ച് ആശ്വാസകരമായി രുന്നു. വളം വാങ്ങിച്ച് കൃഷിക്കാർകൊണ്ടു പോകുന്നുണ്ടെ ങ്കിലും തെങ്ങിന് തന്നെ ആ വളം ഉപയോഗിക്കുന്നതിന് താല്പര്യം കാണിക്കുന്നില്ല.

ഗവൺമെന്റ് വിവിധ കാർഷിക സംഘടനകളിൽ നിന്ന് നോമിനേറ്റ് ചെയ്യുന്ന ഒരു കാർഷിക വികസനസമിതി കൃഷി ഭവൻ തലത്തിൽ പ്രവർത്തിക്കുന്നു. വർഷംതോറും നല്ല കൃഷിക്കാരെ കണ്ടുപിടിച്ച് ആദരിക്കുന്ന ഒരു ചടങ്ങ് പഞ്ചാ യത്തിൽ നടന്നു വരാറുണ്ട്. കഴിഞ്ഞവർഷം വരെ ചിങ്ങം 1

കർഷകദിനമായി കൊണ്ടാടുകയും, അന്ന് കൃഷിക്കാരെ ആദരിക്കുന്ന ചടങ്ങ് നടത്തുകയുമാണ് പതിവ്. ഈവർഷം (കേരള പിറവി ദിനം) നവ: ഒന്നിനാണ് ഈ ചടങ്ങ് നടത്തിയത്.

## വായ്പാ സൗകര്യങ്ങൾ

രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളും, ഒരു നാഷനലൈസ്ഡ് ബാങ്കും രണ്ട് കമേഴ്സ്യൽ ബാങ്കും ഈ പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം കൃഷിക്കാരും കാർഷികാവശ്യത്തിന് വായ്പ എടുത്തിട്ടുള്ളവരാണ്. ഈ വായ്പകൾ പൂർണമായും കൃഷിയാവശ്യത്തിനല്ല അവർ ഉപയോഗിക്കുന്നത്. കൃഷിക്കാരന്റെ ദൈനംദിന ജീവിതത്തിൽ നൂറുകൂട്ടം കാര്യങ്ങൾ അവന്റെ മുഖത്തടിച്ചു നിൽക്കുമ്പോൾ ഈ പണം കൃഷിക്കുപയോഗിക്കാതെ വകമാറി ചെലവുചെയ്യുന്നു.

സർവ്വീസ് സഹകരണ ബാങ്കുകൾ കടുത്ത നിബന്ധനകളില്ലാതെ കൃഷിക്കാർക്ക് പണം കൊടുക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ കമേഴ്സ്യൽ ബാങ്കുകളും നാഷനലൈസ്ഡ് ബാങ്കുകളും പണം കടം കൊടുക്കുന്നത് തിരിച്ചടവിന്റെ പരിഗണന വച്ചുമാത്രമാണെന്ന് പരക്കെ പരാതി പറഞ്ഞു കേൾക്കുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കുവേണ്ടി കടം കൊടുക്കുന്ന പണം എങ്ങനെ ചെലവു ചെയ്യുന്നുവെന്ന മേൽനോട്ടവും പരിശോധനയും ഇന്നില്ല. കൃഷിക്കാരൻ കടത്തിൽ ജനിക്കുന്നു, കടത്തിൽ ജീവിക്കുന്നു, കടത്തിൽ മരിക്കുന്നു എന്നുള്ളതാണ് പരമാർത്ഥം. ഈ പഞ്ചായത്തിൽ വരാക്കര കേന്ദ്രമാക്കി റബ്ബർ ഉല്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. റബ്ബർ ബോർഡിന്റെ സഹായത്തോടുകൂടി നിരവധി ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് അതിൽകൂടെ ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. മണ്ണിൽ ജൈവവളത്തിന്റെ തോത് ഗണ്യമായി കുറഞ്ഞ് വരുന്നു.
2. വിരിപ്പുകൃഷി പണിയാതെ ചില പാടശേഖരങ്ങൾ തരിശിടുന്നു.
3. പഞ്ചായത്തിലെ 2, 3, 8. 9. 10. 11 വാർഡുകളിൽ മണ്ണൊലിപ്പ് ഗണ്യമാണ്.
4. നമ്മുടെ പഞ്ചായത്ത് മൊത്തത്തിൽ വരൾച്ച അനുഭവപ്പെടുന്ന പ്രദേശമാണ്. ജലസ്രോതസ്സുകളോ, പുഴകളോ ഒന്നും തന്നെ ഇല്ല.
5. നെൽപാടങ്ങൾ നികത്തുന്നു.
6. നെൽപാടങ്ങളിൽനിന്ന് മണ്ണെടുക്കുന്നതുമൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉയർന്നുവരുന്നു.
7. കീടബാധകളും രോഗങ്ങളും സാർവത്രികമാണ്.
8. നല്ല നടീൽ വസ്തുക്കൾ യഥാ സമയത്ത് ലഭിക്കുന്നില്ല.
9. ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു.
10. ജൈവവളങ്ങൾക്ക് അമിതമായ വിലയാണ്. അവ കിട്ടാനുമില്ല. രാസവളത്തിനും കീടനാശിനികൾക്കും വില കൂടുതലാണ്.
11. കർഷകതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല.
12. പുരുഷതൊഴിലാളികൾക്ക് കൂലി കൂടുതലാണ്.
13. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭിക്കാനില്ല.
14. മഴക്കാലത്ത് വെള്ളം കയറി കൃഷി നശിക്കുന്നു.
15. നിലവിലുള്ള ജലസേചന സൗകര്യം ശരിയായി കൃഷിക്കാർക്ക് ലഭിക്കുന്നില്ല.
16. വായ്പകൾ ശരിയായ രൂപത്തിൽ ഉപയോഗിക്കുന്നില്ല.
17. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ചില സമയങ്ങളിൽ വാങ്ങാൻ ആളില്ല.
18. ഉല്പന്ന സംസ്ക്കരണത്തിന് സൗകര്യമില്ല.
19. കൃഷിഭവന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം കാണുന്നില്ല.
20. ആമ്പല്ലൂർ ബ്രാഞ്ച് കനാൽ കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നില്ല.

## സാദ്ധ്യതകൾ

അമിതമായ രാസവള പ്രയോഗം നൂലം മരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിനെ രക്ഷിക്കാൻ ജൈവവളങ്ങളുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കണം. പച്ചില ലഭിക്കാൻ ആവശ്യമായ മരങ്ങൾ വെച്ചു പിടിപ്പിക്കാൻ തരിശു ഭൂമികൾ നമ്മുടെ പഞ്ചായത്തിലില്ല. പറമ്പുകളുടെ അതിർത്തികളിൽ ശീമക്കൊന്ന പോലെയുള്ള പച്ചില ചെടികൾ വച്ചു പിടിപ്പിക്കണം. തോടിന്റെ വക്കത്തും റോഡു പുറമ്പോക്കിലുമെല്ലാം ഇതു ചെയ്യാവുന്നതാണ്. വളപ്പയർ കൃഷി ചെയ്യുന്നതിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം. കമ്പോസ്റ്റ് എല്ലാ വീടുകളിലും ഉണ്ടാക്കണം. റോഡുകളിലും പട്ടണങ്ങളിലും അടിച്ചുവാരികൂട്ടുന്ന അവശിഷ്ടങ്ങൾ കമ്പോസ്റ്റായി മാറ്റാൻ പഞ്ചായത്തിന് ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിക്കാവു

ന്നതാണ്. അറവുമാടുകളിൽനിന്നുണ്ടാകുന്ന അവശിഷ്ടങ്ങൾ ശാസ്ത്രീയമായി എങ്ങനെ വളമാക്കി തീർക്കാൻ കഴിയുമെന്ന് ആലോചിക്കാവുന്നതാണ്.

* നെൽകൃഷി നഷ്ടത്തിലായതുകൊണ്ട് കൃഷിക്കാർ പാടം തരിശിടുന്നു. അല്ലെങ്കിൽ മറ്റ് വിളകൾ കൃഷിചെയ്യുന്നു. വർദ്ധിച്ച ഉല്പാദനചെലവും തൊഴിലാളികളുടെ ലഭ്യതകുറവുമാണ് ഇവിടുത്തെ പ്രധാന പ്രശ്നങ്ങൾ.

* ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിൽ കൃഷിനടത്താൻ വേണ്ട അടിയന്തിര നടപടികൾ ഉണ്ടാവണം. വിത്ത്, വളം, കീടനാശിനി എന്നിവ മിതമായ വിലയ്ക്ക് ലഭ്യമാക്കണം. ഈ മേഖലയിൽ സമഗ്രമായ യന്ത്രവൽക്കരണം നടത്തണം.

* നെൽപാടങ്ങൾ നികത്തുന്നതുമൂലവും, മണ്ണെടുക്കുന്നതുമൂലവും ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആവശ്യമായ നടപടികൾ ഉണ്ടാവണം. സാമൂഹ്യ സമ്മർദ്ദവും ആവശ്യമാണ്.

* കീടബാധകളും രോഗങ്ങളും നിയന്ത്രിക്കാൻ പാടശേഖരങ്ങളുടെ അടിസ്ഥാനത്തിൽ മരുന്നുതളി നടത്തണം. ഇതിനാവശ്യമായ മരുന്ന് കൃഷിഭവന്റെ മേൽനോട്ടത്തിൽ ആയിരിക്കണം ഉപയോഗിക്കേണ്ടത്.

* നല്ല വിത്ത് ഉൽപാദിപ്പിച്ച് അത് വിതരണം ചെയ്യുന്ന കാര്യത്തിൽ കൃഷിഭവന്റെ മേൽനോട്ടം ഉണ്ടാവണം. വിത്തിന്റെ ഗുണം ഉറപ്പുവരുത്താൻ ഇത് സഹായിക്കും. നല്ല വിത്ത് ഉല്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് അർഹമായ പ്രോത്സാഹനം നൽകണം.

* കുറഞ്ഞ ചെലവിൽ ജൈവ – രാസവള പ്രയോഗം നടത്തി എങ്ങിനെ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ഡെമോൺസ്ട്രേഷൻ നടത്തി കൃഷിക്കാരെ ബോധ്യപ്പെടുത്തണം.

* അമിതമായ കീടനശിനി പ്രയോഗം സമൂഹത്തിനുണ്ടാക്കുന്ന മാരകമായ ദോഷത്തെകുറിച്ച് മനസ്സിലാക്കിക്കൊണ്ടാണ് സംയോജിത കീട നിയന്ത്രണ പരിപാടി സർക്കാർ നടപ്പിലാക്കുന്നത്. ഇത് വിജയിക്കണമെങ്കിൽ ഈ പരിപാടി പ്രായോഗികമായി ശരിയാണെന്ന് കൃഷിക്കാരെകൂടി ബോധ്യപ്പെടുത്തണം.

* ഈ പഞ്ചായത്തിനെ നടന്നു നോക്കിയതിന്റെ അടിസ്ഥാനത്തിൽ 13 ചെറുനീർമറി പ്രദേശങ്ങളായി തിരിക്കണം. അതിൽ കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രഞ്ചുകൾ, മണ്ണ് ബണ്ടുകൾ, കുഴികൾ, റീ ട്രെയിനിങ്ങ് വാളുകൾ, സെട്രിപിറ്റൽ ടെറസുകൾ, ചെക്ക് ബെയ്സിനുകൾ, തുടങ്ങി ജലത്തിന്റെ ഉപരിതലത്തിലുള്ള ഒഴുക്കിനെ തടഞ്ഞ് മണ്ണ് സംരക്ഷിക്കുന്നതിനും, പരമാവധി ജലം ഭൂമിയിലേക്ക് താഴുന്നതിനും ഉള്ള നടപടികൾ ഉണ്ടാവണം. ജനകീയ സമിതികളുടെയും ജനകീയ കർമ്മസേനകളുടെയും പരിപൂർണ്ണ നിയന്ത്രണത്തിലായിരിക്കണം ഇതു നടപ്പിലാക്കേണ്ടത്.

* 22 കുളങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഈ കുളങ്ങൾ പുനരുദ്ധരിപ്പിക്കുകയും ജലസേചന യോഗ്യമാക്കുകയും ചെയ്യണം. ഈ കുളങ്ങളിൽ ഭൂരിഭാഗവും തലക്കുളങ്ങളാണ്. കുളങ്ങളുടെ വശങ്ങൾ ബലപ്പെടുത്തി താഴ്ത്തണം. ഇങ്ങിനെ താഴ്ത്തുമ്പോൾ നീരുറവ കൂടുതലുള്ള കുളങ്ങൾക്ക് മുൻഗണന നൽകണം.

ഈ കുളങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് തോടുകളും നീർച്ചാലുകളും കിടക്കുന്നത്. ഈ തോടുകളുടെയും, നീർച്ചാലുകളുടെയും അന്യധീനപ്പെട്ടുപോയ ഭൂമി സർവ്വെ ചെയ്ത് വീണ്ടെടുക്കണം. തോടുകൾ വീതികൂട്ടണം. വശങ്ങൾ ബലപ്പെടുത്തണം.

## പ്രധാനതോട്

കാവല്ലൂർക്കുന്നിൽനിന്ന് തുടങ്ങി മണലിപുഴയിലവസാനിക്കുന്ന വലിയ തോടാണ്, ഈ പഞ്ചായത്തിലെ നെൽകൃഷിയുടെ ജീവനാഡി. ഈ തോടിന്റെ ഇരുവശത്തും അന്യധീനപ്പെട്ടുപോയ ഭൂമി വീണ്ടെടുക്കണം. തോടിന്റെ വീതി കൂട്ടി വശങ്ങൾ ബലപ്പെടുത്തി, ആവശ്യമായ സ്ഥലങ്ങളിൽ ആഴം വെപ്പിക്കണം.

* കേടുവന്ന ക്രോസ് ബാറുകൾ കേടുതീർത്ത് തുടർന്നുള്ള മേൽനോട്ടം ജനകീയ സമിതികളെ ഏല്പിക്കണം.

* ക്രോസ് ബാറുകളുടെ ഇരുവശമുള്ള തോട്ടിൻ കരകൾ വെള്ളം കവിയാത്ത തരത്തിൽ ഉയർത്തികെട്ടണം.

* ആവശ്യമായ സ്ഥലങ്ങളിൽ തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കണം.

* മേൽപറഞ്ഞ പണികളുടെ തുടർച്ചയായി ആവശ്യാനുസരണം ജലസേചനത്തിനും, ജല നിർഗ്ഗമനത്തലുള്ള ദ്വിമുഖചാനലുകൾ നിർമ്മക്കണം.

* കാലാകാലങ്ങളിൽ പഞ്ചായത്ത് മൺചിറകൾ നിർമ്മിക്കാറുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കണം.

* ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിർദേശങ്ങൾ ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്. ചീനിക്കുന്ന് മാട്ടുമല മണലിപുഴ – ഈ പദ്ധതികളുടെ സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കാൻ ശ്രമിക്കണം.

* പീച്ചി ആമ്പല്ലൂർ ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റ പണി എല്ലാവർഷവും നടത്തി വെള്ളം ആമ്പല്ലൂർ വരെ എത്തിക്കണം.

## തോട്ടുമുഖം പദ്ധതി

നമ്മുടെ പഞ്ചായത്ത് വരൾച്ച അനുഭവപ്പെടുന്ന സ്ഥലമാണ്. നമുക്ക് പുഴകളൊ വറ്റാത്ത ജലസ്രോതസ്സുകളോ ഇല്ല. ചിമ്മിനി ഡാമിന്റെ പണി പൂർത്തീകരിച്ചതോടുകൂടി കുറുമാലി പുഴയിൽ ധാരാളം വെള്ളമുണ്ട്. പഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനത്തിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഉതകുന്ന ഒരു പദ്ധതിയാണിത്. 225 ലക്ഷം രൂപക്കടുത്താണ് എസ്റ്റിമേറ്റത്രെ. 1995 – 96 ബഡ്ജറ്റിൽ 50 ലക്ഷം വക കൊള്ളിച്ചതാണ്. ഇപ്പോളതിന്റെ സ്ഥിതി അന്വേഷിച്ച് പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ ആവശ്യമായ സമ്മർദ്ദം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ പദ്ധതി നടപ്പിലായാൽ കാർഷികരംഗത്ത് ഉൽപാദന ക്ഷമത വർദ്ധിക്കാൻ ഇടയാക്കും. പച്ചക്കറി കൃഷിക്കുള്ള സാധ്യത വർദ്ധിക്കും.

* പ്രധാന പാടശേഖരങ്ങളുടെ നടുവിൽകൂടി ഫാം റോഡുകൾ നിർമ്മിക്കണമെന്ന് മിക്ക ഗ്രാമസഭകളിൽനിന്നും നിർദ്ദേശമുണ്ട്. വളം, കറ്റ എന്നിവ കൊണ്ടുപോകുന്നതിന് ഈ കാലഘട്ടത്തിൽ ഇതുകൂടിയേ കഴിയൂ.

* കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് വിശേഷിച്ച് – പച്ചക്കറി – ആമ്പല്ലൂർ ജംഗ്ഷനിൽ ഒരു മാർക്കറ്റ് പണിയണം.

* ഉല്പന്നങ്ങൾക്ക് വിളവ് സീസണിൽ വിലകുറയുന്നു. ഇത് പരിഹരിക്കാൻ കൃഷിക്കാരുടെ ഉല്പന്നങ്ങൾ വിളവു സീസണിൽ സംഭരിക്കാനുള്ള പരിപാടികൾ സഹകരണ സംഘങ്ങൾ ആസൂത്രണം ചെയ്യണം. ഉല്പന്നങ്ങളുടെ സംസ്കരണത്തിനും സഹകരണസംഘങ്ങൾ മുന്നോട്ടു വരണം.

* കാർഷിക വായ്പകൾ കൃഷിക്കുതന്നെയാണ് ഉപയോഗിക്കുന്നതെന്ന് പരിശോധനവേണം.

* കൃഷിഭവന്റെ പ്രവർത്തനത്തിൽ കാലോചിതമായ മാറ്റം വരുത്തി സഹകരണസംഘങ്ങളെയും പാടശേഖര സമിതികളയും യോജിപ്പിച്ച് ശാസ്ത്രീയമായ കൃഷി സമ്പ്രദായത്തിലൂടെ ചെലവ് കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് ഈ മേഖലയിൽ വമ്പിച്ച പുരോഗതിയുണ്ടാക്കാൻ കൂട്ടായ ശ്രമം ഉണ്ടാകണം.

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

തൃശൂർ ജില്ലയുടെ കിഴക്കൻ പ്രദേശത്ത് മലയോരപഞ്ചായത്തായ വരന്തരപ്പിള്ളിയോട് തൊട്ടുകിടക്കുന്ന പഞ്ചായത്താണ് അളഗപ്പനഗർ. വടക്ക് തൃക്കൂർ പഞ്ചായത്തും, തെക്ക് പുതുക്കാട് പഞ്ചായത്തും, പടിഞ്ഞാറ് NH47 കിഴക്ക് വരന്തരപ്പിള്ളിയുമാണ് അളഗപ്പനഗറിന്റെ അതിർത്തി. 11 വാർഡുകളിലായി 18.38 ച.തു.കി.മീ. ഈ പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 12.മീറ്ററിനും 100മീറ്ററിനും ഇടയിൽ ഉയർന്നു നിൽക്കുന്ന അളഗപ്പനഗർ പഞ്ചായത്തിൽ താഴ്‌വരകളും വെള്ളം കയറുന്ന മേഖലകളും ഇല്ല. മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ വില്ലേജിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തിലെ കിഴക്കൻമേഖലയിലുള്ള വേപ്പൂർ, പയ്യാക്കര പ്രദേശമാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. നെൽപാടങ്ങളിൽ കളിമണ്ണ്, മണൽ, ചരൽ, തുടങ്ങിയവ കലർന്ന കളിമണ്ണ് എന്നിവയാണ് പ്രധാന മൺതരങ്ങൾ. കരപ്രദേശത്ത്, ചെമ്മണ്ണ്, കരിമണ്ണ്, വെട്ടുകല്ല്, ചുവന്ന മട്ടിക്കല്ല്, ചരൽ എന്നിവയാണ്.

അളഗപ്പനഗർ പഞ്ചയാത്തിൽ ഏറ്റവും അധികം പ്രദേശത്ത് കൃഷിചെയ്യുന്നത് നെല്ലാണ്. തെങ്ങ്, കവുങ്ങ്, റബ്ബർ എന്നിവയും കൃഷി ചെയ്യുന്നു. പച്ചക്കറി ഇനത്തിൽ ഏറ്റവും അധികം കൃഷി ചെയ്യുന്നത് വാഴയാണ്. മറ്റു പച്ചക്കറിയിനങ്ങൾ ചുരുങ്ങിയതോതിൽ കൃഷിചെയ്യുന്നു. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും വ്യാപകമായി ഉണ്ട്.

ഈ പഞ്ചായത്തിന്റെ മൊത്തം ഭൂമിയിൽ 300 ഹെക്ടർ നെൽകൃഷിയും, 1251 ഹെക്ടർ പുരയിടവുമാണ്. 75 ഹെക്ടർ വനപ്രദേശവും ഇവിടെയുണ്ട്. 285 ഏക്കർ കൃഷിയോഗ്യമല്ലാത്ത തരിശും ഇവിടെയുണ്ട്.

## ജനപ്രകൃതി

1991 ലെ സെൻസസ്സ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25353 ആണ്. ഇതിൽ 12441 പുരുഷന്മാരും, 12912 സ്ത്രീകളുമാണ്. കുട്ടികളുടെ എണ്ണം (0 – 6 ഗ്രൂപ്പ്) 3182 ആണ്. ഇതിൽ 1589 ആൺകുട്ടികളും 1593 പെൺകുട്ടികളുമാണ്. 6951 വീടുകളിലായാണ് 25353 ജനങ്ങൾ താമസിക്കുന്നു. ശരാശരി ഒരു വീട്ടിൽ 3.6 വ്യക്തികൾ. മൊത്തം ഹരിജനങ്ങൾ 2132 ആണ്. പട്ടിക ജാതി 2090 പട്ടികവർഗ്ഗം 42 ആണ്.

മൊത്തം ജനസംഖ്യയിൽ 20431 പേർ സാക്ഷരരും ബാക്കി 4922 പേർ നിരക്ഷരരുമാണ്. നിരക്ഷർ മൊത്തം ജനസംഖ്യയുടെ 5.15 %വരും 91ലെ സെൻസസ്സിന് ശേഷമുള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല. 91 സെൻസസ്സ് അനുസരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

**ജനസംഖ്യ വാർഡുതല കണക്കുകൾ.**

| വാർഡ് | പുരു. | സ്ത്രീ. | ജനസംഖ്യ | SC | ST |
|---|---|---|---|---|---|
| I | 1163 | 1134 | 2297 | 86 | 8 |
| II | 1046 | 1151 | 2197 | 230 | – |
| III | 1390 | 1421 | 2811 | 256 | – |
| IV | 1161 | 1133 | 2294 | 246 | – |
| V | 1417 | 1493 | 2910 | 264 | 5 |
| VI | 1360 | 1361 | 2721 | 355 | – |
| VII | 1116 | 1271 | 2387 | 86 | – |
| VIII | 1242 | 1394 | 2636 | 255 | – |
| IX | 1489 | 1477 | 1966 | 255 | 29 |
| X | 1057 | 1077 | 2134 | 58 | – |
| ആകെ | 12441 | 12912 | 25353 | 2090 | 42 |

* 1995ലെ പഞ്ചായത്ത് ഇലക്ഷനോട്കൂടി ഈ പഞ്ചായത്തിന്റെ വാർഡുകൾ 11 ആയി വർദ്ധിച്ചിട്ടുണ്ട്. അതിനനുസരിച്ച് വാർഡുതല ജനസംഖ്യയിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

പൊതുവെ കേരളത്തിൽ വിദ്യാഭ്യാസ നിലവാരത്തിൽ മുന്നിൽ നിൽക്കുന്ന തൃശൂർ ജില്ലയിലെ വിദ്യാഭ്യാസ രംഗത്ത് ശരാശരി നിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താണ് അളഗപ്പനഗർ. എന്നാൽ പത്താംക്ലാസ്സിന് ശേഷവും വിദ്യാഭ്യാസ രംഗത്ത് തുടർന്നും നിലനിൽക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിലും കാര്യമായ ക്ഷതം സംഭവിക്കുന്നുണ്ട്. ഇതിനൊരു പരിഹാരം കണ്ടെത്താൻ ഒത്തൊരുമിച്ചുള്ള ഒരു ശ്രമം അത്യാവശ്യമാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരു പോളിടെക്നിക്ക് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇന്നാട്ടുകാരായ വിദ്യാർത്ഥികൾ വളരെ കുറച്ചുമാത്രമേയുള്ളു. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള മറ്റ് സാഹചര്യങ്ങളൊന്നും പഞ്ചായത്തിൽ നിലവിലില്ല.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക രംഗം ഇന്ന് തകർച്ചയുടെ വക്കിലാണ്. ആയതുകൊണ്ട് തന്നെ ജനങ്ങൾക്ക് മറ്റ് തൊഴിൽമേഖലകളിലേക്ക് മാറാനുള്ള വ്യഗ്രത കാണാനുണ്ട്. പ്രധാന തൊഴിൽ മേഖലയായി ഇന്ന് കെട്ടിട നിർമ്മാണം മാറുകയാണ്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന തൊഴിൽ മേഖലയായ കളിമൺ വ്യവസായങ്ങളും ഇന്ന് തകർച്ചയുടെ വക്കിലാണ്. ഇത് രൂക്ഷമായ ഒരു തൊഴിൽ പ്രതിസന്ധിയിലേക്ക് പഞ്ചായത്തിനെ നയിച്ചേക്കാം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഈ പ്രദേശത്ത് ഏറ്റവും അധികം ബാധിക്കുന്നത് വനിതകളെയാണ്.

അതിശക്തമായ ഒരു ജാതിവ്യവസ്ഥ ഇവിടെ രൂഢമൂലമായിരുന്നില്ല. അതിനാൽ തന്നെ അതിശക്തമായ നവോത്ഥാനസമരങ്ങളും ഇവിടെ ഉണ്ടായില്ല. 1948ൽ ഒരു ക്ഷേത്ര പ്രവേശന സമരം നടന്നെങ്കിലും എതിർപ്പ് ശക്തമല്ലാത്തതിനാൽ പെട്ടെന്ന് തന്നെ വിജയത്തിലെത്തി.

സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും സംഘർഷരഹിതമായ ഒരു ജീവിതമാണ് ഈ പ്രദേശത്തെ ജനങ്ങൾ നയിച്ചുവരുന്നത്.

## ജലപ്രകൃതി

അളഗപ്പനഗറിൽ, ഏകദേശം 2800 മി.മീറ്ററിനും 3000 മി.മീറ്ററിനും ഇടയ്ക്ക് മഴ ഓരോ വർഷവും ലഭിക്കുന്നുണ്ട്. ഇതിന്റെ സിംഹഭാഗവും ജൂൺ, ജൂലൈ മാസങ്ങളിൽ പെയ്തുതീരുന്നു. ശരിയായരീതിയിൽ ഒരു ജലസംഭരണപദ്ധതി ഇല്ലാത്തതിനാൽ വേനൽകാലത്ത് കടുത്ത വരൾച്ചയും അനുഭവപ്പെടുന്നുണ്ട്. പൊതുവെ ഉയർന്ന പ്രദേശമായ അളഗപ്പനഗറിൽ ഭൂഗർഭജലസ്രോതസ്സുകൾക്കുള്ള സാധ്യതകൾ വിരളമാണ്. പഞ്ചായത്തിലെ ജലസ്രോതസ്സിന്റെ നട്ടെല്ലായി നിൽക്കുന്നത് 8 വാർഡുകളിലൂടെ കടന്നുപോകുന്ന പ്രധാന തോടാണ്. ഇതിനെ പലപ്രദേശങ്ങളിലായി കാവല്ലൂർ തോട്, പാണൻതോട്, ആനക്കുഴി, കാഞ്ഞിരംതോട് എന്നിങ്ങനെ വിളിച്ചുവരുന്നു. വേനൽക്കാലത്ത് രണ്ടുമാസത്തോളം ഈ തോട് വറ്റാറുണ്ട്. ഈ പ്രദേശങ്ങളിൽ ഇതേ കാലയളവിൽ തന്നെ കടുത്ത വരൾച്ചയും അനുഭവപ്പെടുന്നു. കിഴക്ക് വട്ടക്കൊട്ടായി മലയിൽ നിന്നാരംഭിക്കുന്ന ഈ തോട് മണലിപ്പുഴയിൽ ചെന്ന് ചേരുന്നു. പഞ്ചായത്തിന്റെ അതിർത്തിയിലൂടെ മണലിപ്പുഴ കടന്നു പോകുന്നുണ്ടെങ്കിലും അതുകൊണ്ട് ഒരു പൂർണ്ണപ്രയോജനം പഞ്ചായത്തിനുണ്ടായിട്ടില്ല. നാലാം വാർഡിന്റെ അതിർത്തിയിൽ മാത്രമാണ് ഈ പുഴ സ്പർശിക്കുന്നത്.

ജലത്തിന്റെ എല്ലാവിധ ആവശ്യങ്ങളും ഒരു പരിധിവരെ സാധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ജലസംഭരണികൾ നമുക്കുണ്ട്. എന്നാൽ അവയെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താനും ശാസ്ത്രീയമായി സംരക്ഷിക്കാനും സാധിക്കാത്തതിനാൽ ഇവ നാശോന്മുഖമാവുകയാണ്. ഈ പഞ്ചായത്തിൽ 25 പൊതുകുളങ്ങളും 426 കിണറുകളും നമുക്കുണ്ട്. കൂടാതെ 16 കി.മീ.നീളമുള്ള പീച്ചി, ഇടതുകര കനാലും മറ്റു നിരവധി ചെറിയ നീർച്ചാലുകളും ഈ പഞ്ചായത്തിലുണ്ട്.

## ഉപസംഹാരം.

വികസന രംഗത്ത് ഒരു പുതിയ സമ്പ്രദായത്തിന് തുടക്കം ഇടുകയാണ്. ഇന്നലെ വരെ മുകളിൽ നിന്നു കൽപ്പിക്കുന്ന പദ്ധതികൾ അനുകരിക്കുകയേ വേണ്ടിയിരുന്നുള്ളു. പണവിനിയോഗവും ദുർബലമായിരുന്നു. 9–ാം പദ്ധതിയിലാകട്ടെ ഒരു കുതിച്ചുചാട്ടത്തിനുള്ള പശ്ചാത്തലമാണ് ഒരുങ്ങുന്നത്. റെഡിമെയ്ഡ് പദ്ധതികൾക്കു പകരം വർദ്ധിച്ച അനുപാതത്തിലുള്ള പണമാണ് നമുക്ക് ലഭിക്കാൻ പോകുന്നത്. അവയെ നാടിനും നാട്ടുകാർക്കും വേണ്ട പരിപാടികളാക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കുന്നത്. ഈ രംഗത്തുള്ള വൈദഗ്ധ്യകുറവും മുൻപരിചയത്തിന്റെ അഭാവവും നമ്മുടെ പരിമിതികളാണ്. എന്നാൽ ജനസേവനത്തിനുള്ള ഇച്ഛാശക്തിയാണ് നമ്മുടെ പ്രധാനമൂലധനം എന്നിരിക്കെ ഏത് തരം വൈദഗ്ധ്യവും സ്വായത്തമാക്കാൻ നമുക്ക് കഴിയും.

അളഗപ്പനഗർ പഞ്ചായത്തിന്റെ കഴിഞ്ഞകാല വികസനപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നത് പ്രധാനമായും റോഡുനിർമ്മാണത്തിലും മറ്റു മരാമത്ത് പ്രവർത്തനങ്ങളിലുമായിരുന്നു. മുഖ്യപങ്കുവരുമാനവും നാം അതിനായി

നീക്കിവച്ചു. ഉല്പാദനമേഖലകളിൽ വിന്യസിക്കാൻ വിഭവമോ അത്തരത്തിലുള്ള ഒരു വീക്ഷണമോ നമ്മുടെ വികസന ശീലുകളുടെ ഭാഗമായിരുന്നില്ല. എന്നാൽ കൃഷിക്കും വ്യവസായത്തിനും ഉണ്ടാകുന്ന അഭിവൃദ്ധിയുടെ നേട്ടങ്ങളാണ് മറ്റുസേവനമേഖലകളിലെ വികാസത്തിനു വേണ്ട വിഭവമായി മാറേണ്ടതെന്ന് ഇന്ന് നാം തിരിച്ചറിയുന്നു. ഈ തത്വം പ്രയോഗവൽക്കരിക്കാനുള്ള നടപടികളാണ് ഇനി ആവശ്യം. തകർന്നു കൊണ്ടിരിക്കുന്ന കാർഷികമേഖലയെ പുനരുദ്ധരിക്കാൻ കഴിഞ്ഞാൽ നൈരാശ്യം ബാധിച്ച കർഷക ജനത സടകുടഞ്ഞെഴുന്നേൽക്കും. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് നടുവിലും പുതിയ തൊഴിലവസരങ്ങളും ഉൽപാദനവും ലക്ഷ്യമാക്കുന്ന ചെറുകിട വ്യവസായസംരംഭങ്ങളെ കുറിച്ച് നാം ആലോചിക്കണം.

കുടിവെള്ള പ്രശ്നമാണ് നമ്മുടെ പഞ്ചായത്തിലെ ഗൗരവമേറിയ മറ്റൊരു പ്രശ്നം. ലോറികളിൽ വെള്ളമെത്തിച്ച് പരിഹരിക്കാവുന്നത്ര ലളിതമല്ല ഇത്. നാടൻ ജലസ്രോതസ്സുകളുടെ സംരക്ഷണവും കാര്യക്ഷമതയും ദീർഘകാല അടിസ്ഥാനത്തിലെങ്കിലും കൈവരിച്ചുകൊണ്ടേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താനാവു. ആദിശയിലുള്ള ചിന്തകൾക്കും നാം തുടക്കം കുറിക്കണം.

മനുഷ്യരുടെ ജീവിതപ്രയാസങ്ങളും നാടിന്റെ അഭിവൃദ്ധിയുമാണ് നാം ചർച്ച ചെയ്യേണ്ടത്. നാം വ്യത്യസ്ത ജാതികളിൽ പെടുന്നവരാകാം, നമ്മുടെ രാഷ്ട്രീയ അഭിപ്രായങ്ങളും ഭിന്നമാണ്. അത്തരം വൈവിധ്യങ്ങൾ നിലനിർത്തികൊണ്ടുതന്നെ ജനാഭിവൃദ്ധിയിൽ സാമൂഹ്യപ്രവർത്തകരുടെ കൂട്ടായ്മ ഉയർത്തിപ്പിടിക്കാൻ കഴിയണം. പുതിയൊരു സാമൂഹ്യ പ്രവർത്തന ശൈലിയും സംസ്കാരവുമാണ് ഇതുവഴി ഉദയം കൊള്ളുന്നത്. നാടിന്റെ പുരോഗതിക്കുള്ള ഒറ്റമൂലിയും ഇതുതന്നെ.

നാടിന്റെ പ്രശ്നങ്ങൾ നിരവധിയാണ്. മിക്കവയും അതീവ ഗുരുതരവുമാണ്. ഒറ്റനാൾ കൊണ്ട് പൊടുന്നനെ ഇവക്കൊക്കെ പരിഹാരം കണ്ടെത്താനാകില്ല. പണമില്ലാത്തതുതന്നെയാണ് പ്രധാനകാരണം. വിഭവസമാഹരണം ജനങ്ങളിൽ അസംതൃപ്തിയുണ്ടാക്കി നേടേണ്ടതല്ല. ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തിയും പൊതുനന്മയെന്ന ലക്ഷ്യത്തിലേക്ക് മുഴുവൻ ജനതയേയും ഏകോപിപ്പിച്ചും നടപ്പിലാക്കേണ്ടുന്ന ഒരു സമാന്തര പ്രവർത്തനമാണിത്. സുലഭമായ മനുഷ്യാദ്ധ്വാനത്തെ സന്നദ്ധപ്രവർത്തന രംഗത്തേക്ക് ആനയിക്കുമ്പോൾ ജനപങ്കാളിത്തത്തോടെയുള്ള സമൂഹനിർമ്മാണം യാഥാർത്ഥ്യമാവുകയാണ്.


ഇന്നലെകളിൽ കുറ്റക്കാരെ വിചാരണ ചെയ്യാനും പരാതികളുന്നയിക്കാനും നിരവധി ഊർജ്ജം ചെലവഴിക്കപ്പെട്ടു. അത് ഇനിയും തുടരണം. പക്ഷേ അതോടൊപ്പം കർമ്മരംഗത്തുകൂടി വ്യാപൃതരായി കുറ്റങ്ങളും കുറവുകളും പരമാവധി ലഘൂകരിക്കുവാൻ ശ്രമമുണ്ടാകണം. കാരണം അധികാരത്തോടൊപ്പം വിഭവങ്ങളും നാം ഇന്ന് കൈകാര്യം ചെയ്യുകയാണ്. ഇന്നലെകളിലെ അനാഥത്വവും നിസ്സംഗതയുമല്ല നമുക്കിന്ന് വേണ്ടത്. യാഥാർത്ഥ്യങ്ങൾ ഉൾകൊണ്ടും പരിമിതികൾ സ്വാംശീകരിച്ചും പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭരണപ്രതിപക്ഷവിഭജനം വികസനകാര്യങ്ങളിലെങ്കിലും അപ്രസക്തമാവുകയാണ്.

ശുഭപ്രതീക്ഷയുടെ സൂചനകളാണ് അന്തരീക്ഷത്തിലെങ്ങും. സാഹചര്യങ്ങൾ അനുകൂലമെങ്കിലും പ്രശ്നങ്ങൾ ഏറെ കാലുഷ്യം നിറഞ്ഞതാണ്. നിശ്ചയദാർഢ്യത്തോടെയും ലക്ഷ്യബോധത്തോടെയും ജനങ്ങളെയാകെ അണിനിരത്തിയാൽ ലക്ഷ്യപ്രാപ്തിയിലെത്തുക ലളിതമാകുന്നു. നല്ലൊരു നാളേക്ക് വേണ്ടിയുള്ള പ്രയാണത്തിൽ കർമ്മനിരതരാകാൻ അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് കൂടുതൽ വിശകലനത്തിനും സമ്പൂർണതക്കും വേണ്ടി സവിനയം ഈ സെമിനാറിനുമുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

| | |
|---|---|
| സി.കെ.കുമാരൻ | കെ.എൻ.സനിൽ |
| (പ്രസിഡണ്ട്). | കൺവീനർ. . |

ജനകീയാസൂത്രണപ്രസ്ഥാനം.
അളഗപ്പനഗർ പഞ്ചായത്ത്.




# വികസന റിപ്പോർട്ട്

## കൊടകര ഗ്രാമ പഞ്ചായത്ത്

82

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി



# കൊടകര ഗ്രാമപഞ്ചായത്ത്

## ഒമ്പതാം പദ്ധതി ഒറ്റനോട്ടത്തിൽ

ഒമ്പതാം പദ്ധതി  ജനകീയ പദ്ധതി

□

അധികാരവികേന്ദ്രീകരണം വഴി

□

ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

□

40 % പദ്ധതിവിഹിതം
തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്

□

വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു

□

ബഹുജനസഹകരണം  അനിവാര്യം

□

ഒമ്പതാംപദ്ധതി നമ്മുടെ പദ്ധതിയാകുന്നു

*ഉപദേശകസമിതി*
*അജിത രാധാകൃഷ്ണൻ*
*കെ.ബാലകൃഷ്ണൻ മാസ്റ്റർ*
*ജോളിജോസ്*
*ബാബു.എ.ആർ, COSTFORD*

*എഡിറ്റർ*
*ഷിബു വർഗ്ഗീസ്.പി.*

*സബ് എഡിറ്റർമാർ*
*തിലകൻ.പി.യു.*
*പ്രദീപ്.എ.യു.*

*അംഗങ്ങൾ*
*എൻ.പ്രദീപ്*
*സുവർണ്ണ എസ്. മേനോൻ*
*സദാശിവൻ കുറവത്ത്*

*ചിത്രങ്ങൾ*
*സത്യൻ ആനാത്ത്*
*ടൈപ്പ് സെറ്റിങ്*
*പേജ് മേക്കർ*
*പാട്ടുരായ്ക്കൽ*
*തൃശ്ശൂർ*

84



# നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

| | |
|---|---|
| അജിത രാധാകൃഷ്ണൻ | (പ്രസിഡണ്ട് ) |
| ടെസ്സി ഫ്രാൻസീസ് | (വൈസ് പ്രസിഡണ്ട്) |
| എ.സി.വേലായുധൻ. | (സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ) |
| കെ.എസ്.ലക്ഷ്മി | (രണ്ടാം വാർഡ് മെമ്പർ) |
| വി.എം.ജോർജ് | (മൂന്നാം ,, ,, ) |
| പി.പി.കുമാരൻ | (നാലാം ,, ,, ) |
| കെ.കെ.ആന്റണി | (ആറാം ,, ,, ) |
| ഷിബു വർഗ്ഗീസ്.പി. | (ഏഴാം ,, ,, ) |
| എം.സി.ദിനേശൻ | (എട്ടാം ,, ,, ) |
| എ.എ.അയ്യപ്പകുട്ടി | (പത്താം ,, ,, ) |
| രമ കൃഷണൻകുട്ടി | (പതിനൊന്നാം ,, ,, ) |

## ഉള്ളടക്കം


1. ആമുഖം 5

2. പഞ്ചായത്ത് പൊതുവിവരണം 7

3. സാമൂഹിക – സാംസ്കാരിക ചരിത്രം 8

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 10

സാമുഹിക – സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും 12

2. മൃഗസംരക്ഷണം 20

3. വ്യവസായം 24

4. വിദ്യാഭ്യാസം 31

5. കുടിവെള്ളവും, പൊതുജനാരോഗ്യവും 36

6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 42

7. പാർപ്പിടവും, സാമൂഹ്യക്ഷേമവും 45

8. സംസ്കാരം 53

9. വനിത 56

10. സഹകരണം 59

11. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം 63

12. വിഭവസമാഹരണം 67

13. ഉപസംഹാരം 71


86



# ആമുഖം

സ്വാതന്ത്ര്യസമരകാലത്ത് ഗ്രാമവികസനത്തെക്കുറിച്ച് ഒട്ടേറെ മധുര സ്വപ്നങ്ങളുണ്ടായിരുന്നു. 'ഗ്രാമസ്വരാജി'ലൂടെ ജനങ്ങളുടെ സർഗ്ഗാത്മകശേഷി കെട്ടഴിച്ചുവിടുകയും രാഷ്ട്ര പുനർനിർമാണത്തിന് അവരുടെ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് വികസ്വരമായ ഒരു സ്വതന്ത്ര ഇന്ത്യ കെട്ടിപ്പടുക്കാൻ കഴിയുമെന്ന് ഗാന്ധിയും നേതാക്കൾ കരുതിയിരുന്നു. എന്നാൽ സംഭവിച്ചത് മറ്റൊന്നാണ്. രാഷ്ട്രപുനർനിർമാണത്തിൽ ജനങ്ങളുടെ പങ്കാളിത്തം നാൾക്കുനാൾ കുറഞ്ഞുവന്നു. പദ്ധതി പ്രവർത്തനങ്ങൾ മേലേ തലത്തിൽനിന്ന് അടിച്ചേല്പിക്കപ്പെട്ടതിലൂടെ അനുയോജ്യമല്ലാത്ത സാഹചര്യങ്ങളിൽപോലും അവ നടപ്പിലാക്കാൻ പ്രാദേശിക ഭരണസ്ഥാപനങ്ങൾ നിർബന്ധിതമായി തീർന്നു.

ഒരു വശത്ത് സ്വതന്ത്രയിന്ത്യയിൽ തുടർന്നുവന്ന ഫ്യൂഡൽ സ്വാധീനവും മറുവശത്ത് നിരവധി പഞ്ചവത്സര പദ്ധതികളിലൂടെയായി വന്ന മുതലാളിത്ത വികസനവും ചേർന്ന് സമൂഹത്തെയാകെ നാട്ടുപ്രമാണിമാരും മുതലാളിമാരും പുത്തൻ പണക്കാരുമടങ്ങുന്ന ചെറുന്യൂനപക്ഷവും, ദരിദ്രരും നിരക്ഷരരുമടങ്ങുന്ന മഹാഭൂരിപക്ഷവും എന്ന നിലയിൽ വിഭജിച്ചു. വികസനപ്രക്രിയയുടെ മുഖ്യധാരയിൽനിന്ന് പുറംതള്ളപ്പെട്ട ഈ ഭൂരിപക്ഷം 'ദുർബല വിഭാഗം' എന്ന ഓമനപ്പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇവരുടെ ഉന്നമനത്തിനെന്ന പേരിൽ പല നടപടികളും ആവിഷ്കരിക്കപ്പെട്ടെങ്കിലും അവയൊന്നും ഫലപ്രദമായില്ല. ഈ പ്രതിസന്ധിയിൽനിന്ന് കരകയറണമെങ്കിൽ നമ്മുടെ ആസൂത്രണ - വികസന രംഗങ്ങളിൽ മൗലികമായ മാറ്റം വരുത്തിയേ തീരൂ. പദ്ധതികൾ രൂപപ്പെടുത്തുന്നതിലും നിർവഹിക്കുന്നതിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന വികേന്ദ്രീകൃതാസൂത്രണരീതി ഈ ഒമ്പതാം പദ്ധതിയിൽ നമുക്ക് കൈവന്നിരിക്കുകയാണ്.

87

40% പദ്ധതി വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏല്പി ച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ ഒരു വികസനപ്രക്രിയക്ക് രൂപം കൊടുക്കുന്നതിനാണല്ലോ സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും തീരുമാനിച്ചിട്ടുള്ളത്. നാളിതുവരെ നിലനിന്ന വികസന സങ്കല്പത്തിൽ മാറ്റം വരുത്തി കേരളത്തിന്റെ വികസനപ്രക്രിയയിൽ സമൂലമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതിക്കാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇന്നലെകളിൽ സംഭവിച്ച പാളിച്ചകൾ തിരുത്താനും കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് നമ്മുടെ സാമൂഹ്യ സാമ്പത്തിക മേഖലകളെ ഉയർത്തുന്നതിനുംവേണ്ടി ഈ അവസരം ശ്രദ്ധാപൂർവം വിനിയോഗിക്കാം.

പ്രവർത്തന രേഖകൾ

– ജില്ലാതല ക്യാമ്പ് – സെപ്തംബർ 5, 6, 7 കൊടകരയിൽ നമ്മുടെ പഞ്ചായത്തിൽനിന്ന് പതിമൂന്നുപേർ പങ്കെടുത്തു.

പഞ്ചായത്തുതല പരിശീലനം സെപ്തം. 15 അറുപത്തിഏഴ് പേർ ക്യാമ്പിൽ പങ്കാളികളായി.

ഗ്രാമസഭകൾ – സെപ്തംബർ 21 മുതൽ ഒക്ടോബർ 13വരെ 11 വാർഡുകളിൽ ശരാശരി 208 പേർ പങ്കെടുത്തു.

വിദഗ്ധ സമിതി രൂപീകരണം. ഒക്ടോ.23

രണ്ടാംഘട്ടം: ജില്ലാതല പരിശീലനം ഇരിങ്ങാലക്കുടയിൽ മുപ്പത്പേർ പങ്കെടുത്തു.

പഞ്ചായത്തുതല പരിശീലനം ഒക്ടോ.29

നൂറ്റിപ്പത്തുപേർ പങ്കാളികളായി.


പഠനപര്യടനയാത്ര – നവം.3

വിവിധ മേഖലകളിലെ വികസന റിപ്പോർട്ടുകൾ ഒത്തുചേരുന്നു. നവം.6

പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം – നവം. 7

വികസന സെമിനാർ – സംഘാടക സമിതി യോഗം – നവം – 11

88



## പഞ്ചായത്ത്
## പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | – കൊടകര ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | – കൊടകര |
| ബ്ലോക്ക് പഞ്ചായത്ത് | – കൊടകര |
| താലൂക്ക് | – മുകുന്ദപുരം |
| ജില്ല | – തൃശൂർ |
| നിയമസഭാമണ്ഡലം | – കൊടകര |
| ലോകസഭാമണ്ഡലം | – തൃശൂർ |
| വിസ്തീർണ്ണം | – 21.290 ച.കി.മീ |
| അതിരുകൾ : | |
| കിഴക്ക് | – മറ്റത്തൂർ, കോടശ്ശേരി പഞ്ചായത്തുകൾ |
| വടക്ക് | – മറ്റത്തൂർ, മുരിയാട്, പറപ്പൂക്കര പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | – ആളൂർ, മുരിയാട് പഞ്ചായത്തുകൾ |
| തെക്ക് | – ചാലക്കുടി മുൻസിപ്പാലിറ്റി ആളൂർ, കോടശ്ശേരി പഞ്ചായത്തുകൾ |
| ജനസംഖ്യ | – 27,948 |
| സ്ത്രീകൾ | – 14,351 |
| പുരുഷന്മാർ | – 13,597 |
| സാക്ഷരതാ നിരക്ക് | – 95% |
| വാർഡുകളുടെ എണ്ണം | – 11 |
| സ്ത്രീ സംവരണം | – 4 |
| ജനറൽ | – 6 |
| പട്ടിക ജാതി | – 1 |

89



# സാമൂഹിക
# സാംസ്കാരിക ചരിത്രം

അയ്യൻ ചിരികണ്ടൻ എന്ന സാമന്തരാജാവിന്റെ കീഴിലായിരുന്നതും ഇന്ന് മുകുന്ദപുരം താലൂക്ക് എന്നറിയപ്പെടുന്നതുമായ ഭൂപ്രദേശത്തെ ഒരു ഭാഗമാണ് കൊടകര ഗ്രാമപഞ്ചായത്ത്. പന്തല്ലൂർ പള്ളത്ത് മഠത്തിൽ കർത്താക്കന്മാരുടെ കൈവശമായിരുന്നു ഈ പ്രദേശം. കോടശ്ശേരി കർത്താക്കന്മാർ ബലം പ്രയോഗിച്ചും അല്ലാതെയും പന്തല്ലൂർ മഠത്തിൽ കർത്താക്കന്മാരുടെ ഒട്ടേറെ ഭൂമി കൈവശപ്പെടുത്തി. എന്തൊക്കെ സമ്മർദ്ദങ്ങൾ ഉണ്ടായിട്ടും പന്തല്ലൂർ മഠത്തിൽ കർത്താക്കൾ കോടശ്ശേരി കർത്താക്കൾക്ക് കൊടുക്കാതെ കൈവശം വച്ച ഈ കരയെ 'കൊടുക്കാത്ത കര' എന്നു വിളിച്ചുവന്നു. ഇതാണ് കാലങ്ങൾക്ക്ശേഷം കൊടകര എന്നറിയപ്പെട്ടത്. കൊടകര എന്ന പേര് വന്നതിന്റെ പിന്നിലുള്ള ഏറ്റവും പ്രബലമായ ഐതിഹ്യം ഇതാണെങ്കിലും മറ്റു പല കാര്യങ്ങളും പറയപ്പെടുന്നുണ്ട്.

വളരേയേറെ പ്രാധാന്യമുള്ള ചരിത്രസംഭവങ്ങൾ കൊടകരയിൽ നടന്നു എന്ന് പറയാനാവില്ലെങ്കിലും എടുത്തു പറയത്തക്ക പല സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും കൊടകരയും ഇവിടുത്തെ ജനങ്ങളും സാക്ഷ്യം വഹിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബരം നിയമാകുന്നതിനു മുമ്പ്തന്നെ മനക്കുളങ്ങര പ്രദേശത്ത് ഹരിജനങ്ങൾ ക്ഷേത്രദർശനം നടത്തുകയും ക്ഷേത്രക്കുളം ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു നേതൃത്വം നൽകിയവരിൽ ശ്രീ. പി.പി.കുഞ്ഞിപേങ്ങൻ, ശ്രീ. പി.സി.വേലായുധൻ, ശ്രീ. സി.പി.കണ്ണൻ എന്നിവർ ഇപ്പോഴും ജീവിച്ചിരിക്കുന്നു.

അയിത്തത്തിനും മറ്റു സാമൂഹിക അനാചാരങ്ങൾക്കുമെതിരെ കേരളത്തിൽ വളർന്നുവന്ന സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിലും സമരങ്ങളിലും കൊടകരയിലെ ജനങ്ങളും പങ്കാളികളായിരുന്നു. പാലിയം സമരം, കുട്ടംകുളം സമരം എന്നിവ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. ഡോ. എൻ.വി.കൃഷ്ണവാരിയർ പത്രാധിപരായി 'സ്വതന്ത്ര ഭാരതം' എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. രഹസ്യമായി കല്ലച്ചിൽ അടിച്ചാണ് നിരോധിക്കപ്പെട്ടിരുന്ന ഈ പത്രം പ്രസിദ്ധീകരിച്ചിരുന്നത്. കലാ സാഹിത്യ രംഗത്തേയ്ക്കും ചെറുതല്ലാത്ത സംഭാവനകൾ നൽകാൻ കൊടകരയ്ക്കായിട്ടുണ്ട്. പ്രശസ്ത സാഹിത്യ നിരൂപകനായ എം.എസ്.മേനോൻ, കൊടകരയിൽ ജനിച്ച് വളർന്ന ആളാണ്. പ്രശസ്ത സിനിമാ നടി കെ.ആർ.വിജയ കൊടകര സ്വദേശിയാണ്.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റു അടക്കം വിവിധ രാഷ്ട്രീയപ്പാർട്ടികളിലെ

90

ദേശീയ നേതാക്കൾ കൊടകര സന്ദർശിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയായി അവരോധിക്കപ്പെട്ടശേഷം ശ്രീ. സി.അച്ചുതമേനോൻ കേരളനിയമസഭയിൽ അംഗമായത് കൊടകരയിൽനിന്നാണ്. നിയമസഭ പിരിച്ചുവിട്ടതിനെ തുടർന്ന് നടന്ന പൊതു തെരഞ്ഞെടുപ്പിനെത്തുടർന്ന് അദ്ദേഹം വീണ്ടും കേരള മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു.

കൊടകരയിലെ പൂനിലാർക്കാവ് ക്ഷേത്രത്തിന് രണ്ടായിരത്തോളം വർഷം പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. കൊടകര കുന്നത്തൃക്കോവിൽ, പുത്തുക്കാവ് ദേവീക്ഷേത്രം, കണ്ടംകുളങ്ങര ക്ഷേത്രം, പുതുകുളങ്ങര ക്ഷേത്രം, മനക്കുളങ്ങര വിഷ്ണു ക്ഷേത്രം, കരുപ്പാക്കുളങ്ങര ശ്രീ ധർമശാസ്താ ക്ഷേത്രം, ഈശ്വരമംഗലം ശിവക്ഷേത്രം, പൂതികുളങ്ങര ശ്രീകൃഷ്ണ ക്ഷേത്രം എന്നീ ഹൈന്ദവാരാധനാലയങ്ങളും, ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള പേരാമ്പ്ര സെന്റ് ആന്റണീസ് പള്ളി, കൊടകര സെന്റ് ജോസഫ് പള്ളി, വല്ലപ്പാടി ദേവമാതാ പള്ളി, തേശ്ശേരി പള്ളി എന്നീ കൃസ്തീയ ദേവാലയങ്ങളും ഒരു മുസ്ലീം പള്ളിയുമാണ് കൊടകരയിലെ പ്രധാനപ്പെട്ട ആരാധനാ കേന്ദ്രങ്ങൾ.

കേരളത്തിലെ ഷഷ്ഠി ആഘോഷങ്ങളുടെ പൈതൃകം കൊടകരയ്ക്ക് അവകാശപ്പെട്ടതാണ്. കുന്നത്തൃക്കോവിൽ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ നടക്കുന്ന ഷഷ്ഠിയാണ് കേരളത്തിലെ ഏറ്റവും ആദ്യത്തെ ഷഷ്ഠി മഹോത്സവം എന്ന് കരുതപ്പെടുന്നു.

പ്രശസ്തരായ ശ്രീ. എൻ.വി.കൃഷ്ണവാരിയർ, ശ്രീ. എം.എസ്.മേനോൻ, ശ്രീ. പി.ജി.പി.പിള്ള എന്നിവർ ഒരു നൂറ്റാണ്ടോളം പഴക്കമുള്ള കൊടകരയിലെ ഗവ.സ്കൂളിൽ അദ്ധ്യാപകരായിരുന്നു എന്നത് കൊടകരയെ സംബന്ധിച്ചിടത്തോളം അഭിമാനാർഹവും അംഗീകാരവുമായി കരതാം.

1952 –ൽ കൊടകര പഞ്ചായത്ത് രൂപീകരിക്കപ്പെടുന്നതിന് മുമ്പ് കൊടകര മറ്റത്തൂർ പ്രദേശങ്ങൾ ഒരു പഞ്ചായത്തിൻ കീഴിലായിരുന്നു. അതിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന പൊലിയേടത്ത് കേശവമേനോൻ ഇന്നും സ്മരിക്കപ്പെടുന്നു. കൊടകര പഞ്ചായത്തിന്റെ രൂപീകരണത്തെ തുടർന്ന് പരേതനായ ശ്രീ. കൃഷ്ണൻകുട്ടിപ്പണിക്കർ പ്രസിഡന്റായി. തുടർന്ന് ശ്രീ. പി.വി.രാഘവൻ, ശ്രീ. കുഞ്ഞിവറീത് വരിക്കശ്ശേരി, ശ്രീ. ലോനപ്പൻ പാലിയക്കര എന്നിവരും ആ സ്ഥാനം അലങ്കരിക്കുകയുണ്ടായി.

91



# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

### ഭൂപ്രകൃതി

തൃശൂർ ജില്ലയുടെ മലയോരപഞ്ചായത്തായ മറ്റത്തൂർ പഞ്ചായത്തിനോട് തൊട്ടുകിടക്കുന്ന പഞ്ചായത്താണ് കൊടകര ഗ്രാമപഞ്ചായത്ത്

വടക്ക് മറ്റത്തൂർ, മുരിയാട്, പറപ്പൂക്കര പഞ്ചായത്തുകളും തെക്ക് ചാലക്കുടി മുനിസിപ്പാലിറ്റി, ആളൂർ, കോടശ്ശേരി പഞ്ചായത്തുകളും പടിഞ്ഞാറ് ആളൂർ, മുരിയാട് പഞ്ചായത്തുകളും കിഴക്ക് മറ്റത്തൂർ കോടശ്ശേരി പഞ്ചായത്തുകളുമാണ് കൊടകര പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങൾ. ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെയായി NH47 കടന്നുപോകുന്നു. 11 വാർഡുകളിലായി 21.29 ച.കി.മീ ചുറ്റളവിൽ കൊടകര ഗ്രാമപഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. പഠനപര്യടനത്തിൽ നിന്നും മനസ്സിലായ പൊതുവായ സവിശേഷത ഈ പഞ്ചായത്തിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഇല്ല എന്നാണ്. കുന്നിൻ പ്രദേശങ്ങളായി കാണാൻ കഴിഞ്ഞത് പുലിപ്പാറ, ആനത്തടം, കുന്നത്തറ, നാടുകുന്ന്, ചെറുകുന്ന് എന്നീ പ്രദേശങ്ങളാണ്. മുകുന്ദപുരം താലൂക്കിലെ കൊടകര വില്ലേജിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

ചരൽമണ്ണ്, കൃഷിക്ക് അനുയോജ്യമായ ചെളിമണ്ണുമാണ് ഈ പഞ്ചായത്തിലെ പ്രധാന മൺതരങ്ങൾ. ഭൂരിപക്ഷം പ്രദേശത്തും നെൽകൃഷിയാണ്. കൂടാതെ തെങ്ങ്, വാഴ, ജാതി എന്നിവയും കൃഷിചെയ്തുവരുന്നുണ്ട്. കനകമലയുടെ താഴ്വരപ്രദേശങ്ങളിലായി കശുമാവ്, റബ്ബർ, വെറ്റിലക്കൊടി എന്നീ വിളകളും കാണാവുന്നതാണ്.

കൃഷിനിലം നികത്തി വീടുവെക്കുന്ന പ്രവണതയും, കനകമലയിലെ പാറപൊട്ടിക്കലുമാണ് പ്രധാന പരിസ്ഥിതി പ്രശ്നങ്ങളായി ചൂണ്ടികാണിക്കപ്പെടുന്നത്.

### ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 27,948 ആണ്. ഇതിൽ 13,597 പുരുഷന്മാരും 14,351 സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയുടെ 5 % മാത്രമാണ് ഈ പഞ്ചായത്തിൽ നിരക്ഷരരുള്ളത്.

വിദ്യാഭ്യാസ രംഗത്ത് വലിയ പുരോഗതി അവകാശപ്പെടാൻ കഴിയാത്ത അവസ്ഥയാണ് പഞ്ചായത്തിലുള്ളതെങ്കിലും മോശമല്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ടെന്നുള്ള വസ്തുത ആശ്വാസകരമാണ്. എസ്.എസ്.എൽ.സി. പൂർത്തിയായാൽ ഭൂരിഭാഗം പേരും പാരലൽകോളേജുകളെയാണ് ആശ്രയിക്കേണ്ടിവരുന്നത്.

കാർഷികരംഗത്തെ ഉൽപ്പാദന മുരടിപ്പ് ഈ പഞ്ചായത്തിലും വ്യാപകമാണ്. വ്യാവസായികരംഗം ഈ പഞ്ചായത്തിൽ ശോചനീയമായ അവസ്ഥയിലേക്കാണ്

നീങ്ങിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽ അപ്പോളോ ടയേഴ്സ് നിലനിൽക്കുന്നുണ്ടെങ്കിലും 10 % പേർ മാത്ര മാണ് ഈ പഞ്ചായത്തിൽ നിന്നും പണിചെയ്യുന്നത്. അതേപോലെ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിന്ന പല ചെറുകിട യൂണിറ്റുകളും നാമാവശേഷമായി. ഈ യൂണിറ്റുകളിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന നിരവധി വൈദഗ്ദ്യമുള്ളവർ ഈ പഞ്ചായത്തിൽ ഉണ്ട്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 3,000 മി.മീ. മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലയ്, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഏറ്റവും കുറവ് മഴ ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ ഭൂരിഭാഗം കുടുംബങ്ങളും കുടിവെള്ളത്തിനു വേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്.

മൈനർ ഇറിഗേഷൻ പദ്ധതിയുടെ കീഴിൽ 3 തോടുകളും മേജർ ഇറിഗേഷൻ

പദ്ധതിയിൽ 3 തോടുകളും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നുണ്ട്. പക്ഷെ ഇതിന്റെ അറ്റകുറ്റപണികൾ നേരാംവണ്ണം നടത്തി ഇതിലൂടെ വെള്ളം ഒഴുകുകയാണെങ്കിൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

93



# കൃഷിയും ജലസേചനവും

കേരളീയ നാടിന്റെ തനിമകളെല്ലാം ഉൾക്കൊള്ളുന്ന ചെറിയകുന്നുകളും താഴ്‌വരകളും വിശാലമായ സമതല പ്രദേശങ്ങളും അടങ്ങിയ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിനുള്ളത്. നെല്ലും തെങ്ങുമാണ് മുഖ്യവിളകൾ. ഇതിനു പുറമെ വാഴ, കവുങ്ങ്, കുരുമുളക്, ചേന, ഇഞ്ചി എന്നിവയും കൃഷി ചെയ്തുവരുന്നുണ്ട്. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ 1464 ഏക്കററോളം സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നതായി സെറ്റിൽമെന്റ് രേഖകൾ വ്യക്തമാക്കുന്നു. ജലസേചനത്തിനായി നിർമ്മിച്ച തലക്കുളങ്ങളുടേയും ചിറകളുടേയും എണ്ണംതന്നെ (പട്ടിക – I) കൃഷിക്ക്, പ്രത്യേകിച്ചും നെൽകൃഷിക്ക് നൽകിയിരുന്ന പ്രധാന്യത്തിന് നിദർശനമാണ്. ഇതിനു പുറമെയാണ് സ്വകാര്യക്ഷേത്രകുളങ്ങൾ. ചെറുവത്തൂർ ചിറ കെട്ടി (പഞ്ചായത്ത് ആറാംവാർഡ്) ആയിരം ഏക്കറിലധികം ഭൂമിയിൽ പുഞ്ചകൃഷി ചെയ്തുവന്നിരുന്നു. ഇടക്കാലത്ത് നെൽവയലുകളിൽ മൂന്നു പൂവും കൃഷി ചെയ്യുന്നതു കൂടാതെ കരപ്രദേശങ്ങളും നെൽകൃഷിക്കായി ഉപയോഗിച്ചിരുന്നു.

എന്നാൽ സമീപകാലചരിത്രം വ്യത്യസ്തമായ ഒരു ചിത്രമാണ് നൽകുന്നത്. കനാൽ വഴി ചാലക്കുടി തുമ്പൂർ മുഴി ഇറിഗേഷൻ പ്രോജക്റ്റിൽ നിന്നുമുള്ള ജലം ലഭ്യമായിതുടങ്ങിയതോടെ ചിറകളുടേയും തലക്കുളങ്ങളുടേയും പ്രാധാന്യം വിസ്മരിക്കപ്പെട്ടു. തലക്കുളങ്ങളും ചിറകളും പൂർണ്ണമായോ ഭാഗികമായോ തൂർന്നു പോവുകയും കൈയേറ്റത്തിന് വിധേയമാകുകയും ചെയ്തു.

**പട്ടിക – I (അവലംബം : പഞ്ചായത്ത് രേഖകൾ)**

| കുളത്തിന്റെ /ചിറയുടെ പേര് | വാർഡ്നമ്പർ |
|---|---|
| 1. തേശ്ശേരിച്ചിറ | VII |
| 2. കാവനാട്ടു ചിറ | XI |
| 3. ചെറുവത്തൂർ ചിറ | VI |
| 4. തുപ്പൻ ചിറ | VII |
| 5. അന്നാൻ ചിറ | VI |
| 6. പെരിങ്ങാംകുളം | VI |

94

| | |
|---|---|
| 7. രാമൻകുളം | VIII |
| 8. ഉളിഞ്ചേരികുളം | VI |
| 9. ഞാറക്കുളം | XI |
| 10. ബ്ലാച്ചിറ | III |
| 11. മൊതക്കുളം | V |
| 12. പണിക്കരുടെ താഴത്തെ കുളം | – |
| 13. കുറിച്ചികുളം | I |
| 14. തോട്ടച്ചിറ | I |
| 15. പോത്തുക്കുളം | I |
| 16. ചെട്ട്യാർകുളം | II |
| 17. പന്തല്ലൂക്കാരന്റെ താഴത്തെകുളം | – |
| 18. മുരിയൻകുളം | – |
| 19. പടന്നകുളം | V |
| 20. വേലത്തിപറമ്പന്റെ താഴത്തെ കുളം | IX |
| 21. തവളകുളം | IX |
| 22. മണ്ഡലി കുളം | IX |
| 23. കരയാംകുളം | – |
| 24. അയിനികുളം | – |
| 25. കല്ലൻകുളം | VII |
| 26. കാവുംകുഴി | VIII |
| 27. വളയാം കുളം | – |
| 28. മുരുക്കും പേട്ട പാടത്തെകുളം | X |
| 29. പഞ്ഞരത്തിച്ചാൽ | – |
| 30. അഴകം ലിഫ്റ്റ് ഇറിഗേഷൻ കുളം | VIII |
| 31. കാവിൽ ഇറിഗേഷൻ കുളം | IV |
| 32. മരുത്തം പിള്ളി മനകുളം | VI |

പിന്നീട് കനാൽ വെള്ളത്തിന് ക്ഷാമമുണ്ടായതോടെ പഴയ സ്രോതസുകളെ നവീകരിക്കുകയെന്നതിനു പകരം കൃഷിസ്ഥലങ്ങൾ തരിശിടുകയും പാടം നികത്തി മറ്റുവിളകൾക്കായും കാർഷികേതര ആവശ്യങ്ങൾക്കായും ഉപയോഗിക്കുകയുമാണ് ചെയ്യുന്നത്. ഇതാകട്ടെ നീരൊഴുക്കിനെയും മണ്ണിന്റെ ജലസംഭരണശേഷിയേയും കുറച്ചതുവഴി ജലസേചനസൗകര്യത്തെ വീണ്ടും കുറച്ചു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഉണ്ടായിരുന്നതിന്റെ പകുതി ഭൂമിയിൽ പോലും ഇന്ന് നെൽകൃഷി ഇല്ലാതായി എന്നാണ് പഠനയാത്രാസംഘത്തിന്റെ നിഗമനം. കാർഷികേതാര ആവശ്യങ്ങൾക്കായി 825ഹെക്ടർ ഭൂമി ഉപയോഗിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്.

ജലസേചനസൗകര്യങ്ങളിൽ വന്ന ഈ മാറ്റം കാർഷികരംഗത്ത് മാത്രമല്ല അതിന്റെ പ്രത്യാഘാതങ്ങളുണ്ടാക്കിയത്. കുടിവെള്ള ക്ഷാമം കൂടുതൽ ഭാഗങ്ങളിൽ, കൂടുതൽ രൂക്ഷമായി, കൂടുതൽ കാലയളവിൽ അനുഭവപ്പെടുന്നതിന് ഇത് ഇടവരുത്തി.

## ഭൂവിനിയോഗം

ആകെ 2129ഹെക്ടർ ഭൂവിസ്താരമുള്ള കൊടകര പഞ്ചായത്തിൽ 1247 ഹെക്ടർ സ്ഥലവും കൃഷിയാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. 1987 ൽ കൊടകര കൃഷിഭവൻ തയ്യാറാക്കിയ രേഖകൾ പ്രകാരം വിവിധ വിളയിനങ്ങൾക്കായി ഉപയോഗിക്കുന്ന കൃഷി ഭൂമിയുടെ കണക്ക് പട്ടിക – 2ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഇതിൽ ഗണ്യമായ വ്യതിയാനം വന്നിട്ടുണ്ട്.

പഞ്ചായത്തിൽ നടത്തിയ പഠനപര്യടനത്തിൽ നിന്നും പഞ്ചായത്ത് പ്രദേശത്തെ മണ്ണിനങ്ങളിൽ വളരെയധികം വൈജാത്യമുള്ളതായികണ്ടില്ല.. ചരൽ നിറഞ്ഞ ചുവന്നമണ്ണ് കരഭൂമിയിലും ചെളിയുടെ ആധിക്യമുള്ള, നെൽകൃഷിക്ക് കൂടുതലായി യോജിച്ച മണ്ണ് താഴ്ന്ന പാടശേഖരങ്ങളിലും കാണുകയുണ്ടായി. ഇതിൽ ആദ്യത്തെ തരം വിവിധവിളകൾക്ക് യോജിച്ചതും വള പ്രയോഗം നടത്തുമ്പോൾ നന്നായി പ്രതികരിക്കുന്നതുമാണ്.

ഫലപ്രദമായ കൃഷിയിടങ്ങളുടെ വിതരണത്തിന്റെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് ഇന്നത്തെ കേരളത്തിന്റെ മൊത്തം അവസ്ഥയിൽ നിന്നും ഭിന്നമല്ല. ചെറുകിട, നാമമാത്രകൃഷിയിടങ്ങളാണ് കൂടുതലും

95

പട്ടിക – 2
(അവലംബം: കൃഷിഭവൻ, കൊടകര)

| വിളയുടെ പേര് | വിസ്തൃതി |
|---|---|
| 1. നെല്ല് | 367 ഹെക്ടർ |
| 2. തെങ്ങ് | 743 ഹെക്ടർ |
| 3. വാഴ | 213 ഹെക്ടർ |
| 4. കവുങ്ങ് | 186 ഹെക്ടർ |
| 5. റബ്ബർ | 39 ഹെക്ടർ |
| 6. കശുമാവ് | 33 ഹെക്ടർ |
| 7. കുരുമുളക് | 127 ഹെക്ടർ |
| 8. പയർ വർഗ്ഗങ്ങൾ | 110 ഹെക്ടർ |
| 9. പച്ചക്കറി | 30 ഹെക്ടർ |
| 10. മരച്ചീനി | 59 ഹെക്ടർ |

## നെൽകൃഷി

കൃഷിഭവൻ രേഖകൾ പ്രകാരം കൊടകര പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്നത് ഓരോ പൂവ്വിലും താഴെ പട്ടിക 4 ൽ പറയും പ്രകാരമാണ്.

(പട്ടിക - 4)
(അവലംബം: കൃഷിഭവൻ, കൊടകര)

| വിളസമയം | വിസ്തീർണ്ണം |
|---|---|
| 1. വിരിപ്പ് | 367 ഹെക്ടർ |
| 2. മുണ്ടകൻ | 364 ഹെക്ടർ |
| 3. പുഞ്ച | 309 ഹെക്ടർ |

കൂടുതൽ പ്രദേശങ്ങളും മൂന്നുവിളഇറക്കാൻ കഴിയുന്ന വയലുകളാണെന്ന് കാണാവുന്നതാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട പാടശേഖരസമിതികൾ 20 എണ്ണം ഉണ്ട്.

പട്ടാമ്പി, ചീര, തവളക്കണ്ണൻ, എരുമക്കാരി, കട്ടമോടൻ തുടങ്ങിയ വിത്തിനങ്ങളായിരുന്നു മുൻകാലങ്ങളിൽ പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ജ്യോതി, ചുവന്ന ത്രിവേണി, പങ്കജം, കാഞ്ചന, കൾച്ചർ – 8, കൾച്ചർ – 28 തുടങ്ങിയവ ഉപയോഗിക്കുന്നു.

വിരിപ്പ്, പുഞ്ച സമയങ്ങളിൽ കൂടുതലായും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളാണ് പ്രചാരത്തിലുള്ളത്. എന്നാൽ മുണ്ടകൻ വിളയ്ക്ക് പഴയവിത്തിനമായ ചിറ്റേനി (പട്ടാമ്പി – അതിയനും മകരവും) യോടാണ് പ്രിയം. ഇതിന് കാരണമായി പറയുന്നത്, അത്യുല്പാദനശേഷിയുണ്ടെന്ന് പറയപ്പെടുന്ന ഇനങ്ങളോട് ഒപ്പം

പട്ടിക – 3
(അവലംബം: കൃഷിഭവൻ, കൊടകര)

| തരംതിരിവ് | മാനദണ്ഡം | കൃഷിയിടങ്ങളുടെ എണ്ണം | | ആകെ. |
|---|---|---|---|---|
| | | പ.ജ. / പ.വ. | മറ്റു വിഭാഗം | |
| 1. നാമമാത്രം | ഒരു ഹെക്ടറിൽ താഴെ | 381 | 4060 | 4441 |
| 2. ചെറുകിട | 1.2.ഹെ.വരെ | 10 | 340 | 350 |
| 3. അർദ്ധമധ്യമം | 2.4.ഹെ.വരെ | ഇല്ല | 120 | 120 |
| 4. മധ്യമം | 4– 10 ഹെ.വരെ | ഇല്ല | 39 | 39 |
| 5. വൻകിട | 10ഹെക്ടറിനുമേൽ | ഇല്ല | ഇല്ല | ഇല്ല |

തന്നെയുള്ള ഉല്പാദന ശേഷിയും കൂടുതലായി ലഭിയക്കുന്ന വൈക്കോലുമാണ്.

അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുടെ ദൗർലഭ്യം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്. പ്രതിവർഷം 100 മെട്രിക്ക് ടണ്ണിലധികം വിത്ത് കൊടകര പഞ്ചായത്തിൽ ആവശ്യമുണ്ട്. എന്നാൽ 1991 മുതൽ കൃഷിഭവൻ വഴി വിതരണം നടത്തിയിട്ടുള്ളത് ആകെ 15 മെട്രിക്ക് ടൺ ആണ്.

ജലസേചന സൗകര്യത്തിന്റെ കുറവും പുഞ്ചകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഹെക്ടർ ഒന്നിന് 2250 കിലോഗ്രാം ആണ് നെല്ലുൽപ്പാദനം. കേരളത്തിന്റെ ശരാശരി ഉൽപാദനക്ഷമത 1900 കി.ഗ്രാം / ഹെക്ടർ ആണ്. ഇത് നമുക്ക് ആശ്വസിക്കാൻ വകനൽകുന്നുവെങ്കിലും. ശാസ്ത്രീയ കൃഷിരീതി അവലംബിച്ചാൽ മുഖ്യനെല്ലുൽപ്പാദന രാജ്യങ്ങളിലെ ഉൽപ്പാദനക്ഷമതയോട് കിടപിടിക്കാൻ നമുക്ക് കഴിയും.

**നെല്ലുൽപ്പാദനം**
**(ഹെക്ടർ ഒന്നിന്)**




### തെങ്ങുകൃഷി

കൃഷിഭവൻ കണക്കുപ്രകാരം 743 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷിചെയ്തുവരുന്നു. തെങ്ങുകളുടെ ഉൽപ്പാദനക്ഷമത പ്രതിവർഷം തെങ്ങൊന്നിന് 40 – 45 തേങ്ങകളാണ്. തെങ്ങിന്റെ ഉൽപ്പാദനക്ഷമതയിലും കൊടകരപഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ അല്പം മുന്നിലാണ്. തമിഴ്നാട്, കർണ്ണാടകം, മഹാരാഷ്ട്ര എന്നീ അയൽ സംസ്ഥാനങ്ങളിൽ തെങ്ങൊന്നിന് പ്രതിവർഷം 280 – 300 തേങ്ങ ലഭിക്കുന്നു എന്നറിയുമ്പോഴാണ് കേരത്തിന്റെ നാടായ കേരളത്തിന്റെ പിന്നോക്കാവസ്ഥ വെളിവാകുന്നത്.

ആധുനിക കൃഷിമുറകൾ ഉപയോഗിക്കുന്നതിലുള്ള വിമുഖതയും കാറ്റ്വീഴ്ചരോഗവും ജലസേചന അഭാവവും ആണ് ഉൽപ്പാദനക്ഷമതക്കുറവിന് കാരണങ്ങൾ. രോഗപ്രതിരോധനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ നമ്മൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന കാറ്റ്വീഴ്ച, കൂമ്പ് ചീയൽ, ഇലകരിച്ചിൽ എന്നീ രോഗങ്ങളും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ കീടങ്ങളും പഞ്ചായത്തിൽ വ്യാപകമാണ്. ഇവയും തെങ്ങിന്റെ ഉൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

തെങ്ങിന്റെ കാറ്റ്വീഴ്ച രോഗബാധയെക്കുറിച്ച് 1996ൽ കൃഷിഭവൻ നടത്തിയ സർവ്വെറിപ്പോർട്ട് പ്രകാരം രണ്ട് ലക്ഷത്തിൽപ്പരം തെങ്ങുകൾ ഉള്ളതിൽ 12500 ലധികം രോഗബാധിതമാണ്.

| വാർഡ് | ആകെ തെങ്ങുകൾ | രോഗബാധയുടെ തുടക്കം | രോഗംമൂർദ്ധന്യാവസ്ഥയിലുള്ളത്. |
|---|---|---|---|
| I | 28551 | 472 | 210 |
| II | 21010 | 52 | 52 |
| III | 9418 | 26 | 9 |
| IV | 8186 | 116 | 17 |
| V | 22459 | 805 | 805 |
| VI | 15992 | 862 | 251 |
| VII | 23223 | 651 | 477 |
| VIII | 30899 | 900 | 900 |
| IX | 12490 | 1614 | 619 |
| X | 20427 | 1651 | 467 |
| XI | 18804 | 1224 | 402 |
| ആകെ | 2,01,459 | 8,173 | 4,409 |

### മറ്റു വിളകൾ

പഞ്ചായത്തിലെ മറ്റു പ്രധാനവിളകൾ കശുമാവ്, റബ്ബർ, കവുങ്ങ് തുടങ്ങിയവയാണ്. കശുമാവ് കൃഷിയ്ക്ക് ഇന്നാട്ടിൽ അർഹമായ ഗൗരവം ലഭിച്ചിട്ടില്ല. ബോധപൂർവ്വമായ പരിചരണത്തിന്റെ അഭാവം വളരെ

97

പ്രകടമാണ്. കവുങ്ങ് കൃഷി പണ്ട് വ്യാപകമായിരുന്നു. ഇടക്കാലത്ത് ചൊവ്വക്കേട് ബാധിച്ച് വളരെയധികം കവുങ്ങുകൾ വെട്ടിമാറ്റേണ്ടിവന്നു. അടയ്ക്കയുടെ വിലയിൽ സമീപകാലത്ത് ഉണ്ടായ വർദ്ധനവ് ഈ വിളയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നു.

## ഇടവിളകൾ

വാഴ, കുരുമുളക്, പയർവർഗ്ഗങ്ങൾ, മരച്ചീനി, പച്ചക്കറികൾ എന്നീ ഇടവിളകളിൽ വാഴയൊഴിച്ച് മറ്റ് വിളകളുടെ കൃഷിയിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. ഇതിന് പ്രധാനകാരണങ്ങൾ താഴെ പറയുന്നവയാണ്:

*കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

* ഉൽപ്പന്നങ്ങളുടെ വിലക്കുറവ്

* വിപണന സംവിധാനം ഇല്ലായ്മ

* മനുഷ്യപ്രയത്നം കൂടുതൽ വേണ്ടിവരുന്നു.

* വിളകളെ ബാധിക്കുന്ന രോഗങ്ങൾ.

## ഉൽപ്പാദന ക്ഷമത

കൃഷിക്കാരുടെ ബോധനിലവാരം, മണ്ണിന്റെ ഫലപുഷ്ടി, ഉപഭോഗസാധ്യത എന്നിവ കണക്കിലെടുത്താൽ ഉൽപ്പാദന ക്ഷമത പതിന്മടങ്ങ് വർദ്ധിക്കേണ്ടതാണ്. അതുകൊണ്ട് തന്നെ ഉൽപ്പാദന ക്ഷമത കുറയക്കുന്ന അടിസ്ഥാന കാരണങ്ങളും അവയ്ക്ക സാധ്യമായ പരിഹാരമാർഗ്ഗങ്ങളും പ്രത്യേക പഠനം അർഹിക്കുന്നു.

(a)കൃഷിയോടുള്ള ആഭിമുഖ്യം:- കൃഷി മുഖ്യ ജീവിതോപാധിയായി കാണുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. ജീവനോപാധി എന്നതിലുപരി ജീവനെ നിലനിർത്തുന്നതിന് നിദാനമായ ഒരു പ്രവർത്തിയാണ് കൃഷി എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. കാർഷിക രംഗത്തെ മുരടിപ്പ് അവസാനിപ്പിച്ച് കൃഷി ലാഭകരമാണ് എന്ന ബോധം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

**(b) നടീൽ വസ്തു:** ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ വേണ്ടത്ര യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

**(c) വളം:** രാസവളങ്ങൾ ശരിയായ അളവിലും സമയത്തും ഉപയോഗിക്കേണ്ടതുണ്ട്. . ജൈവവളങ്ങളുടെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിക്കണം. ഇത് ഉൽപാദന ക്ഷമതയോടൊപ്പം മണ്ണിന്റെ ജലസംഭരണശേഷിയും വർദ്ധിപ്പിക്കുന്നു. ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കണം.

**(d) കീടനാശിനി / കുമിൾ നാശിനി:** ഉചിതമായ കീടനാശിനിയോ കുമിൾ നാശിനിയോ ശരിയായ വീര്യത്തോടെ വേണ്ടത്ര സമയത്ത് ഉപയോഗിക്കണം. രോഗപ്രതിരോധനടപടികളിൽ കൂട്ടായ്മ ഏറെ ഫലപ്രദമാണ്. ജൈവകീടനാശിനികളുടെ ഉപയോഗവും പ്രാധാന്യം അർഹിക്കുന്നു. തെങ്ങ്, കുരുമുളക്, കശുമാവ്, എന്നിവയുടെ കാര്യത്തിൽ പ്രത്യേകിച്ചും രോഗപ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

**(e) ജലസേചനം:** തലക്കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കാതെ കാർഷികരംഗത്ത് വളർച്ച ഉണ്ടാവില്ലതന്നെ. ഇതോടൊപ്പം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ചിറകളുടേയും കുളങ്ങളുടേയും വിവരങ്ങളും പ്രാധാന്യവും അന്യഥാ പരാമർശിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷൻ പദ്ധതിയുടെ കീഴിൽ മൂന്ന് തോടുകളാണ് പഞ്ചായത്തിലുള്ളത്.

1. തേശ്ശേരി — കുഴിക്കാണിതോട്
2. കൊടകര തോട്
3. കാരൂർ തോട്

മേജർ ഇറിഗേഷൻ പദ്ധതിയിൽ താഴെ പറയുന്ന കനാലുകളാണുള്ളത്.

1. ബ്ലാച്ചിറ കനാൽ
2. കൊടകര ബ്രാഞ്ച് കനാൽ
3. ആറേശ്വരം കനാൽ.

അഞ്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്.

| പദ്ധതി | വാർഡ് | കുതിരശക്തി |
|---|---|---|
| കാവിൽ | III | 50HP |
| ചെറുവത്തൂർ ചിറ | VI | 30HP |
| അഴകം | VIII | 25HP |
| കാവനാട് | VIII | 20 HP |
| കനകമല | X & XI | 20HP |

98

ഇതിന് പുറമെ പടന്നക്കുളം, മരത്താംപ്പിള്ളി, നാടു ക്കുന്ന് എന്നീപദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങളും കഴിഞ്ഞിട്ടുണ്ട്.

**f. യന്ത്രവൽക്കരണം:** കർഷക തൊഴിലാളികളുടെ കുറവ്, അഭ്യസ്തവിദ്യരുടെ കൃഷിപ്പണികൾ ചെയ്യുന്ന തിലുള്ള വിമുഖത, കൂലികൂടുതൽ എന്നിവ പരിഗണി ക്കുമ്പോൾ കാർഷിക രംഗത്ത് യന്ത്രവൽക്കരണം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് വരുന്നു. കൃഷിഭവ നിൽ നിന്ന് സഹായധനത്തോടെ 5 ടില്ലർ, 2 ട്രെയ്ലർ, 20 സ്പ്രെയർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കാല കാലങ്ങളിൽ കൃഷിക്കനുയോജ്യമായ കാർഷികോപക രണങ്ങൾ യഥാവിധി ഉപയോഗിക്കാത്തത് ഉൽപാദനം പുറകോട്ടടിക്കുന്നതിന് കാരണമാകുന്നു.

**g. സാമ്പത്തിക സഹായം:** ദരിദ്രരായ ചെറുകിട കർഷകർക്ക് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് ലോണുകൾ ലഭിക്കുന്നതിന് സഹായകരമായ നടപടി കൾ ആവശ്യമാണ്. ലഭിക്കുന്ന വായ്പകൾ കാർഷി കേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയു കയും വേണം.

**h. ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും:** വിള കൾക്ക് സ്ഥിരമായ വില ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തി കർഷകന്റെ അരക്ഷിതാബോധം ഇല്ലാതാ ക്കണം. ഇടത്തട്ടുകാരന്റെ ചൂഷണം ഇല്ലാത്തവിധം വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

കൃഷിഭവനും നിലവിലുള്ള സർക്കാർ പദ്ധതികളും

1987 സെപ്തംബർ 1 മുതൽ കൊടകര പഞ്ചായ ത്തിൽ കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചു. ഒരു അഗ്രി കൾച്ചറൽ ഓഫീസറും മൂന്ന് അഗ്രിക്കൾച്ചറൽ അസി സ്റ്റന്റ് മാരും ആണ് ഈ ഓഫീസിലുള്ളത്. കൃഷിഭവൻ നടപ്പിലാക്കുന്ന പദ്ധതികളിൽ മുഖ്യമായത് ഇവയാണ്.

1. സമഗ്രനാളികേരവികസന പദ്ധതി:- കേരകർഷ കർക്ക് വളം, പമ്പ്സെറ്റുകൾ, എന്നിവ നൽകുന്നതിന് പുറമെ രോഗബാധിതമായ തെങ്ങുകൾ വെട്ടി നശിപ്പി ക്കുന്നതിനും കിണർ കുഴിക്കുന്നതിനും സഹായധനം നൽകിവരുന്നു.

2. സംയോജിത സുഗന്ധവിളവികസന പദ്ധതി (I.P.D.S) കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗ ന്ധദ്രവ്യങ്ങളുടെ കൃഷിക്ക് സഹായം നൽകുന്നു.

3. I.C.D.P.:- (സംയോജിത ധാന്യവിള വികസന പദ്ധതി.)

നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കലും സംയോജിത കീട നിയന്ത്രണമാർഗ്ഗങ്ങൾ പ്രചരിപ്പിക്കലുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

4. S.C.P:- (പ്രത്യേകഘടക പദ്ധതി)

പട്ടികജാതിയിൽപ്പെട്ട കൃഷിക്കാരെ പ്രത്യേകം ശ്രദ്ധിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കു ന്നത്. കൂടാതെ കൊക്കോവികസനം കശുമാവ് കൃഷി വികസനം തുടങ്ങി ഇരുപതോളം പദ്ധതികൾ കൃഷിഭ വൻ നടപ്പിലാക്കിവരുന്നു.

കൃഷിഭവനു പുറമെ കമാൻഡ് ഏരിയാ ഡവല പ്പ്മെന്റ് അതോറിറ്റി (CADA), മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെയും പദ്ധതികൾ പഞ്ചായത്തിൽ നടപ്പി ലാക്കുന്നുണ്ട്.

കാർഷികവികസനത്തിന് വേണ്ടി കൊടകര പഞ്ചാ യത്തിൽ ഏതാനും ബാങ്കുകൾ ധനസഹായം നൽകു ന്നുണ്ട്. എന്നാൽ കാർഷിക ആവശ്യത്തിനുവേണ്ടി എടുക്കുന്ന വായ്പകൾ അതേ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കപ്പെടാറില്ല. കോമേഴ്സ്യൽ ബാങ്കുകൾ ഇത്തരം വായ്പകൾ കൊടുക്കുവാൻ വിമുഖത കാണി ക്കുന്നു.

കാർഷിക വായ്പകൾ കൊടുക്കുന്ന ബാങ്കുകളുടെ പേരുകൾ ചുവടെ കൊടുക്കുന്നു.

1. സഹകരണ കാർഷിക വികസന ബാങ്ക്, കൊടകര
2. ജില്ലാ സഹകരണബാങ്ക്, കൊടകര
3. ഫാർമേഴ്സ് സഹകരണ ബാങ്ക്, കൊടകര
4. സെൻട്രൽ ബാങ്ക്, കൊടകര
5. സൗത്ത് ഇന്ത്യൻ ബാങ്ക്, കൊടകര
6. ധനലക്ഷ്മി ബാങ്ക്, കൊടകര
7. ലോർഡ് കൃഷ്ണ ബാങ്ക്, കൊടകര
8. കാത്തലിക്ക് സിറിയൻ ബാങ്ക്, പേരാമ്പ്ര
9. സൗത്ത് ഇന്ത്യൻ ബാങ്ക്, പേരാമ്പ്ര

## ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ

*കൃഷിക്ക് ജലസേചനത്തിനാവശ്യമായ വെള്ളം കിട്ടുന്നില്ല.

* വിവിധ വിളകൾക്ക് നേതൃത്വം കൊടുക്കുന്ന സമി

99

തികളെല്ലാം വിവിധ തട്ടുകളിൽ നിന്നാണ് പ്രവർത്തിക്കുന്നത്. അത് കാർഷികരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് അറിയുന്നതിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

* കൂലിയിലെ ഏകീകരണം ഇല്ലായ്മ, ഉൽപ്പന്നങ്ങളുടെ വിലയില്ലായ്മ, കൃഷിഭവൻ പ്രവർത്തനങ്ങളെ കുറിച്ചുള്ള അജ്ഞത, വിളനാശധനസഹായം യഥാസമയം കിട്ടാതിരിക്കൽ, മണ്ണിന്റെ ഗുണനിലവാരനിർണ്ണയത്തിന്റെ അപര്യാപ്തത, ഇതെല്ലാം കൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളായി വരുന്നുണ്ട്.

* വിത്തിന്റെ ദൗർലഭ്യം, കൃഷിഭൂമി നികത്തൽ അനുയോജ്യമല്ലാത്ത സ്ഥലത്ത് കൃഷിചെയ്യുന്നത് എന്നിവയെല്ലാം കൃഷിയെ ബാധിക്കുന്നുണ്ട്.

* കാർഷിക മേഖലയിൽ വേണ്ട സമയങ്ങളിൽ തൊഴിലെടുക്കുന്നവരെ കിട്ടാതിരിക്കുന്നത് കൃഷിയെ ബാധിക്കുന്നു.

*കൃഷി നശിച്ചുപോകൽ, വിപണനസൗകര്യം ഇല്ലായ്മ, കൃഷി ഇറക്കുന്ന സമയത്തിലും വിത്തിലും ഏകീകരണമില്ലായ്മ, യഥാസമയം വിത്തുകളുടെയും തൈകളുടെയും ദൗർലഭ്യം എന്നിവയും കൃഷിയെ ബാധിക്കുന്നു.

*പുഞ്ചകൃഷിയെ ബാധിക്കുന്ന തരത്തിലുള്ള ലിഫ്റ്റ് ഇറിഗേഷൻ, കാർഷികഉപകരണങ്ങളുടെ ദൗർലഭ്യം ആവശ്യാനുസരണം വൈദ്യുതി ലഭിക്കാതിരിക്കൽ, വോൾട്ടേജ് ക്ഷാമം, കാർഷിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ഗതാഗതസൗകര്യം ഇല്ലായ്മ എന്നിവയെല്ലാം കൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

* ചാലകുടി ജലസേചന പദ്ധതിയുടെ ശോഷിച്ചു വരുന്ന ജലവിതരണം

## പരിഹാരങ്ങൾ

*നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും പുതിയ സ്രോതസ്സുകൾ കണ്ടെത്തലും.

* വിവിധ സമിതികളുടെ ഏകോപനമോ വാർഡുതലത്തിൽ ഒറ്റ സമിതിയാക്കുകയോ ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാം.

* ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ ഇവിടെ തന്നെ വിറ്റഴിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ ഉണ്ടാക്കുക.

* കൃഷിഭവനുകളിൽ കൂടുതൽ ഉദ്യോഗസ്ഥരേയും വിദഗ്ദ്ധരേയും നിയമിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് കൃഷിയെക്കുറിച്ചുള്ള അജ്ഞത ഇല്ലാതാക്കാം. കൃഷിഭവൻ വാർത്താ ബോർഡുകൾ സ്ഥാപിക്കുക.

*മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

*വിളഇൻഷുറൻസ് പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക.

* പഞ്ചായത്ത് കേന്ദ്രീകരിച്ച് വിത്തുസംഭരണകേന്ദ്രവും മിനി നേഴ്സറികളും സ്ഥാപിക്കുക.

*നിയമനടപടികൾ കർശനമാക്കുക, ബോധവൽക്കരണം നടത്തുക.

* കൃഷിപ്പണികളോടുള്ള മനോഭാവത്തിൽ മാറ്റം വരേണ്ടിയിരിക്കുന്നു. കാർഷകതൊഴിലാളികൾക്ക് ക്ഷേമപ്രവർത്തനങ്ങൾ വിപുലമാക്കുക. യന്ത്രവൽക്കരണം കൂടുതൽ നടപ്പിലാക്കുക.

*പഞ്ചായത്ത് കേന്ദ്രീകരിച്ച് ആഴ്ച ചന്ത

*ഗ്രൂപ്പ് ഫാമിങ്ങ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

* ഗവൺമെന്റ് തലത്തിൽ വേണ്ട നടപടികൾ ഉണ്ടാകണം.

## നിർദ്ദേശങ്ങൾ

* പച്ചിലവളത്തിന്റെ ഉപയോഗം കൂട്ടുന്നതിനായി ജൈവവേലികൾ പ്രോത്സാഹിപ്പിക്കുക. സുബാബുൾ, ശീമക്കൊന്ന മുതലായവ ഇതിനുപയോഗിക്കാവുന്നതാണ്.

* ഇത്തരം ജൈവവേലികളിലും മറ്റ് പാഴ്മരങ്ങളിലും കുരുമുളക് നടീലും പരിചരണവും നടത്താവുന്നതാണ്.

* ചെറിയ കൃഷിയിടങ്ങളിലും ടെറസ്സിന്റെ മുകളിലും വിവിധയിനം പച്ചക്കറികൾ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്.

100

* വാർഡുതലത്തിൽ രോഗ / കീട പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് സ്ക്വാഡുകൾ രൂപീകരിക്കാവുന്നതാണ്.

* ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നൂതന ജലസേചന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. (സ്പ്രിംഗ്ളർ, കണിക ജലസേചനം മുതലായവ)

ഈ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലൊന്നായ ചെറുകുന്നിൽ, കല്ലൻകുളം കേന്ദ്രമാക്കി ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ അവിടത്തെ കുടിവെള്ളക്ഷാമം കൂടി ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

* ചാലക്കുടി ഇറിഗേഷൻ പ്രോജക്റ്റിന് തുമ്പൂർ മുഴിക്ക് മുകളിലായി ഒരു റിസർവോയർ നിർമ്മിച്ചെങ്കിലേ ജലസേചനം മെച്ചപ്പെടുത്താനാവൂ. ഒപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മൂന്നാം വിളക്കാലത്ത് അർപ്പണ ബോധത്തോടെ പ്രവർത്തിക്കണം.

*"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ല താനും"*

**മഹാത്മാ ഗാന്ധി**

101



# മൃഗസംരക്ഷണം

ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിലുണ്ടായ കുറവും വ്യവസായസംരംഭങ്ങളുടെ മുരടിപ്പ് മൂലമുണ്ടായ തൊഴിലില്ലായ്മയും മൃഗസംരക്ഷണമേഖലയിലേയ്ക്ക് കർഷക ശ്രദ്ധ തിരിയുവാൻ കാരണമായി. ചുരുങ്ങിയ കാലയളവിലും ചുരുങ്ങിയ മൂലധനമുടക്കിലും കൂടുതൽ വിഭവവർദ്ധനവിന് ഉതകുന്ന ഒരു മേഖലയാണിത്. മൃഗസംരക്ഷണവും പരിപാലനവും നമ്മുടെ ഗ്രാമപ്രദേശങ്ങളിലാണല്ലോ നടക്കുന്നത്. അതിനാൽ, മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകുന്ന പുരോഗതി ഗ്രാമീണ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുമെന്ന് ഉറപ്പാണ്. കഴിഞ്ഞ രണ്ടു ദശാബ്ദകാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതഗുണമേന്മവർദ്ധനവും ഉൽപാദനക്ഷമതാവർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മൃഗസംരക്ഷണമേഖലയിൽ കാണാൻ കഴിയുന്ന പരമപ്രധാനമായ ന്യൂനത, ഈ മേഖല തെല്ലും സ്വയം പര്യാപ്തമല്ല എന്നത് തന്നെയാണ്. ആയതിനാൽ കേരളം വൻതോതിൽ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

കൊടകര ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ഒരു മൃഗാസ്പത്രി പ്രവർത്തിയ്ക്കുന്നുണ്ട്. ഈ ആസ്പത്രി 20.2.1948 ൽ ഒരു (സ്റ്റോക്ക്മെൻസ്റ്റേഷൻ) ആയിട്ടാണ് പ്രവർത്തനമാരംഭിച്ചത്. ഈ സ്ഥാപനം 1.6.1954ൽ അപ്ഗ്രേഡ് ചെയ്ത് കൊടകര ബ്ലോക്ക് എക്സ്റ്റെൻഷൻ ഓഫീസറുടെ കീഴിൽ ആക്കുകയും 30.3.1972ൽ ഒരു സ്ഥിരം വെറ്ററിനറി സർജനെ നിയമിക്കുകയും ചെയ്തു. ഈ സ്ഥാപനം 19.12.1985ൽ മൃഗാസ്പത്രിയായി ഉയർത്തി ഒരു സീനിയർ വെറ്ററിനറി സർജന്റെ കീഴിൽ ആക്കുകയും ചെയ്തു. ഇപ്പോൾ ആസ്പത്രിക്ക് കൊടകര പഞ്ചായത്തുവഴി നിർമ്മിച്ചു കൊടുത്ത സ്ഥിരമായ കെട്ടിടവും പത്ത് സെന്റ് സ്ഥലവും സ്വന്തമായുണ്ട്. ഈ ആസ്പത്രിയിൽ ഒരു സീനിയർ വെറ്ററിനറി സർജനും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അറ്റന്ററും ഒരു പാർട്ട് ടൈം സ്വീപ്പറും ഇപ്പോൾ ജോലി ചെയ്യുന്നു. ഈ ആസ്പത്രിയോടനുബന്ധിച്ച് ഒരു മൊബൈൽ ഫാം എയ്ഡ് യൂണിറ്റും (MOBILE FARM AID UNIT) പ്രവർത്തിക്കുന്നു. ഈ ആസ്പത്രി വഴി കൊടകര പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ആവശ്യമായ എല്ലാ കാര്യങ്ങളും നിർവ്വഹിച്ചുപോരുന്നു. മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് വഴി കൊടകര ബ്ലോക്ക് പ്രദേശമാകെ മേൽ പറഞ്ഞ കാര്യങ്ങൾ നിർവ്വഹിച്ചു പോരുന്നുണ്ട്.

കൊടകര പഞ്ചായത്തിൽ വിവിധവാർഡുകളിലായി ഇപ്പോൾ എട്ടോളം ബ്രോയിലർ ഫാമുകളും രണ്ടു മിനി ഡയറിഫാമുകളും രണ്ടു പന്നിവളർത്തൽ കേന്ദ്രങ്ങളും രണ്ടു മുയൽ വളർത്തൽ കേന്ദ്രങ്ങളും സ്വകാര്യവ്യക്തികൾ നടത്തി വരുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് വഴി

മൃഗാസ്പത്രിയുടെ മേൽനോട്ടത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ I.H.D.P കോളനിയിൽ പ്രത്യേക ഘടക പദ്ധതിയിൽപ്പെടുത്തി കിടാരികളുടേയും കറവപ്പശുക്കളുടെയും വിതരണവും നടത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ തന്നെ സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംങ്ങ് പ്രോഗ്രാം (S.L.B.P) വഴി പന്നികുഞ്ഞുങ്ങളേയും മുട്ടകോഴികളെയും ഈ ആസ്പത്രിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

കൊടകര ഗ്രാമപഞ്ചായത്തിൽ, പ്രധാനമായി പശു., ആട്, എരുമ, തുടങ്ങിയവ വിവിധ വാർഡുകളിൽ വളർത്തപ്പെടുന്നുണ്ട്. താഴെ പട്ടിക ഒന്നിൽ പഞ്ചായത്തിലെ മൊത്തം മൃഗസമ്പത്തിൻരെ കണക്കുകൾ കൊടുത്തിരിക്കുന്നു.

**വളർത്തുമൃഗങ്ങളും പക്ഷികളും**

| ഇനം | 1987 | 1996 |
|---|---|---|
| പശു | 1523 | 1980 |
| കന്നുകുട്ടികൾ | ലഭ്യമല്ല | 532 |
| എരുമ | 316 | 692 |
| കാള (ഉഴവ്) | ലഭ്യമല്ല | 42 |
| ആട് | 6028 | 4012 |
| കോഴി | 3238 | 4618 |
| താറാവ് | ലഭ്യമല്ല | 236 |
| കലപ്പ | ലഭ്യമല്ല | 52 |

ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഈ പഞ്ചായത്തിൽ പ്രതിദിനം ആയിരത്തി അറുനൂറ്റി ഇരുപതു ലിറ്റർ പാൽ ഉത്പാദിപ്പിയ്ക്കപ്പെടുന്നുണ്ട്. ഇങ്ങനെ ഉത്പാദിപ്പിയ്ക്കപ്പെടുന്ന പാലിൽ അധികവും ഈ പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന രണ്ടുപാൽ സൊസൈറ്റികൾ (കൊടകര ക്ഷീരവ്യവസായ സഹകരണസംഘം നമ്പർ R.26D, കനകമല ക്ഷീരോല്പാദക സഹകരണസംഘം നമ്പർ R.183 D)ആണ് സംഭരിക്കുന്നത്. മൊത്തം ഉത്പാദിപ്പിക്കപ്പെടുന്ന 1620 ലിറ്റർ പാലിൽ,1080 ലിറ്റർ പാൽ മുകളിൽ സൂചിപ്പിച്ച രണ്ടു പാൽ സൊസൈറ്റികൾ വഴിയും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഡയറി പ്ലാന്റിന്റെ സംഭരണകേന്ദ്രങ്ങൾ വഴിയും സംഭരിയ്ക്കപ്പെടുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. ഈ ഗ്രാമപഞ്ചായത്തിനുള്ളിൽ നെൽകൃഷി അനുദിനം കുറഞ്ഞുവരുന്നത് കൊണ്ട് കാലികൾക്കാവശ്യമായ വൈക്കോലിന്റെ ലഭ്യതയിൽ കുറവനുഭവപ്പെടുന്നു. മാത്രമല്ല, കാലികളെ വളർത്തുന്ന കർഷകരിൽ അധികഭാഗവും തീറ്റിപുൽകൃഷിയോട് വിമുഖത കാണിയ്ക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ ദൂരെ നിന്ന് വരുന്ന വൈക്കോലിനെ ആശ്രയിക്കേണ്ടിവരുന്നതിനാൽ, വളരെ കൂടുതൽ വില വൈക്കോലിന് നല്കേണ്ടതായും വരുന്നു.

2. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും മൂലം ഈ മേഖലയിൽ മൂലധനം മുടക്കുന്നതിന്, പൊതുവെ വിമുഖത കാണുന്നു.

3. വിപണനരംഗത്തെ അപര്യാപ്തതമൂലം ഉത്പാദകന് ലഭിയ്ക്കുന്ന പാൽവില ഉത്പാദനചിലവുമായി പൊരുത്തപ്പെടുന്നില്ല.

4. വായ്പനൽകുന്നതിന് ധനകാര്യസ്ഥാപനങ്ങൾ കാണിയ്ക്കുന്ന വിമുഖത മൂലം, ഈ മേഖലയിലേക്ക് കടന്നുവരാൻ കർഷകർ പലരും അറച്ചുനിൽക്കുന്നു.

5. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തതയും അതിനെകുറിച്ചുള്ള അജ്ഞതയും.

6. പേവിഷബാധ നിയന്ത്രിക്കുന്നതിന് ആസൂത്രിതമായ പരിപാടിയുടെ അഭാവം. ഈ പഞ്ചായത്തിൽ ഏകദേശം എഴുനൂറോളം വളർത്തുനായ്ക്കൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. (കൃത്യമായ കണക്കുകൾ ലഭ്യമല്ല). ഇതിൽ വളരെ കുറച്ച് നായ്ക്കൾ മാത്രമെ പേവിഷബാധയ്ക്കെതിരെയുള്ള പ്രത്യേകകുത്തിവയ്പ്പ് എടുക്കുന്നതായി കാണുന്നുള്ളു.

7. അശാസ്ത്രീയമായ മാംസോൽപാദന വിപണനരീതി.

8. മൃഗാസ്പത്രിയിൽ കാലാനുസൃതമായ സൗകര്യസജ്ജീകരണങ്ങളുടെ കുറവ്.

9. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വ്യവസായ മേഖലയിൽ കുറഞ്ഞ വനിതാ– പങ്കാളിത്തം.

10. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.

11. ഈ പഞ്ചായത്തിലെ കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ ദഹനസംബന്ധമായവ, ഉപാപചയ സംബന്ധമായവ, ശ്വാസകോശസംബന്ധമായവ,

പ്രത്യുൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ, വന്ധ്യത, അകിടുവീക്കം, മുടന്തൻപനി തുടങ്ങിയവയാണ്.

## സാധ്യതകൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിയ്ക്കുന്നതിനും നിയന്ത്രിതവിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിയ്ക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ, ലേലവ്യവസ്ഥയിൽ തീറ്റിപുൽകൃഷിയ്ക്ക് വേണ്ടി ഉപയോഗിക്കാവുന്നതാണ്. തെങ്ങിൽ തോപ്പുകളിലും മറ്റു കൃഷിയിടങ്ങളിലും ഇടവിളയായി തീറ്റിപ്പുൽ കൃഷിചെയ്യാവുന്നതാണ്.

2. പഞ്ചായത്തിനെ രണ്ടുമേഖലയാക്കി തിരിച്ച്, കൂടുതൽ പ്രവർത്തനാധികാരമുള്ള ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. ഈ സംഘങ്ങളിൽ സംഭരിയ്ക്കപ്പെടുന്ന പാൽ വിപണനം ചെയ്യുന്നതിനായി ഒരു ചെറുകിട പാൽ സംസ്കരണശാല സ്ഥാപിക്കുക.

3. പാൽസൊസൈറ്റികളും ധനകാര്യസ്ഥാപനങ്ങളും കർഷകരും ചേർന്ന് കൂട്ടുത്തരവാദിത്വത്തോട് കൂടി വായ്പാസംവിധാനം ഉണ്ടാക്കുക ഇതിനായി വായ്പാമേളകൾ സംഘടിപ്പിക്കുക.

4. ഇൻഷുറൻസ് വകുപ്പിന്റെ സഹകരണത്തോടുകൂടി പഞ്ചായത്ത് തലത്തിൽ ഇൻഷുറൻസ് പരിരക്ഷയെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിയ്ക്കുക.

5. കൊടകര ഗ്രാമപഞ്ചായത്ത് ഭൂമിശാസ്ത്രപരമായി വളരെ വിസ്തൃതിയുള്ളതും X, XI വാർഡുകൾ മറ്റു വാർഡുകളെ അപേക്ഷിച്ച്, ഉയർന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്നതുമാകുന്നു. ഈ പഞ്ചായത്തിലെ I, II, VII, IX, X വാർഡുകളിലാണ് കൂടുതൽ മൃഗസമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നത്. കൊടകര ഗ്രാമപഞ്ചായത്തിലെ പേരാമ്പ്രയിൽ VII-ാം വാർഡിൽ, ഒരു സ്വകാര്യഡയറിഡവലപ്പ്മെന്റ് പ്ലാന്റ് വലിയമുടക്കുമുതലിൽ സ്ഥാപിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാകുന്നു. ആയതിനാൽ ഈ പ്രദേശത്തെ ജനങ്ങൾ കൂടുതലായി കന്നുകാലി പരിപാലനത്തോട് താല്പര്യം കാണിയ്ക്കുന്നുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട്, പേരാമ്പ്രയിൽ, ഒരു I.C.D.P.(INTEGRATED CATTLE DEVOLEPMENT PROGRAMME) സബ്സെന്റർ തുടങ്ങണമെന്ന നിർദ്ദേശം പ്രായോഗികവും അംഗീകരിയ്ക്കാവുന്നതുമാണ്.

6. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ താൽപര്യമുള്ളവരെ ചേർത്ത് സഹകരണാടിസ്ഥാനത്തിൽ ചെറുകിട ഡയറികൾ സ്ഥാപിക്കുക.

7. ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിച്ചാലേ, വികസനപ്രക്രിയ പൂർണ്ണമാകു. ഈ മേഖലയിൽ പാലിന്റേയും മുട്ടയുടേയും മാംസത്തിന്റേയും ഉത്പാദനം വർദ്ധിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി താഴെ പറയുന്ന കാര്യങ്ങൾ പരിഗണനാർഹമാണ്.

**i) PIGGERY UNITS (പന്നിവളർത്തൽ കേന്ദ്രങ്ങൾ)**

ഈ പദ്ധതിപ്രകാരം പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന തല്പരരായ കർഷകർക്ക്, ശാസ്ത്രീയമായ രീതിയിൽ പന്നികൂടുകൾ നിർമ്മിച്ചു കൊടുക്കുകയും പന്നികുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയത്, പന്നിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിയ്ക്കുകയും ചെയ്യുക. ഇതോടനുബന്ധിച്ച്, ചെറിയ ബയോഗ്യാസ് പ്ലാന്റുകൾ വിജയകരമായി നടപ്പിലാക്കാവുന്നതാണ്.

**ii) BROILER UNITS (ഇറച്ചികോഴി വളർത്തൽകേന്ദ്രങ്ങൾ)**

ഈ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ, ഇറച്ചികോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

**iii) MALE CALF REARING UNITS FOR MEAT PUROPOSE (മാംസത്തിനായി മൂരികുട്ടികളേയും പോത്തിൻകുട്ടികളേയും വളർത്തുന്ന കേന്ദ്രങ്ങൾ)**

പഞ്ചായത്തിൽ സാധാരണയായി കന്നുകാലി കർഷകർക്കുണ്ടാകുന്ന 70 – 80% വരെ മൂരികുട്ടികളും പോത്തിൻകുട്ടികളും പരിപാലനത്തിന്റെ അപര്യാപ്തതയും അശ്രദ്ധയും മൂലം ചത്തുപോകുകയാണ് പതിവ്. ഈ പദ്ധതിയിൽ രണ്ടുമൂന്നു മാസം പ്രായമായ കാള / പോത്തു കുട്ടികളെ തിരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്.

**iv) മുയൽ വളർത്തൽ**

ഈ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ

104

എട്ടാംക്ലാസ്സിൽ പഠിയ്ക്കുന്ന 50 കുട്ടികളെ വീതം ഓരോ വർഷവും തിരഞ്ഞെടുത്ത് അവർക്ക് ഒരാൺമുയലും രണ്ടുപെൺമുയലും അടങ്ങിയ ഓരോ യൂണിറ്റുകൾ നല്കുക. ഒമ്പതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും എത്തുമ്പോൾ, അവർ ഓരോ ജോടി മുയൽകുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ നൽകണം. അവയെ വീണ്ടും വിതരണം ചെയ്ത് മുയൽ വളർത്തൽ പദ്ധതി വൻവിജയമാക്കാവുന്നതാണ്. ആയതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഒരു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതാണ്.

**v) മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ**

ഇപ്പോൾ പഞ്ചായത്തിൽ ഉപഭോഗം ചെയ്യപ്പെടുന്ന മുട്ടയിൽ ബഹുഭൂരിഭാഗവും പുറമെനിന്നാണ് വന്നുചേരുന്നത്. ഈ സാഹചര്യത്തിൽ, മുട്ടക്കോഴി വളർത്തലിന് കൂടുതൽ പ്രാധാന്യം നൽകാവുന്നതാണ്.

**vi) HATCHERY UNITS**

ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ഹാച്ചറി യൂണിറ്റ് തുടങ്ങുകയാണെങ്കിൽ മുകളിൽ സൂചിപ്പിച്ച മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിലേക്കാവശ്യമായ മുട്ട കോഴികുഞ്ഞുങ്ങളെയും ഇറച്ചികോഴി വളർത്തൽ കേന്ദ്രത്തിലേയ്ക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളേയും ഈ യൂണിറ്റിൽനിന്നും വിതരണം ചെയ്യാവുന്നതാണ്. ഇത്മൂലം പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

8. ഈ ഗ്രാമപഞ്ചായത്തിൽ ഒരു അറവുശാലയുടെ അഭാവംമൂലം, ശുദ്ധവും ഗുണമേന്മയുള്ളതുമായ മാംസവും, മാംസോല്പന്നങ്ങളും ലഭ്യമാകുന്നില്ല. മാംസവിൽപ്പനയ്ക്കു മാത്രം ലൈസൻസ് ലഭിച്ചവർ, വിൽപ്പനശാലകളിൽ തന്നെ മൃഗങ്ങളെ കശാപ്പു ചെയ്യുന്നതു മൂലം പരിസരമലിനീകരണവും അതുമൂലം സമീപവാസികളായ ജനങ്ങൾക്ക് ദുരിതങ്ങളും അനുഭവപ്പെടുന്നു. അതിനാൽ ശാസ്ത്രീയമായ രീതിയിൽ രൂപം കൊടുത്ത ഒരു അറവുശാല ഏറ്റവും അനുയോജ്യമായ ഒരു സ്ഥലത്ത് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മാത്രമല്ല അറവിന് മുമ്പും പിമ്പും നിർബന്ധമായും മാംസ പരിശോധന കർശനമാക്കേണ്ടതാണ്.

9. വിപണന കേന്ദ്രങ്ങൾ (ബങ്ക്)

മേൽപറഞ്ഞ പദ്ധതികൾ പ്രകാരം ഈ പഞ്ചായത്തിൽ ഉത്പാദിപ്പിയ്ക്കപ്പെടുന്ന പാലും മാസവും മുട്ടയും അവയിൽനിന്നുണ്ടാക്കുന്ന മറ്റുല്പന്നങ്ങളും വിപണനം ചെയ്യുന്നതിന് ബങ്ക് രൂപത്തിലുള്ള വിൽപ്പനകേന്ദ്രങ്ങൾ മാർക്കറ്റ് ഏരിയായിലും കച്ചവടകേന്ദ്രങ്ങളിലും ആരംഭിക്കാവുന്നതാണ്. ഇതുവഴി, വനിതകൾക്ക് പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കപ്പെടുന്നു.

10. **DWCRA** (വനിതാസംരംഭകർക്കുള്ള പശുവളർത്തൽ പരിപാടി.)

പഞ്ചായത്തിലെ 15 വനിതകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പശുവളർത്തൽ കേന്ദ്രങ്ങൾ DWCRA യിൽപ്പെടുത്തി ആരംഭിയ്ക്കേണ്ടതാണ്. ഇതിലെ ഗുണഭോക്താക്കളെ വെറ്ററിനറി കേളേജിൽ പറഞ്ഞയച്ച് പരിശീലനം നൽകേണ്ടതാണ്.

**11. മൃഗാസ്പത്രിയുടെ വികസനം**

ഇപ്പോൾ കൊടകരയിൽ പ്രവർത്തിച്ചുവരുന്ന മൃഗാസ്പത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ആസ്പത്രിയിൽ ആധുനികസൗകര്യങ്ങളോടുകൂടിയ ഒരു ലബോറട്ടറി, ഓപ്പറേഷൻ തിയ്യറ്റർ, വാഹനസൗകര്യം, ടെലിഫോൺ സൗകര്യം എന്നിവയ്ക്ക് പുറമെ, ഒരു ജൂനിയർ ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ ആസ്പത്രിയിലുള്ള ബീജസങ്കലന സൗകര്യങ്ങൾ പരിമിതമാണ്. വർഗ്ഗോദ്ധാരണ ശേഷിയുള്ള 300 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. ഈ ആസ്പത്രിയിൽ പ്രീമിയം ബുൾസെമൻ (PREMIUM BULL SEMEN) ഉപയോഗിച്ചുള്ള കൃത്രിമ ബീജസങ്കലന പ്രക്രിയ ആരംഭിക്കേണ്ടതാണ്.

12. പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെയ്പ് നിർബന്ധമാക്കേണ്ടതും കുത്തിവെപ്പിനുള്ള മരുന്ന് സൗജന്യനിരക്കിൽ ലഭ്യമാക്കേണ്ടതുമാണ്.


## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഏറ്റവും നല്ല 'PROSPECTIVE BREEDER' ക്ക് ആകർഷകമായ അവാർഡ് ഏർപ്പെടുത്തുക.

2. ആസൂത്രണ പ്രക്രിയകൾക്ക് രൂപം കൊടുക്കുന്നതിന് ഒരു ആസൂത്രണസെൽ രൂപവൽക്കരിക്കുക.

3. മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകുന്ന നൂതനമായ ആശയങ്ങൾ കർഷകർക്ക് പകർന്നു കൊടുക്കുന്നതിന് വിജ്ഞാനവ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

105



# വ്യവസായം

കൊടകര പഞ്ചായത്തിൽ 50 – കൾക്ക് മുമ്പ്തന്നെ വ്യാവാസായിക മുന്നേറ്റത്തിനുള്ള ശ്രമങ്ങളാരംഭിച്ചിരുന്നു. ഇതിന്റെ വ്യക്തമായ തെളിവായിരുന്നു കൊടകരയിലെ ഗ്രാമോദ്ധാരണം. ഇതിൽ 20 തറികളുള്ള ഒരു നെയ്ത് കേന്ദ്രം ഉണ്ടായിരുന്നു. ഇതിനെ ചുറ്റിപ്പറ്റി നിരവധി നൂൽനൂൽപ്പു കേന്ദ്രങ്ങളും ഒരു തുണി വിപണന കേന്ദ്രവും പ്രവർത്തിച്ചിരുന്നു. കൊടകരയിൽ ഒരു തുണിമിൽ സ്ഥാപിക്കുന്നതിനു വേണ്ടിവന്ന അളഗപ്പ ചെട്ടിയാർ ഇവിടെ സ്ഥലം ലഭിക്കാതിരുന്നതുകൊണ്ട് ആമ്പല്ലൂരിൽ കമ്പനി സ്ഥാപിച്ചു എന്നത് ഒരു വൈരുദ്ധ്യമായി തോന്നാം.

ആദ്യകാല വ്യവസായങ്ങളായി കൊടകരയിൽ ഉണ്ടായിരുന്നത് കൊടകരയുടെ ഹൃദയ ഭാഗത്ത് ഉണ്ടായിരുന്ന ഒരു റൈസ്മില്ലും, ഒരു തീപ്പെട്ടിക്കമ്പനിയും ഒരു ഓട്ടുകമ്പനിയുമാണ്. ഇവയിൽ ഓട്ടുകമ്പനി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ

ലോഹനിർമ്മിതങ്ങളായ ഗാർഹിക ഉപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ, മൺപാത്രങ്ങൾ, മുള, ഈറ്റ, തഴപ്പായ എന്നിവകൊണ്ട് നെയ്തുണ്ടാക്കുന്ന വസ്തുക്കൾ എന്നിവ കുടിൽ വ്യവസായമായിട്ടായിരുന്നു ഇവിടെ നിർമ്മിച്ചിരുന്നത്.

കരുവാൻ എന്ന പേരിൽ അറിയപ്പെടുന്ന കൊല്ലൻ അവരുടെ വീടുകളിലുണ്ടായിരുന്ന ആലകളിലായിരുന്നു മേൽപ്പറഞ്ഞ ലോഹ ഉപകരണങ്ങൾ (ആയുധങ്ങൾ) ക്ക് രൂപം കൊടുത്തിരുന്നത്. സ്വന്തം കുലത്തൊഴിലിനോടുള്ള അവജ്ഞയും, മെച്ചപ്പെട്ട സാമ്പത്തിക നേട്ടത്തിനുള്ള അന്വേഷണവും ഇളംതലമുറക്കാരെ മറ്റുമേഖലകളിൽ കൊണ്ടെത്തിച്ചു. അങ്ങിനെ ആലകൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

മൺപാത്രനിർമ്മാണം കുലാല സമുദായത്തിന്റെ ഒരു തനതു തൊഴിലായിട്ടാണ് ഇവിടെ അറിയപ്പെടുന്നത്. ഏകദേശം അമ്പതോളം കുടുംബങ്ങളുടെ ജീവിതമാർഗ്ഗവും ഇതായിരുന്നു. ലോഹപാത്രങ്ങളുടെ പ്രചാരം ഇവരുടെ ജീവിതം ക്ലേശകരമാക്കി. ഇവരുടെ ഉന്നമനത്തിനായി രൂപീകരിച്ച മൺപാത്ര സഹകരണ സംഘം അതിന്റെ ലക്ഷ്യങ്ങളിലൊന്നും എത്തിയില്ല. ഈ സംഘം ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

മുളയും ഈറ്റയും ഉപയോഗിച്ചുള്ള നെയ്ത്ജോലിയും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അറുപതോളം കുടുംബങ്ങൾ ഇതു വഴി വരുമാനം കണ്ടെത്തിയിരുന്നു. പ്ലാസ്റ്റിക്ക് വസ്തുക്കളുടെ തള്ളിക്കയറ്റവും, യുവതലമുറയുടെ താൽപ്പര്യക്കുറവും ആ മേഖലയിലും തളർച്ചയുണ്ടാക്കിയിട്ടുണ്ട്.

106

തഴപ്പായ നിർമ്മാണം നടത്തിയിരുന്നത് മരാശാരി കുടുംബങ്ങളിലെ സ്ത്രീകളായിരുന്നു. ആദായകരമായ ഒരു വരുമാനം ഇതിൽനിന്നും ലഭിക്കാതായപ്പോൾ അവരും ഈ പണി നിറുത്തിത്തുടങ്ങി. മാത്രവുമല്ല കൈതോല ലഭിക്കുന്നതിനും വളരെ ബുദ്ധിമുട്ടായിത്തുടങ്ങി.

മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിന് ഇവയെ ആധുനീകരിച്ചേ പറ്റൂ. മാത്രവുമല്ല പാരമ്പര്യത്തിന്റെ പേരിൽ തലമുറകൾ കൈമാറിക്കൊടുത്തിരുന്ന ഈ അറിവുകൾ മറ്റുവിഭാഗങ്ങളിലെ യുവതീയുവാക്കൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകണം.

പട്ടിക 1

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു | സ്ത്രീ | ആകെ |
| 1 പരമ്പരാഗത കുടിൽ വ്യവസായം | | | |
| a. ലോഹായുധ നിർമ്മാണം | 30 | 10 | 40 |
| b. കളിമൺ പാത്രനിർമ്മാണം. | 25 | 15 | 40 |
| c. തഴപ്പായ നിർമ്മാണം | – | 5 | 5 |
| 2. ചെറുകിട വ്യവസായങ്ങൾ | | | |
| a. ഭക്ഷ്യ സാംസ്കരണം | 110 | 16 | 126 |
| b. മറ്റു വ്യവസായങ്ങൾ | 185 | 88 | 273 |

## ചെറുകിട വ്യവസായം

ചെറുകിട മേഖല കാർഷിക ഉൽപ്പന്നങ്ങളായ തേങ്ങ, നെല്ല് എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇപ്പോൾ ചില നൂതന പ്രവണതകൾ കണ്ടുതുടങ്ങിയിട്ടുണ്ട്.

കൊടകരയിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംസ്കരിക്കുന്നതിന് ആവശ്യമായ കമ്പനികളുടെ ഇരട്ടി എണ്ണം നെല്ലുകുത്തു കമ്പനികളാണ് ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നത്. ഇവക്കാവശ്യമായ നെല്ല് സമീപ പ്രദേശങ്ങളിൽനിന്നും, ജില്ലകളിൽ നിന്നുമാണ് സംഭരിക്കുന്നത്.

വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടി കൊടകര ടൗണിൽത്തന്നെ 2 മില്ലുകൾ മികച്ച നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വളരെ കുറഞ്ഞ മൂലധനത്തിൽ ഈ മില്ലുകൾക്കൊപ്പം പ്രവർത്തനമാരംഭിച്ച എണ്ണയാട്ടു മില്ലുകളെല്ലാം അടച്ചുപൂട്ടി. അതേപോലെ തീപ്പെട്ടി, പാക്കിങ് കെയ്സ് നിർമ്മാണം എന്നീ മേഖലകളിലും കഴിഞ്ഞ പത്തു വർഷം മുമ്പുണ്ടായിരുന്നവയുടെ പകുതിപോലും ഇന്നില്ല. കളിമണ്ണുകൊണ്ട് ഓടും മറ്റു സാധനങ്ങളും നിർമ്മിക്കുന്ന ഓട്ടുകമ്പനി ഇപ്പോഴും നല്ലനിലയിൽ പ്രവർത്തിക്കുന്നു.

എന്നാൽ ആധുനിക വ്യവസായം എന്ന നിലയിൽ നിരവധി വർക് ഷോപ്പുകൾ ഇവിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. റെക്സിൻ, ബൾബ്, പെയിന്റ്, വാഷിങ് മെഷീൻ, ബസ് ബോഡിനിർമ്മാണം എന്നിവയെല്ലാം ഈ മേഖലയിലെ നൂതന പ്രവണതകളാണ്.



കൊടകരയിലെ പരമ്പരാഗത വ്യവസായം
കളിമൺ പാത്ര നിർമാണം

107

പട്ടിക 2

ചെറുകിട വ്യവസായ യൂണിറ്റുകൾ

| ഇനം | യൂണിറ്റുകൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1. വെളിച്ചെണ്ണ | 2 | 16 | – | 16 |
| 2. സോപ്പ് | 3 | 10 | – | 10 |
| 3. തടിവ്യവസായം | 3 | 18 | – | 18 |
| 4. എഞ്ചിനീയറിങ് | 23 | 90 | – | 90 |
| 5. അച്ചടി | 4 | 16 | 20 | 36 |
| 6. ഭക്ഷ്യസംസ്കരണം | 35 | 51 | 8 | 59 |
| 7. ഓട്ടുകമ്പനി | 1 | 8 | 15 | 23 |
| 8. പേപ്പർ | 1 | 4 | 15 | 19 |
| 9. പേപ്പർ കവർ | 2 | – | 12 | 12 |
| 10. എല്ലുപൊടി | 1 | 4 | 6 | 10 |
| 11. ഹാച്ചറി | 1 | 6 | – | 6 |
| 12. ഹോളോ ബ്രിക്സ് | 3 | 8 | 6 | 14 |
| 13. മിഠായി നിർമ്മാണം | 1 | – | 4 | 4 |
| 14. ബൾബ് നിർമ്മാണം | 1 | 7 | 6 | 13 |
| 15. ഫ്ളാപ്പ് നിർമ്മാണം | 1 | 4 | – | 4 |
| 16. പെയിന്റ് നിർമ്മാണം | 1 | 5 | 3 | 8 |
| 17. സോഡാ നിർമ്മാണം | 3 | 6 | 4 | 10 |
| 18. ക്രഷർ | 1 | 5 | 2 | 7 |
| 19. റെക്സിൻ യൂണിറ്റ് | 1 | 5 | 3 | 8 |
| 20. ഡൈ വർക്സ് | 1 | 4 | – | 4 |
| 21. വുഡ് ഫർണീച്ചർ | 4 | 40 | – | 40 |

മേല്പ്പറഞ്ഞ വ്യവസായ സ്ഥാപനങ്ങളെല്ലാം തന്നെ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. പൊതു മേഖലയിലോ സഹകരണമേഖലയിലോ പ്രവർത്തിക്കുന്ന ഒറ്റ ഫാക്ടറിപോലും ഈ പഞ്ചായത്തിലില്ല.

### ഖാദി മേഖല

ഖാദി ബോർഡിൽ രണ്ട് നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ 7,10 വാർഡുകളിലുണ്ട്. 60 പേർ ജോലി ചെയ്തിരുന്ന ഇവ ഇന്ന് പ്രവർത്തന രഹിതമാണ്. കുറഞ്ഞ വേതന നിരക്കാണ് ഇതിന്റെ പ്രശ്നം.

### പ്രശ്നങ്ങൾ

വിസ്തീർണ്ണവും ജനസംഖ്യയും വീടുകളും ഉള്ള ഈ പഞ്ചായത്തിലെ 6 വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോകുന്ന NH. 47എന്ന ദേശീയ പാതയും 5.കി.മി ദൂരം മാത്രം സ്ഥിതിചെയ്യുന്ന കല്ലേറ്റുങ്കര റയിൽവേ സ്റ്റേഷനും വ്യവസായിക വികസനത്തിന് അനുകൂലഘടകങ്ങളാണെങ്കിലും ഒരു വൻ വ്യവസായിക വളർച്ച കൈവരിക്കാൻ കൊടകരയ്ക്ക് കഴിയാതെ പോയത് വ്യവസായ സംസ്കാരത്തിന്റെ അഭാവം കൊണ്ടായിരിക്കാം. ഉയർന്ന സാക്ഷരത, മെച്ച

108

പ്പെട്ട ആരോഗ്യപരിരക്ഷ, ഉയർന്ന ഉപഭോഗ നിലവാരം, മെച്ചപ്പെട്ട ജീവിത അഭിവഞ്ചഎന്നിവയുണ്ടെങ്കിലും വ്യവസായത്തിൽ കഴിഞ്ഞകാല വളർച്ചതോത് നില നിറുത്തുവാൻ കൊടകരയ്ക്ക് കഴിയാതെ പോയത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

മുഖ്യകാർഷിക ഉല്പന്നമായ നാളികേരം വ്യവസായരംഗത്ത് കാര്യമായി പ്രയോജനപ്പെടുന്നില്ല.

സാങ്കേതിക പരിജ്ഞാനകുറവ്.

ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്.

സാഹസിക ബുദ്ധിയില്ലായ്മ.

വ്യവസായമേഖലയുമായുള്ള സമ്പർക്കക്കുറവ്

വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

വ്യവസായം നേരിടുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്ന് കുറഞ്ഞ കൂലി നിരക്കാണ്. സ്ത്രീകളുടെ കൂലിനിരക്ക് വളരെ കുറവാണ്.

## സാദ്ധ്യതകൾ

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങും, തേങ്ങയും ഉപയോഗിച്ചുള്ള വിവിധവ്യവസായങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുകയാണെങ്കിൽ കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാനും അതുവഴി ഒരു നാളികേരാധിഷ്ഠിത വ്യവസായ കോംപ്ലക്സ് തന്നെ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയും ഈ പഞ്ചായത്തിലുണ്ട്.

വ്യവസായിക വികസനത്തിനാവശ്യമായ സ്ഥലലഭ്യതയാണ് പ്രധാന പ്രശ്നം. 5,7,10,11 വാർഡുകളിൽ കുറഞ്ഞ വിലയ്ക്ക് സ്ഥലം ലഭിക്കും . 11-ാം വാർഡിൽ സുലഭമായി ലഭിക്കുന്ന പാറ ഒരുപ്രധാന പ്രകൃതി വിഭവമാണ്.

കൊടകരയിലും, മറ്റത്തൂരിലും കൂടി സ്ഥാപിക്കുവാൻ പോകുന്ന സബ് സ്റ്റേഷൻെറ പണി പൂർത്തിയാകുന്നതോടുകൂടി സുലഭമായി ലഭിക്കുന്ന വൈദ്യുതിയും, ഇന്നു നിലവിലുള്ള ഗതാഗതസൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കുവാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ താഴെക്കൊടുത്തിരിക്കുന്നു.

**പട്ടിക. 3**
**വിവിധമേഖലകളിലെ കൂലിനിരക്ക്.**

| ഇനം | കൂലിനിരക്ക് പുരുഷൻ | സ്ത്രീ. |
|---|---|---|
| 1. കൊപ്രസംസ്ക്കരണം | 70 | – |
| 2. തടിവ്യവസായം | 100 | – |
| 3. അച്ചടി | 60 | 40 |
| 4. ബേക്കറി | 80 | – |
| 5. ഓയിൽമിൽ | 100 | 50 |
| 6. ഭക്ഷ്യധാന്യം പൊടിക്കൽ | 80 | – |
| 7. സോഡനിർമ്മാണം | 60 | 30 |
| 8. കല്ലുവെട്ട് | 80 | – |
| 9. ഖാദി | – | 25 |
| 10. കർഷകത്തൊഴിലാളി | 80 | 60 |
| 11. ലെതർ – റെക്സിൻ | 110 | – |
| 12. സെയിൽസ് സർവ്വീസ് | 50 | 30 |
| 13. നിർമ്മാണ തൊഴിലാളി | 100 | – |
| 14. ഐസ് ഫാക്ടറി | 60 | – |
| 15. പേപ്പർ | – | 30 |
| 16. കവർ | – | 40 |
| 17. മിഠായി | — | 40 |
| 18. പായനെയ്ത്ത് | – | 30 |
| 19. മുള, ഈറ്റ ഇവനെയ്ത്ത് | – | 50 |
| 20. ലോഹനിർമ്മിത ഉപകരണങ്ങൾ | 150 | 70 |
| 21. ഇലക്ട്രോണിക്സ് | 100 | – |

**ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ**

1. യന്ത്രമുപയോഗിച്ച് പച്ചക്കറിനാര് നിർമ്മാണം.
2. യന്ത്രവൽകൃത ചൂടിനിർമ്മാണം
3. ചവിട്ടി, ചൂടിപ്പടം, ചകിരിനാരിന്റെ കിടക്ക, തലയിണ തുടങ്ങിയവ
4. ചകിരിച്ചവറ് ഉപയോഗിച്ചുള്ള വളം.

109

5. തെങ്ങുകൊണ്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറും
6. വെളിച്ചെണ്ണ
7. കാലിത്തീറ്റ
8. തേങ്ങവെള്ളം ഉപയോഗിച്ചുള്ള ശീതള പാനിയങ്ങൾ
9. ചാർക്കോൾ (ആക്റ്റിവേറ്റഡ് കാർബൺ)
10. ചാർക്കോൾ ഓയിൽ
11. ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ)

വനിത

12. തെങ്ങ്, ചിരട്ട, എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ:- കയിൽ, ചട്ടുകം, സ്പൂൺ, മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീംകപ്പ്, സോസറും ഹെയർപിൻക്ലിപ്പ് തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റ്.
13. പഴം ജാമുകൾ, നേന്ത്രപ്പഴം ചക്ക മാങ്ങ.
14. അവിൽ വ്യവസായം
15. ഫാൻസി ഫൈബർ (വാഴനാര്)
16. പേപ്പർ, പൾപ്പ് കൊണ്ടുള്ള കട്ടിയുള്ള കടലാസും, കരകൗശല ഉൽപ്പന്നങ്ങളും.

ഇന്ത്യയിൽ 7500 ലധികം വിവധതരം ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിക്കുന്നുണ്ട്. 2 ലക്ഷം കോടി രൂപവരുന്ന ഉല്പന്നങ്ങൾ ചെറുകിട വ്യവസായമേഖലയിൽ ഉല്പ്ദിപ്പിക്കുന്നു. അതിൽ ഏകദേശം 8000 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തുവരുന്നുണ്ട്. അതുപോലെ കേരളത്തിലെ ജനങ്ങൾ ശരാശരി 18 മീറ്റർ തുണി ഉപയോഗിക്കുന്നുണ്ടെങ്കിലും വളരെ കുറച്ചുതുണിത്തരങ്ങൾ മാത്രമാണ് കേരളത്തിൽ നിർമ്മിക്കുന്നുള്ളു.

ആയിരത്തോളം വീടുകളിൽ 100 ലധികം ആളുകളുണ്ടെങ്കിലും വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരായാൽ കൊടകരയിലെ വിപണിയെ മാത്രം ലഭിച്ചാൽപ്പോലും വളരുവാൻ സാദ്ധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ മുന്നോട്ടുവരാൻ നമ്മുടെ യുവജനങ്ങളിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കുവാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

**ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.**


1. ശാസ്ത്രീയമായ കോഴിവളർത്തൽ
2. ആധുനിക രീതിയിലുള്ള ആയുർവേദമരുന്ന്.
3. മരം ഫർണിച്ചർ
4. ബ്ലോക്ക് മോർഡ്സ് പ്ലാസ്റ്റിക്ക് കണ്ടയിനർ
5. ഹവായ് ചെരുപ്പ്
6. അലുമിനിയ പാത്രങ്ങൾ
7. ഫാൻസി ലെതർ ഗുഡ്സ്
8. സ്കൂൾ ബാഗ്
9. പ്ലാസ്റ്റിക്ക് ബട്ടൺസ്
10. അലങ്കാരപ്പണി ചെയ്തമരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ
11. ലിക്വിഡ് ഡിറ്റർജന്റ്
12. ക്ലീനിംങ്ങ് പൗഡർ
13. ഇനാമൽ പെയിന്റിന്റെ നിർമ്മാണം
14. ഇൻജക്ഷൻമോഡലുള്ള പ്ലാസ്റ്റിക്ക്ഉൽപ്പന്നങ്ങൾ
15. ഓട്ടോ ഇലക്ട്രിക്ക് ഷോപ്പ്
16. ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ്
17. ജനറൽ എഞ്ചിനിയറിംഗ്
18. ഇരുചക്രവാഹനങ്ങളുടെ വർക്ക് ഷോപ്പ്
19. ഇലക്ട്രോണിക്ക് ഫാൻ റഗുലേറ്റർ
20. ഇലക്ട്രോണിക്ക് ഓവർ ലോഡ് കട്ട് ഓഫ്
21. ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം.
22. എമർജൻസി ലാംബ്
23. എസ്.ടി.ഡി./ ലോക്കൽ ബയറിങ്ങ് സിസ്റ്റം
24. സ്വിച്ച് ബോർഡ്
25. സിന്തറ്റിക്ക് വിനാഗിരി
26. കുട്ടികളുടെ ഷൂ
27. പുരുഷന്മാരുടെ ഷൂ

110

## വൻകിടവ്യവസായം

കേരളത്തിന്റെ വ്യവസായിക ഭൂപടത്തിൽ തലയുയർത്തിപ്പിടുച്ചു നിൽക്കാവുന്ന ഒരു സ്ഥാനം കൊടകരയക്ക് നേടികൊടുത്തത് പേരാമ്പ്രയിലെ അപ്പോളോ ടയേഴ്സ് എന്ന സ്വകാര്യസ്ഥാപനമാണ്. 2713 - ഓളം തൊഴിലാളികൾ ജോലിചെയ്യുന്ന മേൽപ്പറഞ്ഞ സ്ഥാപനത്തിൽ തദ്ദേശവാസികൾ വെറും 10 % മാത്രമാണ്. സ്ത്രീകൾ വെറും 20 % വും. ഈ ഫാക്റ്ററി പുറം തള്ളുന്ന വ്യവസായിക അവശിഷ്ടം മൂലം ഉളവാകുന്ന മലിനീകരണം കൊണ്ട് കഷ്ടപ്പെടുന്ന സമീപവാസികളും, കൃഷിക്കാരും ഇന്ന് അധികാരികളെ പഴിച്ചു കഴിയുകയാണ്. ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് കാര്യമായ പരിഹാരം കാണുവാൻ കഴിയുന്ന ഈ കമ്പനി ഇവിടത്തെ പ്രശ്നങ്ങൾക്കു നേരെ മുഖം തിരിഞ്ഞിരിക്കുകയാണ്.

അപ്പോളോയുമായി ബന്ധപ്പെട്ട് ധാരാളം അനുബന്ധ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. അത് സാദ്ധ്യമാകുന്നതിനു വേണ്ടി അപ്പോളോയുമായി ബന്ധപ്പെട്ട് ഒരു പരിശീലന പരിപാടി് സംഘടിപ്പിക്കേണ്ടതാണ്.



കൊടകരയിലെ ഏക വൻകിട വ്യവസായ സ്ഥാപനം
അപ്പോളോ ടയേഴ്സ്

1. സ്പിന്നിങ് മില്ലിന്റെ സഹകരണത്തോടെ 1000 സ്പിന്റിൽ ഉള്ള ഒരു അനുബന്ധ യൂണിറ്റ് ആരംഭിക്കേണ്ടതാണ്.

2. ഇലക്ട്രോണിക് വ്യവസായ രംഗത്ത് ഒരു വൻകിട ഫാക്ടറി സ്ഥാപിക്കേണ്ടതാണ്.

3. പാൽ സംസ്കരിക്കുന്നതിനും പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വൻ മൂലധന നിക്ഷേപത്തോടുകൂടിയ ഒരു സ്ഥാപനവും ഇവിടെ ഉണ്ടാകേണ്ടതാണ്. ഇതുവഴി എണ്ണത്തിൽ കൂടുതലുള്ള ഇവിടത്തെ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും. മാത്രവുമല്ല ഇവയെല്ലാമായി ബന്ധപ്പെട്ട് അനുബന്ധ വ്യവസായങ്ങളും ഇവിടെ തഴച്ചു വളരും.

## ടൂറിസം

കനകമല ഒരു ടൂറിസ്റ്റ് പോയന്റായി വളർത്തിയെടുക്കാവുന്നതാണ്. ഇത് ആ പ്രദേശത്തിന്റെ വികസനത്തിനും പുരോഗതിക്കും വഴി തെളിയിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ല.

## വൈദ്യുതി സംരക്ഷണം

വൈദ്യുതിയുടെ അമിതമായ ഉപഭോഗം കുറക്കുന്നതിന് KSEB, ANERT സർക്കാർ എന്നിവയുടെ സഹകരണത്തോടെ വീടുകളിൽ സോളാർ ലാംപുകൾ സ്ഥാപിക്കാവുന്നതാണ്.

### മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയാൻ സാധ്യതയുള്ളതിനാൽ ചുരുങ്ങിയത് 2 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

### മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കാഡ് ബോഡ് പെട്ടി

2. കുറ്റിമുല്ല

3. വ്യാവസായിക വളർച്ചക്ക് ആവശ്യമായ ഒരു സഹകരണ സംഘം സ്ഥാപിക്കണം.

## നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താൽപ്പര്യമുള്ളവരുടെ വിവരം ശേഖരിക്കുകയും അതിൽനിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ധ പരിശീലനം നൽകേണ്ടതാണ്. താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പരിശീലനം കാര്യക്ഷമമാക്കാവുന്നതാണ്.

a. SMALL INDUSTRIES SERVICE INSTITUTE, TRICHUR

b. Enterprener ship Development Institute of India Ahamadabad.

c. National Small Industries Corparation, Trichur

d. Kerala State Industrial and Technology Consultancy organisation, Ernakulam.

e. STED Project Office Kozhikode.

f. National Institute for Enterpener ship and small business Development, New Delhi.

2. കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of Handloom and Textiles, Trichur, എന്നിവരുമായി ബന്ധപ്പെട്ട് ഒരു Craft Development Centre സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

3. ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേരം വികസന ബോർഡ്, കേരഫെഡ് എന്നിവയുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

4. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും അതിന്റെ വിപണന സാദ്ധ്യതകളെപ്പറ്റിയും Indian Institute of Fashion Technology, Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

5. വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടുപോകുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുന്നതിന് പര്യപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠന യാത്രകൾ സംഘടിപ്പിക്കണം.

6. കൊടകര പഞ്ചായത്തിലെ വ്യവസായവളർച്ചക്കാവശ്യമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൃശൂർ ജില്ലാവ്യവസായകേന്ദ്രം, തൃശൂർ ജില്ലാ ചെറുകിടവ്യവസായ അസ്സോസിയേഷൻ, മറ്റ് പൊതുമേഖല സ്ഥാപനങ്ങളുടേയും, സമീപപഞ്ചായത്തുകളുടേയും സഹകരണത്തോടെ 10 ദിവസം നീണ്ടു നിൽക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കണം.

7. വ്യവസായ രംഗത്ത് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ തടസ്സങ്ങളും മാറ്റി കൂടുതൽ സൗകര്യം കൊടുക്കണം.

8. കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും, പ്രസ്തുത രംഗത്തെ നല്ലനിലയിൽ പ്രാവർത്തികമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും വേണം.

9. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും, ആളോഹരിവരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ - സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും - പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്ന് വരാൻ കാരണമാകുകയും ചെയ്യും.



# വിദ്യാഭ്യാസം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ആരംഭിച്ച ലോവർ പ്രൈമറിസ്കൂളാണ് ഔപചാരിക വിദ്യാഭ്യാസരംഗത്തെ കൊടകരയുടെ ആദ്യത്തെ കാൽവെയ്പ്. പടിഞ്ഞാറെകുന്നത്ത് മൂസ്സനമ്പൂതിരിയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ ശ്രമഫലമായി 1908 ൽ ആരംഭിച്ച ആ വിദ്യാലയമാണ് ഇന്ന് കൊടകരയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗവ: എൽ.പി.സ്കൂൾ. പിന്നീട് ഈ സ്കൂളിനോട് ചേർന്ന് ലോവർ സെക്കണ്ടറി സ്കൂളും പ്രവർത്തിക്കുകയുണ്ടായി. ഇന്ന് ഇരിഞ്ഞാലക്കുട രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പേരാമ്പ്ര സെന്റ് ആന്റണീസ് യു.പി.സ്കൂൾ തുടങ്ങിയത് 1924 ലാണ്. തേശ്ശേരിയിലും ഒരു എൽ.പി.സ്കൂൾ ആരംഭിക്കുകയും കാലക്രമേണ അത് യു.പി.ആക്കി ഉയർത്തുകയും ചെയ്തു. ഈ സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായിരുന്നത് സാമൂഹ്യസേവന രംഗത്തും ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടും പ്രവർത്തിച്ച് വ്യക്തിമുദ്ര പതിപ്പിച്ചവൈലോപ്പിള്ളി സുബ്രഹ്മണ്യൻ മാസ്റ്ററായിരുന്നു. 1948 ൽ മനക്കുളങ്ങര കെ.വി.യു.പി.എസ്. ആരംഭിച്ചു. സ്വകാര്യ വ്യക്തികളുടെയും കുടുംബങ്ങളുടെയും ശ്രമഫലമായാണ് ഈ സ്കൂളുകൾ ആരംഭിച്ചത്. 1948 ൽ തന്നെയാണ് കൊടകര ഡോൺ ബോസ്കോ എൽ.പി.സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. സെന്റ് സേവിയേഴ്സ് അനാഥാലയത്തിന്റെ ചുമതലക്കാരനായെത്തിയ വൈന്തല സ്വദേശി വലിയ വീട്ടിൽ കുര്യാക്കോസ് മാസ്റ്ററുടെ ശ്രമങ്ങളാണ് ഈ സ്കൂൾ അനുവദിച്ചു കിട്ടുന്നതിന് ഇടയാക്കിയത്. ഈ വിദ്യാലായം 1966 ൽ യു.പി. ആയും 1982 ൽ ഹൈസ്കൂളായും ഉയർന്നു. ഇന്ന് കൊടകരയിലെന്നല്ല സമീപ പ്രദേശങ്ങളിൽതന്നെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയം ആണിത്.

പുലിപ്പാറയിലെ ജനങ്ങളുടെ ഒരു സ്കൂളിനു വേണ്ടിയുള്ള കാത്തിരിപ്പ് 1967 വരെ നീണ്ടുപോയി. ഈ വർഷമാണ് ജി.ഡബ്ലിയു.എൽ.പി.എസ്സിന്റെ സ്ഥാപനം. ശ്രീ. സി.കണ്ഠൻമാസ്റ്ററുടെ നാമധേയം ഇവിടെ സ്മർത്തവ്യമാകുന്നു.

കൊടകരയിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചത് 1944 ലാണ്. 8, 9, 10 ക്ലാസുകൾ ഒരേ വർഷം തന്നെ ആരംഭിച്ചു. ശ്രീ. എ.കൃഷ്ണവാരിയർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. വരന്തരപ്പിള്ളി, മുപ്ലിയം, ചെങ്ങാലൂർ, വെള്ളിക്കുളങ്ങര, പോട്ട, കനകമല, ആനന്ദപുരം, മുരിയാട് തുടങ്ങി വിദൂര ഗ്രാമങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്കുപോലും ഈ വിദ്യാലയം അനുഗ്രഹമായി. സ്ഥാപക മാനേജരായിരുന്ന അരിക്കാട്ട് വേലായുധമേനോന്റെ മരണശേഷം 1947 ൽ ഒരു പത്തംഗസമിതിയും പിന്നീട് നായർ സമുദായവും, നായർ സമാജവും സ്കൂൾ ഏറ്റെടുത്ത് നടത്തി. 1950 ൽ സ്കൂളിന്റെ നടത്തിപ്പ് അദ്ധ്യാപക സംഘടനക്ക് ആയി. സർക്കാർ ഈ സ്കൂൾ ഏറ്റെടുത്തത് 1958 ജൂൺ 2 ന് ആണ്.

1940 കളുടെ അവസാന വർഷങ്ങൾ ഈ സ്കൂളിന്റെ

സുവർണ്ണകാലഘട്ടമായിരുന്നു. 1947 ലെ S.S.L.C. പരീക്ഷയിൽ 48 ൽ 45 പേരും വിജയിച്ച് കൊച്ചി സംസ്ഥാനത്തെപ്രഥമസ്ഥാനം നേടാൻ ഈ സ്കൂളിന് കഴിഞ്ഞു. പിൽക്കാലത്ത് മലയാള സാഹിത്യ നഭോമണ്ഡലത്തിൽ ഉദിച്ചുയർന്ന സർവ്വശ്രീ. എൻ.വി.കൃഷ്ണവാരിയർ, എം.എസ്.മേനോൻ, പി.ജി.പി.പിള്ള എന്നിവരുടെ സേവനങ്ങൾ ഈ സ്കൂളിന് ലഭ്യമായതും ഈ കാലഘട്ടത്തിലാണ്.

വരുമാനമാർഗ്ഗം എന്നതിനേക്കാൾ സേവനവ്യഗ്രതയായിരുന്നു അദ്ധ്യാപകരെയും ആദ്യകാല വിദ്യാഭ്യാസ പ്രവർത്തകരെയും നയിച്ചിരുന്നത്. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിലും അക്കാലത്തെ അദ്ധ്യാപകർ പുറകിലായിരുന്നില്ല. പാലിയം സമരവുമായി ബന്ധപ്പെട്ട് പ്രസ്താവന ഇറക്കിയതിന് എൻ.വി.കൃഷ്ണവാരിയർ അടക്കം പതിനേഴ് അദ്ധ്യാപകർക്ക് കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചു.

60 കളിൽ ഓരോ ക്ലാസ്സിനും പതിനഞ്ച് ഡിവിഷനുകളോളം ഉണ്ടാവുകയും സ്ഥലപരിമിതിമൂലം ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തേണ്ടിവരികയും ഉണ്ടായി. 1967 ൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളുകൾ നിലവിൽ വന്നു.

ഇപ്പോൾ മൂന്ന് ഹൈസ്കൂളുകളും മൂന്ന് യു.പി.സ്കൂളുകളും രണ്ട് എൽ.പി.സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. എയ്ഡഡ് സ്കൂളുകളിൽ രണ്ട് എൽ.പി.സ്കൂളുകളും രണ്ട് ഹൈസ്കൂളുകളും സർക്കാർ മേഖലയിലാണ്. മൂന്ന് യു.പി.സ്കൂളുകളും ഒരു ഹൈസ്കൂളും സ്വകാര്യ മേഖലയിലാണ്.

4230 വിദ്യാർത്ഥികളും 185 അദ്ധ്യാപകരുമാണ് ഈ അദ്ധ്യയനവർഷം മേൽ പറഞ്ഞ സ്കൂളുകളിൽ ഉള്ളത്. ഇതിനു പുറമേ പേരാമ്പ്രയിൽ ഒരു അൺ എയ്ഡഡ് സ്കൂളും ഉണ്ട്.

കൊടകരയിൽ നാല് സമാന്തരകോളേജുകളാണ് ഉള്ളത്. ഇവയിൽ 750 ലധികം വിദ്യാർത്ഥികളും 60 ഓളം അദ്ധ്യാപകരും ഉണ്ട്.

ഇതിനു പുറമെ കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, സംഗീത – നൃത്ത വിദ്യാലയങ്ങൾ എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സാങ്കേതിക പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല.

### അക്കാദമിക് രംഗം

പഠന പ്രവർത്തനങ്ങളുടെനിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത എല്ലാ സ്കൂളുകളിലും, ഗവൺമെന്റ് സ്കൂളുകളിൽ പ്രത്യേകിച്ചും ഉണ്ട്. ഗൈഡുകളെയും ട്യൂഷൻ ക്ലാസുകളെയും ആശ്രയിച്ച് കാണാപാഠം പഠിച്ച് പരീക്ഷയിൽ മാർക്ക് നേടാൻ കഴിഞ്ഞാൽ എല്ലാം തികഞ്ഞു എന്ന ധാരണ മാറണം. മത്സര പരീക്ഷകളുടെ ഈ യുഗത്തിൽ മാർക്ക് നേടുക എന്നതിന് പ്രാധാന്യം ഉണ്ട് എന്ന് അംഗീകരിക്കുമ്പോൾതന്നെയും കുട്ടികളെ ചിന്തിക്കാനും വസ്തുതകൾ സ്വയം അപഗ്രഥിച്ച് പഠിക്കാനും പ്രേരിപ്പിക്കേണ്ടതുണ്ടെന്ന് നാം മനസ്സിലാക്കണം.

ഇന്ന് നിലവിലുള്ള എല്ലാവരെയും ജയിപ്പിക്കുന്ന സമ്പ്രദായം (ഓൾ പ്രമോഷൻ), അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം, അച്ചടക്ക പരിപാലനം, ജീവിതവും ജീവിതായോധനമാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട ബോധന രീതികൾ എന്നിങ്ങനെ പല വിഷയങ്ങളിലും പുനർവിചിന്തനം അത്യാവശ്യമാണ്. ടി.വി.യുടെയും സിനിമയുടെയും ഗുണപരമല്ലാത്ത സ്വാധീനം, വായനാശീലത്തിൽ വന്ന കുറവ്, സ്ഥിരമായി വായിക്കപ്പെടുന്ന പ്രസിദ്ധീകരണങ്ങളുടെ നിലവാരമില്ലായ്മ, കുട്ടികളുടെ ഇടയിൽ കൂട്ടായ്മയെക്കുറിച്ചുള്ള ധാരണയില്ലായ്മ എന്നിവയും ആശങ്കയുണർത്തുന്ന വസ്തുതകളാണ്.

### വിദ്യാലയങ്ങളുടെ അവസ്ഥ

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും ഭൗതിക സാഹചര്യം സംസ്ഥാനത്തെ മറ്റ് സ്കൂളുകളുമായി താരതമ്യപ്പെടുത്തുമ്പോൾ തൃപ്തികരമോ, സാമാന്യം മെച്ചപ്പെട്ടതോ ആണ്. എങ്കിലും ചില സ്കൂളുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കൊടകര ഗവ: എൽ.പി.സ്കൂളിലും പുലിപ്പാറ GWLP സ്കൂളിലും പ്രശ്നം രൂക്ഷമാണ്.

ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മൂന്ന് ഹൈസ്കൂളുകളിലും ഉണ്ട്. ശാസ്ത്രവിഷയങ്ങളുടെ പഠനത്തിന് ലബോറട്ടറി ഉപയോഗപ്പെടുത്താറുണ്ട്. എന്നാൽ ലൈബ്രറിയുടെ ഉപയോഗം തൃപ്തികരമല്ല. പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സ്കൂളുകളിൽ വരുത്താനും അവ കുട്ടികൾക്ക് വായിക്കാൻ റീഡിങ്ങ് റൂം സൗകര്യം ഉണ്ടാക്കാനും ഏർപ്പാടുകൾ വേണം.

അതത് സ്കൂളിന്റെ പുരോഗതിക്കുവേണ്ടി അദ്ധ്യാപക രക്ഷാകർതൃ സമിതികൾ പുലർത്തുന്ന ജാഗ്രത ശ്ലാഘനീയമാണ്. പി.ടി.എ.യുടെഫലപ്രദമായ ഇടപെടൽ അക്കാദമിക് നിലവാരത്തിന്റെയും അച്ചടക്കത്തി

114

### എസ്.എസ്,എൽ.സി. പരീക്ഷാഫലം
### കഴിഞ്ഞ ആറുവർഷത്തെ പരീക്ഷാഫലം സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു

| വർഷം | ഗവ: ബോയ്സ് ഹൈസ്കൂൾ | | | ഗവ: ഗേൾസ് ഹൈസ്കൂൾ | | | ഡോൺബോസ്കോ ഗേൾസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | ആകെ | വിജയം | % | ആകെ | വിജയം | % | ആകെ | വിജയം | % |
| 90 - 91 | 188 | 76 | 40.4 | 212 | 159 | 75 | 79 | 79 | 100 |
| 91 - 92 | 189 | 110 | 58.2 | 202 | 159 | 78.7 | 78 | 78 | 100 |
| 92 - 93 | 210 | 99 | 47.14 | 210 | 167 | 79.5 | 76 | 76 | 100 |
| 93 - 94 | 203 | 109 | 53.7 | 210 | 165 | 78.6 | 96 | 96 | 100 |
| 94 - 95 | 195 | 110 | 56.4 | 204 | 164 | 80.4 | 106 | 105 | 99 |
| 95 - 96 | 198 | 96 | 48.5 | 232 | 152 | 65.9 | 114 | 114 | 100 |

ന്റെയും കാര്യത്തിൽ പുരോഗതിയുണ്ടാക്കാൻ സഹായകമാകേണ്ടതുണ്ട്. മാതൃസംഗമവും മാതൃകാപരമായ ആശയം തന്നെ.

കഴിഞ്ഞ ആറ് വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഒന്നൊഴികെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിന് കാരണങ്ങൾ ഏറെയാണ്. പ്രകടമായ ചിലത് താഴെ ചേർക്കുന്നു.

* സർക്കാർ സ്കൂളുകളോടുള്ള താൽപര്യം ഇല്ലായ്മയും വിശ്വാസക്കുറവും.

പരീക്ഷാഫലം മോശമാകുന്നതാണ് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറയുന്നതിന് കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്.

1990 മുതൽ 1995 വരെ 75 % നും 81% നും ഇടയ്ക്ക് വിജയം നേടുകയും ഡിസ്റ്റിങ്ങ്ഷനുകളുടെയും ഫസ്റ്റ് ക്ലാസുകളുടെയും എണ്ണത്തിൽ മുൻ നിരയിൽ എത്തുകയും ചെയ്തിട്ടും കൊടകര ഗവ: ഗേൾസ് ഹൈസ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാനുഗതമായി കുറയുകയാണുണ്ടായത്. 1995 മാർച്ചിൽ 15 ഡിസ്റ്റിങ്ങ്ഷനും 32 ഫസ്റ്റ് ക്ലാസും അടക്കും 81 % വിജയം നേടാൻ കഴിഞ്ഞുവെങ്കിലും കുട്ടികളുടെ എണ്ണത്തിൽ ഏറ്റവും വലിയ കുറവ് അനുഭവപ്പെടുന്നത് അതിനെതുടർന്നു വന്ന 1995 ജൂണിലാണ് എന്നത് വിരോധാഭാസമായി തോന്നിയേക്കാം. കുട്ടികളുടെ എണ്ണം കുറയുന്നതിന് പരീക്ഷാഫലത്തിനേക്കാൾ ഉപരിയായി മറ്റ് ചില കാരണങ്ങളും ഉണ്ടെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. ഇതിൽ ഒന്ന് ഗതാഗത സൗകര്യത്തിൽ വന്ന മാറ്റമാണ്. കുട്ടികൾ സ്ഥിരമായി വരാറുള്ള തേശ്ശേരി പോലെയുള്ള ഭാഗങ്ങളിൽനിന്നും കൊടകരയിലേക്ക് സ്കൂൾ സമയങ്ങളിൽ വാഹന സൗകര്യം ഇല്ലാതായതും, മറ്റിടങ്ങളിലേക്ക് (ഉദാ: ചാലക്കുടി, ആളൂർ) കൂടുതൽ വാഹന സൗകര്യം ഉണ്ടായതും ഇതിന് ഉപോൽബലകമായി കാണിക്കാവുന്നതാണ്.

* സമരം, ചിട്ടയില്ലായ്മ, അച്ചടക്കമില്ലായ്മ എന്നിങ്ങനെ സാധാരണ ആരോപിക്കാവുന്ന പല ദോഷങ്ങളും ഗവൺമെന്റ് സ്കൂളുകൾക്ക് നേരെയാണ് വിരൽ ചൂണ്ടുന്നത്.

* മനക്കുളങ്ങര കെ.വി.യു.പി. സ്കൂളിൽ 1981 മുതൽ 1994 വരെ ഫലപ്രദമായ മാനേജ്മെന്റ് ഇല്ലാതിരുന്നതും സമീപപ്രദേശങ്ങളിൽ അൺഎയ്ഡഡ് സ്കൂളുകൾ തുടങ്ങിയതും ഈ സ്കൂളിനെ പ്രതികൂലമായി ബാധിച്ചു.

കൂണുകൾ പോലെ സ്കൂളുകൾ മുളച്ചുപൊങ്ങാൻ അനുവദിക്കാതിരിക്കുകയും നിലവിലുള്ള സ്കൂളുകളെ നാടിന്റെ സമ്പത്തായി കണ്ട് പരിരക്ഷിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

115

## വിശേഷാൽ ഗ്രാമസഭകളിൽ ഉന്നയിച്ച

| പ്രശ്നങ്ങളും | നിർദ്ദേശങ്ങളും |
|---|---|
| 1. നിലവിലുള്ള എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കുകയും, യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കുകയും വേണം എന്ന് വിവിധ ഗ്രാമസഭകൾ നിർദ്ദേശിക്കുകയുണ്ടായി. | 1. അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നത് താഴെ പറയുന്ന ഘടകങ്ങളെ യാഥാർത്ഥ്യബോധത്തോടെ പരിഗണിച്ചശേഷമാകണം.<br>* നിലവിലുള്ള വിദ്യാഭ്യാസ ചട്ടങ്ങൾ<br>* ഇപ്പോഴുള്ള സംവിധാനത്തിന്റെ പര്യാപ്തത<br>* വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ<br>* പഠിതാക്കളുടെ ലഭ്യത<br>* വേണ്ടിവരുന്ന അധിക വിഭവങ്ങൾ<br>* വിഭവ സമാഹരണം എങ്ങനെ സാധിക്കും<br>* നിലവിലുള്ള സ്കൂളുകളെ എങ്ങനെ ബാധിക്കുന്നു |
| 2. അംഗൻവാടികൾ ഇല്ലാത്തതും ബാലവാടികളുടെ ശോചനീയാവസ്ഥയും. | 2. അംഗൻവാടി – ബാലവാടി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. |
| 3. എസ്.എസ്.എൽ.സി. പാസായശേഷം തുടർ വിദ്യാഭ്യാസത്തിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ ഇപ്പോൾ പഞ്ചായത്തതൃത്തിയിലോ സമീപപ്രദേശങ്ങളിലോ ഇല്ല. | 3. കൊടകരയിൽ ഒരു ജൂനിയർ കോളേജോ പ്ലസ്ടു ക്ലാസുകളോ വി.എച്ച്.എസ്.സി.യോ തുടങ്ങണം. അധികവിഭവസമാഹരണങ്ങൾ ഇല്ലാതെതന്നെ ഗവ: ഹൈസ്കൂളുകളിൽ തുടങ്ങുവാനുള്ള സൗകര്യങ്ങൾ ഉണ്ട്. |
| 4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. | 4. സാങ്കേതിക പരിശീലനം ലഭ്യമാക്കണം. |
| 5. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മോശമാണ്. പഠനം പൂർത്തിയാക്കാത്തവരുടെ എണ്ണവും കൂടുതലാണ്. | 5. പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ നൽകുന്ന പ്രത്യേക പരിശീലനം ഊർജ്ജിതപ്പെടുത്തണം. പ്രാദേശിക തലങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകാൻ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പദ്ധതി ആവിഷ്ക്കരിക്കുക. |
| 6. പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് റഗുലർ കോളേജ് വിദ്യാർത്ഥികൾക്കുള്ളപോലെ കൺസഷൻ സൗകര്യം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും നിഷേധിക്കപ്പെടുന്നു. | 6. K.S.R.T.C. യുടെ ശ്രദ്ധയിൽപ്പെടുത്തുകയും എല്ലാ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. |
| 7. കുട്ടികളിൽ ദേശീയബോധവും സാമൂഹ്യ പ്രബുദ്ധതയും ഉണ്ടാകുന്നില്ല. ദേശീയദിനാഘോഷങ്ങൾ സമുചിതമായി കൊണ്ടാടുന്ന പതിവില്ലാതായിരിക്കുന്നു. | 7. ദേശീയബോധം വളർത്തുന്നതിന് വേണ്ടി ക്ലാസുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയും ദേശീയ ദിനാഘോഷ പരിപാടികൾ മുൻകാലങ്ങളിൽ നടന്നതുപോലെ ആസൂത്രണം ചെയ്യുകയും വേണം. |

116

| | |
|---|---|
| 8. ഒരു ഡിവിഷനിൽതന്നെ 60 ഉം 70 ഉം കുട്ടികളെ ഇരുത്തി പഠിപ്പിക്കുന്നത് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പ്രത്യേകശ്രദ്ധ നിഷേധിക്കുന്നു. | 8. ഒരു വശത്ത് വേണ്ടത്ര കുട്ടികൾ ഇല്ലാതെ ഡിവിഷനുകൾ കുറയുകയും സ്കൂളുകൾ തന്നെ പൂട്ടിയിടൽ ഭീഷണി നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ കുട്ടികളെ ഒരേ ക്ലാസിലിരുത്തി പഠിപ്പിക്കുന്നത് അശാസ്ത്രീയമാണെന്നതിലുപരി അധാർമ്മികവുമാണ് എന്ന് മനസ്സിലാക്കി ശക്തമായ മേൽ നടപടികൾ സ്വീകരിക്കണം. |
| 9. സ്കൂളുകളിൽ പ്രഥമ സുശ്രൂഷ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. | 9. പ്രഥമ ശുശ്രൂഷക്കാവശ്യമായ മരുന്നുകളും മറ്റും പ്രൈമറി ഹെൽത്ത് സെന്റർ മുഖേനയോ സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സ്വകാര്യ ആശുപത്രികളുടേയും സഹായത്തോടെയോ നൽകണം. |
| 10. കളിസ്ഥലം ഉപയോഗയോഗ്യമല്ല. | 10. പി.ടി.എ.യുടെ നേതൃത്വത്തിൽ ജനകീയ സഹകരണത്തോടെ നിലവിലുള്ള കളിസ്ഥലങ്ങൾ നന്നാക്കണം. |


## വിദഗ്ധ സമിതി നൽകിയ നിർദ്ദേശങ്ങൾ

1. നിരവധി അനുഭവങ്ങളിലൂടെ വിജയകരമെന്നു തെളിയിച്ചിട്ടുള്ള സ്കൂൾ കോംപ്ലക്സ് സംവിധാനം ഏർപ്പെടുത്തുക. സ്കൂൾ തലത്തിൽ വിദ്യാലയ സംരക്ഷണസമിതിയും പഞ്ചായത്തു തലത്തിൽ ഒരു പഞ്ചായത്തുതല വിദ്യാഭ്യാസ സമിതിയും രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

2. തുടർസാക്ഷരതാ പ്രവർത്തനങ്ങളും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും വ്യാപകമാക്കണം.

3. പ്രീ - വൊക്കേഷണൽ ട്രെയിനിങ് നിർബന്ധമാക്കണം.

117



# കുടിവെള്ളം
# പൊതുജനാരോഗ്യം

ജീവന്റെ നിലനിൽപ്പിന് വായു പോലെ പ്രധാനപ്പെട്ടതാണ് വെള്ളം എന്ന കാര്യത്തിൽ പക്ഷാന്തരമില്ല. ഇതുകൊണ്ടുതന്നെ പഞ്ചായത്തിലെ ഏതാണ്ട് എല്ലാ വിശേഷാൽ ഗ്രാമസഭകളിലും ഏറ്റവും ചൂടേറിയ ചർച്ച നടന്നത് കുടിവെള്ള പ്രശ്നത്തെ ഉപജീവിച്ചാണ് എന്നത് സ്വാഭാവികമാണ്.

ഓരോ വർഷം ചെല്ലുംതോറും ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി വരികയാണ്. തുലാവർഷം നീണ്ടുനിൽക്കുകയും ഇടമഴകൾ സാധാരണയിൽ കവിഞ്ഞ് ലഭിക്കുകയും ചെയ്ത പോയ വർഷം പോലും കുടിവെള്ളക്ഷാമം കൂടുതൽ അനുഭവപ്പെടുകയുണ്ടായി. വർഷപാതത്തിൽ വന്ന കുറവല്ല ജലദൗർലഭ്യത്തിന് കാരണമെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. കൃഷി രീതിയിലും ജലസേചനത്തിലും വന്നമാറ്റമാണ് പ്രധാനകാരണം.

ജനങ്ങളിൽ ഭൂരിഭാഗവും സ്വന്തം കിണറുകളെ ആശ്രയിക്കുന്നു. അയൽപക്കത്തെ സ്വകാര്യകിണറുകളും പൊതുകിണറുകളും ഉപയോഗിക്കുന്നവരുടെ എണ്ണം കുറവല്ല. പൈപ്പു വെള്ളത്തെ മാത്രം ആശ്രയിക്കുന്നവർ വിരളമാണ്. കുഴൽ കിണറുകൾ കുഴിക്കാനുള്ള ശ്രമങ്ങൾ സമീപകാലത്ത് വർദ്ധിച്ചുവരുന്നുണ്ട്.

ലഭ്യമായ കുടിവെള്ളത്തിന്റെ ഗുണമേന്മയെകുറിച്ച് ആശങ്കയുണർത്തുന്ന വിധം ജലജന്യരോഗങ്ങൾ വ്യാപകമായി ഇതുവരെയും കണ്ടിട്ടില്ല.

ജനങ്ങളുടെ ഉയർന്ന ബോധനിലവാരം ആണ് ഇതിന് പ്രധാന കാരണം. മലിനീകരണം കുറയ്ക്കുന്നതിനും തിളപ്പിച്ചാറ്റിയ വെള്ളം ഉപയോഗിക്കുന്നതിനും മിക്കവരും ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 23 പൊതു കിണറുകൾ ഉണ്ടെന്ന് രേഖകളിൽ കാണുന്നുണ്ടെങ്കിലും ഇപ്പോൾ ഉപയോഗത്തിലുള്ളത് വിരലിലെണ്ണാവുന്നത് മാത്രമാണ്.എട്ട് പൊതു കുഴൽ കിണറുകൾ ഉണ്ട്. ഇവയിൽ പലതും ഉപയോഗ ശൂന്യമാണ്. 1967 ൽ ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ 45460 ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ടാങ്കും, പമ്പു ഹൗസും, കുളവും ഉണ്ട്. പുലിപ്പാറക്കുന്നിലേക്കും, കൊടകര ടൗണിന്റെ പ്രാന്തപ്രദേശങ്ങളിലേക്കും ഈ പദ്ധതി വഴി ജലം ലഭിക്കുന്നു. 42 പൊതു പൈപ്പുകളും 92 ഹൗസ്കണക്ഷനുകളും ആണ് നിലവിലുള്ളത്. ഈ പദ്ധതിയുടെ ശേഷി മുഴുവനായും ഉപയോഗപ്പെടുത്താൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഇതിനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്.

1. മോട്ടോറിന്റെ ശക്തികുറവ്, ആവർത്തിച്ചു വരുന്ന കേടുപാടുകൾ. ഇപ്പോൾ 7.5HP യുടെ ഒരു മോട്ടോർ മാത്രമാണ് ഉപയോഗത്തിലുള്ളത്.

2. കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്താത്തതിനാൽ പൈപ്പുകൾ പൊട്ടി ചോർച്ച ഉണ്ടാകുന്നു.

118

3. വൈദ്യുതി സംബന്ധമായ പരിമിതികൾ മൂലം ഉള്ള മോട്ടോർ മുഴുവൻ സമയവും പ്രവർത്തിക്കാൻ ആകുന്നില്ല.

4. ഉപയോഗിക്കുന്നതിലുള്ള അശ്രദ്ധയും ധാരാളിത്തവും ദുർവിനിയോഗവും ആറ്റപ്പിള്ളി കടവിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കുന്നത്തറയിൽ ടാങ്ക് കെട്ടി വിതരണം ചെയ്യാനുള്ള പദ്ധതി വർഷങ്ങളായി പ്രാരംഭഘട്ടത്തിൽ തന്നെ കിടക്കുകയാണ്.

നെതർലാന്റ് സർക്കാറിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിയും സർവ്വെ നടത്തിയതിനുശേഷം പുരോഗമിച്ചില്ല.

ആകെ ആവശ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ പൈപ്പുവഴി വിതരണം ചെയ്യുന്ന ജലം കൊണ്ട് പൂർത്തീകരിക്കുന്നുള്ളു.

ശുദ്ധജലം എന്ന പേരിനപ്പുറം പൈപ്പുവഴി ലഭിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് പലപ്പോഴും പരാതിയുണ്ടെങ്കിലും കുടിവെള്ളമെന്നാൽ പൈപ്പുവെള്ളമാണ് എന്ന അബദ്ധധാരണ പരക്കെയുണ്ട്.

ഇവിടെയാണ് കിണറുകളുടെയും പാരമ്പര്യജല സ്രോതസ്സുകളുടേയും മിനി പദ്ധതികളുടേയും പ്രസക്തി. പഞ്ചായത്തിലെ ഉയർന്ന കുന്നിൻപ്രദേശങ്ങളായ നാടുകുന്ന്, ചെറുകുന്ന്, ആനത്തടം, പുലിപ്പാറ, കുന്നത്തറ, കുമ്പാരകോളനി, എന്നിവിടങ്ങളിൽ വേനൽക്കാല ആരംഭത്തോടെ തന്നെ കിണറുകൾ വറ്റിത്തുടങ്ങുന്നു. ഇവിടങ്ങളിൽ കുടിവെള്ളമില്ലായ്മ ഏറെക്കാലമായി നിലനിൽക്കുന്ന പൊള്ളുന്ന പ്രശ്നമാണ്.

എന്നാൽ പഞ്ചായത്തിലെ താഴ്ന്ന സമതലപ്രദേശങ്ങളിൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്നുണ്ട്.

മുൻകാലങ്ങളിൽ രണ്ടോ മൂന്നോ മാസകാലം മാത്രമേ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുള്ളു - അതും താഴ്ന്ന സമതലപ്രദേശങ്ങളിൽ അത്രകാര്യമാകാറില്ല. എന്നാൽ സമീപകാലത്ത് മിക്കയിടങ്ങളിലും വർഷകാലമൊഴികെ ഏതാണ്ട് എല്ലാസമയത്തും ജല [illegible] ഉണ്ട്. 70 % ഭാഗത്തും 6 മാസകാലത്തോളം ജലക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ശുദ്ധജലലഭ്യത കൃഷിയും ജലസേചനവുമായും അഭേദ്യമായി ബന്ധപ്പെട്ട്കിടക്കുന്നു. മുൻകാലങ്ങളിൽ പുഞ്ചകൃഷിക്കായി ചെറുവത്തൂർ ചിറയിൽ വെള്ളം സംഭരിച്ചിരുന്നത് ഉയർന്ന കുന്നിൻ പ്രദേശങ്ങളൊഴികെ പഞ്ചായത്തിലെ പകുതിയോളം പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യതക്ക് സഹായകമായിരുന്നു. തുമ്പൂർമുഴിയിൽ നിന്നുള്ള വെള്ളം പുഞ്ചകൃഷിക്ക് ലഭിച്ചിരുന്ന ഇടക്കാലത്ത് പ്രശ്നം ഗൗരവമായിരുന്നില്ല. എന്നാൽ ഇപ്പോൾ ജലസേചന സൗകര്യമില്ലാത്തതിനാൽ പുഞ്ചകൃഷി അസാദ്ധ്യമായ സാഹചര്യത്തിൽ സമതലപ്രദേശങ്ങളിലും ക്ഷാമം അനുഭവപ്പെടാൻ തുടങ്ങി.

കനാലിൽ വെള്ളമില്ലാതായതും ഇതേഫലമാണ് ഉളവാക്കിയത്. കനാലിന്റെ കീഴറ്റംവരെ വെള്ളം കിട്ടിയിരുന്നകാലത്ത് ക്ഷാമം പ്രകടമല്ലാതിരുന്ന പലയിടത്തും ഇന്ന് പ്രശ്നങ്ങൾ ഉണ്ട്. കനാൽ വെള്ളം സുലഭമായി ലഭിക്കുന്ന (വാർഡ് 9, 10) മാത്രമാണ് കുടിവെള്ളകാര്യത്തിൽ താരതമ്യേന തൃപ്തികരമായ നിലയിലുള്ളത്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിൽ വന്നതോടെ 3, 4, 8 വാർഡുകളിലെ കുറേഭാഗങ്ങളിലെങ്കിലും കുടിവെള്ളം ലഭ്യമായി എന്നത് ശ്രദ്ധേയമാണ്.

കൃഷിയിടങ്ങൾ തരിശിടുന്നതും കിണറുകളും കുളങ്ങളും മൂടുന്നതും മറ്റും ആത്മഹത്യാപരമാണെന്ന ബോധം ഉണർത്തേണ്ടിയിരിക്കുന്നു. വ്യക്തിയുടെ സ്വകാര്യ ഉടമാവകാശം അംഗീകരിക്കുമ്പോൾ തന്നെ ഇത്തരം പ്രവർത്തികൾ നിരുത്സാഹപ്പെടുത്തേണ്ടത് അനിവാര്യമാകുന്നു.

വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ പഠനവിധേയമാക്കി തയ്യാറാക്കിയ പരിഹാര നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

## A. മേജർ പദ്ധതികൾ

1. ആറ്റപ്പിള്ളി പദ്ധതി

2. പണിതീർന്നു കിടക്കുന്ന വട്ടേക്കാട് കേരസമിതി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകുകയും 600 M കൂടി പൈപ്പ് ഇടുകയും ചെയ്യുക.

3. ചെറുകുന്ന്, നാടുകുന്ന്, ആനത്തടം ഭാഗങ്ങളെ മുന്നിൽ കണ്ട് ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുക. ഈ പ്രദേശങ്ങളിൽ ഹരിജനങ്ങളാണ് കൂടുതൽ എന്നതിനാൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ (S.C.P.) ൽ ഉൾപ്പെടുത്താവുന്നതാണ്.

4. 10 ാം വാർഡിൽ പ്ലാച്ചിക്കുളം നന്നാക്കി 50 HP മോട്ടോർവച്ച് കനകമലകുന്നിൽ ടാങ്ക് നിർമ്മിച്ച് കൊട

119

കര പഞ്ചായത്തിലെ മുഴുവൻ ഭാഗത്തേക്കും വെള്ളം എത്തിക്കാം.

കുളത്തിന്റെ വിസ്തീർണ്ണവും വലതുകര കനാലുമായുള്ള സാമീപ്യവും അനുകൂല ഘടകങ്ങളാണ്.

5. ഇപ്പോൾ കൊടകര, കാവനാട് ഭാഗങ്ങളിലേക്ക് ആറ്റപ്പിള്ളി വെള്ളം തിരിച്ചുവിടുന്ന വാൾവ് മാറ്റി രണ്ട് ലൈനുകളും പ്രത്യേകമാക്കണം.

6. ഒരു പ്രദേശത്ത് വസിക്കുന്ന 50 മുതൽ 100 വരെ കുടുംബങ്ങളെ ഉൾപ്പെടുത്തി കുടിവെള്ള സഹകരണ സംഘം രൂപീകരിക്കുകയും സംഘത്തിന്റെ നേതൃത്വത്തിൽ മിനി/ മൈക്രോ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

7. കുണ്ടുകടവിൽ ചെക്ക് ഡാം കെട്ടി 700 മീറ്റർ നീളമുള്ള ഒരു തോട് നിർമ്മിച്ച് പന്തല്ലൂർ പുഴയിലെ വെള്ളം ഉപയോഗിച്ച് കോണിക്കിച്ചിറ നിറച്ച് കൊടകര പാടത്തെ പുഞ്ചക്കൃഷിക്ക് ലഭ്യമാക്കുക.

8. മഴവെള്ളം മണ്ണിൽ ശേഖരിച്ച് നിർത്തുന്നതിനും മണ്ണിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും ദീർഘകാല പരിപാടികൾ ആവിഷ്ക്കരിക്കുക.

9. ജല സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.

## പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് കേരളം കൈവരിച്ച ശരാശരി നേട്ടങ്ങൾ പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്ത് ഒരു പടി മുന്നിലാണ്. പാരമ്പര്യ ചികിത്സാരീതികൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്ന പഞ്ചായത്താണിത്. പഴയ തലമുറ ഇപ്പോഴും പാരമ്പര്യരീതിയിൽ വിശ്വാസം അർപ്പിക്കുന്നവരാണ്. കൊടകര ടൗണിൽ വാടക കെട്ടിടത്തിൽ ആരംഭിച്ച ഗവ.ആയുർവേദാശുപത്രി പിന്നീട് പേരാമ്പ്രയിൽ സ്വന്തമായി പണികഴിപ്പിച്ച ബിൽഡിങ്ങിലേക്ക് രോഗികളെ കിടത്തി ചികിത്സിക്കാൻ ആരംഭിച്ചു. പഞ്ചകർമ്മ ചികിത്സയടക്കം വളരെ ശ്രേഷ്ഠമായ ചികിത്സാ കർമ്മങ്ങൾ നിലവിലുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതി വളരെ പരിതാപകരമാണ്. സമയാസമയങ്ങളിലെ അറ്റകുറ്റപ്പണികളുടെ അഭാവംമൂലം കെട്ടിടങ്ങൾ ചോർന്നൊലിക്കുന്നു. അഭിമാനാർഹമായിരുന്ന ഔഷധച്ചെടികളുടെ സംരക്ഷണത്തിലെ അപാകത മൂലം ഇവ വേരറ്റുപോയിരിക്കുന്നു. ബെഡ്ഡുകളും കട്ടിലുകളും ഫർണീച്ചറുകളും ചികിത്സാ ഉപകരണങ്ങളും ഉപയോഗശൂന്യമായിരിക്കുന്നു. പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാത്ത അവസ്ഥയിലാണ്. മേൽ കുറവുകൾ പരിഹരിക്കുന്നതിൽ ശ്രദ്ധിച്ചാൽ ആയുർവേദ ചികിത്സാരംഗത്ത് ഉണ്ടായിരുന്ന ശ്രേഷ്ഠത പുനഃസ്ഥാപിക്കാൻ കഴിയുന്നതാണ്. കാലഗതികൾക്കനുസൃതമായി ആധുനിക ചികിത്സാ സമ്പ്രദായം ഇവിടേയും നിലവിൽ വന്നു. 1971ൽ പഞ്ചായത്ത് ഓഫീസിനോട് ചേർന്നാരംഭിച്ച ഗവ.പ്രൈമറി ഹെൽത്ത് സെന്റർ ആണ് അലോപ്പതി രംഗത്തെ ആദ്യത്തെ സർക്കാർ ചികിത്സാ കേന്ദ്രം. തുടർന്ന് പടിഞ്ഞാറൻകുന്നത്ത് മന വക ഒന്നര ഏക്കർ സ്ഥലത്ത് പഞ്ചായത്ത് ജനകീയസമിതി നിർമിച്ച ആശുപത്രി കെട്ടിടത്തിൽ 1996 ജൂൺ മാസത്തിൽ പത്തു കിടക്കകളോടുകൂടിയ ഇൻപേഷ്യന്റ് വാർഡ് പ്രവർത്തനമാരംഭിച്ചു. ആശുപത്രി സൗഹൃദ സമിതിയുടെ നേതൃത്വത്തിൽ സംഭരിച്ച ഉപകരണങ്ങളും ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ കൂടുതൽ മികച്ചതാക്കി മാറ്റാൻ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ രണ്ടു ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു.

1974ൽ സർക്കാർവക ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. തുടർന്ന് കനകമല സെന്ററിൽ 1981 ജനവരി 28ന് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് സ്വന്തമായി വാങ്ങിയ 25 സെന്റ് സ്ഥലത്ത് നിർമിച്ച ബിൽഡിങ്ങിൽ കാര്യക്ഷമതയോടെ പ്രവർത്തിച്ചുവരുന്നു.

### പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

**A സർക്കാർ ഉടമസ്ഥതയിൽ**

| സ്ഥാപനം | വാർഡ് | നിർമ്മിച്ചത് | ജീവനക്കാർ | ബെഡ് |
|---|---|---|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ കൊടകര | 4 | 1971 | 25 | 10 |
| ആയുർവേദാശുപത്രി പേരാമ്പ്ര | 6 | – | 16 | 25 |
| ഹോമിയോ ഡിസ്പെൻസറി കനകമല | 11 | 1974 | 3 | – |

120

സ്വകാര്യ സ്ഥാപനങ്ങൾ

| സ്ഥാപനം | ചികിത്സാരീതി | പഞ്ചായത്ത് വാർഡ് | ബെഡ് |
|---|---|---|---|
| 1. ശാന്തി ആശുപത്രി | അലോപ്പതി | 3 | 40 |
| 2 മെഡിക്കൽ ട്രസ്റ്റ് ആശുപത്രി | അലോപ്പതി | 2 | 15 |
| 3 പീപ്പിൾസ് ആശുപത്രി | അലോപ്പതി | 4 | 15 |
| 4 ENT ക്ലിനിക്ക് | അലോപ്പതി | 4 | NIL |
| 5.കാർത്തികദന്താശുപത്രി | അലോപ്പതി | 4 | – |
| 6 ദന്താശുപത്രി (ഡോ. ജോയ് മാത്യൂ) | അലോപ്പതി | 4 | – |
| 7 ഡോ. എൻ.ടി.തോമസ് | ആയുർവേദം | 4 | – |
| 8 ഹോമിയോ ഡിസ്പെൻസറി | | 4 | – |
| 9 ഡോ.ദാമോദരൻ മെമ്മോറിയൽ ഹോമിയോ ഡിസ്പെൻസറി | | 4 | – |

പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങൾ ആതുര ശുശ്രൂഷ ആഗ്രഹിക്കുന്നത് സ്വകാര്യമേഖലയിലാണ്. ശാന്തി ആശുപത്രിയിൽ ദന്തൽ ക്ലിനിക്കും പ്രവർത്തിച്ചുവരുന്നു. ഗൈനക്കോളജിസ്റ്റിന്റേയും ശിശുരോഗവിദഗ്ധന്റേയും സേവനം ലഭ്യമായിട്ടുള്ളത് പീപ്പിൾസ് ആശുപത്രിയിലാണ്. മറ്റു സ്വകാര്യ ആശുപത്രികളുടേയും സേവനം പഞ്ചായത്തിലെ ആരോഗ്യ പരിപാലനത്തിൽ വലിയ പങ്കു വഹിക്കുന്നു. സർക്കാർ മേഖലയിലെ അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾ സാധാരണ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ പ്രധാന പങ്കു വഹിക്കുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ജനങ്ങളുടെ പ്രതീക്ഷ നിറവേറ്റും വിധം പ്രവർത്തിക്കുന്നതിലെ കുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു.

കൊടകര പഞ്ചായത്തിലെ സബ് സെന്ററുകൾ

| വാർഡ് | പേര് | കെട്ടിടം |
|---|---|---|
| 4 | മെയിൻ സെന്റർ കൊടകര | സ്വന്തം |
| 2&3 | സബ്സെന്റർ കൊടകര | ഇല്ല |
| 1&5 | FWC മനക്കുളങ്ങര | ഇല്ല |
| 6&7 | FWC പുത്തൂക്കാവ് | ഇല്ല |
| 8&10 | സബ്സെന്റർ തേശ്ശേരി | സ്വന്തം |
| 10&11 | സബ്സെന്റർ കനകമല | ഇല്ല |

കൊടകര പഞ്ചായത്തിലെ ജനങ്ങളുടെ ശരാശരി ആരോഗ്യസ്ഥിതി സംസ്ഥാന ശരാശരിയുമായി തുലനം ചെയ്യുമ്പോൾ മെച്ചപ്പെട്ടതായി കാണാൻ കഴിയുന്നു. പൊതുജനാരോഗ്യത്തെ വിലയിരുത്തുന്ന പൊതു മാനദണ്ഡങ്ങൾ എല്ലാം സംസ്ഥാന ശരാശരിയേക്കാൾ ഭേദപ്പെട്ടതായി കണക്കുകൾ സൂചിപ്പിക്കുന്നു. 1996 മാർച്ച് മാസത്തെ കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ ഏകദേശം 35,000ആകുന്നു. പഞ്ചായത്തിലെ ഭേദപ്പെട്ട പൊതുജനാരോഗ്യത്തെ സൂചിപ്പിക്കുന്ന കണക്കുകൾ താഴെ കൊടുക്കുന്നു.

| | പഞ്ചായത്തു ശരാശരി(%) | സംസ്ഥാന ശരാശരി(%) |
|---|---|---|
| പൊതുമരണനിരക്ക് | 4.05 | 5.9 |
| 2 ശിശു മരണനിരക്ക് | 13/1000 | 16/1000 |
| 3 മാതൃമരണനിരക്ക് | ഇല്ല | .75 /1000 |
| 4 ജനനനിരക്ക് | 11/1000 | 17/1000 |

മേൽകണക്കുകൾ ആ പ്രദേശത്തെ പൊതുജനാരോഗ്യരംഗത്തെ പ്രവർത്തനം ഏറെ വിജയപ്രദമായിരുന്നു എന്ന് വെളിപ്പെടുത്തുന്നു. പഞ്ചായത്തിൽ അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2000 വരും ഈ പ്രയത്തിലുള്ള കുട്ടികളുടെ ആരോഗ്യ പരിപാലനത്തിൽ ഇനിയും കൂടുതൽ പരിഗണന നൽകേണ്ടിയിരിക്കുന്നു. കോളനി പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങേണ്ടത് അനിവാര്യമാണ്.സംയോജിത ശിശുവികസന പദ്ധതി പ്രകാരം ശിശുക്കൾക്ക് ലഭിക്കുന്ന പ്രത്യേക സംരക്ഷണം ഈ പഞ്ചായത്തിൽ ലഭ്യമല്ല. ഈ കുറവ് പരിഹരിക്കുന്നതിന് കൊടകര ബ്ലോക്കിനെ ICDS BLOCK ആയി ഉയർത്തേണ്ടതാണ്. ആരോഗ്യകേന്ദ്രത്തിലെ ഫീൽഡ് ജീവനക്കാർ പ്രതിരോധ കുത്തിവെയ്പുകളും ആരോഗ്യക്ലാസുകളും ഗൃഹസന്ദർശനങ്ങളും യാന്ത്രികമായി നടപ്പാക്കി വരുന്നു. ഈ പ്രവർത്തനം കാര്യക്ഷമമാക്കുകയും പൊതുജനങ്ങളിൽ ഇവർക്കുള്ള വിശ്വാസം വർദ്ധിപ്പിക്കുമാറ് സേവന പ്രവർത്തനങ്ങളിലെ നായകരായും വളർന്നു വരേണ്ടതുണ്ട്. ആവശ്യമരുന്നുകളുടെ അപര്യാപ്തമായ വിതരണം ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. സ്കൂൾ തലത്തിൽ വിവിധ ആരോഗ്യ ക്യാമ്പുകളും പ്രതിരോധ നടപടിയും ചെയ്തു വരുന്നു. പഞ്ചായത്തിലെ പ്രത്യുദ്പാദന

ശേഷിയുള്ള ദമ്പതികളിൽ 68 ശതമാനം സ്ഥിരമായും 11 ശതമാനം താൽക്കാലികമായും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നവരാണ്.

## രോഗങ്ങളുടെ വിവരണം

പ്രത്യേകിച്ച് ഒരു രോഗവും എടുത്തുപറയാൻ തക്കതായി കാണുന്നില്ലെങ്കിലും നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്ന എല്ലാ രോഗങ്ങളും ആനുപാതികമായി ഇവിടെയും കണ്ടുവരുന്നുണ്ട്. ഏതാനും വർഷങ്ങളായി മുൻകരുതൽ നടപടികൾ എടുക്കുന്നതിന്റെ ഫലമായി ആരോഗ്യ ബോധവൽക്കരണ സെമിനാറിന്റെയും പ്രതിരോധ വാക്സിനേഷൻ പരിപാടികളിലൂടെയും രോഗങ്ങൾ ഗണ്യമായി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് തലത്തിലുള്ള കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയും ക്ഷയരോഗ നിയന്ത്രണ പരിപാടികളും വളരെ ഊർജ്ജിതമായി നടപ്പാക്കികൊണ്ടിരിക്കുന്നു. അന്ധതാ നിവാരണത്തിന്റെ ഭാഗമായി തിമിരരോഗങ്ങളെ കണ്ടുപിടിച്ച് സൗജന്യമായി ഓപ്പറേഷൻ നടത്തുന്നതിനും കണ്ണടകൾ വിതരണം ചെയ്യുന്നതിനും സന്നദ്ധസംഘടനകളുടെ സഹായത്തോടെ ആരോഗ്യവകുപ്പ് പരിപാടികൾ നടപ്പിലാക്കി വരുന്നു.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

പഞ്ചായത്തിലെ 11 വാർഡുകളിലെയും ഗ്രാമസഭകളിൽ പൊതുവായി താഴെപറയുന്ന പ്രശ്നങ്ങളാണ് ഉയർന്നു വന്നത്.

1. എല്ലാ വാർഡുകളിലും ഹെൽത്ത് സബ്സെന്റർ വേണം. ഹെൽത്ത് സബ്സെന്ററുകൾ നിശ്ചയിക്കുന്നത് ജനസംഖ്യ ആനുപാതികമായാണ്. അഞ്ഞൂറുപേർക്ക് ഒരു സബ് സെന്റർ എന്ന രീതിയിൽ നമ്മുടെ ജനസംഖ്യ അനുസരിച്ച് അനുവദിക്കാവുന്നതാണ്.

2. ഓരോ വാർഡിലും സ്വന്തമായി കക്കൂസ് ഇല്ലാത്ത വീടുകൾ ധാരാളമുണ്ട്. എല്ലാ വീടുകൾക്കും ശാസ്ത്രീയമായ ചിലവുകുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

3. എല്ലാ വാർഡിലും മലിനജലം കെട്ടിക്കിടക്കുന്നതുകൊണ്ടും ചപ്പു ചവറുകൾ കൂടിക്കിടക്കുന്നതുകൊണ്ടും ഉള്ള പ്രശ്നങ്ങൾ ഉണ്ട്. ഹോട്ടലുകളും മാർക്കറ്റും ഉള്ള കൊടകര ടൗൺ പ്രദേശത്താണ് കൂടുതൽ മലിനമായിരിക്കുന്നത്. മലിനജലം സംഭരിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കണം. ഓടകൾ വൃത്തിയാക്കുന്നതിനും ചപ്പു ചവറുകൾ നീക്കം ചെയ്യുന്നതിനും സ്ഥിരമായ സംവിധാനം ഉണ്ടാക്കണം.

4. പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം മെച്ചപ്പെടുത്തണം. 30 ബെഡുള്ള ആശുപത്രിയായി ഉയർത്തണം.

* എമർജൻസി ഓപ്പറേഷൻ തിയ്യേറ്റർ വാർഡ് നിർമ്മിക്കണം.
* പ്രസവ വാർഡിന്റെ സൗകര്യം വർദ്ധിപ്പിക്കണം.
* ലേഡി ഡോക്ടറെ നിയമിക്കണം.
* പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.
* സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഡോക്ടർമാർക്കും നഴ്സ്മാർക്കും കോർട്ടേഴ്സ് നിർമ്മിക്കുക.
* PHC യിൽ മരുന്നിന്റെ ശേഖരം വർദ്ധിപ്പിക്കുക.
* ടെലിഫോൺ സൗകര്യം ഉണ്ടാക്കുക.
* കൂടുതൽ ആരോഗ്യ ക്ലാസുകളും സെമിനാറുകളും നടത്തുക.
* കിടക്കുന്ന രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
* ലാബറട്ടറി സ്ഥാപിക്കുക.
* ആശുപത്രി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

5. ഗവൺമെന്റ് ആയുർവേദാശുപത്രി കൊടകരയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 50 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

* ആശുപത്രിയുടെ അറ്റകുറ്റ പണികൾ നടത്തുക.
* പഞ്ചകർമ്മ ചികിത്സക്ക് ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
* പേ വാർഡ് നിർമ്മിക്കുക.
* രോഗികൾ കിടക്കുന്ന വാർഡുകളിലെ ജനലുകൾ അടച്ചുറപ്പുള്ളതാക്കുക.
* ഔഷധത്തിനുള്ള അലോട്ട്മെന്റ് വർദ്ധിപ്പിക്കുക.

122

* രോഗികൾക്കുവേണ്ടി ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നതിനും കഷായം ഉണ്ടാക്കുന്നതിനും വിറകിന് പകരം ഗ്യാസ് കണക്ഷൻ ഏർപ്പെടുത്തുക.

* നിലവിലുള്ള നേഴ്സുകളിൽ ഒരാളെകൂടി കൂട്ടി എണ്ണം വർദ്ധിപ്പിക്കുക.

* ആശുപത്രി കോമ്പൗണ്ടിൽ ഔഷധ സസ്യങ്ങൾ ശാസ്ത്രീയമായി വളർത്തി മരുന്ന് പാകം ചെയ്യുന്നതിന് ഉപയോഗിക്കുക.

*കെട്ടിടത്തിന് ദോഷമുണ്ടാക്കുന്ന പാഴ് മരങ്ങൾ വെട്ടിമാറ്റുക.

* ആശുപത്രി അടുക്കളയിൽ ആവശ്യംവേണ്ട പാത്രങ്ങൾ അനുവദിക്കുക.

* രോഗികൾക്ക് മലമൂത്ര വിസർജ്ജനത്തിന് ആവശ്യമായ കബോർഡ് വിത്ത് സ്റ്റൂൾ, ബെപ്പാൻ, യൂറിനൽ ഇവനുകളും വീൽചെയറും അനുവദിക്കുക.

* ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുകയും നഴ്സുകളുടെ ക്വാർട്ടേഴ്സിന്റെ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക.

6. ഹോമിയോ ഡിസ്പൻസറിയെ ആശുപത്രിയാക്കി ഉയർത്തുക. അതിന് ആവശ്യമായ സ്ഥലം ഉണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

* ഇപ്പോഴുള്ള കിണർ ഉപയോഗശൂന്യമാണ്. അതിനെ ശുദ്ധീകരിച്ച് എടുക്കുന്നതിനുള്ള നടപടികൾ എടുക്കണം.

7. കൊടകര PHC യ്ക്ക് കീഴിൽ പൂത്തുക്കാവിൽ പ്രവർത്തിക്കുന്ന ഫാമിലി വെൽഫയർ സെന്ററിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഏർപ്പെടുത്തേണ്ടതാണ്.

പൊതു മാർക്കറ്റ് വൃത്തിയാക്കുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തണം. അഴുക്കുവെള്ളം റോഡിൽ കെട്ടിക്കിടന്ന് അനാരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. പഞ്ചായത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്ന കുളങ്ങളും ഇതുമൂലം മലിനപ്പെടുന്നു. ഈ ഗുരുതരാവസ്ഥ പെട്ടെന്ന് തന്നെ പരിഹരിക്കണം. മൃഗങ്ങളെ വെട്ടുന്ന സ്ഥലത്തിന്റെയും ഇറച്ചി വിൽക്കുന്ന സ്ഥലത്തിന്റെയും ശുചിത്വം തൃപ്തികരമല്ല. ESI .യുമായി സഹകരിച്ച് മരുന്ന് ഡിസ്പൻസറികൾ തുടങ്ങണം. അപ്പോളോ ടയേഴ്സിന്റെ ചുറ്റുമുള്ള വീടുകളിലെ കിണറുകളിലെ വെള്ളത്തിന്റെ മലിനീകരണത്തിന് പരിഹാരം കാണണം. എല്ലുപൊടി, ക്രഷർ തുടങ്ങിയ ഫ്ക്ടറികൾ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. പുതിയ എല്ലുപൊടി ഫാക്ടറികളും ക്രഷറുകളും തുടങ്ങാനുള്ള അനുവാദം കൊടുക്കരുത്. അഴകം മാതൃശിശു കേന്ദ്രത്തിൽ മാസത്തിൽ ഒരിക്കൽ രോഗ നിർണ്ണയ ക്യാമ്പ് നടത്തേണ്ടതാണ്. അഴകം വല്ലപ്പാടി കോളനിയിൽ സെപ്റ്റിക് ടാങ്കിന്റെ അഭാവം പരിഹരിക്കുക. വല്ലപ്പാടി ലക്ഷംവീട് കോളനിയിലുള്ള കുഴൽ കിണറിന്റെ പമ്പ്സെറ്റ് നന്നാക്കുക. റോഡിലെ കാനകൾ വൃത്തിയാക്കുക. ആഴ്ചയിൽ ഒരിക്കൽ കീടങ്ങളെ നശിപ്പിക്കുക.

ശുദ്ധമായ ഭക്ഷണപദാർത്ഥങ്ങൾ കടകളിൽ വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. മലിനജലം കിണറുകളിൽ ചാടാതിരിക്കുന്നതിന് വേണ്ടി കിണറുകൾ കെട്ടികൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

പഞ്ചായത്ത് തലത്തിൽ മെഡിക്കൽ ക്യാമ്പ് മാസത്തിൽ ഒരിക്കൽ നടത്തുക.

മയക്കുമരുന്ന്, മദ്യം എന്നിവ തടയുന്നതിന് വേണ്ടി ബോധവൽക്കരണ ക്യാമ്പ് നടത്തുക.




# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പഞ്ചായത്തിലെ ഗതാഗത സൗകര്യം റോഡുഗതാഗതം മാത്രമാണ്. മിക്കവാറും ഗ്രാമസഭകളിലെ മുഖ്യമായ ആവശ്യം റോഡു ഗതാഗതവുമായി ബന്ധപ്പെട്ടതാണ്. റോഡുകളുടെ സ്ഥിതിവിവരക്കണക്കുകളെ കുറിച്ച് അറിയുന്നത് പഞ്ചായത്തിലെ റോഡ് രജിസ്റ്ററിൽക്കൂടിയാണ്. പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയുടെ നീളം ആറു കിലോമീറ്ററോളം വരും. ഈ പഞ്ചായത്തിന്റെ കീഴിൽ 84 കിലോമീറ്റർ നീളത്തിൽ റോഡുകളുണ്ട്. ഇതിൽ 21 കി.മി. നീളത്തിൽ ടാർ റോഡും, 3 കി.മി. നീളത്തിൽ മെറ്റൽ റോഡും 60 കി.മി. നീളത്തിൽ മൺ റോഡുകളുമാണ്.

പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിൽ വേണ്ടത്ര ബസ് സർവീസുകളില്ല. ഒരിക്കൽ ടാറിങ് കഴിഞ്ഞ റോഡുകൾക്ക് വീണ്ടും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഞ്ചായത്തിന് കഴിയുന്നില്ല. ഈ പഞ്ചായത്തിന്റെ സെന്ററുകളിൽ ഓട്ടോറിക്ഷകളും ടാക്സികളും പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളില്ല. അതുകൊണ്ട് ഇവിടെ സെന്ററുകളിൽ വൻതിരക്ക് വർദ്ധിക്കുന്നു. വിദ്യാർത്ഥികൾക്ക് എല്ലാ ബസ്സിലും യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയെടുക്കണം.

ഈ പഞ്ചായത്തിലെ ബസ് യാത്രക്കാർക്ക് രാത്രികാലങ്ങളിൽ യാത്രചെയ്യേണ്ടിവന്നാൽ സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ്, എന്നീ ബസ്സുകൾ കൊടകരയിൽ നിൽക്കാത്ത ഒരു അവസ്ഥയുണ്ട്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി ഫെയർ സ്റ്റേജോടു കൂടിയ ബസ് സ്റ്റോപ്പ് അനുവദിയ്ക്കേണ്ടതാണ്. പഞ്ചായത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി ബസ് സർവീസുകൾ ആവശ്യമുള്ള വാർഡുകളിൽ നടത്തേണ്ടതാണ്.

ഗതാഗതം സംബന്ധിച്ച പ്രശ്നങ്ങൾ താഴെ പറയും വിധമാണ്.

1. ചില വാർഡുകളിൽ വേണ്ടത്ര റോഡു സൗകര്യങ്ങൾ ഇല്ല.
2. നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.
3. നിലവിലുള്ള റോഡുകൾക്ക് വെള്ളം ഒഴുകുന്നതിനുള്ള കാനകൾ ഇല്ല.
4. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്.

പഞ്ചായത്തിൽ ഗതാഗതത്തിന്റെ പുരോഗതിക്കുവേണ്ടി താഴെ പറയുംവിധം പ്രവർത്തിക്കുന്നത് നന്നായിരിക്കും.

1. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുന്നതിന് സന്നദ്ധപ്രവർത്തനം നടത്തേണ്ടതാണ്.

124

2. റോഡ് വീതികൂട്ടുന്നതിന് സ്വകാര്യ വ്യക്തികൾ ഭൂമി വിട്ടുകൊടുക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളും പരാതികളും ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

### 1. ബസ് സ്റ്റോപ്പുകൾ

(a) KSRTC സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് കൊടകരയിൽ ഫെയർസ്റ്റേജോടുകൂടിയ സ്റ്റോപ്പ് അനുവദിക്കുകയും, N.H. Bye-pass ൽ വെയിറ്റിങ് ഷെഡുകൾ പണിയുകയും വേണം. ഏതാണ്ട് എല്ലാ വാർഡുകളിൽ നിന്നും ഒരേപോലെ ഉയർന്നുവന്ന ഒരാവശ്യമാണ് ഇത്.

(b) ഇരിങ്ങാലക്കുട – വെള്ളിക്കുളങ്ങര റൂട്ടിൽ ഓടുന്ന ബസ്സുകളുടെ കൊടകരയിലുള്ള സ്റ്റോപ്പ് നിജപ്പെടുത്തണം.

### 2. ബസ് സർവീസുകൾ

(a) നിർത്തലാക്കിയ സർവീസ്സുകൾ പുനഃസ്ഥാപിക്കുക.

(b. ഇപ്പോൾ ബസ് ഗതാഗതം ഇല്ലാത്ത റൂട്ടുകളിൽ പുതിയ സർവീസുകൾ തുടങ്ങുക.

(c) കൊടകരയിൽനിന്നും ഇരിങ്ങാലക്കുട, തൃശ്ശൂർ, ചാലക്കുടി ഭാഗത്തേക്ക് ഉള്ള സർവീസുകളിൽ ചിലത് ഉൾഭഗങ്ങളിൽക്കൂടി സർവീസ് നടത്തുന്ന തരത്തിൽ പുനഃക്രമീകരിക്കുക.

(d) വിദ്യാർത്ഥികൾ നേരിടുന്ന യാത്രാക്ലേശത്തിന് പരിഹാരമുണ്ടാക്കുന്ന നടപടികൾ സ്വീകരിക്കുക.

(e) വേണ്ടത്ര ബസ് സൗകര്യങ്ങൾ ഇല്ലാത്തതുമൂലം കൊടകര മേഖലയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന കൂടുതൽ സർവീസുകൾ തുടങ്ങേണ്ടതാണ്.

(f) നാഷണൽ ഹൈവേയിൽ പേരാമ്പ്ര പള്ളി സ്റ്റോപ്പുകളിൽ വാഹന ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിന് ബസ്സ് ബേ (BUS BAY) കൾ സ്ഥാപിക്കുക.

### 3. റോഡുകൾ

1. പുതിയ റോഡുകളും പാലങ്ങളും പണിയുക.
2. നിലവിലുള്ള മെറ്റൽ റോഡുകൾ ടാറ് ചെയ്യുക.
3. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുക.
4. പണി പൂർത്തിയാക്കാത്തവ പൂർത്തീകരിക്കുക.

## ഊർജ്ജം

പഞ്ചായത്തിലെ ഊർജ്ജ ഉപയോഗത്തേയും ഊർജ്ജലഭ്യതയേയും കുറിച്ചുള്ള പരിമിതമായ സ്ഥിതി വിവരകണക്കുകളെ ദ്വിതീയ വിവരശേഖരണം വഴി ലഭ്യമായുള്ളൂ. അതുകൊണ്ട് നിലവിലുള്ള അവസ്ഥയുടെ ഒരു ഏകദേശചിത്രം അടിസ്ഥാനമാക്കികൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്തിലെ ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രധാന ഇന്ധനങ്ങൾ, വിറക്, തെങ്ങ്, ഉൽപ്പന്നങ്ങൾ, അറക്കാപ്പൊടി, ചപ്പ്ചവറുകൾ, തുടങ്ങിയവയാണ്. 3000 വീടുകളിൽ പാചക ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന കുറച്ച് വീടുകളും ഉണ്ട്. അപൂർവ്വം ചിലർ ഇലക്ട്രിക്ക് ഹീറ്റർ ഉപയോഗിക്കുന്നുണ്ട്. കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പുകളും പ്രചാരത്തിലുണ്ട്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി എത്തപ്പെടാത്ത പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ട്. ചാലക്കുടി 110 kV സബ്സ്റ്റേഷൻ, പുതുക്കാട് 66.K.V. സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നാണ് പഞ്ചായത്തിൽ ആവശ്യമായ വൈദ്യുതി വിതരണം നടത്തുന്നത്. അതുകൊണ്ട് തന്നെ പഞ്ചായത്തിൽ വൈദ്യുതി ക്ഷാമം രൂക്ഷമാണ്. വോൾട്ടേജ് ക്ഷാമവും പലപ്പോഴും ഉള്ള കറന്റ് പോക്കും പഞ്ചായത്തിന്റെ ശാപമാണ്.

പഞ്ചായത്തിലെ വൈദ്യുതി കണക്ഷനുകളെ കുറിച്ചുള്ള ഏകദേശവിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| വീടുകൾ | – 6819 |
| കാർഷിക കണക്ഷൻ | – 903 |
| വ്യവസായം | – 110 |
| സ്ട്രീറ്റ് ലൈറ്റ് | – 677 |
| ട്രാൻസ്ഫോർമറുകൾ | – 26 |

(അവലംബം K.S.E.B കൊടകര)

125

സ്ട്രീറ്റ് ലൈറ്റുകളിൽ പകുതിയിൽ കൂടുതലും കത്തുന്നില്ല എന്ന പരാതി പരക്കെയുണ്ട്. കൊടക രയ്ക്ക് തനതായ ഒരു സബ്സ്റ്റേഷൻ പദ്ധതി അനുവദി ക്കപ്പെട്ടിട്ട് കാലം കുറേ ആയെങ്കിലും ഇതുവരെ അതിന്റെ തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങളായുള്ള കൊടകരയുടെ ആവ ശ്യമാണിത്. ഭൂരിഭാഗം ലൈനുകളും കടന്നു പോകു ന്നത് തെങ്ങിൻ തോപ്പുകളിലൂടെയും വൃക്ഷങ്ങൾക്കിട യിലൂടെയും ആണ് എന്നതുകൊണ്ട് ഇവയുടെ ശിഖര ങ്ങൾ ലൈനുകളിൽ തട്ടി പ്രസരണനഷ്ടം കൂടുത ലാണ്.

കുളത്തൂർ മുതൽ പേരാമ്പ്രവരെയുള്ള N.H. റോഡിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കേണ്ട താണ്. ഗാർഹികരംഗത്തെ ഊർജ്ജക്ഷാമം പരിഹരി ക്കുന്നതിന് ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കേ ണ്ടതാണ്. അവയ്ക്ക് ആവശ്യമായ പ്രചരണം കൊടു ക്കണം. ഈ പഞ്ചായത്തിലെ

4-ാം വാർഡിൽ കളിമൺപാത്രനിർമ്മാണ തൊഴി ലാളി സഹകരണസംഘത്തിന് കൂടുതൽ നാടൻ അടു പ്പുകൾ ഉണ്ടാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഭാരത് ഗ്യാസിന്റെ ഒരു ഏജൻസി നിലവിലുണ്ട്. 3000 പാചക ഗ്യാസ് കണ ക്ഷൻ കൊടുത്തിട്ടുണ്ട്. അത്രതന്നെ അപക്ഷകർക്ക് കണക്ഷൻ കിട്ടാനുണ്ട്. ആവശ്യക്കാർക്ക് യഥാസമയം വിതരണം നടത്തുവാൻ ഇപ്പോഴത്തെ ഏജൻസിയ്ക്കു കഴിയുന്നില്ല. ഒരു ഗ്യാസ് കൂടി തുടങ്ങുവാൻ പഞ്ചായ ത്തിൽ സാധ്യത ഉണ്ട്. കന്നുകാലികളെ കൊണ്ട് ജീവി ക്കുന്ന കർഷക കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരെ ബയോഗ്യാസിന്റെ സാധ്യതകളെ കുറിച്ച് ബോധവാന്മാരാക്കുകയും അതിന് ആവശ്യമായ സാമ്പ ത്തിക സഹായങ്ങൾ അനുവദിച്ചുകൊടുക്കേണ്ടതും ആവശ്യമാണ്. സൗരോർജ്ജത്തിന്റെ സാധ്യതകളെ കുറിച്ചും പഠനം നടത്തേണ്ടതുണ്ട്.

## മാർക്കറ്റ്

കൊടകര പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റാണ് ഉള്ളത്. ഏതാണ്ട് 1 1/2 ഏക്കറോളം വരുന്ന സ്ഥല ത്താണ് ഈ മാർക്കറ്റ് പ്രവർത്തിച്ചു വരുന്നത്. മാർക്ക റ്റിൽ പൊതുവായി നടക്കുന്നത് മാംസ വില്പനയും, മത്സ്യ വില്പനയും ആണ്. അതിനാൽ ആവശ്യമായ സജ്ജീകരണങ്ങൾ ഇല്ലാത്തതിന്റെ പേരിൽ, പൊതുജ നാരോഗ്യത്തെ ബാധിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ട്.

മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു അറവുശാല ആവ ശ്യമാണ്. ഈ മാർക്കറ്റിലേക്ക് ജനങ്ങൾക്ക് പ്രവേശി ക്കുവാൻ ആവശ്യമായ നല്ല രീതിയിലുള്ള റോഡിന്റെ അഭാവം; മഴക്കാലത്ത് അറവു മൃഗങ്ങളുടെ അവ ശിഷ്ടം പാടത്തേയ്ക്ക് ഒഴുകി കൃഷിക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

പണ്ട്കാലത്ത് പഞ്ചായത്തിലെ വിവിധ പ്രദേശ ങ്ങളെ കേന്ദ്രീകരിച്ച് കന്നുകാലി ചന്ത നിലനിന്നിരുന്നു. പക്ഷേ പിന്നീട് അതിനുള്ള സജ്ജീകരണങ്ങൾ ഇല്ലാ തായപ്പോൾ ഈ ചന്ത നിലച്ചുപോകുകയാണ് ഉണ്ടാ യത്. അതുപോലെതന്നെ, മുൻകാലങ്ങളിൽ പച്ചക്കറി ചന്തയും നിലനിന്നിരുന്നു. കാലക്രമേണ ഈ ചന്ത ഇരി ങ്ങാലക്കുടയിലേയ്ക്കും, ചാലക്കുടിയിലേയ്ക്കും മാറി.

ഇപ്പോൾ പഞ്ചായത്ത് മുൻകൈ എടുക്കുകയാണെ ങ്കിൽ കൊടകര പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പൊതു പച്ചക്കറി മാർക്കറ്റിനുള്ള സാധ്യതകൾ ഉണ്ട്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ


* എല്ലാ ഗ്രാമസഭകളിൽ നിന്നും ഒരു പൊതുവായ നിർദ്ദേശം ഉയർന്നു വന്നിട്ടുള്ളത് കൊടകരയിൽ കർഷ കർക്ക് ന്യായമായ വില കിട്ടത്തയ്ക്ക രീതിയിൽ ഒരു ആഴ്ച ചന്ത സംഘടിപ്പിക്കണം.

* പേരാമ്പ്രയിൽ പച്ചക്കറി ചന്ത ആഴ്ചയിൽ ഒരു ദിവസം വേണമെന്ന നിർദ്ദേശം 6, 7, 9 എന്നീ വാർഡു കളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്.

### സപ്ലൈക്കോ സൂപ്പർമാർക്കറ്റ്

സിവിൽ സപ്ലൈസ് മുൻകൈ എടുത്ത് സൂപ്പർമാർക്കറ്റ് ആരംഭിക്കുവാൻ നടപടി ഉണ്ടാകണം. കൺസ്യൂമർ സൊസൈറ്റി വഴി ന്യായവിലയ്ക്ക് ഉൽപ്പ ന്നങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ കമ്പോള വിലയെ സന്തുലിതാവസ്ഥയിൽ നിറുത്താൻ സാധിക്കും.

126



# പാർപ്പിടം
# സാമൂഹ്യക്ഷേമം

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ കുടിലുകളും സാമാന്യരീതിയിലുള്ള ഓടുമേഞ്ഞ വീടുകളുമാണ് ഭൂരിപക്ഷവും. 8091 വീടുകളാണ് പഞ്ചായത്തിൽ ആകെ ഉള്ളത്. ഇതിൽ നേരത്തേ പറഞ്ഞ രീതിയിലുള്ള ഓടു മേഞ്ഞ വീടുകൾ 4238ഉം 1303 കുടിലുകളും 2550 വീടുകൾ വാർക്കയുമാണ്.

| വാർഡ് | ഓട് | ഓല | ടെറസ് | ആകെ |
|---|---|---|---|---|
| 1 | 446 | 189 | 142 | 777 |
| 2 | 409 | 75 | 332 | 816 |
| 3 | 367 | 103 | 291 | 761 |
| 4 | 530 | 50 | 348 | 928 |
| 5 | 385 | 161 | 171 | 717 |
| 6 | 333 | 68 | 282 | 683 |
| 7 | 490 | 94 | 253 | 837 |
| 8 | 445 | 98 | 223 | 766 |
| 9 | 345 | 66 | 296 | 707 |
| 10 | 313 | 185 | 92 | 590 |
| 11 | 175 | 214 | 120 | 509 |
| ആകെ | 4238 | 1303 | 2550 | 8091 |

ഗൾഫ് പണത്തിന്റെ വരവോടെയാണ് വളരെയധികം പണം ചിലവഴിച്ച് ആഡംബരത്തോടുകൂടിയ പാർപ്പിടനിർമ്മാണം പഞ്ചായത്തിൽ ഉടലെടുത്തത്. ഇതിന് ചുവടു പിടിച്ച് സാധാരണക്കാരനും ഇത്തരത്തിലുള്ള ആഡംബരങ്ങളോടുകൂടിയ പാർപ്പിട സംസ്കാരത്തിലേക്ക് അറിയാതെ വന്നുവീഴുകയും ചെയ്തു. തൽഫലമായി പൂർത്തീകരിക്കാൻ കഴിയാത്ത നിരവധി വീടുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നമുക്ക് ദൃശ്യമാണ്.

വയൽ നികത്തി വീടു പണിയുന്ന ഒരു പ്രവണത ഈ അടുത്ത കാലത്തായി വർദ്ധിച്ചുവരുന്നുണ്ട്. കൊടകരയിലെ ബിസിനസ്സുകാരണ് ഇതിൽ മുൻപന്തിയിൽ. ഇതൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതുമാർക്കറ്റ് നിലനിൽക്കുന്നത് ഇത്തരത്തിലുള്ള വയൽ നികത്തിയാണെന്നത് എടുത്തു പറയേണ്ട ഒന്നാണ്. ഇത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നു എന്നു മാത്രമല്ല ഇതുമൂലം കുടിവെള്ള ക്ഷാമവും നേരിടുന്നു.

പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്ന ബാങ്കുകൾ:

1. മുകുന്ദപുരം കാർഷിക വികസന ബാങ്ക്
2. ജില്ലാ സഹകരണ ബാങ്ക്
3. ഷെഡ്യൂൾഡ്, കമേഴ്സ്യൽ ബാങ്കുകൾ

127

ഈ ബാങ്കുകളിലൂടെയുള്ള വായ്പകൾ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും കാരണം സാധാരണക്കാരന് അന്യമാകുന്നു.

ഈ പഞ്ചായത്തിൽ 1303 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

ഭവന ലഭ്യത

| വർഷം | IAY | MWS | JRY | ആകെ |
|---|---|---|---|---|
| 1990 – 96 | 32 | 26 | 19 | 77 |

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബ്ബല വിഭാഗങ്ങൾക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി' പ്രകാരം ഭവനവായ്പ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ഈ പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിലെ കാലതാമസം ഒഴിവാക്കിയാൽ ഇത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്നാണ് വിശ്വാസം.

പ്രകൃതി ക്ഷോഭത്തിൽപെട്ട് വീട് നഷ്ടമായവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. (കണക്കുകൾ ലഭ്യമല്ല.) പഞ്ചായത്തിൽ ആകെ 18 ഹരിജൻ കോളനികളിലായി 599 കുടുംബങ്ങൾ 542 വീടുകളിലായി 2099 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു.

| ലക്ഷംവീട് | എണ്ണം | നാലുസെന്റ് | എണ്ണം |
|---|---|---|---|
| 1. മൈത്രീനഗർ | 15 | പുലിപ്പാറ | 20 |
| 2. പേരാമ്പ്ര | 18 | ആനത്തടം | 21 |
| 3. തേശ്ശേരി | 36 | കാവുതറ | 21 |
| 4. മനക്കുളങ്ങര | 12 | S/C കോളനി | 4 |
| ആകെ | 81 | ആകെ | 66 |

മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളിൽ പ്രധാനപ്പെട്ട സ്ഥാനം നൽകേണ്ട പാർപ്പിടരംഗത്ത് ഇന്നും അശാസ്ത്രീയമായ കാഴ്ച്ചപ്പാടുകൾ നിലനിൽക്കുന്നുണ്ട്. വീടെന്നാൽ 'തല ചായ്ക്കാനൊരിടം' എന്ന സാമൂഹ്യ ആശയത്തിന് വിപരീതമായി മറ്റുള്ളവരെ അമ്പരപ്പിക്കുന്ന കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്ന സംസ്കാരത്തിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു പ്രവണത ഈ പഞ്ചായത്തിലും കടന്നുകൂടിയിട്ടുണ്ട്. കെട്ടിടനിർമ്മാണരംഗത്തെ സാധനസാമഗ്രികളുടെ വില നാൾക്കുനാൾ ഏറിവരുന്ന പ്രക്രിയയിലേക്കാണ് ഇത് വഴി ചൂണ്ടിയത്. ഇതുമൂലം പാവപ്പെട്ടവന് വീടെന്ന സ്വപ്നം ഞെരിഞ്ഞമരുകയാണ്. ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടുകയാണെങ്കിൽ ഉൽപ്പാദന രംഗങ്ങളിലെ മാന്ദ്യം ഒഴിവാക്കാൻ കഴിയുമെന്ന് തീർച്ചയാണ്.

കെട്ടിടനിർമാണരംഗത്തെ കൂലിനിരക്ക്

| തൊഴിൽ | 1990 – 91 | 1995– 96 |
|---|---|---|
| മെയ്സൺ | 70 | 140 |
| ഹെൽപ്പർ | 50 | 100 |
| കോൺക്രീറ്റ് | 5രൂ. (ച.അടിക്ക്) | 9രൂ. (ച.അടിക്ക്) |

നിർമാണസാമഗ്രികളുടെ വിലനിലവാരം

| സാധനം | 1990 – 91 | 1995 – 96 |
|---|---|---|
| സിമന്റ് | 110രൂ | 182രൂ |
| കമ്പി | 8/Kg | 16/Kg |

കൂലിനിരക്കിലേയും അതിനേക്കാൾ നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന വായ്പകളും ബ്ലോക്ക് വഴി നൽകുന്ന IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പ പരിധിയും വർദ്ധിപ്പിച്ചും വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കിക്കൊണ്ടും പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

## നിർദ്ദേശങ്ങൾ

1. കെട്ടിട നിർമാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.
2. നിർമാണച്ചെലവ് രണ്ടുലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

128

3. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

4. അപേക്ഷകൾ ഗ്രാമപഞ്ചായത്തു വഴി വിതരണം ചെയ്യുക.

5. രജിസ്ട്രാഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

6. കാലതാമസം ഒഴിവാക്കുക.

7. സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക

8. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തുതലത്തിൽ സൂക്ഷിക്കുക.

9. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

10. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

11. IAY, MWS, JRY എന്നിവ 15800 രൂപയിൽനിന്ന് 30,000 രൂപയായി ഉയർത്തുക.

12. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26,400 രൂപയിൽനിന്ന് 50,000 രൂപയായി ഉയർത്തുക.

13. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000രൂപയിൽനിന്ന് 30,000 രൂപയാക്കുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത – അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മർജ്ജന പദ്ധതിയും, തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമാണ്. ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗമനത്തിനായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായ മറ്റു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക ഉപയോഗിക്കുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

വനിത വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്ത് ആകയാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കി കൊണ്ടിരിക്കുന്നത് 1 മുതൽ 5 വരെയുള്ള വാർഡുകളിൽ സർക്കിൾ ഒന്നും, 6 മുതൽ 11 വരെയുള്ള വാർഡുകളിൽ സർക്കിൾ രണ്ടും ആയി തരം തിരിച്ചിട്ടുണ്ട്. രണ്ട് വി.ഇ.ഒ മാരുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. പദ്ധതികൾ പരമാവധി ജനങ്ങളിൽ എത്തിക്കുകയും പദ്ധതി ലഭ്യതയെക്കുറിച്ച് ജനങ്ങളുമായി വിലയിരുത്തലും ഗുണഭോക്താക്കളിൽനിന്ന് ശരിയായ വിവര ശേഖരണവും എല്ലാ സാമ്പത്തിക വർഷവും പഞ്ചായത്ത് തലത്തിൽ വിവിധ പദ്ധതികളെ പറ്റി ബോധവൽക്കരണ സെമിനാറും കൊടകര പഞ്ചായത്തിൽ IRDP സർവ്വെയിൽ (1992 – 97) 3,210 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതികളെ കുറിച്ചുള്ള സർക്കാരിന്റെ നിർവ്വചനം കാലോചിതമായി മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. ദാരിദ്ര്യ രേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലക്ക് പരമാവധി

ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ – സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വെ നടത്തണം.

### DWCRA

കൂടുതൽ DWCRA യൂണിറ്റുകൾ തുടങ്ങുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി പഞ്ചായത്തിൽ ഒരു യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പുതിയ താല്പര്യമുള്ളവരെ കണ്ടെത്തി അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും അതത് പ്രദേശത്തെ സന്നദ്ധസംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. ഈ സ്കീമിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ മാർക്കറ്റ് കണ്ടെത്താൻ സർക്കാർ ഏജൻസികൾ സഹായം ചെയ്തുകൊടുക്കണം.

ട്രൈസം സ്കീം പ്രകാരം 18 പേർക്കാണ് 90 – 95 കാലയളവിൽ ഈ പഞ്ചായത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളത്.

## പെൻഷനുകളെ സംബന്ധിച്ച്

### വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 77 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

### വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താ[illegible]യിലെ പ്രധാന മെഡിക്കൽ ആപ്പീസർക്ക് നൽകണം.

### കർഷകതൊഴിലാളി പെൻഷൻ

അനർഹരായ ധാരളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ മുഴുൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകി എങ്കിലും ഇതുവരെ നടപടി ക്രമങ്ങൾ ശരിയായ രീതിയിലല്ല. ഇതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം

### തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിലും അനർഹരായവർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നത് ചെറിയ തോതിലുണ്ട്. കൊടകര വില്ലേജിൽ 120 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നു. 120 പേർക്ക് മാസത്തിൽ 9,600 രൂപയും, വർഷത്തിൽ 1,15,200 രൂപയും വിതരണം ചെയ്യപ്പെടുന്നതായി കണക്കുകൾ കാണിക്കുന്നു. ഈ തുക പ്രത്യുല്പാദന മേഖലകളിലേക്ക് തിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

**പെൻഷനുകളെക്കുറിച്ചുള്ള സർവ്വെ 1991 – 96**

| ഇനം | കിട്ടുന്നവരുടെ എണ്ണം | തുക (മാസം) | തുക (വർഷം) |
|---|---|---|---|
| വാർദ്ധക്യപെൻഷൻ | 111 | 8880 | 106560 |
| വിധവാ പെൻഷൻ | 77 | 5005 | 60060 |
| വികലാംഗ പെൻഷൻ | 47 | 4700 | 56400 |
| കാൻസർ രോഗികൾക്കുള്ള പെൻഷൻ | 2 | 200 | 2400 |
| കർഷകതൊഴിലാളി | 600 | 48000 | 576000 |
| തൊഴിലില്ലായ്മ വേതനം | 120 | 9600 | 115200 |
| ആകെ | 957 | 76385 | 916620 |

### ട്രൈസം

18 വയസ്സു മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. 92 മുതൽ 96 വരെയുള്ള കാലയളവിൽ 18 പേർക്ക് പരിശീലനം കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 5 പേർക്ക് തൊഴിൽ നൽകുന്നതിന് ലോൺ നൽകുകയുണ്ടായി

### ട്രൈസത്തെക്കുറിച്ചുള്ള സർവ്വെ

| വർഷം | എണ്ണം | സംഖ്യ | സബ്സിഡി |
|---|---|---|---|
| 92 – 93 | 8 | 5334 | 2666 |
| 93 – 94 | 8 | 3000 | 1500 |
| 94 – 95 | 2 | 2500 | 2500 |
| 95 – 96 | – | 2500 | 2500 |
| ആകെ | 18 | 16330 | 10660 |

## ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിൽകാർക്ക് നവീന രീതിയിലുള്ള തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ് ടൂൾകിറ്റ്. 93 – 94, 94 – 95 എന്നീ രണ്ട് വി.ഇ,ഒ. സർക്കിളിലായി 28 പേർക്ക് 53620 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. സാധനങ്ങൾ യഥാസമയങ്ങളിൽ വിതരണം ചെയ്യേണ്ടതുണ്ട്. ഒരോ വി.ഇ.ഓ സർക്കിളിലേയും കണക്കുകൾ താഴെ കൊടുത്ത പട്ടിക പ്രകാരമാണ്. ഈ പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞരാണ്.

### ടൂൾകിറ്റ് കൊടകരയിൽ കൊടുത്തത്

| കൊല്ലം | എണ്ണം | തുക |
|---|---|---|
| 93 – 94 | 4 | 8620 |
| 94 – 95 | 15 | 27000 |

### ടൂൾകിറ്റ് പേരാമ്പ്രയിൽ കൊടുത്തത്

| കൊല്ലം | എണ്ണം | തുക |
|---|---|---|
| 93 – 94 | 6 | 12000 |
| 94 – 95 | 2 | 4000 |
| 95 – 96 | 1 | 2000 |
| ആകെ | 28 | 53620 |

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. 1993 മുതൽ 96 വരെ രണ്ട് വി.ഇ.ഒ സർക്കിളിലായി 58 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ ഗുണം കുറച്ചാളുകൾക്കുമാത്രമേ ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുകയും, സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

### CRSP കക്കൂസുകൾ അനുവദിച്ചത്

**കൊടകര**

| വർഷം | എണ്ണം | തുക |
|---|---|---|
| 93 – 94 | 6 | 12000 |
| 94 – 95 | 5 | 10000 |
| 95 – 96 | 33 | 66000 |

**പേരാമ്പ്ര**

| | | |
|---|---|---|
| 93 – 94 | 4 | 8000 |
| 94 – 95 | 4 | 8000 |
| 95 – 96 | 6 | 12000 |
| ആകെ | 58 | 116000 |

### IRDP സർവ്വെ സഹായ ലഭ്യത കണക്ക് (91 – 96)

| വാർഡ് | എണ്ണം |
|---|---|
| 1 | 560 |
| 2 | 298 |
| 3 | 281 |
| 4 | 342 |
| 5 | 282 |
| .6 | 207 |
| 7 | 264 |
| 8 | 209 |
| 9 | 189 |
| 10 | 361 |
| 11 | 217 |

ഓരോ വർഷത്തിലും 70 മുതൽ 80 കുടുംബം വരെ IRDP ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുകയും ഇതിൽ 40 മുതൽ 50 വരെ കുടുംബങ്ങൾക്ക് ലോൺ ലഭിക്കുകയും ചെയ്യുന്നു.

(3)

ആദ്യ കാലങ്ങളിൽ ഈ ലോണെടുക്കുന്ന ഗുണഭോക്താക്കൾ ഫലപ്രദമായി ഉപയോഗിച്ചിരുന്നില്ല. എന്നാൽ ഇന്ന് വളരെയധികം ഗുണഭോക്താക്കൾ ഈ പദ്ധതി വേണ്ടവിധം നടത്തുന്നുണ്ട്.

## ബാലവാടി

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായി പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബാലവാടികൾ നമ്മുടെ പഞ്ചായത്തിൽ 4 എണ്ണമാണുള്ളത്. (പട്ടിക 2) പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം ഈ രംഗത്തും പ്രകടമാണ്. നിലവിലുള്ള ബാലവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും, കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയുണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമുണ്ടെങ്കിലും കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. ബാലവാടിയിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. പ്രയാസം സഹിച്ച് നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിൽ 2000 ഓളം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നു. 1000 ഓളം വരുന്ന ആളുകൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്. അവശേഷിക്കുന്നവരെ കണ്ടെത്തി ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കഴിയണം.

## കൈതൊഴിലാളി - വിദഗ്ധതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും പേരിന് മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും അർഹരായവർക്ക് ലഭ്യമാക്കുവാനും പഞ്ചായത്തിലെ ഗ്രാമസഭകൾക്കേ കഴിയൂ. പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

## പൊതുവിതരണം

പഞ്ചായത്തിൽ ആകെ 12 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 5507 കാർഡുകളുണ്ട്. (പട്ടിക 1 നോക്കുക)

പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോറാണ് പഞ്ചായത്തിലുള്ളത്. സഹകരണ ബാങ്കിന്റെ ഓണച്ചന്ത എടുത്തു പറയേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 18 ഹരിജൻ കോളനികളിലായി 599 കുടുംബങ്ങളും 542 വീടുകളിലായി 2099 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. (പട്ടിക 2)

132

### പട്ടിക 1

| സ്ഥലം | വാർഡ് | നമ്പർ | ഉടമ | വിതരണം ചെയ്യേണ്ട അരി | വിതരണം ചെയ്യുന്നത് | പഞ്ചസാര (ക്വിന്റൽ ) | മണ്ണെണ്ണ ലിറ്റർ | ഗോതമ്പ് ക്വിന്റൽ | കാർഡുകൾ |
|---|---|---|---|---|---|---|---|---|---|
| 1 കൊടകര | 4 | 301 | വി.എം.മാണി | 46 | 20 | 10.2 | 2000 | 5 | 535 |
| 2 കൊടകര | 4 | 299 | കമലം | 40 | 20 | 8.75 | 1635 | 6 | 433 |
| 3 വഴിയമ്പലം | 2 | 292 | എം.ഡി.മുരളി | 51.81 | 15 | 11 | 1800 | 5 | 546 |
| 4 വഴിയമ്പലം | 2 | 303 | ജയരാമൻ | 53.97 | 30 | 11.76 | 1870 | 4 | 573 |
| 5. പുലിപ്പാറ | 1 | 420 | ജലജ | 35 | 25 | 7.6 | 1350 | 6 | 392 |
| 6 പേരാമ്പ്ര | 6 | 297 | ജോർജ്ജ് | 52 | 20.29 | 14.5 | 1730 | 7 | 543 |
| 7 പഴംപിള്ള | 10 | 408 | കെ.കെ.മാത്യു | 18 | 9 | 9 | 1900 | 5 | 454 |
| 8 വട്ടേക്കാട് | 11 | 302 | ദിവാകരൻ | 42 | 15 | 9 | 1700 | 5 | 470 |
| 9 വല്ലപ്പാടി | 8 | 437 | ബെറ്റി ജോർജ്ജ് | 28.69 | 12 | 6 | 1000 | 8 | 304 |
| 10 കൊടകര | 4 | 304 | വേണുഗോപാൽ | 44 | 12 | 10 | 1600 | 10 | 442 |
| 11 കൊടകര | 2 | 446 | കെ.കെ.പുഷ്പി | 26.35 | 12 | 5.7 | 870 | 5 | 271 |
| 12 കൊടകര | 3 | 293 | സി.ഐ.പോൾ | 46 | 28 | 10 | 2000 | 4 | 534 |

### പട്ടിക 2

### ബാലവാടികളുടെ വിവരങ്ങൾ

| വാർഡ് | ബാലവാടി നമ്പർ | കുട്ടികളുടെ എണ്ണം | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | പേര് |
|---|---|---|---|---|---|---|---|---|---|
| 1 | 53/76 | 20 | 35 | 35 | 32 | 30 | 30 | 30 | ജാൻസി |
| 4 | 371/87 | 20 | 30 | 30 | 24 | 25 | 20 | 20 | ലാവണ്യ |
| 7 | 36/76 | 20 | 30 | 30 | 30 | 27 | 25 | 27 | പ്രിയദർശിനി |
| 8 | 40/84 | 20 | 30 | 26 | 27 | 25 | 25 | 25 | അഴകം |

133

## പട്ടിക 3

## ഹരിജൻ കോളനികളുടെ വിവരങ്ങൾ

| പേര് | വാർഡ് | ഹരിജൻ വീടുകൾ | പുരു. | സ്ത്രീ. | മറ്റുള്ള വീടുകൾ | പുരു. | സ്ത്രീ. | ആകെ വീടുകൾ | കുടുംബങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 പുലിപ്പാറ | 1 | 102 | 218 | 202 | 15 | 41 | 31 | 114 | 117 |
| 2 ചക്കുംകുറ്റി | 1 | 18 | 28 | 34 | 11 | 13 | 18 | 26 | 29 |
| 3 വഴിയമ്പലം | 2 | 13 | 30 | 36 | 7 | 17 | 21 | 20 | 20 |
| 4 മനക്കുളങ്ങര | 2 | 38 | 40 | 41 | 12 | 18 | 21 | 43 | 50 |
| 5 കാവിൽ കനാൽപറമ്പ് | 3 | 19 | 28 | 33 | 8 | 10 | 13 | 23 | 27 |
| 6 കാവിൽപാടം | 3 | 14 | 16 | 28 | 8 | 11 | 14 | 18 | 22 |
| 7 കാവുംത്തറ | 3 | 72 | 121 | 131 | 18 | 40 | 18 | 72 | 90 |
| 8 കഴുകാണികുന്നത്തു കോവിൽ | 4 | 26 | 25 | 26 | 8 | 11 | 18 | 22 | 34 |
| 9 ആനത്തടം | 5 | 39 | 69 | 18 | 7 | 18 | 22 | 42 | 49 |
| 10 മരംത്തംപിള്ളി | 6 | 33 | 19 | 85 | 16 | 34 | 41 | 49 | 49 |
| 11 ചെറുവത്തൂർ | 6 | 13 | 38 | 42 | 4 | 9 | 11 | 17 | 17 |
| 12 നാടുകുന്ന് | 7 | 23 | 45 | 47 | 17 | 31 | 29 | 40 | 40 |
| 13 വല്ലപ്പാടി | 8 | 6 | 22 | 22 | 6 | 10 | 9 | 12 | 12 |
| 14 മാണ്ടുപാടം തേശ്ശേരി | 9 | 10 | 33 | 27 | 4 | 6 | 4 | 14 | 14 |
| 15 ചിറകിഴ | 9 | 12 | 24 | 24 | 3 | 9 | 3 | 15 | 15 |
| 16 കനകമലപഴമ്പിള്ളി | 10 | 86 | 114 | 120 | 14 | 39 | 41 | 9 | 100 |
| 17 വട്ടേക്കാട് | 11 | 48 | 99 | 104 | 19 | 34 | 39 | 66 | 67 |
| 18 ചാറ്റുംകുളം | 11 | 27 | 52 | 58 | 26 | 54 | 61 | 53 | 53 |
| ആകെ | | 599 | | | 203 | 405 | 414 | 745 | 802 |



# സംസ്കാരം

ഭൗതികവും ബൗദ്ധികവുമായ വളർച്ചക്കനുസൃതമായ പുരോഗതി കൊടകരയുടെ സാംസ്കാരിക രംഗത്ത് പ്രതിഫലിക്കുന്നില്ല. ഈ നാട്ടിലുള്ള ആരാധനാലയങ്ങളുടെയും അവയോടനുബന്ധിച്ച് നടന്നു വരാറുള്ള ആഘോഷങ്ങളുടെയും എണ്ണം, സ്കൂളുകളുടെ എണ്ണം, വൈജ്ഞാനിക രംഗത്ത് നേട്ടങ്ങൾ കൈവരിച്ചവരുടെയും പ്രവർത്തിക്കുന്നവരുടെയും എണ്ണം എന്നിവയെല്ലാം ഉയർന്ന സാംസ്കാരിക നിലവാരത്തിന്റെ സൂചകങ്ങളാണ്. എന്നാൽ, കല - കായിക - സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും എണ്ണം ഒട്ടുംതന്നെ ആശാവഹമായ ചിത്രമല്ല നൽകുന്നത്.

സമീപ പ്രദേശങ്ങളിൽ ഉള്ളതിൽ ഏറ്റവും നല്ല ഗ്രന്ഥാലയമാണ് പഞ്ചായത്തിനു കീഴിലുള്ളത്. ഇത് ആണ്ടിൽ പകുതിയോളവും അടഞ്ഞുകിടക്കുന്നു. സ്ഥിരമായി ലൈബ്രേറിയൻ ഇല്ലാത്തതിനാൽ വരുത്തുന്ന പത്രങ്ങൾ മറിച്ച് നോക്കുവാനുള്ള സൗകര്യം പോലും ലഭിക്കാറില്ല. ഒരു പക്ഷെ കൊടകരയുടെ സാംസ്കാരിക രംഗം ഇന്നനുഭവിക്കുന്ന ശൂന്യതയും ജഡത്വവുമാണ് ഇത് പ്രതീകാത്മകമായി കാണിക്കുന്നത്.

ദീർഘകാലത്തെ പ്രവർത്തന പാരമ്പര്യം അവകാശപ്പെടാവുന്ന ക്ലബുകളും സംഘടനകളും ഇവിടെ വിരളമാണ്. ഉള്ളവതന്നെ ഒന്നോ രണ്ടോ വാർഷികാഘോഷ പരിപാടികൾ നടത്തി പൊലിഞ്ഞു പോകുന്നു. "ഗ്രാമോദ്ധാരണവും" അതിൽ പ്രവർത്തിച്ചിരുന്ന ഗ്രന്ഥാലയവും ഇന്ന് ചിതലെടുത്തുപോയി. കൾച്ചറൽ സെമിനാർ, വിക്ടറി സ്പോർട്സ് ക്ലബ്, കലാവേദി, ശ്രീ രഞ്ജനി തീയറ്റേഴ്സ്, സഹൃദയവേദി. ഫ്രൻസ് ആർട്സ്, വിന്നേഴ്സ്, ജ്യോതി ആർട്സ് ക്ലബ്, കലാശിഖ, കാവ്യധാര എന്നിങ്ങനെ ഒട്ടനവധി സംഘടനകൾ ഇവിടെ രൂപമെടുത്തു.

ഒരേസമയം ഒന്നിലധികം നാടക ക്ലബുകളും ഫിലിം സൊസൈറ്റികളും ഇവിടെ ഉണ്ടായിരുന്നു. പിന്നീട് ഒന്നുമില്ലാതായി. 1965 ൽ സ്ഥാപിതമായ ജവഹർ വായനശാല (കൊപ്രക്കളം), 50 ലേറെ കൊല്ലത്തെ പഴക്കമുള്ള യൂണിയൻ വായനശാല (വല്ലപ്പാടി) എന്നിവ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ളവയാണ്. എന്നാൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാതെയാണ് ഇന്നവ പ്രവർത്തിക്കുന്നത്. കെട്ടിടം പണി പൂർത്തിയാക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, ഗ്രാന്റുകൾ ലഭ്യമാക്കുക എന്നിവ അടിയന്തിരമായി ചെയ്യേണ്ട കാര്യ

ങ്ങളാണ്. പുലിപ്പാറയിലെ ചെറുകാട് സ്മാരക വായനശാലയ്ക്ക് ഗ്രാന്റ് അനുവദിച്ചിട്ടില്ല.

കായികരംഗത്ത് ഒരിടക്കാലത്ത് അമേച്വർ ഫുട്ബാൾ അസോസിയേഷനും (AFA) യങ്ങ് സ്റ്റേഴ്സ് ക്രിക്കറ്റ് ക്ലബ്ബും ഒരു ഉണർവ് ഉണ്ടാക്കി. Y.C.C. യുടെ പത്താം വാർഷികത്തോടനുബന്ധിച്ച് നടത്തിയ ടൂർണമെന്റിൽ ടെസ്റ്റ് താരം അഷറുദ്ദീൻ അടക്കം പ്രഗത്ഭ താരങ്ങൾ ഉൾപ്പെടുന്ന ടീമുകൾ പങ്കെടുക്കുകയുണ്ടായി. കായിക രംഗത്തിന്റെ വളർച്ചിയിൽ ഇന്നാട്ടുകാർക്കുള്ള ഔത്സുക്യം സ്റ്റേഡിയം നിർമ്മാണത്തിന് വേണ്ടി നടത്തിയ ഫണ്ട് പിരിവിൽ സഫലമായി പ്രതിഫലിക്കുകയുണ്ടായി. എങ്കിലും കൊടകരയുടെ ചിരകാല സ്വപ്നമായ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങാൻ ദശാബ്ദങ്ങളുടെ കാത്തിരിപ്പും പാർലമെന്റ് അംഗത്തിന്റെ ഫണ്ടിൽ നിന്നുള്ള പ്രത്യേക ആനുകൂല്യവും വേണ്ടിവന്നു. ഇന്ന് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി "ഏകലവ്യ" നടത്തിവരുന്ന ഓണാഘോഷവും വിജയദശമി, കാർത്തിക ആഘോഷങ്ങളോടനുബന്ധിച്ച് കൊടകരയിലെ നൃത്തസംഗീത വിദ്യാലയങ്ങൾ നടത്തുന്ന പരിപാടികളും പുരോഗമനകലാസാഹിത്യസംഘം 95 ജൂണിൽ നടത്തിയ നാടക ക്യാമ്പും കുണ്ടനി ഗോവിന്ദനാശാൻ ശതാബ്ദി ആഘോഷങ്ങളും വിസ്മരിച്ചുകൊണ്ടല്ല ഈ റിപ്പോർട്ട് തയ്യാറാക്കിയത്. അതുപോലെത്തന്നെ കലാസാംസ്കാരിക സംഘം (വല്ലപ്പാടി), കലാസാംസ്കാരിക വേദി (അഴകം), യുവരശ്മി (കാവുംതറ), ബട്ടർഫ്ളൈസ് (മൈത്രീനഗർ), കൈരളി (വട്ടേക്കാട്), യുവദർശന (വട്ടേക്കാട്), ഡൈനാമോസ് (കൊടകര), പാരഗൺ (പുലിപ്പാറക്കുന്ന്), തരംഗം (മനക്കുളങ്ങര), ഏകലവ്യ (ഗാന്ധിനഗർ) എന്നിങ്ങനെ കുറെ സംഘടനകൾ പരിമിതികളുടെയും പരാധീനതകളുടെയും നടുവിലും പ്രവർത്തനം തുടരുന്നുണ്ട് എന്നതും ആശ്വാസകരമാണ്. ഇവയുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനനിരതമാക്കുന്നതിന് പഞ്ചായത്ത്തലത്തിലെങ്കിലും ഏകോപിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി ദീർഘ വീക്ഷണത്തോടെ രൂപീകരിച്ച് നടപ്പിലാക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഇക്കാര്യം എല്ലാ വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്നു എന്നത് പ്രതീക്ഷക്ക് വക നൽകുന്നു. ഉയർത്തെഴുന്നേൽപിന്റെ സുവർണ്ണകാലം കൊടകരയുടെ ശിരസ്സിലണിയിക്കാൻ പൊൻതൂവലുകൾ കരുതിയിരിക്കുന്നു എന്ന് നമുക്ക് പ്രത്യാശിക്കാം.

പത്രമാധ്യമങ്ങൾ, ടെലിവിഷൻ, സിനിമ എന്നിവയുടെ സ്വാധീനത്തെപ്പറ്റി പരാമർശിക്കാതെ ഇന്നത്തെ കേരളത്തിലെ ഒരു സാംസ്കാരിക റിപ്പോർട്ടും പൂർണ്ണമാകില്ല. കേരളത്തിലെ മിക്ക പ്രമുഖ പത്രങ്ങൾക്കും കൊടകരയിൽ ഏജൻസി ഉണ്ട്. കൊടകരയിൽ ഇറക്കുന്ന പത്രങ്ങൾ മൂവായിരത്തിൽ അധികമാണ്. ഇതിൽ ഒരു ഭാഗം മറ്റത്തൂർ പഞ്ചായത്തിലാണ് വിതരണം ചെയ്യുന്നത്. കൊടകര പഞ്ചായത്തിൽ ഏതാണ്ട് മൂന്നിലൊന്ന് വീടുകളിൽ പത്രം എത്തുന്നുണ്ട്. ഒന്നിലധികം പത്രം വരുത്തുന്ന നൂറോളം വീടുകളുണ്ട്. വാരികകളും കലാസാഹിത്യമാഗസിനുകളും പ്രചാരത്തിലുണ്ട്. മൂന്ന് സിനിമാശാലകൾ ആണ് കൊടകരയിൽ ഉള്ളത്. സമീപകാലത്തായി കേബിൾ ടി.വി.യുടെ പ്രവർത്തനവും വ്യാപിച്ചു വരുന്നുണ്ട്. ടി.വി.യ്ക്കും സിനിമയ്ക്കുമായി കുട്ടികൾ കൂടുതൽ സമയം ചെലവഴിക്കുന്നത് അവരുടെ വിദ്യാഭ്യാസ നിലവാരത്തെയും സംസ്കാരത്തെയും ദുഷിപ്പിക്കുന്നുണ്ട് എന്നും സിനിമാ തീയേറ്ററുകളിൽ ഉച്ചപ്പടം കളിക്കുന്നതും പൊതു സ്ഥലങ്ങളിൽ അശ്ലീല പോസ്റ്ററുകൾ പതിക്കുന്നതും തടയാൻ നടപടികൾ എടുക്കണം എന്നും വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം സുസജ്ജമാക്കുക. ലൈബ്രറി പ്രവർത്തിക്കാത്ത സമയത്തും റീഡിങ്ങ് റൂം സൗകര്യം ഉണ്ടാക്കുക.

2. പഞ്ചായത്ത് ലൈബ്രറിയെ കേന്ദ്രമാക്കികൊണ്ട് വാർഡുകളിൽ നിലവിലുള്ള ലൈബ്രറികൾ വഴിയൊ പുതിയ ലൈബ്രറികൾ വഴിയൊ പുസ്തകങ്ങൾ വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാക്കുക.

3. സാംസ്കാരിക സമ്മേളനങ്ങൾ, ചർച്ചകൾ, ക്ലാസുകൾ, കലാസാഹിത്യ ക്യാമ്പുകൾ, കവിയരങ്ങുകൾ എന്നിവ പഞ്ചായത്ത് നേരിട്ട് നടത്തുകയൊ അവ നടത്തുന്ന സംഘടനകൾക്ക് ഒത്താശകൾ ചെയ്തുകൊടുക്കുകയൊ വേണം. അതിനായി പ്രത്യേക ഫണ്ട് നീക്കിവയ്ക്കണം.

4. ഇത്തരം പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ സൗജന്യ നിരക്കിൽ അനുവദിക്കണം.

136

5. അശ്ലീല പോസ്റ്ററുകൾ പതിയ്ക്കുന്നതും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതും സംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പിലാക്കണം.

6. നാടൻ കലകൾ അന്യംനിന്ന് പോകാതെ സൂക്ഷിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണെന്നറിഞ്ഞ് അത്തരം കലകളിൽ പ്രാവീണ്യവും താല്പര്യവും ഉള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ നടപടിയെടുക്കണം.

7. ദേശീയ ദിനങ്ങൾ സമുചിതമായി ആഘോഷിക്കാൻ പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും പരിപാടികൾ ചിട്ടപ്പെടുത്തണം.

8. വിദ്യാർത്ഥികളുടെ കലാകായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും അതത് രംഗത്ത് പ്രാവീണ്യമുള്ളവരുടെ സഹായം ലഭ്യമാക്കാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്യുക.

**"ഒരേമനസ്സും ലക്ഷ്യവുമായ് നാം**
**ഒന്നായ് നീങ്ങീടേണം**
**നമ്മുടെ നാടിന് വളരാനുള്ളൊരു**
**വഴി നാം തേടേണം**
**ഞാനും നീയും തന്നാൽ കഴിവതു**
**നാടിനു നല്കേണം"**

137



# വനിതാക്ഷേമം

സമൂഹത്തിന്റെ അമ്പതു ശതമാനത്തിലധികം വരുന്ന സ്ത്രീ ജനവിഭാഗത്തിന്റെ സമൂഹനിർമ്മാണ രംഗത്തെ അദൃശ്യത ഗൗരവമേറിയ ഒരു സമൂഹ്യപ്രശ്നമാണ്. കേരള ശരാശരിയെപ്പോലെ തന്നെ കൊടകര പഞ്ചായത്തിലും പുരുഷന്മാരേക്കാൾ കൂടുതലായി സ്ത്രീകൾ തന്നെയാണ്. 1991 ലെ സെൻസസ് പ്രകാരം 14351 സ്ത്രീകളും 13597 പുരുഷന്മാരുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. എണ്ണത്തിന്റെ വർദ്ധനവിനനുസരിച്ച് നമ്മുടെ സ്ത്രീകൾക്ക് ആരോഗ്യ വിദ്യാഭ്യാസാദി തൊഴിൽ മേഖലകളിലൊന്നും അർഹമായ പരിഗണന ലഭിക്കുന്നില്ല.

വിദ്യാഭ്യാസരംഗത്ത് പ്രൈമറി സ്കൂൾ വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ എണ്ണം കൂടുതലാണെങ്കിലും ഉന്നത രംഗത്തേക്ക് പോകുന്തോറും അവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നതായി കാണാം. കോളേജ് വിദ്യാഭ്യാസം ഉന്നത വിദ്യാഭ്യാസ രംഗത്ത് – വിശേഷിച്ച് സാങ്കേതിക വിജ്ഞാനമേഖലയിൽ വനിതാ പങ്കാളിത്തം തുലോം പരിമിതമാണ്. 1990 കാലത്തെ സാക്ഷരതാ പ്രവർത്തിനത്തിലൂടെ നമ്മുടെ പഞ്ചായത്തിലെ വിവിധ സയാഹ്നക്ലാസുകളിലായി നൂറുകണക്കിന് നിരക്ഷരരെ അക്ഷരലോകത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. അവയിൽ ഭൂരിഭഗവും വനിതകളായിരുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ നിരക്ക് 92 ആണ്.

രോഗാതുരയുടെ നിരക്ക് പരിശോധിക്കുമ്പോൾ സ്ത്രീകളിൽ ഉയർന്ന അളവിൽ ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുന്നതായി PHC കണക്കുകൾ വ്യക്തമാക്കുന്നു. ആശുപത്രികളിലെത്തുന്ന പുരുഷന്മാരേക്കൾ വളരെ കൂടുതലാണ്അവിടെയെത്തുന്ന സ്ത്രീകളുടെ എണ്ണം. തൊഴിൽ മേഖലയിൽ വിശേഷിച്ച് ഉയർന്ന വരുമാനമുള്ളയിടങ്ങളിൽ – സ്ത്രീകൾ തുലോം കുറവാണ്. അസംഘടിത മേഖലകളിൽ അവരുടെ എണ്ണം കൂടി വരുന്നതായി കാണാം. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ലെന്നു മാത്രമല്ല സ്ത്രീകൾ മാത്രമായി രംഗത്തുള്ള തൊഴിൽ മേഖലയിൽ കൂലിനിരക്ക് വളരെ കുറവാണ്. കാർഷികമേഖലയിലും കെട്ടിട നിർമ്മാണരംഗത്തും സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്നുണ്ട്. കെട്ടിട നിർമ്മാണം ഈ രംഗത്തെ പ്രധാനപ്പെട്ട തൊഴിൽ സംരംഭമാണ്. 647 തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. അവരിൽ 550 പേരും സ്ത്രീകളാണ് എന്നത് പ്രത്യേകം പ്രസക്തവുമാണ്. നമ്മുടെ പഞ്ചായത്തിൽ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു DWCRA യൂണിറ്റുണ്ട്. പേപ്പർകവറുകൾ നിർമ്മിക്കുന്ന ഈ വനിതാ സംരംഭത്തിലൂടെ 13 പേർ സ്വയം തൊഴിൽ കണ്ടെത്തുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 5 മഹിളാ സമാജങ്ങളും

138

4 അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്. എല്ലാറ്റിന്റെയും പ്രവർത്തനങ്ങൾ വേണ്ടത്ര തൃപ്തികരമല്ല. എന്നാൽ ചില മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യവിദ്യാഭ്യാസ രംഗങ്ങളിൽ കാര്യമായ ഇടപെടൽ സാധ്യമാക്കിയിട്ടുണ്ട്. വീടുവീടാന്തരം കയറിയിറങ്ങി ഗ്രാമീണരുടെ സമ്പാദ്യം സമാഹരിച്ച് രാഷ്ട്രനിർമ്മാണത്തിനു വിനിയോഗിക്കാൻ സാഹചര്യമൊരുക്കുന്ന 4 മഹിളാ പ്രധാൻ ഏജന്റുമാർ സ്തുത്യാർഹമായ സേവനമാണ് നിർവ്വഹിക്കുന്നത്. ഈ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും ഇതര മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ സാധ്യതകളുണ്ട്. ഖാദിബോഡിന്റെ കീഴിലുള്ള 2 വ്യവസായയൂണിറ്റുകൾ കനകമലയിലും ചെറുകുന്നിലും പ്രവർത്തിക്കുന്നുണ്ട്. കനകമല യൂണിറ്റിന്റെ പ്രവർത്തനം ഇപ്പോൾ നിശ്ചലമാണ്. 15 വനിതകൾക്ക് തൊഴിലവസരമുണ്ടാക്കുന്ന ചെറുകുന്നിലെ വ്യവസായയൂണിറ്റ് തരക്കേടില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഉളുംബത്തുകുന്നിലെ Hand made paper യൂണിറ്റിൽ ഏകദേശം 25 വനിതകൾ ജോലിചെയ്യുന്നുണ്ട്. Waste ആയിപോകുന്ന കടലാസുകൾ സംസ്കരിച്ച് വൈദ്യുതി അത്രക്കൊന്നും ഉപോയഗം ചെയ്യാതെ നിരവധിതൊഴിലവസരങ്ങളും ലാഭവും പ്രദാനം ചെയ്യുന്ന ഈ യൂണിറ്റ് ഒരു മാതൃക സ്ഥാപനം തന്നെയാണ്. തൊഴിലെടുക്കുന്നവരുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നില്ലെങ്കിലും പഞ്ചായത്തിലെ തൊഴിൽ മേഖലയിലെ ഗണ്യമായ വിഭാഗം സ്ത്രീകളാണെന്നത് ശ്രദ്ധേയമാണ്. കേരള ശരാശരിയേക്കാൾ ഇക്കാര്യത്തിൽ ബഹുദൂരം മുന്നിലാണ്. അസംഘടിത മേഖലയിലാണ് സ്ത്രീകളുടെ അദ്ധ്വാന ശേഷി കൂടുതലായി വില്ക്കപ്പെടുന്നത് എന്ന ദൗർലഭ്യത്തെയും നാം കാണാതിരുന്നു കൂടാ.

ഔപചാരികമായി തൊഴിൽ ഇല്ലെങ്കിലും കുടുംബത്തിന്റെയും കുട്ടികളുടേയും സംരക്ഷണം ഏറ്റെടുക്കുന്നതിനു പുറമെ ചെറുകിട തൊഴിൽ സംരംഭങ്ങളെ ആശ്രയിക്കുന്ന വീട്ടമ്മമാരും നമ്മുടെ പഞ്ചായത്തിലുണ്ട്. ചെറിയ വരുമാനമുണ്ടാക്കിതരുന്ന ആടുമാടുവളർത്തൽ, പുരയിടപച്ചക്കറികൃഷി, വിറക് ശേഖരണം, ടൈലറിംഗ് എന്നിവയാണ് പ്രധാന തൊഴിൽ സംരംഭങ്ങളായി സ്വീകരിക്കപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിൽ 77 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ അർഹതയുള്ള നിരവധി അപേക്ഷകളിൽ തീർപ്പുകല്പിക്കാതെയും തീരുമാനങ്ങൾ നീട്ടിവെക്കപ്പെട്ടും ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ഗ്രാമസഭാ നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

പഞ്ചായത്തു പ്രസിഡന്റടക്കം 4 പഞ്ചായത്ത് മെമ്പർമാർ വനിതകളാണ്. എന്നിരുന്നാലും സാമൂഹ്യ രാഷ്ട്രീയ രംഗത്ത് വനിതകളുടെ പങ്കാളിത്തം ആവശ്യമായ അളവിൽ ഉയരുന്നതായി കാണുന്നില്ല. സംവരണാടിസ്ഥാനത്തിലുള്ള പ്രതിനിധ്യമല്ലാതെ ബഹുജനസംഘടനാ നേതൃത്വങ്ങളിലോ രാഷ്ട്രീയ പാർട്ടികളുടെ മുൻനിരയിലോ വനിതാ പങ്കാളിത്തം തീരെയില്ലാ എന്നു തന്നെ പറയാം.

## പ്രശ്നങ്ങൾ

1. തുല്യ ജോലിക്കു തുല്യവേതനം ലഭിക്കുന്നില്ല. അസംഘടിത മേഖലയിലാണ് സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്നത്.

2. വിവിധ സർക്കാർ പദ്ധതികളെ കുറിച്ച് സ്ത്രീകൾക്കിടയിൽ വ്യക്തമായ ധാരണയില്ലാത്തതിനാൽ അവയെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

3. അംഗൻവാടി – ബാലവാടി അധ്യാപകർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല. ലഭിക്കുമ്പോൾ തന്നെ കാലതാമസം ഉണ്ടാകുന്നു.

4. വിദ്യാഭ്യാസ നിരക്ക് കൂടിയതാണെങ്കിലും വിവിധ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീ വിഭാഗങ്ങൾക്കിടയിലാണ് കൂടുതലായിട്ടുള്ളത്.

5. കളിമൺ പാത്ര വ്യവസായത്തിന്റെ തകർച്ച സ്ത്രീകളുടെ നാനാതരത്തിലുള്ള തൊഴിലില്ലായ്മക്ക് കാരണമായിട്ടുണ്ട്.

6. ബഹുഭൂരിപക്ഷം തൊഴിലാളികളും സ്ത്രീകളാണെങ്കിലും ആ സംരംഭത്തിന്റെ നിയന്ത്രണം അവർക്ക് ലഭിക്കാറില്ല.

7. വ്യാപകമായി സ്ത്രീപീഡന സംഭവങ്ങൾ ഇല്ലെങ്കിലും ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകാറുണ്ട്. സ്ത്രീധനം ഇന്നും ഒരു സാമൂഹ്യ പ്രശ്നമായി തുടരുന്നു.

8. സാമൂഹ്യ രംഗങ്ങളിലെ സ്ത്രീ സാന്നിദ്ധ്യം സംവരണ നിബന്ധനകളിൽ മാത്രമായി ഒതുങ്ങുന്നു.

9. മഹിളാസമാജങ്ങളുടെയും അംഗൻവാടികളു

ടെയും പ്രവർത്തനം കാര്യക്ഷമമല്ല. ഇതുമൂലം നിരവധി ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു.

10. അർഹരായ വിധവകൾക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല.

11. സ്വയം തൊഴിൽ കണ്ടെത്തുന്ന സംരംഭങ്ങളുടെ തകർച്ച വനിതകളിൽ വീണ്ടും ആത്മവിശ്വാസ കുറവിന് കാരണമാകുന്നു. തങ്ങൾ ചെയ്യുന്നതൊന്നും ശരിയാകില്ല എന്ന വിശ്വാസം ഇന്നും അവരിൽ പ്രബലമാണ്.

## പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

1. പ്രവർത്തനക്ഷമമല്ലാത്ത മഹിളാ സമാജങ്ങളെ പുനരുജ്ജീവിപ്പിക്കണം. വാർഡുതലത്തിൽ ഓരോ മഹിളാ സമാജങ്ങൾ സ്ഥാപിക്കാനാകുമോ എന്ന് ആലോചിക്കണം. ഇത് വനിതകളുടെ കൂട്ടായ്മ ഫലപ്രദമാക്കുകയും പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ അവരെ പ്രപ്തരാക്കുകയും ചെയ്യും.

2. വിവിധ മഹിളാ സമാജങ്ങളുടേയും അംഗൻവാടികളുടേയും ഒരു പഞ്ചായത്തുതല കേന്ദ്രസമിതി രൂപീകരിക്കുകയും മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും വേണം.

3. സാമ്പത്തിക പരാശ്രയമാണ് വനിതകളെ ദുർബലരാക്കുന്നതിലെ സുപ്രധാന ഘടകം. തൊഴിൽ സംരംഭങ്ങൾ ഒരുക്കിയും തൊഴിൽ ചെയ്യാൻ പ്രേരിപ്പിച്ചും ഈ പരാധീനതയിൽ നിന്നും അവരെ രക്ഷിക്കാനാകും.

4. കുട്ടികളുടേയും കുടുംബത്തിന്റെയും സംരക്ഷണത്തോടൊപ്പം നിർവ്വഹിക്കാവുന്ന വരുമാനദായക സംരംഭങ്ങൾക്ക് സഹായവും പ്രോത്സാഹനവും നല്കുക. പച്ചക്കറി കൃഷി, ആടുമാടുവളർത്തൽ, അച്ചാർ നിർമ്മാണം, ഉപ്പേരി നിർമ്മാണം, ടൈലറിംഗ് തുടങ്ങിയ സംരംഭങ്ങൾ വിജയസാധ്യത തെളിയിച്ചിട്ടുള്ളതാണ്. മാത്രമല്ല ഇവയുടെ വിപണനസൗകര്യം ഒരുക്കുക എന്നത് ഈ പദ്ധതി വിജയത്തിന്റെ മുന്നുപാധിയാണ്.

5. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും വിവിധ സംരംഭങ്ങൾ അവയ്ക്ക് കീഴിൽ കൊണ്ടു വരികയും ചെയ്യുക. ഇത് അവരിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനിടയാക്കും.

6. വിവിധ സർക്കാർ സംരഭങ്ങളെ കുറിച്ചും സ്ത്രീ സംരക്ഷണനിയമങ്ങളെ കുറിച്ചും ബോധവൽക്കരണം തുടർച്ചയായി നടത്തണം. വാർഡുതല മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ പ്രതിമാസ ക്ലാസുകൾ നടത്തുന്നത് നന്നായിരിക്കും.

7. കൂടുതൽ DWCRA യൂണിറ്റുകൾക്ക് തുടക്കമിടുകയും (റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കരകൗശല വസ്തുനിർമ്മാണം, പുഷ്പഫല നഴ്സറി തുടങ്ങിയവ) അവയിലൂടെ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളെ വിറ്റഴിക്കാൻ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

8. മദ്യം, മയക്കുമരുന്ന് തുടങ്ങിയവക്കെതിരെ ബോധവൽക്കരണം നടത്തുക.

9. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കണം. കൂലി നിരക്കിലുള്ള വിവേചനം അവസാനിപ്പിക്കുകയും അവരുടെ ഭാവി ജീവിതത്തിന്റെ ഭദ്രതക്കാവശ്യമായ ക്ഷേമപദ്ധതികൾക്ക് രൂപം നൽകുക.

10. മഹിളാപ്രധാൻ ഏജന്റുമാരുടെ പ്രവർത്തനങ്ങളെ സമൂഹം അംഗീകരിക്കുയും അവരുടെ പ്രവർത്തന മേഖല കറന്റ് ചാർജ്ജ് സമാഹരണം ഇൻഷുറൻസ് പദ്ധതികൾ, UTI നിക്ഷേപസമാഹരണ തുടങ്ങിയ രംഗത്തേക്ക് കൂടി വ്യാപിപ്പിക്കുക.

11. ട്രൈസം തുടങ്ങിയ സർക്കാർ തൊഴിൽ പരിശീലന സംരംഭങ്ങളിൽ വനിതകൾക്ക് മുൻഗണന നൽകുകയും പരിശീലനം നേടിയ ആ സംരംഭം ഏറ്റെടുക്കുവാൻ വേണ്ട പശ്ചാത്തല സൗകര്യം ഒരുക്കി കൊടുക്കുകയും ചെയ്യുക.

12. സാമൂഹ്യ രംഗത്തെ സ്ത്രീ അദൃശ്യത നിരന്തര ശ്രമങ്ങളുടെ ഫലമായി പരിഹരിക്കേണ്ടതാണ്. അതോടൊപ്പം തങ്ങളുടെ അവകാശങ്ങൾ തിരിച്ചറിയുകയും അവ നേടിയെടുക്കാൻ വേണ്ടി രംഗത്തിറങ്ങുകയും ചെയ്യാൻ മുൻനിരയിൽ വരേണ്ടതും അവർ തന്നെയാണ്.

140



# സഹകരണം

നാടിന്റെ നട്ടെല്ലായ കർഷകരെ ഹുണ്ടിക വ്യാപാരികളുടെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി 19 - ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ആരംഭിച്ച മാതൃക അനുസരിച്ചാണ് നമ്മുടെ രാജ്യത്ത് സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.

നമ്മുടെ സംസ്ഥാനത്ത് ത്രിതല സമ്പ്രദായത്തിലാണ് സഹകരണസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാസഹകരണബാങ്കുകൾ പ്രാഥമിക സഹകരണബാങ്കുകൾ, എന്നിങ്ങനെയാണ് ഘടന. ഗവർമെണ്ട് ഫണ്ടുകൾ റിസർവ് ബാങ്കിന്റെ കാർഷിക വിഭാഗം വഴി സംസ്ഥാനബാങ്ക്, ജില്ലാബാങ്ക് പ്രൈമറി ബാങ്കുകൾ വഴി കർഷകരിൽ എത്തുന്നു. നമ്മുടെ നാട്ടിലെ സാധാരണക്കാരായ സഹകാരികളിൽ നിന്നും ലഭിക്കുന്ന നിക്ഷേപങ്ങൾ കൂടി സ്വീകരിച്ചാണ് നമ്മൾ വായ്പകൾ നൽകി വരുന്നത്.

ഫണ്ടിന്റെ അപര്യാപ്തതമൂലം നമ്മുടെ നാട്ടിലെ ജനങ്ങളുടെ കാർഷികവും കാർഷികേതരവും ആയ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുവാൻ കൊടകര പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണബാങ്കിന്റെയും കാർഷികഭൂവികസന ബാങ്കിന്റെയും ശാഖകൾ, കൊടകര ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്, ഗവർമ്മേണ്ട് ടീച്ചേഴ്സ് സഹകരണ സംഘം എന്നിവയ്ക്ക് സാധിക്കുന്നില്ല.

സാധാരണക്കാരായ കൃഷിക്കാർക്കും തൊഴിലാളികൾക്കും മറ്റുവിഭാഗങ്ങൾക്കും വീടുവെക്കൽ, വീട്ടുപകരണങ്ങൾ വാങ്ങൽ, മക്കളുടെ സഹായം എന്നീ ആവശ്യങ്ങളുടെ ഏകദേശം 25 ശതമാനത്തിനു താഴെ മാത്രമെ സഹകരണസ്ഥാപനങ്ങൾ വഴി നിറവേറ്റുവാൻ സാധിക്കുന്നുള്ളു. ഇതിന് ഒരു പരിധിവരെ കാരണക്കാർ നമ്മളും നമ്മുടെ നാട്ടുകാരും തന്നെയാണെന്നുള്ള ദുഃഖസത്യം നിഷേധിക്കാൻ സാധിക്കുന്നതല്ല.

നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾ കഠിനാദ്ധ്വാനം ചെയ്ത് ഉണ്ടാക്കുന്ന പണത്തിൽ മിച്ചം വരുന്ന സംഖ്യ ഇവിടത്തെ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കുവാനുള്ള സഹകരണമനോഭാവം ഉണ്ടാകയാണെങ്കിൽ, വളർത്തിയെടുക്കകയാണെങ്കിൽ ഒരു പരിധിവരെ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹകരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്.

കൊടകര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു സഹകരണസ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 1923ൽ ആണ്. അന്ന് സ്ഥലത്തെ പ്രമുഖരായ പടിഞ്ഞാറൻ കുന്നത്ത് നാരായണൻ നമ്പൂതിരി പ്രസിഡണ്ടും കാവിൽ പുഷ്പകത്ത് നീലകണ്ഠൻ നമ്പ്യാർ സെക്രട്ടറിയും ആയി അംഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശ്യത്തോടെ രജിസ്റ്റർ

141

ചെയ്തു പ്രവർത്തനം ആരംഭിച്ച 122-ാം നമ്പർ കൊടകര പരസ്പരസഹായസഹകരണ സംഘമാണ് പ്രഥമ സഹകരണസ്ഥാപനം. എന്നാൽ പിന്നീട് പ്രസ്ഥാനത്തിൽ ഉണ്ടായ പരിവർത്തനങ്ങളും കാർഷിക രാജ്യമായ ഇന്ത്യയിൽ കാർഷിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണമെന്ന നയത്തിന്റെയും അടിസ്ഥാനത്തിൽ ടി സംഘത്തെ 1958ൽ റീജിനൽ അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘമായി മാറ്റുകയും അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവും ആയ ആവശ്യങ്ങൾക്ക് വായ്പകൾ നൽകുന്നതിനും ആരംഭിച്ചു.

പിന്നീട് ഗവർമെണ്ടിന്റെ നയപരിപാടികളുടെ ഭാഗമായി സഹകരണസ്ഥാപനങ്ങളിൽ കൂടി ബാങ്കിങ്ങ് എടപാടുകളും സാധാരണക്കാർക്ക് മറ്റു സേവനങ്ങളും നൽകുന്നതിന് വേണ്ടി സംഘങ്ങളെ സേവനസഹകരണസംഘങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചതിനെ തുടർന്ന് നമ്മുടെ 122 – ാം നമ്പർ സംഘത്തെ 122 –ാം നമ്പർ കൊടകര സർവ്വീസ് സഹകരണസംഘമായി രജിസ്റ്റർ ചെയ്യുകയും 1961 മുതൽ ബാങ്കിങ്ങ് ബിസിനസ്സും കാർഷികാവശ്യങ്ങൾക്കുള്ള വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവകളുടെ വിതരണം ആരംഭിക്കുകയും ചെയ്തു.

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെ കണക്കിലെടുത്തും ഒരു അംഗത്തിന്റെ എല്ലാ ആവശ്യങ്ങളും (ജനനം മുതൽ മരണംവരെ) ഒരു സ്ഥാപനത്തിൽ നിന്നും നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 20 സഹകരണബാങ്കുകളെ 1977മുതൽ ഫാർമേഴ്സ്സ് സർവ്വീസ്സ് സഹകരണബാങ്കുകളാക്കി ഉയർത്തിയതിനാൽ ഒന്ന് കൊടകരയിലെ 122 –ാം നമ്പർ സംഘമായിരുന്നു. എന്നാൽ അത്തരത്തിലുള്ള എല്ലാ വായ്പ ആവശ്യങ്ങളും നിറവേറ്റുന്നതിന് ഫണ്ടിന്റെ അഭാവം മൂലം ഇന്നും ബാങ്കിന് സാധിച്ചിട്ടില്ല എന്നത് ഒരു വസ്തുതയായി അവശേഷിക്കുന്നു.

ഈ കാലയളവിൽ തന്നെ കൊടകര പഞ്ചായത്ത് അതിർത്തിയിൽ 744–ാം നമ്പ്രായി ഒരു സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ ടി സംഘത്തിന്റെ പ്രവർത്തനം വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധ്യതയില്ലാ എന്നതിന്റെ അടിസ്ഥാനത്തിൽ ടി 744–ാം നമ്പർ സംഘവും 122–ാം നമ്പർ ഫാരമേഴ്സ്സ് ബാങ്കും തമ്മിൽ സംയോജിപ്പിച്ച് 1986 ജൂൺ മുതൽ ഇന്നത്തെ R 761 –ാം നമ്പർ കൊടകര ഫാർമേഴ്സ് ബാങ്കായി പ്രവർത്തിച്ചുവരുന്നു. അപ്രകാരം പ്രവർത്തനം ആരംഭിച്ച ബാങ്കിൽ ഇപ്പോൾ 6659 മെമ്പർമാരും 15 ലക്ഷം ഓഹരി മൂലധവും 2.44 കോടി നിക്ഷേപവും 2.24 കോടി വായ്പാ ബാക്കിനിലവും ഉണ്ട്. ബാങ്കിൽ ഇപ്പോൾ 15 ജീവനക്കാർ ഉണ്ട്. ബാങ്ക് ഇപ്പോൾ ബാങ്കിങ്ങ് ബിസിനസ്സിന് പുറമെ വളം, കീടനാശിനികളുടെ വിവരണവും കൊപ്രസംഭരണം, ഓണചന്ത എന്നിവകളും നടത്തിവരുന്നുണ്ട്.

ഈ കാലഘട്ടത്തിനിടയിൽ തന്നെ ഈ പഞ്ചായത്തിൽ പലവിധത്തിലുള്ള സഹകരണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും എന്നാൽ അവയെല്ലാം തന്നെ അധികകാലം പ്രവർത്തിക്കാനാകാതെ നാമാവശേഷമാകുകയും ചെയ്തിട്ടുള്ള അനുഭവമാണ് നമുക്കുണ്ടായിട്ടുള്ളത്. അതിന്റെ പരാജയകാരണങ്ങൾ എന്തെല്ലാമായിരുന്നു എന്ന് അറിയുന്നതിന് അതുമായി ബന്ധപ്പെട്ടവരോ ആയതുകളുടെ ഓഫീസുകളോ ഒന്നും തന്നെ ഇപ്പോൾ ഇല്ല. ഇത്തരത്തിലുള്ള ചില സംഘങ്ങളാണ്

1. കൊടകര മാതൃകാ പഞ്ചായത്ത് സഹകരണസ്റ്റോർ
2. കൊടകര ബീഡി വ്യവസായ സംഘം
3. ഫർണിച്ചർ നിർമ്മാണ സംഘം
4. ഹരിജൻ സഹകരസംഘം
5. വനിതാ സഹകരണസംഘം (നോട്ടുബുക്ക് നിർമ്മാണം)
6. പുൽപ്പായനെയ്ത്ത് സഹകരണസംഘം
7. കൊടകര കൺസ്യൂമർ സ്റ്റോർ

ഗ്രാമസഭകളുടെ യോഗം ചേർന്ന് അതിൽ ഉണ്ടായ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കും വിധം സഹകരണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം പരിശോധിക്കുമ്പോൾ ആദ്യമായി നാം ചിന്തിക്കേണ്ടത് അപ്രകാരമുള്ള സഹകരണസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം സിദ്ധിച്ച ജോലിക്കാരും സ്ഥാപനം നടത്തികൊണ്ടു പോകുന്നതിന് പരിചയ സമ്പന്നരായ ജീവനക്കാരും ഭരണനൈപുണ്യം സിദ്ധിച്ച ഒരു മാനേജ്മെന്റും ആവശ്യമാണ്. മാത്രമല്ല ഉൽപ്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധനങ്ങൾ ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള സാദ്ധ്യതകളും ഉണ്ടായിരിക്കണം ഇതെല്ലാം ഉണ്ടായാൽ തന്നെ വളരെ ശ്രദ്ധേ

142

യോടും ചിട്ടയായും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയില്ലെങ്കിൽ മുകളിൽ ചേർന്ന സ്ഥാപനങ്ങളുടെ ഗതികേട് പുതുതായി രൂപീകരിക്കുന്ന സ്ഥാപനങ്ങൾക്കും സംഭവിക്കുന്നതിന് ഇടയാക്കുന്നതാണ്.

## വനിതാ സഹകരണസംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്ത് അതിന്റെ കീഴിൽ പരിശീലനം സിദ്ധിച്ച തയ്യൽക്കാരുടെ ഒരു യൂണിറ്റ് രൂപീകരിച്ചാൽ തൊഴിൽ രഹിതരായ തയ്യൽ പണിക്കാർക്ക് തൊഴിൽ നൽകുന്നതിന് സാധിക്കുന്നതാണ്. കൂടാതെ കറിമസാല, ചിപ്സ്, മറ്റ് ഗാർഹികാവശ്യങ്ങൾക്കുള്ള സാധനങ്ങൾ എന്നിവ പായ്ക്കറ്റിലാക്കി വില്പന നടത്തുന്നതിന് ഒരു യൂണിറ്റും ആരംഭിക്കാവുന്നതാണ്. ഇത്തരത്തിൽ സാധനങ്ങൾ ഉൽപാദിപ്പിച്ച് ഓരോ വാർഡിലും വീടുകളിൽ നേരിട്ട് എത്തിച്ച് വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്ന പക്ഷം തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഇതിന്റെ കീഴിൽ തന്നെ പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റും ആരംഭിക്കാവുന്നതാണ്.

## ക്ഷീരസംഘങ്ങൾ

ക്ഷീര സഹകരണസംഘങ്ങളെ സംബന്ധിച്ചാണെങ്കിൽ ഇപ്പോൾ തന്നെ ഈ പഞ്ചായത്തിൽ രണ്ട് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൊടകരയിലും മറ്റൊന്ന് കനകമലയിലും. ഈ സംഘങ്ങളിൽ പരിമിതമായ തോതിൽ മാത്രമാണ് പാൽസംഭരണം നടക്കുന്നത്. ഇനിയും ഈ പഞ്ചായത്തിൽ സംഘങ്ങൾ രൂപീകരിക്കുന്നതായാൽ പ്രവർത്തനചിലവും മറ്റും അധികരിക്കുമെന്നതിനാൽ ഇപ്പോഴത്തെ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ആയതിന്റെ പാൽ സംഭരണ കേന്ദ്രങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുകയും കൂടുതൽ പാൽ സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതായിരിക്കും കൂടുതൽ അഭികാമ്യം.

കനകമലക്ഷീരോൽപാദക സഹകരണസംഘം 1991 നവംബർ 25ന് പ്രവർത്തനം ആരംഭിച്ചു എങ്കിലും ആയതിന്റെ രജിസ്ട്രേഷൻ 27.2.92ൽ ആണ് നടന്നത്. സംഘത്തിൽ ഇപ്പോൾ 3 ജീവനക്കാർ ഉണ്ട്. ദിവസേന ശരാശരി 475 ലിറ്റർ പാൽ മാത്രമാണ് സംഭരിക്കുന്നത്. സ്ഥാപനം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മലപ്രദേശമായതിനാൽ കന്നുകാലി വളർത്തലിന് അനുയോജ്യമാണ് ഈ പ്രദേശം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവിടത്തെ ജനങ്ങൾക്ക് സാമ്പത്തിക സബ്സിഡിയോടുകൂടി കന്നുകാലി വളർത്തലിനു വായ്പ ലഭ്യമാക്കുകയാണെങ്കിൽ ഈ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് സാധിക്കും. സങ്കരയിനം കന്നുകുട്ടികൾക്ക് നൽകിവരുന്ന സൗജന്യ കന്നുകാലിതീറ്റ, സൗജന്യവൈദ്യസഹായം എന്നിവ ഈ സംഘം വഴി വിതരണം നടത്തുകയാണെങ്കിൽ കൂടുതൽ സങ്കരയിനം കന്നുകാലികൾ ഇവിടെ ഉണ്ടാകുന്നതിനും സാധ്യത ഉണ്ട്.

കൊടകര ക്ഷീരസംഘത്തിനു മേൽ വിവരിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ ടി സംഘത്തിന്റെ പ്രവർത്തനം ഇന്നത്തെ നിലയിൽ നിന്ന് കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

## സഹകരണമേഖലയിൽ പലചരക്ക് പച്ചക്കറി വിതരണം.

സഹകരണമേഖലയെ സംബന്ധിച്ചിടത്തോളം പലചരക്ക് കച്ചവടം വിജയപ്രദമാക്കണമെങ്കിൽ സ്റ്റോറിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ഉൽപാദനരംഗത്തു നിന്നും നേരിട്ട് വാങ്ങി സംഘം സ്റ്റോർ വഴിവിൽപന നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഇന്ന് ഇല്ലാത്തതും അതുമാത്രമാണ്. പൊതുവിപണിയെ ആശ്രയിച്ച് സഹകരണസ്റ്റോർ പ്രവർത്തിപ്പിക്കുന്നതിന് നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രയാസമേറിയ കാര്യമാണ്. ഇതിനുള്ള പ്രധാന ഉദാഹരണമാണ് ഇവിടെ പ്രവർത്തിപ്പിച്ചിരുന്ന മാതൃകാ പഞ്ചായത്ത് സഹകരണസ്റ്റോർ, ഈ അടുത്തകാലത്ത് പേരാമ്പ്രയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന കൊടകര സഹകരണസ്റ്റോർ എന്നിവയും ഗവർമേണ്ടിന്റെ സാമ്പത്തിക സഹായത്തോടെ ഫാർമേഴ്സ്സ് ബാങ്ക് ലീഡ് ബാങ്കായും സമീപപ്രദേശങ്ങളിലെ സഹകരണസ്ഥാപനങ്ങൾ ലിങ്ക് സ്റ്റോറായും 1980 മുതൽ ആരംഭിച്ച ലീഡ് സ്റ്റോർ പ്രവർത്തനവും അധികം താമസിയാതെ അവസാനിപ്പിച്ചതും മറ്റും സ്വകാര്യവ്യക്തികൾ ലക്ഷക്കണക്കിന് രൂപക്ക് ബില്ല് എഴുതാതെ വ്യാപാരം നടത്തുമ്പോൾ സഹകരണസ്ഥാപനങ്ങൾക്ക് ബില്ല് എഴുതാതെ ഒന്നും തന്നെ വില്പന നടത്താൻ സാധിക്കുന്നതല്ല.

143

തന്മൂലം ഭീമമായ സംഖ്യകൾ വില്പനനികുതിയും മറ്റും സർക്കാരിലേക്ക് അടക്കേണ്ടിവരുന്നു എന്നാൽ സ്വകാര്യ വ്യക്തികൾക്ക് ഇതു ബാധകമല്ല.

അതുകൊണ്ട് വില്പനനികുതിയിൽ നിന്നും സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കുകയോ അല്ലാത്ത പക്ഷം ആയതിന് സബ്സിഡി അനുവദിക്കുകയോ ചെയ്യുകയും ഓരോ ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകം ലൈസൻസുകളും ജാമ്യബോണ്ടുകളും ഒഴിവാക്കി ഒരു കടയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ആയത് പരിമിതപ്പെടുത്തുകയും ചെയ്യുക എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തുകയും ചെയ്താൽ ഒരു വിധം സ്റ്റോർ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുവാൻ സാധിക്കുകയും ഇന്ന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജില്ലാതലത്തിലുള്ള സഹകരണസ്റ്റോറുകൾ എല്ലാം തന്നെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള ഒരു പ്രധാന കാരണം ഇതുതന്നെയാണ്.

ഇങ്ങനെയെല്ലാം അനുകൂല സാഹചര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ സഹകരണസ്റ്റോറും പച്ചക്കറി വ്യാപാരവും ലാഭകരമായി പ്രവർത്തിക്കാൻ ഉള്ള സാധ്യത തള്ളികളയാവുന്നതല്ല.

പൊതുവിതരണം മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ കൊടകര പഞ്ചായത്തിൽ സിവിൽ സപ്ലൈകോർപ്പറേഷൻ വക ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ആയത് കൂടുതൽ സ്ഥലങ്ങളിൽ സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

## പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘം

കൊടകര പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ ഉന്നമനത്തിനു വേണ്ടി ഒരു സംഘം രൂപീകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അത് ആ വിഭാഗത്തിൽപ്പെട്ടവരുടെ ജോലി സാദ്ധ്യതയും സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുന്നതായിരിക്കും. കൊട്ട പനമ്പ് എന്നിവയുടെ നിർമ്മാണത്തിൽ അവരെ സഹായിക്കാനും അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

## കോഴിവളർത്തൽ സഹകരണസംഘം.

കൊടകര പഞ്ചായത്ത് വ്യാപകാതൃത്തിയായി കോഴിവളർത്തുന്നതിന് ഒരു സഹകരണസംഘം രൂപീകരിക്കുക. ടി. സംഘത്തിലെ മെമ്പർമാർക്ക് ആവശ്യമായ നല്ലയിനം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവക്ക് ആവശ്യമായ കോഴിതീറ്റകളും മൊത്തമായി സംഭരിച്ച് വിതരണം നടത്തുകയും കാലാകാലങ്ങളിൽ വേണ്ടതായ വൈദ്യസഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്ന കോഴികൃഷി വളരെ ആദായകരമായി നടത്തുന്നതിന് സാധിക്കുന്നതാണ്.

ഉൽപ്പാദിപ്പിക്കുന്ന കോഴിമുട്ടകളുടെയും ഇറച്ചികോഴികളുടേയും വില്പന സംഘം നേരിട്ട് നടത്തുകയും ചെയ്യുന്നതായാൽ അതുമൂലം സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതുവഴി നമ്മുടെ പഞ്ചായത്തിലെ വീട്ടമ്മമാർക്കും തൊഴിൽ രഹിതരായ യുവാക്കൾക്കും ഒരു ജോലിയും വരുമാനമാർഗ്ഗവും ഉണ്ടാക്കുന്നതിൽ പ്രയോജനകരമാക്കുന്നതുമാണ്.

കൊടകര പഞ്ചായത്തിലെ 11 ഗ്രാമസഭകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്തിലെ ഇന്നത്തെ നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയും തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്. ഗ്രാമസഭകളുടെ സാമ്പത്തിക സാമൂഹ്യ വികസനത്തിൽ നിർണ്ണായകപങ്കുവഹിക്കാൻ ഇന്നത്തെ സഹകരണപ്രസ്താനത്തിന് കഴിയുമാറ് ആവശ്യമായ മുൻഗണന നിശ്ചയിക്കുന്നതിന് ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

144



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കാലാകാലങ്ങളായി ചൂഷത്തിനു വിധേയരായി സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിഞ്ഞിരുന്ന പട്ടികജാതി പട്ടികവർഗ്ഗം ഉയർത്തെഴുന്നേൽപ്പിന്റെയും, തിരിച്ചറിവിന്റെയും പാതയിലേക്ക് എത്താനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്.

കുടികിടപ്പാവകാശം ലഭിക്കുകയും, വിദ്യാഭ്യാസ സൗകര്യം ഉണ്ടാകുകയും ചെയ്തത് ഈ വിഭാഗത്തിന്റെ സമൂഹത്തിലെ സ്ഥാനവും, ആത്മാഭിമാനവും വർദ്ധിപ്പിക്കാൻ സഹായകമായി. എങ്കിലും ഇന്നും ഈ വിഭാഗത്തിൽ പെട്ടവരിൽ മിക്കവരും മോശമോ വളരെ മോശമോ ആയ ചുറ്റുപാടുകളിലാണ് കഴിയുന്നത്. അതുപോലെത്തന്നെ ദരിദ്രരോ, തീരെ ദരിദ്രരോ ആയവരിൽ ബഹുഭൂരിപക്ഷവും പട്ടികജാതിയിൽ പെട്ടവരാണ്.

കാർഷിക രംഗത്തെ കൂലിപ്പണിയും പരമ്പരാഗത തൊഴിലുകളായ പനമ്പ്, കുട്ടനെയ്ത്ത്, അലക്കൽ, കൽപ്പണി, തെങ്ങുകയറ്റം മുതലായവയാണ് ഈ വിഭാഗത്തിൽ പെട്ടവരുടെ പ്രധാന തൊഴിലുകൾ.

കൊടകര പഞ്ചായത്തിൽ 3561 പേർ പട്ടികജാതിയിൽ പെടുന്നവരാണ്. മൊത്തം ജനസംഖ്യയുടെ 12.78 % വരും. പട്ടികവർഗ്ഗത്തിൽ പെട്ടവർ ഈ പഞ്ചായത്തിൽ ആരുമില്ല. പട്ടികജാതിക്കാരിൽ പുലയവിഭാഗത്തിൽ പെടുന്നവരാണ് അധികവും. സാംബവ, പടന്ന, വേലൻ, പാണൻ വിഭാഗത്തിൽ പെടുന്നവരുമുണ്ട്.

എണ്ണൂറോളം കുടുംബങ്ങളിലായി 3561 പട്ടികജാതിക്കാരാണ് പഞ്ചായത്തിലുള്ളത്. അംഗീകൃത ഹരിജൻ (IHDP) കോളനികൾ രണ്ടെണ്ണമാണുള്ളത്. പുലിപ്പാറയും പഴമ്പിള്ളിയും. ഇവയിൽ യഥാക്രമം 420 ഉം, 234 ഉം അംഗങ്ങളുണ്ട്. വീടുകളുടെ എണ്ണം യഥാക്രമം 102 ഉം, 86 ഉം ആണ്. അംഗീകാരം ലഭിക്കേണ്ടതായ 16 കോളനികൾ കൂടിയുണ്ട്. മൊത്തം 18 കോളനികളിലും കൂടി 542 വീടുകളിൽ 599 കുടുംബങ്ങളിൽപെട്ട 2099 പേരുണ്ട്.

കോളനികളില്ലാതെ 200 ഓളം വീടുകളിൽ പട്ടികജാതിക്കാർ ഒറ്റക്കൊറ്റക്കായി നിവസിക്കുന്നുണ്ട്. ഈ പഞ്ചായത്തിലാകെ നൂറിൽ താഴെ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായ വീടില്ല. പുരയിടമില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവർ ഉദ്ദേശം 89 പട്ടികജാതി കുടുംബങ്ങളുണ്ട്.

വീടുകൾ മിക്കവയും ചെറ്റകുടിലുകളാണ്. ജീവിത സാഹചര്യങ്ങൾ വളരെ മോശപ്പെട്ട നിലയിലാണ്. കോളനികളടക്കം പട്ടികജാതിക്കാരുടെ ആവാസ കേന്ദ്രങ്ങൾ, കുന്നിൻ പുറങ്ങളോ, ചതുപ്പുനിലങ്ങളോ ആകയാൽ കൃഷിക്കനുയോജ്യമല്ല. ജലസേചനം, കുടിവെള്ളം, ഗതാഗതം, വൈദ്യുതി എന്നീ എല്ലാ കാര്യങ്ങളിലും കൊടകര പഞ്ചായത്തിലെ മറ്റു ഭാഗങ്ങളെ

145

അപേക്ഷിച്ച് ഈ വിഭാഗക്കാർ താമസിക്കുന്ന മേഖലകൾ വളരെ പിന്നോക്കാവസ്ഥയിലാണ്. താരതമ്യേന മെച്ചപ്പെട്ടയിടങ്ങൾ കൈവശമുള്ളവർ പോലും അവരുടെ സാഹചര്യങ്ങൾ അവരെ ഉൾപ്രദേശങ്ങളിലേക്ക് പോകാൻ നിർബന്ധിതരാക്കാറുണ്ട്.

ഈ പ്രദേശത്തിന്റെ സാംസ്കാരിക ഔന്നത്യത്തേയും ജാതിമത ചിന്തകൾക്കെതിരായ വികാരം സൂചിപ്പിക്കുന്നവരാണ്. ഇതിൽ നമുക്ക് അഭിമാനം കൊള്ളാം.

1995 സെപ്തംബറിൽ നടന്ന ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സംവരണ സീറ്റിനു പുറമെ രണ്ട് വാർഡുകളിൽ നിന്നും പട്ടികജാതിയിൽപെട്ട അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടുവെന്ന വസ്തുത അഭിമാനാർഹമാണ്.

എങ്കിലും ചിലയിടങ്ങളിലെങ്കിലും ജാതീയമായ ഉച്ചനീചത്വങ്ങൾ വെച്ചു പുലർത്തുന്നുണ്ടെന്ന് ഒന്നിലധികം ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകൾ ചൂണ്ടികാണിക്കുന്നു. ഇത് തികച്ചും ശ്രദ്ധേയമായ ഒരു കാര്യമാണ്.

ജാതി പറഞ്ഞ് വിളിക്കുന്ന രീതിയും ഈ ജാതികളിൽ പെട്ടവരുടെ വീടുകളിൽനിന്ന് വിശേഷാവസരങ്ങളിൽപ്പോലും ഭക്ഷണംകഴിക്കാൻ വിസമ്മതിക്കുന്ന ശീലവും പ്രാദേശികമായ ഏറ്റക്കുറച്ചിലുകളോടു കൂടിയാണെങ്കിലും പരോക്ഷമായെന്നല്ല പ്രത്യക്ഷമായും അനുഭവപ്പെടുന്നുണ്ട് എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

## പാളിപ്പോകുന്ന പദ്ധതികൾ

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടേയും ഹരിജന ക്ഷേമ വകുപ്പിന്റേയും പട്ടികജാതി വികസന കോർപ്പറേഷന്റേയും വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും പലപ്പോഴും ഇവയുടെ ഗുണം വേണ്ടത്ര ലഭ്യമായിട്ടില്ല. ഉണർത്തിയ പ്രതീക്ഷകൾക്കോ ഉപയോഗിച്ച ഊർജ്ജത്തിനോ ചിലവാക്കിയ സമ്പത്തിനോ അനുസൃതമായ നേട്ടം കൈവരിക്കുവാൻ ആയിട്ടില്ല എന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ പറ്റൂ.

സാമൂഹ്യമായ പിന്നോക്കാവസ്ഥ, ദാരിദ്ര്യം, അജ്ഞത, അഭിവൃദ്ധി നേടാൻ കഴിവില്ലായ്ക ഇവയെല്ലാം ഈ വിഭാഗക്കാരെ വീണ്ടും പിന്നോക്കാവസ്ഥയിലേക്ക് എത്തിക്കുന്നു. ഈ ദൂഷിതവലയം തകർത്തേ പറ്റൂ.

നിലവിലുള്ള പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ, പദ്ധതികൾ പ്രായോഗികമാക്കുന്നതിൽ വരുന്ന പരാജയം, പ്രയാസമേറിയ നിബന്ധനകൾ, വിവേചന രഹിതമായ ഉപയോഗം, ആനുകൂല്യങ്ങൾ അന്യവിഭാഗങ്ങൾ തട്ടിയെടുക്കുന്ന അവസ്ഥ ഇവയെല്ലാം പദ്ധതികൾ പരാജയപ്പെടുന്നതിന് കാരണമായി പറയാവുന്നതാണ്. പലപ്പോഴും തങ്ങൾക്ക് പരിചിതമല്ലാത്ത മേഖലകളിലേക്ക് ലോണിന്റെ പിൻബലം കൊണ്ടു മാത്രം കടന്നു ചെല്ലാൻ നിർബന്ധിതരാവുകയും കടക്കെണിയിൽ വീണുപോവുകയും ചെയ്യുന്നത് സാധാരണമാണ്.

## വിദ്യാഭ്യാസം

സമ്പൂർണ്ണ സാക്ഷരത നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എങ്കിലും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇനിയും തുടരേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഏതൊരു വർഗ്ഗത്തിനും വിമോചനം സാദ്ധ്യമാകൂ.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് അനല്പമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും പല പ്രശ്നങ്ങളും പ്രകടമായിത്തന്നെ നിലനിൽക്കുന്നു. പട്ടികജാതിയൽപെട്ട കുട്ടികൾ എല്ലാവരും സ്കൂളിൽ എത്താറാണ്ടെങ്കിലും പ്രാഥമിക വിദ്യാഭ്യാസം പോലും നേടുന്നതിനു മുമ്പേ പലരും പഠനം നിർത്തുന്നു.

പഞ്ചായത്തിലെ വിവിധ സ്കൂളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 96 – 97 അദ്ധ്യയന വർഷം പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1**

| സ്കൂളിന്റെ പേര് | ആകെ | ആൺ. | പെൺ. |
|---|---|---|---|
| 1. AUPS തേശ്ശേരി | 79 | 43 | 36 |
| 2. സെന്റ് ആന്റണീസ് യുപിഎസ് പേരാമ്പ്ര | 57 | 33 | 24 |
| 3. KVUPS മനക്കുളങ്ങര | 71 | 34 | 37 |
| 4. GWLPS പുലിപ്പാറക്കുന്ന് | 49 | 29 | 20 |
| 5. St. DBGHS കൊടകര | 103 | 47 | 56 |
| 6. GNBHS കൊടകര | 165 | 165 | — |
| 7. GNGHS കൊടകര | 184 | — | 184 |
| 8. GLPS കൊടകര | 109 | 58 | 51 |
| ആകെ | 817 | 409 | 408 |

91 മുതൽ 96 വരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിൽ ശ്രദ്ധേയമായ ഏറ്റക്കുറച്ചിലുകൾ കാണുന്നില്ല. പഠനം പകുതിവച്ച് നിർത്തിപ്പോകുന്ന കുട്ടികളുടെ കണക്കെടുത്താൽ ഇതിൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം ആനുപാതികമായി അൽപ്പം കൂടുതലാണ്. ഇതിൽത്തന്നെ പെൺകുട്ടികളുടെ എണ്ണം പ്രായേണ കൂടുതലാണ്. കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് രക്ഷിതാക്കളുടെ അശ്രദ്ധയാണ്. പട്ടികജാതി വിദ്യാർത്ഥികൾക്ക് മറ്റു വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുപോലെ പ്രീ – പ്രൈമറി വിദ്യാഭ്യാസവും വീട്ടിൽനിന്നുള്ള പിന്തുണയും ലഭിക്കുന്നില്ല. ഇത് ഇവരെ പഠന നിലവാരത്തിൽ പിറകിലാക്കുകയും, അപകർഷതാബോധം ഉള്ളവരാക്കുകയും ചെയ്യും. പലപ്പോഴും കുടുംബത്തിലെ ദാരിദ്ര്യം കുട്ടികളെ എന്തെങ്കിലും തൊഴിൽ ചെയ്യാൻ നിർബന്ധിതരാക്കാറുണ്ട്.

പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥക്ക് താഴെ പറയുന്ന ഘടകങ്ങൾ കാരണമാകുന്നു.

1. വീട്ടിലെ ഭൗതിക സാഹചര്യങ്ങൾ
2. രക്ഷിതാക്കളിൽനിന്നും സഹായവും പ്രോത്സാഹനവും ലഭിക്കാത്തത്
3. സാമ്പത്തിക പ്രശ്നങ്ങൾ
4. അപകർഷതാ ബോധം
5. അരക്ഷിതബോധം
6. കുടുംബ പരിപാലനത്തിനായി പലപ്പോഴും ജോലികളിൽ ഏർപ്പെടേണ്ടിവരുന്നത്

വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംസം ഗ്രാന്റ് തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്ലാസ് | ഒന്നാം വർഷം | രണ്ടാം വർഷം |
|---|---|---|
| | രൂപ | രൂപ |
| 1 | 50 | 25 |
| 2 | 50 | 25 |
| 3 | 50 | 25 |
| 4 | 55 | 22.5 |
| 5 | 85 | 40 |
| 6 | 90 | 45 |
| 7 | 90 | 45 |
| 8 | 125 | 62 |
| 9 | 125 | 62 |
| 10 | 125 | 62 |

ഓരോ ക്ലാസിലും വിദ്യാർത്ഥികൾക്കാവശ്യമായ തുകയുടെ ഒരംശംപോലും ആകുന്നില്ല ഇത്.

കോളേജ് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാവട്ടെ ലംസംഗ്രാന്റ് യഥാസമയം ലഭിക്കാറില്ല.

## തൊഴിൽ രംഗം

പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നവരുടെ എണ്ണം ഇല്ലാതായി വരികയാണ്. കാർഷിക മേഖലകളിലാകട്ടെ മൊത്തത്തിൽ അനുഭവപ്പെടുന്ന തളർച്ച തൊഴിൽസാദ്ധ്യതകൾ കുറക്കുന്നുണ്ട്. കാർഷിക രംഗത്തെ കൂലിക്കുറവും സ്ഥിരം പണി കിട്ടാത്തതും കൃഷിപ്പണി മോശമാണെന്ന ആത്മഹത്യാപരമായ ധാരണയും ഈ രംഗം ഉപേക്ഷിച്ച് മറ്റു മേഖലകൾ തേടാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്നു. കർഷകത്തൊഴിലാളികളിൽ നല്ലൊരു പങ്കും നിർമ്മാണ മേഖലയിലേക്ക് മാറുന്നതായി കാണുന്നു.

മറ്റു ജാതി വിഭാഗങ്ങളിലെന്നപോലെ പട്ടികജാതിക്കാരിലും കൃഷിപ്പണിയോടുള്ള ആഭിമുഖ്യം കുറഞ്ഞു വരികയാണ്.

കൃഷിപ്പണി ഇല്ലാത്ത അവസരങ്ങളിൽ പായ, പനമ്പ്, കുട്ട എന്നിവ ഉണ്ടാക്കുന്നതിന് കർഷകത്തൊഴിലാളികൾ സമയം കണ്ടെത്തിയിരുന്നു. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ദൗർല്ലഭ്യം വിപണന സൗകര്യം ഇല്ലായ്മ എന്നിങ്ങനെ പല കാരണങ്ങൾ കൊണ്ടും ഇതില്ലാതായി വരികയാണ്.

## പാർപ്പിടം

പാർപ്പിട പദ്ധതികൾ കോളനി നിവാസികൾക്ക് ഒരു പരിധിവരെ സഹായകമായെങ്കിലും ഒറ്റപ്പെട്ട കുടുംബങ്ങളുടെ അവസ്ഥ ഇന്നും പരിതാപകരമാണ്. ബാങ്കിൽനിന്നും വായ്പയെടുത്ത് പുരയിടംവച്ച് അത് വീട്ടാനാകാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമുണ്ട്.

പലപ്പോഴും ഭൂമി ഈടായി വായ്പയെടുത്തവർക്ക് ആധാരം കൈവശമില്ലാത്തതിനാൽ മറ്റു പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നുണ്ട്. വീട് വക്കാൻ പുരയിടമില്ലാത്തവർ ധാരാളമായിട്ടുണ്ട്.

പാർപ്പിട സൗകര്യമുള്ളവരിൽ തന്നെ സ്വന്തമായി കക്കൂസില്ല. ഇതുളവാക്കുന്ന ശുചിത്വ – ആരോഗ്യ പ്രശ്നങ്ങൾ അനവധിയാണ്.

## കുടിവെള്ളം

പഞ്ചായത്തിൽ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് നാടുകുന്ന്, ആനത്തടം, പുലിപ്പാറ ഈ പ്രദേശങ്ങളിൽ പട്ടികജാതിക്കാരുടെ എണ്ണവും വളരെക്കൂടുതലാണ്. ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ special component scheme പ്രകാരം പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

## ഗതാഗതം

മിക്ക കോളനികളിലും ഗതാഗത സൗകര്യങ്ങൾ കുറവാണ്. കോളനികൾ സ്ഥിതി ചെയ്യുന്നത് ചെരിവുള്ള ഭൂപ്രദേശങ്ങളിലായതിനാൽ മണ്ണൊലിപ്പ് കൂടുതലാണ്. റോഡുകൾ വർഷകാലങ്ങളിൽ ചാലുകളായി മാറുന്നു. പുലിപ്പാറ, ആനത്തടം, കാവുന്തറ, കുഴിക്കാണി എന്നീ ചിലതൊഴികെ മറ്റു കോളനികളിൽ ടാർ റോഡില്ല.

ആനത്തടം നാലു സെന്റ് കോളനി, പുലിപ്പാറ നാലുസെന്റ് കോളനി എന്നിവയിൽ ഇതുവരേയും വൈദ്യുതി എത്തിയിട്ടില്ല.

## ആരോഗ്യം

അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് മിക്ക പട്ടികജാതി കുടുംബങ്ങളും കഴിയുന്നത്. ജനങ്ങളുടെ അറിവില്ലായ്മയും പലപ്പോഴും ആരോഗ്യ പരിപാലനത്തിന് തടസ്സമാകാറുണ്ട്.

## നിർദ്ദേശങ്ങൾ

1. സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ താല്പര്യങ്ങൾ കൂടി കണക്കിലെടുത്ത് പ്രാവർത്തികമാക്കുക.

2. വ്യക്തിഗത സഹായങ്ങളേക്കാൾ ഗ്രൂപ്പ് സംരഭങ്ങൾക്കും കുടുംബാടിസ്ഥാനത്തിലുള്ള പദ്ധതികൾക്കും മുൻഗണന നൽകുക.

3. വിദ്യാർത്ഥികൾക്കുള്ള ലംസം ഗ്രാന്റും സ്റ്റൈപ്പന്റ് തുകയും കാലാനുസൃതമായി പരിഷ്കരിക്കുക. അവയുടെ കാലവിളംബം ഒഴിവാക്കുകയും ചെയ്യുക.

4. വിദ്യാഭ്യാസം നിറുത്തിപ്പോകുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പ്രോത്സാഹനം നൽകുക.

5. പരമ്പരാഗത കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയും ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾക്ക് വേദിയൊരുക്കുകയും ചെയ്യുക.


6. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകാൻ പദ്ധതികൾ ആവിഷ്കരിക്കുക.

7. കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി ആരോഗ്യ ശുചിത്വ പ്രശ്നങ്ങൾകൂടി പരിഹരിക്കുക.

8. കോളനികളിലെ കുടിവെള്ളക്ഷാമം വൈദ്യുതി, റോഡ് പ്രശ്നം എന്നിവ പ്രത്യേകം പരിഗണന നൽകി പരിഹരിക്കുക.

9. ഇടത്തട്ടുകാരെ ഒഴിവാക്കുകയും സർക്കാർ ആനുകൂല്യങ്ങൾ യഥാസമയം എത്തുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.

148



# വിഭവ സമാഹരണം

നമ്മുടെ ഗ്രാമം നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണ് വ്യവസായമേഖലയിലെ നിശ്ചലത. കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനം അപ്പോളോ ടയേഴ്സാണ്. ഈ ഫാക്ടറിയിൽ വളരെയധികം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടെങ്കിലും, ഈ ഗ്രാമത്തിലെ തൊഴിൽ അന്വേഷകർക്ക് കാര്യമായ തൊഴിൽ പങ്കാളിത്തം ഇല്ല. ചെറിയ വ്യവസായ യൂണിറ്റുകളാണ് ഇവിടെ മറ്റുള്ളവ.

വ്യവസായ പുരോഗതിക്ക് പ്രധാനമായ തടസം വൈദ്യുതി ക്ഷാമമാണ്. ഇത് പരിഹരിക്കാതെ ഈ രംഗത്ത് പുതിയ വിഭവ സമാഹരണത്തിനുള്ള സാധ്യത വളരെ കുറവാണ്.

കാർഷികരംഗം ഇന്ന് മുരടിക്കുകയാണ് കൃഷിനിലങ്ങൾ താമസ പറമ്പുകളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഉല്പാദന ക്ഷമത കുറയുന്നു. രാസവള പ്രയോഗംമൂലം ഉണ്ടാകുന്ന ദോഷങ്ങൾ ഒഴിവാക്കാനായ് ജൈവവള പ്രയോഗത്തിന് പ്രധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കാനുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണം. ഇതുവഴി വിഭവസമാഹരണം വർദ്ധിപ്പിക്കാൻ കഴികയും.

വിഭവസമാഹരണത്തിന്റെ സാധ്യതകൾ മനസ്സിലാക്കി മാത്രമേ, പദ്ധതികൾക്ക് രൂപം നല്കുവാൻ കഴിയുകയുള്ളു. അതുകൊണ്ട് പഞ്ചായത്തിന്റെ ധനഗമന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയണം. പണം എങ്ങനെയാണ് ചെലവഴിക്കേണ്ടത് എന്നും, വരുമാനം വർദ്ധിപ്പിക്കേണ്ടത് എങ്ങനെയെന്നും അറിഞ്ഞിരിക്കണം. ഇതിനായി പഞ്ചായത്തിന്റെ വരവ് ചെലവു കണക്കുകൾ വ്യക്തമായി അറിഞ്ഞിരിക്കണം. കൊടകര പഞ്ചായത്ത് സ്പെഷൽ ഗ്രേഡ് പഞ്ചായത്താണ്.

ഗൾഫ്മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം പരിമിതമാണ്. ആയതിനാൽ സാമ്പത്തിക രംഗത്ത് ഇതുമൂലം കാര്യമായ വ്യതിയാനം ഉണ്ടായിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ 95 – 96 കച്ചവട സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ്ഫീസായി 43685 രൂപ കിട്ടിയിട്ടുണ്ട്. ലോൺ വാങ്ങാൻ ആവശ്യമുള്ളപ്പോഴോ, മറ്റുള്ള ആവശ്യങ്ങൾക്കോ, ലൈസൻസ് എടുക്കു

### വരുമാനത്തിലെ വ്യതിയാനം

| ഇനം | 91– 92 | 95–96 | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി | 325998 | 534821 | 208823 |
| വിനോദനികുതി | 112286 | 150902 | 38616 |
| തൊഴിൽനികുതി | 466140 | 1068118 | 601978 |
| ഉപാധിരഹിത ഫണ്ട് | 156000 | 246600 | 90600 |
| ഗ്രാന്റുകൾ | 146544 | 213607 | 67603 |
| വസ്തുതകൈമാറ്റ നികുതി | 128271 | 261285 | 133014 |
| ലൈസൻസ് ഫീസ് | 32198 | 43685 | 11487 |
| വാടക | 126788 | 589636 | 352848 |
| ഡെപ്പോസിറ്റ് | 60709 | 138537 | 77828 |
| മറ്റുള്ളവ | 222807 | 117916 | 104891 |
| ആകെ | 1757741 | 3465107 | 1707366 |

മ്പോൾ ആണ് നികുതി കൊടുക്കാൻ കച്ചവടക്കാർ മുന്നോട്ടുവരുന്നത്. ഈ നിലപാട് മാറ്റേണ്ടതാണ്.

നിലവിലുള്ള നികുതികൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നത് എന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടുവാൻ കഴിയും.

## കെട്ടിട നികുതി

ഓരോ വാർഡിലും നികുതി പിരിക്കുന്ന തീയതിയും, സമയവും മുൻകൂട്ടി അവിടെയുള്ള വികസന സമിതികളെ അറിയിക്കുകയാണെങ്കിൽ അവരുടെ സഹകരണത്തോടെ നികുതി പിരിച്ചെടുത്ത് ശക്തമാക്കാൻ സാധിക്കും.

## വിനോദ നികുതി

ഇപ്പോൾ സിനിമ തിയ്യേറ്ററിൽനിന്ന് നികുതി ഈടാക്കുന്ന രീതി ശാസ്ത്രീയമല്ല.

## മറ്റു ധനാഗമന മാർഗ്ഗങ്ങൾ

പഞ്ചായത്തിലെ പുറമ്പോക്കു ഭൂമി കൃത്യമായി അളന്നു തിട്ടപ്പെടുത്തി, ഉപയോഗപ്രദമാക്കുകയാണെങ്കിൽ നേരിയ തോതിലുള്ള വരുമാന മാർഗ്ഗം ഉണ്ടാകും.

## പണമിടപാട് സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഫാർമേഴ്സ് സഹകരണ ബാങ്ക്, കാർഷിക വകസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ, ഗവ: ടീച്ചേഴ്സ് സഹകരണ ബാങ്ക്, ലോർഡ് കൃഷ്ണാ ബാങ്ക്, സെൻട്രൽ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, സൗത്തിന്ത്യൻ ബാങ്ക്, കെ.എഫ്.സി. ഇത്തരത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾ നിലവിലുണ്ട്. ഈ ബാങ്കുകൾ സ്വരൂപിക്കുന്ന നിക്ഷേപതുകയുടെ 40 ശതമാനം ഇവിടെ ചെലവഴിക്കുന്നു. ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന മുഴുവൻ സംഖ്യയും, ഇവിടെത്തന്നെ വായ്പയായി നല്കുന്നു.

150

## ചെലവുകൾ

പഞ്ചായത്തിന്റെതായ ചെലവുകൾ താഴെ കൊടുക്കുന്നു.

| ഇനം | 91 - 92 | 95 - 96 |
|---|---|---|
| ഭരണം | 454261 | 903866 |
| പൊതുമരാമത്ത് | 293907 | 920509 |
| വിദ്യാഭ്യാസം | 42310 | 43677 |
| ജലവിതരണം | 62536 | 120837 |
| തെരുവ്വിളക്കുകൾ | 133572 | 149321 |
| മറ്റുള്ളവ | 632335 | 1018915 |
| ആകെ | 1618741 | 3157125 |

**ജെ.ആർ.വൈ.**

| കൊല്ലം | വരവ് | ചെലവ് | ശതമാനം |
|---|---|---|---|
| 91 - 92 | 435700 | 260019 | 59.67 |
| 92 - 93 | 446433 | 357404 | 80.05 |
| 93 - 94 | 502023 | 310802 | 61.09 |
| 94 - 95 | 270161 | 147467 | 54.58 |
| 95 - 96 | 606802 | 183106 | 30.17 |

## പൊതുമരാമത്ത് ചെലവ്

പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിൽ ഏറ്റവും ചെലവു വരുത്തുന്നത് പൊതുമരാമത്ത് പണിക്കാണ്. 5000 രൂപ വീതം ചെലവഴിച്ചുകൊണ്ടുള്ള റിപ്പയർ വർക്ക് ഏതാണ്ട് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള താൽക്കാലിക വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല എന്നു മാത്രമല്ല, പഞ്ചായത്തിന്റെ ഫണ്ട് പാഴായി പോകുകയും ചെയ്യുന്നു. പഞ്ചായത്തിലെ മണ്ണുറോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം അയൽകൂട്ടങ്ങൾക്കായിരിക്കണം. മഴക്കാലം തുടങ്ങുന്നതിനു മുൻപേ റോഡിന്റെ അരികിലുള്ള ചാലുകൾ വൃത്തിയാക്കേണ്ടതാണ്.

## നാഷണൽ സേവിംഗ് സ്കീം

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ അവരുടെ നിക്ഷേപത്തിന്റെ ഒരു പരിധി വരെ ഇന്ദിരാ വികാസ്പത്രയിൽ നിക്ഷേപിക്കുകയാണെങ്കിൽ അതിന്റെ ചെറിയ തോതിലുള്ള ഗുണം പഞ്ചായത്തിന് ഉണ്ടായിരിക്കും. അതിനാൽ പരമാവധി സമ്പാദ്യ നിക്ഷേപം (മഹിളാപ്രധാൻ ഏജന്റ് മുഖേന) സ്വരൂപിക്കുന്നതിനുവേണ്ടി ബോധവൽക്കരണം ഗ്രാമസഭകൾ വഴി നടത്തണം.

## മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ പ്രധാനമായ വിഭവം മനുഷ്യ ശക്തി തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും, മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങളിൽ സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി - മത - കക്ഷി - ചിന്തകൾക്ക് അതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അധ്വാനം നൽകുക എന്നത് വളരെ നല്ല ആശയമാണ്.

എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനം ഉള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് തന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലക്ക് ഗുണം ചെയ്യും.

151

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

*പ്രാഥമിക മേഖല*

എം.ഡി.തിലകൻ (കൃഷി ഓഫീസർ)
ബാബുട്ടൻ (കൃഷിഭവൻ)
എം.സി.ദിനേശൻ
വർഗ്ഗീസ് പായിപ്പൻ
ഡോ.റാഫേൽ (വെറ്റിനറി സർജൻ)
ഷിബു വർഗ്ഗീസ്
കെ.കെ.ആന്റണി


*ദ്വിതീയ മേഖല*

എം.കെ.ദാസ്
പി.യു.തിലകൻ
ഗോപികൃഷ്ണൻ (V.E.O)
ഡോ.കൃഷ്ണനുണ്ണി (P.H.C. സെന്റർ കൊടകര)
കെ.എസ്. ലക്ഷ്മി
പി.കെ.സുധാകർ (K.S.E.B)
വി.എം.ജോർജ്ജ്
കെ.എസ്. സതീശൻ
സുവർണ്ണ എസ്. മേനോൻ
രമ കൃഷ്ണൻകുട്ടി.
എൻ. പ്രദീപ്
ഏ.യു പ്രദീപ്
ബാലൻമേനോൻ മാസ്റ്റർ
എം.കെ. ജോർജ്ജ്
ദാമോദരൻ മാസ്റ്റർ

*ത്രിതീയ മേഖല*

ജോയി കുയിലാടൻ
അച്യുത പൊതുവാൾ
ദേവസി മലപ്പാൻ
ഏ.സി. വേലായുധൻ
മോഹൻദാസ് മാസ്റ്റർ
വി.എസ്. ശിവാനന്ദൻ
ജോളി ജോസ് (J.S)
അജിത രാധാകൃഷ്ണൻ

152



# ഉപസംഹാരം

വികസനത്തെകുറിച്ച് ജനങ്ങൾ കൂടുതൽ അറിയുകയും വികസന പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ ആസൂത്രമ പ്രക്രിയ ജനാധിപത്യവൽക്കരിക്കാൻ കഴിയൂ. ജനാധിപത്യത്തിന്റെ അടിസ്ഥാനം തന്നെ ഭരണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലൂടെ ജനാധിപത്യം കൂടുതൽ ശക്തവും അർത്ഥ പൂർണ്ണവുമായിത്തീരും.

നമ്മുടെ പഞ്ചവത്സര പദ്ധതികൾക്ക് നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടാൻ കഴിയാതെ വരുന്നതിൽ ഒരു പ്രധാന കാരണമായി വിദഗ്ധന്മാർ ചൂണ്ടിക്കാണിച്ചിരുന്നത്. ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള കേന്ദ്രീകരണവും ജനപങ്കാളിത്തത്തിന്റെ അഭാവവുമാണ്.

വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത ഏറ്റവും കൂടുതലുള്ളത് പഞ്ചായത്ത്തലത്തിലാണ്. ഇതിനാകട്ടെ ജനങ്ങളും പഞ്ചായത്തുകളും മറ്റു ഭരണതലങ്ങളിലും തമ്മിലുള്ള യോജിച്ച പ്രവർത്തനം ആവശ്യമാണ്. അതേസമയംതന്നെ ഇവയ്ക്കോരോന്നിനും പ്രത്യക പങ്കുവഹിക്കാനുമുണ്ട്. പഞ്ചായത്തുകൾക്ക് അവയുടെ ഭൗതികാസൂത്രണം നടത്താനാവശ്യമായ സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും ലഭിക്കാൻ കഴിയണം. ലഭിച്ച അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള ആത്മവിശ്വസവും സാങ്കേതിക ശേഷിയും വർദ്ധിപ്പിക്കണം. ഇവയെല്ലാം സാധ്യമാകത്തക്കവിധം പദ്ധതി പ്രവർത്തനങ്ങളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഇടപെടാൻ ജനങ്ങൾ തയ്യാറാകണം.

വികസനത്തിനാവശ്യമായ വിഭവങ്ങൾ മിക്കതും സൃഷ്ടിക്കപ്പെടുന്നത് പ്രാദേശിക തലത്തിലാണ്. അവയെ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും കഴിയണം. വിവിധ ഏജൻസികൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ ഏകോപിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്നു പഞ്ചായത്തുകളിലില്ല. ഇതിന്റെ ഫല

മായി വിവിധ വകുപ്പുകൾ ഒരേ പഞ്ചായത്തിൽത്തന്നെ ഒരേതരം പ്രവർത്തനം നടപ്പാക്കുന്ന സമീപനമാണ് നാളിതുവരെയും തുടർന്നു പോന്നത്. അതുകൊണ്ട് ഇത്തരം പദ്ധതികൾ ഇന്നും പരിപാടികളായി മാറി.

രാജ്യത്തു നിലവിലുള്ള എല്ലാതരം ചൂഷണങ്ങൾക്കുമുള്ള ഏക പരിഹാരം വികേന്ദ്രീകൃത ആസൂത്രമമെന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. എന്നാൽ ഭൂരി ഭാഗം വരുന്ന സാധാരണ ജനങ്ങൾക്ക് ആസൂത്രണത്തിലും പങ്കാളികളാകാൻ അവസരം നൽകുന്ന ഒരു ഭരണ സംവിധാനം നിലവിൽ വരുന്നതിലൂടെ സാമൂഹ്യ അസമത്വത്തിനും ചൂഷണത്തിനും എതിരായി രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സമരത്തിന് ആക്കം കൂട്ടാൻ കഴിയും. അതേപോലെ ദേശീയ ആസൂത്രണത്തിന് ബദലായിട്ടല്ല മറിച്ച് പൂരകമായിട്ടാണ് വികേന്ദ്രീകരണത്തെ കാണേണ്ടത്. ആസൂത്രണത്തിന് തന്നെ തനതായ ഒരു കേന്ദ്രീകരണ സ്വഭാവമുണ്ട്. ഇതിനർത്ഥം സംസ്ഥാനങ്ങളുടെയും പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെയും സ്വയം ഭരണാവകാശം നിഷേധിക്കുക എന്നതല്ല. ഇന്ത്യയിൽ വിവിധ ഭാഷകൾ സംസാരിക്കുന്ന, വിവിധ പ്രാദേശിക പ്രത്യേകതകളുള്ള ജനങ്ങളും പ്രശ്നങ്ങളുമാണുള്ളത്. ഇവയുടെ സ്വമേധയായുള്ള ഒരു യൂണിയനാണ് ഇന്ത്യ. ഇത്തരം വിവിധ ദേശീയ ജനവിഭാഗങ്ങളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ രാജ്യത്തിന്റെ ഐക്യം നിലനിർത്താനും ശക്തിപ്പെടുത്താനും കഴിയൂ. ഇതിന് ശക്തമായ കേന്ദ്രത്തോടൊപ്പംതന്നെ, ശക്തമായ സംസ്ഥാനങ്ങളും ജില്ലകളും, പഞ്ചായത്തുകളും ആവശ്യമാണ്. പ്രാദേശിക സ്വയംഭരണാവകാശം നിഷേധിച്ചുകൊണ്ട് ഈ ലക്ഷ്യം നേടാൻ കഴിയില്ല.


ആയതിനാൽ നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് വിശദമായി പരിശോധിച്ച് ഗൗരവത്തോടെ ചർച്ച ചെയ്ത് സംപുഷ്ടമാക്കി നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. ഓരോ വാർഡിലേയും അയൽക്കൂട്ടങ്ങളെ സജീവമാക്കി ഗ്രാമസഭകളിലൂടെ ഗ്രാമവികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിയണം.

ഈ വലിയ സ്വപ്നങ്ങളും, പ്രതീക്ഷകളും നിറവേറ്റാൻ സമീപകാലത്തുതന്നെ കഴിയുമെന്ന പ്രത്യാശയോടെ പഞ്ചായത്ത് വികസന റിപ്പോർട്ട് കൊടകര ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ എത്തിയ മുഴുവൻ നല്ല മനസ്സുകളുടേയും മുമ്പാകെ വിശദമായ പരിശോധനക്കും, ചർച്ചയ്ക്കും, കൂട്ടിച്ചേർക്കലിനും വേണ്ടി സമർപ്പിക്കുന്നു.

ശ്രീമതി. അജിതാ രാധാകൃഷ്ണൻ
പ്രസിഡണ്ട്
കൊടകര ഗ്രാമപഞ്ചായത്ത്

154

# മററത്തൂർ ഗ്രാമ പഞ്ചായത്ത്



# ജനകീയ വികസന രേഖ

155

*അമിതാസക്തിയുടേയും അശുഭാപ്തി വിശ്വാസത്തിൻേറയും ഗർത്തത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന നമ്മൾ ഒരു പുത്തൻ സംസ്കാരത്തിൻെറ കാഹളധ്വനി കേൾക്കുകയായി.*

*ജനലക്ഷങ്ങൾ തുയിലുണർത്തുമായി ഇതാ പുറപ്പെട്ടുകഴിഞ്ഞു !!*

*സ്വപ്നങ്ങളുടെ, പ്രത്യാശയുടെ നെയ്ത്തിരി നാളങ്ങളിതാ തെളിയുകയായി. പ്രത്യാശകളെ യാഥാർത്ഥ്യത്തിൻെറ മൂർത്ത രൂപങ്ങളാക്കൻ കെൽപ്പുള്ള കൈകളുയരട്ടെ!!*

*ഞങ്ങളിതാ, ഇവിടെ നിങ്ങളോടൊപ്പമുണ്ട്. ഉദ്യോഗസ്ഥർ, തൊഴിലാളികൾ, വ്യവസായികൾ, കൃഷിക്കാർ, കൈവേലക്കാർ, ജനപ്രതിനിധികൾ ഈ മഹായജ്ഞത്തിൽ ആര് ആരോട് നന്ദി പറയാൻ —*

*ഈ റിപ്പോർട്ട് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുമായി സമർപ്പിക്കുന്നു.*

സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ, അപ്പോൾ
മാത്രമേ ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടൂ......

ഗാന്ധിജി

# ആമുഖം

നൂറ്റാണ്ടുകളുടെ വൈദേശിക ആധിപത്യത്തിൽ നിന്നും ഭാരതം മോചനം നേടുമ്പോൾ, സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻപോലും ബലിയർപ്പിക്കാൻ തയ്യാറായി സമരരംഗത്തിറങ്ങിയവർക്ക് ഒരു സ്വപ്നമുണ്ടായിരുന്നു. ഭൂരിപക്ഷംവരുന്ന സാധാരണക്കാരന് അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാകണം. കൃഷി, വ്യവസായം, ശാസ്ത്രസാങ്കേതിക രംഗങ്ങൾ ഇവ അഭിവൃദ്ധിപ്രാപിക്കണം. ഈ ലക്ഷ്യത്തോടെ ഏഴു പഞ്ചവത്സര പദ്ധതികൾ ഇതിനകം നടപ്പിലാക്കുകയും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ഇവയുടെ നേട്ടം വിശാല ബഹുജനങ്ങൾക്ക് ഇനിയും ലഭിച്ചിട്ടില്ല. കേരളത്തിന്റെ കാര്യത്തിൽ ഈ സ്ഥിതി കുറെക്കൂടി മെച്ചപ്പെട്ടതാണ്. വിദ്യാഭ്യാസ ആരോഗ്യ രംഗത്ത് കേരളം വികസിത രാഷ്ട്രങ്ങൾക്കൊപ്പം നേട്ടം കൈവരിച്ചിട്ടുണ്ട്. സാമൂഹ്യരാഷ്ട്രീയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഒക്കെത്തന്നെ ഇതിന്റെ പുറകിലുണ്ട്.

സേവനമേഖലകളിൽ ദൃശ്യമാകുന്ന ഈ മേൻമ ഉറച്ച സാമ്പത്തിക അടിത്തറയിൽ കെട്ടിപ്പടുത്തവയല്ല എന്നുവിലയിരുത്തപ്പെട്ടിട്ടുണ്ട്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ്. 9-ാം പഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായി നടപ്പാലാക്കാൻ കേരള സർക്കാർ തീരുമാനിച്ചത്. വികസന പദ്ധതികളുടെ ആസൂത്രണം മുതൽ അന്തിമ ഘട്ടം വരെ പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. പഞ്ചായത്തിലെ വികസനാവശ്യങ്ങളെല്ലാം ഇതിലൂടെ പരിഹരിക്കാമെന്ന വ്യമോഹമൊന്നുമില്ലെങ്കിലും, ജനപങ്കാളിത്തം വികസനപ്രവർത്തനങ്ങൾക്ക് ഒരു കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും. മറ്റത്തൂർ പഞ്ചായത്തിലെ ജനങ്ങൾ ജനകീയ ആസൂതണത്തിന്റെ പ്രാധാന്യം ശരിക്കും ഉൾക്കൊണ്ടിട്ടുണ്ടെന്ന് ഗ്രാമസഭകളിലെ ഉയർന്ന ജനപങ്കാളിത്തം തെളിയിക്കുന്നു.

സെപ്പമ്പർ 6, 7, 8 തിയ്യതികളിൽ ഇരിങ്ങാലക്കുട കൊടകര ബ്ളോക്കുകൾക്കുവേണ്ടി കൊടകര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ജനകീയ ആസൂത്രണത്തിന്റെ ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽ നിന്ന് 37 പറവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടാണ് മറ്റത്തൂർ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതിയുടെ ആരംഭം കുറിക്കന്നത്. അതിനുശേഷം ശ്രീകൃഷ്ണ ഹൈസ്ക്കൂളിൽ 15-9-96 ൽ പഞ്ചായത്തുതല പരിശീലനം നടന്നു. 122 പേർ ഇതിൽ പങ്കെടുത്തു. ഗ്രാമസഭകൾ സംഘടിപ്പിക്കേണ്ടതിനെക്കുറിച്ച് വിശദമായ ഗ്രൂപ്പുചർച്ചകൾ നടക്കുകയുണ്ടായി ചർച്ചകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വാർഡുതലത്തിൽ ഗ്രാമസഭാ മുന്നൊരുക്കങ്ങൾ നടക്കുകയുണ്ടായി. വീടുകൾ തോറുമുള്ള സ്ക്വാഡു പ്രവർത്തനം, കുടുംബയോഗങ്ങൾ, മൈക്കനൗൺസ്മെന്റ് കലാജാഥകൾ എന്നിവയായിരുന്നു പ്രചരണപ്രവർത്തനങ്ങൾ ഗ്രാമസഭക്കു മുമ്പായി ഓരോ വാർഡിലും സ്വാഗതസംഘം രൂപൂകരിച്ചിരുന്നു ജില്ലയിൽ ഏറ്റവും കൂടിതൽ അംഗങ്ങൾ പങ്കെടുത്ത ഗ്രാമസഭ മറ്റത്തൂർ പഞ്ചായത്തിലെ 7- വാർഡിൽ ആയിരുന്നു സംസ്ഥാന ശരാശരിയെക്കാൾ കൂടുതലായിരുന്നു ഈ പഞ്ചായത്തിലെ ഗ്രാമസഭാ ശരാശരി.

ദ്വിതീയ വിവരണ ശേഖരണം സംബന്ധിച്ച് 14/10/96-ൽ പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ ചേർന്ന യോഗത്തിൽ 57 പേർ പങ്കെടുത്തു. ഓരോ വിഭാഗത്തിലേയും വിവരങ്ങൾ ശേഖരിക്കുന്നതിന് വാർഡുമെമ്പർമാർ ചെയർമാൻമാരായി കമ്മിറ്റികൾ രൂപീകരിക്കുകയും 17/10/96 നു മുമ്പായി ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കാൻ തീരുമാനിക്കുകയും ചെയ്തു.

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതു സംബന്ധിച്ച് ഇരിങ്ങാലക്കുട നാഷ്ണൽ ബോയ്സ് ഹൈസ്ക്കൂളിൽ വച്ച് ഒക്ടോബർ25,26,27 തിയ്യതികളിൽ നടന്ന 2-ാം ഘട്ട പരിശീലന ക്ളാസിൽ 15 വാർഡ് മെമ്പർമാരടക്കം 28 പേർ പങ്കെടുത്തു. മൂന്നുസംഘങ്ങൾ പഞ്ചായത്തിൽ പഠന പര്യടനം നടത്തി ഇതിൽ നിന്ന് പഞ്ചായത്തിനെ സംബന്ധിച്ച് പല വിലപ്പെട്ട വിവരങ്ങളും ശേഖരിക്കാൻ സാധിച്ചു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതു സംബന്ധിച്ച് പഞ്ചായത്തു തല പരിശീലനക്ളാസ് 2-11-96 ൽ കോടാലി സ്കൂളിൽ നടന്നു

2-11-96 ന്റെ പരിശീലനക്ലാസ്സിൽ വച്ച് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി വാർഡുമെമ്പർമാർ ചെയർമാൻമാരായി 12 ഉപസമിതികൾ രൂപികരിച്ചു. സംസ്ഥാന ജില്ലാ തല റിസോഴ്സ് പേഴ്സൺ പരിപാടിയിൽ പങ്കെടുത്തിരിന്നു.

വികസന റിപ്പോർട്ടിന്റെ ഉള്ളടക്കത്തിലല്ലാതെ ശൈലിയിൽ പഞ്ചായത്തു കമ്മറ്റി ഇടപ്പെട്ടിട്ടില്ല. സ്തുത്യർഹമായ സേവനമാണ് ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് 12 കമ്മിറ്റികളും കാഴ്ചവെച്ചത്.

# ഉള്ളടക്കം


1. ആമുഖം

2. പഞ്ചായത്തിൻെറ പൊതുവിവരങ്ങൾ

ഇന്ത്യ അടിസ്ഥാനവിവരങ്ങൾ

3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

4. അ. ഭൂപ്രകൃതി. ആ. ജനങ്ങൾ. ഇ. ജനസമ്പത്ത്

5.1. അ. കൃഷി. ആ. ജലസേചനം. ഇ. വനം

5.2. അ. മൃഗസംരക്ഷണം ആ. മത്സ്യബന്ധനം

5.3. വിദ്യാഭ്യാസം

5.4. അ. കുടിവെള്ളം. ആ. ആരോഗ്യം

5.5. വ്യവസായം

5.6. അ. ഗതാഗതം. ആ. ഊർജ്ജം. ഇ. ചന്ത

5.7. അ. പാർപ്പിടം. ആ. സാമൂഹ്യക്ഷേമം

5.8. സാംസ്ക്കാരികം

5.9. വനിത

5.10. സഹകരണമേഖല

5.11. അ. പട്ടികജാതിക്ഷേമം. ആ. പട്ടികവർഗ്ഗക്ഷേമം

5.12. വിഭവസമാഹരണം.

ഉപസംഹാരം

അനുബന്ധം 1. 2. 3. 4.

കേരളം അടിസ്ഥാന വിവരങ്ങൾ

കഴിഞ്ഞ നാല് പതിറ്റാണ്ട് കാലത്തെ അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ച്, ഇന്നത്തെ സാഹചര്യത്തിൽ ആവശ്യവും പ്രായോഗികവുമായ ഭേദഗതികളോടെ പൊതുമേഖലക്ക് പ്രാമാണ്യം നൽകിക്കൊണ്ടുള്ള വ്യവസായവൽക്കരണവും കാർഷിക പുരോഗതിയും പ്രാവർത്തികമാക്കലാണ് ദേശീയതലത്തിൽ വികസനരംഗത്ത് ആവശ്യമായിട്ടുള്ളത്. അതിൻെറ ഭാഗമായി വേണം കേരളത്തിൻെറ വികസനം രൂപപ്പെടുത്താൻ.

ഇ.എം.എസ്.

ചെയർമാൻ,

ജനകീയ ആസൂത്രണ വികസന സമിതി

കൺവീനർ

ഇ.പി..ഐ. മോഹനൻ

159

## 2. പഞ്ചായത്തിൻെറ പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചാത്തിൻെറ പേര് | - | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | മറ്റത്തൂർ വെള്ളിക്കുളങ്ങര<br>കൂടാതെ ഇഞ്ചക്കുണ്ട്.<br>കോടശ്ശേരി ഭാഗികമായി. |
| ബ്ളോക്ക് പഞ്ചായത്ത് | - | കൊടകര |
| താലൂക്ക് | - | മുകുന്ദപുരം |
| ജില്ല | - | തൃശൂർ |
| അതിർത്തികൾ - | | |
| വടക്ക് | - | വരന്തരപ്പിള്ളി പഞ്ചായത്ത്, |
| കിഴക്ക് | - | തമിഴ് നാടിൻെറ അതിരും കോടശ്ശേരി<br>പഞ്ചായത്തും |
| തെക്ക് | - | കോടശ്ശേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | - | കൊടകര, പറപ്പൂക്കര<br>പഞ്ചായത്തുകൾ. |
| വിസ്തീർണ്ണം | - | 103.11 ച. കീ മീറ്റർ |
| ജനസംഖ്യ | - | 42043<br>ആൺ - 20353<br>പെൺ - 21690 |
| പട്ടികജാതി | - | 4636 - ശതമാനം-11.03%<br>ആൺ - 2183<br>പെൺ - 2453 |
| പട്ടികവർഗ്ഗം | - | 316 ശതമാനം 0.75%<br>ആൺ - 161<br>പെൺ - 155 |
| സ്ത്രീപുരുഷാനുപാതം | - | 1000 : 1065 |
| സാക്ഷരത | - | 31954<br>ആൺ - 16218<br>പെൺ - 15736 |
| സാക്ഷരതശതമാനം | - | 87% |
| ജനസാന്ദ്രത | - | 408 |
| കുടുംബങ്ങളുടെ എണ്ണം | - | 8655 |
| 0 - 6 പ്രായപരിധിയിൽപ്പെട്ടവർ | - | 5014<br>ആൺ - 2574<br>പെൺ - 2440 |

(അവലംബം 1991 കാനേഷുമാരി കണക്കുകൾ)

160

| വാർഡ് നമ്പർ | ഗ്രാമസഭ തിയതി | ഗ്രൂപ്പുകളുടെ എണ്ണം | പങ്കെടുത്ത ആൺ | പെൺ | ആകെ |
|---|---|---|---|---|---|
| 1 | 29-9-96 | 9 | 160 | 19 | 179 |
| 2 | 29-9-96 | 9 | 267 | 13 | 397 |
| 3 | 28-9-96 | 8 | 107 | 31 | 138 |
| 4 | 29-9-96 | 5 | 190 | 28 | 218 |
| 5 | 28-9-96 | 8 | 121 | 33 | 154 |
| 6 | 2-10-96 | 12 | 329 | 147 | 476 |
| 7 | 2-10-96 | 10 | 478 | 259 | 737 |
| 8 | 21-9-96 | 6 | 138 | 48 | 186 |
| 9 | 21-9-96 | 10 | 103 | 33 | 136 |
| 10 | 22-10-96 | 9 | 311 | 135 | 446 |
| 11 | 28-9-96 | 5 | 201 | 55 | 256 |
| 12 | 29-9-96 | 6 | 196 | 70 | 266 |
| 13 | 2-10-96 | 7 | 136 | 99 | 235 |
| 14 | 20-10-96 | 4 | 278 | 181 | 451 |
| 15 | 29-10-96 | 7 | 195 | 72 | 267 |
| ആകെ | | | 3210 | 1340 | 4550 |

പഞ്ചായത്തു ശരാശരി - 303

# ഇന്ത്യ - അടിസ്ഥാന വിവരങ്ങൾ

വിസ്തീർണ്ണം [ലോകത്തിന്റെ കരയിൽ 2.21%] 32, 87, 263 ച.കി.മീ.

ജനസംഖ്യ 1991 [ലോകജനസംഖ്യയുടെ 15%] പു. സ്ത്രീ . ആകെ

ജനസംഖ്യ കണക്ക് (പുതിയത്) 1995 93, 57, 00, 000

പു. സ്ത്രീ

43,92,30,45. 40,70,72,23 84,63,03,688

ജനസാന്ദ്രത 1991 267/ ച.കി.മി

സാക്ഷരത 1991 പു. സ്ത്രീ മൊത്തം

63.8% 39.42% 52.11%

സ്ത്രീ പുരുഷാനുപാതം 1991

928 സ്ത്രീകൾക്ക് 1000 പുരുഷന്മാർ

| | |
|---|---|
| സംസ്ഥാനങ്ങൾ | 26 |
| കേന്ദ്രഭരണപ്രദേശങ്ങൾ | 6 |
| ജില്ലകൾ | 466 |
| ഗ്രാമീണജനങ്ങൾ | 767% |
| നഗരവാസികൾ | 23.3% |

ജനനനിരക്ക് (1993-94) 1000 പേർക്ക് 28.6

മരണനിരക്ക് (1993-94) 1000 പേർക്ക് 9.2

ശിശു മരണ നിരക്ക് (1991) 100 ജനത്തിന് 80

ശരാശരി ആയുർദൈർഘ്യം സ്ത്രീ. പു. മൊത്തം

61.7 60.6 61

ശരാശരി പ്രതിശീർഷവരുമാനം 8237 രൂപ (ഇപ്പോഴത്തെ വിലനിലവാരത്തിൽ)

# മറ്റത്തൂർ ഗ്രാമസഭ ഭരണസമിതി

പ്രസിഡണ്ട്



വി. വസന്തകുമാരി

വൈ. പ്രസിഡണ്ട്



സി. കെ. ദിവാകരൻ

സ്റ്റാൻറിംഗ്
കമ്മറ്റി ചെയർമാൻ



ജോയ് കൈതാരത്ത്

# മെമ്പർമാർ



ടി. കൃഷ്ണൻകുട്ടിനായർ
1-ാം വാർഡ്



ലില്ലി സുബ്രൻ
2-ാം വാർഡ്



എം. ജി. കുമാർ
4-ാം വാർഡ്



മേരി മാത്യു തോട്ട്യാൻ
5-ാം വാർഡ്



മോളി തോമസ്
8-ാം വാർഡ്



അലക്സ് എബ്രഹാം
9-ാം വാർഡ്



എ . കെ. പുഷ്പാകരൻ
10-ാം വാർഡ്



പിയൂസ് എ. എ.
11-ാം വാർഡ്



വി. ഐ. വിശ്വംഭരൻ
12-ാം വാർഡ്



കെ. കെ. മണി
13-ാം വാർഡ്



പി. വി. രാവുണ്ണി
14-ാം വാർഡ്



എ . കെ. സുകുമാരൻ









# സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

തെക്കുംകിഴക്കും നിബിഡമായ വനങ്ങളും വടക്കും പടിഞ്ഞാറും വിശാലമായ വയലേലകളും താരാട്ടുപാടി ഉറക്കുന്ന പ്രദേശമാണ് മറ്റത്തൂർ പഞ്ചായത്ത്. ഒന്നുകൂടി വിപുലമായി പറഞ്ഞാൽ കിഴക്കു കോടശ്ശേരി പഞ്ചായത്തും വടക്കു വരന്തരപ്പിള്ളി പഞ്ചായത്തും റിസർവ് ഫോറസ്റ്റും പടിഞ്ഞാറ് കുറുമാലിപ്പുഴ, പറപ്പൂക്കര പഞ്ചായത്ത് കൊടകര പഞ്ചായത്ത് എന്നിവയും തെക്ക് കോടശ്ശേരി മലയും നമ്മുടെ പഞ്ചായത്തിനു കാവൽ നില്ക്കുന്നു.

പഞ്ചായത്തിലെ ചില സ്ഥലനാമങ്ങൾ കേൾക്കുന്നവരുടെ കാതിന് പുളകമുണ്ടാക്കുന്നവയാണ്. അവയിൽ ചിലത് (വെള്ളിക്കുളങ്ങര- വെള്ളി പോലെ തിളക്കവും ശുദ്ധിയുമുള്ള ജലമുണ്ടായിരുന്ന കുളത്തിൻെറ കരയോ ?) കോടാലി മൂന്നുമുറി അവിട്ടപ്പിള്ളി അങ്ങനെ പോകുന്നു.....

ചുങ്കാൽ-കിഴക്കുനിന്ന് പടിഞ്ഞാട്ടുകൊണ്ടു പോയിരുന്ന വനവിഭവങ്ങൾക്ക് ചുങ്കം പിരിക്കാൻ ഒരു ആലിൻചുവട്ടിൽ അധികൃതർ ഉപവിഷ്ടരായിരുന്നുവെത്രേ. ആറേശ്വരം-ആറ് ഈശ്വരൻമാരുടെ ആവസകേന്ദ്രമാണെന്നും വാസുപുരം ശ്രീകൃഷ്ണ ക്ഷേത്രമുണ്ടായിരുന്നതുകൊണ്ടാണെന്നും ധരിക്കാം. കൊടകരയ്ക്കും മറ്റുപടിഞ്ഞാറൻ പ്രദേശങ്ങൾക്കും മറ്റത്തൂർ, അറ്റത്തെഊരാണ്. അതുകഴിഞ്ഞാൽ കിഴക്കോട്ട് പിന്നെ ഊരില്ലായിരുന്നു. സമീപത്തു തന്നെ മലയുള്ളതുകൊണ്ടും. അവിടെനിന്നിറങ്ങിവന്ന് നാട്ടിലെ കൃഷിയിടങ്ങളിലെനെല്ലുതിന്നുന്നതിനും വയലേലകളിൽ കുത്തിമറയുന്നതിനും. മാനുകൾക്ക് സൗകര്യം ഉണ്ടായിരുന്നതുകൊണ്ടാകാം മാൻ കുത്തിപ്പാടം(മാൻകുറ്റിപ്പാടം) എന്ന സംജ്ഞ സ്ഥലനാമങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം.

അദ്ധ്യാത്മീകതയിലും പഞ്ചായത്ത് ഒട്ടും പിന്നിലല്ല.

പഞ്ചായത്തിൻെറ പലഭാഗങ്ങളിലുമായി അത്യന്തം കലാഭംഗിയോടുകൂടി കരിങ്കല്ലിൽ കൊത്തിവെച്ചിട്ടുള്ള ശില്പങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും കാണാം.

മിനി ശബരിമല എന്നറിയപ്പെടുന്ന ആറേശ്വരം ഇടതൂർന്ന വനത്തിനു നടുവിലായിരുന്നു, ഇന്നു ചുറ്റുപാടുമുള്ള വനങ്ങൾ നശിച്ചുപോയി. 1950 കാലഘട്ടങ്ങളിൽ പോലും ആറേശ്വരത്ത് വാനരൻമാർ വിഹരിക്കന്നുണ്ടായിരുന്നു. സകല പാപ പരിഹാരത്തിനു വേണ്ടി ഭക്തജനങ്ങൾ നൂഴ്ന്നു കടക്കുന്ന ഒരു പുനർജനിയുണ്ട് ഇവിടെ. വെള്ളികുളങ്ങര മുതൽ മറ്റത്തൂർകുന്നുവരെ ചെറുതും വലുതുമായ നിരവധി ക്ഷേത്രങ്ങളും, മോസ്കുകളുമുണ്ട്. ഇവിടെങ്ങളിലെല്ലാം വർഷം തോറും അരങ്ങേറുന്ന ആഘോഷങ്ങളിലെല്ലാം ഇതരസമുദായങ്ങളും സജീവമായി പങ്കുകൊള്ളാറുണ്ട്. പഞ്ചായത്തിലെ പള്ളികളിൽ ഏറ്റവും പഴക്കമുള്ളത് മൂന്നുമുറി പള്ളിയാണെന്നു പറയപ്പെടുന്നു. അംബരചുംബിയായ കോടശ്ശേരിമലയുടെ മുകളിലെ കനകമല കപ്പേളയും അതിമനോഹരമാണ്.

മറ്റത്തുർ പഞ്ചായത്തിലെ വസ്തുവകകളെല്ലാം തൃപ്പൂണിത്തുറ വലിയ തമ്പുരാൻ കോവിലകം വകയായിരുവെന്നത്രേ!!! പാട്ടപ്പിരിവിൻെറ സൗര്യാർത്ഥം കൊടുങ്ങയിൽ ഒരു കോവിലകവുമുണ്ടായിരുന്നു. കോവിലകം വക ഭൂമി മദ്ധ്യവർത്തികൾ ചെറു കുടിയാൻമാർക്കു കൃഷിക്കു വേണ്ടി നൽകിയിരുന്നു. ഭൂപരിഷ്കരണനിയമത്തിൽ ജൻമിയും മദ്ധ്യവർത്തികളും അപ്രത്യക്ഷരായി.

പടിഞ്ഞാറൻ പ്രദേശത്തുകാർ അറ്റത്തെ ഊരു എന്നു പറഞ്ഞിരുന്നതു ഒരർത്ഥത്തിൽ ശരിയായിരുന്നു. ആ ഊരിനു കിഴക്കു മലതന്നെയായിരുന്നു. കോവിലകം വക ഭൂമി കൈവശമുണ്ടായിരുന്നജൻമികൾ കൃഷിയുടെ ആവശ്യത്തിനായിരിക്കും നാട്ടിൽ നിന്നുമലയിലേക്കു കയറുക. വല്ലപ്പോഴും മാത്രം യാത്രചെയ്യുന്നതുകൊണ്ടു ചവിട്ടുപാതകൾ വീണ്ടും ഇഞ്ചയും മറ്റു വല്ലിപടർപ്പുകളും വന്നു മൂടിയിട്ടുണ്ടാകും. രണ്ടാമതൊന്നുപോകുന്ന വഴിയാത്രക്കരനു തടസ്സം മാറ്റി പോകണമെങ്കിൽ കൈയ്യിൽ വെട്ടുകത്തി അനിവാര്യം. അങ്ങനെ "കൈയ്യാല സ്ഥലങ്ങളിൽ" പോയി താമസിക്കുന്നവർ പലരും മലമ്പനി പിടിച്ചു മരിച്ചിട്ടുണ്ട്. "കാട്ടുപട്ടി" എന്ന പേരിൽ അറിയപ്പെട്ടുന്ന ചെറുതരം പുലികളുടെ ആക്രമണം അന്ന് സർവ്വ സാധാരണമായിരുന്നു.രാത്രികാലങ്ങളിൽവീടിനടുത്തു കെട്ടിയ ആടുകളേയും ചുറ്റും മുള്ളു പാവിയിട്ടുള്ള തെഴുത്തിൽ നിന്നും കന്നുകാലികളേയും കാട്ട് പട്ടി പിടിച്ചുകൊണ്ടുപോയിരുന്നു. കാട്ടുജന്തുക്കളോടും മലമ്പനി യോടും പട വെട്ടിയാണ്

നമ്മുടെ കാരണവൻമാർ ഭൂമി സംരക്ഷിച്ചു പോന്നത് അക്കാലത്തു തന്നെ ധാരാളം കുടിയേറ്റക്കാരും എത്തിയിരുന്നു.

70-75 വർഷം മുൻപ് ഡിക്സൻ എന്നുപേരായ വെള്ളക്കാരൻ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ ഒരു "ലളിതമാർഗ്ഗം" കണ്ടെത്തി. ഇഞ്ചക്കുണ്ടിലുണ്ടായിരുന്ന നിബിഢവനം വെട്ടിവെളുപ്പിച്ചു വൻമരങ്ങൾ അവിടെ നിന്നു മാറ്റി (സായിപ്പിൻെറ നാട്ടിലേക്ക്), അവശിഷ്ടങ്ങൾ തീയിട്ടു. അതിനു ശേഷം അവിടെ കൊത്തിഇളക്കി. പെരുവക നെല്ല് കൃഷി ചെയ്തു., 500 ഏക്കറിൽ ഉഗ്രൻ നെല്ല്! കൊയതിട്ടും കൊയ്തിട്ടും കൊയ്ത്തു തീരുന്നില്ല. അവസാനം തല്ലിച്ചതച്ചു.

നിരപ്പാക്കിയെത്രെ. പിന്നീട് വനം വീണ്ടും വളർന്നെങ്കിലും കുടിയേറ്റകർഷകർ വന്നു നിറഞ്ഞു. വനം മനുഷ്യനു വഴിമാറി. അവർക്കു ഇന്നേവരെ പട്ടയം ലഭിച്ചിട്ടില്ല.

ഇടക്കാലത്തു വനപാലകരുടെ ഭീഷണിയുണ്ടായി., കൈയ്യേറ്റക്കാരുടെ നേരെ. അന്നു കുടിയിറക്കലിനെതിരെ സമരം ചെയ്യാനും കുടികിടപ്പുകാരെ സഹായിക്കാനുമായി സമരത്തിനും നിരാഹാരത്തിനും മറ്റും കർഷക ജനതക്ക് ഉണർവ്വ് നൽകിയ പടനായകൻ സ. എ കെ ജി യും വടക്കനച്ചനും ഇഞ്ചക്കുണ്ടിൽ വന്നട്ടുണ്ട്

പഞ്ചായത്തിലെ ആദ്യകാല ഗതാഗതരംഗം രസകരമാണ്. കൊടകരവഴിതനെമറ്റത്തൂർകുന്നു വരെ വളരെ വർഷങ്ങക്കുശേഷമാണ് ചുങ്കാൽ വരെ വഴിയുണ്ടായത്. അങ്ങനെ കുറെശ്ശെ കുറെശ്ശെ കിഴക്കുവരെ എത്തി. 1970 കാല ഘട്ടത്തിലാണ് മറ്റത്തൂർ കുന്നു മുതൽ കിഴക്കോട്ട് ടാറിടാൻതുടങ്ങിയത്.

മറ്റൊരു ചരിത്ര വസ്തുത പറമ്പിക്കുളം - ചാലക്കുടി ട്രാംവെയായിരുന്നു. പറമ്പികുളത്തുനിന്നും വൻ മരങ്ങൾ വ്യവസായ ആവശ്യത്തിനു ചാലക്കുടിക്കും ഇതരപ്രദേശങ്ങളിലേക്കും എത്തിക്കുകയായിരുന്നു അതിൻെറ ലക്ഷ്യം. 1892 കാലത്താണെത്രെ ട്രാംവെയുടെ പണി ആരംഭിച്ചത്. ട്രാംവെയുടെ ആപ്പീസ് എന്ന നിലക്കുപണിചെയ്ത കെട്ടിടമാണെത്രെ ഇന്നു കാണുന്ന വെള്ളിക്കളങ്ങര യു. പി. സ്കൂൾ. പ്രസ്തുത ട്രാംവേ 1960 കാലഘട്ടത്തിൽ നിർത്തുകയും. റെയിലുകൾലേലം ചെയ്തു വിൽക്കുകയും ചെയതു. എന്തായാലും അതുവെള്ളികുളങ്ങരക്കും നമ്മുടെ ടൂറിസത്തിനും ഭീമമായ നഷ്ടമാണ് വരുത്തിവെച്ചത്.

1952-ൽ മറ്റത്തൂർ പഞ്ചായത്തിലേക്ക് ആദ്യമായിതെരെഞ്ഞടുപ്പ് ന ന്നു. അന്ന് എട്ട് വാർഡും വെള്ളിക്കുളങ്ങര ദ്വയ ംഗ സീറ്റുഉൾപ്പെടെ ഒൻമ്പതു സീറ്റും തിരുകൊച്ചി അസംബ്ലിയിൽ കൊടകര നിയോജകമണ്ഡലത്തെകൂടി പ്രതിനിധീകരിക്കാൻ ഭാഗ്യം സിദ്ധിച്ച പൊലിയേടത്ത് ശ്രീ. കേശവമേനോൻ ആണ് പ്രഥമ പഞ്ചായത്ത് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടത്. ഇന്നത്തെ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൻെറ ആപ്പീസ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചതും അക്കാലത്തുതന്നെ.

1964 ഡിസംബർ 25ന് ആണ് രണ്ടാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്. കോടശ്ശേരി പഞ്ചായത്തിൻെറ ഭാഗമായിരുന്ന മോനടി മറ്റത്തൂർ പഞ്ചായത്തിനോട് ചേർത്തത് ഇക്കാലത്താണ്.

ഇപ്രാവശ്യം പ്രസിഡണ്ടായത് വാഴപ്പിള്ളി ശ്രീ. ശിവരാമൻ മാസ്റ്റർ. തുടർന്ന് ശ്രീ. വിരുത്തി പ്രഭാകരൻ, ശ്രീ. എം.എം. ജോർജ്ജ് ,.ശ്രീ. ടി. എ. രാമകൃഷ്ണൻ എന്നിവർ പ്രസിഡൻറു മാരായി. ഇപ്പോഴത്തെ ഗ്രാമപഞ്ചായതതിൽ പതിനഞ്ച് വാർഡുകളുണ്ട്. പ്രസിഡൻറ് ശ്രീമതി വി. വസന്തകുമാരി.

മറ്റത്തൂർ പഞ്ചായത്ത് മറ്റത്തൂർ, വെള്ളിക്കുളങ്ങര വില്ലേജുകളിൽ ഉൾപ്പെട്ടിരിക്കുന്നു, നമ്മുടെ അസംബ്ലി മണ്ഡലം കൊടകരയും പാർലമെൻറ് മണ്ഡലം തൃശൂരും ആണ്. ജില്ലയിലെ

സ്പെഷ ൽ ഗ്രഡ് പഞ്ചായത്തുകളിൽഒന്നാണ് മറ്റത്തൂർ പഞ്ചായത്ത്. വാസുപുരം , കിഴക്കേ കോടലി, മാങ്കുറ്റി പ്പാടം എന്നിവിടങ്ങളിലായി

മൂന്ന് ലക്ഷംവീടു കോളനികളും നൂലൂ വള്ളി കോരെച്ചാൻ, ചെമ്പുചിറ , ചുങ്കാൽ, കിഴക്കേകോടാലി, മാംങ്കുറ്റിപ്പാടം മോനടി എന്നിവിടങ്ങളിലായി 7നാല് സെൻറ് കോളനികളും പട്ടിക ജാതി കോളനികളും നമ്മുടെപഞ്ചായത്തിലും ഉണ്ട്.

സാക്ഷരത രംഗത്തും നമ്മുടെ പഞ്ചായത്ത് ഒട്ടും പിറകിലല്ലായിതരുന്നു. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് അതിനു മുൻപും നിലത്തെഴുത്താശാൻമാർ പ്രവർത്തിച്ചിരുന്നു. ഈരംഗത്ത് വായനശാലകളും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

മറ്റത്തൂർ സുപ്രഭ, അവിട്ടപ്പള്ളി, കോടാലി, വെള്ളിക്കുളങ്ങര ഗ്രമീണ വായനശാലകൾ ആദ്യകാലം മുതൽ പ്രവർത്തിച്ചിരുന്നവയാണ്. ഇഞ്ചക്കുണ്ട് വായനശാലയും ഇക്കൂട്ടത്തിലുണ്ട്. കൂടാതെ

167

കായികലാരംഗങ്ങളിലും തലയെടുപ്പുള്ള ക്ലബ്ബുകൾ ഉണ്ടായിരുന്നു.

നമ്മുടെ സാംസ്കാരിക രംഗത്തുണ്ടായ വഴിത്തിരിവുമൂലം പലതും കാലത്തിൻെറ കുത്തൊഴുക്കിൽപ്പെട്ടു പോയി.ഇന്നും സ്ത്രീകളുടെ മുന്നേറ്റത്തിനു വഴിതെളയിക്കാവുന്ന മഹിളാസമാജങ്ങൾ എല്ലാവാർഡിലും പ്രവർത്തിച്ചു വരുന്നു.

ഇന്നു പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളും ബഹുജന പങ്കാളിത്തത്തോടെ പടുത്തുയർത്തിയിട്ടുള്ളതാണ്

വെള്ളിക്കുളങ്ങര വില്ലേജ് ആപ്പീസിനുള്ള സ്ഥലവും പഞ്ചായത്ത് ബസ്സ്റ്റാൻറിനുള്ള സ്ഥലവും വെള്ളിക്കളങ്ങര ഒളിമ്പ്യൻ ക്ളബ്ബാണ് .സംഭാവന ചെയ്തത്. കെട്ടിടം പണി നാട്ടുകാരുടെ സംഭാവനയായിരുന്നു. ടെലഫോൺ എക്സ്ചയ്ഞ്ചിനുള്ള സ്ഥലം വെള്ളക്കുളങ്ങര റൂറൽഡവലപ്പ്മെൻറ് സൊസൈറ്റിയാണ് നൽകിയത്. അതുപോലെ വെള്ളിക്കുളങ്ങര മൃഗാശുപത്രിക്കുവേണ്ട സ്ഥലം സംഭാവന ചെയ്ത ജോൺ കട്ടകയം ഉദാരമനസ്കനാണ്. വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷൻ, ഗവ. യു. പി. സ്കൂളിൻെറ പുതിയകെട്ടിടം ഇവയും ബഹുജന പങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെട്ടതാണ്. കോടാലി അന്നാംപാടത്തു കൃഷിഭവനും സബ്ബ്റജിസ്ട്രാർ ആപ്പീസിനും വേണ്ട സ്ഥലവും ബഹുജന പങ്കാളിത്തത്തോടെയാണ് വാങ്ങി സംഭാവന ചെയ്തിട്ടുള്ളത്.

മറ്റത്തൂർബ്രാഞ്ച് കനാലിലെ കാൽനൂറ്റാണ്ടു കാലത്തെ എക്കൽമണ്ണു നീക്കം ചെയ്തുകൊണ്ട് 3,50,000 രൂപയുടെ അദ്ധ്വാനം സംഭാവനചെയ്തുജനകീയമാതൃകയും പഞ്ചായത്തിൻെറ ചരിത്രത്തിൽ എടുത്തുപറയാവുന്നതാണ്.

വിദ്യാഭ്യാസരംഗത്ത് ചാലക്കുടികേന്ദ്രമായുള്ള ക്ളാരിസ്റ്റ് കോൺഗ്രിഗേഷൻെറ സംഭാവന വലുതാണ്. 1955 കാലഘട്ടത്തിൽ വെള്ളിക്കുളങ്ങരയിലോ അടുത്ത് 12 കി. മീ. നുള്ളിൽ ഹൈസ്ക്കൂളില്ലായിരുന്നു. ആ കുറവു പരിഹരിച്ചതും പഠിച്ചു നിർത്തി വീട്ടിലിരുന്നിരുന്ന കുട്ടികളെ നിർബന്ധപൂർവ്വം വിദ്യലയങ്ങളിലെത്തിച്ചതും കന്യാസ്ത്രീകളാണ്. പ്രസൻേറഷൻ കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ എന്ന ആ സ്ഥാപനം അന്നുണ്ടായിരുന്നില്ലെങ്കിൽ വളരെയേറെ പേർ ഉയർന്ന വിദ്യാഭ്യസം ലഭിക്കാതെ പോകുമായിരുന്നു. വിദ്യാഭ്യാസത്തിലും സ്പോർട്സിലും സംസ്ഥാന-ജില്ലാ തലങ്ങളിൽ അംഗീകാരം നേടിയിട്ടുള്ള ഈ സ്ഥാപനം നമുക്ക് അഭിമാനമാണ്. ഇന്ന് പഞ്ചായത്തിൽ നാല് എൽ.പി സ്കൂളും , നാല് യു. പി സ്കൂളും അഞ്ച് ഹൈസ്കൂളും ഉണ്ട്.

ഒരു പഞ്ചായത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഒരു പ്രൈമറി ഹെൽത്ത്സെൻറർ, പോലിസ് സ്റ്റേഷൻ, രണ്ട് ഫോറസ്റ്റ് ആപ്പീസ്, കൃഷിഭവൻ, ടെലഫോൺ എക്സ്ചെയ്ഞ്ച്, സബ്ബ്പോസ്റ്റാഫീസ്, ബ്രാഞ്ച് പോസ്റ്റാഫീസുകൾ, ഇലക്ട്രിസിറ്റി ആപ്പീസ്, ദേശസൽകൃത-ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ തുടങ്ങിയവയെല്ലാം മറ്റത്തൂർഗ്രാമപഞ്ചായത്തിലുണ്ട്.

കലാരംഗത്തും പഞ്ചായത്ത് പിന്നിലല്ല. നൃത്തം, സംഗീതം, ചിത്രകല, ഉടുക്കുകൊട്ട്, നന്തുണിപാട്ട്, പുള്ളുവൻപാട്ട്, കളമെഴത്തുപാട്ട്, കൈകൊട്ടിക്കളി, കോൽക്കളി, പരിചമുട്ടുകളി, കാളകളി, പറയൻതുള്ളൽ ഇവയെല്ലാം കെടാതെ സൂക്ഷിക്കാൻ പഞ്ചായത്തും ബഹുജനങ്ങളും ഉടനടി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഇങ്ങനെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഒട്ടും പിന്നിലല്ലാത്ത ഒരു സ്ഥാനമാണ് മറ്റത്തൂർ ഗ്രാമപഞ്ചായത്തിനുള്ളത് എന്ന് കാണുന്നതിൽ അതീവ സന്തുഷ്ടിയുണ്ട്.

## 4. അ - ഭൂപ്രകൃതി

പശ്ചിമഘട്ട മലനിരകളായ പറമ്പിക്കുളം, ഒരു കൊമ്പൻ നാടുകാണി മലകളുടെ മലത്തട്ടിൽ നിന്നാരംഭിച്ച് തൃശൂർ ജില്ല യിലെ അംബരചുംബിയായ കോടശ്ശേരി മല താണ്ടി കൊടകരക്കാരുടെ അറ്റത്തൂര് ആയ ഇന്നത്തെ മറ്റത്തൂര് കഴിഞ്ഞുള്ള കുഴിക്കാണി തോടിനാൽ പടിഞ്ഞാറെ അതിരു തീർക്കുന്ന മറ്റത്തൂർ പഞ്ചായത്തിന്റെ തെക്ക്കിഴക്ക് അതിരുകൾ വനമേഖലകളാണ്.

പഞ്ചായത്തിന്റെ മൂന്ന് മുതൽ എട്ട് വരെയുള്ള വാർഡുകൾ ഈ വനമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നു. 9, 10, 11 വാർഡുകൾ വടക്ക് കിഴക്ക് ഭാഗങ്ങളിൽ വനമേഖലയുമായി അടുത്തുകിടക്കുമ്പോൾ 12 മുതൽ 15 വരെയുള്ള വാർഡുകളും 1, 2 വാർഡുകളും മാത്രമാണ് വനമേഖലയുമായ് അടുത്തബന്ധമില്ലാത്തത്.

കുന്നുകളും ഇടക്കിടെയുള്ള സമതലങ്ങളുമടങ്ങുന്ന ഭൂഭാഗങ്ങളാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. കുന്നുകളോടും മലകളോടും ചേർന്ന് വിസ്തൃതമായ കരിങ്കൽ നിക്ഷേപങ്ങളും ചെരിവുകളോടനുബന്ധിച്ച പ്രദേശങ്ങളിൽ കല്ല് നിക്ഷേപങ്ങളും കാണപ്പെടുന്നു. വനമേഖലകളിൽ നിന്ന് മണ്ണിടിഞ്ഞ് സമതലങ്ങ ളായി രൂപം പ്രാപിച്ച ഇന്നത്തെ കൃഷിയിടങ്ങൾ ജൈവവളസ്രോതസ്സുകളാൽ സമ്പന്നമായതുകൊണ്ടായിരിക്കാം കഴിഞ്ഞകാലങ്ങളിൽ ഈ പഞ്ചായത്തിലെ കാർഷിക മേഖല ഫലഭൂയിഷ്ടമായിരുന്നത്.

# ആ: ജനങ്ങൾ

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിൽ 42043 ജനങ്ങളാണുള്ളത്. 20353 പുരുഷൻമാരും, 21690 സത്രീകളും [പട്ടിക കാണുക] ജില്ലയിൽ, ജനസംഖ്യയിൽ രണ്ടാമതു നിൽക്കുന്ന പഞ്ചായത്ത് ആണെങ്കിലും ഭൂവിസ്തൃതി കൂടുതൽ ഉള്ളതിനാൽ ജനസാന്ദ്രത സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ( 430)

പഞ്ചായത്തിലെ സത്രീ പുരുഷാനുപാതം ജില്ലാശരാശരിയേക്കാൾ കൂടുതലാണ്. 1065 : 1000 പഞ്ചായത്തിൽ ആകെ 3618 വീടുകളാണുള്ളത്. എന്നാൽ ഇവയിൽ 8655 കുടുബങ്ങളിൽ താമസമുണ്ട്. കൂടുതൽ വിശദമായ കണക്കുകൾ അനുബന്ധം 1 - ൽ കൊടുത്തിരിക്കുന്നു.

| വാർഡ് | വിസ്തീർണ്ണം | ആൾ താമസമുണ്ട് | ആകെ കുടുംബങ്ങൾ | ആകെ സ്ഥാപനങ്ങളും ഭവന രഹിതരും ഉൾപ്പടെ | | | 0-6 വിഭാഗത്തിൽ ആകെ ജനസംഖ്യ | | | പട്ടിക ജാതിക്കാർ | | പട്ടിക വർഗ്ഗക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| I | | 539 | 541 | 2656 | 1295 | 1361 | 306 | 160 | 146 | 49 | 49 | | |
| II | | 622 | 627 | 3006 | 1441 | 1565 | 307 | 153 | 154 | 149 | 155 | | |
| III | | 688 | 690 | 3357 | 1601 | 1756 | 390 | 185 | 205 | 359 | 415 | | |
| IV | | 530 | 533 | 2586 | 1209 | 1377 | 311 | 160 | 151 | 93 | 111 | | |
| V | | 539 | 549 | 2649 | 1286 | 1363 | 273 | 159 | 114 | 116 | 139 | | |
| VI | | 642 | 648 | 3220 | 1587 | 1637 | 417 | 224 | 193 | 181 | 178 | 05 | 04 |
| VII | | 687 | 688 | 3394 | 1672 | 1722 | 402 | 211 | 191 | 142 | 162 | 28 | 38 |
| VIII | | 665 | 670 | 3501 | 101 | 1800 | 450 | 226 | 225 | 162 | 177 | 115 | 94 |
| IX | | 510 | 511 | 2464 | 1218 | 2249 | 294 | 155 | 139 | 34 | 43 | 04 | 08 |
| X | | 835 | 835 | 4088 | 2010 | 2078 | 500 | 252 | 248 | 240 | 258 | 09 | 10 |
| XI | | 474 | 475 | 2278 | 1090 | 1188 | 291 | 130 | 161 | 63 | 66 | | |
| XII | | 660 | 660 | 3142 | 1538 | 1604 | 384 | 191 | 193 | 170 | 163 | | |
| XIII | | 522 | 522 | 2496 | 1165 | 1331 | 311 | 171 | 140 | 83 | 116 | | |
| XIV | | 705 | 706 | 3206 | 1540 | 1666 | 378 | 197 | 181 | 342 | 421 | | |
| Total | 103.11 | 8618 | 8655 | 42043 | 20353 | 21690 | 5014 | 2574 | 2440 | 2183 | 2453 | 161 | 154 |

# ഇ: ജലസമ്പത്ത്

മറ്റത്തൂർ പഞ്ചായത്തിനോട് ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്ന് രണ്ട് നദികൾ ഉത്ദവിക്കുന്നുണ്ടെങ്കിലും; അവ ഒഴുകുന്നത് ഈ പഞ്ചായത്തിലൂടെയല്ല. ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് പഞ്ചായത്തിനു നെടുകെ ഒഴുകുന്ന വലിയ തോട് ആണ്. ഈ തോട്ടിൽ വേനൽ വെള്ളം ആവശ്യത്തിനു ഉണ്ടാകാറില്ല. മറ്റൊരു പ്രധാന ജലസ്രതസ്സ് തുമ്പൂർമുഴി വലതുകര കനാലാണ്. എന്നാൽ ഈ കനാലിൽ നാലഞ്ച് വർഷമായി വർഷക്കാലത്തല്ലാതെ ജലപ്രവാഹം ഉണ്ടാകാറില്ല. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുമായി ധാരാളം കുളങ്ങൾ ഉണ്ടെങ്കിലും അവയിലും വേനൽക്കാലത്ത് കാര്യമായ വെള്ളം ഉണ്ടാകാറില്ല. പഞ്ചായത്തിലെ 1 -ാം വാർഡിലെ കുഴിക്കാണിപ്പാടം, 3-ാം വാർഡിലെ കൂനാക്കൽപ്പാടം എന്നിവടങ്ങളിൽ മാത്രമാണ് കനാലിൽ വെള്ളം വന്നില്ലെങ്കിലും ജലലഭ്യത ഉള്ള പ്രദേശങ്ങൾ. ബാക്കി പ്രദേശങ്ങളൊക്കെതന്നെ ജല ദൗർലഭ്യതയുള്ള പ്രദേശങ്ങളാണ്. ചുരുക്കത്തിൽ വർഷത്തിൽ ഏകദേശം 5 മാസം മഴ ലഭിക്കുമെങ്കിലും നമ്മുടെ പഞ്ചായത്ത് ജലത്തിന്റെ കാര്യത്തിൽ സമ്പന്നമല്ല.

# 5.1 അ.. കൃഷി

*"വിത്തില്ലേ വളമില്ലേ*
*വിതച്ചു കൊയ്യാനാളില്ലേ*
*എന്നിട്ടെന്തേ നമ്മുടെ*
*നാട്ടിൽ വെച്ചു വിളമ്പാനരിയില്ല"*

103-11 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള മറ്റത്തൂർ ഗ്രാമ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിലെ പ്രധാന കൃഷി റബ്ബറും മറ്റു പ്രദേശത്തെ പ്രധാനപ്പെട്ട കാർഷിക വിത്തുകൾ തെങ്ങും കവുങ്ങും നെൽക്രഷിയുമാണ്. ഇവിടെ 22 പാടശേഖര കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 1

| ക്രമ നമ്പർ | സ്ഥലം | വിരിപ്പ് | മുണ്ടകൻ | പുഞ്ച | വാർഡുകൾ |
|---|---|---|---|---|---|
| 1 | വെള്ളിക്കുളങ്ങര | 38 ഹെക്ടർ | 25 ഹെക്ടർ | 25 ഹെക്ടർ | 7,8,9 |
| 2 | മോനടി | 47 „ | 47 „ | 25 „ | 7,9 |
| 3 | കൊടുങ്ങ | 25 „ | 25 „ | 25 „ | 7,9 |
| 4 | കോപ്ലിപ്പാടം | 79 „ | 75 „ | 57 „ | 7,9,10 |
| 5 | കടമ്പോട് | 57 „ | 60 „ | 57 „ | 7,6 |
| 6 | മുരിക്കിങ്ങൽ | 54 „ | 55 „ | - - - | 10,11 |
| 7 | കോടാലി | 60 „ | 60 „ | 60 „ | 5,6,12 |
| 8 | മാങ്കുറ്റിപ്പാടം | 54 „ | 42 „ | 54 „ | 5 |
| 9 | ചേലക്കാട്ടുകര-പാറക്കടവ് | 45 „ | 48 „ | 42 „ | 5,13 |
| 10 | അവിട്ടപ്പിള്ളി | 73 „ | 77 „ | 80 „ | 4 |
| 11 | ചുങ്കാൽ | 41 „ | 42 „ | 41 „ | 2,3,4 |
| 12 | ചെട്ടിച്ചാൽ | 41 „ | 41 „ | 35 „ | 13,14 |
| 13 | ചാഴിക്കാട് | 25 „ | 40 „ | 44 „ | 13,14 |
| 14 | നൂലുവള്ളി | 86 „ | 87 „ | 38 „ | 15 |
| 15 | ഇത്തുപ്പാടം | 20 „ | 78 „ | 80 „ | 2 |
| 16 | വാസുപുരം | 12 „ | 79 „ | 54 „ | 2 |
| 17 | പാപ്പാളി പാടം | 19 „ | 51 „ | 38 „ | 1,2 |
| 18 | മറ്റത്തൂർ | 52 „ | 80 „ | 72 „ | 1 |
| 19 | കഴിക്കാണി | 69 „ | 65 „ | 68 „ | 3 |
| 20 | ചാറ്റുകുളം | 53 „ | 33 „ | 24 „ | 3 |
| 21 | അട്ടക്കുഴി | 28 „ | 40 „ | 20 „ | 3 |
| 22 | ചെമ്പുചിറ | 57 „ | 57 | - - - | 15 |

ഈ പഞ്ചായത്തിൻെറ ഭൂവിനിയോഗ ക്രമം പട്ടികയായി ചേർക്കുന്നു.

| ക്രമ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണ്ണം | |
|---|---|---|---|
| 1 | ആകെ ഭൂവിസ്തൃതി | 103.11ച.കി | ,, |
| 2 | വനഭൂമി | 43.86 ,, | ,, |
| 3 | തരിശു ഭൂമി | 202 ഹെക്ടർ | ,, |
| 4 | മൊത്തം കൃഷിഭൂമി | 5171 ,, | ,, |
| 5 | ഇപ്പോഴത്തെ തരിശുഭൂമി | 202 ,, | ,, |
| 6 | മൊത്തം വിളഭൂമി | 5531 ,, | ,, |
| 7 | വിളവിറക്കുന്ന ഭൂമി | 4821 ,, | ,, |
| 8 | ഒന്നിൽ കൂടുതൽ തവണ വിളവിറക്കുന്നത് | 710 ,, | ,, |
| 9 | നിലം നികത്തിയത്.<br>എ. ,, തെങ്ങുവച്ചത്<br>ബി. ,, നിർമ്മാണപ്രവർത്തനം | 100 ,,<br>90 ,,<br>10 ,, | 5 വർഷം മുന്നിരട്ടി |
| 10 | കനാലുകളും റോഡുകളും | 350 ,, | ,, |
| 11 | ശരാശരി വലുപ്പം | 0.71 ,, | ,, |

പഞ്ചായത്തിലെ മൊത്തം ജലസേചിത ഭൂമിയുടെ വിവരം താഴെ പട്ടിക 3 ൽ ചേർക്കുന്നു.

| ക്രമ നമ്പർ | വിള ഇനങ്ങൾ | വിസ്തൃതി | റിമാർക്സ് |
|---|---|---|---|
| 1 | നെല്ല് | 500 ഹെക്ടർ | |
| 2 | നാളികേരം | 496 ,, | |
| 3 | കവുങ്ങ് | 107 ,, | |
| 4 | വാഴ | 128 ,, | |
| 5 | പച്ചക്കറി | 84 ,, | |
| 6 | ജാതി | 35 ,, | |
| 7 | കുരുമുളക് | 195 ,, | |
| 8 | മാവ് തുടങ്ങിയവ | 40 ,, | |
| 9 | പഴ വർഗ്ഗങ്ങൾ | 90 ,, | |
| | ആകെ | 1675 ,, | |

പഞ്ചായത്തു അതിർത്തിയിലെ ഭൂവിസ്തൃതിയും കുടുംബങ്ങളുടെ എണ്ണവും പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഭൂമിയുടെ അളവ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 000 - 0.5 ഹെക്ടർ | 4413 |
| 2 | 005 - 1.00 ,, ,, | 1357 |
| 3 | 1.00 - 2.00 ,, ,, | 1081 |
| 4 | 2.00 - 3.00 ,, ,, | 210 |
| 5 | 3ൽ കൂടുതൽ | 182 |
| | ആകെ | 7243 |
| 6 | ഏറ്റവും ചെറിയ ഭൂവിസ്തൃതി | 0.10 ഹെക്ടർ |
| 7 | ശരാശരി ,, | 0.71 ,, |
| 8 | ഏറ്റവും കൂടിയത് | 10.00 ,, |

7243 കുടുംബങ്ങൾ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരും, അതിൽ കൂടുതൽ കുടുംബങ്ങൾ കാർഷിക മേഖലയെ ആശ്രയിച്ച് ജോലി ചെയ്യുന്ന കർഷകത്തൊഴിലാളി കുടുംബങ്ങളുമാണ്. നാമമാത്രമായ കൃഷി ഭൂമി കൈവശമുള്ള കർഷകർ സ്വന്തം കൃഷിഭൂമിയിലും ഒഴിവു ദിവസങ്ങളിൽ കർഷകത്തൊഴിലാളി മേഖലയിലും ജോലി ചെയ്യുന്നവരാണ്.

കൃഷി മുഖ്യ തൊഴിൽ അല്ലാത്ത ധാരാളം പേർ കൃഷി യോഗ്യമായ ഭൂമി തരിശിടുന്നതായി കാണുന്നു. അത്തരം ഭൂമികൾ, കൃഷി ചെയ്യുവാൻ തയ്യാറുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ന്യായമായ പാട്ട വ്യവസ്ഥയിൽ നല്കുന്നതിന്നുള്ള സംവിധാനം ഉറപ്പു വരുത്തണം.

ഓരോ വിളയുടെയും ഭൂവിസ്തൃതിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയുടെയും വിശദ വിവരങ്ങൾ പട്ടിക 5 ൽ ചേർത്തിരിക്കുന്നു.

**കൃഷി നെല്ല്**

മറ്റത്തൂർ കൃഷി ഭവൻെറ മേൽനോട്ടത്തിൽ മേലെഴുതിയ 22 പാടശേഖര കമ്മറ്റികൾ ഇന്നും വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. എങ്കിലും മുഴുവൻ കർഷകരും ഇവയിൽ അംഗങ്ങളല്ല. മുഴുവൻ കർഷകരേയും ഈ സമിതിയിൽ കൊണ്ടുവരാൻ ശ്രമിക്കണം. ഈ പാടശേഖര സമിതികളിൽ സ്വന്തം ഓഫീസു കെട്ടിടം ഒരു സമിതിക്കും ഇല്ല. മൂന്നു സമിതികൾക്ക് ഓഫീസുകെട്ടിടം പണിയുന്നതിന്നുള്ള സ്ഥലം ഉള്ളതാണ്. മറ്റത്തൂർ

| ക്രമനമ്പർ | വിളകൾ | വിസ്തീർണ്ണം ഹെക്ടർ | ഉല്പാദനം | | ഉല്പാദനക്ഷമത | റിമാർക്സ് |
|---|---|---|---|---|---|---|
| | | | യൂണിറ്റ് | അളവ് | | |
| 1 | നെല്ല് വിരിപ്പ് | 497 ഹെക്ടർ | ടൺ | 1571 | 3161 | |
| | ,, മുണ്ടകൻ | 580 ,, | ,, | 1856 | 3200 | |
| | ,, പുഞ്ച | 360 | ,, | 1088 | 2023 | |
| | ആകെ | 1437 ,, | ,, | 4515 | 3141 | |
| 2 | റബ്ബർ | 1950 ,, | ,, | 1368.9 | 702 ഹെക്ടർ | |
| 3 | തെങ്ങ് | 808 ,, | എണ്ണം | 6787200 | 8400 ,, | |
| 4 | കവുങ്ങ് | 170 ,, | ,, | 2354000 | 138470 ,, | |
| 5 | നേന്ത്രവാഴ - മറ്റുവാഴകളും | 136 ,, | ടൺ | 1280 | 9.4 Ton/Ha | |
| 6 | കുരുമുളക് | 218 ,, | കിലോ | 61912 | 284 Kg/Ha | |
| 7 | മറ്റുവാഴകൾ | 80 ,, | ടൺ | 1820 | 9.4 Ton/Ha | |
| 8 | പയറുവർഗ്ഗങ്ങൾ | 132 ,, | ,, | 4570 | 5.7 ,, | |
| 9 | ഇഞ്ചി | 52 ,, | ,, | 179.92 | 3460 k.g | |
| 10 | കപ്പ | 56 ,, | ,, | 560 | 10 Ton/Ha | |
| 11 | കശുമാവ് | 215 ,, | ,, | 2172 | 1010 k.g | |
| 12 | മത്തൻ | 23 ,, | കിലോ | 47955 | 2085 ,, | |
| 13 | ജാതി | 35 ,, | M. ടൺ | 18330 | 518 ,, | |
| 14 | മധുരക്കിഴങ്ങ് | 5 ,, | ,, | 20 | 4 MT/Ha | |
| 15 | മാവ് | 40 ,, | ,, | 56.8 | 1.42 ,, | |
| 16 | പഴവർഗ്ഗങ്ങൾ | 90 ,, | ,, | 56.7 | 630 kg. | |
| 17 | പച്ചക്കറികൾ | 84 ,, | ,, | 1008 | 12 MP/Ha | |
| | ആകെ | 5531 | ,, | | | |

174

കൃഷിഭവൻ വഴി 32 ടില്ലറുകളും 495 സ്പ്രേയറുകളും 32 പവർസ്പ്രേയറുകളും വിതരണം ചെയ്തിട്ടുണ്ടെങ്കിലും പാടശേഖര സമിതികളിൽ 3 എണ്ണത്തിനു മാത്രമാണ് ടില്ലർ ഉള്ളത്. അപൂർവ്വം ചില സമിതികൾക്ക് സ്പ്രേയറുകൾ ഉണ്ടെങ്കിലും ആയതു ഒന്നും തന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്നവയല്ല.

നെൽ കൃഷി മേഖലയിൽ നാടൻ കൃഷിരീതി വളരെ അധികം സാമ്പത്തികച്ചെലവു വരുന്ന ഒന്നാകയാലും, കാർഷിക മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത കുറവായതു കൊണ്ടും കാലവർഷത്തെ ആശ്രയിച്ച് നെൽകൃഷി ചെയ്തു വരുന്ന കർഷകർക്ക് യഥാസമയം വിള ഇറക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ ഒരോ പാടശേഖരത്തിലെയും വിളകൾ വ്യത്യസ്ത സ്വഭാവമുള്ള വിത്തിനങ്ങൾ ഉപയോഗിച്ചുവരുന്നതു കൊണ്ടും. കൃഷി ഓരോ കർഷകൻേറയും സൗകര്യങ്ങൾക്കനുസരിച്ച് വിവിധ സമയങ്ങളിൽ ചെയ്യുന്നതു കൊണ്ടും. വളം, കീടനാശിനി എന്നിവയുടെ പ്രയോഗത്തിൽ കൃത്യനിഷ്ഠപാലിക്കാത്തതുകൊണ്ടും കൂടുതൽ കഷ്ടനഷ്ടങ്ങൾക്കിടവരുന്നു. അതിനാൽ കാർഷിക മേഖലയിലെ സുഗമമായ പ്രവർത്തനത്തിനു താഴെ എഴുതുന്ന പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

1. എല്ലാ പാടശേഖര കമ്മറ്റികൾക്കും ടില്ലർ, സ്പ്രേയർ, പവർ സ്പ്രേയർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം, നടീൽയന്ത്രം എന്നിവ വിതരണം ചെയ്യുക.
2. എല്ലാ പാടശേഖര സമിതികൾക്കും ഓഫീസു മന്ദിരം നിർമ്മിക്കുക.
3. ഗ്രൂപ്പുഫാമിംഗ് സമ്പ്രദായം പ്രാവർത്തികമാക്കുക.
4. പാടശേഖര സമിതികൾക്ക് കൃഷിഭവൻെറ ഉപദേശകസമിതികളിൽ നിർബന്ധമായും പ്രാധിനിധ്യം നൽകുക.
5. മണ്ണ് പരിശോധനാ പ്രവർത്തനം കൂടുതൽ ശക്തമാക്കുക.
6. ഓരോ വിളകളുടേയും കാലത്തു അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും, വളം കീടനാശിനി എന്നിവയും സബ്സിഡി നിരക്കിൽ കൃഷിഭവൻ വഴി വിതരണം ചെയ്യുക.
7. വിളഇൻഷൂറൻസ് തുക സമയത്തിന് വിതരണം ചെയ്യുക.
8. കർഷകർക്ക് ബോധവൽക്കരണ ക്ളാസുകൾ നടത്തുക.
9. ജൈവവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
10. കർഷകരിൽനിന്നും നെല്ലു സംഭരിക്കുന്നതിനു പഞ്ചായത്തു അടിസ്ഥാനത്തിൽ ഒരു സംസ്കരണ യൂണിറ്റു സ്ഥാപിക്കുക.
11. ആവശ്യമായ പാടശേഖരങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കുക.
12. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

മേലെഴുതിയ നിർദ്ദേശങ്ങളിലൂടെ നെൽകൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ സാധിച്ചാൽ ഈ പഞ്ചായത്തു പ്രദേശത്തെ നെൽകൃഷി മൂന്നു പൂവാക്കി വർദ്ധിപ്പിച്ച് ഭക്ഷ്യരംഗത്തു സ്വയം പര്യാപ്തത നേടുവാൻ കഴിയുന്നതാണ്.

## II റബ്ബർ

പഞ്ചായത്തിൻെറ കിഴക്കൻ മേഖല, മലയോര പ്രദേശമായതിനാൽ ഈ പ്രദേശത്തെ പ്രധാന കൃഷി റബ്ബറാണ്. റബ്ബർ കർഷകർ ഇന്നു അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ടുകൾ ഗതാഗത സൗകര്യമില്ലായ്മ, കുടിവെള്ളക്ഷാമം, വിദഗ്ധ ടാപ്പിങ്ങുതൊഴിലാളികളുടെ കുറവ്, വിപണന സൗകര്യമില്ലായ്മ, വായ്പാ സൗകര്യം അനുവദിക്കുന്നതിൽ വരുന്ന കാലതാമസം, കാലവർഷക്കെടുതികൾ, കാർഷിക ഉപകരണങ്ങളുടേയും, വളം, കീടനാശിനിഎന്നിവയുടെയും അമിതമായ വിലവർദ്ധന, റബ്ബർ ബോർഡു ഉദ്യോഗസ്ഥന്മാരുടെ സേവനം യഥാസമയം ലഭ്യമല്ലാത്ത അവസ്ഥ, ഉല്പാദന ശേഷിയുള്ള തൈകൾ ലഭിക്കാത്ത സാഹചര്യം എന്നിവയാണ്. അതിനാൽ റബ്ബർ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനു താഴെ എഴുതുന്ന പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

1. പഞ്ചായത്തുതലത്തിൽ നേഴ്സറി സ്ഥാപിച്ച് അത്യുല്പാദന ശേഷിയുള്ള റബ്ബർ തൈകൾ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
2. റബ്ബർ കർഷകർക്ക് നല്കിവരുന്ന സബ്സിഡി കാലാനുസൃതമായി വർദ്ധിപ്പിക്കുക.
3. കാർഷിക ഉപകരണങ്ങൾ 50% സബ്സിഡിയോടുകൂടി സഹകരണ സംഘം വഴി വിതരണം ചെയ്യുക.
4. ഒരു റബ്ബർ സംസ്കരണ യൂണിറ്റു സ്ഥാപിച്ച് കൂടുതൽ വില ലഭ്യമാക്കുക.
5. റബ്ബർ മാർക്കറ്റിങ്ങു സഹകരണ സംഘം പഞ്ചായത്തു അടിസ്ഥാനത്തിൽ റജിസ്റ്റർ ചെയ്തു വിപണന സൗകര്യവും, വായ്പാ സൗകര്യങ്ങളും വർദ്ധിപ്പിക്കുക. വെള്ളിക്കുളങ്ങര സർവ്വീസു സഹകരണ ബാങ്കിൻെറ പ്രവർത്തനം ഈ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന്നു നിർദ്ദേശിക്കുന്നു.
6. റബ്ബർ ബോർഡിൻെറ ഒരു ഓഫീസു മററത്തൂർ പഞ്ചായത്തിൽ സ്ഥാപിച്ച് ഒരു ഫീൽഡു ഓഫീസ്സറുടെ സേവനം മുഴുവൻ പ്രവർത്തി ദിവസങ്ങളിലും ലഭ്യമാക്കുക.
7. കർഷകർക്കും, തൊഴിലാളികൾക്കും പരിശീലനം നൽകുക.

## II തെങ്ങ്, കവുങ്ങ്

പഞ്ചായത്തിൻെറ കാർഷിക മേഖലയിലെ രണ്ടാം സ്ഥാനമാണ് തെങ്ങ് കവുങ്ങു കൃഷിക്കുള്ളത്. ഭൂരിപക്ഷംവരുന്ന കൃഷിക്കാരും ഈ കൃഷിയെയും കാർഷിക തൊഴിൽ മേഖലകളിലും ആയി പ്രവർത്തിച്ചു വരുന്നു. തെങ്ങു കവുങ്ങു കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ താഴെ പറയുന്നവയാണ്.

1. കാറ്റു വീഴ്ച, കൂമ്പുചീയൽ എന്നീ മാരകരോഗങ്ങൾ.
2. ഉല്പാദനങ്ങളുടെ വിലയിടിവ്.
3. ജലസേചന സൗകര്യങ്ങളുടെ കുറവ്.
4. ജൈവ, രാസവളങ്ങളുടെ ല ഭ്യതക്കുറവും, അമിതമായ വിലവർദ്ധനവും.
5. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്.
6. വിപണന സൗകര്യക്കുറവ്.
7. ചകിരി, ചിരട്ട, ഓല എന്നിവയുടെ വിപണി ഇല്ലാത്തത്.
8. അത്യുല്പാദന ശേഷിയുള്ള തൈക്കളുടെ ലഭ്യതക്കുറവും വിലവർദ്ധനവും.

മേലെഴുതിയ പരാതികൾ പരിഹരിക്കുന്നതിനു താഴെ എഴുതുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. അത്യുല്പാദനശേഷിയുള്ള തെങ്ങിൽ തൈക്കളും, കവുങ്ങിൽ തൈക്കളും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന്നു പഞ്ചായത്തു തലത്തിൽ നേഴ്സറികൾ സ്ഥാപിക്കുക.
2. കാറ്റുവീഴ്ച, കൂമ്പുചീയൽ എന്നീ രോഗം ബാധിച്ചവ യുദ്ധകാലാടിസ്ഥാനത്തിൽ മുറിച്ചുനീകക്കി, തെങ്ങ് ഒന്നിന് ആയിരം രൂപായും കവുങ്ങ് ഒന്നിന് 250 രൂപായും സഹായം ധനമായി അനുവദിക്കുക.
3. ഈ വിളകളെ വിള ഇൻഷ്വറൻസു പദ്ധതിയിൽ ഉൾപ്പെടുത്തുകയും, കാറ്റുവീഴ്ച, കൂമ്പുചീയൽ, പ്രകൃതിക്ഷോഭം എന്നിവ വഴി ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസു തുക ലഭ്യമാക്കുകയും ചെയ്യുക. ഈ തുക 30 ദിവസത്തിനകം വഭ്യമാക്കുന്നതിന്നും നടപടി സ്വീകരിക്കണം.
4. ഈ വിളകളെ സഹകരണ സംഘങ്ങൾ വഴി കെട്ടുതെങ്ങ് വായ്പാ സൗകര്യം ഏർപ്പെടുത്തി എടത്തട്ടുകാരെ പൂർണ്ണമായും ഒഴിവാക്കുക.
5. നാളികേര സംഭരണവും, സംസ്കരണവും പഞ്ചായത്തു അടിസ്ഥാനത്തിൽ ഒരു യൂണിററു സ്ഥാപിച്ച് വിപണന സൗകര്യവും, മാന്യമായ വിലയും ലഭ്യമാക്കുക.
6. നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുന്നതിന്നും, തറവില നിശ്ചയിക്കുന്നതിനും ആവശ്യമായ പ്രവർത്തങ്ങൾ നടത്തുക.
7. ബോഡോ മിശ്രിതം കൊല്ലത്തിൽ 2 പ്രാവശ്യം തളിക്കുന്നതിനു പഞ്ചായത്തു അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ആയതിനു സബ്സിഡിയും, കുമ്മായം, തുരിശ് എന്നിവ കൃഷിഭവൻ വഴി ലഭ്യമാക്കുകയും ചെയ്യുക.
8. ജൈവവളത്തിൻേറയും, രാസവളത്തിൻെറയും വിലവർദ്ധനവിനും, ലഭ്യതക്കുറവിനും പരിഹാരം ഉണ്ടാക്കുക.
9. തെങ്ങു, കവുങ്ങു തോട്ടങ്ങളിൽ ഇടവിള കൃഷിയെ പ്രോൽസാഹിപ്പിക്കുകയും ഈ കൃഷികൾക്ക് സഹായധനം അനുവദിക്കുകയും ചെയ്യുക.
10. പഞ്ചായത്തുവക പുറമ്പോക്ക് ഭൂമികളിൽ പച്ചില ലഭ്യമാക്കുന്നതിനുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക.
11. ഈ മേഖലയിൽ ഇന്ന് വിദഗ്ധതൊഴിലാളികളെ കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ തെങ്ങു, കവുങ്ങു കയറ്റ തൊഴിലിൽ പരിശീലനം നൽകുകയും ഈ തൊഴിലാളികൾക്ക് ബോണസ്സു നൽകുന്നതിനുള്ള നടപടികൾക്ക് നിർദ്ദേശിക്കുകയും ആധുനിക യന്ത്ര ഉപകരണങ്ങൾ ലഭ്യമാക്കുകയും വേണം.
12. ജലദൗർലഭ്യം പരിഹരിക്കുന്നതിന്നു ആവശ്യമായത്ര ലിഫ്ട് ഇറിഗേഷൻ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ വഴി ജലസേചനം ലഭ്യമാക്കുക.
13. കൃഷിക്കാർക്ക് ആവശ്യമായ മോട്ടോർ, പമ്പുസെററുകൾ, കിണറുകൾ കുഴിക്കൽ എന്നിവക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കുകയും നിലവിലുള്ള ഭൂപരിധി നിർണ്ണയിക്കാതെ ആവശ്യമുള്ള എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക. കാർഷിക ഉപകരണങ്ങൾ ISI മാർക്കോടുകൂടിയവ കർഷകന് ഇഷ്ടമുള്ള സ്ഥലങ്ങളിൽനിന്നും വാങ്ങുന്നതിനും അനുമതിനൽകേണ്ടതാണ്.

## IV സുഗന്ധ വിളകൾ

(കുരുമുളക്, ജാതി, ഗ്രാമ്പൂ, വെറ്റില, ഇഞ്ചി, മഞ്ഞൾ, കൊക്കോ, ഔഷധച്ചെടികൾ മുതലായവ)

ഈ പ്രദേശത്തെ കർഷകർ ഇടവിളയായും മേലെഴുതിയ സുഗന്ധവിളകൾ കൃഷി ചെയ്തു വരുന്നു. ജൈവ വളങ്ങളുടെ കുറവും, വിലവർദ്ധനവും, കൂടാതെ നടീൽ വസ്തുക്കളുടേയും നല്ലയിനം വിത്തുകളുടേയും ലഭ്യതക്കുറവും, ചില കൃഷികളിൽ ആവശ്യമായ പരിജ്ഞാനമില്ലായ്മയും വിപണനസൗകര്യക്കുറവ് എന്നിവയും ഈ മേഖലയെ ദോഷകരമായി ബാധിക്കുന്നവയാണ്. ആയതു പരിഹരിച്ച് സുഗന്ധവിള കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് താഴെ എഴുതുന്ന നിർദ്ദേശങ്ങൾ വഴി പരിഹരിക്കപ്പെടേണ്ടതാണ്.

1. ഉല്പാദന ക്ഷമതയുള്ള തൈക്കളും, വിത്തുകളും യഥാകാലങ്ങളിൽ കൃഷിഭവൻ വഴി കർഷകർക്ക്

ലഭ്യമാക്കുക പ്രോൽസാഹനവും പരിശീലനവും നല്കുക.

2. രാസ, ജൈവവളങ്ങളുടെ ലഭ്യതയും വിലക്കുറവും ഉറപ്പുവരുത്തുകയും സബ്ബ്സിഡി അനുവദിക്കുകയും ചെയ്യുക.

3. കർഷകർക്കും, കാർഷികത്തൊഴിലാളികൾക്കും പരിശീലനം നല്കുക.

**V വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ**

പട്ടിക 5ൽ പ്രതിപാദിക്കുന്ന പ്രകാരം കൃഷികൾ പഞ്ചായത്തു അതിർത്തിയിൽ വ്യാപകമായി കൃഷി ചെയ്തു വരുന്നു. എല്ലാ കൃഷിക്കാരും ഇവ ഇടവിളയായും കൃഷി ചെയ്തുവരുന്നുണ്ട്. എന്നാൽ പഞ്ചായത്തിൻെറ കാർഷിക മേഖലയിലെ വിസ്തീർണ്ണം കണക്കാക്കിയാൽ കൂടുതൽ സ്ഥലങ്ങളിൽ ഈ കൃഷി വ്യാപിപ്പിക്കുവാൻ കഴിയുന്നതാണ്. എന്നാൽ നിലവിലുള്ള ജലസേചന സൗകര്യക്കുറവ്, വർദ്ധിച്ചുവരുന്ന രാസ-ജൈവ വളങ്ങളുടെ വിലവർദ്ധന, ലഭ്യതക്കുറവ്, കീടബാധ, തൊഴിൽ രംഗത്തെ കൂലി വർദ്ധനവ്, വാഴ ഊന്നുകാലുകളുടെ ലഭ്യതക്കുറവ്, വിപണനസൗകര്യക്കുറവ് എന്നിവ പരിഹരിക്കേണ്ടതുണ്ട്. ഗുണനിലവാരമുള്ള വാഴവിത്തുകളുടേയും, വിത്തിനങ്ങളുടേയും ലഭ്യതക്കുറവും വളരെയുണ്ട്. ഈ കൃഷിയെ വൻ പ്രാധാന്യം നല്കി പ്രോൽസാഹിപ്പിക്കുന്നതായാൽ പഞ്ചായത്തു പ്രദേശത്തെ കുടുംബങ്ങൾക്ക് ഈ മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനും, അധികവരുമാനം ഉറപ്പുവരുന്നതിനും സാധിക്കുന്നതാണ്.

താഴെ എഴുതുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി ഈ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

1. അത്യുല്പാദന ശേഷിയുള്ള വാഴക്കന്നുകളും, പച്ചക്കറി വിത്തുകളും പഞ്ചായത്തുതലത്തിൽ സംഭരിച്ച് യഥാ സമയങ്ങളിൽ വിതരണം ചെയ്യുകയും സബ്ബ്സിഡി നല്കുകയും ചെയ്യുക.

2. ഊന്നുകാലുകൾ ഫോറസ്റ്റ് ഏരിയായിൽ നിന്നു മിതമായ നിരക്കിൽ ലഭ്യമാക്കുക. ഊന്നുകാലുകൾക്ക് മുള ലഭ്യമാക്കുന്നതിന്ന് പഞ്ചായത്തിൽ ലഭ്യമായത്ര സ്ഥലത്ത് മുളവെച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുക.

3. ജലസേചന സൗകര്യം ലഭ്യമാക്കുക.

4. അടുക്കളത്തോട്ടം ഓരോ കുടുംബത്തിലും കൃഷി ചെയ്യുന്നതിന്നുള്ള സഹായങ്ങളും ഉപദേശവും, പ്രോൽസാഹനവും നല്കുക.

5. മൂന്നുമുറിയോ, കോടാലിയോ ആസ്ഥാനമാക്കി ഒരു പഴം പച്ചക്കറി മാർക്കറ്റു സ്ഥാപിച്ച് വിപണനസൗകര്യം ഉറപ്പുവരുത്തുക.

6. പഴം, പച്ചക്കറി സംസ്കരണയൂണിറ്റു സ്ഥാപിക്കുതിന്നു സഹായധനവും, പരിശീലനവും നല്കുക.

7. പഞ്ചായത്തിൻെറ കാർഷിക മേഖല വന പ്രദേശവുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ കാർഷികവിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുന്ന അവസ്ഥ നിലവിലുണ്ട്, അതുവഴി വളരെ അധികം കർഷകർക്കും കൃഷിനാശം വഴി വലിയ നഷ്ടം വരുന്നതുകൊണ്ട് വന്യമൃഗങ്ങളുടെ ശല്ല്യം ഒഴിവാക്കുന്നതിന്ന് ആവശ്യമായ നടപടികൾ ഫോറസ്റ്റ് അധികൃതരുമായി സഹകരിച്ച് പരിഹരിക്കപ്പെടേണ്ടതുണ്ട്.

**കശുമാവ്**

പഞ്ചായത്തു പ്രദേശത്തു 215 ഹെക്ടർ സ്ഥലത്തു ഇപ്പോൾ കശുമാവുകൃഷി ചെയ്തുവരുന്നുണ്ട്. പഞ്ചായത്തു അതിർത്തിയിൽ 202 ഹെക്ടർ തരിശു ഭൂമിക്കു പുറമേ വനപ്രദേശങ്ങളിൽ മറ്റു കൃഷികൾക്ക് അനുയോജ്യമല്ലാത്ത ഭൂമി കൂടുതലായി ഉള്ളതാണ്. കശുമാവ് കൃഷിയെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്നതിന്നു ശ്രമിക്കേണ്ടതുണ്ട്.

കശുമാവു കൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ താഴെ എഴുതുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. ഉല്പാദനശേഷിയുള്ള നല്ല ഇനം തൈക്കൾ കൃഷിഭവനുകൾ വഴി വിതരണം നടത്തുക.

2. കർഷകർക്ക് പ്രോൽസാഹനവും പരിശീലനവും നല്കുക.

3. വിപണനസൗകര്യവും, കാലോചിതമായ വിലയും നല്കി പ്രോൽസാഹിപ്പിക്കുക.

**മറ്റു കൃഷികൾ**

1. ഈ പഞ്ചായത്തിൻെറ ഭൂപ്രകൃതിയും സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ തേനീച്ചവളർത്തൽ, പട്ടുനൂൽകൃഷി, ഔഷധസസ്യകൃഷി, പൂകൃഷി എന്നീ നാല് മേഖലകളെയും പ്രോൽസാഹിപ്പിക്കുന്നതുവഴി തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടെത്തുവാനും അധികവരുമാനം ഉണ്ടാക്കാനും കഴിയും. ഇതിൽ താല്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് പരിശീലനം നല്കിയും, വിപണന സൗകര്യം ഉണ്ടാക്കിയും പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2. വനമേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന പഞ്ചായത്തു പ്രദേശത്ത് ചുരുങ്ങിയ ചെലവിൽ കറവമാടുകളെയും, ആടുകളെയും വളർത്തുന്നതിന്നുള്ള സാഹചര്യമാണ് നിലവിലുള്ളത്. ഈ മേഖലയെ വേണ്ടത്ര പ്രോൽസാഹിപ്പിച്ചും കറവമാടുകളെയും, ആടുകളെയും വാങ്ങുന്നവർക്ക് തൊഴുത്തുകൾ പണിയുന്നതിന്ന് ഗ്രാൻറും മൃഗങ്ങളുടെ വിലയുടെ 30% സബ്ബ്സിഡിയായും

നല്കി പദ്ധതി നടപ്പിലാക്കുന്നതിനു നിർദ്ദേശിക്കുന്നു.

താഴെ പറയുന്ന പൊതുവായ ചില നിർദ്ദേശങ്ങൾ കൂടി സമർപ്പിച്ചുകൊണ്ട് കൃഷി, ജലസേചനം സംബന്ധിച്ച റിപ്പോർട്ട് ഉപസംഹരിക്കുന്നു.

1. കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങൾ ഒക്കെ നടപ്പാക്കണമെന്നുണ്ടെങ്കിൽ കാർഷിക മേഖലയിലെ കൂട്ടായ്മ അനിവാര്യമാണ്. കർഷകരും, കർഷക തൊഴിലാളികളും തമ്മിൽ നിലവിലുള്ള ശത്രുതാ മനോഭാവം മാറ്റി കൂട്ടായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കർഷകസംഘടനകളും, കർഷക തൊഴിലാളി സംഘടനകളും, രാഷ്ട്രീയപാർട്ടിസംഘടനകളും ഇക്കാര്യത്തിൽ മുൻ കൈ എടുത്ത് ഇത് പരിഹരിക്കേണ്ടതാണ്.

2. തെങ്ങിന് പഞ്ചായത്തു അടിസ്ഥാനത്തിലും, നെല്ലിന് വാർഡു അടിസ്ഥാനത്തിലും എന്നിങ്ങനെ വിവിധ രൂപത്തിലാണ് കർഷകസമിതികൾ പ്രവർത്തികടക്കുന്നത്. ഈ നില മാറ്റി ഒരു വാർഡിനെ ഒരു യൂണിറ്റാക്കി ഓരോ വാർഡിലും ഓരോ സമഗ്ര വികസനസമിതി രൂപീകരിച്ച് പ്രവർത്തങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ അനുബന്ധപ്രവർത്തികൾ കൂടി ഈ സമിതിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.

3. പഞ്ചായത്തു പ്രദേശത്തെ കാർഷികരംഗത്തെ പ്രവർത്തനം കൃഷിഭവന്റെ നേതൃത്വത്തിൽ നടത്തിവരുമ്പോൾ, പഞ്ചായത്തു പ്രദേശത്തെ മുഴുവൻ കർഷകരുടേയും ഉപദേശകസമിതികളേയും മുഴുവൻ പഞ്ചായത്തു മെമ്പർമാരെയും പാടശേഖരകമ്മിറ്റി ഭാരവാഹികളേയും കേരസമിതിഭാരവാഹികളെയും ഉൾപ്പെടുത്തി ഈ മേഖലയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കി തീർക്കേണ്ടതാണ്.

4.പഞ്ചായത്തിലെ മുഴുവൻ കാർഷിക പ്രവർത്തനത്തിന്നും മേൽനോട്ടം വഹിക്കുന്നതിനുള്ള സ്റ്റാഫ് ഇന്ന് നിലവിലില്ല. കാർഷിക പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനുവേണ്ടി രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ കൃഷി ഡെമോൺസ്ട്രേറ്റർമാരെ എല്ലാ കൃഷി ഭവനുകളിലും നിയമിക്കുന്നതിന്നുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.ഇപ്പോൾ കൃഷി ഭവൻ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. ചുങ്കാലിൽത്തന്നെ സ്വന്തമായ കെട്ടിടം പണിയുന്നതിന്നുള്ള നിർദ്ദേശമാണ് നിലവിലുള്ളത്. എന്നാൽ കൃഷി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലേക്ക് മാറിയ സാഹചര്യത്തിൽ സ്വന്തമായി കെട്ടിടം പണിയുമ്പോൾ അത് പഞ്ചായത്തു ഓഫീസ് സ്ഥിതിചെയ്യുന്ന മൂന്നു മുറിയിൽ ആകുന്നതായിരിക്കും കൂടുതൽ നല്ലത്.

# 5.1 ആ. ജലസേചനം

മഴയേയും വലിയ തോടിനേയും മറ്റത്തൂർ ബ്രാഞ്ച്കാതലിനേയും മൂന്നാം വാർഡിൻെറ കാവ നാടു പ്രദേശത്ത് ആറേശ്വരം ബ്രാഞ്ചു കനാലിനേയും ആശ്രയിച്ചുളള ഒരു കാർഷിക വ്യവ സ്ഥിതിയാണ് മറ്റത്തൂർ ഗ്രാമ പഞ്ചായത്തിൽ നില നിൽക്കുന്നത്. ജൂലായ് മാസങ്ങളിലാണ് മഴ കൂടുതൽ ലഭിക്കുന്നത് ജൂൺ ജൂലായ് മാസത്തിലാണെങ്കിലും ഇക്കാലയളവിൽ വളരെക്കുറച്ച് ദിവസങ്ങളിൽ മാത്രമേ കാര്യമായ മഴ ലഭിക്കുന്നുള്ളൂ. അതിനാൽ വേനൽ കാലത്ത് ജലക്ഷാമംരൂക്ഷമായി അനുഭവപ്പെടുന്നു.

പഞ്ചായത്തിൻെറ ഒന്നും രണ്ടും വാർഡു കളുടെ വടക്കേ അതിർത്തിയിൽക്കൂടി കുറുമാലിപ്പുഴ ഒഴുകുന്നുണ്ടെങ്കിലും ആറ്റപ്പിള്ളിക്കടവിൽ ചിമ്മി ണിമുപ്ളി പദ്ധതിയുടെ ഭാഗമായി ഗവൺമെൻെറ് അനുവദിച്ചിട്ടുളള റെഗുലേറ്റക്ക-കം-ബ്രിഡ്ജിൻെറ നിർമ്മാണ പ്രവർത്തനം നടക്കാത്തതുകൊണ്ട് ഈ പുഴയിലെ വെള്ളം പഞ്ചായത്തു പ്രദേശത്തെ കൃഷി ആവശ്യത്തിനു ലഭ്യമല്ല. മറ്റത്തൂർ ബ്രാഞ്ചു കനാലിൽ കൂടിയും അറേശ്വരം ബ്രാഞ്ച് കനാൽ വഴിയും ലഭിക്കുന്ന വെള്ളവും പഞ്ചായത്തിൻെറ അധീനതയിലുള്ള 14 കുളങ്ങളും (പട്ടിക താഴെ ചേർക്കുന്നു.) 24 കിലോമീറ്റർ ദൂരം വരുന്ന തോടു കളും ഉൾക്കൊള്ളുന്നതാണ് പഞ്ചായത്തിൻെറ ഉപ രിതല ജല സ്രോതസ്സുകൾ.

1. ചെമ്പുചിറ കുളം
2. ചോങ്കുളം
3.മുരിക്കിങ്ങൽ ചിറ
4.വെട്ടിയാടൻചിറ
5.പെരുമ്പിള്ളിച്ചിറ
6. താളൂപ്പാടംചിറ
7. മൂലങ്കുടംചിറ
8. കാവനാടുകുളം
9. തീർങ്കത്തൽകുളം
10.കൊടുങ്ങച്ചിറ
11.പുത്തൻകുളം
12. അടാട്ടുകുളം
13. കുറുംകുളം
14. പുല്ലായിപ്പാടം

പഞ്ചായത്തിൻെറ കിഴക്കും, തെക്കും ഭാഗത്ത് സ്ഥിതിചെയ്യുന്ന കോടശ്ശേരി മല, ആറേശ്വരംമല, കുഞ്ഞാലിപ്പാറ ഭാഗങ്ങളിൽ നിന്നും ആരംഭിക്കുന്ന തു കുറുമാലിപ്പുഴയിൽ ചെന്നു ചേരുന്നതുമായ വെള്ളിക്കുളങ്ങര വലിയതോട്, കുഴിക്കാണിപ്പാടം തോട് പൂർണാംചാൽ മാങ്കുറ്റിപ്പാടം തോട് എന്നിവ ഉൾപ്പെടെ 24 കിലോമീറ്റർ നീളത്തിലുള്ള തോടുക ളാണുള്ളത്. ആറ്റപ്പിള്ളി പുഴയിലെ മണൽ വാരുന്ന തിനാൽ പുഴകൂടുതൽ താഴ്ന്നു വരുന്നതുകൊണ്ട് മറ്റത്തൂർ കുന്ന്, മൂലംങ്കുടം, വാസുപുരം പ്രദേ ശത്തെ കിണറുകളിൽ വേനൽകാലത്തു വെള്ളം ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നു.

പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർ ത്തിയിൽ വരുന്ന മറ്റത്തൂർകുന്ന്, മൂലംകുടം, വാസു പുരം, ചുങ്കാൽ, അവിട്ടപ്പിള്ളി, മൂന്നുമുറി, ചെട്ടിച്ചാൽ പ്രദേശങ്ങൾ താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭജലസ മ്പത്തുള്ളവയാണ്. എന്നാൽ വെള്ളിക്കുളങ്ങര,ചൊ ക്കന, നായാട്ടുകുണ്ട്, ഇഞ്ചക്കുണ്ട്, മുരിക്കിങ്ങൽ, പുത്തനോളി, മോനടി, നാഡിപ്പാറ, ചെമ്പുചിറ, നൂലുവള്ളി, അമ്പനോളി, പത്തുകുളങ്ങര, കാവനാടു ഹരിജൻ കോളനി, കട്ടിപ്പൊക്കം, കുഞ്ഞാലിപ്പാറ എന്നീ പ്രദേശങ്ങൾ മലയോര പ്രദേശം ആകയാൽ ഈ പ്രദേശങ്ങളിൽ 20ഉം, 25ഉം മീറ്റർ താഴ്ത്തി യാലും വെള്ളം ലഭ്യമല്ലാത്തതിനാൽ കുടിവെള്ളം ക്ഷാമവും, കടുത്തവരൾച്ചയും നിലനിൽക്കുന്നു.

മേലെഴുതിയവസ്തുതകൾ പരിശോധിച്ച് ഗ്രാമ സഭകളിലൂടെ നിർദ്ദേശിച്ചിരിക്കുന്ന താഴെ എഴുതുന്ന ജലസേചന പദ്ധതികൾ നടപ്പിലാക്കി മറ്റത്തൂർ ഗ്രാമപഞ്ചായത്തിൻെറ രൂക്ഷമായ ജലക്ഷാമത്തിന്നു ശാശ്വത പരിഹാരം കാണേണ്ടതാണ്.

1. പഞ്ചായത്തിൻെറ ഒന്നും മൂന്നും പാർഡുകളിൽ പ്പെടുന്ന മറ്റത്തൂർ പാടശേഖരത്തിൽ 52 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂകൃഷിയും 82 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂകൃഷിയും 72 ഹെക്ടർ സ്ഥലത്തു മുപ്പൂ കൃഷിയും ചെയ്തുവരുന്നു. കുഴിക്കാണിപ്പാടശേഖരത്തിൽ 62 ഹെക്ടർ ഒരു

പൂകൃഷിയും, 65 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂ കൃഷിയും 68 ഹെക്ടർ സ്ഥലത്ത് മുപ്പൂകൃഷിയും ചാറ്റുകുളം പാടശേഖരത്തിൽ 53 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂകൃഷിയും ഇരുപ്പൂകൃഷിയും 24 ഹെക്ടർ സ്ഥലത്തു മുപ്പൂ കൃഷിയും ചെയ്തു വരുന്നു. ഈ മൂന്നുപാടശേഖരങ്ങളിലുമായി ഉദ്ദേശം ഒരു ലക്ഷത്തി പതിനായിരപ്പറ നെല്ല് ഉത്പ്പാദിപ്പിക്കുവാൻ കഴിയുന്നു. എന്നാൽ ഈ മൂന്നുപാടശേഖരങ്ങളിലേയും കർഷകർ ഒന്നും മൂന്നും വാർഡുകളിലെ ഗ്രാമസഭകളിൽ കൂടി ആവശ്യപ്പെട്ടിരിക്കുന്ന താഴെ എഴുതുന്ന ജല സേചന പദ്ധതികളുടെ പണികൾ പൂർത്തികരിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതു വഴി ഇന്നത്തെ നെല്ലുല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന്നും കൂടാതെ തോട്ടം വിളകളെയും കൂടുതൽ മെച്ചപ്പെട്ട നിലയിൽ സംരക്ഷിക്കുവാൻ കഴിയും.

1. ചിമ്മിണി മുപ്ളി പദ്ധതിയിൽപ്പെടുത്തി അനുമതി നൽകിയുട്ടുള്ള ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് പണി ഉടനെ നടത്തുന്നതിന്നു കേരളാ ഗവർമ്മേണ്ടിനോടു അപേക്ഷിക്കുകയും പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും വേണം.
2. കുഴിക്കാണിപ്പാടം തോടിൻെറ വശങ്ങൾ കെട്ടികൂഞ്ഞാക്കൽ ഭാഗത്തും, മറ്റത്തൂർ - പന്തല്ലൂർ - കാവും തറ കോളനി റോഡു സന്ധിക്കുന്ന ഭാഗത്തും ഓരോ റെഗുലേറ്റർ-കം- ബ്രിഡ്ജുകൾ പണിയുക.
3. ചോങ്കുളം താഴ്ത്തി നന്നാക്കുക
4. കോട്ടായിക്കുളം താഴ്ത്തി, വശങ്ങൾ കെട്ടി സംരക്ഷിക്കുക.
5. മൂന്നാംവാർഡിലെ കുറുംകുളം, തോപ്പിലാൻ കുളം താഴ്ത്തികെട്ടുകയും ടി കുളങ്ങളിൽ ഓരോ ലിഫ്റ്റിറിഗേഷൻ സ്കീം നടപ്പിലാക്കുകയും ചെയ്യുക.
6. പണിപൂർത്തികരിച്ചിട്ടുള്ള ആറ്റപ്പിള്ളി ലിഫ്റ്റിറിഗേഷന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി വെള്ളം പമ്പുചെയ്യുകയും, മറത്തൂർകുന്ന്, കാവനാട്, വാസുപുരം ഭാഗത്ത് കൂടുതൽ പ്രദേശത്തേക്കു കൂടി ജലവിതരണം ലഭ്യമാക്കുകയും ചെയ്യുക.
7. ഒന്നാം വാർഡിലെ പന്തല്ലൂർ കടവുകെട്ടിസംരക്ഷിച്ച് ഒരു പുതിയ ലിഫ്റ്റിറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
8. ചാക്യാർ കടവുകെട്ടി സംരക്ഷിക്കുകയും ഒരു ലിഫ്റ്റിറിഗേഷൻ പദ്ധതി പുതിയതായി അനുവദക്കുകയും ചെയ്യുക.
9. വരാകുഴി തോടും, മുതലക്കുഴിപ്പാടം തോടും, മറ്റത്തൂർപ്പാടം തോടും, കോട്ടായിപ്പാടം തോടും വീതി കൂട്ടി താഴ്ത്തി വശങ്ങൾ കെട്ടിസംരക്ഷിക്കുക.
10. ഓടം കടവ്, ആശാൻ കടവ്, മൂലങ്കുടം കടവ്, ആറ്റപ്പിള്ളി കടവു ഇവ കെട്ടി സംരക്ഷിക്കുകയും കന്നുകാലികളെ വെള്ളത്തിൽ ഇറക്കേണ്ടതിന് ഓരോ റാമ്പുകെട്ടുകയും ചെയ്യുക.
11. ചുങ്കാൽ ലിഫ്റ്റിറിഗേഷൻ സ്കീം സി സി ഡി പി. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക.
12. കുഴിക്കാണിപ്പാടം തോട്ടിൽ തെക്കിനിയത്ത് ചാക്കുണ്ണിയുടെ പറമ്പിനു താഴെ ഒരു ചെക്കുഡാം നിർമ്മിക്കുക.
13. അവിട്ടപ്പിള്ളി കുളം താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിക്കുക.
14. മറ്റത്തൂർ ബ്രാഞ്ചുകനാലും ആറേശ്വരം കനാലും സംരക്ഷണപണികൾ നടത്തി കേടുവന്ന സ്ലൗട്ടുകൾ പുതുക്കിപ്പണിത് ജലസേചന സൗകര്യം ഉറപ്പു വരുത്തുക. കഴിഞ്ഞ 5 വർഷമായി ഈ കനാലുകളുടെ സംരക്ഷണപ്പണി നടത്താതെയും, ജലവിതരണം ക്രമമായി നടത്താതേയും വീഴ്ച വരുത്തിയതു കൊണ്ടു പഞ്ചായത്തിൻെറ ഒന്നു മുതൽ ആറുകൂടിയ വാർഡുകളിലെ കനാലിനെ ആയക്കെട്ടു ഏരിയയിൽപ്പെടുന്ന മുഴുവൻ കാർഷികവിത്തുകളും വരൾച്ച ബാധിച്ചു നശിക്കുകയും, പഞ്ചായത്തിൻെറ നേതൃത്വത്തിൽ 1995 ൽ കർഷകർ ശ്രമദാനമായി കനാലിൻെറ സംരക്ഷണപ്പണി നടത്തിയിട്ടും ജലസേചന വകുപ്പു അധികൃതരുടെ അനാസ്ഥ മൂലം ജലവിതരണം നടക്കാതെ വരികയും ആണ് ഉണ്ടായത്. ഈ നില ഇനിയും ഉണ്ടാകാതിരിക്കേണ്ടതിന് നടപടി സ്വീകരിക്കേണ്ടതാണ്.

IIരണ്ടാം വാർഡിൽപ്പെടുന്ന പാപ്പാളിപ്പാടം, വാസുപുരംപാടം, ഇത്തുപ്പാടം പാടശേഖരകമ്മറ്റികളുടെ പ്രവർത്തനപരിധിയിൽ 51 ഹെക്ടർ സ്ഥലത്തു വിരുപ്പുകൃഷിയും 208 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷിയും 172 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷിയും ചെയ്തുവരുന്നു. ഈ പ്രദേശത്തെ കർഷകർക്ക് വെള്ളം ലഭിക്കുന്നതിന്നു നിലവിലുള്ള പദ്ധതി മറ്റത്തൂർ ബ്രാഞ്ചുകനാലും 95ൽ പ്രവർത്തനം തുടങ്ങിയ വാസുപുരം ലിഫ്റ്റ് ഇറിഗേഷനുമാണ്. മറ്റത്തൂർ ബ്രാഞ്ചുകനാൽവഴി ജലവിതരണം ക്രമമായി നടത്തുന്നതിനും വാസുപുരം ലിഫ്റ്റ് ഇറിഗേഷനെ നിലവിലുള്ള മോട്ടോർ പമ്പുസെറ്റു കൂടുതൽ കുതിരശക്തിയോടുകൂടിയതു സ്ഥാപിച്ച് കൂടുതൽ പ്രദേശത്തേക്ക് ഈ സ്കീം വഴി ജലവിതരണം നടത്തുന്നതിനം ഉള്ള പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യുന്നതോടൊപ്പം താഴെ എഴുതുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിന്നു നടപടി സ്വീകരിക്കേണ്ടതാണ്.

1. വാസുപുരം ശിവക്ഷേത്രത്തിനുസമീപം പാപ്പാളിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി നല്കുക.

2. ചുങ്കാൽ ലിഫ്റ്റ് ഇറിഗേഷൻ പണി നടത്തി ഈപ്രദേശത്തേക്കുകൂടി ജലവിതരണം നടത്തുക.

3. നരയംകുറ്റി കാഡതോട് കാരക്കുളം പാടം വഴി പുഴവരെ നീട്ടി പണിയുക.

4. കുറ്റിപ്പാടം ലീഡിങ്ങു ചാനൽ കുട്ടിചീപ്പുവരെ നീട്ടി പണിയുക.

5. ചെറിയ ഇത്തുപ്പാടത്തേക്ക് ക്രോസ്സുബാറിലെ വെള്ളം തിരിക്കുവാനും, പാപ്പാളിപ്പാടത്തേക്ക് മുണ്ടകൻ പാടത്തുനിന്നും പുഞ്ചപ്പാടത്തേക്ക് വെള്ളം തിരിക്കുന്നതിന്നും തോടുകൾ താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിക്കുക.

6. വെള്ളിക്കുളം തോട്, കൂഞ്ഞാക്കൽ തോട് കല്ലിടുമ്പു തോട് എന്നിവ കൂടുതൽ താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിക്കുക.

IVനാലാം വാർഡിൽപ്പെടുന്ന അവിട്ടപ്പിള്ളി ചുങ്കാൽ പാടശേഖരങ്ങളിൽ 114 ഹെക്ടർ സ്ഥലത്ത് വിരിപ്പു കൃഷിയും 116 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷിയും 121 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷിയും നടത്തിവരുന്നു. ഈ പ്രദേശത്തെ പ്രധാന ജലവിതരണം മറ്റത്തൂർ ബ്രാഞ്ചുകനാൽ വഴിയാണ്. കനാൽ വഴിയുള്ള ജല വിതരണം തൃപ്തികരമല്ലാത്തതിനാൽ ഈ പ്രദേശത്തെ കാർഷികമേഖലയും വരൾച്ച ബാധിത പ്രദേശമാണ്. മറ്റത്തൂർ ബ്രാഞ്ചുകനാലിൽ കൂടി ജലവിതണം ക്രമമായി നടത്തുന്നതിനുള്ള നടപടിയുണ്ടാകേണ്ടതും, കൂടാതെ താഴെ എഴുതുന്ന ഗ്രമസഭയുടെ നിർദ്ദേശത്തിൽ പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കേണ്ടതുമാണ്.

1. മൂന്നുമുറി, അവിട്ടപ്പിള്ളി, ഒമ്പതുങ്ങൽ കുഞ്ഞാലിപ്പാറ എന്നീ പ്രദേശങ്ങളിലെ കാർഷിക മേഖലയുടെ ജലസേചനത്തിന് വെള്ളിക്കുളം തോട്ടിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കി ജലവിതരണം നടത്തുക.

2. കുഞ്ഞാലിപ്പാറയിൽനിന്നും, താഴെ മൂന്നുമുറി പാടത്തേക്ക് വലിയ തോട്ടിൽ ലയിക്കുന്ന തോടിൻെറ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

3. അവിട്ടപ്പിള്ളി പാടശേഖരത്തിൻെറ തോടിൻെറ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

4. ചുങ്കാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി ജലവിതരണം ലഭ്യമാക്കുക.

5. ചുങ്കാൽ പാടശേഖരത്തിലും, ആമത്തോടുപാടശേഖരത്തിലും ഓരോ ഫാം റോഡുകൾ നിർമ്മിക്കുക.

6. വെട്ടിയാടൻ ചിറ താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിക്കുക.

5 മുതൽ 15 കൂടിയ വാർഡുകളിലെ 15 പാടശേഖരങ്ങളിലായി 737 ഹെക്ടർ സ്ഥലത്ത് വിരിപ്പു കൃഷിയും 744 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷിയും 523 ഹെക്ടർ സ്ഥലത്തു പുഞ്ചകൃഷിയേയും നടത്തിവരുന്നു. മറ്റത്തൂർ ബ്രാഞ്ചുകനാലിനേയും, വെള്ളിക്കുളങ്ങര തോടിനേയും ആശ്രയിക്കുന്നതിനുപുറമെ കൊരേച്ചാൽ ലിഫ്റ്റ് ഇറിഗേഷൻെറ പ്രവർത്തനം വഴിയും ജലസേചനം നടത്തിവരുന്നു. മറ്റത്തൂർ ബ്രാഞ്ചുകനാൽവഴി ജലവിതരണം ക്രമമായി നടക്കാതെ വരുമ്പോൾ വെള്ളിക്കുളങ്ങര തോടും വറ്റി വെള്ളം ലഭ്യമല്ലാതെ വരുന്നുണ്ട്. ഈ പ്രദേശങ്ങൾ മലയോര പ്രദേശങ്ങളായതിനാൽ മഴ ലഭ്യമല്ലാതായി ത്തീരുന്നതോടെ നിലവിലുള്ള വെള്ളത്തിൻെറ ലഭ്യത കുറയുകയും ചെയ്യുന്നു. അതിനാൽ താഴെ എഴുതുന്ന വിവിധ ജലസേചന പദ്ധതികൾ ഗ്രാമസഭകൾവഴി നിർദ്ദേശിച്ചതു പ്രകാരമുള്ളവ അനുവദിച്ചു പണിപൂർത്തീകരിക്കേണ്ടതുണ്ട്.

1. ചിമ്മിണി ഡാമിൽനിന്നും കുറുമാലി പുഴയിലൂടെ വരുന്ന വെള്ളം കന്നാറ്റുപാടം ചിറയുടെ സ്ഥാനത്തു ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ച് കാദികുളം എസ്റ്റെയ്റ്റിൽ കൂടി എരപ്പൻപ്പാറ, മുരിക്കിങ്ങൽ താളൂപ്പാടം, അമ്പനോളി, കൊടുങ്ങവഴി വെള്ളിക്കുളങ്ങര തോട്ടിൽ എത്തിച്ച് ഈ മേഖലയിലെ 300 ഹെക്ടർ സ്ഥലത്തെ ജലക്ഷാമം പരിഹരിക്കുന്ന പദ്ധതി നടപ്പിലാക്കുക.

2. എരപ്പൻ പാറയിൽ നിന്നും പുത്തനോളി വഴി ചെമ്പുചിറയിലേക്ക് ഒരു കനാൽ നിർമ്മിച്ച് ടി പ്രദേശങ്ങളിലേക്കും ഈ സ്കീം വഴി ജലം എത്തിക്കുക.

ഈ സ്കീം നടപ്പിലാക്കുന്നതോടെ തുമ്പൂർ മുഴിയിൽനിന്നും വരുന്നതും, മറ്റത്തൂർ ബ്രാഞ്ചു കനാലിൽക്കുടി വിടുന്നതും ടി കനാലിൻെറ വാലറ്റത്തേക്ക് ഇന്നു അനുഭവപ്പെടുന്നതുപോലെ ക്ഷാമമില്ലാതെ വിടുവാൻ കഴിയുന്നതും 725 ഹെക്ടറിലെ കൃഷിക്ക് ക്ഷാമം കൂടാതെ വെള്ളം കൊടുക്കുവാൻ കഴിയുന്നതുമാണ്.

ആറ്റപ്പിള്ളി കുറുമാലി പുഴയിലെ മണൽവാരുന്നതുമൂലം പുഴ കൂടുതൽ താഴ്ന്ന് പുഴയുടെ കര ഇടിഞ്ഞു പോകുന്നതിനാൽ മണൽവാരൽ, നിയമം വഴി നിരോധിക്കുകയും പുഴയുടെ കര കെട്ടി സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

V 1. വെള്ളിക്കുളങ്ങര തോടിൻെറ വശങ്ങൾ കെട്ടിസംരക്ഷിക്കുകയും മാഞ്ഞൂക്കാരൻ പൈലൻ, അരിക്കാട്ടുസുകുമാരൻ എന്നിവരുടെ സ്ഥലത്തിനു

സമീപം ഓരോ ക്രോസുബാറുകൾ നിർമ്മിക്കുകയും മാങ്കുറ്റിപ്പാടം ഭാഗത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുകയും ചെയ്യുക.

2. ചേലക്കോട്ടുകര പാടത്തിനു സമീപം ഒരു കുളം കുഴിച്ച് ഒമ്പതുങ്ങൽ പ്രദേശത്തേക്ക് ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം ലഭ്യമാക്കുകയും ചെയ്യുക.

VI 1. പുളിത്തറ കൈതക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

2. കടമ്പും ആര്യൻ ചിറ തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

3. മാങ്കുറ്റിപ്പാടം തോടും, മാങ്കുറ്റിപ്പാടം കിഴക്കേതോടും പടിഞ്ഞാറെതോറും വശങ്ങൾകെട്ടി സംരക്ഷിക്കുക.

4. കണ്ണമ്പാട്ട്തോട് കാഡ സ്കീമിൽ ഉൾപ്പെടുത്തിയും തയ്യൽക്കുളം, കൈതൽകുളം എന്നിവയുടെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

5. പോഞ്ചിക്കുളം തോട്ടിൽ പന്തല്ലൂക്കാരൻ കടവിൽ ക്രോസുബാർ നിർമ്മിച്ച് ഗമൺമ്മേണ്ടിന്റെ പരിഗണനയിലിരിക്കുന്ന മാങ്കുറ്റിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമാക്കുക.

Ward VII

1. പശ്ചിമഘട്ട വികസന പദ്ധതിയുടെ നീർമറി പ്രദേശമായി പഞ്ചായത്തിന്റെ ഒന്നും, മൂന്നും, വാർഡുകളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടാണ് ജില്ലാ ആസൂത്രണബോർഡിന്റെ ഉത്തരവ് വന്നിട്ടുള്ളത്. എന്നാൽ ഈ പഞ്ചായത്തിന്റെ തെക്കു കിഴക്കേ അതിർത്തികൾ പൂർണ്ണമായും മലയോര താഴ്വരകളാകയാൽ പശ്ചിമഘട്ടവികസനപദ്ധതിയുടെ നീർമാറി പ്രദേശമായി പഞ്ചായത്തിന്റെ മുഴുവൻ പ്രദേശവും ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണെന്ന് പഞ്ചായത്തു ഭരണസമിതിയും 15 ഗ്രാമസഭകളും ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം അംഗീകരിച്ചു കിട്ടുന്നതിന്നു നടപടി സ്വീകരിക്കേണ്ടതാണ്.

2. മോനൊടി കടമ്പോട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കുളം കൂടുതൽ താഴ്ത്തി വികസിപ്പിക്കുകയും അറ്റകുറ്റപണി തീർക്കുകയും ചെയ്യുക.

3. മുപ്ളിപദ്ധതി നടപ്പിലാക്കുക.

4. മറ്റത്തൂർ ബ്രാഞ്ചുകനാലിൽക്കൂടി ക്രമമായി ജലവിതരണം ലഭ്യമാക്കി ഈ പ്രദേശത്ത് 3പൂ കൃഷിയിറക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

5. പുളിന്തറ കുളം താഴ്ത്തി നന്നാക്കി 20 H.Pയുടെ പമ്പുസെറ്റു സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

Ward VIII 1. വെള്ളിക്കുളങ്ങര കോഴിമുട്ടപ്പാറ ഭാഗത്തു ഒരു ടാങ്ക്കെട്ടുകയും വെള്ളിക്കുളങ്ങര തോടു ഭാഗത്തു് ഒരു കുളം കുഴിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

2. മുപ്ളി പുഴയിലും കാരിക്കടവ്, ആനപ്പാന്തം, ചൊക്കന ഗിരിജൻ കോളനി ഭാഗത്തും തടയണകൾ കെട്ടി ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

3. വെള്ളിക്കുളം തോടിന്റെ 8-ാം വാർഡിൽപ്പെടുന്ന മുഴുവൻ പ്രദേശവും വശങ്ങൾ കെട്ടി സംരക്ഷിക്കുക.

Ward IX 1. വെള്ളിക്കുളങ്ങര വെമ്പനാട്ടുകുളം താഴ്ത്തി സൈഡുകൾ കെട്ടി സംരക്ഷിക്കുക.

2. നിലവിലുള്ള വൈദ്യുതി തടസ്സം ഒഴിവാക്കി ജലസേചനസൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

3. വെള്ളിക്കുളങ്ങര, കൊടുങ്ങ എന്നീ പ്രദേശങ്ങളിൽ കുളങ്ങൾ കുഴിച്ചും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

4. വെള്ളിക്കുളങ്ങര തോടിന്റെ രണ്ടുവശവും കെട്ടുകയും നിലംപതി ചെറിയതോടിന്റെ വീതി കൂട്ടി താഴ്ത്തുകയും ചെയ്യുക.

5. അമ്പനോളി, ഇണ്ണോടു എന്നീ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുകയും തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

6. കടമ്പോട് നീരാട്ടുകുഴി ഭാഗത്തു ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

Ward X 1. കോപ്ളിപ്പാടം, ആനത്തടം, ചീരക്കാട്, കൊടുങ്ങ, കിഴക്കേകോടാലി എന്നീ പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കി ജലസേചനസൗകര്യം ഉറപ്പുവരുത്തുക.

2. കോപ്ളിപ്പാടം ക്രോസ്സുബാറിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും തോട് വീതി കൂട്ടി താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

3. കോപ്ളിപ്പാടം കൈത്തോട്ടിൽ കൂടി ഒഴുകി വരുന്ന വെള്ളം പൂവാലിത്തോട്ടിൽ എത്തിക്കുന്നതിനു് നടപടി സ്വീകരിക്കുക.

4. കൊടുങ്ങക്കും കോപ്ളിപ്പാടത്തിനും ഇടയ്ക്ക് തോട്ടിൽ ഒരു ക്രോസ്സുബാർ കൂടി നിർമ്മിക്കുക.

Ward XI 1. കണ്ണാറ്റുപാടം, എരപ്പൻപാറ, മുരിക്കിങ്ങൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി ജലസേചനസൗകര്യം ഉറപ്പുവരുത്തുക.

2. കാരിക്കടവിൽ തടയണ നിർമ്മിക്കുക.

3. കുണ്ടായി മാവിൻ ചുവടിനു സമീപം ചിറകെട്ടി പമ്പുസെററു സ്ഥാപിച്ച് ഒരു ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കി താളൂപ്പാടം പ്രദേശത്തേക്ക് ജലസേചനസൗകര്യം ഉറപ്പുവരുത്തുക.

4. താളൂപ്പാടം, മുപ്ളിതോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

Ward XII 1. മുരിക്കുങ്ങൽ കൽക്കുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി വാർഡിലെ ജലസേചനസൗകര്യം ഉറപ്പുവരുത്തുക.

Ward XIII

1. കൊരേച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രദേശത്തെ തോടുകൾ കോൺക്രീറ്റുചെയ്ത് സംരക്ഷിക്കുക.
2. ചേലക്കാട്ടുകര ക്രോസ്ബാറിൻെറ വലുപ്പം വർദ്ധിപ്പിക്കുകയും, നിലവിലുള്ള കേടുപാടുകൾ തീർക്കുകയും ചെയ്യുക.
3. അന്നാംപാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പുലൈനിലെ തടസ്സങ്ങൾ നീക്കം ചെയ്തു ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.
4. ചേലക്കാട്ടുകര, വലിയതോട്, ചെട്ടിച്ചാൽതോടു എന്നിവ കെട്ടി സംരക്ഷിക്കുക.
5. ചേലക്കാട്ടുകര ക്രോസുബാറിൻെറ കാഡകനാൽ നീട്ടി പണിത് കൃഷി ആവശ്യത്തിനു വെള്ളം ലഭ്യമാക്കുക.
6. വെട്ടിയാടൻ ചിറയുടെ പുനരുദ്ധാരണം തൃപ്തികരമായ നിലയിൽ നടത്തുക.
7. പള്ളിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. കൊരേച്ചാൽ ലിഫ്റ്റ് ഇറിഗേഷൻെറ മോട്ടോർ പമ്പുസെറ്റിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
9. ചേലക്കാട്ടുകര, വലിയതോടു, ഓളിപ്പാടംതോട്, ചെട്ടിച്ചാൽതോട് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുക.

Ward XIV 1. മൂന്നുമുറി ചെട്ടിച്ചാൽ വലിയ തോട്ടിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിത് ചെട്ടിച്ചാൽ, മൂന്നുമുറി പാടശേഖരങ്ങളിലേക്ക് വെള്ളം ലഭ്യമാക്കുക.

2. ചെമ്പുചിറ ലിഫ്റ്റ് ഇറിഗേഷൻെറ പണി പൂർത്തീകരിച്ച് ജലസേചനസൗകര്യം ലഭ്യമാക്കുക.
3. ചെമ്പുചിറ കുളം താഴ്ത്തിയും ബണ്ടുകളുടേയും റാമ്പിൻെറയും കേടുപാടുകൾ തീർത്തും സംരക്ഷിക്കുക.
4. ചെട്ടിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ പ്രദേശത്തേക്കു ജലസേചനം ലഭ്യമാക്കുക.
5. ഈ വാർഡിൽ ഉൾപ്പെടുന്ന വെള്ളിക്കുളം തോടിൻെറ വശങ്ങൾ കെട്ടി സംരക്ഷിക്കുക.
6. ചെമ്പുചിറപ്പാടംതോടും, പുഞ്ചപ്പാടംതോടും കോൺക്രീറ്റു ചെയ്തു സംരക്ഷിക്കുക.
7. മങ്ങണംചാലിൽ 5 H.Pയുടെ മോട്ടോർ സ്ഥാപിച്ച് ജലസേചനം ലഭ്യമാക്കുക.
8. കന്നുകാലികളെ ഇറക്കികഴുകുവാൻ സൗകര്യപ്പെടുന്ന റോമ്പുകൾ 14-ാം വാർഡിലെ വലിയ തോടിൻെറ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കുക.

Ward XV 1. നാഡിപ്പാറ, ഇഞ്ചക്കുണ്ട് എന്നീ പ്രദേശങ്ങളിൽ വെള്ളം ലഭ്യമല്ലാത്തതും, ഈ പ്രദേശത്തു ജലസ്രോതസ്സുകളില്ലാത്തതുമാണ്. അതുകൊണ്ട് ഈ പ്രദേശത്തെ ജലസേചനസൗകര്യം വർദ്ധിപ്പിക്കുവാൻ കഴിയുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി നല്കി നടപ്പാക്കേണ്ടതാണ്.

2. നൂലുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ആയക്കെട്ടു പ്രദേശം വർദ്ധിപ്പിച്ച് നൂലുവള്ളി, ആലുക്കാപ്പാടം, നാഡിപ്പാറ ഹരിജൻ കോളനിയുടെ മുഴുവൻ പ്രദേശങ്ങളെയും ഉൾപ്പെടുത്തി ജലവിതരണം ലഭ്യമാക്കുക.
3. ചെമ്പുചിറ ലിഫ്റ്റ് ഉറിഗേഷൻെറ അറ്റമായ എള്ളുപാറയിൽ ഒരു കുളം കുഴിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം സ്റ്റോർ ചെയ്ത് കാർഷിക ആവശ്യത്തിന് വെള്ളം ലഭ്യമാക്കുക.
4. ഈ വാർഡിൽ ഉൾപ്പെടുന്ന വെള്ളിക്കുളങ്ങര തോടിൻെറ സൈഡുകെട്ടി സംരക്ഷിക്കുക.
5. ചെമ്പുചിറ കുളത്തിൻെറ ബണ്ടു ഉയർത്തിക്കെട്ടി മത്സ്യം വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. കൊരേച്ചാൽ ലിഫ്റ്റ് ഇറിഗേഷൻെറ ആയക്കെട്ടു പ്രദേശം വർദ്ധിപ്പിച്ച് 14, 15 വാർഡുകളിലേക്കും വെള്ളം ലഭ്യമാക്കുക.
7. ചാലക്കുടി വലതു കനാലിൽ നിന്നാരംഭിച്ച് ഈ പഞ്ചായത്തിലെ കാവനാട് ഹരിജൻ കോളനിയിൽ കൂടി പോകുന്ന ആറേശ്വരം ബ്രാഞ്ചുകനാലിൻെറ 2.600 K.Mനും 3K.Mനും ഇടയ്ക്ക് വലതു വശത്തു പ്രവർത്തിച്ചുവരുന്ന കനകമല കരിങ്കൽ ക്വാറിയിൽ നിന്നുള്ള കരിങ്കൽ ചില്ലുകളും മണ്ണും കുത്തി ഒഴുകി കനാലിൽ വീഴുന്നതുമൂലം ആ ഭാഗത്ത് കനാലിലൂടെ ഒഴുകുന്ന വെള്ളത്തിന്ന് തടസ്സം വരുന്നു. ഇതിന്നു താഴെ ഭാഗത്തുള്ള ഉദ്ദേശം 60 ഹെക്ടറോളം വരുന്ന നെൽകൃഷിക്ക് ഈ കനാൽ വഴി മാത്രമേ വെള്ളം ലഭിക്കുകയുള്ളൂ. കനാലിൻെറ സംരക്ഷണപണി നടത്തേണ്ടതാണ്. കൊടകര പഞ്ചായത്തു അധികൃതരും, ജലസേചനവകുപ്പ് അധികൃതരും ആയി ബന്ധപ്പെട്ടു ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണ്.
8. മറ്റത്തൂർ ബ്രാഞ്ചുകനാൽ വഴി പുഞ്ചകൃഷിക്ക് ഇപ്പോൾ 11 കിലോമീറ്റർ വരെ മാത്രമാണ് ജലവിതരണം ലഭ്യമാക്കുന്നത്. അതും ക്രമമായി വെള്ളം വിടാത്തതുകൊണ്ട് പുഞ്ചകൃഷിക്ക് ഉണക്കം ബാധിച്ചുവരുന്നുണ്ട്. ജലസേചന വകുപ്പ് അധികൃതരുമായി ബന്ധപ്പെട്ടു മറ്റത്തൂർ ബ്രാഞ്ചുകനാലിൻെറ വാലറ്റം വരെ പുഞ്ചകൃഷിക്ക് വെള്ളം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതുമാണ്. ഇതിലേക്കായി 1995ൽ ജനപങ്കാളിത്തത്തോടെ 18.75 കി.മീറ്റർ ദൂരം കനാൽ മണ്ണു നീക്കി ശരിയാക്കിയിട്ടുള്ളതാണ്.

# 5.1.ഇ. വനം

വനസമ്പത്തുകൊണ്ട് അനുഗ്രഹീതമാണ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത്. മൊത്തം 103.11 ചതുരശ്രകി.മീ. വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 43.86 ചതുരശ്ര കി.മീ. വനമാണ്. ആറേശ്വരം, കുഞ്ഞാലിപ്പാറ, മാങ്കുറ്റിപ്പാടം, കടമ്പോട്, മോനൊടി, വെള്ളിക്കുളങ്ങര, കമലക്കട്ടി, പോത്തൻചിറ, അമ്പനോളി, കുറിഞ്ഞിപ്പാടം, നായാട്ടുകുണ്ട്, ചൊക്കന, ആനപ്പാന്തം എന്നീ സ്ഥലങ്ങൾ വനപ്രദേശത്തിൻെറ കീഴിൽ വരുന്നു. ഈ 43.86 ചതുരശ്ര കി.മീ. വനത്തിൽ 15.76 കി.മീ. സ്ഥലത്തിൽ തേക്ക്, കശുമാവ്, ഇലവ്, ചന്ദനം, മറ്റുള്ളവയും റീപ്ളാൻറ് ചെയ്തിട്ടുണ്ടെന്നത് അഭിനന്ദനമർഹിക്കുന്നു.

ചാർട്ട് - 1

| നമ്പർ | ഇനം | സ്ഥലത്തിൻെറ അളവ് |
|---|---|---|
| 1 | തേക്ക് | 1202.86_ഹെക്ടർ |
| 2 | കശുമാവ് | 286.62 ,, |
| 3 | ഇലവ് | 47.70 ,, |
| 4 | ചന്ദനം | 12.05 ,, |
| 5 | മിശ്രിതം (നെല്ലി, താണി മുതലായവ) | 27.08 ,, |
| | ആകെ | 1576.31 ഹെക്ടർ |

സ്വാതന്ത്ര്യത്തിൻെറ മുൻപുതന്നെ ഇവിടുത്തെ വനപ്രദേശങ്ങളിലെ മരങ്ങൾ മുഴുവൻ ബ്രിട്ടീഷ് മേധാവികളുടെ ചൂഷണങ്ങൾക്ക് വിധേയമായിട്ടുണ്ട്. തൃശൂർ ജില്ലയിലെ വനാതിർത്തിയായ പറമ്പിക്കുളത്തു നിന്നാരംഭിച്ച് ഒരുകൊമ്പൻ, കുതിരച്ചാൽ, പോത്തുപാറ, കുഴാറുക്കുട്ടി, ആനപ്പാന്തം, ശാസ്താംപൂവ്വം, വെള്ളിക്കുളങ്ങര എന്നിവിടങ്ങളിലൂടെ 50 കി.മീ. റെയിൽ ട്രാംവെ വഴി ചാലക്കുടിയിലേക്ക് നാനാവിധ വനവിഭവങ്ങൾ 1892 മുതൽ 1961 വരെയുള്ള കാലയളവിൽ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലേക്കും, വിദേശരാജ്യങ്ങളിലേക്കും കടത്തികൊണ്ടുപോയിരുന്നു. വെള്ളിക്കുളങ്ങര മുതൽ പറമ്പിക്കുളം വരെ ഏകദേശം 50 KM ദൂരത്തെ ഏകസഞ്ചാരമാർഗ്ഗം ഇതു തന്നെയായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൻെറ വനസമ്പത്ത് വൻതോതിൽ ചൂഷണം ചെയ്യപ്പെട്ടത് ഈ പഞ്ചായത്തിൻെറ വനമേഖലകളിൽ നിന്നാണ്. എന്നാൽ 1957ലെ വനവിഭവങ്ങൾ കൊണ്ടുപോയിരുന്ന റെയിൽ സഞ്ചാരം നിർത്തലാക്കിയത് ഒരർത്ഥത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൻേറയും കേരളത്തിൻേറയും ടൂറിസം വികസന രംഗത്ത് കനത്ത നഷ്ടമായി കാണുന്നു. ഈ ട്രാംവെയുടെ അവശിഷ്ടങ്ങൾ ഇന്നും പല സ്ഥലങ്ങളിൽ കാണുവാൻ സാധിക്കും.

രണ്ടാംലോക മഹായുദ്ധക്കാലത്ത്, ഭക്ഷ്യദൗർലഭ്യത്തിൻെറ പേർ പറഞ്ഞ് അന്നത്തെ കൊച്ചിസർക്കാരിൻെറ ബ്രിട്ടീഷ് മേധാവി ആയിരുന്ന വിക്കൺ പ്രഭു ഇഞ്ചക്കുണ്ട് പ്രദേശത്തെ നിബിഡങ്ങളായ വനങ്ങൾ വെട്ടി തീ വെക്കുകയും നെല്ല് കൃഷി ചെയ്യുകയും, മരങ്ങൾ മുഴുവനും വിദേശികളുടെ ആവശ്യത്തിന് കടത്തി കൊണ്ട് പോവുകയും ചെയ്തിട്ടുണ്ട് എന്നത് പഴയ തലമുറയിലെ ശ്രീ വാഴപ്പിള്ളി മാധവമേനോൻ സ്മരിക്കുന്നു. ഇപ്പോഴത്തെ അവസ്ഥ ഇതിനേക്കാളും മനുഷ്യഹിനമാണെന്ന് പറയാതിരിക്കുവാൻ സാധ്യമല്ല. എന്തെന്നാൽ കോടശ്ശേരിമലയിലെ മറ്റത്തൂർ കുന്ന്, കുഞ്ഞാലിപ്പാറ, ഇഞ്ചക്കുണ്ടിലെ ചില പ്രദേശങ്ങൾ ഇവ കരിങ്കൽ ക്വാറികളുടെ സിരാകേന്ദ്രങ്ങളാണ്. ഇവയ്ക്ക് ഒരറുതി വരേണ്ടത് അത്യന്താപേക്ഷിതവുമാണ്. പരിസ്ഥിതിപ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും സാധിക്കും. ഇപ്പോൾ നിലവിലുള്ള വനങ്ങൾ, നീലകൊടുവേലി, കാട്ടുജീരകം, ആവണക്ക്, കരിങ്കുറിഞ്ഞി, തിപ്പല്ലി, വാടാമഞ്ഞൾ എന്നീ ദിവ്യ ഔഷധസസ്യങ്ങളുടെ ഒരു ഖനി എന്നുതന്നെ വേണം കരുതാൻ. പഠനപര്യടനം നടത്തിയപ്പോൾ ഇക്കാര്യം വ്യക്തമായിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ മലയാണ് കോടശ്ശേരി. സമുദ്രനിരപ്പിൽ നിന്നും 2756 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു. കൂടാതെ 4 മുതൽ 8കൂടി വാർഡുകളുടെ തെക്കേ അതിർത്തി കൂടിയാണ്. ഈ പ്രദേശത്ത് ചരിത്രപ്രസിദ്ധമായ കനകമല, ആറേശ്വരം എന്നീ ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്നു.

കോടശ്ശേരി മലയിൽ, നാഗത്താൻ പാറക്ക് സമീപം ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്ത് ഒളിസങ്കേതങ്ങളിലൊന്നായ ഒരു ഗുഹയുണ്ട്. ഏക

ദേശം 50 പേർക്ക് ഒരേസമയത്ത് താമസിക്കുവാൻ സൗകര്യമുള്ളതാണിത്.

ഇവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും കൂട്ടായ ജനശ്രദ്ധതീർത്തും ആത്യന്താപേക്ഷിതമാണ്. സർക്കാർതലത്തിൽ വനം പരിരക്ഷിക്കുന്നതിന് ജീവനക്കാരുടെ എണ്ണം കുറവാണ്. ഫീൽഡ് സ്റ്റാഫായിട്ട് 21 ജീവനക്കാരേ ഇവിടെയുള്ളൂ. കശുവണ്ടി നല്ലൊരു തുകക്ക് തന്നെ വർഷങ്ങളിൽ ലേലത്തിൽ പോകുന്നുണ്ട്. വനത്തിനുള്ളിൽ തന്നെ വനപരിപാലനം എന്ന ഉദ്ദേശ്യത്തോടുകൂടി ഏകദേശം 20.82 KM ഫോറസ്റ്റ് റോഡുകൾ ഉണ്ട്. വറ്റാത്ത നീരുറവകളും പ്രകൃതി രമണീയതയും ഉള്ള ഈ വനങ്ങൾ പരിരക്ഷിക്കേണ്ടത് ഓരോ പൗരൻേറയും ധർമ്മമായി കരുതണം.

മുകളിൽപറഞ്ഞ 43.86 ച.കി.മീ. വനമാണെന്ന് കണക്കുകളിൽ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത്രയും സ്ഥലത്ത് വനങ്ങൾ കാണുവാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന്; ആറേശ്വരം വനപ്രദേശത്ത് കശുമാവും കുറ്റിച്ചെടികളും മാത്രമേ കാണൂ. ബാക്കിയുള്ളവയിൽ നാമമാത്രമായേ വനങ്ങളുള്ളൂ. ഗ്രാമസഭകളിൽ ഇന്ന് പരിഹാരങ്ങളും നിർദ്ദേശങ്ങളും ആയവയിലേക്ക് ലഭിച്ചിട്ടുണ്ട്.

ആറേശ്വരം മല ചുറ്റും താമസിക്കുന്ന മൂന്നാ വാർഡിലെ ജനങ്ങളുടെ ജീവിതവും തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ കശുമാവ് ഒഴികെ വേറെ മരങ്ങൾ ഒന്നും തന്നെയില്ല. ചില സ്ഥലത്ത് അക്കേഷ്യ, കാറ്റാടിമരം മാത്രമേയുള്ളൂ. ആയതുകൊണ്ട് നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നിബിഡവനം എന്ന സങ്കല്പം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും, വാർഡ് മെമ്പർ, കൺവീനറുമായി വനം വകുപ്പ് ഉദ്യോഗസ്ഥർ, വാർഡിലെ മറ്റുള്ളവരെ കൂടി പങ്കെടുപ്പിച്ച് ഒരു സഹകരണസംഘം രൂപീകരിച്ച് ജനകീയ വനവൽക്കരണപദ്ധതി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതാണ്. അതുപോലെ ഈ റെയ്ഞ്ചിലെ മറ്റ്പ്രദേശങ്ങളിലേക്കും ആയത് വ്യാപിപ്പിക്കാവുന്നതാണ്.

ഗ്രാമസഭകളിൽ ഏറെ ചർച്ച ചെയ്യപ്പെട്ട് താഴെ പറയുന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും വന്നിട്ടുണ്ട്.

1. നാട്ടിൽ അന്യം നിന്നുപോകുന്ന മാവ്, പ്ലാവ് തുടങ്ങിയവയെ സംരക്ഷിക്കണം. റിസർച്ച് ഫോറസ്റ്റിൻെറ ആദ്യത്തെ 100 മീറ്റർ പരിസരത്ത് ജനകീയ പങ്കാളിത്തത്തോടെ ആയവ നടീൽ ചെയ്യാവുന്നതാണ്. ഇതിൻെറ നടത്തിപ്പും ഫലമെടുപ്പും ജനങ്ങൾക്ക് കൊടുക്കണം.
2. താഴെ, സമതലത്തിനോടടുത്ത് ജൈവവള വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കാവുന്നതാണ്. ഒരു പരിധിവരെ മണ്ണൊലിപ്പുതടയാവുന്നതും കൂടാതെ, നാട്ടിൻപുറത്തെ സ്ത്രീകൾക്ക് പച്ചില, ചവറ് എന്നിവ വനങ്ങളിൽ നിന്ന് ശേഖരിക്കാവുന്നതും, ഒരു തൊഴിൽ മാർഗ്ഗമായി മാറ്റാവുന്നതാണ്.
3. വനങ്ങളിൽ വേനൽക്കാലത്തുണ്ടാവുന്ന കാട്ടുതീ തടയുന്നതിന് ബോധവൽക്കരണത്തിന് ഏർപ്പാടുണ്ടാക്കണം - വനം വകുപ്പുദ്യോഗസ്ഥന്മാരടക്കം ജനങ്ങളുടെ കൂട്ടായ്മയോടുക്കൂടി വനസംരക്ഷണസേന ഉണ്ടാക്കാവുന്നതാണ്.
4. ആനപ്പാന്തം കോളനിയിൽ ഒരു ചെക്ക്ഡാം പണിതാൽ ഈ സ്ഥലത്തെ ശുദ്ധജല പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും.
5. വനാന്തർഭാഗത്തു നടക്കുന്ന കള്ളവാറ്റ്, തടിവെട്ട് എന്നിവ നിർത്തലാക്കണം - സംരക്ഷണസേന മുൻകൈയെടുക്കണം.
6. പുനർവനവത്ക്കരണ പ്രവർത്തനങ്ങൾക്ക് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

ഇപ്പോഴുള്ള വനപരിപാലനം, വനവത്ക്കരണം എന്നിവയിൽ കാതലായമാറ്റം അത്യന്താപേക്ഷിതവുമാണ്. അതുവഴി നിയമരഹിതമായ ക്വാറിപ്രവർത്തനം പരിസ്ഥിതിപ്രശ്നങ്ങൾ തടയുന്നതിനും സമൂലമായമാറ്റം ആവശ്യമാണ്. കൂടാതെ ജനപങ്കാളിത്തത്തോടുകൂടി വനത്തെ സംരക്ഷിക്കുന്ന കാര്യവും ആലോചിക്കാവുന്നതുമാണ്.

804206

# 5.2. അ മൃഗസംരക്ഷണം

"പൊങ്ങീ ദധി മഥനോത്സവ സംഗീതം
കങ്കണ രിംഖണ സങ്കലിതം"

കാലികളും കാലിത്തൊഴുത്തും വീടിൻേറയും ഗ്രാമത്തിൻേറയും ഐശ്വര്യമായി കണക്കാക്കി യിരുന്ന ഒരു കാലമുണ്ടായിരുന്നു........! അതെല്ലാം പഴയ കഥ!

കാർഷികപ്രധാനമായ മറ്റത്തൂർ പഞ്ചാ യത്തിൽ കൃഷിയും കാലിവർത്തലും പരസ്പരപൂരക ങ്ങളായി നിലനിന്നിരുന്നു. പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 40% കൃഷിഭൂമിയാണ്. കൂടാതെ; കാലിവളർത്തലിന് അനുയോജ്യമായ ഭൂപ്ര കൃതിയാണ്; മൂന്നുഭാഗവും മലകളാൽ ചുറ്റപ്പെ ട്ടതായ ഈ പഞ്ചായത്തിൻേറത്. തദ്വാര, ആദികാലം മുതൽ തന്നെ മൃഗസംരക്ഷണത്തിന് സാധാരണ ക്കാരായ കർഷകർ മുൻതൂക്കം നൽകിയിരുന്നു. എന്നാൽ, യന്ത്രവത്ക്കരണത്തിൻേറയും, സാമൂഹ്യവ നവത്ക്കരണത്തിൻേറയും ഭാഗമായി മൃഗസംരക്ഷണ രംഗത്തു കാതലായ മാറ്റമുണ്ടായി. ഭൂരിഭാഗം ആളുകളും കുറഞ്ഞ ഭൂമിയുടെ ഉടമസ്ഥരായ തുകൊണ്ട് മേച്ചിൽപ്പുറങ്ങളുടെ അപര്യാപ്തത ഈ രംഗത്തെ പ്രതികൂലമായി ബാധിച്ചു.

മൃഗസംരക്ഷണം പ്രധാനമായും ഉഴവ്, തേക്ക്, വണ്ടികൾ എന്നിവയ്ക്കും, നടത്തിയിരുന്നത് പാൽ, മാംസം, വളം എന്നിവയ്ക്കും വേണ്ടിയാണ്. ആദ്യ കാലങ്ങളിൽ ഇരിങ്ങാലക്കുട, ചാലക്കുടി, തൃശൂർ തുട ങ്ങിയ ചന്തകളിലേക്കു കാർഷികോല്പന്നങ്ങൾ എത്തിച്ചിരുന്നതും, വില്പനച്ചരക്കുകൾ അവിടെനിന്ന് ഇങ്ങോട്ടുകൊണ്ടുവന്നിരുന്നതും കാളവണ്ടികളി ലാണ്. കാലം മാറിയപ്പോൾ കഥയും മാറി ഇന്ന് ചീറിപായുന്ന വാഹനങ്ങൾക്ക് കാളവണ്ടികൾ വഴി മാറികൊടുത്തിരിക്കുന്നു.

തേക്കുപാട്ടിൻേറയും, കൊയ്ത്തുപാട്ടിൻേറയും ശീലുകൾ മുഴങ്ങിയിരുന്ന വയലേലകളിൽ യന്ത്ര ങ്ങൾ കടന്നുവന്നപ്പോൾ, ആ ലളിതമനോഹരമായ നാടൻ ശീലുകൾ നമുക്കന്യമായി എന്നതോടൊപ്പം, തേക്കിനും, ഉഴവിനുമായി കർഷകരെ സഹായിച്ചു കൊണ്ടിരുന്ന കാലികൾ കർഷകൻെറ കുടിലുകളിൽ അധികപറ്റാവുകയും; അവ ചന്തകളിലേക്ക് മാറ്റപ്പെ ടുകയും ചെയ്തു.

മേച്ചിൽപ്പുറങ്ങളുടെ അഭാവവും, കാലിതീ റ്റയുടെ വിലവർദ്ധനവും കറവുമാടുവളർത്തലിനെ പുറകോട്ടുതള്ളി ജനങ്ങളുടെ ജീവിതരീതിയിൽ വന്ന മാറ്റം ഇതിനു ആക്കം കൂട്ടുകയും ചെയ്തു.

ഈ രംഗത്തു, ഇന്നു നമ്മുടെ പഞ്ചായ ത്തിൻെറ അവസ്ഥ എന്താണെന്ന് നോക്കാം. ie:

**പട്ടിക - 1**

| തരം | യൂണിറ്റ് | 1987 | 1993 |
|---|---|---|---|
| കന്നുകാലികൾ-സങ്കര ഇനം | No | | |
| കാളകൾ | ,, | 200 | 331 |
| പശു | ,, | 1300 | 2080 |
| കിടാരികൾ | ,, | 900 | 1118 |
| നാടൻ ഇനങ്ങൾ - | | | |
| കാളകൾ | ,, | 336 | 808 |
| പശു | ,, | 3300 | 3483 |
| കിടാരികൾ | ,, | 4136 | 1836 |
| പോത്തുകൾ | ,, | ലഭ്യമല്ല | 187 |
| എരുമകൾ | ,, | 1120 | 700 |
| കിടാരികൾ | ,, | ലഭ്യമല്ല | 380 |
| കോഴികൾ - നാടൻ | | 26010 | 273378 |
| മറ്റിനങ്ങൾ | ,, | 2448 | 4032 |
| ആടുകൾ | ,, | 1840 | 2524 |
| താറാവ് | ,, | 826 | 665 |
| പന്നി | ,, | 28 | 54 |

പക്ഷി വളർത്തലിൻെറ കാര്യത്തിലും ആദ്യ കാലങ്ങളിൽ പഞ്ചായത്ത് മുൻപന്തിയിലായിരുന്നു. എന്നാൽ, കാലിവളർത്തലിലേതുപോലെതന്നെ സ്ഥല ദൗർലഭ്യതയും ജീവിതരീതിയിൽ വന്ന മാറ്റവും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു. അതൊടൊപ്പം അനിയന്ത്രിതമായ രോഗബാധയും, വിലവർദ്ധനയും ഈ മേഖലയെ കൂടുതൽ തളർ ത്തി.

ഇടക്കാലത്ത് ഇറച്ചികോഴി വളർത്തലിൻെറ കടന്നു കയറ്റം പക്ഷി വളർത്തലിന് ഒരു പുതിയ മാനം നൽകിയെങ്കിലും മുകളിൽ പറഞ്ഞ അവസ്ഥ ഇതിനെയും നിലം പരിശാക്കി.

## മൃഗസംരക്ഷണ മേഖലയിൽ പഞ്ചായത്തിൻെറ ഇന്നത്തെ അവസ്ഥ

**ക്ഷീരസംഘങ്ങൾ**

പഞ്ചായത്തിൽ രണ്ട് ക്ഷീരസഹകരണസംഘങ്ങളാണുള്ളത്, വെള്ളികുളങ്ങര, അവിട്ടപ്പിള്ളി എന്നിവിടങ്ങളിൽ A.P.C.O.S ൻെറ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അടുത്തകാലം വരെ കോടാലി കേന്ദ്രമാക്കി ഒരു സംഘം പ്രവർത്തിച്ചിരുന്നു.

103.11 ചതുരശ്ര കി.മീ ചുറ്റളവുള്ള പഞ്ചായത്തിൽ ഈ രണ്ടുസംഘങ്ങൾ അപര്യാപ്തമാണ്. 15 ഗ്രാമസഭകളിലും ഓരോ സഹകരണ സംഘങ്ങൾ വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

ഈ സഹകരണസംഘങ്ങൾ കേവലം പാലളവു കേന്ദ്രങ്ങൾ മാത്രമാകാതിരിക്കാൻ ശ്രദ്ധിക്കണം. ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരം കാണാൻ ശ്രമിക്കുകയും വേണം.

**മൃഗാശുപത്രികൾ, സബ് സെൻററുകൾ**

ഇന്ന്, പഞ്ചായത്തിൽ വെള്ളികുളങ്ങരയിൽ മാത്രമാണ് ഒരു ഡിസ്പൻസറി നിലവിലുള്ളത്. ഇത് സ്ഥാപിച്ചിരിക്കുന്നതോ പഞ്ചായത്തിൻെറ ഒരറ്റത്തെ കുന്നിൻ ചരുവിലും. ഇക്കാരണത്താൽ തന്നെ ഒരു വലിയ വിഭാഗത്തിന് ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട്, മൃഗാസ്പത്രിയും, സബ്ബ് സെൻററുകളും സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇതോടൊപ്പം ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്തിൻെറ ഭൂപ്രകൃതി പരിഗണിച്ച് ഒരു സഞ്ചരിക്കുന്ന വെറ്റിനറി ക്ലിനിക്കിനും സാധ്യതയുണ്ട്.

**കാലിവളർത്തൽ - ആട്, പന്നി.**

പ്രകൃതിയുടെ വരദാനമായ ഈ പഞ്ചായത്തിൽ ആടു വളർത്തലിനാണ് പ്രഥമസ്ഥാനം നൽകേണ്ടതം. മൂന്നു ഭാഗവും മലകളാൽ ചുറ്റപ്പെട്ടുകിടക്കുന്നു എന്നതുതന്നെ ഇതിനു കാരണം. നിർദ്ധന കുടുംബങ്ങൾക്കായി ഒരു ആടുവളർത്തൽ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കണം. ആടുകളെ നൽകുമ്പോൾ മലയോടു ചേർന്നുകിടക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന നൽകണം. ഇന്ന് മൂന്നാം വാർഡിലുള്ള വനമേഖലയിൽ ആടുമാടുകളെ മേയാൻ അനുവദിക്കുന്നില്ല. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്.

ഇന്ന് പഞ്ചായത്തിലേക്ക് ആഴ്ചയിൽ ഏകദേശം 60,000 മുട്ടകൾ എത്തുന്നുണ്ട്. ഇതിൽ മുഖ്യപങ്കും നമുക്ക് പഞ്ചായത്തിൽ തന്നെ ഉൽപാദിപ്പിക്കാൻ കഴിയും. അതുവഴി പഞ്ചായത്തിലെ ഒരു വലിയ വിഭാഗത്തിന് സാമ്പത്തിക ആശ്വാസം ലഭിക്കും.

കാലികളുടെ ആരോഗ്യസംരക്ഷണം ഒരു പ്രധാന പ്രശ്നമാണ്. താഴെ കൊടുത്തിരിക്കുന്ന കണക്കിൽ നിന്നും ഇത് വ്യക്തമാകും.

| വർഷം | മൊത്തം രോഗം |
|---|---|
| 1994 - 1995 | 3546 |
| 1995 - 1996 | 2869 |
| 1996 സെപ്റ്റംബർ വരെ | 1405 |

ഇതിൽ കന്നുകുട്ടികൾക്ക് വിരബാധ, കാലികൾക്ക് അകിടുവീക്കം, വയറിളക്കം, ദഹനക്കേട്, മുടന്തൻപനി, വന്ധ്യത, കുളമ്പുദീനം എന്നിവയും, കോഴിവസന്തയുമാണ് പ്രധാന രോഗങ്ങൾ. കാലിവളർത്തൽ ഫലപ്രദമാക്കാൻ ഈ രോഗങ്ങൾ തടയേണ്ടത് ആവശ്യമാണ്. ഇതിനായി ഓരോ വീട്ടിലും വേണ്ടത്ര ശുചിത്വസംവിധാനങ്ങളുള്ള തൊഴുത്തുകൾ നിർമ്മിക്കണം. തൊഴുത്തിൻെറ ശാസ്ത്രീയരീതിയിലുള്ള പ്ലാനും നിർമ്മാണത്തിനാവശ്യമായ ധനസഹായവും (സബ്സിഡിയോടുകൂടി) നൽകണം.

**ബയോഗ്യാസ്**

വിശാലമായ ഈ പഞ്ചായത്തിൽ ഇന്ന് 20-ൽ താഴെ മാത്രമേ ബയോഗ്യാസ് പ്ലാൻറുകളുള്ളൂ. ഇത്തരം പ്ലാൻറുകൾ വ്യാപകമാക്കുന്നതോടുകൂടി ഇന്ധനക്ഷാമം പരിഹരിക്കാനും, അദ്ധ്വാനഭാരം ലഘൂകരിക്കാനും, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

പഞ്ചായത്തിൻെറ സമ്പന്നമായ വനമേഖലയിൽനിന്ന് വന്യമൃഗങ്ങൾ വൻതോതിൽ വേട്ടയാടപ്പെടുന്നുണ്ട്. ഇതുകൊണ്ട് പക്ഷി-മൃഗസമ്പത്തിന് വംശനാശം സംഭവിക്കുന്നു. കൂടാതെ വനമേഖലയിൽ താമസിക്കുന്ന ആദിവാസികൾക്കും നായാട്ടുകാരുടെ ശല്യമുണ്ടാകുന്നുണ്ട്. നായാട്ടു തടയുന്നതിലൂടെ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയും.

പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്. ഇത് നടപ്പിൽ വരുന്നതോടെ പഞ്ചായത്തിലെ വ്യാവസായിക പ്രശ്നങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും ഇതോടെ.

ഒപ്പം കുറഞ്ഞ വിലക്ക് നല്ലയിനം കാലിത്തീറ്റ വിതരണം ചെയ്യാൻ കഴിയും. ഇന്ന് മറ്റത്തൂർ കേന്ദ്ര

187

മായി ഒരു കാലിത്തീറ്റ നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സ്ഥാപനത്തിൻെറ ഉടമ 3-ാം വാർഡ് ഗ്രാമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഇതിനെ വിദഗ്ദസമിതി വിശദമായി പഠിക്കണം.

പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കേണ്ടതാണ്. കാലാകാലങ്ങളിൽ കുത്തിവച്ച് ലൈസൻസ് എടുക്കുന്നതും നിർബന്ധമാക്കണം. വെറ്റേർനറി ആശുപത്രികളുടേയും മൊബൈൽ ക്ലിനിക്കുകളുടേയും വ്യാപനത്തോടെ ഇത് ഫലപ്രദമായി നടത്താൻ കഴിയും.

പഞ്ചായത്തിൽ മൃഗസംരക്ഷണത്തിന് അനന്ത സാദ്ധ്യതകളുണ്ട്. അത് പ്രായോഗികമാകുന്നതോടുകൂടി തൊഴിൽ പ്രശ്നം പരിഹരിക്കുവാനും, പഞ്ചായത്തിനെ സസ്യജന്തുസമ്പന്നമാക്കാനും കഴിയും.

**നിർദ്ദേശങ്ങൾ:**

1.ക്ഷീര സഹകരണ സംഘങ്ങളുടേയും അളവുകേന്ദ്രങ്ങളുടേയും എണ്ണം വർദ്ധിപ്പിക്കുക.

2.സംഘങ്ങൾ വഴി നല്ലയിനം കറവുമാടുകൾ, തീറ്റപ്പുൽവിത്ത്, കാലിത്തീറ്റ എന്നിവ സബ്സിഡിയോടുകൂടി ലഭ്യമാക്കണം.

3.മൊബൈൽ ക്ലിനിക് സ്ഥാപിക്കുക.

4.കോടാലിയിലെ സബ് സെൻറർ മൃഗാശുപ്രിയാക്കുകയും കോടാലിയ്ക്കും കൊടകരക്കുമിടയിൽ സസബ്സെൻററുകൾ സ്ഥാപിക്കുകയും ചെയ്യുക.

5.ആശുപത്രിയോടനുബന്ധിച്ച് ലാബ്, ഫോൺ, വാഹനസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.

6.കൃത്രിമ ബീജസംകലനം നിശ്ചിത ഫീസോടുകൂടി വീടുകളിൽ വന്ന് നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുക.

7.ആടുവളർത്തലിന് പ്രത്യേക പദ്ധതി നടപ്പിലാക്കുക.

8.ബയോഗ്യാസ് പ്ലാൻറുകൾ വ്യാപകമാക്കുന്നതിന് പ്രോത്സാഹനം നൽകുക.

9.അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. കുത്തിവെയ്പും ലൈസൻസും നിർബന്ധമാക്കുക.

10.വന്യമൃഗവേട്ട നിർബന്ധമായി തടയുക.

11.ക്ഷീര സഹകരണ സംഘങ്ങളോടനുബന്ധിച്ച് പാൽ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

12.കന്നുകാലി വളർത്തൽ (പ്രോത്സാഹിപ്പിക്കാൻ) ഇൻഷുറൻസ് നിർബന്ധമാക്കുക. ഇതിനായി പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.*

13.സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണകേന്ദ്രം സ്ഥാപിക്കുക.

14.മാതൃക കന്നുകാലിതൊഴുത്തിൻെറ ശാസ്ത്രീയമായ പ്ലാൻ നിർമ്മിച്ചു നൽകുകയും നിർമ്മാണത്തിന് ഗ്രാൻറ് അനുവദിക്കുകയും ചെയ്യുക.

15. പാൽ സംസ്കരണത്തിന് സംഘം സ്ഥാപിക്കുക.

### രോഗ വിവരങ്ങൾ രജിസ്റ്റർ

| മൊത്തം രോഗം | കൂടുതൽ വരുന്ന രോഗം |
|---|---|
| 1994-95ൽ 3546 എണ്ണം<br>95-96 2869 എണ്ണം<br>96 സെപ്റ്റംബർ<br>1405 എണ്ണം. | 1. കന്നുകുട്ടികളിൽ വിരബാധ<br>2. കോഴി വസന്ത<br>3. അകിട് വീക്കം<br>4. ദഹനക്കേട്<br>5. വയറിളക്കം<br>6. മുടന്തൻ പനി<br>7. വന്ധ്യത |

### കൃത്രിമ ബീജ സങ്കലന രജിസ്റ്റർ

| | മൊത്തം എണ്ണം | പശു | എരുമ | |
|---|---|---|---|---|
| 1994-95 | 1262 | 1061 | 201 | ഇതിൽ 40% വിജയിക്കുന്നു. ബാക്കിയുള്ള വപലകാരണങ്ങളാൽ വീണ്ടും ബീജ സങ്കലനം നടത്തുന്നു. |
| 95096 | 1383 | 1208 | 175 | |
| 96 സെപ്റ്റംബർ | 585 | 542 | 43 | |

### ജനന രജിസ്റ്റർ

കന്നുകളുടെ ജനനം മൃഗാശുപത്രിയിൽ ജനങ്ങൾ അറിയിക്കാറില്ല. ജനനം അറിയണമെങ്കിൽ തീറ്റ

വിതരണം ചെയ്യുന്ന ക്ഷീര സംഘങ്ങൾ മുഖേന ഏകദേശം കിട്ടുന്നതായിരിക്കും.

### പ്രതിരോധ കുത്തിവെയ്പ് രജിസ്റ്റർ

| | കുളമ്പിക്കേട് | കോഴി വസന്ത | പേവിഷ |
|---|---|---|---|
| 1994-95 | 850 എണ്ണം | 4000 എണ്ണം | 66 എണ്ണം |
| 95-96 | 420 എണ്ണം | 3900 എണ്ണം | 116 എണ്ണം |
| 96 സെപ്റ്റംബർ വരെ | | 2600 എണ്ണം | 26 എണ്ണം |

സീസൺ ആയിട്ടില്ല. അതുകൊണ്ട് പ്രതിരോധ കുത്തിവെയ്പ് നടന്നിട്ടില്ല.

### ഔഷധ സ്റ്റോക്ക് രജിസ്റ്റർ

1996/97 എല്ലാ മരുന്നുകളും ധാരാളം സ്റ്റോക്കുണ്ട്. ഇനം തിരിച്ച് കണക്കെടുത്തിട്ടില്ല.

### മൃഗസംരക്ഷണ സ്കീം

1994/95ൽ (1) കോഴി 2000 എണ്ണം കൊടുത്തിട്ടുണ്ട്.

2. 1 യൂണിറ്റ് പന്നി വളർത്തൽ - വർഗ്ഗീസ് കുണ്ടുക്കാരൻ ഇഞ്ചക്കുണ്ട്.

3. 4 കിടാരി,
   4 ഉഴവ് കാള - വയലാത്ര ഹരിജൻ കോളനി

**1995/96ൽ**

1. 4 കറവ പശു, 4 കിടാരി - കാവനാട് ഹരിജൻ കോളനി

2. ആട് വിതരണം - 66 എണ്ണം (60+6 മുട്ടൻ)

1996 സെപ്റ്റംബർ വരെ 1. 1 യൂണിറ്റ് പന്നി വളർത്തൽ

# 5.2 ആ മത്സ്യബന്ധനം

മത്സ്യം വളർത്തൽ പുരോഗമിപ്പിക്കുന്നതിന് പഞ്ചായത്തിന്നകത്തെ പൊതുകുളങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി ആരംഭിക്കേണ്ടതാണ്. സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ, താഴ്ന്ന ജലം നിൽക്കുന്ന പാറമടകൾ എന്നിവിടങ്ങളിൽ ഉടമസ്ഥനെക്കൊണ്ട് മത്സ്യം വളർത്തൽ ആരംഭിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും, തയ്യാറാകാത്ത പക്ഷം താൽപര്യമുള്ളവർക്ക് പാട്ടാവകാശത്തിൽ കുളം നൽകുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്താൽ മത്സ്യവളർത്തൽ പുരോഗമിപ്പിക്കുവാൻ കഴിയും.

മത്സ്യം വളർത്തിൽ മുരടിക്കാൻ ഒരു കാരണം ഇതിനെക്കുറിച്ചുള്ള അജ്ഞതയും, മീൻകുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള അസൗകര്യവും, കൂടാതെ ഇതിനുവേണ്ട ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവയാണ്.

മത്സ്യം വളർത്താൻ താല്പര്യമുള്ളവരെ കണ്ടെത്തി മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യതയെക്കുറിച്ചു, വളർത്തുന്നതിനെക്കുറിച്ചും ബോധവാന്മാരാക്കി സബ്സിഡിനിരക്കിൽ കുഞ്ഞുങ്ങളെ നൽകി ഇതിനുവേണ്ട ധനം ലോൺ ആയി ഗഡുക്കളായി അടക്കാവുന്ന സംവിധാനം ഉണ്ടാക്കിയാൽ ഈ പഞ്ചായത്തിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയും.

> "യഥാർത്ഥ വിദ്യാഭ്യാസമെന്നത് ഒരാളിൽ നി⁻ന്ന് ഏറ്റവും നല്ല മികവു പുറത്തു കൊണ്ടുവരലാ ൾ'ജി
> -ഗാന്ധിജി

# 5.3 വിദ്യാഭ്യാസം

പത്തൊമ്പതാം ശതകത്തിൻെറ അന്ത്യത്തോടെ മറ്റത്തൂർ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് ബീജാവാപം ചെയ്തതായി കാണുന്നു. അക്കാലത്തെ വിദ്യാലയങ്ങളിൽ ചിലതാണ് വെള്ളിക്കുളങ്ങര ബേസിക് സ്കൂളും മറ്റത്തൂർ എൽ.പി. സ്കൂളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ പേരിലായാലും അല്ലെങ്കിലും അവിടെ മുണ്ട് നെയ്ത്ത് പായ നെയ്ത്ത് എന്നിവ പരിശീലിപ്പിച്ചിരുന്നു. അദ്ധ്യോതാക്കളെ വീട്ടിൽനിന്നും വിളിച്ചിറക്കികൊണ്ട് വന്ന് സൗജന്യമായി ഭക്ഷണവും വസ്ത്രവും പഠന ഉപകരണങ്ങളും നൽകിയിട്ടാണത്രേ അന്ന് പഠിപ്പിച്ചിരുന്നത്. അന്നും വയോജന വിദ്യാഭ്യാസം ഉണ്ടായിരുന്ന പ്രസ്തുത വിദ്യാലയങ്ങളിൽ കൂലിപ്പണി കഴിഞ്ഞ് വരുന്ന തൊഴിലാളികളെ വൈകീട്ട് 6 മുതൽ 8 മണിവരെയാണ് പഠിപ്പിച്ചിരുന്നത്. വിളക്കും മണ്ണെണ്ണയും സർക്കാർ സൗജന്യമായി നൽകിയിരുന്നു. അന്ന് ഒരദ്ധ്യാപകൻെറ ശമ്പളം ആറു രൂപ മാത്രമായിരുന്നെങ്കിലും അദ്ധ്യാപനം ഒരു തപസ്യയായി അവർ കണ്ടിരുന്നു.

കാലാനുസൃതമായി വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങി. ഇന്ന് പഞ്ചായത്തിൽ നാലുവീതം ഹൈസ്കൂളുകളും യു.പി. സ്കൂളുകളും എൽ.പി. സ്കൂളുകളുമുണ്ട്. അംഗീകാരമില്ലാത്ത രണ്ട് എൽ.പി. സ്കൂളുകൾ വേറയുമുണ്ട്. 1960-ൽ വെള്ളികുളങ്ങര കോൺവെൻറ് ഹൈസ്കൂളിൽ നിന്നാണ് ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് പുറത്തിക്കിറങ്ങിയത്. 19955-'56 കാലഘട്ടത്തിൽ യു.പി. സ്കൂളായി ആരംഭിച്ചതായിരുന്നു പ്രസ്തുതസ്കൂൾ. പഠനം നിർത്തി കൃഷിപ്പണിയുമായി കഴിഞ്ഞ്കൂടിയിരുന്നവരെ പലവിധ സഹായങ്ങൾ ചെയ്ത് കൊടുത്തിട്ടാണ്. സ്കൂളധികൃതർ വിദ്യാലയങ്ങളിൽ എത്തിച്ചത്. തുടർന്ന് പ്രവർത്തനം ആരംഭിച്ച ഹൈസ്കൂളുകളാണ് മറ്റത്തൂർ ശ്രീകൃഷ്ണ ഹൈസ്കൂളും ചെമ്പുച്ചിറ സർക്കാർ ഹൈസ്കൂളും. ഇന്ന് പഞ്ചായത്തിലെ 12 വിദ്യാലയങ്ങളിലും കൂടി 7316 വിദ്യാർത്ഥികൾ പഠിക്കുന്നു.

സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നുണ്ട്. ഇതിനെപറ്റി ഗൗരവാവഹമായ അന്വേഷനം ആവശ്യമാണ്.

ആകെ വിദ്യാലയങ്ങളിൽ 5 എണ്ണം സർക്കാർ ഉടമയിലും 6 എണ്ണം സ്വകാര്യ ഉടമയിലും ഒരെണ്ണം അൺ-എയ്ഡഡ് വിദ്യാലയമുമാണ്. 36 ശതമാനം വിദ്യാർത്ഥികൾ സർക്കാർ വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്.

പഞ്ചായത്തിലെ എസ്.എസ്.എൽ.സി. വിജയശതമാനം 65 ആണ്. ഇതിൽതന്നെ ചില വിദ്യാലയങ്ങളിലെ വി യശതമാനം ശരാശരിയേക്കാൾ വളരെ താഴെയാണ്. ഇതിൻെറ കാരണം എന്തെന്ന് വിശദമായി അന്വേഷിക്കേണ്ടിയിരിക്കുന്നു. എൽ.പി. സ്കൂളുകളിലേക്കുള്ള ശരാശരി ദൂരം 2.4 കി.മീ ആണ്. എന്നിട്ടും നമ്മുടെ പഞ്ചായത്തിൽനിന്നും ഇരുന്നോറോളം കുട്ടികൾ പഞ്ചായത്തിനുപുറത്തുള്ള അൺ-എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് പോകുന്നു. ഇതിനുകാരണമായി രണ്ട് വസ്തുതകളാണ് ചൂണ്ടികാണിക്കപ്പെടുന്നത്.

1. അയൽപക്കസ്കൂളുകളിലെ നിലവാരതകർച്ച
2. വിദ്യാഭ്യാസത്തെക്കുറിച്ച് മാതാപിതാക്കളുടെ തെറ്റായ ധാരണകൾ

ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള ദൂരം

മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ ഇല്ല.

1. പി.എം.ജി. കോളേജ് - ആർട്സ് 12 കി.മീ
2. ക്രൈസ്റ്റ് കോളേജ് - സയൻസ് 21 കി.മീ
3. ഐ.ടി.ഐ. ചാലക്കുടി - സാങ്കേതികം 18 കി.മീ

191

ഇതുകൂടാതെ മാള, പുതുക്കാട്, നന്തിക്കര, തൃശൂർ എന്നിവിടങ്ങളിലെ വി.എച്ച്.എസ്.കളിലും കോളേജുകളിലും പാരലൽ കോളേജുകളിലും പഠിച്ചുവരുന്നു.

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ ഇല്ല. എസ്.എസ്.എൽ.സിക്കുശേഷം ഇരിങ്ങാലക്കുട, ചാലക്കുടി, മാള, തൃശൂർ എന്നിവിടങ്ങളിലെ ആർട്സ് & സയൻസ് കോളേജുകളിലും പുതുക്കാട്, നന്തിക്കര എന്നിവിടങ്ങളിലെ വി.എച്ച്.എസ്.സികളിലും ആണ് പഞ്ചായത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്നത്. അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാത്തവർ പഞ്ചായത്തിലുള്ള 5 പാരലൽ കോളേജുകളിലും കൊടകര, ചാലക്കുടി പ്രദേശങ്ങളിലെ പാരലൽ കോളേജുകളിലും പ്രവേശനം തേടിവരുന്നു. ഇവിടെ ആറ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ കമ്മ്യൂണിറ്റി പോളിടെക്നിക്കിൻെറ കീഴിലുള്ള സാങ്കേതിക പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

കോടാലിയിൽ പ്രവർത്തിച്ചിരുന്ന 2 കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങളിൽ ഒന്നു മാത്രമേ ഇന്ന് പ്രവർത്തിക്കുന്നുള്ളൂ. ശിശു വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന ഒരൊറ്റ സ്ഥാപനംപോലും പഞ്ചായത്തിലില്ല. മിക്ക വാർഡുകളിലും സർക്കാർ നിയന്ത്രണത്തിലുള്ളതോ സന്നദ്ധ സംഘടനകൾ നടത്തുന്നതോ ആയ ശിശുവിദ്യാകേന്ദ്രങ്ങളുണ്ട്. ഇവയുടെ അവസ്ഥ തൃപ്തികരമല്ല.

ഒന്നാംഘട്ടത്തിൻെറ ആവേശം നിലനിർത്താൻ സാധിക്കാതിരുന്നതുമൂലം രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം തീർത്തും നിർജ്ജീവമായിരുന്നു. നാം നിർമ്മാർജ്ജനം ചെയ്തു എന്നവകാശപ്പെട്ട നിരക്ഷരത വീണ്ടും രംഗപ്രവേശം ചെയ്തുതുടങ്ങിയിരിക്കുന്നു. കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായി വസ്തുത ചില സ്കൂളുകളിലേക്ക് മാത്രം കുട്ടികളുടെ തള്ളിക്കയറ്റം അനുഭവപ്പെടുന്നു എന്നതാണ്.

ഈ പ്രവണത നമ്മുടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുകൾ ആവർത്തിച്ചു പറഞ്ഞിട്ടുള്ള 'അയൽപക്ക വിദ്യാലയം' എന്ന മഹത് സങ്കല്പത്തെ തകർക്കാൻ പോന്നതാണ്.

അയൽപക്ക വിദ്യാലയങ്ങൾ ആകർഷകമാക്കുക മാത്രമാണ് ഇതിനൊരു പരിഹാരമാർഗ്ഗം.

വിദ്യാലയങ്ങളിൽ അദ്ധ്യേതാക്കളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും നാം പ്രതീക്ഷിക്കുന്ന ഗുണപരമായ മാറ്റം അവരിൽ ദൃശ്യമാകുന്നില്ല അക്കഞാനവും അക്ഷരജ്ഞാനവും ഇല്ലാത്തവരുടെ എണ്ണം കൂടികൊണ്ടിരിക്കുകയാണ്. S.S.L.C ക്ലാസിലെത്തിയ വിദ്യാർത്ഥിക്കുപോലും മാതൃഭാഷയിലെ അക്ഷരങ്ങൾ 10 വർഷം പഠിച്ചിട്ടും 15 വർഷം കേട്ടിട്ടും ശരിയായി എഴുതാനോ ഉച്ചരിക്കാനോ കഴിയുന്നില്ലെങ്കിൽ ലഭിച്ച വിദ്യാഭ്യാസത്തിൻെറ പോരായ്മ തന്നെയാണ് ഇതിനുകാരണമെന്നു പറയാതെ വയ്യ.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു വിദ്യാലയം മാത്രമാണ് ക്ലാസ് മുറികളുടെ അപര്യാപ്തത അനുഭവിക്കുന്നത്. മുഴുവൻ അദ്ധ്യാപകരും ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരാണ്. അദ്ധ്യാപകക്ഷാമം സ്ഥിരമായി ഒരു സ്ക്കൂളിലും അനുഭവപ്പെടുന്നില്ല. ഇത്തരത്തിൽ പല ഗുണവശങ്ങൾ ഉണ്ടെങ്കിലും അതിനെയെല്ലാം കീഴ്പ്പെടുത്തുന്ന ചില ഘടകങ്ങൾ ഈ രംഗത്ത് നിലനിൽക്കുന്നുണ്ട്. ഗ്രാമസഭാറിപ്പോർട്ടുകളുടേയും പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്തെ പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. അക്കാദമിക് നിലവാരം പൊതുവെ മോശമായിക്കൊണ്ടിരിക്കുന്നു.
2. ചില വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ അപര്യാപ്തമാണ്.
3. സമരങ്ങളെക്കൊണ്ടും മിന്നൽപണിമുടക്കുകൾ കൊണ്ടും അദ്ധ്യയനദിനങ്ങൾ നഷ്ടപ്പെടുന്നു.
4. കുട്ടികൾക്ക് താങ്ങാനാകാത്ത സിലബസ്.
5. കുട്ടികളിൽ താല്പര്യം ജനിപ്പിക്കാത്ത അധ്യയന സമ്പ്രദായം.
6. പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം.
7. കൂട്ട ക്ലാസ്സുകയറ്റം
8. പാഠ്യേതര, പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ കുറവ്.
9. അധികവായനയുടെ കുറവ്.
10. അയൽപക്ക സ്ക്കൂളുകളേക്കാൾ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾക്കുള്ള പ്രാമുഖ്യം.
11. മക്കളുടെ പഠനകാര്യങ്ങളിൽ രക്ഷാകർത്താക്കളുടെ അലംഭാവം.
12. പഠനം പരീക്ഷയ്ക്ക് മാത്രം എന്ന ആശയത്തിന് കിട്ടിയ പ്രാധാന്യം.

13 ബോധനോപകരണങ്ങളുടെ അപര്യാപ്തത.

14. ഓർമ്മശക്തിയില്ലാതെ മറ്റുകഴിവുകൾക്ക് പ്രാധാന്യം ലഭിക്കാത്ത പരീക്ഷാസമ്പ്രദായം കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ അപര്യാപ്തത.

15. നിദാനശോദകങ്ങളുടേയും പരിഹാരബോധനങ്ങളുടേയും അപര്യാപ്തത.

16. സ്ക്കൂളുകളേക്കാൾ റ്റ്യൂഷൻസെൻററുകൾക്ക് ലഭിക്കുന്ന പ്രാധാന്യം.

17. പാഠപുസ്തകങ്ങളേക്കാളുപരി ഗൈഡുകളോടുള്ള അമിതാഭിമുഖ്യം.

18. ക്ലാസ് മുറികളിൽ അനുഭവപ്പെടുന്ന കുട്ടികളുടെ ബാഹുല്യം.

19. അക്കാദമിക് യോഗ്യതകൊണ്ട് യാതൊരു ഗുണവുമില്ലെന്ന ദുഷ്പ്രചരണം.

20. വിദ്യാലയങ്ങൾക്കുപുറത്തുള്ള അക്കാദമിക് വിദഗ്ദ്ധർ സ്ക്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നില്ല.

ഇത്തരം നിരവധി പ്രശ്നങ്ങൾ വിദ്യാഭ്യാസ രംഗത്തെ നിലവാരതകർച്ചയ്ക്ക് കാരണമായി നില കൊള്ളുന്നു.

1. ഇത്തരം പ്രശനങ്ങളിൽ ചിലതെല്ലാം പഞ്ചായത്ത്രാജ് വഴി ലഭിച്ച അധികാരങ്ങളും ജനകീയ പങ്കാളിത്തവും ഉപയോഗിച്ച് പരിഹരിക്കാവുന്നതേയുള്ളൂ. ബോധനോപകരണങ്ങളും അറിവും അനുഭവങ്ങളും പരസ്പരം പങ്കുവെച്ച് പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ക്കൂളുകളും ഉന്നത നിലവാരത്തിലെത്താൻ സഹായിക്കുന്ന സ്ക്കൂൾ കോംപ്ലക്സുകളാണ് അതിനുവേണ്ടി നമുക്ക് തെരഞ്ഞെടുക്കാവുന്ന ഒന്നാമത്തെ സങ്കേതം. അതുകൊണ്ട് പരിഹാര നിർദ്ദേശങ്ങളിൽ ഒന്നാമത്തേത് സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുകയെന്നതാണ്.

ഗ്രാമസഭകളുടെ മറ്റുനിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

2. ഓരോ വാർഡിലും പ്രീപ്രൈമറി വിദ്യാലയങ്ങളോ അംഗനവാടികളോ സ്ഥാപിക്കുക. ആനപ്പാന്തം ആദിവാസി കോളനിയിൽ ഏകാദ്ധ്യാപക ട്രൈബൽ സ്ക്കൂൾ സ്ഥാപിക്കുക - ശിശുമന്ദിരങ്ങൾ ആകാം.

3. പഞ്ചായത്തിലെ കോടാലി, കടമ്പോട് എൽ.പി. സ്ക്കൂളുകൾ യു.പി. സ്ക്കൂളുകളാക്കി ഉയർത്തുക. വെള്ളിക്കുളങ്ങര യു.പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കുക.

4. നായാട്ടുകുണ്ടുപ്രദേശത്തുള്ളവർക്കുവേണ്ടി ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കുക.

5. ചെമ്പുച്ചിറ, മറ്റത്തൂർ ശ്രീ കൃഷ്ണാ ഹൈസ്ക്കൂളുകളിൽ വി.എച്ച്. എസ്, +2 കോഴ്സോ ആരംഭിക്കുക.

6 സ്ക്കൂളുകളുടെ സുഗമമായ നടത്തിപ്പിൽ പഞ്ചായത്താടിസ്ഥാനത്തിൽ വിദ്യാഭ്യാസ സുരക്ഷാ സമിതി രൂപീകരിക്കേണ്ടതാണ്.

7. അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തിക്കുക.

8. വിദ്യാർത്ഥികൾക്കായി കലാകായിക മത്സരങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുക.

9. റവന്യൂ കണക്കുപ്രകാരം വെള്ളിക്കുളങ്ങര ഗവ. യു.പി. എസിനു് 5.21 ഏക്കർ വിസ്തൃതിയുണ്ട്. 1.06 1/2 സെൻറ് മാത്രമേ ഇന്ന് സ്ക്കൂളിനുള്ളൂ. ബാക്കി 4.14 1/2 സെൻറും കയ്യേറി. കയ്യേറിയ സ്ഥലം കൂടി സ്ക്കൂളിനു കിട്ടുമാറാക്കാൻ നടപടിയുണ്ടാക്കണം.

10. സ്ക്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ ഏർപ്പാടുണ്ടാക്കുക.

11. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.

12. സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുക.

13. സ്ക്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.

14. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

15. അദ്ധ്യാപക രക്ഷാകർതൃ സമിതികളും (PTA) മാതൃസംഘങ്ങളും കൂടുതൽ സജീവമാക്കുക.

16. പ്രൈമറി ഘട്ടത്തിൽ തന്നെ അക്കജ്ഞാനവും അക്ഷരജ്ഞാനവും ഉറപ്പുവരുത്തുക. പ്രൈമറിഘട്ടത്തിലെ സിലബസ് ലഘൂകരിക്കുക.

17. വിദ്യാലയങ്ങളിലെ അക്ഷരമുറയ്ക്കാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക ബോധനം നടത്തുക.

18. ആരോഗ്യമുള്ള സമൂഹത്തിനെ സൃഷ്ടിക്കുന്നതിന് പ്രൈമറിതലം മുതൽ കായിക പരിശീലനം നിർബന്ധമാക്കുക.

19. 8-ാം ക്ലാസുമുതൽ തൊഴിലധിഷ്ഠിത പരിശീലനത്തിനു സഹായിക്കുക. (വയറിംഗ്, പ്ലംബ്ബിംഗ്, കുടനിർമ്മാണം, ബൈൻറിംഗ്, ചോക്ക്, മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം മുതലായവ)

20. വിദ്യാലയങ്ങളിൽ പൂന്തോട്ടനിർമ്മാണം, കാർഷിക പ്രായോഗിക പരിശീലനം ഇവ നടപ്പിലാക്കുക.

21. സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം സജീവമാക്കുക.

22. എൽ.പി. സ്ക്കൂളുകളിൽ ശിപായിയുടെയും യു.പി. സ്ക്കൂളുകളിൽ ക്ലാർക്കിൻേറയും തസ്തിക ഉണ്ടാകണം.

23. വിദ്യാർത്ഥികളുടെ കലാഭിരുചിയും നിർമ്മാണവാസനയും പരിപോഷിപ്പിക്കുവാൻ സർക്കാർ നൽകിയിട്ടുള്ള ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ സ്ലൈഡ്/സിനിമ പ്രൊജക്ടറുകൾ, കളിക്കോപ്പുകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുക.

24. അയൽപക്ക സ്ക്കൂൾ സമ്പ്രദായം നടപ്പിലാക്കാനുള്ള ശ്രമം നടത്തുക.

25. സ്ക്കൂൾ ലൈബ്രറികൾ, കുട്ടികളിൽ വായനാശീലം വളർത്തേണ്ടതിലേക്ക് വേണ്ടവിധം വിനിയോഗിക്കേണ്ടതാണ്.

26. കൊടകര ബ്ലോക്കിൽ കൊടകരയിലോ ആമ്പല്ലൂരിലോ ഈ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കണം

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിപ്പിക്കുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്. സ്ക്കൂൾ പാർലിമെൻറുകൾ, ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, കയ്യെഴുത്ത് - ചിത്രമാസികകൾ, പൂന്തോട്ട - പച്ചക്കറിത്തോട്ടങ്ങൾ, ദിനാചരണങ്ങൾ, പഠന-വിനോദയാത്രകൾ തുടങ്ങി അനേകം പരിപാടികൾ അനായാസം ഏറ്റെടുത്തു നടത്താവുന്നതാണ്.

അദ്ധ്യാപകരക്ഷാകർത്തൃ സമിതികളും മാതൃസംഘങ്ങളും അദ്ധ്യാപകരും അഭ്യുദയകാംക്ഷികളും ഒത്തുചേർന്നാൽ തീർച്ചയായും നാം പരിതപിക്കുനടന്ന വിദ്യാഭ്യാസമേഖലയിലെ ശോച്യാവസ്ഥ നമുക്കു പരിഹരിക്കാനാകും.

# 5. 4. അ. കുടിവെള്ളം

*"ദാരിദ്ര്യം എവിടെയായാലും അത് എല്ലായിടത്തുമുള്ള സമൃദ്ധിക്ക് ഭീഷണിയാണ്".*

ജലം-ശുദ്ധവായു പോലെ അതിർത്തികളും അസമത്വവുമില്ലാതെ ഏവർക്കും ലഭ്യമായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നോ? വർഷത്തിൽ ആറുമാസക്കാലം മഴലഭിക്കുന്ന 600 കി.മീ നീളവും ശരാശരി 70 കി.മി വീതിയുള്ള കേരളത്തിലൂടെ 44 നദികളൊഴുകിയിട്ടും വേനലാകുന്നതോടെ നമ്മുടെ നാട്ടിലെ പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. കുളങ്ങളും കൊക്കർണ്ണികളുമടക്കമുള്ള നമ്മുടെ ജലസ്രോതസുകൾ യാതൊരു മാനദണ്ഡവുമില്ലാതെ നികത്തിയതും വനനശീകരണവും ഇതിന്റെ കാരണങ്ങളിൽ ചിലതു മാത്രമാണ്. എന്നാൽ ശരിയായ ജലസംരക്ഷണ വിതരണനടപടികളുടെ അഭാവമാണ് പ്രധാനകാരണം.

1980 കളിൽ ജലദശകവും 1990 കളിൽ ജലവിപ്ളവദശകവും ആചരിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വനം നൽകിയെങ്കിലും ഇവിടുത്തെ വളരെ താഴ്ന്ന ജലസാക്ഷരത നിമിത്തം പ്രശ്നം അധികൃതർക്കിടയിലും ജനങ്ങൾക്കിടയിലും വേണ്ടത്ര പ്രതികരണമുണ്ടാക്കിയില്ല. ജലസാക്ഷരത വർദ്ധിപ്പിക്കാൻ സർക്കാരും വാട്ടർ അതോറിട്ടിയും സന്നദ്ധ സംഘടനകളും തീവ്ര ശ്രമം നടത്തേണ്ടതുണ്ട്. കടിവെള്ള ലഭ്യത ഒരു ജനകീയ ആവശ്യമാണ്. അതിനാൽ ഇക്കാര്യത്തിൽ നമ്മൾ അനുവർത്തിക്കന്ന സമീപനത്തിന് ഒരു ജനകീയ അടിത്തറ ഉണ്ടായേ മതിയാകൂ. പഞ്ചായത്തീരാജ് സംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം.

കേരളം കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ നീരുറവകളെ പുനഃസൃഷ്ടിക്കാൻ സഹായിക്കുന്ന വനസംരക്ഷണത്തെക്കുറിച്ചുകൂടി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്. രണ്ടായിരമാണ്ടോടെ നമ്മുടെ പഞ്ചായത്തിലെ ഓരോ ഭവനത്തിന്റേയും 200 മീറ്റർ ചുറ്റളവിനുള്ളിലെങ്കിലും ശുദ്ധജലമെത്തിക്കാനുള്ള ഒരു പദ്ധതിയാണ് നമുക്ക് ആവിഷ്ക്കരിക്കേണ്ടത്. പഞ്ചായത്തിൽ ഏറെ ജലദൗർലഭ്യം അനുഭവപ്പെടുമ്പോഴും അശാസ്ത്രീയമായ നിർമ്മാണവും അറ്റകുറ്റപ്പണികളുടെ അഭാവവും മൂലം സമ്പന്നമായ ജലസ്രോതസ്സുകളാൽ അനുഗ്രഹിക്കപ്പെട്ട നമ്മുടെ പഞ്ചായത്തിലെ ശുദ്ധജല പദ്ധതി കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നില്ല. പദ്ധതിയാരംഭിച്ച് ഒരു പതിറ്റാണ്ടുകഴിഞ്ഞിട്ടും ടാപ്പുകളിലേറെയും നോക്കുകുത്തികളാകുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമസഭകൾ ഉന്നയിച്ച ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1. പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻനീട്ടി ടാപ്പുകൾ സ്ഥാപിക്കണം ഒന്നാംവാർഡിലെ വേലൻകോളനി കുടുംബികോളനി, മൂലംകുടംസ്ക്കൂൾ, അന്നാംപാടം മുതൽ വാസുപുരം വരെ, തേവർപ്പാടം ഹരിജൻ കോളനി, ഒമ്പതുങ്ങൽ, മാങ്കുറ്റിപ്പാടം, മോനടിവെള്ളിക്കുളങ്ങര ഭാഗം, ഒമ്പതാം വാർഡിലെ അന്നപൂർണ്ണേശ്വരീക്ഷേത്രം, മാവിൻചുവട് ഇണ്ണോട് റോഡ്, കിഴക്കേകോടാലി കൊള്ളിക്കുന്ന്, ചീരക്കാട്, കിഴക്കേ കോടാലിയിലെ കിഴക്കും പടിഞ്ഞാറും ലക്ഷം വീടുകോളനികൾ, നിലംപതി ലക്ഷംവീടു കോളനി, പൂവാലിത്തോട് മുരിക്കുങ്ങൽ, മുരിക്കുങ്ങൽ കോളനി, പത്തുകുളങ്ങര, താളൂപ്പാടം, ഇഞ്ചക്കുണ്ട്, ചീരൻറോഡ്, കോടാലി മുരിക്കുങ്ങൽ വഴികുട്ടിയമ്പലം, ഉപ്പുഴി.
2. മാങ്കുറ്റിപ്പാടം ലക്ഷം വീടു കോളനിയുടെ തെക്കുഭാഗത്ത് ഒരു കിണർ കുഴിക്കണം.
3. മാങ്കുറ്റിപ്പാടം ലക്ഷം വീടുകോളനിയുടെ ഭാഗത്തും കോപ്ലിപ്പാടം അമ്പനോളിഭാഗത്തും, മൈക്രോവേവ് ലിങ്ക്സ്റ്റേഷനോടടുത്തുള്ള ഉയർന്ന ഭാഗത്തും ഓരോ വാട്ടർ ടാങ്കുകൾ സ്ഥാപിക്കണം.
4. നിലവിലുള്ള പൊതുകിണർ അറ്റകുറ്റപ്പണികൾ നടത്തണം.
5. നായാട്ടുകുണ്ട്, കട്ടിപ്പൊക്കം വെള്ളിക്കുളങ്ങര പട്ടിക ജാതി കോളനി, ആനപ്പാന്തം കാരിക്കടവ് പട്ടികവർഗ്ഗ കോളനി, കമലക്കട്ടി, പോത്തൻചിറ കുറിഞ്ഞിപ്പാടം 14-ാം വാർഡിലെ നാലുസെൻറു കോളനി പള്ളിക്കുന്ന്, എല്ലുകുഴി വെട്ടിയാടൻ ചിറയുടെ കിഴക്കുഭാഗം, ഓളിപ്പാടം ഇടുത്തൻ

കുന്ന്, കൊരേച്ചാൽ വടക്കുഭാഗം എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

**മറ്റത്തൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതികളുടെ പൊതുവിവരം**

| | കാവനാട് | മറ്റത്തൂർ | കടംമ്പോട് |
|---|---|---|---|
| വിതരണ<br>മേഖല<br>മോട്ടോർ<br><br><br>സംഭരണികൾ | 0.80 KM$^2$<br>ആറ്റപ്പിള്ളി കടവ്<br>50 HP ടർബൈൻ<br>30,000 ലിറ്റർ ടാങ്ക് - 1 | 2KM$^2$<br>കിണർ<br>30HP<br>സെൻട്രിഫ്യൂഗൾ<br>1,20,000 ലിറ്റർ<br>ടാങ്ക് - No:2 | 0.70KM$^2$<br>കിണർ<br>25 HP<br>കിർലോസ്കർ<br>20,000 ലിറ്റർ<br>ടാങ്ക്- No: 1 |
| ടാപ്പുകൾ | 23 | 82 | 15 |
| ഗാർഹിക കണക്ഷൻ | 13 | 58 | ...... |
| ഗാർഹികേതര കണക്ഷൻ | ........ | 1 | ....... |

**പഞ്ചായത്ത് പൊതുകിണറുകൾ**

| വാർഡ് നമ്പർ | കിണറുകളുടെ എണ്ണം | കുഴൽ കിണറുകൾ |
|---|---|---|
| 1 | 3 | 0 |
| 2 | 2 | 3 |
| 3 | 2 | 1 |
| 4 | ..... | 0 |
| 5 | 3 | 1 |
| 6 | 3 | 0 |
| 7 | 3 | 1 |
| 8 | 3 | 2 |
| 9 | | 0 |
| 10 | 6 | 0 |
| 11 | 3 | 0 |
| 12 | 2 | 1 |
| 13 | 3 | 1 |
| 14 | 3 | 1 |
| 15 | -5 | 3 |

6. ടെണ്ടർ കഴിഞ്ഞിട്ടും പണിയാരംഭിച്ചിട്ടില്ലാത്ത താഴെപ്പറയുന്ന പദ്ധതികൾ, കടുത്ത വേനലിനുമുമ്പ് കമ്മീഷൻ ചെയ്യാൻ കഴിയും വിധം ഉടനെ പണിയാരംഭിക്കണം.

കാവനാട് IHDP കോളനി, മാങ്കുറ്റിപ്പാടം കോളനി, 6, 13 വാർഡുകൾ നാഡിപ്പാറ, ആലുക്കപ്പാടം കോളനി മോനൊടി, കടമ്പോട് കോളനി എന്നീ സ്ഥലങ്ങളിലെ ലൈൻ നീട്ടൽ.

7. കടമ്പോട് കുട്ടിച്ചി പദ്ധതി ഉടൻ ആരംഭിക്കണം

8. മറ്റത്തൂർ ജലവിതരണപദ്ധതിയിൽ റെഗുലറായി രണ്ട് ഷിഫ്റ്റും വേനൽക്കാലങ്ങളിൽ മൂന്നു ഷിഫ്റ്റും പമ്പിങ്ങ് ഏർപ്പെടുത്തുക.

9. പവ്വർക്കട്ടിൽ നിന്ന് ജലവിതരണപദ്ധതികളെ ഒഴിവാക്കുക.

10. കടമ്പോട് മറ്റത്തൂർ സ്കീമുകൾക്ക് ഒരേസമയം പമ്പിങ്ങ് നടത്തുക.

11. കൂടുതൽ കാര്യക്ഷമതയുള്ള സബ് മേഴ്സബിൾ മോട്ടോറുകൾ സ്ഥാപിക്കുക.

12. പമ്പിങ്ങ് മെയിനും ഡിസ്ട്രിബ്യൂഷൻ മെയിനും നവീകരിക്കുക.

13. ഇഞ്ചക്കുണ്ട് 1 1/2 ഇഞ്ച് ഡിസ്ട്രിബ്യൂഷൻ ആറ് ഇഞ്ചാക്കുക.

14. വെട്ടിയാടൻ ചിറ ചെളി കോരി വൃത്തിയാക്കി ശുദ്ധജല വിതരണത്തിനുപയുക്തമാക്കുക.

15. കുടിവെള്ള വിതരണം പഞ്ചായത്ത് ഏറ്റെടുക്കുക.

16. കട്ടിപ്പൊക്കം പദ്ധതി പഞ്ചായത്ത് ഏറ്റെടെക്കുക.

17. ഗുണഭോക്താക്കൾ സാമ്പത്തികസഹായവും അധ്വാനവും വാഗ്ദാനം ചെയ്തിട്ടുള്ള ചെറുകിട പദ്ധതികൾക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.

18. പഞ്ചായത്തിലെ ഉയരം കൂടിയ ഭാഗത്തേക്കുമാത്രമായി ഒരു പദ്ധതി ആരംഭിക്കുക.

20. കോഴിമുട്ടപ്പാറക്കു സമീപം ഒരു വാട്ടർ ടാങ്കു സ്ഥാപിക്കുക.

21. കിണർ കുഴിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

നമ്മുടെ കുടിനീർ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കുഴൽവെള്ളത്തെ മാത്രം ആശ്രയിക്കുന്ന സംസ്കാരം നാം മാറ്റിയെടുക്കണം. ഇതിനായി ജല അതോറിറ്റിയും പഞ്ചായത്തും ജനങ്ങളും ചേർന്ന് ജനകീയ കുടിനീർപദ്ധതികൾ ആവിഷ്ക്കരിക്കണം. പല ഗ്രാമസഭകളിൽ നിന്നും ഈ ജലസാക്ഷരത ഉൾക്കൊണ്ട ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന കുടിനീർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാർഡുതലത്തിൽ കമ്മറ്റികൾ രൂപീകരിക്കുകയും പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് മുൻകൈയെടുക്കുകയും വേണം. ജനകീയ പങ്കാളിത്തത്തോടെ കാര്യക്ഷ

മമായ രീതിയിൽ ധനവിനിയോഗം നടത്തി ഇത്തരമൊരു പദ്ധതി കട്ടിപ്പൊക്കം ഭാഗത്ത് നടന്നുവരുന്നുണ്ട്. അനുകരണീയമായ ഈ മാതൃക പഞ്ചായത്തിലെ സാധ്യതയുള്ള പ്രദേശങ്ങൾക്കെല്ലാം സ്വീകരിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വേനൽകാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിൽ പഞ്ചായത്തിലെ 10 ലക്ഷം വീടു കോളനികളും 12 പട്ടികജാതി ആവാസ കേന്ദ്രങ്ങളും മൂന്നു ആദിവാസി കോളനികളും പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്.

പഞ്ചായത്തിലെ കിഴക്കേ അതിർത്തിയിൽ 4386 ച. കി. മീറ്റർ വിസ്തൃതിയിൽ വനമേഖല ആകയാൽ 2 മീറ്റർ താഴ്ത്തിയാൽ പാറയാണ്. അതുകൊണ്ട് മേലെഴുതിയ ഭൂപ്രകൃതി അനുഭവപ്പെടുന്ന വെള്ളിക്കുളങ്ങര, നായാട്ടുകുണ്ട്, ചൊക്കന പുത്തനോളി മുരിക്കിങ്ങൽ ഇഞ്ചക്കുണ്ട്, പത്തുകുളങ്ങര നാഡിപ്പാറ, മോനടി താളൂപ്പാടം അമ്പനോളി കിഴക്കേ കോടാലി കുഞ്ഞാലിപ്പാറ പ്രദേശങ്ങളിൽ സാമൂഹ്യജലസേചനപദ്ധതിയുടെ ആയക്കെട്ടു പ്രദേശത്തിൽപ്പെടുത്തി മേൽപ്പറഞ്ഞ 13 പ്രദേശങ്ങളിലും കുഴൽക്കിണറുകൾ നിർമ്മിച്ച് ശുദ്ധജലവിതരണം നടത്താൻ ഏർപ്പാടുണ്ടാക്കണം.

# ആ. ആരോഗ്യം

രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ തീവ്രയത്നത്തിലാണ് ലോകരാഷ്ട്രങ്ങൾ. ലക്ഷ്യപ്രാപ്തിക്കുള്ള ശ്രമം ഭാരത സർക്കാരും സ്വീകരിച്ചുവരുന്നു. ദേശീയമായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ ഇതിനകം നേടിക്കഴിഞ്ഞു. എങ്കിലും ഇക്കാര്യത്തിൽ നമുക്കിനിയും ഏറെ കാര്യങ്ങൾ ചെയ്യാനുണ്ട്.

ആയുർദൈർഘ്യം, പൊതുമരണനിരക്ക്, ശിശുമരണനിരക്ക് എന്നീ സൂചകങ്ങളിലൊക്കെ വികസന രാജ്യങ്ങളോടൊപ്പം നിൽക്കുമ്പോൾ തന്നെ കേരളത്തിൽ പല ദരിദ്രജന്യരോഗങ്ങളും മലിനീകരണസംബന്ധമായ രോഗങ്ങളും ഈയിടെയായി വർദ്ധിച്ച് വരികയാണ്. (കോളറ, മലമ്പനി, എലിപ്പനി etc.) എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ സാധാരണക്കാരിൽ വ്യാപകമാവുകയാണ്. കേരളീയരുടെ രോഗതുരത നിരക്ക് വളരെ കൂടുതലാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. പതിറ്റാണ്ടുകളിലൂടെ നാം നേടിയ ആരോഗ്യരംഗത്തെ നേട്ടങ്ങളെല്ലാം ശരിയായ ഒരു ആരോഗ്യനയത്തിന്റെ അഭാവത്താൽ കൈവിട്ടുപോയേക്കാം.

പഞ്ചായത്തിൽ ആകെ ഒരു പ്രൈമറി ഹെൽത്ത് സെന്റർ മാത്രമാണുള്ളത്. ഇത് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കോടാലിയിൽ സ്ഥിതിചെയ്യുന്നു. എന്നാൽ 15 കിലോമീറ്ററിലധികം നീളമുള്ള പഞ്ചായത്തിൽ ഈ സ്ഥാപനം കൊണ്ടുമാത്രം ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ വളരെയധികം ആളുകൾ കൊടകര, ചാലക്കുടി എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

ഇപ്പോഴുള്ള പ്രൈമറി ഹെൽത്ത് സെന്ററിന്റെഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. കെട്ടിടം പുതുക്കി പണിയേണ്ടസ്ഥിതിയാണ്. വാഹനത്തിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള ഇന്ധനവിഹിതം പ്രതിമാസം 500 രൂപമാത്രമാണ്. ഇത് വർദ്ധിപ്പിക്കുകയോ, മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തുകയോ വേണം. സ്ഥിരമായി ഏതെങ്കിലും പകർച്ചവ്യാധികൾ പരക്കുന്നതായി കാണുന്നില്ല. പോളൻ (chickenpox) വയറിളക്കം എന്നിവ കാണപ്പെടാറുണ്ട്. പോളൻ വേനൽക്കാലത്തും വയറിളക്കം വർഷക്കാലത്തുമാണ് കൂടുതൽ കാണപ്പെടുന്നത്.

സമീപകാലത്ത് മലമ്പനി ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചതായി കാണപ്പെടുന്നു. എന്നാൽ ഈ രോഗം ബാധിച്ചവരെല്ലാം കേരളത്തിനു പുറത്തുപോയിട്ടുള്ളവരാണ്. അവർക്കാവശ്യമായ ചികിത്സയും തുടർന്നനടപടികളും ആശുപത്രിയിൽ നിന്ന് നടത്തിയിട്ടുണ്ട്. കൊതുകു നിവാരണത്തിനുള്ള മരുന്നുതളികൾ ആവശ്യമായ സാമ്പത്തിക വിഹിതം ലഭിക്കാത്തതുകൊണ്ട് നടത്താറില്ല.

പഞ്ചായത്തിൽ മാതൃമരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ശിശുമരണങ്ങൾ ചില വാർഡുകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, കണക്ക് ശരിയായി ലഭിക്കാത്തതിനാൽ താരതമ്യപഠനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ '91-ലെ കാനേഷുമാരി പ്രകാരം 6 വയസ്സ്വരെയുള്ളവരുടെ എണ്ണം 5014 ആണ്. 2574 ആൺകുട്ടികളും 2440 പെൺകുട്ടികളും. കുട്ടികളുടെ മാനസീകവും ശാരീരികവുമായ ആരോഗ്യ സംരക്ഷണത്തിനായി ബാലവാടികളുടെയും മഹിളാസമാജങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം.

197

പരിസരശുചിത്വം ഒരു മനോഭാവമായി മാറാതെ ആരോഗ്യപൂർണ്ണമായ ഒരു സാഹചര്യം ഗ്രാമത്തിൽ സൃഷ്ടിക്കാനാവില്ല. വ്യക്തി ശുചിത്വത്തിന് പ്രാധാന്യം നൽകുന്ന കേരളീയർ പരിസരശുചിത്വത്തിന് അത്ര പ്രാധാന്യം കൊടുക്കാറില്ല. കൊതുകും മറ്റും പരത്തുന്ന മാരകരോഗങ്ങൾ പടർന്ന് പിടിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ബോധവൽക്കരണത്തിൻെറ പ്രാധാന്യം മനസിലാക്കുകയും ആരോഗ്യവകുപ്പിലെ ഫീൽഡ് വർക്കർമാർ സാഹചര്യത്തിനനുസരിച്ച് ഉയർന്ന് പ്രവർത്തിക്കുകയും വേണം. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ കർശനമായി ശിക്ഷിക്കണം.P.H.Cയുടെ കീഴിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണം. ഫീൽഡ്‌വിഭാഗം ജീവനക്കാർ ഗൃഹ സന്ദർശനം നടത്തുകയും രോഗപ്രതിരോധ പരിപാടികളെക്കുറിച്ചും പരിസരശുചിത്വത്തിൻെറ പ്രാധാന്യത്തെ പറ്റിയും ബോധവത്ക്കരിക്കണം. P.H.C ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം ഇല്ലാത്ത സ്ഥലങ്ങളിൽ കെട്ടിടം ഉണ്ടാക്കണം. വികസനത്തിൻെറ ഫലമായി പരിസര മലിനീകരണം ഒരു സ്ഥിരം പാർശ്വഫലമായി അനുഭവപ്പെടുന്നു. ഇതിനെതിരെ ശക്തമായ ബോധവത്ക്കരണവും നിയമം മൂലമെടുക്കാവുന്ന കർശന നടപടികളെടുക്കുകയും വേണം.

നമ്മുടെ നാട്ടിൽ വർഷക്കാലത്തും വരൾച്ചക്കാലത്തുമുണ്ടാകുന്ന മിക്കരോഗങ്ങളും ജലജന്യരോഗമാണ്. കുടിവെള്ളത്തിൻെറ ശുദ്ധിയെപ്പറ്റി ജനങ്ങളുടെ അബദ്ധധാരണകളും ലഭ്യതയുടെ കുറവും ജലജന്യരോഗങ്ങളുണ്ടാകാൻ കാരണമാകുന്നു. കാലിക കാലഘട്ടങ്ങളിലെ രോഗങ്ങളെപ്പറ്റി മുൻകൂട്ടി ബോധവൽക്കരിക്കാൻ ഫീൽഡ്‌വർക്കർമാർ ശ്രദ്ധിക്കണം. ആദിവാസികോളനികൾ, ലക്ഷംവീട് കോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ മെഡിക്കൽ സംഘങ്ങൾ ഇടക്കിടെ സന്ദർശനം നടത്തുകയും രോഗനിർണ്ണയബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും വേണം. ആരോഗ്യരംഗത്തെ തെറ്റായ പ്രവണതകൾക്കെതിരെ ശരിയായ ആരോഗ്യപരിപാലന വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് വേണ്ടി വാർഡുകൾ തോറും ആരോഗ്യപരിപാലന സേനകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും വേണം. ഇത്തരം സേനകൾ ആരോഗ്യസംരക്ഷണത്തിന് അനുയോജ്യമായ സമഗ്രപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. മദ്യം, മയക്ക്മരുന്ന്, പുകയില എന്നീ ലഹരിവസ്തുക്കൾക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ചികിത്സ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാവൽ സമിതികളായി മാറണം. വ്യാജമദ്യ ഉത്പാദനത്തിനും വ്യാപാരത്തിനും ഉപഭോഗത്തിനുമെതിരായി വാർഡ് പഞ്ചായത്തുതല ജനകീയ ഉദ്യോഗസ്ഥ സമിതികൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ സഹായത്തോടെ മറ്റത്തൂർ പ്രൈമറി ഹെൽത്ത്സെൻററിൽ ചികിത്സാബോധവത്കരണകേന്ദ്രം ആരംഭിക്കാനും ശ്രമിക്കേണ്ടതാണ്.

* പഞ്ചായത്തിൽ കുടുംബക്ഷേമകേന്ദ്രം ആരംഭിക്കുക.
* രോഗപ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക
* കക്കൂസില്ലാത്ത അർഹരായവരെ കണ്ടെത്തി കക്കൂസ് നിർമ്മിച്ച് കൊടുക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പൊതുകക്കൂസ് നിർമ്മിക്കുകയും ചെയ്യുക.
* ഹോട്ടൽ, ആശുപത്രി, സംസ്കരണകേന്ദ്രം എന്നിവിടങ്ങളിൽ നിന്നു പുറത്തുവരുന്ന അഴുക്കുജലം ഒഴുകിപ്പോകാനുള്ള സൗകര്യമൊരുക്കി പരിസര മലിനീകരണം തടയുക.
* ഭക്ഷണസാധനങ്ങൾ ഉത്പാദിപ്പിക്കുകയോ വിതരണം ചെയ്യപ്പെടുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ യഥാസമയം പരിശോധന നടത്തി വേണ്ടത്ര ശുചിത്വ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം.
* കോടാലി പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ ശോച്യാവസ്ഥ പരിഹരിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണം.

(അ) പോസ്റ്റ്മോർട്ടം നടത്താനുള്ള സൗകര്യമേർപ്പെടുത്തുക.

(ആ) ആംബുലൻസ് സൗകര്യമേർപ്പെടുത്തുക

(ഇ) ലാബ് സൗകര്യമേർപ്പെടുത്തുക

(ഈ) രാത്രിയിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

(ഉ) ലേഡി ഡോക്ടറേയും സ്പെഷ്യലിസ്റ്റുകളേയും നിയമിക്കുക.

(ഊ) ഡോക്ടർമാർ ഡ്യൂട്ടി സമയങ്ങളിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് തടയുക.

(ഋ) ഔട്ട് പേഷ്യൻറ്സിന് ഇരിക്കാനുള്ള സൗകര്യമേർപ്പെടുത്തുക.

(എ) X ray, അൾട്രാസൗണ്ട് സ്കാനർ തുടങ്ങിയ സൗകര്യമേർപ്പെടുത്തുക.

(ഏ) ബ്ലോക്കു പഞ്ചായത്തിൻെറ കീഴിലാണിപ്പോഴീ സ്ഥാപനം. കൂടാതെ ഒരു ആശുപത്രി സംരക്ഷണ സമിതിയും നിലവിലുണ്ട്. എങ്കിലും ആശുപത്രിയിൽ നിന്നു ലഭിക്കുന്ന സേവനം പരിമിതമാണ്. അതുകൊണ്ട് ബ്ലോക്ക് പഞ്ചായത്തും സംരക്ഷണ സമിതിയും സംയുക്തമായി ആശുപത്രി സംവിധാനം കാര്യക്ഷമമായി നടക്കുന്നുവെന്നുറപ്പുവരുത്തേണ്ടതാണ്.

(ഐ) കിടത്തി ചികിത്സിക്കാനുള്ള സൗകര്യം മെച്ചപ്പെടുത്തുക.

* ആവശ്യമായ വാർഡുകളിൽ മിനി P.H.C സ്ഥാപിച്ച് ആരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കണം.
* പഞ്ചായത്തിൽ ഗവ. ആയുർവേദ ആശുപത്രിയും ഡിസ്പൻസറികളും സ്ഥാപിച്ച് ഈ മേഖലയും കൂടുതൽ കാര്യക്ഷമമാക്കണം.
* പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ച് സമ്പൂർണ ഊർജ്ജഗ്രാമങ്ങളാക്കുക. ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുക.
* മിഡ്വൈഫറി സെൻററുകൾ സ്ഥാപിക്കുക.
* അറവുശാലകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധന നിർബന്ധമാക്കുകയും അറവുകളുടെ പരിശോധന കർശനമാക്കുകയും വേണം.
* അറവുശാലകളിലേയും, മോനൊടി ലക്ഷം വീട് കോളനിയിലേയും പള്ളിക്കുന്നിലേയും എല്ല്കുഴികളിൽ നിന്നുണ്ടാകുന്ന മലിനീകരണം തടയാൻ നടപടിയെടുക്കുക.
* പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.
* കോടാലിയിലും വെള്ളിക്കുളങ്ങരയിലും കംഫർട്ട് സ്റ്റേഷനുകൾ പണിയുക.
* വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും സബ്സിഡി നിരക്കിൽ കുത്തി വെയ്പിനുള്ള മരുന്നുകളും ലഭ്യമാക്കുക.
* പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നവയും നിരോധിക്കപ്പെട്ടവയുമായ മരുന്നുകളുടെ ഉപയോഗം തടയുന്നതിനുള്ള നടപടിയെടുക്കുക.
* വ്യാജമദ്യഉത്പാദനവും വിതരണവും തടയുക.
* പാൻപരാഗ്, തംപാക്ക് തുടങ്ങിയ ലഹരി വസ്തുക്കളുടെ വില്പന കർശനമായി നിരോധിക്കുക.
* മദ്യത്തിനും മയക്കുമരുന്നിനുമെതിരേയും പുകവലിക്കെതിരേയും ബോധവത്ക്കരണ പരിപാടി നടപ്പിലാക്കുക.
* ഔഷധ സസ്യങ്ങളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കാൻ നടപടിയെടുക്കുക.
* മാതൃശിശു സംരക്ഷണ കേന്ദ്രത്തിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.
* പഞ്ചായത്തിൽ ഹെൽത് വിസിറ്റർമാരുടെ ഗൃഹസന്ദർശനം നിർബന്ധമാക്കുക.
* പകർച്ചവ്യാധികൾ പരത്തുന്ന ഈച്ച, കൊതുക് മുതലായവയെ നിർമാർജ്ജനം ചെയ്യാൻ നടപടിയെടുക്കുക.
* മാരകരോഗങ്ങളുള്ളവരെ കണ്ടെത്തി അവരുടെ ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കുകയും നിർദ്ധനരായ രോഗികൾക്ക് സഹായമെത്തിക്കുകയും ചെയ്യുക.
* പാരമ്പര്യ ചികിത്സയെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടാക്കുക.
* കവലകളിലെ കാനകളിൽ കെട്ടിക്കിടക്കുന്ന മലിനജലം ഒഴുകിപ്പോകാനുള്ള സൗകര്യം കാര്യക്ഷമമാക്കുകയും പരിസര മലിനീകരണം തടയുകയും വേണം.
* പൊതു ശ്മശാനം ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുക.
* പൊതു സ്ഥലങ്ങളിലെ പുകവലി കർശനമായി നിരോധിക്കണം.

# 5.5 വ്യവസായം

> ഒരു രാജ്യത്തെ മറ്റൊരു രാജ്യത്തിൻെറ അടിമയാകുവാൻ പ്രേരിപ്പിക്കുന്ന സാമ്പത്തികശാസ്ത്രം സദാചാര വിരുദ്ധമാണ്.
>
> -ഗാന്ധിജി

വ്യവസായ മേഖലയിൽ പഞ്ചായത്തിൽ പൊതു സ്വകാര്യ മേഖലകളിലായി വൻകിട വ്യവസായങ്ങളില്ല. മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യവസായിക രംഗത്തെ അവസ്ഥ വളരെ മോശമാണ്. ഭൂരിഭാഗം തൊഴിലാളികളും പഞ്ചായത്തിന് പുറത്ത് തൊഴിൽ ചെയ്യുന്നു. പഞ്ചായത്തിൽ ആകെ 13135 പേർ വരുന്ന തൊഴിൽ സേനയാണുള്ളത്. 708 - പുരുഷന്മാരും 1143 സ്ത്രീകളും ഭാഗികമായി തൊഴിലെടുക്കുന്ന തൊഴിൽ മേഖലയിൽ പുരുഷന്മാരുടെ ആധിപത്യം കാണാമെങ്കിലും വ്യവസായത്തൊഴിലാളികളിൽ സ്ത്രീകൾക്കാണ് മുൻഗണന. ചെറുകിട, പരമ്പരാഗത മേഖലകളിൽ സ്ത്രീകളാണ് കൂടുതൽ. ചെറുകിട പ്രാഥമിക മേഖലകൾ നാളികേരം, റബ്ബർ, മരം, കളിമണ്ണ്, കരിങ്കല്ല്, ഭക്ഷ്യവസ്തുക്കൾ എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഭൂരിപക്ഷം യൂണിറ്റുകളും പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ടതാണ്. പ്രധാന തൊഴിൽ കേന്ദ്രം പഞ്ചായത്തതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഹാരിസൺ മലയാളം ലിമിറ്റഡ് റബ്ബർ എസ്റ്റേറ്റ് ആണ്. 1500 ഓളം തൊഴിലാളികൾ ഇവിടെ സ്ഥിരമായും താല്ക്കാലികമായും തൊഴിലെടുക്കുന്നു. സ്വകാര്യ ചെറുകിട ഫാക്ടറികളിൽ ഒന്നായ വിജയകാറ്റിൽ ഫീഡ്സിൽ 20 പേരും, യൂണിവേഴ്സൽ ഇൻസ്ട്രീസ് ക്രഷർ യൂണിറ്റിൽ 5ഉം, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മജ്ജുള്ള ഇൻറസ്ട്രീസിൽ 60ഉം, കോടാലി തീപ്പെട്ടി കമ്പനിയിൽ 54ഉം, മാങ്കുറ്റിപാടം ഖാദി ഗ്രാമ വ്യവസായ യൂണിറ്റിൽ 10ഉം, മോനൊടി SC-ST സംഘത്തിൽ 60 അംഗങ്ങളും, നൂലുവള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റത്തൂർ ഹരിജൻ സഹകരണ സംഘത്തിനു കീഴിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയിൽ 10 പേരും, മുകുന്ദപുരം താലൂക്ക് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മോനൊടിയിൽ 36ഉം, ബീഡി നിർമ്മാണ രംഗത്ത് 875 പേരും ഈ പഞ്ചായത്തിൽ തൊഴിലെടുത്തു വരുന്നു.

പട്ടിക - 1

ചെറുകിട - വ്യവസായ സഹകരണമേഖല

| | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി വെള്ളിക്കുളങ്ങര | 2 |
| 2 | മിൽക്ക് പ്രൊഡ്യൂസേഴ് സൊസൈറ്റി, അവിട്ടപ്പിള്ളി | 2 |
| 3 | ടൈസ്റ്റ് മിൽക്ക് പ്രോഡക്റ്റ് യൂണിറ്റ് മോണാടി | 6 |
| 4 | മുകുന്ദപുരം താലൂക്ക് മൾട്ടി പർപ്പസ് വനിത സൊസൈറ്റി മോനൊടി | 50 |
| 5 | S.C. S.T. നാഡിപ്പാറ കരിങ്കല്ല് | 10 |
| 6 | കോടാലി തീപ്പെട്ടി | 54 |
| 7 | മഞ്ജുള ഇൻഡസ്ട്രീസ് - മെഴുകുതിരി | 20 |
| 8 | ഖാദി മാങ്കുറ്റിപാടം | 10 |
| 9 | S.C. S.T. മൾട്ടിപർപ്പസ് ഖാദിസംഘം | 60 |
| 10 | സഹായ വനിത സഹകരണസംഘം DWCRA മോടൊടി | 6 |

200

## പട്ടിക - 2

### ചെറുകിട വ്യവസായ യൂണിറ്റുകൾ

| | | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ഓയിൽ മിൽ | 5 | 20 |
| 2 | കൊപ്ര പ്രോസസിംങ്ങ് | 10 | 50 |
| 3 | ചിപ്സ് | 5 | 75 |
| 4 | ചൂരൽ, ഈറ്റ | 10 | 100 |
| 5 | ബേക്കറി | 6 | 18 |
| 6 | അച്ചടി | 2 | 6 |
| 7 | ടൂൾസ് | 2 | 5 |
| 8 | പഴം പച്ചക്കറി സംസ്കരണം | 2 | 14 |
| 9 | സോപ്പ് | 1 | 3 |
| 10 | എൻജീയറിംഗ് വർക്ക്ഷോപ്പ് | 7 | 36 |
| 11 | ബീഡി | 5 | 875 |
| 12 | ഫർണിച്ചർ | 13 | 60 |
| 13 | റെഡിമെയ്ഡ് ഗാർമെൻറ്സ് | 10 | 45 |
| 14 | നാളികേരം | 10 | 35 |
| 15 | ഐസ് ഫാക്ടറി | 1 | 4 |
| 16 | ഇലക്ട്രിക് അസംബ്ലിങ്ങ് യൂണിറ്റ് | 1 | 355 |

പഞ്ചായത്തിൽ വ്യവസായ വികസനത്തിന് വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർഷങ്ങൾക്ക് മുൻപ് മാത്രമാണ് വികസിച്ചു വരാൻ തുടങ്ങിയത്. 103.11 ച.കി. മീറ്റർ വിസ്തീർണ്ണവും, 8655 കുടുംബങ്ങളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് നല്ലൊരു വിപണി ഉണ്ടായിട്ടും വ്യവസായ പുരോഗതിയിൽ കാര്യമായ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഉയർന്ന തോതിലുള്ള സാക്ഷരത ആരോഗ്യപരിരക്ഷ, ഗതാഗത സൗകര്യം വാർത്താവിനിമയം. ഉപഭോഗ നിലവാരം എന്നിവയെല്ലാം ഉണ്ടെങ്കിലും വ്യവസായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

**പ്രശ്നങ്ങൾ**

1. വ്യവസായത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് വ്യവസായം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ലഭ്യമല്ല.

2. ലൈസൻസ് ലഭിക്കാൻ താമസം നേരിടുന്നു.

3. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഇല്ല.

4. വനിതകൾക്ക് പൊതുവെ തൊഴിലവസരം കുറവാണ്.

5. വ്യവസായിക രംഗത്ത് മുഖ്യ കാർഷിക ഉല്പന്നമായ നാളികേരം തൊഴിൽ അവസരം സൃഷ്ടിക്കുന്ന വിധം പ്രയോജനപ്പെടുത്തുന്നില്ല.

6. കർഷകർ ഉല്പാദിപ്പിക്കുന്ന റബ്ബർ, ക്രബ്റബ്ബർ, തടി എന്നിവയും പ്രയോജനപ്പെടുത്തുന്നില്ല.

7. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കളും വൈദ്യുതിയും ലഭ്യമല്ല.

8. ചൂരൽ, മുള, ഈറ്റ എന്നീ വ്യവസായങ്ങൾക്ക് ബാംബൂ കോർപ്പറേഷൻ മുഖേനയുള്ള സഹായം ലഭ്യമല്ല.

9. വ്യവസായ സംരംഭകന് ആവശ്യമായ സാമ്പത്തിക സഹായം ബാങ്കുകളിൽ നിന്നും ലഭ്യമാകുന്നില്ല.

10. വ്യവസായത്തിൻെറ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, സ്ഥലം, ഗതാഗതം എന്നിവ ലഭിക്കാനുള്ള തടസ്സം നേരിടുന്നു.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിൽ സുലഭമായ നാളികേരം, റബ്ബർ, മലഞ്ചരക്ക്, ഔഷധ സസ്യങ്ങൾ, എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ.

2. തടി ഉല്പന്നങ്ങളെ ആസ്പദമാക്കി ഫർണീച്ചർ മാർട്ട്, കരകൗശല വസ്തുക്കൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ, ഗൃഹോപകരണങ്ങൾ എന്നിവ നിർമ്മിക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കാം.

3. റബ്ബർ അധിഷ്ഠിതങ്ങളായ ഫോം-ബെഡ് ചപ്പൽസ്, കയ്യുറകൾ, ബലൂൺ, റബർബാൻഡ്, ടയർ റിസോളിങ്ങ് തുടങ്ങിയ യൂണിറ്റുകൾ.

4. പഞ്ചായത്ത് തലത്തിൽ സഹകരണാടി സ്ഥാനത്തിൽ ഓയിൽമില്ലും, നാളികേര സംഭരണ ഡെപ്പോകളും, വേകുകളും ആരംഭിക്കാം.

5. സഹകരണമേകലയിൽ തീപ്പെട്ടി, റെഡി മെയ്ഡ് വസ്ത്രങ്ങൾ സോപ്പ് ,വിവിധതരം ഭക്ഷ്യുല്പ ന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും ആരംഭിക്കാം.

6. നിലവിലുള്ള SSI യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയും പുതിയ യൂണിറ്റ് ആരംഭിച്ചും വ്യവസായിക പുരോഗതി ഉറപ്പുവരുത്താവുന്നതാണ്.

7. വ്യവസായ സംരംഭകരെ ലക്ഷ്യംവച്ച് പഞ്ചായത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അന്നാംപ്പാടം, മുരിക്കുങ്ങൽ എന്നീ പ്രദേശങ്ങളിൽ ആരംഭിക്കാവുന്നതാണ്.

8. വ്യവസായത്തിൻെറ മുഖ്യഘടകമായ വൈദ്യുതി സുലഭമായി ലഭിക്കുന്നതിന് മറ്റത്തൂർ കുന്നിൽ എത്രയും വേഗം 110-KV സബ് സ്റ്റേഷൻ ആരംഭിക്കണം.

9. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ള വരുടെ പട്ടിക പഞ്ചായത്തിൽ ശേഖരിച്ച് സംരംഭ കർക്ക് ആവശ്യമായ പരിശീലനം നൽകി ഒരു സ്ഥിരം മോണിട്ടറിംങ് കമ്മറ്റി രൂപീകരിച്ച് താഴെ പറയുന്ന വ്യവസായ സഹായസ്ഥാപനങ്ങളുമായി ബന്ധപ്പെടാൻ പ്രേരിപ്പിക്കുകയും, സഹായിക്കുകയും ചെയ്യണം.

1. ഡിസ്ട്രിക് ഇൻഡസ്ട്രിയൽ സെൻറർ തൃശ്ശൂർ.

2. സ്മോൾ ഇൻഡസ്ട്രിയൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ.

3. നാഷണൽ സ്മോൾ ഇൻടസ്ട്രീസ് കോർപ്പറേഷൻ തൃശ്ശൂർ.

4. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആൻറ് ടെക്നോളജി - കൺസൾട്ടൻസി ഓർഗനൈസേഷൻ എറണാകുളം.

5. സ്റ്റെഡ് പ്രോജക്റ്റ് ഓഫീസ് കോഴിക്കാട്.

6. റീജണൽ എൻജിനീയറിംഗ് കോളേജ് തൃശ്ശൂർ.

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻറർ പ്രേണർഷിപ്പ് ആൻറ് സ്മോൾ ബിസിനസ്സ് ഡെവലപ്പ്മെൻറ്, ന്യൂ ഡൽഹി.

8. എൻറർപ്രേണർഷിപ്പ് ഡെവലപ്പ്മെൻറ് - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ അഹമ്മദാബാദ്.

10 വനിതസംരംഭകക്ക് ഇന്ന് വ്യവസായ സംഘങ്ങൾ തുടങ്ങുന്നതിന് പ്രത്യേക സൗജന്യങ്ങൾ ഉണ്ട്. ഈ അനുകൂല സാഹചര്യം കണക്കിലെടുത്ത് മേൽ സൂചിപ്പിച്ചിട്ടുള്ള വ്യവസായ സംരംഭങ്ങളിൽ വനിതകൾക്ക് പ്രത്യേക പരിഗണന കൊടുത്ത് വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ബോധപൂർവ്വം നടത്തേണ്ട താണ്.

# ഗതാഗതം

ഏതൊരു പ്രദേശത്തിൻെറയും വികസന ത്തിൻെറ കാര്യത്തിൽ പ്രധാന പങ്കുവഹിക്കുന്നത് അവിടുത്തെ ഗതാഗത സൗകര്യങ്ങളാണ്. ഈ തിരി ച്ചറിവ് നമ്മുടെ പൂർവ്വികരിൽ നിന്നും തലമുറ കളായി കൈമാറിയിതിൻെറ ഭാഗമെന്നോണം ഗതാ ഗത സൗകര്യങ്ങൾ എത്തിച്ചേരാത്ത പ്രദേശങ്ങൾ ഭൂമുഖത്ത് തന്നെ വിരളമാണ്. ലോകത്തിൻെറ ഏത് കോണിലുള്ള മനുഷ്യനും പരസ്പരം ബന്ധപ്പെടു ന്നതിനും അറിയുന്നതിനും കരയും കടലും ആകാ ശവും അവൻെറ ഗതാഗതമാധ്യമങ്ങളാക്കി മാറ്റിയി രിക്കുന്നു.

അധികാര വികേന്ദ്രീകരണവും ജനകീയ ആസൂത്രണവും പുതിയ വികസന സംസ്ക്കാ രത്തിനും തന്ത്രത്തിനും നാന്ദികുറിക്കുന്ന ഈ ധന്യ മുഹൂർത്തത്തിൽ നമ്മുടെ നാടിൻെറ വിസനത്തിൽ 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന പ്രയോഗ ത്തിൻെറ പ്രസക്തി വർദ്ധിപ്പിക്കുന്നു. കേരളത്തിൻെറ ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോ ടുകൂടി രൂപപ്പെടുത്തുന്ന പശ്ചാത്തലത്തിൽ നമ്മ ളാൽ ആയത് ഈ പ്രസ്ഥാനത്തിൻെറ വിജയ ത്തിനായി അർപ്പിക്കാമെന്ന് പ്രതിജ്ഞ എടുത്ത് കൊണ്ട് മറ്റത്തൂർ ഗ്രാമപഞ്ചായത്തിൻെറ ഗതാഗത സൗകര്യങ്ങളിലേക്ക് നമുക്കൊന്ന് എത്തിനോക്കാം.

റോഡ് ഗതാഗതം മാത്രമാണ് നമ്മുടെ പഞ്ചാ യതതിൽ ചർച്ചചെയ്യാനുള്ളത്. നീണ്ടകാലത്തെ ഗതാ ഗത പാരമ്പര്യചരിത്രം അവകാശപ്പെടാൻ മറ്റത്തൂർ പഞ്ചായത്തിലെ റോഡുകൾക്കില്ല. ഏകദേശം മുക്കാൽ നൂറ്റാണ്ട്കാലത്തെ ഗതാഗത പൈതൃക വുമായി കൊടകര വെള്ളിക്കുളങ്ങര PWD ജില്ലാ ഹൈവേ റോഡ് നിലകൊള്ളുന്നു. മറ്റത്തൂർ ഗ്രാമപ ഞ്ചായത്തിലെ ഏറ്റവും ഗതാഗത പ്രാധാന്യമുള്ള റോഡാണിത്. ഇത് ഘട്ടം ഘട്ടമായാണ് ഈ റോഡ് ഇന്നത്തെ നിലയിലെത്തിയത്. ഏകദേശം 60 വർഷം മുമ്പ് പണിതീർത്ത ചേലക്കോട്ടുകര പാലത്തിൻെറ ആവിർഭാവത്തോടെയാണ് കോടാലിയിലേക്കും തുടർന്ന് വെള്ളിക്കുളങ്ങരയിലേക്കുമുള്ള ഗതാഗതം ആരംഭിക്കുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് മലഞ്ചര ക്കുകളും വിലപിടിപ്പുള്ള മരങ്ങളും കടത്തിക്കൊ ണ്ട്പോകുന്നതിന് ട്രാംവേ ഗതാഗത സംവിധാനം നിലനിന്നിരുന്നു. എങ്കിലും ഇത് പഞ്ചായത്തിൻെറ ജനജീവിതവുമായി യാതൊരു തരത്തിലും ബന്ധപ്പെ ട്ടിരുന്നില്ല. ഇപ്പോഴും ഈ ട്രാംവേ ലൈനിൻെറ അവശിഷ്ടങ്ങൾ അവിടവിടെയായി കാണാം.

ഈ പഞ്ചായത്തിൽ ആദ്യമായി ബസ് ഗതാഗതം ആരംഭിച്ചത് കൊടകര വെള്ളിക്കുളങ്ങര റൂട്ടിലായിരുന്നു. ആദ്യകാലത്ത് ഓടിയിരുന്ന ബസു കൾ കൽക്കരി ഉപയോഗിച്ചായിരുന്നു പ്രവർത്തിച്ചി രുന്നത്. ആദ്യമായി ഈ പഞ്ചായത്തിൽ ബസ് സർവ്വീസ് നടത്തിയിരുന്നത് 'നടവരമ്പ് കൃഷ്ണാ ബ്രദേഴ്സ്' എന്ന ബസായിരുന്നു. തൃശ്ശൂർ മറ്റത്തൂർ ആയിരുന്നു ഈ ബസിൻെറ റൂട്ട്. പിന്നീട് ഒനപതുങ്ങൽ-മാങ്കുറ്റിപ്പാടം-കടമ്പോട്-മോനടി റോഡ് നിലവിൽ വന്നു. മൂപ്ലിയം പാലത്തിൻെറ നിർമ്മാ ണത്തിന് ശേഷം കോടാലി-ചെമ്പുചിറ-മൂപ്ലിയം റോഡും ഉണ്ടായി. തുടർന്ന് കോടാലി മുരിക്കുങ്ങൽ ഇഞ്ചക്കുണ്ട് വഴി വരന്തരപ്പിള്ളിയിലേക്ക് റോഡുകൾ നിലവിൽ വന്നു. ഈ റോഡുകൾ എല്ലാം തന്നെ ഇപ്പോൾ PWD റോഡുകളുടെ നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു. വെള്ളിക്കുളങ്ങര-നായാട്ടുകുണ്ട് - ചൊക്കന റോഡ്, മറ്റത്തൂർകുന്ന് നെല്ലായി റോഡ്, വാസുപുരം - ചെമ്പുചിറ റോഡ്, അവിട്ടപ്പിള്ളി - കുഞ്ഞായിപ്പാ റോഡ്, കി. കോടാലി - അമ്പനോ ളിറോഡ്, വെള്ളിക്കുളങ്ങര - കമലക്കട്ടി റോഡ്, കോടാലി - മാങ്കുറ്റിപ്പാടം തീരാട്ടുകുഴി-മോനൊടി റോഡ് എന്നിവയാണ് ഈ പഞ്ചായത്തിലെ എടുത്ത് പറയത്തക്ക റോഡുകൾ.

ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശ ങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളു ടെയും, മറ്റൽ റോഡുകളുടെയും, ടാറിങ്ങ് റോഡുക ളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ള താണ്. പൊട്ടിപ്പൊളിഞ്ഞ് നാശോൻമുഖമായി കിട ക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ ണികൾ നടത്തുക എന്നത് പ്രധാന ആവശ്യമാണ്. മെറ്റൽ ചെയ്യാനും, ടാർ ചെയ്യാനുമുള്ള നിർദ്ദേ ശങ്ങൾ നിരവധിയാണ്. പുതിയ മൺറോഡുകൾ നിർമ്മിക്കാനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളിലും വർഷ ക്കാലത്ത് വെള്ളം ഒഴുകിപ്പോകാൻ കാനകൾ ഇല്ലാ ത്തതിനാൽ റോഡുകളിൽ വെള്ളം കെട്ടിനിന്ന് ഗതാഗ തയോഗ്യമല്ലാതായി മാറുന്നു.

റോഡ് ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്ന്വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

1. ഗതാഗത തിരക്കുള്ള കൊടകര വെള്ളിക്കുളങ്ങര റൂട്ടിൽ ചേലക്കാട്ടുകര പാലം പൂവ്വാലിതോട് പാലം കൊടുങ്ങപാലം എന്നിവ വീതികൂട്ടി പുതുക്കിപ്പണിയണം.

2. PWD രോഡുകൾ ടാർ ചെയ്ത ഭാഗത്തിൻെറ വീതി വർദ്ധിപ്പിക്കണം.

3. റോഡരുകുകളിൽ ഉടനീളം രണ്ട് അടി വീതി എങ്കിലുമുള്ള കാനകൾ നിർമ്മിക്കണം.

4. കയ്യേറപ്പെട്ട റോഡ് പുറംമ്പോക്ക് ഭൂമികൾ ഒഴിപ്പിക്കണം.

5. റോഡ് സൈഡിലെ സ്ഥിരസ്വഭാവമുള്ള എല്ലാ നിർമ്മാണങ്ങളും ഒഴിവാക്കണം.

6. ടാർചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ടെലഫോൺ-ഇലക്ട്രിക് പോസ്റ്റുകൾ, ബസ് സ്റ്റോപ്പുകൾ എന്നിവ ചുരുങ്ങിയത് ആറ് അടിയെങ്കിലും മാറ്റിസ്ഥാപിക്കണം.

7. കൊടകരയിൽ ലിമിറ്റഡ്സ്റ്റോപ്പ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസുകൾക്ക് ഫെയർ സ്റ്റേജോടുകൂടിയ സ്റ്റോപ്പ് അനുവദിക്കണം. ഇതിനാവശ്യമായ സമ്മർദ്ദം പഞ്ചായത്ത് ചെലുത്തണം.

8. മറ്റത്തൂർ ബ്രാഞ്ച് കനാൽ ബണ്ട് ഉടനീളം തെക്ക് വശം മുഴുവനും സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കുക.

9. ബസുകളുടെ മിന്നൽ പണിമുടക്കുകൾ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

10. മുമ്പുണ്ടായിരുന്ന വെള്ളിക്കുളങ്ങര - കൊടകര - ചാലക്കുടി-എറണാകുളം K.S.R.T.C ബസ് പുനരാരംഭിക്കണം.

11. വിവിധ വാർഡുകളിൽ നിന്നും പ്രധാന സ്ഥലങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കണമെന്ന് ഭൂരിഭാഗം ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ശ്രദ്ധേയമാണ്.

12. വെള്ളിക്കുളങ്ങരയിൽ നിർദ്ദിഷ്ട ബസ്സ്റ്റാൻറ് ഉടൻ പണിയണം.

13. പഞ്ചായത്തിലെ നിർദ്ദിഷ്ട വെള്ളിക്കുളങ്ങര ബസ്സ്റ്റാൻറ് ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ സ്ഥലത്ത് ബസുകൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

14. മറ്റത്തൂർ പഞ്ചായത്തിലെ പ്രധാന വ്യാപാര കേന്ദ്രമായ കോടാലിയിൽ ചെറുവാഹനങ്ങൾ റോഡിൽ നിന്നും മാറ്റി പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യംഏർപ്പെടുത്തണം.

15. വെള്ളിക്കുളങ്ങര ചാലക്കുടി റൂട്ടിൽ ഫെയർ സ്റ്റേജ് അപാകതകൾ ഉണ്ട്. ഇത് പരിഹരിക്കണം.

16. ബസ്സുകളുടെ മത്സര ഓട്ടം കർശനമായി നിയന്ത്രിക്കണം.

17. ചെട്ടിച്ചാൽ മൂന്നുമുറി പാലം പണിയണം.

18. സ്കൂൾ സമയങ്ങളിൽ കൊടകരയിലേക്കും മുപ്ലിയത്തേക്കും ബന്ധപ്പെടുത്തി ബസ് സർവ്വീസ് നടത്തണം.

| നമ്പർ | | എണ്ണം | നീളം കി. മീ | | വീതി മീ | |
|---|---|---|---|---|---|---|
| 1 | ടാറിംങ് റോഡുകൾ | 27 | 69 | 40 | 93 | 00 |
| 2 | മെറ്റൽ റോഡുകൾ | 7 | 8 | 35 | 46 | 00 |
| 3 | മൺറോഡുകൾ | 189 | 152 | 78 | 850 | 00 |
| | ആകെ | 223 | 230 | 53 | 989 | 00 |

**പാലങ്ങൾ:**

പ്രധാനപ്പെട്ട അഞ്ചു പാലങ്ങളും മറ്റു അനേകം ചെറു പാലങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ പലതും വീതി കൂട്ടി പുതുക്കി പണിയേണ്ടതുണ്ട്.

**പ്രധാനപാലങ്ങൾ:**

1. വാസുപുരം പാലം
2. ചേലക്കാടുകര പാലം
3. മാങ്കുറ്റിപ്പാടം കല്ലുപാലം
4. പൂവ്വാലി തോട് പാലം
5. മോനടി ട്രാംവെ പാലം

ഇതിൽ ചേലക്കോട്ടുകര പാലവും പുവ്വാലിതോട് പാലവും വീതികൂട്ടി പുതുക്കി പണിയേണ്ടതാണ്. ചെറുപാലങ്ങളിൽ കൊടുങ്ങപാലവും പുതുക്കിപണിയേണ്ടതാണ്.

**പുതുതായി പണിയേണ്ട പാലങ്ങളെ സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ:**

1. മൂന്നുമുറി ചെട്ടിച്ചാൽ പാലം

2. പുത്തനോളി പെരുമ്പിള്ളിച്ചിറ റോഡിൽ പാലം.

3. മാങ്കുറ്റിപ്പാടം ശ്മശാനം റോഡിൽ കനാലിന് കുറുകെ പാലം.

4. അവിട്ടപ്പിള്ളി കുഞ്ഞാലിപ്പാറ റോഡിൽ കനാലിന് കുറുകെ പാലം.

5. കടമ്പോട്ട് കുരുലിക്കടവ് പാലം

6. കമലക്കട്ടി റോഡിൽ പാലം

7. നിലംപതിമുരിക്കുങ്ങൽ ഹരിജൻ കോളനി റോഡിൽ പാലം

8. മാങ്കുറ്റിപ്പാടം ശാന്തിനഗർ കനാൽ ബണ്ട് റോഡിൽ ഇഞ്ചക്കുഴി കനാൽ ചീപ്പ് പാത്തിയോടനുബന്ധിച്ച് പാലം.

9. മൂന്നുമുറി ഒമ്പതുങ്ങൽ കനാൽബണ്ട് റോഡിൽ മാങ്കുററിപ്പാടം കോളനിവഴി കനാൽ ബണ്ട് ക്രോസ് ചെയ്യുന്നിടത്തുള്ള ചെറിയപാലം പൊളിച്ച് വീതി കൂട്ടി പണിയണം.

10. കൊടുങ്ങയിൽ ക്രോസ്ബാർ കം ബ്രിഡ്ജ് സ്ഥാപിക്കണം.

11. വെള്ളിക്കുളങ്ങര വലിയതോട്ടിൽ കടമ്പോട്ട് മൂപ്പൻതാഴം പന്തല്ലൂക്കാരൻ കടവിൽ ക്രോസ്ബാർ കം ബ്രിഡ്ജ് സ്ഥാപിക്കണം.

12. കടമ്പോട് ആനന്ദകലാസമിതി കുട്ടിച്ചിറ ഹരിജൻ കോളനി റോഡിൽ കനാലിന് കുറുകെ ഫുട് ബ്രിഡ്ജ് പൊളിച്ച് വീതി കൂട്ടി പണിയണം.

**പുതിയ റോഡുകൾ നിർമ്മിക്കേണ്ടത്**
***(വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ)***

1. കൊടകര - കാവും തറ - മറ്റത്തൂർ - മൂലംകുടം - പാപ്പാളിപ്പാടം റോഡ് നിർമ്മിക്കുക. (വാർഡ്-1)

2. മറ്റത്തൂർ ബ്രാഞ്ച് കനാലിന്റെ തെക്കെ ബണ്ട് കെട്ടി റോഡാക്കി ഗതാഗത യോഗ്യമാക്കണം. നിർദ്ദേശക വാർഡുകൾ : 1,2,3,4,5,6,7,8

3. കടമ്പോട് കുട്ടിച്ചിറ കോടശ്ശേരി മല റോഡ് (വാർഡ് - 6)

4. കടമ്പോട് പുളിത്തറ നാഗത്താൻ പാറ ചട്ടിക്കുളം ഫോറസ്റ്റ് റോഡ് നിർമ്മിക്കണം. (വാർഡ് - 6,7)

5. കടമ്പോട് മൂപ്പംതാഴം കോടാലിപ്പാടം ഫാം റോഡ് നിർമ്മിക്കണം. ( വാർഡ് - 6,12)

6. കി. കോടാലി നിലംപതി റോഡ് (വാർഡ് - 10)

**റോഡ് വികസനം**

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിക്കപ്പെടുകയും വിവാദങ്ങൾക്ക് വിഷയമായിത്തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യ വിവരങ്ങൾ ഇപ്പോഴും ലഭ്യമല്ല. റോഡുകളെ സംബന്ധിച്ച് ധാരണകൾ പലപ്പോഴും വസ്തുനിഷ്ടവുമല്ല.

**വിഭവസമാഹരണം**

ഏതാണ്ട് എല്ലാ വാർഡുകളിലും പുതിയ റോഡുകൾ നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള റോഡുകളുടെ വികസനത്തിനും അറ്റകുറ്റപണികൾക്കും പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുകയെന്നത് ഇന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഇന്ന് നമുക്ക് സമാഹരിക്കാവുന്ന പ്രധാനവിഭവം ജനശക്തിയാണ്. പുതിയ റോഡുകളുടെ നിർമ്മാണത്തിൽ ആകെ വരുന്ന ചിലവിൽ മൂന്നിലൊന്ന് ഭാഗമെങ്കിലും ശ്രമദാന ദിനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാകണം.

കേരളം ഭൂവിസ്തൃതിയുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെറുതും, ജനസാന്ദ്രതയിൽ വളരെ മുന്നിലുമാണ്. ഈ സാഹചര്യം പരിഗണിച്ച് വികസനത്തിന്റെ കാഴ്ചപ്പാട് പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. റോഡുകൾക്കും വീടുകൾക്കും വേണ്ടി കൃഷി ഭൂമി വിനിയോഗിക്കാൻ നമുക്കില്ല. എങ്കിലും ജനങ്ങളുടെ ഗതാഗത സൗകര്യം പ്രധാന വിഷയവുമാണ്. ഈ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട്വേണം പുതിയ റോഡ് നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കാൻ. നമ്മുടെ പഞ്ചായത്തിൽ റോഡുകൾ എണ്ണത്തിൽ ഏറെയുണ്ടെങ്കിലും ഗുണനിലവാരത്തിന്റെ കാര്യത്തിൽ അവ ഏറെ പിന്നിലാണ്. ഉള്ള റോഡുകൾ അറ്റകുറ്റപണികൾ നടത്തി കാര്യക്ഷമമായി സംരക്ഷിക്കുകയാണ് നമ്മുടെ പ്രഥമ ലക്ഷ്യം.

## പട്ടിക - 1
### പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | നീളം കി. മീ | വിസ്തീർണ്ണം മീ. | ബസ്, മറ്റു യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | കൊടകര-വെള്ളിക്കുളങ്ങര റോഡ് | PWD | 12.5 | 8.0 | ഉണ്ട് |
| 2 | കോടലി-ഇഞ്ചക്കുണ്ട്-ജോസഫ്പടി | PWD | 7.0 | 8.0 | ,, |
| 3 | വസുപുരം-ചെമ്പുചിറ-ജോസഫ്പടി | PWD | 6.8 | 8.0 | ഉണ്ടയിരുന്നു. നില വിലില്ല. |
| 4 | മറ്റത്തൂർ-പന്തല്ലൂർ റോഡ് | പഞ്ചായത്ത് | 2.0 | 8.0 | ഉണ്ട് |
| 5 | മൂലംകുടം റോഡ് | ,, 1.0 | 6.0 | ഇല്ല | |
| 6 | മറ്റത്തൂർ വരക്കുഴി-പന്തല്ലൂർ റോഡ് | ,, 1.2 | 6.0 | ,, | |
| 7 | മറ്റത്തൂർ-കവനട് റോഡ് | ,, 2.0 | 8.0 | ,, | |
| 8 | ചുങ്കൽ കനാൽ ബണ്ട് റോഡ് | ,, 1.0 | 6.0 | ,, | |
| 9 | അവിട്ടപ്പിള്ളി ജംഗ്ഷൻ-ചാഴിക്കാട് | ,, 1.3 | 7.0 | ,, | |
| 10 | അവിട്ടപ്പിള്ളി-കുഞ്ഞാലിപ്പാറ റോഡ് | ,, 0.9 | 6.0 | ,, | |
| 11 | മൂന്ന്മുറി ജംഗ്ഷൻ-ഒമ്പതുങ്ങൽ റോഡ് | ,, 1.0 | 8.0 | ,, | |
| 12 | കോടലി-ഒമ്പതുങ്ങൽ റോഡ് | ,, 2.25 | 8.0 | ,, | |
| 13 | മാങ്കുറ്റിപ്പടം-കടമ്പോട്-മോനടി റോഡ് | ,, 3.0 | 8.0 | ഉണ്ട് | |
| 14 | ഒമ്പതുങ്ങൽ-കടമ്പോട്-വെള്ളിക്കുളങ്ങര | ,, 2.2 | 8.0 | ,, | |
| 15 | വെള്ളിക്കുളങ്ങര-ചൊക്കന | ,, 5.5 | 8.0 | ,, | |
| 16 | വെള്ളിക്കുളങ്ങര കോൺവെന്റ് - കുറിഞ്ഞിപ്പടം | ,, 2.5 | 6.0 | ഇല്ല | |
| 17 | കി. കോടലി-ഇണ്ണോട് റോഡ് | ,, 1.8 | 8.0 | ,, | |
| 18 | മുരിക്കുങ്ങൽ-മുപ്ലി ഫോറസ്റ്റ് റോഡ് | ,, 4.0 | 6.0 | ,, | |
| 19 | ഇഞ്ചക്കുണ്ട് കുണ്ടി ജംഗ്ഷൻ - മുരിക്കുങ്ങൽ പലം | ,, 1.6 | 6.0 | ,, | |
| 20 | കോടാലി എടയാറ്റ് അമ്പലം റോഡ് | ,, 0.5 | 6.0 | ഉണ്ട് | |
| 21 | മുരിക്കുങ്ങൽ - ഇഞ്ചക്കുണ്ട് | ,, 0.5 | 8.0 | ഇല്ല | |
| 22 | റെയിഞ്ച് ഓഫീസ് - ഇഞ്ചക്കുണ്ട് - വെട്ടിയാടൻ ചിറ | ,, 2.25 | 8.0 | ,, | |
| 23 | റെയിഞ്ച് ഓഫീസ് - ചെമ്പുചിറ റോഡ് | ,, 3.0 | 8.0 | ഉണ്ട് | |
| 24 | അവിട്ടപ്പിള്ളി - തേവർപ്പാടം മന്ദിരപ്പിള്ളി | പഞ്ചായത്ത് | 0.6 | 8.0 | ഇല്ല |
| 25 | നൂലുവെള്ളി- കരുവാപ്പടി റോഡ് | ,, 1.2 | 4.0 | ,, | |
| 26 | ആലുക്കപ്പാടം-അവിട്ടപ്പിള്ളി റോഡ് | ,, 0.4 | 8.0 | ,, | |
| 27 | നഡിപ്പാറ-ചെമ്പുചിറ റോഡ് | ,, 1.4 | 6.0 | | |
| | | | 69.40 | 93.00 | |

## പട്ടിക - 2
### പഞ്ചായത്തിലെ മെറ്റൽ റോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ. | വീതി മീ. | ബസ് |
|---|---|---|---|---|---|
| 1 | കാവനാട് ഫാം റോഡ് | പഞ്ചായത്ത് | 0.4 | 6.0 | ഇല്ല |
| 2 | അവിട്ടപ്പിള്ളി കനാൽ ബണ്ട് റോഡ് | „ 2.0 | 6.0 | „ | |
| 3 | മാങ്കുറ്റിപ്പാടം-ലക്ഷം വീട്-മൈപ്പാൻ റോഡ് | „ 1.25 | 8.0 | „ | |
| 4 | കി. കോടലി-നീരട്ടുകുഴി-മോനടിമേൺ | „ 2.0 | 8.0 | „ | |
| 5 | കോടാലി-മുരിക്കുങ്ങൽ കുട്ടിയമ്പലം | „ 0.5 | 4.0 | „ | |
| 6 | മുരിക്കുങ്ങൽ-ഇഞ്ചക്കുണ്ട് (പുത്തനോളി) | „ 1.5 | 8.0 | „ | |
| 7 | നാഡിപ്പാറ-ചെമ്പുചിറ റോഡ് | „ 0.7 | 6.0 | „ | |
| | | | 8.35 | 46.00 | |

## പട്ടിക - 3
### പഞ്ചയത്തിലെ മൺറോഡുകൾ
### വാർഡ് - 1

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം. കി.മീ | വീതി മീ. | ബസ് |
|---|---|---|---|---|---|
| 1 | പന്തല്ലൂർ-കവുതറ കോളനി-കൊടകര റോഡ് | „ 0.80 | 8.0 | ഇല്ല | |
| 2 | മറ്റത്തൂർ-പന്തല്ലൂർ-മൂലംകുടം-പാപ്പാളിപാടം | „ 1.60 | 8.0 | „ | |
| 3 | കൈമുക്ക്മന ബ്രഞ്ച് റോഡ് | „ 0.16 | 6.0 | „ | |
| 4 | തൃക്കണ്ണാപുരം മഅമ്പലം റോഡ് | „ 0.70 | 6.0 | „ | |
| 5 | ആറ്റപ്പിള്ളി റോഡ് | „ 0.80 | 6.0 | „ | |
| 6 | മറ്റത്തൂർ വേലൻകോളനി-വരാക്കുഴി റോഡ് | „ 1.00 | 6.0 | „ | |
| 7 | മറ്റത്തൂർ-വരാക്കുഴി റോഡ് | „ 0.50 | 6.0 | „ | |
| 8 | മറ്റത്തൂർ-പന്തല്ലൂർ തെക്കെ ബ്രാഞ്ച് | „ 0.60 | 5.0 | „ | |
| 9 | മറ്റത്തൂർ-പനന്തല്ലൂർ വടക്കെ ബ്രഞ്ച് | „ 0.50 | 5.0 | „ | |
| 10 | ഓടൻ കടവ് റോഡ്. | „ 0.30 | 5.0 | „ | |
| 11 | പന്തല്ലൂർ കടവ് റോഡ് | „ 0.25 | 5.0 | „ | |
| 12 | വടക്കെ കൈമുക്ക് മന റോഡ് | „ 0.40 | 5.0 | „ | |
| 13 | മൂലംകുടം കിഴക്കെ ബ്രഞ്ച് റോഡ് | „ 1.50 | 5.0 | „ | |
| 14 | നിലപതി ബ്രാഞ്ച് റോഡ് | „ 0.60 | 5.0 | „ | |
| 15 | മൂലംകുടം മറ്റത്തൂർ കടവ് റോഡ് | „ 0.30 | 5.0 | „ | |
| 16 | മൂലംകുടം സ്ക്കൂൾ പടിഞ്ഞാറെ റോഡ് | „ 0.40 | 6.0 | „ | |
| 17 | കല്ലിടുമ്പ് റോഡ് | „ 0.30 | 3.0 | „ | |
| 18 | പൂയ്യം കടവ് റോഡ് | „ 0.30 | 5.0 | „ | |
| 19 | 1-ാം വാർഡ് കിഴക്കെ ബൗണ്ടറി റോഡ് | „ 0.40 | 5.0 | „ | |
| | | | 11.41 | 105.00 | |

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ. | വീതി മീ. | ബസ് |
|---|---|---|---|---|---|
| | വാർഡ് - 2 | | | | |
| 1 | ലക്ഷം വീട് കോളനി റോഡ് | പഞ്ചായത്ത് | 1.25 | 5.0 | ഇല്ല |
| 2 | പുല്ലേപ്പാടം റോഡ് | ,, 0.40 | 4.0 | ,, | |
| 3 | പുല്ലേപ്പാട് ബ്രഞ്ച് റോഡ് | ,, 0.20 | 4.0 | ,, | |
| 4 | വടക്കേക്കടത്ത് അമ്പലം റോഡ് | ,, 0.50 | 5.0 | ,, | |
| 5 | വസുപുരം മറ്റത്തൂർ റോഡ് | ,, 1.00 | 5.0 | ,, | |
| 6 | വാസുപുരം മുപ്ലിയം റോഡ് | ,, 1.00 | 6.0 | ,, | |
| 7 | വാസുപുരം മുപ്ലിയം ടെമ്പിൾ റോഡ് | ,, 1.00 | 6.0 | ,, | |
| 8 | പുല്ലേപ്പടം ഈസ്റ്റ് റോഡ് | ,, 0.40 | 4.0 | ,, | |
| 9 | പപ്പാളിപ്പടം കോളനി റോഡ് | ,, 0.95 | 5.0 | ,, | |
| 10 | കല്ലിടുക്ക് കോളനി റോഡ് | ,, 0.30 | 3.0 | ,, | |
| 11 | ഇത്തുപ്പടം റോഡ് | ,, 0.95 | 5.0 | ,, | |
| 12 | ഇത്തുപ്പാടം - പാടം റോഡ് | ,, 0.60 | 4.0 | ,, | |
| 13 | ഇത്തുപ്പടം ലിങ്ക് റോഡ് | ,, 0.30 | 3.0 | ,, | |
| 14 | ഇത്തുപ്പടം മൺചിറപ്പടം റോഡ് | ,, 0.50 | 4.0 | ,, | |
| 15 | ചുങ്കാൽ ഹരിജൻ കോളനി റോഡ് | ,, 1.00 | 4.0 | ,, | |
| 16 | മറ്റത്തൂർ മഹിളാസമാജം റോഡ് | ,, 0.50 | 3.0 | ,, | |
| | | | 11.85 | 70.00 | |
| | വാർഡ് - 3 | | | | |
| 1 | മറ്റത്തൂർ കാവനട് താഴെവഴി റോഡ് | ,, 1.0 | 8.0 | ,, | |
| 2 | കാവനട് വല്ലപ്പടി റോഡ് | ,, 0.8 | 8.0 | ,, | |
| 3 | കാവനട് കനാൽ ബണ്ട് റോഡ് | ,, 0.5 | 5.0 | ,, | |
| 4 | കാവനാട് വട്ടേക്കാട് കനൽബണ്ട് റോഡ് | ,, 2.5 | 5.0 | ,, | |
| 5 | വസുപുരം അമേശ്വരം റോഡ് | ,, 0.4 | 6.0 | ,, | |
| 6 | കാവനാട് വല്ലപ്പാടി ലിങ്ക് റോഡ് | ,, 0.5 | 2.0 | ,, | |
| 7 | ചുങ്കാൽ ലക്ഷംവീട് കോളനി റോഡ് | ,, 0.5 | 3.0 | ,, | |
| | | | 6.20 | 37.00 | |
| | വാർഡ് - 4 | | | | |
| 1 | ചുങ്കാൽ ജംഗ്ഷൻ വടക്കുംമുറി റോഡ് | ,, 1.00 | 7.0 | ,, | |
| 2 | തേവർപാടം ചാഴിക്കട് റോഡ് | ,, 0.85 | 6.0 | ,, | |
| 3 | അവിട്ടപ്പിള്ളിപോസ്റ്റോഫീസ്വടക്കുംമുറി റോഡ് | ,, 0.80 | 6.0 | ,, | |
| 4 | മൂന്നുമുറിപടം കുഞ്ഞലിപ്പാറ റോഡ് | ,, 1.20 | 5.0 | ,, | |
| 5 | മൂന്നുമുറി പള്ളി ചെട്ടിച്ചാൽ റോഡ് | ,, 0.60 | 7.0 | ,, | |
| 6 | ഒമ്പതുങ്ങൽ ജംഗ്ഷൻ കനൽ ബണ്ട് റോഡ് | ,, 0.80 | 6.0 | ,, | |
| 7 | ചേലക്കോട്ടുകര സിനിമാ തിയ്യേറ്ററ റോഡ് | ,, 0.60 | 6.0 | ,, | |
| 8 | മൂന്നുമുറിപള്ളി കോൺവെൻറ് റോഡ് | ,, 0.40 | 6.0 | ,, | |

| വാർഡ് - 5 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | ചേലക്കോട്ടുകര മാങ്കുറ്റിപ്പാടം റോഡ് | പഞ്ചയത്ത് | 1.09 | 8.0 | „ |
| 2 | ചേലക്കോട്ടുകര ലിഫ്ട് ഇറിഗേഷൻ റോഡ് | „ 0.35 | 3.0 | „ | |
| 3 | കോടാലി കപ്പോള റോഡ് | „ 0.60 | 3.0 | „ | |
| 4 | കപ്പോള പാറക്കടവ് റോഡ് | „ 0.75 | 3.0 | „ | |
| 5 | പുളിക്കത്തറ അമ്പലം വഴി അന്നാംപാടം റോഡ് | „ 1.00 | 4.0 | „ | |
| 6 | തെക്കുഭഗം ടഗോർ മഹിളാസമാജം മലേക്കുടി കനാൽ ബണ്ട് റോഡ് | „ 1.35 | 6.0 | „ | |
| 7 | വടക്കുഭഗം ടാഗോർ കലാസമിതി കനൽ ബണ്ട് | „ 1.50 | 4.0 | „ | |
| 8 | ഒമ്പതുങ്ങൽ ചെറിയ കനാൽ ബണ്ട് റോഡ് | „ 1.00 | 4.0 | „ | |
| 9 | ഒമ്പതുങ്ങൽ കോടശ്ശേരി . തീർത്ഥ റോഡ് | „ 1.00 | 4.0 | „ | |
| 10 | കോടലി ആസ്പത്രി റോഡ് | „ 0.20 | 4.0 | „ | |
| 11 | ആമത്തോട് റോഡ് | „ 0.20 | 3.0 | „ | |
| | | | 9.04 | 46.00 | |

| വാർഡ് - 6 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ | ബസ് |
| 1 | ടാഗോർ മഹിളാസമാജം ഖാദിബോർഡ്, കനൽ ബണ്ട് റോഡ് | പഞ്ചായത്ത് | 1.5 | 6.0 | „ |
| 2 | മാങ്കുറ്റിപ്പട് കോളനി കനാൽ ബണ്ട് റോഡ് | „ 1.5 | 4.0 | „ | |
| 3 | ശാന്തി നഗർ കനാൽബണ്ട് റോഡ് | „ 2.0 | 6.0 | „ | |
| 4 | മൂപ്പൻതാഴം കടമ്പോട് സ്ക്കൂൾ റോഡ് | „ 1.5 | 4.0 | „ | |
| 5 | നീരട്ടുകുഴി കടമ്പോട് സ്ക്കൂൾ റോഡ് | „ 1.5 | 6.0 | „ | |
| 6 | ആനന്ദ കലാസമിതി കനാൽബണ്ട് റോഡ് | „ 1.5 | 4.0 | „ | |
| 7 | കുരുലിക്കടവ് കനാൽബണ്ട് റോഡ് | „ 1.5 | 4.0 | „ | |
| 8 | കടമ്പോട് മുട്ടത്തുകുളങ്ങര കനാൽ ബണ്ട് | „ 1.0 | 4.0 | „ | |
| 9 | കടമ്പോട് പുളിന്തറ ബണ്ട് റോഡ് | „ 1.0 | 4.0 | „ | |
| 10 | ഇഞ്ചക്കുഴി -ചീപ്പ്- കുരുലിക്കടവ് റോഡ് | „ 1.0 | 4.0 | „ | |
| 11 | കുരുലിക്കടവ് - കോടശ്ശേരിമല റോഡ് | „ 1.0 | 2.0 | „ | |
| 12 | കടമ്പോട് കുട്ടിച്ചിറ - കോടശ്ശേരി മല റോഡ് | „ 0.75 | 2.0 | „ | |
| 13 | കുട്ടിച്ചിറ കടമ്പോട് ഹരിജൻ കോളനി റോഡ് | „ 0.50 | 4.0 | „ | |
| 14 | കടമ്പോട് ഭദ്രകാളിക്ഷേത്രം നിലംപതി റോഡ് | „ 1.50 | 2.0 | „ | |
| | | | 17.75 | 56.00 | |

## വാർഡ് - 7

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
|---|---|---|---|---|---|
| 1 | ട്രാംവെ കമലക്കട്ടി റോഡ് | പഞ്ചായത്ത് | 1.20 | 8 | ഇല്ല |
| 2 | കടമ്പോട് ഹരിജൻ കോളനി റോഡ് | ,, 1.80 | 7 | ,, | |
| 3 | മോനടി കൊടുങ്ങ റോഡ് | ,, 1.05 | 5 | ,, | |
| 4 | മോടനി കനാൽ ബണ്ട് മുട്ടത്ത് കുളങ്ങര റോഡ് | ,, 2.00 | 10 | ,, | |
| 5 | മോനടി വടക്കുമുറി മൂപ്പം താഴം റോഡ് | ,, 0.80 | 4 | ,, | |
| 6 | മോനടി കടമ്പോട് കോളനി താഴെഭാഗം കനാൽ ബണ്ട് റോഡ് | ,, 0.84 | 4 | ,, | |
| 7 | മോനടി നമ്പ്യാർ പാടം റോഡ് | ,, 0.60 | 4 | ,, | |
| 8 | മോനടി പമ്പ് ഹൗസ് റോഡ് | ,, 0.50 | 4 | ,, | |
| | | | 8.79 | 46.00 | |

## വാർഡ് - 8

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
|---|---|---|---|---|---|
| 1 | വെള്ളിക്കുളങ്ങര കമലക്കട്ടി ട്രാംവെ റോഡ് | പഞ്ചായത്ത് | 2.0 | 8 | ഇല്ല |
| 2 | നായാട്ട്കുണ്ട് പോസ്റ്റോഫീസ് വില്ലൻകുന്ന് റോഡ് | ,, 2.0 | 5 | ,, | |
| 3 | നായാട്ട്കുണ്ട് വില്ലൻകുന്ന് കമ്മ്യൂണിറ്റിഹാൾ റോഡ് | ,, 1.5 | 5 | ,, | |
| 4 | വെള്ളിക്കുളം കോൺവെന്റ് പുത്തനോളി റോഡ് | ,, 1.3 | 4 | ,, | |
| 5 | വെള്ളിക്കുളങ്ങര ട്രാംവെ കനാൽ ബണ്ട് | ,, 1.5 | 4 | ,, | |
| | | | 8.30 | 26.00 | |

## വാർഡ് - 9

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
|---|---|---|---|---|---|
| 1 | കട്ടിപ്പൊക്കം ട്രാംവെ കാത്തലിക് സിറിയൻ ബാങ്ക് റോഡ് | പഞ്ചായത്ത് | 1.2 | 5 | ഇല്ല |
| 2 | ലോവർ ട്രാംവെ റോഡ് | ,, 0.3 | 3 | ,, | |
| 3 | അന്നപൂർണ്ണേശ്വരിക്ഷേത്രം റോഡ് | ,, 0.2 | 3 | ,, | |
| 4 | നമ്പ്യാർ പാടം റോഡ് | ,, 0.35 | 4 | ,, | |
| 5 | പോസ്റ്റോഫീസ് കട്ടിപ്പൊക്കം റോഡ് | ,, 0.3 | 4 | ,, | |
| 6 | സൊസൈറ്റി റോഡ് | ,, 0.2 | 3 | ,, | |
| 7 | വേമ്പനാട്ട് പാടം റോഡ് | ,, 0.2 | 3 | ,, | |
| 8 | കാത്തലിക് സിറിയൻ ബാങ്ക് കുറിഞ്ഞിപ്പാടം റോഡ് | ,, 1.2 | 4 | ,, | |
| 9 | കുറിഞ്ഞിപ്പാടം മാവിൻചോട് റോഡ് | ,, 2.0 | 6 | ,, | |
| 10 | കുറിഞ്ഞിപ്പാടം അമ്പനോളി റോഡ് | ,, 1.0 | 4 | ,, | |
| 11 | കുറിഞ്ഞിപ്പാടം പുത്തനോളി റോഡ് | ,, 0.4 | 3 | ,, | |
| 12 | കുറിഞ്ഞിപ്പാടം യക്ഷിപ്പാറ റോഡ് | ,, 0.8 | 3 | ,, | |
| 13 | കൊടുങ്ങ മോനടിപ്പാലം റോഡ് | ,, 0.5 | 4 | ,, | |
| | | | 8.65 | 49.00 | |

| വാർഡ് - 10 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | വെള്ളിക്കുളങ്ങര കമലക്കട്ടി ട്രാംവെ റോഡ് | പഞ്ചായത്ത് | 1.40 | 6.0 | ഇല്ല |
| 2 | കൊടുങ്ങഅമ്പലോളി റോഡ് | " 1.80 | 4.5 | " | |
| 3 | കോപ്ലിപ്പാടം ആനത്തടം റോഡ് | " 1.30 | 4.5 | " | |
| 4 | നിലപതി കൊള്ളിക്കുന്ന് റോഡ് | " 1.75 | 4.5 | " | |
| 5 | കി. കോടാലി ലക്ഷംവീട് കോളനി വെസ്റ്റ് | " 0.85 | 4.5 | " | |
| 6 | കി. കോടാലി ഈസ്റ്റ് ലക്ഷം വീട് കോളനി റോഡ് | " 0.75 | 4.5 | " | |
| 7 | കോടാലി തേമാലി റോഡ് | " 1.20 | 6.0 | " | |
| 8 | നിലംപതി മുരികുങ്ങതൽ റോഡ് | " 1.40 | 6.0 | " | |
| 9 | കി. കോടാലി താളുപാടടം റോഡ് | " 1.80 | 6.0 | " | |
| 10 | കി. കോടാലി കൊള്ളിക്കുന്ന് റോഡ് | " 0.60 | 6.0 | " | |
| | | | 8.30 | 26.00 | |

| വാർഡ് - 11 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | ഇഞ്ചക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ എരപ്പൻ പാറ റോഡ് | പഞ്ചായത്ത് | 0.7 | 3.0 | " |
| 2 | കുണ്ടി ജംഗ്ഷൻ ഇഞ്ചക്കുണ്ട് മുട്ടത്തറ കപ്പേള റോഡ് | " 1.2 | 3.5 | " | |
| 3 | കപ്പേള എരപ്പൻ പാറ മൈതാനം പെരുമ്പിള്ളിച്ചിറ റോഡ് | " 0.8 | 3.5 | " | |
| 4 | കപ്പേള പെരുമ്പിള്ളിച്ചിറ പത്തുകുളങ്ങര റോഡ് | " 1.8 | 3.5 | " | |
| 5 | മൈതാനം പെരുമ്പിള്ളിച്ചിറ റോഡ് | " 0.28 | 3.5 | " | |
| 6 | ഇഞ്ചക്കുണ്ട് രാമനാശാരി തെക്കേ റോഡ് | " 0.40 | 4.0 | " | |
| 7 | മുണ്ടാടൻ പടി രാജപാടം ഫോറസ്റ്റ് റോഡ് | " 1.10 | 3.5 | " | |
| 8 | താളുപാടം മഹിളാസമാജം പത്തുകുളങ്ങര | " 1.5 | 3.5 | " | |
| 9 | താളുപാടം മഹീളാസമാജം അടിവാരം അമ്മായിപ്പടി റോഡ് | " 0.80 | 3.5 | " | |
| 10 | പത്തുകുളങ്ങര വടക്കുമുറി റോഡ് | " 0.40 | 3.0 | " | |
| 11 | പത്തുകുളങ്ങര ജോളി ക്ലബ് വെട്ടിയാടൻ എസ്റ്റേറ്റ് റോഡ് | " 0.40 | 3.0 | " | |
| 12 | മുരിക്കുങ്ങൽ കോളനി വെസ്റ്റ് ഈസ്റ്റ് റോഡ് | " 0.60 | 3.0 | " | |
| 13 | മുരിക്കുങ്ങൽ കോളനി വെസ്റ്റ് നോർത്ത് മൂലംപടി സൗത്ത് | " 0.30 | 2.5 | " | |
| 14 | മുരിക്കുങ്ങൽ കോളനി വെട്ടിയാടൻ പടി സൗത്ത് | " 0.30 | 2.5 | " | |
| 15 | മുരിക്കുങ്ങൽ കോളനി അരിക്കാടൻ ജോർജ്ജ് പടി റോഡ് | " 0.30 | 2.0 | " | |
| 16 | മുപ്ലി കോമള പടി പിച്ചൻ ചായക്കട റോഡ് | " 0.30 | 4.0 | " | |
| | | | 11.8 | 51.50 | |

| വാർഡ് - 12 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | കോടാലി പാട്ടക്കമ്പനി റോഡ് | പഞ്ചായത്ത് | 0.25 | 3.0 | ഇല്ല |
| 2 | കോടാലി സ്കൂൾ റോഡ് | „ 1.0 | 4.0 | „ | |
| 3 | കോടാലി കുറുവൻ റോഡ് | „ 0.5 | 3.0 | „ | |
| 4 | കോടാലി അമ്പലപ്പാടൻ റോഡ് | „ 1.0 | 3.0 | „ | |
| 5 | മുരിക്കുങ്ങൽ കുട്ടിയമ്പലം റോഡ് | „ 1.0 | 3.0 | „ | |
| 6 | കോടാലി പള്ളിക്കുന്ന് എല്ലുപുറം | „ 1.0 | 3.0 | „ | |
| 7 | കോലങ്ങൽ റോഡ് | „ 1.0 | 3.0 | „ | |
| 8 | പുത്തനോളി തേക്കിൻകാട് റോഡ് | „ 1.5 | 4.0 | „ | |
| 9 | പുത്തനോളി പെരുമ്പിള്ളിച്ചിറ „ „ 2.0 | 8.0 | „ | | |
| 10 | പെരുമ്പിള്ളിച്ചിറ പത്തുകുളങ്ങര „ „ 0.6 | 4.0 | „ | | |
| 11 | കോടാലി ഹരിജൻ സൊസൈറ്റി „ „ 0.4 | 3.0 | „ | | |
| 12 | ഒലുക്കുരാൻപടി പൂലാനി ചന്ദ്രൻ പടി റോഡ് | „ 0.5 | 3.0 | „ | |
| | | | 10.75 | 44.00 | |

| വാർഡ് - 13 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | അംബേദ്കർ കോളനി റോഡ് | പഞ്ചായത്ത് | 0.78 | 6.0 | „ |
| 2 | എല്ലുംകുളി വടക്കുവശം റോഡ് | „ 0.50 | 3.0 | „ | |
| 3 | മുസ്ലിംപള്ളി റോഡ് | „ 0.50 | 4.0 | „ | |
| 4 | എല്ലുംകുഴി റോഡ് | „ 0.40 | 5.0 | „ | |
| 5 | ഓളിപ്പാടം ഇടുത്തൻകുന്ന് റോഡ് | „ 1.50 | 5.0 | „ | |
| 6 | കൊരേച്ചാൽ അമ്പലം റോഡ് | „ 1.60 | 5.0 | „ | |
| 7 | കൊരേച്ചാൽ ഓളിപ്പാടം റോഡ് | „ 0.50 | 5.0 | „ | |
| 8 | കോളനികുന്നത്ത് റോഡ് | „ 0.25 | 3.0 | „ | |
| 9 | അന്നാംപാടം അമ്പലം റോഡ് | „ 0.25 | 3.5 | „ | |
| 10 | പഞ്ചായത്ത് മൈതാനം റോഡ് | „ 0.30 | 4.0 | „ | |
| 11 | വെട്ടിയാടൻചിറ കന്നത്ത് റോഡ് | „ 0.45 | 5.0 | „ | |
| 12 | ചെമ്പുചിറ മാളിയേക്കൽ റോഡ് | „ 1.00 | 4.0 | „ | |
| 13 | ചേലമരം ദയാലു റോഡ് | „ 1.20 | 8.0 | „ | |
| 14 | വെട്ടിയാടൻ ചിറ ബണ്ട് കൊരേച്ചാൽ റോഡ് | „ 1.50 | 4.0 | „ | |
| 15 | ഇടുത്തൻകുന്ന് തേക്കിൻകാട് റോഡ് | „ 1.00 | 4.0 | „ | |
| 16 | കോനിക്കര റോഡ് | „ 0.50 | 3.0 | „ | |
| 17 | പള്ളി എല്ലുകുഴി റോഡ് | „ 0.40 | 4.0 | „ | |
| | | | 12.63 | 75.50 | „ |

| വാർഡ് - 14 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | മൂന്നുമുറി ചെട്ടിച്ചാൽ | പഞ്ചായത്ത് | 1.3 | 8.0 | ഇല്ല |
| 2 | ചെട്ടിച്ചാൽ മാരിയമ്മൻ കോവിൽ റോഡ് | ,, 1.5 | 5.0 | ,, | |
| 3 | ചെട്ടിച്ചാൽ വലിയതോട് റോഡ് | ,, 0.5 | 3.5 | ,, | |
| 4 | ചെട്ടിച്ചാൽ പഞ്ചായത്ത് കിണർ റോഡ് | ,, 0.5 | 3.5 | ,, | |
| 5 | ചെട്ടിച്ചാൽ വലിയപാടം റോഡ് | ,, 0.5 | 3.5 | ,, | |
| 6 | ചെമ്പുച്ചിറ ലക്ഷം വീട് കോളനി റോഡ് | ,, 1.5 | 5.0 | ,, | |
| 7 | ചെമ്പുച്ചിറ ലംക്ഷം വീട് ചെട്ടിച്ചാൽ പുഞ്ചപ്പാടം റോഡ് | ,, 0.5 | 5.0 | ,, | |
| 8 | മന്ദിരപ്പിള്ളി ചാഴിക്കോട് റോഡ് | ,, 0.5 | 3.0 | ,, | |
| 9 | ചെമ്പുച്ചിറ റേഷൻ കട ആലുക്കപ്പാടം | ,, 0.5 | 3.5 | ,, | |
| | | | 7.30 | 40.00 | |

| വാർഡ് - 15 | | | | | |
|---|---|---|---|---|---|
| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ. | ബസ് |
| 1 | പുതതനോളി ഇല്ലിക്കൽ റോഡ് | പഞ്ചായത്ത് | 0.40 | 3.5 | ഇല്ല |
| 2 | ഇഞ്ചക്കുണ്ട് കപ്പേള റോഡ് | ,, 0.38 | 3.0 | ,, | |
| 3 | നാഡിപ്പാറ ഉപ്പുഴിപ്പാടം റോഡ് | ,, 0.35 | 6.0 | ,, | |
| 4 | നാഡിപ്പാറ നാരാത്തോളി റോഡ് | ,, 0.35 | 6.0 | ,, | |
| 5 | ഉപ്പുഴി വട്ടപ്പാടം റോഡ് | ,, 0.30 | 3.0 | ,, | |
| 6 | നാഡിപ്പാറ കിഴക്കെകര റോഡ് | ,, 0.80 | 3.5 | ,, | |
| 7 | നാഡിപ്പാറ സെൻറർ റോഡ് | ,, 1.00 | 6.0 | ,, | |
| 8 | നാഡിപ്പാറ കുന്ന് റോഡ് | ,, 0.30 | 6.0 | ,, | |
| 9 | നാഡിപ്പാറ പയ്യാക്ക റോഡ് | ,, 0.25 | 2.0 | ,, | |
| 10 | നൂലുവള്ളി നാഡിപ്പാറ റോഡ് | ,, 0.20 | 3.5 | ,, | |
| 11 | നൂലുവള്ളി ഉപ്പുഴിപ്പാടം റോഡ് | ,, 0.20 | 1.5 | ,, | |
| 12 | നൂലുവള്ളി ചെമ്പുച്ചിറസ്കൂൾ റോഡ് | ,, 0.35 | 2.5 | ,, | |
| 13 | നൂലുവള്ളി ഹെൽത്ത്സെൻറർ റോഡ് | ,, 0.30 | 6.0 | ,, | |
| 14 | നൂലുവള്ളി ഉപ്പുഴി റോഡ് | ,, 0.60 | 3.5 | ,, | |
| 15 | ഉപ്പുഴി നെല്ലിപ്പറമ്പ് റോഡ് | ,, 0.30 | 3.5 | ,, | |
| 16 | കലാസമിതി നരയൻകുറ്റി റോഡ് | ,, 1.00 | 5.0 | ,, | |
| 17 | നൂലുവള്ളി പുഞ്ചപ്പാടം റോഡ് | ,, 0.20 | 3.0 | ,, | |
| 18 | നൂലുവള്ളി കുറുപ്പം റോഡ് | ,, 0.15 | 6.0 | ,, | |
| 19 | നൂലുവള്ളി ആമക്കുഴി റോഡ് | ,, 0.15 | 5.0 | ,, | |
| 20 | ആലുക്കപ്പാടം പടിഞ്ഞാറെ റോഡ് | ,, 0.20 | 4.0 | ,, | |
| 21 | ആലുക്കപ്പാടം കിഴക്കെ റോഡ് | ,, 0.15 | 4.5 | ,, | |
| 22 | ചെമ്പുചിറ കുംഭംകുളങ്ങര റോഡ് | ,, 1.00 | 4.5 | ,, | |
| 23 | നൂലുവള്ളി മുപ്ളിയംപാടം റോഡ് | ,, 0.40 | 3.0 | ,, | |
| 24 | ആലുക്കപ്പാടം മന്ദിരപ്പിള്ളി റോഡ് | ,, 0.50 | 8.0 | ,, | |
| | | | 9.83 | 102.50 | |

# 5.6.ആ. ഊർജ്ജം

ഈ പഞ്ചായത്തിൻെറ പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി പ്രവഹിക്കുവാൻ തുടങ്ങിയിട്ട് നീണ്ട 50 വർഷങ്ങൾ കഴിഞ്ഞെങ്കിലും, പഞ്ചായത്തിലെ എല്ലാ വാർഡിലും പരിപൂർണ്ണമായും വൈദ്യുതി ഇനിയും എത്തേണ്ടതുണ്ട്.

ചാലക്കുടി 110.കെ.വി. സബ്ബ് സ്റ്റേഷനിൽ നിന്നും ഉള്ള കോടശ്ശേരി, ഇരിങ്ങാലക്കുട എന്നീ രണ്ട് 11 കെ.വി. ഫീഡറുകൾ വഴിയാണ് ഈ പഞ്ചായത്തിൽ എത്തുന്നത്. ഈ ഫീഡറുകൾ ചാലക്കുടി, കല്ലേറ്റുംക്കര, കൊടകര എന്നീ ഓഫീസുകളുടെ ഏരിയാകളിൽ വിതരണം നടത്തിയാണ് മറ്റത്തൂർ പഞ്ചായത്തിൽ എത്തുന്നത്. ഈ ഫീഡറുകൾ ചാലക്കുടി സബ്ബ് സ്റ്റേഷനിൽ നിന്നും പറമ്പുകളിലൂടെയും, മലമ്പ്രദേശങ്ങളിലൂടെയും, വൃക്ഷങ്ങൾക്കിടയിൽ കൂടിയുമാണ് നമ്മുടെ പഞ്ചായത്തിൽ എത്തിച്ചേരുന്നത്. വളരെയധികം വളവും, തിരിവും ഉള്ളതുകൊണ്ട് കട്ട് പോയൻറുകളും അതിനോടൊപ്പം, ജംമ്പർ കണക്ഷനുകളും കൂടുന്നു. ഈ ജംമ്പറുകളെ അകവും, ദൂരക്കൂടുതലും, മരച്ചില്ലകളും, തെങ്ങിൻ പട്ടകൾ മുട്ടി നിൽക്കുന്നതുകൊണ്ടും പ്രസരണ നഷ്ടം സംഭവിച്ച് വോൾട്ടേജ് കുറയുന്നു. ഇതിനുപുറമെ ഈ 11 കെ.വി. ലൈൻ കടന്ന് വരുന്ന മേൽപറഞ്ഞ ഓഫീസുകളുടെ ഏരിയാകളിലെ അറ്റക്കുറ്റ പണികൾക്ക് ലൈൻ ഓഫ് ചെയ്ത് നിറുത്തി വെക്കുന്നതുകൊണ്ടും ഉണ്ടാകുന്ന വിതരണ സ്തംഭനം എല്ലാം കൂടി ചേർന്ന് ഈ പഞ്ചായത്ത് വൈദ്യുതിയുടെ കാര്യത്തിൽ വളരെ പ്രതിസന്ധിയിലാണ്.

ഈ പഞ്ചായത്തിലെ ഏക ഇലക്ട്രിക് സെക്ഷൻ ഓഫീസ് 1980ൽ വെള്ളിക്കുളങ്ങരയിൽ പ്രവർത്തനം ആരംഭിച്ചു. ഇതിൻെറ കീഴിൽ 35 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഇവയുടെ കാര്യക്ഷമതയും പേരുവിവരവും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമനമ്പർ | കപ്പാസിറ്റി | സ്ഥലം | ക്രമ നമ്പർ | കപ്പാസിറ്റി | സ്ഥലം |
|---|---|---|---|---|---|
| 1 | 100 കെ.വി.എ | കാവനാട് | 20 | 100 കെ.വി.എ | മൂന്നുമുറി |
| 2 | 100 ,, | മറ്റത്തൂർ No. I | 21 | 63 ,, | ചെട്ടിച്ചാൽ |
| 3 | 63 ,, | മറ്റത്തൂർ No. II | 22 | 160 ,, | മാങ്കുറ്റിപ്പാടം |
| 4 | 100 ,, | മറ്റത്തൂർ ഓയിൽ മിൽ | 23 | 63 ,, | അന്നാംപാടം |
| 5 | 100 ,, | സെൻറ് മേരീസ് ഫാക്ടറി | 24 | 250 ,, | കോടാലിജംഗ്ഷൻ |
| 6 | 100 ,, | മൂലംകുടം | 25 | 100 ,, | പൂവാലിത്തോട് |
| 7 | 160 ,, | വാസപുരം No. I | 26 | 100 ,, | മുരുക്കുങ്ങൽ No. I |
| 8 | 63 ,, | വാസപുരം No. II | 27 | 63 ,, | ,, No. I I |
| 9 | 63 ,, | ഇത്തുപാടം No. I | 28 | 63 ,, | താളുപ്പാടം |
| 10 | 100 ,, | ഇത്തുപാടം No. II | 29 | 100 ,, | കി. കോടാലി |
| 11 | 63 ,, | മൈക്രോവേവ് സ്റ്റേഷൻ | 30 | 63 ,, | കടമ്പോട് |
| 12 | 160 ,, | ചുങ്കാൽ | 31 | 100 ,, | ,, ഇറിഗേഷൻ |
| 13 | 100 ,, | അവിട്ടപ്പിള്ളി | 32 | 250 ,, | വെള്ളിക്കുളം No. I |
| 14 | 160 ,, | ചെമ്പുച്ചിറ No. I | 33 | 63 ,, | ,, No. II |
| 15 | 100 ,, | കുമ്പംകുളങ്ങര | 34 | 100 ,, | ,, No. III |
| 16 | 100 ,, | ചെമ്പുച്ചിറ No. I | 35 | 100 ,, | കൊടുങ്ങ |
| 17 | 100 ,, | നൂലുവള്ളി | 36 | 100 ,, | കോപ്ലിപ്പാടം |
| 18 | 100 ,, | മന്തരപ്പിള്ളി | 37 | 100 ,, | അമ്പനോളി |
| 19 | 160 ,, | പടി കോടാലി | 38 | 100 ,, | പുത്തനോളി |

ഇതിനുപുറമെ H.T കൺസ്യൂർ വിജയ്ഫീഡസ് മറ്റത്തൂർ 160 KVA ഒരു ട്രാൻസ്ഫോർമറും ഉണ്ട്.

കൃഷി ആവശ്യത്തിനും, ഗാർഹിക ആവശ്യത്തിനുമായി പഞ്ചായത്തുവഴിയിൽ കൂടി ലൈൻ വലിച്ച് കണക്ഷനുവേണ്ടിയുള്ളവരും 1991 മുതൽ ഈ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി ഉണ്ട്.

കാവനാട്, തെക്കുംമുറി, മറ്റത്തൂർ പടിഞ്ഞാട്ടും മുറി, മറ്റത്തൂർ, ചെമ്പുച്ചിറ, വാസുപുരം, മുരുക്കുങ്ങൽ, ചെട്ടിച്ചാൽ, ഇഞ്ചക്കുണ്ട്, നായാട്ടുക്കുണ്ട്, ചാഴിക്കാട്, കൊടുങ്ങ, മോനൊടി വടുക്കുംമുറി എന്നീ സ്ഥലങ്ങൾ ഇവയിൽപ്പെടുന്നു.

പഞ്ചായത്തിൽ 11 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ കോളനികളിൽ മൊത്തം 295 വീടുകൾക്ക് വൈദ്യുതികണക്ഷൻ നൽകിയിട്ടുണ്ട്. ഇതിൽ 161 വീടുകൾക്ക് ഫ്രീ (N.P.G.)ആയിട്ടുമാണ് നൽകിയിട്ടുള്ളത്. പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 2

| ക്രമനമ്പർ | വാർഡ് | സ്ഥലപ്പേര് | കണക്ഷനുകളുടെ എണ്ണം | സൗജന്യം | സ്ലാബ് |
|---|---|---|---|---|---|
| 1 | 3 | കാവനാട് | 22 | 16 | 6 |
| 2 | 3 | ചുങ്കാൽ | 12 | 4 | 8 |
| 3 | 2 | പാപ്പാളി പ്പാടം | 9 | 2 | 7 |
| 4 | 6 | മാങ്കുറ്റിപ്പാടം | 28 | 20 | 8 |
| 5 | 7 | കടമ്പോട് | 68 | 38 | 30 |
| 6 | 8 | വെള്ളിക്കുളങ്ങര | 16 | 10 | 6 |
| 7 | 11 | മുരുക്കുങ്ങൽ | 36 | 22 | 14 |
| 8 | 13 | അന്നാംപാടം | 38 | 18 | 20 |
| 9 | 14 | ചെമ്പുച്ചിറ | 12 | 2 | 10 |
| 10 | 15 | നാഡിപ്പാറ | 29 | 18 | 11 |
| 11 | 15 | ആലുക്കപ്പാടം | 25 | 11 | 14 |

ഈ പഞ്ചായത്തിലെ മൊത്തം വൈദ്യുതി വിതരണത്തിൻെറ പ്രധാന വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 3

| | | |
|---|---|---|
| 1. തെരുവിളക്കുകൾ, ഓർഡിനറി ബൾബ് | - 771 എണ്ണം | |
| ട്യൂബ് | - 30 എണ്ണം | |
| 2. ഗാർഹിക കണക്ഷൻ | - 5029,, | |
| 3. വ്യാപാര കണക്ഷൻ | 652 ,, | |
| 4. വ്യവസായിക കണക്ഷൻ | 98 ,, | |
| 5. കാർഷികം | 1322 | |
| 6. 11 കെ.വി. ലൈൻ | 55 കി.മീറ്റർ | |
| 7. ലോ-ലൈയിൻ 3 ഫേസ് | 135 ,, | |
| 8. സിംഗിൾ ഫേസ് | 40 | |

വൈദ്യുതി മറ്റ് ഊർജ്ജരൂപങ്ങൾ എന്നിവയെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർദ്ദിഷ്ട കൊടകര 66 K.V സബ്ബ്സ്റ്റേഷൻ മറ്റത്തൂർ കുന്നിൽ ഉടൻ നടപ്പിലാക്കണം. അതിനുമുമ്പ് തന്നെ ഇന്നുള്ള പരാതികൾ പരിഹരിക്കുന്നതിൽ വെള്ളിക്കുളങ്ങര പോകുന്നത് (14. കി.മി) ഒഴിവാക്കുന്നതിനുവേണ്ടി മറ്റത്തൂർ കുന്നിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കൃഷ്കളക്ഷൻ സെൻറർ ഒരു സബ്ബ് എഞ്ചിനീയർ ഓഫീസായി ഉയർത്തുക.

2. പഞ്ചായത്തിൻെറ വലുപ്പം കണക്കിലെടുത്ത് മൂന്നുമുറിയിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണം.

3. പല സ്ഥലങ്ങളിലും ക്ഷമത കുറഞ്ഞ ട്രാൻസ്ഫോർമറുകളാണ് സ്ഥിതിചെയ്യുന്നത്. ഇവ മാറ്റി ക്ഷമത കൂടിയവസ്ഥാപിക്കണം. വോൾട്ടേജ് ക്ഷാമം ഗുരുതരമായി ബാധിക്കുന്നിടത്ത് പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

4. നായാട്ടുകുണ്ട്, ചൊക്കന എന്നീ പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഈ പ്രദേശങ്ങളിൽ വൈദ്യുതി യുദ്ധകാലാടിസ്ഥാനത്തിൽ എത്തിക്കണം.

5. പഞ്ചായത്തിലെ പല തെരുവുവിളക്കുകളും കേടുവന്ന് കിടക്കുകയാണ്. അവ മാറ്റി പുതിയവ സ്ഥാപിക്കണം. ഇതിനായി പഞ്ചായത്ത് 9000-ൽ അധികം രൂപ മാസം തോറും ഇലഃ ബോർഡിന് അടക്കുന്നുണ്ട്. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ മെർക്കുറി ലൈറ്റുകൾ സ്ഥാപിക്കണം.

6. കൃഷി, വ്യവസായം എന്നിവക്കുള്ള അപേക്ഷകർക്കെല്ലാം കണക്ഷൻ കൊടുക്കണം. കൂടാതെ കൃഷിയെ വൈദ്യുത ചാർജ്ജിൽ നിന്ന് ഒഴിവാക്കണം. ഇതിനുപുറമെ പണം അടച്ചിട്ടുള്ള മുഴുവൻ

ആളുകൾക്കും ഉടൻ കണക്ഷൻ നൽകേണ്ടതാണ്. 1991 മുതൽ ഉള്ള അപേക്ഷകൾ (713) കെട്ടിക്കിടക്കുകയാണ്.

7. ഈ പഞ്ചായത്തിൽ പാചകവാതക വിതരണത്തിനുള്ള ഒരു ഏജൻസി ആരംഭിക്കേണ്ടതാണ്. ബയോഗ്യാസ്പ്ലാൻറ് സ്ഥാപിക്കുന്നതിനുവേണ്ട പ്രോത്സാഹനം നൽകണം. പുകശല്യം കുറഞ്ഞ അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രചരണപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8. ഒരു 11 K.V ഡ്യൂപ്ലിക്കേറ്റ് ഫീഡർ ചാലക്കുടി സബ്ബ് സ്റ്റേഷനിൽ നിന്നും നാഷണൽ ഹൈവേ, PWD റോഡുവഴി കൊടകര മറ്റത്തൂർ വഴി വെള്ളിക്കുളങ്ങര വരെ നിർമ്മിക്കണം. ഇപ്പോൾ ഉള്ള 11 KV കോടശ്ശേരി ഫീഡറും തമ്മിൽ ബന്ധിപ്പിക്കുക.

9. വെള്ളിക്കുളങ്ങര വലിയതോട്ടിൽ ലോ-ഹെഡ് ജനറേറ്റർ സ്ഥാപിക്കാൻ വേണ്ട പ്രാഥമിക പഠനം ഉടനെ ആരംഭിക്കണം.

10. ഉപയോഗിച്ച വൈദ്യുതിക്കുമാത്രം തുക ഈടാക്കുന്ന സമ്പ്രദായം പുനഃസ്ഥാപിക്കുക. ഇതിലേക്കായി കേടുവന്ന എല്ലാം മീറ്ററുകളും മാറ്റി പുതിയവ സ്ഥാപിക്കുക.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 10 ശതമാനത്തിൽ താഴെ മാത്രമേ വരൂ. പുകയില്ലാത്ത അടുപ്പുകളെപറ്റിയും, സോളാർ വിളക്കുകളെ പറ്റിയും, അനർട്ടിൻെറയും, വൈദ്യുതി ബോർഡിൻെയും, സഹകരണത്തോടെ ഇവ രണ്ടിൻെറയും പ്രചരണത്തിനുവേമ്ടി പഞ്ഞ്ചായത്ത് മുൻകയ്യെടുത്ത് വിപുലമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നിട്ടുണ്ട്. കൂടാതെ വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും, വീടുകിലെ ദുരുപയോഗം തടയുന്നതിനും, അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതി ബോർഡിൻെറ സഹകരണത്തോടെ ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിക്കണെന്നും നിർദ്ദേശമുണ്ട് - വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും, ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ ഉണ്ടാകേണ്ടതാണ്. കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണം.

പഞ്ചായത്തിൻെറ മിക്ക പ്രദേശങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും തെരുവുവിളക്കുകൾക്കായും സോളാർ സാരവിളക്കു ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തുതല സംവിധാനം നടപ്പാക്കാവുന്നതാണ്.

കാറ്റിൻെറ ശക്തികൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെറുകിട പദ്ധതിയെക്കുറിച്ച് പഠനം നടത്തുകയും ചെയ്യുന്നത് നന്നായിരിക്കും. നമ്മുടെ പഞ്ചായത്തിൽ നല്ല ഉയരമുള്ള മലകളുണ്ട്. ഇതിൽ കോടശ്ശേരി മല ഉയരം കൂടുതലുള്ളതുകൊണ്ട് അവിടെ ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമെന്നുള്ള അഭിപ്രായമുണ്ട്.

പഞ്ചായത്ത് ഒരു കാർഷിക മേഖലയും, കുറേയേറെ മലയോര പ്രദേശങ്ങളും കൂടി ഒത്തിണങ്ങിയ പ്രദേശം ആണ്. ഇവിടെ മിക്ക വീടുകളിലും കറവ പശുക്കളെ വളർത്തുന്നുണ്ട്. ആയതുകൊണ്ട് തന്നെ ഇവിടെ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് വീടുകളിൽ പാചക വാതകത്തിനാവശ്യമായ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് വളരെ സാധ്യതയുണ്ട്. പാചക ഗ്യാസുകൾക്ക് അനുദിനം വില വർദ്ധിച്ചുകൊണ്ടിരിക്കുകയും, കിട്ടുവാൻ വളരെ കാലതാമസവും അനുഭവപ്പെടുന്നതുകൊണ്ട് സബ്സിഡി വ്യവസ്ഥയിൽ ആവശ്യമായ പ്ലാൻറുകൾ നിർമ്മിച്ച് കൊടുക്കണം.

ആനപാന്തം ഗിരിജൻ കോളനി പഞ്ചായത്തിൻെ അതിർത്തിയിൽ നിന്നും 18 K.M. മാറി നിബിഡവനത്തിനുള്ളിലാണ്. ഇവിടെ പാരമ്പര്യ രീതിയിൽ വൈദ്യുതി എത്തിക്കുക അപ്രയോഗികമാണ്. ആയതുകൊണ്ട്, ഈ കോളനി നിവാസികളുടെ വൈദ്യുതി ഊർജ്ജ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സൗരോർജ്ജത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. അടിയന്തിരമായി ഗ്യാസ്ലൈറ്റുകൾ വിതരണം ചെയ്യേണ്ടതാണ്. വൈദ്യുതി ഇനിയും എത്തിയിട്ടില്ലാത്ത നായാട്ടുകുണ്ട്, ചൊക്കന എന്നീ പ്രദേശങ്ങളിലേക്കും ഈ പരിപാടി വ്യാപിപ്പിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ സംസ്ഥാന സർക്കാരിൻേറയും, കേരള വൈദ്യുതി ബോർഡിൻേറയും ഭാഗത്തുനിന്നും വളരെയധികം നടപടികൾ ആവശ്യമാണ്. അതിനാവശ്യമായ സമ്മർദ്ദം പഞ്ചായത്തിൽ നിന്നുണ്ടായാൽ മാത്രമേ പഞ്ചായത്ത് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഊർജ്ജപ്രതിസന്ധിക്ക് ശാശ്വതപരിഹാരം ഉണ്ടാവുകയുള്ളൂ.

# 5.6.ഇ ചന്ത

ജനസംഖ്യയിലും, ഭൂവിസ്തൃതിയിലും വലിയ പഞ്ചായത്താണെങ്കിലും അതിനനുസരിച്ചുള്ള വാണിജ്യവ്യാപാരകേന്ദ്രങ്ങൾ ഇനിയും വികസിച്ചുവന്നിട്ടില്ല. ഈ സ്ഥിതി മാറ്റേണ്ടത് പഞ്ചായത്തിൻെറ സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിലേക്കായി താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവക്കുന്നു.

(1) ഒന്നാം വാർഡിൽ സ്ഥാപിതമാകാൻ പോകുന്ന ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതോടെ കൊടകരയുമായി ബന്ധപ്പെടാതെ തന്നെ തൃശ്ശൂരിലേക്കുള്ള ഗതാഗതമാർഗ്ഗം ഉണ്ടാകും. നിർദ്ദിഷ്ട 110 K.V സബ്സ്റ്റേഷൻ സ്ഥാപിക്കപ്പെടാൻ പോകുന്നത് മറ്റത്തൂർ കുന്നിലാണ്. ഈ കാര്യങ്ങൾ കണക്കിലെടുത്ത് മറ്റത്തൂർ കുന്നിൽ പഞ്ചായത്തുവകയായി വ്യാപാരസ്ഥാപനങ്ങൾ നടത്തുന്നതിനുവേണ്ട സ്ഥലം, വൈദ്യുതി, ജലലഭ്യത തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്.

(2) മൂന്നുമുറി പ്രധാനപ്പെട്ട ഓഫീസുകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ചിട്ടുള്ള മേഖലയാണ്. ഭാവിയിൽ രൂപീകൃതമാകാൻ പോകുന്ന മറ്റത്തൂർ പഞ്ചായത്തിൻെറ സിരാകേന്ദ്രമായി ഈ പ്രദേശം മാറേണ്ടതുണ്ട്. അതുകൊണ്ട് സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മുൻതൂക്കം നൽകുന്ന വിധത്തിലുള്ള സൗകര്യങ്ങൾ മൂന്നുമുറിയിൽ ഷോപ്പിങ്ങ്കോംപ്ലക്സ്, ഫോട്ടോസ്റ്റാറ്റ് സൗകര്യം, STD ബൂത്ത് മുതലായവ സ്ഥാപിക്കണം.

(3) ഇപ്പോഴത്തെ പഞ്ചായത്തിലെ ഒരു പ്രധാന വ്യാപാരകേന്ദ്രം കോടാലിയിലാണ്. എന്നാൽ ഇന്നുള്ള ഇവിടത്തെ സൗകര്യങ്ങൾ പരിമിതമാണ്. ഇത് വർദ്ധിപ്പിച്ചേമതിയാകൂ. ഇതിലേക്കായി ഒരു ഷോപ്പിംങ്ങ്കോംപ്ലക്സും, ചന്തയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനായി പ്രത്യേകം സ്ഥലം പഞ്ചായത്ത് കണ്ടെത്തേണ്ടതുണ്ട്.

(4) വെള്ളിക്കുളങ്ങരയിൽ ഒരു ബസ്സ്റ്റാൻറ് സ്ഥാപിക്കുന്നതിന് സ്ഥലം എടുത്തിട്ടുള്ളതും, പദ്ധതി അംഗീകരിച്ചിട്ടുള്ളതുമാണ്. ഇവിടെ എത്രയും വേഗം ഒരു ബസ്പാർക്കിങ്ങ്സ്റ്റേഷൻ സ്ഥാപിക്കുകയും മറ്റ് കച്ചവട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. കൂടാതെ ചെറുവാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യങ്ങൾ വേറെ കണ്ടെത്തേണ്ടതുമാണ്.

217

# 5.7 അ. പാർപ്പിടം

**ഓരോ ശിശുരോധനത്തിലും കേൾപ്പൂ ഞാനൊരുകോടിയീശ്വരവിലാപം**
**ഓരോ കരിതിരി കണ്ണിലും കാൺമൂ ഞാനൊരുകോടി ദേവനൈരാശ്യം**

നമ്മുടെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ് പാർപ്പിടം രണ്ടായിരാമാണ്ടോടെ എല്ലാവർക്കും പാർപ്പിടം എന്ന ദേശിയ ലക്ഷ്യത്തിലേക്കെത്തുവാൻ നമുക്ക് ഇനിയും ഏറെ ദൂരം താണ്ടേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ 8618 കെട്ടിടങ്ങളിലായി 8655 കുടംബാംഗങ്ങൾ അധിവസിക്കുന്നു. ഇവയിൽ വളരെയധികം കുടുംബങ്ങൾ ആവശ്യമായ സൗകര്യങ്ങളോടുകൂടിയ വീടുകളില്ലാത്തവരാണ്.

പഞ്ചായത്തിലെ ഭവനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഓട് | ഓല | ടെറസ് | ടെറസ് ഒന്നിൽ കൂടുതൽ നിലകൾ |
|---|---|---|---|---|
| 1 | 564 | 37 | 130 | 9 |
| 2 | 597 | 42 | 123 | 14 |
| 3 | 611 | 147 | 139 | 16 |
| 4 | 454 | 69 | 142 | 29 |
| 5 | 439 | 76 | 103 | 10 |
| 6 | 446 | 206 | 130 | 4 |
| 7 | 576 | 219 | 69 | 1 |
| 8 | 802 | 183 | 130 | 4 |
| 9 | 472 | 110 | 93 | 7 |
| 10 | 667 | 284 | 84 | 3 |
| 11 | 525 | 94 | 108 | 2 |
| 12 | 469 | 254 | 220 | 9 |
| 13 | 454 | 102 | 47 | 2 |
| 14 | 499 | 290 | 90 | 2 |
| ആകെ | 7575 | 2113 | 1508 | 112 |

അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ വീടുകളില്ലാത്ത എല്ലാവർക്കും ഒമ്പതാം പദ്ധതിയിൽ തന്നെ വീടുകൾ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം.

ഓട് ഒഴികെ ഒട്ടുമിക്ക ഗൃഹനിർമ്മാണ സാമഗ്രികളും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. എങ്കിലും ഇത്രയുമധികം പേർക്ക് വീടില്ലാത്തത് അവരുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഇതിൽത്തന്നെ ബഹുഭൂരിപക്ഷവും പട്ടികജാതി പട്ടിക വർഗ്ഗക്കാരാണെന്നതും ശ്രദ്ധേയമാണ്.

പഞ്ചായത്തിലിതുവരെ നടപ്പിലാക്കിയിട്ടുള്ള പാർപ്പിടപദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

ജവഹർ റോസ്ഗാർ യോജന, ഇന്ദിര ആവാസ്യോജന M.W.S. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി എന്നിവയിലൂടെ 276 വീടുകൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. കൂടുതൽ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കണം.

കേന്ദ്രഗ്രാമ ശുചിത്വ പദ്ധതി വഴി 94 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്തിൻെറ യാവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ പദ്ധതി അനേകം മടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിലാകെ 5 - ലക്ഷം വീട് കോളനികളും 46 നാലുസെൻറ് കോളനികളുമുണ്ട്. ഇതിൽ പലവീടുകളും പുനർനിർമ്മിക്കേണ്ട അവസ്ഥയിലാണ്. ഇവയുടെ നിർമ്മാണത്തിന് ആവശ്യമായ എല്ലാവീടുകൾക്കും ധനസഹായമെത്തിക്കാൻ കഴിയണം. കൂടാതെ 3,5,10 വാർഡുകളിലെ കോളനികളിലും വൈദ്യുതിയെത്തിക്കാനുള്ള നടപടി സ്വീകരിക്കണം. ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി വയറിങ്ങ് നടത്തിയിട്ടുള്ള വീടുകൾക്ക് ഇനിയും കണക്ഷൻ ലഭിച്ചിട്ടില്ല. ഈ വീടുകൾക്ക് എത്രയും പെട്ടെന്ന് കണക്ഷൻ ലഭ്യക്കാന്നതോടൊപ്പം കോളനികളിലെ മറ്റുവീടുകൾക്കും വൈദ്യുതിയെത്തിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മേലെഴുതിയവ കൂടാതെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കൂടി പരിഗണിക്കേണ്ടതാണ്.

* പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം. വായ്പ മാത്രമല്ല നിർമ്മാണവും ചുമതലയും സംഘത്തിനായിരിക്കണം.
* നിർമ്മാണച്ചെലവ് ഒന്നരലക്ഷം രൂപയിൽ കവിയുന്ന വീടുകൾക്ക് കൂടുതൽ നികുതിയേർപ്പെടുത്തുക.
* ഭവന നിർമ്മാണ വായ്പകൾ ഗ്രാമപ്പഞ്ചായത്തുവഴി നടപ്പിലാക്കുക.
* ചെലവുകുറഞ്ഞവീടുകൾ നിർമ്മിക്കുന്നതിന് കോസ്റ്റ് ഫോർഡ് - നിർമ്മിതി കേന്ദ്രം തുടങ്ങിയവയുടെ സേവനം ലഭ്യമാക്കണം.
* നിലവിലുള്ള ഭവനനിർമ്മാണ വായ്പാ പദ്ധതികളുടെ പരിധി അമ്പതിനായിരം രൂപയായി ഉയർത്തണം.
* ഗിരിജൻ കോളനികളിൽ അവരുടെ സംസ്ക്കാരവും ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ഭവനമാതൃകകൾ വികസിപ്പിച്ചെടുത്ത് നടപ്പിലാക്കുക.
* ഭവന വായ്പകൾ നൽകുന്ന സംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. അതുകൊണ്ട് പഞ്ചായത്ത് നിവാസികൾക്ക് ഭവനവായ്പ ലഭ്യമാക്കാനുള്ള സംവിധാനമേർപ്പെടുത്തണം.
* ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും വനിതകൾ ഗൃഹഭരണം നടത്തുന്ന കുടുംബങ്ങൾക്കും മുൻഗണന കൊടുക്കണം.

# 5.7.ആ. സാമൂഹ്യക്ഷേമം

ഒരു സമൂഹത്തിന്റെ ജീവിത ഗുണമേന്മ വിലയിരുത്തപ്പെടുന്നത് അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ ആ സമൂഹത്തിൽ എങ്ങനെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. ഒരു വികസ്വര രാജ്യമായ ഭാരതത്തിൽ ഈ വിതരണം ഇന്നും നീതിപൂർവ്വകമായിട്ടില്ല. എന്നാൽ നമ്മുടെ സംസ്ഥാനം ഇക്കാര്യത്തിൽ ദേശീയ നിലവാരത്തെക്കാൾ ഏറെ മുന്നിലാണ്. എങ്കിലുംഈ ദിശയിൽ ഇനിയും നമ്മൾ ഏറെ മുന്നേറേണ്ടതുണ്ട്. ഇത് നമ്മുടെ പഞ്ചായത്തിനും ബാധകമാണ്.

ഈ പഞ്ചായത്തിൽ എഴുപതു ശതമാനം ജനങ്ങളും സാധാരണക്കാരായ കർഷകരാണ്. ഇതിൽ തന്നെ നല്ലൊരു വിഭാഗം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും, ഹരിജനങ്ങളുമാണ്. അതുകൊണ്ട് സാമൂഹ്യകഎമ പ്രവർത്തനങ്ങൾക്ക് ഇവിടെ ഏറെ പ്രസക്തിയുണ്ട്. (പട്ടികജാതിക്കാർ 11%ഉം പട്ടികവർഗ്ഗക്കാർ 0.75%മാണ്) സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഏറെ വിഭാവനം ചെയ്യപ്പെടുകയും അവയിൽ മിക്കവയും നടപ്പാക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും അർഹരായ മുഴുവൻ ജനവിഭാഗങ്ങളിലേക്കും ഇതിന്റെ ഗുണഫലങ്ങൾ വേണ്ടത്ര എത്തിയിട്ടില്ല. നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും പുതിയവ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിലാകെ 8655 കുടുംബങ്ങളാണുള്ളത്. അതുകൊണ്ട് 50% ത്തോളം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് പട്ടിക കാണിക്കുന്നു. ഇവരിൽതന്നെ നല്ലൊരു ശതമാനം നാമാത്രകർഷകരും കർഷക തൊഴിലാളികളും കൂലിവേലക്കാരുമാണ്. അതുകൊണ്ട് ഈ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്. വിധവകൾ, വൃദ്ധജനങ്ങൾ, വികലാംഗർ, നിത്യരോഗികൾ തുടങ്ങിയവരുടെ ക്ഷേമവും പ്രത്യേകം പരിഗണനയർഹിക്കുന്നവരാണ്.

ഇതോടുകൂടി പട്ടിക ചേർക്കുന്നു.

ഗ്രാമസഭകളിൽ ഈ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടക്കുയും പല ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവരികയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

* കക്കൂസില്ലാത്ത അർഹരായ കുടുംബങ്ങൾക്കെല്ലാം കക്കൂസ് നിർമ്മിച്ചുൽകാൻ പദ്ധതിയുണ്ടാക്കുക - ആവശ്യമായ സ്ഥലങ്ങളിൽ പൊതുകക്കൂസ് നിർമ്മിക്കുക.
* അംഗൻവാടി, ബാലവാടി, മഹിളാസമാജം എന്നിവയുടെ പ്രവർത്തനം കാര്യക്ശമമാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സ്ഥാപിക്കുകയും ചെയ്യുക.
* നിരാലംബരായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി പഞ്ചായത്തിൽ വൃദ്ധസദനം സ്ഥാപിക്കുക.
* പഞ്ചായത്ത് പുറമ്പോക്ക് പ്രയോജനപ്പെടുത്തി ആവശ്യമായ സ്ഥലങ്ങളിൽ പൊതുശ്മശാനം സ്ഥാപിക്കുക.
* പൊതുകളിസ്ഥലം സ്ഥാപിക്കുക.
* 7-ാം വാർഡിൽ കടമ്പോട്, മോനൊടി ഭാഗത്ത് പോസ്റ്റോഫീസ് സ്ഥാപിക്കുക.
* താഴ്ന്ന വരുമാനക്കാർക്ക് ഭവനപദ്ധതി നടപ്പിലാക്കുകയും ഹൗസിങ്ങ് ബോർഡിൽ നിന്നുള്ള ഭവനവായ്പാപദ്ധതിയുടെ കാലതാമസം ഒഴിവാക്കുകയും പലിശകുറക്കുകയും ചെയ്യുക.
* ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.
* പട്ടയം ലഭിക്കാത്ത അർഹരായവരെ കണ്ടെത്തി പട്ടയം വിതരണം ചെയ്യുകയും ഭൂരഹിതർക്ക് ഭൂമി നൽകാനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുക.
* അവശതയനുഭവിക്കുന്ന വിധവകൾ, വികലാംഗർ, കർഷകത്തൊഴിലാളികൾ, നിത്യരോഗികൾ, വൃദ്ധർ, തൊഴിലില്ലാത്തവർ തുടങ്ങിയവർക്കുള്ള പെൻഷൻ പദ്ധതികൾ കാര്യക്ഷമമാക്കുക.
* വാർഡുതലത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് മദ്യം, മയക്കുമരുന്ന്, പണം വച്ചുള്ളശീട്ടുകളി മുതലായ അസൻമാർഗികവും, സാമൂഹ്യദ്രോഹപരവുമായ പ്രവണതകൾക്കെതിരെ പ്രായോഗിക നിവാരണ പ്രവർത്തനങ്ങൾ നടത്തുക.
* ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ നടത്തുകയും കരാറുകാരെ ഒഴിവാക്കുകയും ചെയ്യുക.
* ലക്ഷം വീടുകോളനികളുടെയും താഴ്ന്ന വരുമാനക്കാരുടെയും വീടുകൾ അറ്റകുറ്റപണികൾ നടത്തുകയും വൈദ്യുതീകരിക്കുകയും ചെയ്യുക.
* സ്വയം തൊഴിൽ വായ്പകൾ തിരിച്ചയക്കാനുള്ള സാവകാശം നൽകുക.
* ഓലപ്പുരകൾ ഓടുമേയുന്നതിനുള്ള സഹായം ലഭ്യമാക്കുക.
* സഹകരണ സംഘങ്ങൾ വഴി ഭവനവായ്പ അനുവദിക്കുക.
* കൈത്തൊഴിൽ പദ്ധതികൾ വാവിഷ്ക്കരിച്ച് അഭിരുചിയുള്ള വരെ കണ്ടെത്തി പരിശീലനം നൽകുകയും ചെയ്യുക.
* വികലാംഗർക്കായി പ്രത്യേകതൊഴിൽ കേന്ദ്രങ്ങളാരംഭിക്കുക.

* അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുയും നായ്ക്കൾക്ക് പ്രതിരോധകുത്തിവെയ്പും ലൈസൻസും നിർബന്ധമാക്കുയും ചെയ്യുക. പേവിഷബാധ പഞ്ചായത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുക.

ഈ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വിലയിരുത്തലും നിർദ്ദേശങ്ങലും താഴെ ചേർക്കുന്നു.

I.R.D.P. സർവ്വേ പ്രകാരം കണ്ടെത്തിയ 4083 കുടുംബങ്ങളിൽ കേവലം 889 കുടുംബങ്ങൾക്കാണിതുവരെ സഹായം ലഭിച്ചിട്ടുള്ളത്. ഇത് ആകെ കണ്ടെത്തിയ കുടുംബങ്ങളുടെ 20% മാത്രമാണ്. ഹരിജനങ്ങളുടെ കാര്യത്തിൽ ഇത് 40%മാണ് ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കേണ്ടതിൻെറ ആവശ്യകത പ്രത്യേകം പറയേണ്ടതില്ലല്ലോ.

I.R.D.P. യുടെ ഉപവിഭാഗമായ (ട്രൈസം) പദ്ധതിയുടെ ഭാഗമായി 43 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ജെം കട്ടിങ്ങ്, തീപ്പെട്ടി നിർമ്മാണ്, മാറ്റ് വീവിങ്ങ് എന്നിവയിലാണ് പരിശീലനം നൽകിയതെങ്കിലും അധികം പേരും വേറെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുകയാണ്. ആളുകൾക്ക്, അഭിരുചിയുള്ള മേഖലകളിൽത്തന്നെ പരിശീലനം നൽകാൻ പദ്ധതിയുണ്ടാക്കണം.

ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനകത്തിനായി I.R.D.P ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന DWCRA (Development of Women and Chinldren in Rural Area) പദ്ധതിയിലൂടെ രണ്ട് വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലാരംഭിച്ചിട്ടുണ്ട് . ഫൈബർ വർക്ക് ചിപ്പ്സ് യൂണിറ്റ് എന്നിവയാണവ. കൂടാതെ 95-96 വർഷത്തിൽ പുതിയതായി രണ്ട് യൂണിറ്റുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10 പേരിൽ 4 പേർ പിരിഞ്ഞുപോയി.

രണ്ടാമത്തേതിലെ 10 പേരിൽ 8 പേർ പ്രവർത്തിക്കുന്നുണ്ട് ഇവയുടെ പ്രവർത്തനവും തൃപ്തികരമല്ല. കാരണം ഉണ്ടാകുന്ന ഉത്പന്നങ്ങളുടെ വിപണനമാണ് പ്രധാനപ്രശ്നം വൻകിടക്കാരുമായി മത്സരിക്കാനിവർക്ക് കഴിയുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പകുതിയിൽ താഴെ ജനങ്ങൾ സ്ത്രീകളും ദാരിദ്ര്യരേഖക്കു താഴെ ജീവിക്കുന്നവരുമാണ്. ഈ പദ്ധതി ഇവരുടെ ഉന്നമനത്തിനായി കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്. എല്ലാ വാർഡുകളിലും DWCRA യുടെ കീഴിൽ രൂപം കൊടുക്കാവുന്ന വനിതാ സംഘടനകൾ രൂപീകരിക്കണം. ഈ സംരംഭങ്ങൾ നിത്യോപയോഗത്തിനാവശ്യമായ ഉത്പന്നങ്ങളുണ്ടാക്കുന്നവയും ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭിക്കുന്നവയുമായിരിക്കണം. ഇതിനാവശ്യമായ വിദഗ്ദ്ധ പരിശീലനം അംഗങ്ങൾക്ക് നൽകുകയും വേണം. ഈ പദ്ധതിയെ വിജയകരമാക്കാൻ പഞ്ചായത്തടിസ്ഥാനത്തിലും ബ്ലോക്കടിസ്ഥാനത്തിലും വിപണന കേന്ദ്രങ്ങൾ തുറക്കുകയും പ്രൈദേശികമായി ഉത്പാദിപ്പിക്കുന്ന ഇത്തരം വസ്തുക്കൾ വാങ്ങുന്നതിന് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും വേണം.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൻെറ ഭാഗമായി പശ്ചിമഘട്ടവികസന പദ്ധതി പ്രകാരം പഞ്ചായത്തിൽ രണ്ടു നടപ്പാലവും മൂന്നുകൾവർട്ടും ജലസേചനസൗകര്യത്തിനായി ഒരു കുളവും പന്ത്രണ്ട് കിണറുകളും രണ്ട് തോടുകളും (കനാൽ) നിർമ്മിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിർദ്ദേശത്തിലിരിക്കുന്ന എല്ലാ പദ്ധതികളും എത്രയും പെട്ടന്ന് നടപ്പിലാക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കൂടാതെ മറ്റത്തൂർ പഞ്ചായത്തിനെ മുഴുവനായും പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ഗ്രാമീണരായ കൈത്തൊഴിലുകാർക്ക് മെച്ചപ്പെട്ട ആധുനിക തൊഴിലുപകരണങ്ങൾ ലഭ്യമാക്കി അവരുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുകയും ഉത്പന്നത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുകയും അതുവഴി വരുമാനവർദ്ധനവ് സാദ്ധ്യമാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ നഗരപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം മന്ദീഭവിപ്പിക്കാനും ഈ പദ്ധതിക്കു കഴിയും. I.R.D.P.യുടെ ഒരു അനുബന്ധപദ്ധതിയാണിത്. മരപ്പണി, ഇരുമ്പുപണി, സ്വർപ്പണി, കളിമൺ, ചെരിപ്പു നിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് ഇതിൻെറ പ്രയോജനം ലഭിക്കുക. ഈ പദ്ധതിപ്രകാരം പഞ്ചായത്തിതുവരെ 23 പേർക്ക് സഹായം നൽകിയിട്ടുണ്ട്. അർഹിക്കുന്നവരുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് വളരെ കുറവാണ്. അർഹരായ എല്ലാവർക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കാനുള്ള നടപടിയുണ്ടാകണം.

15 വാർഡുകളുള്ള ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും അംഗൻവാടികളും ബാലവാടികളുമില്ല. ഈ പോരായ്മ പരിഹരിക്കേണ്ടതാണ്. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ സാമൂഹ്യപദവിയിലുള്ള പിന്നോക്കാവസ്ഥയാണിതിനു കാരണം. ആകെ 7 ബാലവാടികേന്ദ്രങ്ങലും 17 മഹിളാസമാജങ്ങളും ഒരു ഡെകെയർ സെൻററുമാണുള്ളത്. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വനിതകളുടേയും, കുട്ടികളുടേയും ക്ഷേമം ഉറപ്പുവരുത്തേണ്ടതാണ്. ഇവയെ സ്ത്രീകളുടേയും ഒരു മുഴുവൻ പ്രദേശത്തിൻേറയും സാമൂഹ്യപ്രശ്നങ്ങൾ ചർച്ചചെയ്യാനുള്ള വേദികൂടിയാക്കി മാറ്റാം.

നാല്പത്തിനാലാം ദേശീയ സാമ്പിൾ സർവ്വെ പ്രകാരം ഗ്രാമപ്രദേശങ്ങളിലെ 90% ജനങ്ങളും കക്കൂസില്ലാത്തവരാണ്. കുട്ടികൾക്കിടയിൽ തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നത് വളരെ കൂടുതലാണ്. തുറസ്സായ സ്ഥലത്തെ മലമൂത്രവിസർജ്ജനത്തിൽ നിന്നാണ് പലരോഗങ്ങളും പകരുന്നത്. അതുകൊണ്ട് എല്ലാ വീടുകളിലും ശുചിത്വസൗകര്യങ്ങളോടുകൂടിയ ഓരോ കക്കൂസ് എന്ന സങ്കല്പം സാക്ഷാത്ക്കരിക്കപ്പെടണം. ഇതിനായി ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തു

ന്നതിന് കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രഗ്രാമീണ ശുചിത്വപരിപാടി[CRSP] പൂർണ്ണമായി പഞ്ചായത്തിൽ നടപ്പിലാക്കണം. ഇന്ന് പഞ്ചായത്തിൽ കക്കൂസില്ലാത്ത ഏകദേശം 4200 വീടുകളുണ്ട്.

ഇന്ന് വില്ലേജാപ്പീസുകൾ വഴിയും, പഞ്ചായത്താപ്പീസുകൾ വഴിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ നിരവധിയാണ്. ഇവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇവയെ സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്തിൻെറ കീഴിലാക്കി അർഹരായ എല്ലാവർക്കും സഹായമെത്തിക്കണം.

നിലവിലുള്ള വിധവാപെൻഷൻ പദ്ധതി പുനർനിർണ്ണയിക്കുകയും സാമ്പത്തിക മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും പെൻഷൻ വിതരണം ചെയ്യുകയും വേണം.

ഇന്ന് പഞ്ചായത്തിൽ വളരെ കുറച്ച് പേർക്ക്മാത്രമേ ഈ സൗകര്യംലഭിക്കുന്നുള്ളൂ. കൂടാതെ വിധവകൾക്കായി തൊഴിൽ പദ്ധതികൾ, വീട്, സ്വയം തൊഴിൽ വായ്പകൾ തിരിച്ചടയ്ക്കാനുള്ള സാവകാശം എന്നിവ ലഭ്യമാക്കുകയും പെൺമക്കലുടെ വിവാഹത്തിന് സഹായം ലഭിക്കാനുള്ള കാലതാമസവും മറ്റ് നിയമ തടസങ്ങളും നീക്കുകയും വേണം.

കർഷകതൊഴിലാളികൾ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിൽ അർഹരായ എല്ലാവർക്കും കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കാനുള്ള സംവിധാനം ഉണ്ടാകണം.

തൊഴിലില്ലാത്ത അർഹരായ എല്ലാവർക്കും തൊഴിലില്ലായ്മവേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേതനം കൈപറ്റുന്ന അനർഹരെ കണ്ടെത്തി നിയന്ത്രിക്കുകയും വേണം. കൂടാതെ ഇവർക്ക് തൊഴിൽ നൽകാനുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനെ കുറിച്ച് ഗൗരവമായി ചിന്തിക്കുകയും വേണം.

പഞ്ചായത്തിൽ 4661 കർഷകതൊഴിലാളികളും 2161പേർ കർഷകരും, 1848 പേർ നാമനാത്ര തൊഴിലാളികളും, 13135 പേർ മുഴുവൻ സമയതൊഴിലാളികളും, 1251 പേർ മറ്റു മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുമാണ്. ഇവപിൽ കർഷകതൊഴിലാളികളേയും മറ്റും സഹായിക്കാൻ ക്ഷേമ പദ്ധതികൾ പലതുമുണ്ടെങ്കിലും അവയെല്ലാം അർഹരായവർക്ക് ശരിയായ രീതിയിൽ ശരിയായ സമയത്ത് ലഭിക്കുന്നില്ലായെന്നതാണ് വസ്തുത. കൂടാതെ അനർഹർ പലരും ഇതിൻെറ കീഴിൽ നിന്ന് സഹായം കൈപറ്റുന്നുണ്ട്. അതുകൊണ്ട് ഈ ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കണം.

കർഷക തൊഴിലാളി ക്ഷേമനിധി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമനിധികൾ. ഇനിയും ധാരാളം പദ്ധതികളുണ്ടെങ്കിലും അവയൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുമില്ല. ഇവയും കാര്യക്ഷമമായി പഞ്ചായത്തുതലത്തിൽ പ്രാവർത്തിക്കാൻ സംവിധാനമുണ്ടാക്കണം. കൂടാതെ ക്ഷേമനിധിയിയിലേയ്ക്ക് തൊഴിലാളി വിഹിതം പിരിക്കുന്നതിന് ആനുപാതികമായി ഉടമാവിഹിതവും പിരിച്ചെടുക്കൽ നിർബന്ധമാക്കണം. അതോടൊപ്പം പദ്ധതിയിലെ അംഗങ്ങൾക്ക് ലഭ്യമാക്കാവുന്ന വിവിധ സഹായങ്ങളും കാലാകാലങ്ങളിൽ ലഭ്യമാക്കാൻ കഴിയണം. നമ്മുടെ പഞ്ചായത്തിലുള്ള കർഷകരിൽ ഭൂരിഭാഗവും നാമമാത്രകർഷകരായതുകൊണ്ട് അവരേയും ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തണം.

പഞ്ചായത്തിൽ ഇന്ന് ഏഴ് തപാലാപ്പീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൂപ്പിയം വില്ലേജിലെ ഇഞ്ചക്കുണ്ടാപ്പീസ് ഇഞ്ചക്കുണ്ട് മേഖലയിലും തപാൽവിതരണം നടത്തുന്നുണ്ട്. ഈ മേഖലയിൽ മുരുക്കുങ്ങൽ ആപ്പീസാണ് യഥാർത്ഥത്തിൽ തപാൽ ഉരുപ്പടികൾ വിതരണം ചെയ്യേണ്ടത്. അതുകൊണ്ട് 11-ാം വാർഡ് ഉൾപ്പെടുന്ന ഇഞ്ചക്കുണ്ട് പ്രദേശത്ത് മുരിക്കുങ്ങൽ നിന്ന് തപാൽ വിതരണം ചെയ്യാമുള്ള നടപടികൾ സ്വീകരിക്കണം. കടമ്പോട് ഒരു പോസ്റ്റാപ്പീസ് തുറന്ന് പ്രവർത്തിക്കണം. ഇതിലൂടെ 6-ാം വാർഡിന് മുഴുവനായും 5,7 വാർഡുകൾക്ക് ഭാഗികമായും ഇതിൻെറ ഗുണം ലഭ്യമാകും. ഏകദേശം 1300 വീടുകൾ ഈ പരിധിയിലുണ്ട്. അതുപോലെ 3-ാം വാർഡിൻെറ കാവനാട് പ്രദേശത്തെ കൊടകര തപാലാപ്പീസിൻെറ കീഴിൽ കൊണ്ടുവരാൻ നടപടിയുണ്ടാകണം.

ഇന്ന് പൊതുവിതരണകേന്ദ്രങ്ങളുടെ മേലങ്കിയണിഞ്ഞിരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഇതുവഴി നടക്കുന്ന വിതരണം കാര്യക്ഷമവും, നീതിപൂർവ്വവുമാക്കാനുള്ള ശ്രമങ്ങൾ അടിയന്തിരമായി കൈക്കൊള്ളണം. ഈ പൊതുവിതരണ കേന്ദ്രങ്ങൾ വഴി പഴയ റേഷൻ കടകളിലൂടെ നൽകിയിരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി പുനഃസംഘടിപ്പിക്കണം. ഇന്ന് പഞ്ചായത്തിൽ 27 പൊതുവിതരണ കേന്ദ്രങ്ങളാണുള്ളത്. ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ തുറക്കുകയും വേണം.

ജനസംഖ്യയിലും ഭൂവിസ്തൃതിയിലും മുൻപിൽ നിൽക്കുന്ന ഇവിടെ ഇപ്പോൾ കേവലം ഒരു മാവേലി സ്റ്റോർ മാത്രമാണുള്ളത്. അതുകൊണ്ട് മാവേലിസ്റ്റോറുകൾ കൂടുതൽ ആരംഭിച്ച് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ സാമൂഹ്യക്ഷേമപദ്ധതികൾ ഫലപ്രദമാകാത്തതിന് ഒരു കാരണം പഞ്ചായത്തിൻെറ ഭൂവിസ്തൃതിയാണ്. അതുകൊണ്ട് ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പഞ്ചായത്തിനെ വിഭജിക്കുകയെന്ന നിർദ്ദേശം പ്രാവർത്തികമാക്കുകയും വേണം.

പഞ്ചായത്തിൻെറ വിഭവ ഭൂപടനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണം.

പഞ്ചായത്തിലുള്ള അഭ്യസ്ഥവിദ്യരുടേയും അല്ലാത്തവരുടേയും വിശദവിവരങ്ങളടങ്ങിയ രേഖ വാർഡുതലത്തിൽ തയ്യാറാക്കുകയും അതിനെ പഞ്ചായത്തുതലത്തിൽ ക്രോഡീകരിക്കുകയും വേണം. ഇതിൻെറ ചുമതല വാർഡുമെമ്പർമാരെ ഏൽപ്പിക്കാവുന്നതാണ്. അതുപൊലെ വിവിധക്ഷേമ പദ്ധതികൾ കൈപറ്റാൻ അർഹതയുള്ളവരുടേയും, കൈപറ്റുന്നവരുടേയും ഒരു ലിസ്റ്റ് ഇപ്രകാരം തയ്യാറാക്കണം. അങ്ങനെ പഞ്ചായത്തിൻെറ സമഗ്ര വികസനം സാക്ഷാത്ക്കരിക്കാൻ നമുക്ക് കഴിയമം. ഇതോഒപ്പം നേരത്തെ വിഭാവനം ചെയ്തിട്ടുള്ള വില്ലേജ് - പഞ്ചായത്ത് സംയോജന നടപടികൾ ത്വരിതപ്പെടുത്തി ഒൻപതാം പദ്ധതിയോടെ പൂർത്തീകരിക്കേണ്ടതുമാണ്.

**IRDP ഗുണഭോക്താക്കളെക്കുറിച്ചുള്ള വിവരങ്ങൾ**

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | SC / ST | സാമ്പത്തിക സഹായം ലഭിച്ച SC/ST | മറ്റുള്ളവർ | സ്ത്രീകൾ |
|---|---|---|---|---|---|
| 1 | 223 | 4 | 4 | 28 | 10 |
| 2 | 214 | 23 | 11 | 23 | 12 |
| 3 | 270 | 80 | 18 | 32 | 14 |
| 4 | 190 | 20 | 8 | 19 | 9 |
| 5 | 242 | 44 | 15 | 39 | 18 |
| 6 | 360 | 56 | 9 | 30 | 10 |
| 7 | 447 | 25 | 7 | 36 | 21 |
| 8 | 238 | 42 | 16 | 44 | 10 |
| 9 | 309 | 10 | 7 | 22 | 5 |
| 10 | 409 | 53 | 8 | 25 | 10 |
| 11 | 216 | 16 | 20 | 35 | 13 |
| 12 | 301 | 30 | 13 | 26 | 10 |
| 13 | 315 | 30 | 18 | 28 | 15 |
| 14 | 265 | 71 | 18 | 27 | 14 |
| 15 | — | — | 20 | 37 | 15 |
| ആകെ | 4083 | 504 | 202 | 451 | 186 |

# സാംസ്കാരികം

***"സ്വാതന്ത്ര്യം, സംസ്കാരം, പാരമ്പര്യം എന്നിവയുടെ വക്താവായി ചെകുത്താൻ വേഷപ്രച്ഛന്നനായി രംഗപ്രവേശം ചെയ്യുമ്പോൾ അവൻ ഏറെക്കുറെ അപ്രതിരോധ്യനായി മാറുന്നു"***

*ഗാന്ധിജി-*

ദ്രാവിഡ സംസ്കാരത്തിൻെറ കേദാരമായ തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് ഭൂതകാലത്തിലേക്ക് വേരുകൾ ആഴ്ത്തി നിൽക്കുന്ന ഒരു സാംസകാരിക പൈതൃകം അവകാശപ്പെടാനുണ്ട്. ചരിത്രത്തിൻെറ ഭൂതക്കണ്ണാടിയിലൂടെയല്ലെങ്കിലും ഐതിഹ്യങ്ങളുടേയും കേട്ടുകേൾ വികളുടേയും ചില്ലുകൾക്കിടയിലൂടെ അത് തെളിഞ്ഞു കാണുകയും ചെയ്യാം. സമീപ ഭൂതകാലത്തിൻെറ മണ്ണടരുകൾക്കടിയിൽ നിന്നും ചികഞ്ഞെടുത്ത സാംക്കാരിക ചരിത്രം പരിശോധിച്ചാൽ മറ്റത്തൂരിൻെറ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും ഇണങ്ങിയ മണ്ണിനോടും കാർഷികവൃത്തിയോടും ബന്ധപ്പെട്ട ഒരു സംസ്കൃതിയിലേക്കാണ് എത്തിപ്പെടുക. കർഷകൻെറ രക്തത്തിലും ചിന്തയിലും അലിഞ്ഞു ചേർന്ന ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും വിശ്വാസങ്ങളുടേയും മൂല്യങ്ങളിൽ പൊതിഞ്ഞ ഈസംസ്കാരത്തിൻെറ അവശിഷ്ടങ്ങളിൽ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലെ ജനസമൂഹങ്ങളിൽ ഇന്നും കെടാതെ കത്തിനിൽക്കുന്നത് കാണാം. നാടൻ പാട്ടുകളുടേയും നാടൻ പാരമ്പര്യ കലാരൂപങ്ങളുടേയും ഒളിമങ്ങാത്ത തേജസ്സ് അതിന് നിദർശനമാണ്. സഹസ്രാബ്ദങ്ങൾക്കു മുൻപ് ഈ ദേശത്ത്. സമൃദ്ധമായ ഒരു വൈദീക സംസ്കൃതി നിലന്നിരുന്നുവെന്ന് പഞ്ചായത്തതിർത്തിയോട് ബന്ധപ്പെട്ട ചില സ്ഥലനാമങ്ങളും മൺമറഞ്ഞുപോകുകയോ ഇനിയും ബാക്കി നിൽക്കുകയോ ചെയ്യുന്ന ക്ഷേത്രാവശിഷ്ടങ്ങളും തെളിവുകൾ നൽകുന്നു.

സാഹിത്യ രംഗത്തുനിന്ന് ഏകദേശം 3 പതിറ്റാണ്ടു മുൻപ് മാഞ്ഞുപോയ സരസകവി കുണ്ടനി ഗോവിന്ദനാശാൻെറ നാമധേയം സാഹിത്യവുമായി ബന്ധപ്പെട്ട നമ്മുടെ പാരമ്പര്യത്തിന് ഉത്തമോദാഹരണമാണ്. ശ്രീനാരായണ ഗുരുദേവൻെറ ശിഷ്യനും സാമൂഹ്യപരിഷ്ക്കർത്താവും 29ഓളം ഗ്രന്ഥങ്ങളുടെ കർത്താവുമായിരുന്നു. · ഇദ്ദേഹം കൊടുങ്ങല്ലൂർ കോവിലകവുമായി ബന്ധപ്പെട്ട് അന്നത്തെ മലയാള സാഹിത്യത്തിൻെറ വഴിത്തിരിവായി കണക്കാക്കുന്നു കൊടുങ്ങല്ലൂർ കളരിയുടേയും ബൺമണി പ്രസ്ഥാനത്തിൻേറയും പ്രചാരകന്മാരിൽ പ്രമുഖരായിരുന്നു ഗോവിന്ദനാശാൻ. മഹാകവി വള്ളത്തോൾ മൂലംകുടത്തുള്ള ആശാൻെറ ഭവനം സന്ദർശിച്ചിട്ടുണ്ട്.

അഷ്ടവൈദികരിൽ പ്രമുഖരായ കൈമുക്കു മനക്കാരുടെ ഇല്ലം പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിരിലെ മറ്റത്തൂർകുന്ന് ദേശത്താണ് സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം ഹിന്ദുക്കളും ബാക്കി ക്രിസ്ത്യാനികളും മുസ്ലീംകളുമാണ്. മതസൗഹാർദ്ദത്തിൻെറ ഉറവിടങ്ങളും ഊട്ടുപുരകളുമായിരുന്നല്ലോ പ്രാചീനകാലത്തെ ദേവാലയങ്ങൾ. പഞ്ചായത്തിൽ വിഭിന്ന മതവിശ്വാസികളുടെ ഒരുപാട് ആരാധനാലയങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്രധാനമായി എട്ട് ഹൈന്ദവ ക്ഷേത്രങ്ങളും എട്ട് ക്രിസ്ത്യൻ ദേവാലയങ്ങളും 5 മുസ്ലീംപള്ളികളുമാണുള്ളത്. ഈ ദേവാലയങ്ങളിലെ ഉത്സവങ്ങളും ആഘോഷങ്ങളും മതഭേദമില്ലാതെ എല്ലാ ജനങ്ങളുടെയും സഹകരണത്തോടെ ജനകീയ ആഘോഷങ്ങളായി കൊണ്ടാടപ്പെടുന്നു. ഉത്സവങ്ങളോടനുബന്ധിച്ചുള്ള കലാപരിപാടികളും മറ്റും ജനമനസ്സുകളെ വിശാലമാക്കാനും സാമുദായിക സൗഹൃദത്തിൻെറ അമൂല്യതയെ ഊട്ടിയുറപ്പിക്കാനും ഇടയാക്കുന്നു.

പ്രാക്തനസംസ്ക്കാരത്തിൻെറ പുനർജ്ജനി പോലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി വിവിധങ്ങളായ കലാരൂപങ്ങളും ചടങ്ങുകളും അവയുടെ തനിമയോടെത്തന്നെ ഉണ്ടുതാനും. കാവുകളോടും മുല്ലത്തറകളോടും കൂടിയ ഗ്രാമീണ ഐശ്വരികതയുടെ പ്രകടനങ്ങളായ തോറ്റം, കളമെഴുത്തുപാട്ട്, മുടിയാട്ടം, നന്തുണിാട്ട്, സർപ്പംപാട്ട്, കാളകളി, ചിന്ദ്, അയ്യപ്പൻപാട്ട് എന്നിവ ഇന്നും മൺമറഞ്ഞു

പോകാതെ ഒരു തലമുറ ഇന്നും കാത്തുസംരക്ഷിക്കുന്നുണ്ട്.

മറ്റത്തൂരിൻെറ സാംസ്ക്കാരിക വളർച്ചയുടെ ശക്തിസ്രോതസ്സുകളായ വിദ്യാലയങ്ങളിൽ നിന്ന് അക്ഷരങ്ങളുടെ അഗ്നിയും ജീവിതത്തിൻെറ മൂല്യങ്ങളും പവിത്രതയും ഏറ്റുവാങ്ങിക്കൊണ്ട് ഉന്നത സ്ഥാനങ്ങളിലെത്തിയവർ ഏറെയാണ്.

മനുഷ്യൻെറ അകക്കണ്ണ് തുറപ്പിക്കുന്ന വെളിച്ചങ്ങളുടെ ഉറവിടങ്ങളാണ് വായനശാലകൾ. സംസ്ക്കാരത്തിൻെറ ഉണർവ്വിലും ഉന്നമനത്തിനും ഈ സരസ്വതിക്ഷേത്രങ്ങൾ നൽകുന്ന സംഭാവനകൾ ചില്ലറയല്ല. മുൻകാലങ്ങളിൽ ഇത്തരം ഗ്രന്ഥശാലകളോടനുബന്ധിച്ച് സ്വാഭാവികമായി രൂപംകൊള്ളാറുള്ള, വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ചെറുപ്പക്കാരുടെ സംഘങ്ങൾ കേരളത്തിലെ സമകാലീന സാംസ്ക്കാരികരംഗത്ത് ഉണ്ടാക്കിയ ചലനങ്ങൾ ശ്ലാഘനീയമത്രെ. എന്നാൽ ഇപ്പോൾ ഇത്തരം വായനശാലകളെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ യുവാക്കൾ ശ്രദ്ധിക്കുന്നില്ല.

മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെഗ്രന്ഥശാല സ്ഥാപിതമാകുന്നത് ബ്രിട്ടീഷ് ഭരണകാലത്ത് അവിട്ടപ്പിള്ളിയിലാണ്. തുടർന്ന് കുന്നത്തുനാട് - ചാലക്കുടി കമ്മ്യൂണിറ്റി പ്രൊജക്ടിൻെറ ഭാഗമായി കോടാലിയിലും വായനശാലസ്ഥാപിതമായി. ഈ ഗ്രന്ഥശാല ഒരുകാലത്ത് മറ്റത്തൂർ പഞ്ചായത്തിൻെറ സാംസ്ക്കാരിക കേന്ദ്രമായി വർത്തിച്ചിരുന്നു. കേരളത്തിലെ സാസ്ക്കാരിക രംത്ത് ശ്രദ്ധേയനായ സിവിക്ചന്ദ്രൻ, ഭാരതീയ അദ്ധ്യാത്മിക രംഗത്തെ പ്രമുഖരിൽ ഒരാളായ സ്വാമിബോധാനന്ദൻ, അഖിലേന്ത്യാതലത്തിൽ പ്രശസ്തനായ രസതന്ത്രശാസ്ത്രജ്ഞൻ പി. രാഘവൻ എന്നിവർ ഈ ഗ്രന്ഥശാലയുടെ ആദ്യകാല പ്രവർത്തകരായിരുന്നു.

വെള്ളിക്കുളങ്ങര ഗ്രാമീണവായനശാലയുടെ പ്രവർത്തകരായിരുന്നു പ്രമുഖ ശാസ്ത്രസാഹിത്യകാരനും ബാലസാഹിത്യകാരനുമായ കേശവൻ വെള്ളിക്കുളങ്ങരയും കാൻസർ ഗവേഷണരംഗത്ത് ലോകശ്രദ്ധ പിടിച്ചുപറ്റിയ ഡോ. സൈമൺ അബ്രഹാമും. ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ ആദ്യഘട്ടങ്ങളിൽ ഓരോ ഗ്രന്ഥശാലയിൽ നിന്നും കയ്യെഴുത്തുമാസികകൾ പ്രസിദ്ധീകരിക്കുക പതിവായിരുന്നു. കോടാലി വായനശാലയിൽ നിന്ന് പ്രസിദ്ധീകരിച്ച കയ്യെഴുത്തുമാസികയായിരുന്നു "ജ്വാല". നോവ്, ദൃശ്യസംസ്കാര എന്നീ പത്രങ്ങളും ശ്രദ്ധേയമായിരുന്നു.

പഞ്ചായത്തിലെ മറ്റു ആദ്യകാല ഗ്രന്ഥശാലകളാണ് മറ്റത്തൂർ കുന്നിലെ സപ്രഭാവായനശാലയും ഇഞ്ചക്കുണ്ടിലെ കലാലയ ലൈബ്രറിയും. ചുങ്കാലിലെ മഹാത്മാ വായനശാലയും ഒരു പ്രത്യേക കാലഘട്ടത്തിൽ കേരളത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ച മാന്ദ്യം മറ്റത്തൂരിലെ ഗ്രന്ഥശാലകളേയും ബാധിക്കുകയുണ്ടായി. അതിൽ നിന്ന് പൂർണമായും ഉണർന്നെഴുന്നേൽക്കാൻ ഇന്നും ഇവയ്ക്കായിട്ടില്ല. എങ്കിലും ഗ്രന്ഥാലയങ്ങളുടേയും വായനയുടേയും പ്രാധാന്യത്തെ പറ്റി ജനങ്ങൾ ബോധവാന്മാരായിക്കൊണ്ടിരിക്കുന്നുവെന്നാണ് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ഒരുപക്ഷേ തൃശൂർജില്ലയിലെ ഏറ്റവും അധികം ആർട്ട്സ്ക്ലബ്ബുകളും സ്പോർട്സ്ക്ലബ്ബുകളും ഉള്ള പഞ്ചായത്തായിരിക്കും മറ്റത്തൂർ ഗ്രാമപഞ്ചായത്ത്. മറ്റത്തൂരിൻെറ ചരിത്രത്തിൽ നൂറുകണക്കിന് ക്ലബ്ബുകൾ ജനിച്ചടിഞ്ഞുപോയിട്ടുണ്ട്. പ്രധാനപ്രവർത്തകർ ജോലിയന്വേഷിച്ചോ മറ്റോ മറുനാടുകളിലേക്ക് പോകുമ്പോഴാണ് പ്രധാനമായും ക്ലബ്ബുകളുടെ പ്രവർത്തനം നിലയ്ക്കുന്നത്. ആത്മാർത്ഥതയുള്ള ആ പ്രവർത്തനങ്ങളുടെ സംതൃപ്തിനുകരുന്ന ഒരുകൂട്ടം യുവാകകളെ കണ്ടെത്താനും അതുവഴി ഒരു സാംസ്ക്കാരിക ചരിത്രമുണ്ടാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. വെള്ളിക്കുളങ്ങര, കോടാലി, കി. കോടാലി, ചെമ്പുചിറ, കടമ്പോട്, ഇഞ്ചക്കുണ്ട്, മൂന്നുമുറി തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം ക്ലബ്ബുകളും നാടക പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. കി. കോടാലിയിലെ സൗഹാർദ്ദ കലാസമിതി, കടമ്പോട് ആനന്ദകലാസമിതി, ഇഞ്ചക്കുണ്ടിലെ കലാലയ ലൈബ്രറി എന്നീ ക്ലബ്ബുകൾ ഈവഴിയിൽ ബഹുദൂരം മുന്നോട്ടുപോയിട്ടുള്ളവയാണ്. ഇന്ന് കലാകായിക സാംസ്ക്കാരിക രംഗത്ത് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നത് കോടാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഫാസ് പാഡിയാണ്.

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകുകയുള്ളൂ. ആരോഗ്യമുള്ള മനസ്സുകളാണ് ഒരു രാഷ്ട്രത്തിൻെറ അടിക്കല്ല് എന്ന കാഴ്ച്ചപ്പാടിൻെറ അടിസ്ഥാനത്തിലാണ് ഗ്രാമത്തിലെ യുവതീയുവാക്കളുടെ കായിക വിനോദങ്ങളെ വിലയിരുത്തേണ്ടത്. ഗ്രാമത്തിൽ 9 സ്പോർട്സ് ക്ലബ്ബുകൾ നിലനിൽക്കുന്നുണ്ടെങ്കിലും മുൻകാലത്തെ പോലെ ഓരോ പ്രദേശങ്ങളിലും നടത്തിയിരുന്ന വോളിബോൾ, ഫുട്ബോൾ മേളകളും വിവിധ ഗ്രാമീണ

ടീമുകൾ ഒത്തുചേരുന്ന ഗ്രാമീണ കായികമേളകളും തീരെ കുറഞ്ഞുവരുന്നു. കോടാലി പോലുള്ള കേന്ദ്രങ്ങളിൽ ഒറ്റപ്പെട്ട കായിക മേളകൾ നടക്കുന്നുണ്ട്. കായികരംഗത്ത് യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടത്തപ്പെടുന്ന കേരളോത്സവം, അതിന്റെ കേവലമായ ഔപചാരികതകൊണ്ട് ഒരു പ്രഹസനംപോലെയായിത്തീരുന്നു. കായികപ്രതിഭകൾക്ക് നിരന്തരം പരിശീലനം കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുകയും സ്ക്കൂൾകുട്ടികളുടെ സ്പോർട്സ് ഗെയിംസ് മേളകൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുകയും വേണം. ഇതിൽ നിന്നുയർന്നുവരുന്ന കായിക പ്രതിഭകൾക്ക് നിരന്തരം പരിശീലനം ലഭ്യമാക്കണം. കായിക അദ്ധ്യാപകരില്ലാത്ത സ്ക്കൂളുകളിലെ കുട്ടികൾക്ക് കേന്ദ്രസ്ക്കൂളിലെ (ന്യൂക്ലിയസ്) സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയണം.

കായികരംഗത്ത് യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് നടത്തിയ ശ്ലാഘനീയമായ ഒരു പ്രവർത്തനമാണ് കോടാലിയിലെ പഞ്ചായത്ത് കളിസ്ഥലത്തിന്റെ നിർമ്മാണ്. ഇതുവാങ്ങുന്നതിനായി സഹായസഹകരണങ്ങൾ നൽകിയ കോടാലി പൗരസമിതി അഭിനന്ദനം അർഹിക്കുന്നു.

ഗ്രന്ഥശാലകളുടെ സ്ഥിരം വരിക്കാരുടെ എണ്ണം വളരെ കുറവാണ്. ഉയർന്നനിലവാരത്തിലുള്ള വായനനടത്തുന്നവരുടെ എണ്ണം വളരെ കുറവാണെന്നതിന്റെ സൂചനയാണിത്. ടി.വി., കേബിൾ ടി.വി. എന്നിവയുടെ സ്വാധീനം ഈ അപചയത്തിന്റെ മുഖ്യകാരണമാണ്. വീടിന്റെ അകത്തളങ്ങളിൽ വിഭവങ്ങൾ എത്തിക്കുന്ന ടെലിവിഷന്റേയും കേബിൾ ടി.വി.യുടേയും സാംസ്ക്കാരിക മലിനീകരണത്തെ ചെറുക്കാൻ അത്ര എളുപ്പമല്ല. എങ്കിലും ചെറുശ്രമങ്ങൾ ഉണ്ടായേ മതിയാകൂ.

വീടുതോറും പുസ്തകം എത്തിക്കുന്ന ഒരു സമ്പ്രദായം ഗ്രന്ഥശാലകൾ ആവിഷ്ക്കരിക്കണം. ഇതിനായി ആവശ്യമുള്ള പുസ്തകങ്ങൾ ഈ പദ്ധതി നടത്താൻ താല്പര്യമുള്ള ഗ്രന്ഥാലയങ്ങൾക്ക് നൽകുകയും സാമ്പത്തികബാധ്യത പഞ്ചായത്തുവഹിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ 4 സിമിനാശാലകളും 3 കേബിൾ ടി.വി. ശൃംഖലയും 2 പൊതു ടി.വി. കേന്ദ്രങ്ങളുമുണ്ട്. ശാസ്ത്രത്തിന്റെ മികച്ച നേട്ടങ്ങളായ കേബിളും ടെലിവിഷനും സാംസ്ക്കാരിക മലിനീകരണത്തിന് വഴിവയ്ക്കുകയും വൈദേശിക ഉപഭോകസംസ്ക്കാരം നമ്മുടെ ഗൃഹങ്ങളിൽ എത്തിക്കുകയുമാണ് ഇന്ന്പ്രധാനമായും ചെയ്തുകൊണ്ടിരിക്കുന്നത്.

ഇതിനെതിരെയുള്ള ചെറുത്തുനില്പിനെ പ്രോത്സാഹിപ്പിക്കാൻ ഫിലിംസൊസൈറ്റികളും വീഡിയോ ക്ലബ്ബുകളും രൂപീകരിക്കുന്നതിന് പഞ്ചായത്ത് സഹായം നൽകണം. കേബിൾ ടി.വി. ശൃംഖല നടത്തുന്നവർക്ക് പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കണം. ഇവയിലൂടെ സംപ്രേഷണത്തിനായി കുറച്ചുസമയം പഞ്ചായത്താവശ്യപ്പെടണം. ഈ സമയങ്ങൾ ഉപയോഗിച്ച് NFDC, ഫീൽഡ് പബ്ലിസിറ്റി വിഭാഗം മറ്റുസാംസ്ക്കാരിക ഏജൻസികൾ എന്നിവയുടെ സഹായത്തോടെ മികച്ച സാംസ്ക്കാരിക പരിപാടികൾ സംപ്രേഷണം ചെയ്യണം.

ജനകീയ കൂട്ടായ്മകളിലൂടെ മദ്യത്തിന്റെ ആലസ്യത്തിൽ നിന്നും ഒരു ഗ്രാമത്തെ ഉണർത്തി ഭാരതത്തിനുതന്നെ മാതൃകയായ മോനൊടി പഞ്ചായത്തിന്റെ അഭിമാനമാണ്. ഈ മാതൃക സ്വീകരിച്ച് ചെട്ടിച്ചാൽ ഗ്രാമവും മദ്യവിമുക്തമേഖലയായി കേന്ദ്രപ്ലാനിംഗ് കമ്മീഷന്റേയും ലോകാരോഗ്യസംഘടനയുടേയും ശ്രദ്ധപിടിച്ചുപറ്റാൻ മോനൊടി മദ്യവിരുദ്ധ സമിതികളുടെ പ്രവർത്തനം വഴി നമ്മുടെ പഞ്ചായത്തിനു സാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യസമരസേനാനിയും ജവഹർലാൽ നെഹ്റു മന്ത്രിസഭയിലെ അംഗവുമായിരുന്ന ലക്ഷ്മി എൻ മേനോൻ മോനൊടി സന്ദർശിക്കുകയുണ്ടായി. ഇന്ന് പഞ്ചായത്തിലെ ലഹരി വിരുദ്ധസമിതിയുടെ പ്രവർത്തനം ആൽക്കഹോൾ ആൻറ് ഡ്രഗ്ഗ് ഇൻ മാർമേഷൻ സെൻറർ (അഡൽ ഇന്ത്യ) എന്ന സംഘടനയുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

**പ്രശ്നങ്ങൾ : നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകളുണ്ടാക്കാൻ പദ്ധതി തയ്യാറാക്കുക. ഇവയുടെ മേൽനോട്ടം കേന്ദ്ര ലൈബ്രറിയായ പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തെ ഏല്പിക്കുക.
2. കെട്ടിടം, ഫർണീച്ചർ ഇവയുടെ അപര്യാപ്തത അനുഭവിക്കുന്ന ഗ്രന്ഥശാലകൾക്ക് ഇത് ലഭ്യമാക്കുക
3. ഗ്രാൻറ് വർദ്ധിപ്പിക്കുക
4. വൈദ്യുതീകരിക്കാത്ത ഗ്രന്ഥശാലകൾ വൈദ്യുതീകരിക്കുക.

5. വായനശാലകളിൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി വാർഡുതലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

6. പൊതുരംഗത്തെ സ്ത്രീകളുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിനായി കലാകായിക സമിതികളോടനുബന്ധിച്ച് പ്രത്യേകം വനിതാസംഘങ്ങൾ രൂപീകരിക്കുക.

7. നാടൻ കലകളെ പ്രത്സാഹിപ്പിക്കുന്നതിനുവേണ്ടി നാടൻ കലാമേളകൾ കേരളോത്സവത്തോടനുബന്ധിച്ച് നടത്തുക.

8. കേരളോത്സവങ്ങൾ നടത്തുമ്പോൾ ആദ്യം വാർഡു തലത്തിൽ നടത്തി പ്രതിഭകളെ കണ്ടെത്തുക.

9. മെച്ചപ്പെട്ട കായിക പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുക.

10. പഞ്ചായത്തിൽ ഒരു ഓഡിറ്റോറിയം നിർമ്മിക്കുക. സാധ്യതയില്ലെങ്കിൽ സ്വകാര്യ സംരംഭകരെ പൊതുജനസൗകര്യാർത്ഥം ഗുണകരമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സഹായിക്കുക.

11. മനുഷ്യസംസ്കൃതിക്കടിസ്ഥാനമായ ജനകീയ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുക. ഇതിനായി വാർഡുതലത്തിൽ മെമ്പർ ചെയർമാനായി കമ്മിറ്റി രൂപീകരിക്കുക. എല്ലാ രാഷ്ട്രീയ സാമൂഹ്യസംഘടനാപ്രവർത്തകർക്കും ഇതിൽ അംഗത്വം വേണം. നാട്ടിലെ മുതിർന്നവരേയും കാരണവന്മാരേയും അംഗങ്ങളാക്കണം. ഗ്രാമത്തിലെ കലാകായിക പ്രവർത്തനങ്ങൾ മുതൽ തർക്കപരിഹാരങ്ങൾ വരെ ഈ കമ്മറ്റി ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക.

12. ഈ കമ്മറ്റി മുമ്പാകെ രേഖാമൂലമോ വാക്കാലോ വരാത്ത ഒരു തർക്കപ്രശ്നത്തിലും വാർഡുമെമ്പർ ഇടപെടില്ലെന്ന് ഉറപ്പാക്കുക.

13. ഈ കമ്മിറ്റിയിൽ പ്രാതിനിധ്യമുള്ള സംഘടനകളിലെ ആരുംതന്നെ ശുപാർശക്കായി പോലീസ് സ്റ്റേഷനിൽ പോകാതിരിക്കുക.

14. ഈ കമ്മിറ്റിയിൽ പരിഹരിക്കപ്പെടാത്ത തർക്കങ്ങൾ മാത്രം പോലീസ് സ്റ്റേഷനിലേക്ക് വിടാൻ പാടുള്ളൂ.

15. കമ്മിറ്റിറഫർചെയ്ത (സ്റ്റേഷനിലേയ്ക്കു വിട്ട) തർക്കപ്രശ്നത്തിൽ, ആവശ്യമെങ്കിൽ കമ്മിറ്റിചെയർമാൻെറ നേതൃത്വത്തിൽ പോലീസ് സ്റ്റേഷനിൽ പോയിതർക്കപരിഹാര നിർദ്ദേശങ്ങൾ നൽകുക.

16. വാർഡിലെ വികസനപ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിനും നടപ്പാക്കുന്നതിനും കമ്മിറ്റി നേതൃത്വം നൽകുക.

17. പഞ്ചായത്ത് സാംസ്ക്കാരിക നിലയിത്തിൻെറ പ്രവർത്തനസമയം 1 p.m. മുതൽ 9 p.m. വരെയാക്കി മാറ്റി, കൂടുതൽ പുസ്തകങ്ങൾ വാങ്ങിയും, ആനുകാലികങ്ങളും മറ്റും വാങ്ങിയും, റേഡിയോ, ടെലിവിഷൻ എന്നിവ സ്ഥാപിച്ച് പഞ്ചായത്തിൻെറ കേന്ദ്രവായനശാലയാക്കി മാറ്റുക.

19. പഞ്ചായത്തുസാംസ്ക്കാരികനിലയം കോടാലിയിലുള്ള കളിസ്ഥലത്തിനോടനുബന്ധിച്ച് കെട്ടിടം പണിത് അങ്ങോട്ടുമാറ്റുക.

20. കളിസ്ഥലത്തിൻെറ വിസ്തൃതി വർദ്ധിപ്പിക്കുക. ഉള്ളസ്ഥലം കയ്യേറാതിരിക്കാൻ മതിൽകെട്ടി സംരക്ഷിക്കുക. ക്ലബ്ബുകളുടേയും മറ്റും സഹായത്തോടെ കളിസ്ഥലം നിരപ്പാക്കി കായികമേളകൾക്കുപയുക്തമാക്കുക. കായിക രംഗത്തെ ഉന്നമനത്തിനായി കളിസ്ഥലങ്ങളില്ലാത്ത വാർഡുകളിൽ കളിസ്ഥലങ്ങൾ ലഭ്യമാക്കുക.

21. ഇഞ്ചക്കുണ്ടിലെ ക്ലബ്ബിൻെറ കളിസ്ഥലം മതിൽകെട്ടി സംരക്ഷിക്കുക.

22. പഞ്ചായത്ത് സാംസ്ക്കാരികനിലയം ഒരു ഇൻഫർമേഷൻ സെൻററായി മാറ്റി ജനങ്ങളുടെ അറിവുകൾ വർദ്ധിപ്പിക്കുന്നതിനും, അപേക്ഷകളും മറ്റും എഴുതിപൂരിപ്പിച്ചുകൊടുക്കുന്ന ഒരു സന്നദ്ധ കേന്ദ്രമായും പ്രവർത്തിക്കേണ്ടതാണ്.

ആത്മബോധം നഷ്ടപ്പെട്ടവൻെറ മേൽ ആധിപത്യം എളുപ്പമാകുന്നു. ധാർമ്മിക മൂല്യങ്ങൾക്കു പ്രാധാന്യം കൽപ്പിച്ചിരുന്ന നമ്മുടെ ചിന്തകളിൽ സ്വാർത്ഥത്തിൻെറയും അമിതാസക്തിയുടെയും വിഷം നിറയ്ക്കുന്നതരാണ്.

തിരിച്ചറിവാണ് ചെറുത്തുനിൽപ്പിൻെറ ആദ്യായുധം.

നമുക്ക്, തമസ്സിൻെറ പടയോട്ടങ്ങൾക്കെതിരെ നന്മയുടെ കൈത്തിരികളുയർത്തിപ്പിടിക്കാം.

# 5.9. വനിത

**"യത്ര നര്യാസ്തു പൂജ്യന്തേ**
**രമന്തേ തത്ര ദേവതാ:"**

പൊതുരംഗത്ത്, സൂഹത്തിൽ, കുടുംബാന്തരീക്ഷത്തിൽ എന്തിന് സ്വന്തം സാമ്രാജ്യമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന അടുക്കളയിൽപ്പോലും അദൃശ്യയായി ഒതുങ്ങിക്കഴിയേണ്ടിവരുന്ന പരിതാപകരമായ അവസ്ഥയാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിൻെറ വാതിൽപ്പുറകിൽ എത്തിനിൽക്കുമ്പോൾ പോലും വനിതകളിൽ നമുക്ക് കാണാൻ കഴിയുന്നത്. വിരലിലെണ്ണാവുന്ന ഉദാഹരണങ്ങൾ നിരത്തി സ്ഥിതി വ്യത്യസ്തമെന്ന് നമുക്ക് പറയാനാവില്ല. തൊഴിൽ രംഗത്തും ഉത്പാദനരംഗത്തും ഏർപ്പെട്ടിരിക്കുന്നുവെന്ന് കണക്കുകൾ കാണിക്കുന്ന സ്ത്രീകളുടെ എണ്ണം സ്ത്രീ ജനസംഖ്യയുടെ തീരെച്ചെറിയ ഒരു ഭാഗമെ ആകുന്നുള്ളൂ.

ഈ വിഭാഗമുൾപ്പെടെയുളള മുഴുവൻ സ്ത്രീകളും ഏർപ്പെട്ടിരിക്കുന്ന വളരെ വിലയേറിയ ഒരു ജോലിയുണ്ട്. കുടുംബത്തിൻെറ ആവശ്യത്തിനുവേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും ഉത്പാദിപ്പിക്കുന്നതിനും കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും പലതരം സേവനങ്ങൾ ചെയ്യുന്നതിലുമാണ് സ്ത്രീകൾ തങ്ങളുടെ മുഴുവൻ പ്രവർത്തന ശേഷിയും സമയവും ചെലവഴിക്കുന്നത്. ഈ കാഴ്ചപ്പാടിലൂടെ കാണുകയാണെങ്കിൽ സമൂഹത്തിലെ ഉത്പ്പാദനരംഗത്ത് മുൻനിരയിലാണ് സ്ത്രീകൾ. എന്നിരുന്നിട്ടും ഈ സ്ത്രീകളെ മുഴുവൻ ഭരണഘടന സ്വീകരിച്ചിരിക്കുന്ന സാമ്പത്തിക ധാരണകളുടെ യുക്തിയനുസരിച്ച് തീവ്രവും സ്ഥിരവുമായ ആശ്രിതത്വത്തിലേക്ക് വലിച്ചെറിയുകയാണ് ഭരണകൂടം ചെയ്യുന്നത്. മുതലാളിത്ത വ്യവസ്ഥിതിയുടെ അളവുകോലനുസരിച്ചുമാത്രമേ സ്ത്രീകളുടെ വീട്ടുജോലികൾ ഉത്പാദനക്ഷമമല്ലാത്തതായും ഉപയോഗമില്ലാത്തതായും സാമ്പത്തിക നേട്ടമില്ലാത്തതായും അതുവഴി സ്ത്രീകളെ ആശ്രിതരായും വരുമാനം ഉണ്ടാക്കാത്ത അംഗങ്ങളായും കാണാനാവൂ.

നയപരമായും ഭരണപരമായും നിലപാടുകൾ ശാസ്ത്രീയമായാൽ മാത്രമേ സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടൂ. അതേ സമയം സ്ത്രീകളുടെ ഇന്നത്തെ അധമസ്ഥിക്കുകാരണം പുരുഷന്മാരാണെന്നോ ഒരു വിഭാഗം സ്ത്രീകൾ തന്നെയാണെന്നോ ഒക്കെയുള്ള ചർച്ചകൾ തെറ്റായ പാതയിലേക്കേ നയിക്കൂ. വളരെ ആഴത്തിൽ വേരോടിപ്പോയിട്ടുള്ള പുരുഷമേധാവിത്വപരമായ ഒരു സമൂഹമനഃസ്ഥിതിയാണ് അടിസ്ഥാനകാരണം. സ്ത്രീകളുടെ വ്യക്തിപരമായ കഴിവുകളും സ്വാതന്ത്ര്യവും സമൂഹവും അംഗീകരിക്കണം. സ്ത്രീകളുടെ ആത്മബോധം നിർണയിക്കുന്ന കാര്യത്തിൽ ഭരണകൂടത്തിന് വളരെയധികം കാര്യങ്ങൾ ചെയ്യാനാവും.

ഭരണഘടനയുടെ ഒരു ഭാഗത്ത് സ്ത്രീകളെ തുല്യരായി കാണുന്നുണ്ടെങ്കിലും ഈ ഭാഗങ്ങളിൽ മതസ്വാതന്ത്ര്യത്തിനുള്ള അവകാശവും കൂടി ഉൾപ്പെടുത്തിയിരിക്കുന്നത് അടിസ്ഥാനപരമായി സ്ത്രീകൾക്ക് ജീവിതത്തിൻെറ എല്ലാ തുറകളിലും സമത്വം നിഷേധിക്കുകയാണ് ചെയ്യുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ പഠനങ്ങൾ നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

സാമൂഹ്യരംഗത്ത് സ്ത്രീകളുടെ പ്രവർത്തന സാദ്ധ്യത ഉയർത്തുന്നതിന് പുതിയ പഞ്ചായത്ത് രാജ് സംവിധാനം ഏറെ സഹായകരമാകുന്നുണ്ട്. മറ്റത്തൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വനിതാ പഞ്ചായത്ത് പ്രസിഡണ്ടാണ് എന്നത് പ്രസ്താവ്യമാണ്. ജില്ലാ പഞ്ചായത്ത് പ്രതിനിധിയും ബ്ലോക്ക് പ്രതിനിധികളിൽ രണ്ടുപേരും വനിതകൾ തന്നെ.

മഹിളാ സമാജങ്ങളുടേയും മഹിളാ സംഘടനകളുടേയും ഭാരവാഹികളായി വനിതകൾ വരുന്നുണ്ടെങ്കിലും സംഘടനകളുടെ പൊതു ധാരയിൽ ഭാരവാഹിത്വം വഹിക്കുന്ന വനിതകൾ പഞ്ചാ യത്തിൽ നാമമാത്രമാണ് എന്നിരിക്കിലും ത്രിത പഞ്ചായത്ത് സംവിധാനത്തിൽ വനിതാ പ്ര നിധ്യം ഏറിയത് പൊതുരംഗത്തേക്കു വരുന്ന വ കളുടെയെണ്ണം വർദ്ധിപ്പിക്കുന്ന സഹായകരമായിട്ടുണ്ടെന്ന് പറയാതെ വയ്യ. പഞ്ചാ യത്തിൽ നടന്നോ ഗ്രാമസഭകളിലും പഠനപര നത്തിലും ദ്വിതീയ വിവര ശേഖരണത്തില


പങ്കെടുത്തിട്ടുള്ളവരെ പരിഗണിച്ചാൽ മുൻകാലങ്ങളെ അപേക്ഷിച്ച് വനിതാപ്രാതിനിധ്യം കൂടിവരുന്നതായി കാണാൻ കഴിയും.

മറ്റത്തൂർ പഞ്ചായത്തിൽ ജനസംഖ്യയുടെ സ്ത്രീ പുരുഷാനുപാതം 1000:1065 ആണ്. ഇത്, സംസ്ഥാന ജില്ലാ അനുപാതത്തേക്കാൾ കൂടുതലുമാണ്. എന്നിരിക്കിലും പഞ്ചായത്തിലെ ജനത നേടിയിട്ടുള്ള തൊഴിൽ സൗകര്യങ്ങളുടേയും മറ്റും കണക്കു പരിശോധിക്കുകയാണെങ്കിൽ ജനസംഖ്യാനുപാതത്തിനടുത്തെത്തുന്ന വിധത്തിൽപോലും സ്ത്രീ പങ്കാളിത്തം കാണാൻ കഴിയില്ല. സ്ത്രീകൾക്ക് ആത്മവിശ്വാസം വളർത്തുന്നതിൽ ഒട്ടും ഒഴിവാക്കാനാവാത്ത ഒന്നാണ് അവരുടെ സാമ്പത്തിക ഭദ്രത. ഇത് ഉറപ്പുവരുത്തുന്നതിന് അർഹമായ പ്രാതിനിധ്യം ഉണ്ടാവേണ്ടതുണ്ട്.

**തൊഴിൽ പങ്കാളിത്തം**

(1) കർഷക തൊഴിലാളികൾ
(2) കർഷകർ
(3) മൃഗസംരക്ഷണം, മത്സ്യബന്ധനം മറ്റുമായി ബന്ധപ്പെട്ടവർ
(4) ക്വാറി തൊഴിലാളികൾ
(5) കുടിൽ വ്യവസായികൾ
(6) ചെറുകിട വ്യവസായികൾ
(7) നിർമ്മാണ തൊഴിലാളികൾ
(8) കച്ചവടം
(9) ഗതാഗതം - വാർത്താവിനിമയം
(10) മറ്റുസേവനമേഖലകൾ

M പുരുഷന്മാർ F സ്ത്രീകൾ





വനിതകളുടെ തൊഴിൽപങ്കാളിത്തം 21.89% മാത്രമാണ്. പുരുഷന്മാരുടേത് 50.80% ആണ്. 72.54% സ്ത്രീകൾ സാക്ഷരരാണ്. തൊഴിൽ രംഗത്തെ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാങ്കേതിക പരിശീലനങ്ങൾക്കുള്ള കൂടുതൽ ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 56 ചെറുകിട തൊഴിൽ സംരംഭങ്ങളിൽ 9 എണ്ണം വനിതായൂണിറ്റുകളാണ്. 2DWCRA യൂണിറ്റുകളുണ്ട്. മോനൊടിയിലുള്ള Multipurpose Women's Industrial Co-op. Society കൂടുതൽ വികസന സാധ്യതയുള്ള ഒരു സംഘമാണ്. ഇതിന് കൂടുതൽ ശാഖകൾ തുടങ്ങാവുന്നതും പഞ്ചായത്തിലെ എല്ലാ വാർഡിലും പ്രവർത്തനം വ്യാപിപ്പിക്കാവുന്നതുമാണ്.

തൊഴിൽരഹിതരുടെ എണ്ണം ഒരു ഭീഷണിയായി നിലനിൽക്കെത്തന്നെ തുല്യമായി അദ്ധ്വാനിച്ചാൽപ്പോലും സ്ത്രീകളായതിനാൽ മാത്രം കൂലിക്കൊടടുക്കുന്നതിൽ വിവേചനം കാണിക്കുന്നുണ്ട്.

| No. | തൊഴിൽ മേഖല | കൂലി | |
|---|---|---|---|
| | | സ്ത്രീ | പുരുഷൻ |
| 1 | കൃഷിപ്പണി | 55-70 | 90-100 |
| 2 | കെട്ടിടനിർമ്മാണം | 75 | 110 |

തൊഴിലില്ലായ്മയുടെ പ്രശ്നം അങ്ങേയറ്റം രൂക്ഷമാണ്



ആരോഗ്യത്തിൻെറ കാര്യമെടുക്കുകയാണെങ്കിലും സ്ത്രീകളിലാണ് രോഗാതുരത കൂടുതൽ. മഹിളാസമാജങ്ങൾ വഴിയുള്ള ബോധവൽക്കരണവും പോഷകാഹാര വിതരണവും ഫലപ്രദമാക്കണം. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കണക്കുകൾ നോക്കുമ്പോൾ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ ഭൂരിഭാഗം സ്ത്രീകളാണ്. ഈ മാർഗ്ഗങ്ങളുടെ ദോഷ-പാർശ്വഫലങ്ങളെക്കുറിച്ച് വിശദമായ പഠനം വേണ്ട വിധത്തിൽ നടത്തേണ്ടത് വനിതാക്ഷേമത്തിന് അത്യന്താപേക്ഷിതമാണ്.

സ്ത്രീപീഡനം പഞ്ചായത്തിൽ ഗുരുതരമായ ഒരു പ്രശ്നമായി പറയാനാവില്ല. എങ്കിലും, സ്ത്രീയുടെ ജീവിതനിലവാരം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ലഹരി വസ്തുക്കൾ, ശീട്ടുക്കളി, മാധ്യമങ്ങളിലെ സ്ത്രീവിരുദ്ധ ചിത്രീകരണങ്ങൾ അശ്ലീല പോസ്റ്ററുകൾ എന്നീ വസ്തുതകൾക്കെതിരായ ക്രിയാത്മകമായ ഒരു സമീപനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

**വനിതാമേഖലയിലെ പ്രശ്നങ്ങൾ**

1. സ്ത്രീകൾക്ക് ഒത്തുക്കൂടുന്നതിനും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും വേണ്ടത്ര സൗകര്യങ്ങളില്ല.

2. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

3. വേണ്ടത്ര തൊഴിൽ അവസരങ്ങൾ ലഭിക്കുന്നില്ല.

4. അടിസ്ഥാന ജീവിത സൗകര്യങ്ങൾ അപര്യാപ്തമാണ്.

5. ശിശുക്ഷേമപദ്ധതികൾ ഭൂരിപക്ഷത്തിനും ഉപകാരപ്പെടുന്നില്ല.

6. മദ്യവും, ശീട്ടുകളിയും കുടുംബത്തിൽ സ്ത്രീയുടെ സ്ഥിതി ശോചനീയമാക്കുന്നു.

7. ഇന്ധനങ്ങളുടെ ക്ഷാമം സ്ത്രീയുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നു.

8. ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തുന്നില്ല.

9. സാങ്കേതിക വൈദഗ്ധ്യം ലഭിക്കുന്നതിനുള്ള സൗകര്യം കുറവാണ്.

10. സ്ത്രീധനം സമൂഹത്തിന് ഒരു ശാപമാണ്.

11. വിധവകളും വൃദ്ധരും ആലംബഹീനരായി തീരുന്നത് ഒരു ദുരവസ്ഥയാണ്.

12. തുല്യജോലിക്ക് തുല്യവേതനം പലമേഖലകളിലും ലഭിക്കുന്നില്ല.

13. യാത്രാവേളയിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ അനവധിയാണ്.

14. അധികവായനക്ക് പറ്റിയ പുസ്തകങ്ങൾക്ക് ലഭ്യത കുറവാണ്.

ഗ്രാമസഭയിൽ ഉയർന്നുവന്ന ആവശ്യങ്ങൾ നിർദ്ദേശങ്ങൾ

1. വാർഡ്തലത്തിൽ സ്ത്രീകൾക്ക് ഒത്തുക്കൂടുന്നതിനും പ്രവർത്തനങ്ങളിൽ പങ്കാളിളാകുന്നതിനും വേദി ഒരുക്കുക.

വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകളും പരിശീലനങ്ങളും നൽകാവുന്നതാണ്. നേതൃത്വപരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കണം.

2. എല്ലാ വാർഡിലും മഹിളാസമാജം സ്ഥാപിക്കണം. (സമാജങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയതായി രൂപീകരിക്കുകയും ഉള്ളവ പുനസംഘടിപ്പിക്കുകയും വേണം.)

3. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, വ്യവസായകെന്ദ്രങ്ങൾ തുടങ്ങുക.

(മുട്ടക്കോഴി വളർത്തനൽ, കറവ്മാട് വളർത്തൽ, ബുഷ് നിർമ്മാണ്, പരമ്പരാഗത വ്യവസായങ്ങൾ, ഓലമെടച്ചിൽ, തുകൽ ഉല്പന്നങ്ങൾ, കുടനിർമ്മാണ്, പച്ചകൃഷി, പൂകൃഷി, ഔഷധച്ചെടി കൃഷി - എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം, ധനസഹായം എന്നിവ ലഭ്യമാക്കണം)

4. കിണർ, കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം നൽകുമ്പോൾ ഭർത്താവ് ഉപേക്ഷിച്ചവർ, വിധവകൾ, മിശ്രവിവാഹിതർ, വികലാംഗർ, പെൺമക്കൾ മാത്രമുള്ള വനിതകൾ എന്നിവർക്ക് മുൻഗണന നൽകണം.

5. ശിശുക്ഷേമപദ്ധതികൾ മെച്ചപ്പെടുത്തുക

(എല്ലാവാർഡിലും അംഗൻവാടി/ബാലവാടികളുടെ പ്രവർത്തനം ഉറപ്പാക്കുക പ്രവർത്തനാവശ്യത്തിനുള്ള സ്ഥലം കെട്ടിടം എന്നിവ ജനങ്ങളുടെ ഭാഗത്തുനിന്നും സംഘടിപ്പിക്കാം. പോഷകാഹാരവിതരണവും അമ്മാർക്കുള്ള ക്ലാസ്സുകളും മുടക്കം വരാതെ നടക്കുമെന്നുറപ്പാക്കണം.)

6. തൊഴിൽ വർദ്ധനയ്ക്കുള്ള ശ്രമമായി ഉല്പാദനരംഗത്ത് ഏർപ്പെടുന്നവർക്ക് വിപണികണ്ടെത്താൻ സഹായിക്കുക.

(പാൽസൊസൈറ്റി, മറ്റുസഹകരണസം ഘങ്ങൾ എന്നിവ വഴി വിപണനത്തെ സഹായിക്കുക. പ്രാദേശിക ഉല്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക.)

7. ഓലമെടയുന്നതിനാവശ്യമായ ജല ത്തിൻെറ ലഭ്യതക്ക് ടാങ്കുപണിയുന്നതിന് ധനസ ഹായം നൽകണം.

8. വ്യാജമദ്യത്തിനെതിരായി കർശന നട പടിൾ വേണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാ ക്കണം. ലഹരിവസ്തുക്കളെല്ലാം നിരോധിക്കണം. ശീട്ടുകൾ നിരുത്സാഹപ്പെടുത്തണം.

(നിയമപരമായ നടപടികൾ ഉണ്ടാകണം. ഓരോ വാർഡിലും കർമ്മസേനകൾ രൂപീകരിച്ച് സന്നദ്ധപ്രവർത്തനം നടത്തണം.)

9. കോടാലി പ്രാഥമികാരോഗ്യ കേന്ദ്ര ത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തണം. അവിടെ ഒരു ലേഡീഡോക്ടർ സ്ഥിരമായി ഉണ്ടാകുകയും വേണം.

10. എല്ലാവാർഡിലും സബ്സെൻററുകൾ സ്ഥാപിക്കുകയോ, ഡോക്ടർ സന്ദർശനം നട ത്തുകയോ ചെയ്യണം.

11. അശ്ലീല പോസ്റ്ററുകൾ കർശനമായി നിരോധിക്കണം. (വാർഡ് തോറും കർമ്മസേനയുടെ പ്രവർത്തനം ഉറപ്പാക്കണം)

12. കരിങ്കൽ കവാറി സഹകരണമേഖല യിലാക്കി തൊഴിൽ സ്ഥിരത ഉറപ്പാക്കുക.

13. മാങ്കുറ്റിപ്പാടം നൂൽ നൂൽപ്പ് കേന്ദ്രം ശോച നീയാവസ്ഥ പരിഹരിക്കണം.

(കൂടുതൽ ചർക്കകൾ, വെള്ളം, വെളിച്ചം, റോഡ് - വ്യവസായ വകുപ്പും, ഖാദിബോർഡും മുൻകൈ എടുക്കണം)

14. സ്ത്രീധന സംബ്രദായം നിരോധിക്കു.

15. പത്താംവാർഡിലെ സ്ത്രീനിലയം മഹിളാ സമാജമായി പുതുക്കിപണിയണം.

16. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാ ക്കുക.

17. സ്ത്രീകളുടെ യാത്രാസൗകര്യം മെച്ചപ്പെടു ത്തുക.

18. ഇന്ധനക്ഷാമം പരിഹരിക്കുക.

(ദക്ഷതകൂടിയ അടുപ്പുകൾ, വിറകുല്പാദനം, ഗോബർഗ്യാസ് പ്ലാൻറുകൾ)

# 5.10 സഹകരണ മേഖല

***"ഓരോരുത്തരും എല്ലാവർക്കുംവേണ്ടി***
***എല്ലാവരും ഓരോരുത്തർക്കും വേണ്ടി"***

1904-ലെ സഹകരണനിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപീകൃതമായ സഹകരണസംഘങ്ങളുടെ ആവിർഭാവത്തോടെയാണ് സഹകരണപ്രസ്ഥാനം കേരളത്തിൽ ശക്തിപ്പെട്ടുവന്നത്. ഇന്നത്തെ കേരളത്തിലെ പശ്ചാത്തലത്തിൽ സാമൂഹ്യ-സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാണ്. ശരാശരി ജനവർഗ്ഗത്തിൻെറ താങ്ങും തണലുമാകാൻ സഹകരണപ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നകാര്യം അഭിമാനകരമാണ്.

1952-ൽ അന്നത്തെ കൊടകര പഞ്ചായത്ത് വിഭജിച്ച് ' മററത്തൂർ പഞ്ചായത്ത് ' രൂപീകരിക്കുമ്പോൾ തന്നെ കൊടകര ഫാർമേഴ്സ് സഹകരണബാങ്ക്, വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ഇപ്പോഴും മററത്തൂർ പഞ്ചായത്തിൻെറ 1, 2, 3 വാർഡുകൾ കൊടകര ഫാർമേഴ്സ് സഹകരണ സംഘത്തിൻെറ ഭാഗമാണ്. അതേ സമയം, ഇഞ്ചക്കുണ്ട് സഹകരണസംഘത്തിൻെറ പരിധിയിൽ പെടുന്നില്ലെങ്കിലും, വരന്തരപ്പിള്ളി പഞ്ചായത്തിലെ കൃഷിഭൂമിയുള്ള 14, 15 വാർഡിലെ ഏതാനും കർഷകർ ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ സംഘത്തിലും അംഗങ്ങളാണ്. കൂടാതെ, മോനടി വെള്ളിക്കുളങ്ങര എന്നിവിടങ്ങളിലുള്ള ഏതാനും പേരും കോടശ്ശേരി സഹകരണസംഘത്തിൽ അംഗങ്ങളാണ്.

മറ്റത്തൂർ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം ചുവടെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 1**

**1 പ്രാഥമിക സഹകരണ സംഘങ്ങൾ**

A. വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം No: 425

B. ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം. No. 197 - ഭാഗീകം

C. കൊടകര ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No. 197 - ഭാഗീകം

**2. വനിതാസഹകരണ സംഘങ്ങൾ**

A. മുകുന്ദപുരം താലൂക്ക് വനിതാവിവിധോദ്ദേശ സഹകരണ സംഘം.

B: കൊടകര ബ്ലോക്ക് വനിതാസഹകരണസംഘം.

**3.പട്ടികജാതി സർവ്വീസ് സഹകരണസംഘം**

A: മറ്റത്തൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം

**4.ക്ഷീരസഹകരണസംഘങ്ങൾ**

A: മൂന്നുമുറി ക്ഷീരോപാദകസഹകരണസംഘം

B: കോടാലി ക്ഷീരോദ്പാദകസഹകരണസംഘം

C: വെള്ളിക്കുളങ്ങര ക്ഷീരോദ്പാദക സഹകരണസംഘം

**5.ഇൻഡസ്ട്രിയൽ സഹകരണസംഘം**

A: മഞ്ജുള ഇൻഡസ്ട്രിയൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റി

B: കോടാലി തീപ്പെട്ടി വ്യവസായ സഹകരണസംഘം

C: റബ്ബർ പ്രൊഡ്യൂസേഴ്സ് സഹകരണസംഘം താളൂപ്പാടം

D : റബ്ബർ പ്രൊഡ്യൂസേഴ്സ് സഹകരണസംഘം വെള്ളിക്കുങ്ങര

E : റബ്ബർ പ്രൊഡ്യൂസേഴ്സ് സഹകരണസംഘം മങ്കുറ്റിപ്പാടം

F: DWCRI സഹായ വനിതാ സംഘം മോനൊടി (ചിപ്പ്, മധുരപലഹാരം)

G: ടേസ്റ്റ് ഡയറി മിൽക്ക് പ്രൊഡക്ട് യൂണിറ്റ് (ഡയറി ഡിപ്പാർമെൻറ് മോനൊടി)

**6. മറ്റുള്ളവ**

A: കൊടകര ബ്ളോക്ക് ലേബർ കോൺട്രാക്റ്റേഴ്സ് സഹകരണസംഘം.

മേൽപ്പറഞ്ഞ പട്ടികയിൽ വിവരിച്ച സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും, ചുങ്കാലിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൊടകര ബ്ളോക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ്. സൊസൈറ്റി ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്.

സഹകരണസംഘങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

കാർഷികമേഘലയിൽ വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണ ബാങ്കാണ് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും സേവനം ലഭ്യമാക്കുന്നത്. എന്നാൽ ഈ സംഘത്തിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. 1993 ൽ ഈ ബാങ്കിന് ഏകദേശം 33 ലക്ഷം രൂപ നഷ്ടമുണ്ട്. ഇപ്പോൾ 12 ജീവനക്കാരും, കമ്മീഷൻവ്യവസ്ഥയിൽ ജോലി ചെയ്യുന്ന 7 പേരുമുണ്ട്. സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായും കൂടുതൽ പേർക്ക് സംഘത്തിൻെറ സേവനം ലഭ്യമാക്കന്നതിനും താഴെ ചേർക്കുന്നകാര്യങ്ങൾ ചെയ്യാവുന്നതാണ്.

1. സംഘത്തിൻെറ ഒരു ബ്രാഞ്ച് എത്രയും വേഗം ജനകീയ സ്ഥാപനങ്ങളുടെ കേന്ദ്രമായ മൂന്നുമുറിയിലും, ഒരു എക്സ്റ്റൻഷൻ കൗണ്ടർ കോടാലിയിലും സ്ഥാപിക്കുന്നത് നന്നായിരിക്കും. വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവ ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്. തൻമൂലം സംഘവുമായി ബന്ധപ്പെടുന്നവർക്ക് അവരുടെ വായ്പ ആവശ്യങ്ങൾ പെട്ടന്നുതന്നെ ലഭിക്കുന്നതിന് സൗകര്യമുണ്ടാകുന്നു. കോടാലിയിൽ ഒരു കൗണ്ടർ തുറക്കന്നതുമൂലം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം നിക്ഷേപവും വെള്ളിക്കുളങ്ങര സംഘത്തിനു ലഭ്യമാകുന്നതാണ്.

2. കൊപ്ര സംഭരണം, റബ്ബർ സംഭരണം എന്നിവ ഊർജ്ജിതപ്പെടുത്തേണ്ടതും, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഓരോ സംഭരണകേന്ദ്രവും തുടങ്ങന്ന പക്ഷം ആയത് കർഷകർക്ക് മാന്യമായ വില അവരുടെ ഉത്പ്പന്നങ്ങൾക്ക് ലഭിക്കുന്നതുമാണ്.

3. സംഘത്തിൻെറ വായ്പാനടപടികൾ ലഘൂകരിക്കുകയും, തൻമൂലം വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

ഇഞ്ചക്കുണ്ട്കൊടകര ഫാർമേഴ്സ് എന്നീ സഹകരണസംഘങ്ങളുടെ പ്രവർത്തന പരിധി മറ്റത്തൂർപഞ്ചായത്തല്ലെങ്കിലും വാർഡ് - 1,3 എന്നിവയുടെ സൗകര്യാർത്ഥം കൊടകര ഫാർമേഴ്സ് സഹകരണ ബാങ്കിൻെറ ഒരു വളം ഡെപ്പൊ മറ്റത്തൂർകുന്നിൽ തുറക്കന്നത് അവിടത്തെ കർഷകർക്ക് ഗുണ കരമായിത്തീരുന്നതാണ്.

7-ാം വർഡിൽ സ്ഥാപിച്ചിരിക്കുന്ന മുകുന്ദപുരം വനിതാവിവിധോദ്ദേശ സഹകരണസംഘത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം മാത്രമാണ് നടന്നുവരുന്നത്. ആകെ ഓഹരി 350 ആണെങ്കിലും 50 മെമ്പർമാരെ നിലവിലുള്ളൂ. ആയതിൻെറ പ്രവർത്തനം വിപുലീകരിക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തിലെ ഓരോവാർഡിൽ നിന്ന് 15 പേരെ ചേർക്കുകയും, വാർഡിൽഓരോ യൂണിറ്റ് തുടങ്ങുകയും, കുടിൽ വ്യവസായങ്ങൾക്ക് പരിശീലനം നൽകി സോപ്പ് മെഴുകുതിരി നിർമ്മാണം, കറിപൗഡർ, തയ്യൽ, കോഴിവളർത്തൽ എന്നീ വിഭാഗത്തിൽ പ്രോത്സാഹനവും, വനിതകൾക്ക് ഒരു പരിതി വരെ ഒരു വരുമാനം സൃഷ്ടിക്കുന്നതിന് സാധ്യമാകുന്നതുമാണ്. മറ്റത്തൂർപഞ്ചായത്ത് പട്ടികജാതി സഹകരണ സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇപ്പോഴുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതോടൊപ്പം, പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന സംരംഭവും പൂർണ്ണമാകും.

ഇപ്പോൾ പഞ്ചായത്തിൽ തൃപ്തികരമായി പ്രവർത്തനം നടക്കുന്ന മൂന്നുസംഘങ്ങൾ നിലവിലുണ്ട്. കോടാലിയിലുള്ള ക്ഷീരവികസനസംഘം നിർജ്ജീവാവസ്ഥയിലുമാണ്. മൃഗസമ്പത്ത്, മൃഗപരിപാലനം എന്നിവയുടെ ഭാഗമായും, ദാരിദ്ര്യനിർമ്മാർജ്ജനത്തിൻെറ ഒരു ഭാഗമായും ക്ഷീരവികസനസംഘങ്ങൾക്ക് ഒരു പരിധിവരെ പ്രവർത്തിക്കുവാൻ സാധിക്കും. ഇപ്പോഴുള്ള സംഘങ്ങളുടെ പ്രവർത്തനം ഭൂരിഭാഗം വാർഡുകളിലും ലഭ്യമല്ല. സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതോടുകൂടി ഈ രംഗത്ത് ഒരു പുത്തനുണർവ്വ് ഉണ്ടാകുന്നതിനും, ആയതിനോടനുബന്ധിച്ച സ്ഥാപനങ്ങൾ തുറക്കുവാനുള്ള സാധ്യതയും തള്ളക്കളയാവുന്നതല്ല. ആയതുകൊണ്ട്, ഇപ്പോഴുള്ള സംഘങ്ങളെ നിലനിർത്തി അവയുടെ ഓരോ സംഭരണകേന്ദ്രം ഓരോ ഓരോരോ വാർഡിലെ മുഖ്യസ്ഥലത്തും തുറക്കുന്നത് അത്യന്താപേക്ഷിതവും, അതുവഴി കാലിത്തീറ്റ, കാലികളെ വാങ്ങുന്നതിനുള്ള സാമ്പതിക സഹായം ലഭ്യമാക്കൽ എന്നിവ നടത്താവുന്നതാണ്.

നല്ല രീതിയിൽ പ്രവർത്തിക്കുന്ന രണ്ടു വ്യവസായ സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയുടെ പ്രവർത്തനം മെച്ചപ്പെടുന്നതിനാവശ്യമായ പ്രോത്സാഹനം നാനാതുറകളിൽനിന്നും ലഭ്യമാക്കേണ്ടതും, അതുവഴി ഏകദേശം 50 പേർക്കെങ്കിലും തൊഴിൽ നൽകുന്നതിന് സാധിക്കുന്നതുമാണ്. 5 റബ്ബർ പ്രൊഡ്യൂസേർസ് സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയൊന്നും കാര്യക്ഷ

മമായി പ്രവർത്തിക്കുന്നില്ല. ഇവയെ ഏകോപിപ്പിച്ച് റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങേണ്ടുന്നതിൻെറ കാര്യം ആലോചിക്കാവുന്നതാണ്. ധാരാളം തൊഴിൽ സാധ്യതകൾ ഈ രംഗത്ത് ഉണ്ടാക്കാവുന്നതും, തൊഴിലില്ലായ്മ ഒരു പരിധിവരെ കുറച്ചു കൊണ്ടുവരുവാൻ സഹായകരമാകും.

### കാർഷികമേഖല

8600 ഓളം കർഷക കുടുംബങ്ങളുള്ള പഞ്ചായത്താണ് മറ്റത്തൂർ. വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണസംഘത്തിൻെറ 64% വായ്പയും കാർഷിക മേഖലയിലാണ് വിതരണം ചെയ്യപ്പെടുന്നത്. എന്നിരുന്നാലും ഈ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും സംഘത്തിൻെറ സേവനം ലഭ്യമാണോയെന്നത് പരിശോധിക്കേണ്ടതുണ്ട്. ഒക്ടോബർ '96 അവസാനിച്ച കാലത്ത് 108.4 ലക്ഷം രൂപ മാത്രമേ സംഘത്തിന് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ. 'നബാർഡി'ൻെറ പുനർവായ്പാസൗകര്യം മാറ്റപ്പെടുത്തിയത് മൂലം, ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള സാമ്പത്തിക ലഭ്യത മന്ദീഭവിച്ചിട്ടുണ്ട്. കൃത്യമായി വായ്പതിരിച്ചടക്കാത്തതുമൂലം ഏകദേശം 20 ലക്ഷം രൂപ ഇനിയും പിരിഞ്ഞു കിട്ടുവാൻ ബാക്കിയാണ്. തന്മൂലം സ്വന്തം ഫണ്ടിൽ നിന്നും വായ്പ നൽകുന്നതിന് സംഘത്തിനുപ്രയാസം നേരിടുന്നു. കേരള സർക്കാർ, നബാർഡിൻെറ വായ്പാ വിതരണത്തിൻെറ മാറ്റത്തെ സംബന്ധിച്ച് നിർബന്ധമായും ചർച്ച ചെയ്യപ്പെട്ട് അനുകൂലമായ തീരുമാനത്തിലെത്തേണ്ടതുമാണ്. മധ്യകാല, ദീർഘകാല വായ്പകൾ താരതമ്യേന കുറവാണ്. ആയത് വിപുലപ്പെടുത്താവുന്നതും, റബ്ബർ, ഔഷധസസ്യങ്ങൾ എന്നിവക്ക് വളരെ സാധ്യതകളുള്ള ഈ പഞ്ചായത്തിൽ അത്തരം സംരംഭങ്ങൾ സംഘം മുഖേന വായ്പകൾ ലഭ്യമാക്കേണ്ടതുമാണ്. സെറികൾച്ചർ, തേനീച്ച വളർത്തൽ എന്നിവ പുതിയ തൊഴിൽ സംരംഭമേഖലയാണ്. പ്രത്യേകിച്ചും വനിതകൾക്ക്; വായ്പാസൗകര്യവും, പരിശീലനവും നൽകുന്നതുവഴി അത്തരം മേഖല കൂടി പുഷ്ടിപ്പെടുത്താവുന്നതാണ്.

### വിവിധരംഗങ്ങളിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ:

### കാർഷികമേഖല:-

1. 30-6-96ൽ വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് ഏകദേശം 18 ലക്ഷം രൂപ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. നഷ്ടം നികത്താതെ പ്രവർത്തനം വിപുലീകരിക്കുക സാധ്യമല്ല. പിരിഞ്ഞുകിട്ടുവാൻ 19 ലക്ഷം രൂപ ബാക്കിയുണ്ട്. ഇത് സൂചിപ്പിക്കുന്നത് കുടിശ്ശിക പിരിച്ചെടുത്താൽ തന്നെ സംഘം ലാഭത്തിൽ പ്രവർത്തിപ്പിക്കാം എന്നതാണ്. ആയതിനാൽ, ഈ രംഗത്തും പ്രവർത്തനമേഖല പുതിയ പുതിയ വഴികളിലേക്ക് ദീർഘിപ്പിച്ച് പൊതുവെ പഞ്ചായത്തിൻെറ ധനകാര്യസ്ഥാപനങ്ങളുടെ സിരാകേന്ദ്രം എന്നനിലക്ക് പ്രവർത്തിക്കേണ്ടതിന് മുഴുവൻ ജനങ്ങളുടെയും പരിപൂർണ്ണ പിന്തുണ അത്യന്താപേക്ഷിതമാണ്.

2. കൊപ്രസംഭരണം, റബ്ബർ സംഭരണം എന്നിവ വിപുലീകരിക്കുക.

3. കാർഷിക വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് വായ്പാനടപടികൾ വിപുലീകരിക്കുക.

4. വനഭൂമിയും, കയ്യേറ്റപ്രദേശങ്ങളും കൂടുതലാണ് പഞ്ചായത്തിൽ ആയതിനാൽ പട്ടയം ലഭിക്കാത്തവർക്കുകൂടി വായ്പാസൗകര്യം ലഭ്യമാക്കുന്നതിന് ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

5. കൃഷി വായ്പകളിൽ രാസവളം ഒഴിവാക്കി, ജൈവവളം ലഭ്യമാക്കേണ്ടതാണ്.

6. നബാർഡിൽ നിന്നുമുള്ള പുനൽർവായ്പാ സൗകര്യം ലഭ്യമാക്കണം.

7. കൊപ്ര, റബ്ബർ എന്നിവയുടെ സംസ്കരണവുമായി ബന്ധപ്പെട്ടപ്രവർത്തനങ്ങൾ തുടങ്ങേണ്ടതാണ്. ആയതിന് ICDP - NCDP - ജില്ലാ ബാങ്കുകളുമായി ബന്ധപ്പെട്ട് ഗോഡൗൺ തുടങ്ങിയ ഏർപ്പാടുകൾക്ക് ചുരുങ്ങിയ പലിശനിരക്കിൽ വായ്പകൾ ലഭ്യമാണ്.

### ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

1. എല്ലാ വാർഡിലും ക്ഷീരവ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ലഭിക്കുന്നതോടുകൂടി പാൽ സംഭരണം തീവ്രത കൈവരുന്നതും, പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി വരുന്ന പാൽ സംസ്കരിക്കുന്നതിനും, പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും പഞ്ചായത്തുതലത്തിൽ വിപണനം നടത്തുന്നതിനും വേണ്ടസൗകര്യം അഞ്ചുവർഷത്തിനുള്ളിൽ ഉണ്ടാക്കണം.

2. കാലിത്തീറ്റ, കറവുമാട് എന്നിവയുടെ വിതരണം കാര്യക്ഷമമായി നടപ്പാക്കണം.

3. ക്ഷീരവികസനത്തിന് ലഭ്യമാകുന്ന ധനസ ഹായങ്ങൾ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യ ണം.

4. ചെമ്പുചിറയിൽ ഒരു ക്ഷീരവ്യവസായ സഹ കരണ സംഘം തുടങ്ങുക.

**മറ്റു നിർദ്ദേശങ്ങൾ**

1. നിലവിലുള്ള വനിതാസഹകരണ സംഘ ങ്ങളുടെ പ്രവർത്തനം ഏകോപിച്ച് എല്ലാ വാർ ഡിൽനിന്നും 15 പേരുടെ ഓരോ യൂണിറ്റുണ്ടാക്കി തയ്യൽ, തേനീച്ച വളർത്തൽ, മുട്ടക്കോഴി, സോപ്പ്, മെഴുകുതിരി, കറിപൗഡർ, അച്ചാർ എന്നിവയിൽ പരിശീലനം നടത്തി അവരെ അംഗങ്ങളാക്കി ചേർത്ത് പ്രവർത്തനം വിപുലീകരിച്ച് തൊഴിൽ സാധ്യത വർ ദ്ധിപ്പിക്കണം. കൂടാതെ, പഞ്ചായത്തുതലത്തിൽ വനി തകളുടെ ഒരു കൂട്ടായ്മക്കും ഇതു വഴിയൊരുക്കുന്നു.

2. പരമ്പരാഗത കൈത്തൊഴിൽ വ്യവസായങ്ങ ളായ, കുട്ടനെയ്ത്, പനമ്പ്, ചൂരൽ, പായ മുതലായവ ഹരിജൻ സഹകരണസംഘങ്ങളുടെ പ്രവർത്തന ങ്ങളിൽ കൊണ്ടുവരണം. പഞ്ചായത്തിൽതന്നെ അവർക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കു ന്നതിന് ഏർപ്പാടുണ്ടാക്കണം. ബാംബൂ കോർപ്പറേഷ നുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ഒരു സബ്ഡെപ്പോ തുടങ്ങുന്നതിന് ഏർപ്പാടുണ്ടാക്കണം.

3. റബ്ബർ, തെങ്ങിൻതടികൊണ്ടുള്ള കരകൗശല വസ്തുക്കൾ, ചകരിനാര് എന്നിവക്ക് പഞ്ചായത്തുത ലത്തിൽ ഒരു സഹകരണസംഘം ഉണ്ടാകണം.

4. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ സംഭരണത്തിനും, വിതരണത്തിനും, സംസ്കര ണത്തിനും ഒരു സഹകരണ സംഘം രൂപീകരിക്കുക.

5. ഇപ്പോൾ ക്വാറികൾ നടക്കുന്നത് സ്വകാര്യ ഉടമസ്ഥതയിലാണ്. സർക്കാരിൻെറ അനുമതിയോ ടുകൂടി സഹകരണ രംഗത്ത് ഒരു ക്വാറി തൊഴിലാളി സഹകരണസംഘം തുടങ്ങാവുന്നതും, ധാരാളം പേർക്ക് തൊഴിൽ നൽകാവുന്നതുമാണ്.

6. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വനി തകളും ബീഡിതെറുപ്പുമായി ബന്ധപ്പെട്ടുപ്രവർത്തി ക്കുകയാണ്. ഒരു ബീഡി തൊഴിലാളി സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീക രിക്കേണ്ടതാണ്.

7. ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ടി സംഘങ്ങ ളിലെ അംഗങ്ങൾക്ക് കാർഷിക വായ്പനൽകുമ്പോൾ മുൻഗണന നൽകേണ്ടതാണ്.

8. കൊടകര ബ്ലോക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുക.

9. ഭവനനിർമ്മാണ സഹകരണസംഘം തുട ങ്ങുക. താഴ്ന്ന വരുമാനക്കാർക്ക് ലഭിക്കുന്ന സാമ്പ ത്തിക സഹായം സംഘം മുഖേന നൽകാവുന്നതാണ്.

10. നിർത്തലാക്കിയ ഇൻററസ്റ്റ് സബ്സിഡി പുനരാരംഭിക്കുക.

**തൊഴിൽ ലഭ്യത / സാധ്യത**

വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണബാങ്ക് കൊപ്രസംഭരണം, റബ്ബർ സംഭരണം ആയതിൻെറ സംസ്കരണവുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കു ന്നപക്ഷം പ്രത്യക്ഷത്തിൽ 10 പേർക്കും പരോ ക്ഷമായി 100-ൽ അധികം പേർക്കും തൊഴിൽ ലഭിക്കാവുന്നതാണ്.

ഒരു ക്ഷീര സംസ്കരണ യൂണിറ്റ് തുടങ്ങു ന്നപക്ഷം 100നു താഴെ കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം ഉണ്ടാക്കുവാൻ സഹായകമാകും.

പരമ്പരാഗത തൊഴിലിനെ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തുമ്പോൾ പരോ ക്ഷമായി ഏകദേശം 200 കുടുംബങ്ങളുടെ ജീവിത മാർഗ്ഗമായി മാറ്റപ്പെടുത്തുന്നതാണ്.

പച്ചക്കറി, ഭവന നിർമ്മാണ സഹകരണ സംഘം എന്നിവ തുടങ്ങുക വഴി ഒരു പരിധിവരെ തൊഴിൽ സാധ്യതകൾ ഉണ്ടാകുവാൻ സാധിക്കു മെന്നത് തർക്കമറ്റ വിഷയമാണ്.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി മറ്റത്തൂർ പഞ്ചായത്തിലെ 15 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച റിപ്പോർട്ട് ക്രോഡീകരിച്ച നിർദ്ദേ ശങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ പറയുന്നതരത്തിൽ നടപ്പിലാക്കുമ്പോൾ ഈ പഞ്ചായത്തിലെ കാർഷികരംഗത്തും, സാമ്പത്തി കരംഗത്തും ഒരു സമൂലമായ മാറ്റം ഉണ്ടാകുവാൻ വഴിയൊരുക്കും എന്നത് നിസ്സർക്കമായ വിഷയമാണ്.

## പട്ടിക - 1. കാർഷിക വായ്പാസംഘങ്ങൾ

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ചവർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം (000) | കടം (000) | നിക്ഷേപം (000) | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭം - നഷ്ടം | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം (000) | നഷ്ടം (000) | |
| 1 | വെള്ളികുളങ്ങര സർവ്വീസ് സഹകരണ സംഘം - 425 | M.E 8.8.1115 | മറ്റത്തൂർ പഞ്ചായത്ത് 2,4 മുതൽ 15 കൂടി | 8472 | 765 | 1700 | 1880 | 1084 | 616 | | | 3300 | 12 |
| 2 | ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് ആർ - 197 | 1961 | മറ്റത്തൂർ പഞ്ചായത്തിലെ 14,15 വാർഡുകൾ | 4657 | 1058 | 3118 | 2647 | 1186 | 1932 | | | | |
| 3 | കൊടകര ഫാർമേഴ്സ് സഹകരണ ബാങ്ക് ആർ - 761 | M.E 8.11.1099 | മറ്റത്തൂർ പഞ്ചായത്തിലെ 1,2,3 വാർഡുകൾ | 6659 | 1582 | 2236 | 2410 | 1392 | 844 | | | | |

# 5.11. ആ. പട്ടികജാതിക്ഷേമം

*"അധികാരം കൊയ്യണമാദ്യം നാം*
*അതിനുമേലാകട്ടെ പൊന്നാര്യൻ"*

വിസ്തൃതിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു പഞ്ചായത്താണിത്. ആകെയുള്ള പതിനഞ്ച് വാർഡുകളിലായി നാലായിരത്തി അറന്നൂറ്റി മുപ്പത്തിയാറ് പട്ടികജാതി അംഗങ്ങളുണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 11.07 ശതമാനമാണ്. ഇവരിൽ രണ്ടായിരത്തി ഒരുനൂറ്റി എൺപത്തി മൂന്ന് പുരുഷന്മാരും (2183) രണ്ടായിരിത്തി നാനൂറ്റയമ്പത്തി മൂന്ന് (2453) സ്ത്രീകളുമാണ്. ഇവരിൽ ഭൂരിഭാഗവും പഞ്ചായത്തിനകത്തെ ഇരുപത്തിമൂന്ന് (23) കോളനികളിലായാണ് നിവസിക്കുന്നത്.

സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന ഇക്കൂട്ടർ വിദ്യാഭ്യാസപരമായും പിന്നോക്കം തന്നെ. ഭൂപരിഷ്ക്കരണത്തോടെ പാർപ്പിടം താമസം എന്നീ മേഖലകളിൽ ഒരു പരിധിവരെ മാററം വന്നെങ്കിലും ഇന്നും ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ പിന്നോക്കക്കാരാണ്. അതുകൊണ്ടുതന്നെ അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിലും അവയ്ക്ക് പരിഹാരം കാണുന്നതിലും അടിയന്തിര ശ്രദ്ധയാവശ്യമാണ്.

ഗവൺമെൻറിൽ നിന്നും വളരെയേറെ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിൻെറ ഉന്നതിക്കായി നൽകുന്നുണ്ടെങ്കിലും പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പദ്ധതികളിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകളും പലപ്പോഴും ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്നില്ല. അതുകൊണ്ട് ഈ പശ്ചാത്തലത്തിൽ വേണം പട്ടികജാതി അംഗങ്ങളുടെ പ്രശ്നങ്ങൾ നോക്കിക്കാണേണ്ടതും അവയ്ക്ക് പരിഹാരം നൽകേണ്ടതും. പഞ്ചായത്തിൽ സജീവമായി സംഘടിപ്പിക്കപ്പെട്ട വിശേഷാൽ 'ഗ്രാമസഭകളിൽ 450 ഓളം (നാനൂറ്റമ്പത്) പട്ടികജാതി അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. ഇത് മൊത്തം പട്ടികജാതി അംഗങ്ങളുടെ ഏകദേശം പത്തുശതമാനത്തോളമാണ്. അവർ ഉന്നയിക്കപ്പെട്ട വിവിധങ്ങളായ ആവശ്യങ്ങളും നിർദ്ദേശങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

കുടിവെള്ളം, വൈദ്യുതി, പൈർപ്പിടം, കക്കൂസ്, റോഡ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളില്ലാത്ത സങ്കേതങ്ങളിൽ അവ ഏർപ്പെടുത്താൻ അടിയന്തിരമായി ശ്രദ്ധിക്കണം.

ലംപ്സം ഗ്രാൻറ്, സ്കോളർഷിപ്പ്, സ്റ്റൈപ്പൻറ് എന്നിവ കാലോചിതമായി പരിഷ്കരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക. ഇന്ന്എഴുപത്തഞ്ച് ശതമാനം മാർക്കു നേടുന്നവർക്കാണ് സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് അറുപത് ശതമാനമാക്കി ചുരുക്കുകയും അർഹരായ എല്ലാവർക്കും ഇത് ലഭ്യമാകുന്നുവെന്നും ഉറപ്പുവരുത്തുക.

മറ്റത്തൂർ പഞ്ചായത്തിനെ ICDS പദ്ധതിയിൽ ഉൾപ്പെടുത്തുക

ഹരിജൻ ബാലവാടികൾ അംഗൻവാടികൾ മഹിളാസമാജങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക.

പട്ടയമില്ലാത്ത അർഹരായവരെ കണ്ടെത്തി പട്ടയം വിതരണം ചെയ്യാനും പുനരധിവസിപ്പിക്കാനും പദ്ധതിയുണ്ടാക്കുക.

പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്തിടത്ത് അതിനുള്ള സൗകര്യമേർപ്പെടുത്തുക.

നിരക്ഷരത നിർമ്മാർജനം ചെയ്യാൻ പദ്ധതിയാവിഷ്കരിക്കുക.

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ ഈ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്യുക. (സഹകരണാടിസ്ഥാനത്തിൽ)

എല്ലാവിധ പെൻഷൻ പദ്ധതികളും അർഹരായവർക്ക് യഥാക്കാലം നൽകാനും തുകവർദ്ധിപ്പിക്കാനും ഏർപ്പാടുണ്ടാക്കുക.

മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുയും തുക ലഭ്യമാക്കാനുള്ള കാലതാമസം ഒഴിവാക്കുയും ചെയ്യുക.

മിശ്രവിവാഹിതർക്ക് സാമൂഹ്യസമത്വവും സംരക്ഷണവും ഉറപ്പുവരുത്തുക.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ കാലാവധി കഴിഞ്ഞ ഭവനവായ്പ, കാർഷിക വായ്പ എന്നിവ തള്ളിക്കളയുക.

ഗവ. വായ്പകൾ ലളിതമായ ഉപാധികളോടെ നടപ്പിലാക്കുക

മഹിളാസമാജങ്ങൾ വഴി കുട്ടികൾക്കും അമ്മമാർക്കും പോഷകാഹാരം വിതരണം ചെയ്യാൻ നടപടിയെടുക്കുക

സങ്കേതങ്ങളിൽ അഗ്രോസർവ്വീസ് സെൻറർ അല്ലെങ്കിൽ കമ്മ്യൂണിറ്റി സെൻറർ സ്ഥാപിക്കുക.

I.H.D.P. കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും കാലാവധി നീട്ടുകയും ചെയ്യുക.

ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശ്മശാനത്തിന് സംവിധാനമുണ്ടാക്കുക.

പൊതുകളിസ്ഥലം, ടി.വി. സെൻറർ, വായനശാല എന്നിവ സ്ഥാപിക്കുക.

മലയോര കോളനികളിലേക്കുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം.

മാങ്കുറ്റിപ്പാടത്ത് - ശ്മശാനം, ഖാദികേന്ദ്രം എന്നിവിടങ്ങളിലേക്ക് പോകുന്നിടത്ത് പാലം പണിയുക.

വീടുവെയ്ക്കാനുള്ള ധനസഹായവും കക്കൂസിൻെറ ഗ്രാൻറും വർദ്ധിപ്പിക്കുക.

കോളനികളിൽ മണ്ണൊലിപ്പുതടയുന്നതിന് പദ്ധതികളേർപ്പെടുത്തുക.

പതിനാറുവയസ്സിൽ താഴെയുള്ള കുട്ടികളുടെ അദ്ധ്വാനം ചൂഷണം ചെയ്യുന്നവരെ കർശനമായി ശിക്ഷിക്കുക.

ഒരു കുടുംബത്തിലെ ഒരംഗത്തിനെങ്കിലും ജോലി ഉറപ്പുവരുത്തുക.

പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ട നടപടികളെടുക്കുക, ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

മാരകരോഗങ്ങൾ പിടിപെട്ട് അവശരായവർക്ക് ധനസഹായം ലഭ്യമാക്കുക.

നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിറുത്തുന്നതിനും പദ്ധതിയാവിഷ്കരിക്കുക. ഇതിനുള്ള സ്ഥലം വാർഡുകളിൽ കണ്ടെത്തുന്നതിനും നിർമാണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും സാധിക്കും.

കലാകായിക മത്സരങ്ങൾ വാർഡുതലത്തിൽ സംഘടിപ്പിക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യുക.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധരിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും ചെയ്യുക.

വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണസംഘത്തിൻെറ ശാഖ കോടാലിയിലോ മൂന്നുമുറിയിലോ സ്ഥാപിക്കുക.

പട്ടകജാതി സർവ്വീസ് സഹകരണ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

ബസ് സർവ്വീസില്ലാത്തിടത്തേക്ക് പുതിയ സർവ്വീസ് ആരംഭിക്കുകയും ഉള്ളവ കാര്യക്ഷമമാക്കുകയും ചെയ്യുക.

കാവനാട് കോളനിയെ കൊടകരയുമായി ബന്ധിപ്പിക്കുന്ന പാലം റെഗുലേറ്റർ-കം-ബ്രിഡ്ജ് ആക്കുക.

ആറ്റപ്പിള്ളി ഇറിഗേഷൻ റെഗുലേറ്റർ - കം - ബ്രിഡ്ജാക്കുക.

അഞ്ച് പട്ടികജാതി കുടുംബങ്ങൾക്ക് വീതം ഓരോ ചെറുകിട വ്യവസായ യൂണിറ്റാരംഭിക്കുക.

ജെം കട്ടിങ് യൂണിറ്റിലെ ഉപഭോക്താക്കളുടെ ബാങ്കുവായ്പ എഴുതിത്തള്ളുക.

അർഹരായ എല്ലാവർക്കും തൊഴിലില്ലായ്മ വേതനം നൽകുക.

കോളനികളുടെ പരിധിയിൽ വരുന്ന പാറമടകൾ സഹകരണ മേഖലയിലാക്കി തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുക.

തൊഴിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവർക്ക് വായ്പകൾ ലഭ്യമാക്കുക.

പഞ്ചായത്തിൽ ആകെയുള്ള കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും മറ്റുവിവരങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

| നമ്പർ | അംഗീകൃത കോളനികൾ | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | കാവനാട് | III | 154 |
| 2 | പാപ്പാളിപ്പാടം | II | 28 |
| 3 | കടമ്പോട് മോനൊടി | VII | 48 |
| 4 | കിഴക്കേ കോടാലി | X | 45 |
| 5 | മുരിക്കിങ്ങൽ | XI | 65 |
| 6 | അന്നാമ്പാടം | XIII | 25 |
| 7 | ചെമ്പുചിറ | XV | 42 |
| 8 | നാഡിപ്പാറ | XV | 85 |
| 9 | ആലുക്കപ്പാടം | XV | 66 |

പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം പിന്നോക്കമാണെന്ന് സൂചിപ്പിച്ചിട്ടുണ്ടല്ലോ. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ നിന്ന് ലഭിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നതിതാണ്.

## പട്ടിക - 1

| ക്രമനമ്പർ | വിദ്യായങ്ങളുടെ പേര് | മാനേജ്മെൻറ് | ആകെ കുട്ടികൾ | ആധ്യാപകർ | അതിൽ ആണ് | പെണ്ണ് |
|---|---|---|---|---|---|---|
| 1 | P.C.G.H.S. വെള്ളിക്കുളങ്ങര | സ്വകാര്യം | 1285 | 31 | — | 31 |
| 2 | S.K.H.S. മറ്റത്തൂർ | " | 1474 | 55 | 11 | 44 |
| 3 | G.H.S. ചെമ്പുചിറ | സർക്കാർ | 1045 | 35 | 8 | 27 |
| 4 | വിമല ഹൈസ്ക്കൂൾ, വെള്ളിക്കുളങ്ങര | അൺ എയ്ഡഡ് | 240 | 9 | 2 | 7 |
| 5 | G.U.P.S. വെള്ളിക്കുളങ്ങര | സർക്കാർ | 452 | 16 | 3 | 13 |
| 6 | G.U.P.S. ലൂർദ്ദുപുരം | " | 324 | 12 | 6 | 6 |
| 7 | S.N.V.U.P.S. മൂലംകുടം | സ്വകാര്യം | 426 | 18 | 3 | 15 |
| 8 | St. ജോസഫ്സ് U.P.S.മറ്റത്തൂർ | " | 451 | 17 | 3 | 14 |
| 9 | St. ആൻസ് U.P.S. കോപ്ലിപ്പാടം | " | 597 | 10 | 0 | 10 |
| 10 | G.L.P.S. കോടാലി | സർക്കാർ | 463 | 13 | 1 | 12 |
| 11 | A.L.P.S. കടമ്പോട് | സ്വകാര്യം | 225 | 8 | 3 | 5 |
| 12 | G.L.P.S. മറ്റത്തൂർ | സർക്കാർ | 334 | 8 | 2 | 6 |
| | ആകെ | | 7316 | 232 | 42 | 190 |

## പട്ടിക ജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്ഥിതിവിവര കണക്ക്

| ക്രമനമ്പർ | വിദ്യാലയത്തിൻെറ പേര് | ആകെ SC/ST | | തോറ്റുപഠിക്കുന്നവർ SC/ST | | മറ്റുള്ളവർ | | പഠനം നിർത്തിയവർ SC/ST | | മറ്റുള്ളവർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആണ് | പെൺ | ആൺ | പെൺ |
| 1 | P.C.G.H.S. വെള്ളിക്കുളങ്ങര | 13 | 74 | 2 | 3 | | | | | | |
| 2 | S.K.H.S. മറ്റത്തൂർ | 110 | 98 | 23 | 8 | 91 | 28 | 7 | 0 | 63 | 6 |
| 3 | G.H.S. ചെമ്പുചിറ | 83 | 91 | 22 | 8 | 36 | 25 | 4 | 8 | 3 | 4 |
| 4 | വിമല ഹൈസ്ക്കൂൾ, വെള്ളിക്കുളങ്ങര | 7 | 0 | | | | | | | | |
| 5 | G.U.P.S. വെള്ളിക്കുളങ്ങര | 43 | 56 | 5 | 4 | 23 | 10 | 1 | – | 4 | 4 |
| 6 | G.U.P.S. ലൂർദ്ദുപുരം | 27 | 26 | 6 | 1 | 19 | 9 | – | – | – | – |
| 7 | St. ജോസഫ്സ് U.P.S. മറ്റത്തൂർ | 24 | 19 | 8 | 0 | 40 | 14 | | | | |
| 8 | S.N.V.U.P.S. മൂലംകുടം | | | | | | | | | | |
| 9 | G.L.P.S. കോടാലി | 30 | 34 | 3 | 2 | 15 | 9 | – | – | – | – |
| 10 | G.L.P.S. മറ്റത്തൂർ | 22 | 15 | 5 | 1 | 9 | 5 | 1 | 0 | 1 | 1 |
| 11 | A.L.P.S. കടമ്പോട് | 26 | 23 | 2 | 4 | 8 | 3 | – | – | 1 | 1 |
| 12 | St. ആൻസ് U.P.S. കോപ്ലിപ്പാടം | | | | | | | | | | |

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം സെൻറ് | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബ് | ലൈബ്രറി പുസ്തകങ്ങൾ | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ | കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ.എച്ച്.എസ്. ചെമ്പുചിറ | 301 | ഉണ്ട് | ഇല്ല | ഇല്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 8 ക്ലാസ്സ്മുറികൾ പണിയണം |
| 2 | എസ്.കെ.എച്ച്.എസ്. മറ്റത്തൂർ | 450 | ഉണ്ട് | ഉണ്ട് | ഉണ്ട് | 7,476 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 3 | പി.സി.ജി.എച്ച്.എസ്. വെള്ളിക്കുളങ്ങര | 350 | ഉണ്ട് | ഉണ്ട് | ഉണ്ട് | 6,089 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 4 | വിമല ഹൈസ്ക്കൂൾവെള്ളിക്കുളങ്ങര | 350 | ഉണ്ട് | ഉണ്ട് | ഇല്ല | 300 | ഉണ്ട് | ഉണ്ട് | — | ഇല്ല | ഉണ്ട് | ഉണ്ട് | |
| 5 | ജി.യു.പി.എസ്. വെള്ളിക്കുളങ്ങര | 106 | ഉണ്ട് | ഉണ്ട് | ഇല്ല | 125 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | കക്കൂസ്,മൂത്രപ്പുരഅറ്റകുറ്റപ്പണിനടത്തണ |
| 6 | ജി.യു.പി.എസ്. ലൂർദ്ദ്പുരം | 105 | ഉണ്ട് | ഉണ്ട് | ഇല്ല | — | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മൂത്രപ്പുര വലുതാക്കണം, ഒരു കക്കൂസ് വേണം |
| 7 | സെ. ജോസഫ്.യു.പി.എസ്. മറ്റത്തൂർ | | ഉണ്ട് | ഉണ്ട് | ഇല്ല | 3,407 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 8 | എസ്.എൻ.വി.യു.പി.എസ്. മൂലംകുടം | | ഉണ്ട് | ഉണ്ട് | ഇല്ല | — | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 9 | ജി.എൽ.പി.എസ്. കോടാലി | 118 | ഉണ്ട് | ഉണ്ട് | ഇല്ല | — | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | അറ്റകുറ്റപ്പണി നടത്തണം. പടിഞ്ഞാറുവശം മതിൽ കെട്ടണം |
| 10 | സെൻറ് ആൻസ് കോപ്ലിപ്പാടം | 150 | ഉണ്ട് | ഇല്ല | ഇല്ല | — | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 11 | ജി.എൽ.പി.എസ്. മറ്റത്തൂർ | 108 | ഉണ്ട് | ഉണ്ട് | ഇല്ല | — | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മൂത്രപ്പുര അറ്റകുറ്റപ്പണി നടത്തണം |
| 12 | എ.എൽ.പി.എസ്. കടമ്പോട് | 100 | ഉണ്ട് | ഇല്ല | ഇല്ല | — | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |

പട്ടിക കാണുക.

| നമ്പർ | അംഗീകരിക്കേണ്ട സങ്കേതങ്ങൾ | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | മറ്റത്തൂർ | I | 18 |
| 2 | ചുങ്കാൽ | II | 22 |
| 3 | ചുങ്കാൽ O.L.H | III | 16 |
| 4 | അവിട്ടപ്പിള്ളി | IV | 22 |
| 5 | തേവർപാടം - ചാഴിക്കാട് | IV | 30 |
| 6 | ഒമ്പതുങ്ങൽ | V | 26 |
| 7 | മാങ്കുറ്റിപ്പാടം O.L.H | V | 12 |
| 8 | മാങ്കുറ്റിപ്പാടം | VI | 46 |
| 9 | വെള്ളിക്കുളങ്ങര | VIII | 49 |
| 10 | കോടാലി സെൻറർ | XII | 22 |
| 11 | കോരേച്ചാൽ | XIII | 15 |
| 12 | ചെമ്പുചിറ | XIV | 15 |
| 13 | നൂലുവള്ളി | XV | 13 |

തോൽക്കുന്ന കുട്ടികൾ പഠനം നിറുത്തുകയും കൂടുതൽ കുട്ടികൾ തോൽക്കുയും ചെയ്യുന്ന പ്രവണത കാണുന്നുണ്ട്. ഇത് പരിഹരിക്കാൻ രക്ഷാകർത്താക്കളെ ബോധവത്ക്കരിക്കേണ്ടതാവശ്യമാണ്. ഇതിനെല്ലാമുപരി 10-ാം ക്ലാസ്സ് കഴിയുന്നതോടെയോ പ്രീഡിഗ്രി കഴിയുന്നതോടെയോ ഭൂരിപക്ഷവും പഠനം നിറുത്തുകയാണ് ഈയവസ്ഥയ്ക്കും പരിഹാരം കാണേണ്ടതുണ്ട്. ഇതിനായി ജില്ലയിലെ പട്ടികജാതി വികസനവകുപ്പിൻെറ കീഴിലുള്ള വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങൾ പഞ്ചായത്തിൽ പൂർണമായി നടപ്പിലാക്കാൻ ശ്രമിക്കണം. കോളേജ് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ ധനസഹായം, ഉയർന്ന മാർക്കോടെ 4-ാം ക്ലാസ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ബോർഡിഗ് സൗകര്യം തുടങ്ങിയ പദ്ധതികൾ ഇക്കൂട്ടത്തിലുണ്ട്.

തൊഴിൽമേഖലയിലും പട്ടികജാതി വിഭാഗത്തിൻെറ പ്രത്യേക ദൗർബല്യങ്ങൾ കാണാനുണ്ട്. ഭൂരിഭാഗം ആളുകളും കാർഷിക മേഖലയെയാണ് ആശ്രയിക്കുന്നതെന്നാണിതിനു കാരണം. കാർഷിക മേഖലയുടെ തകർച്ച ഇവരുടെ തൊഴിൽ ദിനങ്ങളും അപഹരിക്കുന്നു. കൂടാതെ ഇവർ അയൽ പഞ്ചായത്തുകളിൽപ്പോയി കളിമൺമേഖലയിലെ തൊഴിലുകളേയും അമിതമായി ആശ്രയിക്കുന്നുണ്ട്. ഇതും നിരവധി പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. സ്ത്രീകളുടെ ആരോഗ്യത്തേയും അവരുടെ ജീവിത സംവിധാനത്തേയും ഇത് പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ ഇത് ഒരു പ്രത്യേക കാലത്തിൽ മാത്ര മൊതുങ്ങി നിൽക്കുന്നു. അതുകൊണ്ട് ഇവരുടെ തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും പഞ്ചായത്തിനകത്തുതന്നെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

## ചില നിർദ്ദേശങ്ങൾ

### വ്യക്തിഗത പദ്ധതി

ഗവൺമെൻറിൻെറ പുതിയ വ്യവസായ നയത്തിനനുസൃതമായി പട്ടികജാതി വികസനകോർപ്പറേഷൻ ആവിഷ്ക്കരിച്ചിരിക്കുന്ന വ്യവസായ പദ്ധതികൾ നടപ്പിലാക്കുക.

### പരിശീലനപദ്ധതികൾ

കോർപ്പറേഷൻ നടപ്പിലാക്കുന്ന ഡ്രൈവിങ്ങ് പരിശീലനം, തുന്നൽ പരിശീലനം, പന്നി-കോഴി-കറവമാട് വളർത്തൽ പരിശീലനം, ബ്യൂട്ടീഷൻ - ഡി.റ്റി.പി., ഇ.ഡി.പി പരിശീലനം എന്നീ പദ്ധിതികളും നടപ്പിലാക്കണം.

പഞ്ചായത്തിൽ IRDP ഗുണഭോക്താക്കളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | SC/ST | സാമ്പത്തിക സഹായം ലഭിച്ച SC/ST | മറ്റുള്ളവർ | സ്ത്രീകൾ |
|---|---|---|---|---|---|
| 1 | 223 | 4 | 4 | 28 | 10 |
| 2 | 214 | 23 | 11 | 23 | 12 |
| 3 | 270 | 80 | 18 | 32 | 14 |
| 4 | 190 | 20 | 8 | 19 | 9 |
| 5 | 242 | 44 | 15 | 39 | 18 |
| 6 | 360 | 66 | 9 | 30 | 10 |
| 7 | 447 | 25 | 17 | 36 | 21 |
| 8 | 328 | 42 | 16 | 44 | 10 |
| 9 | 303 | 10 | 7 | 22 | 5 |
| 10 | 409 | 53 | 8 | 25 | 10 |
| 11 | 216 | 16 | 20 | 35 | 13 |
| 12 | 301 | 30 | 13 | 26 | 10 |
| 13 | 315 | 30 | 18 | 28 | 15 |
| 14 | 265 | 71 | 18 | 27 | 14 |
| 15 | ... | ... | 20 | 37 | 15 |
| | 5147 | 335 | 202 | 451 | 186 |

പട്ടികജാതി സങ്കേതങ്ങളിൽ നിരവധി ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇവയെ പ്രധാനമായും ദാരിദ്രജന്യരോഗങ്ങളെന്നും ജലജന്യരോഗങ്ങളെന്നും രണ്ടായി തിരിക്കാം. പോഷകാഹാരക്കുറവ് ഒരു പ്രധാന പ്രശ്നമാണ്. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകപ്രാധാനമായ ഭക്ഷണത്തിൻെറ അപര്യാപ്തത നിലനിൽക്കുന്നു. പരിസരശുചിത്വവും കോളനികളിലെ പ്രധാന പ്രശ്നമാണ്. മതിയായ സൗകര്യങ്ങളോടുകൂടിയ കക്കൂസ് ഇല്ലാത്തതാണ് ഒരു മുഖ്യപ്രശ്നം. 3-ാം വാർഡും 14-ാം വാർഡും ഇക്കാര്യത്തിൽ ഏറെ ദുരിതമനുഭവിക്കുന്നു. അതുകൊണ്ട് ഓരോ വീടിനും 'ഓരോ കക്കൂസ്' എന്ന ലക്ഷ്യം നിറവേറ്റണം. പ്രശ്നങ്ങളെല്ലാം പരിഹരിച്ച് സമ്പൂർണ ആരോഗ്യഗ്രാമമാക്കി ഈ പഞ്ചായത്തിനെ മാറ്റിയെടുക്കാൻ തീവ്രശ്രമമാവശ്യമാണ്.

പാർപ്പിട പ്രശ്നം വളരെയേറെ പരിഹരിക്കപ്പെടേണ്ടതുണ്ട്. 2000-മാണ്ടോടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയണം. പഞ്ചായത്തിൽ ടെറസ്, ഓട്, ഓല വീടുകളാണുള്ളത്.

18 മുതൽ 50 വയസ്സ് പ്രായമുള്ള സ്വന്തമായി വീടില്ലാത്തവർക്ക് (3 സെൻെറങ്കിലും ഭൂമി ഉള്ളവർ) ഇൻകം ജനറേഷൻ ലിങ്ക്സ് സ്കീം എന്ന പേരിൽ തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

തീവ്ര വികസന സങ്കേത പരിപാടിയിൽ ഉൾപ്പെടുത്തിയ മൂന്നു കോളനിൾ ഈ പഞ്ചായത്തിലുണ്ട്. കടമ്പോട്, അന്നാംപാടം, കാവനാട് എന്നിവയാണവ. ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന കാവനാട് പദ്ധതിയുടെ ഏകദേശ ചിത്രം താഴെച്ചേർക്കുന്നു.

**കൃഷി**

ബയോഗ്യാസ് പ്ലാൻെറ് 5

തെങ്ങിൻ തൈ വിതരണം 400

മണ്ണുസരംക്ഷണം400 മീറ്റർ

ലിഫ്റ്റ് ഇറിഗേഷൻ15 HP മോട്ടോർ

അഗ്രോസർവ്വീസ് സെൻെറർ

ട്രില്ലർ, ത്രെഷർ, സ്പ്രേയർ

മൃഗസംരക്ഷണം

ഡയറി യൂണിറ്റ്4

സങ്കരയിനം കന്നുകിടാരി4

**ഗ്രാമവികസനം/സാമൂഹ്യവികസനം**

IRDP : 4

NWS : 4

Latrine : 3

Auto Driving : 2

മേശ കസേര വിതരണം : 3

വയറിങ് : 18

**ഭൂഗർഭ ജലവകുപ്പ്**

ബോർവെൽ : 1

വൈദ്യുതി 22 എണ്ണം

വാട്ടർ അതോറിറ്റി 3

റോഡ്

പട്ടിക ജാതി വികസനം

ഭവന നിർമ്മാണം : 10

Latrine : 10

പട്ടികജാതി കോളനികളെ സമുദ്ധരിക്കാൻ പഞ്ചായത്തുതലത്തിൽ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപ്പിലാക്കാനും കൈവന്നിരിക്കുന്ന ഈയവസരം പൂർണമായ അർത്ഥത്തിൽ ഉൾക്കൊള്ളേണ്ടതാണ്. ഗ്രാമത്തിൻെറ വികസനത്തിൽ പരമപ്രധാനമായ പങ്കുവഹിക്കാൻ കഴിയുന്ന ഒരു വലിയ ജനവിഭാഗമാണ് ഇവർ. അതുകൊണ്ടുതന്നെ ഇവർക്കുള്ള പദ്ധതികളെക്കുറിച്ച് ബോധം പകരുന്നതിനും വായ്പകളും മറ്റും ലഭ്യമാക്കുന്നതിനുള്ള നിബന്ധനകൾ ലളിതവത്ക്കരിക്കുന്നതിനും നമുക്ക് കഴിയണം.

**ആ. പട്ടികവർഗ്ഗക്ഷേമം**

ഈ പഞ്ചായത്തിൽ മൂന്ന് പട്ടിക വർഗ കോളനികളുണ്ട്. ആനപ്പാന്തം, കാരിക്കടവ്, എരപ്പൻപാറ എന്നിവയാണവ. ഈ മൂന്ന് കോളനികളിലായി മുന്നൂറ്റിപ്പതിനാറംഗങ്ങൾ താമസിക്കുന്നു. ഇതിൽ നൂറ്റയറുപത്തൊന്ന് (161) പുരുഷൻമാരും നൂറ്റിയമ്പത്തിയഞ്ച് (155) സ്ത്രീകളുമാണുള്ളത്. ആകെ 76 കുടുംബങ്ങളാണിവിടെയുള്ളത്. ഇത് മൊത്തം പഞ്ചായത്ത് ജനസംഖ്യയുടെ 0.7% ആണ്.

| നമ്പർ | പേര് | വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ആനപ്പന്തം | 8 | 48 |
| 2 | കാരിക്കടവ് | 8 | 10 |
| 3 | എർപ്പൻപാറ | 8 | 18 |
| | | — | 76 |

*കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക

കോളനികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് പരിഷ്കൃത ജനവിഭാഗങ്ങളുടെ ജീവിത രീതിയും സാഹച

ര്യങ്ങളും അവരിൽ അടിച്ചേൽപ്പിക്കുക എന്നാലും ഉദ്ദേശിക്കുന്നത്. മറിച്ച് അവരുടെ തനതു സംസ്ക്കാരങ്ങളും പാരമ്പര്യവും നിലനിർത്തിക്കൊണ്ട് അവരുടെ ജീവിതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നുവെന്നുറപ്പു വരുത്തുകയാണ് വേണ്ടത്.

* ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുക
* പകർച്ച വ്യാധികളും മറ്റുരോഗങ്ങളും തടയുന്നതിനുള്ള സംവിധാനമുറപ്പുവരുത്തുക
* വിദ്യാഭ്യസ സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
* കുടിവെള്ള ലഭ്യതയുറപ്പുവരുത്തുക

വനവാസികളായ അംഗങ്ങൾ വനത്തിൽ നിന്ന് വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തിയാണ് ഉപജീവനം നടത്തുന്നത്. എന്നാൽ വർഷക്കാലങ്ങളിൽ ഇവർക്ക് ഇങ്ങനെ വിഭവശേഖരണം നടത്തുക അസാദ്ധ്യമായിത്തീരുന്നു. അതുകൊണ്ട് വർഷക്കാലങ്ങളിൽ ഇവർക്കാവശ്യമായ ഭക്ഷ്യവിഭവങ്ങൾ എത്തിച്ചുകൊടുക്കാൻ പദ്ധതിയുണ്ടാക്കണം.

പകർച്ചവ്യാധികളെ തടയുന്നതിനും മറ്റ് രോഗചികിത്സക്കായും മാസത്തിലൊരിക്കൽ ഒരു വിദഗ്ദ്ധസംഘം ഡോക്ടർമാർ കോളനി സന്ദർശിച്ച് പ്രതിരോധ നടപടികളും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. ഇതിൻെറ ഉത്തരവാദിത്തം മറ്റത്തൂർ P.H.C യെ ഏൽപ്പിക്കേണ്ടതാണ്.

ആനപ്പാന്തം കോളനിയിലെ വിദ്യാഭ്യസ സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ഒരു ഏകാധ്യാപക എൽ.പി. സ്ക്കൂൾ കോളനിയിൽ സ്ഥാപിക്കണം. അധ്യാപകനുവേണ്ട സൗകര്യങ്ങൾ കോളനിയിൽ ലഭ്യമാക്കണം. ഇതിലേക്കായി പഞ്ചായത്ത് ഒരു U.P.S.A. യുടെ സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ലഭ്യമാക്കണം. എൽ.പി കഴിഞ്ഞുവരുന്നവർക്ക് തൊട്ടടുത്ത ട്രൈബൽ ഹോസ്റ്റലിൽ ചേർന്ന് പഠിക്കാനവസരമൊരുക്കണം.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കോളനിയോടുചേർന്നുള്ള അരുവിയിൽ ഒരു തടയണ സ്ഥാപിക്കണം.

പഞ്ചായത്തിൻെറ മറ്റുഭാഗങ്ങളുമായി ബന്ധപ്പെടുന്നതിനായി വനത്തിനുള്ളിലുള്ള പുന്നക്കുഴിപ്പാലം നിർമ്മിക്കണം. ഈ കോളനികളിൽ വൈദ്യുതിയെത്തിക്കുക അപ്രായോഗികമായതുകൊണ്ട് ഇവിടെ സൗരോർജ്ജമുപയോഗിച്ചുള്ള വിളക്കുകളും മറ്റുസംവിധാനങ്ങളും സൗജന്യമായി ലഭ്യമാക്കണം. കൂടാതെ വർഷക്കാലത്തേക്കായി ഗ്യാസ്ലൈറ്റുകൾ മണ്ണെണ്ണ മുതലായവ വിതരണം ചെയ്യണം.

ഈ ജനവിഭാഗം ഒരു ചെറു ന്യൂനപക്ഷമാണെങ്കിലും വളരെ പഴക്കമുള്ള സാംസ്ക്കാരിക പൈതൃകത്തിൻെറ ഉടമകളാണെന്നുള്ളതുകൊണ്ട് അവർക്ക് പ്രത്യേക പരിഗണനയും പരിചരണവും ഉറപ്പുവരുത്തേണ്ടതാണെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ?

# 5.12 വിഭവസമാഹരണം

## ഒരു രാജ്യത്തിൻെറ പ്രധാനപ്പെട്ട വിഭവം അവിടത്തെ ജനങ്ങളാണ്

വലിയ ഭൂവിസ്തൃതിയുള്ള കേരളത്തിലെ പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത്. പ്രധാന തൊഴിൽമേഖല കൃഷിയാണ്. പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൽ 40% ഭൂമിയും കൃഷിസ്ഥലമാണ്. എന്നാൽ പത്ത് വർഷമായി നെൽകൃഷിയിൽ മാറ്റം വരുത്തി താമസസ്ഥലമായും, തെങ്ങ് കൃഷിയായും, റബ്ബർ കൃഷിയായും മാറിക്കൊണ്ടിരിക്കുകയാണ്. നെൽകൃഷി കുറയുന്നതിന്, ഉല്പാദനക്ഷമതയുടെ കുറവും, രാസവളത്തിൻേറയും, കീടനാശിനിയുടേയും വർഷം തോറുമുള്ള വിലവർദ്ധനവും, ആവശ്യത്തിന് കർഷകതൊഴിലാളികളെ കിട്ടാത്തതും, കാരണമാണ്.

നമ്മുടെ പഞ്ചായത്തിൽ വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ പ്ളാൻേറഷൻ രംഗത്തെ ഒരു പ്രധാന സ്ഥാപനമായ ഹാരിസൺ മലയാളം പ്ളാൻേറഷൻെറ വളരെകുറച്ച് ഭാഗങ്ങൾ നമ്മുടെപഞ്ചായത്തിൻെറ കിഴക്ക്-വടക്ക് പ്രദേശത്തായി വ്യാപിച്ചുകിടക്കുന്നു. ചെറുകിട വ്യവസായസ്ഥാപനങ്ങളായി, ഏതാനും ഓയൽ മില്ലുകൾ, ക്രഷറുകൾ വിജയ് കാറ്റിൽ ഫീഡ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ എടുത്തുപറയാവുന്നത്. വിസ്തൃതികൊണ്ട് വിശാലവും, തൊഴിൽകൊണ്ട് മുഖ്യമായി കൃഷിയും വ്യാപകമായ നമ്മുടെ പഞ്ചായത്തിൽ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കനുസരിച്ച് ചെറുകിട വ്യവസായസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വന്നിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ പശ്ചാത്തലപ്രവർത്തനങ്ങൾ നടത്തുന്നതിനും, കഴിഞ്ഞിട്ടില്ല. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനും, നമ്മുടെ പഞ്ചായത്തിൻെറ വികസനത്തിനും, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ വളരേണ്ടിയിരിക്കുന്നു. ഇതിന് ആവശ്യമായ വൈദ്യുതിയും വേണ്ടിവരുന്ന സാമ്പത്തികസഹായം കിട്ടുമെന്നുള്ള ഉറപ്പും വ്യവസായ സംരംഭകർക്കാവശ്യമായ വിദഗ്ധ ഉപദേശവും നേടി കൊടുക്കുവാൻ വൈകിക്കൂടാ. മേൽപറഞ്ഞ കാർഷിക-വ്യവസായിക മേഖലയിൽ ഗ്രാമപഞ്ചായത്തിന്ന് ഇടപെടാനായാൽ ഗുണമുണ്ടാകുമെന്ന് ഉറപ്പിച്ച് പറയാൻ കഴിയും.

നേരത്തെ പറഞ്ഞതുപോലെ സ്ഥലവിസ്തീർണ്ണത്തിൻെറ പേരിലായാലും, മൊത്തം ജനസംഖ്യയുടെ പേരിലായാലും, പട്ടികജാതിജനസംഖ്യയുടെ പേരിലായാലും, നമ്മുടെ പഞ്ചായത്തിന് അർഹമായ സാമ്പത്തികസഹായം കിട്ടാറില്ല. ന്യായമായുള്ള വിതരണത്തിന് ജനസംഖ്യാനുപാതികമായ വിതരണം ആവശ്യമാണ്. വർഷങ്ങൾക്കു മുമ്പ് കിട്ടേണ്ട ഗ്രാൻറുകൾ തന്നെ ഭരണാധികാരികളെ സ്വാധീനിക്കുമ്പോൾ വിതരണം ചെയ്യുന്നരീതിയും മാറിയേ പറ്റൂ. ഒരുതരത്തിലുള്ള വിവേചനവും നിലനിർത്താതെ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ ഗ്രാൻറുകൾ പഞ്ചായത്തിന് ഏൽപ്പിക്കാൻ നിയമം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

**കെട്ടിട നികുതി**

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനികുതി പിരിക്കന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. 95-96 ൽ 370516 രൂപയാണ് ഈ ഇനത്തിൽ പിരിഞ്ഞുകിട്ടിയത്. നികുതി ചുമത്തുമ്പോൾ തറ വിസ്തീർണ്ണത്തോടൊപ്പം

**വരുമാനത്തിലെ വ്യതിയാനം**

| | | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 183808 | 202677 | 309600 | 334661 | 370516 |
| 2 | വിനോദ നികുതി | 42456 | 50784 | 58414 | 74206 | 96688 |
| 3 | തൊഴിൽ നികുതി | 114725 | 120005 | 149500 | 180548 | 214130 |
| 4 | പ്രദർശന നികുതി | 4111 | 3934 | 5310 | 7610 | 9168 |
| 5 | ലൈസൻസ് ഫീസ് | 27659 | 27261 | 28188 | 32662 | 29676 |
| 6 | ജെ. ആർ. വൈ ഉപാദിരഹിതഫണ്ട് ഗ്രാൻറ് സംഭാവന | 732774 | 532245 | 357010 | 677749 | 455193 |
| | ചിലവ് | 1394091.40 | 1331577.50 | 1410898.50 | 1619081.20 | 2140755.00 |

ആഡംബരത്ത്വവും വിലകൂടുതലുള്ള വസ്തു ഉപയോഗവും നികുതി ചുമത്തുന്നതിന് അടിസ്ഥാനമാക്കാവുന്നതാണ്. വീടുനിർമ്മാണത്തിലെ പണധൂർത്ത് ഒഴിവാക്കുന്നതിന് സ്ളേബ് സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. വീട്ടു നികുതി ചുമത്തന്നതിൻെറ അടിസ്ഥാനം ഉടമയെ ബോധ്യപ്പെടുത്തുവാൻ ജീവനക്കാർ ശ്രദ്ധിക്കണം. വാടകക്കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി പിരിക്കണം.

**തൊഴിൽ നികുതി**

ഇപ്പോൾ സംഘടിത മേഘലയിൽ മാത്രം പിരിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ നികുതി കച്ചവടക്കാർ, മോട്ടോർ വാഹനങ്ങളിൽ ജോലിചെയ്യുന്നവർ, ലൈസൻസുള്ള എഴുത്തുകാർ പാരലൽ, ട്യൂട്ടോറിയൽ കോളേജ് അദ്ധ്യാപകർ എന്നിവരിൽ നിന്നുകൂടിപിരിക്കാവുന്നതാണ്.

**ലൈസൻസ് ഫീസ്**

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരലൽ കോളേജുകളെ റജിസ്റ്റർ ചെയ്യിക്കേണ്ടതാണ്. ഈ സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ഫീസിനത്തിൽ പ്രതിവർഷം അൽപതു രൂപ ഈടാക്കാവുന്നതാണ്.

**രജിസ്ട്രേഷൻ ഫീസ്**

1. നമ്മുടെ പഞ്ചായത്തിൽ റവന്യു ഡിപ്പാർട്ടുമെൻറ് ഭൂവില നിശ്ചയിച്ചിട്ടുള്ളത് വളരെ കുറവാണ്. ഇതുമൂലവും, രജിസ്ററർ വിലകുറച്ച് കാണിക്കുന്നതുമൂലവും പഞ്ചായത്തിന്ന് ഭീമമായ സംഖ്യയാണ് നഷ്ടം സംഭവിക്കുന്നത്. അതിനാൽ റവന്യു ഡിപ്പാർട്ട്മെൻറ് അന്വേഷണം നടത്തി ഭൂവിലപുതുക്കി നിശ്ചയിക്കുകയും, ആ വിലക്ക് രജിസ്ററർ നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയാൽ പഞ്ചായത്തിൻെറ വരുമാനത്തിൽ ഏറെ വർദ്ധനവ് ഉണ്ടാകും.

2. ഭൂമി കൈമാററം ചെയ്യുമ്പോൾ വാങ്ങുന്നയാളിൽ നിന്നുമാത്രമാണ് ഇപ്പോൾ ഫീസ് ഈടാക്കുന്നത്. ഇതോടൊപ്പം ഭൂമി കൊടുക്കുന്നയാളിൽനിന്നും ആയിരം രൂപക്ക് രണ്ട് രൂപ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണ്. ഈ സംഖ്യ രജിസ്റ്റർ ഓഫീസിൽ വാങ്ങി യഥാസമയം പഞ്ചായത്തിൽ ഒടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. ഈ ഇനത്തിൽ ഏറ്റവും ചുരുങ്ങിയത് 25 രൂപയായി നിജപ്പെടുത്തേണ്ടതാണ്.

**കാർഷിക ആദായ നികുതി**

ഒരു ഹെക്ടറിന് മുകളിൽ നാണ്യ വിള കൃഷി ചെയ്യുന്ന കൃഷിക്കാരിൽനിന്നും പ്രതിവർഷം ഏക്കറൊന്നിന് അൻപത് രൂപ ഈടാക്കാവുന്നതാണ്.

**ധനവായ്പനികുതി**

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ധനകാര്യസ്ഥാപനങ്ങളിൽനിന്നും ടേണോവർ അടിസ്ഥാനപ്പെടുത്തി 0.1% നിരക്കിൽ നികുതി പിരിക്കുക.

2. S.S.I. രജിസ്ട്രേഷനുള്ള ക്രഷർ, മില്ല്, പ്രസ്സ് എന്നിവകളിൽനിന്നും ടേണോവറിൻെറ അടിസ്ഥാനത്തിൽ 2% നികുതി ഈടാക്കുക.

3. പഞ്ചായത്ത് പണികളെടുക്കുന്ന കോൺട്രാക്ടറിൽനിന്നും ആദ്യത്തെ 25000 രൂപയ്ക്ക് അൻപത് രൂപയും തുടർന്ന് വരുന്ന ഓരോ 10000 രൂപക്കും അഞ്ചു രൂപ വീതവും നികുതി ചുമത്താവുന്നതാണ്.

**വാഹന നികുതി**

1. മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ എന്നിവയ്ക്ക് പ്രതിവർഷം 25 രൂപ ഈടാക്കാവുന്നതാണ്.

2. ഈ പഞ്ചായത്തിലെ താമസക്കാരും ഈ പഞ്ചായത്തിൽനിന്നും യാത്ര ആരംഭിക്കുന്ന ബസ്സുകളുടെ ഉടമസ്ഥരിൽനിന്നും ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ എന്നിങ്ങനെ മൂന്നുപേരുടെ ശമ്പളത്തോതനുസരിച്ച് തൊഴിൽ നികുതി ഈടാക്കണം. എന്നതുപോലെ, ഉടമസ്ഥാവകാശകരും, പഞ്ചായത്ത് നിവാസികളുമായി ലോറി ഉടമകളിൽ നിന്നും ഡ്രൈവർ, ക്ലീനർ എന്നിങ്ങനെ രണ്ട് പേരുടെ ശമ്പളത്തോതനുസരിച്ച് നികുതി ഈടാക്കണം. കൂടാതെ മേൽപറഞ്ഞ രീതിയിലുള്ള ടെംബോ ഉടമസ്ഥരിൽനിന്നും ഡ്രൈവറുടെ തൊഴിൽ നികുതിയും പിരിക്കാവുന്നതാണ്.

**മാംസവില്പന നികുതി**

എല്ലാ വാർഡിലും എല്ലാ ആഴ്ചയിലും ഒന്നിലധികം കേന്ദ്രങ്ങളിൽ മാംസവില്പന നടത്തുന്നത് ലൈസൻസ് ഉള്ളവരല്ല. ഇവരെ ലൈസൻസ് എടുപ്പിക്കുന്നതൊടൊപ്പം വിൽക്കുന്ന മാംസത്തിന് തൂക്കത്തിൻെറ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്. 50 കിലോവരെയുള്ള മാംസത്തിന് 10 രൂപയും ആ മൃഗത്തിൻെറ തുടർന്ന് വരുന്ന ഓരോ 50 കിലോക്കും 5 രൂപ ക്രമത്തിലും നികുതി ഈടാക്കാവുന്നതാണ്. മാംസത്തിൻെറ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഇതുവഴി സാധിക്കും.

നായ്ക്കളെ വളർത്തുന്നവർ നിർബന്ധമായും കുത്തിവെയ്പ് നടത്തി ലൈസൻസ് എടുക്കേണ്ടതാണ്. കുത്തിവെയ്പ് നടത്താതെയും ലൈസൻസ് എടുക്കാതെയും നായ്ക്കളെ വളർത്തുന്നവരിൽ

നിന്നും പിഴയായി ചുരുങ്ങിയത് നൂറ് രൂപവരെ ഈടാക്കുകയും, കുത്തിവെയ്പ് നടത്തിച്ച് ലൈസൻസ് എടുപ്പിക്കുകയും ചെയ്യുക.

ദേശീയ സമ്പാദ്യപദ്ധതിയിൽ പഞ്ചായത്തിൽനിന്നും പിരിക്കുന്ന സംഖ്യയുടെ പത്ത് ശതമാനം പഞ്ചായത്തിന് ഗ്രാൻറായി അനുവദിക്കുക.

**ആർഭാടനികുതി**

അഞ്ഞൂറിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ചും അയ്യായിരത്തിലേറെ രൂപ ചിലവഴിച്ചും ആർഭാടം കൂട്ടിയും സദ്യനടത്തുന്ന വ്യക്തികളിൽനിന്നും ചുരുങ്ങിയത് നൂറുരൂപ ആർഭാടനികുതി ഈടാക്കണം.

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിന് ഗ്രാമസഭകളിൽനിന്നും വന്ന നിർദ്ദേശങ്ങൾതന്നെ നടപ്പിലാക്കണമെങ്കിൽ കോടിക്കണക്കിന് രൂപ ആവശ്യമാണ്. ഇതിൽ നമ്മൾക്ക് സമാഹരിക്കാവുന്ന പ്രധാനവിഭവം മനുഷ്യ അദ്ധ്വാനമാണ്. ഭൂരിപക്ഷ വാർഡുകളും വിശേഷാൽ ഗ്രാമസഭാ തീരുമാനത്തിൽ വാർഡിലെ മുഴുവൻ വീട്ടുകാരും വർഷത്തിൽ ഒന്നും രണ്ടും സന്നദ്ധസേവനം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ സ്വാഗതാർഹമായ നിർദ്ദേശം നമ്മുടെ പഞ്ചായത്തിൻെറ പൊതുനിർദ്ദേശമായി അംഗീകരിക്കാം. പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തനത്തിൽ 75%വും പഞ്ചായത്തുറോഡുകളുടെ റിപ്പയറിംങ്ങിനാണ് ചിലവാകുന്നത്. ഇതിൽതന്നെ മുഖ്യഭാഗവും 5000 രൂപ ചിലവഴിച്ചുള്ള പഞ്ചായത്ത് റോഡ് റിപ്പയറിംഗിനാണ് ഉപയോഗിച്ചത്. ഇത്തരം പ്രവർത്തികൊണ്ട് പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്തുപോകുന്നതൊടൊപ്പം വെട്ടിയിട്ടമണ്ണ് മഴക്കാലമായാൽ ഒലിച്ച് പോവുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ ചെമ്മൺപാതകളായ പഞ്ചായത്ത് റോഡുകൾ തദ്ദേശവാസികൾ സന്നദ്ധപ്രവർത്തനം വഴി നടത്തുകയും പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് ആവശ്യമായ എല്ലാ വാർഡിലും നിശ്ചിത ദൂരം സ്ഥിരമായി നിൽക്കാവുന്ന വിധത്തിലുള്ള പ്രവർത്തനം ചെയ്താൽ അതായിരിക്കും ഏറെ ഗുണം.

വികസന സംസ്കാരത്തിൽ വിദ്യാഭ്യാസത്തിൻെറ പ്രസക്തി മനസ്സിലാക്കി 15 വയസ്സിന് താഴെയുള്ളതും, 6 വയസ്സിനു മുകളിലുള്ളതുമായ കുട്ടികളെ സാക്ഷരരാക്കേണ്ടത് നമ്മുടെ കടമയാണ്. ഇത് മനസ്സിലാക്കികൊണ്ട് മേൽസൂചിപ്പിച്ച അധിക വിഭവസമാഹരണത്തിൽനിന്നും ഒരു ശതമാനം ഇവരെ സാക്ഷരരാക്കുവാൻ ഉപയോഗിക്കേണ്ടതാണ്. അധിക വിഭവസമാഹരണത്തിൽ മൂന്ന് ശതമാനം രക്ഷകർത്താക്കളില്ലാത്ത കുട്ടികളുടെ വിദ്യാഭ്യാസ സഹായമായി കൊടുക്കേണ്ടതാണ്. ലോവർ പ്രൈമറി ക്ലാസുകളിലെ കുട്ടികളെ സഹായിക്കുന്നതിനായി അഞ്ച് ശതമാനവും, വിധവകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹാ[illegible]ായി അഞ്ച് ശതമാനവും അധിക വിഭവത്തി[illegible]റും മാറ്റിവെയ്ക്കേണ്ടതായുണ്ട്. ഇപ്പോൾ ഉച്ചകഞ്ഞിക്ക് ഏതാനും മാസത്തെ മാത്രം സഹായം നല്കുന്ന രീതി മാറ്റി കഞ്ഞികൊടുക്കുന്ന മുഴുവൻ ദിവസത്തേക്കും സഹായം നല്കുന്നതിനായി അധികവിഭവസമാഹരണത്തിൻെറ അഞ്ചു ശതമാനം മാറ്റിവെയ്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ ലൈബ്രറിക്ക് അഞ്ച് ശതമാനവും പ്രാദേശിക ലൈബ്രറികൾക്കും, സാംസ്കാരിക സംഘടനകൾക്കുമായി സഹായം ചെയ്യുന്നതിന് പത്തു ശതമാനവും വാർഡ് തലത്തിൽ മത്സരം നടത്തി വിജയികളായവരെ പങ്കെടുപ്പിച്ച് നടത്തുന്ന കേരളോത്സവത്തിന് പത്ത് ശതമാനവും, മുഴുവൻ പ്രദേശങ്ങളേയും പങ്കെടുപ്പിച്ച് വർഷം തോറും ഓരോ വാർഡിൽവച്ച് ഓണാഘോഷം നടത്തുന്നതിന് പതിനഞ്ച് ശതമാനവും, പട്ടികജാതി വികസനത്തിന് ഇരുപത് ശതമാനവും, പിന്നോക്ക വിഭാഗവികസനത്തിന് ഇരുപത് ശതമാനവും അധികവിഭവസമാഹരണത്തിൽനിന്നും ചെലവഴിക്കുന്നത് നന്നായിരിക്കും.

മറ്റത്തൂർ പഞ്ചായത്തിൻെറ പരിമിതമായ സാമ്പത്തിക സ്ഥിതി പട്ടിക വഴി മേൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ അധികവിഭവ ശേഖരണം കൂട്ടായി പ്രവർത്തിച്ചാൽ വിജയിപ്പിക്കാവുന്നതേയുള്ളൂ. നാമതിൽ ആത്മാർത്ഥത കാണിച്ചാൽ മാത്രമേ മേൽപറഞ്ഞ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയൂ എന്ന് പറയേണ്ടതില്ലല്ലോ.

# ഉപസംഹാരം

ഇത്തരമൊരു രേഖ നമ്മുടെ പഞ്ചായത്തിനെപറ്റി ഇതിനുമുമ്പ് എഴുതപ്പെട്ടിട്ടില്ല. ഇതൊരു തുടക്കം മാത്രമാണ്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ശാസ്ത്രീയമായും യുക്തിഭദ്രമായും ഏകോപിച്ച് ചേർക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പല മേഖലകളിലും ഭാവനാസമ്പന്നരും വിദഗ്ദ്ധരുമായവരുടെ അഭാവം ഇതിൻെറ നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഇത് പൂർണ്ണമെല്ലെന്നറിയാം. എന്നാൽ നമ്മുടെ ഗ്രാമസഭകളിൽ പങ്കെടുത്ത മുഴുവൻ പേരുടെയും ആത്മാവിൻെറ അംശങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വികസനം ആഗ്രഹിക്കുന്ന ആർക്കും ഇതിലൊരു പങ്ക് വഹിക്കാനുണ്ട്. ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിന് വേണ്ടി നമ്മെ സഹായിക്കാൻ കഴിയുന്ന ഒരുപാട് വ്യക്തികളും സ്ഥാപനങ്ങളും ഉണ്ട്. ഇപ്പോൾ ജില്ലാകളക്ടർ അദ്ധ്യക്ഷനായിക്കൊണ്ട് പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശപ്രകാരം ഒരു പഞ്ചായത്തുവികസന സമിതി നിലവിലുണ്ട്. കാർഷിക സർവ്വകലാശാലയിലെ ബാങ്കിംഗ് സഹകരണ കോളേജിൻെറ ഡീനാണ് ഇതിൻെറ കൺവീനർ. ഈ സമിതിയുടെ പ്രവർത്തനങ്ങളുമായി നമ്മുടെ ഇനിയുള്ള പ്രവർത്തനങ്ങളെ ബന്ധപ്പെടുത്തേണ്ടതുണ്ട്.

എല്ലാവരുടേയും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും ഈ റിപ്പോർട്ട് സമ്പന്നമാക്കുന്നതിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും ഉണ്ടാകുമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

# മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സാരഥികൾ

പ്രസിഡൻറ് : ശ്രീമതി. വി. വസന്തകുമാരി

വൈസ്പ്രസിഡൻറ് : ശ്രീ. സി.കെ. ദിവാകരൻ

സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ : ശ്രീ. ജോയ് കൈതാരത്ത്

*അംഗങ്ങൾ*

1. ശ്രീ.ടി. കൃഷ്ണൻകുട്ടിനായർ
2. ശ്രീമതി.ലില്ലി സുബ്രൻ
3. ശ്രീ.എം.ജി. കുമാർ
4. ശ്രീമതി.മേരിമാത്യു തോട്ട്യാൻ
5. ശ്രീമതി.മോളി തോമാസ്
6. ശ്രീ.അലക്സ് അബ്രഹാം
7. „എ.കെ. പുഷ്പാകരൻ
8. „ എ.എ. പിയൂസ്
9. „ വി.ഐ. വിശ്വംഭരൻ
10. കുമാരി.കെ.കെ. മണി
11. ശ്രീ.പി.വി. രാവുണ്ണി
12. „എ.കെ. സുകുമാരൻ

ഗ്രാമപഞ്ചായത്ത്
സെക്രട്ടറി - ശ്രീ.ഇ. നാരായണൻ നമ്പൂതിരി

## വികസനരേഖ നിർമ്മാണ സമിതി

ചെയർപേഴ്സൺ - ശ്രീമതി.വി. വസന്തകുമാരി (പഞ്ചായത്ത് പ്രസിഡൻറ്)

കൺവീനർ - ശ്രീ.ജോയ് കൈതാരത്ത് (7-ാം വാർഡ് മെംബർ)

സംസ്ഥാന റിസോഴ്സ്
പേഴ്സൺ - ശ്രീ.ഇ.കെ. ഗോപിനാഥൻ

## ഉപസമിതികൾ

1. കൃഷി, ജല സേചനം : ചെയർമാൻ-ശ്രീ.ടി.കൃഷ്ണൻകുട്ടി നായർ (ഒന്നാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.പി.വി. രാവുണ്ണി (14-ാം വാർഡ് മെംബർ)

അംഗങ്ങൾ : ശ്രീ.എം.എം.ജോർജ്,
ശ്രീ.വി.ജെ.പോൾ,
ശ്രീ.എം.ആർ.ശ്രീധരൻ,
ശ്രീ.പി.ഗോവിന്ദൻ കുട്ടി,
ശ്രീ.കെ. അച്ചുതൻ നായർ,
ശ്രീ.എം.എൽ. തോമാസ്,
ശ്രീ.സി.വിദ്യാസാഗർ,
ശ്രീ.കെ.വി.ജോണി,
ശ്രീ.യോഹന്നാൻ,
ശ്രീ.പി.വി.സുബ്രഹ്മണ്യൻ,
ശ്രീ.ഇ.കെ. ദാമോദരൻ.

2. മൃഗസംരക്ഷണം : ചെയർപേഴ്സൺ- ശ്രീമതി.ലില്ലിസുബ്രൻ (2-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.കെ. വേണുഗോപാൽ

അംഗങ്ങൾ : ശ്രീ.കെ.ആർ. ശശികുമാർ,
ശ്രീ.സി.കെ. ഗോപാലൻ,
ശ്രീ.കരിയാട്ട് വേണു,
ശ്രീ.ടി.ഡി. ജയപാലൻ

3. വിദ്യാഭ്യാസം : ചെയർമാൻ - ശ്രീ.എം.ജി. കുമാർ (4-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.പി.എസ്. സുരേന്ദ്രൻ,
ശ്രീ.കെ.ആർ. ശശികുമാർ,
ശ്രീ.പി.വി. പൗലോസ് മാസ്റ്റർ,
ശ്രീ.അബ്ദുൾ റഹീം മാസ്റ്റർ,
ശ്രീ.ജോൺസൺ തന്നാടൻ

**4. കുടിവെള്ളം, ആരോഗ്യം**

ചെയർപേഴ്സൺ : ശ്രീമതി.മേരിമാത്യു തോട്ട്യാൻ (5-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.ടി.വി. സുകു

അംഗങ്ങൾ : ശ്രീമതി. കാവലി (L.V.E.O), സൗദാമിനി സിസ്റ്റർ, ശ്രീ.ടി.കെ. ചന്ദ്രൻ, ശ്രീമതി. ജെസ്സി (വാട്ടർ അതോറിറ്റി)

**5. വ്യവസായം**

ചെയർമാൻ - ശ്രീ.പിയൂസ് എ.എ. (11-ാം വാർഡ് മെംബർ)

കൺവീനർ - ശ്രീ.അലക്സ് അബ്രഹാം

അംഗങ്ങൾ - ശ്രീ.കെ. നാരായണൻകുട്ടി, ശ്രീ.മധു ഒമ്പതുങ്ങൽ, ശ്രീ.കെ.വി. മോഹനൻ

**6. ഗതാഗതം, ഊർജ്, ചന്ത**

ചെയർമാൻ - ശ്രീ.പി.എക.എ ദിവാകരൻ (വൈസ് പ്രസിഡൻറ്)

കൺവീനർ - ശ്രീ.മാധവൻ വട്ടപറമ്പിൽ

അംഗങ്ങൾ - ശ്രീ.ജോയ് മലയക്കുടി, ശ്രീ.സന്തോഷ്വൈലോപ്പിള്ളി, ശ്രീ.ചൂരക്കാടൻപ്രദീപ്.

**7. പാർപ്പിടം, സാമൂഹ്യക്ഷേമം**

ചെയർമാൻ : ശ്രീ.വി.ഐ. വിശ്വംഭരൻ (12-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.പി.കെ. അജയകുമാർ

അംഗങ്ങൾ : ശ്രീ.പി.എസ്. സുരേന്ദ്രൻ, ശ്രീ.കെ.വി. ജോണി, ശ്രീമതി. കെ.കെ.സോജ, ശ്രീ.കെ.ആർ. ശശികുമാർ

**8. സംസ്കാരം**

ചെയർമാൻ : ശ്രീ.എ.കെ. പുഷ്പാകരൻ (10-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.പി.എസ്. സുരേന്ദ്രൻ

അംഗങ്ങൾ : ശ്രീ.ടി.ഡി. ജയപാലൻ, ശ്രീ.ചൂരക്കാടൻ പ്രദീപ്, ശ്രീ.പി. നാരായണപിഷാരടി, ശ്രീ.സന്തോഷ് വൈലോപ്പിള്ളി, ശ്രീ.മധു ഒമ്പതുങ്ങൽ, ശ്രീ.പി.കെ.ഗിരിജാവല്ലഭൻ

**9. വനിത**

ചെയർപേഴസൺ : ശ്രീമതി.മോളി തോമസ് (8ാം വാർഡ് മെംബർ)

കൺവീനർ : ശ്രീമതി.കെ.കെ. സോജ

അംഗങ്ങൾ : ശ്രീമതി.ലില്ലി സുബ്രൻ, ,, മേരി മാത്യു, കുമാരി.കെ.കെ.മണി, ശ്രീ.പി.കെ.ഗിരിജാവല്ലഭൻ, ശ്രീ.പി.എസ്. സുരേന്ദ്രൻ

**10. സഹകരണം**

ചെയർമാൻ - ശ്രീ.പി.വി. രാവുണ്ണി (14-ാം വാർഡ് മെംബർ)

കൺവീനർ - ശ്രീ.പി. സത്യൻ

അംഗങ്ങൾ - ശ്രീ.ടി. കൃഷ്ണൻകുട്ടി നായർ, ശ്രീ.പി.വി. പൗലോസ് മാസ്റ്റർ, ശ്രീ.കെ.വി. ജോണി

**11. പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം**

ചെയർപേഴ്സൺ : കുമാരി.കെ.കെ. മണി (13-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.വി.കെ. വിജയൻ

അംഗങ്ങൾ : ശ്രീ.ചൂരക്കാടൻ പ്രദീപ്, ശ്രീമതി. കാവലി (LVEO), കുമാരി.സരിത P.K., ശ്രീ.പുഷ്പാകരൻ .എ.കെ., ശ്രീ.കെ.ആർ. ശശികുമാർ, ശ്രീ.കെ.വി. മോഹനൻ

**12. വിഭവസമാഹരണം**

ചെയർമാൻ : ശ്രീ.എ.കെ. സുകുമാരൻ (15-ാം വാർഡ് മെംബർ)

കൺവീനർ : ശ്രീ.എം.എം. ജോർജ്ജ്

അംഗങ്ങൾ : ശ്രീ.പി.വി. രാവുണ്ണി, ശ്രീ.അലക്സ് എബ്രഹാം, ശ്രീ.എം.ജി. കുമാർ, ശ്രീ.പി.വി. പൗലോസ് മാസ്റ്റർ, ശ്രീ.ചൂരക്കാടൻ പ്രദീപ്

# 2. പഞ്ചായത്തിൻെറ പൊതു വിവരങ്ങൾ

പഞ്ചായത്തിൻെറ പേര് - മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ - മറ്റത്തൂർ
വെള്ളിക്കുളങ്ങര
കൂടാതെ ഇഞ്ചക്കുണ്ട്,
കോടശ്ശേരി ഭാഗികമായി.

ബ്ലോക്ക് പഞ്ചായത്ത് - കൊടകര

താലൂക്ക് - മുകുന്ദപുരം

ജില്ല - തൃശൂർ

**അതിർത്തികൾ**

വടക്ക് - വരന്തരപ്പിള്ളി പഞ്ചായത്ത്

കിഴക്ക് - തമിഴ്നാടിൻെറ അതിരും, കോടശ്ശേരി പഞ്ചായത്തും.

തെക്ക് - കോടശ്ശേരി പഞ്ചായത്ത്

പടിഞ്ഞാറ് - കൊടകര, പറപ്പൂക്കര പഞ്ചായത്തുകൾ

വിസ്തീർണ്ണം - 103.11 ച.കി.മീ

ജനസംഖ്യ - 42034

ആൺ - 2035

പെൺ - 21690

പട്ടികജാതി - 4636 -ശതാമാനം - 11.03%

ആൺ - 2183

പെൺ - 2453

പട്ടികവർഗ്ഗം - 316 ശതമാനം 0.75%

ആൺ - 161

പെൺ - 155

സ്ത്രീപുരുഷാനുപാതം - 1000:1065

സാക്ഷരത - 31954

ആൺ - 16218

പെൺ - 15736

സാക്ഷരതശതമാനം - 87%

ജനസാന്ദ്രത - 408

കുടുംബങ്ങളുടെ എണ്ണം - 8655

0-6 പ്രായപരിധിയിൽപ്പെട്ടവർ - 5014

ആൺ - 2574

പെൺ - 2440

(അവലംബം 1991 കാനേഷുമാരി കണക്കുകൾ)

# അനുബന്ധം 3

**പൊതുകാര്യങ്ങൾ**

1. പൊതുവിതരണ കേന്ദ്രങ്ങൾ 27 എണ്ണം
2. മാവേലിസ്റ്റോർ 1 എണ്ണം
3. തെരുവുവിളക്കുകളുള്ള റോഡുകളുടെ നീളം 12 K.M.
4. വെള്ളം ടാപ്പുകൾ 120 എണ്ണം
5. പുകശല്യം കുറഞ്ഞ അടുപ്പുകൾ 150 എണ്ണം
6. പശ്ചിമഘട്ട വികസനപദ്ധതി വഴി നടപ്പാക്കിയ നടപ്പാതകൾ 6 എണ്ണം
7. കരിങ്കൽ ക്വാറികൾ 4 എണ്ണം
8. ടി.വി. കിയോസ്ക് 2 എണ്ണം
9. വായനശാലകൾ 7 എണ്ണം
10. ചന്ത 1 എണ്ണം
11. ശ്മശാനം 1 എണ്ണം
12. അറവുശാല 1 എണ്ണം
13. സിനിമാതിയ്യേറ്റർ 4 എണ്ണം

# അനുബന്ധം 4

**ചിലസാമ്പത്തിക സൂചകങ്ങൾ**

1. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ 22
2. തെങ്ങിനുള്ള ഗ്രൂപ്പ് മാനേജ്മെൻറ് 14
3. പവ്വർ ട്രില്ലറുകൾ വിതരണം ചെയ്തത് 24
4. ,, സ്പ്രെയർ ,, 22
5. ചെറിയ ,, ,, 426
6. പമ്പുസെറ്റുകൾ - (ഗാർഹികാവശ്യമുൾപ്പെടെ) 2426
7. എണ്ണ എഞ്ചിൻ 142
8. വളം വില്പനകേന്ദ്രങ്ങൾ 11
9. സഹകരണസംഘങ്ങൾ (ക്ഷീര സംഘങ്ങൾ ഒഴികെ) 5
10. ക്ഷീര സഹകരണ സംഘങ്ങൾ 2
11. റബർവിപണന സംഘങ്ങൾ 2
12. സഹകരണ ബാങ്ക് 1
13. വ്യവസായിക ബാങ്കുകൾ 2
14. കൃഷി സർവ്വീസ് സെൻറർ 1
15. പാടശേഖരങ്ങൾ 33
16. കർഷകകുടുംബങ്ങൾ 4327

| ഗാർഹികമേഖലയിൽ നിർമ്മാണം സംസ്ക്കരണം അറ്റകുറ്റപണികൾ നടത്തിയവ | | നിർമ്മാണം മേഖല | | വ്യാപാരം വ്യവസായം | | ഗതാഗതം സംഭരണം വാർത്താവിനിമയം | | മറ്റു സേവനമേഖലകൾ | | താൽക്കാലിക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | | തൊഴിൽ സേനയിൽ പെടാത്തവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 29 പു | 30 സ്ത്രീ | 31 പു | 32 സ്ത്രീ | 33 പു | 34 സ്ത്രീ | 35 പു | 36 സ്ത്രീ | 37 പു | 38 സ്ത്രീ | 39 പു | 40 സ്ത്രീ | 41 പു | 42 സ്ത്രീ |
| 127 | 16 | 16 | 02 | 97 | 01 | 47 | .... | 74 | 44 | 53 | 32 | 659 | 1191 |
| 88 | 47 | 24 | 01 | 89 | 03 | 43 | 01 | 60 | 30 | 43 | 59 | 695 | 1289 |
| 69 | 29 | 36 | 02 | 71 | 07 | 43 | 03 | 37 | 25 | 19 | 21 | 807 | 1474 |
| 40 | 35 | 18 | ..... | 83 | 05 | 29 | 01 | 58 | 30 | 33 | 20 | 608 | 1171 |
| 73 | 62 | 21 | 03 | 117 | 06 | 49 | 01 | 73 | 39 | 25 | 173 | 591 | 932 |
| 54 | 52 | 26 | 01 | 96 | 05 | 28 | 01 | 50 | 29 | 65 | 249 | 740 | 1030 |
| 72 | 38 | 22 | 01 | 65 | 04 | 37 | 01 | 38 | 21 | 46 | .46 | 785 | 1292 |
| 37 | 10 | 04 | .... | 63 | 05 | 48 | ..... | 67 | 48 | 78 | 93 | 972 | 1434 |
| 36 | 09 | 04 | ..... | 61 | 09 | 32 | 01 | 34 | 17 | 19 | 11 | 597 | 1034 |
| 31 | 10 | 13 | 01 | 67 | 05 | 26 | ..... | 69 | 42 | 135 | 87 | 1025 | 1672 |
| 49 | 41 | 15 | ..... | 58 | 07 | 33 | 02 | 49 | 31 | 07 | 04 | 529 | 982 |
| 57 | 92 | 19 | .... | 124 | 07 | 58 | 01 | 70 | 26 | 42 | 159 | 747 | 1161 |
| 62 | 61 | 14 | 01 | 39 | 04 | 21 | 01 | 44 | 12 | 08 | 86 | 557 | 980 |
| 73 | 85 | 12 | 01 | 47 | 04 | 41 | 06 | 35 | 19 | 135 | 103 | 798 | 1299 |
| 868 | 596 | 224 | 13 | 1077 | 72 | 535 | 19 | 758 | 413 | 708 | 1143 | 10116 | 16941 |

| സാക്ഷരത | | പ്രധാന ജോലിക്കാർ | | കൃഷിക്കാർ | | കർഷക തൊഴിലാളികൾ | | മൃഗസംരക്ഷണം വനം, തോട്ടങ്ങൾ മറ്റ് അനുബന്ധമേഖലകൾ | | ഖനനം കരിങ്കൽ പണികൾ | | ഗാർഹികമേഖലകളിലെ നിർമ്മാണം, സംസ്ക്കരണം, സേവനം അറ്റകുറ്റപണികൾ തുടങ്ങിയവ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 15 പു | 16 സ്ത്രീ | 17 പു | 18 സ്ത്രീ | 19 പു | 20 സ്ത്രീ | 21 പു | 22 സ്ത്രീ | 23 പു | 24 സ്ത്രീ | 25 പു | 26 സ്ത്രീ | 27 പു | 28 സ്ത്രീ |
| 1072 | 1047 | 583 | 138 | 102 | 11 | 56 | 49 | 38 | 02 | 08 | 01 | 18 | 12 |
| 1176 | 1197 | 703 | 217 | 143 | 08 | 222 | 110 | 29 | 06 | 03 | ..... | 02 | 11 |
| 1289 | 1270 | 775 | 261 | 150 | 12 | 295 | 114 | 39 | 16 | 20 | 12 | 15 | 11 |
| 987 | 1017 | 568 | 186 | 157 | 14 | 134 | 73 | 30 | 14 | 13 | 10 | 06 | 04 |
| 1058 | 1060 | 670 | 258 | 157 | 21 | 136 | 105 | 15 | 02 | 19 | 7 | 10 | 12 |
| 1193 | 1141 | 776 | 354 | 158 | 45 | 270 | 187 | 84 | 14 | 07 | .... | 03 | 20 |
| 1303 | 1211 | 841 | 384 | 135 | 24 | 380 | 269 | 80 | 03 | 06 | ... | 06 | 23 |
| 1284 | 1230 | 651 | 273 | 53 | 03 | 120 | 47 | 247 | 148 | 03 | .... | 09 | 12 |
| 994 | 988 | 602 | 201 | 109 | 27 | 246 | 128 | 40 | 07 | .... | ... | 10 | 13 |
| 1583 | 1500 | 850 | 319 | 201 | 06 | 372 | 205 | 57 | 16 | 01 | ..... | 13 | 25 |
| 891 | 854 | 554 | 202 | 133 | 10 | 154 | 90 | 42 | 10 | 13 | 05 | 08 | 06 |
| 1245 | 1170 | 749 | 284 | 104 | 01 | 210 | 114 | 80 | 18 | 16 | 16 | 11 | 09 |
| 917 | 906 | 600 | 265 | 160 | 14 | 197 | 148 | 52 | 12 | 09 | 04 | 02 | 08 |
| 1223 | 1145 | 607 | 264 | 190 | 13 | 102 | 98 | 93 | 31 | 14 | 07 | ..... | ..... |
| 16218 | 15736 | 9529 | 3606 | 1952 | 209 | 2894 | 1767 | 956 | 299 | 132 | 62 | 113 | 159 |

# കേരളം - അടിസ്ഥാന വിവരങ്ങൾ

വിസ്തീർണ്ണം [ഇന്ത്യയുടെ 1.12%] 38,868 ച.കി.മീ.

ജനസംഖ്യ 1991 (ഇന്ത്യുടെ 3.3%) സ്ത്രീ. പു.

1,42,09,523 1,42,88,995

ആകെ 2,90,98,518

ജനസംഖ്യമതിപ്പ് കണക്ക് 1995. 3,05,00,000

ഗ്രാമീണജനങ്ങൾ 1991 73.67

നഗരവാസികൾ 26.47

ജനസാന്ദ്രത 749/ച.കി.മീ

| | സ്ത്രീ | പു | മൊത്തം |
|---|---|---|---|
| സാക്ഷരത | 86.93% | 94.45% | 90.69% |

സ്ത്രീപുരുഷാനുപാതം 1036 സ്ത്രീകൾക്ക് 100 പുരുഷന്മാർ

ജനനനിരക്ക് 1992 1000 പേർക്ക് 19.8

മരണനിരക്ക് 1992 1000 പേർക്ക് 5.8

ശിശുമരണനിരക്ക് 1992 1000 ജനത്തിന് 17


| | സ്ത്രീ | പു | മൊത്തം |
|---|---|---|---|
| ശരാശി ആയുർദൈർഘ്യം 1992 | 71 | 69 | 70 |

| | |
|---|---|
| നിയമസഭാമണ്ഡലങ്ങൾ | 140 |
| ലോകസഭാമണ്ഡലങ്ങൾ | 20 |
| രാജ്യസഭാമണ്ഡലങ്ങൾ | 9 |
| പഞ്ചായത്തുകൾ | 991 |
| മുനിസിപ്പാലിറ്റികൾ | 54 |
| കോർപ്പറേഷനുകൾ | 3 |
| വികസനബ്ലോക്കുകൾ | 152 |
| താലൂക്കുകൾ | 61 |
| ജില്ലകൾ | 14 |

പ്രതിശീർശകവാർഷിക വരുമാനം 6404 രൂപ (ഇപ്പോഴത്തെ വിലനിലവാരത്തിൽ)

# ഭ്രാന്തൻകുന്ന് വാർഡ് (പഠന പര്യടനം)


മുണ്ടക്കണ്ട് - ചെമ്പുചിറ - ചെട്ടിയാൻ - മുന്നൂരി - കഞ്ഞോലിപ്പാറ




## പഠന പര്യടനം

കമ്പനിട്ട് - ചാറുകുളം പാടം - കുന്നിൽപ്പാടം
മാറമ്പുറംകുന്ന് റിപ്പോർട്ട് ഫോറസ്റ്റ് ആറ്റിമിലിക്കുഴി

കുറുംകുളം → വാസുപുരം





| ഭൂപ്രകൃതി | | ചരിഞ്ഞഭൂമി | കുന്നിൻമുകൾ | പാടം | കരഭൂമി | പാടം | ചെറിയ ചെരിവ് | കുത്തനെയുള്ള ചരിവ് |
|---|---|---|---|---|---|---|---|---|
| മൺതരം | | | പാറ | | | | | |
| സസ്യാവരണം | | | ഇല്ല | | | | | |
| പരിസ്ഥിതി പ്രശ്നങ്ങൾ | | | പാറ പൊട്ടിക്കൽ | | | | | |

## പഠന പര്യടനം

കോടശ്ശേരി മല - നായരത്താൻപാറ - മുണ്ടക്കുളങ്ങര
കുഞ്ഞിപ്പാടം - നായാട്ടുകണ്ട് - ചൊക്കന.

കുഞ്ഞിപ്പാടം - ചൊക്കന →




| | | | | | | | |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെരിവ് | ചെരിഞ്ഞ സമതലം ചെറിയ പാടശേഖരം | ചെറിയ കുന്ന് | സമതലം, പാടം | ചെരിഞ്ഞ കയറ്റം ഇറക്കം | താണ പ്രദേശം ഒരുവശം നല്ല ചെരിവ് | ചെറിയ കയറ്റം ഒരുവശം താഴ്വര |
| മണ്ണ് | ചുവന്ന പാറകളുള്ള മണ്ണ് | ചരലുള്ള കളിമണ്ണ് | ചെങ്കൽ, ചരൽ | ചുവന്ന മണ്ണ് | ചുവന്ന മണ്ണ് | കറുത്ത മണ്ണ് | കറുത്ത മണ്ണ് |
| വിളകൾ | റബ്ബർ, തെങ്ങ്, വാഴ, മരച്ചീനി, കവുങ്ങ് | നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്. | കശുമാവ്, വാഴ, റബ്ബർ, തെങ്ങ് മറ്റുഫലവൃക്ഷങ്ങൾ മിതമായ തോതിൽ... | നെൽകൃഷി, തെങ്ങ് വാഴ, കപ്പ, കവുങ്ങ് | റബ്ബർ തെങ്ങ് വാഴ, നെല്ല് | നെല്ല്, റബ്ബർ, തെങ്ങ് കവുങ്ങ്, വാഴ, ഇടവിളകൾ. | റബ്ബർ, തെങ്ങ്, വാഴ ഗ്രാമ്പൂ... |
| ജലലഭ്യത | കിണർ കനാൽജലം വേണ്ട വരെ | കനാൽ ജലം കിണർ | കുഴൽക്കിണർ, ടാപ്പ് | സമൃദ്ധമായ ഭൗമ അമ്പലക്കുളം | വലിയതോട് കിണറുകൾ ധാരാളം ജലലഭ്യത. | കൊടുങ്ങചിറ (½ ഏക്കറിലധികം) വറ്റാത്തത്. ജലസ്രോതസ്സ്, സ്വകാര്യ വ്യക്തിയുടെ വക തോടുണ്ട്. | മഴക്കാലത്ത് നീർച്ചാലുകൾ കിണറുകൾ കുറവ് |
| പരിസ്ഥിതി | | പാടം നികത്തപ്പെടുന്നു. | അമ്പി കുഴി പ്രശ്നമുണ്ടാകുന്നു. | പാടം നികത്താനുള്ള പ്രവണത. | | ചരിവുകളിൽ മണ്ണൊലിപ്പ് തടയാനുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ ഗുണകരമാകും. കാലക്രമേണ പരിഹരിക്കാം. | നീർച്ചാലുകൾ സംരക്ഷിക്കണം |
| മറ്റുള്ളവ | കരിയോഗക്ഷേത്രം - കല്ലുംസ് സാഹചര്യം കുറവ് വൈദ്യുതി ഇല്ല. | കുടിവെള്ളക്കുറവ് അനുഭവപ്പെടുന്നു. | കശുമാവ് കൂടുതൽ വളർത്താൻ | | റോസ്മേരി ആശ്രമം പ്രാർത്ഥനാലയം | ജനസാന്ദ്രത താരതമ്യേന കുറവാണ് | ജനസാന്ദ്രത |

254

**17-11-96ൽ കോടാലി ജി.എൽ.പി. സ്കൂളിൽ ചേർന്ന മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ വികസന സെമിനാറിലെ 12 ഗ്രൂപ്പുകളിലൂടെ ചർച്ചചെയ്യപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് കൂട്ടിചേർക്കലിനും തിരുത്തലുകൾക്കുമായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ വിഷയാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.**

## 5.1. അ. കൃഷി

കമ്പോസ്റ്റ് വളം നിർമ്മിക്കുന്നതിന് പഞ്ചായത്തുതലത്തിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകണം. നിലംനികത്തുന്നതിനും താഴ്ത്തുന്നതിനുമുള്ള അനുമതി ഈ മേഖലയിലെ ഉദ്യോഗസ്ഥന്മാർ ഉൾപ്പെടുന്ന ജനകീയ സമിതികളുടെ അറിവോടെ മാത്രമേ നൽകാവൂ. ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പയൊടൊപ്പം രാസവളങ്ങൾ ശുപാർശ ചെയ്യുന്നത് ഒഴിവാക്കുക. രാസവളമില്ലാതെയുള്ള വായ്പകൾ അനുവദിക്കുക.

## 5.1. ആ. ജലസേചനം

7-ാം വാർഡിലെ ജലസേചന പട്ടികയിൽ 5-ാം നമ്പ്രായി കൊടിത്തിരിക്കുന്നത് പുളിന്തറ കൈതക്കുളം എന്നാക്കി മാറ്റാൻ നിശ്ചയിച്ചു.

കുളങ്ങളുടെ പട്ടികയിൽ കടമ്പോട് ലിഫ്റ്റ് ഇറിഗേഷൻകുളം 12-ാം നമ്പ്രായും, റിപ്പോർട്ടിൽ 4-ാം വാർഡിൽ എന്നത് തിരുത്തി 13-ാം വാർഡിൽ എന്നാക്കുവാനും, കടമ്പോട് ലിഫ്റ്റ് ഇറിഗേഷന്റെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 25HPയുടെ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും, രണ്ടാംവാർഡിൽ പാപ്പാളിപാടം മുതൽ കുറുമാലി പുഴവരെയുള്ള തോടിന്റെ സൈഡ് കെട്ടുവാനും കുഞ്ഞുകുഴികുളം പമ്പുസെറ്റ് സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാനും, 13-ാം വാർഡിലെ; ചേലക്കാട്ടുകര ക്രോസ്ബാറിൽ നിന്നുള്ള കോൺക്രീറ്റ് തോട് 450 മീറ്റർ കാഡാസ്കീമിൽപ്പെടുത്തി പണിയുവാനും, 6-ാം വാർഡിലെ റിപ്പോർട്ടിൽ പറയുന്ന കടമ്പും ആര്യൻ ചിറതോട് എന്നത് കടമ്പോട് ആര്യൻചിറയെന്നാക്കി മാറ്റുവാനും നിശ്ചയിച്ചു. 5ൽ പോജിക്കുളം എന്നത് വെള്ളിക്കുളം തോട്ടിൽ എന്ന് തിരുത്തുവാനും, 5-ാമത്തെ നിർദ്ദേശത്തിൽ പറയുന്ന മാങ്കുറ്റിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 6-ാമതത്തെ ഇനമായി ചേർക്കുവാനും നിശ്ചയിച്ചു.

കടമ്പോട്-മുട്ടത്തുകുളങ്ങര തോടിനെ കെട്ടി സംരക്ഷിക്കുകയും ക്രോസ് ബാറുകൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും നിശ്ചയിച്ചു.

## 5.1. ഇ. വനം

ആറേശ്വരം ഫോറസ്റ്റ് ഭാഗത്തു നടക്കുന്ന കരിങ്കൽ ക്വാറികൾ കല്ലു ശേഖരിക്കുന്നതിനുവേണ്ടി പരിധി വിട്ടു താഴ്ത്തികൊണ്ടിരിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും അപകട സാധ്യതകൾ വർദ്ധിക്കുകയും ചെയ്യുന്നതിനാൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പഞ്ചായത്തുതല ജനകീയ സമിതികൾ പരിശോധന നടത്തേണ്ടതും പഞ്ചായത്തിർ നിന്ന് ലൈസൻസ് മുഖേന നിയന്ത്രണം ഏർപ്പെടുത്തേണ്ടതുമാണെന്ന നിർദ്ദേശ്ശവും കൂട്ടിചേർത്തു.

വന്യ മൃഗങ്ങൾ മലയോര ഗ്രാമങ്ങളിലെ കാർഷിക വിളകൾ നശിപ്പിക്കുന്നതിന് കമ്പിവേലി കെട്ടിയും ട്രഞ്ച് കുഴിച്ചും കൃഷി ഭൂമിയെ സംരക്ഷിക്കുകയും, നശിപ്പിക്കുന്ന കൃഷിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നും കൂട്ടിചേർത്തു.

വർഷത്തിലൊരിക്കൽ ഉണക്കു ബാധിച്ച് നാശോന്മുഖമായിക്കൊണ്ടിരിക്കുനടന കോടിക്കണക്കിന് വിലമതിപ്പുള്ള വന വൃക്ഷങ്ങൾ സർവ്വേ നടത്തി കണ്ടെത്തി മുറിച്ചു മാറ്റുന്നതിന് നടപടിയും അത്തരം സ്ഥലങ്ങളിൽ റീപ്ളാൻറ് ചെയ്യുന്നതിനുവേണ്ട നടപടിയും സ്വീകരിക്കണമെന്ന നിർദ്ദേശവും കൂട്ടിച്ചേർത്തു. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ നിൽക്കുന്ന തേക്ക്, തുടങ്ങിയ വൃക്ഷങ്ങൾ അവരുടെ ആവശ്യങ്ങൾക്ക് മുറിച്ചെടുക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഉദാരമാക്കി സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നും, കൃഷി,

ജലസേചനം , വനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്ത ഗ്രൂപ്പ് വച്ച നിർദ്ദേശത്തെ ആനുബന്ധമായി കൂട്ടിചേർക്കുന്നു.

## 5.2 അ. മൃഗസംരക്ഷണം

മൃഗസംരക്ഷണമേഖല വിപുലമാക്കാൻ കഴിയുന്നവിധം സാധ്യതകൾ ഉള്ളതാണ് മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്. തൊഴിലില്ലാത്ത കുടുംബിനികൾ അവശ്യമായ മറ്റു സൗകര്യങ്ങൾ എല്ലാമുണ്ട്. ഇവരെ ഉപയോഗിച്ച് പന്നിവളർത്തൽ യൂണിറ്റുകളും, പ്രതിരോധശേഷിയുള്ള നാടൻ കോഴികുഞ്ഞങ്ങളെ നൽകിയും മാംസത്തിൻേറയും മുട്ടയുടേയും സ്വയം പര്യപ്തത നേടാൻ കഴിയും.

## 5.3 അ. വിദ്യഭ്യാസം

മറ്റത്തൂർ ഗ്രമപഞ്ചായത്തിൽ തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും പഞ്ചായത്തിലെ എല്ലാ ഹൈസ്ക്കൂളുകളിലും കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുകയും അനൗപചാരിക വിദ്യാഭ്യാസം നിർബന്ധവും സജീവവും ആക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുകയും അദ്ധ്യാപക വിദ്യാർത്ഥി ആനുപാതം 1:30 എന്നാക്കുകയും പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളായ ചെമ്പൂചിറ ഹൈസ്ക്കൂളിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യണമെന്ന് വിദ്യാഭ്യാസ വകുപ്പ് വികസനസെമിനാറിൻെറ ഗ്രൂപ്പുചർച്ചയുടെ നിർദ്ദേശങ്ങൾ ചേർക്കുവാനും എല്ലാസ്ക്കൂളുകളും പഞ്ചായത്തിൻെറ നേതൃത്വത്തിൽ ആരോഗ്യവിദ്യഭ്യാസ ബോധവൽക്കരണ സെമിനാറുകളും പ്രൈമറി-സെക്കൻററി വിദ്യാഭ്യാസം സമീപ സ്ക്കൂളിൽതന്നെ നിർവഹിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുകയും ചെയ്യണമെന്ന നിർദ്ദേശങ്ങളും, മന്ദബുദ്ധികളായ വിദ്യാർത്ഥികൾക്ക് വ്യവസ്ഥാപിത പഠന തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക. മേൽ പ്പറഞ്ഞ നർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## 5.4 അ കുടിവെള്ളം

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം സംബന്ധിച്ച് സർവ്വേനടത്തി ജലമേഖല, ജലദൗർലഭ്യ മേഖല എന്നിങ്ങനെ തരംതിരിച്ച് മേപ്പുണ്ടാക്കി പ്രശ്നപരിഹാരത്തിന് തദ്ദേശവാസികളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കുടിവെള്ളത്തിനായി ടാപ്പുകൾ സ്ഥാപിക്കുക.

## വ്യവസായം

1.പഞ്ചായത്തടിസ്ഥാനത്തിൽ ഒരു റബ്ബർ തടി സംസ്ക്കരണ വ്യവസായം ആരംഭിക്കണം.

2.പരമ്പരാഗത ചെറുകിട കുടിൽ വ്യവസായങ്ങൾ, തഴപ്പായ ഉൾപ്പെടെയുള്ളവ പ്രോത്സാഹിപ്പിക്കണം

3.ചെറുകിട വ്യവസായം എന്ന നിലയിൽ സുഗന്ധ വ്യജ്ഞങ്ങൾ ഉൾപ്പെടുത്തിയുളള മസാല പാക്കിംഗ് യൂണിറ്റുകൾ ആരംഭിക്കണം

4.പഞ്ചായത്തിൽ ഒരു മാംസ സംസ്ക്കരണ യുണിറ്റ് സ്ഥാപിക്കണം.

5.തടി വ്യവസായവുമായി ബന്ധപ്പെടുന്നവർക്ക് വ്യവസായം ആരംഭിക്കുന്നതിന് വനം വകുപ്പിൻെറ നിലവിലുളള ലൈസൻസിങ്ങ് വ്യവസ്ഥകൾ ഉദാരമാക്കുക

6.വ്യവസായസംരഭകരെ ലക്ഷ്യം വെച്ച് മുരുക്കുങ്ങൽ, അന്നാംപാടം എന്നീസ്ഥലങ്ങളിൽ യഥാക്രമം വേണ്ടത്ര സ്ഥലം അക്വയർ ചെയ്യാൻ പാഞ്ചയത്തുതലത്തിൽ നടപടികൾ സ്വീകരിക്കണം

7.വെള്ളിക്കുളങ്ങര കേന്ദ്രമായി ഒരു പെട്രോൾ പമ്പ് സ്ഥാപിക്കണം

8.പഞ്ചായത്തിൽ 1500 ലേരെ കരിങ്കൽ തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവർക്കു വേണ്ടി വ്യവസായ സംഘം രൂപികരിച്ച് കൂടുതൽ സുരക്ഷിതത്തത്തോടെ ജോലി ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

## 5.6 ആ. ഗതാഗതം

പഞ്ചായത്തിൻെറ വിസ്തൃതിയും ഭൂപ്രകൃതിയും ജനവാസമേഖലയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ സഞ്ചാരമാർഗങ്ങളുടെ കുറവ് വളരെ കൂടുതലായി കാണുന്നു. അതുകൊണ്ടായിരിക്കാം വികസന സെമിനാറിൽ ഗതാഗതഗ്രൂപ്പ് വീണ്ടും റോഡുകളുടെ വികസന നിർദ്ദേശം വെക്കുന്നത്.

1.ഒമ്പതുങ്ങൽ ക്ഷേത്രം, മൂന്നുമുറി, കുഞ്ഞാലിപ്പാറ, മൂന്നുമുറി ശ്രീകൃഷ്ണഹൈക്കൂൾ കനാൽബണ്ട്, ചെട്ടിച്ചാൽ, ഒമ്പതുങ്ങൾ, കുഞ്ഞാലിപ്പാറ ഭാഗങ്ങളിലേക്ക് ഉൾഭാഗങ്ങളിൽകൂടി റോഡുകൾഉണ്ടാകേണ്ട ആവശ്യകത 4-ാം വാർഡിൽ നിന്നും 6ലെ മാങ്കുറ്റിപ്പാടം ഹരിജൻ കോളനി ടാഗോർ മഹിളാസമാജം റോഡും 10ലെ കോടാലി അമ്പനോളി സെമിത്തേരി റോഡും പൂവ്വാലിത്തോട് മുരിക്കിങ്ങൽ കോടാലി പൂവ്വാലിത്തോട് റോഡും കൊടുങ്ങ കോവിലകം, കി. കോടാലി തേമാലി കടമ്പോട് റോഡും 5ല ചേലക്കാട്ടുകര കോളനി മാങ്കുറ്റിപ്പാടം റോഡും 6ലെ മാങ്കുറ്റിപ്പാടം നാഗത്താൻ റോഡും പുതുക്കിപണിയേണ്ടതാണ്. തേമാലി മൂപ്പൻ തെരുവു റോഡും ഇതിൽപ്പെടുന്നു. കൊടകര-കാവുംതറ-മറ്റത്തൂർ മൂലംകുടം-പാപ്പാളിപ്പാടം റോഡിൽ കുഴിക്കണി തോട്ടിൽ പാലം പണിതും ആറ്റപ്പിള്ളി കടവ്, ഒമ്പതുങ്ങൽ ക്ഷേത്രം റോഡിൽ കനാൽ പാലം, തേക്കിൻകാട് റോഡിൽ, താളൂപാടം മൂപ്ലിറോഡിൽ, മുണ്ടാടൻ പടിക്കലും പാലങ്ങൾ സ്ഥാപിച്ചും വാസുപുരം മാഞ്ഞൂർ പാലത്തിൻെറ പണിതീർത്തും. വാസുപുരം അപ്രോച്ചു റോഡു വഴി പുല്ലായിപ്പാടം തോടിനു മുകളിൽ പാലം പണിതും, കി. കോടാലി തേമാലി റോഡിലെ പാലം പൊളിച്ച് വീതി കൂട്ടിയും നമ്മുടെ പഞ്ചായത്തിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

വെള്ളിരക്കുളങ്ങര നായാട്ടുകുണ്ട് - ചൊക്കന റോഡിൻെറ പണി അടിയന്തിരമായി തീർക്കേണ്ടതും പതിനാലാം വാർഡിലെ റേഷൻകടവഴി ആലൂക്കപാടത്തേക്ക് ഒരു റോഡും പ്രസ്തുത നിർദ്ദേശങ്ങളിൽ പ്പെടുന്നു.

## 5.7. അ. പാർപ്പിടം

ദുർബലജനവിഭാഗങ്ങളുടെ പാർപ്പിടപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹകരണസംഘങ്ങൾരൂപീകരിക്കുമ്പോൾ കോസ്റ്റ് ഫോർഡ്, മിർമ്മിതി കേന്ദ്രം എന്നീസന്നദ്ധ ഏജനസികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഭവനനിർമ്മാണസംഘം രൂപീകരിക്കേണ്ടതാണ്.

ഭവന നിർമ്മാണസഹായം നൽകുമ്പോൾ വിധവകൾക്ക്, ആൺമക്കളില്ലാത്തവർ എന്നിവർക്ക് മുൻഗണനനൽകുമ്പോൾ വികലാംഗരെ കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടോപ്പം ലക്ഷംവീടു കോളനികൾ പുതുക്കിപണിയുമ്പോൾ അവ സിംഗിൾ വീടുകളാക്കി നിർമ്മിക്കണമെന്ന നിർദ്ദേശവും അംഗീകരിക്കേണ്ടതാണ്.

## 5.7. ആ. സാമൂഹ്യക്ഷേമം

വർദ്ധുതലത്തിൽ വികസനസമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങുന്നതോടെ ബാലപാടി, അംഗൻവാടി മഹിളാസമാജ സമുച്ചയമാക്കി മാറ്റണമെന്ന നിർദ്ദേശം ജനങ്ങളുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ച മെറിറ്റ്ലിസ്റ്റ് തയ്യാറാക്കി വില്ലേജ് ആപ്പിസിൽ ശേഖരിക്കേണ്ടതും അതിൻെറ അടിസ്ഥാനത്തിൽ വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ധനസഹായ ആനുകൂല്യങ്ങൾ ദുർവ്യയും ചെയ്യപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതും അവശതയനുഭവിക്കുന്നവരുടെ കൂട്ടത്തിൽ മന്ദബുദ്ധികളായവരെകൂടി കൂട്ടിച്ചേർക്കണമെന്ന് നിർദ്ദേശവും കൂടി ഉൾപ്പെടുത്തുന്നു.

## 5.8. സംസ്ക്കാരം/ക്രമസമാധനം

5. ചാരായനിരോധനം സംബന്ധിച്ച് ഉദ്യോഗസ്ഥ ജനകീയ സമിതികളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സർക്കാർതലത്തിൽ ചട്ടങ്ങൾ രൂപപ്പെടുത്തുകയും സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു. കേരളോത്സവത്തിൽ വിജയികളാകുന്ന പഞ്ചായത്തുതല പ്രതിനിധികൾക്ക് തുടർന്ന് പരിശീലനം നൽകാൻ നടപടി സ്വീകരിക്കുകയും കുട്ടികൾക്കായി പരിശീലനകളരികൾ രൂപീകരിക്കുകയും വേണമെന്നും കായികരംഗത്തിനും പ്രാധാന്യംനൽകണമെന്നും നിർദ്ദേശിക്കുന്നു. 25 വീടുകൾ ഉൾപ്പെടുന്ന
ഉൾപ്പെടുന്ന കുടുംബ യൂണിറ്റിൽ നിന്നും ഓരോ
ഉൾപ്പെടുന്ന വാർഡുതല കമ്മിറ്റി രൂപീകരിക്കേണ്ടതുമാകുന്നു. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി സാംക്കാരിക നിലയത്തിൻെറ നേതൃത്വത്തിൽ പഞ്ചായത്ത്വാർത്തകൾ പ്രസിദ്ധീകരിക്കുവാൻ ഒരു പത്രം തുടങ്ങുകയും പരസ്യങ്ങൾ ഉൾപ്പടുത്തി വരുമാനവും

ജനങ്ങളും പഞ്ചായത്തുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ഉപയുക്തമാക്കി മാറ്റണം.

## 5.9 വനിത

1. വനിതാ വ്യവസായസംരംഭങ്ങൾ, മഹിളാസമാജങ്ങൾ, അംഗൻവാടികൾ എന്നിവയുടെ ശോചനീയാവസ്ഥയ്ക്ക് അടിസ്ഥാനപരമായ കാരണങ്ങൾ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിക്കുക വഴി നിലവിലുള്ള സംരഭങ്ങളെ മെച്ചപ്പെട്ട രീതിയിൽ പുനഃസംഘടിപ്പിക്കാൻ സാധിക്കുന്നു.

2. തൊഴിൽ സംരംഭങ്ങൾ വിജയകമായി നടത്തിക്കൊണ്ടു പോകന്നതിനുള്ള വൈദഗ്ദ്യം വനിതകൾക്ക് നേടയെടുക്കണം. (സാമ്പത്തികം, ഉല്പന്നങ്ങളുടെ വൈവിധ്യം, വിപണി)

3. തൊഴിൽ രംഗത്ത് വൈദഗ്ദ്യം സിദ്ധിച്ചവരെ കണ്ടെത്തുക,(ലിസ്റ്റുണ്ടാക്കണം) അവരെ ഉപയോഗപ്പെടുത്തി പുതിയ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. (ഉദാ: രണ്ടാംവാർഡിൽ സ്റ്റെബിലൈസർ നിർമ്മിക്കാൻ കഴിവുള്ള ആളുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ കണ്ടിരുന്നു) ആ സാധ്യതകൾ ഉപയോഗപ്പെടുത്തണം)

4. 10-ാം വാർഡിലെ ശ്രീലയം മഹിളാസമാജത്തിനോടനുബന്ധിച്ച് ഒരു തൊഴിൽ യൂണിറ്റ് നടത്താനുള്ള സ്ഥലസൗകര്യമുണ്ട്. അതുപയോഗപ്പെടുത്തേണ്ടതുണ്ട്.

5. അവാർഡിൻെറ ആഭിമുഖ്യത്തിൽ നെടുപുഴ പോളി ടെക്നിക്കിൻെറ എകസ്റ്റൻഷൻ സെൻററായി ടൈലറിഗ്, ടൈപ്പ്റൈറ്റിംഗ്, ഫുഡ്പ്രോസ്സസിംഗ് എന്നീ ട്രയിഡുകളിൽ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നതിനുള്ള പദ്ധതിയുണ്ട്. അതുപയോഗപ്പെടുത്തുക.

6. സ്ത്രീധനത്തിനെതിരെ ശക്തമായ മുന്നേറ്റം പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സമൂഹവിവാഹം സംഘടിപ്പിക്കേണ്ടതാണ്.

7. ചാരായം, ചീട്ടുകളി, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ എന്നിവക്കെതിരെ നീതി ലഭിക്കുമെന്ന് ഉറപ്പാക്കണം.

8. സ്ത്രീകളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി പഞ്ചായത്തിൽ ഒരു പരാതി സെൽ തുടങ്ങുക. (പോലീസിൽ പരാതിപ്പെടുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കന്നതിനുവേണ്ടി)

9. വിദ്യാർത്ഥിനികളോടുള്ള സ്വകാര്യബസ്സുകളുടെ അവഗണന ഒഴിവാക്കണം.

10. ആദിവാസി കോളനികളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രത്യേകം പഠിക്കുകയും പരിഹരിക്കുകയും വേണം. അവരുടെ വിദ്യാഭ്യസം, ആരോഗ്യം, താത്രസൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ കൈകൊള്ളണം.

11. കൊടകര ബ്ലോക്ക് പരിധിയിൽ ഒരു വനിതാ കോളേജ് സ്ഥാപിക്കണം.

## 5.10അ. സഹകരണം

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വായ്പാ കുടിശ്ശിക തിരിച്ചുപിടിക്കുന്നതിനും സഹകരണ സ്ഥാപനത്തിലെ ജീവനക്കാരുടെ നല്ല രീതിയിലുള്ള പെരുമാറ്റം ആവശ്യമാണെന്നും സംഘത്തിൻെറ കീഴിലുള്ള വളം ടെപ്പോകളിൽ നിന്നും വളം വിതരണം ചെയ്യുന്നതിൽ സംഘത്തിന് സംഭവിച്ചു കൊണ്ടിരിക്കുന്ന നഷ്ടത്തിന് പരിഹാരം കാണാൻ ടണ്ണിന് ലഭിക്കുന്ന മാനദണ്ഡം മാറ്റി ഏജൻറിന് കൊടുക്കുന്നപോലെ ശതമാനക്കണക്കിലാക്കിയെടുക്കണമെന്നും, കൊടകര ഫാർമേഴ്സ് ബാങ്കിൻെറ ശാഖ മറ്റത്തൂർകുന്നിൽ സ്ഥാപിക്കണമെന്നും, ജില്ലാസഹകരണബാങ്കിൻെറ ബ്രാഞ്ച് കോടാലിയിൽ സ്ഥാപിക്കാനുള്ള നർദ്ദേശം മാറ്റി വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണ ബാങ്കിൻെറ ശാഖ കോടാലിയിൽ സ്ഥാപിക്കണമെന്നും സഹകരണ ഗ്രൂപ്പിൻെറ നിർദ്ദേശം കൂട്ടിച്ചേർത്തു ലിക്വഡേറ്റ് ചെയ്യപ്പെട്ട പാൽ സംഘം വക സ്ഥലം ആരുടെ ഉടമസ്ഥതയിലാണെന്ന് കണ്ടെത്തി അതേറ്റെടുക്കുവാൻ നടപടി വേണമെന്ന നിർദ്ദേശവും കൂട്ടിച്ചേർത്തുകൊണ്ട് പഞ്ചായത്തിൻെറ സഹകരണ വികസനരേഖ പൂർണ്ണമാകുന്നു.


## 5. 11. ആ പട്ടികജാതി ക്ഷേമം

പഞ്ചായത്തിലെ വെനാട്ട് ഹരിജൻ കോളനിയോടനുബന്ധിച്ച് ഒരു ഏകാദ്ധ്യാപക വിദ്യാലയം സ്ഥാപിച്ചും പട്ടികജാതിക്കാരുടെ വികസന ഫണ്ട് വിനിയോഗ മേഖലകളിൽ പട്ടികജാതി മെമ്പർമാരുടെ അഭിപ്രായം ആരായണമെന്നും സർക്കാർ / അർദ്ധസർക്കാർ സ്വകാര്യമേഖലയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുകയും കലാസംസ്ഥാരിക രംഗങ്ങളിൽ SC/ST വിഭാഗക്കാരുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകുകയും SC/ST വിഭാഗത്തിന്റെ ആനുകൂല്യങ്ങളെ സംബന്ധിച്ച് യഥാസമയം അറിയുന്നതിന് പഞ്ചായത്തുതലത്തിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചും, പൊതുവിതരണ കേന്ദ്രങ്ങൾ നല്ലമ്പോൾ സംവരണതത്വം നടപ്പിലാക്കിയും വിദ്യാർത്ഥികൾക്ക് പഠനപ്രായം അനുസരിച്ച് സൗജന്യ ട്യൂഷൻ സമ്പ്രദായം നടപ്പിലാക്കിയും ആദിവാസി കോളനികളിലെ കുട്ടികൾക്ക് പഠിക്കുവാൻ വാഹനസൗകര്യം ഏർപ്പെടുത്തണമെന്ന നിർദ്ദേശം കൂട്ടിച്ചേർത്ത് മററത്തൂർ ഗ്രാമപഞ്ചായത്തിലെ കടമ്പോട് കോളനി അടക്കമുള്ള പ്രദേശങ്ങളിലെ കോടശ്ശേരി വില്ലേജതിർത്തിയിൽപ്പെട്ട ഭൂമികളുടെ ക്രയവിക്രയ രേഖ വെള്ളിക്കുളങ്ങര വില്ലേജിലാക്കുയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമകാര്യങ്ങൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശവും കൂടി ചേർക്കുന്നു.

## 5. 12. വിഭവസമാഹരണം

പഞ്ചായത്തിലെ വീട്ടുനികുതിയുടെ ചോച്ച് തടയുന്നതിന് വാർഡുതല പരിശോധന നടത്തുകയും കേബിൾ ടിവിയുള്ള 50 വീടുകൾക്ക് 500 രൂപയും അതിൽ കൂടുതൽ വരുന്നതിന് 250 രൂപയും കൂടുതലും നികുതി നിശ്ചയിച്ചും പഞ്ചായത്തിലെ പരസ്യങ്ങൾക്ക് ഫീസ് ഈടാക്കിയും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഓട്ടോ ടാക്സികൾക്ക് സ്റ്റാൻറുണ്ടാക്കി നികുതി പിരിച്ചും കോടാലിയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ചും പാറമട നടത്തുന്നവരുടെ കയ്യിൽനിന്നും 100 രൂപ വീതം ഈടാക്കിയും ചെത്തുതൊഴിലാളികളിൽനിന്നും തൊഴിൽനികുതി ഈടാക്കിയും വിനോദ നികുതി നിയമം ഭേദഗതിചെയ്ത് സീററിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് പഞ്ചായത്തിലെ വിഭവസമാഹരണം വദ്ധിപ്പിക്കാമെന്ന ഗ്രൂപ്പ് നിർദ്ദേശത്തോടൊപ്പം പഞ്ചായത്ത് പുറംപോക്കിലും ഓഫീസ് സ്ഥലങ്ങളിലും തേക്ക്, മഹാഗണി തുടങ്ങിയ ആദായകരങ്ങളായ മരങ്ങളും വെച്ചുപിടിപ്പിക്കുകയെന്ന നിർദ്ദേശവും വെക്കുന്നു.

## മററത്തൂര് പഞ്ചായത്ത്




260

നെന്മണിക്കര ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പ്രസ്ഥാനം



# വികസനരേഖ 1996

നെന്മണിക്കര പഞ്ചായത്ത്

ജനകീയാസൂത്രണ പ്രസ്ഥാനം

# വികസന രേഖ- 96

## ഉള്ളടക്കം


ആമുഖം

പഞ്ചായത്ത് , പൊതുവിവരങ്ങൾ

ഭരണചരിത്രം

സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

വിവിധ വികസനതുറകളെകുറിച്ചുള്ള അവലോകനം






വികസന റിപ്പോർട്ട് രചനയിൽ പങ്കെടുത്തവർ

കെ.ഡി. വിത്സൻ, ഡേവീസ് ചുള്ളിക്കാട്, അംബിക എം. കെ, ആനിപ്രിയൻ, പി.എൽ. ജോസ്, സുനിൽ കുമാർ എൻ.സി, കെ.എം. ബാബു, അജയകുമാർ, കെ.കെ.രാമചന്ദ്രൻ, ഇ.വി. കൃഷ്ണൻനമ്പൂതിരി, പി.കെ. കുഞ്ചു, ടി.കെ. ഹരിദാസ്, എ.എം.ചന്ദ്രൻ, പി.കെ. കുട്ടൻ, എം. ആർ. സഹദേവൻ, ഇ.ജി. കുഞ്ഞയ്യപ്പൻ, ഹരിഹരൻ, എം.യു. ചന്ദ്രൻ

ജനറൽ എഡിറ്റിംഗ് നിർവ്വഹിച്ചത്. കെ.എൽ. ജോസ് (കെ.ആർ.പി.)




നെന്മണിക്കര പഞ്ചായത്തിന്റെ രേഖാചിത്രം
(ഇലക്ഷൻ ഫയലിൽ നിന്നെടുത്തത്)

263

# ആമുഖം

ഉല്പാദന മേഖലകളിലെ വളർച്ചാനിരക്കിനെ അവഗണിച്ച് സേവന മേഖലകളിൽ വികസിത രാഷ്ട്രങ്ങൾക്കൊപ്പം നില്ക്കുന്ന കേരള മോഡൽ വികസനത്തിന്റെ സ്ഥായീ ഭാവത്തെക്കുറിച്ച് ആശങ്കൾ വ്യാപിക്കുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി ആസൂത്രണം ഒരുമലയാളിത്തനിമയാർന്ന വിചാരം എന്ന രീതിയിൽ പങ്കു വെക്കപ്പെടുന്നത്. പരമ്പരാഗത ആസൂത്രണശൈലിയുടെ പരിമിതികൾ, അശ്ലീലതയാർന്ന അധികാരത്തിന്റെ അമിത കേന്ദ്രീകരണം, കേരളത്തിന്റെ വികസന പ്രതിസന്ധി തുടങ്ങിയവ ഇത്തരമൊരു നവീന മാർന്നൊരു തുടക്കത്തിനു പശ്ചാത്കാരണങ്ങളായി വർത്തിച്ചവയാണ്. ജനാധിപത്യ പ്രക്രിയയിലെ യഥാർത്ഥ അധികാര സ്രോതസ്സായ ജനങ്ങൾ നാളിതുവരെയുള്ള ആസൂത്രണ പ്രക്രിയയിൽ നിസ്സംഗരായ കാഴ്ചക്കാർ മാത്രമായിരുന്നു. ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായ് ജനപങ്കാളിത്തത്തോടെ ആസൂത്രണം എന്ന ലക്ഷ്യത്തോടെ ജനകീയ ആസൂത്രണ പ്രസ്ഥാനം ആരംഭിച്ചു.

വികസന പ്രക്രിയയിൽ ഗവണ്മെണ്ടിന്റെ ഉത്തരവാദിത്വം വിസ്മരിച്ചുകൊണ്ടല്ല ഇത്തരമൊരു പ്രക്രിയക്ക് തുടക്കം കുറിച്ചത്. 9-ാം പദ്ധതി, ജനകീയ പദ്ധതിയാക്കി മാറ്റുന്നതിലൂടെ കേരളത്തിലെ വികസന പ്രതിസന്ധിയെ അതിജീവിക്കാൻ കഴിയുമോ എന്ന അന്വേഷണത്തിന് തീർച്ചയായും പ്രസക്തിയുണ്ട്. അധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യത്തിന് മലയാളികളുടെ മാതൃഭൂമി നല്കിയ പ്രതികരണം അതിശയമുളവാക്കുന്നവയാണ്. ജനപ്രതിനിധികളുടെ വിവേകവും വിദഗ്ദ്ധരുടെ വൈദഗ്ദ്ധ്യ വും സന്നദ്ധപ്രവർത്തകരുടെ ത്യാഗശീലവും സമഞ്ജസമായി അണിചേരുന്ന ബഹുതല ആസൂത്രണ പ്രക്രിയയെ കേരളത്തിന്റെ ഭാവിയെ കുറിച്ച് ചിന്തിക്കുന്ന മുഴുവൻ ജനതയും തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെ ഉറ്റുനോക്കുകയാണ്.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ ഉജ്ജ്വലമായ പ്രവർത്തന പാരമ്പര്യമുള്ള നെന്മണിക്കര ഗ്രാമപഞ്ചായത്തും ജനകീയാസൂത്രണ പ്രസ്ഥാനം വിജയകരമായ ഒരു ഉദ്യമമാക്കി മാറ്റുന്നതിന് പ്രതിജ്ഞാബദ്ധമാണ്. പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ-സാമൂഹ്യ- സാംസ്കാരിക മേഖലകളിലേയും വ്യത്യസ്ത ധാരകൾ ഇക്കാര്യത്തിൽ ഒരുമയോടെ ചിന്തിക്കുകയും പ്രവൃത്തിപരിപാടികൾ ഏറ്റെടുത്തുനടത്തുകയും ചെയ്യുന്നു. ഗ്രാമീണ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടം ഏറെ വിജയകരമായാണ് അവസാനിച്ചത്. ഗ്രാമവാസികളുടെ ഗ്രാമ സഭാപങ്കാളിത്തത്തിന്റെ ഉയർന്ന ഹാജർ നില ഇക്കാര്യത്തിലുള്ള ജനങ്ങളുടെ താല്പര്യം വെളിവാക്കുന്ന മുഖ്യ സൂചികയാണ്.

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആദ്യഘട്ട പരിപാടികൾ പഞ്ചായത്ത് തല ശില്പശാല, ഗ്രാമസഭകൾ എന്നിവ നിശ്ചിത തിയതികൾക്കകം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള കോർഗ്രൂപ്പിന്റെ നേതൃത്വപരമായ ഇടപെടൽ ഇത്തരുണത്തിൽ സ്മരണീയമാണ്.

ഗ്രാമസഭാചർച്ചകൾ സാങ്കേതിക വിദഗ്ദ്ധരുടെ എഞ്ചുവടിപ്പട്ടികയനുസരിച്ച് നിലവാരം പുലർത്തിയില്ലെങ്കിലും അധികാര പ്രക്രിയയിൽ അദൃശ്യരായിരുന്ന ജനസമൂഹത്തിന്റെ യഥാർത്ഥ ആഗ്രഹങ്ങൾ ഇവയിൽ പ്രകടമായിരുന്നു. സോഷ്യൽ ആഡിറ്റിംഗിനെക്കുറിച്ചും ഭരണതല ഇടപാടുകളിലെ സുതാര്യതയെകുറിച്ചും ഉള്ള അവബോധം കുറെകൂടി താഴ്ന്നതലത്തിലേക്ക് വ്യാപിക്കാൻ ഗ്രാമസഭകൾ ഉപകരിച്ചിട്ടുണ്ട്. ഗ്രാമസഭാ നിർദ്ദേശങ്ങളെ സ്കീമുകളും പ്രോജക്റ്റുമാക്കി മാറ്റിയെടുത്ത് ജനാഭിലാഷം പൂർത്തീകരിക്കേണ്ടത് വൈദഗ്ദ്ധ്യമുള്ളവരുടെ കടമയാണ്.

ആസൂത്രണ പ്രക്രിയയുടെ നിഗൂഢസ്വഭാവം അവസാനിപ്പിക്കാനുതകുന്ന പ്രക്രിയകളിൽ പ്രഥമ സ്ഥാനം നല്കേണ്ടത് എല്ലാ തലത്തിലുമുള്ള ജനകീയ കൂട്ടായ്മക്കാണ്. വികസന സെമിനാറിന്റെ റിപ്പോർട്ട് തയ്യാറാക്കിയതും ഈ രീതി അവലംബിച്ചാണ്. പഞ്ചായത്ത് ഭരണസമിതി, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചായത്ത് തല കോർഗ്രൂപ്പ്, സന്നദ്ധ പ്രവർത്തകർ, വിവിധ തലത്തിലുള്ള പരിശീലകർ എന്നിവരിൽനിന്ന് വിവിധ തുറകളിലുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പ്രത്യേക ഉപസമിതികളെ തെരഞ്ഞെടുത്തു. ഇവർ ദ്രുതഗ്രാമപഠനം, ദ്വിതീയ വിവരശേഖരണം, ഗ്രാമസഭാ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകൾ എന്നിവയിൽനിന്ന് തന്താങ്ങളുടെ മേഖലകളിലെ ചെറു റിപ്പോർട്ടുകൾ എഴുതിയുണ്ടാക്കി. കൂട്ടായ ചർച്ചകളുടെയും അഭിപ്രായ വിനിമയങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ വികസന രേഖ തയ്യാറാക്കിയത്.

സമാനതകളില്ലാത്ത ഈ സംരംഭത്തിന്റെ പരിപൂർണ്ണ വിജയത്തിന് ഇനിയുമേറെ നാം മുന്നോട്ടു പോകേണ്ടതുണ്ട്. തീർച്ചയായും കേരളം ലോകജനതക്കു സമർപ്പിക്കുന്ന മറ്റൊരു 'മോഡൽ' തന്നെയാകുമിതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അന്യാദൃശ്യമായ ഈ അധികാര വികേന്ദ്രീകരണ പ്രക്രിയയിലെ പങ്കാളിത്തത്തോടെ നമ്മുടെ ജനാധിപത്യ ബോധമാണ് വികസിക്കുന്നത്, പൂർണ്ണത തേടുന്നത്.

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്

## പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര് : നെന്മണിക്കര

ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേരുവിവരം : നെന്മണിക്കര,
തൃക്കൂർ വില്ലേജിന്റെ തലോർ ദേശം

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ : തൃക്കൂർ (വനിത)
നെന്മണിക്കര (പട്ടികജാതി)

ബ്ലോക്ക് പഞ്ചായത്ത് : കൊടകര

താലൂക്ക് : മുകുന്ദപുരം

ജില്ല : തൃശൂർ

അസംബ്ലി മണ്ഡലം : കൊടകര

വിസ്തീർണ്ണം : 11.41 ചതുരശ്ര കിലോമീറ്റർ

ജനസംഖ്യ(91ലെ കാനേഷുമാരി കണക്കനുസരിച്ച്) : 18664

വാർഡുകളുടെ എണ്ണം : 9

ഭരണസമിതി : വി.ആർ. ദാമോദരൻ (പ്രസിഡന്റ്)
: എം.യു. ചന്ദ്രൻ (വൈസ് പ്രസിഡന്റ്)
: പി.കെ.കുഞ്ചു (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
: സി.സി.അന്തോണി
: ഓമന കൃഷ്ണൻകുട്ടി
: ലാസർ ചെറുവത്തൂർ
: എം.കെ.അംബിക
: അഡ്വ:ഗിരീന്ദ്രബാബു
: അംബികാ സഹദേവൻ



വി.ആർ. ദാമോദരൻ (പ്രസിഡന്റ്)

### ഭരണചരിത്രം

12.8.1977ലെ G.O.M.S.23/77/ ഉത്തരവു പ്രകാരം തൃക്കൂർ പഞ്ചായത്ത് വിഭജിച്ചു നെന്മണിക്കര പഞ്ചായത്ത് രൂപീകരിച്ചു.

നിലവിലുള്ള അതിർത്തികൾ:

വടക്ക്-ഇടക്കുന്നി-മരത്താക്കരവില്ലേജ്
തെക്ക്- പുതുക്കാട് പഞ്ചായത്ത്
കിഴക്ക്-അളഗപ്പനഗർ, തൃക്കൂർ പഞ്ചായത്തുകൾ
പടിഞ്ഞാറ്- വല്ലച്ചിറ പഞ്ചായത്ത്

പഞ്ചായത്ത്ഭരണസമിതി



### പ്രധാന ഓഫീസുകൾ

1. PHC തലോർ
2. കൃഷി ഭവൻ, പാലിയേക്കര
3. വെറ്ററിനറി ഡിസ്പെൻസറി - പാലിയേക്കര

# സാമൂഹിക സാംസ്കാരിക ചരിത്രം

വർത്തമാന കാല യഥാർത്ഥ്യത്തെ തിരിച്ചറിയുന്നതിനും അതുയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കുവാനു മുള്ള കരുത്ത് നമുക്ക് പ്രദാനം ചെയ്യുന്നത് പോയ കാല ത്തിന്റെ നന്മകളാണ്. ചരിത്രാന്വേഷണം ഭൂതകാലത്തെ മഹ ത്വവൽക്കരിക്കലാകരുത്. എന്നാലത് ഭൂതകാല പൈതൃക ത്തിന്റെ തിരസ്കരണവുമാകരുത്. ഈയൊരു തിരിച്ചറി വിൽനിന്നാണ് പഴംചൊല്ലുകളിലും നാടൻ പാട്ടുകളിലും കഥകളിലും ഇന്നലെയുടെ ഈടുവെയ്പുകളായി നമ്മോ ടൊപ്പം ജീവിച്ചിരിക്കുന്ന കാരണവന്മാരുടെ ഓർമ്മകളിലും നിന്ന് നാം പ്രാദേശിക ചരിത്രം തെരയുന്നത്. കഥകൾക്കും മിത്തുകൾക്കും സ്മൃതികൾക്കും പുറമെ പഴയ ഡയറിക്കു റിപ്പുകൾ, പത്രങ്ങൾ, ശിലാലിഖിതങ്ങൾ തുടങ്ങിയവയും നാമീചരിത്രാന്വേഷണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

നെന്മണിക്കര. നല്ലനെല്ലു വിളയുന്ന പ്രദേശമെന്നാണ് പഞ്ചായത്തിലെ ഭാഷാ ശാസ്ത്രജ്ഞർ ഈ പദത്തെ വിഗ്ര ഹിച്ചത്. നെൽവയലുകളുടെ അസ്സൽ വിസ്തൃതി കുറഞ്ഞി ട്ടുണ്ടെങ്കിലും ഇപ്പോഴും ഫലഭൂയിഷ്ഠതയുടെ കാര്യത്തിൽ നിലനില്ക്കുന്ന ഈ പ്രദേശത്തിന്റെ ശ്രേഷ്ഠത പേരിനെ സാർത്ഥകമാക്കുന്നു. ചേന്ദം കുളങ്ങര ക്ഷേത്രത്തേയും പാലിയക്കരയേയും ചേർത്തുവെച്ച് പാലിയത്തച്ഛനുമാ യുള്ള ഈ പ്രദേശത്തിന്റെ ബന്ധം വിശദീകരിക്കപ്പെടുന്നു. പാലിയത്തച്ഛന്റെ സ്ഥലമാണ് ചേന്ദമംഗലം. പാലിയത്ത ച്ഛന്റെ ഭരദേവതയാണ് ഭഗവതി. പാലിയം വകയാണ് തൃക്കൂർ മഹാദേവക്ഷേത്രം. കൊടുങ്ങല്ലൂരമ്മയുടെ മൂല ക്ഷേത്രത്തിൽനിന്ന് ഭഗവതിയുടെ ചൈതന്യം ഒരു ബ്രാഹ്മണൻ ആവാഹിച്ചുകൊണ്ടുവന്നുവെന്നും ഇന്നത്തെ പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന എറാൻ കുളത്തിന രികെ എത്തിയപ്പോൾ മൂത്രവിസർജ്ജനത്തിനായി ദേവീ ചൈതന്യം കുടികൊള്ളുന്ന ഓലക്കുടയെ ആൽത്തറയിൽ വെച്ച് ബ്രാഹ്മണൻ പോയെന്നും ശൗച്യത്തിനു ശേഷം തിരിച്ചുവന്നപ്പോൾ കുട ആൽത്തറയിൽനിന്ന് അനങ്ങുന്നി ല്ലെന്നും മറ്റും സാധാരണ പറഞ്ഞുവരാറുള്ള ഒരു കഥ നമുക്കും കൂട്ടായുണ്ട്. ഇതിനെതുടർന്ന് പിന്നീട് പാലിയ ത്തച്ഛന്റെ നേതൃത്വത്തിൽ ആചാരവിധിപ്രകാരം ദേവിയെ ഇന്നത്തെ ചേന്ദംകുളങ്ങരക്ഷേത്ര സ്ഥാനത്ത് പ്രതിഷ്ഠി ച്ചുവെന്നും പറയപ്പെടുന്നു. ഇതിന്റെ സാധൂകരണമെ ന്നോണം ഉത്സവനാളിൽ ദേവിയുടെ എഴുന്നെള്ളത്ത് ആൽത്തറവരെ വരുന്നത് ചൂണ്ടിക്കാണിക്കപ്പെടുന്നു. കുംഭ ത്തിൽ ഭരണി ഉത്സവമായി കൊണ്ടാടുന്ന പാലിയം എട്ടു കരയാണ് പിന്നീട് പാലിയേക്കരയായത്. പാലിയേക്കര കേന്ദ്രീകരിച്ചിട്ടുള്ള എട്ടുകരകൾ ഇവയാണ്. നെന്മണിക്കര, തലവണിക്കര, കോനിക്കര, പുലക്കാട്ടുകര, മടവാക്കര, പാലിയക്കര, മരത്താക്കര, പൊന്നൂക്കര. ഈ എട്ടുകരക ളുടേയും തട്ടകം ക്ഷേത്രമാണ് ചേന്ദംകുളങ്ങര

മിത്തിക്കൽ ഭൂതകാലത്തിൽനിന്ന് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലെത്തുമ്പോൾ നമ്മുടെ സ്വത്വാന്വേഷണം കൂടുതൽ വസ്തുതകൾ ഉൾക്കൊള്ളുന്നതായ് കാണുന്നു. 1885ൽ നെന്മണിക്കര പഞ്ചായത്തിന്റെ വരദാനമായ മണ ലിപ്പുഴയുടെ തീരങ്ങളിൽ സെന്റ് സെബാസ്റ്റ്യൻ, സ്വദേശി, ശിവകാമി എന്നീ ഓട്ടുകമ്പനികൾ പിറവികൊള്ളുന്നു. വ്യവസായത്തെകുറിച്ച് വളരെക്കുറച്ച് അറിവുമാത്രമുള്ള അക്കാലത്ത് ഓട്ടുകമ്പനികൾ തീർത്ത് ചരിത്രം തീർത്തവ രുടെ പൈതൃകം നെഞ്ചേറ്റു വാങ്ങിയവരാണ് നാമെന്ന തിന്റെ തെളിവാണ് വളർച്ചയേറിയ വ്യവസായ മണ്ഡല മുള്ള ഇന്നത്തെ നെന്മണിക്കര

ദേശീയ പ്രസ്ഥാനത്തിന്റെ ജന്മനാളുകളിൽതന്നെ അതിന്റെ അനുരണനങ്ങൾ നമ്മളുടെ പഞ്ചായത്തിലു ണ്ടായി.വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത ആഗമാ നന്ദ സ്വാമികൾ 1920 കളിൽ പാഴായിയിൽ വന്ന് ആശ്രമം സ്ഥാപിച്ചു. തലോർ വീമ്പൂര് മനക്കലെ ഒരു ശാഖ അന്ന് പാഴായിയിലുണ്ടായിരുന്നു. അതിലെ കുഞ്ഞനുജൻ നമ്പൂ തിരിപ്പാട്, കൃഷ്ണൻ നമ്പൂതിരിപ്പാട് എന്നിവർ സ്വാമിയുടെ ശിഷ്യരായ് മാറുകയും ഹരിജനോദ്ധാരണ പ്രസ്ഥാനം, അയിത്തോച്ചാടന പ്രസ്ഥാനം, ഖാദി പ്രസ്ഥാനം എന്നിവ പാഴായിയിൽ ആരംഭിക്കുകയും ചെയ്തു.

1921ൽ ആഗമാനന്ദസ്വാമികളുടെ പ്രേരണയാൽ മഹാ ത്മാഗാന്ധി തലോർ വീമ്പൂർമന സന്ദർശിച്ചു. തലോർ മുതൽ വീമ്പൂർ മനവരെ ആനപ്പുറത്ത് ഗാന്ധിജിയുടെ പടം വെച്ച് ഘോഷയാത്ര നടത്തി. ഹരിജനോദ്ധാരണ ഫണ്ടി ലേക്ക് മനക്കാരുടെ വകയായ് 1001 രൂപ സംഭാവന നല്കി.

1938ൽ നെന്മണിക്കര പഞ്ചായത്തിലുള്ള തലോർ വാരി യത്തെ അനുജൻ വാരിയർ, കയ്പ്പുള്ളി അച്ചുതവാരിയർ, പാലിയക്കര മഠം അനന്തകൃഷ്ണ അയ്യർ, ചക്കം കുളങ്ങര കൊച്ചനുജൻ വാരിയർ എന്നീ ഉല്പതിഷ്ണുക്കളായ യുവാക്കൾ അവിണിശ്ശേരി ഖാദി പ്രസ്ഥാനവുമായി ബന്ധ പ്പെടുകയും ചർക്കാ പ്രവർത്തനം, ഗ്രാമോദ്ധാരണ ലൈബ്രറി, മഹിളാ സംഘങ്ങൾ എന്നിവ സംഘടിപ്പിക്കു കയും ചെയ്തു. കോൺഗ്രസ്സ് പാർട്ടിയുടെ പ്രവർത്തന ങ്ങൾ ശക്തിപ്പെട്ടു. ഈ കാലയളവിൽ 1937 ൽ ആമ്പല്ലൂ രിലെ ടെക്സ്റ്റൈൽസ് തൊഴിലാളികൾ P.S. നമ്പൂതിരിയുടെ നേതൃത്വത്തിൽ യൂണിയൻ ആയി സംഘടിപ്പിക്കപ്പെട്ടു. 1938ൽ നടന്ന ടെക്സ്റ്റൈൽസ് സമരത്തിൽ ഈ മേഖല യിൽ നിന്നുള്ള തൊഴിലാളികളടക്കം അഞ്ഞൂറോളം പേർ പങ്കെടുത്തു.

1940ൽ വ്യാപകമായുണ്ടായ കൊടുങ്കാറ്റിൽ ഉണ്ടായ നാശനഷ്ടങ്ങൾ പറ്റിയവരെ സഹായിക്കാൻ ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ ജന കീയ കമ്മറ്റിയിൽ ഈ പഞ്ചായത്തിൽനിന്നുള്ള ശ്രീ. ചക്കം കുളങ്ങര ശേഖരവാരിയർ ഒരു പ്രമുഖാംഗമായിരുന്നു. ജന കീയ കൂട്ടായ്മയുടെ അക്കാലത്തെ ഒരു മികച്ച മാതൃക യായിരുന്നു അത്.

ഈ കാലഘട്ടത്തിൽ പ്രജാമണ്ഡലത്തിന്റെ നേതൃത്വത്തിൽ നടന്ന പാലിയംസത്യാഗ്രഹം, കുട്ടൻ കുളങ്ങര സമരം എന്നിവയിൽ ഇവിടെനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു.

1942 പഞ്ചായത്തിന്റെ ചരിത്രത്തിലും ഏറെ ജനകീയ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1931ലെ കോഴിക്കോട് ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച ചക്കംകുളങ്ങര ശേഖരവാര്യർ, കൊച്ചനുജവാര്യർ എന്നിവർ ക്വിറ്റിന്ത്യാ സമരത്തിൽ സജീവമായി പങ്കെടുത്തു. രണ്ടുപേരെയും അറസ്റ്റ് ചെയ്ത് ശിക്ഷിച്ചു. ഈ കാലയളവിൽ തന്നെ പുതുക്കാട്-മണലി മേഖലയിലെ ഓട്ടുകമ്പനി തൊഴിലാളികൾ ട്രേഡ് യൂണിയൻ പ്രവർത്തനമാരംഭിച്ചു. A.I.T.U.C. നേതൃത്വത്തിലാണ് ഓട്ടുകമ്പനി തൊഴിലാളികൾ ആദ്യമായി സംഘടിച്ചത്. 1943ൽ കീഴാള വർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഉശിരൻ ചെറുത്തുനില്പ് സമരത്തിന് പഞ്ചായത്ത് സാക്ഷ്യം വഹിച്ചു.

തലോർ പോത്തോട്ടപ്പറമ്പ് സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിന് ദേവസ്വം തീരുമാനിച്ചപ്പോൾ ഹരിജനങ്ങൾ ഉശിരൻ ജനമുന്നേറ്റം സംഘടിപ്പിച്ചു. സർവ്വശ്രീ. കല്ലുപ്പിള്ളി വേലായുധൻ, സി. ഗോവിന്ദൻ നായർ തുടങ്ങിയവർ ഈ സമരത്തിന് നേതൃത്വം നല്കി. 1946ൽ പി.എസ്.നമ്പൂതിരി, ജോർജ്ജ് ചടയം മുറി എന്നിവരുടെ നേതൃത്വത്തിൽ ആമ്പല്ലൂർ ടെക്സ്റ്റൈൽസ് തൊഴിലാളികൾ ഊജ്ജ്വലമായ സമരം നടത്തുകയുണ്ടായി. ഈ സമരത്തിൽ നിന്നാവേശമുൾക്കൊണ്ട ഓട്ടുകമ്പനി തൊഴിലാളികളും തങ്ങളുടെ സമരസംഘടന ശക്തിപ്പെടുത്തി.

ഈ കാലയളവിൽ ഓട്ടുകമ്പനി മേഖലയിൽ നിലവിലുള്ള് തൊഴിൽപ്രശ്നങ്ങൾ ഗവണ്മേണ്ട് അഡ് ജൂഡീക്കേഷനു വിടുകയും തൊഴിലാളികളുടെ ആവശ്യങ്ങൾ അനുവദിച്ചു കൊണ്ടുള്ള അവാർഡ് പുറത്തുവരികയും ചെയ്തു. എന്നാൽ ഈ അവാർഡ് നടപ്പാക്കാത്തതുകൊണ്ട് കരുവന്നൂരിലെ തൊഴിലാളികൾക്ക് സുദീർഘമായ ഒരു പണിമുടക്ക് നടത്തേണ്ടി വന്നു. പ്രശ്നം അപ്പലേറ്റ് ട്രൈബ്യൂണിലേക്ക് അയച്ചുവെങ്കിലും അവസാനം തൊഴിലാളികൾക്ക് കിട്ടിയ ആനുകൂല്യം നഷ്ടപ്പെടുകയും ചെയ്തു. മണലി പ്രദേശത്തുള്ള തൊഴിലാളികളും കൂടിച്ചേർന്ന് ഈ സമരം ശക്തിപ്പെടുത്തുകയും ഇതിനെതുടർന്ന് സർക്കാർ കൺസിലിയേഷൻ ബോർഡ് സംഘടിപ്പിക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രചാരണത്തിനും സംഘാടനത്തിനുമായി നിരവധി നേതാക്കൾ ഈ പ്രദേശങ്ങളിൽ വന്നിട്ടുണ്ട്. കൽക്കത്താ തീസിസിനെ തുടർന്ന് ഒളിവിൽ പോയ ഇ.എം.എസ്സ്, സി. അച്ചുതമേനോൻ എന്നീ കമ്മ്യൂണിസ്റ്റ് നേതാക്കൾ ചക്കംകുളങ്ങര വാര്യത്ത് ഒളിവിൽ താമസിച്ചിട്ടുണ്ട്. അച്ചുതമേനോൻ ചക്കംകുളങ്ങര ക്ഷേത്രത്തിന്റെ ഊട്ടുപുരയിൽ 2 മാസക്കാലം ഒളിവിൽ പാർത്തിരുന്നു. കമ്മ്യൂണിസ്റ്റ് അംഗങ്ങൾ മാത്രമല്ല കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ അക്കാലത്തെ നേതാവായിരുന്ന സ്വാതന്ത്ര്യ സമരസേനാനി ചക്കംകുളങ്ങര കൊച്ചനുജവാര്യരുടേയും സഹായം അവർക്കവിടെ ലഭിച്ചിരുന്നു. രാഷ്ട്രീയത്തനിമ നിലനിർത്തിക്കൊണ്ടുതന്നെയുള്ള ഒരു പ്രത്യേക തരം ഒരുമ അക്കാലത്തിന്റെ പ്രത്യേകതയായിരുന്നു. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ആ നല്ല പൈതൃകം നാം പിൻ ചൊല്ലേണ്ടിയിരിക്കുന്നു. ഐക്യകേരള പ്പിറവി വരെയുള്ള ചരിത്രമാണ് നാം തെരഞ്ഞത്. അതിനുശേഷമുള്ള സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളവരാണ് നാം. ഈ ചരിത്ര കാലഘട്ടത്തെ രേഖപ്പെടുത്താൻമുതിരുന്നില്ല.

പഞ്ചായത്തിൽ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളരെ മുമ്പേ പ്രകടമായിരുന്നു. സാക്ഷരതാ നിലവാരത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന പഞ്ചായത്തിലെ ആദ്യ ബിരുദധാരികൾ സർവ്വശ്രീ. സി.എസ്. ഇക്കണ്ടവാര്യർ, എടുത്തൻ കുരിയ, പി.നാണു മേനോൻ എന്നിവരാണ്. 1920 കളിൽ തന്നെ ഇവർ ബിരുദമെടുത്തിരുന്നു. മതനിരപേക്ഷത പാരമ്പര്യത്തിനു കളങ്കം വരുത്താവുന്ന യാതൊന്നും നമ്മുടെ പഞ്ചായത്തിന്റെ പഴം കാലത്തിലില്ല. ഇന്നിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ പഴയകാലത്തിന്റെ നല്ല പാരമ്പര്യം നമ്മെ സഹായിക്കുകതന്നെ ചെയ്യും.

"കുഴിവെട്ടി മൂടുക വേദനകൾ നമ്മൾ
കുതികൊൾക ശക്തിയിലേക്ക് നാമിനി"

267

# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിലെ ഭൂപ്രകൃതിയും വിഭവങ്ങളും തിട്ടപ്പെടുതതുന്നതിന് പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ് പഠന പര്യടനം നടത്തുകയുണ്ടായി. ദ്രുതഗ്രാമ പഠനത്തിന്റെ സങ്കേതമുപയോഗിച്ച് നടത്തിയ ഈ പഠനയാത്ര എല്ലാവർക്കും വലിയൊരനുഭവമായിരുന്നു. പഠനപര്യടനത്തിലൂടെ ലഭിച്ച് ഭൂവിനിയോഗത്തിന്റെ രേഖീയചിത്രം താഴെ കൊടുക്കുന്നു.

ചിത്രം 1



ഭൂപ്രകൃതി

പഞ്ചായത്തിലെ ഭൂപ്രകൃതി, മൺതരം, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങൾ, ജലസ്രോതസ്സ്, എന്നിവ ഈ പര്യടന വേളയിൽ രേഖപ്പെടുത്തുകയുണ്ടായി. യാത്രാ വേളയിലെ ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിന്റെ 7 മേഖലകളാക്കി തിരിച്ചത് ഇപ്രകാരമാണ്

Zone 1: തലോർ ദീപ്തി ഹൈസ്കൂൾ മുതൽ ചക്കംകുളങ്ങര ക്ഷേത്രം വരെ

Zone 2: ചക്കംകുളങ്ങര ക്ഷേത്രം മുതൽ ചിറ്റിചാത്തക്കുടം ക്ഷേത്രം വരെ

Zone 3: ചിറ്റിചാത്തകുടം ക്ഷേത്രം മുതൽ കപ്ലിങ്ങാട് മന വരെ

Zone 4: കപ്ലിങ്ങാട്ട് മന മുതൽ കേരള സ്റ്റോർ വരെ

Zone 5: കേരള സ്റ്റോർ മുതൽ അറക്കപ്പാടം തെക്കെ അതിർത്തിവരെ

Zone 6: അറക്കപ്പാടം മുതൽ വെളക്കുപ്പാടം വരെ

Zone 7: വെളക്കുപ്പാടം മുതൽ ചെറുവാൾ വരെ

ഈ മേഖലകളിൽ നിന്ന് പഠനപര്യടനസംഘത്തിന് ലഭിച്ച വിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഈ ഏഴു മേഖലകളിലെ ഭൂപ്രകൃതി പരിശോധിച്ചതിൽനിന്ന് പഞ്ചായത്തിനെ മൊത്തം 6 മേഖലകളാക്കി തിരിക്കാമെന്ന് കണ്ടുപിടിച്ചു. അവ ഇപ്രകാരമാണ്.

1. ഉയർന്ന സമതലപ്രദേശങ്ങൾ
2. ചെരിവോടുകൂടിയ പ്രദേശങ്ങൾ
3. കുന്നിൻപുറം
4. താഴ്വര
5. ജലാശയങ്ങൾ
6. താഴ്ന്ന വയൽ പ്രദേശം

പഞ്ചായത്തിന്റെ Agro climatic Zone ആയി High land എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയായ 1235.41 ഹെക്ടറിന്റെയും Natural region അനുസരിച്ച് ഇടനാട് (Midland) ആണ്. അതായത് ഈ ഭൂപ്രദേശം സമുദ്ര നിരപ്പിൽനിന്ന് 7.5 മീറ്റർ മുതൽ 75 മി. വരെ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്.

| | Zone 1 | Zone 2 | Zone 3 | Zone 4 | Zone 5 | Zone 6 | Zone 7 |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ഉയർന്ന സമതല പ്രദേശം | ചെരിവോടുകൂടിയ പ്രദേശം | ഉയർന്ന സമതല പ്രദേശം | കുന്നിൻപുറം | താഴ്വര | ഉയർന്ന സമതല പ്രദേശം | താഴ്ന്ന വയൽ |
| മൺതരം | ചരൽ കലർന്ന ചെങ്കൽ വെട്ടുകല്ല് | വളക്കൂറുള്ള ള്ള മണൽ കലർന്ന പശിമ മണ്ണ് | ചരൽ കലർന്ന ചെങ്കൽ | തവിട്ടുപാറയുംചെങ്കല്ലും കൂടികലർന്നത് | കളിമൺ നിക്ഷേപം മണൽ | ചരൽമണ്ണ് ചെങ്കല്ല് | കളിമണ്ണ് സാധാരണമണ്ണ് |
| സസ്യാവരണം | തെങ്ങ്, കവുങ്ങ് വാഴ, കശുമാവ് കവുങ്ങ് | മാവ്, പ്ലാവ് ഭാഗികമായി നെൽകൃഷി | മുള പാഴ്മരങ്ങൾ | പുളി പാഴ്മരങ്ങൾ | നെല്ല്, തെങ്ങ് വാഴ, കവുങ്ങ് മഞ്ഞൾ, ചേന പച്ചക്കറികൾ | തെങ്ങ്, കശുമാവ്, പാഴ്മര മുള | നെല്ല്, തെങ്ങ് വാഴ, ജാതി |
| പരിസ്ഥിതി പ്രശ്നങ്ങൾ | - | നെല്പാടംമൂടുന്നു വെള്ളക്കെട്ട് മണ്ണ് ഖനനം | - - | മണ്ണ് ഖനനം | മണ്ണ് ഖനനം നെല്പാടം മൂടുന്നു വെള്ളക്കെട്ട് | മണ്ണ് ഖനനം | മണ്ണ് ഖനനം വെള്ളക്കെട്ട് നെല്പാടം മൂടുന്നു |
| ജലസ്രോതസ്സ് | കിണർ, കുളം | കിണർ, കുളം | കിണർ | കിണർ | കിണർ, കുളം പുഴ | കിണർ | കിണർ, കുളം പുഴ |

### കാലാവസ്ഥ

ജില്ലയിൽ ലഭിക്കുന്ന ശരാശരി വർഷപാതം ഇപ്രകാരമാണ്.

ഇതിൽനിന്ന് വ്യത്യസ്തമല്ല പഞ്ചായത്തിന്റെ ചിത്രം. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കടുത്ത ജലക്ഷാമമനുഭവപ്പെടുന്നു. ജലലഭ്യതയുടെ വിശദമായുള്ള ചിത്രം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചേർത്തിട്ടുണ്ട്. പഠന പര്യടന വേളയിൽ രേഖപ്പെടുത്തിയിട്ടുള്ള ജലസ്രോതസ്സുകളുടെ വിവരം താഴെ പറയുന്ന രീതിയിലുള്ളതാണ്.

| തൃശൂർ | Jan | Feb | Mar | Apr | May | Jun | Jul | Aug | Sep | Oct | Nov | Dec | Annual |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 7 | 10 | 27 | 86 | 296 | 769 | 759 4 | 43 | 257 | 301 | 144 | 31 | 3130 |

| പേര് | വിസ്തീർണ്ണം |
|---|---|
| 1. തലോർ ശിവക്ഷേത്രക്കുളം | 4300 ച. അടി |
| 2. ചക്കം കുളങ്ങര ക്ഷേത്രക്കുളം | 3500 ച. അടി |
| 3. ചിറ്റിചാത്തക്കുടം ക്ഷേത്രക്കുളം | 2200 ച.അടി |
| 4. പൊതുകിണർ (സർഗ്ഗതാര വായനശാലാ പരിസരം) | |
| 5. ചേന്ദം കുളങ്ങറ ക്ഷേത്രക്കുളം | 4400 ച. അടി |
| 6. മൂന്ന് കുഴൽ ക്കിണറുകൾ– | |
| 7. മണലിപ്പുഴ 4കി.മി. ദൈർഘ്യം (പഞ്ചായത്തിനകത്ത്) | |
| 8. പൊതുകിണർ ശ്രീലക്ഷ്മി ഓട്ടുകമ്പനിക്കുസമീപം | |
| 9. കണ്ണംകുളങ്ങര ക്ഷേത്രക്കുളം | 1 ഏക്കർ 1സെന്റ് |
| 10. പൊതുകിണർ 25 എണ്ണം | |
| 11. കുറുമാലിപ്പുഴ (കലാസമിതി പരിസരം) | |

ഭൂവിനിയോഗക്കണക്കുകൾ അന്യത്ര ചേർത്തിട്ടുണ്ട്.

### IV) ജൈവസമ്പത്ത്

പഞ്ചായത്തിന്റെ ജൈവ വൈവിധ്യം തിട്ടപ്പെടുത്തിയിട്ടില്ല. ദ്രുതഗതിയിൽ നടത്തിയ പഠനത്തിന്റെ വിവരങ്ങൾ ചിത്രം (1) ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### V) ജനപ്രകൃതി

1991ലെ സെൻസസ് രേഖകളനുസരിച്ച് പഞ്ചായത്തിന്റെ ജനസംഖ്യ താഴെ കൊടുക്കുന്നു.

പട്ടിക 2

| വിസ്തൃതി ച.കീമി | ജനസംഖ്യ | | | 0–6ലെ ജനസംഖ്യ | | | SC/ST | | | സാക്ഷരത | | സ്ത്രീ പുരുഷ അനുപാതം | | | ജനസാന്ദ്രത |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | പു | സ്ത്രീ | പഞ്ചാ. | ജി. | സംസ്ഥ. | |
| 11.41 | 18664 | 9150 | 9514 | 2314 | 1170 | 1144 | 2093 | 1047 | 1046 | 7423 | 7094 | 1040 | 1085 | 1036 | 1636 |

തൊഴിൽ പങ്കാളിത്തം, തൊഴിലില്ലായ്മ എന്നിവയുടെ കൃത്യമായ പഞ്ചായത്ത് തല കണക്കുകൾ ലഭ്യമായിട്ടില്ല.



വിവിധ വികസനതുറകളെകുറിച്ചുള്ള
അവലോകനം

- കൃഷി, ജലസേചനം
- മൃഗപരിപാലനം, മത്സ്യമേഖല
- വിദ്യാഭ്യാസം
- ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
- വ്യവസായം
- ഊർജ്ജം, ഗതാഗതം
- ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
- സംസ്ക്കാരം
- വനിത
- സഹകരണമേഖല
- പട്ടികജാതി മേഖല
- വിഭവസമാഹരണം

# 1

# കൃഷിയും ജലസേചനവും

*കൃഷിചെയ്തു കഴിയാത്തവർക്കൊരു*

*വഴിയില്ലയിഴപ്പിനു ഭൂതലേ*

*ദാരിദ്ര്യങ്ങൾ കളയേണമെങ്കിലോ*

*നേരത്തെ കൃഷി ചെയ്യേണ മേവരും*

കൃഷിഗീത (വരി 57-60 ട്രാവൻകൂർ മാനു സ്ക്രിപ്ട്സ് ലൈബ്രറിയിലെ ആദർശഗ്രന്ഥം നമ്പർ 18996)

നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ അസ്സൽ കൃഷി വിസ്തീർണ്ണം ലഭ്യമായ കണക്കുകളനുസരിച്ച് 600.42 ഹെക്ടർ ആണ്. പുരയിടകൃഷി ഇതിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതി 1235.41 ഹെക്ടർ ആണ്. റവന്യൂ, കൃഷിഭവൻ രേഖകളനുസരിച്ച് ഭൂ ഉപയോഗത്തിൽ ഗണ്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇവക്കൊന്നിനും വളരെ കൃത്യമായ കണക്കുകൾ ഉണ്ടാക്കുക എളുപ്പമല്ല. കൃഷി ഭൂമിവിസ്തീർണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നു മാത്രമല്ല ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്താനും. നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൂമിയുടെ ഉടമസ്ഥത വൻകിട ജന്മികൾക്കും വിവിധ ദേവസ്വങ്ങൾക്കുമായിരുന്നു. പാട്ടവ്യവസ്ഥ അവസാനിക്കുകയും ഭൂപരിഷ്ക്കരണ നിയമം നടപ്പിൽ വരികയും ചെയ്യുന്നതുവരെ ഭൂ ഉടമസ്ഥത ഇപ്രകാരം തന്നെ നിലനിന്നു. പാട്ടവ്യവസ്ഥ നിലനിന്നിരുന്ന കാലയളവിൽ തെങ്ങ് പോലുള്ള സ്ഥിര വിളകളുടെ കൃഷി, ജന്മിമാർ അനുവദിച്ചിരുന്നില്ല. രേഖകളനുസരിച്ച് പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നിലം | 600.42 |
| പുരയിടം | 514.03 |
| പുറമ്പോക്ക് | 120.96 |
| കൃഷിയോഗ്യതരിശ് | - |
| കൃഷിയോഗ്യമല്ലാത്ത തരിശ് | - |
| ആകെ | 1235.41 |

അവലംബം: അടിസ്ഥാന വിവര രജിസ്ട്രാർ

ഭൂവ്യാപനം, ഉടമസ്ഥത, കൃഷി സങ്കേതങ്ങൾ, വിളകൾ എന്നീ മേഖലകളിൽ ഈ നൂറ്റാണ്ടിൽ ഏറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മഴയേയും മറ്റു പ്രകൃതി ശക്തികളേയും ആശ്രയിച്ചായിരുന്നു കൃഷി രീതികൾ ആസൂത്രണം ചെയ്തിരുന്നത്. മുമ്പ് ഉപയോഗിച്ചിരുന്ന ഉയർന്ന പ്രതിരോധ ശേഷിയുണ്ടായിരുന്ന നാടൻ വിത്തിനങ്ങൾ (നെല്ല്) അപ്രത്യക്ഷമായിരിക്കുന്നു. പുരാതന കേരളീയ കൃഷി രീതികളെക്കുറിച്ച് പ്രതിപാദിക്കുന്ന കൃഷിഗീതയിൽ ഏകദേശം 93 വിത്തിനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പഴയ കർഷകരുടെ അഭിപ്രായത്തിൽ പഞ്ചായത്തിൽ അരിയൻ, വട്ടൻ, നവര, കരിങ്കാളി, അരിക്കുറുമ, ചിറ്റേണി, ചെമ്പാവ്, ചീരകച്ചെമ്പാവ്, എരുമകേരി, അതിയൻ, ചീര തുടങ്ങിയ നെൽവിത്തിനങ്ങൾ വ്യാപകമായി കൃഷി ചെയ്തുവന്നിരുന്നു. ഇപ്പോൾ മിക്കവാറും അപ്രത്യക്ഷമായിരിക്കുന്ന ഈ വിത്തിനങ്ങളെ പുതിയ പേറ്റന്റ് നിമമനുസരിച്ച് ഒരു പക്ഷെ അമേരിക്കയടക്കമുള്ള വികസിത രാഷ്ട്രങ്ങളുടെ ജീൻ ബാങ്കുകളിൽനിന്ന് വൻതുക പകർപ്പവകാശം കൊടുത്തുകൊണ്ട് നാം തിരിച്ചെടുക്കേണ്ടിവരും. ഓരോ വർഷത്തേയും മഴയുടെ അളവ് (എത്ര പറ മഴ എന്ന്) ഗണിച്ചെടുക്കുകയും വിവിധ ഞാറ്റുവേലകളനുസരിച്ച് കൃഷിയിറക്കുകയും ചെയ്തു വന്നിരുന്നു. കൃഷി രീതി തികച്ചും പഴഞ്ചനായിരുന്നു. ഉഴവുമാടുകളെ ഉപയോഗിച്ച് നിലമൊരുക്കുകയായിരുന്നു പഴയ രീതി. ജലസേചനത്തിന് കൊട്ടത്തേക്കും ചക്രവും ഉപയോഗിച്ചുവന്നു. പുഞ്ചപ്പറമ്പുകളിൽ പയറും ചാമയും തിനയും ഇടവിളകളായും കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ പച്ചക്കറികൾ കൃഷി ചെയ്യുകയും ചെയ്തിരുന്നു.

1950കളോടെ ഈ രീതികൾക്ക് കാര്യമായ മാറ്റം വന്നു. അത്യുല്പാദന ശേഷിയുള്ളതും വളരെയേറെ രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് പരിചരിച്ചാൽ മാത്രം ഉയർന്ന വിളവ് തരുന്നതുമായ കൃത്രിമമായി ഉല്പ്ദിപ്പിക്കപ്പെട്ട വിത്തിനങ്ങളുടെ വരവായിരുന്നു. ഈ മാറ്റങ്ങളിൽ സുപ്രധാനം. കൃഷിരീതികളിലും വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. ഉഴവുമാടുകളുടെ സ്ഥാനത്ത് സാവകാശമാണെങ്കിലും ട്രാക്റ്റർ, ടില്ലർ എന്നിവ പ്രത്യക്ഷപ്പെടുകയും പരമ്പരാഗത ജലസേചന രീതികൾക്കുപകരം പമ്പ് സെറ്റുകൾ (ഡീസൽ, വൈദ്യുതി) വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. ഭൂ ഉടമാബന്ധത്തിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി. ഫ്യൂഡലിസത്തോടൊപ്പം ഗ്രാമത്തിൽ സാർവ്വത്രികമായിരുന്ന വറുതിയും പട്ടിണിയും ഇല്ലാതാവാൻ തുടങ്ങി. ഇക്കാര്യത്തിൽ പുതിയ കൃഷി രീതികൾക്കും ഐ.ആർ.എട്ട് അടക്കമുള്ള പുതിയ നെൽവിത്തിനങ്ങൾക്കും കാര്യമായ പങ്കുണ്ട്. നെല്ലിനെ പിൻതള്ളിക്കൊണ്ട് തെങ്ങ് മുഖ്യ വിളയായി മാറി. സാർവ്വത്രികമായിതീർന്ന ആധുനിക വിദ്യാഭ്യാസം കർഷകമേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. പഞ്ചായത്തിലെ വിള വിസ്തീർണ്ണവും ഉത്പാദനവും സംബന്ധിച്ച വിവരണങ്ങൾ പട്ടിക2ൽ കൊടുക്കുന്നു.

പട്ടിക2

വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ | മൊത്തം ഉല്പാദനം (കി.ഗ്രാം) | ഉല്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 60 | 1,20,000 | 2000 kg/Ha |
| നെല്ല് (രണ്ടാംവിള) | 50 | 1,25,000 | 2500 kg/Ha |
| നെല്ല്(മൂന്നാംവിള) | 50 | 1,40,000 | 2800 Kg/Ha |
| പയർ | 20 | 15,000 | 750 Kg/Ha |
| എള്ള് | 3 | 2250 | 750 Kg/Ha |
| തെങ്ങ് | 267 | 1606005 nuts | 6015 nuts/Ha |
| വാഴ | 100 | 200000Kg | 20,000Kg/Ha |
| മരച്ചീനി | 5 | 90,000Kg | 1800Kg/Ha |
| കുരുമുളക് | 9 | 3600kg | 400Kg/Ha |
| കശുമാവ് | 3 | 2700kg | 900Kg/Ha |
| റബ്ബർ | 5 | 4000Kg | 800Kg/Ha |
| കവുങ്ങ് | 28 | 44,80,000 Nuts | 1,60,000 Nuts/Ha |

**ഉല്പാദനക്ഷമത**

വിവിധ കാർഷികോല്പന്നങ്ങളുടെ ഉല്പാദന ക്ഷമത പഞ്ചായത്ത് തലത്തിലും സംസ്ഥാനതലത്തിലും താരതമ്യം ചെയ്യാൻ താഴെ കൊടുക്കുന്ന പട്ടിക സഹായിക്കും

പട്ടിക 3

ഉല്പാദനക്ഷമത വർഷം 1995-96

| വിള | പഞ്ചായത്ത് തലം | സംസ്ഥാന തലം |
|---|---|---|
| നെല്ല് | 2300 | 1943 |
| തെങ്ങ് | 6015 | 5888 |
| മരച്ചീനി 1 | 7 ടൺ | 19.85 ടൺ |
| കുരുമുളക് | 285 | 276 kg |
| റബ്ബർ | 800 | 990Kg |
| കശുമാവ് | 900 | 823 kg. |

പഞ്ചായത്തിലെ മുഖ്യ കൃഷി വിളകളായ നെല്ലും തെങ്ങും സംസ്ഥാന തലത്തിൽ കൈവരിച്ച ഉല്പാദനക്ഷമതയേക്കാൾ അല്പം മുന്നിട്ടുനില്ക്കുന്നു. ഇവിടത്തെ കൃഷിഭൂമികൾ താരതമ്യേനെ ഫലഭൂയിഷ്ഠമാണ്. ജൈവ വള ഉപയോഗം, രാസവള ഉപയോഗം, സമയാസമയങ്ങളിലെ കീടനാശിനി പ്രയോഗം, താരതമ്യേനെ മികച്ചതായ പരിചരണം എന്നിവ ഇവക്കുള്ള കാരണങ്ങളാണ്. അസ്സൽ കൃഷി വിസ്തൃതി കണക്കാക്കുമ്പോൾ തരിശ്ശിടുന്ന കൃഷി നിലങ്ങൾ ഉൾപ്പെടുന്നില്ലയെന്നതും ഉയർന്ന ഉല്പാദനക്ഷമതക്ക് കാരണങ്ങളാണ്. മറ്റു വിളകളിൽ കുരുമുളകും കശുമാവും സംസ്ഥാന ശരാശരിയേക്കാൾ മുന്നിൽനില്ക്കുമ്പോൾ റബ്ബറും മരച്ചീനിയും അല്പം പിറകിൽ നില്ക്കുന്നതായി കാണാം. കാർഷിക വിഭവങ്ങളുടെ ഉല്പാദനക്ഷമത സാങ്കേതികം, സാമ്പത്തികം, സംഘാടനം എന്നീ ഘടകങ്ങളെ പ്രാധാനമായും ആശ്രയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നമുക്കീ ഘടകങ്ങളെ വിശകലനം ചെയ്യാവുന്നതാണ്. പദ്ധതി ആസൂത്രണണത്തിൽ ഈ വിശകലനത്തിന് വളരെയധികം പ്രാധാന്യമുണ്ട്.

**1) സാങ്കേതിക ഘടകങ്ങൾ**

**a) ജലലഭ്യത, വളപ്രയോഗം**

ഈ ഘടകങ്ങളും ഉല്പാദനക്ഷമതയും തമ്മിലുള്ള ബന്ധം ദുർബ്ബലമാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇവ ആവശ്യമില്ലെന്ന നിഗമനത്തിലല്ല, ഇവയേക്കാൾ ഗുരുതരമായ മറ്റേതോ തകരാറുണ്ടെന്ന അറിവിലേക്കാണ് നാം എത്തേണ്ടത്.

പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി കടന്നുപോകുന്ന മണലിപ്പുഴ (4km നീളം), പൊതുവായ 35 കിണറുകളും എണ്ണം കണക്കാക്കിയിട്ടില്ലാത്ത സ്വകാര്യ കിണറുകളും 63-ാളം വലുതും ചെറുതുമായ സ്വകാര്യകുളങ്ങളും പഞ്ചായത്തധീനതയിലുള്ള ഉപയോഗ ശൂന്യമായ നാടിക്കുളവുമാണ് പ്രധാന ജലസ്രോതസ്സുകൾ. ജലസേചനത്തിനും വിതരണത്തിനുമായി പാലാഴി-ചെറുവാൾ തോട്, മടവാക്കര-അറക്കപ്പാടം തോട്, തലോർ കായൽ, കണ്ടമാക്ക, വെട്ടിച്ചിറ, തേറുപാടം, കേളി –പാലക്കടവ് പഞ്ചായത്തിലുള്ള ചെറുകിട ജലസേചന തോടുകൾ എന്നിവ പലപ്പോഴും അവയുടെ ഉദ്ദേശ്യ നിർവ്വഹണത്തിൽ പരാജയപ്പെടുന്നു. കിണറുകളും സ്വകാര്യ കുളങ്ങളും പലപ്പോഴും വറ്റി വരളുന്നു. തോടുകൾ സ്വകാര്യ വ്യക്തികൾ കയ്യേറിയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലവും ബഹുഭൂരിപക്ഷവും ഉപയോഗശൂന്യമായിരിക്കുന്നു. പഞ്ചായത്തിനകത്ത് മൂന്ന് ജലറെഗുലേറ്ററുകൾ ഉണ്ട്. ഓടഞ്ചിറ റെഗുലേറ്റർ, മാഞ്ഞാംകുഴി റെഗുലേറ്റർ, തൃക്കൂർ റെഗുലേറ്റർ . ഇവയിൽ യഥാസമയം ജലം ശേഖരിച്ചു നിർത്തുന്നതിനും കാർഷികാവശ്യങ്ങൾക്കു വേണ്ടി ജലസേചന സൗകര്യം ചെയ്തുകൊടുക്കുന്ന കാര്യത്തിലും ഗുരുതരമായ വീഴ്ച പറ്റിയിട്ടുണ്ട്. ഓടഞ്ചിറ റെഗുലേറ്ററാണ് ഇക്കാര്യത്തിൽ ഏറ്റവും മോശം. ചുരുക്കത്തിൽ വേണ്ട സമയത്ത് വേണ്ട സ്ഥലത്ത്, വേണ്ടത്ര അളവിൽ വെള്ളം എത്തിക്കുന്ന കാര്യത്തിൽ ജലസേചന വ്യൂഹം അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ഇത്രയധികം ജലസേചന സൗകര്യങ്ങളുണ്ടായിട്ടും കാർഷികാവശ്യത്തിനു/ ജലവി

തരണം നടത്തുന്നതിനു പരാജയപ്പെട്ടുവെന്നു മാത്രമല്ല പഞ്ചായത്തിൽ തീവ്രമായ കുടിവെള്ളക്ഷാമം അനുഭവ പ്പെടുകയും ചെയ്യുന്നു.

പറമ്പ് ജലസേചനം സാർവ്വത്രികമാണ്. ജലലഭ്യത യുള്ള നാളുകളിൽ പഞ്ചായത്തിൽ 2201 പമ്പുസെറ്റുകൾ ഉപയോഗിക്കുന്നുണ്ടെന്നാണ് മതിപ്പുകണക്ക്. ഡ്രിപ്പ് ജല സേചനം വളരെ അപൂർവ്വമായാണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ കാർഷികാവശ്യങ്ങൾക്കുള്ള ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തനം ഏറെ മുന്നോട്ടുപോ യിട്ടുള്ള സംവിധാനങ്ങളിലൊന്നാണ് പാലാഴി ലിഫ്റ്റ് ഇറി ഗേഷൻ. ഏകദേശം 30 ലക്ഷത്തിലധികം രൂപ ചെലവു ചെയ്ത് വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, ഇലക്ട്രിക് ലൈൻ നീട്ടൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 50 Hpയുടെ രണ്ട് മോട്ടോർ പമ്പ് സെറ്റുകൾ ഫിറ്റുചെയ്യുന്ന പണി മാത്രമാണ് അവശേഷിച്ചിട്ടുള്ളത്. ഇത് പൂർത്തീകരിച്ചാൽ 200 ഹെക്ട റിൽ താഴെ പ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടു ത്താവുന്നതാണ്.

രാസവള പ്രയോഗത്തിന്റെ പഞ്ചായത്ത് തല ചിത്രം പട്ടിക 4ൽ നിന്ന് ലഭിക്കും. ജൈവവള ഉപയോഗത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. അമിതമായ രാസവള കീടനാശിനി പ്രയോഗത്തിനെതിരെ കർഷകർക്കിടയിൽ അഭിപ്രായം വളരുന്നുണ്ട്. പക്ഷെ ജൈവവളത്തിന്റെ ഉയർന്ന വിലയും ലഭ്യതാ രാഹിത്യവും കൂട്ടായ്മയിലൂടെ പരിഹരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

തേങ്ങയുടെ കാര്യത്തിൽ ഈ അനുപാതം 94-95ൽ 165:5945വും 95- 96ൽ 200: 605ഉം 96-97ൽ 200:6050 ആണ്.

മറ്റുവിളകളുടെ കാര്യത്തിലും ഇതിനു ഏറെക്കുറെ സമാനമായ ചിത്രമാണ് ലഭ്യമാവുന്നത്. നിരന്തരമായ രാസ വള ഉപയോഗം മണ്ണിന്റെ ഫലഭൂയിഷ്ഠതയെ കാര്യമായി ബാധിക്കുന്നു എന്ന പുതിയൊരു അവബോധം കർഷക രുടെ ഇടയിൽ വ്യാപിക്കുന്നുണ്ട്.

### b) രോഗങ്ങളും കീടനാശിനികളും

ഈ പഞ്ചായത്തിൽ തെങ്ങിന് കൊമ്പൻചെല്ലി, ചെമ്പൻചെല്ലി മുതലായ കീടങ്ങളും കൂമ്പുചീയലും പ്രധാ നമായി കണ്ടുവരുന്നു. കീടനാശിനി പ്രയോഗം വഴി ഇവ യുടെ നിയന്ത്രണം കുറെയൊക്കെ സാദ്ധ്യമാക്കുന്നുണ്ട്. എന്നാൽ തെങ്ങിനെ ബാധിക്കുന്ന ഏറ്റവും മാരകമായതും ഇന്നിതുവരെ പ്രതിവിധികളൊന്നും കണ്ടുപിടിയ്ക്കാൻ കഴി ഞ്ഞിട്ടില്ലാത്തതുമായ വേരുരോഗം ഈ പഞ്ചായത്തിന്റെ ഏതാനും ചില ഭാഗങ്ങളിൽ കാണുന്നുണ്ട്. കൂടുതലായി വേരുരോഗം ബാധിച്ച തെങ്ങുകളെ വെട്ടിനശിപ്പിക്കാനുള്ള പദ്ധതിപ്രകാരം തെങ്ങുകൾ മുറിച്ചുമാറ്റുക വഴി ഈ രോഗ വ്യാപനം തടയുന്നുണ്ടെങ്കിലും ഇന്നും തെങ്ങുകൃഷി ക്കാർക്ക് ഈ രോഗം ഒരു ഭീഷണിയായിതന്നെ നിലകൊ ള്ളുന്നു.


നെല്ലിന് പ്രധാനമായും കാണപ്പെടുന്ന ബ്ലാസ്റ്റ്, പോള ചീയൽ മുതലായ രോഗങ്ങൾക്കും തണ്ടുതുരപ്പൻ ഇലചു രുട്ടി മുതലായ കീടങ്ങൾക്കും എതിരായി ഫലപ്രദമായി

പട്ടിക(4)

വളപ്രയോഗം വർഷം 199596

| വിള | വിസ്ത്രീർണ്ണം | യൂറിയ | മസ്സൂറിഫോസ് | പൊട്ടാഷ് | ലഭിച്ച വിളവ് |
|---|---|---|---|---|---|
| നെല്ല് മൂപ്പ് കുറഞ്ഞത് | 80 Ha | 198കി.ഗ്രാം | 248കി.ഗ്രാം | 76.5 കി.ഗ്രാം. | 184000 |
| നെല്ല് മൂപ്പ് കൂടിയത് | 75Ha | 140 കി.ഗ്രാം | 150 കിഗ്രാം | 60കി.ഗ്രാം | 172500 |
| നെല്ല് നാടൻ | 50Ha | 40 കി.ഗ്രാം | 50 കിഗ്രാം | 30കി.ഗ്രാം | 11500 |
| തെങ്ങ് | 267 Ha | 40 കി.ഗ്രാം | 60കി.ഗ്രാം | 50കി.ഗ്രാം | 1606005Nuts |
| വാഴ | 100Ha | 1900 കിഗ്രാം | 1900കി.ഗ്രാം | 1600കി.ഗ്രാം | 200000 |
| കവുങ്ങ് | 28Ha | 550 കി.ഗ്രാം | 550 കി.ഗ്രാം | 170 കി.ഗ്രാം | 4480000 Nuts |
| മരച്ചീനി | 5 Ha | 50 കിഗ്രാം | 100കി.ഗ്രാം | 50കി.ഗ്രാം | 180000Kg. |

രാസവള ഉപയോഗവും വിളവും തമ്മിലുള്ള അനു പാതത്തെ സൂചിപ്പിക്കുന്നതിന്റെ ഗ്രാഫ് നെല്ലിനെ ആധാ രമാക്കി താഴെ ചിത്രീകരിച്ചിരിക്കുന്നു.




ചിത്രം 1 നെല്ല്

| വർഷം | ഉപയോഗിച്ച വളം | കിട്ടിയ വിളവ് |
|---|---|---|
| | kg/Ha | kg/Ha |
| 1993-94 | 275 | 2700 |
| 1994-95 3 | 50 | 3200 |
| 1995-96 | 340 | 3200 |

കീടനാശിനി പ്രയോഗം നടത്തുന്നുണ്ടെങ്കിലും കീടനാശി നിയുടെ അമിതോപയോഗം നെൽകൃഷിയിൽ പ്രധാന മായും കണ്ടുവന്നിരുന്നു. എന്നാൽ ഇന്ന് അമിതമായ കീട നാശിനിപ്രയോഗം ആരോഗ്യപ്രശ്നങ്ങൾക്കും പരിസരമ ലിനീകരണത്തിനും മാത്രമല്ല പ്രകൃതിയിലെ കീടങ്ങളുടെ ശത്രുക്കൾക്കു കൂടി ദോഷകരമാണെന്നുള്ളതിനെക്കുറി ച്ചുള്ള ബോധവൽക്കരണക്ലാസ്സുകളും മറ്റും നടത്തിയ തിന്റെ പരിണിത ഫലമായി ആവശ്യത്തിനുമാത്രം കീടനാ ശിനി, പ്രയോഗിക്കുക എന്ന രീതി കർഷകർ അവലംബി ച്ചുവരുന്നു.

വാഴയ്ക്ക് പ്രധാനമായി കാണപ്പെടുന്ന ഇലപ്പുള്ളി,

തുരപ്പൻ വണ്ട് മുതലായ കീടങ്ങൾക്കും എതിരായി കീടനാശിനി പ്രയോഗം നടത്തി അവയെ നിയന്ത്രിക്കുന്നതിൽ കർഷകന് സാധിക്കുന്നു. എങ്കിലും തണ്ടുതുരപ്പൻ വണ്ടിന്റെ ആക്രമണം കൃത്യസമയത്ത് തിരിച്ചറിഞ്ഞ് നിയന്ത്രണ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഈ പഞ്ചായത്തിലെ ഒരു പ്രധാന കൃഷിയായ നേന്ത്ര വാഴയ്ക്ക് ഭീഷണിയായിത്തീർന്നേക്കാം.

കുരുമുളകിന്റെ ഏറ്റവും പ്രധാനരോഗമായ വാട്ടരോഗത്തിന് പ്രതിരോധമെന്നോണം ബോർഡോമിശ്രിതം, കുഴമ്പ് എന്നിവ പ്രയോഗിക്കുന്നതിൽ വീഴ്ച വരുത്തുകയും രോഗം കണ്ടതിനു ശേഷം മാത്രം കീടനാശിനിപ്രയോഗം നടത്തുകയും ചെയ്യുന്നതുകൊണ്ട് ഈ രോഗം സർവ്വസാധാരണമായി കണ്ടുവരുന്നു.

മറ്റു വിളകളായ മരച്ചീനി, കശുമാവ് മുതലായവയ്ക്ക് പ്രധാനമായും രോഗങ്ങളും കീടങ്ങളും കണ്ടുവരുന്നില്ല. കശുമാവിന്റെ തേയിലക്കൊതുകിനെതിരായി തളിയ്ക്കുവാനുള്ള എന്റോസൾഫാൻ മുതലായ കീടനാശിനികൾ സഹായനിരക്കിൽ കൊടുത്തുവരുന്നതുകൊണ്ട് കൃഷിക്കാർ അവ കൃത്യസമയത്ത് പ്രയോഗിക്കുന്നുണ്ട്.

### c) വിത്ത്, നടീൽ ഉപകരണങ്ങൾ

നേരത്തെ സൂചിപ്പിച്ചതുപോലെ കാർഷിക മേഖലയിൽ നാടൻ വിത്തിനങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. അത്യുല്പാദന ശേഷിയുള്ള പുതിയ വിത്തിനങ്ങൾ സാർവ്വത്രികമായി തീർന്നിരിക്കുന്നു. പുതിയ വിത്തിനങ്ങളിൽതന്നെ 1970 കളിൽ കൃഷിചെയ്തിരുന്നതും 30-35 മേനി വരെ വിളലഭിച്ചിരുന്നതുമായ ഐ.ആർ.എട്ട് എന്ന നെൽവിത്ത് തന്നെ അപ്രത്യക്ഷമായി. ജ്യോതി, ചുവന്നത്രിവേണി, പവിഴം എന്നീ ഇനങ്ങളിൽ പെട്ട നെൽവിത്തുകളാണ് ഇപ്പോൾ പ്രധാനമായും കൃഷി ചെയ്തുവരുന്നത്. എന്നാൽ പാഴായി, മടവാക്കര, തലോർ എന്നിവിടങ്ങളിൽ കൾച്ചർ-8, അശ്വതി, ഭാരതി എന്നീ ഇനങ്ങളിൽ പെട്ട വിത്തുകളും കൃഷി ചെയ്തുവരുന്നുണ്ട്. നെല്ലിന്റെ കാര്യത്തിൽ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളേക്കാൾ പ്രതികൂല കാലാവസ്ഥയെ ഒരു പരിധി വരെ ചെറുത്തുനില്ക്കുന്ന രോഗപ്രതിരോധ ശേഷി കൂടുതലുള്ള നാടൻ വിത്തിനങ്ങൾ കർഷകരുടെയിടയിൽ വീണ്ടും പ്രചാരം നേടിവരുന്നുണ്ട്. പക്ഷെ മെച്ചപ്പെട്ട വിത്തിനങ്ങളോ മറ്റു ഗുണമേന്മയുള്ള നടീൽ വസ്തുക്കളോ തെരഞ്ഞെടുക്കുന്നതിനുള്ള മതിയായ സംവിധാനം പ്രാദേശികതലത്തിലില്ല.

നെൽവിത്തിനങ്ങളൊഴിച്ച് മറ്റു നടീൽ വസ്തുക്കൾ കൃഷി ഭവനിൽനിന്ന് വിതരണം ചെയ്തതിന്റെ വിവരങ്ങൾ 93-95 ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 5

നടീൽ വസ്തു വിതരണം.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 400 | 850 | 1200 |
| കശുമാവ് | nil | nil | nil |
| കുരുമുളക് | 420 കമ്പുകൾ | 5000 കമ്പുകൾ | 8000 കമ്പുകൾ |
| കവുങ്ങ് | Nil | 200 | 50 |
| ജാതി | 60 | 100 | 250 |
| മാവ് | 260 | 207 | 150 |
| ഗ്രാമ്പൂ | Nil | 100 | Nil |
| പേര | 30 | - | - |

ത്തിൽ ഗുണമുള്ള നടീൽ വസ്തുക്കളുടെ ദൗർബല്യത്തിനു പുറമെ നടീൽ സമ്പ്രദായത്തിലും ഏറെ തകറാറുകൾ ഉണ്ടായിട്ടുണ്ട്. തെങ്ങു തൈ നടുമ്പോൾ ആവശ്യമായ ഇടയകലം പലപ്പോഴും പാലിക്കാറില്ല. ഒരു ഏക്കറിൽ 70-80 തൈകളാണ് സാധാരണയായി നടേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും 20 സെന്റ് പുരയിടത്തിൽ 25 തെങ്ങ് വരെ കാണാവുന്നതാണ്. വീടിനുള്ള സ്ഥലം കൂടി ഒഴിവാക്കിയിൽ വൃക്ഷ സാന്ദ്രത ഇനിയും കൂടും. പുരയിട വിസ്തീർണ്ണം കൂടുന്നതിനനുസരിച്ച് വൃക്ഷ സാന്ദ്രത കുറഞ്ഞു വരുന്നതായി കാണാം. ഇടയകലത്തിന്റെ കാര്യത്തിൽ മാത്രമല്ല നടീൽ സമ്പ്രദായത്തിലുമുണ്ട് തകരാറുകൾ. നെൽപ്പാടം നികത്തി തോപ്പുകളാക്കിയ പാടങ്ങളിലാണ് ഈ പ്രശ്നം കൂടുതലായുള്ളത്. നല്ല വായുസഞ്ചാരവും നീർവാഴ്ചയുമുള്ള മണ്ണാണ് തെങ്ങുകൃഷിക്ക് അനുയോജ്യം. ജലാംശം കൂടുതലുള്ള ഭാഗത്ത് തെങ്ങിന്റെ തടിയിൽ വേരുകൾ ഉണ്ടാകുന്നത് പതിവാണ്. അതിനാൽ നീർ കെട്ടുള്ള സ്ഥലങ്ങളിൽ സാധാരണയായി മൺകൂനകളിലാണ് ചെറുതൈ നടാറുള്ളത്. നിശ്ചിത പ്രായം വരുമ്പോൾ ഇങ്ങനെ നടുന്ന തൈകൾ ഇരുത്തിവെക്കുകയോ മണ്ണിട്ട് നികത്തുകയോ ചെയ്യേണ്ടതാണ്. ഇത് പാലിക്കാതെ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഉല്പാദന ക്ഷമത വളരെ താഴ്ന്നിരിക്കുന്നു. ജലസേചനം തെങ്ങിന്റെ ഉല്പാദനക്ഷമതയും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കുമെന്ന് ഗവേഷണ പഠനങ്ങൾ തെളിയിച്ചിട്ടുണ്ടെങ്കിലും തെങ്ങിന് നനവെള്ളം നല്കുന്നതിനുള്ള സമഗ്രമായൊരു പദ്ധതി പഞ്ചായത്തിൽ നിലവിലില്ല.

### d) പരിസ്ഥിതി പ്രശ്നങ്ങളും സാങ്കേതിക വിദ്യയും

പഞ്ചായത്തിലെ മൊത്തം കാർഷിക മേഖലാ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ചില പരിസ്ഥിതി പ്രശ്നങ്ങളുണ്ട്. ഉയർന്ന ഉല്പാദന ക്ഷമയുള്ളതും മേന്മയുള്ളതും ആയ നെല്ലിനങ്ങളുടെ നാട് എന്ന അർത്ഥത്തിലാണ് പഞ്ചായത്തിന് 'നെന്മണിക്കര' എന്ന പേര് കൈ വന്നതെന്നാണ് ചില ഭാഷാ ചരിത്രകാരന്മാർ അവകാശപ്പെടുന്നത്. എന്നാൽ ഇന്നത്തെസ്ഥിതി വ്യത്യസ്തമാണ്. പഞ്ചായത്തിൽ പഠന പര്യടനം നടത്തിയ പഞ്ചായത്ത് സംഘത്തിന്റെ അഭിപ്രായത്തിൽ അസ്സൽകൃഷി ഭൂമിയുടെ വിസ്തൃതിയിൽ വളരെ കുറവ് വന്നിരിക്കുന്നു. ഇതിനുകാരണമെന്തെന്ന് പരിശോധിക്കാം. 19-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ പരിമിതമായ തോതിൽ ചെറുകിട വ്യവസായശാലകൾ (ഓട്ടുകമ്പനികൾ) പഞ്ചായത്തിൽ ആരംഭിക്കുകയുണ്ടായി. ഓട്ടുകമ്പനി വ്യവസായത്തിന്റെ ഏറ്റവും അത്യന്താപേക്ഷിതമായ അസംസ്കൃത വസ്തുവാണ് കളിമണ്ണ്. ഇപ്പോൾ തൃശൂർ ജില്ലയിൽ, ഒരു പക്ഷെ കേരളത്തിലും ഈ തുറയിലുള്ള ഏറ്റവും കൂടുതൽ കമ്പനികൾ ഉള്ളത് (ഈ പ്രശ്നത്തിന്റെ നാനാവശങ്ങൾ വ്യവസായ മേഖലയിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.) നെന്മണിക്കര ഗ്രാമപഞ്ചായത്തിലാണ്. ഈ കമ്പനികളിലേക്കും സമീപപഞ്ചായത്തുകളിലെ കമ്പനികളിലേക്കും ആവശ്യമായ കളിമണ്ണ് ഖനനം ചെയ്യപ്പെടുന്നത് ഇവിടത്തെ പാടശേഖരങ്ങളിൽ നിന്നാണ്. ആദ്യമൊക്കെ ശ്രദ്ധാപൂർവ്വം നടന്നുവന്നിരുന്ന മണ്ണ് ഖനനം പിന്നീട് തികച്ചും അശാസ്ത്രീയമായും താല്ക്കാലികലാഭം നോക്കിയും നടപ്പാക്കി. ഇതിന്റെ അത്യന്തികഫലം ഇന്ന് പഞ്ചായത്തിൽ എവിടെ നോക്കിയാലും കാണപ്പെടുന്ന മണ്ണെടുത്ത കുഴികളാണ്. നാടൻ ഇഷ്ടിക നിർമ്മാണത്തിന്റെ കൂടി കേന്ദ്രമായി പഞ്ചായത്ത് മാറിയതോടെ ഉപയോഗക്ഷമമായ കൃഷി ഭൂമിയുടെ വിസ്തൃതി ആശങ്കാകുലമായ നിലയിലേക്ക് താണി

രിക്കുകയാണ്. 500 ഹെക്ടറോളം വരുന്ന (മതിപ്പുകണക്ക്) കുഴിനിലകൾ പഞ്ചായത്തിന്റെ കാർഷിക മേഖലാ വികസനം നേരിടുന്ന മുഖ്യ പ്രതിസന്ധിയാണ്.

കൊടകര ബ്ലോക്കിലെ ഏറ്റവും ജനസാന്ദ്രത കൂടിയ പഞ്ചായത്താണ് നെന്മണിക്കര. ഇക്കാരണത്താൽ തന്നെ പുതിയ വീടുകളുടെ നിർമ്മിതിക്കായുള്ള സ്ഥലാന്വേഷണം എത്തിച്ചേരുന്നത് കൃഷി ഭൂമിയുടെ തൂർത്തലിലാണ്. ഏറെ പാടശേഖരങ്ങൾ ഇപ്രകാരം നികത്തപ്പെട്ടിരിക്കുന്നു. തീർത്ത കുഴികളും തൂർത്ത പാടങ്ങളും നമ്മുടെ മുഖ്യ പ്രശ്നങ്ങളായി മാറിയിരിക്കുന്നു.

കൃഷിരീതിയിൽ ആധുനികവല്ക്കരണം അതിന്റെ സമഗ്രമായ അർത്ഥത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. മിക്കവാറും പരമ്പരാഗത രീതിയിലുള്ള കൃഷിരീതികളാണ് ഇപ്പോഴും ഇവിടെ നടപ്പാക്കിവരുന്നത്. ഉഴവുയന്ത്രങ്ങൾ വ്യാപകമായിട്ടുണ്ട്. എന്നാൽ അനുബന്ധയന്ത്രങ്ങൾ നടീൽയന്ത്രം, മെതിയന്ത്രം, തെങ്ങു കയറ്റയന്ത്രം തുടങ്ങിയവ ഇപ്പോഴും പരിമിതമായ തോതിലേ ഉപയോഗിക്കുന്നുള്ളൂ. നീർക്കെട്ട് കളയാനാവശ്യമായ നീർച്ചാലുകൾ തീർക്കുന്നതിലോ, ആസൂത്രിതമായ രീതിയിലുള്ള നീർമറി പ്രദേശ വികസനമോ, മണ്ണൊലിപ്പ് തടയുന്നതിനുള്ള ആസൂത്രിതവും ശാസ്ത്രീയവുമായ രീതികളോ ഇപ്പോഴും നമ്മുടെ അജണ്ടയിൽ വന്നിട്ടില്ല. ശാസ്ത്രീയമായ മണ്ണ് പരിശോധന, മണ്ണിന്റെ ഫല ഭൂയിഷ്ഠത നിർണ്ണയിക്കൽ, ഡ്രിപ്പ് ജലസേചനം തുടങ്ങി നിരവധി രീതികൾ നാം സ്വായത്തമാക്കേണ്ടതുണ്ട്.

അന്താരാഷ്ട്ര മാർക്കറ്റിൽ നമ്മുടെ സുഗന്ധ വിളകളുടെ വിലയിൽവന്ന കുറവ്, രാസവളം തുടങ്ങിയ കാർഷിക സാമഗ്രികളുടെ വൻതോതിലുള്ള വില വർദ്ധനവ് (300% വരെ), കാർഷികാവശ്യങ്ങൾക്കായുള്ള വൈദ്യുതിയുടെ വർദ്ധിച്ച ചെലവും ദൗർലഭ്യവും കുറഞ്ഞ ഉല്പാദനക്ഷമത എന്നിവ ഈ പ്രതികൂല ഘടകത്തിന് (parity index താഴുന്നത്.) കാരണമായിട്ടുണ്ടാവാം. കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനങ്ങളില്ല. ഒരാസൂത്രിത വിപണന ശൃംഖലയുടെ അഭാവം പലപ്പോഴും ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് കർഷകർക്ക് തടസ്സമായി നിൽക്കുന്നു. വിളവെടുപ്പ് കാലത്തിൽ പലപ്പോഴും വില കുറയുന്ന പൊതു പ്രവണത നിലനില്ക്കുന്നുണ്ട്. കൊയ്ത്തു കഴിഞ്ഞാൽ കർഷകരുടെ കയ്യിൽനിന്ന് നെല്ല് സംഭരിക്കുന്നതും വിപണനം നടത്തുന്നതും പ്രധാനമായും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവരാണ്. വളരെ ചെറിയ തോതിലാണെങ്കിലും ഈ മേഖലയിൽ ഇടത്തട്ടുകാരുടെ കമ്മീഷൻ ഇനത്തിൽ ഒരു ചെറിയ ശതമാനം തുക നഷ്ടപ്പെടുന്നുണ്ടെന്ന് വസ്തുതയാണ്.

കർഷകർക്കാശ്രയമായ പ്രധാനവായ്പാ സ്രോതസ്സുകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. തലോർ, സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പ്ര് 435 ആണ്. 95-96 സാമ്പത്തിക വർഷാവസാന കണക്കുകളനുസരിച്ച് പ്രസ്തുത ബാങ്ക് 34,95,575 രൂപ (മുപ്പത്തി നാല് ലക്ഷത്തി, തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ്റിയെഴുപത്തിയഞ്ച് രൂപ) കാർഷിക

പട്ടിക6

| | ട്രാക്റ്റർ | ട്രില്ലർ | നാടൻ | കലപ്പ സ്പെയർ | റോക്ക് സ്പെയർ | നാപ് | സ്റ്റാക്ക് | മറ്റുള്ളവ | പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| 1 | - | - | 5 | - | - | - | - | - | 298 |
| 2 | - | - | 6 | 2 | 14 | - | - | - | 274 |
| 3 | - | 1 | 3 | - | 7 | - | - | - | 300 |
| 4 | - | - | 5 | - | 8 | - | - | - | 253 |
| 5 | - | 1 | 4 | - | 12 | - | - | - | 222 |
| 6 | - | - | 4 | - | 18 | - | - | 1 | 180 |
| 7 | - | - | 3 | 1 | 35 | - | - | 1 | 278 |
| 8 | - | - | 4 | - | 11 | - | - | - | 192 |
| 9 | - | 1 | 3 | - | 12 | - | 1 | - | 204 |

## 2) കാർഷികോല്പന്നങ്ങളുടെ വിലയും വിപണനവും

കേരളസംസ്ഥാന ഇക്കണോമിക്സ് റെവ്യൂകളിൽ സൂചിപ്പിച്ച രേഖകളിൽനിന്നും പഞ്ചായത്തിലെ വിവിധ മേഖലകളിലെ കർഷകരുടെ അഭിപ്രായങ്ങളിൽനിന്നും ശേഖരിച്ച ചില വിവരങ്ങൾ കർഷകരുടെ സാമ്പത്തിക-ജീവിത നിലവാരത്തിലേക്ക് വെളിച്ചം തരുന്നവയാണ്. കർഷകർക്ക് ഉല്പന്നങ്ങൾക്കു ലഭിച്ച വിലയും കൃഷിസാമഗ്രികൾക്കും മറ്റുമായി കൊടുക്കേണ്ടിവന്ന വിലയും താരതമ്യം ചെയ്യുന്ന സൂചിക (parity index) 80 കളുടെ അവസാനം മുതൽ താഴുന്നതായി കാണുന്നു. നെല്ല്, തേങ്ങ, കശുവണ്ടി തുടങ്ങിയ കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടും താരതമ്യ സൂചിക താഴുകയാണ്.

വായ്പാ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 1 മുതൽ 7വരെയുള്ള വാർഡുകളിൽ തലോർ, SBT ശാഖയും, 7-ാം വാർഡിൽ കാത്തലിക് സിറിയൻ ബാങ്കിന്റ ശാഖയും 8,9 വാർഡുകളിൽ തൊറവ് SBT ശാഖയും കാർഷിക വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വായ്പാ സ്രോതസ്സുകൾക്കു പുറമെ കൊച്ചിൻ ഭൂപണയ ബാങ്കിനേയും കർഷകർ ആശ്രയിക്കുന്നുണ്ട്. വളരെ നേരിയ തോതിലാണെങ്കിൽ ചിലപ്പോൾ കർഷകർ സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം വേളകളിൽ 36 മുതൽ 40% വരെ പലിശ ഈടാക്കുന്നതായി പറഞ്ഞു കേൾക്കുന്നു.

കാർഷിക മേഖലയിലെ വിവിധ വിളകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്ക

രിച്ചിട്ടുള്ള വിവിധയിനം പദ്ധതികളും സബ്സിഡികളും ഈ രംഗത്ത് ഒരു പുത്തനുണർവ്വ് പ്രധാനം ചെയ്തിട്ടുണ്ടെന്ന വസ്തുത നിസ്തർക്കമാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് കൃഷിഭവൻ വഴി വിതരണം വരുന്നു. പഞ്ചായത്തിലെ കൃഷിയിടങ്ങളുടെ വലിപ്പച്ചെറുപ്പ വിതരണത്തിന്റെ കണക്ക് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് ലഭ്യമാണ്.

പട്ടിക 7

**ദുരിതാശ്വാസ വിതരണം**

| വർഷം | പ്രശ്ന ബാധിക പ്രദേശത്തിന്റെ വിസ്തീർണ്ണം | | | | ധനസഹായം | വിതരണം |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പൊട്ടൽ | ലഭിച്ചവരുടെ എണ്ണം | ചെയ്തതുക |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | 36 | - | 36 | - | 152 | 62,758 |
| 1994-95 | 168 | - | 168 | - | 638 | 3,36,170 |
| 1995-96 | 21 | - | 21 | - | 92 | 37,130 |

ചെയ്ത കാർഷികോപകരണങ്ങളുടെ വിവരം ലഭിക്കും.

പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ കർഷകർക്ക് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ (93,94,95) ഈയിനത്തിൽ പഞ്ചായത്ത് തലത്തിൽ ചെലവഴിച്ച തുക താഴെ കൊടുത്തിരിക്കുന്നു.

ഉല്പാദന ബോണസ്, വിള ഇൻഷുറൻസ് എന്നീ മേഖലകളിൽ വിതരണം ചെയ്തിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നടപ്പു പദ്ധതികളുടെ അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിപണനം, വായ്പകൾ, സബ്സിഡി എന്നീ മേഖലകളിലുണ്ടായ പുതു ചലനങ്ങൾ പൊതുവെ കർഷകരിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും രാസത്വരകങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

### 3) സംഘാടക ഘടകങ്ങൾ

കാർഷിക മേഖലയുടെ സമഗ്ര വികാസത്തെ സംബന്ധിക്കുന്ന ഏതൊരന്വേഷണത്തിലും സംഘാടക ഘടകങ്ങൾ പരിശോധിച്ചേ മതിയാവൂ. കാർഷിക ബന്ധങ്ങൾ, കൂലി സേവനവ്യവസ്ഥ, കാർഷിക സംരംഭങ്ങൾ, വികസന സംരംഭങ്ങൾ എന്നിവ ഈ മേഖലയിൽ പരിശോധനാ വിധേയമാക്കാവുന്നതാണ്.

#### a) കാർഷികബന്ധങ്ങൾ:

ഗ്രാമപഞ്ചായത്തിൽ കൃഷി മുഖ്യവരുമാനമായിട്ടുള്ള കർഷകർ 11% മാത്രമാണ്. ഇത് സംസ്ഥാന തലത്തിലുള്ള 17% ത്തേക്കാൾ ഏറെ താഴെയാണ്. കൃഷി മുഖ്യവരുമാനമായിട്ടുള്ള കർഷകരിൽതന്നെ സ്വയം പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യമാണ് പലർക്കും ഇക്കാര്യത്തിൽ മുഖ്യപ്രേരണയാകുന്നത്. 89% മറ്റു കർഷകർക്കും മുഖ്യവരുമാനം കൃഷിയല്ലാത്തതു കൊണ്ട് കാർഷിക വൃത്തിയിലുള്ള അവരുടെ താല്പര്യത്തിനും കുറവ്

പട്ടിക 8

**കൈവശഭൂമി വിസ്തീർണ്ണം**

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1ഹെ. താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2ഹെ. മുകളിൽ) |
|---|---|---|---|
| 1 | 610 | 4 | 3 |
| 2 | 538 | 6 | 4 |
| 3 | 602 | 4 | 3 |
| 4 | 497 | 5 | 2 |
| 5 | 431 | 6 | 3 |
| 6 | 346 | 7 | 3 |
| 7 | 542 | 10 | 3 |
| 8 | 372 | 8 | 3 |
| 9 | 385 | 15 | 6 |
| ആകെ | | | 4323 65 30 |

മുകളിൽ സൂചിപ്പിച്ച പട്ടികപ്രകാരം പഞ്ചായത്തിലെ കർഷകരുടെ സ്വഭാവം വ്യക്തമാകുന്നുണ്ട്. കേരളത്തിലെ കാർഷികോല്പാദന മാന്ദ്യത്തെ കുറിച്ചുള്ള ചർച്ചകളിൽ ഉയർന്നു വരാറുള്ള ഭൂമിയുടെ തുണ്ടവല്ക്കരണം ഇവിടെയും പ്രസക്തമാണ്. ആകെയുള്ള 4418 പേരിൽ കേവലം 30 പേരാണ് 2 ഹെക്ടറിനുമുകളിൽ ഭൂമി കൈവശമുള്ളവർ. 65 പേർക്ക് 1നും 2 നും ഇടക്ക് ഹെക്ടർ ഭൂമി കൈവശമുണ്ട്. 4323 പേർക്ക് 1 ഹെക്ടറിൽ താഴെ മാത്രമേ ഭൂ ഉടമസ്ഥതയുള്ളൂ. 88-89% വരുന്ന തൂവാലത്തുണ്ടുകൾ പോലുള്ള ഭൂമിയിൽ ഏകീകൃതമായ കൃഷി രീതി അപ്രായോഗികമാണ്. ഉല്പാദനവർദ്ധനവ് ഉണ്ടാകണമെങ്കിൽ ഉടമസ്ഥത ഉണ്ടാകണമെന്ന അടിസ്ഥാന ബോധം നമ്മിലുളവായാൽ ഈ തുണ്ടവല്ക്കരണ പ്രക്രിയയെ നമുക്കനുകൂലമാക്കി മാറ്റിയെടുക്കാൻ കഴിയും. കൃഷി ജീവിതമാർഗ്ഗമാക്കിയിട്ടുള്ള ചെറു ന്യൂനപക്ഷത്തിന് (പഞ്ചായത്തിൽ

1%) കൃഷി മുതൽ മുടക്കിന് സാദ്ധ്യത കുറവാണ്. കർഷകരുടെ പ്രവൃത്തി പരമായ കൂട്ടായ്മയിലൂടെ നമുക്കീ പ്രശ്നത്തെ തരണം ചെയ്യാവുന്നതാണ്. ഗ്രാമസൂഹത്തിന്റെ കാർഷിക ജനസംഖ്യയിൽ കർഷക ത്തൊഴിലാളികലുടെ എണ്ണവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കൂടുതൽ ജോലി സ്ഥിരതയും ഉയർന്ന വരുമാനവുമുള്ള മറ്റിതര മേഖലകളിലേക്ക് ഇവർ മാറുന്നതായി കാണാം.

### b) കൂലി സേവന വ്യവസ്ഥകൾ

പൊതുവെ കാർഷിക ബന്ധങ്ങൾ മെച്ചമായ നിലയിലാണ് പഞ്ചായത്തിൽ കാണപ്പെടുന്നത്. ഓരോ കൃഷിപ്പണിക്കും (ഉഴവ്, കിളക്കൽ, ഞാറ് നടൽ, കളപറി, കൊയ്ത്ത്, മെതി, തേങ്ങയിടൽ, റബ്ബർ വെട്ട്, കീടനാശിനി തളിക്കൽ മുതലായവ)കൂലി നിരക്ക് ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ട്. പൊതുവെ കർഷകത്തൊഴിലാളി പുരുഷന് 100-125 രൂപയും സ്ത്രീതൊഴിലാളിക്ക് 50-60 രൂപയുമാണ് കൂലി നിരക്ക്. കഴിഞ്ഞ ദശകങ്ങളിലൂടെ നടപ്പിലാക്കിയ ഭൂ പരിഷ്ക്കരണവും മിനിമം കൂലി വ്യവസ്ഥകളും കൂട്ടായ വിലപേശലും അവർക്ക് മെച്ചപ്പെട്ട സാമൂഹ്യ പദവിയും കൂടുതൽ കൂലിയും നേടിക്കൊടുത്തുവെന്നത് വസ്തുതയാണ്. ഇതിന്റെ അനന്തര ഫലമെന്നോണം ആശ്രിത കർഷകത്തൊഴിലാളിവർഗ്ഗം അപ്രത്യക്ഷമായിരിക്കുന്നു. എന്നാൽ കാർഷിക കൂലി നിരക്കിന്റെ വർദ്ധനവ് അടിക്കടി ഉയരുന്ന ജീവിതനിലവാരസൂചികയും പൊതുവെയുള്ള വിലക്കയറ്റവും മൂലം ഇല്ലാതാക്കപ്പെടുന്നുവെന്ന വസ്തുത ഓർക്കേണ്ടതാണ്. കൂലി നിരക്കു കൂടിയിട്ടുണ്ടെങ്കിലും ശരാശരി തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതുമൂലം ഈ മേഖലയിലെ തൊഴിലാളികൾ കൂലിക്കൂടുതലും ജോലി സ്ഥിരതയുമുള്ള മറ്റിതര മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നു. ഓട്ടുകമ്പനിമേഖല, നാടൻ ഇഷ്ടിക നിർമ്മാണം, ഗൃഹിർമ്മാണം തുടങ്ങിയ മേഖലകളിലേക്കാണ് പ്രധാനമായും ഈ തൊഴിലാളികൾ മാറിയിട്ടുള്ളത്. എന്നാൽ കാർഷിക തുറകളിലേതുപോലെ ഈ മേഖലകളിലും ആവശ്യമായ തൊഴിലാളികളുടെ അഭാവം ഒരു പ്രശ്നമായി അവശേഷിക്കുന്നു. കാർഷിക ത്തൊഴിലാളി മേഖലയിൽ സമീപകാലത്തായി സ്ത്രീ പങ്കാളിത്തം കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. എന്തായാലും ഈ രംഗത്തെ പ്രശ്നങ്ങളും പരിഹാര സാദ്ധ്യതകളും മൊത്തം കാർഷിക രംഗത്തെ വികസനം ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

## നടപ്പു പദ്ധതികളുടെ അവലോകനം

### ഗ്രൂപ്പ് ഫാമിങ്ങ്

കർഷകരുടെ പ്രവൃത്തി പരമായ കൂട്ടായ്മക്ക് ഏറ്റവും മികച്ച ഉദാഹരണമാണ് ഗ്രൂപ്പ് ഫാമിങ്ങ്, സമീപകാലത്തായി പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതും വളരെ നല്ല തോതിൽ പ്രവർത്തിച്ചുവരുന്നതുമായ കേര വികസന സമിതി. ഇതിന്റെ മറ്റൊരു ഉദാത്ത മാതൃകയാണ്. വിത്ത്, വളം, കീടനാശിനികൾ, കളനാശിനികൾ തുടങ്ങിയ ഉല്പാദനോപാധികൽ യഥാസമയത്ത് എത്തിച്ച് നിലവിലുള്ള പാടങ്ങളിൽ നെൽകൃഷി നിലനിർത്തുന്നതോടൊപ്പം അനുയോജ്യമായ പുതിയ ഇടങ്ങളിലേക്ക് നെൽകൃഷി വ്യാപിക്കുക എന്ന അടിസ്ഥാനത്തിൽ ഓരോ പാടശേഖരങ്ങൾക്കും അനുയോജ്യമായ പരിപാടികൾ സംഘാടിസ്ഥാനത്തിൽ നടപ്പാക്കുക എന്നതാണിതിന്റെ ലക്ഷ്യം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ഗ്രൂപ്പ് ഫാമിങ്ങ് സമിതികളെ പട്ടികപ്പെടുത്തിയിരിക്കുന്നു. പട്ടിക9

ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ ആരംഭകാലലക്ഷ്യത്തിൽനിന്ന് ഏറെ വ്യതിചലിച്ചിരിക്കുന്നു. ചിലയാളുകളുടെ വ്യക്തിതാല്പര്യ സംഘങ്ങൾ എന്ന നിലയിൽനിന്ന് വ്യത്യസ്തമായി ജനകീയ കൂട്ടായ്മയുടെ മാതൃകകളായി ഇവയെ മാറ്റേണ്ടിയിരിക്കുന്നു.

### ഉല്പാദന ബോണസ്

നെൽകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു പൂവിന് ഹെക്ടറൊന്നിന് 250 രൂപാ നിരക്കിൽ ഉല്പാദന ബോണസ് നല്കുന്നു. മൂന്നു പൂവും കൃഷി ചെയ്യുന്ന കർഷകന് ഒരു ഹെക്ടറിന് 750 രൂപാ ലഭിക്കും. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ഈയിനത്തിൽ ചെലവായ തുക താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഗ്രൂപ്പ് ഫാമിങ്ങ് സമിതിയുടെ അംഗീകാരത്തോടെ കർഷകരുടെ പൊതുവായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള നിലനില്ക്കുന്ന സംവിധാനം തുടരുന്നത്. അഭികാമ്യമാണ്.

### വിള ഇൻഷ്വറൻസ്

വരൾച്ച, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൽക്ക്

പട്ടിക 9

ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ

| ക്രമ നമ്പർ | ഗ്രൂപ്പ് ഫാമിങ്ങ് സമിതിയുടെ പേര് | പ്രവർത്തനം 90-91 കർഷകർ | 90-91 കൃഷിചെയ്ത സ്ഥലം | 96-97 കർഷകർ | 96-97 കൃഷിചെയ്ത സ്ഥലം |
|---|---|---|---|---|---|
| 1 | തലോർ പാട ശേഖര സമിതി | 20 | 8.25 Ha | 15 | 7.025 Ha |
| 2 | തലവണിക്കര പുലക്കാട്ടുകര പാടശേഖരസമിതി | 28 | 9.144 Ha | 8 | 3.28 Ha |
| 3. | ചിറ്റിശ്ശേരി പാടശേഖരസമിതി | 20 | 5.94 Ha | 10 | 2Ha |
| 4 | അറക്കാപാടം പാടശേഖരസമിതി | 63 | 17.238 Ha | 9 | 3.62Ha |
| 5 | ചാപ്പക്കായൽ പാടശേഖരസമിതി | 18 | 4.288 Ha | 19 | 5.812 Ha |
| 6 | ചാപ്പക്കായൽ ഈസ്റ്റ് കോൾ പാടശേഖരസമിതി | 13 | 2.22 Ha | 29 | 6.984Ha |
| 7 | പാഴായി പാടശേഖരസമിതി | - | - | 37 | 17.8 Ha |
| 8. | ചെറുവാൾ പാടശേഖരസമിതി | 82 | 30.636Ha | 33 | 8.228 Ha |
| 9 | പേരാംചേരി പാടശേഖരസമിതി | 22 | 5.96Ha | 10 | 2.616 Ha |

പട്ടിക 10

ഉദ്പാദന ബോണസ്

| വർഷം | നെൽകൃഷിയുടെ കാലം (പൂവ്) | വിസ്തൃതി | തുക (രൂപ) |
|---|---|---|---|
| 1995-96 | വിരിപ്പ് | 20.388 Ha | 7347.00 |
| 1995-96 | മുണ്ടകൻ | 47.856 Ha | 11964.00 |
| 1995-96 | പുഞ്ച | 45.602Ha | 11400.00 |
| | ആകെ | 122.846 Ha | 30711 .00 |
| 1996-97 | വിരിപ്പ് | 19.32 Ha | 4830.00 |

ഈ പദ്ധതിയിൽ പ്രീമിയമടക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നല്കുന്ന പദ്ധതിയാണിത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ(95-96) പഞ്ചായത്തിൽ ഈയിനത്തിൽ വിതരണം ചെയ്ത തുകയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 11

വിള ഇൻഷൂറൻസ് വർഷം95-96

| വിളകൾ | ഇൻഷൂർ ചെയ്ത കർഷകർ | നശിപ്പിക്കപ്പെട്ട വിളകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| തെങ്ങ് | 91 | 1651 | 5027 |
| കവുങ്ങ് | 10 | 255 | 305 |
| കുരുമുളക് | 5 | 125 | 235 |
| വാഴ | 117 | 1100 | 22190 |
| കശുമാവ് | 2 | 10 | 30 |
| ആകെ | | | 27,787% |

നടപ്പുപദ്ധതികളിലെ മുഴുവൻ ഇനങ്ങളും വിസ്താരഭയത്താൽ വിലയിരുത്തുന്നില്ല. പദ്ധതി അവലോകനത്തിൽ പൊതുവെ ദൃശ്യമായ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കുകയാണ്. വകുപ്പിന്റെ കുറവ് എന്നതിലുപരി കേന്ദ്രീകൃതാസൂത്രണ സംവിധാനത്തിന്റെ ഒഴിവാക്കാനാവാത്ത പരിമിതികൾ എന്ന രീതിയിലാണ് ഇത് നോക്കിക്കാണുന്നത്. ഏതു പദ്ധതിയും സമഗ്ര വികസന പരി പ്രേഷ്യത്തിലൂന്നി (മൂന്നു തുറകളേയും ബന്ധിപ്പിക്കുന്ന) കൊണ്ടായിരിക്കണം ആസൂത്രണം ചെയ്യേണ്ടത്. നടീൽ വസ്തുക്കളടക്കം നിരവധി സാമഗ്രികൾ വിതരണം ചെയ്യപ്പെടുന്നുവെന്ന കാര്യത്തിൽ വകുപ്പ് കൂടുതൽ ജാഗ്രത പുലർത്തണം. മോണിട്ടറിംഗ് ഏജൻസി എന്ന നിലയിലുള്ള പ്രവർത്തനം വിശകലനത്തിനുവിധേയമാക്കേണ്ടതാണ്. വികസനത്തിനുള്ള മുന്നുപാധിയെന്ന നിലയിൽ കർഷകരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പരിപാടികൾക്ക് മുൻഗണന നല്കേണ്ടതാണ്.

പദ്ധതി അവലോകനത്തോടൊപ്പം പഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന കൃഷി ഭവന്റെ പ്രവർത്തനങ്ങളും വിശകലനം ചെയ്യുമ്പോൾ സാമാന്യം തൃപ്തികരമായിരുന്നുവെന്ന മറുപടിയാണ് ബഹുഭൂരിപക്ഷം കർഷകരിൽനിന്നും ലഭ്യമായത്. ബോധവല്ക്കരണത്തോടൊപ്പം പ്രായോഗികരീതികൾ പരിചയപ്പെടുത്തുന്ന പഞ്ചായത്തിലെ ഏക സർക്കാർ ഏജൻസി എന്ന നിലയിൽ ഈ സ്ഥാപനം ലക്ഷ്യ പ്രാപ്തിക്കായി ഇനിയുമേറെ മുന്നോട്ടു പോകേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകളുടേയും കോർഗ്രൂപ്പ് ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ കാർഷിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. നെൽകൃഷി നഷ്ടത്തിലാണ്.
2. മുഖ്യ വരുമാന സ്രോതസ്സ് കാർഷികേതരമായിരിക്കുന്നതിനാൽ ബഹുഭൂരിപക്ഷം കർഷകരും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കാര്യമായ ശ്രമങ്ങൾ നടത്തുന്നില്ല
3. തേങ്ങക്ക് മതിയായ വില ലഭിക്കുന്നില്ല.
4. പ്രകൃതി ക്ഷോഭങ്ങൾക്കിരയായി നശിച്ചുപോകുന്ന ഉല്പന്നങ്ങൾക്ക് നല്കുന്ന ഇൻഷൂറൻസ് തുകയും യഥാർത്ഥവിലയും തമ്മിലുള്ള അന്തരം വളരെ വലുതാണ്.
5. കർഷകരുടേതുപോലെതന്നെ കർഷകത്തൊഴിലാളികളുടേയും കൃഷി ആഭിമുഖ്യത്തിന് ഇടിച്ചിൽ തട്ടിയിരിക്കുന്നു. കൂലി നിരക്കുകൾ ഉയരുന്നതിനനുസരിച്ച് സേവന മേന്മ വർദ്ധിക്കുന്നില്ല.
6. കർഷകത്തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല
7. നല്ല ഇനം നടീൽ വസ്തുക്കൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.
8. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.
9. ജൈവ വളങ്ങളുടെ ഉപയോഗം വളരെ കുറവാണ്. ജൈവവളത്തിന്റെ ദൗർലഭ്യം, ഉയർന്ന വില എന്നിവ ഇതിന്റെ അനുബന്ധ പ്രശ്നങ്ങളാണ്.
10. ജലസേചന സൗകര്യം കുറവാണ്.
11. മണ്ണ് ഖനനം മൂലമുണ്ടായ വെള്ളക്കുഴികൾ അസ്സൽ കൃഷി വിസ്തൃതിയിൽ വളരെ കുറവ് വരുത്തിയിരിക്കുന്നു. ഇതുമൂലമുണ്ടാകുന്ന വെള്ളക്കെട്ട് ഒരു പരിസ്ഥിതി പ്രശ്നം മാത്രമല്ല പഞ്ചായത്തിലെ കാർഷിക ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് മുഖ്യ തടസ്സം കൂടിയാണ്.
12. വളങ്ങളുടേയും കീടനാശിനികളുടേയും സബ്സിഡി നിരക്ക് ഉയർത്തുക
13. തെങ്ങിന് വ്യാപകമായി കണ്ടുവരുന്ന ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച, കുമ്പുചീയൽ തുടങ്ങിയ രോഗങ്ങൾക്ക് പ്രതിവിധികണ്ടെത്തുക.
14. കൊപ്രാ വിപണനത്തിനുള്ള പ്രാദേശിക സൗകര്യങ്ങൾ വിപുലീകരിക്കുക

### സാദ്ധ്യതകൾ

1. ദ്വിതീയ ത്രിതീയ മേഖലകളുമായി ബന്ധപ്പെടുത്തി സമഗ്രമായൊരു കാർഷിക വികസന പരിപാടി പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കുക. ഇതിനുവേണ്ടി അടിയന്തിരമായി പഞ്ചായത്ത് തലത്തിൽ ബോധവല്ക്കരണ പരിപാടികൾ നടപ്പിലാക്കുക



278

2. മൂപ്പു കുറഞ്ഞ വിളകളും വാർഷിക വിളകളും കൃഷി ചെയ്യുന്ന സ്ഥലങ്ങൾ തരിശിടാതിരിക്കുക.

3. മണ്ണ് ഖനനത്തെ തുടർന്ന് പഞ്ചായത്തിൽ വ്യാപക മായി ഉണ്ടായിട്ടുള്ള വെള്ളക്കുഴികളിൽനിന്ന് ജലം വറ്റിച്ച് കൃഷി ചെയ്യാനുള്ള സാദ്ധ്യതകൾ ആരായുക

4. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗ മായി പണി പൂർത്തിയാക്കിയ പാലാഴി ലിഫ്റ്റ് ഇറി ഗേഷൻ അടിയന്തിരമായി നടപ്പാക്കുക. തലോർ, ചിറ്റി ശ്ശേരി, എറവക്കാട്, മടവാക്കര, നന്മണിക്കര, പാലിയേ ക്കര തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷനുകൾ പൂർത്തീക രിക്കുക.

5. ദീർഘകാലവിളകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇടവിളകൾ കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പി ക്കുക. പ്രകൃതിയിലെ വിവിധ ഘടകങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്ന ബഹുനില കൃഷി സമ്പ്രദായം നടപ്പിൽവരുത്തുക.

6. പാഴായ് പടിഞ്ഞാറെ പാടത്തും ചിറ്റിശ്ശേരി പാടത്തും കൃഷി ആവശ്യത്തിനായ് ഫാം റോഡ് നിർമ്മിക്കുക

7. സുഗമമായ നീരൊഴുക്കിന് നിലവിലുള്ളതും ഉപയോ ഗശൂന്യവുമായ എല്ലാ കനാൽ തോടുകളുടേയും വീതിയും ആഴവും വർദ്ധിപ്പിക്കുക.

8. കാർഷിക മേഖലയിൽ കർഷകത്തൊഴിലാളികളുടെ ക്ഷാമം നിലനില്ക്കുന്നതിനാൽ യന്ത്രവല്ക്കരണവും (ട്രാക്ടർ, ടില്ലർ, നടീൽയന്ത്രം, കൊയ്ത്ത്-മെതിയന്ത്രം) വ്യാപകമാക്കുക

9. ഓടഞ്ചിറ റെഗുലേറ്റർ, മാഞ്ഞാംകുഴി റെഗുലേറ്റർ, തൃക്കൂർ റെഗുലേറ്റർ എന്നിവയുടെ കേടുപാടുകൾ തീർത്ത് ഉപയോഗക്ഷമമാക്കുക

10. കാർഷികോല്പന്നങ്ങളുടയെട വിപണനസൗകര്യം വിപുലീകരിക്കുക

11. നീർമറി അടിസ്ഥാനമാക്കിയുള്ള മണ്ണു സംരക്ഷ ണവും ജലസംരക്ഷണവും പഞ്ചായത്തടിസ്ഥാന ത്തിലോ സമീപ പഞ്ചായത്തുകളുമായി കൂടി ച്ചേർന്നോ നടപ്പാക്കുക.

12. പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുതകുന്ന രീതിയിൽ പഞ്ചായത്ത് അടി സ്ഥാനത്തിൽ കൃഷി രീതി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക

13. കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധ സസ്യ കൃഷി, പൂകൃഷി തുടങ്ങിയ നൂതന കൃഷി രീതികൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക

14. പഴ വർഗ്ഗ കൃഷി വ്യാപിപ്പിക്കുകയും വൈവിധ്യവ ല്ക്കരിക്കുകയും ചെയ്യുക. നടീൽ വസ്തുക്കളുടെ വിതരണം, വിപണനം തുടങ്ങിയ കാര്യങ്ങൾ പഞ്ചാ യത്തടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുക.

279

# 2

# മൃഗപരിപാലനം മത്സ്യമേഖല

മൃഗപരിപാലന രംഗത്ത് സംസ്ഥാനത്തിലാകമാനം ദൃശ്യമാകുന്നു രീതിയിൽ പഞ്ചായത്തിലും അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉള്ള വർദ്ധനവും കാണാവുന്നതാണ്. പ്രതിരോധശേഷിയുള്ള നാടൻ ഇനങ്ങൾ അപ്രത്യക്ഷമായി കാണുന്നു. കഷിയുടെ അവിഭാജ്യഘടകമായിരുന്ന കാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടി വലിക്കുന്നതിനും, പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല, കൃഷിയ്ക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. ലൈവ് സ്റ്റോക്ക് സെൻസസ് റിപ്പോർട്ടനുസരിച്ച് പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും മുഖ്യ ഇന വിവരപട്ടിക താഴെ ചേർക്കുന്നു.

പ്പെടുന്ന പ്രധാന രോഗങ്ങളെ കുറിച്ചുള്ള 95-96 വർഷത്തെ വിവരം പട്ടിക(2)ൽ ചേർക്കുന്നു.

സർക്കാർ മൃഗാശുപത്രി വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടുത്തെ ഭൗതിക സാഹചര്യങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതാണ്.

**നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ മൃഗ പരിപാലന മേഖലയിലെ നടപ്പു പദ്ധതികൾ**

**1. പേ വിഷ നിർമ്മാർജ്ജന പദ്ധതി**

സൗജന്യ നിരക്കിൽ വളർത്തു നായ്ക്കൾക്ക് കുത്തിവെയ്പ് ചെയ്തു കൊടുക്കുന്നുണ്ട്. കഴിഞ്ഞവർഷം 97 നായ്കൾക്ക് കുത്തിവെയ്പ് നൽകിയിട്ടുണ്ട്.

പട്ടിക 1

**വളർത്തുമൃഗങ്ങളും പക്ഷികളും**

| വർഷം | കാലികൾ(അത്യുല്പാദന ശേഷിയുള്ളവ | | | കാലികൾ (നാടൻ) | | | ബഫല്ലോസ് | | | ചെമ്മരിയാട് | ആടുകൾ | | പന്നി | നായ്ക്കൾ | കോഴിവർഗ്ഗം | | താറാവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | സങ്കര | ആണ് | പെണ്ണ് | സങ്കര | ആണ് | പെണ്ണ് | സങ്കര | | ആണ് | പെണ്ണ് | | | ദേശി | അത്യുല്പാദനം | |
| 1987 | 76 | 790 | 465 | 128 | 877 | 518 | 139 | 224 | 128 | 1 | 80 | 554 | 14 | 435 | 11,117 | 11314 | 176 |
| 1996 | 91 | 948 | 558 | 154 | 1052 | 622 | 176 | 269 | 154 | – | 96 | 665 | 17 | 522 | 13,340 | 1361 | 211 |

കാർഷിക ഉപകരണങ്ങളിൽ വന്ന മാറ്റം, കൃഷി ഭൂമിയിൽ വന്ന കുറവ് തുടങ്ങിയ കാരണങ്ങളാൽ കാൽ നൂറ്റാണ്ട് കാലത്തിനിടയിൽ പശു, കാള, എരുമ, ആട് എന്നിങ്ങനെ പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളുടെയെല്ലാം എണ്ണം ഗണ്യമായി കുറഞ്ഞതായി കാണാം. കാളകളുടെയും ആടുകളുടെയും പന്നികളുടെയും എണ്ണത്തിലാണ് ഏറ്റവും കുറവു വന്നിട്ടുള്ളത്. ഇപ്പോഴുള്ള കന്നുകാലികളിൽ ഭൂരിഭാഗവും അത്യുല്പാദന ശേഷിയുള്ളവയാണ്. പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സമീപ കാലത്തായി പ്രവർത്തനമാരംഭിച്ചിട്ടുള്ള ഒരു മൃഗാശുപത്രിമാത്രമാണ്. കാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങളും അവയുടെ നിവാരണ മാർഗ്ഗങ്ങളും സംബന്ധിച്ച അവബോധം കർഷകരുടെയിടയിൽ കൂടുതൽ വ്യാപകമാകേണ്ടിയിരിക്കുന്നു. മൃഗങ്ങളിലും, പക്ഷികളിലും കാണ

**2. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി**

ഈ സ്കീമിൽ നിർദ്ദേശിച്ച പ്രകാരം, രോഗാന്വേഷണ സർവ്വേകൾ നടത്തിവരുന്നു. നെന്മണിക്കര പഞ്ചായത്തിൽ 2 വർഷത്തിനുള്ളിൽ ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ വർഷം നവംബർ മാസത്തിൽ രോഗ സർവ്വേ നടത്തേണ്ടതുണ്ട്.

**3 ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി.**

ഈ സാമ്പത്തിക വർഷം നെന്മണിക്കര പഞ്ചായത്തിലേക്ക് 20 unit (2 each) അലോട്ട് ചെയ്തിട്ടുണ്ട്. ലഭ്യമായിട്ടില്ല.

**4. കാലിരോഗവിമുക്ത മേഖലാ പദ്ധതി**

പകർച്ചാവ്യാധി രോഗങ്ങൾക്ക് (കുളമ്പുരോഗം, കുരലടപ്പൻ) സൗജന്യ കുത്തിവെയ്പ് നടത്തുന്നു. വാക്സിൻ മരുന്ന് മൃഗാശുപത്രിയിൽ ലഭ്യമാണ്.



280

പട്ടിക 2

## വളർത്തുമൃഗങ്ങളേയും പക്ഷികളേയും ബാധിക്കുന്ന രോഗവിവരങ്ങൾ

| 1 | രോഗങ്ങൾ 2 | പശു 3 | എരുമ 4 | ആട് 5 | പന്നി 6 | പട്ടി 7 | കോഴി 8 | താറാവ് 9 | പൂച്ച 10 | ആന 11 | മറ്റുള്ളവ 12 |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 372 | 48 | 180 | 20 | 50 | 180 | – | 5 | – | 110 |
| 2 | ശ്വാസ കോശ സംബന്ധമായവ | 180 | 24 | 60 | – | – | 12 | – | – | – | – |
| 3 | ഉപാപചയ സംബന്ധം | 48 | – | 24 | – | – | 120 | – | – | – | – |
| 4. | ത്വക്ക് രോഗങ്ങൾ | 168 | 24 | 60 | 10 | – | – | – | – | – | – |
| 5. | ധാതുലവണ ങ്ങളുടെ അഭാവം | 120 | 24 | 60 | – | – | 60 | – | – | – | – |
| 6. | പരാദ രോഗങ്ങൾ | 516 | 36 | 96 | – | – | 540 | – | – | – | – |
| 7. | പ്രത്യുല്പാദന വ്യവ സ്ഥയുമായി ബന്ധപ്പെട്ടവ | – | – | – | – | – | – | – | – | – | – |
| 8. | വന്ധ്യത | 24 | 12 | 24 | – | – | – | – | – | – | – |
| 9. | അകിടു വീക്കം | 60 | – | 12 | – | – | – | – | – | – | – |
| 10. | മുടന്തൻപനി | 60 | – | – | – | – | – | – | – | – | – |
| 11. | പകർച്ച വ്യാധികൾ | – | – | – | – | – | – | – | – | – | – |

അവലംബം വെറ്ററിനറി ഡിസ്പെൻസറി നെന്മണിക്കര

5. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ പദ്ധതി

മൃഗാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ICDPSK വഴി ഉരുക്കൾക്ക് കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. കഴിഞ്ഞ വർഷം ഏകദേശം 1000 ഉരുക്കൾക്ക് കൃത്രിമ ബീജസങ്കലനം ഈ സെന്റർ വഴി ചെയ്തുകൊടുത്തിട്ടുണ്ട്.

### 6. മൃഗചികിത്സയും മൃഗാരോഗ്യവും

നെന്മണിക്കര മൃഗാശുപത്രി വഴി പേവിഷ നിർമാർജ്ജനം– സങ്കരയിനം പശുകുട്ടികൾക്ക് വീര പ്രതിരോധ കുത്തിവെയ്പ്. ഗോരക്ഷാക്യാമ്പുകൾ 2 എണ്ണം വീതം ചെയ്തു കൊടുക്കുന്നു.

### 7. MLPP (മാസ്സിവ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം)

മുട്ട, കോഴികുഞ്ഞുങ്ങളുടെ വിതരണം 6–8 ആഴ്ച പ്രായം 700 കോഴികളെ ഈ പഞ്ചായത്തിലേക്ക് ഈ വർഷം അലോട്ട് ചെയ്തിട്ടുണ്ട്.

### പദ്ധതികളുടെ അവലോകനം

പേവിഷ നിർമ്മാർജ്ജന പദ്ധതി പ്രകാരം പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കളേയും പ്രതിരോധ കുത്തിവെയ്പ്പ് എടുപ്പിക്കേണ്ടതാണ്. ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കണം. ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. PHCയിൽ നായകടിയേറ്റ് പ്രതിരോധ കുത്തിവെയ്പ് എടുക്കുന്നവരുടെ എണ്ണവും, മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എണ്ണവും പരിശോധിച്ചാൽ ഈ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്.

പന്നിമാംസത്തിന്റെ ആവശ്യം വർദ്ധിച്ച് വരികയാണ്. അതുപോലെ പന്നികളെ വളർത്തി, ഉപജീവനമാർഗ്ഗമായി സ്വീകരിക്കുവാൻ താത്പര്യമുള്ള കർഷകരുടെ എണ്ണവും വർദ്ധിച്ചു വരുന്നുണ്ട്. എന്നാൽ ആവശ്യമായ പന്നികുഞ്ഞുങ്ങളെ മിതമായ നിരക്കിൽ ലഭ്യമല്ല. ഹോട്ടൽ വേസ്റ്റും അറവുശാലകളിലെ വേസ്റ്റും ഉപയോഗപ്പെടുത്തി തീറ്റച്ചെലവ് കുറച്ച് ഇറച്ചിക്കാവശ്യമായ പന്നി വളർത്തൽ യൂണിറ്റുകൾ (4 to 5) തുടങ്ങേണ്ടത് ഇവിടെ ആവശ്യമാണ്.

കുളമ്പുരോഗം, കുരലടപ്പൻ തുടങ്ങിയ പകർച്ചവ്യാധികൾ കുത്തിവെയ്പ് തുടരേണ്ടതാണ്. കുളമ്പുരോഗം കന്നുകാലികളുടെ പാലുല്പാദനത്തെ ഗണ്യമായി കുറക്കുന്നു. നെന്മണിക്കര പഞ്ചായത്തിൽ N.H.ലൂടെ നടത്തികൊണ്ടുപോകുന്ന കാലികളിലെ കുളമ്പുരോഗം മുതലായ പകർച്ച വ്യാധികൾ രോഗം പരത്താൻ സാധ്യതയുണ്ട്. ആയതുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ കുത്തിവെയ്പ് നിർബന്ധമാക്കണം. ഓരോ മേഖലകളിലും അറവുശാലകൾ നിർമിച്ച് കാലികളുടെ കൊണ്ടുപോകൽ നിയന്ത്രിക്കണം. എല്ലാ ഉരുക്കളുടെയും കുത്തിവെയ്പ് നിർബന്ധമാക്കണം. ബോധവത്കരണം അത്യാവശ്യം.

കൃത്രിമ ബീജസങ്കലനം വഴി ഗുണമേന്മയുള്ള ജനിതക ഗുണങ്ങളുള്ള സങ്കര വർഗ്ഗപശുക്കളേയും എരുമകളേയും ലഭ്യമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇപ്പോൾ 10 ലിറ്റർ പാൽ ലഭിക്കുന്ന പശുക്കൾ സർവ്വസാധാരണമാണ്. ഉൽപാദന ക്ഷമത ഇനിയും കൂട്ടേണ്ടിയിരിക്കുന്നു. അത്യുല്പാദന ജനിതകഗുണങ്ങളുള്ള വിത്തുകാളയുടെ ബീജം ഉപയോഗിച്ചു ഇവിടെ Artificial insemination ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ചില സ്ഥലങ്ങളിൽ താഴ്ന്ന ജനിതക ഗുണമേന്മയുള്ള വിത്തുകാളയുടെ ബ്രിഡിംഗ് സമ്പ്രദായം നിയന്ത്രിക്കേണ്ടതാണ്. മൃഗാശുപത്രിയോടനുബന്ധിച്ചുള്ള ICDP പാഴായ്, ചെറുവാൾ പ്രദേശത്തുകാർക്ക് സൗകര്യമുള്ള സ്ഥലത്തേക്ക് മാറ്റി കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ പഞ്ചായത്തിന്റെ Distant place ലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

മൃഗാശുപത്രി വഴി എല്ലാ കന്നുകുട്ടികൾക്കും സൗജ

ന്യമായി വിരയിളക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാക്കുക, പ്രതിരോധ കുത്തിവെയ്പ് മരുന്നുകൾ ലഭ്യമാക്കുക, ഗോരക്ഷക്യാമ്പുകൾ നടത്തുക, ഗോരക്ഷക്യാമ്പിൽ ഉരുക്കളിലെ വന്ധ്യതാ പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവ ചെയ്യാവുന്നതാണ്.

### സാദ്ധ്യതകൾ

1. കാലിത്തീറ്റ, ചെറിയവിലയ്ക്ക് ലഭിക്കുന്നില്ല. അതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിലോ, ബ്ലോക്കടിസ്ഥാനത്തിലോ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

**2. മിനി ഡയറി യൂണിറ്റ്**

ഉയർന്ന ജനിതകഗുണമുള്ള അഞ്ചോ അതിലധികമോ സങ്കരയിനം കറവപ്പശുക്കളെ ഉപയോഗിച്ച് മാതൃകാ ഡയറി ഫാമുകൾ തുടങ്ങാവുന്നതാണ്. ശാസ്ത്രീയ പരിചരണം, പോഷക സമൃദ്ധമായ തീറ്റ കൊടുക്കൽ എന്നിവയിൽ പ്രത്യേകം ശ്രദ്ധിക്കണം. തൊഴിൽ രഹിതർക്ക് മുഖ്യതൊഴിലായി ഇത് സ്വീകരിക്കാവുന്നതാണ്.

**3. ഗോബർ ഗ്യാസ് പ്ലാന്റ്**

മൂന്നോ അതിലധികമോ ഉരുക്കളെ വളർത്തുന്നവർക്ക് ചാണകം ഗോബർ ഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്.

**4. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**

പഞ്ചായത്തിലെ എല്ലാ ഉയർന്ന ജനിതക ഗുണങ്ങളുള്ള പശുകുട്ടികൾക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സൗജന്യ നിരക്കിൽ ലഭ്യമാക്കണം. ശാസ്ത്രീയമായ രീതിയിൽ അവയെ പരിപാലിക്കുകയും, പോഷക സമൃദ്ധമായ തീറ്റയും നൽകി ആദ്യ പ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാക്കാനും പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 15 മാസമാക്കാനും സാധിക്കും. അങ്ങനെ തെരഞ്ഞെടുക്കുന്ന കന്നുകുട്ടികളുടെ ഇൻഷുറൻസ് സുരക്ഷയും ഉറപ്പാക്കണം. കന്നുകുട്ടി പരിപാലന പദ്ധതി ഇവിടെ നടപ്പാക്കേണ്ടതാണ്.

**5. ചെറുകിട ആട് വളർത്തൽ യൂണിറ്റുകൾ**

നാലോ അഞ്ചോ ആടുകളുള്ള ഒരു ചെറിയ യൂണിറ്റ് പഞ്ചായത്തിൽ 10 എണ്ണമെങ്കിലും നടപ്പിലാക്കിയാൽ ദുർബ്ബല വിഭാഗത്തിൽ പെട്ട തൊഴിലില്ലാത്ത സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താം

**6. ചെറുകിട മുയൽവളർത്തൽ യൂണിറ്റ്**

മുയലിനെ മാംസാവശ്യത്തിന് വേണ്ടി വളർത്താവുന്നതാണ്.

**7. ചെറുകിട പന്നി ബ്രീഡിംഗ് യൂണിറ്റ്**

നാലോ അഞ്ചോ പെൺപന്നിയും, ഒരു ആൺപന്നിയും (5:1) അടങ്ങിയ യൂണിറ്റ് മൂലം പന്നികുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. അത്തരം കുഞ്ഞുങ്ങളെ പഞ്ചായത്തിൽ താത്പര്യമുള്ള യോഗ്യതയുള്ള കർഷകർക്ക് വിപണനത്തിനു ലഭ്യമാക്കാം.

**8. ചെറുകിട ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾ**

250 എണ്ണം വരുന്ന ഇറച്ചി കോഴിഫാമുകൾ 8 ആഴ്ചക്കുള്ളിൽ വിപണനത്തിനു സാധിക്കും. സ്വയം തൊഴിലിലൂടെയും മഹിളാ സമാജങ്ങൾ വഴിയും കോഴിത്തീറ്റ കുറഞ്ഞ ചെലവിൽ സഹകരണാടിസ്ഥാനത്തിൽ നിർമ്മി

പരിചരണ രീതികൾ

**9. എഗ്ഗർ നഴ്സറികൾ**

വീട്ടമ്മമാർക്ക് തൊഴിൽ, ഉപതൊഴിൽ അഭ്യന്തര ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കണം.

**10. മിനി ഹാച്ചറീസ്**

മുട്ട വിരിയിച്ച് കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുക, വിതരണം നടത്തുക. 2000–5000 മുട്ട വിരിയിച്ചെടുക്കാവുന്ന ഹാച്ചറീസ് ലഭ്യമാണ്. ബ്ലോക്ക് തലത്തിൽ ഹാച്ചറികൾ സ്ഥാപിക്കണം. ഗുണനിലവാരമുള്ള കോഴികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കാം.

**11. ശാസ്ത്രീയമായ അറവു ശാലകൾ**

ബ്ലോക്കു തലത്തിലും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ചും ഇവ ആവശ്യമാണ്. അതു വഴി മാംസോല്പാദന രംഗത്തെ അശാസ്ത്രീയത ഒഴിവാക്കണം. തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ച് നടത്താവുന്ന വ്യവസായ യൂണിറ്റുകൾക്ക് രൂപം നൽകാം.

വൃത്തിഹീനങ്ങളായ കശാപ്പുശാലകൾ രോഗം പിടിപ്പെട്ട മൃഗങ്ങൾ എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കണം. മാസംപരിശോധന നിർബന്ധമാക്കണം. കന്നുകാലി പരിശോധന നിർബന്ധമാക്കണം. കന്നുകാലികളുടെ ക്രൂരമായ രീതിയിലുള്ള കശാപ്പ് തടയണം. ആധുനിക മാർഗ്ഗങ്ങൾ നടപ്പിലാക്കണം.

**12. മൃഗാശുപത്രി വികസനം**

മെച്ചപ്പെട്ട ആശുപത്രി സൗകര്യങ്ങൾ ആവശ്യമാണ്. ഇപ്പോളത്തെ മൃഗാശുപത്രിയുടെ അവസ്ഥ വളരെ ശോചനീയമാണ്. ആവശ്യത്തിന് സ്ഥലസൗകര്യങ്ങളില്ല. വെറ്ററിനറി ഡിസ്പെൻസറി പ്ലാൻ അനുസരിച്ചുള്ള മൃഗാശുപത്രി കെട്ടിടം, ആവശ്യത്തിന്. ഫർണിച്ചർ, വാഹനസൗകര്യം, Micro scope, Laboratory സൗകര്യം, Telephone സൗകര്യം എന്നിവ ഉണ്ടാകേണ്ടതാണ്.

### ക്ഷീരവികസനം

പഞ്ചായത്തിൽ പാലിന്റെ ഉല്പാദനവും വിതരണവും മുഖ്യപ്രശ്നങ്ങളാണ്. പാൽ കൂടുതൽ ആവശ്യമുള്ള വേനൽക്കാലത്ത് പാലിന്റെ ലഭ്യത കുറയുകയും എന്നാൽ പാലിന്റെ ഉല്പാദനം വർദ്ധിക്കുന്ന വേനൽക്കാലത്ത് അതിന് മാർക്കറ്റില്ലാതാവുകയും ചെയ്തു വരുന്നു. ഈ മേഖലയിലെ പ്രശ്നങ്ങളേയും സാദ്ധ്യതകളേയും വിശകലനം ചെയ്ത് പഞ്ചായത്തിന് പരിഗണിക്കാവുന്ന ചില പദ്ധതികൾ താഴെ ചേർക്കുന്നു.

**1. മാതൃകാ ഡയറി യൂണിറ്റ് പദ്ധതി**

ഗുണമേന്മയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി പരിരക്ഷിച്ച് കാലി വളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ കൊണ്ടുവരാൻ പ്രേരിപ്പിക്കാനുള്ള പദ്ധതി

കറവകാലത്ത് കുറഞ്ഞത് 2500 ലിറ്റർ പാൽ ലഭിക്കുന്ന രണ്ട് സങ്കരയിനം പശുക്കളെയെങ്കിലും വാങ്ങി സംരക്ഷിക്കുന്നവർക്ക് ഈ പദ്ധതിയനുസരിച്ച് ധനസഹായം നൽകുന്നു. കൂടാതെ ഗുണഭോക്താക്കൾ 25 സെന്റിൽ കുറയാത്ത സ്ഥലത്ത് പുൽകൃഷിയും നടപ്പിലാക്കേണ്ടതാണ്. കറവപശുക്കൾ, പുൽകൃഷി, മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി കുറഞ്ഞത് 21000 രൂപ ചെലവഴിക്കുന്ന ഗുണഭോക്താവിനെ 7000 രൂപ ധനസഹായം അനു

വിതരണം ചെയ്യുന്നതാണ്. വർഷം 2 യൂണിറ്റ് വീതം 5 വർഷത്തേക്ക് 10 X 7000 = 70000

2.മാതൃകാ കാലിതൊഴുത്ത് നിർമ്മാണ പദ്ധതി

ശുചിയായ ക്ഷീരോല്പാദനത്തിന് വൃത്തിയുള്ള തൊഴുത്തും ആരോഗ്യമുള്ള പശുവും പ്രധാനമാണ്. മാതൃകാ കാലിതൊഴുത്ത് ഈ ലക്ഷ്യം നിറവേറ്റുന്നു. തൊഴുത്തിന്റെ നിർമ്മാണ ചെലവിന്റെ മൂന്നിലൊന്നോ 1250 രൂപയോ ഏതാണു കുറവെങ്കിൽ അത്രയും തുക ധനസഹായം നൽകാം. പദ്ധതിയുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് 20% പേർ പട്ടിക ജാതിയിൽ പെട്ടവരായിരിക്കണം. പ്രതിവർഷം 10 തൊഴുത്ത് വീതം 5 വർഷം 50 X 1250 = 62500

3. ധാതുലവണ മിശ്രിത വിതരണം.

കറവ പശുക്കളിൽ പാലിലൂടെ നഷ്ടപ്പെടുന്ന ധാതുലവണങ്ങളുടെ കുറവ് നികത്തുന്നതിനും പ്രത്യുൽപാദന ശേഷി വർദ്ധിപ്പിക്കാനും, ക്ഷീരോൽപാദനം ലാഭകരമാക്കാനും ധാതുലവണങ്ങൾ നൽകേണ്ടതുണ്ട്. ഈ പദ്ധതിയിൽ ധാതുലവണ മിശ്രിതം സൗജന്യനിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു. സർക്കാർ വക സബ്സിഡി ഉള്ളതിനാൽ ഒരു പശു ഉടമക്ക് 11 കിലോഗ്രാം. എന്ന തോതിൽ മാത്രമേ വിതരണം നടത്താൻ പാടുള്ളൂ. പ്രതിവർഷം 400 kg വീതം 16 രൂപ പ്രകാരം 5 വർഷത്തേക്ക് 400 X 1 6 = 5

4. വിറ്റാമിൻ സപ്ലിമെന്റ്

കന്നുകുട്ടികളുടെ ശരിയായ വളർച്ചയ്ക്കും രോഗപ്രതിരോധ ശേഷിയ്ക്കും വിറ്റാമിനുകൾ അത്യാവശ്യമാണ്. പശുകുട്ടികൾക്ക് ആദ്യ 6 മാസക്കാലത്തേക്ക് ഇതിന്റെ പ്രാധാന്യം. ഒരു പശുകുട്ടിക്ക് ശരാശരി 500 മി.ലി. വൈറ്റമിൻ സപ്ലിമെന്റ് ആവശ്യമാണ്. വിറ്റാമിൻ സപ്ലിമെന്റ് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.

5 ഫാമിലി വീതം 5 വർഷം 100 കുട്ടികൾക്ക് പ്രതിവർഷം 20 വീതം,

Rs. 55/ 5 സെ.മി.ലിറ്റർ = 5500

5. ശുദ്ധമായ പാലുല്പാദന കിറ്റ്

ഏതു ക്ഷീരോല്പാദനത്തിന്റെയും മേൻമ, രുചി തുടങ്ങിയവ അതുണ്ടാക്കിയ പാലിന്റെ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു. പൊതുജനാരോഗ്യകരമായ കാരണങ്ങളാലും പാൽ ശുചിയായിരിക്കേണ്ടത് അത്യാവശ്യമാണ്. പൊട്ടാസ്യം പെർമാംഗനൈറ്റ്, ആന്റിസെപ്റ്റിക് ലോഷൻ, ഗ്രൂമിങ്ങ് ബ്രഷ് ഇവ അടങ്ങിയ 50 രൂപ വിലയുള്ള കിറ്റ് സൗജന്യനിരക്കിൽ 10 രൂപയ്ക്ക് വിതരണം ചെയ്യുന്നു .പ്രതിവർഷം 100 കർഷകർക്ക് 50 രൂപ പ്രകാരം 5 വർഷത്തേക്ക് 1000 X 50 X 5 = 25,000

6. പുൽകൃഷി വികസന പദ്ധതികൾ

പശുക്കളുടെ ഉല്പാദന ക്ഷമത മുഴുവൻ നേടണമെങ്കിൽ പച്ചപുൽ കൂടിയേ തീരൂ അതിനാൽ പച്ചപുൽ ഉൽപാദനം വർദ്ധിപ്പിച്ച് ക്ഷീരോല്പാദനം ലാഭകരമാക്കാൻ താഴെ പറഞ്ഞ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

a) വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി

ഒരു ഹെക്ടർ സ്ഥലത്ത് പച്ചപുല് കൃഷി ചെയ്യുന്ന ഈ പദ്ധതി ക്ഷീര സംഘങ്ങൾക്കോ, വ്യക്തികൾക്കോ പ്രയോജനപ്പെടുത്താം. ഹ്രസ്വകാല ദീർഘകാല നെല്ലിനങ്ങൾ ഈ പദ്ധതിയിൽ കൃഷി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി ചെലവഴിക്കുന്ന തുകയുടെ പകുതിയോ 10,000 രൂപയോ ഏതാണു കുറവെങ്കിൽ അത്രയും തുകയും കൃഷി ചെലവുകൾക്ക് ചെലവായ തുകയുടെ പകുതിയോ 3500 രൂപയോ എന്താണു കുറവെങ്കിൽ അത്രയും തുകയും 10 മെട്രിക് ടൺ സൈലേജ്/ഹേ ഉണ്ടാക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ പകുതിയോ 1000 രൂപയോ ഏതാണു കുറവെങ്കിൽ അത്രയും തുകയും പാട്ടത്തിനു നൽകുന്നതിന് പരമാവധി 500/- രൂപയും എന്ന തോതിൽ 1500 രൂപവരെ ധനസഹായം അനുവദിക്കുന്നു. പ്രതിവർഷം 1 ഹെക്ടർ വീതം 5 വർഷത്തേക്ക് 5 ഹെക്ടർ വീതം 5 വർഷത്തേക്ക് 5 ഹെക്ടർ X 5000 = 75000

b) ക്ഷീര സംഘങ്ങൾ വഴി പുൽവ്യാപാരം

ക്ഷീരകർഷകർ ഉല്പാദിപ്പക്കുന്ന അധികമുള്ള പച്ചപുല്ല് ക്ഷീരസംഘം വാങ്ങി പാലുല്ദിപ്പിക്കണമെന്ന് മറ്റ് അംഗങ്ങൾക്കായി വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. റോജർ ത്രാസ്സ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സംഘടിപ്പിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50% വിധേയമായി പരമാവധി 7500 രൂപയും 15 ദിവസത്തേക്ക് പച്ചപ്പുല്ല് വരുന്നത്.

പ്രവർത്തന മൂലധനമായി 6000/- രൂപയും ഉൾപ്പെട്ട 13500 രൂപ ധനസഹായം നൽകുന്നു. 5 വർഷംകൊണ്ട് 4 സംഘത്തിന് 13500 രൂപ വീതം 54000

c) ഫോഡർ ബാങ്ക്

ക്ഷീര സംഘങ്ങളിൽ കറവ പശുക്കൾക്ക് ആവശ്യമുള്ള വൈക്കോൽ, ഹേ തുടങ്ങിയ തീറ്റകൾ വാങ്ങിവെച്ച് അംഗങ്ങൾക്ക് ആവശ്യാനുസരണം വിതരണം നടത്തുന്നതിന് ഈ പദ്ധതികൾ ക്ഷീര സംഘങ്ങളിൽ സജ്ജീകരണം ഉണ്ടാകുന്നു. ഫോഡർ ബാങ്ക് പണിയുന്നതിന്. 1 സംഘത്തിന് 10,000 രൂപ ധനസഹായം നൽകുന്നതും ഫോഡർ ബാങ്കിന്റെ പണിയുടെ പുരോഗതി അനുസരിച്ച് മൂന്നു ഗഡുക്കളായി ധനസഹായം അനുവദിക്കുന്നതുമാണ്.

4 സംഘത്തിന് 10,000 = 40,000

(d) ദീർഘകാല പുൽകൃഷി പദ്ധതി

പുൽപയർ മിശ്രിതം, കോംഗോസിഗ്നൽ, ഗിനി സങ്കര....... മുതലായ ഉൽപാദനശേഷിയും ഗുണനിലവാരമുള്ള പുല്ലിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി പുൽവിളകൾ സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതോടൊപ്പം ഹെക്ടറിന് 500 രൂപ തോതിൽ രാസവള സബ്സിഡി അനുവദിക്കുന്ന പ്രതിവർഷം 2 ഹെക്ടർ വീതം 5 വർഷത്തേക്ക് 5000 X 2 X 5 = 50000

5. മക്കചോളം, വൻപയർ (ഹ്രസ്വകാല ഫോഡർ)

വിത്ത് സൗജന്യ നിരക്കിൽ നൽകുന്നതിനു പുറമെ ഹെക്ടറിന് 700 രൂപ, 300 രൂപ എന്ന തോതിൽ രാസവള സബ്സിഡിയും നൽകുന്നു.

മക്കച്ചോളം ഹെ x 5yr X 700 = 3500

വൻപയർ ഹെ x 5yr x 300 = 1500

= 5000

### 7. പുൽക്കടകൃഷി

പുൽക്കടകൾ വാങ്ങി പുൽകൃഷി ചെയ്യുന്നതിന് പുൽക്കടയുടെ വിലയിലേക്ക് 500/- രൂപയും, രാസവള സബ്സിഡിയായി ഹെക്ടറിന് 500 രൂപയും അനുവദിക്കുന്നു. 1 ഹെക്ടർ വീതം 5 വർഷത്തേക്ക് 1000 രൂപ വീതം 5 ഹെക്ടർ x 5yr x Rs.1000/- = 25000

### 8. വൈയ്ക്കോലിൽ യൂറിയ സംപുഷ്ടീകരണം

കാലിത്തീറ്റയിൽ വൈയ്ക്കോലിന്റെ പങ്ക് 34% വരും എന്നാൽ സാധാരണ വൈയ്ക്കോൽ പാലുല്പാദനത്തിന് സഹായകരമല്ല. വൈയ്ക്കോൽ യൂറിയ ചേർത്ത് സംപുഷ്ടമാക്കിയാൽ ഏറെക്കുറെ പച്ചപുല്ലിനു സമമാകും. വൈക്കോൽ സംപുഷ്ടമാക്കുന്നതിന് മെട്രിക് ടണ്ണിന് 500 രൂപ ധനസഹായം 20 പേർ പ്രതിവർഷം x 5 വർഷം x 500

= 50000

### 9. സൈലേജ്/ഹേ

വേനൽക്കാലത്ത് പച്ചപ്പുല്ലിനുണ്ടാകുന്ന ക്ഷാമം നേരിടുന്നതിന് വർഷക്കാലത്ത് അധികമായുണ്ടാകുന്ന പച്ചപുൽ ഉണക്കി ഹേ ആയി സൂക്ഷിക്കുന്നതിന് മെട്രിക് ടണ്ണിന് 200 രൂപയും സൈലേജ് ഉണ്ടാക്കുന്നതിന് മെട്രിക് ടണ്ണിന് 125 രൂപയും ധനസഹായം അനുവദിക്കുന്നു. പ്രതിവർഷം 2 പേർ വീതം 5 വർഷം

2 x 5 x Rs.200/- = 2000

2 x 5 x Rs. 125/- = 1250

= 3250

### 10. പ്രത്യേക ഘടക പദ്ധതി

പട്ടിക ജാതി/പട്ടിക വർഗ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ ഉതകുന്ന പരിപാടികൾ ഈ പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നു. ശാസ്ത്രീയമായ തൊഴുത്ത്, കറവപശു തുടങ്ങിയ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി പരമാവധി 7000 രൂപ ധനസഹായം അനുവദിക്കും. പ്രതിവർഷം 10 പേർ വീതം

10 x 5Yr.x 7000 = 3,50,000

### 11. ക്ഷീര സഹകരണ സംഘം രൂപീകരണം

ക്ഷീരകർഷക ഉല്പാദകർക്ക് വിപണന ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സംഘങ്ങൾ ഉണ്ടാക്കി വിപണനത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യാം. സഹകരണ നിയമമനുസരിച്ച് ഒരു ക്ഷീര ഉല്പാദക സംഘം രജിസ്ട്രർ ചെയ്യുന്നതിനു വ്യത്യസ്ത കുടുംബങ്ങളിൽപെട്ട 120 ക്ഷീര ഉല്പാദകരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം. സുഗമവും കാര്യക്ഷമവുമായി ഒരു സംഘം പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയത് 250 ലിറ്റർ പാലെങ്കിലും ദിനംപ്രതി വ്യാപരിക്കണം. സംഘങ്ങൾക്ക് രണ്ടു വാർഡുകളിൽ കൂടുതൽ പ്രവർത്തനമേഖല അനുവദിക്കുന്നതല്ല

നെൻമണിക്കര പഞ്ചായത്തിൽ പാഴായ്- ചെറുവാൾ ക്ഷീര സംഘം പ്രവർത്തിക്കുന്നുണ്ട്. എറവക്കാട്, തലോർ എന്നീ പ്രവർത്തന രഹിതമായ ക്ഷീര സംഘങ്ങളെ പുനരുദ്ധരിക്കാവുന്നതാണ്.

### സംഘത്തിനു കൊടുക്കാവുന്ന സഹായധനം

| | |
|---|---|
| 1 പ്രവർത്തന മൂലധനം | 10,000 |
| 2. ഓഫീസ് കെട്ടിട ഗ്രാന്റ് | 20,000 |
| 3. ഓഫീസ് ഫർണിച്ചർ ഗ്രാന്റ് | 5000 |
| 4. ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള ഗ്രാന്റ് Rs. 2001st year Rs. 150 2nd yr Rs. 100 3rd yr | 5400 |
| 5. പരിശോധന ഉപകരണം | 3000 |
| 6. പാൽ പാത്രം | 6000 |
| 7. സൈക്കിൾ | 1000 |
| 8. ഫ്രിഡ്ജ് | 5000 |
| | 55400 |
| 5 സംഘത്തിന് 5 വർഷം കൊണ്ട് 55400 X5 = | 277000 |

### 12. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് പദ്ധതി

ഗ്രാമപ്രദേശങ്ങളിൽ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന പാലിന് ആദായകരമായ വിപണി കണ്ടെത്താനും അവയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ പരിപാലനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായകരമായ ഒന്നാണിത്. തെരഞ്ഞെടുക്കപ്പെട്ട SSLC പൂർത്തീകരിച്ച നാലു വനിതകളും ഒരു സ്പോൺസറിംങ് ഏജൻസിയും (ക്ഷീരസംഘം/ചാരിറ്റബിൽ സൊസൈറ്റി) കൂടിയതാണ് ഒരു യൂണിറ്റ്. ഉല്പന്നങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും (ഫ്രിഡ്ജ്, മിക്സി, ഉരുളി, അച്ച്, അലമാര) പരിശീലനത്തിനും കൂടി 32,000 രൂപ ചിലവാകുമ്പോൾ 2200 രൂപ സഹായധനം കൊടുക്കുന്നു. 1 യൂണിറ്റ് വീതം 5 വർഷംകൊണ്ട് 22000 രൂപ വീതം 110000

പ്രവർത്തന മൂലധനം 2000 x 5 = 10000

120000

### 13 . കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി

കറവ പശുക്കൾക്ക് പ്രസവം കഴിഞ്ഞ് ഏറ്റവും കൂടുതൽ പാൽ ലഭ്യമാകുന്ന സമയം കാലിത്തീറ്റ കൂടുതൽ കൊടുക്കേണ്ടതുകൊണ്ട് ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകന് കാലിത്തീറ്റ വാങ്ങുന്നതിന് 1050 രൂപ വീതം സഹായധനം ലഭ്യമാക്കാവുന്നതാണ്. പ്രതിവർഷം 50 പേർക്ക് 5 വർഷത്തേക്ക് 1050 രൂപ പ്രകാരം 262500

### മത്സ്യമേഖല

പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി ഏകദേശം 4 കി.മീറ്റർ നീളത്തിൽ മണലിപുഴ ഒഴുകുന്നു. എട്ടുകിലോമീറ്ററോളം നീളമുള്ള തോടുകളും കളിമണ്ണെടുത്ത കുഴികളും വേനൽകാലത്ത് വെള്ളമില്ലാത്ത ഒരു പഞ്ചായത്തു കുളവും ആണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധന സാദ്ധ്യതകൾ ഈ ജലസ്രോതസ്സുകളെ ആശ്രയിച്ചിരിക്കുന്നു. മുഖ്യമായും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ പഞ്ചായത്തിൽ വിരളമാണ്. അപൂർവ്വം ചില പ്രദേശങ്ങളിലേ മത്സ്യകൃഷി നടത്തുന്നുള്ളൂ. മത്സ്യബന്ധനം മുഖ്യ തൊഴിലാക്കിയ ചുരുക്കം ചിലരേ ഈ പഞ്ചായത്തിലുള്ളൂ. സ്വന്തമായി വള്ളങ്ങളുള്ളവർ ഇല്ല. വല എല്ലാവർക്കും ഉണ്ട്. വരാൽ, മുഷി. കടു എന്നീ മത്സ്യങ്ങളാണ് വലയിടുമ്പോൾ മുഖ്യമായി ലഭിയ്ക്കുന്നത്. പ്രാദേശികമായിത്തന്നെ ഇവയുടെ വിപണനവും നടക്കുന്നു. മത്സ്യം കൊണ്ടുനടന്നു വിൽക്കുന്ന സമ്പ്രദായമാണ്

ഇവിടെ നിലവിലുള്ളത്.

**പ്രശ്നങ്ങൾ**

- കളിമൺ ഖനനം ചെയ്ത കുഴികളിലും സ്വന്തം കുളങ്ങളിലും മത്സ്യ കൃഷി നടത്താൻ താല്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങൾ, തീറ്റ തുടങ്ങിയവ മതിയായ തോതിൽ ലഭിയ്ക്കുന്നില്ല.
- പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് നിലവിലില്ല

**സാദ്ധ്യതകൾ:-**

- കളിമൺ ഖനനം ചെയ്ത കുഴികളിലും സ്വകാര്യകുളങ്ങളിലും മത്സ്യ കൃഷി നടത്താൻ താല്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. മത്സ്യക്കുഞ്ഞുങ്ങളുടെ നഴ്സറി ആരംഭിയ്ക്കുക
- പഞ്ചായത്തിൽ പൊതുവായി ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക
- പട്ടികജാതി മത്സ്യതൊഴിലാളി/വിപണന തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി (നടപ്പ്) പഞ്ചായത്തിൽ ആവിഷ്ക്കരിക്കുക
- പഞ്ചായത്തിലെ മണ്ണ് ഖനനം മൂലമുണ്ടായിട്ടുള്ളതും മറ്റു കൃഷികൾ ചെയ്യാൻ സാദ്ധ്യതയില്ലാത്തതുമായ വെള്ളക്കുഴികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ മത്സ്യകൃഷി ആരംഭിക്കുക.

# 3

# വിദ്യാഭ്യാസം

ഒരു സാമൂഹിക പ്രക്രിയയായും, വികസന പ്രവർത്തനമായും വിദ്യാഭ്യാസം നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിലേക്ക് നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ മേഖല വലിയൊരളവോളം മുന്നേറിയിട്ടുണ്ട്. കേരളീയ വിദ്യാഭ്യാസത്തിന്റെ ഈ പൊതുമണ്ഡലത്തിൽനിന്നുവേണം നമ്മുടെ പഞ്ചായത്തിന്റെയും വിദ്യാഭ്യാസ പ്രശ്നങ്ങളെ പരിശോധിക്കേണ്ടത്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിന് വളരെ സഹായിച്ചിട്ടുള്ള ക്രൈസ്തവ മിഷനറിമാരാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലും വിദ്യാലയസ്ഥാപനത്തിനു തുടക്കം കുറിച്ചത്. 1925ൽ C.M.I. വൈദികരാണ് തലോർ ലിറ്റിൽ ഫ്ളവർ ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചത്. തലോർ ഇൻഫന്റ് ജീസസ് കോവേന്താ പള്ളിയോടനുബന്ധിച്ചാണ് വിദ്യാലയം പ്രവർത്തനം തുടങ്ങിയത്. പ്രസ്തുത സ്ഥാപനം ഇപ്പോഴും അവിടെത്തന്നെയാണ് സ്ഥിതിചെയ്യുന്നത്. 1928ൽ പാലാഴി രാമകൃഷ്ണ പ്രൈമറി സ്കൂൾ പ്രവർത്തനം തുടങ്ങി. 1942ൽ ആരംഭിച്ച തലോർ സെന്റ് തെരേസിറ്റാസ് യു.പി.സ്കൂൾ 1948 ൽ ആരംഭിച്ച എറവക്കാട്ട് ഓടമഹാസഭാ എൽ.പി.സ്കൂൾ, 1954ൽ ആരംഭിച്ച പുലക്കാട്ടുകര ഹോളി ഫാമിലി എൽ.പി.സ്കൂൾ, 1955ൽ ആരംഭിച്ച ചെറുവാൾ ജനതാ എൽ.പി.സ്കൂൾ, 1960ൽ പ്രവർത്തനം ആരംഭിച്ച പാലാഴി പ്രബോധിനി ഹിന്ദി യു.പി.സ്കൂൾ, നെന്മണിക്കര മറ്റത്തി കറപ്പൻ മെമ്മോറിയൽ യു.പി.സ്കൂൾ എന്നിവയാണ് പഞ്ചായത്തിലെ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങൾ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഒല്ലൂർ സർക്കാർ സ്കൂൾ, പുതുക്കാട്ട്, സെന്റ് ആന്റണീസ് ഹൈസ്കൂൾ പറപ്പൂക്കര P.V.S. ഹൈസ്കൂൾ, അളഗപ്പനഗർ ത്യാഗരാജ ഹൈസ്കൂൾ എന്നിവയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. [illegible]ലാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂളായ തലോരിലെ ദീപ്തി ഹൈസ്കൂൾ പ്രവർത്തനം തുടങ്ങിയത്.

### വിദ്യാലയ വിവരങ്ങൾ

**1996–97**

| | | ആകെ വിദ്യാർത്ഥികൾ | | | എസ്.സി. കുട്ടികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|
| വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | B | G | T | B | G | T | പുരുഷൻ | സ്ത്രീ | ആകെ |
| 1. ദീപ്തി ഹൈസ്കൂൾ | എയ്ഡഡ് | 616 | 404 | 1020 | 41 | 43 | 84 | 14 | 12 | 26 |
| 2. സെന്റ് തെരേസിറ്റാസ് യു.പി. സ്കൂൾ | എയ്ഡഡ് | 742 | 537 | 1279 | 61 | 53 | 114 | 9 | 17 | 26 |
| 3. ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ | എയ്ഡഡ് | 675 | 509 | 1184 | 65 | 50 | 115 | 2 | 19 | 21 |
| 4. ഹോളി ഫാമിലി എൽ.പി.സ്കൂൾ | എയ്ഡഡ് | 212 | 196 | 408 | 40 | 36 | 76 | – | 8 | 8 |
| 5. ഓട മഹാസഭ എൽപി. സ്കൂൾ | എയ്ഡഡ് | 101 | 110 | 211 | 9 | 16 | 25 | – | 8 | 8 |
| 6. മറ്റത്തികറപ്പൻ മെമ്മോറിയൽ യു.പി സ്കൂൾ, നെന്മണിക്കര | എയ്ഡഡ് | 51 | 56 | 107 | 11 | 9 | 20 | 1 | 8 | 9 |
| 7. രാമകൃഷ്ണ എൽ.പി.സ്കൂൾ, പാലാഴി | എയ്ഡഡ് | 55 | 49 | 104 | 10 | 6 | 16 | 1 | 3 | 4 |
| 8. പ്രബോധിനി ഹിന്ദി യു.പി.സ്കൂൾ | എയ്ഡഡ് | 41 | 31 | 72 | 5 | 4 | 9 | 1 | 3 | 4 |
| 9. ജനത എൽ.പി.സ്കൂൾ, ചെറുവാൾ | എയ്ഡഡ് | 52 | 52 | 104 | 9 | 14 | 23 | 1 | 3 | 4 |

## അനൗപചാരിക വിദ്യാഭ്യാസ മേഖല

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 95.6% ആണ്. വായനശാലകളും മറ്റും കേന്ദ്രീകരിച്ചുള്ള അനൗപചാരിക വിദ്യാഭ്യാസ പരിപാടിക്ക് 1991ൽ സംസ്ഥാനത്താകമാനം നടപ്പാക്കിയ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലൂടെ പൂർണ്ണത കൈവന്നു എന്നു പറയാം. വാർദ്ധക്യ സാക്ഷരത, സ്ത്രീ സാക്ഷരത, ദുർബ്ബല വിഭാഗങ്ങളിലെ സാക്ഷരത തുടങ്ങിയവയുടെ നിരക്ക് വർദ്ധിപ്പിക്കാൻ ഈ സംരംഭത്തിന് കഴിഞ്ഞു. നന്മണിക്കര ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം തൃശൂർ ജില്ലയിലാകെ പ്രശസ്തി നേടിയിരുന്നു. ഇതിന്റെ തുടർനടപടികൾ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്.

## പഞ്ചായത്തിലെ വിദ്യാലയവിവരങ്ങൾ

മുകളിൽ സൂചിപ്പിച്ച പട്ടികയിൽനിന്ന് പഞ്ചായത്തിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെന്നുള്ള വസ്തുത കാണാവുന്നതാണ്. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ പുതിയ വിദ്യാലയങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന പട്ടിക(2) പരിശോധിച്ചാൽ കുട്ടികളുടെ എണ്ണത്തിലുണ്ടായ വ്യത്യാസം വിശകലനം ചെയ്യാവുന്നതാണ്.

ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം തേടുന്ന വിദ്യാർത്ഥി



286

പട്ടിക -2

**ഒന്നാം ക്ലാസ്സിലെ കുട്ടികൾ 1991-92 മുതൽ 1996-97വരെ**


| സ്കൂളിന്റെ പേര് | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | 1996-97 |
|---|---|---|---|---|---|---|
| ജനതാ എൽ.പി.സ്കൂൾ ചെറുവാൾ | 16 | 26 | 17 | 16 | 18 | 43 |
| ആർ.കെ.എൽ.പി.സ്കൂൾ പാലാഴി | 27 | 26 | 31 | 24 | 29 | 21 |
| ഓ.എം.എസ്.എൽ.പി.സ്കൂൾ എറവക്കാട് | 52 | 32 | 32 | 34 | 56 | 53 |
| എൽ.എഫ്.എൽ.പി.എസ്.തലോർ | 278 | 300 | 325 | 281 | 317 | 277 |
| എം.കെ.എം.യു.പി.സ്കൂൾ നെന്മണിക്കര | 18 | 10 | 15 | 17 | 14 | 22 |
| എച്ച്.എഫ്.എൽ.പി.എസ്.പുലക്കാട്ടുകര | 75 | 90 | 90 | 89 | 108 | 108 |
| ആകെ | 466 | 484 | 510 | 461 | 542 | 524 |

അവലംബം (ബന്ധപ്പെട്ട സ്കൂൾ രേഖകൾ)

കളുടെ എണ്ണം കുറഞ്ഞുവരുന്നു എന്ന പൊതുനിഗമനം പഞ്ചായത്തിലെ സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് വസ്തുതാപരമായി തെറ്റാണ്. ഒരു പക്ഷേ ഡിവിഷൻ പതനം ഇല്ലാതാകുന്നതിനു വേണ്ടിയുള്ള ആദ്ധ്യാപകരുടെയും പി.ടി.എ. സമിതിയുടെയോ ബോധപൂർവ്വമായ ഇടപെടലായിരിക്കാം ഇതിനു പിന്നിലെ കാരണം. തലോർ എൽ.എഫ്. പി. സ്കൂളിലെ വിദ്യാർത്ഥികളുടെ ഉയർന്ന പ്രവേശന നിരക്കിനുകാരണം പ്രധാനമായും രണ്ടാണെന്ന് തോന്നുന്നു. (1) മെച്ചപ്പെട്ട ഭൗതിക സാഹചര്യവും ഹൈസ്കൂളിന്റെ സാന്നിദ്ധ്യവും (2) സമീപ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളുടെ വരവ്..

പഞ്ചായത്തിലെ സ്കൂളുകളിലെ മൊത്തം അദ്ധ്യാപകർ 110 ആണ്. ഇതിൽ പുരുഷന്മാർ 29 പേരും 81പേർ സ്ത്രീകളും ആകുന്നു. ആകെയുള്ള 9 വിദ്യാലയങ്ങളിൽ 6 എണ്ണത്തിന്റേയും പ്രധാന അദ്ധ്യാപകർ സ്ത്രീകളാണ്. അദ്ധ്യാപന മേഖലയിൽ സ്ത്രീകൾക്കുള്ള മേൽക്കൈ ഇതിൽനിന്നും വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസമേഖലയിലും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലും എത്തുമ്പോൾ ഈ അനുപാതം തകിടം മറിയുന്നു എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ സാമാന്യം നല്ലതാണ്. ഇങ്ങനെയാണെങ്കിലും തലോർ സ്കൂളുകൾ ഒഴിച്ച് മറ്റുള്ളവയുടെ ഭൗതിക സാഹചര്യം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. കോമ്പൗണ്ട് മതിലുകൾ, മൂത്രപ്പുര, കുടിവെള്ള സൗകര്യം, ഫർണീച്ചറുകൾ എന്നിവ പല സ്കൂളുകൾക്കും ഏറ്റക്കുറച്ചിലുകളോടെ ആവശ്യമുണ്ട്. സ്കൂളുകളോട് ബന്ധപ്പെട്ട പി.ടി.എ. സമിതികൾ എല്ലായിടത്തും സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു. സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിലും ഉച്ചഭക്ഷണ പരിപാടികളിലും




പി.ടി.എ കമ്മിറ്റികൾ കാര്യമായ താല്പര്യം എടുക്കുന്നുണ്ട്. തലോർ സെന്റ് തേരേസിറ്റാസ് യു.പി.സ്കൂളിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പുതിയ സ്കൂൾ കെട്ടിടം പി.ടി.ഐ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. ഇത്രയും വ്യാപകമായ തോതിലല്ലെങ്കിലും ഇതര സ്കൂളുകളിലും മാതൃകാപരമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പി.ടി.എ. കമ്മിറ്റികൾ നേതൃത്വം നൽകി വരുന്നുണ്ട്. എല്ലാ സ്കൂളുകളിലും മാതൃസംഗമം നടത്തുന്നുണ്ട്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സ്കൂളുകൾ പൊതുവേ നല്ല നിലവാരം പുലർത്തി വരുന്നുണ്ട്. തലോർ ദീപ്തി ഹൈസ്കൂളിന്റെ S.S.L.C. വിജയശതമാനം ഉയർന്ന ശ്രേണിയിൽ ഉള്ളതാണ്. അവിടെ രണ്ടു തവണ S.S.L.C. റാങ്കുകൾ (15 നുള്ളിൽ വരുന്നവ) ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയ ശതമാന നിരക്ക് ചുവടെ ചേർക്കുന്നു.

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ കാണിയ്ക്കുന്ന തീവ്രതാല്പര്യം പാഠ്യേതര പ്രവർത്തനങ്ങളിൽ പൊതുവേ കാണാറില്ല. യുവജനോത്സവങ്ങളും വാർഷിക കായികമേളകളും നന്നായി നടത്തുന്നുണ്ട്. ശാസ്ത്രക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ശാസ്ത്രപ്രദർശനത്തിൽ തലോർ ദീപ്തി ഹൈസ്കൂൾ, സെന്റ് തേരേ സിറ്റാസ് യു.പി.സ്കൂൾ. എന്നിവ പലപ്പോഴും സബ്ബ് ജില്ലാ. ജില്ലാ നിലവാരത്തിൽ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്-സ്കൂളുകളിൽ സാഹിത്യസമാജം പ്രവർത്തനങ്ങൾ പുനസംഘടിപ്പിക്കേണ്ടതുണ്ട്.

**സമാന്തര വിദ്യാലയങ്ങൾ**

പഞ്ചായത്തിനകത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സമാന്തര കലാലയമാണ് തലോർ നവജ്യോതി കോളേജ്. ക്രൈസ്തവ സന്യാസിമാരുടെ നേതൃത്വത്തിൽ (ഹോളിഫാമിലി സിസ്റ്റേഴ്സ്) 37 വിദ്യാർത്ഥികളുമായി 1979ലാണ് ഈ കോളേജ് പ്രവർത്തനം ആരംഭിച്ചത്. Pre-Degree 3 ഉം 4ഉം ഗ്രൂപ്പുകൾ, ഡിഗ്രി തലത്തിൽ B.A. B.Com കോഴ്സുകളിലായി മൊത്തം 700ൽ പരം വിദ്യാർത്ഥിനികൾ ഇവിടെ പഠിക്കുന്നുണ്ട്. അദ്ധ്യാപകരുടെ എണ്ണം 18. താരതമ്യേന മാർക്കു കുറഞ്ഞ കുട്ടികളാണ് ഇവിടെ പ്രവേശനം തേടുന്നവരിൽ ഭൂരിഭാഗവും. പ്രീഡിഗ്രിയ്ക്ക് ശരാശരി 50 ശതമാനവും ഡിഗ്രി തലത്തിൽ 86 % വും വിജയമാണ് ഇവിടെ ഉണ്ടാകുന്നത്. ചിലപ്പോഴെല്ലാം യൂണിവേഴ്സിറ്റി തലത്തിൽ ഇവിടെനിന്ന് റാങ്കുകൾ ലഭിച്ചിട്ടുണ്ട്. നെന്മണിക്കരയിൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ അംഗീകാരത്തോടെ വിജയാ ഹിന്ദി കോളേജ് പ്രവർത്തിച്ചുവരുന്നു.

### പ്രീ പ്രൈമറി തലം

ഗ്രാമ പഞ്ചായത്തിലെ പ്രീ പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസ മേഖല പരിശോധിക്കുമ്പോൾ അതിന്റെ നടത്തിപ്പ് തികച്ചും ശാസ്ത്രീയമാണ് എന്ന് പറയാനാകില്ല. ആരോഗ്യശാസ്ത്രപരമായും വിദ്യാഭ്യാസ ശാസ്ത്രപരമായും തികച്ചും ദോഷകരമായ രീതിയിൽ ഈ ഘട്ടത്തിൽ നൽകപ്പെടുന്ന അക്ഷരം– അക്കപഠനത്തെ നിരുത്സാഹപ്പെടുത്തുന്നതിലും കളിയിലൂടെ കുട്ടികളുടെ വിജ്ഞാന സമ്പാദനത്തിനുള്ള നൈസർഗ്ഗികമായ സിദ്ധികൾ തൊട്ടുണർത്തുന്നതിലുമാണ് പ്രീ പ്രൈമറി തലത്തിൽ യഥാർത്ഥത്തിൽ ശ്രദ്ധ പതിയേണ്ടത്. നിർഭാഗ്യവശാൽ ഈ മേഖലയിൽ സാർവ്വത്രികമായ പ്രവേശനം ഉണ്ടാകാത്തതുമൂലം ഒന്നാം ക്ലാസ്സിൽ പ്രവേശിക്കുന്ന കുട്ടികളിൽ പ്രീ പ്രൈമറിയിൽനിന്നുവരുന്ന സാക്ഷരരും അവിടെപ്പോകാത്ത നിരക്ഷരരും എന്ന രീതിയിലുള്ള വിടവ് വർദ്ധിച്ചു വരുന്നതായി കാണാം. 1973 മുതൽ ചാരിറ്റി സിസ്റ്റേഴ്സ് ചിറ്റിശ്ശേരിയിൽ കരുണാലയ നഴ്സറി സ്കൂൾ എന്ന പേരിലും 1990മുതൽ CMI വൈദികരുടെ നേതൃത്വത്തിൽ നസ്രേത്ത് നഴ്സറി സ്കൂൾ തലോരിലും പ്രവർത്തിച്ചുവരുന്നു. പാലാഴിയിൽ സരസ്വതി വിദ്യാനികേതന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറി സ്കൂളും പ്രവർത്തിച്ചു വരുന്നുണ്ട്. മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബാലവാടികളെകൂടി ഉൾപ്പെടുത്തിയാൽ പഞ്ചായത്തിലെ പ്രീപ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസ മേഖല പൂർണ്ണമായി.

### പ്രശ്നങ്ങൾ

1. തലോരിലെ H.S. U.P., L.P. വിദ്യാലയങ്ങളിൽ സമീപ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ തദ്ദേശീയ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

2. പല സ്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

3. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്.

4. സാങ്കേതിക വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയവക്ക് പഞ്ചായത്തിൽ സൗകര്യങ്ങളില്ല.

5. വൊക്കേഷണൽ ഹയ്യർ സെക്കൻഡറി കോഴ്സോ പ്ലസ് ടു കോഴ്സുകളോ പഞ്ചായത്തിൽ ഇല്ല.

6. പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ മാത്രമുള്ളതിനാൽ മുഴുവൻ വിദ്യാർത്ഥികൾക്കും അവിടെ പ്രവേശനം ലഭിയ്ക്കുന്നില്ല ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി സമീപ പഞ്ചായത്തുകളിലേയ്ക്ക് പോകേണ്ടിവരുന്നു.

7. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രണപരിപാടികളൊന്നും നടപ്പിലാക്കുന്നില്ല

8. വിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നു.

### സാദ്ധ്യതകൾ

1. പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സ് ആരംഭിയ്ക്കുക

ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ വ്യത്യസ്ത വിദ്യാഭ്യാസ സബ്ബ് ജില്ല- ജില്ലാ തലത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നത് എങ്ങനെ പരിഹരിക്കാമെന്ന് ആലോചിക്കേണ്ടതാണ്.

2. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസ പരിപാടി (യു.ഇ.ഇ) യിൽ പെട്ട ജില്ലാ പ്രൈമറി വിദ്യാഭ്യാസ പരിപാടി (D.P.E.P.) നമ്മുടെ ജില്ലയിൽ ആരംഭിക്കാനുള്ള സാദ്ധ്യതകൾ ആരായുക

3. സ്കൂൾ സമിതികളുടെ സംഘാടനവും, അദ്ധ്യാപക രക്ഷാകർതൃ സമിതികളെ അതിലേയ്ക്ക് ലയിപ്പിക്കാനുള്ള നടപടികളും പഞ്ചായത്തുതലത്തിൽ ഏകോപിപ്പിയ്ക്കുക

4. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും സമയബന്ധിതമായി സന്ദർശിക്കുവാനും പ്രവർത്തനങ്ങൾ വിലയിരുത്തുവാനുമുള്ള മോണിറ്ററിംഗ് സംവിധാനം പഞ്ചായത്ത് നിയന്ത്രണത്തിൽ രൂപീകരിക്കുക.

5. 1948 ൽ പ്രവർത്തനം ആരംഭിച്ചതും ഓട സമുദായത്തിന്റെ മാനേജുമെന്റിൽ ( ഒരു പക്ഷെ സംസ്ഥാനത്തിൽ തന്നെ അന്യാദൃശ്യമായ) പ്രവർത്തിച്ചുവരുന്നതുമായ O.M.S.L.P. സ്കൂൾ അപ്ഗ്രേഡു ചെയ്യുക. സമാനമായ മറ്റു വിദ്യാലയങ്ങളേയും സാഹചര്യങ്ങൾ പരിഗണിച്ച് അപ്ഗ്രേഡു ചെയ്യുക.

6. അയൽപക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക

7. ബാലവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ശക്തിപ്പെടുത്തുക

8. സാക്ഷരതാ തുടർപ്രവർത്തനം ത്വരിതപ്പെടുത്തുക

9. പഞ്ചായത്തിലെ സമഗ്ര സാഹചര്യങ്ങൾ വിലയിരുത്തി പുതിയൊരു ഹൈസ്കൂൾ ആരംഭിയ്ക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.

10. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക

11. സ്കൂൾ ലൈബ്രറികൾ വിപുലപ്പെടുത്തുക

12. വിദ്യാലയങ്ങളിൽ മാതൃ സംഘടന രൂപീകരിക്കുകയും കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ നടത്തുകയും ചെയ്യുക.

13. വിദ്യാഭ്യാസ പരമായി ഉയർന്ന നിലവാരം പുലർത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

പഞ്ചായത്തിലെ സ്കൂളുകളുടെ നിലവാരം സൂചിപ്പിക്കുന്നതിന് താഴെ പറയുന്ന രേഖകൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

### അനുബന്ധം

1. സ്കൂളുകളുടെ പൊതുവിവരം
2. കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ
3. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം
4. അക്കാദമിക് സൗകര്യങ്ങൾ
5. സാമ്പത്തിക അനുകൂല്യം ലഭിയ്ക്കുന്ന വിദ്യാർത്ഥികളുടെ വിവരം
6. ചിലവു സംബന്ധിച്ച വിവരങ്ങൾ

# അനുബന്ധം : 1

വർഷം 1996-97

നെന്മണിക്കര ഗ്രാമ പഞ്ചായത്ത്
9.2 സ്കൂളിന്റെ പൊതു വിവരം

| സ്കൂളിന്റെ പേര് | സ്കൂളിന്റെ ഉടമസ്ഥത | | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റുകുറിപ്പുകൾ ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഹൈസ്കൂൾ യു.പി/ എൽ.പി പ്രീ പ്രൈമറി | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. ദീപ്തി എച്ച്.എസ്., തലോർ | H.S | | ✓ | | | 616 | 404 | 1020 | 31 | 31 | | 2 | 3 Acre | 1 Acre | 1½ Acre | |
| 2. സെന്റ് തെരെസിറ്റാസ് യു.പി തലോർ | U.P | | ✓ | | | 742 | 537 | 1279 | 27 | 27 | | 1 | | | | നടത്തുന്നു |
| 3. എൽ.എഫ്.എൽപി.എസ് തലോർ | L.P | | ✓ | | | 675 | 509 | 1184 | 20 | 21 | | | 1Ac.10Ct. | 50Cent | No | ഫർണീച്ചർ, കുടിവെള്ളം |
| 4. ഹോളിഫാമിലി എൽ.പി.എസ് പുലാക്കാട്ടുകര | L.P | | ✓ | | | 209 | 195 | 404 | 8 | 8 | | | ½ Acre | | | |
| 5. O.M.S.L.P.S എറവക്കാട് | L.P. | | ✓ | | | 101 | 110 | 211 | 8 | 8 | | | 1½ Acre | 1 Acre | | പുറമതിൽഇല്ല |
| 6. M.K.M.U.P.S നെന്മണിക്കര | U.P | | ✓ | | | 51 | 56 | 107 | 7 | 8 | 1 | | 2 Ac.5Ct. | | | പുറമതിൽഇല്ല |
| 7. പ്രബോധിന് ഹിന്ദി U.P.S പാലാഴി | U.P | | ✓ | | | 41 | 31 | 72 | 6 | 4 | 2 | No | 42 Cent | 30 Cent | No | ഫർണീച്ചർ, റിപ്പയറിംഗ് |
| 8. R.K.L.P.S. പാലാഴി | L.P | | ✓ | | | 55 | 49 | 104 | 4 | 4 | No | No | 95 Cent | 35 Cent | No | പുറമതിൽഇല്ല |
| 9. ജനത L.P.S ചെറുവാൾ | L.P | | ✓ | | | 52 | 52 | 104 | 4 | 4 | 0 | 0 | 50 Cent | | | Yes |

# അനുബന്ധം : 2

വർഷം 1996-97

നെന്മണിക്കര ഗ്രാമ പഞ്ചായത്ത്

## 9.2 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | സ്റ്റാൻഡാർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1. ദീപ്തി എച്ച്.എസ്., തലോർ | I | 616 | 404 | 1020 | 41 | 43 | 84 | 7 | 7 | 14 | 64 | 12 | 76 | 2 | 2 | 4 | 24 | 4 | 28 | 32 |
| 2. സെന്റ് തെരെസിറ്റാസ് യു.പി തലോർ | II | 742 | 537 | 1279 | 61 | 53 | 114 | 18 | 17 | 35 | 80 | 48 | 128 | 9 | 7 | 16 | 14 | 9 | 23 | 38 |
| 3. എൽ.എഫ്.എൽപി.എസ് തലോർ | III | 675 | 509 | 1184 | 65 | 50 | 115 | 8 | 5 | 13 | 35 | 15 | 50 | | | | 1 | 2 | 3 | 3 |
| 4. ഹോളിഫാമിലി എൽ.പി.എസ് പുലാക്കാട്ടുകര | IV | 212 | 196 | 408 | 40 | 36 | 76 | 5 | 3 | 8 | 7 | 9 | 16 | | | | 2 | | 2 | 2 |
| 5. O.M.S.L.P.S എറവക്കാട് | V | 101 | 110 | 211 | 9 | 16 | 25 | | | | 3 | 6 | 9 | | | | 1 | | 1 | 1 |
| 6. M.K.M.U.P.S നെന്മണിക്കര | VI | 51 | 56 | 107 | 11 | 9 | 20 | | | | 1 | | 1 | | | | | | | |
| 7. പ്രബോധിനി ഹിന്ദി U.P.S പാലാഴി | VII | 41 | 31 | 72 | 5 | 4 | 9 | 1 | 2 | 3 | 3 | 4 | 7 | | 1 | 1 | | | | 1 |
| 8. R.K.L.P.S. പാലാഴി | VIII | 55 | 49 | 104 | 10 | 6 | 16 | 2 | 1 | 3 | | 1 | 1 | | | | | | | |
| 9. ജനത L.P.S ചെറുവാൾ | IX | 52 | 52 | 104 | 9 | 14 | 23 | | 1 | 1 | 2 | 1 | 3 | | | | | | | |

- പഠനം നനിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്
- ഓരോ സ്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ഇതേ ഫോറം തന്നെ ഉപയോഗിക്കാം

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം / മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗ ശൂന്യമായ കക്കൂസിന്റെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ ഇല്ലെങ്കിൽ കിണർ | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോറും | നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ. മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡെസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1. ദീപ്തി എച്ച്.എസ്., തലോർ | 15 | 1 | | | 22 | | | 4 | | 3 | 50 | | 5 | | | | | 1 | | 10 | 10 | 2 | 1 | 2 |
| 2. സെന്റ് തെരെസിറ്റാസ് യു.പി തലോർ | 21 | 3 | | | 24 | | | | | 2 | 40 | | 4 | | Yes | Yes | Yes | Yes | | | | | | |
| 3. എൽ.എഫ്.എൽപി.എസ് തലോർ | 20 | 1 | | | 21 | | | 4 | Yes | | 25 | 2 | 1 | 1 | Yes | Yes | Yes | No | No | 100 | 200 | 24 | 26 | Yes |
| 4. ഹോളിഫാമിലി എൽ.പി. എസ് പുലാക്കാട്ടുകര | 8 | 8 | | | 8 | | | | | 3 | 28 | 2 | 1 | | Yes | Yes | Yes | No | No | 20 | 30 | 4 | 8 | |
| 5. O.M.S.L.P.S എറവക്കാട് | 7 | 3 | 1 | | 12 | 2 | | | Yes | 2 | 8 | 2 | 2 | No | Yes | No | Yes | Yes | Yes | | | | | |
| 6. M.K.M.U.P.S നെന്മണിക്കര | 7 | | | | 10 | | | | | 2 | 6 | 1 | 2 | 2 | Yes | No | Yes | Yes | Yes | | | | | |
| 7. പ്രബോധിനി ഹിന്ദി U.P.S പാലാഴി | 3 | 3 | | | 11 | | | No | No | 2 | 10 | No | 2 | No | Yes | Yes | Yes | Yes | No | 10 | 10 | 2 | 3 | |
| 8. R.K.L.P.S. പാലാഴി | 4 | - | 3 | | 1 | 10 | | | No | 2 | 30 | 2 | 1 | 1 | No | No | | No | No | 10 | 10 | 4 | 4 | 4 |
| 9. ജനത L.P.S ചെറുവാൾ | 4 | 2 | | | 7 | | | | | 1 | 4 | 1 | 1 | | Yes | No | Yes | Yes | No | 8 | 4 | | 4 | 1 |

## 9.4. അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് - ഇല്ല (പ്രവർത്തിക്കുന്നു - ഇല്ല) | ലബോറട്ടറി - സയൻസ് കോർണർ ഉണ്ട് / ഇല്ല (പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല) | പഠനോപകരണങ്ങൾ (മാപ്പുകൾ, ഗ്ലോബുകൾ, ചാർട്ടുകൾ) വേണ്ടത്ര ഉണ്ട് / ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം: റേഡിയോ | ടേപ്പ് റെക്കോർഡർ | ടിവിസെറ്റ് | വി.സി.ആർ - വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യത്തിന് | നിലവിലുള്ളത് | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ | പ്രത്യേക കാരണങ്ങളാൽ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം / സജീവമല്ല | ക്ലസ്റ്റർ റ്റും പി.ടി.എ കൾ പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2. | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1. ദീപ്തി എച്ച്.എസ്., തലോർ | Yes | Yes | Yes | Yes | Yes | No | No | No | No | No | No | | 16 | 194 | No | 3 | | Yes |
| 2. സെന്റ് തെരെസിറ്റാസ് യു.പി തലോർ | Yes | No | Yes | No | No | No | No | No | No | No | No | | 21 | 195 | No | 5 | | Yes |
| 3. എൽ.എഫ്.എൽപി.എസ് തലോർ | No | No | No | Yes | Yes | No | No | No | No | No | No | | 20 | 182 | No | 18 | Yes | Yes |
| 4. ഹോളിഫാമിലി എൽ.പി.എസ് പുലാക്കാട്ടുകര | | | No | No | No | No | No | No | No | No | No | 8 | 8 | 193 | | | Yes | Yes |
| 5. O.M.S.L.P.S എറവക്കാട് | Yes | No | Yes | | | No | | | | | | 7 | 16 | 194 | No | 19 | Yes | Yes |
| 6. M.K.M.U.P.S നെന്മണിക്കര | Yes | Yes | | No | No | No | No | No | No | No | No | | | 194 | | 2 | Yes | Yes |
| 7. പ്രബോധിനി ഹിന്ദി U.P.S പാലാഴി | Yes | Yes | Yes | Yes | No | No | No | No | No | No | No | 5 | 3 | 194 | No | 3 | Yes | Yes |
| 8. R.K.L.P.S. പാലാഴി | Yes | Yes | Yes | Yes | Yes | No | No | No | No | No | No | 4 | 4 | 191 | No | 9 | Yes | Yes |
| 9. ജനത L.P.S ചെറുവാൾ | No | Yes | No | 1 | 1 | | | | | | | | 4 | 194 | | 4 | Yes | Yes |

292

# അനുബന്ധം : 5

വർഷം 1996–97

നെന്മണിക്കര ഗ്രാമ പഞ്ചായത്ത്

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ഗ്രാന്റ് | മുസ്ലിം പെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ബീഡി തൊഴിലാളി സ്ക്കോളർ ഷിപ്പ് | മത്സ്യത്തൊഴി ലാളികളുടെ | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ദീപ്തി എച്ച്.എസ്., തലോർ | | 14383 | 75 | 3150 | | | | |
| 2. | സെന്റ് തെരെസിറ്റാസ് യു.പി തലോർ | 10 | 190 | | 5 | | | | |
| 3. | എൽ.എഫ്.എൽപി.എസ് തലോർ | | 9623 | | 2400 | | | | |
| 4. | ഹോളിഫാമിലി എൽ.പി.എസ് പുലാക്കാട്ടുകര | 8 | 78 | | 4 | 1 | | | |
| 5. | O.M.S.L.P.S എറവക്കാട് | | 94 | | | | | | |
| 6. | M.K.M.U.P.S നെന്മണിക്കര | 1 | 23 | 1 | | 1 | 1 | 1 | 1 |
| 7. | പ്രബോധിന് ഹിന്ദി U.P.S പാലാഴി | | 690 | | | | | | |
| 8. | R.K.L.P.S. പാലാഴി | | 683 | | | | | | |
| 9. | ജനത L.P.S ചെറുവാൾ | | 1153 | | | | | | |

അനുബന്ധം 6

വർഷം : 1996 -97

ചെലവ് സംബന്ധിച്ച വിവരങ്ങൾ (അവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റ പണികൾ | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാ-വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ.ഫണ്ട് | മറ്റുമാർഗ്ഗത്തിലുള്ള വരവ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 19 | 17 |
| 1 ദീപ്തി എച്ച്.എസ്., തലോർ | 687050 | 1895 | | 904 | | | | | | | | 12960.5 | 2587.5 | 11995 | 17533 | 45396 |
| 2. സെന്റ് തെരെസിറ്റാസ് യു.പി തലോർ | 6850 | 4595 | 45 | | | 92825 | | | 616 | 559 | 1375 | 2000 | | 10000 | 3700 | 20700 |
| 3. എൽ.എഫ്.എൽപി.എസ് തലോർ | 30000 | 11083 | 500 | 520 | 2000 | | 6800 | | 3675 | 362 | 4037 | | | 55000 | | 59037 |
| 4. ഹോളിഫാമിലി എൽ.പി.എസ് പുലാക്കാട്ടുകര | 3400 | 300 | | 400 | 5000 | 100 | 4555.7 | 15000 | 1111 | 378 | 1429 | | 3682 | 106[illegible] | 1352 | |
| 5. O.M.S.L.P.S എറവക്കാട് | 5000 | 2000 | | 250 | 500 | | 4650 | | 1116 | 210 | 1876 | 76 | | 4650 | | 4726 |
| 6. M.K.M.U.P.S നെന്മണിക്കര | | | | | | | | | | | | | | | | |
| 7. പ്രബോധിന് ഹിന്ദി U.P.S പാലാഴി | 4768 | 500 | | . | 138 | | 6000 | | 572 | 136 | 708 | 584 | | 720 | | 2014 |
| 8. R.K.L.P.S. പാലാഴി | 2500 | 1000 | 250 | | | | 4100 | | 1008 | | | | | | | 1008 |
| 9. ജനത L.P.S ചെറുവാൾ | 360 | 215 | | 50 | | | 2226 | | 355 | 62 | 417 | | 525 | 604 | | 1129 |

# 4

# പൊതുജനാരോഗ്യവും കുടിവെള്ളവും

നെന്മണിക്കര പഞ്ചായത്തിലെ പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, ആയ്യൂർദൈർഘ്യം തുടങ്ങിയ അടിസ്ഥാനമാനദണ്ഡങ്ങൾ പരിശോധിക്കുമ്പോൾ ആരോഗ്യമേഖലയിൽ കേരളത്തിലെ പൊതു സ്ഥിതിയാണ് സാമാന്യമായി ഇവിടേയും അനുഭവപ്പെടുന്നത്. നെന്മണിക്കര പഞ്ചായത്തിലെ പൊതുമരണനിരക്ക് ആണ്. സംസ്ഥാനത്തെ പൊതു മരണനിരക്ക് 5.9 ആണ്.

ശിശുമരണ നിരക്ക് കേരള ശരാശരിയായ 16 നേക്കാൾ കുറവാണ്. മാതൃമരണനിരക്ക് സംസ്ഥാന അനുപാതമായ 1:1000 തന്നെയാണ്. ജനനനിരക്ക് കേരളത്തിലെ ശരാശരി ജനനനിരക്കായ 17 നേക്കാൾ അല്പം താഴെയാണ്.

പട്ടിക 1

പൊതു ആരോഗ്യ സൂചനകൾ അനുപാതം 1 :1000

| | നെന്മണിക്കര ഗ്രാമപഞ്ചായത്ത് | കേരളം |
|---|---|---|
| പൊതുമരണനിരക്ക് | | 5.9 |
| ശിശുമരണനിരക്ക് | 7 | 16 |
| മാതൃമരണനിര്ക്ക് | 1 | 1 |
| ജനനനിരക്ക് | 13.66 | 17 |

(അവലംബം: സെൻസസ് റിപ്പോർട്ടുകൾ, പ്രാഥമിക ആരോഗ്യകേന്ദ്രം)

പഞ്ചായത്തിലെ വൈകല്ല്യനിരക്ക് 2.41 ആണ്. പൊതുജനാരോഗ്യരംഗത്തെ സ്ഥിതി സാമാന്യം തൃപ്തികരമായി കാണുന്നു. ഭൂരിഭാഗം ദമ്പതികളും കുടുംബക്ഷേമപദ്ധതിയുടെ പരിധിയിൽ വരുന്ന സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകരുടെ അഭിപ്രായത്തിൽ ജനങ്ങൾ രോഗങ്ങളെക്കുറിച്ചും, പ്രതിരോധനിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും ധാരണയുള്ളവരാണ്.

പട്ടിക 2

| വർഷം | ഇൻപേഷ്യൻസിന്റെ എണ്ണം | ഔട്ട്പേഷ്യൻസിന്റെ എണ്ണം | ത്വക്ക്/വാതരോഗങ്ങൾ എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1992-93 | - | 10238 | 156 | 5322 | - | 4760 | 10238 |
| 1993-94 | - | 11944 | 187 | 7557 | - | 4200 | 11944 |
| 1994-95 | - | 12804 | 218 | 10391 | - | 2195 | 13804 |
| 1995-96 | - | 13919 | 232 | 11377 | - | 2310 | 13919 |
| ആകെ | - | 48905 | 793 | 34647 | - | 13465 | 48905 |

അവലംബം: (പ്രാഥമികാരോഗ്യകേന്ദ്രം)

### രോഗാതുരത

കോളറ, കുഷ്ഠം, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ പഞ്ചായത്തിൽ പൊതുവെ ദൃശ്യമല്ല. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽനിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് വായുജന്യരോഗങ്ങളാണ് കൂടുതൽ. അർബ്ബുദം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളുടെ വ്യാപനം സമീപകാല പ്രതിഭാസമാണ്. ഈ നൂറ്റാണ്ടിന്റെ ശാപം എന്നറിയപ്പെടുന്ന 'എയ്ഡ്സ്' ബാധിച്ച ചിലർ പഞ്ചായത്തിലുണ്ട്. പ്രസ്തുതരോഗം മൂലം സമീപകാലത്ത് രോഗികൾ മരണമടയുകയുണ്ടായി. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും ലഭിച്ച കഴിഞ്ഞ 4 വർഷത്തെ രോഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക(2) താഴെ കൊടുക്കുന്നു.

മേൽകാണിച്ച പട്ടിക പ്രകാരം രോഗികളുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചുവരുന്നതായികാണുന്നു. ഇതിൽ വായുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ, പ്രാണിജന്യ രോഗങ്ങൾ എന്നിവ തിരിച്ച് താഴെ കാണിക്കുന്നു.

പട്ടിക -3

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 92 | 7437 | 28 | 3487 |
| 1994-95 | 57 | 10298 | 36 | 3423 |
| 1995-96 | 82 | 11247 | 48 | 2542 |

അവലംബം: (പ്രാധമികാരോഗ്യകേന്ദ്രം)

മേൽകാണിച്ച കണക്കുപ്രകാരം പഞ്ചായത്തിൽ വായുജന്യരോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്. വാഹനബാഹുല്യം, പഞ്ചായത്തിലേയും സമീപ പ്രദേശത്തേയും ഓട്ടുകമ്പനികളിലേക്ക് കളിമണ്ണ് കൊണ്ടുപോകുന്നതുമൂലമുണ്ടാകുന്ന വാർദ്ധമാനമായ തോതിലുള്ള പൊടിശല്ല്യം എന്നിവ ഇവയ്ക്ക് കാരണമാകുന്നുണ്ടോ എന്ന് വിശദമായി പരിശോധിക്കേണ്ടതുണ്ട്.

### രോഗപ്രതിരോധ പ്രവർത്തനങ്ങൾ – ബാലമേഖലയിൽ

ജനന സമയത്തുള്ള കുട്ടികളുടെ തൂക്കം സംബന്ധിച്ച വിവിധ ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോഷണനിലവാരം തൃപ്തികരമാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പോഷകാഹാര പരിപാടികളും,

പട്ടിക 4

| കുട്ടികൾ | BCG | D.T.T | | | | Polio | | | | Dt | | | Measels | T.T | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1st | 2nd | 3rd | B | 1st | 2nd | 3rd | B | 1st | 2nd | B | | 1st | 2nd | Booster |
| 1992-93 | 178 | 172 | 170 | 156 | - | 172 | 170 | 156 | 196 | 166 | 132 | 52 | 164 | 172 | 179 | 15 |
| 1993-94 | 219 | 188 | 184 | 199 | - | 188 | 184 | 199 | 204 | 172 | 213 | 60 | 194 | 213 | 237 | 49 |
| 1994-95 | 294 | 330 | 379 | 435 | - | 330 | 379 | 435 | 217 | 10 | 175 | 317 | 395 | 197 | 281 | 65 |
| 1995-96 | 207 | 207 | 192 | 270 | - | 207 | 192 | 270 | 242 | - | - | 205 | 220 | 207 | 192 | 49 |

അവലംബം: (പ്രാഥമികാരോഗ്യകേന്ദ്രം)

ഉച്ചഭക്ഷണവിതരണവും ഭംഗിയായി നടക്കുന്നുണ്ട്. രോഗ പ്രതിരോധ കുത്തിവെയ്പുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരമാണ്.

കുട്ടികളുടെ ഇടയിൽ രോഗാതുരത കുറവാണ്. എങ്കിലും കാലവർഷാരംഭത്തിൽ വയറിളക്കം, പനി, ഛർദ്ദി തുടങ്ങിയ രോഗങ്ങൾ കുട്ടികളിൽ വ്യാപകമായി കണ്ടുവരുന്നുണ്ട്. മഞ്ഞുകാലത്ത് ശ്വാസംമുട്ടൽ അധികരിച്ചു കാണുന്നു. ഈ മേഖലയിലുള്ള ആരോഗ്യരക്ഷാപ്രവർത്തനം ഇനിയും ഊർജ്ജിതമാക്കേണ്ടതുണ്ട്.

### മാലിന്യങ്ങൾ, വിസർജ്യനിർമ്മാർജ്ജന സൗകര്യങ്ങൾ:

ആധുനിക അറവുശാലകൾ, പൊതുവിപണനകേന്ദ്രങ്ങൾ എന്നിവയുടെ അഭാവത്താൽ മത്സ്യ, മാംസാദികളുടെ അവശിഷ്ടങ്ങൾ പൊതുസ്ഥലത്ത് അലക്ഷ്യമായി നിക്ഷേപിക്കപ്പെടുന്നു. മറ്റു തെരുവുമാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. ഇക്കാരണത്താൽ പരിസരമലിനീകരണവും തദ്വാരാ രോഗങ്ങൾ അധികരിക്കുവാനുള്ള സാധ്യതയും ഏറുന്നു. തൊഴിൽ ജന്യരോഗങ്ങൾ, വ്യവസായ മലിനീകരണം മൂലമുള്ള രോഗങ്ങൾ എന്നിവ പഞ്ചായത്തതിർത്തിയിൽ താരതമ്യേന കുറവാണ്. എന്നാൽ മണ്ണ് ഖനനം നടത്തിയതു മൂലം ഉണ്ടായ വെള്ളക്കുഴികൾ ഈച്ച, കൊതുക് തുടങ്ങിയ പ്രാണികളുടെ വ്യാപനത്തിന് സഹായകമാകുന്നുണ്ട്(ഉദാഹരണം: കുണ്ടുകാഞ്ഞിരം പാടം)

പഞ്ചായത്തിലെ 90% വീടുകൾക്കും സ്വന്തമായി കക്കൂസുകൾ ഉണ്ട്. മറ്റുള്ളവർ തുറന്ന കക്കൂസുകളാണ് ഉപയോഗിക്കുന്നത്. താഴ്ന്ന വരുമാനക്കാരായ ആളുകൾ കൂട്ടമായി താമസിക്കുന്നിടത്ത് ഇതൊരു ഗുരുതരമായ പരിസ്ഥിതി പ്രശ്നമാണ്. വർദ്ധിച്ചുവരുന്ന വീടുകളുടെ അനുപാതത്തിൽ കക്കൂസുകളുടെ എണ്ണം വർദ്ധിക്കുന്നില്ല എന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്. നല്ലൊരു ശതമാനം വീടുകളിലും മലിനജലം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലില്ല. ജൈവമാലിന്യങ്ങളും മറ്റു ഖരമാലിന്യങ്ങളും സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സംവിധാനവും ഇല്ല. ചില മേഖലകളിലെങ്കിലും കക്കൂസുകളിൽനിന്ന് ഊറിവരുന്ന മലിനജലം കുടിവെള്ള സ്രോതസ്സുകളെ (കിണറുകൾ) മലിനമാക്കുന്നുണ്ട്.

### ആരോഗ്യരക്ഷാ കേന്ദ്രങ്ങൾ

പഞ്ചായത്തിന്റെ ഒരറ്റമായ തലോരിൽ സ്ഥിതിചെയ്യുന്ന പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ഏക പൊതുജനാരോഗ്യകേന്ദ്രം. ഇതിന്റെ കീഴിലുള്ള ഒരു സബ്ബ്സെന്റർ എറവക്കാടാണ് പ്രവർത്തിക്കുന്നത്. P.H.C.യിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഇല്ല. പ്രസ്തുത സ്ഥാപനത്തിൽ 15 ജീവനക്കാരാണ് ഉള്ളത്. P.H.C യിൽ മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി ചിലവിടുന്ന തുക 95-96 ൽ ഏകദേശം ഒരു ലക്ഷത്തിലധികം വരും. പട്ടിക 5ൽ സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് തുക ഇനംതിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 5

EXPENDITURE STATEMENT - 95-96 PLAN SCHEME

| Bill Particulars | Salaries | T.A. | P.C.A. | Office | Charge | Total |
|---|---|---|---|---|---|---|
| Salaries | 270923 | 1329 | 500 | 500 | 2464 | 275716 |
| Total | 270923 | 1329 | 500 | 500 | 2464 | 275716 |

EXPENDITURE STATEMENT 95-96 NON PLAN SCHEME

| Bill Particulars | Salaries | M.B. | PCA | T.A. | Other Item | OE | Wages |
|---|---|---|---|---|---|---|---|
| | 469359 | 1383 | 490 | 63 | 200 | 300 | 10637 |
| Total | 469359 | 1383 | 490 | 63 | 200 | 300 | 10637 |

മരുന്നുകളുടേയും മറ്റു സാമഗ്രികളുടേയും അപര്യാപ്തത ഈ കേന്ദ്രത്തെ പലപ്പോഴും ജനങ്ങളുടെ മുഖ്യ ആശ്രയകേന്ദ്രമെന്ന പദവി ഇല്ലാതാക്കുന്നു.

അലോപ്പതി ഒഴിച്ച് ആയുർവ്വേദം, ഹോമിയോ തുടങ്ങിയ മേഖലകളിൽ യാതൊരു ചികിത്സാസംവിധാനവും

പട്ടിക 1
(കുടിവെള്ള സ്രോതസ്സുകൾ)

| പുഴകൾ വിസ്തൃതി, നിളം | കിണറുകൾ | | കുളങ്ങൾ | | ടാപ്പുകൾ | | കുഴൽ കിണറുകൾ | നിലവിലുള്ള പൈപ്പുകൾ |
|---|---|---|---|---|---|---|---|---|
| | സ്വകാര്യം | പൊതുവായ | സ്വകാര്യം | പൊതുവായ | സ്വകാര്യം | പൊതുവായ | | |
| മണലിപ്പുഴ 4km നീളം | ലഭ്യമല്ല | 35 | 63 | 1 | ലഭ്യമല്ല | 87 | 9 | 8.3Km |

അവലംബം(ഗ്രാമസഭാ റിപ്പോർട്ടുകൾ, പഠനപര്യടനം, കുളംരജിസ്റ്റർ മുതലായവ)

സർക്കാർതലത്തിൽ ലഭ്യമല്ല. P.H.Cയിലെ ഡോക്ടർക്കു പുറമേ പഞ്ചായത്തിൽ 6 അലോപ്പതിഡോക്ടർമാരും 4 ആയ്യുർവേദ ഡോക്ടർമാരും താമസമുണ്ട്. ഇവർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ട്. മാനസിക സംഘർഷം മൂലമുണ്ടാകുന്ന രോഗങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലെങ്കിലും ഇവ ഏറിവരുന്നതായിട്ടാണ് കാണപ്പെടുന്നത്. ആധുനിക സമൂഹത്തിന്റെ ശാപമായിമാറിയിട്ടുള്ള ആത്മഹത്യാപ്രവണത, മയക്കുമരുന്നുപയോഗം, മദ്യപാനാസക്തി എന്നിവ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു എന്നത് ഉൽകണ്ഠാജനകമാണ്.

### സാധ്യതകൾ

● ഗ്രാമപഞ്ചായത്തുതലത്തിൽ സാമൂഹ്യ-സർക്കാർ ഏജൻസികൾവഴി രോഗപ്രതിരോധം, ആരോഗ്യം വിദ്യാഭ്യാസം, ചികിത്സ എന്നീരംഗങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളേയും സ്ഥാപനങ്ങളേയും ജീവനക്കാരുടെ സേവനത്തേയും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഏകോപിപ്പിക്കുക.

● പ്രതിരോധ കുത്തിവെയ്പുകൾ, അന്ധതാ നിവാരണം, കുഷ്ഠം, ക്ഷയം, തുടങ്ങിയ പ്രത്യേക രോഗനിവാരണ പരിപാടികൾ, എയ്ഡ്സ് ബോധവൽക്കരണം, കേന്ദ്രസർക്കാർപരിപാടികൾ തുടങ്ങിയവ പ്രാദേശിക തലത്തിൽ കാര്യമായി പ്രചരിപ്പിക്കുയും ഏകോപിപ്പിക്കുകയും ചെയ്യുക.

● പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ കിടത്തിചികിത്സയ്ക്കും, പ്രസവത്തിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

● പഞ്ചായത്തിന്റെ ഒരറ്റത്ത് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന P.H.C. നാഷണൽ ഹൈവേയോട് ചേർന്ന് 1,2 വാർഡുകളുടെ മദ്ധ്യഭാഗത്തായി മാറ്റിസ്ഥാപിക്കുക. ഇതിനായി ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്ത് വക "നാടിക്കുളം" എന്നഭാഗം ഉപയോഗിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക.

● നിലവിലുള്ള എറവക്കാട് സബ്സെന്റർ പുതുക്കി പണിയുകയും മറ്റുവാർഡുകളിൽ സബ്സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക

● അനുയോജ്യമായ പ്രദേശങ്ങളിൽ ആയ്യുർവ്വേദ, ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിക്കുക. പുതിയ ഡിസ്പൻസറികൾ തുറക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപ്പുപദ്ധതികളിലൂടെ ഇത് പൂർത്തീകരിക്കാവുന്നതാണ്.

● പൊതു ശ്മശാനം സ്ഥാപിക്കുക

● ലൈസൻസോടുകൂടിയ അറവുശാലകൾ, വിപണനകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക.

● തെരുവു മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

● സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കക്കൂസുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു ഊർജ്ജിത പരിപാടി നടപ്പിലാക്കുക. സ്പോൺസർഷിപ്പ്, ബഹുജനപങ്കാളിത്തം തുടങ്ങിയവയിലൂടെ കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും അവ നിർമ്മിക്കുന്നതിനുള്ള സഹായം നൽകുക.

● മലിനജലം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ സമഗ്രമായി ആവിഷ്ക്കരിക്കുക.

● സ്കൂളുകൾ കേന്ദ്രീകരിച്ച് ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുക. ആരോഗ്യ സർവ്വെയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുക.

● പഞ്ചായത്തിൽ വേനൽകാലങ്ങളിൽ വ്യാപകമായി വർദ്ധിച്ചുവരുന്ന പൊടിശല്യം ഇല്ലാതാക്കുന്നതിനുള്ള ഒരു ശാസ്ത്രീയ വീക്ഷണമുള്ള പദ്ധതി ആവിഷ്ക്കരിക്കുക. തൊഴിലുടമകളുമായി ആലോചിച്ച് ഗ്രാമപഞ്ചായത്ത് ഇതിനാവശ്യമായ വിഭവസമാഹരണം നടത്തുക.

### കുടിവെള്ളം

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളത്തിന്റെ ക്ഷാമം അതീവ രൂക്ഷമാണ്. നമ്മുടെ പഞ്ചായത്തിലെ ചെറുവാൾ, പുലക്കാട്ടുകര പ്രദേശങ്ങളൊഴിച്ച് മറ്റെല്ലാ മേഖലകളും വേനൽക്കാലമാവുമ്പോൾ തീവ്രമായ ജല ദൗർലഭ്യം അനുഭവപ്പെടുന്നവയാണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മിക്ക വാർഡുകളിലും ലോറികളിൽ ശുദ്ധജലം എത്തിക്കാറുണ്ട്. മണലിപ്പുഴ, സ്വകാര്യകിണറുകൾ, പൊതുകിണറുകൾ, കുഴൽ കിണറുകൾ, ടാപ്പുകൾ എന്നിവയാണ് പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ മുഖ്യസ്രോതസ്സ്.

മുകളിൽ സൂചിപ്പിച്ച ജലസ്രോതസ്സുകളിൽ പലതിലും വേനൽക്കാലത്ത് ജലലഭ്യത കുറവാണ്. പുഴയടക്കം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വറ്റിവരളുന്ന പ്രവണത കാണിക്കാറുണ്ട്. സ്വകാര്യകുളങ്ങളിൽ ബഹുഭൂരിപക്ഷത്തിലും വേനൽക്കാലങ്ങളിൽ ജലം ഉണ്ടാകാറില്ല. പല പൊതുകിണറുകളും, കുഴൽകിണറുകളും ഉപയോഗയോഗക്ഷമമല്ല. മണലിപുഴയിൽ എറവക്കാട് പ്രദേശത്ത്നിന്ന് 15 1/2 H.P., 17 H.P എന്നീ രണ്ടു മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് കുന്നിശ്ശേരിയിലുള്ള ടാങ്കിൽ സംഭരിച്ചാണ് ഇപ്പോൾ പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നത്. കൂടാതെ ചിറ്റിശ്ശേരി അഴീക്കോടൻ സ്മാരക വായനശാലയുടെ പിന്നിൽ

ഗുരുത്വജലം മോട്ടോർ ഉപയോഗിച്ച് പമ്പ്ചെയ്ത് നിലവി ലുള്ള പൈപ്പ് വഴിയും ജലം വിതരണം ചെയ്യുന്നുണ്ട്. മുഖ്യ മായും 1,2,3,4,5,6 വർഡുകളിൽ മാത്രമാണ് ഇത്തരത്തിൽ പൈപ്പ് വഴി ഭാഗികമായെങ്കിലും വിതരണം നടത്തുന്നത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ 1-ാംവാർഡിൽ വട ക്കുംമുറി, പാറപ്പുറം ഭാഗത്തും, 2-ാം വാർഡിൽ പാലിയേ ക്കര ഭാഗത്തും 3-ാം വാർഡിൽ കാട്ടുകുഴി പരിസരത്തും 4-ാം വാർഡിൽ ഓടൻകുന്നത്തും 5-ാംവാർഡിൽ എറവ ക്കാട് കുന്നിൻപുറം ചിറ്റിശ്ശേരി ലക്ഷംവീട് കോളനി, ടാങ്ക് പരിസരം എന്നിവിടങ്ങളിലും മറ്റുവാർഡുകളിൽ പലസ്ഥ ലത്തും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു.

പൈപ്പ് വഴിയുള്ള കുടിവെള്ള വിതരണം പലപ്പോഴും കാലാവസ്ഥാഭേദമില്ലാതെ തടസ്സപ്പെടുന്നു. ഒരു ടാപ്പ് ശരാ ശരി 20 കുടുംബങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നാണ് ഏക ദേശകണക്ക്. കുടിവെള്ളവിതരണത്തിനായി പഞ്ചായ ത്തിൽ ഏകദേശം 8.3 കിലോമീറ്റർ പൈപ്പ്ലയിൻ നിലവി ലുണ്ട്. സ്രോതസ്സുകളുടേയും സംഭരണ ടാങ്കിന്റേയും ശേഷി കണക്കിലെടുക്കാതെ പലവിധ സമ്മർദ്ദങ്ങളാൽ പൈപ്പ്ലയിൻ നീട്ടുന്നതും ഗൃഹകണക്ഷനുകൽ നൽകു ന്നതും ജലവിതരണത്തിന്റെ ക്ഷമതയെ കുറയ്ക്കുന്നു. ആസൂത്രണമില്ലായ്മ പലപ്പോഴും ഈ സമ്പ്രദായത്തെ നാശോന്മുഖമാക്കുന്നു. കുന്നുശ്ശേരിയിൽ നിലവിലുള്ള ടാങ്ക് പഞ്ചായത്തിന്റെ ഉയരം കൂടിയ പ്രദേശത്തല്ല സ്ഥിതി ചെയ്യുന്നത്. പൈപ് ലയിൻ മൂലമുള്ള ജലവിതരണത്തെ പരിശോധിക്കുമ്പോൾ ഇക്കാര്യംകൂടി പരിഗണിക്കേണ്ട താണ്. നിലവിലുള്ള 9 കുഴൽ കിണറുകളിൽ 4 എണ്ണം പ്രവർത്തനക്ഷമമല്ല. കാലാകാലങ്ങളിലുള്ള അറ്റകുറ്റപണി കൾ നടത്താത്തതുമൂലമാണ് ഇങ്ങനെ സ്ഭവിക്കുന്നതെ ന്നാണ് ഗ്രാമവാസികളുടെ അഭിപ്രായം.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല പ്രദേശത്തും രൂക്ഷമായ ശുദ്ധ ജനലക്ഷാമം അനുഭവപ്പെടുന്നു.

2. കുതിരശക്തികുറഞ്ഞ പഴയ മോട്ടോറുകൾ ആണ് പമ്പിങ്ങിന് ഉപയോഗിക്കുന്നത്. സ്ഥിരമായി പ്രവർത്തിപ്പി ക്കുന്ന സംവധാനവും ഇല്ലാത്തതുമൂലം പലസ്ഥലത്തും നിലവിലുള്ള പൈപ്പുകളിൽ കൂടി ഇടയ്ക്കടക്ക് കുറച്ചു സമയം മാത്രമാണ് ജലം ലഭിക്കുന്നത്. ഉയർന്ന പ്രദേശ ങ്ങളിൽ പലസ്ഥലത്തും ജലലഭ്യത തീരെയില്ലാത്ത അവ സ്ഥയും നിലനിൽക്കുന്നു.

3. സമയാസമയങ്ങളിൽ മോട്ടോറുകളുടെ അറ്റകുറ്റപണി നടത്തുന്നില്ല.

4. പൈപ്പ്ലയിൻ ഇല്ലാത്ത സ്ഥലങ്ങളും ധാരാളമായി പഞ്ചായത്തിലെ പലവാർഡുകളിലും ഉണ്ട്.

5. നിലവിലുള്ള ടാപ്പുകളും, പൈപ്പുകളും പ്രവർത്തന ക്ഷമതയുള്ളവയല്ല.

6. വ്യാവസായിക ആവശ്യങ്ങൾക്കായി മണ്ണ് ഖനനം ചെയ്യുന്നതുകൊണ്ട് കൃഷിഭൂമികൾ ക്രമത്തിലധികം താഴുന്നു. തന്മൂലം കിണറുകളിൽ ഉറവഇല്ലാതാകുന്നു.

7. മണലിപ്പുഴയിൽ വെള്ളം കെട്ടിനിർത്താനുള്ള സംവി ധാനം (ഓടഞ്ചിറ റഗുലേറ്റർ) കാര്യക്ഷമമല്ലാത്തതുകൊണ്ട് പരിസരപ്രദേശത്തെ കിണറുകളിൽ ഉറവ കുറയുന്നു.

8. ലിഫ്റ്റ് ഇറിഗേഷന്റെ അഭാവം പലവാർഡുകളിലും ഉള്ളതിനാൽ കിണറുകളിൽ ഉറവ ഇല്ലാത്ത അവസ്ഥയും ഉണ്ട്.

### സാധ്യതകൾ

● നിലവിലുള്ള കുഴൽ കിണറുകളുടേയും, പൊതുടാ പ്പുകളുടേയും അറ്റകുറ്റപണികൾ നടത്തുക

● മണലിപുഴയിൽ നിലവിലുള്ള ഓടഞ്ചിറ റഗുലേറ്റർ അറ്റകുറ്റപണികൾ തീർത്ത് 6 അടി വെള്ളം വേനൽക്കാല ങ്ങളിൽ സ്ഥിരമായി നിർത്താനുള്ള സംവിധാനം ഏർപ്പെ ടുത്തുക.

● കൃഷിഭൂമികൾ ക്രമാതീതമായി താഴ്ത്തുന്നതും മണ്ണെടുക്കുന്നതും നിരോധിക്കുക.

● മഴവെള്ളം കുത്തയോലിച്ച് പോകാതെ പറമ്പുകളിൽ കെട്ടിനിർത്തി ജലം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നതി നുള്ള സാഹചര്യം സൃഷ്ടിക്കാൻ പൊതു ജനങ്ങളെ ബോധവാന്മാരാക്കുക.

● നിലവിലുള്ള പമ്പ്ഹൗസിലെ മോട്ടോറുകൾ 25 H.P. യുടെ ആക്കി മാറ്റി സ്ഥാപിക്കുക, എറവക്കാട് പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരി ക്കുക.

### മുഖ്യ സാധ്യതകൾ

1. പണി പൂർത്തിയായി നിർക്കുന്ന പാലാഴി ലിഫ്റ്റ് ഇറി ഗേഷൻ പദ്ധതിയ്ക്ക് ആവശ്യമായ മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുക. ഇതുമൂലം 8,9 വാർഡുകളിലെ കുടിവെള്ളക്ഷാമമടക്കമുള്ള ജല ദൗർലഭ്യം ശാശ്വതമായി പരിഹരിക്കാവുന്നതാണ്.

2. നെന്മണിക്കര ഗ്രാമപഞ്ചായത്ത്, കുടിവെള്ളവിതരണ പദ്ധതി ചിറ്റിശ്ശേരി.

ജലക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിലെ മറ്റു ഏഴു വാർഡുകളിലേയും കുടിവെള്ളക്ഷാമം ശാശ്വതമായി പരി ഹരിക്കുന്നതിനുള്ള ഒരു കരട് പദ്ധതിയാണിത്. ഈ പഞ്ചാ യത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ ഓടൻകുന്ന്(വാർഡ് 4) എന്ന സ്ഥലത്ത് ഒരു ഓവർഹെഡ് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക എന്നതാണിതിന്റെ ഉദ്ദേശം. ഇവിടെ ഓവർഹെഡ് ടാങ്ക് നിർമ്മിച്ചാൽ പഞ്ചാ യത്തിലെ എല്ലാഭാഗത്തും വെള്ളം എത്തിയ്ക്കാവുന്ന താണ്. ഇവിടെനിന്നും 900 മീറ്റർ തെക്ക് ഭാഗത്തുകൂടെ മണലി പുഴ ഒഴുകുന്നു. നാഷണൽ ഹൈവേയിൽ മണലി പാലത്തിന്റെ 300 മീറ്റർ പടിഞ്ഞാറായി കാഴ്ചക്കടവ് സ്ഥലം ഉണ്ട്. ഇവിടെ ആവശ്യത്തിന് പുറംപോക്കു സ്ഥലവും ഉണ്ട്. പുഴ ഈ ഭാഗത്ത് വറ്റാറില്ല. ഇവിടെ നിന്നും ആവ ശ്യമായ കിണറുകൾ തീർത്ത് പമ്പ് ഹൗസ് പണിത് പമ്പിങ്ങ് നടത്താവുന്നതാണ്. ഗതാഗതസൗകര്യവും ഉണ്ട്. ചർച്ചക്കായി ഒരു കരടു പ്ലാൻ ഇതോടൊപ്പം സമർപ്പി ക്കുന്നു.

ഉദ്ദേശം മതിപ്പുചിലവ് താഴെ ചേർക്കുന്നു.

| | |
|---|---|
| 1. വാട്ടർടാങ്ക് (3 ലക്ഷം ലിറ്റർ കപ്പാസിറ്റി) | 10,00,000.00 |
| 2. കിണർ കുഴിക്കുന്നതിന് | 4,00,000.00 |
| 3. പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് | 3,00,000.00 |
| 4. ടാങ്കിലേയ്ക്കുള്ള പൈപ്പ് ഇടുന്നതിന് | |
| 1100m x 200m | 2,200,000.00 |
| 5. വിതരണ പൈപ്പ് | 16000m |
| 6. വെള്ളം, ടാപ്പുകൾ, | |
| കോൺക്രീറ്റ് ബേയ്സ് അടക്കം | 36,000.00 |
| 7. 50 H.P വൈദ്യുത മോട്ടോർ 3 | 3,36,000.00 |


8. 40 H.P [illegible] 1 40,000.00

9. കണ്ടിജൻസി, വൈദ്യുതി

| | |
|---|---|
| തുടങ്ങിയവയ്ക്ക് | 1,08,000.00 |
| ആകെ | 34,00,000.00 |

(മുപ്പത്തിനാല് ലക്ഷം രൂപ മാത്രം)

ഈ പദ്ധതിയുടെ Lay out plan ഇതോടൊപ്പം ചേർക്കുന്നു. പദ്ധതി നടത്തിപ്പിന് വരുന്നതുകയുടെ 25% എങ്കിലും പ്രാദേശിക വിഭവസമാഹരണത്തിലൂടെ സംഭരിക്കേണ്ടതാണ്.



# 5

# വ്യവസായം

നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ വ്യവസായ മേഖലയിൽ പ്രാമാണ്യമർഹിക്കുന്നത് ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള പരമ്പരാഗത വ്യവസായമായ കളിമൺ വ്യവസായമാണ്. ഓട്ടുകമ്പനി മേഖലയെകുറിച്ചുള്ള സവിസ്തരപ്രതിപാദനമില്ലാതെ പഞ്ചായത്തിന്റെ വ്യാവസായിക വികസന ചർച്ച അപ്രസക്തമാണ്. വൻകിട ഫാക്ടറികൾ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. സഹകരണ മേഖലയിലുള്ള ഒരു സ്ഥാപനമൊഴിച്ച് മറ്റെല്ലാം സ്വകാര്യമേഖലയിലാണ്. വ്യക്തികൾ തനിച്ചോ ഓഹരി അടിസ്ഥാനത്തിലോ പ്രവർത്തിക്കുന്നവയാണ് മറ്റെല്ലാ വ്യവസായ സ്ഥാപനങ്ങളും. പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളുടെ വിവരം പട്ടിക(1) ൽ വിവരിച്ചിരിക്കുന്നു.

മൊത്തം വ്യവസായസ്ഥാപനങ്ങളിൽ സിംഹഭാഗമായ ഓട്ടുകമ്പനി (118) മേഖലയെക്കുറിച്ച് പ്രത്യേകം പരാമർശിക്കുന്നുണ്ട്. മറ്റു മേഖലയിൽ രണ്ടാം സ്ഥാനത്ത് നില്ക്കുന്നത്. മരക്കമ്പനികളും വർക്ക് ഷോപ്പുകളാണ്. (29വീതം) മരത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം മരക്കമ്പനികൾ പ്രാധാനമായും പാക്കിംഗ് കേസ് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന വളരെ ചെറിയ യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്. ഫൗണ്ടറി എഞ്ചിനീയറിംഗ് മേഖലയിൽ നവീകരണമൊന്നും നടക്കുന്നില്ല. എങ്കിലും ഇത്തരം ചെറുകിട സ്ഥാപനങ്ങൾ തൊഴിൽ ദായക കേന്ദ്രങ്ങൾ എന്ന നില്യയിൽ ചെറിയ ലാഭത്തോടെ പ്രവർത്തിച്ചുവരുന്നു. പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ തലോരിലെ സതേൺപ്ലാസ്റ്റിക്ക് സാമാന്യം വലിയ സ്ഥാപനമാണ്. ആധുനിക വ്യവസായ സ്ഥാപനത്തിന്റെ പട്ടികയിൽ ഇതിനെ ഉൾപ്പെടുത്താവുന്നതാണ്. നാടൻ ഇഷ്ടിക നിർമ്മാണത്തിന്റെ കേന്ദ്രം കൂടിയാണ് പഞ്ചായത്ത്. വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പഞ്ചായത്തിൽ വർദ്ധിച്ചുവരികയാണ്. ഓട്ടുകമ്പനികളുടെ മേഖലയിലാണ് ഏറ്റവും കൂടുതൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഈ വർദ്ധനവ് ആരോഗ്യ ദായകമാണോയെന്ന് അന്യത്ര പരിശോധിക്കുന്നുണ്ട്.

മറ്റൊരു ചെറുകിട വ്യവസായമാണ് നാടൻ ഇഷ്ടിക നിർമ്മാണം. ഈ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും കളിമൺ നിക്ഷേപം ഉണ്ട്. ഇതുപയോഗിച്ച് വേനൽകാലത്ത് മാത്രം (ഡിസംബർ മുതൽ ഏപ്രിൽ മേയ് വരെ) ഈ വയലുകളിൽ നാടൻ ഇഷ്ടിക നിർമ്മാണം നടത്തുന്നു. ഈ ഇഷ്ടികകളത്തിൽ തന്നെ ചൂളകൾ കെട്ടി കട്ടകൾ ചുട്ടെടുക്കുന്നു. കെട്ടിടം പണികൾക്ക് ഏറ്റവും അത്യാവശ്യവും സുലഭവുമായി ഇഷ്ടിക കിട്ടുന്നു. ഒരു കളത്തിൽ 15മുതൽ 30വരെ തൊഴിലാളികൾ ഉണ്ടായിരിക്കും. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തത് കൂടാതെ 20ൽ അധികം ഇഷ്ടികകളങ്ങൾ സീസൺ ആയാൽ പ്രവർത്തിക്കുന്നു. കൂടാതെ പഴയ കളങ്ങൾ കഴിഞ്ഞാൽ പുതിയ സ്ഥലത്ത് വീണ്ടും തുടങ്ങുന്നു. ചിലവ നിർത്തുന്നു..

മേൽ പറഞ്ഞ ഇഷ്ടിക നിർമ്മാണം ഒരു വ്യവസായമായി ആരംഭിക്കുന്നതിനു മുമ്പ് ഓരോ വ്യക്തികൾക്ക് കെട്ടിടം പണിക്ക് ഈ പ്രദേശത്ത പരമ്പരാഗത കളിമൺ തൊഴിലാളികളായ ഓടന്മാർ ചെറി ബാച്ചുകളായി ഓരോ ഭാഗത്തുപോയി ഇഷ്ടിക നിർമ്മിച്ച് ചൂള വെച്ച് കൊടുക്കുകയായിരുന്നു പതിവ്. ഇതിൽനിന്നും പ്രചോദനം കിട്ടയതുകൊണ്ട് മറ്റു സമാദായങ്ങളും ഈ തൊഴിലിൽ ഏർപ്പെട്ടു. ആവശ്യം വർദ്ധിച്ചതനുസരിച്ച് ചെറുവ്യവസായമായി മാറുകയും ചെയ്തു.

പട്ടിക 2(a)

തൊഴിലാളികളുടെ എണ്ണം – വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| 1. ഓട്ടുകമ്പനി | 2950 | 86.62 |
| 2. മരകമ്പനി | 116 | 3.41 |
| 3. നെല്ലുകുത്ത് | 17 | 0.50 |
| 4. നാടൻ ഇഷ്ടിക | 110 | 3.24 |
| 5. അച്ചടി | 18 | 0.52 |
| 6. വർക്ക്ഷാപ്പ് | 87 | 2.56 |
| 7. പ്ലാസ്റ്റിക്ക് | 12 | 0.35 |
| 8. അലുമിനിയം | 12 | 0.35 |
| 9. ബ്രഷ് നിർമ്മാണം | 84 | 2.45 |

### ഓട്ടുകമ്പനിമേഖല

തൃശ്ശൂർ ജില്ലയിൽ എന്നല്ല കേരളത്തിൽതന്നെ ഏറ്റവും കൂടുതൽ ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്നത് നെന്മണിക്കര പഞ്ചായത്തിലാണ്. അതിൽതന്നെ ചിറ്റിശ്ശേരി പ്രദേശത്താണ് മൊത്തം ഓട്ടുകമ്പനികളിൽ ബഹുഭൂരിപക്ഷവും കേന്ദ്രീകരിച്ചിരിക്കുന്നത്.

### ചരിത്ര പശ്ചാത്തലം

കേരളത്തിൽ ഓട്ടുകമ്പനികൾ പ്രവർത്തനമാരംഭിക്കുന്നത് 1865 ൽ ബാസൽ മിഷണറിമാരുടെ നേതൃത്വത്തിലാണ്. കോഴിക്കോട് മേഖലയിലെ 'കോമൺവെൽത്ത്' കമ്പനിയാണ് ആദ്യമായ് രൂപീകരിക്കുന്നത്. തൊട്ടടുത്ത ദശകങ്ങളിൽ നെന്മണിക്കരയിലും ഈ വ്യവസായം ആരംഭിച്ചതായ് രേഖകൾ സൂചിപ്പിക്കുന്നു. 1880കളിൽ പഴയ മണലിപ്പാലം കെട്ടുന്നതിലേക്കായ് നിലം കുഴിച്ചപ്പോൾ മണലിപ്പുഴയുടെ തീരത്തുള്ള കളിമണ്ണിന്റെ പ്രത്യേകത തിരച്ചറിഞ്ഞ വിദേശീയരാണ് ഈ വ്യവസായം ആരംഭിക്കുന്നതിന് പ്രചോദനം നല്കിയത്. 1885ലും 1886ലുമായി മണലിപ്പുഴയുടെ തീരങ്ങളിൽ സെന്റ് സെബാസ്റ്റ്യൻ, ശിവകാ

മി, സ്വദേശി എന്നീ കമ്പനികൾ ആരംഭിച്ചു. ഒന്നാം ലോക മഹായുദ്ധത്തിനു മുമ്പായി 15-16 കമ്പനികൾ ഈ മേഖല യിൽ നിലവിൽവന്നു.

ഈ പ്രദേശത്ത് ഓടുവ്യവസായം കേന്ദ്രീകരിക്കുന്ന തിന് പ്രധാനമായും 4 കാരണങ്ങളാണ് ചൂണ്ടിക്കാണിക്ക പ്പെടുന്നത്.

1. ഓടുവ്യവസായത്തിന്റെ മുഖ്യ അസംസ്കൃത വിഭവ മായ ഗുണനിലവാരമുള്ള കളിമണ്ണിന്റേയും ജലത്തിന്റേയും ലഭ്യത-തൃശൂരിലെ പ്രധാന ഓട്ടുകമ്പനികളെല്ലാം ആദ്യ കാലങ്ങളിൽ നദീതീരങ്ങളിലായിരുന്നു. ഉദാ: മണലി, കരു വന്നൂർ, ചാലക്കുടി, കുറുമാലി

2. മറ്റൊരു അസംസ്കൃത വിഭവമായ വിറകിന്റെ ലഭ്യത- ചിമ്മിനി, വാഴച്ചാൽ റേഞ്ചുകളിൽനിന്ന് നാമമാത്ര വിലക്ക് എത്രവേണമെങ്കിലും വിറക് ലഭ്യമായിരുന്നു.

3. കുറഞ്ഞ വേതനനിരക്ക്- മിക്കവാറും കർഷകത്തൊ ഴിലാളി വിഭാഗങ്ങളിൽപെട്ട സ്ത്രീതൊഴിലാളികളായിരുന്നു ആദ്യകാലത്ത് കുറഞ്ഞ കൂലി നിരക്കിൽ തൊഴിലാളിക ളായ് മാറിയത്. 1957 ൽ കൂലി 2 രൂപയായിരുന്നു.

4. റെയിൽവേ സൗകര്യം - ആദ്യകാലങ്ങളിൽ ഈ മേഖലകളിൽ (പുതക്കാട്-മണലി) ഉല്പാദിപ്പിക്കപ്പെട്ടിരുന്ന മേച്ചിലോടുകളിൽ ഭൂരിപക്ഷവും ആന്ധ്രാപ്രദേശ്, മഹാ രാഷ്ട്ര, ഗുജറാത്ത്, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ അന്യ സംസ്ഥാനങ്ങളിലേക്ക് വളരെ കുറഞ്ഞ കടത്തുകൂലിക്ക് കയറ്റി അയക്കുന്നതിന് റെയിൽവെ സമ്മതിച്ചിരുന്നു. ഈ അനുകൂല ഘടകങ്ങൾ ഈ മേഖലയിൽ ഈ വ്യവസാ യത്തിന്റെ വികസനത്തേയും വ്യാപനത്തേയും ഏറെ സഹായിച്ചു. ഇവിടത്തെ കാലാവസ്ഥയും ഒരു ഘടകമാ യിരുന്നു.

**ഓടിന്റെ ഉപയോഗവും സാമൂഹ്യ ഘടനയും**

ആദ്യകാലങ്ങളിൽ ഓടിന്റെ ഉപയോഗം ഉയർന്ന സാമൂ ഹികാന്തസിന്റെ പ്രതീകമായിരുന്നു. രാജകൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, വലിയ സർക്കാരാഫീസുകൾ, വലിയ ധനാഢ്യരുടെ മന്ദിരങ്ങൾ എന്നിവയുടെ മേൽകൂ രയായി ഓടാണ് ഉപയോഗിച്ചിരുന്നത്. കേരളീയ ഗൃഹങ്ങ ളുടെ മേച്ചിലുപകരണം എന്ന സ്ഥാനത്തുനിന്ന് ഓലയും വൈക്കോലും അപ്രത്യക്ഷമായതോടെ അന്യസംസ്ഥാന ങ്ങൾക്കുപുറമെ കേരളത്തിലും ഓടിന്റെ ഉപയോഗം സാർവ്വത്രികമായി. കേരളീയ സമൂഹത്തിന്റെ പരിവർത്ത നത്തോടൊപ്പം നമ്മുടെ പാർപ്പിടനിർമ്മാണരീതിയിലും മാറ്റ ങ്ങളുണ്ടായി. ഇതനുസരിച്ച് മേച്ചിലോട് ഉപയോഗിക്കുന്ന സമ്പ്രദായംതന്നെ അപ്രത്യക്ഷമായ്ക്കൊണ്ടിരിക്കുകയാണ്. പലപ്പോഴും സർക്കാർ ഇടപെടലിലൂടെയാണ് ഈ വ്യവ സായം പിടിച്ചുനിന്നിട്ടുള്ളത്. കേരളത്തിൽ നടപ്പാക്കിയ ലക്ഷംവീട് പദ്ധതികളുടെ കാലത്ത് ഓട് വില്പനയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കേരളത്തിലാകമാനം ഇപ്പോൾ 25 കോടിയോളം ഓട് സ്റ്റോക്കുണ്ടെന്നാണ് പറ യപ്പെടുന്നത്.


**വ്യാവസായികാന്തരീക്ഷം**

ഈ മേഖലയിൽ ഇപ്പോൾ തൊഴിലുടമ, തൊഴിലാളി ബന്ധങ്ങൾ തൃപ്തികരമാണ്. സംഘടിത മേഖലയിലെ ഓട്ടുകമ്പനി തൊഴിലാളികൾ കൂട്ടായ വിലപേശലുകളി ലൂടെ തങ്ങളുടെ വേതനം ഉയർത്തിയിരിക്കുന്നു. പ്രതിദിനം ഇന്നവർക്ക് ലഭിക്കുന്നത് 60 രൂപയാണ്. മിനിമം വേതനം പുതുക്കുന്നതിനുള്ള മുറവിളികൾ തൊഴിലാളികളുടെ പക്ഷത്ത് നിന്ന് ഉയരുകയാണ്. എന്നാൽ മാനേജ്മെന്റ് വേതനഘടനാ പരിഷ്ക്കാരം ജോലിഭാരവുമായി ബന്ധി പ്പിക്കണമെന്ന് ശക്തിയായി ആവശ്യപ്പെടുന്നു. തൊഴിലാ ളികളുടെ അധികവേതനം ഉയരുന്ന വിലനിലവാരസൂചി കയുടെ അടിസ്ഥാനത്തിൽ അപര്യാപ്തമാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. 1970 അടിസ്ഥാന വർഷമാക്കി 1000 ഓടിന്റെ മാർക്കറ്റ് വിലയും തൊഴിലാളിയുടെ കൂലിനിരക്ക് വർദ്ധനയും കണക്കാക്കിയാൽ അതെപ്രകാരമായിരിക്കും. പട്ടിക(3)ൽ ഇതാണ് ചിത്രീകരിച്ചിരിക്കുന്നത്.

പട്ടിക (3)

| വർഷം | മാർക്കറ്റ് വില | | വേതനം | |
|---|---|---|---|---|
| | 1000 ഓടിന്റെ മാർക്കറ്റ് വില | വർദ്ധനവ് (%) | തൊഴിലാളിയുടെ പ്രതിദിന വേതനം | വർദ്ധനവ് (%) |
| 1970 | 275 | – | 17 | – |
| 1980 | 700 | 254 | 22 | 129 |
| 1990 | 1200 | 436 | 33 | 194 |
| 1996 | 2500 | 909 | 60 | 272 |

**മാർക്കറ്റ് വിലയിലെ വർദ്ധനവും വേതന വർദ്ധനവും താരതമ്യം ചെയ്യുന്ന ഗ്രാഫ്.**




**ഓട് വ്യവസായരംഗത്തെ ഇപ്പോഴത്തെ പ്രശ്ന ങ്ങൾ**

ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളെ നമുക്കി ങ്ങനെ സംഗ്രഹിക്കാം.

1. ഓട് വ്യവസായത്തിന്റെ മുഖ്യ അസംസ്കൃത വിഭവ മായ ഗുണനിലവാരമുള്ള കളിമണ്ണ് സംഭരിക്കാൻ ഭൂമിവി ലയിൽ സമീപവർഷങ്ങളിലുണ്ടായ കുതിച്ചുകയറ്റംമൂലം കഴിയുന്നില്ല. ഇത് വ്യവസായത്തിനേറ്റ ഒരു പ്രഹരമാണ്.

2. മറ്റൊരു പ്രധാന അസംസ്കൃത വിഭവമായ വിറകിന് സമീപനാളുകളിലുണ്ടായിട്ടുള്ള ഉയർന്ന വിലവർദ്ധനവും ഇന്ധനദൗർലഭ്യവും.

3. ഓട്ടുകമ്പനികളിൽ ഉപയോഗിക്കുന്ന മുഖ്യ ലൂബ്രി ക്കേറ്റിംഗ് എണ്ണയായ മണ്ണെണ്ണയുടെ പെർമിറ്റ് ലഭിക്കാ നുള്ള ബുദ്ധിമുട്ട്.

4. ഭൂരിപക്ഷം ഓട്ടുകമ്പനികളിലും 100HPയുടെ L.T.ട്രാൻസ്ഫോർമറുകളാണ് നിലനിലക്കുന്നത്. പവറുപയോഗം 100 H.P അധികരിക്കുന്നതു മൂലം വൈദ്യുതി ക്ഷാമമുള്ള ഘട്ടങ്ങളിൽ ഇലക്ട്രിക് സപ്ലൈ വിഛേദിക്കപ്പെടുകയും ഉല്പാദനം നിലക്കുകയും ചെയ്യുന്നു.

5. കളിമണ്ണിനും വിറകിനും പർച്ചേസ് ടാക്സ് ഏർപ്പെടുത്തിയതുവഴി ഉല്പാദനച്ചെലവ് വർദ്ധിച്ചിരിക്കുന്നു.

6. മറ്റിതര സംസ്ഥാനങ്ങളിലേക്കുള്ള ഓട് കയറ്റുമതി കുറഞ്ഞുവരുന്നു. തമിഴ്നാട് മാത്രമാണ് അല്പമെങ്കിലും വ്യത്യസ്തത പുലർത്തുന്നത്. അത്തരം സംസ്ഥാനങ്ങളിൽ നിലവിലുള്ള തൊഴിലാളികളുടെ കുറഞ്ഞവേതന നിരക്ക്, വ്യവസായങ്ങൾക്ക് അതാതു സംസ്ഥാനസർക്കാരുകൾ നൽകുന്ന വിവിധ ഇൻസെന്റീവുകൾ തുടങ്ങിയവ മൂലം അവിടങ്ങളിൽ ഓടിന്റെ ഉല്പാദനച്ചെലവ് കുറഞ്ഞിരിക്കുന്നു. ഇക്കാരണംകൊണ്ടുതന്നെ അന്യസംസ്ഥാനങ്ങളിലെ വ്യവസായികളുമായി മത്സരിക്കാൻ കഴിയാതെ വരുന്നു.

7. റെയിൽവേ കടത്തുകൂലി ഇനത്തിൽ കഴിഞ്ഞകാലങ്ങളിലുണ്ടായ ആനുകൂല്യം നിർത്തലാക്കിയതുമൂലം ഉല്പന്നവിലയിൽ വർദ്ധനവ് ഉണ്ടാകുന്നു.

8. മറ്റിതര ചെറുകിടവ്യവസായങ്ങളെ അപേക്ഷിച്ച് ഈ വ്യവസായത്തിനു വേണ്ടിവരുന്ന മൂലധന നിക്ഷേപം

9. പഴയ കമ്പനികളിൽ ആധുനിക വല്ക്കരണം, യന്ത്രവല്ക്കരണം, പുതിയ സാങ്കേതിക വിദ്യ എന്നിവ അവതരിപ്പിക്കാനുള്ള വിമുഖത. വ്യവസായ മേഖലയുടെ നാനാവശങ്ങളെക്കുറിച്ച് വേണ്ടത്ര ഉൾക്കാഴ്ചയില്ലാത്തതിനാൽ പഴയ കമ്പനികൾ വിറ്റുപോകുന്നു. ഇത് ഈ മേഖലയിൽ ഭീതി ഉളവാക്കുന്ന സ്ഥിതി വിശേഷമാണ്.

10. പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും യാതൊരു മാനദണ്ഡവും പരിഗണിക്കാതെ കൂടുതൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും അനുവാദവും നല്കുന്ന ഗവൺമെന്റ് നടപടി ചുരുങ്ങിയത് തൃശൂർ ജില്ലയിലെങ്കിലും ഒഴിവാക്കണം.

### പരിഹാരനിർദ്ദേശങ്ങൾ

1. ഈ മേഖലയെകുറിച്ച് സവിസ്തരവും ശാസ്ത്രീയമായൊരു പഠനം നടത്തിയതിനുശേഷം പുതിയ വ്യവസായം വരുന്നതുമൂലമുണ്ടാകുന്ന ആഘാതപ്രത്യാഘാതങ്ങൾ കണക്കിലെടുത്ത്മാത്രം വ്യവസായങ്ങൾക്ക് ലൈസൻസ് നല്കുക.

2. പാരമ്പര്യേതര ഊർജ്ജസ്രോതസുകളെ (ഇവിടെ വിവക്ഷിക്കുന്നത് വിറകിനുപകരം എന്നാണ്) കുറിച്ച് ഗവണ്മെന്റിന്റെ കൂടി സഹായത്തോടെ ശരിയായ അന്വേഷണം നടത്തുക.

3. അതി ജീവനത്തിനായി മുമ്പ് ടെക്സ്റ്റൈൽസ് വ്യവസായത്തിന് നല്കിയതുപോലുള്ള സഹായം ഗവണ്മെന്റ് ഈ വ്യവസായത്തിന് നല്കുക. വ്യവസായസ്ഥാപനങ്ങളുടെ ആധുനിക വല്ക്കരണത്തിനും വൈവിദ്ധ്യവല്ക്കരണത്തിനും IDBI ലോണുകൾ ദീർഘകാലവായ്പകളായി, കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളെടുക്കുക.

4. പഞ്ചായത്ത് തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഓട് ഉപയോഗിക്കുന്നതിനുള്ള തീരുമാനമെടുക്കുക.

5. കൂടുതൽ അധികാരങ്ങൾ പഞ്ചായത്തുകളിലേക്കു വരുമ്പോൾ, ഈ വ്യവസായത്തിനു അനുകൂലമോ പ്രതികൂലമോ ആയി തീരുമാനങ്ങളെടുക്കേണ്ട സന്ദർഭങ്ങളിൽ വ്യവസായ, തൊഴിലാളി പ്രതിനിധികളുമായി ചർച്ചചെയ്യുക.

6. വേതനത്തിലുള്ള പ്രാദേശികമായ അന്തരം ഒഴിവാക്കുക

7. ഓട്ടുകമ്പനി മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നത് പരിഗണിച്ചു ഗുണമേന്മ ലാക്കാക്കിയും "ഡ്രൈപ്രോസസ്" അടക്കമുള്ള ആധുനിക സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുള്ള സാധ്യതകൾ ആരായുക.

### പരിസ്ഥിതി ഘടകങ്ങൾ

* പഞ്ചായത്തിൽ മണ്ണ് ഖനനം മൂലം വ്യാപകമായ തോതിൽ നെല്പാടങ്ങൾ ഉപയോഗശൂന്യമായിട്ടുണ്ട്.

* ഓട്ടുകമ്പനികളുടെ കേന്ദ്രീകരണമുള്ള ചിറ്റിശ്ശേരി പ്രദേശത്ത് വായുജന്യരോഗങ്ങൾ (പൊടിശല്യം മൂലമാകാം) വർദ്ധിക്കുന്നു.

### പരിഹാരനിർദ്ദേശങ്ങൾ, സാധ്യതകൾ

* മണ്ണ് ഖനനം ശാസ്ത്രീയമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാക്കുക. പരിമിതമായ ഖനന സാദ്ധ്യതയുള്ള മറ്റു പ്രദേശങ്ങളിൽനിന്ന് മണ്ണ് സംഭരിക്കുകയും ഖനനശേഷം കുഴികൾ മൂടിക്കൊണ്ട് കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്യുക.

* സ്ഥിരമായ് വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ ചെമ്മീൻകൃഷിക്കുള്ള/ഓരുമത്സ്യവളർത്തലിനുള്ള സാധ്യതകൾ ആരായുക

* പൊടിശല്യം എങ്ങനെ ഒഴിവാക്കാമെന്ന് ആരോഗ്യവിദഗ്ദ്ധന്മാർ, തൊഴിലുടമകൾ, പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ കൂട്ടായ സമിത രൂപീകരിച്ച് ചർച്ച ചെയ്യുക, പദ്ധതികൾ ആവിഷ്കരിക്കുക.

### ഓട്ടുകമ്പനി ഒഴികെയുള്ള മേഖലകളിലെ വ്യവസായ വികസന സാധ്യതകൾ:

1. വ്യവസായ സംരഭകത്വ പരിശീലനം

2. ഗൾഫ് കുടിയേറ്റക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെടുത്തി വ്യവസായ സംരഭങ്ങൾ

3. പഞ്ചായത്ത്തല വ്യവസായ വികസനസമിതി രൂപീകരണം.

## അനുബന്ധം

പട്ടിക 1


പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളുടെ വിവരം

| വാർഡ് | ഓട്ടുകമ്പനി | മരകമ്പനി | നെല്ലുകുത്ത് | നാടൻഇഷ്ടികനിർമ്മാണം | അച്ചടി | വർക്ക് ഷാപ്പ് | പ്ലാസ്റ്റിക് നിർമ്മാണം | അലുമിനിയം വ്യവസായം | ബ്രഷ് നിർമ്മാണം |
|---|---|---|---|---|---|---|---|---|---|
| 1 | 7 | 6 | 3 | - | 2 | 1 | 1 | - | 9 |
| 2 | 11 | 2 | 1 | 5 | - | 7 | 1 | - | 2 |
| 3 | 24 | 5 | 2 | - | - | 8 | 2 | - | 3 |
| 4 | 39 | - | 3 | 1 | - | 2 | - | - | - |
| 5 | 11 | - | - | 1 | 1 | - | - | - | - |
| 6 | 13 | 3 | 3 | 2 | - | 3 | - | 1 | 8 |
| 7 | 5 | 2 | 1 | - | 1 | 8 | - | - | - |
| 8 | 7 | 11 | 2 | 2 | 1 | - | 1 | 3 | - |
| 9 | 1 | - | 2 | - | 1 | - | 1 | 2 | - |
| ആകെ | 118 | 29 | 17 | 11 | 6 | 29 | 6 | 6 | 14 |

പട്ടിക 2(b)

വ്യവസായ യൂണിറ്റിനെ സംബന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിന്റെ തരം | തൊഴിലാളികളുടെ എണ്ണം 20ൽ കുറവ് | 20-50 | മൊത്തംയൂണിറ്റുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|
| ഓട്ടുകമ്പനി | - | 118 | 118 | 2950 |
| മരകമ്പനി | 29 | - | 29 | 116 |
| നെല്ലുകുത്ത് | 17 | - | 17 | 17 |
| നാടൻ ഇഷ്ടിക | 6 | 5 | 11 | 110 |
| അച്ചടി | 6 | - | 6 | 18 |
| വർക്ക്ഷാപ്പ് | 29 | - | 29 | 87 |
| പ്ലാസ്റ്റിക് നിർമ്മാണം | 6 | - | 6 | 12 |
| അലൂമിനിയ വ്യവസായം | 6 | - | 6 | 12 |
| ബ്രഷ് നിർമ്മാണം | 14 | - | 14 | 84 |
| ആകെ | 81 | 155 | - | |




# 6

# ഊർജ്ജം ഗതാഗതം

## A. ഊർജ്ജം

പഞ്ചായത്തിന്റെ ഊർജ്ജ ഉപഭോഗരീതികൾ പരിശോധിക്കുമ്പോൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലും കാണപ്പെടുന്ന രീതികൾ ഇവിടെയും വലിയ വ്യത്യാസമില്ലാതെ ദൃശ്യമാകുന്നതായി കാണാം. ഇന്ത്യയിലെ ഏതു ഗ്രാമത്തെയും പോലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിലും ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിനായി 58% വാണിജ്യ ഇന്ധനവും 42% ജൈവ ഇന്ധനവും ഉപയോഗിക്കപ്പെടുന്നതായി ഏകദേശം കണക്കാക്കിയിരിക്കുന്നു. പഞ്ചായത്തിൽ ലഭ്യമായ വാണിജ്യ ഇന്ധനങ്ങളിൽ മുഖ്യമായവ വൈദ്യുതി, മണ്ണെണ്ണ, ഡീസൽ എന്നിവയാണ്. തെങ്ങുല്പന്നങ്ങൾ, പാഴ്മരങ്ങളിൽനിന്നു ലഭിക്കുന്ന വെറക്, ചപ്പുചവറുകൾ എന്നിവയാണ് ജൈവ ഇന്ധനങ്ങളിൽ മുഖ്യമായവ. പഞ്ചായത്തിലെ ഊർജ്ജ ഉപയോഗം ലഭ്യമായ ഇന്ധനങ്ങളെ അടിസ്ഥാനപ്പെടുത്തി താഴെ കാണിച്ചിരിക്കുന്നു.




ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ 4 മേഖലകളിലായി പഞ്ചായത്തിലെ ഇന്ധന ഉപയോഗത്തെ വേർതിരിക്കാവുന്നതാണ്. ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ ഭൂരിപക്ഷവും പാചകാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നു. ഈ ആവശ്യത്തിലേക്കായി ജൈവ ഇന്ധനങ്ങൾ പ്രധാനമായും വിറക് ആണ് ഉപയോഗിക്കുന്നത്. 10% താഴെവരുന്ന ആളുകൾ പാചകത്തിന് പാചകവാതകം ഉപയോഗിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വർഗ്ഗാടിത്തറ വെളിവാക്കുന്ന ഒരു സൂചികയാണിത്. ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ അന്തിമോപയോഗം കണക്കാക്കി സഫലോർജ്ജം പരിഗണിക്കുമ്പോഴാണ് നമ്മുടെ ഊർജ്ജാസൂത്രണത്തിന്റെ ദൗർബല്യം മനസ്സിലാവുന്നത്. പാചകമൊഴിച്ച് മറ്റിതര ആവശ്യങ്ങൾക്ക് (വെളിച്ചം, ഗാർഹികോപയോഗത്തിനുള്ള ജലസംഭരണത്തിന് മോട്ടോർ ഉപയോഗിക്കുക) വൈദ്യുതി ആണ് ഉപയോഗിക്കുന്നത്. വെളിച്ചത്തിനായി മണ്ണെണ്ണയെ ആശ്രയിക്കുന്ന കുടുംബങ്ങൾ 5%ൽ താഴെവരും. കാർഷികാവശ്യങ്ങൾക്കുള്ള ഊർജ്ജത്തിന്റെ മുഖ്യസ്രോതസ്സ് വൈദ്യുതിയാണ്. വളരെ വിരളമായി ജലസേചനത്തിനായി ഡീസൽ പമ്പ് സെറ്റുകൾ ഉപയോഗിച്ചുവരുന്നുണ്ട്. വാണിജ്യസ്ഥാപനങ്ങളിൽ ഹോട്ടലുകളൊഴിച്ചു മറ്റെല്ലാ സ്ഥാപനങ്ങളും ഊർജ്ജാവശ്യത്തിനായി വൈദ്യുതി ഉപയോഗിക്കുന്നു. ഹോട്ടലുകളിൽ പാചകാവശ്യത്തിന് പാചകഗ്യാസും (വളരെ കുറച്ചുപേർ) വിറക്, ചെരട്ട, കരി തുടങ്ങിയവ ഉപയോഗിക്കുന്നു. വ്യാവസായിക സ്ഥാപനങ്ങളിൽ മുഖ്യ ഊർജ്ജ സ്രോതസ്സ് വൈദ്യുതിയാണ്. പവർകട്ട് സാർവ്വത്രികമായതിനാൽ ഭേദപ്പെട്ട രീതിയിലുള്ള വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ജനറേറ്റർ ഉപയോഗിക്കുന്നുണ്ട്. ഇതിനാവശ്യമായ ഡീസൽ കൂടി ഉൾപ്പെടുത്തി വേണം വാണിജ്യ ഇന്ധനത്തിന്റെ അളവ് തിട്ടപ്പെടുത്താൻ. ഈ കാര്യങ്ങൾ ശാസ്ത്രീയമായി കണക്കാക്കണമെങ്കിൽ പവ്വർ സർവ്വെ നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് മരത്താക്കര, അളഗപ്പനഗർ എന്നിങ്ങനെ രണ്ട് മേജർ സെക്ഷൻ ഓഫീസ് (KSEB) കളുടെ പ്രവർത്തന പരിധിയിലാണ് വരുന്നത്. അവയെകുറിച്ചുള്ള വിവരങ്ങൾ പട്ടിക (1)ൽ ചേർത്തിരിക്കുന്നു.

സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ ഏറ്റവും കൂടുതൽ ഓട്ടുകമ്പനികൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് നെന്മണിക്കര. അക്കാരണത്താൽ തന്നെ വൈദ്യുതോർജ്ജ ഉപയോഗം വളരെ ഉയർന്നതാണ്. വൈദ്യുതിക്കുപുറമെ മണ്ണെണ്ണ, ഡീസൽ തുടങ്ങിയ വാണിജ്യ ഇന്ധനങ്ങളുടെ വാങ്ങൽ നിരക്കും മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ വളരെ ഉയർന്നിരിക്കും.

പാചകാവശ്യത്തിനുള്ള വിറകിൽ കുറേയേറെ വീട്ടുവളപ്പിൽനിന്ന് ശേഖരിക്കുന്നു. പാക്കിംഗ് കേസ് സ്ഥാപനങ്ങൾ ഉള്ളതിനാൽ വിറക് വാങ്ങിച്ചും ഉപയോഗിക്കുന്നുണ്ട്. പാചകത്തിനായി വിറക് ദുരെനിന്ന് ശേഖരിക്കുന്ന രീതി പൂർണ്ണമായി അപ്രത്യക്ഷമായിരിക്കുന്നു. വിറകിന്റെ ഉപയോഗവും ഏറ്റവും കൂടുതൽ സംഭവിക്കുന്നത് വ്യാവസായിക മേഖലയിലാണ്. ഓട്ടുകമ്പനിവ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃത വിഭവമായ വിറക് ആയിരക്കണക്കിന് ടൺ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നു.

ഇവയുടെയൊക്കെ കൃത്യമായ വിവരശേഖരണം എളുപ്പമല്ലെങ്കിലും വ്യാപ്തിയെ കുറിച്ചുള്ള ധാരണ നമുക്കുണ്ടാകണം.

പട്ടിക1

നെന്മണിക്കര ഗ്രാമപഞ്ചായത്ത്

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

a) ഗാർഹികം 3536

b) വ്യാപാരം 347

c) വ്യാവസായികം 319

d) കാർഷികം 467

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a) ordinary 71

b) OTP 5

c) OYEC 16

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷ തിയതി

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | |
|---|---|
| a) ബൾബ് 25w. 380 -40 W. 320 | T = 380 + 320 |
| b) ട്യൂബ് | 75 |
| c)മെർക്കുറി വേപ്പർ | Nil |
| d) സോഡിയം വേപ്പർ | Nil |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ : 2

5. തൻ വർഷത്തെ കണക്ഷൻ

| | | |
|---|---|---|
| ഓർഡിനറി | – | 71 |
| OTP | – | 5 |
| OYEC | – | 26 |

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

മരത്തക്കാക്കര മേജർ സെക്ഷൻ

1.. ശിവകാമി
2. കല്യാണം
3. സ്വദേശി
4 എടുത്തൻ
5. താഴ്ത്താൻ
6 പത്ത്പൈസ
7. സരിഗ
8. ഭദ്ര
9. പരമശിവൻ
10. സെന്റ് ജോസഫ്
11. ഹരേരാമ
12. സുപ്രിയ
13. ഗ്രേയിസ്
14 ശ്രീ വള്ളി
15. കാർത്ത്യായനി
16. വാട്ടർ സപ്ലൈ
19. മുദ്ര
20. മടവാക്കര
21. ചിറ്റിശ്ശേരി
22. ഉദയ
23. മേജർ
24. അർച്ചന
25. അർച്ചന ജംഗ്ഷൻ
26. ചിറ്റിശ്ശേരി ചർച്ച്
27. പോൾകാസ്റ്റിംഗ്
28. സെന്റ് ത്രേസ്യ
29. ചിട്ടീസ്
30. സതേൺ I
31. സതേൺ II
32. സതേൺ III
33. പ്രിയദർശിനി
34. മൊയലൻ ഇലക്ട്രോഡ്സ്
35. ശ്രീനാരായണ
36. തോപ്പിൽ
37. അനന്തകൃഷ്ണ
38. ഇ.വി. ആന്റണി
39. മഹേശ്വര

അളഗപ്പനഗർ മേജർ സെക്ഷൻ

40. ശ്രീ ലക്ഷ്മി
41. ശ്രീ കൃഷ്ണ
42. വേലായുധൻ
43. ഭാരത്
44. മുകുന്ദൻ
45. സെന്റ് തോമാസ്

(ലിസ്റ്റ് അപൂർണ്ണമാണ്. പാഴായ്-ചെറുവാൾ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങളിലെത് കൂടെ ഉൾപ്പെടുത്തുമ്പോൾ മൊത്തം എണ്ണം സുമാർ 65ൽ കൂടുതൽ വരും)

ഊർജ്ജ സ്രോതസ്സുകളുടെ ചേരുവയിലുള്ള മാറ്റങ്ങൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിനകത്ത് ദൃശ്യമാകുന്ന ഒരു മുഖ്യ പ്രവണതയുണ്ട്. പ്രധാനമായും വ്യാവസായി കാവശ്യത്തിനായി വിറക് ശേഖരിച്ചിരുന്ന ആദ്യനാളുകളിൽ അവ മിക്കവാറും സൗജന്യമായി ലഭിച്ചിരുന്നു. തൊട്ടടുത്ത വനപ്രദേശങ്ങളിൽനിന്ന് (പാലപ്പിള്ളി റേഞ്ച്. ചിമ്മിനി) യാത്രക്കൂലിയായ വളരെ നിസ്സാരമായ തുകകൊടുത്താൽ അവ ലഭിക്കുമായിരുന്നു. എന്നാൽ ഇന്ന് അവയുടെ ക്ഷാമവും ഉയർന്ന വിലയും വളരെ ഗുരുതരമായ പ്രശ്നങ്ങളാണ്. ഊർജ്ജ സംരക്ഷണനടപടികളുടെ ഭാഗമായി വളരെ പരിമിതമായ തോതിലുള്ള ദക്ഷതയേറിയ അടുപ്പുകളുടെ വ്യാപനം മാത്രമേ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ളൂ. വാണിജ്യ ഇന്ധനങ്ങൾ. ജൈവഇന്ധനങ്ങൾ ഊർജ്ജ സംരക്ഷണനടപടികൾ എന്നിങ്ങനെ മൂന്നുഘടകങ്ങളെ കൂട്ടിയിണക്കികൊണ്ടുള്ള സമഗ്രമായ ഊർജ്ജാസൂത്രണ നടപടികൾ പഞ്ചായത്തിൽ അടിയന്തിരമായി ആരംഭിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. തുടരെയുണ്ടാകുന്ന പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർ കട്ടുകൾ
2. പാചകത്തിനും ഓട്ടുകമ്പനികൾക്കും ഒഴിച്ചുകൂടാനാവാത്ത വിറകിന്റെ ക്ഷാമവും ഉയർന്ന വിലയും.
3. വൈദ്യുതി എത്താത്ത മേഖലകൾ

### സാധ്യതകൾ

1. പഞ്ചായത്തിലെ ഊർജ്ജ ഉപയോഗത്തിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കുന്നതിന് സമഗ്രമായ പവർ സർവ്വെ
2. ദക്ഷതയേറിയ ഉപകരണങ്ങളുടെ പ്രചാരണം (ദക്ഷതയേറിയ പരിഷത് അടുപ്പ്. ഘർഷണ ഹരിത ഫുട്ട് വാൾവുകൾ തുടങ്ങിയവ)
3. ദക്ഷതയേറിയ അടുപ്പിന്റെ മോൾഡ് നിർമ്മാണ യൂണിറ്റുകൾ
4. ബയോഗ്യാസ് യൂണിറ്റുകൾ- സമീപ പഞ്ചായത്തുകളുമായി ചേർന്ന് കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ
5. ഊർജ്ജസംരക്ഷണപരിപാടികൾ a) ഇലക്ട്രിക് ലൈനുകൾ റിറൂട്ട് ചെയ്യുക b) ജമ്പറുകൾ മാറ്റി സ്ഥാപിക്കുക c)ട്രാൻസ്ഫോർമറുകൽ മാറ്റി സ്ഥാപിക്കുക. d) ലൈനുകളിലെ ടച്ചിംഗുകൾ മാറ്റുന്നതിന് സന്നദ്ധപ്രവർത്തനം നടത്തുക e) സി.എഫ്. എൽ. പരിപാടി
6. പഞ്ചായത്ത്തല വൈദ്യുതി വിതരണം പഞ്ചായത്തുകളെ ഏല്പിക്കാനുള്ള പ്രവർത്തനം. ലഭ്യതാ മാനേജ്മെന്റിനു പകരം ഡിമാന്റ് സൈഡ് ഊർജ്ജാസൂത്രണത്തിന് ഇതുവഴി പഞ്ചായത്തുകൾക്ക് കഴിയും.

### B) ഗതാഗതം, മാർക്കറ്റ്

പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളിൽ പ്രധാനം റോഡ് ഗതാഗതമാണ്. ഏകദേശം 3 km റെയിൽവേ ലൈൻ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നുണ്ട്. മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല പഞ്ചായത്തിനുണ്ട്. പഞ്ചായത്തിന് സ്വന്തമായി 74. 845 കി.മി ദൈർഘ്യമുള്ള റോഡുണ്ട്. അതിൽ 14.705 കി.മി കച്ച റോഡും 48.140 കി.മി പക്കാറോഡും 4 കി.മി. മെറ്റൽ റോഡുമാണ്. ചിലമേഖലകളിൽ ഇവക്ക് മതിയായ വീതിയില്ലെങ്കിലും ഇവയുടെ നിലവാരം സാമാന്യം തൃപ്തികരമാണ്. മിക്കവാറും റോഡുകൾക്ക് ഓടയുണ്ട്. 7.708 കി.മി. ദൈർഘ്യമുള്ള P.W.D. റോഡ് പഞ്ചായത്തിലുണ്ട്.

അവ താഴെ പറയുന്നവയാണ്.

| | |
|---|---|
| 1. തൃശൂർ മണലി റോഡ് | - 2.600കി.മി നീളം |
| 2. പാലിയേക്കര-ഏറവക്കാട് റോഡ് | - 2.66 കി.മി. ,, |
| 3. പുതുക്കാട്. ചെറുവാൾ റോഡ് | - 0.970 കി.മി. ,, |
| 4. പാലക്കടവ് ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് | - 1.478 കി.മി. ,, |
| ആകെ | - 7.708 കി.മി. ,, |

പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി 3.5 കി.മി NH 47 കടന്നുപോകുന്നുണ്ട്. വളരെ നല്ല രീതിയിൽ നിർമ്മിച്ചിരിക്കുന്ന ഈ റോഡ് പഞ്ചായത്തിന്റെ വികസന പ്രക്രിയക്ക് അടിത്തറയാകുന്നതോടൊപ്പം വാഹനപ്പെരുപ്പം ഈ ഭാഗത്തെ ഒരപകടമേഖലയാക്കുക കൂടി ചെയ്തിരിക്കുന്നു. ദാരുണമായ നിരവധി അപകടങ്ങൾ ഇവിടെ സാധാരണമായിരിക്കുന്നു. തലോർ. ആമ്പല്ലൂർ. പാഴായ് എന്നിവടങ്ങളിലായി 3 ടാക്സി ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ ഉണ്ട്. പാഴായ് ഓട്ടോറിക്ഷാ സ്റ്റാൻഡുമാത്രമാണ്. മൂന്നു സ്ഥലത്തും കാര്യമായ സൗകര്യങ്ങളൊന്നുമില്ല.

പഞ്ചായത്തിൽ അംഗീകൃതമാർക്കറ്റുകളില്ല. NH നോട് ചേർന്ന് ആമ്പല്ലൂരും തലോരും വിപണകേന്ദ്രങ്ങളായി സ്വയം വികസിച്ചിരിക്കുന്നു. കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിന് പ്രാദേശിക സംവിധാനങ്ങളൊന്നുമില്ല. ഇക്കാര്യത്തിനായി തൃശൂർ ശക്തൻ തമ്പുരാൻ മാർക്കറ്റിനെയാണ് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത്.

ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ച നടന്ന മേഖലയാണിത്. നമ്മുടെ വികസന സങ്കല്പത്തിൽ ഇപ്പോഴും നിറഞ്ഞു നില്ക്കുന്നത് റോഡുകളാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പ്രാദേശിക വികസനത്തിന് അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്ന റോഡുകളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം നിലനിർത്തിക്കൊണ്ടുതന്നെ നാമീ ചർച്ചകളെ വിലയിരുത്തണം.

### പ്രശ്നങ്ങളും സാധ്യതകളും

1. തൃക്കൂർ പഞ്ചായത്തിനെയും നെന്മണിക്കര പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തൃക്കൂർ റെഗുലേറ്റർ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുകയാണെങ്കിൽ തൃക്കൂർ പഞ്ചായത്തിലെ കല്ലൂർ മേഖലയിലെ കൃഷിക്കാർക്കും മറ്റു ജനങ്ങൾക്കും ഉപകാരപ്രദമാണ്.
2. വരന്തരപ്പിള്ളി -കല്ലൂർ ഭാഗങ്ങളിലേക്ക് എറവക്കാട് നിന്നും ബസ്സു റൂട്ടുകൾ അനുവദിക്കണം- അനുവദിച്ചാൽ ഇപ്പോഴുള്ള തിരക്കും അതുപോലെ ഒരു പരിധിവരെ അപകടങ്ങളും ഒഴിവാക്കാം. തൊഴിലാളികൾക്കു ജോലിസ്ഥലങ്ങളിലേക്കുവരുവാനും പോകുവാനും എളുപ്പമാവും.
3. എറവക്കാട് റെയിൽവെ ഗെയിറ്റ് സ്ഥാപിച്ച് വല്ലച്ചിറ-

എറവക്കാട് റോഡ് തുറന്നുവിടുകയാണെങ്കിൽ നെന്മണിക്കര പഞ്ചായത്തിൽ വളരെയധികം വികസന സാദ്ധ്യതയുണ്ട്.

3 പഞ്ചായത്ത് റോഡുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വീതി, നീളം മുതലായ സാങ്കേതികത്വത്തിൽ കുടുങ്ങാതെ ഉള്ള റോഡ്, പരമാവധി വേഗത്തിൽ ഗതാഗതയോഗ്യമാക്കണം.

4 N.H. ഓടകൾ വൃത്തിയാക്കാൻ ശ്രദ്ധിക്കണം.

5. നെന്മണിക്കര പഞ്ചായത്തിലുള്ള കൂടുതൽ റോഡും ഓട്ടുകമ്പനി വ്യവസായം ആയി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ വേനൽക്കാലമായാൽ കളിമണ്ണ് റോഡുകളിൽ വീഴുന്നത് കൊണ്ട് പൊടിയും അതുപോലെ അപകടവും ഉണ്ടാവുന്നു. അതുകൊണ്ട് റോഡിലുള്ള കളിമണ്ണ് നീക്കം ചെയ്യണം.

6. മണലിപ്പാലത്തിന്റെ അരികത്തുനിന്ന് പുഴയുടെ ഓരത്തുകൂടി മടവാക്കര- എറവക്കാട് റോഡ് പുഴയുടെ സൈഡ് കെട്ടി മെറ്റൽ ചെയ്തു ടാറിംഗ് ചെയ്യണം. ആവശ്യമായ പാലം പണിയണം.

7. P.W.D. റോഡും, പഞ്ചായത്ത് റോഡും യഥാസമയം റിപ്പയർ ചെയ്യുകയാണെങ്കിൽ പഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടാവുകയും ജനങ്ങൾക്ക് ഉപകാരപ്രദമാവുകയും ചെയ്യും.

8. ഈ പഞ്ചായത്ത് അതിർത്തിയിലുള്ള ദേശീയ പാതയിലെ അപകടങ്ങൾ ഒഴിവാക്കാൻ ലൈറ്റുകൾ സ്ഥാപിക്കാൻ മുൻകൈ എടുക്കണം.

9. ബൈ പാസിലൂടെ മരത്താക്കര വഴിക്കു പോകുന്ന ബസ്സുകൾ (K.S.R.T.C. ഉൾപ്പെടെ) തലവണിക്കര കോനിക്കര മരത്താക്കര വഴി തിരിച്ചു വിടണം.

10. വെള്ളവും മറ്റും കെട്ടിനിന്ന് റോഡുകൾ കേടുവരുന്നു. അതുകൊണ്ട് ആ സ്ഥലത്ത് ചെറിയ കൾവർട്ടും പാലവും ഉണ്ടാക്കി അതു പരിഹരിക്കണം.

11. റോഡ് നിർമ്മാണത്തിന് ആവശ്യമായ വിഭവങ്ങളിൽ ഒരു പങ്ക്, 25% എങ്കിലും പ്രാദേശികമായി സമാഹരിക്കണം.

12. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കണം.

13. പഞ്ചായത്ത് കേന്ദ്രീകരിച്ച് മാർക്കറ്റിനുള്ള സാദ്ധ്യതകൾ ആരായണം.

# 7

# പാർപ്പിടം സാമൂഹ്യക്ഷേമം

## I പാർപ്പിടം

നെന്മണിക്കര പഞ്ചായത്തിലെ ജനങ്ങളുടെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. ഗൾഫ്, കളിമൺ ചെറുകിട വ്യവസായ സംരംഭങ്ങൾ എന്നിവ പാർപ്പിട മേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഏറ്റവും പുതിയ കണക്കുപ്രകാരം മൊത്തം കെട്ടിടങ്ങളുടെ എണ്ണം (5081) മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ (18664) സാമാന്യം ഭേദപ്പെട്ട ഒരു നിലയിലാണ് പാർപ്പിട പ്രശ്നം. എങ്കിലും വാർഡുതിരിച്ചുള്ള കണക്കുകളുടെ പിൻബലത്തിൽ വീണ്ടും പുനർചിന്തനം നടത്തുമ്പോൾ ചില വാർഡുകളിൽ പാർപ്പിടം ഒരു പ്രശ്നമാകുന്നു.

പട്ടിക 1

| വാർഡ് | പാർപ്പിടം |
|---|---|
| I | 730 |
| II | 626 |
| III | 739 |
| IV | 565 |
| V | 483 |
| VI | 469 |
| VII | 604 |
| VIII | 429 |
| IX | 439 |
| ആകെ | 5081 |

പഞ്ചായത്തിൽ ശരാശരി 375 കെട്ടിടങ്ങൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നമ്പർ നൽകിയിട്ടുണ്ട്. കണക്കുകൾ പരിശോധിച്ചാൽ മാസത്തിൽ 6 വീടുകൾ വീതം ഇവിടെ വർദ്ധിക്കുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ പാർപ്പിട പ്രശ്നത്തിന്റെ ഭാവി പദ്ധതിയിൽ കാണേണ്ടതാണ്.

പട്ടിക 2

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ബഹുനില | കോൺക്രീററ് | ഓട് | വളരെ മോശമായ മേൽക്കൂര ഉള്ളവ | മററുള്ളവ |
|---|---|---|---|---|---|---|
| I | 730 | 15 | 286 | 402 | 21 | 6 |
| II | 558 | 4 | 111 | 315 | 121 | 7 |
| III | 739 | 14 | 183 | 479 | 43 | 18 |
| IV | 565 | 5 | 103 | 380 | 71 | 5 |
| V | 483 | 6 | 66 | 385 | 26 | 6 |
| VI | 469 | 5 | 69 | 343 | 37 | 13 |
| VII | 604 | 6 | 161 | 345 | 86 | 6 |
| VIII | 429 | 5 | 89 | 227 | 105 | 3 |
| IX | 436 | 3 | 90 | 219 | 121 | 3 |

മുകളിൽ സൂചിപ്പിച്ച പട്ടികയിൽനിന്ന് പഞ്ചായത്തിൽ വരുംകാലത്ത് നിർമ്മിക്കേണ്ട പാർപ്പിടങ്ങളുടെ ഏകദേശ എണ്ണം 700 ആയി കണക്കാക്കാവുന്നതാണ്. സമൂഹത്തിലെ സാമ്പത്തിക സാമൂഹ്യമേഖലകളിലെ ദുർബ്ബലരാണ് ഇവരിൽ ഭൂരിഭാഗവും. 40% പേർക്കെങ്കിലും പൂർണ്ണമായും സൗജന്യമായും മറ്റുള്ളവരെ ഭാഗികമായി സഹായിച്ചും വീടുകൾ പണിയാവുന്നതാണ്. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ നിലവിലില്ല. ലക്ഷം വീട് കോളനികളിലേയും മറ്റു ചേരി പ്രദേശങ്ങളിലേയും ഭൗതിക സാഹചര്യങ്ങളുടെ വിശദമായ പരിശോധന പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ നടത്തിയിട്ടുണ്ട്.

പ്രാദേശിക വിഭവങ്ങൾ പരിഗണിച്ചും പ്രാദേശിക പരിസ്ഥിതി ഘടകങ്ങൾ പരിശോധിച്ചും വീടുകൾ നിർമ്മിക്കുക എന്ന രീതി ഏകദേശം അപ്രത്യക്ഷമായിരിക്കുന്നു. പരമ്പരാഗത വാസ്തുശില്പ മാതൃകകളുടെ വിളംബരങ്ങളായിരുന്ന കെട്ടിടങ്ങൾ പോലും പൊളിച്ചുമാറ്റി പുതിയ മാതൃകയിലുള്ള കോൺക്രീറ്റ് വീടുകൾ തീർക്കുക എന്നത് സാധാരണയായിരിക്കുന്നു. ഗൃഹാതുരത്വം കലർന്ന രീതിയിൽ പഴമയുടെ നിലനില്പിന് വേണ്ടി നാം മുറവിളി കൂട്ടുമ്പോൾ വിസ്മരിക്കുന്ന മറ്റൊരു ഘടകമുണ്ട്. ഇത്തരം വീടുകളുടെ അറ്റകുറ്റപ്പണികൾക്കും നിലനിർത്തലിനും വേണ്ടി വരുന്ന ഭീമമായ ചെലവ്. പരമ്പരാഗത ഗൃഹനിർമ്മാണ ശൈലിയിലെ മുഖ്യ ഘടകമായ മരത്തിന്റെ ഉയർന്ന വിലയും ദൗർലഭ്യവും താല്പര്യമുള്ള ആളുകളെ തന്നെ ഈ മേഖലയിൽ നിന്നകറ്റി നിർത്തുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും പുതിയ കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മിതിക്കായി വരുന്ന വമ്പിച്ച ധൂർത്തിന് യാതൊരു ന്യായീകരണവുമില്ല. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം ഈ മേഖലയിലെ ഏറ്റവും പ്രധാന പ്രശ്നമാണ്. സിമന്റ്, കമ്പി തുടങ്ങിയ സാധനങ്ങളുടെ വിലക്കയറ്റം പലപ്പോഴും അപ്രതീക്ഷിതപ്രഹരം പോലെ സംഭവിക്കുക സാധാരണമാണ്. മുമ്പൊക്കെ പ്രാദേശികമായി സുലഭമായിരുന്ന മണൽ, മെറ്റൽ, കരിങ്കല്ല്, ചെങ്കല്ല് തുടങ്ങിയവക്കും ഇപ്പോൾ ക്ഷാമമനുഭവപ്പെടുന്നു. മേച്ചിലോടിന്റേയും നാടൻ ഇഷ്ടികകളുടെയും കേന്ദ്രമായ പഞ്ചായത്തിൽ ഇവക്ക് സുലഭതയുണ്ടെങ്കിലും വിലയിൽ ഏറെ വർദ്ധനവ് വർഷം തോറും ഉണ്ടാകുന്നുണ്ട്. യാത്രാ കൂലി ഇനത്തിലുണ്ടാകുന്ന ലാഭമാണ് ഇക്കാര്യത്തിലുള്ള ആശ്വാസം. ഒരു വീടിന്റെ നിർമ്മാണഘ

ട്ടത്തിൽ ഉദ്ദേശിച്ചതിനേക്കാൾ 10-15% വർദ്ധനവ് മിനിമം സമയത്തിനുള്ളിൽ വീടു പൂർത്തിയാക്കിയാൽ തന്നെ നിർമ്മാണ സാമഗ്രികളുടെ വർദ്ധനവ് മൂലം ഉണ്ടാകും.

ഇവിടെയാണ് ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന്റെ പ്രസക്തി. നിർമ്മിതികേന്ദ്രം, കോസ്റ്റ്ഫോർഡ് തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനം മൂലം നമ്മുടെ പഞ്ചായത്തിന്റെ ചില മേഖലകളിൽ ഇത്തരം വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ ഇതിനു വ്യാപകമായ പ്രചാരം ലഭിച്ചിട്ടില്ല. പരിസ്ഥിതിക്കിണങ്ങുന്ന ഗൃഹനിർമ്മാണം ഒരാശയമെന്ന രീതിയിലും ജീവിത രീതി എന്ന രീതിയിലും വ്യാപിച്ചാൽ മാത്രമേ ഗൃഹനിർമ്മാണ മേഖലയിലെ അനാശാസ്യമായ ധൂർത്തും ആഡംബര ഭ്രാന്തും അവസാനിപ്പിക്കാൻ കഴിയുകയുള്ളു.

ഗൃഹനിർമ്മാണ മേഖലയിലെ തൊഴിലാളികൾ അസംഘടിതവിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനത്തിന് അതിയായ ക്ഷാമമനുഭവപ്പെടുന്നു. ഗൾഫ്കാരുടേയും മറ്റും വീട് നിർമ്മാണം ചിലപ്പോഴൊക്കെ കോൺട്രാക്ടർമാരെ ഏല്പിക്കുന്നുണ്ട്. വിദഗ്ദ്ധ തൊഴിലാളികൾ പലരും ഇത്തരം ഏജൻസികളുടെ സ്ഥിരം തൊഴിലാളികളായി മാറിയിരിക്കുന്നു. കുറേയേറെ തൊഴിലാളികൾ ഗൾഫ് മേഖലയിലേക്ക് കുടിയേറിയിരിക്കുന്നു. തൊഴിലാളികളുടെ കൂലി നിരക്ക് പട്ടിക 3 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 3**

**കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കൂലി നിരക്ക്**

| വർഷം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1985 | 15 രൂപ | 25 രൂപ |
| 1995 | 75 രൂപ | 100 രൂപ |
| 1996 | 80 രൂപ | 125 രൂപ |

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 80% കൂലിനിരക്കിൽ വർദ്ധനവ് അനുഭവപ്പെട്ടുവെന്ന് മുകളിൽ കൊടുത്ത കണക്കുകൾ സൂചിപ്പിക്കുന്നു.

നിർമ്മാണത്തൊഴിലാളികളുടെ കൂലിനിരക്കിന്റെ വർദ്ധനവിനൊപ്പം പരിഗണിക്കേണ്ട മറ്റൊരു ഘടകമാണ് പുരയിട ഭൂമിയുടെ വിലയിലുണ്ടായ വർദ്ധനവ്. കഴിഞ്ഞ രണ്ടോ മൂന്നോ വർഷം കൊണ്ട് ഭൂമിക്കുണ്ടായ വിലവർദ്ധനവിന്റെ യഥാർത്ഥകാരണങ്ങളെകുറിച്ച് ഗൗരവതരമായൊരു പഠനം നടന്നിട്ടില്ല. മിക്കവാറും ഇത് കേരളത്തിലാകമാനം ദൃശ്യമാകുന്ന പ്രവണതയാണ്. നമ്മുടെ ഗ്രാമപഞ്ചായത്താണെങ്കിൽ കൊടകര ബ്ലോക്കിലെ ഏറ്റവും വിസ്തൃതികുറഞ്ഞതും ഏറ്റവും ഉയർന്ന ജനസാന്ദ്രതയുമുള്ള (1936) പഞ്ചായത്താണ്. ഇക്കാരണത്താൽ തന്നെ ഇവിടെ ഭൂമിക്ക് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ അത്ഭുതപൂർവ്വമായ വിലക്കയറ്റമാണുണ്ടായിട്ടുള്ളത്.

### പ്രശ്നങ്ങൾ

1. ഭൂമി.. കെട്ടിടനിർമ്മാണ സാമഗ്രികൾ എന്നിവയുടെ ദൗർലഭ്യവും ഉയർന്ന വിലയും.
2. വിദഗ്ധത്തൊഴിലാളികളുടെ കടുത്ത ക്ഷാമം
3. ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ രീതികളെ കുറിച്ചുള്ള അജ്ഞത
4. ഗൃഹനിർമ്മാണ വായ്പകളെ കുറിച്ചുള്ള അറിവില്ലായ്മയും അവ ലഭിക്കാനുള്ള ബുദ്ധിമുട്ടും.
5. നിർമ്മാണച്ചെലവിന്റെ വർദ്ധനവും വായ്പാ തുകയുടെ അപര്യാപ്തതയും

### സാധ്യതകൾ

1. പഞ്ചായത്തിലെ ഗൃഹരഹിത ദുർബ്ബല വിഭാഗത്തിൽ പെട്ടവരെ കണ്ടെത്തുകയും ദുർബ്ബല വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി വഴി അവർക്ക് പദ്ധതി കാലഘട്ടത്തിൽ വീടു നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുക. ഇത്തരക്കാരെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം ചിട്ടപ്പെടുത്തുകയും നടപടി ക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുക.
2. റോഡ്-തോട് പ്രദേശങ്ങളിൽ അന്തിയുറങ്ങുന്നവരേയും ചേരി നിവാസികളേയും പുനരധിവസിപ്പിക്കുന്നതിന് സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ഹൗസിംഗ് കോംപ്ലക്സുകൾ ആരംഭിക്കുക.
3. വിവിധതരം, വിവിധ വരുമാനക്കാർക്കുള്ള ഗൃഹനിർമ്മാണവായ്പാ പദ്ധതികളുടെ ഇൻഫർമേഷൻ കൗണ്ടർ പഞ്ചായത്ത് കേന്ദ്രത്തിൽ സ്ഥാപിക്കുക.
4. ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ രീതികളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറക്കുന്നതിനുള്ള പരിപാടി ആവിഷ്ക്കരിക്കുക.

### 2 സാമൂഹ്യക്ഷേമം

ദേശീയതലത്തിൽ ഏറ്റവും മികച്ച സാമൂഹ്യസുരക്ഷിതത്വശൃംഖലയുള്ള കേരളത്തിൽ രണ്ടു തരത്തിലുള്ള ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ഒന്നാമത്തേത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഫണ്ടിനെ ആശ്രയിച്ചുള്ള വിവിധ വിഭാഗങ്ങൾക്കായുള്ള പെൻഷൻ പദ്ധതികൾ. ഉദാ: വിധവാപെൻഷൻ, അഗതി പെൻഷൻ തുടങ്ങിയവ. രണ്ടാമത്തേത് വിവിധ ബോർഡുകൾക്ക് കീഴെ ഒരു പ്രത്യേക വിഭാഗം തൊഴിലാളികളെ ലക്ഷ്യമാക്കി തൊഴിലുടമകളുടേയും തൊഴിലാളികളുടേയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ക്ഷേമനിധികൾ. ഇത്തരം 18 നിധികൾ ഇന്ന് നിലവിലുണ്ട്. ഇതിനുപുറമെയാണ് 4-ാം പദ്ധതി മുതൽ ആസൂത്രണ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ. പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളെ വിശകലനം ചെയ്യുകയാണിവിടെ ഉദ്ദേശിക്കുന്നത്.

IRDP സർവ്വെ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1816 ആണ്. ഇതിൽ 165 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നു. മൊത്തം 179 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചതിൽ 98 കുടുംബങ്ങൾ പട്ടിക ജാതിക്കാരുടേതാണ്.

വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക(4)

| വാർഡ് | സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്കു മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം | ദാരിദ്ര്യ രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| I | 159 | 3 | 13 | 7 | 10 | 146 |
| II | 259 | 51 | 33 | 25 | 25 | 226 |
| III | 274 | 14 | 17 | 9 | 10 | 257 |
| IV | 240 | 18 | 7 | 3 | 5 | 253 |
| V | 211 | 7 | 9 | 3 | 6 | 202 |
| VI | 198 | 21 | 24 | 8 | 21 | 174 |
| VII | 168 | 20 | 21 | 16 | 16 | 147 |
| VIII | 179 | 12 | 26 | 8 | 21 | 153 |
| IX | 128 | 19 | 29 | 19 | 24 | 99 |

## A ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ

### 1. ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന ഭരണപരവും സാങ്കേതികവുമായ പരിശീലനം നൽകുന്നതാണ് ട്രൈസം. ഇതിൽ 50% പട്ടികജാതി/പട്ടികവർഗ്ഗക്കാരും 40% വനിതകളും 10% വികലാംഗരുമായിരിക്കണം.

ട്രൈസം തൊഴിൽ പരിശീലന പരിപാടി പ്രകാരം സാനിറ്ററി ബ്രഷ് നിർമ്മാണം, പ്ലാസ്റ്റിക് ഡബ്ബ, പ്ലാസ്റ്റിക് വീവിംഗ്, വെൽഡിംഗ്, നൂൽനൂൽപ്പ്, കല്ലാശാര, ഇമിഗ്രേഷൻ ഡയമണ്ട് എന്നിവയ്ക്കായി മൊത്തം 26 പേർക്ക് പരിശീലനം കൊടുക്കുകയും. അതിൽ 15 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തു.

പട്ടിക 5

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം നേടിയവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിൽ ഏർപ്പെടുന്നു |
|---|---|---|---|---|
| 1 | സാനിറ്ററി ബ്രഷ് നിർമ്മാണം | 11 | 11 - | - |
| 2 | പ്ലാസ്റ്റിക് ഡബ്ബ | 3 | 3 - | - |
| 3 | വെൽഡിംഗ് | 2 | - 2 | - |
| 4 | പ്ലാസ്റ്റിക് വീംവിംഗ് | | 1 1 | - - |
| 5 | നൂൽപും നെയ്തു | | 7 - | 7- |
| 6 | കല്ലാര | | 2 - | 2- |

### DWCRA സഹായപദ്ധതി

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ, അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം വളർത്തുകയും സാമ്പത്തികാഭിവൃദ്ധി കൈവരുത്തുകയുമാണിതിന്റെ ലക്ഷ്യം.

DWCRA പ്രകാരം ആരംഭിച്ച് രണ്ടു യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഒന്നു പഞ്ചായത്തിലെ VI-ാം വാർഡിൽ 1993-94 ൽ 11 വനിതകൾ ചേർന്ന് ആരംഭിച്ച സാനിറ്ററി ബ്രഷ് നിർമ്മാണമാണ്. ഉല്പന്നങ്ങളുടെ വിപണനം പ്രശ്നമായതുകൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടും ഇതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. രണ്ടാമത്തേത് 1995-96 VIII-ാം വാർഡിൽ 12 പേർ ചേർന്ന് ആരംഭിച്ച പ്ലാസ്റ്റിക് ഇൻജക്ഷൻ മോൾഡ്, ഡബ്ബ നിർമ്മാണം എന്നിവയാണ്. ഇത് ഇപ്പോൾ പ്രവർത്തിക്കുന്നത് ഓലഷെഡിലാണ്. ഓലയ്ക്കു പകരം ഒരു ചുമർ കെട്ടി കോൺക്രീറ്റിട്ട ഷെഡാക്കിയില്ലെങ്കിൽ 6 മാസം കഴിഞ്ഞാൽ അതിന്റെ ലൈസൻസ് ഇല്ലാതാക്കുമെന്ന് അവർ ഭയക്കുന്നു. ഇതിന്റെ പ്രവർത്തനം പുരോഗതിയിൽ.

പട്ടിക 6

DWCRA തൊഴിൽ സംരംഭങ്ങൾ

| വാർഡ് | ഇനം | ആരംഭിച്ച വർഷം | ആളുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 6 | സാനിറ്ററി ബ്രഷ് നിർമ്മാണം | 93-94 | 11 | സാമ്പത്തിക ബുദ്ധിമുട്ടു മൂലം പ്രവർത്തനം മന്ദഗതിയിൽ |
| 8 | പ്ലാസ്റ്റിക് ഇഞ്ചക്ഷൻ മോൾഡ് | 95-96 | 122 | പുരോഗതിയിൽ |

### IRDP

IRDPസർവ്വേ പ്രകാരം വിവിധ പരിപാടികളിലായി പഞ്ചായത്തിൽ ആകെ 113 വീടുകൾ അനുവദിക്കുകയും ഇതിൽ 93 വീടുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 39 കക്കൂസുകൾ കൂടി അനുവദിച്ചിട്ടുണ്ട്.

പട്ടിക 7

ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വീട് ആവശ്യ മുള്ള വർ | വിവിധ പദ്ധതികളിൽ അനുവദിച്ചവർ | പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാത്തവർ | ഇനിയും ആവശ്യമുള്ളവർ |
|---|---|---|---|---|---|
| I | 5 | 11 | 10 | 1 | 5 |
| II | 11 | 29 | 24 | 5 | 11 |
| III | 14 | 9 | 7 | 2 | 14 |
| IV | 7 | 7 | 4 | 3 | 7 |
| V | 1 | 4 | 3 | 1 | 1 |
| VI | 4 | 15 | 13 | 2 | 4 |
| VII | 6 | 22 | 17 | 5 | 6 |
| VIII | 9 | 3 | 3 | - | 9 |
| IX | 6 | 13 | 12 | 1 | 6 |

പട്ടിക 8

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് | കക്കൂസുകൾ ഇല്ലാത്ത വീടുകൾ | അനുവദിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|---|
| I | - | 7 | 7 |
| II | - | 6 | 6 |
| III | 36 | 4 | 4 |
| IV | - | - | - |
| V | - | 3 | 3 |
| VI | - | 5 | 5 |
| VII | - | 7 | 7 |
| VIII | - | 4 | 4 |
| IX | - | 3 | 3 |

### B) വിവിധ ക്ഷേമപദ്ധതികൾ

സാമൂഹ്യ ക്ഷേമവകുപ്പുവഴിയും മറ്റു വകുപ്പുകൾ വഴിയും വിതരണം ചെയ്യപ്പെട്ട വിവിധ ധനസഹായ കണക്കുകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക (9)

| ഇനം | എണ്ണം | തുക | തീരുമാനമാകാത്തവ |
|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 35 | 35 X 75 | 83 |
| വികലാംഗ പെൻഷൻ | 25 | 25 X100 | 57 |
| വിധവാ പെൻഷൻ | 37 | 37 X 75 | 63 |
| കർഷകത്തൊഴിലാളി പെൻഷൻ | 127 | 127X 70 | - |

പഞ്ചായത്തിൽ 7 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 3 എണ്ണം നന്നായി പ്രവർത്തിക്കുന്നവയാണ്. മൂന്നു ബാലവാടികൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ദാരിദ്ര്യനിർമ്മാർജ്ജന, ക്ഷേമ പരിപാടികളുടെ അവലോകനം അപൂർണ്ണമാണ്. വിവിധ വകുപ്പുകളും വിവിധ ആഫീസുകളുമായി ബന്ധപ്പെട്ടാണ് ഇവക്കുള്ള അപേക്ഷകൾ ശേഖരിക്കപ്പെടുന്നതും സഹായധനം വിതരണം ചെയ്യപ്പെടുന്നതും. വിശദമായ സാമൂഹിക- സാമ്പത്തിക സർവ്വെക്കു ശേഷം മാത്രമേ ഇവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. എല്ലാ ദാരിദ്ര്യ നിർമാർജ്ജന-ക്ഷേമ പരിപാടികളും പഞ്ചായത്താഫീസ് കേന്ദ്രീകരിച്ചാൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും കൂടുതൽ കാര്യക്ഷമമാക്കാനും കഴിയും.

### പ്രശ്നങ്ങൾ

1) ഭ വിവിധപദ്ധതികളെ കുറിച്ചുള്ള യഥാർത്ഥഗുണഭോക്താക്കളുടെ അജ്ഞത
2) പദ്ധതികളുടെ ആനുകൂല്യം കുറച്ചു പേർക്കേ ലഭ്യമാകുന്നുള്ളൂ.
3) ആനുകൂല്യങ്ങളുടെ വിതരണത്തിൽ വളരെയേറെ കാലതാമസം ഉണ്ടാകുന്നു.
4) ദുർബ്ബല വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കുന്ന പരിപാടി പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.
5) ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിൽ കൊടുക്കാൻ (സംരഭകത്വസഹായം) കഴിയുന്നില്ല
6) ഗ്രാമീണ വനിതകളുടെ തൊഴിലില്ലായ്മ

### സാധ്യതകൾ

1) വിവിധ ക്ഷേമ പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്താഫീസ് വഴി യഥാർത്ഥ ഗുണഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക (VEO/LVEO മാർ ക്ക് ഇക്കാര്യത്തിൽ കാര്യമായ സഹായം നല്കാൻ കഴിയും. ഇവിടെയും സുതാര്യത ഉറപ്പുവരുത്തണം.
2) വിവിധതരം തൊഴിൽ സംരംഭകരെ സഹായിക്കുന്നതിന് വിവിധ ഏജൻസികളെ ഏകോപിച്ചുകൊണ്ട് പഞ്ചായത്ത്തല സംവിധാനം നടപ്പിലാക്കുക
3) വാർഡിൽ ചുരുങ്ങിയത് ഒന്ന് എന്ന രീതിയിലെങ്കിലും DWCRA യൂണിറ്റുകൾ രൂപീകരിക്കുക. ഇവരുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കാൻ കഴിയുന്ന പഞ്ചായത്ത് തല ബ്ലോക്ക് തല സംവിധാനം നടപ്പിലാക്കുക
4) ട്രൈസം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്ന പരിപാടികൾ ആവഷ്ക്കരിക്കുക.

# 8

# സംസ്ക്കാരം

കേരളത്തിന്റെ പുരാതന നമ്പൂതിരി ഗ്രാമങ്ങളിൽ പ്രസിദ്ധമായിരുന്ന പെരുവനം ഗ്രാമസമൂഹത്തിലെ ചാത്തക്കുടം ദേവസ്വത്തിന്റെ നെല്ലറയായി അറിയപ്പെട്ടിരുന്ന സ്ഥലമത്രെ നെന്മണിക്കര. തൃക്കൂർ പഞ്ചായത്തിൽനിന്ന് വിഭജിക്കപ്പെട്ട നെന്മണിക്കര വില്ലേജ് പൂർണ്ണമായും തൃക്കൂർ വില്ലേജിന്റെ ഒരു ഭാഗവും ഉൾക്കൊള്ളുന്നതാണ് നെന്മണിക്കര ഗ്രാമ പഞ്ചായത്ത് ജനസംഖ്യയിൽ ഈഴവജാതിയിൽപ്പെടുന്ന വിഭാഗങ്ങൾക്ക് ആണ് മുൻതൂക്കം, രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് കത്തോലിക്കാവിഭാഗത്തിൽപ്പെട്ട കൃസ്ത്യാനികളാണ്. കളിമൺപാത്രനിർമ്മാണവുമായി ബന്ധപ്പെട്ട അവർണ്ണ(ഓട) സമുദായക്കാർ പഞ്ചായത്തിലെ ചില വാർഡുകളിൽ കേന്ദ്രീകരിച്ച് താമസിക്കുന്നു. പട്ടികജാതി വിഭാഗക്കാർ മൊത്തം ജനസംഖ്യയിൽ 10 ശതമാനത്തിൽ താഴെവരും ജാതിഘടനയുടെ ഉയർന്ന ശ്രേണിയിൽനിൽക്കുന്നവർ പഞ്ചായത്തിൽ ഉണ്ട്. വിവിധ മതങ്ങളിലും ജാതികളിലും പെട്ട പഞ്ചായത്ത് നിവാസികൾ അതീവ സൗഹാർദ്ദത്തോടുകൂടി ജീവിച്ചുവരുന്നു. മത-ജാതി സംഘർഷത്തിന്റെ യാതൊരുവിധ സംഭവങ്ങളും പഞ്ചായത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഭൂരിഭാഗം ജനങ്ങളും കഴിഞ്ഞ കാലങ്ങളിൽ കാർഷികവൃത്തിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തിയിരുന്നെങ്കിലും സമീപകാലത്തായി ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഗൾഫ്കാർ ചെറുകിടവ്യവസായികൾ എന്നിവർ പഞ്ചായത്തിന്റെ സാമ്പത്തിക ശ്രേണിയിൽ ഉയർന്ന സ്ഥാനത്തേക്ക് വരുന്നത് ഒരു സമീപകാല പ്രതിഭാസമാണ്. ബഹുഭൂരിപക്ഷം ജനങ്ങളും ചെറിയ വരുമാനക്കാരാണ്. ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ളവർ വളരെ ചുരുക്കമാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ മതജാതിവിഭാഗത്തിൽ ഉള്ളവരുടെ നിരവധി ആരാധനാലയങ്ങൾ ഉണ്ട്. ചേന്നംകുളങ്ങര ഭഗവതി ക്ഷേത്രം, തലോർ ശിവക്ഷേത്രം, പുലക്കാട്ടുകര രാമപുരം കൃഷ്ണക്ഷേത്രം, ചിറ്റിചാത്തക്കുടം ശാസ്താക്ഷേത്രം, കോട്ടായി അയ്യപ്പക്ഷേത്രം, കണ്ണംകുളങ്ങര ശ്രീകൃഷ്ണ ക്ഷേത്രം പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ തൊഴിലാളി വിഭാഗമായ ഓടമഹാസമുദായത്തിന്റെ കുലദേവതാക്ഷേത്രമായ എറവക്കാട് മാരിയമ്മൻ കോവിൽ, നെല്ലികുളങ്ങര ഭഗവതിക്ഷേത്രം, മടവാക്കര ശിവക്ഷേത്രം നെന്മണിക്കര ശിവക്ഷേത്രം, പലാഴി അയ്യപ്പക്ഷേത്രം തുടങ്ങിയ ഹുന്ദു വിഭാഗത്തിൽപ്പെട്ട ക്ഷേത്രങ്ങളും, തലോർ പുലക്കാട്ടുകര, ചിറ്റിശ്ശേരി, നെന്മണിക്കര പാലാഴി എന്നീ പ്രദേശങ്ങളിലെ ക്രൈസ്തവ പള്ളികളും തലോണിക്കരയിൽ സമീപകാലത്തായി രൂപംകൊണ്ട ക്രൈസ്തവരുടെ ജറുസലം ധ്യാനകേന്ദ്രവും അടങ്ങുന്നതാണ് പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ.

പ്രസ്തുത ആരാധനാലയങ്ങളും വിവിധ ജാതിമതസ്ഥരുമായി ബന്ധപ്പെട്ട് ആഘോഷിക്കപ്പെടുന്ന ഉത്സവങ്ങൾ പഞ്ചായത്തിന്റെ മത-സൗഹൃത പൈതൃകത്തിന് തിളക്കം കൂട്ടുന്നവയാണ്.

തലോർ കേന്ദ്രീകരിച്ച് കന്നിമാസത്തിലെ ആയില്യം മകത്തോട് അനുബന്ധിച്ച് നടത്തുന്ന പോത്തോട്ടം നന്മണിക്കരയിലെ തനിമയാർന്ന ഉത്സവാഘോഷങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്നു. കാർഷിക വിളവെടുപ്പ് കഴിഞ്ഞ് അതിന് സഹായിച്ച മൃഗങ്ങളെയും മനുഷ്യരേയും സന്തുഷ്ടരാക്കുന്നതിന് പഴയകാല ജന്മിത്വത്തിന്റെ സഹായത്തോടെ നടത്തപ്പെടുന്ന ഒരു ആഘോഷം ആണ്. കേരളത്തിലെ വിവിധഭാഗങ്ങളിൽ പ്രത്യേകിച്ചും പാലക്കാട് ഭാഗത്ത് ഇതിന് സമാനമായ ആഘോഷങ്ങൾ നമുക്ക് കാണാവുന്നതാണ്. അവർണ്ണജാതിക്കാരുടെ പ്രത്യേകിച്ചും പട്ടികജാതിക്കാരുടെ വ്യാപകമായ പങ്കാളിത്തം ഉണ്ടായിരുന്ന പ്രസ്തുത ഉത്സവത്തിന്റെ പൊലിമ കാലം ചെല്ലുംതോറും കുറഞ്ഞുവരികയാണ്. ഊമമ്പിള്ളി മനക്കിലെ വലിയതിരുമേനിയും അടിയാള വിഭാഗത്തിൽപെട്ട തൊഴിലാളികളെയും പ്രകൃതിഘടകങ്ങളെയും ബന്ധപ്പെടുത്തി ഈ ആഘോഷത്തിന് ഒരു ഐതിഹ്യം ഉള്ളതായി പറയപ്പെടുന്നു.

കേരളത്തിലെ സംസ്ക്കാരരൂപീകരണവുമായി ബന്ധപ്പെട്ട് ഉണ്ടായ പൊതു മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലും പ്രതിഫലിക്കുകയുണ്ടായിട്ടുണ്ട്. പുരോഗമനവാദികളായ യുവാക്കളുടെ നേതൃത്വത്തിൽ നാലഞ്ച് ദശകങ്ങൾക്ക് മുമ്പുതന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വായനശാലകളും കലാസമിതികളും രൂപമെടുത്തിരുന്നു. ദേശീയ- സ്വാതന്ത്ര്യസമരം, നവോത്ഥാനപ്രസ്ഥാനം സാക്ഷരതാവ്യാപനം തുടങ്ങി പഞ്ചായത്തിന്റെ പുരോഗതിക്ക് ആധാരമായ നിരവധിപ്രവർത്തനങ്ങൾ വായനശാലകൾ, കലാസമിതികൾ തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങൾവഴി പ്രചരിപ്പിക്കുകയുണ്ടായി. ഇന്നലെകളിൽ പ്രവർത്തിച്ചിരുന്ന നിരവധി സാംസ്ക്കാരിക കേന്ദ്രങ്ങൾ ഇന്ന് പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ പ്രധാന ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

1948 ൽ പ്രവർത്തനം ആരംഭിച്ച പാലാഴി ഗ്രാമീണവായനശാല സ്ഥാപിക്കുന്നതിന് നേതൃത്ത്വം നൽകിയത് പ്രശസ്ത സംസ്കൃത പണ്ഡിതനായ ശ്രീ.എം.വി.കൃഷ്ണ വാരിയർ ആണ്. ഗ്രന്ഥശാലകളിൽ പുതിയ പുസ്തകങ്ങളുടെ വർദ്ധനവ് വിവിധ രീതികളിലാണ്. പുസ്തകങ്ങളുടെ ഗുണപരമായ ഉള്ളടക്കത്തിന് ഊന്നൽനൽകുന്ന രീതിയിലുള്ള വാങ്ങൽ രീതിയിൽ എല്ലാഗ്രന്ഥശാലകളും ഒരേപോലെ ശ്രദ്ധിക്കുന്നില്ലെന്ന് കാണുന്നു. നവീന സാങ്കേതിക മേഖലയെ സംബന്ധിക്കുന്ന റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ വാങ്ങുന്നതിന് കൂടുതൽ ശ്രദ്ധിക്കണം. ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ വായനക്കാർ ഉള്ള ദിനപത്രം മനോരമയാണ്. തൊട്ടടുത്ത സ്ഥാനത്ത് മാതൃഭൂമിയാണ്. ദേശാഭിമാനി, ദീപിക, എക്സ്പ്രസ്സ് തുടങ്ങിയ പത്രങ്ങളും പ്രചാരത്തിലുണ്ട്. വിവിധ ഗ്രന്ഥശാലകളുടെ

പട്ടിക 1

| പേര് | സ്ഥാപിച്ച വർഷം | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| പഞ്ചായത്ത് വായനശാല | | 3456 | 781 | ദിനപത്രം-4<br>വാരിക-4<br>മാസിക-5<br>ആകെ-9 | ഇല്ല |
| ഗ്രാമീണ വായനശാല പാലാഴി | 15-1-1948 | 5427 | 1230 | ദിനപത്രം-8<br>വാരിക-5<br>മാസിക-5<br>ആകെ-18 | ടി.വി., റേഡിയോ സാക്ഷരത |
| സത്യൻ സ്മാരക വായനശാല ചിറ്റിശ്ശേരി | 6-10-1972 | 3137 | 960 | ദിനപത്രം-3<br>വാരിക-5<br>മാസിക-5<br>ആകെ-13 | വനവല്ക്കരണം ആർട്സ്, സ്പോർട്ട്സ് സാമൂഹ്യ പ്രവർത്തനങ്ങൾ |
| സർഗതാര വായനശാല ചിറ്റിശ്ശേരി | 22-3-81 | 2074 | 666 | ദിനപത്രം-4<br>വാരിക-4<br>മാസിക-3<br>ആകെ-11 | കൃഷി പുസ്തക കോർണർ<br>വന പുസ്തക കോർണർ<br>കലാസമിതി |

വായനാശീലത്തിൽ പ്രത്യേകിച്ചും യുവജനങ്ങളുടെ വായനാശീലത്തിൽ വന്നിട്ടുള്ള കുറവ് ഉൽകണ്ഠ ഉയർത്തുന്നതാണ്.

പഞ്ചായത്തിലെ പ്രധാന ക്ലബ്ബുകളും താഴെപറയുന്നവയാണ്..

1. പാലാഴി ലളിതകലാസമിതി, പാലാഴി.
2. ഉദയകലാസമിതി, ചിറ്റിശ്ശേരി.
3. നവഭാരത് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ചെറുവാട്
4. റെയിൻബോ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പാലാഴി.
5. യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പാലാഴി.
6. കവിത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, തലോർ
7. പ്രോഗ്രസ്സീവ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മടവാക്കര.
8. ന്യു ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മടവാക്കര.
9. രംഗമുദ്ര നാടകവേദി, എറവക്കാട്.
10. വോയ്സോഫ് ട്രൂത്ത്, ചിറ്റിശ്ശേരി.
11. അപ്സര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, നന്മണിക്കര
12. യുവചേതന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, തലോർ.
13. ജനകീയ കലാകേന്ദ്രം, കുന്നിശ്ശേരി.
14. മൈത്രി കലാവേദി, പുലക്കാട്ടുകര.
15. മിഴി സാംസ്ക്കാരിക വേദി, പാലിയേക്കര.
16. കുടുംബ സഹായ സമിതി, പാലാഴി.

പഞ്ചായത്തിലെ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്തം നൽകുന്ന മുകളിൽ വിവരിച്ച വിവിധ സമിതികളുടെ പ്രവർത്തനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. പാലാഴികുടുംബസഹായസമിതി കലാപ്രവർത്തനത്തോടൊപ്പം ഗ്രാമീണ ജീവിതത്തിലുണ്ടാകുന്ന അടിയന്തിര സന്ദർഭങ്ങളിൽ (വിവാഹം, മരണം തുടങ്ങിയവ) സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരു ജനകീയ കൂട്ടായ്മയായി പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ മൊത്തം 4 കേബിൾ ടി.വി.സെന്ററുകളും 3 സിനിമാശാലകളും ആണ് പ്രവർത്തിക്കുന്നത്. ഇലക്ട്രോണിക്/TV മാധ്യമങ്ങളുടെ പ്രചാരണം പഞ്ചായത്തിനെ സാംസ്ക്കാരിക നിലയെ അസന്തുലിതമായിരിക്കുന്നു. സാംസ്ക്കാര വ്യവസായത്തിന്റെ ഏറ്റവും പുതിയതായ ഈ രൂപങ്ങൾ നമ്മുടെ ചിന്തയേയും പ്രവർത്തനങ്ങളേയും ബാധിക്കുന്നതരത്തിൽ വളർന്നിരിക്കുന്നു. അമേചർ, പ്രൊഫഷണൽ നാടക സംഘങ്ങൾക്ക് സദസ്സുകൾ ശുഷ്കമാകുന്നു. സിനിമാശാലകളിൽ പോലും ജനങ്ങളുടെ കുറവ് അനുഭവപ്പെടുന്നു. ഇത് ലൈംഗികാതിപ്രസരമുള്ള ചിത്രങ്ങളുടെ വ്യാപനത്തിന് കളമൊരുക്കുന്നു. ഇലക്ട്രോണിക് മീഡിയ പുതിയ സാംസ്ക്കാരിക അധിനിവേശത്തിന്റെ ഉയർന്ന രൂപമായി തിരച്ചറിയപ്പെടണം. സ്ത്രീയേ കേവലം ശരീരമായി നോക്കി കാണുന്ന രീതിയിലേക്ക് ഇത് നമ്മുടെ സമൂഹത്തെ മാറ്റുന്നു. ഗ്രാമീണതലത്തിലുള്ള വനിതാ കോളേജുകളിൽപോലും സുന്ദരീതിരഞ്ഞെടുപ്പ് സാധാരണമാകുന്നത് ഇതിന്റെ ഉദാഹരണമാണ്.

### കായികസംസ്ക്കാരം

ഗ്രാമീണ തലത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ ഒരു അനുബന്ധപ്രവർത്തനം മാത്രമാണ് കായികരംഗം. നല്ലകളിസ്ഥലങ്ങൾ, ഉന്നതപരിശാലനത്തിന്റെ അഭാവം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഈ മേഖലകളിൽ പ്രതിഭകൾ ഉയർന്നുവരുന്നതിന് തടസ്സമായി നില്ക്കുന്നു.

ചെറുവാളിലെ പഞ്ചായത്ത് അധീനതയിലുള്ള ഗ്രൗണ്ട് മാത്രമാണ് പഞ്ചായത്തിലെ ഏക പൊതു കളിസ്ഥലം. തലോരിലെ ദീപ്തി ഹൈസ്കൂൾ ഗ്രൗണ്ട് സ്ക്കൂൾ പ്രവർത്തിക്കാത്ത സന്ദർഭങ്ങളിൽ പൊതു കായിക വിനോ

ക്കുന്ന ഫുട്ബോൾ മേളകൾ, ക്രിക്കറ്റ് ടൂർണ്ണമെന്റുകൾ എന്നിവ ഇവിടെ സംഘടിപ്പിക്കാറുണ്ട്. മറ്റിതര കായിക കലകൾ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. ആദ്യകാലത്ത് ചില ജിംനേഷ്യങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ ഇത്തരം സംരംഭങ്ങൽ നിലനില്ക്കുന്നില്ല.

### പ്രശ്നങ്ങളും സാധ്യതകളും

- കലാ-സാംസ്കാരിക മേഖലകളിലെ മുഖ്യപ്രശ്നങ്ങൾ മുകളിൽ ചർച്ചചെയ്തിട്ടുണ്ട്. പഴയകാല അനാചാരങ്ങൾക്കു പകരം ഇന്നലെവരെ മലയാളി സമൂഹത്തിനു അപരിചിതമായിരുന്ന പുതിയ അനാചാരങ്ങൾ അതീവ ദ്രുതഗതിയിൽ പ്രചരിക്കുന്നുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇതിന്റെ അനുരണനങ്ങൾ കാണാം. കെട്ടിടനിർമ്മാണരംഗത്തു പുതുതായി രൂപം കൊണ്ടിട്ടുള്ള പുതിയ നിർമ്മാണ രീതികൾ സമ്പത്തിന്റെ ദുരുപയോഗത്തിനു കാരണമാകുന്നുണ്ട്. സ്ത്രീകളോടും കുട്ടികളോടുമുള്ള പെരുമാറ്റത്തിലും ഈ മാറ്റം പ്രകടമാകുന്നുണ്ട്.
- കുട്ടികളുടെ പിറന്നാളുകൾ ഗൃഹപ്രവേശവേളകൾ തുടങ്ങിയ സന്ദർഭങ്ങളിൽ നാം ചിലവഴിക്കുന്ന അമിത സമ്പത്ത് പഞ്ചായത്തിൽ അടുത്ത കാലത്തായി രൂപം കൊണ്ട ചീത്തപ്രവണതകളിലൊന്നാണ്. ഉപഭോഗസംസ്ക്കാരത്തിന്റെ മിഥ്യാഭിമാനവും പൊങ്ങച്ചവും ഇത്തരം വേളകളിൽ പ്രകടമാണ്.
- വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം മുഴുവൻ മലയാളികളുടേതുപോലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റേയും മുഖ്യപ്രശ്നങ്ങളിലൊന്നാണ്. മുൻപ് ചില ജാതികളിൽമാത്രം ഒതുങ്ങിനിന്നിരുന്ന സ്ത്രീധനമെന്ന ദുരാചാരം ഇന്ന് സാർവ്വത്രികമായിരിക്കുന്നു. അപവാദങ്ങൾ അപൂർവ്വമാണ്. വിവാഹനിശ്ചയവും മറ്റും മുൻപ് ലളിതചടങ്ങുകളായിരുന്നുവെങ്കിലും ഇന്ന് അത് സമ്പത്തിന്റെ ധൂർത്തിനുള്ള വേദിയായ് മാറിയിരിക്കുന്നു. സ്ത്രീധനം ഗ്രാമ്യതലത്തിൽപോലും നിരവധി ലക്ഷങ്ങളിലേക്ക് ഉയർന്നിരിക്കുന്നു.
- വിവാഹത്തിനുശേഷവും ആഡംബരവും ധൂർത്തും നില്ക്കുന്നില്ല. പ്രസവത്തിനുമുമ്പും പിമ്പുമായികൊടുക്കേണ്ടിവരുന്ന പാരിതോഷികങ്ങളുടെ തുടർ നമ്മെ അത്ഭുതപ്പെടുത്തുന്നതോടൊപ്പം ആശങ്കാകുലരാകു

രണവും ഇച്ഛാശക്തിയുള്ള ഭരണനേതൃത്വത്തിന്റെ ഭാഗത്തുനിന്നുള്ള ഉറച്ച നിയമനടപടികളും ഇത്തരം അനാചാരങ്ങൾ ഒഴിവാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

- 'വായന മരിക്കുന്നു' എന്ന പ്രവണതെ ചെറുക്കുന്നതിനായി ഗ്രാമീണ ഗ്രന്ഥശാലകളും വായനശാലകളും നവീകരിക്കുകയും വൈവിധ്യവല്ക്കരിക്കുകയും ചെയ്യേണ്ടതാണ്.
- സാംസ്കാരിക കോളനിവല്ക്കരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായ് സ്വത്വബോധവും പ്രാദേശികത്തനിമയാർന്നതുമായ ഉത്സവാഘോഷങ്ങളെ പ്രോത്സാഹിപ്പിക്കുക.
- ഗ്രാമപ്പഞ്ചായത്തിലെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിക്കുകയും ഇതിനായി ഒരു വാർഷികകലണ്ടർ നടപ്പാക്കുകയും ചെയ്യുക.
- ഗ്രാമീണ തലത്തിൽ വീഡിയോ ക്ലബ്ബ്, ഫിലിം സൊസൈറ്റി തുടങ്ങിയ പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ ആരായണം.
- ഗ്രാമീണതലത്തിൽ പ്രചുരപ്രചാരം നേടിയിരുന്നതും ഇപ്പോൾ നിലച്ചുപോയതുമായ നാടൻകലകൾ, അനുഷ്ഠാനകലകൾ തുടങ്ങിയവ നിലനിർത്തുന്നതിനും വ്യാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇത്തരത്തിലുള്ള ചില പ്രവർന്നങ്ങൾ ഭാവിതലമുറകൾക്കുകൂടി ഉപകാരപ്പെടുന്ന തരത്തിൽ റെക്കോർഡു ചെയ്യണം. (CD സാദ്ധ്യതകൾ അന്വേഷിക്കാവുന്നതാണ്)
- യന്ത്രവത്കൃത സമൂഹത്തിന്റെ ശാപമായ് മാറിയിട്ടുള്ള പകർച്ചവ്യാധികൾ (എയ്ഡ്സ്), മയക്കുമരുന്ന് ഉപയോഗം, മദ്യപാനാസക്തി തുടങ്ങിയവക്കെതിരെയുള്ള ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക. ഇക്കാര്യത്തിൽ കലാസാംസ്കാരിക സമിതികളുടെ കൂട്ടായ പ്രവർത്തനം ഉണ്ടാകാവുന്ന വിധത്തിൽ പരിപാടികൾ ആവിഷ്കരിക്കുക.
- സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിൽ സംഭവിച്ചിട്ടുള്ള അധഃപതനം ഇല്ലാതാക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. സ്ത്രീപക്ഷ സാഹിത്യം, സ്ത്രീപക്ഷ സിനിമകൾ തുടങ്ങിയ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

# 9

# വനിത

സ്ത്രീ ലിംഗപദവിയും തുല്യതയും സാമൂഹ്യ വികസനപ്രക്രിയയുടെ ആവേഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. 1991ലെ സെൻസസ് കണക്കുകളനുസരിച്ച് 18664 വരുന്ന പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 9514 സ്ത്രീകളാണുള്ളത്. പുരുഷ സ്ത്രീലിംഗാനുപാതം 1000:1039 ആണ്. സംസ്ഥാനം 1000:1036 ഉം ജില്ല- 1000:1085 ഉം ആണ്. ) പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയായ 16നോട് അടുത്തുനിൽക്കുന്നു. നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യ പദവി വിശകലനം ചെയ്യുന്നതിന് സഹായകമാകുന്ന ചില സൂചികകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 1

**സമൂഹത്തിലെ സ്ത്രീ പദവി ഒരു താരതമ്യ പഠനം**

| മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| ജനസംഖ്യ | 9150 | 9514 |
| സാക്ഷരത | 7423 | 7094 |
| 0-6 വയസ്സുള്ളവരുടെ എണ്ണം | 1144 | 1047 |
| സ്കൂൾ വിദ്യാർത്ഥികൾ | 3087 | 2331 |
| തൊഴിൽ പങ്കാളിത്തം | 46.75% | 18.02% |
| PHCയിലെ ഔട്ട് പേഷ്യന്റ് രജിസ്റ്റർ ആധാരമാക്കിയുള്ള രോഗവിവരം (95- 96) | 3504 | 10404 കുട്ടികളും) (സ്ത്രീകളും |

(അവലംബം : 91ലെ സെൻസസ് കണക്കുകൾ, RRA, സ്കൂൾ pHC രേഖകൾ)

പഞ്ചായത്തില സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ചർച്ച ചെയ്യുമ്പോൾ സാമ്പത്തിക ചൂഷണം മുതൽ ലൈംഗിക ചൂഷണം വരെയുള്ള നിരവധി പ്രശ്നങ്ങൾ അതിന്റെ പരിധിയിൽ വരും. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വിജയകരമായി പൂർത്തീകരിച്ച പഞ്ചായത്തായിരുന്നിട്ടും സ്ത്രീ സാക്ഷരത പുരുഷസാക്ഷരതക്കൊപ്പമെത്തിയിട്ടില്ല. ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ വിദ്യാർത്ഥികളുടെ തലത്തിൽ കേരളത്തിലെ പൊതുസ്ഥിതിയിൽനിന്ന് വ്യത്യസ്തമായി ആൺകുട്ടികളുടെ എണ്ണത്തിൽ നേരിയ മുൻതൂക്കമുണ്ട്. കോളേജ് തലത്തിലേക്കും മറ്റ് ഉന്നതവിദ്യാഭ്യാസ മേഖലകളിലേക്കും കടക്കുമ്പോൾ സ്ത്രീകൾക്ക് പ്രകടമായ മുൻതൂക്കവും ദൃശ്യമാകുന്നു. എന്നാൽ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഈ സ്ഥിതി നേരെ മറിച്ചാണ്. വിദ്യാഭ്യാസ സംവിധാനത്തിൽ സ്ത്രീകളാർജ്ജിച്ചിട്ടുള്ള മേൽക്കൈ ലിംഗപരമായ തുല്യതയുടെ തെളിവായിട്ട് കാണാൻ കഴിയില്ല. തൊഴിൽമേഖല പരിശോധിക്കുമ്പോൾ നമുക്കിത് ബോദ്ധ്യമാകും.

പട്ടിക (1)ൽ സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 18.02% ആണ്. എന്നാൽ പുരുഷന്റേത് 46.75% ആണ്. ഈ പ്രകടമായ അന്തരത്തിനു കാരണമെന്ത്. തീർച്ചയായും ലിംഗപരമായ അസന്തുലിതാവസ്ഥക്കുള്ള ഏറ്റവും മികച്ച സൂചികയായി നമുക്കിത് പരിഗണിക്കാവുന്നതാണ്. തൊഴിൽ വിഭജനത്തിന്റെ മേഖലകളിലെത്തുമ്പോൾ ഈ വ്യത്യാസം കൂടുതൽ പ്രകടമാകുന്നു. തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും സ്ത്രൈണ തൊഴിലുകൾ എന്ന് വിശേഷിപ്പിക്കുന്ന മേഖലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അദ്ധ്യാപന മേഖലയിൽ സ്ത്രീകൾക്കുള്ള മേധാവിത്വം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ആകെയുള്ള 9 സ്കൂളുകളിൽ 6 എണ്ണത്തിന്റേയും നേതൃത്വത്തിൽ ഉള്ളത് അദ്ധ്യാപികമാരാണ്. 9 സ്കൂളുകളിലെ മൊത്തം അദ്ധ്യാപകരായ 110 പേരിൽ 81 പേർ സ്ത്രീകളാണ്. മറ്റു മേഖലകളിൽ നിന്ന് വ്യത്യസ്തമായി പഞ്ചായത്തിൽ ദൃശ്യമാവുന്ന മറ്റൊരു പ്രവണതയുണ്ട്. വ്യവസായത്തൊഴിലാളികളിൽ സ്ത്രീകൾക്കുള്ള മേൽക്കൈ ആണിത്. പക്ഷെ പഞ്ചായത്തിലെ വ്യവസായ മേഖലയുടെ നട്ടെല്ല് പരമ്പരാഗതം എന്നു വിശേഷിപ്പിക്കാവുന്ന ഓട്ടുകമ്പനികളാണ്. മുമ്പ് കർഷകത്തൊഴിലാളി മേഖലയിലുണ്ടായിരുന്ന തൊഴിലാളി വിഭാഗങ്ങളാണ് പ്രധാനമായും ഈ തുറയിലേക്ക് മാറിയിട്ടുള്ളത്. അസംഘടിതമെന്ന് വിശേഷിപ്പിക്കാവുന്ന തൊഴിൽ മേഖലകളായ ഗൃഹനിർമ്മാണം, മണ്ണ് ഖനനം, നാടൻ ഇഷ്ടിക നിർമ്മാണം എന്നിവയിലും സ്ത്രീകൾ നിർണ്ണായക തൊഴിൽ ശക്തിയാണ്. മിനിമം വേജസ് ആക്ട് നിലനില്ക്കുന്ന ഓട്ടുകമ്പനി മേഖലയൊഴിച്ച് മറ്റ് അസംഘടിത മേഖലകളിൽ വേതനത്തിന്റെ കാര്യത്തിൽ വലിയ സ്ത്രീ-പുരുഷ അന്തരം ദൃശ്യമാണ്. ഓട്ടുകമ്പനികളിൽ തന്നെ താല്ക്കാലികത്തൊഴിലാളികളുടെ കാര്യത്തിൽ തുല്യജോലിക്ക് തുല്യവേതനമെന്ന തത്വം ചിലപ്പൊഴൊക്കെ അവഗണിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിൽ കാർഷിക മേഖലക്കുണ്ടായ അധഃപതനത്തിന്റെ (കൃഷി വിസ്തൃതിയുടെ വലിയ തോതിലുള്ള കുറവ്) അനന്തര ഫലമെന്നോണം കർഷകത്തൊഴിലാളി മേഖലയിലും സ്ത്രീകൾ വളരെ കുറഞ്ഞുപോയിട്ടുണ്ട്.

കാനേഷുമാരി കണക്കുകളിൽ തൊഴിൽ രഹിത അല്ലെങ്കിൽ വീട്ടമ്മ എന്ന രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ത്രീകൾ എന്തു ചെയ്യുന്നുവെന്ന് പരിശോധിക്കേണ്ടതാണ്. സ്ത്രീ തൊഴിലിന്റെ അദൃശ്യതയും ലിംഗഭേദവും തുറന്നു കാണിക്കപ്പെടുന്ന മേഖലയാണിത്. വലിയ അദ്ധ്വാനവും സമയവും ആവശ്യപ്പെടുന്ന ഗൃഹജോലികൾ ഏതാണ്ട് പൂർണ്ണമായും ചെയ്യുന്നത് സ്ത്രീകളാണ്. ഉദ്യോഗസ്ഥകളായ വീട്ടമ്മമാർ പോലും ജോലി സമയത്തിനു ശേഷം തങ്ങളുടെ ഗൃഹജോലിക്ക് സമയം കണ്ടെത്തുന്നുണ്ട്. പഞ്ചായത്തിലാകെയുള്ള 4440 കുടുംബങ്ങളിൽ 1586 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള

താണ്. തൊഴിൽ രഹിതർ എന്ന് വിശേഷിപ്പിക്കാവുന്ന വീട്ടമ്മമാർ ചെയ്യുന്ന കാണാപ്പണികളുടെ ആഴവും പരപ്പും അറിയാൻ വ്യവസ്ഥാപിത മാർഗ്ഗങ്ങൾ നിലവിലില്ല. ഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ, പുരയിടകൃഷിയുമായി ബന്ധപ്പെട്ട പണികൾ, ആടുമാടുകളെ വളർത്തൽ എന്നിവയിൽ വ്യാപൃതരായവർ ഏറെയാണ്. പ്ലാസ്റ്റിക്ക് കൊതുകുവല നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും വനിതകൾ പഞ്ചായത്തിലുണ്ട്. IRDP പദ്ധതി പ്രകാരം ബേക്കറി സാധനങ്ങൾ ഉണ്ടാക്കൽ, ടൈലറിംഗ്, റോൾഡ് ഗോൾഡ് നിർമ്മാണം പപ്പടനിർമ്മാണം തുടങ്ങിയ മേഖലകളിൽ ഏർപ്പെട്ട് കുടുംബത്തിന്റെ വരുമാനമാർഗ്ഗം തെരയുന്നവരായി നിരവധി സ്ത്രീകളുണ്ട്. പഞ്ചായത്തിലെ ഏറ്റവും നല്ല കർഷകരായി 95-96, 96-97 കാലയളവിൽ 3 സ്ത്രീകൾ സമ്മാനിതരായിട്ടുണ്ട്.

DWCRA പദ്ധതി പ്രകാരം രൂപീകരിച്ച രണ്ടു വനിതാ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്. 1993-94 ൽ 11 വനിതകൾ കൂടിച്ചേർന്ന് ആരംഭിച്ച സാനിറ്ററി ബ്രഷ് നിർമ്മാണ യൂണിറ്റാണ് അവയിലൊന്ന് VI-ാം വാർഡിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റിന്റെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. VIII-ാം വാർഡിൽ 95-96ൽ പ്രവർത്തനമാരംഭിച്ച 12 പേരുടെ കൂട്ടായ സംരംഭമായ പ്ലാസ്റ്റിക് ഇഞ്ചക്ഷൻ മോൾഡ് (പ്ലാസ്റ്റിക് ഡബ്ബ) യൂണിറ്റ് സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. വനിതാവ്യവസായ സംരഭകരുടെ നേതൃത്വത്തിലുള്ള ശ്രദ്ധേയമായ മറ്റു സംരംഭങ്ങൾ പഞ്ചായത്തിൽ നിലവിലില്ലെങ്കിലും വനിതകൾ നടത്തുന്ന ചെറുകിട സംരംഭങ്ങൾ ഏറെയുണ്ട്. ചെറിയ പെട്ടിക്കടകൾ, കൊച്ചുസ്റ്റേഷനറി കടകൾ എന്നിവ. ചില ഓട്ടുകമ്പനികളുടെ ലൈസൻസി വനിതകളായിരിക്കാമെങ്കിലും ഇത്തരം യൂണിറ്റുകൾക്ക് വനിതാ നേതൃത്വം നിലവിലില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 34 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്.

വനിതകളുടെ നേതൃത്വത്തിലുള്ള മറ്റു സംരംഭങ്ങൾ പരിശോധിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട രണ്ടു മാതൃകാസ്ഥാപനങ്ങളുണ്ട്. ചിറ്റിശ്ശേരിയിൽ അനാഥരായ വൃദ്ധജനങ്ങൾക്കു വേണ്ടി സെന്റ് മേരീസ് പ്രൊവിൻഷ്യൽ സിസ്റ്റേഴ്സ് ഒരു ദയാ സദനം നടത്തിവരുന്നു. ഇവിടെ അനാഥരായ 35 വൃദ്ധന്മാർക്ക് ഭക്ഷണം, പാർപ്പിടം പരിചരണം എന്നിവ സൗജന്യമായി നല്കിവരുന്നു. തലോരിൽ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന നവജ്യോതിയെന്ന വനിതാ പാരലൽ കോളേജാണ് മറ്റൊന്ന്. 18 വനിതാ അദ്ധ്യാപകർ ജോലി ചെയ്തുവരുന്ന സ്ഥാപനം പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും പ്രശസ്തിയുള്ള ഒരു കലാലയമാണ്.

സ്ത്രീകളുടെ സാമൂഹികവും സാംസ്കാരികവുമായ അവസ്ഥയും പരിഗണിക്കേണ്ടതുണ്ട്. ഒരു വശത്ത് സ്ത്രീകളുടെ അവകാശസമരങ്ങളെ സഹായിക്കാൻ വിദ്യാഭ്യാസത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ സ്ത്രീധനം, ലൈംഗിക പീഢനം തുടങ്ങി. പ്രശ്നങ്ങളെ വേണ്ടത്ര രീതിയിൽ പ്രതിരോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീപീഢന സംഭവങ്ങൾ സാധാരണയായി പുറത്തുവരാറില്ല. 1989ലും 1995ലും രണ്ട് സ്ത്രീ പീഢനമരണങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. സ്ത്രീ സംഘടനകൾ മുഖ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അനുബന്ധങ്ങളായാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തീരാജ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംവരണ സീറ്റുകളിൽ സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിലും സാമൂഹ്യ പ്രസ്ഥാനങ്ങളുടെ മുൻനിരയിലേക്ക് വരുന്ന സ്ത്രീകളുടെ എണ്ണം ഇപ്പോഴും വിരളമാണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ബഹുജനസംഘടനകളിൽ നേതൃസ്ഥാനത്ത് 15-20 വനിതകളാണുള്ളത്. പുരുഷമേധാവിത്തപരമായ മൂല്യങ്ങൾ അധീശത്വം വഹിക്കുന്ന നമ്മുടേതുപോലുള്ള സമൂഹത്തിൽ സാമൂഹ്യ മണ്ഡലത്തിലല്ല സ്ത്രീ പുരുഷ ബന്ധങ്ങൾക്ക് പ്രാധാന്യമുള്ള സ്വകാര്യ മണ്ഡലത്തിലാണ് സ്ത്രീയുടെ സ്ഥാനമെന്നാണ് കരുതപ്പെട്ടു വരുന്നത്. വിവാഹത്തെയും കുടുംബജീവിതത്തേയും കേന്ദ്രീകരിച്ചുള്ള, ഒഴിവു സമയങ്ങളിൽ മാത്രം എന്തെങ്കിലും തൊഴിലോ സാമൂഹ്യ സേവന പ്രവർത്തനമോ നടത്തുന്ന സുന്ദരികളും സുശീലകളുമായ വീട്ടമ്മ സങ്കല്പത്തിൽനിന്ന് സ്ത്രീകൾ രക്ഷപ്പെടേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. വനിതകളുടെ കൂട്ടായ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ കാണിക്കുന്ന അശ്രദ്ധ
3. തൊഴിൽ മേഖലയിൽ സ്ത്രീകൾ നേരിടുന്ന നാനാതരം പീഢനങ്ങളും വിവേചനങ്ങളും
4. മിനിമം വേജസ് ആക്റ്റ് നടപ്പാക്കാത്ത സ്ഥാപനങ്ങളിൽ സ്ത്രീ- പുരുഷ(പ്ലാസ്റ്റിക് നിർമ്മാണം, മരക്കമ്പനി, ഓട്ടുക്കമ്പനികളിലെ താല്ക്കാലിക ജീവനക്കാർ) വേതനത്തിൽ നിലനില്ക്കുന്ന അന്തരം
5 DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ നേതൃത്വത്തിന്റെ അഭാവം അനുഭവപ്പെടുന്നു.
6. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
7. സ്ത്രീകളുടെ നേതൃത്വ ഗുണം പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികളുടെ അഭാവം
8. സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചുള്ള അറിവി

ല്ലായ്മ

9. സ്ത്രീ വിരുദ്ധ സൗന്ദര്യബോധത്തെക്കുറിച്ചുള്ള ബോധവല്ക്കരണത്തിന്റെ അഭാവം

10. സ്ത്രൈണ തൊഴിലുകളുടെ പുനഃസംഘടന

11. സമൂഹത്തിലെ പുത്തൻ അനാചാരങ്ങൾക്കെതിരെയുള്ള സ്ത്രീപക്ഷ പ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവം

### സാധ്യതകൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ലക്ഷ്യബോധമുള്ള ബോധവൽക്കരണ പ്രവർത്തനം

2. സാക്ഷരതാ പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കുക


3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിനു വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾക്കുപുറമെ പഞ്ചായത്ത് തലത്തിലും/വാർഡ് തലത്തിലും ചർച്ചാക്ലാസ്സുകളും പരിശീലനക്ലാസ്സുകളും സംഘടിപ്പിക്കുക.

4. ബാലവാടികൾ, മഹിളാ സമാജങ്ങൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

5. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

6. തൊഴിലെടുക്കുന്ന വീട്ടമ്മമാരുടെ കുഞ്ഞുങ്ങൾക്കായി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഡെ കെയർ സെന്ററുകൾ, ക്രെഷെകൾ എന്നിവ തുടങ്ങുക

7. സ്ത്രീ വിരുദ്ധ സംസ്ക്കാര വ്യാപനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ.



# 10

# സഹകരണമേഖല

ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് 1940കളിലാണ് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. തലോരും പരിസരപ്രദേശത്തും ഉള്ള പുരോഗമന ചിന്താഗതിക്കാരായ ചില യുവാക്കൾ കൂടിചേർന്ന് തൊഴിലിന്റേയും കൃഷിയുടെയും വികസനത്തിനും മനുഷ്യരുടെ ആശയപരമായ വികാസത്തിനും വേണ്ടി രൂപം കൊടുത്ത ഗ്രാമോദ്ധാരണ വിവിധോദ്യേശ പരസ്പരസഹായസഹകരണ സംഘമാണ് ഈ മേഖലയിലെ ആദ്യ സംരംഭം. ബഹുമാന്യരായ വർഗ്ഗീസ് ചാമവളപ്പിൽ, പാലിയക്കര മഠം കൃഷ്ണയ്യർ, ടി.കെ.കേരളവർമ്മതിരുമുൽപ്പാട് തുടങ്ങിയവരാണ് സംഘം ആരംഭിച്ചതിന് മുൻകൈ എടുത്തത്. ഇപ്പോൾ ഈ സംഘം തലോർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 435 എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രസ്തുത സംഘത്തിനുപുറമെ പഞ്ചായത്ത് പട്ടികാജാതി സർവ്വീസ് സഹകരണസംഘം മാത്രമെ ക്രെഡിറ്റ് സംഘങ്ങളായി പ്രവർത്തിക്കുന്നുള്ളു. നോൺ ക്രെഡിറ്റ് മേഖലയിൽ മുകുന്ദപുരം താലൂക്ക് മൺപാത്ര കുടിൽ വ്യവസായ സഹകരണ സംഘം, നെന്മണിക്കര ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘം, പാഴായി ചെറുവാൾ ക്ഷീരോല്പാദന സഹകരണസംഘം നെന്മണിക്കര പഞ്ചായത്ത് സെറികൾച്ചറൽ സൊസൈറ്റി എന്നീ സംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

## ക്രെഡിറ്റ് സംഘങ്ങൾ

### 1) തലോർ സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നമ്പ്ര് 435

26.6.1940 ൽ പ്രവർത്തനം ആരംഭിച്ച ഗ്രാമോദ്ധാരണ വിവിധോദ്ദേശ പരസ്പര സഹായസഹകരണസംഘം പിന്നീട് തലോർ സർവ്വീസ് സഹകരണ ബാങ്ക് എന്ന് പുനർനാമകരണം ചെയ്യപ്പെടുകയുണ്ടായി ആരംഭത്തിൽ നെല്ലും വിത്തും സംഭരണവും വില്പനയും നെയ്ത്തുശാലയും വായനശാലയും തുടങ്ങിയവയാണ് സംഘം നടത്തിയിരുന്നത്. സ്വാതന്ത്ര്യസമരപ്രസ്ഥാനത്താൽ പ്രചോദിതരായ പുരോഗമന വാദികളായ യുവാക്കൾ 1 ഏക്കർ 2സെന്റ് സ്ഥലം ഇളങ്ങല്ലൂർ മനക്കാരുടെ കയ്യിൽ നിന്നും പ്രതിവർഷം 45 രൂപ നിരക്കിൽ പാട്ടത്തിലാണ് എടുത്തിരുന്നത്. 1955–1956 കാലഘട്ടത്തിൽ ഉടമസ്ഥരുമായി തർക്കം ഉണ്ടാകുകയും തുടർന്ന് തലോർ പള്ളിവികാരി ജെനീസ് സി.എം.ഐ.യുടെ നേതൃത്വത്തിൽ ഹൈക്കോടതിയെ സമീപിക്കുകയും കേസ് സംഘത്തിന് അനുകൂലമായി വിധിക്കുകയും ചെയ്തു. അങ്ങിനെ സ്വന്തമായി സ്ഥലം ലഭിച്ച സംഘം 1956–57ൽ തലോർ റൂറൽ ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയായി രൂപംകൊണ്ടു ഈ ഘട്ടത്തിൽ സംഘം വകസ്ഥലത്ത് കൈകുത്തുന്ന അരി ആദ്യവില്പന, ചർക്കകൊണ്ടുള്ള നൂൽനൂൽപ്പ് എന്നിവ ആരംഭിച്ചു. പിന്നീട് പുതിയ അംഗങ്ങളെ ചേർത്ത് ഈ സ്ഥാപനത്തെ ഇന്നത്തെ നിലയിലുള്ള സർവ്വീസ് സഹകരണ ബാങ്കായി മാറ്റിയതിൽ വമ്പിച്ച ബഹുജന പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. 1972 വരെ തലോർ തൈക്കാട്ടുശ്ശേരി, എറവക്കാട് എന്നീ പ്രദേശങ്ങളിൽ റേഷൻ കടകൾ നടത്തിയിരുന്നു. ഇപ്പോൾ സഹകരണബാങ്കിന്റെ കീഴിൽ തലോരിൽ കൺസ്യൂമർ സ്റ്റോറും വളം ഡെപ്പോയും പ്രവർത്തിക്കുന്നു. സഹകരണ ബാങ്കിനെ സംബന്ധിച്ച മറ്റു വിവരങ്ങൾ അനുബന്ധം ഒന്നിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

### 2. നെന്മണിക്കര പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം R–754

സംഘത്തിന്റെ പ്രവർത്ത പരിധി നെന്മണിക്കര പഞ്ചായത്ത് ആണ്. പട്ടികജാതിവിഭാഗത്തിലെ ജനങ്ങളുടെ ഉന്ന

പട്ടിക 1

ക്രെഡിറ്റ് സഹകരണസംഘങ്ങളുടെ സാമാന്യ സ്ഥിതി

| സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം. | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം. | ഓഹരി മൂലധനം | വാർഷിക ടേൺഓവർ | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|---|
| തലോർ സർവ്വീസ സഹകരണബാങ്ക് ക്ലിപ്തം നമ്പ്ര് 435 | 26.6.1940 | 10150 | 14 | 39 ലക്ഷം രൂപ | 14,12,343 രൂപ | തൻ വർഷ ലാഭം |
| നെന്മണിക്കര പഞ്ചായത്തു പട്ടിക ജാതി സഹകരണ സംഘം | 4.12.85 | 885 | 1 | 3,000.00 | ലഭ്യമല്ല | നഷ്ടത്തിൽ 1,75,000 |

അവലംബം ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങൾ

## അനുബന്ധം 1

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I

| | |
|---|---|
| 1) സ്ഥാപനത്തിന്റെ പേര് | : തലോർ സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നമ്പ്ര് 435 തലോർ പി.ഒ. |
| 2) പ്രവർത്തന പരിധി | : നെന്മണിക്കര പഞ്ചായത്തിലെ നെന്മണിക്കര വില്ലേജും തൃക്കൂർ പഞ്ചായത്തിലെ തൃക്കൂർ വില്ലേജിലെ കോട്ടായി പ്രദേശം ഒഴികെ തൃക്കൂർ വില്ലേജിലെ മറ്റു പ്രദേശങ്ങളിലും വ്യാപിച്ചിരിക്കും. |
| 3) ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | |
| 4) പ്രവർത്തനം ആരംഭിച്ച വർഷം | : 26-6-1940 |
| 5) ആകെ അംഗങ്ങൾ | : 10150 |
| 6) ഒരു ഓഹരിയുടെ വില | : Rs.10 |
| 7) അംഗീകൃത ഓഹരി മൂലധനം | : 39 ലക്ഷം |
| 8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : Rs. 2227630.00 |
| 9) സർക്കാർ ഓഹരിയുണ്ടോ | : ഉണ്ട് |
| 10) ഉണ്ടെങ്കിൽ ലഭിച്ച തുക | : Rs. 85000/- |
| 111) പരമാവധി കടം എടുക്കാവുന്ന തുക | : Rs. 11,140,6,000.00 |

II പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| a) സ്ഥിരം | : Rs.319,57326.00 |
| b) ഹ്രസ്വകാലം. | : Rs. 2494393.00 |

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ

| | | | | |
|---|---|---|---|---|
| 1. | ഇനം | കാർഷിക വായ്പ (S.t) തുക | : | 3495575.00 |
| | | ഐ.ആർ. ഡി.പി. | : | 163469 .00 |
| | | Self Employment E.S.S. | : | 10750.00 |

b) മറ്റ് വായ്പകൾ ദീർഘകാല വായ്പകൾ:

| | | | | |
|---|---|---|---|---|
| 1. | ഇനം. | House loan തുക | : | Rs. 4750 |
| 2. | | L.T.well | : | 200401.00 |
| 3. | | L.T.Fish coconut farming | : | 283540.00 |
| 4. | | Industrial | : | 6125.00 |
| 5. | | Drip Irrigation | : | 11430.00 |

c) പ്രത്യേക വായ്പകൾ

| | | | | |
|---|---|---|---|---|
| 1. | ഇനം. | ordinary loan | : | Rs.30370.00 |
| 2. | | simple loan | : | 20056 780.00 |
| 3. | | simple education | : | 212120.00 |
| 4. | | gold loan | : | 33,34075.00 |
| 5. | | Deposit & Kaipada Loan | : | 1501272.00 |
| | | Ration C.C. Small Traders | : | 81101.00 |
| | | | | 293, 91, 758.00 |

സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. TDCB | ST. Loan | 3146995.00 |
| 2. | IRDP | 194656.00 |
| 3. | LT Well FCR | 365755.00 |
| | Drip Irigation | |
| 4. | House & Industrial | 9017.00 |
| 5. | O.D. | 20212.00 |
| | Total | 3736635.00 |

v) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| S.T. | 265415.00 |
| IRDP & M.R.D.D. | 65290.00 |
| L.T. | 119542.00 |
| O.L. & Simple | 1765085.00 |
| Gold Loan | 109 050.00 |
| Total | 2324292.00 |

സ്ഥാപനത്തിന്റെ ചെലവുകൾ

| | | |
|---|---|---|
| Establishments charges | 95–96 | Rs. 1220071.00 |
| 2) Contingencies | | Rs. 307776.00 |

വായ്പാ സഹഃസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. Manure Pesticides Depot — 1
2. Consumer Stone — –1
3. Chitties Monthly Deposit Schemes.
4.
5.

മനത്തിനുവേണ്ടി പഞ്ചായത്തിലെ സാമൂഹ്യ പ്രവർത്തകർ മുൻകൈ എടുത്ത് രൂപീകരിച്ചതാണ് ഈ സംഘം. പാലിയേക്കരയിൽ 51/2 സെന്റ്,. പുലക്കാട്ടുകരയിൽ 57 1/2 സെന്റും ഒരു ടില്ലറും സംഘത്തിനുണ്ട്.

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒരു മുറിയിലാണ് ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. ഈറ്റ, ചൂരൽ എന്നിവ ഉപയോഗിച്ച് ചെറിയ തോതിൽ വ്യവസായശ്രമങ്ങൾ ആരംഭിച്ചെങ്കിലും വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ രണ്ട് ക്രെഡിറ്റ് സംഘങ്ങളുടെ സാമാന്യ സ്ഥിതി താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

### പ്രശ്നങ്ങൾ

പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള വിമുഖത പ്രകടമാണ്. കാർഷിക മേഖലയിൽ സ്വകാര്യ കടംകൊടുപ്പുകാരെ ആശ്രയിക്കേണ്ടതില്ലാത്ത രീതിയിൽ പ്രവർത്തനം ചിട്ടപ്പെടുത്തണം.

മേനേജ്മെന്റിന്റെ കാര്യക്ഷമത, സാങ്കേതിക നവീകരണം തുടങ്ങിയവക്ക് കൂടുതൽ ഊന്നൽ നൽകണം.

തലോർ സർവ്വീസ് സഹകരണ ബാങ്കിൽ കാലാവധി കഴിഞ്ഞ് കിട്ടാനുള്ള വായ്പാ കുടിശ്ശിക 23,24,293 രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്)യാണ്. കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കണം.

### സാധ്യതകൾ

സർവ്വീസ് സഹകരണ ബാങ്കിന്റെ വ്യാപകാതൃത്തിയിൽ വരുന്ന തൃക്കൂർ, പാഴായി എന്നിവിടങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കണം.

പൊതുവിപണിയിലെ വിലനിലവാരം ക്രിമീകരിക്കാവുന്ന വിധത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതികളിൽ ഇടപെടാവുന്ന വിധത്തിൽ സഹകരണ ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും നവീകരിക്കുകയും വേണം.

പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള മാർക്കറ്റിങ്ങ് സർവ്വീസ് സഹകരണ സംഘങ്ങൾ ആരംഭിക്കണം.

ഭവന നിർമ്മാണം, വ്യവസായസംരംഭങ്ങൾ തുടങ്ങി അംഗങ്ങളുടെ ആവശ്യത്തിന് അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിന് ക്രെഡിറ്റ് സംഘങ്ങൾ ശ്രമിക്കണം.പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ അംഗത്വം വർദ്ധിപ്പിക്കുക.

പട്ടിക 2

നോൺക്രെഡിറ്റ് സഹകരണസംഘങ്ങളുടെ സാമാന്യ സ്ഥിതി

| സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം. | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം. | ഓഹരി മൂലധനം | വാർഷിക ടേൺഓവർ | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|---|
| മുകുന്ദപുരം താലൂക്ക് മൺപാത്ര കുടിൽ വ്യവസായ സഹകരണസംഘം | 25-4-2959 | 192 | 54 | 35417.36രൂപ | - | നഷ്ടത്തിൽ |
| പാഴായി-ചെറുവാൾ ക്ഷീരോല്പാദക സഹകരം സംഘം | | 120 | | | | |
| നെന്മണിക്കര മത്സ്യതൊഴിലാളി സഹകരണ സംഘം | 25-3-87 | 92 | ഇല്ല | 7310.30 | 12346.89 രൂപ | നഷ്ടത്തിൽ |

പരമ്പരാഗത തൊഴിലുകൾ നടത്തുന്നതിന് ആവശ്യമായ അസംസ്കൃത വിഭവങ്ങളുടെ സംരംഭത്തിനും ഉൽപ്പന്നങ്ങളും വിപണനത്തിനും ഉള്ള ഒരു കാര്യക്ഷമതയുള്ള ഏജൻസി എന്ന നിലയിൽ പട്ടികജാതി സഹകരണസംഘത്തെ വിപുലീകരിക്കുക.

### നോൺക്രെഡിറ്റ് സഹകരണ സംഘങ്ങൾ

ഗ്രാമപഞ്ചായത്തിലെ പ്രധാന നോൺക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ സാമാന്യ സ്ഥിതി പട്ടിക 2ൽ ചിത്രീകരിച്ചിരിക്കുന്നു.

മുകുന്ദപുരം താലൂക്ക് മൺപാത്രകുടിൽ വ്യവസായ സഹകരണസംഘം

25-4-1959 ൽ മുകുന്ദപുരം താലൂക്കിലെ പരമ്പരാഗത കളിമൺ പാത്രനിർമാണ തൊഴിലാളികളുടെ വിഭാഗത്തിൽപ്പെടുന്ന ഓടസമുദായ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ടാണ്. ഈ വ്യവസായ സഹകരണ സംഘം ആരംഭിച്ചത്. ആയിരത്തി തൊള്ളായിരത്തി അറുപത്തി നാലിൽ ഉൽപാദനം ആരംഭിച്ചെങ്കിലും 1969ൽ ആണ് പഗ്മിൽ ആരംഭിക്കുന്നത്. പഞ്ചായത്തിലെ ഈ പ്രഥമ വ്യവസായ സഹകരണസംഘത്തിന്റെ ഇപ്പോളത്തെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത. കാര്യക്ഷമമായ മാനേജ്മെന്റ് തുടങ്ങിയവ ഈ സംഘത്തിന്റെ പ്രശ്നങ്ങളാണ്. ചിറ്റിശ്ശേരിയിൽ 1 ഏക്ര 1 1/2 സെന്റ് മാപ്രാണം സെന്ററിൽ 1 ഏക്ര 25 1/2 സെന്റ് സംഘത്തിന്റെ അധീനതയിലുള്ള ഭൂമിയാണ്. തൊഴിലാളികൾ, മാനേജ്മെന്റ്, ബാദ്ധ്യതകൾ ആസ്ഥികൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തിലൂടെ ഈ സംഘത്തെ ശോഭനമാക്കാവുന്നതാണ്.

പാഴായി ചെറുവാൾ മേഖല കേന്ദ്രീകരിച്ചിട്ടുള്ള ക്ഷീരോല്പാദക സഹകരണ സംഘവും നെന്മണിക്കര പഞ്ചായത്ത് പട്ടികജാതി മത്സ്യത്തൊഴിലാളി സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് വിപുലമായ ജനകീയ പങ്കാളിത്തത്തോടുകൂടിയ പരിശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

### നോൺ ക്രെഡിറ്റ് സംഘങ്ങളുടെ മേഖലയിലെ പ്രശ്നങ്ങളും സാദ്ധ്യതകളും.

സാങ്കേതിക നവീകരണത്തിന്റെ അഭാവം. ഈ മേഖലയിലെ ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം, തൊഴിലാളികൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ, എന്നിവ നടപ്പാക്കേണ്ടതാണ്.

ക്ഷീരോല്പാദകർക്ക് വിപണനത്തിനുള്ള അസൗകര്യം മൂലം ഈ മേഖലയിലെ വികസനം മുരടിച്ചുനിൽക്കുന്നു. പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരോല്പാദക സഹകരണ സംഘം ആരംഭിക്കുകയും 1,2,7 വാർഡുകൾ കേന്ദ്രീകരിച്ച് പാലിയേക്കര കേന്ദ്രീകരിച്ച് ചിറ്റിശ്ശേരി അയ്യൻകോവിൽ പരിസരത്തും പാൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങണം. പാഴായി- ചെറുവാൾ ക്ഷീരോല്പാദക സഹകരണ സംഘത്തെ ഇതുമായി ബന്ധിപ്പിക്കണം. ഈ സംഘത്തിന്റെ കീഴിൽ ക്ഷീരോല്പന്നങ്ങൾ (തൈര്, വെണ്ണ, ഐസ്ക്രീം, തുടങ്ങിയവ) ഉണ്ടാക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്. തൊഴിൽ രഹിതരായ വനിതകളെ ഉൾപ്പെടുത്തി. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായണം. ഈ സംഘത്തിന്റെ നേതൃത്വത്തിൽ മെഴുകുതിരി നിർമ്മാണം. സോപ്പ്, റെഡിമെയ്ഡ് വസ്തുക്കളുടെ നിർമ്മാണം. കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങി ഈ മേഖലയിൽ വിപുലമായ സാദ്ധ്യതകൾ ഉണ്ട്.

ഗ്രാമപഞ്ചായത്തിലെ വ്യവസായ തൊഴിലാളികളെ (പ്രത്യേകിച്ചും ഓട്ടുകമ്പനി തൊഴിലാളികളെ) കേന്ദ്രീകരിച്ച് കൺസ്യൂമർ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. തൊഴിലാളികൾക്ക് നിത്യോപയോഗ സാധനങ്ങൾ സ്വകാര്യ വിപണിയേക്കാൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിനും ജനങ്ങളിൽ സഹകരണ മനോഭാവം വളർത്തുന്നതിനും ഇതു വഴി കഴിയും.

കേര ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം വിപണനം എന്നിവയെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സമഗ്രമായ ഒരു കേര വികസന സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

# 11

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 10% ആണ് പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ. ഇവിടെ പട്ടികവർഗ്ഗത്തിലുള്ളവർ ഇല്ലാത്തതിനാൽ പട്ടികജാതിക്കാരാണ് പഞ്ചായത്തിലുള്ളത്. നമ്മുടെ പഞ്ചായത്തിൽ നെന്മണിക്കര, മടവാക്കര, എന്നീ I.H.D.P.കോളനികളും, തലോർ 3-ാംവർഡ്, തലോർ 1-ാംവർഡ്(പാറപ്പുറം), പാലേ്യക്കര എന്നിവിടങ്ങളിൽ സെറ്റിൽമെന്റ് കോളനികളും നിലവിലുണ്ട്. ചെറുവാൾ, പാഴായി, എന്നിവിടങ്ങളിൽ സങ്കേതമായും, പട്ടികജാതിക്കാർ താമസിക്കുന്നു. പുലക്കാട്ടുകരയിലെ കനാലിന്റെ ഓരങ്ങളിലും തിങ്ങിപാർക്കുന്ന പട്ടികജാതിക്കാരുണ്ട്. ഇതിൽ പുലയ,പറയ, വേട്ടുവ, കണക്കൻ, വേലൻമ്മാർ, എന്നീ സമുദായങ്ങളിലുള്ളവരാണ് അധികഭാഗവും. മടവാക്കര, പാലേ്യക്കര, നെന്മണിക്കര, എന്നീ കോളനികളിൽ പറയസമുദായത്തിലുള്ളവരാണ് കൂടുതൽ. ചെറുവാൾ പ്രദേശത്ത് കണക്കൻമാരും, പാഴായി പ്രദേശത്ത് വേലൻമ്മാരും കൂടുതലായി താമസിക്കുന്നു. തലോർ 1-ാംവാർഡിലും, 3-ാം വാർഡിലും, നെന്മണിക്കരയിലും, പഞ്ചായത്തിന്റെ മറ്റുപ്രദേശങ്ങളിലുമായി പുലയ സമുദായത്തിലുള്ളവർ അധിവസിക്കുന്നു. ചിറ്റിശ്ശേരി, കുന്നിശ്ശേരി, പുലക്കാട്ടുകര, എന്നിവിടങ്ങളിൽ പുലയസമുദായത്തിലുള്ളവരാണ് കൂടുതൽ.

ഇവിടെയുള്ള പട്ടികജാതിക്കാരുടെ പ്രധാന ഉത്സവങ്ങൾ ചേന്ദംകുളങ്ങര ഭഗവതിക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവും, തലോർ പോത്ത് മകവുമാണ്. കന്നിമാസത്തിലെ തിരുവോണനാളിലാണ് പോത്ത് മകം കൊണ്ടാടുന്നത്.

സ്വന്തമായി ഭൂമിയില്ലാത്തവർ 300 ൽപരം വീടുകളിലായി, വഴിയോരങ്ങളിലും പുഴയോരങ്ങളിലും, തോട്ട് വക്കുകളിലും താമസിക്കുന്നവരുണ്ട്. തലോർ 1-ാം വാർഡിലെ പാറപ്പുറം വഴിയോരത്ത് ചെറുവാൾ പുഴയോരങ്ങളിലും, പുലക്കാട്ടുകര തോട്ടുവക്കുകളിലും താമസിക്കുന്നവർ ഇതിൽ പെടുന്നു. പരിമിതമായ സ്ഥലംകൊണ്ട് വീട് വെയ്ക്കാൻ കഴിയാത്തതിനാൽ ഒരു വീട്ടിൽത്തന്നെ മൂന്നോ-നാലോ കുടുംബങ്ങൾ കഴിയുന്ന സ്ഥിതിയും ഈ പഞ്ചായത്തിൽ ഉണ്ട്.

സർക്കാരിൽനിന്നും ധനസഹായം ലഭിച്ച വീടുകളേക്കാൾ കൂടുതലാണ് ധനസഹായം ലഭിക്കേണ്ട വീടുകളെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. J.R.Y, I.A.Y, N.R.E.P, R.L.E.G.P എന്നീ പദ്ധതിപ്രകാരമാണ് ഇവിടെയുള്ള വീടുകൾക്ക് ധനസഹായം ലഭിച്ചിട്ടുള്ളത്. ഇതിൽ തീർത്തും പൂർത്തികരിക്കാത്ത വീടുകളാണ് ഏറിയ പങ്കും. അടിസ്ഥാന സൗകര്യങ്ങൾ ഇനിയും എത്തിചേരാത്ത വീടുകളാണ് അധികഭാഗവും. ഇപ്പോൾ ധനസഹായം ലഭിച്ച് പണിതീർത്തിട്ടുള്ള വീടുകളുടെ അറ്റകുറ്റപണികൾ ഇനിയും നടത്തേണ്ടയി കാണുന്നു.

കോളനികളിൽ കുടിവെള്ളം എത്താത്തതിന്റെ പോരായ്മ വ്യക്തമായി കാണാവുന്നതാണ്. വേനൽകാലങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി മറ്റുള്ള സ്ഥലങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് ഇവിടെയുള്ള കോളനിവാസികൾ. പാലേ്യക്കര, തലോർ, ചിറ്റിശ്ശേരി, മടവാക്കര എന്നീ പ്രദേശങ്ങളിലും, നെന്മണിക്കരയിലും വേനൽക്കാലങ്ങളിൽ കുടിവെള്ളം ലഭിക്കാറില്ല. പഞ്ചായത്തിന്റെ വെള്ളം വണ്ടിയെ കാത്തുനിന്ന് നിരാശരാകുന്ന അവസ്ഥ ഇവിടത്തെ ഓരോ ആളുകൾക്കും വ്യക്തമായി അറിയാവുന്നതാണ്. പൊതു കിണറുകൾ പായലുകൾ തിങ്ങിനിറഞ്ഞ്, വക്ക് ഇടിഞ്ഞും ഉപയോഗശൂന്യമായികിടക്കുന്നു.

സർക്കാരിന്റെ ധനസഹായം ലഭിച്ച വീടുകളിൽ മാത്രമാണ് നാമമാത്രമായി വൈദ്യുതിയുള്ളത്. ഇപ്പോഴും മണ്ണെണ്ണ വിളക്കിനെ ആശ്രയിച്ച്കൊണ്ട് കഴിയുന്നവർ ധാരാളമാണ്. ഇവിടെയുള്ള വിദ്യാർത്ഥികൾ അവരുടെ പഠനവും, പാഠ്യേതര ആവശ്യത്തിനും, മണ്ണെണ്ണവിളക്കുകളാണ് ഉപയോഗിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ പഠനനിലവാരം കുറയ്ക്കുന്നു.

പോതുജനാരോഗ്യത്തിന്റെ കാര്യത്തിൽ പട്ടികജാതിയിലുള്ളവർ വളരെ പുറകിലാണ്. നെന്മണിക്കര പഞ്ചായത്തിലെ ഒരു പ്രാഥമിക - ആരോഗ്യകേന്ദ്രം, തലോർ സെന്ററിൽ സ്ഥിതി ചെയ്യുന്നുണ്ട്. അതും വേണ്ട രീതിയിൽ ശ്രദ്ധിക്കാത്തതിനാൽ ഇവിടത്തെ പട്ടികജാതിയിലുള്ളവർക്ക് പൊതു ജനാരോഗ്യത്തിന്റെ കാര്യത്തിൽ പുരോഗതി കൈവരിക്കാനാകുന്നില്ല. കോളനികളിൽ ബോധവൽക്കരണത്തിന്റെ കുറവ് ധാരാളമായി, ഓരോവസ്തു പരിശോധിക്കുമ്പോഴും കണ്ടുവരുന്നു.

വളരെ താഴ്ന്ന വിദ്യാഭ്യാസ നിലവാരമാണ് ഇവിടെ കണ്ടുവരുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാത്ത ധാരാളം ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ മടവാക്കരകോളനിയിലെ ഒട്ടുമിക്ക ചെറുപ്പക്കാരും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടുള്ളവരാണ്. പുലക്കാട്ടുകരയിലും, നെന്മണിക്കരയിലും, ചെറുവാളും, തലോർ പ്രദേശത്തും വളരെ താഴ്ന്ന വിദ്യാഭ്യാസ നിലവാര സൂചിക കാണുന്നു.

നെന്മണിക്കര പഞ്ചായത്ത് ഒരു വ്യവസായിക മേഖലയാണ്. ഇതിന്റെ സിരാകേന്ദ്രം ചിറ്റിശ്ശേരി, കുന്നിശ്ശേരി പ്രദേശങ്ങളാണ്. ഒട്ടുമിക്ക പട്ടികജാതി തൊഴിലാളികൾ കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട് ജീവിതം കഴിച്ചുകൂട്ടുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും, പാഴായി, ചെറുവാൾ, പുലക്കാട്ടുകര എന്നീ പ്രദേശങ്ങളിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുമുണ്ട്. ചെറുവാൾ പ്രദേശത്തേയും, പുലക്കാട്ടുകര പ്രദേശത്തേയും ആളുകൾ മത്സ്യവിപണനം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു. മണലിപുഴ ഈ പ്രദേശങ്ങളിലൂടെ കടന്നുപോകുന്നതാണ് ഇതിന് കാരണം. കർഷകതൊഴിലാളികളാണ് ഈ പഞ്ചായത്തിൽ കൂടുതൽ ഉണ്ടായിരുന്നതെങ്കിൽ, കൃഷിയുടെ നിലവാരം കുറവായതിനാൽ പ്രായകൂടുതലുള്ള കർഷക

പട്ടിക 1

പട്ടികജാതി കോളനികളുടെ വിവരങ്ങൾ

| | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | പുരു | സ്ത്രീ | ഓടുമേഞ്ഞ വീടുകൾ | ജലസൗകര്യം | തെരുവുവിളക്ക് | വൈദ്യുതീകരിച്ച വീടുകൾ | അലോപ്പതി ആശുപത്രി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | എസ്.എസ്.എൽ.സി തോറ്റവരുടെ എണ്ണം | എസ്.എസ്.എൽ.സി യും അതിലധികം യോഗ്യതയുള്ളവർ | സർക്കാർ ജീവനക്കാർ | IRDP വായ്പയുള്ളവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | മറ്റ് വായ്പകൾ ലഭിച്ചിട്ടുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ചെറുവാൾ എസ്.സി | 9 | 36 | 93 | 84 | 3 | കിണർ | ഉണ്ട് | 16 | – | – | – | 29 | 21 | 0 | 6 | 1 | 20 |
| ചിറ്റിശ്ശേരി എസ്.സി | 3 | 16 | 47 | 43 | 1 | കിണർ | ഉണ്ട് | 3 | – | – | – | 5 | 3 | 0 | 2 | 0 | 11 |
| മടാക്കര എസ്.സി | 6 | 50 | 111 | 129 | 3 | കിണർ | ഉണ്ട് | 24 | – | – | – | 21 | 25 | 11 | 4 | 0 | 42 |
| മണലി | 6 | 3 | 7 | 12 | 2 | പൈപ്പ് | - | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 |
| നെന്മണിക്കര | 7 | 27 | 59 | 65 | 3 | കിണർ | ഉണ്ട് | 20 | – | – | – | 9 | 6 | 1 | 2 | 1 | 17 |
| പാലിയേക്കര | 2 | 41 | 112 | 101 | 14 | കിണർ | ഉണ്ട് | 9 | – | – | – | 9 | 14 | 3 | 6 | 0 | 28 |
| തലവണിക്കര | 2 | 20 | 43 | 47 | 4 | കിണർ | ഉണ്ട് | 5 | – | – | – | 4 | 10 | 1 | 4 | 0 | 13 |
| തലോർ പാറപ്പുറം | 1 | 17 | 46 | 48 | 4 | കിണർ | ഉണ്ട് | 5 | ഉണ്ട് | – | – | 3 | 11 | 1 | 2 | 0 | 18 |
| മറ്റുള്ളവ | 1 | 40 | 99 | 107 | 3 | പൈപ്പ് | - | 19 | – | – | – | 3 | 19 | 3 | 3 | 5 | 29 |
| ആകെ | | 250 | 617 | 636 | 37 | – | – | 101 | 1 | – | – | 53 | 109 | 20 | 29 | 7 | 182 |

അവലംബം : പട്ടികജാതി കുടുംബങ്ങളുടെ വികസനസർവേ-92, ജില്ലാ പ്ലാനിംഗ് ഓഫീസ്, തൃശൂർ

തൊഴിലാളികൾ ഇതര മേഖലകളിലേക്ക് ചേക്കേറി തുടങ്ങിയതിന്റെ ഫലമായി നിലവിലുള്ള തലമുറയും, ഇതര മേഖലകളിലേക്ക് കടന്നുചെല്ലുവാൻ താല്പര്യം കാണിച്ചു. സ്ത്രീതൊഴിലാളികൾ കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട് വ്യവസായ മേഖലകളിൽ പണിചെയ്തു ജീവിക്കുന്നു. യാതൊരു തൊഴിലിനും പോകാതെ വീട്ടിൽ മാത്രം കഴിഞ്ഞുകൂടുന്ന സ്ത്രീ ജനങ്ങളുമുണ്ട്. ഇവർ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനും, കോളേജ് വിദ്യാഭ്യാസത്തിനുമിടയിലുള്ളവരാണ്.

കുട്ട, മുറം, പനമ്പ് തുടങ്ങിയവനെയ്ത് ജീവിക്കുന്ന കുറച്ചുപേർ പഞ്ചായത്തിലുണ്ട്. അസംസ്കൃത വിഭവങ്ങളായ ഈറ്റ, മുള തുടങ്ങിയവയുടെ അഭാവം ഇത്തരക്കാരെ തങ്ങളുടെ പരമ്പരാഗത തൊഴിലിൽനിന്ന് അകറ്റിനിർത്തിയിരിക്കുന്നു. കർഷകത്തൊഴിലാളി മേഖലയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് പരിശോധിക്കുമ്പൾ 93.6% പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു. പൊതുവെ കർഷകത്തൊഴിലാളി മേഖലയിലെ ഉയർന്ന തൊഴിൽപങ്കാളിത്തം ഉയർന്ന വരുമാനം ഉറപ്പു വരുത്തുന്നില്ല. സർക്കാർ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി വിഭാഗക്കാർ ഇപ്പോഴും വളരെ ചെറിയ ന്യൂനപക്ഷമായ് നിലനില്ക്കുന്നു. സ്വകാര്യമേഖലകളിലേക്ക് വരുമ്പോൾ ഈ നിരക്ക് പിന്നെയും കുറഞ്ഞുവരുന്നു. ശ്രദ്ധേയ വ്യവസായ സ്ഥാപനങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ പട്ടികജാതിക്കാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നില്ല. വളരെ പരിമിതവരുമാനം ലഭിക്കുന്ന ചില സംരംഭങ്ങൾ മാത്രമാണീ മേഖലയിലുള്ളത്. ഭൂ ഉടമസ്ഥത പരിശോധിക്കുമ്പോൾ ബഹുഭൂരിപക്ഷം 5 സെന്റിൽ താഴെ മാത്രം കൈവശമുള്ളവരാണെന്ന് കാണപ്പെടുന്നു.

ഈ വിഭാഗത്തിലെ പുതിയ തലമുറക്ക് സാർവ്വത്രികമായി വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. കൊഴിഞ്ഞുപോക്കിന്റെ നിരക്കിലും കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് കാര്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. വിദ്യാഭ്യാസം അനുബന്ധം 2ൽ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ വിവരം ചേർത്തിരിക്കുന്നു. ഇതുപരിശോധിച്ചാൽ പട്ടികജാതി വിദ്യാർത്ഥികളുടെ സ്ഥിതി കൂടുതൽ വ്യക്തമാകുന്നതാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസവും പട്ടികജാതി വിദ്യാർത്ഥികളിൽ വ്യാപിക്കുന്നുണ്ട്. വളരെ ചുരുക്കം വിദ്യാർത്ഥികളെങ്കിലും സ്വകാര്യമേഖലയിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളെ അദ്ധ്യയനത്തിനായി ആശ്രയിക്കുന്നുണ്ട്. സ്കൂളുകളിലെ കൊഴിഞ്ഞുപോക്കിന്റെ കാര്യത്തിൽ SC വിദ്യാർത്ഥികളുടെ നിരക്ക് കുറക്കാനായെങ്കിലും മൊത്തം പഠന നിലവാരം ഇനിയുമേറെ ഉയരേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ദീപ്തി ഹൈസ്കൂളിലെ S.S.L.C. വിജയശതമാനം പരിശോധിച്ചപ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം (പ്രവേശന നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ) കുറഞ്ഞിരിക്കുന്നതായി കാണാവുന്നതാണ്. ശാസ്ത്രവിഷയങ്ങൾ, ഗണിതശാസ്ത്രം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിലാണ് കൂടുതൽ പുരോഗതി നേടേണ്ടത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഈ വിഭാഗം വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വളരെ കുറവാണ്. പ്രീഡിഗ്രി ഘട്ടം വരെയാണ് പഠനം തുടരുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്തിപ്പെടുന്നത്. ബിരുദ-ബിരുദാനന്തര ഘട്ടത്തിൽ ഇത് വളരെ ചെറിയ ന്യൂനപക്ഷമാണെന്നു കാണാം. സാങ്കേതിക, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെത്തുമ്പോൾ പട്ടികജാതി വിദ്യാർത്ഥി പ്രാതിനിധ്യം അവഗണിക്കാവുന്നത്ര ചെറുതായി പ്പോകുന്നു. സ്ത്രീധന സമ്പ്രദായം, ആർഭാടപൂർണ്ണമായ വിവാഹങ്ങൾ തുടങ്ങിയ പുത്തൻ അനാചാരങ്ങൾ വ്യാപിക്കുന്നതായി തോന്നുന്നു.

സ്വന്തമായുള്ള വളരെ ചെറിയ തുണ്ടുഭൂമികൾ, തൊഴിലവസരങ്ങളുടെ അനിശ്ചിതത്വം, പാരമ്പര്യേതരതൊഴിൽ മേഖലയിലെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം തുടങ്ങിയ കാരണങ്ങളാൽ പട്ടിക ജാതി വിഭാഗക്കാരുടെ പതു സാമ്പത്തിക സ്ഥിതി ഇപ്പോഴും വളരെ പിന്നോക്കമാണ്. മരണം, രോഗം, വിവാഹം തുടങ്ങിയ സന്ദർഭങ്ങളിൽപല കുടുംബങ്ങളും തങ്ങളുടെ പരിമിതമായ സ്വത്ത് വില്ക്കുന്നു. IRDP ലിസ്റ്റിൽ താഴെ നിന്നുള്ളവരുടെ പട്ടികയെടുത്താൽ 95% വും SC വിഭാഗത്തിൽ പെടുന്നവരാണ്. സമൂഹത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്നവരിൽ മഹാഭൂരിപക്ഷവും ഈ മേഖലയിൽ പെടുന്നുവെന്ന വസ്തുത നമ്മുടെ സാമൂഹ്യാവസ്ഥയുടെ യതാർത്ഥ ചിത്രം വെളിവാക്കുന്നതാണ്. അയിത്തം, തീണ്ടൽ തുടങ്ങിയ സാമൂഹികാനാചാരങ്ങൾ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കീഴാളവിഭാഗത്തിൽ പെടുന്നവരുടെ അസ്പ്രശ്യത അദൃശ്യമായി, പരോക്ഷമായി ഇന്നും തുടരുന്നു. സാമൂഹ്യ-സാംസ്കാരിക സംഘടനകളുടെ നേതൃത്വവും അംഗത്വവും പ്രത്യേകമെടുത്ത് പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും. തെരഞ്ഞെടുപ്പിൽ സംവരണ മണ്ഡലങ്ങൾക്ക് പുറത്ത് മത്സരിക്കുന്ന പട്ടിക ജാതി വിഭാഗക്കാരുടെ എണ്ണം വളരെ കുറവാണെന്ന വസ്തുത നമ്മുടെ വിചാരങ്ങളെ അസ്വസ്ഥതപ്പെടുത്തുക തന്നെ വേണം.

### പ്രശ്നങ്ങൾ

1) എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വെയ്ക്കുന്നതിന് സ്ഥലമില്ല
2) പുറംമ്പോക്കിൽ താമസിക്കുന്നവർക്ക് കൈ വശരേഖയില്ല.
3) സർക്കാരിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചുകൊണ്ട് വീടുകളുടെ പണി പൂർത്തീകരിക്കുവാൻ കഴിയുന്നില്ല
4) വേനൽക്കാലങ്ങളിൽ പ്രത്യേകിച്ച് കോളനികളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
5) പട്ടികജാതി കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാ സമയങ്ങളിൽ ലഭിക്കുന്നില്ല
6) സർക്കാർ ഏജൻസികൾ വഴി നല്കുന്ന തൊഴിൽദാന പദ്ധതികളുടെ വിവരങ്ങൾ അറിയാതെ വരുന്നു
7) പരമ്പരാഗത തൊഴിലുകൾക്ക് ആവശ്യമായ വിഭവങ്ങളുടെ അപര്യാപ്തത
8) ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലന പദ്ധതികളോട് കാണിക്കുന്ന വിമുഖത
9) പലയിടങ്ങളിലായി താമസിക്കുന്നതിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്
10) പ്രാദേശിക ധനകാര്യസ്ഥാപനങ്ങളിലുള്ള കടബാദ്ധ്യത
11) പട്ടികജാതി ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ നിർജ്ജീവ അവസ്ഥ
12) ആയുർവ്വേദ, ഹോമിയോ ആശുപത്രികളുടെ കുറവ്
13) വിദ്യാഭ്യാസ നിലവാരം പ്രതിവർഷം താഴ്ന്നുപോകുന്നു.
14) ചെറുവാൾ പ്രവർത്തിക്കുന്ന പട്ടികജാതി മത്സ്യബന്ധന സഹകരണസംഘത്തിന്റെ ശോചനീയാവസ്ഥ
15) ഹരിജൻ കോളനികലിലേയ്ക്കുള്ള വഴികൾ തകരാ

റിലായി കിടക്കുന്നു.

**സാദ്ധ്യതകൾ**

1) പുലക്കാട്ടുകര, ചെറുവാൾ, തലോർ, എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കൈ വശ രേഖ കിട്ടിയിട്ടില്ല. കൈവശ രേഖകൾ കിട്ടുകയാണെങ്കിൽ, സർക്കാരിൽ നിന്നുള്ള ധനസഹായത്തിന് അർഹതയുണ്ടാകും. ഭൂമിയില്ലാത്തവർക്ക് മിച്ചഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം ഇനിയും നടപ്പിൽ വരുത്തിയിട്ടില്ല. ആയതിനാൽ ഭൂമിയില്ലാതെ നട്ടം തിരിയുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ആയതുകൊണ്ട് എത്രയും പെട്ടെന്ന് മിച്ചഭൂമി വിതരണം നടപ്പിൽ വരുത്തുക

3) സർക്കാരിൽനിന്ന് വിവിധ പദ്ധതികളിൽനിന്ന് ലഭ്യമാകുന്ന സഹായത്തിന്റെ അളവ് വളരെ പരിമിതമാണ്. അതുകൊണ്ട് വീടുകളുടെ പണിപൂർത്തീകരിക്കാതെ കഴിയേണ്ട അവസ്ഥയിലേക്ക് ചെന്ന് ചേരുന്നു. അതുകൊണ്ട് വീടുകൾ വെയ്ക്കുന്നതിന് ധനസഹായം 30,000 രൂപയായി വർദ്ധിപ്പിക്കുക

4) കോളനികളിലെ പൊതുകിണറുകൾ ഉപയുക്തമാക്കി തീർക്കുകയാണെങ്കിൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്. തലോർ, 3-ാം വാർഡിലേയും, 1-ാം വാർഡിലേയും, സെറ്റിൽമെന്റ് കോളനിയിലുള്ള കിണറുകൾ, പാല്യോക്കര, ചിറ്റിശ്ശേരി, മടവാക്കര, തുടങ്ങിയ സ്ഥലങ്ങളിലുള്ള കിണറുകൾ കാലാകാലങ്ങളിൽ ശോചനീയാവസ്ഥ പരിഹരിക്കുക. കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകളുടെ എണ്ണം വളരെകുറവാണ്. ആയതുകൊണ്ട് ഓരോ കോളനികളിലും ഈ രണ്ട് ടാപ്പ് വീതം കൂടുതലായി സ്ഥാപിക്കണം.

5) പട്ടികജാതി വികസന കോർപ്പറേഷൻ, ക്ഷേമ വകുപ്പും നല്കുന്ന തൊഴിൽ ദാന പദ്ധതികളെപ്പറ്റി അറിയുവാൻ കഴിയാത്തതുകൊണ്ട്, അതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് പഞ്ചായത്തിൽ നിലവിലുള്ള രണ്ട് പട്ടികജാതി സഹകരണ സംഘങ്ങൾ വഴി പ്രസ്തുത വിവരങ്ങൾ ലഭിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കുക.

6) പട്ടികജാതിയിലുള്ള പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിനുള്ള ധനസഹായവും, മറ്റു സഹായങ്ങളും യഥാകാലയളവിൽ ലഭിക്കാത്തതും വളരെ ദയനീയമാണ്. പലസ്ഥലങ്ങളിലും, വിവാഹ ആവശ്യത്തിനുള്ള ധനസഹായം കഴിഞ്ഞ് പ്രസവത്തിനുശേഷമാണ്. ഈ അവസ്ഥ എത്രയും വേഗം പരിഹരിക്കുക

7) നെന്മണിക്കര, മടവാക്കര, പാല്യേക്കര, എന്നീ കോളനികളിൽ താമസിക്കുന്ന പറയ സമുദായത്തിലെ അംഗങ്ങൾ ഈറ്റ, മുള, എന്നിവയുപയോഗിച്ച് കുലതൊഴിൽ നടത്തി ജീവിക്കുന്നവരാണ്. അതിന് ആവശ്യമായ ഈറ്റ, മുള എന്നിവ പട്ടികജാതി സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക. മാത്രമല്ല കുലത്തൊഴിലുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്ന വിദഗ്ധ തൊഴിലാളികൾ നമ്മുടെ കോളനികളിലുണ്ട്. ഇത്തരം കരകൗശല വസ്തുക്കൾ വിദേശങ്ങളിലേയ്ക്ക് പോലും കയറ്റി അയയ്ക്കുവാനുള്ള ഗുണനിലവാരമുള്ളവയാണ്. എന്നിട്ടും ഇത് പരിപോഷിപ്പിച്ചെടുക്കുന്നതിന് വേണ്ട ഒരു നടപടിയും ഉണ്ടായിട്ടില്ല.ആയതുകൊണ്ട് ഇവരുടെ ശാസ്ത്രീയവും, സാങ്കേതികവുമായ പരിജ്ഞാനം അഭിവൃദ്ധിപ്പെടുത്തി സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിന് ഉതകത്തക്കവിധത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരു തൊഴിൽ യൂണിറ്റ് നെന്മണിക്കര പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക

അഭ്യസ്തവിദ്യരായിട്ടുള്ളവരും, അല്ലാത്തവരുമായ നിരവധിയുവതികൾ നമ്മുടെ പ്രദേശങ്ങളിൽ ഉണ്ട്. ഭൂരിഭാഗം വരുന്നവരും, ടൈലറിങ്ങ് പരിശീലനം നേടിയവരാണ്. ആയതുകൊണ്ട് റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ്, നെന്മണിക്കര പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘത്തിൽ ആരംഭിക്കുകയാണ

8) ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലന പദ്ധതി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ വിദ്യഭ്യാസ നിലവാരം ഉയർത്തുവാൻ കഴിയും.

9) കോളനികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഒറ്റയ്ക്ക് താമസിക്കുന്നവർക്കും കിട്ടുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഈ വേർ തിരിവ് ഇല്ലാതാക്കുക.

10) പ്രാദേശിക ധനകാര്യസ്ഥാപനങ്ങളിൽ ഒട്ടുമിക്കവരും കടബാദ്ധ്യതയുള്ളവരാണ്. ആയതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമെന്നനിലയിൽ തൊഴിൽദാന പദ്ധതികളിലെ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുകയും, കാലയളവ് കൂട്ടി ഹ്രസ്വമായ തുകയ്ക്കുള്ള ഗഡുക്കളാക്കുക.

11) ഇന്ന് നിലവിലുള്ള രണ്ട് പട്ടികജാതിസഹകരണസംഘങ്ങൾ കാര്യമായ രീതിയിൽ പ്രവർത്തിക്കാതെ കിടക്കുകയാണ്. ആയതുകൊണ്ട് അത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ നടപടി ഉണ്ടാക്കുക.

12) അധികാരവികേന്ദ്രീകരണത്തിന്റെ ഈ നാളുകളിൽ പഞ്ചായത്ത് തലത്തിലെ വികസന പദ്ധതികൾക്കുള്ള തുക പട്ടികജാതിജനസംഖ്യക്ക് ആനുപാതികമായി നീക്കിവെക്കുക. ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായ് സമഗ്രമായൊരു പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പഞ്ചായത്തടിസ്ഥാനത്തിൽ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക.

13) സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള ബോധവ ല്ക്കരണപരിപാടി ഊർജ്ജിതമാക്കുക.

328

# 12

# വിഭവസമാഹരണം

പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വിപുലമായ വിഭവസമാഹരണം അത്യന്താപേക്ഷിതമാണ്. സംസ്ഥാന നിലവാരത്തിലുള്ള ഗ്രാന്റുകളും മറ്റും സമയാസമയങ്ങളിൽ വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ ജാഗ്രതപുലർത്തുന്നതോടൊപ്പംതന്നെ തനതായ ധനാഗമമാർഗ്ഗങ്ങളെക്കുറിച്ച് കൂടി ഗ്രാമപഞ്ചായത്ത് ഗൗരവപൂർവ്വം ആലോചിക്കേണ്ടിയിരിക്കുന്നു. സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിൽപെട്ട നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി വിശകലനം ചെയ്യുന്നതിന് താഴെ കൊടുക്കുന്ന പട്ടികകൾ ഉപകരിക്കും.

പട്ടിക 1

വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | സമാഹരിച്ച തുക (രൂപയിൽ) | | | | |
|---|---|---|---|---|---|
| | 91-92 | 92-93 | 93-94 | 94-95 | 95-96 |
| കെട്ടിടനികുതി | 247272.20 | 267151 | 366329 | 366939.50 | 386107 |
| സർവ്വീസ് ചാർജ് | – | – | – | – | – |
| തൊഴിൽ നികുതി | 89097 | 137595 | 163355 | 191270 | 227250 |
| വാഹന നികുതി | – | – | — | – | – |
| വിനോദ നികുതി | 36569 | 44706 | 118846.45 | 130035 | 125944 |
| അഡി:വിനോദനികുതി | 22078 | 27270 | 72006 | 78725 | 76520 |
| പ്രദർശന നികുതി | 1962 | 1989 | 5502 | 6756 | 6842 |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ്ജ് | 489.50 | 497.25 | 1375.50 | 1689 | 1710.50 |
| ചന്തവരവ് | – | – | – | – | – |
| ലേൻഡ് സെസ് | – | – | – | – | – |
| ലൈസൻസ് ഫീസ് | 245071 | 33106 | 45612 | 25367 | 76846 |
| കെട്ടിട നികുതി സർചാർജ്ജ് | – | — | — | — | — |
| വസ്തുകൈമാറ്റ നികുതി | 74505 | 82374 | 150030 | 137778 | 98112 |
| വസ്തുകൈമാറ്റ നികുതി | – | — | – | — | — |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവുകൾ | 46326 | 48585.30 | 267143.45 | 106441.30 | 598162 |
| സംഭാവന | – | — | — | — | — |
| ഡെപ്പോസിറ്റ് | 5015 | 24960 | 38405 | 11608 | 21541 |
| മറ്റുള്ളവ | 249030 | 323703 | 195171 | 312054 | 81968.45 |
| ആകെ | 796914.70 | 991942.30 | 1423774.45 | 1368663.95 | 1701003.95 |

1991ലെ വരുമാനത്തെ അടിസ്ഥാനമാക്കി 95-96 ലെത്തുമ്പോൾ വരുമാനവർദ്ധനവ് 46.85% ആയി മാറുന്നു. മൊത്ത വരുമാനത്തിന്റെ കാര്യത്തിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിലും തനതു വരുമാനത്തിലും അതിൽതന്നെ നികുതിയിനത്തിലും നികുതിയേതര ഇനത്തിലും ധനാഭ്യർത്ഥന പ്രകാരമുള്ള തുക സമാഹരിക്കാൻ നമുക്കു കഴിയുന്നില്ല. ഈ വ്യതിയാനത്തോത് കുറച്ചു കൊണ്ടുവരുന്ന കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

95-96 ലെ കണക്കളനുസരിച്ച് ഉപാധി രഹിത ഫണ്ട്, JRY ഫണ്ട് എന്നീ വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ടായിരുന്ന് ഫണ്ടിന്റെ വിവരം താഴെ പട്ടിക പ്പെടുത്തിയിരിക്കുന്നു.

1991മുതൽ 95-96 വരെയുള്ള വരവ് ചെലവു തു[illegible] താരതമ്യം ചെയ്യുന്ന ഗ്രാഫ് ചിത്രം 1ൽ രേഖപ്പെടുത്[illegible]രിക്കുന്നു.

1991 ചെലവിനെ ആധാരമാക്കി 95-96ലെത്തുമ്പോൾ ചെലവിനത്തിൽ 47.95% വർദ്ധിക്കുന്നതായ് കാണാവുന്നതാണ്. 5 വർഷത്തെ വരവും ചെലവും താരതമ്യം ചെയ്യുമ്പോൾ വരവിൽ 9.6% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ചെലവിനത്തിൽ 9.2% ആണ് ഉണ്ടായിട്ടുള്ളത്. ഈ വ്യത്യാസം കുറച്ചുകൊണ്ടു വരുന്നതിന് ശ്രമിക്കേണ്ടിയിരിക്കുന്നു. 91-92ലെ മൊത്തം ചെലവിനത്തിൽ 50.64% ആയിരുന്നു ഭരണ പരമായ ചെലവ്. 95-96 ലെത്തിയപ്പോൾ ഈയിനത്തിൽ 49.18% തുക ചെലവഴിക്കുകയുണ്ടായി. ജീവനക്കാരുടെ ശമ്പളം തുടങ്ങി പഞ്ചായത്തിന്റെ പരിധിയിൽ നിയന്ത്രിക്കാവുന്നതല്ല ഈ മേഖലയിലെ ചെലവ് എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 95-96ലെ മൊത്തം ചെലവിൽ 23.81% ആണ് പൊതുമരാമത്തിൽ വന്നിട്ടുള്ളത്. കോൺട്രാക്ടർ, നോമിനി, ജനകീയ കമ്മിറ്റി തുടങ്ങി വ്യത്യസ്ത രീതികൾ പൊതുമരാമത്ത് പണികൾ നടത്തുന്നതിലേക്കായി കഴിഞ്ഞ ഒരു ദശകക്കാലത്തിനിടയിൽ അവലംബിച്ചിട്ടുണ്ട്. എന്നാൽ ഏതു സംവിധാനത്തിലും പ്രത്യക്ഷമായോ പരോക്ഷമായോ സ്വകാര്യ കോൺട്രാക്ടർമാർ ഇടപെട്ടിരുന്നുവെന്നതാണ് പരമാർത്ഥം. ഈ മേഖലയിലെ അഴിമതിയും അതുവഴി ഉണ്ടാകുന്ന പൊതുമുതൽ നഷ്ടവും ഇല്ലാതാക്കുന്നതിനുള്ള മോണിട്ടറിംഗ് ഏജൻസിയായി ഗ്രാമസഭകൾക്ക് വളരാവുന്നതാണ്. പൊതുമരാമത്ത് പണികൾ കൂടുതൽ സുതാര്യമാവുന്നതോടെ സോഷ്യൽ ഓഡിറ്റിംഗിനെകുറിച്ചുള്ള നവാവബോധം ജനങ്ങളിൽ വ്യാപകമാവുമെന്ന് കരുതാം. പ്രത്യക്ഷ ഉല്പാദന മേഖലകളിൽ സമീപകാലസംരംഭങ്ങളൊന്നും തന്നെ പഞ്ചായത്തിന് നേരിട്ടു നടത്താൻ കഴിഞ്ഞിട്ടില്ല. 1994ലെ ആഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയനുസരിച്ച് പഞ്ചായത്ത് കെട്ടിടം നിർമ്മിക്കാനെടുത്ത വായ്പാ ഇനത്തിൽ RDB കടം തിരിച്ചടവിനത്തിൽ 8,4,1 833.00 രൂപ ബാദ്ധ്യതയുള്ളതായി കാണുന്നു.

പട്ടിക 2

ഗ്രാന്റ് രജിസ്റ്റർ സ്പെഷ്യൽ ഗ്രാന്റ് രജിസ്റ്റർ

| VRM തുക | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25%രൂപ | അടിസ്ഥാന നികുതി 75% രൂപ | Spl. ഗ്രാന്റ് രൂപ | JRY രൂപ | അൺടൈഡ് ഫണ്ട്. രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| 23383 | 13100 | 205761 | Nil | 98112 | Nil | 272500 | 274700 8 | 87556 |

മുകളിൽ സൂചിപ്പിച്ച പട്ടികയനുസരിച്ച് JRY ഇനത്തിൽ 30.70% വും ഉപാധിഹരിത ഫണ്ടിനത്തിൽ 30.75%വും നമുക്ക് ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 95-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽനിന്ന് അനുവദിച്ച തുക പട്ടിക (3)ൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി വിഹിതം എന്ന രീതിയിൽ അനുവദിക്കപ്പെട്ട ഈ തുക അതാതു മേഖലകളിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയേതര വിഹിതത്തിൽ തുകയൊന്നും അനുവദിക്കുകയുണ്ടായിട്ടില്ല.

പട്ടിക3


| വകുപ്പ് | പദ്ധതി വിഹിതമായി അനുവദിച്ച തുക |
|---|---|
| മൃഗസംരക്ഷണം | 1000.00 |
| ആരോഗ്യം | 69801.00 |
| കൃഷി | 77658.00 |
| പി.ഡബ്ലിയു. ഡി. | ഇല്ല |
| ഹരിജനക്ഷേമം | 2205.00 |
| മറ്റുള്ളവ | ഇല്ല |
| ആകെ | 150664.00 |

റിപ്പോർട്ടിന്റെ ആദ്യ ഖണ്ഡത്തിൽ വരുമാനത്തെകുറിച്ചാണ് നാം ചർച്ച ചെയ്തത്. 91-96 വരെയുള്ള 5 വർഷക്കാലത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക (4) കാണിച്ചിരിക്കുന്നു.

അധികാര വികേന്ദ്രീകരണത്തെകുറിച്ചുള്ള ചർച്ചയിൽ പഞ്ചായത്തുകൾക്കുള്ള ധനകാര്യാവകാശങ്ങളെക്കുറിച്ച് പുനരവലോകനം എന്തായാലും വേണ്ടതാണ്. പഞ്ചായത്തുകൾ സാധാരണയായി പിരിച്ചെടുക്കാറുള്ള കെട്ടിട നികുതി, തൊഴിൽ നികുതി, പരസ്യനികുതി വിനോദനികുതി എന്നിവക്കുപുറമെ പുതുതായി ഏതൊക്കെ നികുതി ചുമത്താമെന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ 200-ാം വകുപ്പിലെ 2.3 ഉപവകുപ്പുകളും ഭേദഗതി (28) യും 201-ാം വകുപ്പും ചൂണ്ടി കാണിക്കുന്നു. വിവിധ സേവനങ്ങൾക്കുള്ള സേവന നികുതി, സെന്റിന് 30 രൂപാ പ്രകാരമുള്ള ഭൂപരിവർത്തന നികുതി, ഭൂമി വിലയുടെ 1000ന് 1 രൂപാ നിരക്കിൽ പിരിച്ചെടുക്കാവുന്ന ഉപഭൂനികുതി എന്നി

പട്ടിക 4

| ഇനം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഭരണം | 320016.85 | 366508.40 | 476543.50 | 531812.70 | 648206.00 |
| പൊതുമാരാമത്ത് | 163806 | 147251.30 | 429151 | 259111 | 313919.00 |
| വിദ്യാഭ്യാസം | 13450.55 | 12834.95 | 10863.30 | 12359.50 | 8628.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 29484 | 19591.25 | 50164 | 87245 | 9970.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 63267.70 | 89119 | 103512 | 110212 | 103512.00 |
| മറ്റുള്ളവ | 41914.45 | 251067.40 | 422124 | 526372 | 213751.50 |
| ആകെ | 631939.90 | 886381.90 | 1492357.80 | 1527106.20 | 1317986.50 |




ചിത്രം 1

വരവ്-ചെലവ് താരതമ്യം

91-92 മുതൽ 95-96 വരെ

വയാണ് ഈ വിഭാഗത്തിൽ വരുന്നത്. ഇവയുടെ സാദ്ധ്യതകൾ പഞ്ചായത്തിൽ പരിശോധിക്കാവുന്നതാണ്. പഞ്ചായത്തിന് സ്വതന്ത്രമായ ഫിനാൻസ് കമ്മീഷൻ എന്ന നിർദ്ദേശത്തിന് ഇത്തരുണത്തിൽ കൂടുതൽ പ്രസക്തി കൈവന്നിരിക്കുകയാണ്. പഞ്ചായത്തുകൾക്കുള്ള ഗ്രാന്റുകളും നികുതി വിഹിതവും കാലതാമസമില്ലാതെ സ്വാഭാവികമായ രീതിയിൽ ലഭിക്കാനുള്ള നടപടികൾ ഉണ്ടാവണം. സംസ്ഥാന ഗവണ്മേണ്ടിന്റെ ഭരണഘടനാപരമായ ബാദ്ധ്യതയായി ഇതു മാറേണ്ടിയിരിക്കുന്നു. പഞ്ചായത്തുകൾക്ക് ഗ്രാന്റും മറ്റും അനുവദിക്കുന്നതിനുള്ള എല്ലാവർക്കും സ്വീകാര്യമായ മാനദണ്ഡങ്ങൾ ചർച്ച ചെയ്ത് അടിയന്തിരമായി നിയമപരമായ പരിരക്ഷ ഉറപ്പു വരുത്തുന്ന വിധത്തിൽ നടപ്പാക്കണം.

പഞ്ചായത്തിന്റെ ധനകാര്യ മേഖലയിൽ ഇടപെടുന്ന ധനകാര്യ സ്ഥാപനങ്ങളിൽ പ്രഥമ പ്രാധാന്യമർഹിക്കുന്നത് സഹകരണ ബാങ്കും വാണിജ്യ ബാങ്കുകളുമാണ്. തലോർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പ്ര് 435, പഞ്ചായത്തിലെ പ്രാധാന്യമുള്ള ക്രെഡിറ്റ് സഹകരണ സംഘം. ഇതിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ സഹകരണ മേഖലയിൽ അന്യത്ര ചേർത്തിട്ടുണ്ട്. പഞ്ചായത്തിന്റെ 1 മുതൽ വേരെയുള്ള വാർഡുകൾ സർവ്വീസ് ഏരിയയായിട്ടുള്ള SBT ബാങ്കിന്റെ തലോർ ശാഖയും സർവ്വീസ് ഏരിയാ VII വാർഡ് ആയിട്ടുള്ള കാത്തലിക് സിറിയൻ ബാങ്കിന്റെ ആമ്പല്ലൂർ ശാഖയും VIII, IX വാർഡുകൾ സർവ്വീസ് മേഖലയായിട്ടുള്ള SBT യുടെ തൊറവ് ശാഖയുമാണ് പഞ്ചായത്തിലെ വാണിജ്യ ബാങ്കുകൾ. ബ്ലോക്ക് തലത്തിലുള്ള ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർ ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പുതുക്കാട് ശാഖയുമായി ബന്ധപ്പെട്ടെങ്കിലും പഞ്ചായത്ത് തലത്തിലുള്ള നിക്ഷേപ വായ്പാ അനുപാതം ലഭിക്കുകയുണ്ടായില്ല. ഈയിനത്തിലെ ജില്ലാ തലത്തിലുള്ള വിവരത്തിൽനിന്ന് (93-94ൽ 29, 94-95ൽ 28.5, 95-96ൽ 30 എന്നതാണ് ജില്ലാതല അനുപാതം) വ്യത്യസ്തമാകാനിടയില്ല പഞ്ചായത്തിലെ സ്ഥിതിയും. KSFE,KFC തുടങ്ങിയ സർക്കാരോ അർദ്ധ സർക്കാരോ മേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളോ ചിട്ടി കമ്പനികളോ പഞ്ചായത്തിൽ നിലവിലില്ല.

പഴയ ബ്ലേഡ് കമ്പനികളുടെ പുനരവതാരങ്ങൾ പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. നിക്ഷേപ സമാഹരണത്തിന് ഇവർ ഒരുപാട് പുതിയ രീതികൾ സ്വീകരിക്കുന്നുണ്ട്. ഉയർന്ന സലയുള്ള കുറികൾ ആരംഭിക്കുകയും ഇൻസെന്റീവായി കാറുമുതൽ ഉല്ലാസയാത്രവരെ ഇവർ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഗൃഹോപകരണങ്ങൾ ഹയർ പർച്ചേസ് വ്യവസ്ഥയിലും ഇൻസ്റ്റാൾമെന്റായും വിതരണം ചെയ്യുന്ന സമ്പ്രദായവും നിലനില്ക്കുന്നുണ്ട്. വളരെ ഉയർന്ന 30% മുതൽ 45%വരെ പലിശ നിരക്കുള്ള ഇത്തരം സ്ഥാപനങ്ങളിലേക്ക് ജനങ്ങൾ പോകുന്നതിന്റെ പ്രധാനകാരണം വളരെ ലളിതമായ ജാമ്യവ്യവസ്ഥകളാണ്. (സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായ് തൊഴിൽ രഹിതരുടെ കൂട്ടായ്മയിൽ ഉയരുന്ന സ്ഥാപനങ്ങളെയല്ല ഇവിടെ വിവക്ഷിക്കുന്നത്.) ഉയർന്ന പലിശ നിരക്കിൽ പണം കടം കൊടുക്കുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും പഞ്ചായത്തിലുണ്ട്. ഇടപാടുകൾ ഗോപ്യമാണ് എന്നുള്ളതുകൊണ്ടുതന്നെ ഈ മേഖലയിലെ ക്രയവിക്രയം ചെയ്യപ്പെടുന്ന തുകയുടെ യഥാർത്ഥ വലിപ്പം കണക്കാക്കുക എളുപ്പമല്ല. ഭൂമികച്ചവടം, വാഹന കച്ചവടം, ഇടത്തരം വ്യവസായികളുടെ സംരംഭകത്വം എന്നീ മേഖലകളിലാണ് ഇത്തരത്തിലുള്ള പണമിടപാട് ഏറിയ കൂറും നടക്കുന്നത്. 36% മുതൽ എത്ര വേണമെങ്കിലുമാകാം പലിശനിരക്ക്. ഇത്തരത്തിലുള്ള മേഖലകളിലെ സമ്പത്തിനെ എങ്ങനെ ഉല്പാദന മേഖലകളിലേക്ക് കൊണ്ടുവരാമെന്നത്

പഞ്ചായത്ത് തലത്തിലെ ചർച്ചകൊണ്ട് മാത്രം സാർത്ഥകമാകണമെന്നില്ല.

പ്രവാസിഭാരതീയരുടെ (പ്രത്യേകിച്ചും ഗൾഫ് മേഖലയുടെ) സംഭാവന പഞ്ചായത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഗണനീയമാണ്. ഇത്തരക്കാരുടെ സംഭാവനയെകുറിച്ച് പഞ്ചായത്ത് തലത്തിൽ കൃത്യമായ സ്ഥിതി വിവരകണക്കുകൾ ലഭ്യമല്ല. എന്നാൽ പഞ്ചായത്തിലെ ചെറുകിടവ്യവസായ സംരംഭങ്ങളിൽ പ്രഥമ ഗണനീയമായ ഓട്ടുകമ്പനി മേഖലകളിൽ സമീപകാലത്ത് മുതൽ മുടക്ക് നടത്തിയവരിൽ കുറെ പേർ പ്രവാസി ഭാരതീയരാണ്. ജനകീയ പങ്കാളിത്തത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധാരാളം മാതൃകകൾ നിലനില്ക്കുന്നുണ്ട്. PTA കമ്മറ്റികളുടെ നേതൃത്വത്തിൽ സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളാണ് ഇവയിൽ പ്രാധാന്യമർഹിക്കുന്നവ

### പ്രശ്നങ്ങൾ

1) ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്വയം തൊഴിലിനായാലും മറ്റു വ്യവസായ സംരംഭകങ്ങൾക്കായാലും വായ്പാ ലഭിക്കുന്നതിനുള്ള തടസ്സം

2) പഞ്ചായത്തിലെ നിർമ്മാണ വികസന പ്രവർത്തനങ്ങളിൽ കോൺട്രാക്ടർ മാരും ഇടത്തട്ടുകാരും ഉണ്ടാക്കുന്ന അമിത ലാഭം. ഇതിനനുപൂരകമാകുന്ന തരത്തിലുള്ള ഉദ്യോഗസ്ഥതല അഴിമതി

3) നികുതി പിരിച്ചെടുക്കുന്നതിലുള്ള വിമുഖത4) നികുതിച്ചോർച്ചയും നികുതി വെട്ടിപ്പും വഴി നഷ്ടമാകുന്ന പഞ്ചായത്ത് വരുമാനം

5) സാമൂഹ്യ ആസ്തികകളുടെ അറ്റകുറ്റപ്പണികൾക്കും പുതിയവ നിർമ്മിക്കുന്നതിനുമുള്ള ഫണ്ടിന്റെ അഭാവം

6) ഉയർന്നു കൊണ്ടിരിക്കുന്ന പ്ലാനിതര ചെലവ്

7) പഞ്ചായത്ത് നടപടിക്രമങ്ങളിൽ കാണുന്ന സുതാര്യതകുറവ്

### സാദ്ധ്യതകൾ

1) പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിൽ സേവന നികുതി, ഭൂപരിവർത്തന നികുതി, ഉപഭൂനികുതി തുടങ്ങിയവയുടെ സാദ്ധ്യതകൾ ആരായുക

2) നികുതി ഘടന (പഞ്ചായത്ത് തലത്തിൽ കഴിയാവുന്നവ) പരിഷ്ക്കരിക്കുക

3) നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരുടെ ഇടപെടലും അഴിമതിയും ഇല്ലാതാക്കുന്ന വിധത്തിൽ സുതാര്യത ഉറപ്പുവരുത്തുക. അൺടൈഡ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ 25% മെങ്കിലും പ്രാദേശികമായി സമാഹരിക്കുക. പ്ലാൻ തയ്യാറാക്കുമ്പോൾ ഈ വസ്തുത കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുക

3) ഭരണച്ചെലവ് കുറക്കാനുള്ള അടിയന്തിര നടപടികൾ

4) ഗൾഫ് മലയാളികളിൽനിന്ന് ഉല്പാദന മേഖലകളിൽ നിക്ഷേപിക്കാവുന്ന വിധത്തിൽ വിഭവ സമാഹരണത്തിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. വിദഗ്ദരും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഗൾഫ് മലയാളികളും ഉൾപ്പെടുന്ന മോണിട്ടറിംഗ് സമിതി രൂപീകരിക്കുക. ജില്ലാ തല ത്തിൽ ഇതിന് apex ബോഡിക്കുള്ള സാദ്ധ്യത ആരായുക

5) ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് അവർകൂടി ഉൾപ്പെടുന്ന തരത്തിലുള്ള പഞ്ചായത്ത് തല വികസന സമിതി രൂപീകരിക്കുക. ഇവരുടെ നേതൃത്വത്തിൽ അവർക്കുകൂടി സ്വീകാര്യമായ സ്കീമുകൾ തയ്യാറാക്കുക

6) പ്രാദേശിക തലത്തിൽ വികസന പ്രവർത്തനം നടക്കുമ്പോൾ പ്രാദേശിക തലത്തിലുള്ള വിഭവസമാഹരണം (ധനം+ മനുഷ്യ വിഭവം) ഉറപ്പാക്കുക. ഇക്കാര്യത്തിൽ മൂർത്തമായ നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കുക. മനുഷ്യാദ്ധ്വാന സംഭാവനയുടെ തുടർച്ച ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇതിന്റെ ഭാഗമായി നിർബ്ബന്ധമായും ഉണ്ടാകണം.

329

അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



*വിവിധമേഖലകളെ കുറിച്ചുള്ള അവലോകനം ഉപസംഹരിക്കുന്നു. തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ടാസ്ക് ഫോഴ്സ്, ഗ്രൂപ്പുതല ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സ്കീമുകളും പ്ലാനുകളുമാക്കി മാറ്റുക എന്ന സാങ്കേതിക പരിജ്ഞാനമാവശ്യപ്പെടുന്ന ജോലി നിറവേറ്റും. ഗ്രൂപ്പ് തല ചർച്ചകളുടെ ക്രോഡീകരണറിപ്പോർട്ടുകൾ ഈ വികസന രേഖയുടെ അനുബന്ധമായി പ്രസിദ്ധീകരിക്കേണ്ടതാണ്.*

*വികസന രേഖാ രചനയുടെ വിവിധ തലങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.*

*ജനകീയാസൂത്രണ പ്രസ്ഥാനം*
*നെന്മണിക്കര ഗ്രാമപഞ്ചായത്ത്*

Type Setting
word, Thrissur-4, Ph.26433
Printed at
Westfort Offset Printers, Thrissur-4, Ph.22340

PUDUKAD GRAMA PANCHAYATH


# പുതുക്കാട് ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണ പരിപാടി

അധികാരം ജനങ്ങളിലേക്ക്



# വികസനറിപ്പോർട്ട്


N
Pudukad Grama Panchayat
Amballoor Village
Varantarappilly Village
Nandipulam Village
Nellai Village
Nenmanikkara Village
Parappukkara Village
THORAVU VILLAGE
CHENGALOOR VILLAGE
WARD I
Chengaloor East
WARD II
Chengalur West
Krishi Bhavan
WARD III
Maravanjery North
WARD IV
Maravanjery South
WARD V
Kannampathoor
WARD VI
Kanjoor
Panchayat Office
Village Office
Vet. Dispensary
T.E.O
WARD VII
Pudukad
WARD VIII
Thoravu North
WARD IX
WARD X
Thoravu South
NH 47
NH 47
To TCR
To CHN
To CHN
To Irinjalakuda
to TCR
To Mupliyam
Block Road
Railway Station Road
Railway Line
Hospital Road
Bazar Road
GH
PS
HPO
Kanjoor Road
Mupliyam Road
Mupliyam Road
Uzhinjalpadam Road
Valajupadam Road
Matumala Road
Kundukadavu Road
Srinarayanapuram Road
Kurumaly Puzha
Kurumalipuzha
Kurumalipuzha

# ഉള്ളടക്കം

ആമുഖം

പഞ്ചായത്ത്: പൊതുവിവരം

ചരിത്രം

ഭൂപ്രകൃതി- ജനപ്രകൃതി- ജലപ്രകൃതി

കൃഷി- ജലസേചനം

മൃഗസംരക്ഷണം

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളം- ആരോഗ്യം

ഗതാഗതം- ഊർജ്ജം- മാർക്കറ്റ്

പാർപ്പിടം- സാമൂഹ്യക്ഷേമം

സംസ്ക്കാരം

വനിത

പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം

സഹകരണം

വിഭവസമാഹരണം

ഉപസംഹാരം

# ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം വിവിധ രംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്നുള്ളത് നിസ്തർക്കമായ സംഗതിയാണ്. ബ്രിട്ടീഷുകാരുടെ വരവോടെ നിർവീര്യമാക്കപ്പെട്ട ഗ്രാമീണജനതയുടെ ക്രിയാത്മക കഴിവുകളും, അടിച്ചമർത്തപ്പെട്ട അവകാശാധികാരങ്ങളും പുനഃസ്ഥാപിച്ചെടുക്കുവാൻ നമുക്ക് സാധിച്ചു. കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിൽ കാർഷിക–വ്യാവസായിക മേഖലകളിലും, ശാസ്ത്ര– സാങ്കേതിക രംഗത്തും അസൂയാവഹവും അഭുതപൂർവ്വവുമായ പുരോഗതിയുണ്ടാക്കുവാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. വികസ്വര രാജ്യങ്ങൾക്കിടയിൽ ഒട്ടുംതന്നെ മോശമല്ലാത്ത സ്ഥാനമാണ് ഇന്ന് ഭാരതത്തിനുള്ളത്. നമ്മുടെ രാജ്യത്ത് നിലനില്ക്കുന്ന പാർലിമെന്ററി ജനാധിപത്യ സമ്പ്രദായം ലോകരാഷ്ട്രങ്ങൾക്ക് മാതൃകയാണ്. എന്നാൽ രാഷ്ട്രപിതാവിന്റെ സ്വപ്നമായ സ്വാശ്രയഗ്രാമങ്ങളുടെ ശൃംഖലയാൽ നയിക്കപ്പെടുന്ന ഇന്ത്യയെ കെട്ടിപ്പടുക്കുവാൻ സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷമുള്ള നമ്മുടെ ഭരണ ആസൂത്രണ സംവിധാനങ്ങൾക്ക് വേണ്ടത്ര സാധിച്ചില്ല എന്നത് ഒരു വസ്തുതയായി അവശേഷിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ അധികാരം താഴെ തട്ടിലേക്ക് പകർന്നു നൽകുകയെന്ന വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയുടെ സാധൂകരണത്തിന് 1993ലെ പഞ്ചായത്തീരാജ്–നഗരപാലികാ നിയമം സഹായകരമായിത്തീരുമെന്നുള്ളത് ആശ്വാസത്തിന് വക നൽകുന്ന ഒന്നാണ്.

73, 74 ഭരണഘടനാഭേദഗതികൾ വഴി നിലവിൽ വന്ന ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും, ആസൂത്രണവും പദ്ധതി നടത്തിപ്പും ജനകീയമാക്കുന്നതിനും പ്രാദേശിക വിഭവങ്ങളേയും നാട്ടറിവിനേയും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഈയൊരു ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാനത്ത് തുടക്കം കുറിച്ചിരിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഉജ്ജ്വല സംരംഭമാക്കിത്തീർക്കുവാൻ നമുക്കു സാധിക്കണം.

പുതുക്കാട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടിയുടെ ആദ്യഘട്ടങ്ങൾ സമയബന്ധിതമായും വിജയകരമായും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നും രണ്ടും ഘട്ട ജില്ലാ പരിശീലനം, പഞ്ചായത്ത് തല ശില്പശാലകൾ എന്നിവ ഏറെ പ്രയോജനകരമായിരുന്നു. 1996 സെപ്തംബർ 21 മുതൽ ഒക്ടോബർ 13 വരെയുള്ള വ്യത്യസ്ത തീയതികളിലായി പഞ്ചായത്തിലെ പത്ത് വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ നടന്നു. ആകെ പങ്കെടുത്ത 2390 പേരിൽ 589 പേർ സ്ത്രീകളായിരുന്നു. ജനങ്ങളുടെ വൈവിധ്യ

മാർന്ന അറിവും ആവശ്യങ്ങളും ഗ്രാമസഭകളിൽ പ്രതിഫലിച്ചു. ഗ്രാമസഭകളിലെ വമ്പിച്ച ജന പങ്കാളിത്തത്തിലൂടെ പുതുമയാർന്നൊരു അനുഭവവും ഉണർവ്വും കണ്ടെത്താനായി.


ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടത്തിന് പരിസമാപ്തി കുറിച്ചുകൊണ്ടു നടക്കുന്ന വികസന സെമിനാറാണ് നാം ഉറ്റുനോക്കുന്ന മറ്റൊരു സന്ദർഭം. പ്രസ്തുത സെമിനാറിൽ ചർച്ചയ്ക്കു വരുന്ന പഞ്ചായത്തിന്റെ വികസന രേഖാനിർമ്മിതിയിൽ ജനകീയ കൂട്ടായ്മ ദൃശ്യമായിരുന്നു. പരിശീലകർ, രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, കാരണവന്മാർ എന്നിവരുടെ ഒത്തുചേരലും ആശയവിനിമയവും വികസന രേഖയുടെ പൂർത്തീകരണത്തിൽ സഹായിച്ചിട്ടുണ്ട്. ഗ്രാമസഭാചർച്ചകൾ, ദ്വിതീയ വിവരശേഖരണം, ദ്രുതഗ്രാമപഠനം തുടങ്ങിയവയിൽനിന്ന് വിവിധ മേഖലകളുടെ റിപ്പോർട്ടുകൾ കൂട്ടായ ചർച്ചയിലൂടെ ക്രോഡീകരിച്ചെടുക്കുകയാണ് ചെയ്തത്.

കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു സുപ്രധാന വഴിത്തിരിവ് ആകാൻ പോകുന്ന ഈ പരിപാടി നമ്മുടെ പഞ്ചായത്തിലും വിജയകരമായി പൂർത്തീകരിക്കുന്നതിന് നമുക്ക് ബാധ്യതയുണ്ട്. എല്ലാ മേഖലകളിലുമുള്ള നമ്മുടെ നാടിന്റെ വികസനവും സത്ഭാവിയും ആഗ്രഹിക്കുന്ന മുഴുവൻ സുമനസ്സുകളുടേയും പൂർണ്ണതോതിലുള്ള സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് ചർച്ചയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

## പുതുക്കാട് പഞ്ചായത്തിന്റെ മുൻകാല പ്രസിഡന്റുമാർ



കെ.കെ. നാരായണൻ




എം.കെ. ശിവരാമൻ




ടി. കൃഷ്ണൻകുട്ടിനായർ


# പുതുക്കാട് പഞ്ചായത്ത് നിലവിലുള്ള ഭരണസമിതി












ആന്റണി പോട്ടോക്കാരൻ (പ്രസിഡന്റ്)
കെ.ജെ. ജോജു (വൈസ് പ്രസിഡന്റ്)
എ.എൽ. ജോയി (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
കെ.കെ. നാരായണൻ (മെമ്പർ)
പി.പി. ഹെൻറി മാസ്റ്റർ "
ശ്യാമയതീന്ദ്രദാസ് "
വള്ളിയമ്മ ടീച്ചർ "
സുനന്ദ ശശി "
പി.സി. കറപ്പൻ "
പി. തങ്കം ടീച്ചർ "

# പുതുക്കാട് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പുതുക്കാട് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന റവന്യു വില്ലേജുകൾ | : | തൊറവ്, ചെങ്ങാലൂർ |
| താലൂക്ക് | : | മുകുന്ദപുരം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | ചെങ്ങാലൂർ (വനിത)<br>പുതുക്കാട് (ജനറൽ)<br>നെന്മണിക്കര (പട്ടികജാതി) |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊടകര |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | പുതുക്കാട് |
| ജില്ല | : | തൃശൂർ |
| വിസ്തീർണ്ണം | : | 15.41 ച.കി.മീ |
| ജനസംഖ്യ (1991 ലെ കാനേഷുമാരി കണക്കു പ്രകാരം) | : | 20871 |
| വാർഡുകളുടെ എണ്ണം | : | 10 |

ഭരണ ചരിത്രം

GO (MS) 196/6/ dt. 28.12.61–ാം നമ്പർ ഉത്തരവ് പ്രകാരം പറപ്പൂക്കര പഞ്ചായത്ത് വിഭജിച്ച് പുതുക്കാട് പഞ്ചായത്ത് രൂപീകരിച്ചു.

| | | |
|---|---|---|
| നിലവിലുള്ള അതിരുകൾ | : | വടക്ക്: നെന്മണിക്കര അളഗപ്പനഗർ പഞ്ചായത്തുകൾ<br>തെക്ക്: കുറുമാലിപുഴ<br>കിഴക്ക്: വരന്തരപ്പിള്ളി പഞ്ചായത്ത്<br>പടിഞ്ഞാറ്: നെന്മണിക്കര പഞ്ചായത്ത് |

# ചരിത്രം

പുതുക്കാട് പഞ്ചായത്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ആധികാരിക രേഖകൾ ഒന്നും തന്നെയില്ല. പഴമക്കാരിൽ നിന്നുള്ള കേട്ടറിവും ഐതിഹ്യങ്ങളും ആണ് നമുക്ക് ആശ്രയിക്കാനുള്ളത്. മദ്ധ്യ കേരളത്തിൽ കുറുമാലി പുഴയുടെ കുളിരുറങ്ങുന്ന വടക്കൻ വയലേലകളിൽ കാനത്തോടുമുതൽ കേളിത്തോടു വരെ നീണ്ട കേദാരങ്ങളും കിഴക്ക് മാട്ടിൻ മലയോരങ്ങളും വടക്ക് റബ്ബർ മരങ്ങളുടെ ഇലകൾ മർമ്മരം വീശുന്ന ചീനിക്കുന്നും, പടിഞ്ഞാറ് തൊറവിൻകുന്നിന്റെ മടിയിൽ ചെന്താമരപൂക്കളും, ആമ്പൽപൂക്കളും നിറഞ്ഞുനില്ക്കുന്ന കേളീപ്പാടവും ഉൾപ്പെട്ട ഇരുഗ്രാമയോഗമാണ് പുതുക്കാട് പഞ്ചായത്ത്. കുറുമാലികളും അവയെ ഉപജീവിച്ച് ആയിരത്താണ്ടുകളുടെ നടവഴിതാണ്ടിയ കർഷകരും കർഷകത്തൊഴിലാളികളും അവരുടെ ഉർവരത പ്രതീക്ഷകളെ പൊലിപ്പിച്ചും, ആധിവ്യാധികളെ ശമിപ്പിച്ചും ജീവിതം ധന്യമാക്കിയ കുറുമാലിക്കാവിലമ്മയും ഈ പഞ്ചായത്തിന്റെ സുദീർഘ ചരിത്രത്തിന് സാക്ഷ്യങ്ങളാണ്.

കേരളത്തിലെ അതിപ്രശസ്തവും പ്രാചീനവുമായ പതിനെട്ടര കാവുകളിലൊന്നാണ് കുറുമാലികാവ്. പണ്ടത്തെ കാർഷിക കൂട്ടായ്മയുടെ സിരാകേന്ദ്രമായിരുന്നു കാവ്. ജനകീയമായ അനുഷ്ഠാന കലകളുടെ പ്രകാശനവേദിയും. പാടശേഖരങ്ങളിലെ മികച്ച വിളവിനും ആധിവ്യാധികളിൽനിന്നുള്ള മോചനത്തിനുംവേണ്ടിയായിരുന്നു അനുഷ്ഠാനങ്ങളും ഉൽസവങ്ങളും. ഇവ കർഷക കൂട്ടായ്മയും, സാമൂഹ്യമായ ഐക്യധാർഢ്യവും ശക്തിപ്പെടുത്തി. പുഴയോരങ്ങളിൽ മറ്റനേക ശിവക്ഷേത്രങ്ങളും, ഭഗവതി കാവുകളും ക്രമേണ ഉയർന്നു വന്നു. ഇവയിൽ ചെങ്ങാലൂർ മഹാദേവക്ഷേത്രം, വിളക്കപ്പാടി ശിവക്ഷേത്രം എന്നിവക്ക് വളരെ പഴക്കമുണ്ട്. ഈശാനിമംഗലം ശിവക്ഷേത്രം, തൊടുകുളങ്ങര വിഷ്ണുക്ഷേത്രം ആലഞ്ചേരി നരസിംഹ ക്ഷേത്രം, ഒഴലൂർ കാർത്ത്യായനി ക്ഷേത്രം, വള്ളിക്കുന്ന് വിഷ്ണു-ഭഗവതി ക്ഷേത്രം എടത്തൂട്ട് ശിവക്ഷേത്രം, നരിമറ്റ ശിവ ക്ഷേത്രം സൂര്യഗ്രാമത്തിലെ കൂരുംബഭഗവതി ക്ഷേത്രം എന്നിവ കാലഘട്ടങ്ങളിൽ ഉയർന്ന് വന്ന ആരാധനാലയങ്ങളാണ്. ദേവീപ്രീതിക്കുവേണ്ടി പട്ടികജാതി വിഭാഗത്തിന്റെ ജന്മ സാഫല്യമാണ് മാട്ടുമലയിലെ ചോനേടത്ത് കുന്ന് ഭഗവതിക്ഷേത്രം. ഇന്നും ജില്ലയുടെ പല ഭാഗത്തു നിന്നുമുള്ള പട്ടികജാതിക്കാർ ഇവിടെ നടക്കുന്ന ഉത്സവങ്ങളിൽ പങ്കെടുക്കാറുണ്ട്.

കുറുമാലി ക്ഷേത്രനാമത്തിൽനിന്നായിരിക്കണം ആ പ്രദേശത്തിന് കുറുമാലി എന്ന പേര് കിട്ടിയിട്ടുള്ളത്. പട്ടികജാതിക്കാർക്ക് പ്രത്യേകിച്ച് മറ്റു ആരാധനാലയങ്ങൾ ഇല്ലെങ്കിലും കുറുമാ



338

ലിക്കാവ് ഭരണി ഉത്സവത്തോടനുബന്ധിച്ച് അവരുടെ തനതു കലകളായ ദാരികനൃത്തം, കാളക്കളി തുടങ്ങിയവ അവതരിപ്പിക്കാറുണ്ട്

നമ്മുടെ പഞ്ചായത്തിലെ ആദിമ ക്രിസ്ത്യാനികൾ പറപ്പൂക്കര സെന്റ് ജോൺസ് ദേവാലയമാണ് ദൈവാരാധനക്കായി ബന്ധപ്പെട്ടിരുന്നത്. ജനം പെരുകുകയും ശവം അടക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ വർദ്ധിക്കുകയും ചെയ്തപ്പോൾ കൊച്ചി മഹാരാജാവിന് മുന്നിൽ സങ്കടമുണർത്തിച്ചു. ക്രിസ്ത്യാനികൾക്ക് ആരാധനാലയമുണ്ടാക്കാൻ തുറവ്കുന്നിനും ചീനിക്കുന്നിനുമിടക്കുള്ള നിരന്ന കാട്ടുപ്രദേശത്ത് കൊച്ചി മഹാരാജാവ് കരമൊഴിവാക്കി രണ്ട് ഏക്കർ സ്ഥലം പതിച്ചുകൊടുത്തു. കാട് വെട്ടിത്തെളിച്ച് 1764 ഫെബ്രു. 12ന് ഇന്നത്തെ സെന്റ് ആന്റണീസ് പള്ളി നിർമ്മിച്ചു. അങ്ങനെ ഉണ്ടായ "പുതിയ കാട്ടുപള്ളി" ലോപിച്ച് കാലാന്തരത്തിൽ പുതുക്കാട് പള്ളിയായി. പള്ളിനാമത്തിൽനിന്നാണ് പുതുക്കാട് എന്ന സ്ഥലനാമമുണ്ടായതെന്നാണ് ഐതിഹ്യം. പകൽസമയങ്ങളിൽ പോലും ഇവിടെ പുലിയിറങ്ങുക നിത്യസംഭവമായിരുന്നു എന്ന് പഴമക്കാർ ഭയത്തോടെ സ്മരിക്കുന്നു. പിന്നീട് ചെങ്ങാലൂർ മൗണ്ട് കാർമ്മൽ ദേവാലയം, സ്നേഹപുരം സെന്റ് ജോസഫ്സ് പള്ളി തെക്കെ തൊറവ് സെന്റ് ആന്റണീസ് പള്ളി എന്നിവ നിർമ്മിതമായി.

മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവർ വളരെ കുറവായതുകൊണ്ട് അവർക്ക് സ്വന്തമായ ആരാധനാലയം ഇവിടെ ഇല്ലാതെ പോയി. കല്ലൂർ ഉള്ള മുസ്ലീം പള്ളിയിലാണ് അവർ ആചാരാനുഷ്ഠാനങ്ങൾക്ക് വേണ്ടി പോകുന്നത്. നമ്മുടെ ഹൈന്ദവ ക്രിസ്തീയ ആരാധനാലയങ്ങൾ മതമൈത്രിയുടേയും സാഹോദര്യത്തിന്റേയും സ്മാരകങ്ങളായി നിലകൊള്ളുന്നു.

പുതുക്കാട് പഞ്ചായത്ത് രൂപീകരിക്കുന്നത് വരെ പുതുക്കാട് പറപ്പൂക്കര പഞ്ചായത്തിന്റെ ഭാഗമമായിരുന്നു. പട്ടയവോട്ട് നിലവിലുണ്ടായിരുന്ന അന്ന് പുളിക്കൻ ചാക്കോരുവും, പിന്നീട് ചെങ്ങാലൂരിലെ ചെതലൻ ഫ്രാൻസീസ് മാസ്റ്ററും, പറപ്പൂക്കര പഞ്ചായത്ത് പ്രസിഡന്റ്മാരായിരുന്നു. തുടർന്ന് ശ്രീ. സി.ജെ. പൗലോസ് (ജോബായി) പറപ്പൂക്കര പഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ആയിരുന്നു. പറപ്പൂക്കര പഞ്ചായത്തിന്റെ ഭാഗമായിരുന്ന ചെങ്ങാലൂർ തൊറവ് വില്ലേജുകൾ കൂട്ടിചേർത്ത് 1.1.1962ൽ പുതുക്കാട് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. രണ്ട് വർഷക്കാലം സ്പെഷൽ ഓഫീസറായിരുന്ന പന്തല്ലൂർ ഗാന്ധി എന്നറിയപ്പെടുന്ന ശ്രീധരൻ കർത്താവാണ് തെരഞ്ഞെടുപ്പിന് വേണ്ട ഒരുക്കങ്ങൾ നടത്തിയത്. 1-1-64ൽ പുതുക്കാട് പഞ്ചായത്തിലെ ആദ്യത്തെ ജനകീയ സമിതി അധികാരത്തിൽ വന്നു. 7.8.1979 വരെ 16 വർഷത്തോളം നിലനിന്ന പ്രസ്തുത ഭരണ സമിതിയിൽ താഴെ പറയുന്നവരായിരുന്നു അംഗങ്ങൾ.

പ്രസിഡന്റ് : ടി. കൃഷ്ണൻകുട്ടി നായർ
വൈ. പ്രസിഡന്റ് : പി.ഒ. പോൾ

അംഗങ്ങൾ : കെ.പി. പൈലോത്മാസ്റ്റർ
കെ.കെ. പ്രഭാകരൻ
പി.കെ. പള്ളി
ടി.എ. കുഞ്ഞുവറീത്
എൻ.എ. ഫ്രാൻസീസ് മാസ്റ്റർ
പി. പരമേശ്വരൻ നായർ

15.1.64 ൽ വനിതാ മെമ്പറായി നാമനിർദ്ദേശം ചെയ്യപ്പെട്ട പി.ഐ. ചെറിച്ചി ടീച്ചർ രാജി വെച്ചതിനെ തുടർന്ന് 27.7.65 ൽ ശ്രീമതി V.S പാറുകുട്ടി വാരസ്യാർ നാമനിർദ്ദേശം ചെയ്യപ്പെട്ടു.

ശ്രീ. കെ.പി. പൈലോത് മാസ്റ്റർ, എൻ.എ. ഫ്രാൻസിസ് മാസ്റ്റർ എന്നിവർ രാജിവെച്ച ഒഴിവിൽ ശ്രീ കെ.കെ. നാരായണൻ, ശ്രീ പി.ഒ. ഔസേഫ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

28.9.79ൽ നിലവിൽ വന്ന രണ്ടാമത്തെ ജനകീയ കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.

പ്രസിഡന്റ് : ശ്രീ. എം.കെ. ശിവരാമൻ
വൈ. പ്രസിഡന്റ് : ശ്രീ. സി.പി. ജോർജ്ജ്
അംഗങ്ങൾ : കെ.കെ. നാരായണൻ
സി.എൻ. സത്യവാൻ മാസ്റ്റർ
എ.വി. ചന്ദ്രൻ
പി. പത്മനാഭൻനായർ
എം.കെ. പോൾസൺ മാസ്റ്റർ
എം. ഗൗരിയമ്മ
പി.യു. ജെയ്ക്കബ്ബ്

20.10.84 മുതൽ 88 വരെ 4 വർഷക്കാലം സ്പെഷൻ ഓഫീസർ ഭരണം ആയിരുന്നു. 8.2.88ൽ അധികാരത്തിൽ വന്ന മൂന്നാമത്തെ ജനകീയ ഭരണ സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.

പ്രസിഡന്റ് : ശ്രീ. കെ.കെ. നാരായണൻ
വൈ. പ്രസിഡന്റ് : എം.പി. പോളി
അംഗങ്ങൾ : മേഴ്സി ജോണി
എ.എൽ. ജോയ്
വി.കെ. വേലുകുട്ടി
എ.വി. ചന്ദ്രൻ
എം.കെ. പോൾസൺ
പി. തങ്കം ടീച്ചർ
എം.ഡി. യാക്കോബ്
കെ. കൊച്ചു ഗോവിന്ദൻ നായർ

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ കാര്യമായി നടന്നിട്ടില്ല. വിളക്കപ്പാടി ക്ഷേത്രസമീപത്ത് അക്കാലത്ത് കുറച്ചു ചെറുപ്പക്കാർ ശ്രീനാരായണ പ്രസ്ഥാനവുമായി സന്ധ്യാസമയങ്ങളിൽ ഒത്തുചേരുക പതിവായിരുന്നു. പിന്നീടു ദേശീയനേതാക്കൾക്ക് ജെയ് വിളിച്ചുള്ള ജാഥകൾ സംഘടിപ്പിച്ചിരുന്നുവത്രേ. ഈ സംഭവം പോലീസ് നിരീക്ഷണത്തിലായതിനെ തുടർന്ന് കെട്ടടങ്ങിയതായിട്ടാണ് അറിവ്.

കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ പടനായകൻ ശ്രീ നാരായണ ഗുരു സ്വാമികൾ, പുതുക്കാട്ടിലൂടെ നടന്നു. മറവാഞ്ചേരി കോമത്തുകാട്ടിൽ വീട്ടിൽ താമസിച്ചിട്ടുണ്ടെന്ന് ഇന്നും പലരും വ്യക്തമായി ഓർക്കുന്നു. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ജനശ്രദ്ധ പിടിച്ചു പറ്റിയ ഭൂദാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ വിനോബാഭാവെ, പുതുക്കാട് സെന്റ് ആന്റണീസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ കൂടിയ സമ്മേളനത്തിൽ പ്രസംഗിച്ചിട്ടുണ്ട്. ഇന്ത്യയുടെ മുൻ പ്രധാന മന്ത്രിമാരായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ശ്രീമതി ഇന്ദിരാഗന്ധിയും യാത്രാമധ്യേ പുതുക്കാടിലെ പൗരാവലിയെ അഭിവാദ്യം ചെയ്തത് പലരും ഓർക്കുന്നു. പ്രജ്യോതിനികേതന്റെ ഉൽഘാടനത്തിന് ഉപരാഷ്ട്രപതി ശ്രീ. കെ.ആർ. നാരായണനും ഏഷ്യയിലെ ആദ്യത്തെ ഹോളിസ്റ്റിക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ ശിലാസ്ഥാപനത്തിന് രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമ്മയും നമ്മുടെ പഞ്ചായത്തിൽ വരികയുണ്ടായി. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽനിന്നു ഉയർന്നുവന്നവരിൽ മുൻ. ട്രാൻസ്പോർട്ട്, തൊഴിൽ മന്ത്രി കെ.ടി. അച്ചുതൻ വക്കീൽ, മുൻകൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പി. ജോർജ്ജ് മാസ്റ്റർ, എം.എൽ.എ യും തൊഴിലാളി നേതാവുമായിരുന്ന ശ്രീ. സി.ജി. ജനാർദ്ദനൻ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.

ബസാർ റോഡിന്റെ തെക്കെ അറ്റത്തുള്ള വർഷങ്ങളോളം പഴക്കമുള്ള ഒരു പറങ്കിമാവ് ഈ അടുത്ത കാലത്തായി നശിച്ചു പോയി.

ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കാലഘട്ടത്തിൽ ഇവിടെ താവളമടിച്ചിരുന്ന പറങ്കികളാണ് അതു നട്ടുവളർത്തിയത്. ഏതാനും നാൾ മുമ്പു വരെ നാല് യഹൂദ കുടുംബങ്ങൾ ഇവിടെ സ്ഥിര താമസമുണ്ടായിരുന്നു. 150 വർഷങ്ങളോളം പഴക്കമുള്ള പുതുക്കാട് പള്ളി വക മാർക്കറ്റ് വളരെ പ്രസിദ്ധമായിരുന്നു. സമീപ പഞ്ചായത്തുകളിൽനിന്നും പ്രത്യേകിച്ച് കിഴക്കൻ മലയോര പ്രദേശങ്ങളിൽ നിന്നും കാർഷിക ഉല്പന്നങ്ങളുമായി ധാരാളം പേർ ഇവിടെ എത്തുമായിരുന്നു. 15 വർഷങ്ങൾക്കു മുമ്പ് നാഷണൽ ഹൈവേ വെട്ടി താഴ്ത്തിയതിനെ തുടർന്ന് ചന്ത ഒറ്റപ്പെടുകയും ഏതാണ്ട് അധോഗതിയിലാവുകയും ചെയ്തു.

പുതിയ നാഷണൽ ഹൈവേ പുതുക്കാട് സെന്ററിൽ 20 അടിയോളം വെട്ടി താഴ്ത്തിയതിനെ തുടർന്ന് പുതുക്കാടിന്റെ മുഖം ഇന്ന് വളരെ വികൃതമാണ്. എങ്കിലും കൊടകര നിയോജക മണ്ഡലത്തിന്റെ ആസ്ഥാനം എന്ന നിലയിൽ ഒട്ടുവളരെ സ്ഥാപനങ്ങളുള്ള പുതുക്കാട് പഞ്ചായത്തിന് സമുന്നതമായ സ്ഥാനമാണുള്ളത്. കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളും ഒന്നിച്ചു നിന്നാൽ ഈ പഞ്ചായത്തിനെ നമുക്ക് ഇനിയും ഉയരങ്ങളിലേക്ക് എത്തിക്കാൻ കഴിയും. ഗ്രാമസഭകളിൽനിന്ന് ഉരുതിരിഞ്ഞുവന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി നമുക്ക് കൂട്ടമായി പ്രവർത്തിക്കാം. നാളത്തെ തലമുറക്കുവേണ്ടി നമുക്ക് ചെയ്തു തീർക്കുവാനുള്ള കടമയും ഉത്തരവാദിത്വവും അതാണ്.


## പുതുക്കാട് പഞ്ചായത്തിലെ പ്രധാന ഓഫീസുകൾ

റെയിൽവേസ്റ്റേഷൻ, പുതുക്കാട്
ഹെഡ്പോസ്റ്റോഫീസ്, പുതുക്കാട്
ടെലികോം സെന്റർ, പുതുക്കാട്
സബ്ബ് ട്രഷറി, പുതുക്കാട്
കൊടകര ഗ്രാമവികസന ബ്ലോക്ക് ഓഫീസ്
സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, PKD
പോലീസ് സ്റ്റേഷൻ, പുതുക്കാട്
കൃഷിഭവൻ, പുതുക്കാട്, ചെങ്ങാലൂർ പി.ഒ.
വെറ്റിനറി ഡിസ്പെൻസറി, പുതുക്കാട്, ചെങ്ങാലൂർ
ആയുർവ്വേദ ഡിസ്പെൻസറി, ചെങ്ങാലൂർ.
ഗവ. ആശുപത്രി, പുതുക്കാട്
പി.ഡബ്ല്യു.ഡി. (റോഡ്സ്) ഓഫീസ്
മൈനർ ഇറിഗേഷൻ, എ.ഇ. ഓഫീസ്
റവന്യൂ ഇൻസ്പെക്ടറുടെ ഓഫീസ്
തൊറവ്-നെന്മണിക്കര വില്ലേജ് ഓഫീസ്
ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയം
KSEB സബ് എഞ്ചിനീയർ ഓഫീസ്, ചെങ്ങാലൂർ
KSEB, 66 KV സബ് സ്റ്റേഷൻ, പുതുക്കാട്
പോസ്റ്റ് ഓഫീസ്, ചെങ്ങാലൂർ

# ഭൂപ്രകൃതി
# ജനപ്രകൃതി
# ജലപ്രകൃതി

## *ഭൂപ്രകൃതി*

കുറുമാലിപ്പുഴയുടെ വടക്കുഭാഗത്തും, കേളിത്തോടിന്റെ തെക്കുഭാഗത്തുമായി മാട്ടുമല, ചീനിക്കുന്ന്, തൊറവ്കുന്ന് എന്നീ കുന്നിൻ പ്രദേശങ്ങളുൾപ്പെടെ കേരളത്തിന്റെ മദ്ധ്യഭാഗത്തായി 15.41 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഭൂപ്രദേശമാണ് പുതുക്കാട് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ കിഴക്കുഭാഗം തൃശൂർ ജില്ലയുടെ കിഴക്കൻ പ്രദേശത്ത് സ്ഥിതിചെയ്യുന്ന മലയോര പഞ്ചായത്തായ വരന്തരപ്പിള്ളിയും, പടിഞ്ഞാറ് നെൻമണിക്കര പഞ്ചായത്തുമാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതി – ജലപ്രകൃതി–എന്നിവ തൊട്ടറിയുന്നതിന് പഞ്ചായത്തിൽ പര്യടനം നടത്തി പഠനയാത്രാ സംഘം ഭൂവിനിയോഗത്തെ സംബന്ധിച്ച് തയ്യാറാക്കിയ രേഖാചിത്രം താഴെ ചേർക്കുന്നു.



സസ്യാവരണം, പഞ്ചായത്തിലെ ഭൂപ്രകൃതി, മൺതരം, ജലസ്രോതസ്സുകൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയാണ് പ്രധാനമായും പഠനവിഷയമാക്കിയത്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 10 മേഖലകളാക്കി തരംതിരിക്കാമെന്ന് സംഘം കണ്ടെത്തി.

മേഖല 1. മനക്കലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ മുതൽ കുണ്ടുകടവ് വരെ.

മേഖല 2. ചെങ്ങാലൂർ ശ്രീമഹാദേവക്ഷേത്രം മുതൽ എടത്തൂട്ട് ശിവക്ഷേത്രം വരെ.

മേഖല 3. എടത്തൂട്ട് പാടം മുതൽ സൂര്യഗ്രാമം വരെയും, മാട്ടുമല മുതൽ ശാന്തിനഗർ വരെയുമുള്ള പ്രദേശങ്ങൾ.

മേഖല 4. സൂര്യഗ്രാമ മുതൽ മാട്ടുമല വരെ.

മേഖല 5. ശാന്തിനഗർ മുതൽ കണ്ണമ്പത്തൂർ കപ്പേള വരെ.

മേഖല 6. കണ്ണമ്പത്തൂർ കപ്പേള മുതൽ കാഞ്ഞൂർ വരെ.

മേഖല 7. കാഞ്ഞൂർ മുതൽ പുതുക്കാട് വരെ

മേഖല 8. പുതുക്കാട് മുതൽ കേളിപ്പാടം വരെ.

മേഖല 9. കേളിപ്പാടം മുതൽ റെയിൽവേ ഗേറ്റുവരെ

മേഖല 10. റെയിൽവേ ഗേറ്റു മുതൽ തൊറവ് പാടം ഉൾപ്പെടെ കുറുമാലി പാലം വരെ.

ഈ മേഖലകളിൽനിന്നും പഠനസംഘം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പട്ടിക താഴെ കൊടുക്കുന്നു.

| | മേഖല 1 | മേഖല 2 | മേഖല 3. | മേഖല 4. | മേഖല 5. | മേഖല 6. | മേഖല 7. | മേഖല 8. | മേഖല 9. | മേഖല 10. |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | നദീതടം | ചരിവോടുകൂടിയ ഉയർന്ന സമതലം | കുന്നിൻ ചരിവ് പ്രദേശം | ഉയർന്നക്കുന്നിൻ പ്രദേശം | മദ്ധ്യസമതലം | ഉയർന്ന ചരിവു പ്രദേശം | താഴ്ന്ന ചരിവു പ്രദേശം | താഴ്ന്ന സമതലം (ചതുപ്പ്) | കുന്നിൻ പ്രദേശം | സമതലം |
| മൺതരം | ഏക്കൽമണ്ണ് | ചരൽ കലർന്ന മണ്ണ് | ചരൽ കലർന്ന ചെമ്മണ്ണ് | തവിട്ടുപാറ കലർന്ന കരിങ്കൽമണ്ണ് | പൂഴികലർന്ന മണ്ണ്, കളിമണ്ണ്, ചരൽ മണ്ണ് | ചെങ്കല്ല്, കരിങ്കല്ല്, ചരൽ കലർന്ന ചെമ്മണ്ണ് | ചുവപ്പുകലർന്ന ചരൽമണ്ണ് | കളിമണ്ണ് | ചുവപ്പ് കലർന്ന ചരൽമണ്ണ് | പൂഴികലർന്ന കളിമണ്ണ് |
| സസ്യാവരണം | നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, ജാതി | തെങ്ങ്, കവുങ്ങ്, ഇടവിളകൾ, കശുമാവ്, പച്ചക്കറി, ഗ്രാമ്പൂ | റബ്ബർ, കശുമാവ്, തെങ്ങ്, കുരുമുളക്, ഇടവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ | റബ്ബർ, കശുമാവ്, മുതുപാഴ്മരങ്ങൾ | നെല്ല്, തെങ്ങ്, കവുങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, ജാതി, വാഴ | കശുമാവ്, റബ്ബർ, വാഴ, ഫലവൃക്ഷങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ | തെങ്ങ്, റബ്ബർ, ഫലവൃക്ഷങ്ങൾ, വാഴ, ഗ്രാമ്പൂ, | നെല്ല് | തെങ്ങ്, ഫലവൃക്ഷങ്ങൾ, മുള | നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ, കവുങ്ങ്, ജാതി |
| പരിസ്ഥിതി | മണൽവാരൽ | വെട്ടുകല്ല്ഖനനം | മണ്ണൊലിപ്പ് | കരിങ്കൽഖനനം | - | കരിങ്കൽഖനനം, വെട്ടുകല്ല് | - | വെള്ളക്കെട്ട് | കരിങ്കൽഖനനം | - |
| ജലസ്രോതസ്സ് | പുഴ | കിണർ, കുളം | കിണർ, കുഴൽകിണർ | കിണർ | കുളം തോട്, കിണർ | കുളം, കിണർ | കിണർ | തോട് | കിണർ | പുഴ, കുളം, തോട് |

മേൽ ഉദ്ധരിച്ച 10 മേഖലകളെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ പുഴയോരം, സമതലം, താഴ്‌വര, ചരിവു പ്രദേശം, കുന്നിൻ പ്രദേശം എന്നിങ്ങനെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ സംഗ്രഹിക്കാവുന്നതാണ്. പഞ്ചായത്തിന്റെ കാർഷിക കാലാവസ്ഥാമേഖലയായി ഉയർന്ന പ്രദേശം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും, പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയായ 1541 ഹെക്ടർ സ്ഥലത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഇടനാടാണ് എന്ന് കാണാൻ കഴിയും. ഈ ഭൂപ്രദേശം സമുദ്രനിരപ്പിൽനിന്നും 10 മീറ്റർ മുതൽ 35 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

## കാലാവസ്ഥ - ജലപ്രകൃതി

പുതുക്കാട് പഞ്ചായത്തിന്റെ കാലാവസ്ഥയെ സംബന്ധിച്ച് വളരെ ശ്രദ്ധേയമായ ഒരു കാര്യം വൃശ്ചിക്കകാറ്റ് കുറുമാലിപുഴ വരെ വന്ന് അവസാനിക്കുന്നു എന്നതാണ്. ശരാശരി വർഷം ലഭിക്കുന്ന പ്രദേശമാണിത്.

ജില്ലാതലത്തിൽ ലഭ്യമായ ശരാശരി വർഷപാതം സംബന്ധിച്ച കണക്ക്

| തൃശൂർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലെ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| | 7 | 10 | 27 | 86 | 296 | 769 | 754 | 43 | 257 | 301 | 744 | 31 |

പുതുക്കാട് പഞ്ചായത്ത് പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയിലും ഇതിൽ നിന്നും വലിയ വ്യത്യാസങ്ങൾ കാണുന്നില്ല. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. ഏപ്രിൽ, മേയ് മാസങ്ങളിൽ വരൾച്ചയും, ജലദൗർലഭ്യതയും അനുഭവപ്പെടുന്നു. ജലലഭ്യതക്കായി പ്രധാനമായും ആശ്രയിക്കപ്പെടുന്നത് കുറുമാലിപ്പുഴ, പൊതുകുളങ്ങൾ, പൊതുകിണറുകൾ എന്നിവയെയാണ്. ഇതിൽ കുറുമാലിപ്പുഴ 6 കി.മീ. ദൂരം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ കൂടി ഒഴുകുന്നു. പഞ്ചായത്ത് രജിസ്റ്റർ പ്രകാരം 9 പൊതുകുളങ്ങൾ പഞ്ചായത്തിലുണ്ട്. (കുളങ്ങളുടെ പേര്, വിസ്തീർണ്ണം എന്നിവ കൃഷി-ജലസേചന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്). പൊതുകിണറുകളുടെ എണ്ണം 39 ആണ്. ഇവ കൂടാതെ ക്ഷേത്രകുളങ്ങളും, സ്വകാര്യ കുളങ്ങളും, കിണറുകളും പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ട്.

## ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് പുതുക്കാട് പഞ്ചായത്തിലെ ജനസംഖ്യ 20871 ആണ്. ജനസാന്ദ്രത 1354. സെൻസസ് റിപ്പോർട്ടിലെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്.

| വിസ്തൃതി | ജനസംഖ്യ | 0– ലൈ ജനസംഖ്യ | SC,ST. | സാക്ഷരത | സ്ത്രീപുരുഷ . അനുപാതം | ജനസാന്ദ്രത |
|---|---|---|---|---|---|---|
| ച.കി. | ആകെ.പു.സ്ത്രീ. | ആകെ പു. സ്ത്രീ. | ആകെ.പു.സ്ത്രീ. | പു.സ്ത്രീ. | പഞ്ചായത്ത് ജില്ല സംസ്ഥാനം | |
| 15.41 | 20871 10131 10740 | 2454 1245 1209 | 3298 1609 1689 | 8361 8389 | 1060 1085 1036 | 1354 |

പട്ടികയിൽ പട്ടികജാതി വിഭാഗത്തിൽ 3298 പേരുണ്ട്. അതിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു കുടുംബം മാത്രമാണുള്ളത്. ജനവാസമുള്ള മൊത്തം വീടുകൾ 4092 ആണ്. മൊത്തം ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷികമേഖലയെ ആശ്രയിച്ചു ജീവിതം നയിക്കുന്നവരാണ്. അവശേഷിക്കുന്നവർ വ്യവസായം, കെട്ടിട നിർമ്മാണം, തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്തു വരുന്നു. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർ നിരവധിയാണ്. ആളോഹരി വരുമാനത്തിലും പഞ്ചായത്തിലെ ജനങ്ങൾ വളരെ പുറകിലാണ്. ഭൂരിപക്ഷം ജനങ്ങളും പ്രാഥമിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരും വ്യവസായിക സേവനമേഖലകളിലെ തൊഴിൽ അപര്യാപ്തമാണെന്നുള്ളതുമാണ് ഇതിന്റെ കാരണങ്ങൾ.

# കൃഷിയും ജലസേചനവും

"മാവും പിലാവും പുളിയും കരിമ്പും തെങ്ങും ഫലം തിങ്ങുമിളംകവുങ്ങും" ഇട തൂർന്നു വളർന്നിരുന്ന ബഹുവിളത്തോപ്പുകളും അതിനപ്പുറത്ത് പുഞ്ചപ്പാടങ്ങളും തേമാലികളുമുള്ള നെൽകൃഷി പ്രധാനമായ പ്രദേശമായിരുന്നു കുറുമാലിപ്പുഴയുടെ ഇടതുകരയിൽ സ്ഥിതി ചെയ്യുന്ന പുതുക്കാട് പഞ്ചായത്ത്. പുഴയെ കീഴ്നിലങ്ങളോട് ബന്ധിപ്പിക്കുന്ന തോടുകളുടെ ഒരു പരമ്പര തന്നെ ഈ പഞ്ചായത്തിലുണ്ട്. കാനത്തോട്, മുക്കണാം ചാൽ തോട്, കൊക്കർണിതോട്, വിളക്കപ്പാടിത്തോട്, ഉഴിഞ്ഞാൽ തോട്, കേളിതോട് എന്നിവയാണ് അവയിൽ പ്രധാനം. മങ്ങാട്ടുപാടം, ചെടയൻങ്ങാട്ടു പാടം, എടത്തുട്ട് പാടം, കുണ്ടുപാടം, വേലുപ്പാടം, വിളക്കപ്പൊടി ഉഴിഞ്ഞാൽ പാടം, കറുകപാടം, കേളിപാടം, കച്ചറക്കൽ പാടം, തെക്കേ തൊറവ് പാടം എന്നീ പാടശേഖരങ്ങളാണ് നെൽകൃഷി ഇടങ്ങളിൽ മുഖ്യമായവ.

## കൃഷി പാരമ്പര്യം

കൃഷി മുഖ്യമായും പ്രകൃതിയെ ആശ്രയിച്ചായിരുന്നു. നിലമൊരുക്കലും ജലസേചനവും പൂർണ്ണമായും മനുഷ്യപ്രയത്നത്തിൽ അധിഷ്ഠിതമായിരുന്നു. തേവുന്നതിനും ഉഴമക്കും മാടുകളെ ഉപയോഗിച്ചു. ചക്രം, കയറ്റുകൊട്ട, തുലാവ്, വേത്ത് തുടങ്ങിയവ ചില ജലസേചന സൂത്രങ്ങളായിരുന്നു. വെള്ളക്കെട്ടില്ലാത്ത സ്ഥലങ്ങളിൽ വിരിപ്പും, മുണ്ടകനും, വെള്ളകെട്ട് ഉള്ളിടത്ത് പുഞ്ചകൃഷിയും വിജയകരമായി നടത്തിയിരുന്നു. തവളക്കണ്ണൻ, വട്ടൻ, എരുമക്കേരി, അതിയൻ, ചിറ്റേനി, കറുത്തേനി, കൊടിയൻ, ആര്യൻ, ചീര, ചെമ്പാവ്, നവര, തുളുക്കിടാവ് തുടങ്ങിയ നാടൻ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ജൈവ വളത്തിന്റെ ലഭ്യത, കൃഷിമണ്ണിന്റെ പുഷ്ടിജലസേചന സൗകര്യം, സസ്യരോഗങ്ങളുടെ കുറവ് എന്നിവ കൃഷി പൊതുവിൽ നഷ്ടമില്ലാത്ത നിലയിൽ നടത്തുവാൻ സഹായിച്ച ഘടകങ്ങളാണ്. എന്നാൽ കൃഷിക്കാരെ പ്രയാസപ്പെടുത്തിയിരുന്ന സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളുണ്ടായിരുന്നു. കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്നതിൽ പ്രധാനമായ ഒരംശം ജൻമിഭോഗമായി നൽകേണ്ടിവന്നതിനാൽ കൃഷിക്കാർ നന്നെ പ്രയാസപ്പെടേണ്ടിവന്നു.

## കൃഷിരംഗത്ത് നവോൻമേഷം

ഭൂപരിഷ്ക്കരണനിയമം നിലവിൽ വന്നതോടെ വളരെ കാലങ്ങളായി നിലനിന്നിരുന്ന ജന്മിത്വ വ്യവസ്ഥിതിക്ക് വിരാമമായി. കുടിയാൻമാർ ഭൂ ഉടമകളായി മാറി അതോടനുബന്ധിച്ച് കാർഷികമേഖലയിൽ നവമായൊരു

പ്രസരിപ്പിന്റെ വ്യാപനമുണ്ടായി. ഒരു പൂകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ കൊയ്ത്തിനുശേഷം മുഖ്യമായും മാടുകളെ മേക്കുന്നതിനാണ് ഉപയോഗിച്ചിരുന്നത്. അപൂർവ്വം സ്ഥലങ്ങളിൽ എള്ള്, ചാമ, മുതിര, ഉഴുന്ന് മധുരകിഴങ്ങ് തുടങ്ങിയവ കൃഷി ചെയ്തിരുന്നു. ജലസേചനത്തിന് മോട്ടോർ പമ്പുസെറ്റുകളും നിലമൊരുക്കുന്നതിന് യന്ത്രോപകരണങ്ങളും വന്നതോടെ കാർഷികരംഗത്ത് വലിയ പരിവർത്തനം നടന്നു. ഒരു പൂ നിലങ്ങൾ ഇരുപൂവായും, ഇരുപൂ നിലങ്ങൾ മുപ്പൂവായും ഉയർത്തി പരമാവധി നെല്ലുൽപ്പാദനം സാധ്യമാക്കി. അത്യുൽപ്പാദന ശേഷിയുള്ള ഐ.ആർ.8, ജയ, അന്നപൂർണ്ണ, കൾച്ചർ തുടങ്ങിയ വിത്തുകൾ കർഷകർക്കിടയിൽ വിതരണം ചെയ്യപ്പെട്ടു. കൃഷിവകുപ്പ് മുഖേനയുള്ള സാങ്കേതിക ഉപദേശങ്ങളും മറ്റു സഹായങ്ങളും കർഷകർക്ക് ലഭിച്ചു.

## കർഷകസമിതികൾ

പുതുക്കാട് പഞ്ചായത്തിൽ 1960കളിൽ തന്നെ കർഷകകൂട്ടായ്മകൾ നിലവിൽ വന്നു. ചെങ്ങാലൂർ പാടം കർഷക സമിതിയുടെ രൂപീകരണം 1968ൽ ആണ്. പിന്നീട് ഉഴിഞ്ഞാൽ പാടം കർഷകസമിതി വെളക്കപ്പാടി കർഷകസമിതി, തൊറവ് കടും കൃഷി സമിതി, കച്ചറക്കൽ കടുംകൃഷി, സമിതി മുതലായവ 1970കളിൽ ഉയിർകൊണ്ടു. 1990ൽ നിലവിൽ വന്ന ഗ്രൂപ്പ് ഫാമിങ്ങ് പ്രസ്ഥാനം ഒട്ടേറെ സത്ഫലങ്ങൾ ഉണ്ടാക്കിയ ഒരു പരിപാടിയായിരുന്നു. കാർഷികാവശ്യങ്ങളുടെ സുഗമമായ നിർവ്വഹണം, കീടരോഗനിയന്ത്രണം, കൃഷിച്ചിലവുകളുടെ ലഘൂകരണം എന്നിവ വഴി നെൽകൃഷി ഒരു പരിധി വരെ ലാഭകരമാക്കാനും ഉൽപാദനം വർദ്ധിപ്പിക്കുവാനും സാധിച്ചു. പക്ഷെ ഇത്തരം കൂട്ടായ്മകൾ ഇപ്പോൾ ക്ഷീണാവസ്ഥയിലാണ്.

## പാടശേഖര സമിതികൾ

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഏരിയ ഹെക്ടറിൽ | ഗുണഭോക്താക്കളുടെ എണ്ണം | എത്ര പൂവ് കൃഷി ചെയ്യുന്നു. |
|---|---|---|---|---|
| 1. | ചെടയങ്ങാട്ട് പാടശേഖര നെല്ലുൽപാദക സമിതി | 40 | 82 | വിരിപ്പ്, മുണ്ടകൻ |
| 2. | ചെങ്ങാലൂർ പാടം കർഷകസമിതി | 50 | 138 | വിരിപ്പ്, മുണ്ടകൻ, പുഞ്ച |
| 3. | ആലഞ്ചേരി പാടം | 40 | 61 | വിരിപ്പ്, മുണ്ടകൻ |
| 4. | പാപ്പിനിപ്പാടം കർഷകസമിതി | 30 | 75 | വിരിപ്പ്, മുണ്ടകൻ, പുഞ്ച |
| 5. | കറുക പാടം | 15 | 75 | വിരിപ്പ്, മുണ്ടകൻ |
| 6. | കച്ചറക്കൽ പാടശേഖര നെല്ലുൽപാദക സമിതി | 30 | 60 | വിരിപ്പ്, മുണ്ടകൻ, പുഞ്ച |
| 7. | തെക്കെ തൊറവ് കടുംകൃഷി സമിതി | 30 | 100 | വിരിപ്പ്, മുണ്ടകൻ,പുഞ്ച |
| 8. | ഉഴിഞ്ഞാൽ പാടം ഗ്രൂപ്പ് ഫാമിംഗ് സമിതി | 55 | 180 | മുണ്ടകൻ, പുഞ്ച |
| 9. | കുട്ടാടൻ പാടശേഖര നെല്ലുൽപാദക സമിതി | 10 | 54 | വിരിപ്പ്, മുണ്ടകൻ, പുഞ്ച |

## പ്രൊഡക്ഷൻ ഇൻസെന്റീവ് വിതരണം നടത്തിയിട്ടുള്ള വിവരങ്ങൾ

| | |
|---|---|
| 1993 - 94 | Rs. 28000/- |
| 1994 - 95 | Rs. 35853/- |
| 1995 - 96 | Rs. 47362/- |

### *പ്രതിസന്ധി*

രണ്ടു ദശകങ്ങൾക്കുള്ളിൽ പഞ്ചായത്തിലെ നെൽകൃഷിസ്ഥലത്തിന്റെ വിസ്തൃതി പകുതിയായി ചുരുങ്ങിയെന്ന് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു. മറ്റാവശ്യങ്ങൾക്കായി കൃഷിഭൂമി മണ്ണിട്ടു നികത്തിയെടുക്കൽ, നാണ്യവിളകളുടെ കടന്നാക്രമണം, ഇഷ്ടിക, ഓടു നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തു എന്ന നിലയിൽ മണ്ണെടുത്തു പോകൽ, രാസവളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധനവ് കാർഷികമേഖലയിലെ ഉയർന്ന കൂലി നിരക്ക് ജലസേചനനിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത, പുത്തൻ തലമുറക്ക് കൃഷികാര്യങ്ങളിൽ താൽപര്യ കുറവ്, വിവേ ഗശൂന്യമായ രാസവിഷവസ്തുക്കളുടെ പ്രയോഗം വരുത്തിതീർത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ, കീടരോഗനിവാരണത്തിൽ ആധുനിക സങ്കേതങ്ങൾക്ക് നേരിട്ട പരാജയം എന്നിവ കാർഷികമായ ഉൽപാദനത്തെ ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. പഞ്ചായത്തിലെ പ്രധാന നാണ്യ വിളയായ തെങ്ങ് പരിഹാരമില്ലാത്ത രോഗങ്ങളുടെയും ഉൽപാദന ശോഷണത്തിന്റേയും പിടിയിൽപെട്ടിരിക്കുന്നു. ദ്രുതവാട്ടരോഗം, കുരുമുളകു മേഖലയെ തളർത്തി. ഏത്തവാഴരോഗങ്ങൾക്ക് ഫലപ്രദമായ പരിഹാരമുണ്ടാക്കാൻ സാധിക്കാത്തതിനാൽ വാഴകൃഷി പ്രയാസപൂർണ്ണമായ ഒരവസ്ഥയിലെത്തിയിരിക്കുന്നു. മറ്റു വിളകളെ സംബന്ധിച്ചും പ്രശ്നമുണ്ട്. കാർഷികമേഖലയുടെ കാലാനുകൂലമായ പുനഃസംഘാടനം വഴിയും വായ്പ സബ്സിഡി നയങ്ങൾ ഉദാരമാക്കിയും പാരിസ്ഥിതികമായ അവബോധത്തിലൂന്നുന്ന പുതിയൊരു കൃഷി സംസ്കാരം വളർത്തിയും പരിഹാരപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാവുന്നതാണ്.

### *വിളകൾ*

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1541 ഹെക്ടർ ആണ്. പകുതിയിലധികം സ്ഥലത്ത് തെങ്ങാണ് കൃഷി ചെയ്യുന്നത്. 170000 തെങ്ങുകളാണ്. ഈ കൃഷിയിടങ്ങളിലുള്ളത് ഒരു ഏക്കറിൽ ശരാശരി 77 എണ്ണം. നെല്ല് ഉൽപാദിപ്പിക്കുന്നത് 300 ഹെക്ടർ സ്ഥലത്താണ്. ഇതിൽ 188 ഹെക്ടർ ഇരുപ്പൂ കൃഷിയിടങ്ങളാണ്. പുഞ്ചകൃഷി നടത്തുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 178 ഹെക്ടർ ആണ്. ഭൂവിനിയോഗത്തിന്റെ വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

| നമ്പ്ര് | വിളകൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം | വാർഷിക ഉൽപാദനം |
|---|---|---|---|---|
| 1. | തെങ്ങ് | 808 | 52.03 | 316 MT |
| 2 | കവുങ്ങ് | 25 | 1.62 | 341 |
| 3. | കുരുമുളക് | 105 | 6.81 | 339 |
| 4. | നേന്ത്രവാഴ | 70 | 4.55 | 4500 |
| 5. | ചെറുവാഴകൾ | 15 | 0.97 | 1050 |
| 6. | കശുമാവ് | 15 | 0.97 | 109 |
| 7. | മരച്ചീനി | 18 | 1.17 | 107 |
| 8. | പച്ചക്കറി പയറു വർഗ്ഗങ്ങൾ | 15 | 0.97 | 96 |
| 9. | കൈതച്ചക്ക | 10 | 0.65 | – |
| 10. | റബ്ബർ | 15 | 0.97 | 37.8 |
| 11. | ഇഞ്ചി | 15 | 0.97 | 2.8 |
| 12. | മഞ്ഞൾ | 10 | 0.65 | 2.8 |
| 13. | ജാതി | 10 | 0.65 | 35.1 |
| 14. | നെല്ല് | 300 | 19.47 | 476 |
| 15. | മറ്റുള്ളവ (കാർഷികേതര തരിശ് ചതുപ്പ് തുടങ്ങിയവ) | 110 | 7.15 | |
| | ആകെ | 1541 | 100% | |

അവലംബം: കൃഷിഭവൻ രേഖ

ഉൽപാദനക്ഷമതയിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിയോട് അടുത്തു നിൽക്കുന്നു. കൃഷി ഭവൻ രേഖകൾ പ്രകാരമുള്ള ഉദ്പാദനക്ഷമതയുടെ കണക്ക് പൂർണ്ണമായും ശരിയാകണമെന്നില്ല. ചില വിളകളുടെ കാര്യത്തിൽ (ഉദ: തെങ്ങ്) ഏറെ വ്യതിയാനം കാണുന്നുണ്ട്. ഒരു കാലത്ത് പഞ്ചായത്തിലെ പ്രധാനപ്പെട്ട വിള നെല്ലായിരുന്നു. എന്നാൽ നെൽകൃഷി ഉപേക്ഷിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. നെൽപ്പാടങ്ങൾ നികത്തി തെങ്ങ് വയ്ക്കുക, പുരയിടങ്ങൾ സ്ഥാപിക്കുക, ഇഷ്ടിക നിർമ്മാണത്തിനായി മാറ്റിവെയ്ക്കുക എന്നീ പ്രവണതകൾ നെല്ലുത്പാദനത്തിൽ കാര്യമായ കുറവു വരുത്തി. നിലമൊരുക്കൽ, കളനാശം, കീടരോഗനിവാരണം, വളം ചേർക്കൽ, ജലസേചനം, വിളവെടുപ്പ് എന്നീ കൃഷിപ്രവർത്തനങ്ങൾ യുക്തമായ സന്ദർഭങ്ങളിൽ നിർവ്വഹിക്കുന്നതിനുവേണ്ട തൊഴിൽ ശക്തിയുടെ അലഭ്യത, കാർഷിക മേഖലയിൽ നിലവിലുള്ള ഉയർന്ന കൂലിനിരക്ക്, ജലസേചന പ്രശ്നങ്ങൾ തുടങ്ങിയവ നെൽകൃഷിക്കാരിൽ വീണ്ടും പ്രഹരമേൽപ്പിച്ചു. ഇതുമൂലം നെല്ലുത്പാദനവും ഉൽപാദനക്ഷമതയും ഏറെ പുറകിലോട്ട് പോയി. ഇടവിളകൃഷികളും കാര്യക്ഷമമായി നടക്കുന്നില്ല. വേണ്ടത്ര പരിചരണമില്ലായ്മയും വിവിധകാരണങ്ങളാൽ മണ്ണിനു നേരിട്ട പുഷ്ടിക്ഷയവും ഇവയുടെ ഫലപ്രദമായ ഉദ്പ്പാദനത്തിന് തടസ്സമുണ്ടാക്കി. റബ്ബർ കൃഷി നാമമാത്രമായേ പഞ്ചായത്തിലുള്ളു. മറ്റു കൃഷികളിൽ നിന്നും വ്യത്യസ്തമായി ഇതിൽനിന്നുള്ള നേട്ടങ്ങൾ കൂടുതലാണെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു.

പഞ്ചായത്തിൽ കൃഷികൾക്കായുള്ള പകുതിയിലേറെ സ്ഥലത്തും തെങ്ങുകൃഷി വ്യാപിച്ചിരിക്കുന്നു. ഈ മേഖലയെ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായാൽ അതൊരു വൻ നേട്ടമാകും. ഇല മഞ്ഞളിപ്പ്, ചെല്ലിശല്യം, വേരുചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച എന്നിവയാണ് തെങ്ങുരോഗങ്ങൾ. 2647 തെങ്ങുകൾക്ക് രോഗം വന്നിട്ടുള്ളതായി കൃഷിഭവൻ കണക്കുകൾ പറയുന്നു. ഉൽപാദനമില്ലാതായ തെങ്ങുകളുടെ യഥാർത്ഥ എണ്ണം വളരെ കൂടുതലാണ്. വയൽ നികത്തി പറമ്പാക്കിയ സ്ഥലങ്ങളിൽ നീർക്കെട്ട് തുടങ്ങിയ കാരണങ്ങളാൽ ഉൽപാദനം കുറഞ്ഞുവരുന്നതും കാണാം.

## *ജലസേചന സൗകര്യങ്ങൾ*

ജല സമൃദ്ധമായ കുറുമാലിപ്പുഴയുടെ സാന്നിദ്ധ്യം ഈ പഞ്ചായത്തിന്റെ 6 km നീളത്തിൽ അനുഭവപ്പെടുന്നുവെങ്കിലും ജലസേചനസൗകര്യങ്ങൾ തൃപ്തികരമല്ല. ഇന്നും മഴയെ ആശ്രയിച്ചാണ് ഭൂരിഭാഗവും കൃഷി നടത്തുന്നത്. 10 വാർഡുകളിൽ 1,2,4 വാർഡുകളിൽ മാത്രമാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുള്ളത്. 1992–ൽ സ്ഥാപിതമായ മനക്കലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 208 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലക്ഷ്യമിട്ടിരുന്നു. എങ്കിലും ഇതിൽ പകുതി സ്ഥലത്തുപോലും വെള്ളമെത്തിക്കാൻ ഈ പദ്ധതി കൊണ്ടു കഴിഞ്ഞില്ല. ഒറാൻകുളത്തും മേലക്കയത്തും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സ്ഥാപിതമായെങ്കിലും ഇനിയും ലക്ഷ്യമെത്താൻ ഏറെ ദൂരമുണ്ട്. സമ്പന്നമായ കുറുമാലിപ്പുഴയുടെ സാമിപ്യത്തെ പരമാവധി ചൂഷണം ചെയ്യുന്നതിലൂടെ മാത്രമേ ശാശ്വത പരിഹാരം സാദ്ധ്യമാകൂ.

## *തോടുകൾ, കിണറുകൾ, കുളങ്ങൾ*

സ്വകാര്യ സംരംഭങ്ങളെ കൂടാതെ നമ്മുടെ പഞ്ചായത്തിൽ 9 പൊതു കുളങ്ങളും 39 കിണറുകളും 4 ചെറുതോടുകളും കുറുമാലിപ്പുഴക്കു പുറമെ ജലസ്രോതസ്സുകളായി നമുക്കുണ്ട്. ഇവയെല്ലാം നല്ല വിധത്തിൽ സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇവയെ പരിപാലിക്കുകയും നവീകരിക്കുകയും ചെയ്താൽ ജലസേചന രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കാനാകും.

### കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വാർഡ് | പേര് | വിസ്തൃതി (ഏക്കറിൽ) |
|---|---|---|---|
| 1. | 1 | എടത്തൂട്ടു പാറുക്കുളം | 0.65 |
| 2. | 1 | വലിയകുളം | 1.50 |
| 3. | 1 | ഒറാൻ കുളം | 0.15 |
| 4. | 1 | മൂക്കടംചാൽകുളം | 0.40 |
| 5. | 2 | ഇരട്ടക്കുളം | 1.10 |
| 6. | 2 | തൊമ്മാനക്കുളം | 0.15 |
| 7. | 3 | ഉഴിഞ്ഞാൽപാടംകുളം | 0.10 |
| 8. | 4 | തൊടുകുളം | 0.80 |
| 9. | 5 | ചാക്കോ ചിറ | 2.52 |

അവലംബം: പഞ്ചായത്തിന്റെ കിണറുകളും കുളങ്ങളും സംബന്ധിച്ച രജിസ്റ്റർ

## വളത്തിന്റെ ഉപയോഗം

കൃഷിയുടെ ആധുനികവൽക്കരണം- രാസവസ്തുക്കളുടേയും കീടനാശിനികളുടേയും പ്രയോഗം വർദ്ധിപ്പിച്ചിട്ടുണ്ട്. ജൈവവളങ്ങൾ നാമമാത്രമായെ ഉപയോഗിക്കപ്പെടുന്നുള്ളു. വള സാധ്യതകളെ കണ്ടെത്താൻ പ്രേരിപ്പിച്ചും സന്തുലിതമായ ജൈവ വള രാസവസ്തു പ്രയോഗത്തിന്റെ അനുപാതം കർഷകരെ ബോധ്യപ്പെടുത്തിക്കൊണ്ടും മാത്രമേ അമിതവളപ്രയോഗത്തിന്റെ ദോഷങ്ങളെ ലഘൂകരിക്കാനാവൂ.

### രാസവസ്തു കീടനാശിനി വിപണനം

| സ്ഥാപനം | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| സഹകരണ സ്ഥാപനം | 100ടൺ | 700 | 150 | 101 | 700 | 160 | 100 | 500 | 115 |
| സ്വകാര്യസ്ഥാപനങ്ങൾ | 76ടൺ | 150 | 60 | 76 | 150 | 70 | 61 | 120 | 45 |
| ആകെ | 176 | 850 | 210 | 177 | 850 | 230 | 161 | 620 | 160 |

പച്ചില, ചാണം, വെണ്ണീറ് എന്നീ വളവസ്തുക്കൾ വേണ്ടത്ര കിട്ടാനില്ല. വിവേക രഹിതമായ രാസവസ്തുപ്രയോഗം മണ്ണിന്റെ ഘടനയിൽ പോലും മാറ്റം വരുത്തുന്നതായി കർഷകന് ബോധ്യപ്പെട്ടുവരുന്നുണ്ട്. മാത്രമല്ല നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇത് കാരണമാകുന്നു.

തെങ്ങുകൾക്ക് കാണുന്ന പ്രധാന രോഗം കാറ്റുവീഴ്ച രോഗം തന്നെ. കൂടാതെ മഞ്ഞളിപ്പ്, കൊമ്പൻ ചെല്ലി ശല്യം എന്നിവയും ഉണ്ട്. വേരു രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കൃഷിഭവൻ സഹായവും പകരം തെങ്ങിൻതൈകളും നൽകിവരുന്നു. നെല്ലിന് കണ്ടു വരുന്ന ഓലചീയൽ രോഗത്തിനെതിരെ കീടനാശിനിപ്രയോഗം വ്യാപകമാണ്. ജൈവ

## വിത്ത് നടീൽ ഉപകരണങ്ങൾ

തവള കണ്ണൻ, അതിയാൻ, ചീര, ചെമ്പാവ് തുടങ്ങിയ നാടൻ വിത്തിനങ്ങൾക്കുപകരം ഐ.ആർ.8, ജയ, അന്നപൂർണ്ണ തുടങ്ങിയവ രംഗത്ത് വരികയും കാർഷികവിളവ് 30–35 വരെ എത്തുന്ന രീതിയിൽ കാർഷികരംഗത്ത് നവീകരണവും 1970 മുതൽ നടന്നു. കാർഷികസമ്പ്രദായങ്ങളിലും സാങ്കേതികവിദ്യയുടെ ഇടപെടലും മാറ്റങ്ങൾക്കിട വരുത്തി. മലരുണ്ടാക്കാൻ ഉപയോഗിക്കുന്ന പൂക്കുല കൊടിയൻ പോലുള്ള നെൽവിത്തുകൾ ചെങ്ങാലൂർ ഭാഗങ്ങളിൽ ഉപയോഗിച്ചിരുന്നു. ആധുനിക വിത്തുകളുടെ സന്നിവേശം ഈ വിത്തിനേയും നീക്കം

## കൃഷിഭവൻ വഴിയുള്ള നടീൽ വസ്തുക്കളുടെ വിതരണ വിവരം

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 1000 | 1200 | 800 |
| കശുമാവ് | 250 | 100 | 250 |
| പച്ചക്കറി വിത്തുകൾ | 8000 | 6000 | 8000 |
| മാവിൻതൈ | 50 | 127 | 50 |
| ജാതി | 200 | 250 | 250 |

## കാർഷിക ഉപകരണങ്ങളുടെ എണ്ണം

| | | |
|---|---|---|
| 1 | ട്രില്ലർ | 5 |
| 2 | നാടൻ കലപ്പ | 23 |
| 3 | റോക്കർ സ്പ്രെയർ | 37 |
| 4 | മെതിയന്ത്രം | 1 |
| 5 | തെങ്ങു കയറ്റ യന്ത്രം | 4 |
| 6 | പോർട്ടബിൾ പമ്പുസെറ്റ് | 18 |

ചെയ്തു. എന്നാൽ പുതിയ വിത്തിനങ്ങൾക്ക് ദീർഘനാളത്തേക്ക് അതിന്റെ ഉൽപാദനശേഷി നിലനിർത്താൻ കഴിയാത്തതിനാലും രാസവള കീടനാശിനി പ്രയോഗം ഉയർന്ന തോതിൽ വേണ്ടിവരുന്നതിനാലും വിത്തിനങ്ങളിൽ നിരന്തരം മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്നു. ഒരു കാലത്ത് നെൽകൃഷി രംഗത്തെ മഹാത്ഭുതമായിരുന്ന ഐ.ആർ.8ന്റെ സ്ഥാനത്ത് ജ്യോതി, ചുവന്ന ത്രിവേണി, അശ്വതി എന്നീ വിത്തുകൾ സ്ഥാനം പിടിച്ചു. ഉൽപാദനചിലവിലുള്ള ആധിക്യം മൂലം കർഷകർ വീണ്ടും പ്രതിരോധശേഷിയുള്ള വിത്തിനങ്ങളിലേക്ക് തിരിയാനുള്ള പ്രവണതയുണ്ട്. പച്ചക്കറിവിത്തുകൾ മാവിൻ തൈ, കശുമാവ്, തെങ്ങ് തുടങ്ങിയ നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യാറുണ്ട്. ഇവയെല്ലാം യഥാസമയം കിട്ടുന്നതിലും ആവശ്യമായ ശുശ്രൂഷ നൽകുന്നതിലും നിരവധി പോരായ്മകൾ നിലനിൽക്കുകയാണ്. ഇടവിളകൾ എന്നനിലയിലും സ്വയം പര്യാപ്തത കൈ വരിക്കുക എന്ന ലക്ഷ്യത്തിലും പച്ചക്കറി ഉൽപാദനത്തിന്റെ തോത് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

## കൂലി സേവന വ്യവസ്ഥകൾ

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ രംഗത്തെ പുതിയമാറ്റങ്ങൾ കാർഷികരംഗത്തോടുള്ള ആഭിമുഖ്യം കുറക്കുന്നതിനിടയാക്കി. കർഷകകുടുംബങ്ങളായി അറിയപ്പെടുന്ന നല്ലൊരു വിഭാഗത്തിന്റെയും മുഖ്യ ഉപജീവനമാർഗ്ഗം കൃഷിയല്ല. മറ്റു തൊഴിൽ വരുമാനരംഗങ്ങളിൽ ഏർപ്പെടുന്നതിനു പുറമെയുള്ള ഒരു അനുബന്ധവരുമാനമാർഗ്ഗമായിട്ടേ ഇക്കൂട്ടർ കൃഷിയെ കാണുന്നുള്ളൂ. അതുകൊണ്ടുതന്നെ ഗൗരവമായ ഒരു സമീപനം ഇത്തരം കൃഷിക്കാരിൽ ഉണ്ടാകുന്നില്ല. ഒരു ഏകീകൃത കൂലി നിരക്ക് ഉണ്ടായിട്ടില്ലെങ്കിലും കാർഷിക മേഖലയിൽ പുരുഷന്റെ കൂലിനിരക്ക് 100–120 രൂപയും, സ്ത്രീയുടേത് 60–70– രൂപയുമാണ്. കാർഷികമേഖലയുടെ മുരടിപ്പ് കർഷകത്തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ സാന്നിദ്ധ്യം പരമ്പരാഗത തൊഴിൽ സംരംഭങ്ങളുടെ ലഭ്യത ഇല്ലാതാക്കുന്നതിനാലും തൊഴിലാളികൾ മറ്റു തൊഴിൽ സംരംഭങ്ങളിലേക്ക് തിരിയുന്നു. കെട്ടിട നിർമ്മാണം ഓട്ടുകമ്പനി, കളിമൺ വ്യവസായം തുടങ്ങിയ രംഗത്താണ് കർഷകത്തൊഴിലാളികൾ കൂടുതൽ കടന്നു വരുന്നത്. ഈ പ്രവണതയാകട്ടെ സ്വതവേ ദുർബലമായ കൃഷി സംവിധാനത്തെ കൂടുതൽ ദുഷ്ക്കരമാക്കുന്നു. കർഷകത്തൊഴിലാളികളുടെ ലഭ്യത കുറവാണ് കാർഷികരംഗത്തെ ഇപ്പോഴത്തെ മറ്റൊരു പ്രധാനപ്രശ്നം.

## കാർഷിക വായ്പകൾ

പുതുക്കാട് സഹകരണ ബാങ്ക്, ചെങ്ങാലൂർ ബ്രാഞ്ച് എന്നിവയും മറ്റ് കമേഴ്സ്യൽ ബാങ്കുകളുടെ 5 ശാഖകളും പുതുക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൊടകര ആസ്ഥാനമായുള്ള ഭൂപണയബാങ്കും ഈ പ്രദേശങ്ങളിലെ കാർഷിക വികസനത്തിന് വായ്പകൾ നൽകുന്നുണ്ട്. എന്നാൽ പുതുക്കാട് സഹകരണബാങ്കാണ് പ്രധാനമായും കാർഷികാവശ്യങ്ങൾ നിറവേറ്റുന്നതിന് കർഷകർക്ക് സഹായമെത്തിക്കുന്നത്. ഇത്രയും സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും പണത്തിന്റെ ദൗർലഭ്യം മൂലം പ്രയാസപ്പെടുന്ന നിരവധി കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്. സമയാസമയത്തിന് പണം കിട്ടാതിരിക്കുക, അനാവശ്യ നിബന്ധനകളും, നൂലാമാലകളും നിഷ്ക്കർഷിക്കുക, വായ്പാനയത്തിലെ സുതാര്യതകുറവ് എന്നിവയൊക്കെ പ്രതികൂല ഘടകങ്ങളാണ്.

## പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങളുടെ കുറവ് വളരെ ഗുരുതരമാണ്. പച്ചക്കറികൃഷി, മറ്റു ഇടവിളകൾ എന്നിവ തീരെ ഫലപ്രദമാക്കാൻ കഴിയാത്തത് ഈ കുറവുകൊണ്ടാണ്.

2. വൈദ്യുതി കട്ട്, ലോഡ് ഷെഡിംഗ്, വോൾട്ടേജ് ക്ഷാമം എന്നിവ കർഷകർക്ക് നിരവധി പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്.

3.വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല.

4. മോട്ടോറുകളുടെ കേടുപാടുകൾ തീർക്കൽ, പമ്പ്ഹൗസിന്റെ അറ്റകുറ്റ പണികൾ തീർക്കൽ എന്നിവയിൽ കാലതാമസം ഉണ്ടാകുന്നു.

5. പുഴയിൽ നിന്നുള്ള മണൽ വാരൽ നിരവധി പ്രത്യാഘാതങ്ങൾക്കിടയാകുന്നുണ്ട്.

6. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് കർഷകർക്കിടയിൽ വ്യാപകമാണ്.

7. കാർഷികോത്പന്നങ്ങളുടെ വിപണനം ഏറെ പ്രയാസങ്ങളുണ്ടാക്കുന്നു.

8. കർഷകത്തൊഴിലാളികളുടെ കൂലി വർദ്ധന രൂക്ഷമാണ്. ആവശ്യത്തിന് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ട്.

9. മണ്ണു പരിശോധനാ സംവിധാനം കാര്യക്ഷമമല്ല.

10. ജൈവവളങ്ങളുടെ ലഭ്യത കുറവ് ഒരു പ്രധാന പ്രശ്നമാണ്.

11.പാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്ന പ്രവണത കൂടിവരുന്നു.

12. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ലാത്ത അവസ്ഥയുണ്ട്.

13.ചെങ്ങാലൂർ കുട്ടാടൻ പാടശേഖരത്തിൽ വിരിപ്പ്, മുണ്ടകൻ കൃഷിക്ക് ജലസേചനാവശ്യത്തിന് ചെങ്ങാലൂർ L.I. സ്കീമിലെ 175 H.P. മോട്ടോർ പമ്പ്സെറ്റ് പ്രവർത്തിപ്പിച്ചു വരുന്നു. വാസ്തവത്തിൽ ഈ പമ്പിൽ നിന്നുള്ള വെള്ളത്തിന്റെ 10% മാത്രമേ ഈ പാടശേഖരത്തിൽ ഉപയോഗിക്കുന്നുള്ളു. വിരിപ്പ്, മുണ്ടകൻ കൃഷി ചെയ്യുന്ന വർഷക്കാലത്ത് മറ്റു സ്ഥലങ്ങൾ ജലസേചനം ചെയ്യേണ്ട ആവശ്യമില്ലാത്തതിനാൽ ബാക്കി 90% വെള്ളവും പാഴായി പോകുന്നു. ഇതിന് പരിഹാരമായി 40 H.P.യുള്ള ഒരു പമ്പ്സെറ്റ് സ്ഥാപിച്ചാൽ ഈ പരിസരത്തെ ജലസേചേന സൗകര്യം സുഗമമാക്കുന്നതോടൊപ്പം വലിയൊരളവിൽ വൈദ്യുതി ലാഭിക്കാനും സാധിയ്ക്കും. ഇപ്പോൾ L.I. സ്കീം പദ്ധതി പരിസരത്ത് വെള്ളം ലഭിയ്ക്കുന്നില്ല എന്ന പരാതിയ്ക്ക് പരിഹാരം ഉണ്ടാക്കാനും ഇതുകൊണ്ട് സാദ്ധ്യമാകും.

## *പരിഹാരമാർഗ്ഗങ്ങൾ/ സാദ്ധ്യതകൾ*

1. ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയും വിധം കുറുമാലി പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്ത് ചീനി കുന്നിന്റെ മുകളിൽ തീർക്കുന്ന ടാങ്കിൽ ശേഖരിച്ച് കൈവഴികളായി വെള്ളം തിരിച്ചുവിട്ടാൽ 5,6 വാർഡുകളിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

2. 6-ാം വാർഡിന്റെ തൊട്ടടുത്തുള്ള കാഞ്ഞൂർക്കുളം (അളഗപ്പനഗർ പഞ്ചായത്തിലെ 1-ാം വാർഡ്) വൃത്തിയാക്കി ആഴം വർദ്ധിപ്പിച്ചാൽ പരിസര നിലങ്ങളിൽ 3 പൂവ്വ് കൃഷി ചെയ്യാനാകും. കുളത്തിനു സമീപമുള്ള തോടുകളും വൃത്തിയാക്കണം.

3. ഒഴലൂർ ക്ഷേത്രപരിസരത്ത് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തിയാൽ 7,9 വാർഡുകളിൽ ജലസേചനത്തിന് വെള്ളമെത്തിക്കാനാവും.

4. അഞ്ചങ്ങാടി ബണ്ട് തോടിലൂടെ ഒഴുകുന്ന വെള്ളം മുട്ടിപ്പാലത്തിന്റെ അടിയിലൂടെ ഒഴുകിപ്പോകാവുന്ന വിധത്തിൽ സമഗ്ര ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുക. കുറുമാലി പാലത്തിനു സമീപമുള്ള ചീപ്പ് പ്രവർത്തനക്ഷമമാക്കണം.

5. ചെങ്ങാലൂർ ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം വരുന്ന വെള്ളം ഉഴിഞ്ഞാൽ തോട്ടിലും വളഞ്ഞൂപ്പാടം തോട്ടിലും എത്തിക്കണം.

6.ചെങ്ങാലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ വെള്ളം വേലൂപ്പാടത്തേക്കും ശ്രീനാരായണപുരത്തിന് വടക്കും പടിഞ്ഞാറും ലഭ്യമാകും വിധത്തിൽ വിപുലീകരിക്കുകയും കിളക്കടവിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം തുടങ്ങുകയും ചെയ്താൽ 4-ാം വാർഡിലെ ജലസേചനസൗകര്യം മെച്ചപ്പെടുത്താം.

7. തോട്ടക്കുളത്തിൽ നിന്നുള്ള തോട് വീതിയും താഴ്ചയും കൂട്ടി വേണ്ടിടത്തൊക്കെ ചീപ്പുകൾ സ്ഥാപിക്കുക. സ്നേഹപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ദ്രുതഗതിയിൽ നടത്തുക.

8. നെതർലാന്റ് സാമ്പത്തിക സഹായത്തോടെയും പൊതുജന സഹകരണത്തോടെയും നട

പ്പാക്കാനുദ്ദേശിക്കുന്ന കല്ലംകുന്ന് ചെറുകിട ജലസേചനപദ്ധതിയുടെ പണി എത്രയും വേഗം ആരംഭിക്കണം.

9. ഉയർന്ന പ്രദേശമായ വളഞ്ഞുപാടം കരയിലേക്ക് വെള്ളമെത്തിക്കാൻ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം. കൂടാതെ ഇതേ ഭാഗത്തുള്ള പഞ്ചായത്തു കിണർ താഴ്ത്തി മോട്ടോറും പമ്പുസെറ്റും സ്ഥാപിക്കണം.

10. ചെങ്ങാലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രകാരമുള്ള സ്ഥലത്ത് 40 H.P. യുടെ ഒരു പമ്പ് കൂടുതലായി സ്ഥാപിക്കുക. പമ്പ് ഹൗസിന്റെ താഴെ പുഴയിൽ നിന്ന് നിശ്ചിത ദൂരത്തിനകം മണൽ വാരൽ നിരോധിക്കുക.

11.കുട്ടാടൻ പാടത്തേക്കും പാടശേഖരത്തിൽനിന്ന് പുഴയിലേക്കുമുള്ള കനാലിന്റെ അറ്റകുറ്റപണിതീർക്കുകയും ഇടിഞ്ഞ സ്ഥലങ്ങളിൽ കരിങ്കല്ല് കെട്ടി സുരക്ഷിതമാക്കുകയും ചെയ്യുക.

12.ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം തൊമ്മാനകുളത്തും ഇരട്ടക്കുളത്തും വെള്ളമെത്തിച്ചാൽ മാട്ടുമലയിലെയും പരിസരത്തേയും കുടിവെള്ളക്ഷാമവും ജലസേചനവും എളുപ്പമാകും.

13. മോട്ടോറിന്റെ പ്രവർത്തനത്തിലുള്ള അപാകതകൾ പരിഹരിക്കാൻ കൂടുതൽ മോട്ടോറുകൾ സ്ഥാപിക്കുകയോ ആവശ്യമായ റിപ്പയറിംഗ് പണികൾ ചെയ്യുകയോ വേണം.

14. കുട്ടാടം പാടം കടമാം കുഴി പരിസരത്തു നിന്ന് പുഴയിലേക്കുള്ള തോടിന്റെ അറ്റകുറ്റപണികളും സൈഡ് കെട്ടലും നിർവ്വഹിച്ചാൽ 175 പറ നിലം ഇരുപൂ കൃഷി ചെയ്യാനാകും.

15. കേളി തോടിന്റെ വികസനം ലക്ഷ്യമാക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തുക - ചെറുവാൾ കേളിത്തോട് ഫാം റോഡ് നിർമ്മിക്കുക.

17. കുടുംബിനികളായ സ്ത്രീകൾക്ക് വരുമാനവും അതേ സമയം സ്വയം പര്യാപ്തതയും നേടാൻ കഴിയും വിധം പുരയിടകൃഷി, പച്ചക്കറി ഉൽപാദനം എന്നിവയെ പ്രോത്സാഹിപ്പിക്കുക. വിത്ത്, വളം മറ്റു സഹായങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുക.

18. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റാൻ നൽകുന്ന ധനസഹായം വർധിപ്പിക്കുക.

19. കാർഷികരംഗത്തെ പ്രശ്നങ്ങളും സാധ്യതകളും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി പ്രതിമാസ വിജ്ഞാനക്ലാസ്സുകൾ സംഘടിപ്പിക്കണം.

20.കാർഷികോത്പ്പന്നങ്ങളുടെ വിപണനത്തിന് ഒരു പരിപാടിയുണ്ടാക്കണം. അതുവഴി കർഷകർക്ക് ധനനഷ്ടം ഒഴിവാക്കാനാകും.

21.ഒരു പഴം പച്ചക്കറി സഹകരണ സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിച്ചാൽ കർഷകർക്ക് സഹായകമാകും.

22. കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിക്കാനുള്ള പ്രേരണയും ധനസഹായവും ലഭ്യമാക്കുക.

23. ജലസേചനം കാര്യക്ഷമമാക്കാനുദ്ദേശിച്ച ഒന്നാം വാർഡിലെ 14 ചെറുകിട പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ മിക്കവയും സന്നദ്ധപ്രവർത്തനം ആരംഭിച്ചുകൊണ്ട് നേടാവുന്നവയാണ്. 100% സന്നദ്ധപ്രവർത്തനങ്ങളിലൂടെ സാധിച്ചെടുക്കാവുന്ന പദ്ധതികളും സൂചിപ്പിച്ചിട്ടുണ്ട്.

24. National Seed Corporation മുഖാന്തിരം ആധുനിക വിത്തിനങ്ങൾ ലഭ്യമാക്കണം.

25. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും കൂട്ടായ്മ വളർത്തിയെടുക്കുകയും വേണം.

26. പുഞ്ച കൃഷിയെ പ്രോത്സാഹിപ്പിക്കണം.

27. ചെങ്ങാലൂർ കുണ്ടുകടവിലും നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവിലും കാർഷിക ജല സേചനത്തിനു വേണ്ടി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക.സ്നേഹപുരം കണക്കംകടവിൽ ഒരു റഗുലേറ്റർ സ്ഥാപിക്കണം.

28. കൃഷി ഓഫീസർമാർ കൃഷിയിടങ്ങളിൽ എത്തിച്ചേരണം. മണ്ണു പരിശോധനക്ക് സംവി ധാനമുണ്ടാക്കണം. തൊറവ് വില്ലേജിൽ ഒരു പുതിയ കൃഷിഭവൻ സ്ഥാപിക്കണം.

29. മുപ്ലി സ്കീമിന്റെ നിർമ്മാണം ത്വരിതപ്പെ ടുത്തി പുതുക്കാട്, അളഗപ്പനഗർ, വരന്തരപ്പള്ളി എന്നീ പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശ ങ്ങളിൽ കനാൽ മാർഗ്ഗം വെള്ളം എത്തിക്കുക.

30. തെക്കെതൊറവിൽ കുറുമാലിപ്പുഴയിലെ തോപ്പിൽ കടവിൽ നാണ്യവിളകളുടെ ജലസേ ചനരൗകര്യത്തിനായി ലിഫ്റ്റ് ഇറിഗേഷൻ സ്കീം നപ്പാക്കണം.

31. ചെങ്ങാലൂർ വലിയകുളം, എടത്തുട്ട് പാടം കുളം എന്നിവ വൃത്തിയാക്കി അറ്റകുറ്റ പണികൾ നടത്തുക.

32. ചെങ്ങാലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ആയക്കെട്ട് പ്രദേശമായ സ്കീമിന്റെ ചെങ്ങാലൂർ RC പള്ളി പരിസരത്ത് വെള്ളമെത്തിക്കുക.

33. ഒറാം കുളം സ്കീമിന്റെ അഡീഷണൽ പമ്പ്ഹൗസ് നിർമ്മാണം, കനാൽ നിർമ്മാണം എന്നിവ സാധ്യമാക്കുക. ആയക്കെട്ട് പ്രദേ ശത്ത് മുഴുവനും വെള്ളമെത്തിക്കണം. രണ്ടാം വാർഡിൽ മുക്കുടാം ചാലും പുഴയുമായി ബന്ധിപ്പിക്കുന്ന കനാൽ അറ്റകുറ്റപണി നടത്തി ഇരു സൈഡുകളും കെട്ടി ഫാം റോഡ് നിർമ്മി ക്കുക.

34. വാർഡ് 3ലെ കുണ്ടോട്ടിൽ ഇപ്പോഴുള്ള 20 HP പമ്പ്സെറ്റിനു പകരം പെട്ടിപറ ഉപയോ ഗിക്കണം. ഉഴിഞ്ഞാൽ പാടം തോടിന്റെ വശ ങ്ങൾ കെട്ടി സംരക്ഷിക്കണം. സ്ലൂയിസ് കം ബ്രിഡ്ജ് നന്നാക്കണം. കൊരട്ടിപ്പാടം പുറ മ്പോക്ക് തോട് അളന്നു തിട്ടപ്പെടുത്തുകയും വൃത്തിയാക്കി സംരക്ഷിക്കുകയും വേണം.

35. ഈശാനിമംഗലം കുളത്തിൽ നിന്നുള്ള തോടും തോട്ട കുളത്തിൽ നിന്നുള്ള തോടും അളന്നു തിട്ടപ്പെടുത്തി വീതിയും ആഴവും കൂട്ടി വിളക്കപ്പാടി ചാലുമായി ബന്ധിപ്പിച്ച് ആവശ്യ മുള്ള സ്ഥലത്ത് Slab സ്ഥാപിക്കുക.

36. വടക്കെ തൊറവ് വിജ്ഞാനക്ഷേത്ര പരി സരത്ത് വെള്ളം എത്താവുന്ന രീതിയിൽ കുറു മാലി പുഴയിൽ നിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം ആരംഭിക്കണം,

37. 10-ാം വാർഡിൽ കുറുമാലി പുഴയിൽ നിന്ന് കണ്ണാമ്പുഴ കടവിലേക്കും ചേരപറമ്പിൽ കടവിലും 25 വജ മോട്ടോർ ഉപയോഗിച്ച് കൃഷി ക്കുവേണ്ടി ഘ.ക. സ്കീം നടപ്പിലാക്കണം. കാന തോടിന്റെ ഇരുവശത്തും കെട്ടി വൃത്തിയാക്ക ണം. പഞ്ചായത്തിലെ കുളങ്ങൾ കെട്ടി സംര ക്ഷിക്കണം.

38. ചെങ്ങാലൂർ 1,2,3,4 വാർഡുകളിൽ ജല സേചന സൗകര്യത്തിനായി കുറുമാലി പുഴ യിൽ L.I. സ്കീം മുഖേന പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പമ്പ് സെറ്റുകളുടെ പ്രവർത്തനം കുറുമാലി പുഴയിലെ ജല ലഭ്യ തയെ ആശ്രയിച്ചാണ്. വർഷങ്ങളായി കുറുമാലി പുഴയിൽ രണ്ട് താൽക്കാലിക മൺ ചിറകൾ കെട്ടിയുണ്ടാക്കിയാണ് വെള്ളം ശേഖരിച്ചു വരു ന്നത്. പലപ്പോഴും മൺ ചിറ നിർമ്മാണം വളരെ വൈകുന്നതു മൂലം ആവശ്യത്തിന് വേണ്ടത്ര ജലം പുഴയിൽ നിന്ന് കിട്ടാറില്ല. ഇതിന് പരി ഹാരമായി നെല്ലായികടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുകയാണെങ്കിൽ പുഴ യിൽ ആവശ്യമായ സമയത്തെല്ലാം വെള്ളം ശേഖരിയ്ക്കാവുന്നതോടൊപ്പം തന്നെ ഈ പ്രദേശത്തേയ്ക്കുള്ള ഗതാഗത സൗകര്യവും വർദ്ധിപ്പിക്കാൻ സാധിയ്ക്കും.

# മൃഗസംരക്ഷണം

ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. കഴിഞ്ഞ രണ്ട് ശതാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് അന്യൂനമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 10 ശതമാനം സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. ഭാരതത്തിന്റെ മൊത്തം കാർഷികവരുമാനത്തിന്റെ 25% മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർഷികമേഖലക്ക് വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതത്തിന്റെ വെറും 6.98% മാത്രമേ മൃഗസംരക്ഷണമേഖലയ്ക്ക് ലഭിക്കുന്നുള്ളു എന്നത് ദുഃഖകരമായ വസ്തുതയാണ്. കേരളത്തിന്റെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മൊത്തം സ്വാഭാവിക റബ്ബറിന്റെ മൂല്യത്തേക്കാൾ അധികം രൂപയ്ക്കുള്ള പാൽ നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ട്. പാലിന്റെ മൊത്തം മൂല്യം കേരളത്തിൽ ഉൽപാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാൾ അധികമാണ്. മൃഗസംരക്ഷണമേഖലക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ ജൈവവള ലഭ്യത കൂടുന്നതു നിമിത്തം കാർഷികമേഖലയുടെ ഉൽപാദനവും കൂട്ടാൻ സാധിക്കും.

മൃഗസംരക്ഷണമേഖലയുടെ വികസനം പാൽ, മുട്ട, മാംസം മുതലായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവ്, വെറ്ററിനറി സർവ്വീസിന്റെ വികസനം, ആധുനികവൽക്കരണം, ആസൂത്രണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടാണ്. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതകഗുണമേൻമാവർദ്ധനവും ഉൽപാദനക്ഷമതാ വർദ്ധനവും കൊണ്ടാണ് പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കാൻ നമുക്ക് കഴിയുന്നത്. കോഴിയിറച്ചിയുടേയും കോഴിമുട്ടയുടേയും മാംസത്തിന്റേയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിന് ആഭ്യന്തരഉൽപ്പാദനം വർദ്ധിച്ചിട്ടില്ല. ക്രയവിക്രയം ചെയ്യപ്പെടുന്ന സമ്പത്തിന്റെ ഏറിയ കൂറും സംസ്ഥാനത്തിന് പുറത്തേയ്ക്കൊഴുകുന്നു. അതുകൊണ്ട് സ്വയം പര്യാപ്തതയ്ക്ക് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുകയും സമ്പത്ത് ഗ്രാമീണരുടെ കയ്യിൽ തന്നെ നിലനിർത്തുവാൻ ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ നാം ശ്രദ്ധിക്കുകയും വേണം.

പുതുക്കാട് പഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. ചെങ്ങാലൂർ, കാഞ്ഞൂർ പാടം, തൊറവ് പ്രദേശങ്ങളിലാണ് മൃഗപരിപാലനത്തിൽ കൂടുതൽ കർഷകർ ഏർപ്പെട്ടിട്ടുള്ളത്. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം കൊണ്ട് കർഷകർ, ചെറുകിട പരിമിത കർഷകരാണ്. ഇവരുടെ വരുമാനമാർഗ്ഗം തെങ്ങ്, നെല്ല്, വാഴ,

റബ്ബർ എന്നീ വിളകളാണ്. ഈ കൃഷിയിൽ നിന്ന് വരുമാനം കൂടുന്നതിനുവേണ്ടി ജലസേചനസൗകര്യം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലും, നടപ്പിലാക്കാവുന്ന പ്രദേശങ്ങളിലും ജൈവവള പ്രയോഗം ആവശ്യമാണ്. മുൻകാലങ്ങളിൽ കന്നുകാലികളെ കൂട്ടമായി വളർത്തുന്നതിനുള്ള ഭൂപ്രദേശം പുതുക്കാട് പഞ്ചായത്തിൽ പല ഭാഗങ്ങളിലുമുണ്ടായിരുന്നു. പാർപ്പിടത്തിനു വേണ്ടി ഭൂമി കൂടുതൽ ഉപയോഗിച്ചതുകൊണ്ട് മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു. യന്ത്രവൽക്കരണം കൊണ്ട് ഉഴവുമാടുകളുടെ ഉപയോഗവും കുറഞ്ഞു. മണ്ണിന്റെ ഫലഭൂയിഷ്ടത നിലനിർത്തുന്നതിനും ചെറുകിട പരിമിത കർഷകരുടെ കുടുംബവരുമാനം കൂട്ടുന്നതിനും വേണ്ടി മുൻകാലങ്ങളിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പല പദ്ധതികളും, ആവശ്യകതയും പോരായ്മകളും പരിഗണിച്ച് ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തി ആഭ്യന്തര ഉപഭോഗത്തിലും വരുമാനത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. കർഷകരുടെ പ്രായോഗിക അറിവും സാങ്കേതിക വിദഗ്ദ്ധരുടെ പരിജ്ഞാനവും സമന്വയിപ്പിച്ച് പഞ്ചായത്തിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

പഞ്ചായത്തിൽ രണ്ട് സർക്കാർ മൃഗാസ്പത്രികൾ പ്രവർത്തിക്കുന്നുണ്ട്. 1975-ൽ ആരംഭിച്ച ചെങ്ങാലൂർ മൃഗാസ്പത്രിയും 1995-ൽ പ്രവർത്തനം തുടങ്ങിയ തൊറവ് മൃഗാസ്പത്രിയും ആണിവ. 21 വർഷം മുമ്പാരംഭിച്ച ചെങ്ങാലൂർ മൃഗാസ്പത്രി പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. പുതുക്കാട് മൃഗാസ്പത്രിക്ക് ഇപ്പോഴും സ്വന്തമായി സ്ഥലം ലഭിച്ചിട്ടില്ല. ചെങ്ങാലൂർ മൃഗാസ്പത്രി കെട്ടിടം വളരെ ശോചനീയമായ അവസ്ഥയിലാണ്. അവിടെ കെട്ടിടം വൈദ്യുതീകരണം നടത്തിയിട്ടില്ല. അതുകൊണ്ട് ആസ്പത്രിക്കു വേണ്ടതായ മരുന്നുകളും ഉപകരണങ്ങളും സൂക്ഷിക്കാൻ ബുദ്ധിമുട്ടുണ്ട്. അവിടെ ഒരു വെറ്ററിനറി സർജ്ജനും മറ്റുദ്യോഗസ്ഥൻമാരും ചെങ്ങാലൂർ പ്രദേശത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്നുണ്ട്. പുതുക്കാട് മൃഗാസ്പത്രി പഞ്ചായത്താഫീസിന്റെ താഴത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. ഇത് പുതുക്കാടിന്റെയും തൊറവ് പ്രദേശത്തിന്റെയും മൃഗസംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്നു. ഇവിടെ സ്ഥിരമായി ഒരു വെറ്ററിനറി സർജ്ജനും മറ്റുദ്യോഗസ്ഥൻമാരും ഉണ്ട്. ഈ രണ്ടു മൃഗാസ്പത്രികളിലും മൃഗസംരക്ഷണത്തിനുവേണ്ട മുഴുവൻ സൗകര്യങ്ങളും ആയിട്ടില്ല. ലാബറട്ടറി മുതലായ സൗകര്യങ്ങൾ ഉടനെ നടപ്പിലാക്കേണ്ടതാണ്.

പുതുക്കാട് ഒരു പാൽസൊസൈറ്റി 20 കൊല്ലമായി പ്രവർത്തിക്കുന്നുണ്ട്. ആദ്യകാലത്തുണ്ടായ വളർച്ച പിന്നീട് മുരടിച്ചു പോവുകയും, ഇപ്പോൾ സ്വന്തമായ സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകർക്ക് സൊസൈറ്റി മുഖാന്തിരം വേണ്ടത്ര ഉപയോഗം കിട്ടുന്നില്ല. ഈ

## വളർത്തുമൃഗങ്ങളും പക്ഷികളും

| | കാലികൾ (സങ്കരം) അത്യുൽപാദന ശേഷിയുള്ളവ | | | കാലികൾ (നാടൻ) | | | ബഫല്ലോസ് | | | ആടുകൾ | | | | | | കോഴി | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | ആൺ | പെണ്ണ് | പ്രത്യുൽപ്പാദനസജ്ജമായവ | ആൺ | പെണ്ണ് | പ്രത്യുൽപ്പാദനസജ്ജമായവ | ആൺ | പെണ്ണ് | പ്രത്യുൽപ്പാദനസജ്ജമായവ | ആൺ | പെണ്ണ് | ചെമ്മരിയാട് | പന്നി | നായ്ക്കൾ | താറാവ് | ദേശി | അത്യുൽപ്പാദനം |
| 1987 | 175 | 1053 | 607 | 148 | 759 | 361 | 92 | 373 | 206 | 198 | 535 | 3 | 20 | 672 | 640 | 15586 | 3792 |
| 1995 | 200 | 1500 | 750 | 100 | 600 | 300 | 110 | 400 | 250 | 250 | 700 | 0 | 60 | 800 | 700 | 18,000 | 4000 |



360

### പുതുക്കാട് പഞ്ചായത്തിലെ കൃത്രിമബീജസങ്കലനവും ചികിത്സയും

| വർഷം | കൃത്രിമബീജസങ്കലനം സംബന്ധിച്ച വിവരങ്ങൾ | | ചികിത്സിച്ച കേസുകൾ | |
|---|---|---|---|---|
| | പുതുക്കാട് മൃഗാസ്പത്രി | ചെങ്ങാലൂർ മൃഗാസ്പത്രി | പുതുക്കാട് മൃഗാസ്പത്രി | ചെങ്ങാലൂർ മൃഗാസ്പത്രി |
| 1991–92 | – | 705 | – | 1800 |
| 1992–93 | – | 774 | – | 1835 |
| 1993–94 | – | 823 | – | 1518 |
| 1994–95 | – | 1084 | – | 1855 |
| 1995–96 | 507 | 1346 | 1087 | 1740 |

പഞ്ചായത്തിൽ 15 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകളും ഒരു പന്നി വളർത്തൽ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

## *മൃഗപരിപാലനമേഖലയിലെ നടപ്പുപദ്ധതികൾ*

1. പ്രത്യേക മൃഗസംരക്ഷണ പരിപാടി – കന്നുകുട്ടി പരിപാലന പദ്ധതി – പരിമിത ചെറുകിട കർഷകർ ഉപഭോക്താക്കൾ.

പ്രതിമാസം 900 രൂപയിൽ കുറഞ്ഞ വരുമാനമുള്ള കർഷകരുടെ സങ്കരയിനം പശുകുട്ടികൾക്ക് 4 മാസം മുതൽ 32 മാസം വരെയോ പ്രസവിക്കുന്നതുവരെയോ പോഷകമൂല്യമുള്ള കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഈ പദ്ധതി ഈ പഞ്ചായത്തിൽ പുതുക്കാട് പാൽസൊസൈറ്റി മുഖാന്തിരവും മൃഗസംരക്ഷണവകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വെറ്ററിനറി സർജൻമാർ കഴിഞ്ഞ 20 വർഷമായി നടപ്പിലാക്കുന്നു. കഴിഞ്ഞ ഓരോ വർഷവും 50ൽ കുറയാതെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം ചെയ്തിരുന്നു. ഇപ്പോഴും 56 കുട്ടികൾക്ക് തീറ്റ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. ഈ പദ്ധതിയിൽ മുഴുവൻ കർഷകരുടേയും സങ്കരയിനം പശുക്കുട്ടികളെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതിയുടെ ഉദ്ദേശ്യം ഉൽപ്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കുട്ടികളുടെ ഉൽപ്പാദനം 32 മാസത്തിനുള്ളിൽ കൃഷിക്കാർക്ക് കിട്ടുന്നതിനും ആ വഴിക്ക് കർഷകരുടെ വരുമാനം കൂട്ടുന്നതിനും വേണ്ടിയാണ്.

2. ആടുവളർത്തൽ പദ്ധതി: 5 ആടുകളെ വീതം 10 യൂണിറ്റ് ഈ പഞ്ചായത്തിൽ ഓരോ വർഷവും നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഉദ്ദേശ്യം കർഷകരുടെ വരുമാനം കൂട്ടുകയെന്നതാണ്.

3. പന്നിവളർത്തൽ പദ്ധതി :4 പെൺ പന്നിയും 1 ആൺ പന്നിയും അടങ്ങുന്ന ഒരു യൂണിറ്റ് ഓരോ വർഷവും നടപ്പിലാക്കിയിരുന്ന പരിമിതകർഷകരുടെ വരുമാനം കൂട്ടുന്നതിനു വേണ്ടിയാണ്.

## *വീട്ടുമുറ്റത്തെ മുട്ടക്കോഴി വളർത്തൽ*

(മാസ്സിവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം)

ഈ പദ്ധതി അനുസരിച്ച് 6 ആഴ്ച മുതൽ 8

ആഴ്ച വരെ പ്രായം ചെന്ന മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കുടുംബത്തിൽ 3 എണ്ണം വീതം, 1404 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. കുട്ടികളുടെ പോഷകാഹാരക്കുറവ് നികത്തുന്നതിനുവേണ്ടിയും കുടുംബത്തിന്റെ വരുമാനം കൂട്ടുന്നതിനുവേണ്ടിയും മണ്ണിലെ ഫലഭൂയിഷ്ഠിത നില നിർത്തുന്നതിനും ഇതുപകരിക്കുന്നു.

### പന്നിക്കുഞ്ഞുങ്ങളുടെ വിതരണം

(മാസ്സിവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം)

ഈ പദ്ധതിയനുസരിച്ച് 20 പന്നിക്കുഞ്ഞുങ്ങളെ ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. മാംസ്യാഹാരത്തിന്റെ കുറവു നികത്തുന്നതിനും കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് പന്നിക്കുഞ്ഞുങ്ങളെ പത്തുമാസം വരെ വളർത്തി മാംസത്തിനുവേണ്ടി ഉപയോഗിക്കുന്നു. പന്നികൾക്കുള്ള തീറ്റ ഹോട്ടൽ അവശിഷ്ടവും അറവുശാലയിൽനിന്നുള്ള അവശിഷ്ടങ്ങളുമാണ്.

### സേവനമേഖല

1. ചികിത്സ : സമയാസമയങ്ങളിൽ രോഗത്തിനു വിദഗ്ദ്ധമായ ചികിത്സ മൃഗാസ്പത്രി വഴി ലഭ്യമാണ്.

2. കൃത്രിമ ബീജസങ്കലനം: പാലുൽപ്പാദനം കൂട്ടുന്നതിനുവേണ്ടി ഉൽപ്പാദനക്ഷമതയുള്ള ബീജം സങ്കരയിനം പശുക്കളിൽ കുത്തിവെച്ച് ഉയർന്ന വർഗ്ഗഗുണമുള്ള ജനുസ്സുകളെ ഉൽപ്പാദിപ്പിക്കുക.

3. പ്രതിരോധകുത്തിവെപ്പ് : കാലാകാലങ്ങളിൽ വരുന്ന അസുഖങ്ങൾക്ക് മുൻകൂട്ടി പ്രതിരോധ കുത്തിവെപ്പുകൾ നടപ്പിലാക്കുന്നു.

4. എക്സ്റ്റൻഷൻ സർവ്വീസ് : പുതുക്കാട് പാൽ സൊസൈറ്റി പരിധിയിൽ വരുന്ന കർഷകർക്ക് വെറ്ററിനറി മെഡിക്കൽ സർവ്വീസും എത്തിച്ചുകൊടുക്കുന്നു.

5. വന്ധ്യതാ നിവാരണ ക്യാമ്പും ഗോരക്ഷാ ക്യാമ്പും : പഞ്ചായത്തതിർത്തിയിലുള്ള പശുക്കൾക്കും കിടാരികൾക്കും ഗർഭധാരണത്തിൽ വരുന്ന പാകപ്പിഴകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

6. ഇൻഷുറൻസ് പദ്ധതി: കന്നുകാലികൾക്ക് ആവശ്യമുള്ള ഇൻഷുറൻസ് ചെയ്തുകൊടുക്കുന്നു.

### പ്രശ്നങ്ങൾ

1. ഉൽപ്പന്നങ്ങൾക്ക് ഉൽപാദനച്ചിലവനുസരിച്ചുള്ള വില ലഭ്യമല്ല.

2. ഭൂമിയുടെ തുണ്ടുവൽക്കരണം കൊണ്ട് തീറ്റപ്പുല്ലിന്റെ ദൗർലഭ്യം

3. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്

4. ഓരോ ജനുസ്സിന്റെയും ഉൽപ്പാദനക്ഷമത മനസ്സിലാക്കി വളർത്താത്തതു കൊണ്ടുവരുന്ന അപാകത

5. നല്ലയിനം ജനുസ്സുകളെ മിതമായ നിരക്കിൽ ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥ

6. മൃഗസംരക്ഷണത്തിൽ സാങ്കേതികമായ സേവനത്തിൽ വരുന്ന പരിമിതികൾ.

7. വായ്പ ലഭ്യമാക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.

8.ക്ഷീരോൽപ്പന്നങ്ങളുടേയും മാംസോൽപ്പന്നങ്ങളുടേയും ശാസ്ത്രീയമായ സംസ്ക്കരണത്തിലും വിപണനത്തിലും വരുന്ന അപാകത

9. വിവിധ ഏജൻസികൾ മൃഗസംരക്ഷണ പദ്ധതികൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ

10. കർഷകരുടെ പരിജ്ഞാനക്കുറവ്

11. ഈ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം

12. സമഗ്രപേവിഷ നിർമ്മാർജ്ജന നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.

13. വിജ്ഞാന വ്യാപനത്തിനുള്ള സൗകര്യക്കുറവ്

## *സാദ്ധ്യതകളും നിർദ്ദേശങ്ങളും.*

1.പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണശാല ആരംഭിക്കണം. പഞ്ചായത്തിലെ കൃഷിയിൽ നിന്നു ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നല്ല ഗുണമേൻമയുള്ളതും ശുദ്ധവുമായ കാലിത്തീറ്റ സഹകരണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാവുന്നതാണ്.

2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം. തരിശായി കിടക്കുന്നതും സർക്കാർ അധീനതയിലുള്ളതുമായ പുറമ്പോക്കു ഭൂമികളിൽ സോഷ്യൽഫോറസ്ട്രി മുഖാന്തിരം സിബാബുൾ, വാക പ്ലാവ്, മാവ് തുടങ്ങിയ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് അതാത് പ്രദേശത്തെ കർഷകരുടെ യൂണിറ്റ് രൂപീകരിക്കണം. തരിശുനിലങ്ങളിൽ ജലസേചനസൗകര്യത്തോടുകൂടി പച്ചപ്പുൽകൃഷി വ്യാപിപ്പിക്കണം.

3. പുതുക്കാട് പാൽ സൊസൈറ്റിയുടെ ഓരോ ബ്രാഞ്ച് ചെങ്ങാലൂർ പ്രദേശത്തും തൊറവ് ദേശത്തും തുറന്നു പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

4.പഞ്ചായത്തടിസ്ഥാനത്തിൽ മുട്ട വിരിക്കുന്നതിനുവേണ്ടി ഒരു ഹാച്ചറി സ്ഥാപിക്കണം. ഹാച്ചറി മുഖേന കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ താൽപര്യമുള്ളവർക്ക് ഓരോ വാർഡിലും ഓരോ യൂണിറ്റ് സ്ഥാപിക്കാം. ഇത് മുട്ടക്കോഴികളുടേയും ഇറച്ചിക്കോഴികളുടേയും യൂണിറ്റുകളാകാം. 6 ആഴ്ച പ്രായമുള്ള കോഴിക്കുട്ടികളെ അതാതു വാർഡിലെ യൂണിറ്റിൽ നിന്നും വിതരണം ചെയ്യാം. ഇത് സഹകരാണാടിസ്ഥാനത്തിൽ നടപ്പാക്കുകയാണെങ്കിൽ ഇടത്തട്ടുകാരിൽനിന്നുള്ള നഷ്ടം കൃഷിക്കാർക്ക് ഉണ്ടാവുന്നതല്ല. വനിതകൾക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കാവുന്ന ഒരു പദ്ധതിയാണിത്.

5. മാസസംസ്ക്കരണശാല: പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിച്ച് വിതരണകേന്ദ്രങ്ങൾ വാർഡടിസ്ഥാനത്തിൽ തുടങ്ങണം. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് നടത്താവുന്ന ഒരു പദ്ധതിയാണിത്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ അശാസ്ത്രീയ അറവുശാലകളാണ്(കശാപ്പു ശാലകൾ) നിലവിലുള്ളത്. നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ മാസത്തിൽ 400 മാടുകളെയെങ്കിലും കശാപ്പു ചെയ്ത് റോഡരുകിൽ മാംസവിൽപ്പന നടത്തുന്നുണ്ട്. ഇങ്ങനെ വൃത്തിഹീനമായി വിപണനം നടത്തുന്ന മാംസത്തിൽ കൂടി പലതരത്തിലുള്ള രോഗങ്ങളും പകരുന്നതിന് സാദ്ധ്യതയുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ആധുനികരീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കുകയും

വാർഡടിസ്ഥാനത്തിൽ അതിന്റെ വിതരണശൃംഖല ഉണ്ടാവുകയാണെങ്കിൽ യുവാക്കൾക്ക് തൊഴിൽ സാധ്യതയും ഉണ്ട്. ബീജസങ്കലനത്തിൽ കൂടിയുണ്ടാകുന്ന മൂരിക്കുട്ടികളെ കർഷകർ ശ്രദ്ധിക്കാതെ 4 മാസത്തിനുള്ളിൽ തന്നെ ചത്തു പോകുന്നു. എന്നാൽ പ്രത്യേക മൃഗസംരക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തി വളർത്തുകയാണെങ്കിൽ 18 മാസമാകുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ള മാംസം – പോഷകമൂല്യമുള്ളത് – ഉൽപ്പാദിപ്പിക്കാൻ സാധിക്കും. എന്നാലിപ്പോൾ ഈ വിപണനത്തിൽ 75%ൽ കൂടുതൽ ലാഭം അന്യസംസ്ഥാനത്ത് പോകുന്നു.

6. ഇൻഷുറൻസ്: പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും മാസ്റ്റർ ഇൻഷുറൻസ് പോളിസി പ്രകാരം ഇൻഷുർ ചെയ്യേണ്ടതാണ്.

7. ഗോബർ ഗ്യാസ് പ്ലാന്റ്: കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് ജൈവവളലഭ്യത, ഊർജ്ജ സംരക്ഷണം എന്നിവ കണക്കിലെടുത്ത് ഗോബർ ഗ്യാസ് പ്ലാന്റ് വിവിധ വാർഡുകളിൽ സ്ഥാപിക്കാവുന്നതാണ്.

8. കന്നുകാലി രോഗ പ്രതിരോധ പദ്ധതി: കുളമ്പുരോഗം വരാതിരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പദ്ധതി പുതുക്കാട് പഞ്ചായത്തിലും നടപ്പാക്കണം. ഈ സ്കീമനുസരിച്ച് സൗജന്യമായി കാലികൾക്ക് പ്രതിരോധ കുത്തിവെപ്പുകളും, കുളമ്പുകേടു പോലുള്ള രോഗങ്ങൾ വരാതിരിക്കുന്നതിനു വേണ്ടി തൊഴുത്ത് പണിതു കൊടുക്കുന്ന പദ്ധതിയും നടപ്പാക്കണം.

9. കൃത്രിമ ബീജസങ്കലനം : 500 പശുക്കൾക്ക് ഒരു സെന്റർ എന്ന തോതിൽ ആവിഷ്ക്കരിച്ച് പ്രസ്തുത സൗകര്യം കർഷകന്റെ വീട്ടുമുറ്റത്ത് എത്തിക്കുകയും വേണം. ഗോരക്ഷാക്യാമ്പും വന്ധ്യതാ നിവാരണക്യാമ്പും നടപ്പാക്കുന്നതിനുവേണ്ട പദ്ധതികൾ ഓരോ യൂണിറ്റ് പ്രദേശത്തും നടപ്പാക്കണം.

10. മുയൽ വളർത്തൽയൂണിറ്റുകൾ, കാടവളർത്തു യൂണിറ്റുകൾ, 'ലൗ ബേർഡ്സ്' വളർത്തു യൂണിറ്റുകൾ എന്നിവ വാർഡടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്. ഈ പദ്ധതി വനിതകൾക്കും കുട്ടികൾക്കും പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

11. മുട്ടയുൽപ്പാദനം: അടുക്കളമുറ്റത്തു വളർത്തുന്ന രീതിയിലുള്ള കോഴികളെ വിതരണം നടത്തുന്നതിന് പഞ്ചായടിസ്ഥാനത്തിൽ ഹാച്ചറി സ്ഥാപിക്കണം.

## സേവന മേഖല

പുതുക്കാട് മൃഗാസ്പത്രിയും ചെങ്ങാലൂർ മൃഗാസ്പത്രിയും ആധുനിക സൗര്യങ്ങളോടു കൂടി സജ്ജീകരിച്ച് മൃഗാസ്പത്രിയിൽ നിന്നുള്ള സേവനം കൃഷിക്കാർക്ക് 24 മണിക്കൂറും കിട്ടാവുന്ന രൂപത്തിലാക്കുക. അറവുശാലയിലെ മാംസ പരിശോധനയ്ക്കു ശേഷം മാത്രം വിതരണത്തിന് കൊടുക്കുവാൻ പാടുള്ളു എന്ന് മൃഗാസ്പത്രി മുഖാന്തിരം നിഷ്ക്കർഷിക്കുക. ഇതിനു വേണ്ട സൗകര്യങ്ങൾ മൃഗാസ്പത്രിക്ക് പഞ്ചായത്ത് സജ്ജീകരിച്ചുകൊടുക്കുക. പേവിഷനിർമ്മാർജ്ജന പദ്ധതി പഞ്ചായത്തുമുഖേന കാര്യക്ഷമമാക്കുക. കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തു തല മൃഗസംരക്ഷണ മേളകൾ സംഘടിപ്പിക്കുക. പഞ്ചായത്തുതലത്തിൽ മൃഗസംരക്ഷണപ്രവർത്തനങ്ങൾ നടപ്പാക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഉപദേശകസമിതി രൂപീകരിക്കുകയും വേണം. മൃഗാസ്പത്രി ഒരു വിജ്ഞാന വ്യാപന കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടു വരിക.

# മത്സ്യ കൃഷി

പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിൽ കൂടി കുറുമാലിപ്പുഴ ഏകദേശം 6 കിലോമീറ്റർ നീളത്തിൽ ഒഴുകുന്നുണ്ട്. മത്സ്യബന്ധനം ഒരു തൊഴിലായി ഉപജീവനം കഴിക്കുന്നവർ പഞ്ചായത്തിൽ വിരളമാണ്. അപൂർവ്വം ചില വ്യക്തികൾ മാത്രമെ ചെറിയ തോതിൽ മത്സ്യകൃഷി നടത്തുന്നുള്ളു. കളിമണ്ണെടുത്ത കുഴികളാണ് പ്രധാനമായും മത്സ്യം വളർത്തലിന് ഉപയോഗിക്കാവുന്നത്. പഞ്ചായത്തിന്റെ ഉമസ്ഥതയിലുള്ള 9 കുളങ്ങളും മത്സ്യം വളർത്തലിന് അനുയോജ്യമല്ല. പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ മത്സ്യത്തിന്റെ ഭൂരിഭാഗവും പഞ്ചായത്തിനു പുറമെനിന്നാണ് എത്തിച്ചേരുന്നത്. സ്വകാര്യ മേഖലയിൽ പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റ് നിലവിലുണ്ട്.

## *പ്രശ്നങ്ങൾ*

1. കളിമണ്ണെടുത്ത കുഴികളിലും സ്വകാര്യ കുഴികളിലും മത്സ്യം വളർത്തുന്നതിന് താൽപര്യമുള്ളവർക്കുള്ള സാങ്കേതിക ഉപദേശങ്ങളും സഹായങ്ങളും ലഭ്യമാകുന്നില്ല.

2. മത്സ്യ ബന്ധനം തൊഴിലായി ജീവിക്കാനുദ്ദേശിക്കുന്നവർക്ക് വേണ്ടത്ര വായ്പാസൗകര്യങ്ങൾ ലഭിക്കുന്നില്ല.

## *സാദ്ധ്യതകൾ*

1. കളിമണ്ണെടുക്കുന്ന കുഴികളിലും മറ്റു കുളങ്ങളിലും മത്സ്യം വളർത്തുന്നതിന് വേണ്ട ഉപദേശങ്ങളും, മത്സ്യകുഞ്ഞുങ്ങൾ, തീറ്റ, വായ്പാസൗകര്യം എന്നിവ ലഭ്യമാക്കിയാൽ മത്സ്യകൃഷി പഞ്ചായത്തിൽ വികസിക്കുവാൻ സാദ്ധ്യതയുണ്ട്.

2. പഞ്ചായത്തിന്റേതായ ഒരു മത്സ്യമാംസ മാർക്കറ്റ് ആരംഭിക്കുക.

3. മത്സ്യബന്ധന തൊഴിലാളികൾക്ക് വഞ്ചിയും വലയും സഹായമായി നൽകണം.

# വ്യവസായം

കേരളത്തിലെ വ്യാവസായിക മേഖലയെ സമഗ്രമായൊരു പഠനത്തിനു വിധേയമാക്കിയാൽ മറ്റിതര മേഖലകളിലെന്ന പോലെ അതീവ ഗുരുതരമായ ഒരു പ്രതിസന്ധി ദൃശ്യമാണ്. പുതിയ വൻകിട വ്യവസായ സംരംഭങ്ങൾ അടുത്ത കാലത്തൊന്നും നമ്മുടെ സംസ്ഥാനത്ത് ഉദയം ചെയ്തില്ലെന്നു മാത്രമല്ല നിലവിലുള്ളവയുടെ സ്ഥിതി തന്നെ വേണ്ടത്ര ആശാവഹമല്ലെന്നും കാണാൻ കഴിയും. ചെറുകിട കുടിൽ വ്യവസായങ്ങളുടെ സ്ഥിതിയും ഇതിൽനിന്നും വ്യത്യസ്തമല്ല. കേരളത്തിലെ പ്രാചീനങ്ങളും പരമ്പരാഗതങ്ങളുമായ ഗ്രാമീണ വ്യവസായങ്ങളും കൈതൊഴിലുകളും ഇപ്പോൾ നാശോന്മുഖമായികൊണ്ടിരിക്കുകയാണ്. ആധുനിക രീതിയിലുള്ള ചെറുകിട വ്യവസായങ്ങൾ ഗ്രാമപ്രദേശങ്ങളിൽ വേണ്ടത്ര വികസിച്ചു വരുന്നതുമില്ല. കാർഷിക മേഖലയിലെന്ന പോലെ വ്യവസായിക മേഖലയിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ മാന്ദ്യം തൊഴിൽ മേഖലയിലും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അവശ്യ ഉപഭോഗ വസ്തുക്കൾക്കു പോലും വലിയ തോതിൽ മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്ന ഒരവസ്ഥ ഇതുമൂലം സംജാതമായി. നമ്മുടെ സംസ്ഥാനത്തെ ജനജീവിതത്തിനും, വിശിഷ്യാ ഗ്രാമീണ ജനജീവിതത്തിന്റെ അഭിവൃദ്ധിക്കും വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണിവ. ഈ പരിതസ്ഥിതിക്ക് ജനകീയാസൂത്രണ പ്രക്രിയയിലൂടെ വലിയൊരു പരിവർത്തനം വരുത്തേണ്ടിയിരിക്കുന്നു.

ഗ്രാമപ്രദേശങ്ങളിൽ ചെറുകിട കുടിൽ വ്യവസായ രംഗത്ത് നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും, പരമ്പരാഗത ഗ്രാമീണ വ്യവസായങ്ങളെ പുനരുദ്ധരിക്കുകയും ചെയ്യേണ്ടതുണ്ട്. നൂതന സാങ്കേതിക വിദ്യയുടെ വെളിച്ചം ഗ്രാമത്തിലെത്തിക്കണം. യുവതലമുറയ്ക്ക് വേണ്ടത്ര പരിശീലനവും, പ്രോത്സാഹനവും നൽകേണ്ടിയിരിക്കുന്നു. ഇങ്ങനെ ഒരു ബഹുമുഖ വികസന പരിപാടിക്ക് രൂപം നൽകുക വഴി മാത്രമേ നിലവിലുള്ള പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ. ജനകീയ ശക്തിയിലധിഷ്ഠിതമായ ആസൂത്രണത്തിന്റെ പുത്തൻരൂപവും ഭാവവും ഈ പരിപാടിയുടെ നിർവ്വഹണത്തിൽ പ്രമുഖമായൊരു പങ്ക് വഹിക്കേണ്ടതുണ്ട്.

കേരളത്തിന്റെ പൊതുസ്ഥിതിയിൽനിന്നും ഒട്ടും വ്യത്യസ്തമായിരുന്നില്ല പുതുക്കാടിന്റെ ചരിത്രവും. ഒരു കാലത്ത് കേരളത്തിലെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ഈറ്റില്ലം എന്ന് വിശേഷിക്കപ്പെട്ടിരുന്ന പ്രദേശമായിരുന്നു പുതുക്കാട് എങ്കിലും വ്യവസായ വികസനത്തിൽ

ഈ പ്രദേശം ഏറെയൊന്നും മുന്നോട്ട് പോയില്ല; ഇതിന് പല കാരണങ്ങളുണ്ട്. പ്രധാനമായും കാർഷിക വൃത്തിയിലാണ് ഈ ഗ്രാമത്തിലെ ഭൂരിഭാഗവും ഏർപ്പെട്ടിരുന്നത്. കേരളത്തിലെ തന്നെ ഓടു വ്യവസായ രംഗത്ത് അറിയപ്പെടുന്ന തൊട്ടടുത്ത പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന ആമ്പല്ലൂർ-മണലി മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തെ നിരവധി തൊഴിലാളികൾക്ക് ആശ്രയമായി നിന്നു. 1938ൽ അളഗപ്പ നഗറിൽ ആരംഭിച്ച അളഗപ്പ ടെക്സ്റ്റൈയിൽസ് എന്ന സ്ഥാപനത്തിലും ധാരാളം പേർ തൊഴിലെടുത്തുവന്നു.

ചുരുക്കി പറഞ്ഞാൽ മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലെ വ്യവസായ തൊഴിലാളികളിൽ നല്ലൊരു വിഭാഗം പഞ്ചായത്തിനു പുറത്തുള്ള സ്ഥാപനങ്ങളിലാണ് ജോലി ചെയ്തിരുന്നതെന്ന് കാണാൻ കഴിയും. പഞ്ചായത്തു പ്രദേശത്തെ വ്യാവസായിക രംഗത്തെ പിന്നോക്കാവസ്ഥയായിരുന്നു ഇതിനു കാരണം. വൻകിട വ്യവസായങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ചെറുകിട വ്യവസായ രംഗത്താകട്ടെ ചുരുക്കം ചില കളിമൺ വ്യവസായ യൂണിറ്റുകൾ മാത്രമാണ് ഇവിടെ നിലനിന്നിരുന്നത്. പരമ്പരാഗത കുടിൽ വ്യവസായ രംഗത്തും ചില സംരംഭങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തുണ്ടായിരുന്നു. കല്ലൊര വ്യവസായം, മൺപാത്ര നിർമ്മാണം, കുട്ട-പനമ്പ്നെയ്ത്ത്, പപ്പടനിർമ്മാണം, ആഭരണ നിർമ്മാണം എന്നിവയായിരുന്നു ഇവയിൽ പ്രമുഖമായവ.

ഇതിനെല്ലാമുപരിയായി വ്യാവസായിക സംരംഭങ്ങളേക്കാൾ വിപണന രംഗത്തായിരുന്നു ഈ പ്രദേശത്തെ കൂടുതൽ പേരും ശ്രദ്ധ ചെലുത്തിയിരുന്നത്. ചിരപുരാതനമായ പുതുക്കാട് മാർക്കറ്റും, കുറുമാലിപ്പുഴയുടെ അനുഗ്രഹത്താൽ വളർന്നുവന്ന ശക്തമായ കാർഷിക മേഖലയും ഈ വിപണന രംഗത്തെ പരിപോഷിപ്പിച്ചു വന്നു. പരിസരപ്രദേശങ്ങളിലെ പഞ്ചായത്തുകളിൽനിന്നും അടക്ക, വെറ്റില, കായ തുടങ്ങിയ കാർഷിക വിളകൾ വില്പനക്ക് കൊണ്ടുവന്നിരുന്നത് പുതുക്കാട് മാർക്കറ്റിലേക്കായിരുന്നു.

വാണിജ്യരംഗത്തെ ഈ അവസ്ഥ പുതുക്കാട് പ്രദേശത്തുകാർക്ക് നല്ലൊരു ജീവിതോപാധിയായിരുന്നു. വ്യാവസായിക രംഗത്തേക്കുള്ള ജനങ്ങളുടെ കാൽവെയ്പ് ഒരു പരിധി വരെ നിരുത്സാഹപ്പെടുത്തിയത് വാണിജ്യരംഗത്തെ ഈ സജീവതയായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല.

വ്യവസായിക രംഗത്ത് നമ്മുടെ രാജ്യത്തും, സംസ്ഥാനത്തും ചില മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പുതുക്കാട് പഞ്ചായത്തിന്റെ സ്ഥിതി ഇന്നും ശോഭനമല്ല. വൻകിട വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിൽ പിൽക്കാലങ്ങളിലും സ്ഥാപിക്കപ്പെടുകയുണ്ടായില്ല. ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞത് ഓടുവ്യവസായ മേഖലയിൽ മാത്രമാണ്. എന്നാൽ കളിമണ്ണ്, ഇന്ധനം, ഊർജ്ജം എന്നിവയുടെ അപര്യാപ്തത ഇത്തരം സ്ഥാപനങ്ങളുടെ നിലനിൽപുതന്നെ ചോദ്യം ചെയ്യപ്പെടുന്നത്ര ഗുരുതരമാണ്. പരമ്പരാഗത വ്യവസായമായ കുട്ട, പനമ്പ് നെയ്ത്ത് എന്നിവ ഭാഗികമായോ പൂർണ്ണമായോ സ്തംഭിച്ച അവസ്ഥയിലാണ്. പപ്പട നിർമ്മാണ രംഗത്ത് യന്ത്രവൽക്കരണം വന്നതോടെ ഈ വ്യവസായവും പ്രതിസന്ധിയിലായി. ഈ പഞ്ചായത്തിലെ III-ാം വർഡിൽ പെട്ട കുമ്പാര കോളനി മൺപാത്ര വ്യവസായ രംഗത്ത് മഹത്തായ ഒരു പൈതൃകമവകാശപ്പെടാവുന്ന ഒന്നായിരുന്നു.

ഒരുകാലത്ത് ഉല്പന്ന കൈമാറ്റ വ്യവസ്ഥ (Barter Economy)യെ അനുസ്മരിപ്പിക്കും വിധം ധാന്യങ്ങൾക്കു പകരം മൺകലങ്ങൾ വിറ്റിരുന്ന ഈ വിഭാഗം ശേഖരിച്ചു വന്നിരുന്ന ധാന്യങ്ങൾ ക്ഷാമകാലങ്ങളിൽ ജനങ്ങൾക്ക് ആശ്രയമായിരുന്നു. എന്നാൽ അസംസ്കൃത പദാർത്ഥങ്ങ

ളുടെ ദൗർലഭ്യം മൂലവും നൂതന സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ ലഭ്യമാകാത്തതി നാലും ഈ വ്യവസായം തളർന്നുകൊണ്ടിരി ക്കുന്നു. ഒരു കാലത്ത് കേരളത്തിലെ തന്നെ കല്ലൊരവ്യവസായത്തിന്റെ കേന്ദ്രമായിരുന്ന പുതുക്കാട് പ്രദേശത്ത് ഇന്ന് അവശേഷിക്കു ന്നത് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തി ക്കുന്ന ഓരേ ഒരു കൃത്രിമ വൈരക്കൽ യൂണിറ്റ് മാത്രമാണ്. പരമ്പരാഗത തൊഴിലുകളിൽ മാർക്കറ്റിൽ ശക്തമായ മത്സരമുണ്ടെങ്കിലും, ഒരു ചെറുത്തുനിൽപ്പ് പ്രകടമായി കാണുന്നത് ആഭരണ നിർമ്മാണരംഗത്താണ്. സഹകരണാ ടിസ്ഥാനത്തിൽ മറ്റു ചില യൂണിറ്റുകളും പ്രവർത്തിച്ചിരുന്നു. ഇതിൽ പ്രമുഖമായത് ചെങ്ങാലൂരിലും കാഞ്ഞൂരും, പുതുക്കാടും പ്രവർത്തിച്ചിരുന്ന ഖാദി സൊസൈറ്റി വക നൂൽനൂൽപ്പ് നെയ്ത്ത് കേന്ദ്രങ്ങളായിരുന്നു. ഈ മൂന്ന് ഉപയൂണിറ്റുകളും ഇപ്പോൾ പ്രവർത്തന രഹിതമാണ്. കൈകൊണ്ട് പേപ്പർ ജോലികൾ നടത്തിയിരുന്ന ഒരു യൂണിറ്റും ഈ മേഖലയിലുണ്ടായിരുന്നത് ഇന്ന് പ്രവർത്തിക്കു ന്നില്ല. സഹകരണാടിസ്ഥാനത്തിൽ നാമമാത്ര മായിട്ടാണെങ്കിലും ഇന്നും നിലനിൽക്കുന്നത് ചെരുപ്പുണ്ടാക്കുന്ന ഒരു യൂണിറ്റും മുകളിൽ പറഞ്ഞ കല്ലാര യൂണിറ്റും മാത്രമാണ്. പഞ്ചാ യത്ത് പ്രദേശത്തെ വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരം നൽകുന്ന പട്ടിക താഴെ ചേർക്കുന്നു.

| വിഭാഗം | സ്ഥാപനങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|---|
| ചെറുകിട വ്യവസായ യൂണിറ്റുകൾ | 21 | 542 | 93.6% |
| മറ്റു വ്യവസായങ്ങൾ | 5 | 37 | 6.4% |

അടിസ്ഥാനപരമായി വിലയിരുത്തുമ്പോൾ ഒരു പ്രദേശത്തെ ഭൂരിഭാഗം തൊഴിലാളികൾ ഏതു മേഖലയിൽ പണിയെടുക്കുന്നു എന്നത് ആ പ്രദേശത്തെ വികസനത്തിന്റെ മുഖമുദ്ര യാണ്. പുതുക്കാട് പഞ്ചായത്തിലെ ആകെ യുള്ള തൊഴിലാളികളിൽ നാലിൽ ഒരു ഭാഗം മാത്രമാണ് വ്യവസായ മേഖലയിൽ പണിയെ ടുക്കുന്നത്. ഇതിൽതന്നെ 60% പേർ പഞ്ചായ ത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പണിയെ ടുക്കുന്നു എന്നുള്ളത് പഞ്ചായത്തിന്റെ വ്യാവ സായിക രംഗത്തെ പിന്നോക്കാവസ്ഥ വെളിപ്പെ ടുത്തുന്നതാണ്. പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതിചെയ്യുന്നതും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപെട്ടിട്ടുള്ളതുമായ 26 സ്ഥാപനങ്ങളിലായി 579 പേർ പണിയെടുക്കുന്നുണ്ട്. പഞ്ചായത്തിന് പുറത്തുനിന്നും വന്നു ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നു. തൊഴിൽ മേഖലയിൽ സ്ത്രീ– പുരുഷ വ്യത്യാസം സ്പഷ്ടമായി പ്രക ടമാകുന്ന ഒരു പ്രദേശമാണ് പുതുക്കാട് പഞ്ചാ യത്ത്. സംഘടിത മേഖലയിലും അസംഘടിത മേഖലയിലും സ്തീ തൊഴിലാളികളേക്കാൾ കൂടുതൽ പുരുഷന്മാരാണെന്ന് കാണാൻ കഴിയും. ഈ പഞ്ചായത്തിലെ 31% തൊഴിലാ ളികളിൽ സ്ത്രീ തൊഴിലാളികൾ വെറും 7%

മാത്രമാണ് എന്നുള്ളത് തികച്ചും വിസ്മയകരമാണ്. ഈ അനുപാതം സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീ തൊഴിൽ രംഗത്ത് വർദ്ധിച്ച സ്ത്രീ പങ്കാളിത്തവും അതിനുതകുന്ന പ്രോത്സാഹനവും വളരെ പ്രസക്തമാണെന്ന് ബോധ്യപെടുന്നതാണ്. കൂലി നിരക്കിൽ സ്ത്രീപുരുഷ വ്യത്യാസം പ്രകടമാവുന്നത് അസംഘടിത മേഖലയിൽ മാത്രമാണ്. തൊഴിൽ രംഗത്തെ സ്ത്രീ പുരുഷ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാകുന്നു.

| തൊഴിൽമേഖല | പു | സ്ത്രീ | ആകെ |
|---|---|---|---|
| സംഘടിത തൊഴിലാളികൾ | 4472 | 1358 | 5830 |
| അസംഘടിത തൊഴിലാളികൾ | 378 | 260 | 638 |
| ആകെ | 4850 | 1618 | 6468 |

## *പ്രശ്നങ്ങൾ*

പുതുക്കാട് പഞ്ചായത്തു പ്രദേശത്തെ പ്രധാന ചെറുകിട വ്യവസായമാണ് ഓട് നിർമ്മാണം. കളിമണ്ണിന്റെ ദൗർലഭ്യത, വിറകിന്റെ വർദ്ധിച്ച വില, ഊർജ്ജ ഇന്ധനക്ഷാമം എന്നിവ ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. പവർകട്ടും വൈദ്യുതി ഉപഭോഗ നിയന്ത്രണവും, നിയന്ത്രിത ഉപഭോഗത്തേക്കാൾ കൂടുതൽ ഉപയോഗിക്കുന്ന യൂണിറ്റുകളുടെ മേൽ ഏർപ്പെടുത്തുന്ന താൽകാലിക വൈദ്യുതി വിച്ഛേദിക്കലും വളരെ ഗുരുതരമായ പ്രശ്നമാണ്.

2. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ സാങ്കേതികമായി പുനരുദ്ധരിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. മൺപാത്രനിർമ്മാണം, കുട്ട, പനമ്പ് നിർമ്മാണം, ആഭരണ നിർമ്മാണം, കല്ലൊര വ്യവസായം, തുടങ്ങിയവ തൻമൂലം പുറകോട്ടു പോകുന്നു.

3. മൂലധനത്തിന്റെ കുറവ്, വ്യവസായ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിലുള്ള വിമുഖത, എന്നിവ പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നു.

4. വ്യവസായ സഹകരണ സംഘങ്ങളുടെ തളർച്ച ചെറുകിട വ്യവസായ സംരംഭങ്ങളുടെ വളർച്ചയെ ബാധിച്ചുകൊണ്ടിരിക്കുന്നു.

## *സാധ്യതകൾ, പരിഹാരങ്ങൾ*

1. സുലഭമായി നാളികേരം ലഭിക്കുന്ന ഒരു പ്രദേശമാണ് പുതുക്കാട്. എന്നാൽ നാളികേരത്തിന്റെ ഉപോൽപന്നങ്ങളായ ചിരട്ട, ചകിരി എന്നിവ വേണ്ടവിധം ഉപയോഗിക്കപ്പെടുന്നില്ല.

ഈ ഉൽപന്നങ്ങൾകൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് സാധ്യതകളുണ്ട്.

2. റബ്ബർകൃഷി മോശമല്ലാത്ത രീതിയിൽ പഞ്ചായത്ത് അതിർത്തിയിൽ വ്യാപിച്ചിട്ടുണ്ട്. സമീപപഞ്ചായത്തുകളിലും ഈ കൃഷി പുഷ്ടിപ്പെട്ടുവരുന്നതായി കാണാൻ കഴിയും. അതുകൊണ്ടു തന്നെ ഒരു റബ്ബർ അധിഷ്ടിത യൂണിറ്റിന് ഈ പഞ്ചായത്തിൽ ഏറെ സാധ്യതകളുണ്ട്.

3. ലൈസൻസുള്ള ഒരു ക്വാറിയും ഭേദപ്പെട്ട കരിങ്കൽ വ്യവസായവും ഈ പഞ്ചായത്തിൽ നിലവിലുണ്ട്. തൊട്ടടുത്തുള്ള കുറുമാലി പുഴയിൽനിന്നും സുലഭമായി മണൽ ലഭിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. ഈ അനുകൂല

സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ഒന്നിൽ കൂടുതൽ ഹോളോബ്രിക്സ് യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

4. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ലാത്ത ഈ പഞ്ചായത്തിൽ ഏറെ സാധ്യതയുള്ളത് ചെറുകിട വ്യവസായ യൂണിറ്റുകൾക്കാണ്. പഞ്ചായത്തിന്റെ ആനുകാലിക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഇൻഡസ്ട്രിയൽ കോംപ്ലക്സ് എന്നിവ അഭികാമ്യമാണ്. ഇവ തുടങ്ങുന്നതിനാവശ്യമായ പശ്ചാതല സൗകര്യങ്ങളുള്ള സ്ഥലം ലഭ്യമാണ്.

5. നമ്മുടെ സംസ്ഥാനം വളരെ ഗുരുതരമായ ഊർജ്ജ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഊർജ്ജേതര നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്. കാർബൺ ബ്രഷ്, ബുക്ക് ബൈന്റിങ്ങ്, നോട്ടുപുസ്തക നിർമ്മാണം, തുടങ്ങി മനുഷ്യാദ്ധ്വാനം കൊണ്ട് വികസിപ്പിച്ച് എടുക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് മുൻഗണന നൽകണം.

6. പഞ്ചായത്തിന്റെ പ്രധാന മേഖല കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ നെല്ലു സംസ്കരണം കൊപ്ര സംസ്കരണം എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

7. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള മുന്തിയ ഉപാധിയായി കണക്കാക്കേണ്ടതാണ്.

8. കൈതറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കണം.

9. സ്വയം തൊഴിൽ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

10. പഞ്ചായത്തു തലത്തിൽ ഫലവത്തായ വിപണന കേന്ദ്രം ആരംഭിക്കണം. ഈ പ്രക്രിയ സഹകരണ അടിസ്ഥാനത്തിൽ നിർവഹിക്കപ്പെടുന്നത് ഏറെ സഹായകരമായിരിക്കും.

12. സ്വയം തൊഴിൽ മേഖലയിൽ പരിശീലനം ശക്തിപ്പെടുത്തണം. ഗ്രാമപ്രദേശങ്ങളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നൂതന സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കണം.

13. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായരീതി ഉദാരമാക്കണം. ആയതിന് നിയമ സാധുത നൽകണം.

14. കാർഷിക വിളകളുടെ സംസ്കരണവും അതുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങളും പരിപോഷിപ്പിയ്ക്കണം

15. വ്യവസായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഏജൻസികളുടെ സഹായങ്ങൾ ഉറപ്പുവരുത്തണം

16. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഊർജ്ജം പ്രധാനം ചെയ്യുന്നതിൽ ആവശ്യമായ നടപടികൾ കൈകൊള്ളണം.

വ്യവസായരംഗത്ത് പ്രാദേശിക വ്യവസായ ശൃംഖലകളെ വികസിപ്പിയ്ക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. അതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ കണ്ടെത്തുന്നതിനുള്ള ഉറവിടങ്ങൾ നാളിതുവരെ അപര്യാപ്തമായിരുന്നു എന്ന് കാണാൻ കഴിയും. ഗ്രാമപ്രദേശങ്ങളിൽ വ്യവസായ സംരംഭങ്ങൾ പുറകോട്ടു പോയതിന്റെ അടിസ്ഥാനകാരണവും ഒരു പക്ഷേ ഇതായിരുന്നിരിയ്ക്കണം. വികേന്ദ്രികൃത സംവിധാനത്തിൽ വ്യവസായങ്ങളുടെ കൂട്ടായ ശക്തിയെ വർദ്ധിപ്പിക്കുക വഴി വ്യാവസായിക രംഗത്ത് വലിയ മുന്നേറ്റങ്ങൾ നടത്തുവാൻ കഴിയും.

സാങ്കേതിക വിദ്യ, സഹകരണം, കൂട്ടായ വിപണന സങ്കേതം, ഗവേഷണം, പരിശീലനം തുടങ്ങി വിവിധ മേഖലകളിൽ മുന്നേറുന്നതിനും അതുവഴി മുരടിച്ചു നിൽക്കുന്ന വ്യവസായ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും ജനകീയാസൂത്രണത്തിന് കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# വിദ്യാഭ്യാസം

ജനാധിപത്യ വ്യവസ്ഥിതിയിൽ മാതൃകാപരമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തിയെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? സങ്കീർണ്ണത നിറഞ്ഞ ഈ മണ്ഡലത്തിൽ ഇതുവരെ നടന്നിട്ടുള്ള പരിഷ്കാരങ്ങളും പരീക്ഷണങ്ങളും ഏറെയാണ്. വിദ്യാഭ്യാസ മേഖലയിലെ കുരുക്കുകൾ അഴിച്ചെടുക്കുക എന്നത് എളുപ്പമുള്ള സംഗതിയല്ല എന്ന് നമുക്കൊക്കെ അറിയാം. ഭാഗികമായ ഒരു അഴിച്ചുപണിയല്ല മറിച്ച് സമൂലമായ ഒരു പരിവർത്തനം തന്നെ ഈ രംഗത്ത് അനുപേക്ഷണീയമാണ്.

ഒരു നാട്ടിലെ വിദ്യാഭ്യാസം എന്നുള്ളത് ഒറ്റപ്പെട്ടു കിടക്കുന്ന ഒരു കാര്യമല്ല. അവിടത്തെ കാർഷിക വ്യാവസായിക പുരോഗതി, സാമ്പത്തിക സ്ഥിതി, ജനങ്ങളുടെ ജീവിത നിലവാരം, വർഗ്ഗവിഭജനം, മതപരമായ ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതുകൊണ്ടു തന്നെ ഒരു നിശ്ചിത ലക്ഷ്യം വെച്ച് നടത്താവുന്ന രംഗമല്ല ഇത്. അർഹിക്കുന്ന ഗൗരവത്തോടുകൂടി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ നേരിടുന്നതിന് ഇനിയെങ്കിലും നമുക്ക് സാധിച്ചില്ലെങ്കിൽ നാളെകളിൽ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാവി ദുരന്ത പൂർണ്ണമായിരിക്കും എന്നുള്ളത് നിസ്തർക്കിതമായ കാര്യമാണ്.

പുതുക്കാട് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചരിത്രത്തിന് ഒരു നൂറ്റാണ്ടിന്റെ പഴമയുണ്ട്. ഇവിടത്തെ ഏറ്റവും പഴക്കം ചെന്ന സ്കൂൾ മലയാളം സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളാണ്. സ്കൂളിലെ കുത്തക പാട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് പ്രവർത്തി സ്കൂൾ എന്ന പേരിൽ 6.8.1891 (22.12.1066) ൽ ആമ്പല്ലൂരിൽ പ്രവർത്തനമാരംഭിക്കുകയും 1069 കർക്കിടകമാസം 2-ാം തിയതി പുതുക്കാട്ടേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു എന്നതാണ്. എന്നാൽ സ്കൂളിന്റെ ഒന്നാം പ്രവേശന രജിസ്റ്റർ പരിശോധിച്ചപ്പോൾ പുതുക്കാട് പ്രവർത്തി പാഠശാല - പ്രവേശന പട്ടിക - പ്രവേശനം ഒന്നാം നമ്പർ അന്തോണി, കവലക്കാടൻ വീട്, അപ്പന്റെ പേര് കുഞ്ഞിപ്പാലു, തൊറവ്, കച്ചവടം, ക്രിസ്ത്യാനി, ക്ലാസ് 2, വയസ്സ് 10 എന്നും പ്രവേശന തിയതി 1066 കർക്കിടകം 22, സ്കൂളിൽനിന്നും വിടുതൽ ചെയ്തതായ തിയതി 1067 ചിങ്ങം 9 എന്നുമാണ് രേഖപ്പെടുത്തി കാണുന്നത്. എന്തായാലും 22.12.1066ൽ (6.8.1891ൽ) പുതുക്കാട് തന്നെയാണ് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത് എന്നാണ് ഔദ്യോഗിക അറിവ്. അഡ്മിഷനുശേഷം അക്ഷരജ്ഞാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അക്കാലത്ത് ക്ലാസ്സുകൾ തരം തിരിച്ചിരുന്നത്. നേരത്തെ എഴുത്താശ്ശാന്റെ കീഴിൽ പഠിക്കാനിട വന്നതുകൊണ്ടായിരിക്കാം ഒന്നാം നമ്പ്രായി പ്രവേശനം ലഭിച്ച കുട്ടി രണ്ടാം ക്ലാസ്സിൽ പഠനം ആരംഭിക്കുവാനിടയായതെന്നും കരുതപ്പെടുന്നു. കർക്കിടകമാസം 22ന്

പ്രവേശനം തുടങ്ങി ചിങ്ങം ഒന്നിന് പഠനം തുടങ്ങുന്ന രീതിയായിരുന്നു അന്ന് അവലംബിച്ചിരുന്നത്.

1888 മുതൽ 1895 വരെ കൊച്ചീരാജ്യം ഭരിച്ചിരുന്ന കേരളവർമ്മത്തമ്പുരാന്റെ കാലത്ത് ദിവാനായിരുന്ന സി. വെങ്കിടാചാര്യ അവർകൾ മുൻകൈയ്യെടുത്ത് കൊച്ചീരാജ്യത്ത് പല സ്ഥലങ്ങളും പ്രൈമറി സ്കൂളുകൾ ആരംഭിച്ചു.

ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം 6.8.1891ൽ പുതുക്കാട് പ്രവർത്തി പാഠശാല (സർക്കാർ പ്രൈമറി സ്കൂൾ) ആരംഭിച്ചത്. പുതുക്കാട് പള്ളിവക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ 15.8.1948 ൽ ഇന്ന് ഇരിക്കുന്ന സ്വന്തമായ 96 സെന്റ് സ്ഥലത്ത് പണിത സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റി. ഇവിടത്തെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. നാരായണ അയ്യർ ആയിരുന്നു. എൽ.പി. സ്കൂളായിരുന്നത് പിന്നീട് യു.പി.സ്കൂളായും 1981ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1985ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസും ആരംഭിച്ചു. സ്കൂളിന്റെ ശതവാർഷികം 1992ൽ ആഘോഷിച്ചു.

സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ മറ്റൊരു വിദ്യാലയം ചെങ്ങാലൂർ ഗവ. എൽ.പി. സ്കൂളാണ്. പുതുക്കാട് സെന്റ് ആന്റണീസ് ഹൈസ്കൂൾ, ചെങ്ങാലൂർ സെന്റ് മേരിസ് ഹൈസ്കൂൾ, പുതുക്കാട് സെന്റ് സേവിയേഴ്സ് കോൺവെന്റ് യു.പി. സ്കൂൾ, ചെങ്ങാലൂർ രണ്ടാംകല്ലിലുള്ള എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ എന്നിവയാണ് മുൻപു പറഞ്ഞ രണ്ടു സർക്കാർ സ്കൂളുകൾക്കു പുറമെയുള്ള വിദ്യാലയങ്ങൾ.

പുതുക്കാട് പള്ളിയുടെ കീഴിൽ ഒരു കുടിപള്ളിക്കൂടമായി 5.9.1917 ൽ ഒരു എൽ.പി. സ്കൂളായി പ്രവർത്തനമാരംഭിക്കുന്നതോടെയാണ് ഇന്നത്തെ പുതുക്കാട് സെന്റ് ആന്റണീസ് ഹൈസ്കൂളിന്റെ ചരിത്രം ആരംഭിക്കുന്നത്. സ്കൂളിന്റെ ആദ്യത്തെ മാനേജർ റവ. ഫാദർ ദേവസ്സി അവറാനും, ഹെഡ്മാസ്റ്റർ ശ്രീ. എം. ആർ. ജോസഫും ആയിരുന്നു. 1920 ജനുവരി 1- ാം തിയതി ഇതൊരു യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു.

31.5. 1938 ലാണ് ഈ സ്കൂൾ ഒരു ഹൈസ്കൂളായി ഉയർന്നത്. ഹൈസ്കൂളായതിനുശേഷം ആദ്യത്തെ മാനേജർ റവ. ഫാദർ ഔസേഫ് മണവാളനും, ഹെഡ്മാസ്ററർ ശ്രീ. ഏ.വി. ആന്റണിയുമായിരുന്നു. ഹൈസ്കൂളിനോടനുബന്ധിച്ച് 1.6.1953 ൽ ഒരു ടി.ടി.സി. ആരംഭിച്ചെങ്കിലും 1958ൽ ആയത് നിറുത്തലാക്കപ്പെട്ടു.

1992ൽ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയുണ്ടായി.

ചെങ്ങാലൂരിലെ സെന്റ് മേരിസ് സ്കൂൾ 1944ൽ ആണ് സ്ഥാപിച്ചത്. റവ. ഫാദർ ജോർജ്ജ് മാളിയേക്കൽ ആയിരുന്നു പ്രഥമ മാനേജർ. ശ്രീ. പി.സി. കുഞ്ഞുവറീത് ഹെഡ്മാസ്റ്ററും. 1966ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഹൈസ്കൂളായി ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ ഹെഡ്മാസ്റ്റർ ആയത് ശ്രീ. എം.പി. ലോനപ്പൻ മാസ്റ്ററായിരുന്നു. 1994ൽ ഈ സ്കൂളിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുകയുണ്ടായി.

പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠത്തിനോടനുബന്ധിച്ച് 1929 ജൂൺ 4-ാം തിയതിയാണ് പഞ്ചായത്തിലെ ഏക കോൺവെന്റ് സ്കൂളായ സെന്റ് സേവിയേഴ്സ് എൽ.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചത്. സിസ്റ്റർ അന്നമറിയം ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്. 1948 ൽ യു.പി. സ്കൂളായി ഉയർത്തി.

ലോവർ പ്രൈമറി വിഭാഗത്തിൽ ചെങ്ങാലൂർ ഗവ. എൽ.പി. സ്കൂളിനു പുറമെ രണ്ടാം കല്ല് എ. എൽ.പി. സ്കൂളും, പുതുക്കാട് സെന്റ് ആന്റണീസ് എൽ.പി. സ്കൂളുമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള മറ്റു വിവരങ്ങൾ താഴെ കാണുന്ന പട്ടികയിൽ ചേർക്കുന്നു.

## പ്രജ്യോതി നികേതൻ കോളേജ്

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എടുത്തു പറയേണ്ട താണ് പ്രജ്യോതി നികേതൻ കോളേജിന്റെ കാര്യം. പുതുക്കാട് ജംഗ്ഷനു കിഴക്കു വശത്തായി കിടക്കുന്ന പഴയ ചീനിക്കുന്ന് ഇപ്പോൾ അന്താരാഷ്ട്ര പ്രശസ്തി പോലും പിടിച്ചു പറ്റാവുന്ന ഒരു ആതുര സേവന- ഗവേഷണ – പഠന സ്ഥാപനത്തിനായി കാതോർത്തു നിൽക്കുന്നു.

ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭ ഈ ആവശ്യത്തിലേയ്ക്കായി ഏകദേശം 30 ഏക്കറോളം സ്ഥലം ഇവിടെ വാങ്ങിക്കഴിഞ്ഞു. അവരുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെട്ടതല്ലെങ്കിലും ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കണമെന്നുള്ള ഇവിടത്തുകാരുടെ ആവശ്യം അവർ അംഗീകരിച്ചറിയുകയും ആയതിനുള്ള അശ്രാന്ത പരിശ്രമങ്ങൾ വിജയപ്രാപ്തിയിലെത്തുകയും ചെയ്തു. 1995–96 അക്കാദമിക്ക് വർഷത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ കമ്പ്യൂട്ടർ സയൻസ്, സൈക്കോളജി, ഇംഗ്ലീഷ് സാഹിത്യം എന്നീ 3 ഐശ്ചിക വിഷയങ്ങളിൽ ബിരുദ കോഴ്സുകൾ തുടങ്ങി. മൊത്തം 59 വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിച്ചത്. ഇപ്പോൾ രണ്ടാം വർഷ ഡിഗ്രിക്ക് 53 പേരാണ് പഠിക്കുന്നത്. 29 ആൺകുട്ടികളും 24 പെൺകുട്ടികളും. ഇക്കൊല്ലം 63 വിദ്യാർത്ഥികളാണ് ഒന്നാം വർഷത്തിൽ പഠിക്കുന്നത്. ഇവരിൽ രണ്ടുപേർ പട്ടികജാതിയിൽപ്പെട്ടവരാണ്.

ബി.ബി.എസ് (ബാച്ചിലർ ഓഫ് ബിസിനസ് സ്റ്റഡീസ്) ബി.എസ്.സി (ഇലക്ട്രോണിക്സ്) ബി.എ. (ജേർണലിസം), എം.എസ്. ഡബ്ല്യു (സാമൂഹ്യപ്രവർത്തനത്തിൽ മാസ്റ്റർ ഡിഗ്രി) എന്നീ കോഴ്സുകൾക്കു കൂടി അംഗീകാരം ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റവ. ഫാദർ ഹർഷജൻ പഴയാറ്റിൽ ആണ് ഈ സ്ഥാപനത്തിന്റെ ഡയറക്ടർ. റവ. ഫാദർ ഫ്രാൻസീസ് കുരിശ്ശേരി കോളേജ് പ്രിൻസിപ്പാളായി സേവനം ചെയ്യുന്നു. പ്രിൻസിപ്പാൾക്കു പുറമെ 11 അദ്ധ്യാപകർ (8 പുരുഷൻമാർ + 4 സ്ത്രീകൾ) ഇവിടെ ജോലി ചെയ്തുവരുന്നുണ്ട്.

## ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

പുതുക്കാട് ഗവ. ഹൈസ്കൂളിനോടനുബന്ധിച്ച് 1985ലാണ് വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ചത്. അഗ്രികൾച്ചർ സയൻസ് (പ്ലാന്റ് പ്രൊട്ടക്ഷൻ ആന്റ് നേഴ്സറി മാനേജുമെന്റ്) ആണ് പഠന വിഷയം. 11 ആൺകുട്ടികളും 85 പെൺകുട്ടികളും ഉൾപ്പടെ 96 വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം ലഭിച്ച 6 അദ്ധ്യാപകരും ഒരു ഗസ്റ്റ് അദ്ധ്യാപകനുമാണ് ഇവിടെ പഠിപ്പിക്കുന്നത്.

ഇവയ്ക്കെല്ലാം പുറമെ അനൗപചാരികമായി ചില പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പുതുക്കാട് കോൺവെന്റിനോടനുബന്ധിച്ച് നടത്തുന്ന ആവില കോളേജ് സെന്റ് മേരിസ് കോളേജ്, ഏജ് കോളേജ് എന്നിവയാണവ. ഏതാനും സ്വകാര്യ കമ്പ്യൂട്ടർ സെന്ററുകളും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇവിടെയുണ്ട്. കൂടാതെ ഗവ. സ്കൂളിലും കോൺവെന്റ് സ്കൂളിലുമായി ഓരോ പ്രീ. പ്രൈമറി നേഴ്സറി സ്കൂളും, സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളും ഇവിടെ പ്രവർത്തിച്ചു വരുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല സ്കൂളുകളുടേയും പ്രത്യേകിച്ച് സർക്കാർ സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

2. ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം താരതമ്യേന (പഞ്ചായത്തിലെ മറ്റു രണ്ടു ഹൈസ്കൂളിലെ അപേക്ഷിച്ച്) കുറവാണ്.

3. കുട്ടികൾ കൊഴിഞ്ഞു പോകുന്നുതിനാൽ ഡിവിഷനുകൾ വർഷം തോറും കുറഞ്ഞുവരുന്നു. സർക്കാർ ഹൈസ്കൂളിന്റെ നിലനില്പിനെത്തന്നെ ഇത് ബാധിക്കുന്നു.

4. സ്കൂൾ വിദ്യാഭ്യാസത്തിനായി പഞ്ചായത്തിനു പുറത്തുള്ള വിദ്യാലയങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കൂടി വരുന്നു. (തൃശൂർ, കുരിയച്ചിറ, ഒല്ലൂർ, തലോർ, ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിലേക്ക് മികച്ച വിദ്യാഭ്യാസമോ, ഇംഗ്ലീഷ് മീഡിയമോ തേടി പോകുന്നവർ)

5. പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികളിൽ താല്പര്യം ജനിപ്പിക്കുന്ന പരിപാടികൾക്ക് സ്കൂളുകളിൽ വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല. (കലാ - സാഹിത്യ-കായിക-ശാസ്ത്ര-സാങ്കേതിക-രംഗങ്ങളിൽ)

6. അക്ഷരജ്ഞാനവും അക്കജ്ഞാനവും വലിയൊരളവിൽ ഇപ്പോഴും ലഭിക്കാതെ വരുന്നു. ഇത് ആന്തരികമായ നിരക്ഷരതക്ക് ഹേതുവായിത്തീരുന്നു.

7. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥിരം അദ്ധ്യാപകരെ ലഭിക്കാത്തത് പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നു.

8. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളുടെ (ശിശുക്കളുടെ) വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. പഞ്ചായത്തിലെ ബാലവാടിയുടെ പ്രവർത്തനം പൊതുവെ വേണ്ടത്ര തൃപ്തികമല്ല.

9. ഐ.ടി.ഐ പോലുള്ള സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം പഞ്ചായത്തിൽ നിഴലിക്കുന്നുണ്ട്.

10. പ്രീഡിഗ്രി പഠനത്തിനായി നഗരപ്രദേശങ്ങളിലെ കോളേജുകളിലേക്ക് പഞ്ചായത്തിലെ ഗണ്യമായ ഒരു വിഭാഗം കുട്ടികൾ പോകുന്നുണ്ട്.

## *സാധ്യതകൾ*

1. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക

2. അയൽപക്ക വിദ്യാലയ സമ്പ്രദായം, പഠനത്തിന്റെ മിനിമം നിലവാരം (Minimum Level of learning) സ്കൂളുകളെ കേന്ദ്രീകരിച്ചുള്ള മാതൃസംഘടനകൾ തുടങ്ങിയ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുക.

3. അദ്ധ്യാപക - രക്ഷാകർതൃ സമിതികളെ പഞ്ചായത്തുതല സമിതിയുമായി ബന്ധപ്പെടുത്തുകയും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക.

4. പഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും കൃത്യമായി സന്ദർശനം നടത്തുന്നതിനും സ്കൂളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും സംവിധാനം ഏർപ്പെടുത്തുക.

5. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ കാര്യക്ഷമമാക്കുക.

7. ഗവ. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുക.

8. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും, സ്കൂളിലെ ഡിവിഷനുകൾ കുറഞ്ഞുവരുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനും സാദ്ധ്യതകൾ ആരായുക

9. പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് നിയന്ത്രണാധീനമാക്കുവാൻ ശ്രദ്ധിക്കുക.

10. പാഠ്യേതര വിഷയങ്ങളിൽ താല്പര്യം ഉളവാക്കുന്ന പ്രവർത്തന പദ്ധതികൾ നടപ്പാക്കുക. സയൻസ് ക്ലബ്ബുകൾ, സാഹിത്യസമാജം, ചർച്ചാ ക്ലാസ്സുകൾ, കലാകായിക മത്സരങ്ങൾ, ദേശീയബോധം വളർത്താനുപകരിക്കുന്ന ദൃശ്യശ്രാവ്യ പരിപാടികൾ തുടങ്ങിയവ സ്കൂൾ തലങ്ങളിലും പഞ്ചായത്ത് തലത്തിലും സംഘടിപ്പിക്കുക.

11. സംയോജിത ശിശു വികസന പദ്ധതി (ICDS) പഞ്ചായത്തിൽ നടപ്പിലാക്കുക.

12. ഐ.ടി.ഐ/ഐ.ടി.സി പോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.

13. പ്രജ്യോതി നികേതൻ കോളേജിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസത്തിനു കൂടി സൗകര്യം ഏർപ്പെടുത്തുക. കൂടുതൽ ഡിഗ്രി കോഴ്സുകളും ബിരുദാനന്തര ബിരുദ കോഴ്സുകളും ഇവിടെ ആരംഭിക്കണം.

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പൊതുവിവരം

| ക്രമനമ്പർ സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | പട്ടിക ജാതി വിദ്യാർത്ഥികൾ | | | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ | | | അദ്ധ്യാപകരുടെ എണ്ണം | | | മൊത്തം ഡിവിഷൻ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | T | B | G | T | B | G | T | B | G | M | F | T | |
| 1 G.V.H.S പുതുക്കാട് | 313 | 189 | 124 | 111 | 64 | 47 | - | - | - | 2 | 13 | 15 | 11 |
| 2 സെന്റ് ആന്റണീസ് H.S പുതുക്കാട് | 1015 | 561 | 454 | 96 | 54 | 42 | - | - | - | 9 | 27 | 36 | 24 |
| 3 സെന്റ് മേരീസ് H.S ചെങ്ങാലൂർ | 1079 | 528 | 551 | 155 | 84 | 71 | 1 | 1 | - | 13 | 27 | 40 | 27 |
| 4 സെന്റ് സേവിയേഴ്സ് C.U.P.S പുതുക്കാട് | 1135 | 483 | 652 | 78 | 38 | 40 | - | - | - | - | 24 | 24 | 20 |
| 5 സെന്റ് ആന്റണീസ് L.P.S പുതുക്കാട് | 116 | 45 | 71 | 41 | 23 | 18 | - | - | - | 2 | 2 | 4 | 4 |
| 6. A.L.P.S പുതുക്കാട് | 145 | 71 | 74 | 42 | 24 | 18 | - | - | - | 2 | 3 | 5 | 5 |
| 7. G.L.P.S ചെങ്ങാലൂർ | 395 | 215 | 180 | 62 | 36 | 26 | 1 | 1 | - | 1 | 11 | 12 | 12 |

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളിലെ SSLC വിജയശതമാനം സംബന്ധിച്ച കണക്ക്

| വർഷം | 1991–92 | | 1992–93 | | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | SSLC പരീക്ഷക്ക് ഇരുന്നവർ | വിജയശതമാനം | SSLC പരീക്ഷക്ക് ഇരുന്നവർ | വിജയശതമാനം | SSLC പരീക്ഷക്ക് ഇരുന്നവർ | വിജയശതമാനം | SSLC പരീക്ഷക്ക് ഇരുന്നവർ | വിജയശതമാനം | SSLC പരീക്ഷക്ക് ഇരുന്നവർ | വിജയശതമാനം |
| ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പുതുക്കാട് | 41 | 70% | 37 | 48.9% | 43 | 39% | 33 | 28% | 24 | 38% |
| സെന്റ്.ആന്റണീസ് ഹൈസ്കൂൾ പുതുക്കാട് | 193 | 91% | 190 | 91% | 180 | 83% | 185 | 90% | 146 | 90% |
| സെന്റ്. മേരീസ് ഹൈസ്കൂൾ, ചെങ്ങാലൂർ | 152 | 91.4% | 153 | 87.6% | 154 | 75.9% | 147 | 77.6% | 143 | 75.5% |

## സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ കാണിക്കുന്ന പട്ടിക

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ഓഫീസ്മുറി | സ്റ്റാഫ്മുറി | ലൈബ്രറി | ലാബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | വെള്ളം | കളിസ്ഥലം | ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | G.V.H.S പുതുക്കാട് | ✓ | ✓ | അപര്യാപ്തം | ✓ | ✓ | ✓ | X | ✓ | ✓ | X | അപര്യാപ്തം |
| 2 | സെന്റ് ആന്റണീസ് H.S പുതുക്കാട് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3 | സെന്റ് മേരീസ് H.S ചെങ്ങാലൂർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4 | സെന്റ് സേവിയേഴ്സ് C.U.P.S പുതുക്കാട് | ✓ | ✓ | ✓ | X | X | ✓ | ✓ | ✓ | ✓ | X | ✓ |
| 5 | സെന്റ് ആന്റണീസ് L.P.S പുതുക്കാട് | | | | | | | | | | | |
| 6. | A.L.P.S ചെങ്ങാലൂർ | ✓ | ✓ | ✓ | X | X | X | X | ✓ | X | ✓ | ✓ |
| 7. | G.L.P.S ചെങ്ങാലൂർ | ✓ | ✓ | ✓ | X | X | ✓ | ✓ | X | ✓ | ✓ | അപര്യാപ്തം |

# ആരോഗ്യം

പുതുക്കാട് പഞ്ചായത്തിലെ ആരോഗ്യമേഖലയെ കുറിച്ച് പരിശോധിക്കുമ്പോൾ ലഭിക്കുന്ന ചിത്രം ആശാവഹമാണ്. ആരോഗ്യരംഗത്ത് ഈ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെയും മറ്റു പാശ്ചാത്തല സൗകര്യങ്ങളുടെയും ഗുണം ജനങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ട് എന്നാണ് ഇത് കാണിക്കുന്നത്. പഞ്ചായത്തിലെ പൊതു ജനനനിരക്ക്, മരണനിരക്ക്, ആയുർദൈർഘ്യം എന്നീ മാനദണ്ഡങ്ങൾ വെച്ച് പരിശോധിക്കുമ്പോൾ സംസ്ഥാന ശരാശരിയെക്കാൾ മെച്ചമാണ് പുതുക്കാട് പഞ്ചായത്തിന്റെ സ്ഥിതി എന്നു കാണാം.

പട്ടിക 1

| | പുതുക്കാട് ഗ്രാമപഞ്ചായത്ത് | കേരളം |
|---|---|---|
| ജനനനിരക്ക് | 11.28 | 17 |
| പൊതുമരണ നിരക്ക് | 4.61 | 5.9 |
| ശിശുമരണനിരക്ക് | .04 | 16 |
| മാതൃമരണനിരക്ക് | ഇല്ല | 1 |

അരനൂറ്റാണ്ടിനു മുമ്പുവരെ പ്രശസ്തരായ പാരമ്പര്യ നാട്ടു വൈദ്യന്മാരുടെ സേവന മേഖലയായിരുന്നു പുതുക്കാട് പഞ്ചായത്ത്. പരേതരായ തെക്കുംപുറം കുഞ്ഞുവറീത് വൈദ്യർ, വേലൻ ഇണ്ണാമൻ വൈദ്യർ, ഇണ്ണീരി വൈദ്യർ എന്നിവർ ഈ രംഗത്തു നടത്തിയ പ്രവർത്തനം ശ്രദ്ധേയമാണ്. 1928ൽ വരന്തരപ്പിള്ളിയിൽനിന്ന് ആരംഭിച്ച് പുതുക്കാട്ടേക്ക് മാറ്റി സ്ഥാപിച്ചതോടെയാണ് പുതുക്കാട് സർക്കാർ ആശുപത്രിയുടെ ചരിത്രം ആരംഭിക്കുന്നത്. ആദ്യത്തെ ഡോക്ടർ മലപ്പുറം രാവുണ്ണി അവർകളായിരുന്നു. പിന്നീടുവന്ന ഡോക്ടർ പാനികുളത്തിന്റെ കാലത്ത് പുതുക്കാട് പള്ളി സംഭാവന ചെയ്ത ഇന്നത്തെ സ്ഥലത്താണ്64 കൊല്ലങ്ങൾക്കുമുമ്പ് ആശുപത്രി ആരംഭിച്ചത്. ആശു

പത്രിയിൽ പ്രവർത്തിക്കുന്ന S.E.T. സെന്റർ (കുഷ്ഠരോഗചികിത്സാകേന്ദ്രം) കുടുംബ ക്ഷേമ കേന്ദ്രം എന്നിവയുടെ സേവനവും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. മുപ്ലിയം പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനവും പുതുക്കാട് പഞ്ചായത്തിൽ ലഭ്യമാണ്. ചെങ്ങാലൂരിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രി, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഹോമിയോ ക്ലീനിക്ക്, ഡന്റൽ ക്ലീനിക്കുകൾ (2) എന്നിവയുടേയും സേവനം ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. പൊതുജനാരോഗ്യരംഗത്തെ സ്ഥിതി പൊതുവെ തൃപ്തികരമെങ്കിലും നിലവിലുള്ള സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങളും പ്രവർത്തനരീതിയും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം. സ്വകാര്യ ആശുപത്രികളിൽ എല്ലാവിധ ആധുനിക ചികിത്സാരീതികളും ലഭ്യമാണെങ്കിലും സാധാരണക്കാരന്റെ ഏക ആശ്രയമായ സർക്കാർ ആശുപത്രികളുടെ നവീകരണത്തിന് ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകൾ കർമ്മ പരിപാടികൾ ആവിഷ്കരിക്കണം.

## പട്ടിക 2

## പുതുക്കാട് സർക്കാർ ആശുപത്രിയിൽ എത്തിയ രോഗികളുടെ വിവരം

| ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നവരുടെ എണ്ണം | | | | ഔട്ട് പേഷ്യന്റ് വിഭാഗത്തിലെ രോഗികളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | 1993 | 1994 | 1995 | | 1993 | 1994 | 1995 |
| ആകെ എണ്ണം | 3561 | 3166 | 2865 | ആകെ | 52934 | 42439 | 33632 |
| ശരാശരി | 10 | 9 | 8 | പുരുഷൻമാർ | 17212 | 12412 | 10242 |
| | | | | സ്ത്രീകൾ | 23324 | 20508 | 13526 |
| | | | | കുട്ടികൾ | 12398 | 9519 | 9864 |
| | | | | ശരാശരി | 145 | 116 | 92 |

### SET സെന്റർ (കുഷ്ഠരോഗ ചികിത്സാകേന്ദ്രം)

കുഷ്ഠരോഗ നിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ട് പുതുക്കാട് ആശുപത്രിയോടനുബന്ധിച്ച് 1962 മുതൽ പ്രവർത്തിച്ചുവരുന്നു. ഒരു ലെപ്രസി ഇൻസ്പെക്ടറും നോൺ മെഡിക്കൽ സൂപ്പർവൈസറും ആണ് പ്രവർത്തനങ്ങൾ നടത്തുന്നത്. എല്ലാ മാസത്തിലും രണ്ടാം ബുധനാഴ്ചയും 20–ാം തിയതിയും 2 ക്ലീനിക്കുകൾ നടത്തുന്നുണ്ട്. 20–ാം തിയതി ജില്ലയിൽനിന്ന് ഡോക്ടർ എത്തുന്നുണ്ട്. വ്യാപകമായി ബോധവൽക്കരണം നടത്തി ക്യാമ്പുകൾ സംഘടിപ്പി

ച്ചാലേ ത്വക്‌രോഗ പരിശോധന ക്യാമ്പകളിലൂടെ രോഗം ബാധിച്ചവരെ കണ്ടെത്താൻ സാധിക്കു കയുള്ളു. ഇക്കാര്യത്തിൽ സന്നദ്ധ സംഘടന കളുടെയും മറ്റും സഹകരണത്തോടെ ഗ്രാമപ ഞ്ചായത്തിന് നേതൃത്വം നൽകാനാകും.

## പട്ടിക 3
## SET ചികിത്സാകേന്ദ്രത്തിൽനിന്നും ശേഖരിച്ച വിവരം

| | പഴയ കേസ് | | | പുതിയ കേസ് | | | |
|---|---|---|---|---|---|---|---|
| | പകരുന്നത് | പകരാത്തത് | ആകെ | പകരുന്നത് | പകരാത്തത് | ആകെ | ആകെ മൊത്തം |
| 1993 | 7 | 4 | 11 | 1 | 1 | 2 | 13 |
| 1994 | 2 | 1 | 3 | 5 | 4 | 9 | 12 |
| 1995 | 7 | 2 | 9 | 0 | 1 | 1 | 10 |

## രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും കൂടുതൽ ശ്രദ്ധ നൽകി ക്കൊണ്ടുള്ള പ്രവർത്തന പരിപാടികൾ ആശു പത്രികൾ തയ്യാറാക്കേണ്ടതുണ്ട്. പൊതുവേ ഈ രംഗത്തുള്ള പ്രവർത്തനം തൃപ്തികരമെങ്കിലും വേണ്ടത്ര സ്റ്റാഫിന്റെ അഭാവം പ്രവർത്തനങ്ങ ളുടെ കാര്യക്ഷമതയ്ക്ക് കുറവ് വരുത്തുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ പോഷകാഹാര വിതരണം നടക്കുന്നുണ്ട്. കുട്ടികൾക്കിടയിൽ രോഗാതുരത കുമ്പാണ്. സബ് സെന്ററുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ടെ ന്നുള്ള വിവരം ഗ്രാമപഞ്ചായത്ത് ഉറപ്പ് വരു ത്തണം.

## പട്ടിക 4
## കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ് സംബന്ധിച്ച വിവരം

| Age Group | Measels | BCG | DPT | | | | DT | | | Polio | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Ist | IInd | IIIrd | Booster | Ist | IInd | Booster | Ist | IInd | IIIrd | Booster |
| 0–1 | 155 | 180 | 177 | 132 | 37 | – | | | | 149 | 150 | 132 | |
| 1–3 | 377 | 688 | 573 | 538 | 641 | 554 | 44 | 48 | 117 | 553 | 654 | 613 | 415 |
| 3–6 | 759 | 1097 | 769 | 816 | 789 | 711 | 96 | 96 | 370 | 815 | 1017 | 914 | 615 |

## മാലിന്യങ്ങൾ, വിസർജ്ജ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

അറവുശാലയുടെയും മത്സ്യമാംസ മാർക്കറ്റുകളുടെയും അവശിഷ്ടങ്ങൾ പല പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നതും തെരുവ് മാലിന്യങ്ങൾ സമീപവാസികളുടെയും കച്ചവടക്കാരുടെയും പൗരബോധമില്ലായ്മയാൽ അധികരിക്കുന്നതും പരിസരമലിനീകരണത്തിനും തദ്വാര രോഗങ്ങൾ പടരുന്നതിനും കാരണമാവുന്നു. വീടുകളിൽനിന്ന് മലിനജലം റോഡിലേയ്ക്ക് തുറന്നുവിടുന്ന പ്രവണതയും ചിലയിടങ്ങളിൽ ദൃശ്യമാണ്. ശുചിത്വ പൂർണ്ണമായ കക്കൂസുകൾ ഇല്ലാത്ത വീടുകൾ നിരവധി ഉണ്ട് എന്നതും ഈ രംഗത്ത് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കാണിക്കുന്നു. ഓടകളിൽ വെള്ളം കെട്ടികിടന്നു കൊതുക്, ഈച്ച എന്നിവ പെരുകുന്നത് നിയന്ത്രിക്കുന്നതിനും ചപ്പുചവറുകൾ ആവശ്യമില്ലാത്ത സാധനങ്ങൾ എന്നിവ പൊതുസ്ഥലത്ത് അലക്ഷ്യമായി നിക്ഷേപിക്കുന്നത് അവസാനിപ്പിക്കുന്നതിനും ഒരു ബോധവൽക്കരണ യജ്ഞം തന്നെ നടത്തേണ്ടത് ആവശ്യമാണ്. പൊതുസ്ഥലങ്ങളിലെ മത്സ്യമാംസ വില്പന നിയന്ത്രിക്കുന്നതിനും ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരവും പരിസര ശുചിത്വവും ഉറപ്പുവരുത്തുന്നതിനും ആരോഗ്യരംഗത്തെ പ്രവർത്തകരും ശ്രദ്ധിക്കേണ്ടതാണ്.

### പട്ടിക 5
### പുതുക്കാട് ആശുപത്രിയിലെ മൊത്തം ചെലവ് (1995)

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം | 1462124 |
| വേജസ് | 32827 |
| ടി.എ | 298 |
| വൈദ്യുതിചാർജ്ജ് | 7400 |
| ടെലഫോൺ | 1755 |
| മറ്റു ചെലവുകൾ | 9508 |
| രോഗികൾക്ക് ഭക്ഷണം | 121583 |
| അത്യാവശ്യഘട്ടങ്ങളിൽ മരുന്ന് വാങ്ങിയത് | 114997 |
| മറ്റ് ചില്ലറ ചിലവ് | 500 |
| SET സെന്റർ ജീവനക്കാരുടെ ശമ്പളം | 88325 |
| ടി.എ. | 480 |
| ആകെ | 1739797 |
| ജില്ലാ മെഡിക്കൽ സ്റ്റോറിൽനിന്ന് ലഭിച്ച മരുന്നിന്റെയും ഉപകരണങ്ങളുടേയും തുക | 1903431 |
| ആകെ | 3643228 |

## പ്രശ്നങ്ങൾ

1. പുതുക്കാട് സർക്കാർ ആശുപത്രിയിൽ രാത്രിയിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല

2. പുതുക്കാട് സർക്കാർ ആശുപത്രിയിൽ ഓപ്പറേഷനുകൾ നടത്തുന്നതിന് അനസ്തേഷ്യോളജിസ്റ്റിന്റെ അഭാവം മൂലം സാധിക്കുന്നില്ല.

3. അടിയന്തിര ഘട്ടങ്ങളിൽ മരുന്ന് വാങ്ങുന്നതിന് സൂപ്രണ്ടിന് അധികാരം നൽകിയിട്ടില്ല.

4. ആസ്പത്രി പരിസരം അഴുക്ക് വെള്ളം കെട്ടികിടന്നും കാടുപിടിച്ചും കാലികളും, തെരുവുനായ്ക്കളും അലഞ്ഞു തിരിയുന്നതുമൂലവും ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിലാണ്.

5. ആസ്പത്രിയിൽ ഔട്ട് പേഷ്യന്റ്സിന് മൂത്രപ്പുരയോ കക്കൂസോ ഇല്ല.

6. എക്സ്റേ, ലബോറട്ടറി സൗകര്യം നിലവിലില്ല.

7. സർക്കാർ ആയുർവേദ ആശുപത്രിയിലെ ഭൗതിക സൗകര്യങ്ങൾ വളരെ കുറവാണ്.

8. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി നിലവിലില്ല.

9. പുതുക്കാട് സർക്കാർ ആശുപത്രിയിൽ ഒരു ദന്തഡോക്ടർ ഇല്ല

10. സംയോജിത ശിശുവികസന പരിപാടി (ഐ.സി.ഡി.എസ്) പഞ്ചായത്തിൽ നിലവിലില്ല.

11. 5000 ജനസംഖ്യക്ക് ഒന്ന് എന്ന രീതിയിൽ പഞ്ചായത്തിൽ ഹെൽത്ത് സബ്ബ്സെന്ററുകൾ നിലവിലില്ല.

12. പഞ്ചായത്തിലെ മൂന്നിലൊരു ഭാഗം ജനങ്ങൾക്ക് ശുചിത്വ പൂർണ്ണമായ കക്കൂസ് നിലവിലില്ല.

13. പഞ്ചായത്തിലെ 50% ആളുകൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല.

14. പൊതുശ്മശാനങ്ങൾക്ക് മതിലില്ലാത്തത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്

15. ററളരെയധികം ജനങ്ങൾ എത്തിച്ചേരുന്ന പുതുക്കാട് ബസ്സ്റ്റോപ്പ്, ട്രഷറി എന്നിവിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യം ഇല്ല.

16. പഞ്ചായത്ത് പ്രദേശത്തിന് ഹെൽത്ത് സെന്റർ ഇല്ല. ആയുർവേദ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമില്ല.

## സാധ്യതകൾ/നിർദ്ദേശങ്ങൾ

1. പുതുക്കാട് സർക്കാർ ആശുപത്രിയിൽ എക്സറെ, ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനും അനസ്തേഷ്യോളജിസ്റ്റ് നിയമനം നടത്തുന്നതിനും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണം.

2. ചെങ്ങാലൂരിലെ ആയുർവ്വേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള വാർഡ് പണിയുക.

3. വിവിധ സാമൂഹ്യ-സർക്കാർ ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് ആരോഗ്യം, രോഗപ്രതിരോധ ചികിത്സ, വിദ്യാഭ്യാസരംഗങ്ങളിലെ പ്രവർത്തനം എന്നിവ ഏകോപിപ്പിച്ചു നടപ്പിലാക്കാനുള്ള കർമ്മ പരിപാടി തയ്യാറാക്കുക.

4. ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുക

5. പുതിയ സബ് സെന്റർ V-ാം വാർഡിൽ ആരംഭിക്കുകയും നിലവിലുള്ളവയുടെ സ്ഥിതി മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

6. പൊതു ശ്മശാനം മതിൽ കെട്ടി പരിസര ശുചിത്വം ഉറപ്പുവരുത്തുക.

7. അറവുശാലകളും, മാർക്കറ്റുകളും, ഹോട്ടലുകളും പരിസര ശുചിത്വം ഉറപ്പുവരുത്തുന്നു എന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. തെരുവ് മാലിന്യങ്ങൾ അപ്പപ്പോൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

9. കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് വിതരണം സർക്കാരിന്റേയോ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പൂർത്തീകരിക്കുക.

10. അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം അവസാനിപ്പിക്കണം.

11. മദ്യപാനം, മയക്കുമരുന്ന്, പുകയില, പുകയില ചേർത്ത മുറുക്കൽ, പരിസര മലിനീകരണം, പകർച്ചവ്യാധികൾ, എയ്ഡ്സ് എന്നിവയ്ക്കെതിരെ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടത്തുക.

12. പുതുക്കാട് സർക്കാർ ആശുപത്രിയിൽ രാത്രിയിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും അത്യാഹിത വിഭാഗം സജ്ജീകരിക്കുകയും ചെയ്യുക. വാച്ച്മാനെ നിയമിക്കണം.

13. രക്തദാനം, നേത്രദാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

14. അറവുശാലകളിൽ അറക്കുന്ന മൃഗങ്ങൾക്ക് രോഗങ്ങൾ ഒന്നും ഇല്ല എന്നുള്ളത് മൃഗഡോക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം കർശനമാക്കുക.

15. ആശുപത്രിയിലെ വേസ്റ്റ് പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇത് ഗുരുതരമായ ഒരു ആരോഗ്യപ്രശ്നമാണ്. ആസ്പത്രി വേസ്റ്റ് നശിപ്പിക്കുന്നതിന് ആശുപത്രിയിൽ ഇൻസിനേറ്റർ സ്ഥാപിക്കുക.

16. ചെങ്ങാലൂരിലെ മാതൃശിശു സംരക്ഷണ കേന്ദ്രം ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്യുക. ആയുർവ്വേദ ഡിസ്പെൻസറി ആസ്പത്രിയായി ഉയർത്തുക.

17. പുതുക്കാട് ഗവ. ആശുപത്രി താലൂക്ക് നിലവാരത്തിലുള്ള ആശുപത്രിയായി ഉയർത്തണം.

# കുടിവെള്ളം

കുറുമാലിപ്പുഴയുടെ തീരത്തുള്ള പഞ്ചായത്ത് ആണെങ്കിലും വേനൽക്കാലത്ത് പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. 10–ാം വാർഡൊഴിച്ച് എല്ലാ വാർഡുകളിലും പൈപ്പ് കണക്ഷൻ ഉണ്ടെങ്കിലും വരൾച്ച ഏറ്റവും രൂക്ഷമായ മാസങ്ങളിൽ പൈപ്പിൽ വെള്ളം ഉണ്ടാകാറില്ല എന്ന കാര്യം യാഥാർത്ഥ്യമായി അവശേഷിക്കുന്നു. 5,8,9 വാർഡുകളിലാണ് പഞ്ചായത്തിൽ ഏറ്റവും അധികം കുടിവെള്ള പ്രശ്നമുള്ളത്. സാധാരണ കിണറുകളും കുഴൽകിണറുകളും ഉണ്ടെങ്കിലും പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ഏക ആശ്രയം പൈപ്പ് കണക്ഷൻ ആണ്. 1972–ൽ കുറുമാലിപ്പുഴയിൽ സ്ഥാപിച്ച പമ്പ് ഹൗസിൽനിന്നും ചീനികുന്നിൽ അളഗപ്പനഗർ പതുക്കാട് പഞ്ചായത്തുകൾക്കുവേണ്ടി പണിതീർത്ത വാട്ടർടാങ്കും 1984–ൽ കമ്മീഷൻ ചെയ്ത വടക്കെ തൊറവ് കുന്നിലെ ടാങ്കുമാണ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൂർത്തിയാക്കിയ പദ്ധതികൾ. വർദ്ധിച്ച തോതിൽ ഹൗസ് കണക്ഷൻ നിയന്ത്രണമില്ലാതെ നൽകിയതിനാലും വാട്ടർ ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്യുന്ന മെയിൻ പൈപ്പിൽ നിന്നു തന്നെ ഗാർഹിക കണക്ഷൻ നിർബാധം നൽകിയതിനാലും വെള്ളം തൊറവ് കുന്ന് ടാങ്കിൽ നിറഞ്ഞ് ഉയർന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യാൻ ലഭിക്കാറില്ല എന്നത് യാഥാർത്ഥ്യമാണ്. ഫിൽട്ടറേഷൻ ശരിയായ രീതിയിൽ നടക്കാത്തതുമൂലം ചെളിവെള്ളമാണ് ജനങ്ങൾ മിക്കപ്പോഴും ഉപയോഗിക്കേണ്ടിവരാറുള്ളത് എന്നത് ഏറ്റവും ഗുരുതരമായി കാണേണ്ട ഒരു ആരോഗ്യ പ്രശ്നം കൂടിയാണ്.

വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള പമ്പിങ്ങ് സ്റ്റേഷനിലെ മോട്ടോറുകൾ ഉള്ളതിൽ മിക്കപ്പോഴും 3 എണ്ണമെങ്കിലും കേടായിരിക്കുന്ന അവസ്ഥയാണ് ഉണ്ടാകാറുള്ളത്. വേണ്ട സമയത്തുള്ള അറ്റകുറ്റപണികളുടെ കുറവ് മൂലവും കറണ്ട് കട്ട് മൂലവും മോട്ടോർ പ്രവർത്തിക്കാത്തതും പൈപ്പുകളുടെ കാലപ്പഴക്കവും സമ്മർദ്ദവും മൂലം ഇടക്കിടെ പൊട്ടിപൊളിഞ്ഞ് വെള്ളം ചോർന്നു പോകലും മൂലം കുടിവെള്ളം അപ്രതീക്ഷിതമായി നിലയ്ക്കുന്നത് ഒരു സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. കുഴൽ കിണറുകളുടെ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതും ഒ[illegible] അടിയന്തിര ശ്രദ്ധയർഹിക്കുന്ന വിഷയമാ[illegible] മാട്ടുമലയിൽ ടാങ്ക് പണിത് കുറുമാലി പുഴയ[illegible] നിന്ന് വെള്ളം പമ്പ് ചെയ്താൽ 1,2 വാർ[illegible] ളിലെ പ്രശ്നവും, ചെങ്ങാലൂരിൽ റെഗു[illegible]

സ്ഥാപിക്കുകയും. മനയ്ക്കലക്കടവ്, സ്നേഹ പുരം ഇറിഗേഷൻ പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ചെയ്താൽ 3,4 വാർഡുകളിലെ കുടിവെള്ള പ്രശ്നവും ഒരു പരിധിവരെ ലഘൂ കരിക്കാവുന്നതാണ്.

## *പ്രശ്നങ്ങൾ*

1. പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുക ളിലും കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്.

2. പൈപ്പ് ലൈൻ, കുഴൽ കിണർ എന്നിവ ഇല്ലാത്ത പല പ്രദേശങ്ങളുമുണ്ട്

3. നിലവിലുള്ള പൈപ്പുകളും പല ടാപ്പു കളും കാലഹരണപ്പെട്ടവയാണ്.

4.പമ്പിങ്ങ് സ്റ്റേഷനുകളിലെ മോട്ടോറുകൾ സമയാസമയങ്ങളിൽ അറ്റകുറ്റ പണികൾ നട ത്തണം.

5. ശക്തിയേറിയ മോട്ടോറുകൾ പമ്പിങ്ങിനു വേണ്ടി ഉപയോഗിക്കേണ്ടതുണ്ട്. മോട്ടോർ കേടായാൽ സ്പെയർ മോട്ടോർ ഉപയോഗി ക്കാൻ സാധിക്കണം.

6. ലിഫ്റ്റ് ഇറിഗേഷൻ പണിതീർന്നു കിടക്കു ന്നത് കമ്മീഷൻ ചെയ്താൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

7. വേനൽകാലത്ത് കുറുമാലി പുഴയിൽ വെള്ളം കെട്ടി നിർത്താറില്ല.

8. സൂര്യഗ്രാമം ബോർവെൽ പദ്ധതിക്ക് ടാങ്ക് വേണം.

## *നിർദ്ദേശങ്ങൾ/സാധ്യതകൾ*

1. ഇപ്പോഴുള്ള വാട്ടർ സപ്ലൈ പദ്ധതിയുടെ അപാകതകൾ പരിഹരിച്ചുകൊണ്ട് ജല ശുദ്ധീ കരണ സൗകര്യത്തോടുകൂടിയ ഒരു ശുദ്ധജല പദ്ധതി ആരംഭിക്കുക. കുറുമാലിപ്പുഴയിൽ നിന്ന് നിലവിലുള്ള ടാങ്കുകളിലേക്ക് പ്രത്യേകം പൈപ്പ് ലൈൻ സ്ഥാപിക്കുക.

2. കാലാവധി കഴിഞ്ഞ പൈപ്പുകളും, ടാപ്പു കളും മാറ്റി പുതിയവ സ്ഥാപിക്കുക.

3. മോട്ടോറുകളുടെ അറ്റകുറ്റപണികൾ കാര്യ ക്ഷമമാക്കുകയും സ്പെയർ മോട്ടോർ ഉറപ്പുവ രുത്തുകയും ചെയ്യുക.

4. ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്യുന്ന പൈപ്പിൽ നിന്നുള്ള കണക്ഷനുകൾ റദ്ദ് ചെയ്യുക. ടാങ്കിൽ നിന്നുള്ള പൈപ്പിൽ നിന്നു മാത്രം കണക്ഷൻ നൽകുക.

5. കുഴൽ കിണറുകൾ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുക.

6. ആവശ്യമായ കേന്ദ്രങ്ങളിൽ പുതിയ പൊതു ടാപ്പുകൾ നൽകുക.

7.പൊതുകിണറുകൾ നന്നാക്കുക.

8. സ്നേഹപുരം ഹൗസ് സൈറ്റ് കോളനി യിൽ പുതിയതായി കിണർ കുഴിക്കുകയും പൈപ്പ് ലൈൻ നീട്ടുകയും ചെയ്യണം.

9. ചാക്കോചിറ, സൂര്യഗ്രാമം ബോർവെല്ലു കൾ ശുദ്ധീകരിച്ച് മോട്ടോർ സ്ഥാപിക്കണം.

10. തെക്കെ തൊറവിലേക്ക് പൈപ്പ്ലൈൻ നീട്ടണം.

11. വൈദ്യുതി തകരാറ് വരുന്ന സമയത്ത് വെള്ളം പമ്പ് ചെയ്യുന്നതിന് ജനറേറ്റർ സ്ഥാപി ക്കുക.

12. സൂര്യഗ്രാമം കുഴൽകിണർ പദ്ധതിക്ക് ടാങ്ക് സ്ഥാപിക്കണം.

# ഗതാഗതം

നാടിന്റെ വികസനത്തിൽ സുപ്രധാന പങ്കു വഹിക്കുന്ന ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ പുതുക്കാട് പഞ്ചായത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

റെയിൽപാത കടന്നുപോകുകയും റെയിൽവേസ്റ്റേഷൻ ഉണ്ടാവുകയും ചെയ്യുന്ന കേരളത്തിലെ അപൂർവ്വ പഞ്ചായത്തുകളിൽ ഒന്നാണ് പുതുക്കാട്. പഞ്ചായത്തിൽ ഏകദേശം മൂന്ന് കി.മീറ്റർ റെയിലാണുള്ളത്. അളഗപ്പ ടെക്സ്റ്റൈൽസുമായും ഓടു വ്യവസായവുമായും ബന്ധപ്പെടുത്തിയാണ് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ റെയിൽവേസ്റ്റേഷൻ സ്ഥാപിച്ചത് എന്നു കരുതപ്പെടുന്നു. എങ്കിലും പുറംലോകവുമായി പുതുക്കാടിനെ ബന്ധിപ്പിക്കുന്നതിൽ റെയിൽവേ മുഖ്യപങ്ക് വഹിച്ചു.

രാജ്യത്തെ ഏറ്റവും നീളം കൂടിയ നാഷണൽ ഹൈവേകളിൽ ഒന്നായ N.H. 47 കടന്നുപോകുന്നത് പുതുക്കാട് പഞ്ചായത്തിന്റെ ഹൃദയഭാഗത്തിൽ കൂടിയാണ്.

വ്യവസായ വാണിജ്യ സഞ്ചാര ആവശ്യങ്ങൾക്കായി ഈ വീഥിയിലൂടെ ഇരമ്പിപ്പായുന്ന വാഹനങ്ങളുടെ എണ്ണം നാൾക്കുനാൾ ഏറിവരികയാണ്. അതുകൊണ്ട് തന്നെ ഗതാഗതകുരുക്കും അപകടങ്ങളും മറ്റെന്നത്തേക്കാളും ഉപരിയായി വർദ്ധിച്ചു. കുറുമാലി പാലം മുതൽ കേളിത്തോട് പാലം വരെ ഒന്നര കിലോമീറ്റർ നീളത്തിൽ നീണ്ടു കിടക്കുന്ന നാഷണൽ ഹൈവേ നാടിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചക്ക് അവശ്യഘടകമാണ്.

പഞ്ചായത്തിൽ നിലവിലുള്ള പൊതുമരാമത്ത് റോഡുകളുടെ മൊത്തം നീളം 14 കി.മീ. ആണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ റോഡുകളുടെ എണ്ണത്തിലും നീളത്തിലും പഞ്ചായത്തിൽ വൻ വർദ്ധനവ് ഉണ്ടായതായി കാണാം. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും സഞ്ചാരയോഗ്യമായ റോഡുകളുടെ നീളവും കണക്കാക്കുമ്പോൾ ഈ രംഗത്ത് ഇനിയും ഏറെ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

പുതുക്കാട് പഞ്ചായത്തിലെ റോഡ് ശൃംഖല താരതമ്യേന മെച്ചമാണെങ്കിലും റോഡുകളുടെ സ്ഥിതി മോശമാണ്. ഓവുചാലുകളും കൾവർട്ടുകളും പാർശ്വസംരംക്ഷണവും ഇല്ലാത്തതുമൂലമാണ് റോഡുകളുടെ സുരക്ഷിതത്വം ഇല്ലാതാകുന്നത്. കാലാകാലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുവാൻ പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതി അനുവദിക്കുന്നില്ല. പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകളുടെ വിശദവിവരങ്ങൾ താഴെക്കാണുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

# പട്ടിക – 1
## പഞ്ചായത്തിലെ ടാർ റോഡുകളുടെ വിവരങ്ങൾ

| നമ്പർ | റോഡിന്റെ പേര് | റോഡിന്റെ ഉടമസ്ഥത | നീളം കി.മീറ്ററിൽ | വീതി മീറ്ററിൽ | ബസ് സൗകര്യം |
|---|---|---|---|---|---|
| 1. | നാഷണൽ ഹൈവേ – 47 | NH | 1.500 | | ഉണ്ട് |
| 2 | പുതുക്കാട് ബസാർ റോഡ് | PWD | 1.006 | | ഇല്ല |
| 3 | പുതുക്കാട് റെയിൽവേ സ്റ്റേഷൻ റോഡ് | PWD | 1.400 | | ഉണ്ട് |
| 4 | പുതുക്കാട് – മുപ്ലിയം റോഡ് | PWD | 6.500 | | ഉണ്ട് |
| 5 | ചെങ്ങാലൂർ–മണ്ണമ്പേട്ട MLA റോഡ് | PWD | 2.000 | | ഇല്ല |
| 6 | പുതുക്കാട്–കാഞ്ഞൂർ–മണ്ണമ്പേട്ട റോഡ് | PWD | 1.900 | | ഇല്ല |
| 7 | ചെങ്ങാലൂർ–സൂര്യഗ്രാമം റോഡ് | പഞ്ചായത്ത് | 0.800 | | " |
| 8 | ചെങ്ങാലൂർ–മട്ടുമല ഈസ്റ്റ് റോഡ് | പഞ്ചായത്ത് | 1.000 | | " |
| 9 | മാട്ടുമല ഈസ്റ്റ് ഹരിജൻ കോളനി റോഡ് | " | 0.550 | | " |
| 10 | മാട്ടുമല–സൂര്യഗ്രാമം റോഡ് | " | 0.800 | | " |
| 11 | ചെങ്ങാലൂർ–കുണ്ടുകടവ് റോഡ് | " | 1.100 | | " |
| 12 | ചെങ്ങാലൂർ–കല്ലൂപ്പാലം റോഡ് | " | 0.500 | | " |
| 13 | RC കപ്പേള റോഡ് | " | 0.300 | | " |
| 14 | വളഞ്ഞൂപ്പാടം റോഡ് | " | 0.450 | | " |
| 15 | കുണ്ടുകടവ് ബ്രാഞ്ച് റോഡ് | " | 0.500 | | " |
| 16 | S.N.പുരം റോഡ് | " | 1.200 | | " |
| 17 | സ്നേഹപുരം–തരിശുപറമ്പ് റോഡ് | " | 0.750 | | " |

PTO

| നമ്പർ | റോഡിന്റെ പേര് | റോഡിന്റെ ഉടമസ്ഥത | നീളം കി.മീറ്ററിൽ | വീതി മീറ്ററിൽ | ബസ് സൗകര്യം |
|---|---|---|---|---|---|
| 18 | രണ്ടാംകല്ല്-വെളക്കപ്പാടി റോഡ് | പഞ്ചായത്ത് | 1.300 | | ഇല്ല |
| 19 | പാറയ്ക്കരമന-വെളക്കപ്പാടി റോഡ് | " | 0.700 | | ഇല്ല |
| 20 | കണ്ണമ്പത്തൂർ-കാഞ്ഞൂർ റോഡ് | " | 2.000 | | ഇല്ല |
| 21 | അശോക റോഡ് | " | 0.600 | | ഇല്ല |
| 22 | ചാക്കോച്ചിറ റിങ്ങ് റോഡ് | " | 0.200 | | ഇല്ല |
| 23 | ഗവ. ഹൈസ്കൂൾ-ചാക്കോച്ചിറ റോഡ് | " | 0.300 | | ഇല്ല |
| 24 | കാഞ്ഞൂർ-കണ്ണമ്പത്തൂർ കോളനി റോഡ് | " | 1.000 | | ഇല്ല |
| 25 | പ്രജ്യോതി നികേതൻ റോഡ് | " | 0.250 | | ഇല്ല |
| 26 | പിക്ചർ പാലസ്-കാഞ്ഞൂർ റോഡ് | " | 0.330 | | ഇല്ല |
| 27 | സെന്റ് ആന്റണീസ് ഹൈസ്കൂൾ റോഡ് | " | 0.150 | | ഇല്ല |
| 28 | ഹോസ്പിറ്റൽ റോഡ് | " | 0.300 | | ഇല്ല |
| 29 | തങ്കപ്പ മേനോൻ റോഡ് | " | 0.275 | | ഇല്ല |
| 30 | വടക്കെ തൊറവ്-ഗുരുവിജയ റോഡ് | " | 1.000 | | ഇല്ല |
| 31 | ഫ്രന്റ്സ് ക്ലബ് കുളക്കാട് (MP) റോഡ് | " | 0.560 | | ഇല്ല |
| 32 | ബ്ലോക്ക് ഓഫീസ് റോഡ് | " | 0.800 | | ഇല്ല |
| 33 | പുളിക്കൻ റോഡ് | " | 0.300 | | ഇല്ല |
| 33 | കേരള അലോയ്സ് റോഡ് | " | 0.200 | | ഇല്ല |
| 33 | തൊറവ് റോഡ് (ചാലക്കുടിക്കാരൻ മൂലവഴി) | " | 0.400 | | ഇല്ല |
| 34 | തെക്കെ തൊറവ് – പള്ളം റോഡ് | " | 2.800 | | ഇല്ല |

## ഗതാഗത പ്രശ്നങ്ങൾ

1. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസൃതമായി കാലാനുഗതമായ മാറ്റങ്ങൾ വരുത്താതെ പുതുക്കാട് റെയിൽവേ സ്റ്റേഷൻ വികസനം മുരടിച്ചു നില്പാണ്. വർഷം തോറും ട്രെയിൻ യാത്രക്കാരുടെ എണ്ണത്തിൽ ഇവിടെ കാര്യമായ വർദ്ധനവുള്ളതായി റെയിൽവേസ്റ്റേഷനിലെ വരുമാനകണക്കുകൾ സൂചിപ്പിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ (രണ്ടാം പ്ളാറ്റ്ഫോം നിർമ്മാണം ഉൾപ്പെടെ) കാര്യത്തിൽ അധികൃതരുടെ അനാസ്ഥ ഈ റെയിൽവേ സ്റ്റേഷന്റെ ദുർഗതിക്ക് കാരണമാകുന്നു. പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കാത്തതും റിസർവേഷൻ സൗകര്യങ്ങളുടെ അപര്യാപ്തതയും മറ്റു പ്രശ്നങ്ങളായി അവശേഷിക്കുന്നു. ഇതിനെല്ലാം പുറമെ സ്റ്റേഷനിൽ എത്തിച്ചേരാൻ യാത്രക്കാർക്കുള്ള ബുദ്ധിമുട്ടും സൂചിപ്പിക്കപ്പെടേണ്ടതുണ്ട്.

2. നാഷണൽ ഹൈവേയിൽ വർദ്ധിച്ചുവരുന്ന വാഹനതിരക്ക് സാമാന്യ ജനജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. റോഡ് മുറിച്ചു കടക്കുന്നതിന് ഏറെ സമയം ചെലവാക്കേണ്ടി വരുന്നു. വാഹനങ്ങളുടെ അമിതവേഗതയും റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയതയും റോഡപകടങ്ങളുടെ നീണ്ട പരമ്പര സൃഷ്ടിക്കുന്നുണ്ട്

3. പഞ്ചായത്തിലെ ടാർ റോഡുകളുടെ ഗുണനിലവാരമില്ലായ്മയും റോഡുകളുടെ വീതിക്കുറവും ഡ്രെയിനേജ് സംവിധാനത്തകർച്ചയും അപകടകരങ്ങളായ വളവുകളും, മറ്റു ശോച്യാവസ്ഥകളും സുഗമമായ ഗതാഗത സൗകര്യങ്ങളെ താറുമാറാക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് പഞ്ചായത്തിൽ പൊതുവെയും, വാർഡുതലത്തിലും നടപ്പാക്കേണ്ടതായ കാര്യങ്ങൾ എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഗ്രാമസഭകളിൽനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ പ്രധാനമായ മറ്റൊരു സംഗതി നിലവിലുള്ള മറ്റു മെറ്റൽ റോഡുകളുടേയും മണ്ണുറോഡുകളുടേയും ശോചനീയാവസ്ഥയെ സംബന്ധിച്ചുള്ളതാണ്. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ഒരു പാട് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി ബസ്സുകളെയാണ് ആശ്രയിക്കുന്നത്

പുതുക്കാട് ഇപ്പോൾ നിലവിലുള്ള കെ.എസ്.ആർ.ടി.സി സബ് ഡെപ്പോയുടെ ഇന്നത്തെ നില അത്യന്തം പരിതാപകരമാണ്. പുതുക്കാടും അളഗപ്പനഗറും ഉള്ള രണ്ടു ബസ് സ്റ്റേഷനുകളെ സംയോജിപ്പിച്ച് പഞ്ചായത്ത് ഓഫീസിനു സമീപം പണിതീർക്കാൻ ഉദ്ദേശിക്കുന്ന ബസ് സ്റ്റാൻഡിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് 1.4.1993ൽ തീരുമാനമായതാണെങ്കിലും മറ്റു നടപടികളൊന്നുമായിട്ടില്ല. ഈ ആവശ്യത്തിലേക്ക് അളഗപ്പനഗർ പഞ്ചായത്ത് ആമ്പല്ലൂർ വില്ലേജിൽ സർവ്വേ 145ൽ പെട്ട 3 ഏക്കർ അഞ്ച് സെന്റ് ഭൂമി വിട്ടു തന്നിട്ടുണ്ട്. പുതുക്കാട് പഞ്ചായത്ത് ദേശീയ പാതയോട് ചേർന്ന് 1 ഏക്കർ ഭൂമി പൊന്നിൻ വിലയ്ക്കെടുത്ത് കെ.എസ്.ആർ.ടി.സിയെ ഏല്പിക്കേണ്ടതുണ്ട്. എന്നാൽ ഈ ഭൂമിയുടെ അക്വിസിഷനുവേണ്ട വിലനിർണ്ണയം സംബന്ധിച്ചുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

## സാധ്യതകൾ/നിർദ്ദേശങ്ങൾ

1. പുതുക്കാട് റെയിൽവേസ്റ്റേഷന്റെ വികസന പ്രവർത്തനങ്ങൾ അനിവാര്യമായി ചെയ്യേണ്ടതുണ്ട്. രണ്ടാം പ്ലാറ്റ്ഫോം നിർമ്മാണം ഉടനടി തീർക്കണം. ആലപ്പുഴ-മദ്രാസ്, ഗുരുവായൂർ-നാഗർകോവിൽ, തിരുവനന്തപുരം-മംഗലാപുരം (പരശുറാം) എന്നീ എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതി

നുള്ള നടപടികൾ ഉണ്ടാവണം. റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യം, പബ്ലിക് ടെലിഫോൺ ബൂത്ത്, ടാക്സി-ഓട്ടോറിക്ഷാസ്റ്റാന്റുകൾ എന്നിങ്ങനെയുള്ള ഭൗതിക സാഹചര്യങ്ങളുടെ കുറവ് പരിഹരിക്കേണ്ടതുണ്ട്.

2. നാഷണൽ ഹൈവേയുടെ വികസനം അത്യന്താപേക്ഷിതമാണ്. നിലവിലുള്ള ഹൈവേയുടെ വീതി കൂട്ടി 'ഫോർ ലൈൻ' ആക്കാനുള്ള ഗവണ്മെന്റ് തീരുമാനം എത്രയും വേഗം നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കണം. പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് എയ്ഡ് പോസ്റ്റ് ഏർപ്പെടുത്തണം. ഡ്രെയിനേജ് സംവിധാനം ശക്തിപ്പെടുത്തണം. അമിതവേഗത നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള പരിഷ്കരണങ്ങൾ നടപ്പാക്കണം.

3. നിർദ്ദിഷ്ട അളഗപ്പ - പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ഏകീകരണം പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ഭൂമി പൊന്നും വിലയ്ക്കെടുത്ത് നൽകുവാൻ പഞ്ചായത്തിന് സർക്കാരിൽനിന്ന് പ്രത്യേക ധനസഹായം ലഭ്യമാക്കണം. പുതിയ ബസ് സ്റ്റേഷൻ നിലവിൽ വരുന്ന മുറക്ക് കൂടുതൽ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് പാസഞ്ചർ, ഫാസ്റ്റ് പാസഞ്ചർ ബസ് സർവീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുവാനും, പുതിയ സർവ്വീസുകൾ ആരംഭിക്കുവാനും സാധിക്കും. പുതിയ ബസ് സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ഫെയർസ്റ്റേജ് പുനഃസംഘടന നടപ്പാക്കണം.

4. ആമ്പല്ലൂർ വരെ വന്നു പോകുന്ന സ്വകാര്യബസ്സുകൾ പുതുക്കാട് ജംഗ്ഷൻ വരെ വന്നു പോകുന്നതിന് സാധ്യതയൊരുക്കണം. സ്വകാര്യ വാഹനങ്ങൾക്കായുള്ള ഒരു ബസ് സ്റ്റാന്റും പരിഗണിക്കപ്പെടാവുന്നതാണ്. റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പഞ്ചായത്തിലെ പത്ത് ഗ്രാമസഭകളിലും സജീവമായ ചർച്ച നടക്കുകയുണ്ടായി. ചർച്ചകളിൽ ഉരുത്തിരിഞ്ഞ മറ്റു സാധ്യതകളും നിർദ്ദേശങ്ങളുമാണ് താഴെ കൊടുക്കുന്നത്.

a) നിലവിലുള്ള പൊതുമരാമത്ത് റോഡുകളുടേയും പ്രധാന പഞ്ചായത്ത് റോഡുകളുടേയും വീതികുറവും കുത്തനെയുള്ള വളവുകളും ഇല്ലാതാക്കി ബസ് ഗതാഗതത്തിനനുയോജ്യമാക്കണം. പുതുക്കാട് നിന്ന് തെക്കെ തൊറവ്-ചെറുവാൾ വഴി ഇരിഞ്ഞാലക്കുടയിലേക്കും, പുതുക്കാട് സെന്ററിൽനിന്ന് കാഞ്ഞൂർ വഴി വരന്തരപ്പിള്ളിയിലേക്കും, സ്നേഹപുരം- വളഞ്ഞൂപാടം വഴി ചെങ്ങാലൂർ-മണ്ണമ്പേട്ട MLA റോഡിലേക്കും, മാട്ടുമല-സൂര്യഗ്രാമം-കാളക്കല്ല് PWD റോഡുവഴിയും പുതിയ ബസ്റൂട്ടുകൾ അനുവദിക്കുവാൻ നടപടികൾ വേണം. നിർദ്ദിഷ്ട നെല്ലായി റഗുലേറ്റർ കം ബ്രിഡ്ജ് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെങ്ങാലൂർ രണ്ടാംകല്ല് - വെളക്കപ്പാടി റോഡുവഴി N.H. 47നുമായി ബന്ധപ്പെടുത്തുന്ന ബസ്സ്റൂട്ട് സൗകര്യം ഏർപ്പെടുത്താം. കുണ്ടുകടവിൽനിന്ന് തൃശൂർക്ക് KSRTC ബസ് സർവ്വീസ് ഉണ്ടായിരുന്നത് പുനരാരംഭിക്കേണ്ടതാണ്.

b) റോഡരികുകളിൽ നടപാതകൾ നിർമ്മിക്കുന്നതിനും, കയ്യേറ്റം നടന്നിട്ടുള്ള റോഡ് പുറമ്പോക്കുകൾ ഒഴിപ്പിക്കുന്നതിനും നിലവിലുള്ള ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുന്നതിനും, റോഡുകളുടെ ഇരുഭാഗത്തുമുള്ള ഇലക്ട്രിക്-ടെലഫോൺ പോസ്റ്റുകൾ കഴിയുന്നത്ര അകറ്റി സ്ഥാപിക്കുന്നതിലേക്കും വിവിധ ഗ്രാമസഭ, റിപ്പോർട്ടുകൾ ശ്രദ്ധയൂന്നുന്നു.

c) പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയ്റ്റിങ്ങ് ഷെഡ്ഡുകൾ പണിയേണ്ടതുണ്ട്. ഇവ ജനപങ്കാളിത്തത്തോടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും സാധിക്കും.

d) റെയിൽവേ സ്റ്റേഷനു സമീപമുള്ള ഗെയ്റ്റിൽ ഒരു ഓവർ ബ്രിഡ്ജ് നിർമ്മിച്ചോ, കുറുമാലിയിൽ ഇന്നർ ബ്രിഡ്ജ് പണി തീർത്തോ ഏറെ ഗതാഗതത്തിരക്കുള്ള ഇരിങ്ങാലക്കുട റോഡിലെ ലെവൽ ക്രോസിങ്ങിൽനിന്ന് രക്ഷ നേടാൻ കഴിയും. NH 47നേയും NH17നേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന റോഡ് ഇതുമൂലം നമുക്ക് സൃഷ്ടിച്ചെടുക്കുവാൻ സാധിക്കും.

e) പുതുക്കാട് പഞ്ചായത്തിലെ നിലവിലുള്ള ടാർ ചെയ്ത റോഡുകളുടെ വികസനത്തിനു പുറമെ മെറ്റൽ ചെയ്തു കിടക്കുന്ന റോഡുകളും മറ്റു മൺറോഡുകളും അടിയന്തിര പ്രാധാന്യത്തോടെ സഞ്ചാരയോഗ്യമാക്കി ത്തീർക്കുന്നതിന് ഒട്ടനവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ വന്നിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണനകൾ നിശ്ചയിച്ച് ഇപ്പോഴുള്ള മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും സ്ഥിതി മെച്ചപ്പെടുത്തണം. ഇതുപോലെ പുതിയതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും വാർഡ് തലത്തിൽ തയ്യാറാക്കണം. ശാസ്ത്രീയവും കാര്യക്ഷമവുമായ ഘടനയിലൂടെ പഞ്ചായത്തിൽ ഒരു സമഗ്ര റോഡ് രജിസ്റ്റർ ഉണ്ടാക്കി സൂക്ഷിക്കേണ്ടതാണ്.

f) റോഡുനിർമ്മാണത്തിനുവേണ്ട വൻതോതിലുള്ള ഫണ്ടിന്റെ ആവശ്യകതയും പഞ്ചായത്തിന്റെ പരിമിത ധനശേഷിയും കണക്കിലെടുക്കുമ്പോൾ ഇക്കാര്യത്തിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം അവശ്യഘടകമായിത്തീരണം. നമ്മുടെ പഞ്ചായത്തിലെ മിക്കവാറും എല്ലാ ഗ്രാമസഭകളിലും റോഡുനിർമ്മാണത്തിനാവശ്യമായ ജനശക്തിയും ശ്രമദാനവും വാഗ്ദാനം ചെയ്യപ്പെട്ടത് ശുഭസൂചകമാണെന്ന് പറയാതെ വയ്യ.

# ഊർജ്ജം

കേരളത്തിൽ സമൃദ്ധമായി ജലവിഭവങ്ങൾ ഉണ്ട്. അതുകൊണ്ട് ദക്ഷിണേന്ത്യയിൽ ജല വൈദ്യുതി മിച്ചം വരാവുന്ന ഒരു സംസ്ഥാന മാണ് നമ്മുടേതെന്ന ധാരണ ഒരു കാലത്തുണ്ടാ യിരുന്നു. എന്നാൽ ഇന്ന് നാം അതീവ ഗുരുത രമായ ഉർജ്ജ പ്രതിസന്ധിയെ നേരിടുകയാണ്. വർഷക്കാലത്ത് പോലും വൈദ്യുതിനിയന്ത്രണ മേർപ്പെടുത്തേണ്ടിവരുന്ന ഗതികേടിലാണ് നമ്മുടെ സംസ്ഥാനം. ഈ അവസ്ഥ മനുഷ്യ ജീവിതത്തിന്റെ സമസ്തമേഖലകളേയും ബാധി ച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. കേരളത്തിന്റെ വ്യാവസായികമായ പിന്നോ ക്കാവസ്ഥ, കാർഷികമേഖലയിലെ വളർച്ച, തൊഴിലില്ലായ്മ തുടങ്ങിയ കാര്യങ്ങളെല്ലാം തന്നെ ഇതുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ സാഹചര്യത്തിലാണ് കേരളത്തിന്റെ സമഗ്രവി കസനവുമായി ബന്ധപ്പെട്ട് ഊർജ്ജ ആസൂത്ര ണത്തിന്റെ പ്രസക്തിയേറുന്നത്. ഈ രംഗത്തെ കഴിഞ്ഞകാല ചരിത്രം ദീർഘവീക്ഷണത്തിന്റെ പോരായ്മകൾ വിളിച്ചറിയിക്കുന്നതാണ്. വൈദ്യുതി ഉൽപാദനം വർഷങ്ങളായി മുരടി ച്ചുനിൽക്കുകയാണ്. നിർമ്മാണം ആരംഭിച്ച പദ്ധതികൾ പൂർത്തീകരണത്തിന്റെ അതിർവര മ്പുകൾ കടന്ന് നിൽക്കുന്നു. അവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയും എന്ന കാര്യ ത്തിലും ഉറപ്പില്ലാത്ത സ്ഥിതിയാണ്. മാത്രമല്ല പ്രവർത്തനത്തിന്റെ ആരംഭദശയുടെ അരികിൽ പോലും എത്താത്ത പദ്ധതികൾ നമ്മുടെ നാട്ടി ലുണ്ടെന്ന വസ്തുത പ്രശ്നങ്ങളുടെ ഗുരുതരാ വസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നതാണ്. ഈ ദുര വസ്ഥയിൽ നിന്നും രക്ഷപ്പെടുന്നതിന് നിലവി ലുള്ള ഊർജ്ജസ്രോതസ്സുകൾ കാര്യക്ഷമമായി പരിപാലിക്കുകയും, വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗത്തെ നേരിടുന്നതിന് പുതിയ ഊർജ്ജ ഉറവിടങ്ങൾ കണ്ടെത്തി വികസിപ്പിച്ചെടുക്കു കയും ചെയ്യേണ്ടതുണ്ട്.

## *വൈദ്യുതി വിതരണ ശൃംഖല*

പുതുക്കാട് പഞ്ചായത്തിലെ കാഞ്ഞൂർ സ്ഥിതിചെയ്യുന്ന 66 K.V. സബ് സ്റ്റേഷനിൽ നിന്നും പറപ്പൂക്കര ഫീഡറിൽ നിന്നുമാണ് പഞ്ചായത്തതിർത്തിയിൽ വൈദ്യുതി വിതരണം നടത്തുന്നത്. പെരിങ്ങൽക്കുത്ത് ഷോളയാർ ജലവൈദ്യുതി പദ്ധതികളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ചാലക്കുടിയിൽനിന്നും വരുന്ന പ്രധാന ലൈൻവഴിയാണ് കാഞ്ഞൂർ 66 K.V. സബ്ബ് സ്റ്റേഷനിൽ എത്തുന്നത്. വൈദ്യുതിരം ഗത്ത് ഇന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വോൾട്ടേജ് പ്രശ്നം ഈ പഞ്ചായത്ത് പ്രദേ

ശത്ത് താരതമ്യേന കുറവാണെങ്കിലും, ചെറിയതോതിൽ അനുഭവപ്പെടുന്നുണ്ട്. 66 K.V. സബ് സ്റ്റേഷനിൽ നിന്നും യഥാർത്ഥത്തിൽ ലഭിക്കേണ്ട വൈദ്യുതിയുടെ 85–90% മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. പീക് ലോഡ് സമയത്ത് ഇത് 80–70% വരെ താഴുന്നതായും കാണാൻ കഴിയും. 10 വാർഡുകളിലായി 887 തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 90% വീടുകളും വൈദ്യുതീകരിച്ചിട്ടുള്ളതാണ്. വൈദ്യുതി എത്താത്ത ഒരു പട്ടികജാതി കോളനിയും പുതുക്കാട് പഞ്ചായത്തിലില്ല. എന്നാൽ വൈദ്യുതി എത്താത്ത ചുരുക്കം ചില പ്രദേശങ്ങൾ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിലെ വൈദ്യുതി വിതരണശൃംഖല കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വൈദ്യുത രംഗത്ത് വരാനിരിക്കുന്ന വർദ്ധിച്ച ഉപഭോഗനിരക്ക് മുൻകൂട്ടികണ്ടുക്കൊണ്ട് ഊർജ്ജഉപഭോഗത്തിൽ ആവശ്യമായ പ്രായോഗികതയും മിതവ്യയവും പാലിക്കപ്പെടുകയും വേണം.

## മറ്റു ഊർജ്ജസ്രോതസ്സുകൾ

വൈദ്യുതി കൂടാതെ പാഴ്മരങ്ങളിൽ നിന്നുള്ള വിറക്, തെങ്ങിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ, ചപ്പുചവറുകൾ എന്നീ ജൈവ ഇന്ധനങ്ങളും, ഡീസൽ, മണ്ണെണ്ണ, ഗ്യാസ് എന്നീ വാണിജ്യ ഇന്ധനങ്ങളും ഉപയോഗിച്ചുവരുന്നു.

## ഉപഭോഗം സംബന്ധിച്ച പൊതുവിവരങ്ങൾ

പുതുക്കാട് പഞ്ചായത്തിന്റെ ഊർജ്ജ ഉപഭോഗവും ഊർജ്ജലഭ്യതയും സംബന്ധിച്ച കണക്കുകൾ പരിശോധിക്കുമ്പോൾ ലഭിക്കുന്ന ചിത്രം സംസ്ഥാനത്തിന്റെ പൊതുസ്ഥിതിയിൽനിന്നും വ്യത്യസ്തമല്ല. നിലവിലുള്ള ഊർജ്ജസ്രോതസ്സുകളുടെ വിനിയോഗത്തിന്റെ ഫലപ്രദമായ ആസൂത്രണവും, പുതിയ ഊർജ്ജ സ്രോതസ്സുകളുടെ സാദ്ധ്യതകളെ കുറിച്ചുള്ള പഠനവും പ്രയോഗവും നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക എന്നതാണ് ഈ രംഗത്ത് നമുക്ക് ചെയ്യാവുന്നത്.

ഗാർഹിക, കാർഷിക, വാണിജ്യ വ്യവസായ രംഗങ്ങളിലാണ് പ്രധാനമായും ഊർജ്ജഉപഭോഗം നടക്കുന്നത്. ഏറ്റവും പ്രധാനമായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സ് വൈദ്യുതി തന്നെയാണ്. കാർഷികാവശ്യങ്ങൾക്കും, ഗാർഹികാവശ്യങ്ങൾക്കും, വ്യവസായരംഗത്തും വൈദ്യുതി കാര്യമായി ഉപയോഗിച്ചുവരുന്നു. ഗാർഹികരംഗത്ത് വെളിച്ചത്തിനും, ഗൃഹോപകരണങ്ങൾ പ്രവർത്തിക്കുന്നതിനുമാണ് പ്രധാനമായും വൈദ്യുതി ഉപയോഗിക്കുന്നത്. പാചകാവശ്യത്തിന് വളരെ കുറഞ്ഞതോതിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഈ ആവശ്യത്തിന് വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഹോട്ടലുകളിൽ വിറകും ഗ്യാസുമാണ് ഉപയോഗത്തിലിരിക്കുന്നത്. കാർഷികമേഖലയിൽ ഡീസൽ, മണ്ണെണ്ണ എന്നിവ ജലസേചനാവശ്യത്തിന് മോട്ടോറുകൾ പ്രവർത്തിപ്പിക്കുവാൻ ഉപയോഗിക്കുന്നുണ്ടെങ്കിലും ഒന്നാം സ്ഥാനം വൈദ്യുതിക്കുതന്നെയാണ്. വ്യാവസായിക മേഖലയിൽ ഓടു വ്യവസായ രംഗത്ത് വൈദ്യുതിയും, വിറകും, പരമ്പരാഗത വ്യവസായമായ മൺപാത്രനിർമ്മാണത്തിന് വിറകും ഉപയോഗിച്ചുവരുന്നു. മറ്റ് വാണിജ്യ വ്യവസായ സംരംഭങ്ങളെല്ലാം വർദ്ധിച്ച തോതിൽ വൈദ്യുതിസ്രോതസ്സിനെ ആശ്രയിക്കുന്നവയാണ്. മേൽ ഉദ്ധരിച്ച വസ്തുതകളിൽ നിന്നും വ്യവസായ – വാണിജ്യ മേഖലയിലാണ് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നതെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും യാഥാർത്ഥ്യം മറിച്ചാണ്.

മൊത്തം വൈദ്യുതി ഉപഭോഗത്തിൽ അമ്പത് ശതമാനത്തിലധികവും വെളിച്ചം, ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കൽ തുടങ്ങിയ ഗാർഹിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. 20% വൈദ്യുതി കാർഷികാവശ്യങ്ങൾക്കും അവശേഷിക്കുന്നത് വ്യാവസായിക മേഖലയിലും ഉപയോഗിക്കപ്പെടുന്നു. കാർഷിക-വ്യാവസായിക മേഖലയുടെ പിന്നോക്കാവസ്ഥയാണ് പ്രത്യക്ഷത്തിൽ തോന്നുന്ന ഈ വൈരുദ്ധ്യത്തിന് കാരണം.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ അധികഭാരം ചുമക്കുന്നവയാണ്.

2. ഉപഭോക്താക്കളുടെ എണ്ണത്തിലും, കണക്ടഡ് ലോഡിലും ഉണ്ടാകുന്ന വർദ്ധനവ് വൈദ്യുതി വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

3. വോൾട്ടേജ് ക്ഷാമം, ലോഡ് ഷെഡിംഗ് തുടങ്ങിയ വൈദ്യുതിനിയന്ത്രണങ്ങൾ ഉൽപാദനമേഖലയെ ബാധിക്കുന്നു.

4. പഞ്ചായത്തിൽ വൈദ്യുതി എത്താത്തസ്ഥലങ്ങൾ നിലവിലുണ്ട്.

5. സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല, പലയിടത്തും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

6. വൈദ്യുതിരംഗത്തെ പ്രസരണ നഷ്ടം കുറക്കുന്നതിന് ഫലവത്തായ നടപടികളില്ല.

7. വൈദ്യുതി വിതരണരംഗത്ത് ശ്രദ്ധചെലുത്തേണ്ട ഔദ്യോഗിക സംവിധാനം പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമല്ല.

8. വികലാംഗർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവർക്ക് വൈദ്യുതികണക്ഷൻ കിട്ടാൻ നിയമപരമായി മുൻഗണനയും ലഭിക്കാൻ അർഹതയുമുണ്ടെങ്കിലും ആയത് വേണ്ടവിധം ലഭിക്കുന്നില്ല.

9. പാചകത്തിനും, വ്യവസായാവശ്യത്തിനും ഉപയോഗിക്കുന്ന വിറക്, മണ്ണെണ്ണ,ഗ്യാസ് എന്നിവയുടെ ക്ഷാമവും, വിലവർദ്ധനയും പ്രശ്നങ്ങളായി അവശേഷിക്കുന്നു.

## സാദ്ധ്യതകൾ/നിർദ്ദേശങ്ങൾ

1. ദക്ഷതയേറിയ പുകയില്ലാത്ത അടുപ്പുകൾ, പ്രഷർ കുക്കർ, സൗരോർജ്ജ വിളക്കുകൾ, സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ, ഘർഷണരഹിത ഫുട്ട് വാൽവുകൾ എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ANERT തുടങ്ങിയവരുടെ സഹായങ്ങൾ ഇക്കാര്യത്തിൽ തേടാവുന്നതാണ്.

2. ബയോ ഗ്യാസ് പ്ലാന്റുകൾ, ഗോബർ ഗ്യാസ് പ്ലാന്റുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും, കൃഷിഭവൻ വഴി ധനസഹായം നൽകുകയും ചെയ്യുക.

3. വൈദ്യുതി ലൈനിന്റെ ടച്ചിങ്ങ് മാറ്റുന്നതിന് ജനകീയ സഹകരണത്തോടെ സന്നദ്ധ പ്രവർത്തനം നടത്തുക.

4. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി ഉയർത്തുകയും, ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ജംബറുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുക.

5. പ്രസരണനഷ്ടം കുറക്കുന്നതിന് ദീർഘവീക്ഷണത്തോടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

6. കൊടകരയിൽ സ്ഥാപിക്കാനിരിക്കുന്ന 110 KV സബ് സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്തുക.

7. പുതുക്കാട് പോലീസ് സ്റ്റേഷൻ പരിസരത്ത് 11 KV ലൈൻ ചാർജ്ജ് ചെയ്യുക, ഇതു വഴി പുതുക്കാട്, തൊറവ് പ്രദേശങ്ങളിലെ വൈദ്യുതിപ്രശ്നം പരിഹരിക്കാം

8. പഞ്ചായത്തിലെ മുഴുവൻ വീടുകളും, വൈദ്യുതീകരിക്കുന്നതിനും, എല്ലാ പൊതുനിരത്തുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുമായി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകുക.

9. പഞ്ചായത്ത് പ്രദേശത്തേക്ക് ഇലക്ട്രിസിറ്റി സെക്ഷൻ ആപ്പീസ് മാറ്റി സ്ഥാപിക്കുകയും, നിലവിലുള്ള ചെങ്ങാലൂർ സബ്ബ് എഞ്ചിനീയർ ആപ്പീസ് അപ്ഗ്രേഡ് ചെയ്യുകയും വേണം.

10. വൈദ്യുതി വിതരണ രംഗത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഇടപെടുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുക.

11. നാഷണൽ ഹൈവെ, ബസാർ റോഡ്, ആശുപത്രി റോഡ് തുടങ്ങിയ പ്രധാന വീഥികളിൽ സോഡിയം വെപ്പർ ലാംബുകൾ സ്ഥാപിക്കണം.

ഊർജ്ജലഭ്യതക്ക് നാം ആശ്രയിക്കുന്ന ഇന്ധനങ്ങളിൽ നമ്മുടെ പഞ്ചായത്തിൽനിന്നും ലഭ്യമാകുന്നത് വീട്ടുവളപ്പിൽനിന്നും ശേഖരിക്കുന്ന വിറക് മാത്രമാണ്. അതുതന്നെ ആകെ ആവശ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ്. വൈദ്യുതി, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ലഭ്യതയും പ്രതിസന്ധിയിലാണ്. രാജ്യത്തെ മൊത്തം ആവശ്യവും ഉൽപാദനവും തമ്മിലുള്ള വ്യത്യാസം തന്നെ കാണിക്കുന്നത് ഇനിയുള്ള നാളുകളിൽ നാം കരുതി പ്രവർത്തിക്കണം എന്നു തന്നെയാണ്.

## മാർക്കറ്റ്

പുതുക്കാട് പഞ്ചായത്ത് പ്രദേശത്ത് ഒരു സ്വകാര്യമാർക്കറ്റ് നിലവിലുണ്ട്. മാർക്കറ്റിന്റെ ആരംഭകാലത്തെകുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെങ്കിലും ഈ മാർക്കറ്റിന് ഒരു നൂറ്റാണ്ടിലേറെ പഴക്കം കാണുമെന്ന് പഴമക്കാർ പറയുന്നു. കാർഷിക പ്രധാനമായ പുതുക്കാട് പ്രദേശത്തേയും, സമീപ പ്രദേശങ്ങളിലേയും കർഷകർ കാർഷികവിളകൾ വിറ്റഴിക്കുന്നതിന് ഈ മാർക്കറ്റിനേയാണ് ആശ്രയിച്ചിരുന്നത്. അടക്ക, വെറ്റില, കായ, നാളികേരം, കുരുമുളക് എന്നിവയായിരുന്നു ഇവിടെ പ്രധാനമായും വിപണനം നടന്നിരുന്നത്. ഇത്രയേറെ കാലപ്പഴക്കമുണ്ടെങ്കിലും അതിനനുസരിച്ചുള്ള വികസനം ഈ മാർക്കറ്റിനുണ്ടായിട്ടില്ല എന്നതാണ് വസ്തുത. യഥാർത്ഥത്തിൽ ഈ മാർക്കറ്റ് ഉത്തരോത്തരം വികസിക്കേണ്ടതായിരുന്നു. കാരണം സമീപ പഞ്ചായത്തുകളിലൊന്നും തന്നെ ഇപ്പോഴും പ്രധാന വിപണനകേന്ദ്രങ്ങൾ നിലവിലില്ല. മാർക്കറ്റ് പുറകോട്ടുപോയതിന്റെ കാരണം കാർഷികമേഖലയിലെ തളർച്ച തന്നെയാണ്. മാർക്കറ്റിന്റെ ശോച്യാവസ്ഥയും വികസന സാദ്ധ്യതകളും പരിശോധിക്കപ്പെടേണ്ടതാണ്. മാർക്കറ്റിന്റെ വിപുലീകരണവും ഒരു കശാപ്പുശാല ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങളും പഞ്ചായത്ത് വിഭാവനം ചെയ്യുന്ന ഭാവിപരിപാടികളിൽ ഉൾപ്പെടുന്നു.

# പാർപ്പിടം

മനുഷ്യചരിത്രത്തിൽ പാർപ്പിട സൗകര്യത്തിന് പ്രഥമ സ്ഥാനമാണുള്ളത്. ജീവിതത്തിലുണ്ടായ പുരോഗതിക്കനുസൃതമായി ആവാസ സൗകര്യത്തിലും പ്രകടമായ മാറ്റമുണ്ടായി. കേരളത്തിലെ മറ്റ് ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് ജീവിത നിലവാരത്തിൽ ഗുണപരമായ വ്യത്യാസം പുതുക്കാട് ഗ്രാമപഞ്ചായത്തിൽ ദൃശ്യമാണ്. ഭവന നിർമ്മാണത്തിന്റെ കാര്യത്തിലും ഈ പുരോഗതി കാണാൻ കഴിയും. വീടുകളുടെ നിർമ്മാണത്തിൽ ധാരാളം വൈവിധ്യങ്ങളുണ്ട്. പഞ്ചായത്തിൽ ഒട്ടാകെ 5972 വീടുകളാണ് ദ്വിതീയ സർവ്വെ പ്രകാരം കാണാൻ കഴിഞ്ഞിട്ടുള്ളത്. ഓടുമേഞ്ഞ വീടുകളാണ് ഇതിൽ അധികവും. ഈ ഇനത്തിൽ 3531 എണ്ണം വരുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകൾ അധികവും കോൺക്രീറ്റ് വീടുകളാണ്. മൊത്തം 1264 എണ്ണമാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽതന്നെ 186 വീടുകൾ ഒന്നിൽ കൂടുതൽ നിലകൾ ഉള്ളവയാണ്. ആകെ വീടുകളിൽ 999 ഓലമേഞ്ഞ വീടുകൾ നിലനിൽക്കുന്നുണ്ട്. സ്വന്തമായി ഒരു തുണ്ട് ഭൂമി പോലുമില്ലാത്ത 200 കുടുംബങ്ങൾ നിലവിലുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ 14 പട്ടികജാതി കോളനികൾ നിലവിലുണ്ട്. താമസ സൗകര്യത്തിന്റെ കാര്യത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്ന വിഭാഗവും ഇവർ തന്നെയാണ്. ആകെയുള്ള 474 പട്ടികജാതി കുടുംബങ്ങളിൽ 361 കുടുംബങ്ങൾക്ക് താമസ സൗകര്യം ഇല്ലാത്തവരാണ്. മേൽപറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത് ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ ഇനിയും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന് കഴിയേണ്ടതുണ്ട് എന്നതാണ്.

ഗൾഫ് മേഖലയിലെ വരുമാനത്തിന്റെ സ്വാധീനം ഭവന നിർമ്മാണത്തെ സ്വാധീനിക്കുന്ന ഒരു ഘടകമാണ്. ആവാസസൗകര്യം വളരെയേറെ മെച്ചപ്പെടുത്താൻ ഇത് സഹായിച്ചിട്ടുണ്ട് എന്ന കാര്യം തർക്കമറ്റതാണ്. എന്നാൽ ആഡംബരങ്ങളോടുള്ള അമിത താല്പര്യം ജനിപ്പിക്കുന്ന ഒരു ജീവിത സംസ്കാരം രൂപപ്പെടുന്നതിൽ ഇത് സഹായിക്കുന്നു എന്ന വിമർശനം നിലനിൽക്കുന്നുണ്ട്. പണി പൂർത്തീകരിക്കാൻ കഴിയാതെ നിൽക്കുന്ന വീടുകൾ പ്രസ്തുത വിമർശനത്തിന് ഉപോൽബലകമായി ചൂണ്ടികാണിക്കപ്പെടുന്നു.

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഏജൻസികളിൽനിന്നും ലഭിക്കുന്ന ഭവന നിർമ്മാണ വായ്പകളാണ് മറ്റൊരു സാമ്പത്തിക സ്രോതസ്സ്. ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഫാക്ടറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഓട്ടുകമ്പനികൾ ആണ് ഇതിൽ പ്രധാനം. വിവിധതരം ഓടുകൾ, ഇഷ്ടികകൾ എന്നിവ ഇവയിൽ നിർമ്മിക്കുന്നു. താല്ക്കാലിക നാടൻ ചൂളകൾ ഇഷ്ടിക നിർമ്മാണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. മരകമ്പനികൾ, ഹോളോബ്രിക്സ് നിർമ്മാണകേന്ദ്രങ്ങൾ, ക്വാറികൾ, ക്രഷറുകൾ എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഭവനനിർമ്മാണത്തിൽ മുഖ്യഘടകമായി വരുന്ന സിമന്റ്, കമ്പി എന്നിവ പൊതുമാർക്കറ്റിനെ മാത്രം ആശ്രയിച്ച് ലഭ്യമാകുന്നതാണ്.

## പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ

1. ഭവന രഹിതരും പുറംപോക്കിൽ താമസിക്കുന്നവരുമായി 500 പേരോളം പുനരധിവാസത്തിന് അർഹതയുള്ളവരുണ്ട്. സ്വന്തമായി വീടുള്ളവരിൽതന്നെ ഒട്ടും സൗകര്യമില്ലാത്ത 200 ചതു. അടിയിൽ താഴെ മാത്രം വിസ്തൃതിയുള്ളതുമായ വീടുകൾ അടിയന്തിരമായി പുതുക്കി പണിയേണ്ടതുണ്ട്.

2. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ഭൂമി കണ്ടെത്തണം.

3. വൈദ്യുതീകരിക്കാത്ത ഭവനങ്ങൾ നിലവിലുണ്ട്.

4. ഭവന നിർമ്മാണ വായ്പകളുടെ ലഭ്യത കുറവ് അനുഭവപ്പെടുന്നു. അതുമൂലം ഭവന നിർമ്മാണത്തിനായി അമിത പലിശ ഈടാക്കുന്ന മറ്റ് തരം വായ്പയെ ആശ്രയിക്കേണ്ടി വരുന്നു.

5. ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ വായ്പകളുടെ അപര്യാപ്തത

6. ഇത്തരം പദ്ധതികളിൽ സന്നദ്ധസംഘടനകളുടെ ഇടപെടലിൽ ഉണ്ടാകുന്ന കുറവ്

7. പഞ്ചായത്ത് ധനസഹായത്തിലെ കുറവ്

8. വായ്പാവിനിയോഗത്തിൽ നിലനിൽക്കുന്ന കുറവ്

9. സമഗ്രമായ ഭവന നിർമ്മാണ പദ്ധതി പഞ്ചായത്തിൽ നിലവിലില്ല.

10. കെട്ടിടനിർമ്മാണത്തിനാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതകുറവ്

11. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

12. വിദഗ്ദ്ധ തൊഴിലാളികളിൽ സ്ത്രീകൾ ആരും തന്നെ ലഭ്യമല്ല. കൂലി നിരക്കിൽ സ്ത്രീപുരുഷ വ്യത്യാസം വളരെ കൂടുതലാണ്.

പട്ടിക

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | ഒറ്റ നിലയുള്ള കെട്ടിടങ്ങൾ കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|---|
| I | 605 | 5 | 122 | 327 | 151 |
| II | 751 | 29 | 132 | 489 | 101 |
| III | 543 | 13 | 89 | 382 | 59 |
| IV | 519 | 18 | 87 | 381 | 33 |
| V | 875 | 15 | 173 | 310 | 377 |
| VI | 597 | 26 | 223 | 218 | 130 |
| VII | 622 | 32 | 224 | 329 | 37 |
| VIII | 529 | 20 | 34 | 435 | 40 |
| IX | 504 | 6 | 104 | 363 | 31 |
| X | 475 | 22 | 76 | 337 | 40 |
| ആകെ | 6020 | 186 | 1264 | 3571 | 999 |

## *നിർദ്ദേശങ്ങൾ*

1. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി അവരെ 3 സെന്റ് ഭൂമിയെങ്കിലും നൽകി പുനരധിവസിപ്പിക്കണം. മിച്ചഭൂമിയോ, വിലകൊടുത്തു വാങ്ങുന്ന ഭൂമിയോ പഞ്ചായത്തിന് ഇതിനായി ഉപയോഗിക്കാവുന്നതാണ്.

2. സമഗ്രമായ ഒരു ഭവന നിർമ്മാണ പദ്ധതിക്ക് പഞ്ചായത്തിൽ രൂപം കൊടുക്കുക. 1000 ഭവനങ്ങളെങ്കിലും കുറഞ്ഞത് അടിയന്തിരമായി നിർമ്മിക്കുന്നതിന് ഈ സ്കീമിലൂടെ കഴിയണം. ഇന്ന് നിലനില്ക്കുന്ന ദുർബല വിഭാഗങ്ങൾക്കുള്ള സർക്കാർ പദ്ധതികളെയും മറ്റ് ഭവന നിർമ്മാണ ഏജൻസികളുടെ സഹായങ്ങളെയും ഏകോപിപ്പിക്കുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്യേണ്ടത്.

3. സമഗ്ര ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് അതിർത്തിയിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘത്തിന് രൂപം കൊടുക്കാം. കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക. സംഘം നിർമ്മിക്കുന്ന ഭവനങ്ങൾ തവണ വ്യവസ്ഥയിൽ ഗുണഭോക്താക്കൾക്ക് കൈമാറുക. നിർമ്മാണ സാമഗ്രികൾ സപ്ലൈ നടത്തുക എന്നിവ സംഘം

മുഖേന ചെയ്യാവുന്നതാണ്. സംഘം മുന്നോട്ടു വരുന്ന രീതിയിലാകണം വീടുകൾ പണിയേണ്ടത്. നിർമ്മാണത്തിന്റെ ആദ്യാവസാനം സംഘത്തിന് ഇടപെടാൻ കഴിയണം. ചിലവ് കുറഞ്ഞതരം വീടുകളായിരിക്കണം നിർദ്ദേശിക്കേണ്ടത്.

4. വായ്പ എടുത്താൽ തിരിച്ചടക്കാൻ കഴിയാത്ത ദുർബല വിഭാഗങ്ങൾക്ക് ഒരു പ്രാദേശിക ഭവന നിർമ്മാണ പദ്ധതി സഹായകരമാക്കണം. ഇതിനായി ഗുണഭോക്താക്കളുടെ യോഗം വാർഡ് തലത്തിൽ നടത്തുകയും അവർക്ക് സ്വരൂപിക്കാൻ കഴിയുന്ന തുക പരിശോധിച്ച് ബാക്കി വരുന്ന തുക സർക്കാർ, പഞ്ചായത്ത്, മനുഷ്യാധ്വാനം, വിവിധ തരം സംഭാവനകൾ എന്നിവ വഴി സ്വരൂപിക്കാൻ കഴിയും.

5. തൊഴിലാളികളുടെ ലഭ്യതകുറവ് പരിഹരിക്കാൻ തന്നെ നേരിട്ട് നിർമ്മാണ തൊഴിലാളികളെ സപ്ലൈ ചെയ്യാൻ ശ്രമിക്കാവുന്നതാണ്. ഇതുമൂലം വിദഗ്ദ്ധ തൊഴിലിൽ സ്ത്രീകളെ പരിശീലിപ്പിക്കാൻ കഴിയും. കൂലിയുടെ കാര്യത്തിലും ഏകീകൃത സ്വഭാവം നിലവിൽ കൊണ്ടുവരാം.

6. ഭവന നിർമ്മാണത്തിനൊപ്പം പ്രാധാന്യം കൊടുക്കേണ്ട അടിയന്തിര പ്രശ്നമാണ് സുരക്ഷിതമായ കക്കൂസുകളുടെ നിർമ്മാണം. ചുരുങ്ങിയത് 1000 കക്കൂസുകളെങ്കിലും നിർമ്മിക്കാനുള്ള അടിയന്തിര പദ്ധതിക്ക് പഞ്ചായത്ത് നേതൃത്വം നൽകണം. വിവിധ തരം തൊഴിൽ ദാന പദ്ധതികളിലെ ഫണ്ട് ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ദുർബല വിഭാഗങ്ങൾക്ക് തൊഴിൽ ലഭിക്കാൻ ഉതകുന്ന തരത്തിൽ നിർമ്മാണ രീതികൾ ഉണ്ടാക്കിയാൽ മതിയാകും. സന്നദ്ധ സംഘടനകളുടെ മുൻകൈ ഉണ്ടാക്കുന്നത് പദ്ധതി നടത്തിപ്പിന് ഗുണകരമാകും.

## *ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരം*

| വാർഡ് നമ്പർ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ |
|---|---|---|---|
| I | 32 | 29 | 3 |
| II | 53 | 41 | 12 |
| III | 33 | 31 | 2 |
| IV | 26 | 24 | 2 |
| V | 19 | 9 | 8 |
| VI | 7 | 5 | 2 |
| VII | 2 | 2 | – |
| VIII | 25 | 23 | 2 |
| IX | 5 | 4 | 1 |
| X | 11 | 6 | 5 |
| | 213 | 174 | 37 |

# സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന അവശ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളിലൂടെയും ഏജൻസികളിലൂടെയും സന്നദ്ധ സംഘടനകൾ വഴിയായും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളായും വിവിധ പെൻഷൻ പദ്ധതികളായും, ക്ഷേമനിധികളിലൂടെയും ലഭ്യമാവുന്ന സഹായങ്ങൾ അർഹരായ എല്ലാവർക്കും എത്തിക്കാനുള്ള പരിപാടി തയ്യാറാക്കേണ്ടതുണ്ട്.

ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തനം നടത്തുന്നതിന് ഗ്രാമ വികസനബ്ലോക്ക്, പട്ടിക ജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിതാവികസന കോർപ്പറേഷൻ, സാമൂഹ്യ ക്ഷേമവകുപ്പ്, റവന്യൂ വകുപ്പ് എന്നിവയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകളുടെ കൂടി സജീവ പങ്കാളിത്തത്തോടെ വേണം നടത്തേണ്ടത്.

കൊടകര ഗ്രാമ വികസന ബ്ലോക്കുവഴി ഈ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ഇതോടൊന്നിച്ച് ചേർക്കുന്നു.

## *സംയോജിത ഗ്രാമ വികസന പരിപാടി (ഐ.ആർ.ഡി.പി)*

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടുന്നതിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി ചെലവ് വഹിക്കുന്ന ഒരു പദ്ധതിയാണ് സംയോജിത ഗ്രാമ വികസന പരിപാടി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ദാരിദ്ര്യത്തിൽനിന്നും കര കയറാൻ ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രതി വർഷ കുടുംബ വരുമാനം 11,000 രൂപയിൽ താഴെയുള്ളവരെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കുന്നു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് വരുമാനക്ഷമമായ ആസ്തിയും നിക്ഷേപവും നൽകി വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പരിപാടിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയും സർക്കാരിൽനിന്ന് ധനസഹായവും ഈ പദ്ധതിയിൽ ലഭ്യമാക്കുന്നു. പട്ടികജാതി കുടുംബങ്ങൾക്ക് 6000 രൂപയും മറ്റു വിഭാഗക്കാർക്ക് 4000 രൂപയുമാണ് ധനസഹായം. എട്ടാം പദ്ധതിക്കുവേണ്ടി നടത്തിയ ഐ.ആർ.ഡി.പി. സർവ്വെ അനുസരിച്ച് 1814 കുടുംബങ്ങളാണ് പഞ്ചായത്തിൽ ദാരിദ്ര്യരേ

ഖയ്ക്കു താഴെയായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ 350 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. ഈ കാലയളവിൽ 253 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. ഇതിൽ 131 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്.

## ഐ.ആർ.ഡി.പി. സഹായം നൽകിയവരുടെ വിവരം

| സഹായം നൽകിയ വർഷം | സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | വായ്പ | ധനസഹായം | ആകെ |
|---|---|---|---|---|---|
| 1991–92 | 53 | 30 | 178957 | 135093 | 314050 |
| 1992–93 | 52 | 29 | 191676 | 135924 | 327600 |
| 1993–94 | 64 | 39 | 250325 | 178950 | 429275 |
| 1994–95 | 52 | 18 | 509549 | 235001 | 744550 |
| 1995–96 | 32 | 15 | 364672 | 152500 | 517172 |
| | 253 | 131 | 1495179 | 837468 | 2332647 |

### *ട്രൈസം*

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം പരിശീലനം നൽകി അവർക്ക് ഐ.ആർ.ഡി.പി യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാനുദ്ദേശിക്കുന്നതാണ് ഈ പരിപാടി. പരിശീലനാനന്തരം സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും ധനസഹായവും ലഭ്യമാക്കുന്നു. പരിശീലനാർത്ഥിക്ക് പരിശീലന കാലത്ത് സ്റ്റൈപ്പന്റും ഈ പദ്ധതിയനുസരിച്ച് നൽകുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന കുടുംബങ്ങളിലെ 18 മുതൽ 35 വയസ്സ് വരെയുള്ള യുവതീയുവാക്കൾക്കാണ്. ഈ പരിപാടിയിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുള്ളത് ഗുണഭോക്താക്കളിൽ 50% പട്ടികജാതിക്കാരും 40% സ്ത്രീകളും 3% അംഗവൈകല്യമുള്ളവരും ആയിരിക്കും.

# ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| ക്രമ നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടി രിക്കുന്നവർ |
|---|---|---|---|---|
| 1 | റേഡിയോ ടി.വി. റിപ്പയറിങ്ങ് | 1 | 1 | – |
| 2. | വയർമാൻ | 10 | 6 | 4 |
| 3. | പ്രിന്റിംഗ് ആന്റ് കമ്പോസിംഗ് | 6 | 6 | – |
| 4. | പ്ലാസ്റ്റിക് വർക്സ് | 11 | 7 | 4 |
| 5. | ബീഡി തെറുപ്പ് | 15 | 12 | 3 |
| 6. | പ്ലംബിങ്ങ് | 2 | 2 | – |
| 7. | പോട്ടറി വർക്സ് | 2 | 2 | – |
| 8. | ഹാൻഡ്‌ലൂം വീവിംഗ് | 8 | 8 | – |
| 9. | ഖാദി വീവിംഗ് | 2 | 1 | 1 |
| 10 | അച്ചാർ നിർമ്മാണം | 2 | – | 2 |
| 11 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 2 | 2 | – |
| 12 | വെൽഡിങ്ങ് | 1 | 1 | – |
| 13 | നേഴ്സറി | 2 | 1 | 1 |
| 14 | ഡയമണ്ട് കട്ടിംഗ് | 3 | 3 | – |
| 15 | ഓട്ടോറിക്ഷ പാച്ച്‌വർക്സ് ആന്റ് എഞ്ചിൻ വർക്സ് | 1 | 1 | – |
| 16 | മോട്ടോർ വൈൻഡിംഗ് | 2 | 2 | – |
| 17 | ഹാൻഡ്മെയ്ഡ് പേപ്പർ നിർമ്മാണം | 25 | – | 25 |
| | | 95 | 55 | 40 |

DWCRA (ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി)

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന കൂട്ടായ സാമ്പത്തിക പദ്ധതികൾക്ക് വായ്പയും ധന സഹായവും ഈ പരിപാടിയനുസരിച്ച് നൽകുന്നു. 10 മുതൽ 15 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്കാണ് ഈ പദ്ധതിയനുസരിച്ച് സഹായം ലഭിക്കുക. വായ്പ, ധനസഹായം എന്നിവയ്ക്കു പുറമേ കേന്ദ്ര സംസ്ഥാന ഗവ ണ്മെണ്ടുകളുടെയും യൂണിസെഫിന്റെയും സഹായമായി 25000 രൂപ റിവോൾവിങ്ങ് ഫണ്ടായും ഗ്രൂപ്പ് അംഗങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിന് പ്രോത്സാഹനമായി ഗ്രൂപ്പ് അംഗങ്ങളുടെ സമ്പാദ്യത്തിന് തുല്യമായ തുക മാച്ചിങ്ങ് ഗ്രാന്റായി പരമാവധി 15000 രൂപ വരെയും സർക്കാർ നൽകുന്നുണ്ട്.

## DWCRA തൊഴിൽ സംരംഭങ്ങൾ

| വാർഡ് | ഇനം | ആരംഭിച്ച വർഷം | ആളുകളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| IX | ബേക്കറി യൂണിറ്റ് | 95-96 | 10 | സാമ്പത്തിക പ്രശ്നങ്ങൾമൂലം പ്രവർത്തനം മന്ദഗതിയിൽ |

## *ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R.A.P)*

ഗ്രാമീണ കൈതൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി നവീന തൊഴിലുപകരണങ്ങൾ നൽകുന്നതാണ് ഈ പരിപാടി. 4500 രൂപ വരെ വില വരുന്ന തൊഴിലുപകരണങ്ങൾ ഈ പദ്ധതിയനുസരിച്ച് നൽകുന്നു. 10% ഗുണഭോക്താവ് വഹിക്കണം. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണ പണി, പോട്ടറി നിർമ്മാണം, ചെരിപ്പു നിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് പ്രധാനമായും സഹായം ലഭിക്കുക.

## ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്ത വിവരം

| ക്രമനമ്പർ | ഐ.ആർ.ഡി.പി സർവ്വെ അനുസരിച്ച് ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവർ |
|---|---|---|---|
| 1 | 43 | 18 | 25 |

## കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (CRSP)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിപാടിയാണ് സി.ആർ.എസ്.പി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ഈ പരിപാടി വഴി സഹായം ലഭിക്കും. 2000 രൂപയാണ് ഒരു കക്കൂസ് നിർമ്മിക്കുന്നതിന് സർക്കാരിൽനിന്നും ലഭിക്കുക. ഇതുവരെ ദുർബല വിഭാഗങ്ങൾക്ക് 39 കക്കൂസുകൾ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

## മഹിളാസമാജം – ബാലവാടികൾ

പുതുക്കാട് പഞ്ചായത്തിൽ 5 മഹിളാ സമാജങ്ങളാണ് പ്രവർത്തിക്കുന്നത്. ഒരു ബാലവാടി മാത്രമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഗ്രാമീണ വനിതകളുടെയും ശിശുക്കളുടേയും ആരോഗ്യക്ഷേമ കാര്യങ്ങളിൽ കാര്യമായ പുരോഗതിയുണ്ടാക്കുന്നതിന് ഉപകരിക്കുന്ന (സംയോജിത ശിശു വികസന പദ്ധതി) ഐസി.ഡി.എസ് പദ്ധതിയിൽ കൊടകര ബ്ലോക്കിനെ ഉൾപ്പെടുത്തി പുതുക്കാട് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ ആരംഭിക്കുവാൻ വേണ്ട ശ്രമം ഉണ്ടാകണം. നിലവിലുള്ള മഹിളാസമാജങ്ങളിലേയും ബാലവാടികളിലേയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടിയ്ക്കും രൂപം കൊടുക്കേണ്ടതുണ്ട്.

## പെൻഷൻ പദ്ധതികൾ

കർഷക തൊഴിലാളി പെൻഷൻ, അഗതി–വിധവ–വികലാംഗ പെൻഷനുകൾ വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം, മിശ്ര വിവാഹിതർക്കുള്ള സഹായം എന്നിവയെല്ലാം പഞ്ചായത്തിൽ ലഭിച്ചു വരുന്നുണ്ട്. എന്നാൽ അർഹതയുള്ളതിന്റെ വളരെ ഒരു ചെറിയ ശതമാനം പേർക്കു മാത്രമേ ഇതു ലഭ്യമാകുന്നുള്ളൂ. അപേക്ഷകരിൽ നിന്ന് അർഹരായവരെ കണ്ടെത്തുന്നതിനും, വിവിധ സർട്ടിഫിക്കറ്റുകൾ തേടി സർക്കാർ ഓഫീസുകളിൽ അലഞ്ഞുതിരിയുന്ന അവശന്മാരായ അപേക്ഷകരുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

## ക്ഷേമനിധികൾ

അസംഘടിതരായ വിവിധ മേഖലകളിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തെ ലക്ഷ്യമാക്കി ഒരു സാമൂഹ്യ സുരക്ഷാ പരിപാടി എന്ന രീതിയിൽ സർക്കാർ വിവിധ തുറകളിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധികൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ തൊഴിലാളികൾ, ആഭരണതൊഴിലാളികൾ, ബാർബർ, കൊല്ലൻ, മരം കയറ്റക്കാർ, വാച്ച് റിപ്പയറർമാർ,സൈക്കിൾ റിപ്പയറർമാർ തുടങ്ങിയ വിഭാഗങ്ങളെല്ലാം ഈ പദ്ധതിയ്ക്ക് കീഴിൽ വരുന്നവരാണ്. വിപുലമായ ബോധവൽക്കരണം നടത്തി ഇവരെയെല്ലാം ഈ പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളും നടത്തേണ്ടതാണ്.

## പൊതുവിതരണം

പുതുക്കാട് പഞ്ചായത്തിൽ 9 റേഷൻഷോപ്പുകളും 4726 കാർഡുടമകളും ഉണ്ട്. പുതുക്കാട് മാർക്കറ്റിൽ ഒരു മാവേലിസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. വിപണിയിലെ വിലക്കയറ്റത്തെ നിയന്ത്രിച്ച് സാധാരണക്കാരന് ആശ്വാസമായി തീരേണ്ട മാവേലി സ്റ്റോറിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. പുതിയ ഒരു മാവേലി സ്റ്റോർ ചെങ്ങാലൂർ വില്ലേജിൽ തുട

ങ്ങുന്നതിനു വേണ്ട ശ്രമവും ആരംഭിക്കണം. ഉപഭോക്തൃമേഖലയെ ശക്തിപ്പെടുത്തുന്നതിന് വാർഡ് തോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഒരു പഞ്ചായത്ത് തല ഉപഭോക്തൃ സംരക്ഷണ സമിതിയ്ക്ക് രൂപം നൽകുകയും ചെയ്യണം.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് സാധാരണക്കാരായ ജനവിഭാഗത്തിന് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

2. ആനുകൂല്യങ്ങൾ വളരെ കുറച്ചു പേർക്ക് മാത്രമാണ് ലഭിക്കുന്നത്

3. അനർഹരായ പലരും സഹായം കരസ്ഥമാക്കുന്നു.

4. ബാങ്കുകളുടെ നിസ്സഹകരണം മൂലം പദ്ധതികളുടെ പരാജയം

5. ഗുണഭോക്താക്കൾ പലരും ലഭിച്ച സഹായം ദുരുപയോഗം ചെയ്യുന്നു.

6. ട്രൈസം പദ്ധതിയിൽ അഭിരുചി അനുസരിച്ചല്ല പലർക്കും പരിശീലനം ലഭിക്കുന്നത്.

7. വിവിധ സാമൂഹ്യ പദ്ധതികൾക്കുള്ള അർഹത നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി വളരെ താഴ്ന്നതാണ്.

8. പെൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിലും, ലഭിക്കുന്നതിലുമുള്ള കാലതാമസം.

## നിർദ്ദേശങ്ങൾ/സാധ്യതകൾ

1. പദ്ധതികളെ കുറിച്ച് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

2. പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും പദ്ധതി നടത്തിപ്പിലും ഗ്രാമസഭകളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും സജീവ നേതൃത്വവും പങ്കാളിത്തവും ഉണ്ടാകണം.

3. ബാങ്കുകൾ വായ്പ നൽകുന്നതിൽ കാണിക്കുന്ന ഉദാസീനതയ്ക്കെതിരെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ ഉണ്ടാകണം.

4. സഹകരണ ബാങ്കുകൾ മുഖേന IRDP വായ്പ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്ന വരുമാന പരിധി 11000 രൂപയിൽനിന്ന് 25000 രൂപയാക്കി ഉയർത്തണം.

6. ഐ.ആർ.ഡി.പി, ഡി.ഡബ്ളിയു.സി.ആർ.എ ഉത്പന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കുകയോ സർക്കാർ ഏജൻസികൾ മുഖേന വിപണന സാധ്യത ഉണ്ടാക്കുകയോ ചെയ്യണം. ഉദാ. DWCRA സഹായം മുഖേന ലഭിച്ച യൂണിറ്റുകളിൽനിന്ന് പഞ്ചായത്തിലെ സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം തയ്യാറാക്കണം.

7. ട്രൈസം, ഐ.ആർ.ഡി.പി., ടൂൾ കിറ്റ്, ഡി.ഡബ്ളിയു.സി.ആർ.എ. പദ്ധതികളിൽ ഓരോ വർഷവും കൂടുതൽ പേർക്ക് സഹായം ലഭ്യമാക്കുക.

8. സി.ആർ.എസ്.പി. പദ്ധതിയിൽ നല്ല കക്കൂസില്ലാത്ത എല്ലാവർക്കും കക്കൂസ് നൽകുക. സമ്പൂർണ്ണ സാനിട്ടേഷൻ പദ്ധതി നടപ്പാക്കുക.

9. എല്ലാവിധ ക്ഷേമ പരിപാടികളും പല ഏജൻസികളിൽ കൂടി നടപ്പിലാക്കുന്നതിനുപകരം പഞ്ചായത്തിലൂടെ മാത്രം നടപ്പിലാക്കുക.

# സംസ്കാരം

കാർഷികമായ ഉൽപാദനവും ഉപജീവനവുമായിരുന്നു നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാനം. ഭക്ഷണം, വസ്ത്രധാരണം, ഗൃഹനിർമ്മാണം, ആരോഗ്യ സംരക്ഷണം, ആചാരമര്യാദകൾ, വിശ്വാസക്രമങ്ങൾ, സാമൂഹിക സമ്പർക്കങ്ങൾ, മതാനുഷ്ടാനങ്ങൾ കാർഷികേതരമായ ഉൽപാദനമേഖലകൾ എന്നിവയെല്ലാം തന്നെ. സാംസ്കാരിക പ്രവർത്തനത്തിന്റെ വേദികളായിരുന്നു. പുതിയ മാറ്റത്തിന് അനുകൂലമായ ബോധവൽക്കരണവും സമൂഹ വിദ്യാഭ്യാസ പരിപാടിയുമാണ് സാംസ്കാരിക പ്രവർത്തനത്തിന് മുന്നോടിയായി തീരേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന പ്രസ്ഥാനങ്ങൾ, കലാസമിതികൾ,സ്പോർട്ട്സ് ക്ലബ്ബുകൾ, സമുദായ സംഘടനകൾ, ഫിലിം ക്ലബ്ബുകൾ, വീഡിയോ ക്ലബുകൾ എന്നിവയക്ക് ഈ തുറയിൽ ഫലപ്രദമായി പ്രവർത്തിക്കാനാകും. നാളിതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ സാംസ്കാരിക നവോത്ഥാനത്തിന് മൂല കാരണമായിട്ടുള്ളത് സമൂഹ വിദ്യാഭ്യാസമാണെന്ന് കാണാം. ശതാബ്ദിയാഘോഷിച്ച പുതുക്കാട് ഗവ: ഹൈസ്കൂൾ, പ്ലാറ്റിനം ജൂബിലിയാഘോഷിച്ച സെന്റ്. ആന്റണീസ് ഹൈസ്കൂൾ എന്നിവ ഒല്ലൂരിനും കൊടകരക്കുമിടക്കുണ്ടായിരുന്ന ആദിമ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇവയും പിന്നീടാരംഭിച്ച മറ്റു വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിന്റെ കെടാവിളക്കുകളായി ഇന്നും പ്രശോഭിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന് നമ്മുടെ പഞ്ചായത്തിന്റെയും അഭിമാനിക്കാവുന്ന സംഭാവനകളുണ്ട്. ചങ്ങരംകോത കർത്താക്കൻമാർ, നടുവം കവികൾ തുടങ്ങി പഴയ തലമുറക്കാരായ കവി പ്രമുഖരും കുട്ടികൃഷ്ണമാരാർ, എൻ. വി. കൃഷ്ണവാര്യർ, എം.കെ. മേനോൻ (വിലാസിനി), ആനി തയ്യിൽ എന്നീ പ്രതിഭാശാലികളും ഈ നാട്ടിൽ ജനിച്ച് ജീവിച്ചവരോ നാടുമായി ബന്ധപ്പെട്ടവരോ ആണ്.

അമ്പതുകളിൽ വായനശാലാ പ്രസ്ഥാനത്തിന് കേരളത്തിൽ അത്രകണ്ട് വികാസമില്ലാതിരുന്ന കാലത്ത് പുതുക്കാടും ചെങ്ങാലൂരും നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഗ്രാമീണ വായനശാലകളുണ്ടായിരുന്നു. ഇപ്പോൾ അവയുടെ സ്ഥാനത്ത് പഞ്ചായത്തു കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പനമ്പിള്ളി മെമ്മോറിയൽ വായനശാലയാണുള്ളത്. 4540 പുസ്തകങ്ങളുള്ള പ്രസ്തുത ലൈബ്രറി സാമാന്യം ഭേദമായി പ്രവർത്തിക്കുന്നു. ഏതാനും നാളുകൾക്കുമുമ്പ് ചെങ്ങാലൂർ ശ്രീനാരായണ പുരത്തുണ്ടായിരുന്ന എസ്. എൻ. തിയ്യറ്റേഴ്സ്,

കേരള കലാ സമിതി, കൈരളി കലാസമിതി, യുഗസന്ധ്യ ക്ലബ് എന്നിവ ഇന്ന് പേരിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. വടക്കെ തൊറവിലെ ഫ്രൻസ് ക്ലബ് ഇന്ന് ഓർമ്മകളിൽ മാത്രം ജീവിക്കുന്നു. എഴുപതുകളുടെ അവസാനം രൂപ കൊണ്ട നളന്ദ ആർട്ട്സ് സൊസൈറ്റി രണ്ട് പതിറ്റാണ്ടു കാലം പുതുക്കാട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഒരു വലിയ പ്രസ്ഥാനമായിരുന്നു. നാടകാവതരണത്തിന് ഓഡിറ്റോറിയം ഇല്ലാത്തതിനാൽ ഇന്ന് പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ശാന്തി നഗർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശാന്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബും, കൂട്ടം ചെങ്ങാലൂരും ഭേദപ്പെട്ട സാംസ്കാരിക പ്രവർത്തനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു. വളരെ പ്രശസ്തമായി നടന്നിരുന്ന തുഷാര ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചതിനെ തുടർന്ന് രൂപം കൊണ്ട കോറസ് ഫിലം സൊസൈറ്റിയും ഇന്നില്ല. കായികരംഗത്ത് സംസ്ഥാന തലത്തിൽ അംഗീകാരം നേടിയ ചിലരെങ്കിലും നമുക്കുണ്ടായിരുന്നു. അറുപതുകളിൽ പ്രശസ്തമായിരുന്നു YMCA ക്ലബും, ബാഡ്മിന്റൺ രംഗത്ത് വളരെയേറെ ശ്രദ്ധിക്കപ്പെട്ടിരുന്ന ഒരു പ്രസ്ഥാനമായിരുന്നു. കലാരംഗത്ത് അക്കാലത്തു പ്രശസ്തമായിരുന്ന ദേശീയ കലാ സമിതി പുതുക്കാടിന് ഒരു അഭിമാനമായിരുന്നു. ഇവ രണ്ടും ഇന്ന് കഥാവശേഷമായി. പുതുക്കാട് പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിരുന്ന വെ. റവ. ഫാ: ജോസഫ് ചാഴൂരിന്റെ നാമധേയത്തിൽ നടന്നിരുന്ന അഖില കേരള ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് പുതുക്കാട് നല്ല നിലയിൽ സംഘടിപ്പിച്ചിരുന്നു. ഇന്നും അഖില കേരളാടിസ്ഥാനത്തിൽ ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്ന സ്റ്റാർസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പുതുക്കാടിലെ കായിക പ്രേമികളുടെ ആശാ കേന്ദ്രമാണ്.

മുകളിൽ സൂചിപ്പിച്ച പ്രസ്ഥാനങ്ങൾ എല്ലാം തന്നെ 1950 കൾക്കു ശേഷം പുതുക്കാടു പഞ്ചായത്തിലെ സാമൂഹ്യ- സാംസ്കാരിക മണ്ഡലത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച, ബഹുജന സംഘടനകളാണ്. ഇവയ്ക്കെല്ലാം പുറമെ ലയൺസ് ക്ലബും ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

പുതുക്കാട് പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വുണ്ടാകുവാൻ നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെ സജീവമാക്കുകയും പുതിയവ ഉദയം കൊള്ളുകയും ചെയ്യേണ്ടതുണ്ട്. പഞ്ചായത്തു വായനശാലയുടെ വിപുലീകരണം കലാകായിക സമിതികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ധനസഹായങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തേണ്ട കാര്യങ്ങളാണ്. സാമൂഹ്യ നീതിക്കുവേണ്ടി നിലകൊള്ളുന്നതിനുള്ള ആത്മാർത്ഥതയും അർപ്പണബോധവും യുവതീയുവാക്കളിൽ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന സ്ത്രീപീഢനം, മദ്യം, മയക്കുമരുന്ന് ഇവയെല്ലാം മലയാള മണ്ണിന്റെ മഹത്തായ പൈതൃകത്തിന് കളങ്കമേൽപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. സാംസ്കാരികരംഗത്തെ ഈ മൂല്യശോഷണം ചെറുക്കപ്പെടേണ്ടതുതന്നെയാണ്.

# വനിത

പൗരാണിക ഭാരതത്തിൽ സ്ത്രീ വളരെയധികം ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്നു. വിവിധ മതവിഭാഗങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോഴും സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനവും ബഹുമാനവും നൽകിയിരുന്നതായി കാണാൻ കഴിയും. ചരിത്രവും സംസ്കാരവും ഈ വസ്തുത വിളിച്ചോതുമ്പോൾ തന്നെ രാഷ്ട്രീയ സാമ്പത്തിക- സാമൂഹ്യ രംഗങ്ങളിൽ സ്ത്രീ വളരെയേറെ പിന്തള്ളപ്പെടുന്ന ഒരവസ്ഥ നിലനിന്നു പോന്നു. പുതുക്കാടിന്റെ ചരിത്രവും ഇതിൽ നിന്നും വ്യത്യസ്ഥമായിരുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ എടുത്തു പറയത്തക്ക പ്രത്യേതകളൊന്നും പുതുക്കാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ രംഗത്ത് സംഭവിച്ചതായി അറിവില്ല. ഇവിടേയും സ്ത്രീ പൊതുവേദിയിൽ നിന്നും അദൃശ്യയായിരുന്നു. സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക്, പ്രത്യേകിച്ച് മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അപ്രാപ്യമായിരുന്നു. അന്ധവിശ്വാസങ്ങളുടേയും, അനാചാരങ്ങളുടേയും പിടിയിൽ സാമൂഹ്യരംഗത്തെ കയ്പേറിയ അനുഭവങ്ങൾ പേറേണ്ടിവന്ന അവസ്ഥയും സ്ത്രീകൾക്കുണ്ടായിരുന്നു. പ്രബുദ്ധ കേരളത്തിൽ ഉയർന്നുവന്ന സാമൂഹ്യപരിഷ്ക്കാരങ്ങൾ ഈ അവസ്ഥക്ക് വലിയൊരളവോളം മാറ്റം വരുത്തുന്നതിന് നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. സാമൂഹ്യ രംഗത്തുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി സ്ത്രീകൾ വിവിധരംഗങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇതിന്റെ അലയടികൾ പുതുക്കാട് പഞ്ചായത്ത് പ്രദേശത്തും ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും, രാഷ്ട്രീയസാമൂഹ്യരംഗങ്ങളിലും സ്ത്രീകളുടെ സജീവത മുൻകാലങ്ങളെ അപേക്ഷിച്ച് കുടുതൽ പ്രകടമാണ്. ഇക്കാര്യങ്ങളിൽ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട് എന്ന വസ്തുത വിസ്മരിക്കുന്നില്ല.

## ജനസംഖ്യ

പുതുക്കാട് പഞ്ചായത്തിൽ ജനസംഖ്യയിലെ സ്ത്രീ പുരുഷാനുപാതം 1000: 1060 ആണ്. ഇത് സംസ്ഥാനശരാശരിയേക്കാൾ ഉയർന്നതാണ്. 1991-ലെ കാനേഷുമാരി കണക്ക് താഴെ ഉദ്ധരിക്കുന്നു.

| ആകെ ജനസംഖ്യ | പു. | സ്ത്രീ | അനുപാതം | |
|---|---|---|---|---|
| | | | പു. | സ്ത്രീ |
| 20871 | 10131 | 10740 | 1000 | 1060 |

## *വിദ്യാഭ്യാസം*

സ്ത്രീകൾക്ക് സാമൂഹ്യമായ അടിച്ചമർത്തലിൽനിന്നും രക്ഷ നേടുന്നതിനുള്ള ശ്രമങ്ങൾക്ക് ശക്തി പകരുന്ന പ്രധാന ഘടകമാണ്. വിദ്യാഭ്യാസം. ഈ രംഗത്തെ പിന്നോക്കാവസ്ഥക്കു കാരണം സാമ്പത്തിക – സാമൂഹിക ഘടകങ്ങളാണ്. വികസിത രാജ്യങ്ങളുടെ

പഞ്ചായത്തിലെ 88% സ്ത്രീകളും സാക്ഷരരാണെങ്കിലും ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതിക വിദ്യാഭ്യാസത്തിലും ഇവർ ഇപ്പോഴും പുറകിലാണെന്നു കാണാൻ കഴിയും. എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ബിസിനസ്സ് കോഴ്സുകൾ തുടങ്ങി ഉപരിപഠനരംഗത്ത് പുതുക്കാട് പഞ്ചാ

| ജനസംഖ്യ 6–ാം വയസ്സിനു മുകളിൽ | | പു. | സ്ത്രീ | ശതമാനം | |
|---|---|---|---|---|---|
| പു. | സ്ത്രീ. | | | പു. | സ്ത്രീ |
| 8886 | 9531 | 8363 | 8389 | 94.1 % | 88 % |

സ്ത്രീ–പുരുഷ വിദ്യാഭ്യാസതുല്യത ഇത് പ്രകടമാക്കുന്നു. കേരളം സാക്ഷരതയിൽ ബഹുദൂരം മുന്നോട്ടു പോയ ഒരു സംസ്ഥാനമാണ്. ഇക്കാര്യത്തിൽ സംസ്ഥാനശരാശരിയോടടുത്തു നിൽക്കുന്ന ഒരു പഞ്ചായത്താണ് പുതുക്കാട്. 1991–ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ 6 വയസ്സിനു മുകളിലുള്ള ജനസംഖ്യ 18417 ആണ്. ഇതിൽ സാക്ഷരരായ പുരുഷൻമാർ 8363ഉം സ്ത്രീകൾ 8389ഉം ആണ്.

യത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ വളരെ പുറകിലാണ്. വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾ ഇനിയും ഉയർന്നു വരേണ്ടതുണ്ട്. സമൂഹത്തിൽ സ്ത്രീ പുരുഷൻമാർക്കിടയിൽ ഇന്ന് നിലനിൽക്കുന്ന ഉച്ചനീചത്വങ്ങൾ തുടച്ചു നീക്കാൻ ഈ ദിശയിലുള്ള ഉന്നതി അനിവാര്യമാണ്.

## ആരോഗ്യം

പ്രകൃതി നിയമം അനുസരിച്ച് സ്ത്രീകൾ ആരോഗ്യവതികളും ദീർഘായുസ്സുകളും ആണ്. വികസിതരാജ്യങ്ങളിൽ ഏത് പ്രായത്തിലുള്ള ജനങ്ങളുടെ കണക്ക് പരിശോധിച്ചാലും സ്ത്രീകളാണ് കൂടുതൽ എന്ന് കാണാൻ കഴിയും. ഇന്ത്യയിൽ പുരുഷജനസംഖ്യയേക്കാൾ കൂടുതൽ സ്ത്രീ ജനസംഖ്യയുള്ള ഒരേ ഒരു സംസ്ഥാനം കേരളമാണ്. എന്നിരുന്നാലും രോഗാതുരത അധികവും കണ്ടു വരുന്നത് സ്ത്രീകളിലാണ്. പോഷകാഹാരത്തിന്റെ കുറവ്, അമിതമായ കുടുംബഭാരവും സാമൂഹ്യമായ വിവേചനവും, പിന്നോക്കാവസ്ഥയും അദ്ധ്വാനഭാരവും, പാരിസ്ഥിതികമായ പ്രത്യാഘാതങ്ങളുമാണ് ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നത്. ഗുരുതരമായ പോഷകാഹാരക്കുറവുമൂലം ഉള്ള അസുഖങ്ങൾ കൂടുതൽ കാണുന്നത് പെൺകുട്ടികളിലാണ്. ഗർഭിണികളും, പാലൂട്ടുന്ന അമ്മമാർ പോലും ആവശ്യത്തിന് ആഹാരം ലഭിക്കാതെ രോഗബാധിതരാകുന്ന കാഴ്ച നാം കാണുന്നതാണ്. അതുപോലെ തന്നെ വീ ട്ടിൽനിന്നും മാറി നിൽക്കാനുള്ള സാഹചര്യമില്ലാത്തതുമൂലം ആശുപത്രിയിൽ കിടന്ന് ചികിത്സ നടത്തേണ്ട സംഗതികളിൽ പോലും മരുന്നു വാങ്ങി വീട്ടിൽ പോകുന്ന സ്ത്രീകളെ ധാരാളമായി കാണാം. വർദ്ധിച്ച അദ്ധ്വാനഭാരമാണ് സ്ത്രീകളിൽ രോഗാതുരത കൂടുതലാകുന്നതിന്റെ മറ്റൊരു കാരണം. നമ്മുടെ നാട്ടിൽ സ്ത്രീതൊഴിലാളികളിൽ നല്ലൊരു ശതമാനം വീട്ടിനു പുറത്തു പോയി ജോലി ചെയ്യുന്നവരാണ്. പാടത്ത് വിതക്കുക, നടുക, കൊയ്യുക തുടങ്ങിയ പണികൾ സ്ത്രീകളാണ് ചെയ്തുവരുന്നത്. റോഡുപണി, കെട്ടിടം പണി, ഇഷ്ടിക നിർമ്മാണം തുടങ്ങി അദ്ധ്വാനഭാരമേറിയ മേഖലകളിലും ഇവർ പണിയെടുക്കുന്നു. പുറത്തു പോയി ഇത്തരം പണികളിലേർപ്പെട്ട് തിരിച്ച് വീട്ടിലെത്തിയാൽ വെള്ളവും വിറകും ശേഖരിക്കൽ, ആഹാരം പാകം ചെയ്യൽ, വസ്ത്രങ്ങൾ അലക്കൽ, കുട്ടികളെ പരിചരിക്കൽ എന്നീ ജോലികളും മിക്കവാറും കുടുംബങ്ങളിൽ സ്ത്രീകൾ തന്നെ ചെയ്യേണ്ടി വരുന്നു. കുടുംബക്ഷേമ ശസ്ത്രക്രിയക്ക് വിധേയരാകുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇത്തരം സാഹചര്യങ്ങളാണ് സ്ത്രീകളെ കൂടുതലും രോഗികളാക്കി മാറ്റുന്നത്. പുതുക്കാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ വസ്തുത കഴിഞ്ഞ 3 വർഷം പുതുക്കാട് ഗവൺമ്മേണ്ട് ആശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളുടെ കണക്കിൽ നിന്നും വ്യക്തമാകുന്നതാണ്.

| വർഷം | പു. | സ്ത്രീ. |
|---|---|---|
| 1993–94 | 17121 | 23324 |
| 1994–95 | 12412 | 18462 |
| 1995–96 | 10242 | 13526 |

## സാമൂഹ്യ പ്രശ്നങ്ങൾ

സ്ത്രീ ഒരു ഭാരമായി കണക്കാക്കുന്ന സ്ഥിതി സമൂഹത്തിന്റെ പല തലങ്ങളിലും ഇന്നും കാണാൻ കഴിയുന്നു. സ്ത്രീ പുരുഷ തുല്യത അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഇന്നും യാഥാർത്ഥ്യമായിട്ടില്ല. നമ്മുടെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ പോലും ഈ അവസ്ഥ നിലനിൽക്കുന്നു. സ്ത്രീകളോടുള്ള വിവേചനത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമാണ് സ്ത്രീധന സമ്പ്രദായം. ഒരു പെൺകുട്ടി പിറന്നുവീണാൽ

മദ്യവും, മയക്കുമരുന്നും ഉപയോഗിച്ചു വരുന്ന പുരുഷന്റെ പീഢനമേൽക്കുന്ന സ്ത്രീകൾ പഞ്ചായത്തതിർത്തിയിലുണ്ടെന്നുള്ള വസ്തുത ഗ്രാമസഭാ യോഗങ്ങളിൽ നിഴലിച്ചുനിന്നിരുന്നു. സമൂഹത്തിലെ മൂല്യച്യുതിയാണ് ഇതിനെല്ലാം കാരണം. സമൂഹത്തിലെ അടിസ്ഥാന വർഗ്ഗത്തിൽ പെട്ട സ്ത്രീകൾക്ക് അർഹിക്കുന്ന സാമൂഹ്യനീതി ഉറപ്പാക്കുക വഴി മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. നിയമസംരക്ഷണത്തേക്കാളുപരി ഈ ദിശയിലുള്ള സാമൂഹ്യ പരിവർത്തനമാണ് ഇതിനാവശ്യം.

**സ്ത്രീപീഢനകേസുകൾ**

| വർഷം | രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ |
|---|---|
| 1993–94 | 1 |
| 1994–95 | 1 |
| 1995–96 | 2 |

കുടുംബത്തിന് വലിയൊരു സാമ്പത്തിക പ്രതിസന്ധി വന്നുപെട്ട പ്രതീതി പലപ്പോഴും ദൃശ്യമാണ്. സ്ത്രീ പീഢന കേസുകൾ നമ്മുടെ നാട്ടിൽ പെരുകി വരുന്നതും സ്ത്രീ വിവേചനത്തിന്റെ സൂചനയാണ്. നാമമാത്രമായിട്ടാണെങ്കിലും പുതുക്കാട് പഞ്ചായത്തിലും കഴിഞ്ഞ കാലങ്ങളിൽ സ്ത്രീ പീഢനകേസുകൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ 3 വർഷം പുതുക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീപീഢന കേസുകളെ സംബന്ധിച്ച വിവരങ്ങൾ

## തൊഴിൽ - വേതനനിരക്ക്

തൊഴിലില്ലായ്മ രാജ്യത്തെ മുഴുവൻ യുവാക്കളേയും ബാധിക്കുന്ന പ്രശ്നമാണെങ്കിലും സ്ത്രീകളെയാണ് ഇത് കൂടുതലായി ബാധിച്ചുകൊണ്ടിരിക്കുന്നത്. പുതുക്കാട് പഞ്ചായത്തിലെ തൊഴിൽ സേനയുടെ കണക്ക് പരിശോധിച്ചാൽ ഈ അവസ്ഥ വ്യക്തമാണ്. ആകെ വരുന്ന ജനസംഖ്യയുടെ 31% വരുന്ന തൊഴിലാളികളിൽ 7% മാത്രമാണ് സ്ത്രീ തൊഴിലാളികളുള്ളത്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ്. ഈ 7% തൊഴിലാളികളിൽ തന്നെ സ്ഥിരം തൊഴിലുള്ളവരും വേണ്ടത്ര തൊഴിൽ

ലഭിക്കാത്തവരുമുണ്ട്. പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികളിൽ അധികം പേരും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം ഈ മേഖലയിൽ ഇന്നും യാഥാർത്ഥ്യമായിട്ടില്ല, മാത്രമല്ല, സാമൂഹ്യസുരക്ഷാപദ്ധതികളുടെ ആനുകൂല്യം ഇവർക്ക് ലഭിക്കാറുമില്ല. അസംഘടിത മേഖലയിലെ കൂലിനിരക്കിലെ അസന്തുലിതാവസ്ഥ ഉദാഹരിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| അസംഘടിത മേഖല | പു. | സ്ത്രീ |
|---|---|---|
| കർഷക തൊഴിലാളി | 100 | 60 |
| കെട്ടിടനിർമ്മാണ തൊഴിലാളി | 150 | 80 |

സ്ത്രീ കൂട്ടായ്മയിലൂടെ വേതനനിരക്കിലുള്ള അസന്തുലിതാവസ്ഥക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനു പുതിയ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കാവുന്നതുമാണ്. കൂട്ടായ്മയിലൂടെ രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്ന DWCRA യൂണിറ്റുകൾ അനന്ത സാധ്യതകളുള്ളതാണ്. എന്നാൽ പുതുക്കാട് പഞ്ചായത്തിൽ ഇത്തരം ഒരു യൂണിറ്റ് മാത്രമാണുള്ളത്.

| വാർഡ് | യൂണിറ്റിന്റെ പേര് | ഉൽപ്പന്നങ്ങൾ | തുക |
|---|---|---|---|
| 9 | സ്റ്റാർ | ബേക്കറി ചിപ്സ് | 1,50,000/- |

## മഹിളാ സമാജങ്ങൾ

സ്ത്രീകളുടെ ഉന്നമനത്തിൽ പ്രധാനപങ്കു വഹിക്കാൻ കഴിയുന്ന ഒരു പ്രസ്ഥാനമാണ് മഹിളാ സമാജങ്ങൾ. മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തിന്റെ കാര്യത്തിൽ പുതുക്കാട് പഞ്ചായത്ത് വളരെ പുറകിലാണ്. 10 വാർഡുകളുള്ള പഞ്ചായത്തിൽ 1,2,3,4,9 എന്നീ വാർഡുകളിൽ മാത്രമാണ് മഹിളാ സമാജങ്ങളുള്ളത്. ഇവയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുകയും മറ്റു വാർഡുകളിൽ തുടങ്ങേണ്ടതുമുണ്ട്.

| വാർഡ് | മഹിളാ സമാജങ്ങളുടെ പേര് |
|---|---|
| I | ഗ്രാമീണ മഹിളാ സമാജം, സൂര്യഗ്രാമം |
| II | പ്രിയദർശിനി ഹരിജൻ മഹിളാ സമാജം |
| III | ശാന്തി ഹരിജൻ മഹിളാ സമാജം |
| IV | ചെങ്ങാലൂർ ഹരിജൻ മഹിളാ സമാജം |
| IX | നവഭാരത് മഹിളാ സമാജം/മാതൃശിശു സംരക്ഷണ കേന്ദ്രം |

പുതുക്കാട് പഞ്ചായത്തിന്റെ പൊതു സ്ഥിതി വിശകലനം ചെയ്താൽ വനിതാരംഗത്ത് ഒട്ടേറെ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നു. സമൂഹത്തിനും തങ്ങൾക്കുതന്നെയും വേണ്ടപ്പെട്ടവർ എന്ന ബോധം വളർത്തുകയും, പുരുഷൻമാരെ പോലെയോ, അവരിൽ ഉപരിയായോ പൊതുരംഗത്ത് പ്രവർത്തിക്കുവാൻ തങ്ങൾക്ക് കഴിയും എന്ന ബോധവും ആത്മവിശ്വാസവും സ്ത്രീകളിലുണ്ടാക്കുകയും, അതുവഴി വികസനരംഗത്ത് അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ആനിതയ്യിലിനെ പോലെ പ്രഗത്ഭമതികളായ വനിതകൾക്ക് ജന്മം നൽകിയിട്ടുള്ള പുതുക്കാട് പഞ്ചായത്തിന് ഇക്കാര്യത്തിൽ തികഞ്ഞ ശുഭപ്രതീക്ഷയാണുള്ളത്.

## *പ്രശ്നങ്ങൾ*

1. പൊതുരംഗത്തുള്ള വനിതാ പങ്കാളിത്തം വളരെ കുറവാണ്.

2. സ്ത്രീ പീഢനങ്ങൾ, സ്ത്രീധനം തുടങ്ങിയ സാമൂഹ്യ അനാചാരം വർദ്ധിച്ചുവരുന്നു.

3. സ്ത്രീകളുടെ തൊഴിലില്ലായ്മ

4. അശ്ലീല പോസ്റ്ററുകൾ, സിനിമകൾ, പരസ്യങ്ങൾ എന്നിവയിലെ സ്ത്രീകളുടെ ചിത്രീകരണം ആഭാസകരമാണ്.

5. വികലാംഗ വനിതകൾ, വിധവകൾ, അവിവാഹിതകൾ, വൃദ്ധകൾ തുടങ്ങിയവരുടെ ജീവിതം ദയനീയമാണ്.

6. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

7. രോഗാതുര സ്ത്രീകൾ കൂടുതലാണ്.

8. ഇന്ധനക്ഷാമവും, പാരിസ്ഥിതിക പ്രശ്നങ്ങളും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്.

9. അസംഘടിത മേഖലയിൽ തുല്യ ജോലിക്ക് തുല്യവേതനം കിട്ടുന്നില്ല.

10. മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം സ്ത്രീകളുടെ ജീവിതത്തെയാണ് കൂടുതൽ ബാധിക്കുന്നത്.

## *സാധ്യതകൾ*

1. സ്ത്രീകളെ വാർഡു തലത്തിൽ ഒത്തുകൂടുന്നതിനും, വിവിധ പ്രശ്നങ്ങളെക്കുറിച്ച് ബോധവതികളാക്കുന്നതിനും പ്രവർത്തനരംഗങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിനും വേദിയൊരുക്കുക. 50 വീടിന് ഒരു അയൽക്കൂട്ടം ഉണ്ടാക്കുക

2. പോസ്റ്ററുകളിലും,. മാധ്യമങ്ങളിലും സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നത് നിരോധിക്കണം. ഇവിടെ ജനകീയ സമിതിയുടെ പ്രവർത്തനം ഏർപ്പെടുത്തണം.

3. വനിതാ വ്യവസായ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിയ്ക്കുക.

4.എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും, അതോടൊപ്പം ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

5. മാതൃശിശുസംരക്ഷണ കേന്ദ്രം, പോഷകാഹാര വിതരണം അമ്മമാർക്കുള്ള ക്ലാസ്സുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. അംഗൻവാടികൾ തുടങ്ങുന്നതിനുള്ള സാധ്യതകൾ ആരായണം.

6. ഹെൽത്ത് വിസിറ്റർമാരുടെ സന്ദർശനം ഉറപ്പാക്കണം.

7. D.W.C.R.A വഴി കൂടുതൽ തൊഴിൽ യൂണിറ്റുകൾ തുടങ്ങണം.

8. വനിതാ വികസന കോർപ്പറേഷന്റെ സഹായം പഞ്ചായത്തിൽ എത്തിയ്ക്കണം.

9. സ്ത്രീധനത്തിനെതിരെ നിയമം കർശനമാക്കുന്നതോടൊപ്പം സമൂഹ മനോഭാവം മാറ്റിയെടുക്കുന്ന തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തണം.

10. ബ്ലോക്കടിസ്ഥാനത്തിൽ വനിതാ വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റൊഴിക്കാൻ സ്റ്റോറുകൾ തുടങ്ങണം.

11. പഞ്ചായത്തിൽ വനിത നിയമസഹായ സെൽ വേണം.

12. പച്ചക്കറി കൃഷി, മൃഗസംരക്ഷണ പദ്ധതികൾ എന്നിവയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന വിധത്തിൽ മുൻഗണനയും പ്രോത്സാഹനവും നൽകണം.

# പട്ടികജാതി ക്ഷേമം

1991ലെ കാനേഷുമാരി കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 11% പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. 10 വാർഡുകളിലായി 13 അംഗീകൃതകോളനികളും, ഇടകലർന്ന് താമസിക്കുന്നവരും ഉൾപ്പെടെ 470 കുടുംബങ്ങളിലായി ആകെ 2326 അംഗങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. പുരുഷന്മാർ 1164ഉം സ്ത്രീകൾ 1162ഉം ആണ്. പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ പട്ടിക ഒന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി കുറേയേറെ പുരോഗതി ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലെത്താൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. പൊതുജനാരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ ഈ പിന്നോക്കാവസ്ഥ വളരെ പ്രകടമാണ്. JRY, IAY, NREP, RLEGP, M.W.S തുടങ്ങിയ പദ്ധതികൾ പ്രകാരം പട്ടികജാതി മേഖലയിലെ ഭവന ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും ഇതേ അവസ്ഥയാണുള്ളത്. ഇങ്ങനെയാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിച്ചു കൊടുത്ത് ഈ മേഖലയിലെ പാർപ്പിട പ്രശ്നം ശാശ്വതമായി പരിഹരിക്കേണ്ടതാണ്.

പട്ടികജാതി കോളനികളിൽ ശുദ്ധജല വിതരണപരിപാടി ഇപ്പോഴും സമഗ്രമായി നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. മിക്കവാറും കോളനികളിൽ വേനൽകാലങ്ങളിൽ കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. വർഷക്കാലത്തും വേനൽക്കാലത്തും കോളനികളിലുണ്ടാകുന്ന ഉയർന്ന രോഗനിരക്ക് ഈ പ്രശ്നവുമായി ബന്ധപ്പെട്ടതാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. തുറന്ന കക്കൂസുകൾ ഉപയോഗിക്കുന്നതുകൊണ്ട് ചില സ്ഥലങ്ങളിലെങ്കിലും അവ ശുദ്ധജല സ്രോതസിനെ മലിനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കണം. പകർച്ചവ്യാധികൾ സാധാരണയായി കണ്ടുവരാറില്ല. പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ പ്രധാനമായും ആശ്രയിക്കുന്നത് പുതുക്കാട് ഗവണ്മെന്റ് ആശുപത്രിയേയാണ്. മുപ്ലിയം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽനിന്നുള്ള ജീവനക്കാരും സബ്സെന്ററുകളും ചില കോളനികളുടെ ആരോഗ്യ പരിരക്ഷക്ക് സഹായിക്കുന്നവയാണ്. സ്ത്രീകൾ, കുട്ടികൾ, വൃദ്ധജനങ്ങൾ എന്നിവരുടെ മേഖലകളിലാണ് ആരോഗ്യരക്ഷയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത്.

പട്ടികജാതി സമൂഹത്തിൽപ്പെട്ട വിഭാഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ വളരെയേറെ പ്രകടമാകുന്നൊരു മേഖലയാണ് വിദ്യാഭ്യാസ രംഗം. കഴിഞ്ഞ തലമുറയിലെ ജനങ്ങളിൽ നിരക്ഷരരുടെ ശതമാനം വളരെ ഉയർന്നതാണ്.

പ്രാഥമിക വിദ്യാഭ്യാസം ഇപ്പോൾ സാർവ്വത്രികമായിരിക്കുന്നു.

ഹൈസ്കൂൾ തല വിദ്യാർത്ഥികളെ പരിശോധിക്കുമ്പോൾ ഈ മേഖലയിൽനിന്നുള്ള കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളുടെ ശതമാനം മറ്റു വിഭാഗം വിദ്യാർത്ഥികളേക്കാൾ കൂടുതലാണെന്നു കാണാം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു കഴിഞ്ഞാൽ പഠനം തുടരുന്ന പട്ടികജാതി വിദ്യാർത്ഥികൾ ഇപ്പോഴും കുറവാണ്. ഉപരിപഠനത്തിന് പോകുന്നവരിൽ ഭൂരിഭാഗവും പ്രീഡിഗ്രി തലത്തിൽ പരാജയപ്പെടുന്നവരായി കാണപ്പെടുന്നു. ബിരുദ – ബിരുദാനന്തര – സാങ്കേതിക വിദ്യാഭ്യാസമേഖലകളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം അവഗണിക്കാവുന്നത്ര ചെറുതാണ്. ഹൈസ്കൂൾ തല വിദ്യാർത്ഥികളിൽ തന്നെ ഇതര വിഭാഗങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഇനിയും ഏറെ ഉയരേണ്ടിയിരിക്കുന്നു. മെഡിസിൻ, എഞ്ചിനീയറിംഗ്, ബിസിനസ് അഡ്മിനിസ്ട്രേഷൻ, നിയമം എന്നീ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള ഏതാനും വിദ്യാർത്ഥികൾ പഞ്ചായത്തതിർത്തിയിലുണ്ട്. അനൗപചാരിക വിദ്യാഭ്യാസത്തിന്റേയും, സാക്ഷരതയുടേയും രംഗത്ത് ഉയർന്ന വളർച്ചാനിരക്ക് കാണിക്കുന്നുണ്ടെങ്കിലും, സമൂഹത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇല്ലാതാക്കണമെങ്കിൽ ഇനിയുമേറെ ദൂരം താണ്ടേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ മേഖലയിലെ പങ്കാളിത്ത നിരക്ക് പരിശോധിക്കുമ്പോൾ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ കൂടുതൽ വെളിവാകുന്നതായി കാണാം. കുട്ട, പനമ്പ്, മുറം തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന പരമ്പരാഗത തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഈ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അസംസ്കൃത വിഭവങ്ങളുടെ അഭാവം, വിപണന സൗകര്യമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ പരമ്പരാഗത തൊഴിലാളികൾ ഈ മേഖലയിൽ ഇല്ലാതെ വരുന്നതായി കാണാം. കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ പഞ്ചായത്തുതലത്തിലുണ്ടായിട്ടുള്ള കുറവ് പരിഗണിച്ചാൽപോലും ഈ മേഖലയിലെ ബഹുഭൂരിപക്ഷം തൊഴിലാളികളും പട്ടികജാതി വിഭാഗത്തിൽനിന്നുള്ളവരാണ്.

ആശ്രിതകർഷകത്തൊഴിലാളി വിഭാഗം ഇല്ലാതായിരിക്കുന്നു എന്നുള്ളതാണ് ഇവിടെ കാണുന്ന ഒരു പ്രത്യേകത. ഓട്ടുകമ്പനി തൊഴിലാളികളിലും ഇവരുടെ പ്രാതിനിധ്യം കുറവല്ല. പൊതുവെ പറഞ്ഞാൽ പരിമിതമായ വരുമാന സാദ്ധ്യതകളിലൊതുങ്ങി നിൽക്കുന്ന പ്രാഥമിക മേഖലകളിലെ തൊഴിലുകളിൽ മാത്രമാണ് ഈ വിഭാഗം ഒരു ഗണനീയ തൊഴിൽ ശക്തിയായി നിലനിൽക്കുന്നത്. പഞ്ചായത്തിൽ സമീപകാലത്തായി രൂപം കൊണ്ടിട്ടുള്ള കെട്ടിടനിർമ്മാണ മേഖലയിൽ നല്ലൊരു ശതമാനം ഇത്തരം തൊഴിലാളികളാണ്. സർക്കാർ ആപ്പീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ–പൊതു മേഖല വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരിൽ ഈ വിഭാഗത്തിന്റെ സാന്നിദ്ധ്യം അതീവ ശുഷ്കമാണ്. കേരള സംസ്ഥാന മുനിസിപ്പൽ ജോയിന്റ് ഡയറക്ടറായിരിക്കെ നിര്യാതനായ ശ്രീ. T.R. രാഘവന്റെ നാമധേയം ഈ മേഖലയിൽനിന്നുള്ള ഉന്നത സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പട്ടികയിൽ എടുത്തു പറയേണ്ടതാണ്. സർക്കാർ മേഖലകളിൽ സംവരണാനുകൂല്യങ്ങൾ നിലനിൽക്കുന്നതുകൊണ്ട് പട്ടികജാതി ജീവനക്കാരുടെ ഗണനീയ സാന്നിദ്ധ്യമുണ്ടെങ്കിലും മറ്റിതര മേഖലകളിൽ ഇത് ദൃശ്യമല്ല. തൊഴിൽപരമായ പിന്നോക്കാവസ്ഥ മാറ്റുന്നതിന് സർക്കാർ മേഖലയിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ ഒരു വലിയ പ്രതിബന്ധമാണ്. സ്വയം തൊഴിലിൽ വിജയകരമായി ഏർപ്പെടുന്നവരുടേയും, സ്വകാര്യ വ്യവസായ സംരംഭകരുടേയും പഞ്ചായത്തുതല പട്ടിക പരിശോധിക്കുമ്പോഴും കാണപ്പെടുന്ന പട്ടിക ജാതി സമുഹത്തിന്റെ അദൃശ്യത അവരുടെ നിലനിൽക്കുന്ന സാമ്പത്തിക പിന്നോക്കാവസ്ഥയുടെ മുഖ്യ സൂചികയാണ്.

അയിത്തം. തീണ്ടൽ തുടങ്ങിയ സാമൂഹിക അനാചാരങ്ങൾ അപ്രത്യക്ഷമായിട്ടുണ്ടെങ്കിലും ചില പുത്തൻ സാമൂഹ്യ ഉച്ചനീചത്വങ്ങൾ നില നിൽക്കുന്നതായി കാണാവുന്നതാണ്. പഞ്ചായ ത്തിലെ വിവിധ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുടെ നേതൃത്വത്തിലും പട്ടികജാതി വിഭാഗങ്ങളുടെ സാന്നിദ്ധ്യം ഇപ്പോഴും കുറവാണ്. തെരഞ്ഞെടുപ്പുകളിൽ സംവരണ മണ്ഡലങ്ങളിൽനിന്നു മാത്രമാണ് ഈ വിഭാഗക്കാർ തെരഞ്ഞെടുക്കപ്പെടുന്നതെന്ന് സാമാന്യമായി കാണാവുന്നതാണ്. വിവാഹനടത്തിപ്പിനും, സ്ത്രീധനം കൊടുക്കുന്നതിനുമായി ചില വ്യക്തികളെങ്കിലും തങ്ങളുടെ പരിമിതമായ ഭൂസ്വത്തു വിൽക്കുന്നതായും വലിയ കടബാധ്യത ഉണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തനതുകലകളുടെ സമ്പന്നമായ ഒരു പൈതൃകമുള്ള പട്ടികജാതി വിഭാഗക്കാർ ഇപ്പോഴും പഞ്ചായത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബലമായ വിഭാഗത്തിൽപ്പെടുന്നു എന്നത് നിസ്തർക്കമാണ്. 1996-97ൽ നിലനിൽക്കുന്ന IRDP ലിസ്റ്റിൽ ഏറ്റവും താഴെ തട്ടിലുള്ള വരിൽ 92 ശതമാമാനവും പട്ടികജാതി വിഭാഗത്തിൽപെടുന്നവരാണ്. വിവിധക്ഷേമ പ്രവർത്തനങ്ങളുടെ ഉപഭോക്തക്കളായി തെരഞ്ഞെടുക്കപ്പെടുന്ന ഈ വിഭാഗക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വളരേയേറെ തടസ്സങ്ങളുണ്ടാകാറുണ്ട്. സർക്കാർ ആപ്പീസുകളിലെ നടപടി ക്രമങ്ങളിലുണ്ടാകുന്ന കാലദൈർഘ്യവും, ഉദ്യോഗസ്ഥ മേധാവിത്വവും അവയിൽ പ്രാധാന്യമർഹിക്കുന്നു. ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പകൾകൾക്ക് പലപ്പോഴും ആവശ്യമില്ലാത്തതും, നടപ്പാക്കുവാൻ പറ്റാത്തതുമായ ജാമ്യങ്ങൾ ആവശ്യപ്പെടുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വായ്പകൾ തിരിച്ചടക്കുന്നതിൽ വരുന്ന ഗുരുതരമായ വീഴ്ചയും വായ്പകളുടെ ദുരുപയോഗവും ഇതിനനുബന്ധമായി കാണേണ്ടതാണ്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, ആത്മവിശ്വാസമില്ലായ്മ, ഗവണ്മെന്റ് നടപടികളിലെ അസുതാര്യത തുടങ്ങിയ കാരണങ്ങളാൽ ചിലപ്പോഴെങ്കിലും അർഹരായ ഗുണഭോക്താക്കൾ വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുമ്പോൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നുണ്ടെന്നത് വസ്തുതയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ സത്ഫലങ്ങൾ പങ്കുവക്കുന്നതിലൂടെ നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബലരായ ഈ ജനസമൂഹം ഏറെ ഉയർന്ന് വരുമെന്ന് പ്രത്യാശിക്കാം.

## *പ്രശ്നങ്ങൾ*

1. പട്ടികജാതി കോളനികളിലെ ഏറ്റവും രൂക്ഷമായ പ്രശ്നം കുടിവെള്ളത്തിന്റെ ലഭ്യതയാണ്. അതു പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

2. സ്വന്തമായി വീടോ വീടുവയ്ക്കാൻ സ്ഥലമോ ഇല്ലാത്ത കുടുംബങ്ങൾ എല്ലാ കോളനികളിലും ഉണ്ട്.

3. തൊഴിലില്ലായ്മ പട്ടികജാതി കോളനികളിലെ ഒരു പ്രധാന പ്രശ്നമാണ്.

4. സ്കൂളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

5. പല പദ്ധതികളിലും വർഷങ്ങൾക്ക് മുമ്പ് അനുവദിച്ചു കിട്ടിയ വീടുകൾ പോലും ജീർണ്ണതയിലാണ്. മേൽക്കൂരയെങ്കിലും പുതുക്കി പണിയുന്നതിനുള്ള സഹായം ലഭ്യമാക്കണം.

6. പട്ടികജാതി കോളനികളിൽ ഒന്നിലും ഒരു ബാലവാടിയോ അംഗൻവാടിയോ നിലവിലില്ല.

7. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

8. ശുചിത്വപൂർണ്ണമായ കക്കൂസ് ഇപ്പോഴും ഭൂരിപക്ഷം കുടുംബങ്ങൾക്കും ഇല്ലാത്തതുമൂലം പല സാംക്രമികരോഗങ്ങളും പകരുന്നതിന് കാരണമാകുന്നുണ്ട്.

സാദ്ധ്യതകൾ/നിർദ്ദേശങ്ങൾ

1. എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടി കിണർ കുഴിക്കൽ, കുഴൽ കിണർ, പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

2. കോളനികളിൽ എല്ലാ വീടുകളും വൈദ്യുതീകരിക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യണം.

3. പട്ടികജാതി വിഭാഗത്തിലെ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യവിദ്യാഭ്യാസ ക്ഷേമകാര്യങ്ങളിൽ മുഖ്യ പങ്കു വഹിക്കാനുതകുന്ന അംഗൻവാടികളോ ബാലവാടികളോ എല്ലാ കോളനികളിലും ആരംഭിക്കണം.

4. വീടോ സ്ഥലമോ ഇല്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിനുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകണം.

5. വനിതകൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഡി.ഡബ്ളിയു.സി.ആർ.എ യൂണിറ്റുകൾ ആരംഭിക്കുകയും ആയതിനുവേണ്ടി വനിതകൾക്ക് പരിശീലനം നൽകുകയും വേണം

6. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള ജാമ്യവ്യവസ്ഥകൾ ഉദാരമാക്കണം.

7. പട്ടികജാതിക്കാർക്കുവേണ്ടി ഒരു സഹഃസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

8. കോളനികളിൽ അന്തേവാസികളുടെ ചെറിയ തുണ്ട് ഭൂമികൾ സംരംക്ഷിക്കുന്നതിന് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം.

9. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സാംബവസമുദായാംഗങ്ങൾക്ക് നാട, മുള എന്നിവ ചുരുങ്ങിയ വിലക്ക് ലഭിക്കുന്നതിനും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സഹായകരമായി ഒരു മുള വിപണി സഹഃസംഘം രൂപീകരിക്കണം.

10. കോളനികളിലെ വിദ്യഭ്യാസ സാംസ്കാരിക രംഗത്ത് വളർച്ചയ്ക്ക് പങ്കു വഹിക്കാനുതകുന്ന ടെലിവിഷൻ സെറ്റുകൾ എല്ലാ കോളനികളിലും ലഭ്യമാക്കണം.

11. പട്ടികജാതിക്കാരുടെ ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കണം

12. കേളിപ്പാട്ട്ത്ത് താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾ വേനൽക്കാലത്തും വർഷക്കാലുത്തും മലിനമായ കുടിവെള്ളമാണ് ഉപയോഗിച്ചു വരുന്നത്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുകയും ശുദ്ധജലം കോളനിയിൽ എത്തിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയും വേണം

13. പട്ടികജാതി കുടുംബങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനുള്ള ബോധവൽക്കരണം നടത്തണം.

14. കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും പട്ടയം ലഭിക്കാനുള്ള നടപടികൾ ഉണ്ടാകണം.

15. കോളനികളിൽ അല്ലാത്ത ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

## പട്ടികജാതി കോളനികളുടെ വിവരങ്ങൾ

| കോളനിയുടെ പേര് | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | പുരുഷൻ | സ്ത്രീ | ഓടുമേഞ്ഞ വീടുകൾ | ജലസൗകര്യം | തെരുവ് വിളക്ക് | വൈദ്യുതീകരിച്ച വീടുകൾ | അലോപ്പതി ആശുപത്രി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | എസ്.എസ്.എൽ.സി തോറ്റവരുടെ എണ്ണം | എസ്.എസ്.എൽ.സിയും അതിനു മുകളിലും യോഗ്യതയുള്ളവർ | സർക്കാർ ജീവനക്കാർ | ഐ.ആർ.ഡി.പി വായ്പ ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | മറ്റു വായ്പകൾ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ചാക്കോച്ചിറ | 5 | 17 | 37 | 43 | 6 | പൈപ്പ് | – | 2 | ഉണ്ട് | – | – | 1 | 6 | 0 | 0 | 0 | 2 |
| ഈശാനിമംഗലം | 2 | 17 | 32 | 40 | 3 | കിണർ | – | 2 | – | – | – | 5 | 5 | 0 | 2 | 0 | 0 |
| കാഞ്ഞൂർ | 6 | 13 | 26 | 35 | 1 | പൈപ്പ് | – | 7 | ഉണ്ട് | – | – | 4 | 5 | 0 | 1 | 0 | 0 |
| കേളിപ്പാടം | 6 | 53 | 152 | 138 | 8 | കിണർ | – | 16 | ഉണ്ട് | – | – | 14 | 26 | 2 | 0 | 1 | 0 |
| മാട്ടുമല | 1 | 60 | 152 | 140 | 17 | ബോർ വെൽ | – | 28 | – | – | – | 10 | 13 | 0 | 3 | 0 | 5 |
| മാട്ടുമല ഈസ്റ്റ് | 1 | 18 | 34 | 33 | 4 | പൈപ്പ് | – | 4 | – | – | – | 2 | 4 | 1 | 1 | 0 | 4 |
| നരശില (ചെങ്ങാലൂർ) | 1 | 38 | 99 | 95 | 5 | കിണർ | – | 8 | – | – | – | 3 | 11 | 1 | 1 | 0 | 1 |
| രണ്ടാംകല്ല് | 4 | 92 | 228 | 203 | 9 | കിണർ | – | 55 | – | – | – | 21 | 47 | 12 | 3 | 0 | 3 |
| ശാന്തിനഗർ | 2 | 7 | 17 | 20 | 4 | പൈപ്പ് | – | 0 | – | – | – | 4 | 0 | 0 | 1 | 0 | 0 |
| സൂര്യഗ്രാമം | 1 | 35 | 103 | 98 | 6 | ബോർവെൽ | – | 12 | – | – | – | 8 | 18 | 4 | 1 | 0 | 3 |
| തരിശുപറമ്പ് | 3 | 20 | 37 | 41 | 1 | വെൽ | – | 6 | – | – | – | 4 | 14 | 1 | 0 | 0 | 0 |
| തെക്കേ തൊറവ് | 10 | 24 | 70 | 68 | 13 | പൈപ്പ് | – | 1 | – | – | – | 5 | 9 | 0 | 0 | 0 | 2 |
| വടക്കെ തൊറവ് | 9 | 76 | 177 | 208 | 11 | വെൽ | – | 28 | ഉണ്ട് | – | – | 8 | 35 | 8 | 2 | 0 | 4 |
| | | 470 | 1164 | 1162 | 88 | | | 169 | | | | 89 | 193 | 29 | 15 | 1 | 24 |

# സഹകരണം

പ്രശ്നങ്ങളുടെ ആധിക്യവും വിഭവത്തിന്റെ ദൗർലഭ്യവുമാണ് സഹകരണ ചിന്തകൾക്ക് തുടക്കമിടുന്നത്. കൂട്ടായ്മയിലൂടെ സ്വരൂപിക്കപ്പെടുന്ന വർദ്ധിച്ച തോതിലുള്ള ഉത്സാഹവും ആത്മധൈര്യവും അസാധ്യമെന്നു തോന്നിക്കുന്ന സംരഭങ്ങളെപ്പോലും ഉന്നതവിജയത്തിലെത്തിച്ച് ഒറ്റയാൻ ചിന്തകൾക്കു പകരം സമാന ചിന്താഗതിക്കാരുടെ ഒത്തുചേരൽ നിരവധി നൂതന ചിന്തകൾക്ക് തുടക്കം കുറിക്കുകയുണ്ടായിട്ടുണ്ട്.

പുതുക്കാട് പഞ്ചായത്തിലെ ആദ്യസഹകരണ സംഘം രൂപീകൃതമാകുന്നത് 1947 ജനുവരി 20 നാണ്. 1113ലെ പരസ്പര സഹായ സംഘം ആക്ട് പ്രകാരം 580-ാം നമ്പർ ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ പ്രവർത്തന പരിധി തൊറവ് വില്ലേജിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നു. ശ്രീകണ്ണത്ത് കൊച്ചന്തോണി, ശ്രീ. പി.സി. അന്തോണി, ശ്രീ. സി.ജി. ജനാർദ്ദനൻ, ശ്രീ. സി.എൽ. ഔസേഫ്, ശ്രീ. സി.സി. ഔസേഫ്, ശ്രീ. എം.ആർ. ജോസഫ്, ശ്രീ. കെ.പി. പൈലോത് എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. ഗ്രാമത്തിലെ കർഷകർക്ക് ആശ്വാസമെത്തിക്കുകയും അവരുടെ കൂട്ടായ്മക്ക് ഒരു വേദിയൊരുക്കുക എന്നതുമായിരുന്നു പ്രധാന ലക്ഷ്യം. 1967 ജനുവരി മുതൽ ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ചെങ്ങാലൂർ വില്ലേജിനെ കൂടി ഉൾപ്പെടുത്തി അതിന്റെ പ്രവർത്തനമേഖല വികസിപ്പിച്ചു. 1979 ഏപ്രിൽ മാസം 23-ാം തീയതി മുതലാണ് ഈ സ്ഥാപനം സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തികൊണ്ട് അതിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ വൈപുല്യം നേടിയത്. പുതുക്കാട് പഞ്ചായത്തിലെ ഏക ക്രെഡിറ്റ് സഹകരണസ്ഥാപനമായ ഈ ബാങ്കിന് 1989 മുതൽ ചെങ്ങാലൂരിൽ ഒരു ശാഖ കൂടി തുടങ്ങാൻ കഴിഞ്ഞത് ഈ സ്ഥാപനത്തിന്റെ വളർച്ചയുടെ ഒരു പടവുകൂടി കയറിയതിന്റെ ഭാഗമായിട്ടാണ് തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ ജനതയുടെ കാർഷിക-കാർഷികേതര ആവശ്യങ്ങൾ നിറവേറ്റുന്ന സുപ്രധാന സ്ഥാപനമെന്നനിലയിൽ പുതുക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ വളർച്ച അസൂയാവഹമാണ്. സമാഹരിച്ച നിക്ഷേപത്തിൽ ഗണ്യമായ തുക വായ്പയായി നൽകികൊണ്ട് ഈ സ്ഥാപനം അതിന്റെ ജനകീയ ഇഛാശക്തി പ്രതിഫലിപ്പിക്കുന്നുണ്ട്.

7382 അംഗങ്ങളും 338 ലക്ഷം രൂപ നിക്ഷേപവും 280 ലക്ഷം രൂപ വായപയും നൽകികൊണ്ട് 12 ലക്ഷം രൂപ അറ്റാദായം നേടിയെടുക്കാൻ കഴിഞ്ഞത് ഈ സ്ഥാപനത്തിന്റെ അസൂയാവഹമായ വളർച്ചയെ സൂചിപ്പിക്കുന്ന ഘടകങ്ങളാണ്.

## പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക്

| | | | |
|---|---|---|---|
| 1. | ആകെ അംഗങ്ങൾ | – | 7352 |
| 2. | നിക്ഷേപം | – | 337.90 ലക്ഷം രൂപ |
| 3. | കാർഷിക വായ്പ | – | 26.09 ലക്ഷം രൂപ |
| 4. | കാർഷികേതര വായ്പ | – | 234.87 ലക്ഷം |
| 5. | മറ്റു വായ്പകൾ | – | 19.45 ലക്ഷം |
| 6. | ജീവനക്കാരുടെ എണ്ണം | | 16 |
| 7. | ശാഖകളുടെ എണ്ണം | | 1 |
| 8. | ഓഹരി മൂലധനം | – | 12.28 ലക്ഷം |

മറ്റു സഹകരണ ബാങ്കുകളിൽനിന്നും വ്യത്യസ്ഥമായി ഈ സ്ഥാപനം കാർഷികേതര വ്യവസായ സംരംഭങ്ങളെ കൂടി പ്രോത്സാഹിപ്പിക്കുന്നതായി കാണാം. ലാഭമുണ്ടാക്കുന്ന ഒരു സംഘമെന്ന സൽപേരും ഈ സ്ഥാപനത്തിന്റെ നേട്ടം തന്നെ.

നോൺ ക്രെഡിറ്റ് സ്ഥാപനങ്ങളിൽ പ്രധാനമായിട്ടുള്ളത് പുതുക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘമാണ്. രണ്ട് പതിറ്റാണ്ടു മുമ്പ് സ്ഥാപിതമായ ഈ സംഘം ക്ഷീരോൽപ്പാദക സംരംഭങ്ങളിൽ അറിയപ്പെടുന്ന ഒന്നായിരുന്നു. എന്നാൽ അടുത്തകാലത്തായി ഇതിന്റെ പ്രവർത്തനം ശോച്യാവസ്ഥയിലാണ്. പാലുൽപാദകരുടെ എണ്ണത്തിൽ വന്ന കുറവും പാലിന്റെ വില നിലവാരത്തിലെ ഏറ്റകുറച്ചിലും, മൃഗങ്ങളുടെ വളർത്തുതീറ്റക്കൂലിയിൽ വന്ന ഗണ്യമായ വർദ്ധനവും ശോച്യാവസ്ഥയുടെ കാരണങ്ങളാണ്. ഇപ്പോൾ 704 അംഗങ്ങളാണ് ഈ സംഘത്തിലുള്ളത്. പ്രതിദിനം 40 ലിറ്റർ പാൽ ഈ സ്ഥാപനത്തിൽ ശേഖരിക്കപ്പെടുന്നു. ഒരു കാലത്ത് പ്രതിദിനം 800 ലിറ്റർ പാൽ ഈ സ്ഥാപനത്തിൽ അളക്കാറുണ്ട്.

## *മറ്റു സഹകരണ സംരംഭങ്ങൾ*

1. ചെങ്ങാലൂർ പ്രിയദർശിനി ഹരിജൻ മഹിളാ സമാജം ചെരുപ്പുനിർമ്മാണം ഏറ്റെടുത്ത് നടത്തുന്ന ഒരു സഹകരണസംഘമാണ്. SCP പദ്ധതി പ്രകാരം 4 കൊല്ലം മുമ്പ് ആരംഭിച്ച ഈ സംരംഭത്തിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമായി നടക്കുന്നു. 15 വനിതകൾക്ക് ഈ സംരംഭം മുഖാന്തിരം തൊഴിൽ ലഭിക്കുന്നു.

2.ഖാദി നെയ്ത്തുമായി ബന്ധപ്പെട്ട് ചെങ്ങാലൂരിലും, കാഞ്ഞൂരിലും, പുതുക്കാട്ടുമായി പ്രവർത്തിച്ചിരുന്ന 3 സഹകരണസംരംഭങ്ങളുടെ പ്രവർത്തനം ഏതാണ്ട് നിലച്ച അവസ്ഥയിലാണ്.

3. സഹകരണമേഖലയിലെ മറ്റൊരു സ്ഥാപനമായിരുന്ന Handmade paper Millsന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്നു.

4.വടക്കെ തൊറവിലുള്ള കല്ലൊര വ്യവസായ സഹകരണ സ്ഥാപനം സജീവമല്ലെങ്കിലും പ്രവർത്തനം നിലച്ചിട്ടില്ല.

## പ്രശ്നങ്ങൾ

1. കാർഷികമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ധനവിനിയോഗം ഫലപ്രദമല്ല.

2. നിരവധി സഹകരണ സംഘങ്ങളുടെ തിരോധാനം ഈ മേഖലയിലുള്ള വിശ്വാസം ഇടിയാൻ കാരണമായിട്ടുണ്ട്.

3. ഒരു ശാഖയുള്ള പുതുക്കാട് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല ഇനിയും വികസിക്കേണ്ടതുണ്ട്.

4. നിരവധി സഹകരണ സ്ഥാപനങ്ങൾ നശിച്ചുപോയിട്ടുള്ളത് മാനേജ്മെന്റിന്റെ കാര്യക്ഷമത കുറവുകൊണ്ടാണ്.

5.വിപണനത്തിന്റെ സാധ്യത പരിശോധിക്കാതെ തുടങ്ങുന്ന സംരംഭങ്ങൾക്ക് പിടിച്ചു നിൽക്കാനാകുന്നില്ല.

6. പുതിയ മേഖലകളിലേക്കു കാര്യക്ഷമമായി കടന്നു കയറാനുള്ള ആത്മധൈര്യകുറവ് സഹകരണ രംഗത്തെ പുതിയ സാദ്ധ്യതകളെ തടഞ്ഞു നിർത്തുന്നു.

## സാധ്യതകൾ/ പരിഹാരങ്ങൾ

1. പുതിയ സഹകരണ സംരംഭങ്ങളുടെ ആലോചനകൾക്ക് തുടക്കം കുറിക്കണം. വിഭവ സ്രോതസ്സുകളുടെ ഇല്ലായ്മയിൽ നിന്നും ഉദയം കൊള്ളുന്ന പ്രായോഗിക സമീപനമാകണമത്.

2.കാർഷികമേഖലയിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഓരോ കർഷകന്റെയും മൊത്തം ആവശ്യം പരിഗണിച്ചുകൊണ്ടുള്ള സാമ്പത്തിക സഹായം സമാന സമയങ്ങളിൽ തന്നെ ലഭ്യമാക്കണം.

3. നിലവിലുണ്ടായിരുന്ന ഖാദിമേഖല സഹകരണ സ്ഥാപനങ്ങളുടെ ഇല്ലായ്മയുടെ കാരണങ്ങൾ തിരക്കുകയും അവയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കുന്ന പ്രായോഗിക നടപടികൾ ഉണ്ടാക്കുകയും വേണം.

4. ഉപ്പേരി നിർമ്മാണം, സോപ്പു നിർമ്മാണം, തയ്യൽ പരിശീലനം, അച്ചാർ നിർമ്മാണം, തുടങ്ങിയ ചെറുകിട സംരംഭങ്ങൾക്ക് നിരവധി സാധ്യതകളുണ്ട്. തൊഴിലില്ലാത്ത വനിതകൾക്ക് സ്വയം പര്യാപ്തത പ്രദാനം ചെയ്യുന്ന ഇത്തരം വേദികളെ പരമാവധി പ്രോത്സാഹിപ്പിക്കണം.

5. ക്ഷീരസംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികളുണ്ടാക്കണം. പാലുൽപ്പാദകർക്ക് ന്യായവിലയും ബോണസും നൽകി അവരെ പ്രോത്സാഹിപ്പിക്കുകയും കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയും ചെയ്താൽ ഏറെ സാധ്യതയുള്ള മേഖലയാണിത്.

6. സഹകരണസംഘത്തിന്റെ പ്രവർത്തനമേഖലകൾ വൈവിധ്യമുള്ളതാക്കി തീർക്കുക.

7. കൺസ്യൂമർ സാധനങ്ങൾ ആവശ്യക്കാർക്ക് ന്യായവിലക്ക് വിറ്റഴിക്കാൻ കഴിയുന്ന വിധത്തിൽ പഞ്ചായത്ത് നിലവാരത്തിൽ ഒരു കൺസ്യൂമർ സൊസൈറ്റിക്ക് രൂപം നൽകുക.

8. കാർഷിക ഉൽപ്പന്നങ്ങളെ അസംസ്കൃതമാക്കിയുള്ള വ്യാവസായിക സംരംഭങ്ങളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഉദാ: നാളികേര സംസ്കരണം, സോപ്പു നിർമ്മാണം മുതലായവ

9. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

10. പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, കപ്പ മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഗ്രാമീണ ജനതയുടെ ഉന്നമനത്തിന് ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുകയും വേണം.

# വിഭവസമാഹരണം

വികസനരംഗത്ത് വളരെ ഗൗരവമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. വികസനത്തിന് വിഘാതമായി നിൽക്കുന്നത് വിഭവങ്ങളുടെ അപര്യാപ്തതയാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകളുടെ വിഭവസമാഹരണ ഉറവിടം പ്രധാനമായും നികുതികളാണ്. ജീവിതസാഹചര്യങ്ങളോട മല്ലടിക്കുന്ന ഒരു ജനത അധികനികുതി നിർദ്ദേശങ്ങളെ നിരാകരിക്കുവാൻ ശ്രമിക്കുക എന്നത് സ്വാഭാവികമാണ്. എന്നാൽ വികസന പ്രവർത്തനങ്ങളുടെ മുന്നുപാദി വിഭവ ലഭ്യതയാണെന്നുള്ളതുകൊണ്ടു തന്നെ പൊതുനൻമയെന്ന ചിന്തക്ക് സാമൂഹ്യ അംഗീകാരം നേടിയെടുത്ത് വിഭവസമാഹരണത്തിന് വഴിയൊരുക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ നികുതി നിർദ്ദേശങ്ങളുടെ സുതാര്യത അത്യന്താപേക്ഷിത ഘടകമാണ്. താനുൾപ്പെടെയുള്ള സമൂഹത്തിന്റെ നിർമ്മാണത്തിനായുള്ള വിലയേറിയ സംഭാവനയാണ്. താൻ നൽകുന്നതെന്ന് ചിന്തിക്കുന്ന മനസ്സുകളെ സൃഷ്ടിക്കുവാനുള്ള ബോധവൽക്കരണമാണ് ഇവിടെ ഏറെ പ്രസക്തമായിട്ടുള്ളത്.

രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നൊരു പഞ്ചായത്താണ് നമ്മുടേത്. വൻകിട വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ പുതുക്കാട് പഞ്ചായത്തിലില്ല. സ്വതവേ ദുർബലമായ കാർഷികമേഖലയിൽ അധികനികുതി ചുമത്തുന്നതിന് സാധ്യതകളുമില്ല. ഈ സാഹചര്യത്തിൽ പുതിയ വരുമാന സ്രോതസ്സുകളെ കണ്ടെത്തുകയും, നികുതിപിരിവ് കാര്യക്ഷമവും കൂടുതൽ ജനകീയമാക്കുകയും മാത്രമാണ് കരണീയമായിട്ടുള്ളത്. പഞ്ചായത്തിന്റെ തനതായ വരുമാനത്തിൽ പ്രധാനമായവ കെട്ടിട നികുതിയും തൊഴിൽനികുതിയുമാണ്. ഈ വരുമാനമാകട്ടെ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ നാലിൽ ഒന്നു മാത്രമാണ്. 1995-96 വർഷത്തെ വരുമാന വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ഇനം | വരുമാനം | ശതമാനം |
|---|---|---|
| കെട്ടിടനികുതി | 321182-00 | 12-68 |
| തൊഴിൽനികുതി | 280490-00 | 11-07 |
| വിനോദനികുതി | 56287-00 | 2-24 |
| മറ്റു നികുതികൾ | 142983-00 | 5-65 |
| സർക്കാർ ഗ്രാന്റുകൾ | 1731378-00 | 68-36 |
| ആകെ | 2532320-00 | 100-00 |

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ 30% മാത്രമാണ് പഞ്ചായത്തിൽനിന്നും ശേഖരിക്കപ്പെടുന്നത്. സർക്കാർ ഗ്രാന്റുകളും സഹായങ്ങളും 70% വരുന്നു. കഴിഞ്ഞ 5 വർഷക്കാലത്തെ നികുതി വരുമാനം പരിശോധിക്കുമ്പോൾ ഗ്രാന്റ് ഒഴികെയുള്ള വരുമാനത്തിൽ വർദ്ധനവിന്റെ സൂചനകൾ ഉണ്ടെങ്കിലും മൊത്തം വരുമാനത്തിന്റെ തോതുമായി ബന്ധിപ്പിക്കുമ്പോൾ നിസ്സാരമാണെന്ന് കാണാൻ കഴിയും.

| വർഷം | നികുതിവരുമാനം |
|---|---|
| 1991-92 | 5,54,117-00 |
| 1992-93 | 5,41,801-00 |
| 1993-94 | 6,52,347-00 |
| 1994-95 | 7,36,506-00 |
| 1995-96 | 8,00,942-00 |

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചിലവിനം എസ്റ്റാബ്ലിഷ്മെന്റ് തന്നെയാണ്. അവശേഷിക്കുന്ന സംഖ്യ മുഖ്യമായും റോഡ് നിർമ്മാണമടക്കമുള്ള പൊതുമരാമത്ത് ചിലവുകൾക്ക് നീക്കിവെക്കുന്നു. വികസന തുറകളിൽ ഉൽപ്പാദനമേഖലക്ക് പരിഗണന ലഭിക്കാറേയില്ല. പഞ്ചായത്തിന്റെ 1995-96 സാമ്പത്തിക വർഷത്തെ ചിലവുകൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | സംഖ്യ |
|---|---|---|
| 1 | ഭരണചെലവ് | 5,61,823–00 |
| 2 | പൊതുമരാമത്ത് | 4,71,917–00 |
| 3 | വിദ്യാഭ്യാസം | 75,683–00 |
| 4 | ജലവിതരണം | 29,020–00 |
| 5 | തെരുവുവിളക്കുകൾ | 131,952–00 |
| 6 | മറ്റു ചിലവുകൾ | 94380–00 |
| | ആകെ | 1364775–00 |

ജനകീയാസൂത്രണ സന്ദേശം ഏറ്റു വാങ്ങുന്നതിലൂടെ നമ്മുടെ വികസന ചേരുവകളിൽ ഒരു വഴിമാറി ചിന്തിക്കൽ അനിവാര്യമായി വരും. ഗ്രാമീണ വികസനത്തിൽ റോഡുകൾക്കുള്ള അതിനിർണ്ണായകമായ പങ്കിനെ തിരസ്ക്കരിക്കാനാവില്ല. എന്നാൽ സമ്പത്തുൽപ്പാദനതുറകളെ പരിപോഷിപ്പിക്കാതെ നിലനിൽപ്പില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്ന നാം പുതിയ വരുമാന സ്രോതസ്സുകളെ തേടിയുള്ള പ്രയാണം ആരംഭിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ചിലവിനങ്ങളിലെ മുൻഗണന തീരുമാനിക്കുന്ന കാര്യത്തിലും ഒരു ഗതിമാറ്റം അനിവാര്യമായേക്കും. ഭരണചിലവിന്റെ വർദ്ധനവും, ഉയർന്ന തോതും ഒഴിവാക്കുവാൻ കഴിയുന്നതല്ല. അധികവരുമാനങ്ങളെ കണ്ടെത്തുകയും, അവ പ്രത്യുൽപ്പാദനമേഖലകളിലെ വിന്യാസത്തിനായി വിനിയോഗിക്കുകയും ചെയ്യാമെന്ന കാലഘട്ടത്തിന്റെ ആവശ്യം ജനതയുടെ വിശ്വാസ പ്രമാണമാകുന്ന വിധത്തിലുള്ള ബോധവൽക്കരണം അനിവാര്യമായിരിക്കുന്നു.

## *ധനകാര്യസ്ഥാപനങ്ങൾ*

സാമൂഹ്യസമ്പത്തിന്റെ കേന്ദ്രീകൃത ഉടവിടങ്ങളായ താഴെ പറയുന്ന ധനകാര്യസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ തൊറവ് ബ്രാഞ്ച്
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പുതുക്കാട് ബ്രാഞ്ച്
3. നെടുങ്ങാടി ബാങ്ക് ലിമിറ്റഡ് പുതുക്കാട് ബ്രാഞ്ച്
4. സൗത്ത് ഇന്ത്യൻ ബാങ്ക്, പുതുക്കാട് ബ്രാഞ്ച്
5. തൃശൂർ ജില്ലാ സഹകരണ ബാങ്ക്, പുതുക്കാട് ബ്രാഞ്ച്
6. പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക്, പുതുക്കാട്
7. പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക്, (ചെങ്ങാലൂർ ബ്രാഞ്ച്).

കൂടാതെ നിരവധി സ്വകാര്യ സ്ഥാപനങ്ങളും സംരംഭങ്ങളും ഈ പഞ്ചായത്തിലെ ധനകാര്യ വിനിമയരംഗത്ത് പ്രവർത്തിച്ചുവരുന്നു.

മേൽപറഞ്ഞ സ്ഥാപനങ്ങൾ പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. പുതുക്കാട് സർവ്വീസ് സഹകരണബാങ്കിന്റെ 2 ശാഖകളും കൂടി 4 കോടി രൂപയോളം നിക്ഷേപം സമാഹ

രിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളും, മാർക്കറ്റിംഗ് സാങ്കേതിക വിദ്യയും കൂടുതലായുള്ള മറ്റു കമേഴ്സ്യൽ ബാങ്കുകളെല്ലാം വൻ തുക നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സർവ്വീസ് സഹകരണബാങ്കൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളും നിക്ഷേപത്തിന്റെ ചെറിയൊരളവുമാത്രമേ പഞ്ചായത്തതിർത്തിയിൽ വായ്പകളായി നൽകുന്നുള്ളു. ബാക്കി തുകയെല്ലാം ഈ പഞ്ചായത്തിനു പുറത്തും, മറ്റു സംസ്ഥാനങ്ങളിൽ പോലുമാണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്. വിഭവ ദാരിദ്ര്യത്താൽ വികസനം വഴിമുട്ടുന്ന ഒരു പ്രദേശത്താണ് ഇത്തരം വിരോധാഭാസങ്ങൾ അരങ്ങേറുന്നത്. നീതീകരണവും, വിജയസാധ്യതകളുമില്ലാത്ത സംരംഭങ്ങളെ സഹായിക്കാൻ പ്രയാസമാണെന്ന നിലപാടാണ് ധനകാര്യസ്ഥാപനങ്ങളുടേത്. എന്നാൽ ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാവരും സാമൂഹ്യ നൻമയെന്ന കേന്ദ്രബിന്ദുവിനെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സമവായത്തിനും, വിട്ടുവീഴ്ചക്കും തയ്യാറാകേണ്ടിവരും. എങ്കിൽ മാത്രമേ നാടിന്റെ വികസനം സാക്ഷാൽക്കരിക്കപ്പെടുകയുള്ളു.

## *മനുഷ്യവിഭവം*

കേരളത്തിലെന്നപോലെ നമ്മുടെ പഞ്ചായത്തിലും സുലഭമായ ഒന്നാണ് മനുഷ്യാദ്ധ്വാനം. തൊഴിലില്ലാത്തവരുടെ കൃത്യമായ കണക്ക് ലഭ്യമല്ലെങ്കിലും തൊഴിലെടുക്കാൻ സന്നദ്ധരായവരിൽ ഗണ്യമായ വിഭാഗത്തിനും തൊഴിൽ സാദ്ധ്യതകളില്ലാതെ മനുഷ്യാദ്ധ്വാനം വൃഥാവിലാകുന്നു എന്ന യാഥാർത്ഥ്യം അംഗീകരിക്കേണ്ടിവരും. പണത്തിന്റെയും, സമ്പത്തിന്റെയും അപര്യാപ്തതയാൽ നരകിക്കുന്ന നമുക്ക് മനുഷ്യന്റെ ശാരീരികവും, മാനസികവും, ബുദ്ധിപരവുമായ കഴിവുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുതിയ വികസനശീലുകൾക്ക് തുടക്കം കുറിക്കുവാൻ കഴിയണം. റോഡു നിർമ്മാണം, അറ്റകുറ്റപണികൾ, സംരക്ഷണ പ്രവർത്തനം, ആരോഗ്യകേന്ദ്രങ്ങളുടെ സംരക്ഷണം, വിദ്യാഭ്യാസരംഗത്തെ പുനഃനിർമ്മാണം എന്നിവയൊക്കെ ശ്രമദാനത്തിലുടെയും, മനുഷ്യവിഭവങ്ങളുടെ പ്രയോഗത്താലും നേടിയെടുക്കാനായാൽ നമ്മുടെ പരിമിതമായ വിഭവത്തെ മറ്റ് ഉൽപാദനമേഖലകളിൽ നിക്ഷേപിക്കുവാൻ കഴിയും. ഈ ദിശയിലുള്ള നിരവധി നിർദ്ദേശങ്ങളും വാഗ്ദാനങ്ങളും ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്.

## *സാധ്യതകൾ*

1. വാർഡുതലത്തിൽ വികസനസമിതികളുണ്ടാക്കി വികസനപ്രവർത്തനങ്ങൾ അത്തരം സമിതികളെ ഏൽപിക്കുക. കോൺട്രാക്ട് സമ്പ്രദായം മൂലമുണ്ടാകുന്ന ദുർവ്യയം ലഘുകരിക്കാൻ ഇത് സഹായകമാകും. ഒരു ലക്ഷം രൂപക്കു താഴെ ചിലവു വരുന്ന പദ്ധതികളെങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

2.ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന സഹോദരങ്ങളുടെ നിക്ഷേപം പൂർണ്ണമായും നമ്മുടെ നാടിന്റെ വികസനത്തിനായി നീക്കിവെക്കുവാൻ പദ്ധതികളുണ്ടാക്കുക. ഗൾഫ് പണത്തെ സഹകരണബാങ്കുകൾക്കു കൂടി സ്വീകരിക്കുവാൻ അനുവാദമുണ്ടാക്കണം. അതുപോലെതന്നെ ഗൾഫ് പണത്തെ ഉൽപാദനമേഖലകളിൽ നിക്ഷേപിക്കുവാൻ വേണ്ട സാമൂഹ്യസമ്മർദ്ദം ബോധവൽക്കരണത്തിലൂടെ ഉയർത്തിക്കൊണ്ടുവരിക.

3. വിജയസാദ്ധ്യതയില്ലെന്നു പറഞ്ഞ് വായ്പ തിരസ്ക്കരിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്തണം. ധനകാര്യ സ്ഥാപനങ്ങളുടെ ഉൽക്കണ്ഠ മാറ്റിയെടുത്ത് കൂടുതൽ വായ്പ നൽകുവാൻ അവരെ പ്രേരിപ്പിക്കണം. ധനകാര്യ സ്ഥാപനങ്ങളേയും വായ്പാ ആവശ്യക്കാരേയും ബന്ധിപ്പിക്കുന്ന കണ്ണിയാകാൻ പഞ്ചായത്തു ഭരണസമിതി മുൻകയ്യെടുത്തു പ്രവർത്തിക്കണം.

4. നിലവിലുള്ള നികുതികൾ പരിഷ്ക്കരിക്കുന്നതിലൂടെയും, പുതിയനികുതികൾ ചുമത്തുന്നതിലൂടെയും കൂടുതൽ വിഭവങ്ങൾ കണ്ടെത്താനാകും. നികുതിവാങ്ങുന്നവരും കൊടുക്കുന്നവരും എന്ന ബന്ധം വിട്ട് ഒരു പൊതുലക്ഷ്യം നേടാനുള്ള കൂട്ടായ സംരംഭം എന്ന നിലയിലേക്ക് നികുതി പിരിവിനെ മാറ്റുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. താഴെ പറയുന്ന അധികമവരുമാന സാദ്ധ്യതകളെ കുറിച്ച് ആലോചിക്കാവുന്നതാണ്.

## *വീട്ടുനികുതി*

യഥാർത്ഥനിർമ്മാണച്ചിലവു കണക്കാക്കി നികുതി ചുമത്തുവാൻ കഴിയണം. സാധാരണ വീടുകളും, ആഡംബര രീതിയിൽ പണി തീർത്തിട്ടുള്ള വീടുകളും തരം തിരിച്ച് സ്ലാബ് അടിസ്ഥാനത്തിൽ നികുതി ചുമത്തുക വഴ വരുമാനം വർദ്ധിപ്പിക്കുവാൻ സാദ്ധ്യതകളുണ്ട്.

## *വിനോദനികുതി*

വിനോദനികുതി സമാഹരണം കാര്യക്ഷമമാക്കുകയും, ടി.വി., കേബിൾ ടി.വി. എന്നിവക്ക് നികുതി ഈടാക്കുകയും ചെയ്യാവുന്നതാണ്.

## *തൊഴിൽനികുതി*

നിലവിൽ തൊഴിൽനികുതി ചുമത്താതെ പോകുന്ന സ്വകാര്യമോട്ടോർ വാഹന തൊഴിലാളികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

## *മദ്യഷാപ്പുകൾ*

വിദേശമദ്യഷാപ്പുകൾ, കള്ളുഷാപ്പുകൾ എന്നിവയുടെ ലൈസൻസ് രീതി പരിഷ്ക്കരിച്ച് പുതിയ നികുതി സാധ്യതകൾ സൃഷ്ടിക്കാവുന്നതാണ്.

## *ധനവ്യവസായസ്ഥാപനങ്ങൾ*

സ്വകാര്യ ധനവ്യവസായ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ സമ്പ്രദായം ഏർപ്പെടുത്തി ഫീസ് ഈടാക്കാവുന്നതാണ്.

പഞ്ചായതിർത്തിയിൽ നിലവിലുള്ളതും മറ്റു സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലങ്ങളിലെ ആദായമെടുക്കുന്നതിനുള്ള അധികാരം (ലേലം മുതലായവ) പഞ്ചായത്തുകൾക്ക് നൽകുക വഴി വരുമാനമായി വർദ്ധിപ്പിക്കാവുന്നതാണ്.

വണ്ടിപ്പേട്ട ലൈസൻസ്, ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള മോട്ടോർ വാഹനങ്ങളുടെ പഞ്ചായത്തുതല രജിസ്ട്രേഷൻ എന്നിവക്ക് നിയമപ്രാബല്യം നൽകി ഫീ സമാഹരിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

കൂടാതെ പഞ്ചായത്താഫീസ് കോമ്പൗണ്ടിൽതന്നെ മുൻവശത്ത് നാഷണൽ ഹൈവേയോട് ചേർന്ന് ഒരു ഷോപ്പിംഗ് കോംപ്ലക്സും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുകയും മുറികൾ വാടകക്ക് കൊടുക്കുകയും ചെയ്യാവുന്നതാണ്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുവേണ്ടി ഒരു ഉൽപാദനമൂലധന ഫണ്ട് സ്വരൂപിച്ച് നിർമ്മാണ ലക്ഷ്യം നേടാവുന്നതുമാണ്.

വികസനരംഗത്ത് ഇന്ന് നിലനിൽക്കുന്ന മുരടിപ്പും സാമ്പത്തികരംഗത്തെ തളർച്ചയും നാടിന്റെ നിലനിൽപ്പിനുതന്നെ വെല്ലുവിളിയും ഉയർത്തുന്ന സ്ഥിതിവിശേഷം മാറ്റിയെടുക്കുന്നതിന് പ്രാദേശിക വിഭവസമാഹരണവും, അതിന്റെ പൂർണ്ണതയിലുള്ള വിനിയോഗവും അനിവാര്യമാണ്. മേൽസൂചിപ്പിച്ച വിഭവസമാഹരണസാദ്ധ്യതകൾ ചൂഷണം ചെയ്തും, വികസനരംഗത്തെ 9–ാം പദ്ധതിയുമായി ബന്ധപ്പെട്ട് നാം പ്രതീക്ഷിക്കുന്ന ദിശാമാറ്റവും ഈ രംഗത്ത് ഗണ്യമായ മാറ്റങ്ങളുണ്ടാക്കുന്നതിന് പര്യാപ്തമാണ് എന്നതും പക്ഷാന്തരമില്ലാത്ത സംഗതിയാണ്.

# വികസന റിപ്പോർട്ട്
# ഉപസംഹരിക്കുന്നതിനുമുമ്പ്
# ഒരു വാക്ക്

സമയ പരിധിയ്ക്കകത്തുനിന്നുകൊണ്ട്
വിവിധ മേഖലകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുക
എന്നത് ശ്രമകരമായ ദൗത്യമായിരുന്നു.

യുദ്ധകാല വേഗത്തിൽ റിപ്പോർട്ട് എഴുതിച്ചേർത്തപ്പോൾ
സംഭവിക്കാനിടവന്നേക്കാവുന്ന കുറവുകളും വീഴ്ചകളും
വികസന സെമിനാറിൽ വെച്ച് ചർച്ച ചെയ്ത്
നമുക്ക് പരിഹരിക്കാം.

ഊണും ഉറക്കവുമുപേക്ഷിച്ച് വികസനറിപ്പോർട്ടിന്റെ
രചനയ്ക്കാധാരമായ വിവരം നൽകിയവരും
റിപ്പോർട്ട് എഴുതിത്തീർക്കാൻ സഹായിച്ചവരും നിരവധിയാണ്.

സഹകരിച്ച ഏവർക്കും നന്ദി.

തുടർപ്രവർത്തനങ്ങളിൽ
പൂർണ്ണ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം


**കെ.ജെ. ജോജു**
കൺവീനർ

ജനകീയാസൂത്രണ സമിതി
പുതുക്കാട് ഗ്രാമപഞ്ചായത്ത്


കേരളം
തൃശൂർ ജില്ല

# തൃക്കൂർ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണ പ്രസ്ഥാനം



വികസനരേഖ 1996

431

# തൃക്കൂർ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണ പ്രസ്ഥാനം


## വികസന രേഖ 1996

### ഉള്ളടക്കം


*ആമുഖം*
*പഞ്ചായത്ത് പൊതുവിവരങ്ങൾ*
*സാമൂഹ്യസാംസ്കാരിക ചരിത്രം*
*ഭൂപ്രകൃതിയും ജലലഭ്യതയും, ജനപ്രകൃതിയും*
*വികസന തുറകൾ - അവലോകനം*


### വികസനരേഖ രചനയിൽ പങ്കെടുത്തവർ


*ഷൈൻ കെ.ആർ (പഞ്ചാ. ജോ. കൺവീനർ)*
*മോഹൻ സി. ഊരാത്ത്*
*മോഹൻദാസ് കളരിയ്ക്കൽ*
*ജോൺ കെ.വി. (ബേബി റോസ്ഹൗസ്)*
*മാത്യു ഉമ്മർ (കൃഷി ഓഫീസർ)*
*മുഹമ്മദ് ഷാഫി (വെറ്റി. സർജൻ)*
*ശങ്കരൻ എൻ.ആർ. (കൃഷി അസിസ്റ്റൻറ്)*
*ഇ. രാമകൃഷ്ണൻ ( കൃഷി അസിസ്റ്റൻറ്)*
*സിദ്ധാർത്ഥൻ ( കൃഷി അസിസ്റ്റൻറ്)*
*ശങ്കരൻ കുട്ടി ( റിട്ട. ഇൻജിനീയർ)*
*ഷംസുദ്ദീൻ*
*സാദിക് എ.സ്*
*സാബു*
*ഗംഗാധരൻ എസ്*
*രാഘവൻ മാസ്റ്റർ - (കവർ ചിത്രം)*
*പഞ്ചായത്ത് സ്റ്റാഫ്*


തൃക്കൂർ പഞ്ചായത്ത്
റോഡ് മേപ്പ്

# ആമുഖം

ജനാധിപത്യത്തിൻേറയും വികസനത്തിൻേറയും അധികാരവികേന്ദ്രീകരണത്തിൻേറയും ആവേശകരമായ സാഹസിക യജ്ഞത്തിന് പുതിയ പഞ്ചായത്തീരാജ് നിയമം കളമൊരുക്കുയാണ്. പാർലിമെൻറ് പാസ്സാക്കിയ പഞ്ചായത്തീരാജ് ഭരണഘടനാ ഭേദഗതി ബീല്ലിൽ 1993 ഏപ്രിൽ 20 ന് രാഷ്ട്രപതി ഒപ്പു വച്ചു. ഭരണത്തിൻെറ ചെങ്കോലേന്തുവാൻ ഇന്നാട്ടിലെ സാധാരണക്കാരിൽ സാധാരണക്കാരന് അവസരം പ്രദാനം ചെയ്തുകൊണ്ട് ഭാരത ഭാഗ്യവിധാതാവാക്കിത്തീർക്കുന്നതിന് ഇതിലൂടെ നാന്ദി കുറിച്ചിരിക്കുന്നു. ഭാരതത്തിൻെറ സുഹൃത്തും മഹത്വരവുമായ ആസൂത്രണപ്രക്രിയയിൽ നാട്ടിലുടനീളമുള്ള പൗരന്മാരുടെ അഭിപ്രായപ്രകടനത്തിനും തദ്ദേശിയമായ വിഭവസമാഹരണത്തിനും പ്രതിഭാ പ്രകടനത്തിനും വേദിയൊരുക്കേണ്ടതുണ്ടെന്നാണ് പഞ്ചായത്തീരാജ് നിയമത്തിൻെറ കാഴ്ചപ്പാട്.

അധികാരവികേന്ദ്രീകരണ പാന്ഥാവിൽ ഒരു പുതിയ മാതൃക മെനഞ്ഞെടുക്കുവാൻ കേരളം ഒരുമ്പെടുന്നു. ജനകായാസൂത്രണപ്രസ്ഥാനം. പഞ്ചായത്തീരാജ് നിയമത്തിലെ ഭരണഘടനാപരമായ അധികാരം മാത്രമല്ല ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ സമാഹരിക്കപ്പെടുന്ന വിഭവത്തിൻെറ 40% വിഹിതവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് വികസന രംഗത്ത് ഒരു പുത്തനുണർവ്വ് കേരളം കാതോർക്കുകയാണ്. പദ്ധതിവിഹിതത്തിന് പുറമെ പ്രാദേശിക വിഭവസമാഹരണവും സന്നദ്ധപ്രവർത്തനവും കൂടിയാകുമ്പോൾ വികസന പാന്ഥാവിൽ ഒരു പുതിയ മാതൃക തന്നെ മെനഞ്ഞെടുക്കാനാവും. ഇതുവരെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാങ്കേതികവിദഗ്ദരും മാത്രം ചേർന്ന് പദ്ധതികൾ രൂപകൽപ്പന ചെയ്തിരുന്നതിന് പകരം ഒരു നാടിൻെറ ഭാവി ജനങ്ങൾ തന്നെ നെയ്തെടുക്കുവാൻ ഒരുങ്ങുകയാണ്.

വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീസാക്ഷരത, സാമൂഹ്യക്ഷേമ പദ്ധതികൾ, പരിമിതമായ സമ്പത്തിൻെറ ഫലപ്രദമായ വിതരണം, ഭൂപരിഷ്കരണം, എന്നിവയിലൊക്കെ കേരളത്തിൻെറ അനുകരണീയമായ മാതൃകകൾ ലോക ജനത ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നിരവധി നേട്ടങ്ങൾക്കിടയിൽ ഉല്പാദന മേഖലകളിലുള്ള മാന്ദ്യവും മുരടിപ്പും കേരളത്തിൻെറ പ്രധാനപ്പെട്ട ദൗർബല്യങ്ങളിലൊന്നാണ്. കോടിക്കണക്കിന് രൂപയുള്ള ഉപഭോഗവസ്തുക്കളും ഉല്പാദന വസ്തുക്കളും പ്രതിദിനം അയൽസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പ്രവഹിക്കുകയാണ്. നമ്മുടെ വിഭവങ്ങളും വൈഭവങ്ങളും അനുസരിച്ച്, മുൻഗണന ക്രമത്തിലുള്ള ഉല്പാദന പ്രക്രിയയും വികസനപദ്ധതികളുമാണ് നമുക്കാവശ്യം. ഒരു നാടിൻെറ ഉൾതുടിപ്പുകൾ ഏറ്റുവാങ്ങി അവിടുത്തെ സ്ഥിത വിവരക്കണക്കുകൾക്കൊത്ത് നാട്ടുകാരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന, അവരുടെ സർവ്വതോന്മുഖമായ വളർച്ചയാകണം. പ്രാദേശികാസൂത്രണത്തിൻെറ മൂലാധാരം. പദ്ധതികൾ നിർദ്ദേശിക്കുന്നതിലും അവയിലെ കുറ്റവും കുറവും വിളിച്ചുപറയുന്നതിലും മാത്രം ഒതുങ്ങി നിൽക്കാതെ പദ്ധതികൾ നടപ്പാക്കുന്നതിൽ ഓരോരുത്തരും അവരവരുടേതായ പങ്ക് നിർവ്വഹിക്കുന്നില്ലെങ്കിൽ ജനകീയാസൂത്രണം ജലരേഖയാകും. ശുഭാപ്തിവിശ്വാസത്തിൻേറയും കാർമ്മോന്മുഖതയുടേയും പാതയിലൂടെ ഒരു പുനർവികസന മാതൃകയ്ക്ക് നമുക്കൊന്നിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

നാട്ടാരവങ്ങളും ഗ്രാമവീഥികളിലൂടെയുള്ള പ്രയാണവും ഈ നാടിൻെറ യഥാർത്ഥചിത്രം നമുക്ക് വരച്ചു കാട്ടുന്നു. പഞ്ചായത്ത് സെമിനാറുകളും വിശേഷാൽ ഗ്രാമസഭകളും വികസനറിപ്പോർട്ടുകളും കർമ്മസമിതികളുമെല്ലാമായി ജനകീയാസൂത്രണപ്രവർത്തനം നീളുമ്പോൾ നമ്മുടെ മൊഴികൾ ചരിത്രതാളുകളിൽ ആലേഖനം ചെയ്യപ്പെടുകയാണ്. അടുത്ത അഞ്ചാണ്ടുകളുടെ വികസന റിപ്പാർട്ടിനൊപ്പം നമ്മുടെ പഞ്ചായത്തിൻെറ സാമൂഹിക, സാംസ്കാരിക ചരിത്രം ഉത്ഖനനം ചെയ്തെടുക്കുന്നതിൻെറ സുവർണ്ണഫലങ്ങളും ഇതൊന്നിച്ചുണ്ട്. ഈ വികസന റിപ്പോർട്ടിൻെറ പൂർണ്ണതയ്ക്കായി യത്നിച്ച ഓരോരുത്തരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാവരുടേയും സാന്നിദ്ധ്യവും സഹകരണവും സജീവപങ്കാളിത്തവും ഒമ്പതാം പദ്ധതിയുടെ പഞ്ചായത്തുതല ആവിഷ്കാരത്തിലും നിർവ്വഹണത്തിലും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ...

**വിശ്വസ്തതയോടെ**

*ജോൺ വട്ടക്കുഴി*
പഞ്ചാ പ്രസിഡൻറ്

*ചന്ദ്രൻ*
പഞ്ചായ സെക്രട്ടറി

*ഷൈൻ കെ.ആർ*
പഞ്ചായ ജോ. കൺവീനർ

# തൃക്കൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റേ പേര് | തൃക്കൂർ |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേരുകൾ | തൃക്കൂർ, കല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | തൃക്കൂർ (വനിത), കല്ലൂർ (ജനറൽ) |
| ബ്ലോക്ക് പഞ്ചായത്ത് | കൊടകര |
| താലൂക്ക് | മുകുന്ദപുരം |
| ജില്ല | തൃശ്ശൂർ |
| അസംബ്ലിമണ്ഡലം | കൊടകര |
| വിസ്തീർണ്ണം | 25.38 ച.തു.കി.മീ. |
| ജനസംഖ്യ | 24520 |
| ആൺ | 10487 |
| പെൺ | 10993 |
| കുട്ടികൾ | 3040 |
| സാക്ഷരത | 84.8% |
| അതിർത്തികൾ | |
| വടക്ക് | പുത്തൂർ പഞ്ചായത്ത് |
| തെക്ക് | അളഗപ്പനഗർ പഞ്ചായത്ത് |
| പടിഞ്ഞാറ് | അളഗപ്പനഗർ, നെന്മണിക്കര പഞ്ചായത്തുകൾ |
| കിഴക്ക് | വരന്തരപ്പിള്ളി, പുത്തൂർ പഞ്ചായത്തുകൾ |
| ഭരണചരിത്രം | 12.8.1977ൽ G.O.M.S. 23/77 ഉത്തരവുപ്രകാരം തൃക്കൂർ പഞ്ചായത്ത് വിഭജിച്ചു നെന്മണിക്കര പഞ്ചായത്ത് രൂപീകരിച്ചു. |
| വാർഡുകളുടെ എണ്ണം | 11 |

# ആദരാഞ്ജലികൾ !!



സി.വി.പോൾസൺ

തൃക്കൂർ ഗ്രാമപഞ്ചായത്തിൻെറ ജനകീയാസൂത്രണ പ്രകിയ
നടന്നു കൊണ്ടിരിക്കുമ്പോൾ പഞ്ചായത്ത് ജോയിൻറ്
കൺവീനറായിരുന്ന ശ്രീ.സി.വി. പോൾസൻെറ വേർപാടിൽ
തൃക്കൂർ ഗ്രാമപഞ്ചായത്തിൻെറ ആദരാഞ്ജലികൾ ! വികസന
പ്രക്രിയയിൽ ഒരു വെള്ളിനക്ഷത്രം പോലെ പ്രകാശം
ചൊരിഞ്ഞിരുന്ന പോൾസൻെറ നിര്യാണം മൂലം
ഗ്രാമപഞ്ചായത്തിൻെറ വികസന രേഖാ പ്രവർത്തകരും വികസന
രേഖയും ഒരു നിമിഷം സ്തംഭിച്ചുപോയി. അദ്ദേഹത്തിൻെറ
ആത്മാവിന് ശാന്തി നേർന്നുകൊണ്ട് ഈ വികസന രേഖ അ
ദ്ദേഹത്തിന് മുന്നിൽ സമർപ്പിച്ചുകൊള്ളുന്നു!!



ജോൺ വട്ടക്കുഴി
പ്രസിഡൻറ്



സതി ബാലകൃഷ്ണൻ
വൈസ്പ്രസിഡൻറ്



എ. നാരയണൻ കുട്ടി
സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ



അബ്ബാസ്. എൻ.എം
VI-വാർഡ്



ശിവൻ നാഗത്ത്
II-വാർഡ്



ലൂസി സൈമൺ
VII-വാർഡ്



സജീവൻ.കെ.എസ്.
III-വാർഡ്



സുലൈമാൻ
VIII-വാർഡ്



കത്രീന ടീച്ചർ



ഷെന്നി ആൻറോ പനോക്കാരൻ
V-വാർഡ്



വൽസ ജോസ് കുമാർ
IX-വാർഡ്

437

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

ചരിത്രാന്വേഷകന് ആവശ്യം വേണ്ട രേഖകകളായി ലഭിക്കുന്നത് നാടൻ പാട്ടുകളും ശിലാലിഖിതങ്ങളും പ്രായമായവരുടെ വായ്മൊഴികളുമാണ്. ഒരു സ്ഥലത്തിൻെറ പ്രകൃതിക്കനുസരിച്ച് വർത്തമാന കാലത്തിലെ തിരിച്ചറിവുകൾ ഊതികാച്ചിയെടുത്ത് സംസ്കൃതിയിൽ ആവാഹിച്ചെടുക്കുമ്പോൾ അർത്ഥം കൈവരുന്നു. സാമാന്യബോധത്തിൻെറ മൂശയിലിട്ട് ആയിരംവട്ടം ഉരുക്കഴിക്കുമ്പോൾ അവബോധമണ്ഡലത്തിൽ വേരുകളൂന്നുന്നു. ഈ വേരുകൾക്ക് സത്യാന്വേഷണവും കഴിഞ്ഞ കാലസ്മൃതികളും ഊന്നൽ നൽകുമ്പോൾ വിശ്വാസയോഗ്യമായ ചരിത്രം ഉരുത്തിരിയുന്നു. തൃക്കൂർ ഗ്രാമപഞ്ചായത്തിൻെറ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിന് ഇവയെല്ലാം ഉൾപ്രേരകമായി വർത്തിച്ചപ്പോൾ കിട്ടിയ നുറുങ്ങുകൾ താഴെ നിരത്തുന്നു.

ഒരു ഭാഗത്ത് ശാന്തമായൊഴുകു തൃക്കൂർ പുഴയും മറുവശത്ത് പ്രകൃതിരമണീയമായ പച്ചപ്പിടിച്ച മലമടക്കുകളും അതിലൂടെ പ്രകൃതിയുടെ ജീവസാന്ധാരണൊലിയായി കളകളാരവത്തോടെയൊഴുകുന്ന കണ്ണഞ്ചിപ്പിക്കുന്ന വെെള്ളച്ചാട്ടങ്ങൾക്കുമിടയിൽ വിടർന്ന് സുഗന്ധം പരത്തി നിൽക്കുന്നു. തൃക്കൂരെന്ന ഗ്രാമപഞ്ചായത്ത്''. തൃക്കൂരെന്ന പേരുണ്ടായതിന് അഭിപ്രായങ്ങൾ പലതാണ്. ഡോക്ടർ കൃഷ്ണപിഷാരടി എന്നു പേരുള്ള ഒരു പണ്ഡിതൻെറ കവിതകൾ അടങ്ങിയ കൈയ്യെഴുത്ത് പ്രതികളിൽ തൃക്കൂരിനെ ദൃശ്പുരം എന്നാണ് വിളിക്കുന്നത്. മറ്റൊന്ന് കല്ലൂർ, തലോർ, പുത്തൂർ എന്നിങ്ങനെ മൂന്ന് ദിക്കുകൾക്ക് അഭിമുഖമായി (തൃ + ദിക്ക് + ഊര് ) നിൽക്കുന്നതുകൊണ്ടാണ് ഈ പേര് വന്നതെന്ന് പറയുന്നു. ഇതൊന്നുമല്ല തൃക്കൂരപ്പനായ ശിവ (തൃക്കണ്ണൻ) ൻെറ നാടായതുകൊണ്ടാണ് ഈ പേര് വന്നതെന്ന് മറ്റൊരു കൂട്ടർ. അഭിപ്രായങ്ങളെന്തായാലും പുരാവസ്തു ഗവേഷകർ അവരുടെ രേഖകളിൽ വളരെ പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിരിക്കുന്ന ഗുഹാക്ഷേത്രങ്ങളിലൊന്നാണ് ''തൃക്കൂർ ശ്രീമഹാദേവക്ഷേത്രം''

കൊച്ചി രാജവംശത്തിൻെറ ഭാഗമായിരുന്നു തൃക്കൂർ. രാജാവിൻെറ മന്ത്രിയായിരുന്ന പാലിയത്തച്ഛൻ നേരിട്ട് ഭരണം നടത്തിയിരുന്ന നാളുകളെക്കുറിച്ച് പഴമക്കാർ ഇപ്പോഴും ഓർക്കുന്നു. പെരുവനം ഗ്രാമത്തിൽപ്പെടുന്ന തൃക്കൂർ ചിറ്റൂർ മനയുടേയും ഗ്രാങ്ങാട്ട് മനയുടേയും നേരിട്ടുള്ള ഭരണത്തിൽ വന്നിട്ടുള്ളതായും പറയപ്പെടുന്നു. പഞ്ചായത്ത് രൂപീകരണത്തിന് മുൻപ് രാമൻ - കോമി എന്ന സ്ഥാനപ്പേരോടുകൂടിയ പാലിയത്തച്ഛന്മാർ ഭരണം നടത്തിവന്നിരുന്നു. അവരുടെ ആസ്ഥാനം ചേന്ദമംഗലമായിരുന്നു. പിന്നീട് തൃക്കൂർ ഭാഗത്തിൻെറ ഭരണനിർവ്വഹണം മുള്ളൂർക്കരയിൽ നിന്നുമായി. തൃക്കൂരിൻെറ വടക്കുഭാഗത്ത് കുറുവീട്ടിൽക്കാരും തെക്ക് ഭാഗത്ത് അയ്യനാട്ട്, മംഗലത്ത്, കുന്നപ്പിള്ളി, ചക്കേടത്ത് തുടങ്ങിയ വീട്ടുകാർക്കും പ്രാദേശിക ഭരണ ചുമതല നിർവ്വഹിക്കുന്നതിന് പാലിയം ചുമതലപ്പെടുത്തിയതായി പറയപ്പെടുന്നു.

തൃക്കൂർ ഗ്രാമപഞ്ചായത്തിൽ രണ്ടു വില്ലേജുകളാണുള്ളത്. അവയിലൊന്നു് കല്ലൂരാണ്. പ്രകൃതിയുടെ രീതിവച്ച് നോക്കുമ്പോൾ കല്ല് കൂടുതലുള്ള സ്ഥലം (കല്ല് + ഊര്) എന്ന അർത്ഥത്തിലാണ് ഈ പേരുണ്ടായതെന്നാണ് പഴമക്കാരുടെ മനം. ഈ പ്രദേശം മുഴുവൻ പുതുമന ഇല്ലം വകയായിരുന്നു. കൊല്ലിനും കൊലയ്ക്കും വരെ അധികാരമുണ്ടായിരുന്ന ഇല്ലമായിരുന്നു. കാർഷികവിളംബരം വരുന്നതുവരേക്കും ജന്മിമാരായ ഈ തറവാടും അവർക്ക്



438

താഴെ ധാരാളംകുടിയാന്മാരായിട്ടുള്ള അവസ്ഥയും ആയിരുന്നു. ജാതിതിരിച്ച് ജോലികളും ഭക്ഷണം കൊടുക്കുന്ന സ്ഥലവും വേർതിരിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു. ഇന്നീ ഗ്രാമപഞ്ചായത്ത് പ്രകൃതിസൗന്ദര്യംകൊണ്ടും കാർഷികവിഭവങ്ങൾ കൊണ്ടും അനുഗൃഹീതമായിരിക്കുന്നതുപോലെ മതസൗഹാർദ്ദംകൊണ്ടും അനുഗൃഹീതമാണ്.

ബ്രിട്ടീഷ് ഭരണകാലത്ത് തൃക്കൂർ അക്കരമഠത്തിൽ നിന്നും ശ്രീരാമചന്ദ്ര അയ്യർ എം.എൻ.സി ആയി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ദേശീയോദ്ഗ്രഥനത്തിനുള്ള ആദ്യത്തെ ഇന്ദിരാഗാന്ധി അവർഡ് ലഭിച്ച ശ്രീരാമകൃഷ്ണമിഷനിലെ വിദേശകാര്യം കൈകാര്യം ചെയ്യുന്ന ശ്രീരംഗനാഥാനന്ദജി തൃക്കൂർ സ്വദേശിയാണ്. ഈ ഗ്രാമപഞ്ചായത്തിൻെറ സാംസ്കാരിക പശ്ചാത്തലത്തിൽ ഒരു വെള്ളി നക്ഷത്രമാണ്. ടി.പി. സീതാരാമൻ. ഗ്രാമപഞ്ചായത്തിൽ ഒരു സ്കൂൾ സ്ഥാപിക്കുകയും പിന്നീടത് ഒരു രൂപ മാത്രം വില നിശ്ചയിച്ച് പഞ്ചായത്ത് ഹൈസ്ക്കൂളിന് വേണ്ടി കൈമാറുകയും ചെയ്തു. പുതുമന ഇല്ലത്ത് നിന്ന് വിദേശത്ത് പോയി ഇന്ത്യാനേഷ്യയിലെ " മാലി യൂണിവേഴ്നിറ്റിയിൽ " നിന്നും ഡോക്ടറേറ്റ് എടത്തു ഡോ. അജരാനന്ദൻ കല്ലൂർ സ്വദേശിയാണ്. ഇന്ത്യാനേഷ്യയെ പ്രതിനിധീകരിച്ച് ലോകമതസമ്മേളനത്തിൽ പങ്കെടുത്ത വ്യക്തിയാണദ്ദേഹം. പിന്നീട് കല്ലൂരിലെ ആതൂർ എന്ന സ്ഥലത്ത് ജപ്പാൻകാരിയായ ഭാര്യയും കുട്ടികളോടുമൊത്ത് വിശ്രമജീവിതം നയിച്ച് ദയനീയമായ രീതിയിൽ വാടകവീട്ടിൽ കിടന്ന് അന്ത്യശ്വാസം വിലിച്ച ആ പ്രതിഭക്ക് അർഹിച്ച അംഗീകാരം സ്വന്തം നാട്ടുകാർ കൊടുത്തില്ലായെന്നത് മനസ്സിലെ മുറിപ്പാടായി അവശേഷിക്കുന്നു.

പഞ്ചായത്തിൽ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളരെ കൂടുതലായിരുന്നു. ഇന്ത്യയിലെ പല പ്രധാന സ്ഥാനങ്ങളും അലങ്കരിച്ചിട്ടുള്ള ഉയർന്ന ഉദ്യോഗസ്ഥർ തൃക്കൂരിലെ ഗവ. ലോവർ പ്രൈമറിസ്ക്കൂളിൽ നിന്ന് പഠിച്ചുപൊയിട്ടുള്ളവരാണ്.. വളരെ സംശുദ്ധമായ ഒരു പഴലകാലപാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. ഇന്ന് കാണുന്ന പ്രശ്നങ്ങളെ അതിജീവിച്ച് നല്ലൊരു നാളെയുടെ നിർമ്മിതിയ്ക്കായി പഴയ കാല സംസ്കാരത്തെ ഉപയോഗപ്പെടുത്താൻ നമ്മെ അത് സഹായിക്കുക തന്നെ ചെയ്യും.

## പഞ്ചായത്തിലെ മുൻ പ്രസിഡൻറുമാർ

1 *ടി.പി. സീതാരാമൻ ( Ex. M.L.A.)*
2 *ചിനപ്പിള്ളി ചാക്കുണ്ണി*
3 *നാരായണൻ ഇളയത്*
4 *നെല്ലങ്കര കൊച്ചപ്പൻ*
5 *തൊഴുക്കാട്ട് പിതാംബരമേനോൻ*
6 *ടി.കെ. കറുപ്പൻ*
7 *അരവിന്ദാക്ഷൻ മാസ്റ്റർ*
8 *പി.ആർ. ശങ്കരനാരായണൻ*
9 *എൻ. രാമൻ നായർ*



439

# ഭൂപ്രകൃതിയും ജലവിഭവങ്ങളും ജനപ്രകൃതിയും

പ്രകൃതിയാൽ അനുഗ്രഹീതമായ തൃക്കൂരിൻെറ കാലാവസ്ഥ, മണ്ണ്, ജലം, സസ്യസമ്പത്ത്, മനുഷ്യവിഭവശേഷി ആദിയായവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് 6 മേഖലകളായി തിരിക്കാം.

(1) വനപ്രദേശങ്ങൾ (2) മൊട്ടകുന്നുകൾ (3) ചരിവ് പ്രദേശങ്ങൾ (4) തരിശുഭൂമികൾ (5) സമതലപ്രദേശങ്ങൾ (6) തീരപ്രദേശങ്ങൾ

കൃഷിക്കുപയുക്തമായ പശിമരാശി മണ്ണ് ഭൂമിയെ ആവരണം ചെയ്തിട്ടുള്ള ഒട്ടനവധി അമൂല്യമായ സസ്യലതാതികളും ഈ ഗ്രാമത്തിൽ കാണാം. മനുഷ്യപ്രയത്നത്താൽ രൂപം കൊണ്ട വിവിധ വിളസമ്പത്തും ഈ ഗ്രാമഭൂമിയെ സമ്പുഷ്ടമാക്കുന്നു.

## മൺതരം

ജൈവപ്രധാനമായ വനമണ്ണ്, പശിമരാശി മണ്ണ്, ചരിവുപ്രദേശങ്ങളിൽ ഇടവിട്ടുകാണുന്ന ചെങ്കല്ല് കലർന്ന ചെമണ്ണ്, സമതലങ്ങളിൽ കാണുന്ന കളിമണ്ണ്, മണൽകലർന്ന പശിമരാശിമണ്ണ് എന്നിവയാണ് പ്രധാനപ്പെട്ട മൺതരങ്ങൾ. കൂടാതെ കട്ടിയുള്ള പാറ അതിവേഗം പൊടിയുന്ന ഉണ്ടക്കല്ലുകൾ, കടുപ്പമേറിയ വെട്ടുകല്ലും കാണപ്പെടുന്നു.

## കാലാവസ്ഥ

ജില്ലയിൽ ലഭിക്കുന്ന ശരാശരി വർഷപാതത്തിൽ നിന്നു വിസ്തൃതമല്ല പഞ്ചായത്തിൻെറ ചിത്രവും. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കടുത്ത ജലക്ഷാമമനുഭവപ്പെടുന്നു. ഇതിനെ കുറിച്ചുള്ള വിവരണങ്ങൾ കൃഷിയും ജലസേചനം കുടിവെള്ളം എന്നി മേഖലകളിൽ ചേർത്തിട്ടുണ്ട്.

### ജലസ്രോതസ്സുകൾ

വർഷം കഴിഞ്ഞുള്ള ജലദൗലഭ്യം ഗ്രാമത്തെ വല്ലാതെ വലക്കുന്നുണ്ട്. കൊച്ചുകൊച്ചു കാട്ടരുവികളും നീർചാലുകളും ഗ്രാമത്തിൻെറ കിഴക്കൻ വനാന്തരങ്ങളിൽ കാണുന്നുണ്ട്. ഇവയിൽ ഒന്നിനെ ഉപയോഗപ്പെടുത്തികൊണ്ട് "ഭരത ചെക്ക്ഡാം" നിർമ്മിച്ചിരിക്കുന്നു. മറ്റൊന്ന് പീച്ചി ഇടതുകര കനാൽ ആകുന്നു. ഒക്ടോബർ അവസാനഘട്ടത്തിൽ കനാൽ വഴി ഒഴുകിവരുന്ന ജലം മറ്റു ജലസ്രോതസ്സുകളായ കിണർ, കുളം എന്നിവയിൽ ഒക്കെ ഒരു പരിധിവരെ ജലസമൃതിയിലാവുന്നു. ഭൂഗർഭജലസ്രോതസ്സുകൾ കണ്ടെത്താമെങ്കിലും പഞ്ചായത്ത് തലത്തിൽ നിർമ്മിക്കപ്പെട്ട കുഴൽകിണറുകളിൽ ജലസാധ്യത കുറവാണ്. പഞ്ചായത്തിലെ മറ്റൊരു ജലസ്രോതസ്സ് അതിർത്തിയിലൂടെ ഒഴുകുന്ന മണലിപുഴയാണ്.

## ജനപ്രകൃതി

1991 ലെ സെൻസസ്സ് രേഖകളനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ താഴെ കൊടുക്കുന്നു

| വിസ്തൃതി | ജനസംഖ്യ | | | ജനസംഖ്യ | | | SC/ST | | | സാക്ഷരത | | തൊഴിലുള്ളവർ | | തൊഴിലില്ലാത്തവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ച.കി.മീ. | ആകെ | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 25.38 | 23707 | 11667 | 112140 | 2922 | 1503 | 1419 | 2283 | 1155 | 1128 | 9450 | 9231 | 5517 | 2176 | 5615 | 9498 |

# 1 കൃഷിയും ജലസേചനവും

"ഗ്രാമീണ സ്പന്ദനം കേട്ടുണർന്നീടുവാൻ
നേരിന്റെ സൗഹൃദം പൂത്തുലഞ്ഞീടുവാൻ
മണ്ണിന്റെ മാറിലായ് വിത്തുവിതക്കണം
പൊന്നിന്റെ മേനിയിൽ മുത്തുകൊയ്തീടണം"

തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതി 2538 ഹെക്ടറാണ്. അതിൽ അസൽ കൃഷി വിസ്തീർണ്ണം 1674 ഹെക്ടർ. ഇതിൽ 208 ഹെക്ടർ നെൽ വയലുകളും ശേഷിക്കുന്നവ പുരയിടകൃഷികളുമാണ്. കൃഷി ഭൂമിയിൽ കുറച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പൂർവ്വികമായി തൃക്കൂർ ഗ്രാമപഞ്ചാത്തിലെ ജന്മിമാരായ പുതുമന ഇല്ലം, പാലിയം, അവണൂർമന എന്നിവരുടെയും, കുന്നപ്പിള്ളിമഠം, ഗവർമെൻറിൽ നിന്നും പാട്ടത്തിനെടുത്ത് കൈവശമാക്കിയതും, തൈക്കാട്ട് മൂസ്സ്, ശ്രീകൃഷ്ണസ്വാമി എന്നിവരുടെ കൈവശമിരുന്നതും, സർക്കാർ എക്സ്സർവീസ് ജവാൻമാർക്ക് 3.5 ഏക്കർ വീതം പതിച്ചുകൊടുച്ച് കൃഷിയിടങ്ങളാക്കിയതും, വനം മാറ്റിയ കുറച്ച് ഭൂമിയും തൃക്കൂർ ഗ്രാമപഞ്ചയത്ത് അതിർത്തിയിലുണ്ട്.

പട്ടിക 1

**രേഖകളനുസരിച്ച് തൃക്കൂർ ഗ്രാമപഞ്ചായത്തിലെ ഭൂമി വിവരപട്ടിക താഴെ ചേർക്കുന്നു.**

| ഇനം | വിസ്തീർണ്ണം ഹെക്ടർ |
|---|---|
| നിലം | 208 |
| പുരയിടം | 1816 |
| പുറംമ്പോക്ക് | 108 |
| കൃഷിയോഗ്യതരിശ് | 218 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 188 |
| **ആകെ** | **2500 ഹെക്ടർ** |

പ്രകൃതിശക്തികളെ ആശ്രയിച്ചുള്ള കൃഷിരീതികളായിരുന്നു. മുൻകാലങ്ങളിൽ നടത്തിയിരുന്നത് പ്രതിരോധശേഷിയുള്ള നാടൻ വിത്തിനങ്ങൾ (നെല്ല്) അപ്രത്യക്ഷമായികഴിഞ്ഞുയ അവയിൽ പ്രധാനമായവ ചിറ്റേനി, ചെമ്പാവ്, ചീര, ത്തമര, ആര്യൻ, അതിയൽ, കട്ടമോടൻ, കരിക്കറ മുതലായവയാണ്.

ഓരോ വർഷത്തെയും ഞാറ്റുവേലകളനുസരിച്ച് കൃഷി ഇറക്കുകയും, മറ്റു കൃഷിപണികൾ ചെയ്യുകയുമായിരുന്നു പതിവ്. ഉഴവുമാടുകളെ ഉപയോഗിച്ച് നിലമൊരുക്കുകയും കൊട്ടതേക്കും, ചക്രം ഉപയോഗിച്ചുള്ള ജലസേചന സമ്പ്രദായവും അപ്പാടെ മാറിയിരിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഹരിതവിപ്ലവത്തിൻെറ ഭാഗമായി രാജ്യത്തുണ്ടായ ഉല്പാദനരംഗത്തെ അഭിവൃദ്ധിയുടെ മാറ്റൊലി തൃക്കൂർ ഗ്രാമപഞ്ടായത്തിലും പ്രകടമായി. ശാസ്ത്രീയരീതിയിലുള്ള കൃഷിരീതികൾ പ്രത്യേകിച്ച്, ട്രാക്ടർ, ടില്ലർ മുതലായവ ഉപയോഗിച്ചുള്ള ഉഴവ് രീതികൾ പമ്പ്സെറ്റുകൾ ഉപയോഗിച്ചുള്ള ജലസേചനം അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ ആഗമനം രാവസ്തുക്കളുടെയും, കീടനാശിനികളുടെയും കർഷകരിൽ കൂടിയ അനുനയം പുതിയ കാർഷിക സംസ്കാരത്തിനും കൃഷിമുറകൾക്കും ഉത്തേജനമേകി.

കഴിഞ്ഞ കാലങ്ങളിലായി ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും നെൽകൃഷിയിൽ ഗണ്യമായ പുരോഗതി കൈവരിച്ചെങ്കിലു തൊഴിലാളികളുടെ ലഭ്യതകുറവ്, ആധുനിക വിദ്യാഭ്യാസത്തിൻെറ ആവിർഭാവം, മറ്റുകൃഷികളുടെ നെൽവയലുകളിലേക്കുള്ള കടന്നാക്രമണം എന്നിവ നെൽകൃഷിയെ പാടെ തളർത്തി.

**തൃക്കൂർ ഗ്രാമപഞ്ചായത്തിലെ വിള വിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച പട്ടിക;-**

പട്ടിക 2

വിള വിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപാദനം കി. ഹെക്ടർ | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് ആഒന്നാം വിള ഇ | 199 | 769344 | 3866 |
| നെല്ല് രണ്ടാം വിള | 199 | 740280 | 3720 |
| നെല്ല് മൂന്നാം വിള | 12 | 60960 | 5080 |
| പയർ | 14 | 8400 | 600 |
| എള്ള് | 9 | 10800 | 1200 |
| പച്ചക്കറികൾ | 25 | 75000 | 3000 |
| തെങ്ങ് | 730 | 13870000 | 19000 |
| വാഴ | 160 | 2880000 | 18000 |

| | | | |
|---|---|---|---|
| മരച്ചീനി | 30 | 225000 | 7500 |
| കുരുമുളക് | 50 | 175000 | 3500 |
| കശുമാവ് | 22 | 6600 | 300 |
| റബ്ബർ | 350 | 1575000 | 4500 |
| കവുങ്ങ് | 65 | 650000 | 10000 |
| ഇഞ്ചി | 5 | 24000 | 4800 |
| മഞ്ഞൾ | 5 | 20000 | 4000 |
| കൊക്കൊ | 3 | 45000 | 15000 |
| വെറ്റില | 7 | 42000 | 6000 |

**(അവലംബം കൃഷിഭവൻ രജിസ്റ്റർ)**

## ഭൂപ്രകൃതി

സാക്ഷാൽ കൃഷി അനുഗ്രഹിച്ചേകിയ ഏഴഴകും ഒത്തിണങ്ങിയ പ്രകൃതിരമണീയമായ ഗ്രാമമാണ് തൃക്കൂർ. കിഴക്കേ ചക്രവാളത്തിൽ തങ്കചാർത്തണിയിക്കുന്ന പ്രഭാതസൂര്യന്റെ ആഗമനത്തിൽ മഞ്ഞിൽ കുളിച്ച് നിശയാകുന്ന കരിമ്പടം പുതച്ചുറിയ കിഴക്കുമന്ദാരങ്ങൾ കാട്ടുപക്ഷികളുടെ ഉണർത്തുപാട്ടാകുന്ന കളകളാരവം മുഴങ്ങുന്ന ഘോരവനാന്തരത്തിലെ വന്യമൃഗങ്ങളുടെ ഗർജ്ജനവും കേട്ടുണരുന്ന കിഴക്കുഭാഗവും വടക്കുകിഴക്കുഭാഗം ഉയർന്ന ചരിവ് പ്രദേശങ്ങളും സമതലങ്ങളും, തെക്കുപടിഞ്ഞാറുഭാഗം തീരപ്രദേശങ്ങളുമാണ്.

വനപ്രദേശങ്ങൾ ഫലപുഷ്ടിയുള്ള കറുത്തപശിമരാശിയുള്ള വനമണ്ണും, ചരിവുപ്രദേശങ്ങളിൽ ഇടവിട്ട് ചെമ്മണ്ണും സമതലങ്ങളിൽ പശിമരാശിമണ്ണും തീരപ്രദേശങ്ങളിൽ മണൽകലർന്ന എക്കൽമണ്ണ് എന്നിവയാണ് ഇവിടത്തെ ശരാശരി മൺതരങ്ങൾ

കട്ടിയുള്ള പാറ, പൊടിയുന്ന പാറകളുള്ളപ്രദേശങ്ങൾ, കടുപ്പമേറിയ ചെങ്കല്ല് എന്നിവയും ചിലപ്രദേശങ്ങളിൽ കണ്ടുവരുന്നു.

## വിളകൾ

തൃക്കൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന വിളകളും അവയുടെ ഉല്പാദനക്ഷമതയും താഴെ പ്രതിപാദിക്കുന്നു.

### 1 നെൽകൃഷി

പ്രകൃതിദത്തമായ ജലത്തെ ആശ്രയിച്ച് വിരിപ്പ്, മുണ്ടകൻ, പുഞ്ച, എന്നിങ്ങനെ മൂന്നു പൂവാണ് നെൽകൃഷികൂടാതെ കുന്നിൻപ്രദേശങ്ങളിൽ വെള്ളം ലഭ്യമാകാത്ത സ്ഥലത്ത് കട്ടമോടൻ, കരികൻ എന്നീ വനം കൃഷിയും ചെയ്തുപോരുന്നു.

എന്നാൽ ഇപ്പോഴത്തെ നവീനരീതിയിലുള്ള വിത്തിനങ്ങളായ പട്ടാമ്പി, 27, കുഞ്ഞുകുഞ്ഞ് ഒ, ചിറ്റിയ്നി, ചീര, 128 പൊക്കാളി, പവിഴം, ത്രിവേണി, മസൂരി എന്ന വിത്തിനങ്ങൾ കൃഷി ചെയ്യുന്നു.

1987 -ൽ കൃഷിഭവനുകളുടെ ആവിർഭാവത്തോടുകൂടി 'ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിൽ

വന്നു. നവീന രീതിയിലുള്ള യന്ത്രോപകരണങ്ങൾ കൃഷിഭവനുകൾ മുഖീന്തിരം പാഠശേഖരങ്ങൾക്ക് സബ്സീഡിയായി നൽകി നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. കൂടാതെ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ കൃഷികൾക്കു പ്രോത്സാഹനമായി പാഠശേഖരങ്ങൾ മുഖാന്തിരം രാസവളങ്ങളും, കീടനാശിനികളും വിത്തിനുങ്ങളും സബ്സീഡിനിരക്കിലും ഉല്പാദനബോണസ് എന്നിവ നൽകിയും നെൽകൃഷിയെ പ്രോത്സാഹിപ്പീക്കാൻ ശ്രമിച്ചെങ്കിലും കർഷകരുടെ എണ്ണം കുറഞ്ഞു വരുന്നതാണ് കാണുന്നത്. ഇതിൻെറ മുഖ്യകാരണങ്ങൾ ;

1 കർഷതൊഴിലാളികളുടെ കുറവും വേതനവർദ്ധനവുമാണ്.

2 ജലസേചനസൗകര്യക്കുറവ്, യഥാസമയം കനാൽ ജലം ലഭിക്കുന്നില്ല.

3 ഉല്പാദനചിവലും ലഭിക്കുന്ന വിലയും തമ്മിലുള്ള അന്തരം.

4 പഞ്ചായത്തിലെ തെക്കു പടിഞ്ഞാറുഭാഗത്തെ പാടങ്ങളായിരുന്നു കുട്ടംകുറ്റി പാടം കോൾപാടം, മുരിയംകോൾപാടം, ആതൂർപാടെ എന്നിവയിലെ ഭൂരിഭാഗം പ്രദേശങ്ങളും കഴിമൺ വ്യവസായത്തിനും ഇഷ്ടികനിർമ്മാണപ്രവർത്തനങ്ങൾക്കും വേണ്ടി മണ്ണുമാറ്റി കൃഷിക്കനുയോജ്യമല്ലാതായി തീർന്നു.

5 റോഡിൻെറ ഇരുവശത്തുമുള്ള പാടങ്ങളിൽ ഭൂരിഭാഗവും മണ്ണിട്ടുനികത്തി കെട്ടിടങ്ങൾ പണിയുന്നു.

6 നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയാസമായ കാരണം യഥാസമയങ്ങളിൽ കൊയ്ത്തിനും ഞാറുനടുന്നതിനും തൊഴിലാളികളെ കിട്ടുന്നില്ല എന്നുള്ളതാണ്. ഈ കാരണങ്ങൾ കൊണ്ടാണ് പഞ്ചായത്തിലെ നെൽകൃഷി മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നത്.

### പഞ്ചായത്തിലെ പാടശേഖരങ്ങളുടെ വിവരങ്ങൾ

| | പാടശേഖരത്തിൻെറ പേര് | കർഷകരുടെ എണ്ണം | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|---|
| 1 | വെള്ളാനിക്കോട് | 44 | 43.95 |
| 2 | മുട്ടിത്തടി | 35 | 28.23 |
| 3 | തൃക്കൂർ കല്ലൂർ തുരുത്തിക്കാട്ട് | 53 | 38.41 |
| 4 | കോനിക്കര | 27 | 23.85 |
| 5 | മതിക്കുന്ന് | 86 | 85.89 |
| 6 | പള്ളിയറ പാറക്കാട് | 66 | 51.13 |

| | | | |
|---|---|---|---|
| 7 | ആലങ്ങാട് | 21 | 22.24 |
| 8 | കോർപ്പാടം | 19 | 6.59 |
| 9 | നരിക്കോട് | 30 | 24.73 |
| 10 | കളളായി | 85 | 63.88 |
| 11 | ഞെള്ളകർ | 37 | 35.34 |
| 12 | മഠത്തിച്ചിറ | 35 | 24.90 |
| 13 | അയ്യംകോട് | 22 | 23.86 |
| 14 | പൂണിശ്ശേരി | 18 | 13.75 |

**(അവലംബം ; കൃഷിഭവൻ രജിസ്റ്റർ)**

### തെങ്ങ്

പഞ്ചായത്തിലെ വളരെ കുറച്ചുഭാഗത്തുമാത്രം ഉണ്ടായിരുന്ന തെങ്ങുകൃഷി ഇന്ന് 730 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നു. ആദ്യകാലങ്ങളിൽ നാടൻ തെങ്ങുകളാണ് കൃഷിചെയ്തിരുന്നതെങ്കിൽ ഇപ്പോൾ അത്യുൽപാദനശേഷി ഉള്ളതും മേന്മയേറിയതും സങ്കരയിനത്തിൽപെട്ടതുമായി WCT DXT എന്നീ തെങ്ങിൻ തൈകൾ കൃഷി ചെയ്യാൻ തുടങ്ങിയതോടെ ഉത്പാദനത്തിൽ ഗണ്യമായ മാറ്റം വരുവാൻ തുടങ്ങി. കാറ്റുവീഴ്ച , ചെന്നീരൊലിപ്പ്, വേരുചീയൽ എന്നീ രോഗങ്ങളും, ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നീ കീടങ്ങളുടെ ആക്രമണവും നാളീകേരത്തിൻെറ ഉത്പാദനത്തിൽ ഗണ്യമായ കുറവ് വന്നുതുടങ്ങിയിട്ടുണ്ട്.

### കേരവികസനസമി.ി

കേരകർഷകരെ സഹായിക്കുന്നതിനായി 46/95 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത കേരവികസനസമിതി നിലവിലുണ്ട്. സമിതിയിൽ 1625 അംഗങ്ങൾ ആണ് ഉള്ളത്. കൃഷിഭവൻ മുഖാന്തിരം ഉള്ള ആനുകൂല്യങ്ങൾ സമിതി വഴി അംഗങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ജലസേചനത്തിനായി പമ്പുസെറ്റും കിണർ, കുളം എന്നിവ കുഴിക്കുന്നതിനും സബ്സീഡി നിരക്കിൽ സഹായം ലഭ്യമാക്കാറുണ്ട്.

സമഗ്രനാളികേരവികസനപദ്ധതി പ്രകാരം പുതിയ കിണർ കുഴിക്കുന്നതിനും പഴയത് പുതുക്കി പണിയുന്നതിനും പമ്പുസെറ്റു വാങ്ങുന്നതിനും രോഗകീടനിയന്ത്രണങ്ങൾക്കായി മരുന്നുകളും സബ്സീഡി നിരക്കിൽ കേരകർഷകർക്ക് ലഭ്യമാകുന്നുണ്ട്. പഞ്ചായത്തിലെ കർഷകരുടെ ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന കൃഷിവകുപ്പ് 23 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ "അയ്യപ്പൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ" എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. എന്നിരുന്നാലും ഉത്പന്നത്തിനു സ്ഥിരമായ താങ്ങുവില ലഭിക്കാത്തതിനാൽ കേരകർഷകർ ഇന്നും കടക്കെണിയിലാണ്.

## കൃഷിഭവൻമുഖേന പഞ്ചായത്തിൽ വിതരണം ചെയ്ത നടീൽ വസ്തുക്കൾ

എണ്ണം

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 650 | 700 | 850 |
| കശുമാവ് | - | - | 200 |
| കുരുമുളക് | 5000 | 5000 | 5000 |
| നെൽവിത്ത് | 1000 kg | 1500 kg | 2000kg |
| മാവ് | - | - | 200 |

(അവലംബം ; കൃഷിഭവൻ രജിസ്റ്റർ)

## പഞ്ചായത്തിലെ തെങ്ങുകൃഷിസംബന്ധിച്ച വിവരങ്ങൾ

| വാർഡ് | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|
| നമ്പർ | തെങ്ങ് കൃഷി ഉള്ളവ വിസ്തീർണ്ണം ഹെക്ടർ | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | റോട്ട് ലിഫ് റൂട്ട് | ബഡ് | സ്റ്റെം ബ്ലീഡിംഗ് | മറ്റു | ആകെ |
| I | 40 | 1200 | 5214 | 6414 | 225 | 25 | 50 | 50 | 25 | 375 |
| II | 80 | 2500 | 11650 | 14150 | 98 | 20 | 40 | 50 | 20 | 228 |
| III | 40 | 1500 | 5577 | 7-77 | 17 | 10 | 25 | 40 | 25 | 117 |
| IV | 100 | 1600 | 16611 | 18211 | 01 | 04 | 15 | 25 | 25 | 70 |
| V | 55 | 900 | 8742 | 9642 | 27 | 13 | 40 | 50 | 20 | 150 |
| VI | 70 | 1050 | 11013 | 12063 | 41 | 15 | 30 | 35 | 19 | 130 |
| VII | 110 | 2000 | 17823 | 19823 | 147 | 23 | 40 | 50 | 10 | 270 |
| VIII | 75 | 1500 | 12216 | 13716 | 62 | 20 | 30 | 40 | 18 | 170 |
| IX | 65 | 1400 | 10481 | 11881 | 577 | 25 | 100 | 75 | 25 | 802 |
| X | 80 | 2400 | 11586 | 13986 | 143 | 50 | 50 | 40 | 10 | 293 |
| XI | 15 | 122 | 1500 | 1622 | 20 | 05 | 20 | 25 | 05 | 75 |

(അവലംബം - കൃഷിഭവൻ രജിസ്റ്റർ )

## റബ്ബർ

പഞ്ചായത്തിലെ കൃഷിഭൂമിയിൽ 700 ഹെക്ടർറോളം റബ്ബർകൃഷിയാണ്. ~~അ! റത! റതക!~~ ~~റതതത! തള~~ എന്നീ വാർഡുകളിൽ മുഖ്യമായും കൃഷി ചെയ്യുന്നത് റബ്ബർ തന്നെയാണ്. പഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതിയെ ഒരു പരിധിവരെ പിടിച്ചുനിർത്തുന്നത് റബ്ബർ കൃഷി മുഖാന്തിരമാണ്. റബ്ബർ ബോർഡിൽ നിന്നും നല്ല നിലയിൽ സഹായങ്ങൾ ലഭിക്കുന്നതുകൊണ്ട് കർഷകർ കൂടുതൽ പ്രോത്സാഹനത്തോടെ റബ്ബറിനെ പരിപാലിക്കുന്നു. ആദ്യകാലങ്ങളിൽ സ്വാതന്ത്ര്യസമരസേനാനികൾക്കും, ജവാന്മാർക്കും പ്രോത്സാഹനമായി ഭൂമി 3.5 ഏക്കറിൻെറ പ്ലോട്ടുകളായി പതിച്ചുകൊടുത്തു പരിപോഷിച്ച റബ്ബർ മേഖലയാണ് മംഗലംതണ്ട്. പഞ്ചായത്തിലെ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു റബ്ബർ സൊസൈറ്റിയും രണ്ട് ഉത്പാദന സംഘങ്ങളിലും ഒരു പ്രൊസസിംഗ് യൂണിറ്റും നിലവിൽ വന്നിട്ടുണ്ട്.

സൊസൈറ്റി വഴി കർഷകർക്ക് കാർഷിക വായ്പകളും റബ്ബർറോളുകൾ വാങ്ങുന്നതിനുവേണ്ടി സാമ്പത്തിക സഹായങ്ങളും നൽകുന്നു. കർഷകർക്ക് ആവിശ്യമായ വളങ്ങളും മരുന്നുകളും സൊസൈറ്റിവഴി വിതരണം ചെയ്യാറുണ്ട്. ഉത്പാദനസംഘങ്ങൾ വഴി സബ്സീഡി നിരക്കിൽ കർഷകനു വേണ്ട സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

ആദ്യകാലങ്ങളിൽ ഉത്പാദനം കുറഞ്ഞ റബ്ബർതൈകളാണ് കൃഷി ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ കൃഷി ചെയ്യുന്നത് വിദേശരാജ്യങ്ങളിൽ നിന്നും കൊണ്ടുവന്ന് വികസിപ്പിച്ചെടുത്ത വിത്തിനങ്ങളായ RR1 - 105, G.T.1 No 311 എന്നിങ്ങനെ അത്യുത്പാദനശേഷിയുള്ളവയാണ്.

## വാഴ

പഞ്ചായത്തിലെ 160 ഹെക്ടറോളം സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നുണ്ട്. വാണിജ്യ അടിസ്ഥാനത്തിൽ നേന്ത്രൻ, റോബസ്റ്റ്, പൂവൻ, കദളി, പാളയൻകോടൻ, വടക്കൻകദളി, കുഴിപ്പൂവൻ, പൊന്തൻകാളി, എറാടൻ, ചെങ്കദളി എന്നിവ സ്വന്തം സ്ഥലത്തും പാട്ടവ്യവസ്ഥയിലും ജനങ്ങൾ കൃഷി ചെയ്യുന്നു. കൂമ്പടപ്പ്, ഇലകരിച്ചിൽ, ചെല്ലിപോലത്തെ കീടങ്ങൾ, തണ്ടുതുരന്ന് ബാധിക്കുന്ന രോഗം എന്നിങ്ങനെയുള്ള രോഗങ്ങൾ വാഴകൃഷിയെ ബാധിക്കാറുണ്ട്. പ്രകൃതിക്ഷോഭം നിമിത്തവും വാഴകൾ നശിച്ചുപോകാറുണ്ടെങ്കിലും തുച്ഛമായ ആനുകൂല്യമായി ഗവൺമെൻറിൽ നിന്നും ലഭിക്കാറുള്ളു.

## കുരുമുളക്

സുഗന്ധവിളയായ കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളക് പഞ്ചായത്തിൽ ഏകദേശം 50 ഹെക്ടറോളം സ്ഥലത്ത് തനി വിളയായും ഇടവിളയായും കൃഷിചെയ്തു വരുന്നു. എങ്കിലും കുരുമുളകു കൃഷിയെ ബാധിക്കുന്ന ധ്രുതവാട്ടം കൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

കുരുമുളക് സംരക്ഷണസമിതി കുരുമുളകു കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട 69/95 എന്ന നമ്പറിൽ "കുരുമുളകു സംരക്ഷണസമിതി " രൂപം കൊണ്ട് പ്രവർത്തിച്ചു വരുന്നു. വിവിധ പദ്ധതികളിലൂടെ മേന്മയേറിയ വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ രോഗകീടനിയന്ത്രണത്തിനുള്ള കീടനാശിനികൾ എന്നി കൃഷിഭവൻ മുഖാന്തരം സബ്സീഡി നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്.

600 റോളം മെമ്പർമാരടങ്ങുന്ന കുരുമുളക് സംരക്ഷണസമിതിയാണ് പഞ്ചായത്തിലെ കൃഷിഭവനു സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സ്ഥലം വാങ്ങി ഡിപാർട്ടുമെൻറിന് കൈമാറിയിട്ടുള്ളത്. കർഷകർക്കു കീടനാശിനി സ്പ്രേ ചെയ്യാനുള്ള 3 റോക്കർ സ്പ്രേയർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തനം നടന്നു വരുന്നു.

വെറ്റില

പഞ്ചായത്തിലെ 7 ഹെക്ടറോളം സ്ഥലത്ത് പ്രധാന വിളയായ ഇടവിളയായും വാണിജ്യാടിസ്ഥാനത്തിൽ വെറ്റില കൃഷി ചെയഎതുവരുന്നു. വെറ്റില കൃഷിക്കാവശ്യമായി ഘടകങ്ങൾ സാമ്പത്തിക സഹായത്തോടെ ഒരു പരുധിവരെ കൃഷിഭവനിലൂടെ ലഭ്യമാക്കുന്നുണ്ട്.

### കശുമാവ്

പഞ്ചായത്തിലെ 22 ഹെക്ടർ സ്ഥലത്താണ് നാണ്യവിളയായ കശുമാവ് ഇപ്പോൾ കൃഷിചെയ്യുന്നത്. ആദ്യകാലങ്ങളിൽ കശുമാവ് വൻതോതിൽ കൃഷി ചെയ്തിരുന്നെങ്കിലും റബ്ബറിൻെറ വരവോടെ ഏറിയഭാഗവും മുറിച്ചുമാറ്റപ്പെട്ടു. കശുമാവ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അത്യുൽപാദനശേഷിയുള്ള ഗ്രാഫ്റ്റ് തൈകളും, രോഗങ്ങൾക്കാവശ്യമായി കീടനാശിനിയും സബ്സീഡി നിരക്കിൽ കൃഷിഭവൻ വഴി വിതരണം ചെയ്യാറുണ്ട്.

### കവുങ്ങ്

പഞ്ചായത്തിലെ 65 ഹെക്ടർ സ്ഥലത്ത് കവുങ്ങ് തനിവിളയായും ഇടവിളയായും വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്തുവരുന്നു. പ്രധാനമായും നാടൻ തൈകൾ ഉപയോഗിച്ചിരുന്ന സ്ഥലങ്ങളിൽ കാസർക്കോട് മംഗളം, സുമംഗള എന്നീ തൈകൾ ധാരാളമായി സബ്സീഡിയോടുകൂടി കൃഷിഭവൻ വിതരണം ചെയ്ത് കൃഷി ഇറക്കി വരുന്നു. കവുങ്ങിന് കാണുന്ന പ്രധാന രോഗബാധയാണ് മഹാളി രോഗം ഇതിനു പ്രതിവിധിയായി തുരുശ്, കീടനാശിനി, എന്നിവ സബ്സീഡിയോടുകൂടി കൃഷിഭവനക്ഷ വിതരണം നടത്താറുണ്ട്.

മരച്ചീനി

പഞ്ചായത്തിലെ 30 ഹെക്ടറോളം സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിലും സ്വന്തം ഈപയോഗങ്ങളാക്കുമായും തോട്ടവെളരാമൻ കൊള്ളി, മുണ്ടൻ, സിലോൺ പൂച്ചെടികൊള്ളി, ആമ്പകോടൻ മുതലായ മരച്ചീനികൾ കൃഷി ചെയ്തു വരുന്നു. തെരഞ്ഞെടുത്ത കർഷകർക്ക് (നിർമറിപ്രദേശം) കൃഷിക്കുവേണ്ട സാമ്പത്തിക സഹായം കൃഷിഭവനിലൂടെ നൽകാറുണ്ട്.

പച്ചക്കറികൃഷി

25 ഹെക്ടറോളം സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്തുവരുന്നു. സ്വന്തം സ്ഥലത്തും പാട്ടത്തിനെടുത്ത സ്ഥലങ്ങളിലുമായി പാവൽ, പടവലം, ചീര, പയർ, പച്ചമുളക്, വെണ്ട, വെള്ളിരി, കുമ്പളം, കോവൽ, മത്തൻ, ചേന, ചേമ്പ്, എന്നിവ വാണിജ്യാടിസ്ഥാനത്തിൽ പ്രധാനമായും മലയോരങ്ങളിലും സമതലങ്ങളിലും കൃഷിചെയ്തുവരുന്നുണ്ട്. കർഷകർക്കു വേണ്ട വിത്ത് കീടനിയന്ത്രണ വസ്തുക്കൾ എന്നിവ കൃഷിഭവൻ മുഖാന്തരം ലഭ്യമായികൊണ്ടിരിക്കുന്നു. കുട്ടികളെ പച്ചക്കറി കൃഷിയിൽ താത്പര്യമുണ്ടാക്കുന്നതിനുവേണ്ടി സൗജന്യമായി പച്ചക്കറി വിത്ത്

സ്ക്കൂൾതലത്തിൽ വിതരണം ചെയ്യാറുണ്ട്.

### ഫലവർഗ്ഗകൃഷി

ഫലവർഗ്ഗകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ സബ്സീഡിനിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. ജൈവവളങ്ങളുടെ ലഭ്യതക്കായി പയറുവർഗ്ഗങ്ങളായ ചണപയർ, കുറ്റിപയർ എന്നിവ കൊയ്ത്തിനുശേഷം ഇടവിളയായി നെൽപാടങ്ങളിൽ കർഷകർ കൃഷിചെയ്യാറുണ്ട്. ഇത് വർഷകാലത്തോടെ നിലത്തിൽ ഉഴുതു ചേർക്കുന്നതിനാൽ മണ്ണിൻെറ ഫലപുഷ്ടി വർദ്ധിക്കുന്നു. കുരുമുളകിനു പുറമേ മഞ്ഞൾ, ഇഞ്ചി, കച്ചോലം, ജാതി തുടങ്ങിയ സുഗന്ധവിളകൾ 15 ഹെക്ടർ സ്ഥലത്ത് ഇടവിളയായി കൃഷി ചെയ്യപ്പെടുന്നുണ്ട്.

ഹരിജനങ്ങൾക്കായി പ്രത്യേകഘടക പദ്ധതി പ്രകാരം പഞ്ചായത്തിലെ ഹരിജനഗിരിജന കർഷകർക്ക് കിണർ കുഴിക്കുന്നതിനും കാർഷികോപകരണങ്ങൾ വാങ്ങുന്നതിനും പമ്പുസെറ്റുകൾ വാങ്ങുന്നതിനും ബയോഗ്യാസ് പ്ലാൻറ് നിർമ്മാണത്തിനും വേണ്ട സാമ്പത്തികസഹായം മുഴുവനായും നൽകുന്നുണ്ട്. പശ്ചിമഘട്ടവികസനപദ്ധതി പ്രകാരം പഞ്ചായത്തിൻെറ VI, VII, VIII, IX എന്നി വാർഡുകളിലെ കർഷകർക്ക് സംസ്ഥാന ആസൂത്രണവകുപ്പിൻെറ ശുപാർശ അനുസരിച്ച് മണ്ണുസംരക്ഷണത്തിനായി മാട്ടം, ജലസേചനത്തിനായി കിണർ, കുളം, മോട്ടർ എന്നവയും കൃഷിഭവൻ മുഖേന സബ്സീഡി നിരക്കിൽ നടപ്പിലാക്കി വരുന്നുണ്ട്.

### യന്ത്രവത്ക്കരണം

ഈ പദ്ധതി പ്രകാരം പാടശേകരസമിതിക്കും മറ്റു കർഷകസമിതിയിൽ കൂടുയും കാർഷിക വൃത്തിക്കാവശ്യമായി ട്രില്ലർ, മെതിയെന്ത്രം, വിത്തു സംഭരണടിൻ എന്നിവ നൽകി കർഷകരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**കാർഷിക ഉപകരണങ്ങൾ**

**ഉഴവുപകരണങ്ങൾ　　മരുന്നുതളി ഉപകരണങ്ങൾ**

**ട്രാക്ടർ　ട്രില്ലർ നാടൻ　റോക്ക് നാപ്സ്റ്റിക് മറ്റുള്ളവ　മെതി തെങ്ങു ഡീസൽ**

**കലപ്പ　സ്പ്രേയർ　യന്ത്രം　കയറ്റുയന്ത്രം പർട്ടബിൾ പമ്പുസെറ്റ്**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 8 | 150 | 1 | 100 | - | 3 | 5 | 80 |

**അവലംബം - കൃഷിഭവൻ രജിസ്റ്റർ**

വിള ഇൻഷുറൻസ് പദ്ധതി പ്രകാരം പഞ്ചായത്തിലെ നാനാവിധ കൃഷികളനക്കും പ്രകൃതിയാലുണ്ടാകുന്ന നാശനഅഷ്ടങ്ങൾക്ക് ഏതു വിളയാണോ ഇൻഷുറർ ചെയ്തിട്ടുള്ളത് ആ വിള നളിച്ചാൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ്. വിള ഇൻഷുറർ ചെയ്യുന്നതിനായി വാർഡുതലത്തിൽ ഏജൻസികളെ ചുമതലപ്പെടുത്തുയിട്ടുണ്ട്.

## ജനസമ്പർക്കം

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ ധനസ്ഥാപനങ്ങൾ വിവിധ സാമൂഹിക സംഘടനകൾ, കർഷകർ പാടശേഖരസമിതികൾ, കാർഷികവികസനസമിതി എന്നിവരും പങ്കാളിത്തത്തോടെ കാർഷിക സെമിനാറുകൾ പ്രദർശനങ്ങൾ ഉത്സവകാലചന്തകൾ എന്നിവ നടത്തുകയും എല്ലാവർഷത്തിലും കർഷകദിനത്തോടനുബന്ധിച്ച് മികച്ച കർഷകപ്രതിഭകളെ കണ്ടെത്തി അനുമോദിക്കുകയും അവാർഡുകൾ നൽകി പ്രാത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

യുവജനങ്ങൾക്കുള്ള പ്രത്യേകതൊഴിൽധാനപദ്ധതിപ്രകാരം പഞ്ചായത്തിലെ 105 യുവകർഷകലെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. യുവജനങ്ങളെ കാർഷികവൃത്തിയിൽ പിടിച്ചുനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പല പദ്ധതികളും നടപ്പിലാക്കികൊണ്ടിരിക്കുന്നു.

## പരിസ്ഥിതി പ്രശ്നങ്ങളും സാങ്കേതിക വിദ്യയും

പഞ്ചായത്തിലെ മൊത്തം കാർഷിക മേഖല വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ചില പരിസ്ഥിതി പ്രശ്നങ്ങളുണ്ട്. പഞ്ചായത്തിൽ പഠന പര്യടനം നടത്തിയ പഞ്ചായത്ത് സംഘത്തിൻെറ അഭിപ്രായത്തിൽ അസ്സൽകൃഷിഭൂമിയുടെ വിസ്തൃതിയിൽ വളരെ കുറവ് വന്നിരിക്കുന്നു. ഇതിന് കാരണമെന്താന്ന് പരിശോധിക്കാം. ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ പരിമിതമായി തോതിൽ ചെറുകിടവ്യവസായശാലകൾ (ഓട്ടുകമ്പിനികൾ) പഞ്ചായത്തിൽ ആരംഭിക്കുകയുണ്ടായി. ഓട്ടുവ്യവസായത്തിൻെറ ഏറ്റവും അത്യന്താപേക്ഷിതമായ അസംസ്കൃത വസ്തുവാണ് കളിമണ്ണം. ഈ കമ്പിനികളിലേക്ക് ആവശ്യമായ മണ്ണിൻെറ മുക്കാൽ ഭാഗവും ഖനനം ചെയ്യുന്നത് ഇവിടുത്തെ പാടശേഖരങ്ങളിൽ നിന്നാണ്. ആദ്യമൊക്കെ ശ്രദ്ധാപൂർവ്വം നടത്തിവന്നിരുന്ന മണ്ണ് ഖനനം പിന്നീട് തികച്ചും അശാസ്ത്രീയമായും താല്ക്കാലികലാഭം നോക്കിയും നടപ്പാക്കി. ഇതിൻെറ അത്യന്തികഫലം ഇന്ന് പഞ്ചായത്തിൽ എവിടെ നോക്കിയാലും കാണപ്പെടുന്ന മണ്ണെടുത്ത കുഴികളാണ്. നാടൻ ഇഷ്ടിക നിർമ്മാണം കൂടി ആരംഭിച്ചതോടെ ഉപയോഗക്ഷമമായ കൃഷിഭൂമിയുടെ വിസ്തൃതി ആശങ്കാകുലമായ നിലയിലേക്ക് താണിരിക്കുകയാണ്. ഇങ്ങനെയുള്ള കുഴികൾ പഞ്ചായത്തിൻെറ കാർഷിക മേഖല വികസനം നേരിടുന്ന മുഖ്യപ്രതിസന്ധിയാണ്. നെൽകൃഷിക്ക് യോജിച്ച ഫലഭൂഷ്ടിയുള്ള എക്കൽ മണ്ണ് മാത്രമാണ് ഓട്, ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്നത് സുലഭമായ ഈ മണ്ണാണ് നെൽകൃഷിയുടെ അന്തകനായി തീർന്നത്. പക്ഷേ ഈ " ഉർവ്വശി ശാപത്തെ ഉപകാരമാക്കിമാറ്റിയ" പാടശേഖരമാണ് മുരിയൻകോൾ. ഏകദേശം 25 ഏക്കർ വരുന്ന പാടശേഖരം കോൾ നിലങ്ങളിലെപ്പോലെ വെള്ളം പമ്പ് ചെയ്ത് വറ്റിച്ച് പുഞ്ചകൃഷി ചെയ്യുകയാണ്. മഴക്കാലത്ത് പുഴയിൽ നിന്നു വെള്ളം കയറി നിൽക്കുന്നതുമൂലം നല്ല വളക്കൂറുള്ള മണ്ണായി മാറുന്ന പാടശേഖരത്തിൽ ഒരു പൂവിനു മാത്രം സാധാരണ ലഭിക്കുന്നതിൻെറ മൂന്നിരട്ടി നെല്ല് ലഭിക്കുന്നുണ്ട്. കൂടാതെ ഇത്തരം കുഴികൾ വ്യാപകമായ തോതിൽ മത്സ്യകൃഷിക്കും ഉപയോഗിച്ചുവരുന്നുണ്ട് . പുഴയോരത്തോട് ചേർന്ന സമതല പ്രദേശങ്ങളിൽ വർഷകാലത്ത് വെള്ളം കെട്ടിനിന്നാണ് പ്രശ്നമുണ്ടാകുന്നതെങ്കിൽ കുന്നിൻപ്രദേശങ്ങളായ കിഴക്കൻ മേഖലയിൽ അക്കാലത്ത് ശക്തമായ മണ്ണൊലിപ്പും ഗുരുതരമായ പരിസ്ഥിതി പ്രശ്നമാണ്. ജൈവവളസമ്പുഷ്ടമായ മേൽമണ്ണ് ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെ ചെറുക്കാൻ നാമമാത്രമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പ്രശ്നത്തിൻെറ രൂക്ഷതം ഇനിയും കുറഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1 കർഷകരുടേതുപോലെതന്നെ കർഷകതൊഴിലാളികളുടേയും കൃഷി ആഭിമുഖ്യത്തിന് ഇടിച്ചിൽ തട്ടിയിരിക്കുന്നു. കർഷകതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല. കൂലി നിരക്കുകൾ ഉയരുന്നതിനനുസരിച്ച് സേവന മേന്മ വർദ്ധിക്കുന്നില്ല.

2 മണ്ണ് പരിശോധനകളുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം നടത്തി വരുന്നത്. ജൈവവളങ്ങളുടെ ഉപയോഗം വളരെ കുറവാണ്. ജൈവവളത്തിൻെറ ദൗർബല്യം ഉയർന്ന വില എന്നിവ ഇതിൻെറ അനുബന്ധ പ്രശ്നങ്ങളാണ്.

3 ഉത്പന്ന സംസ്കാരത്തിന് സൗകര്യമില്ല.

4 പ്രകൃതിക്ഷോഭങ്ങൾക്കിരയായി നശിച്ചുപോകുന്ന ഉല്പന്നങ്ങൾക്ക് നൽകുന്ന ഇൻഷുറൻസ് തുകയും യഥാർത്ഥ വിലയും തമ്മിലുള്ള അന്തരം വളരെ വലുതാണ്.

5 തെങ്ങിന് വ്യാപകമായി കണ്ടുവരുന്ന ചെന്നീരൊലിപ്പ് കാറ്റു വീഴ്ച, കൂമ്പുചീയൽ തുടങ്ങിയ രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തുക.

6 വളങ്ങൾക്കും കീടനാശിനികൾക്കും അനുവദിക്കുന്ന സബ്സീഡി വളരെ അപര്യാപ്തമാണ്

7 നെൽപാടങ്ങളിൽ നിന്ന് മണ്ണെടുക്കുന്നതുമൂലം നെൽകൃഷി വളരെ കുറവാണ്.

8 കൃഷിഭവൻെറ പ്രവർത്തനങ്ങളിൽ കലോചിതമായ മാറ്റങ്ങൾ നടക്കുന്നില്ല.

9 മഴക്കാലത്ത് വെള്ളം കയറി കൃഷി നശിക്കുന്നു.

10 പഞ്ചായത്തിലെ 6, 7, 8, 9 വാർഡുകളിൽ മണ്ണൊലിപ്പ് ഗണ്യമാണ്.

11 കൃഷിഭവനിൽ നിന്നും ലഭിക്കുന്ന വളങ്ങളും, മരുന്നുകളും, സബ്സിഡികളും ശരിയായ സമയത്ത് കർഷകനു ലഭിക്കുന്നില്ല.

12 ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

13 പീച്ചി, ഇടതുകര കനാലിൽകൂടി ആവശ്യസമയങ്ങളിൽ ജലം ലഭിക്കുന്നില്ല.

14 വായ്പകൾ ശരിയായ രൂപത്തിൽ ഉപയോഗിക്കുന്നില്ല.

15 ജലസേചന സൗകര്യം കുറവാണ്.

16 മണ്ണ് ഖനനം മൂലമുണ്ടാകുന്ന വെള്ള കുഴികൾ ഒരു പരിസ്ഥിതി പ്രശ്നം മാത്രമല്ല പഞ്ചായത്തിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മുഖ്യതടസ്സം കൂടിയാണ്.

## സാദ്ധ്യതകൾ

1 ദ്വിതീയ ത്രിതീയ മേഖലകളുമായി ബന്ധപ്പെടുത്തി സമഗ്രമായൊരു കാർഷിക വികസനപരിപാടി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക. ഇതിനുവേണ്ടി അടിയന്തരമായി പഞ്ചായത്ത് തലത്തിൽ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുക.

2 കാർഷികമേഖലയിൽ കർഷകതൊഴിലാളികളുടെ ക്ഷാമം നിലനിലക്കുന്നതിനാൽ യന്ത്രവത്ക്കരണം വ്യാപകമാക്കുക.

3 കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി ഒരു സഹകരണസംഘം രൂപികരിക്കുക.

4 പച്ചകറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുതകുന്ന രീതിയിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ കൃഷി രീതി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.

5 മണ്ണ് ഖനനത്തെ തുടർന്ന് പഞ്ചായത്തിൽ വ്യാപകമായി ഉണ്ടായിട്ടുള്ള വെള്ളകുഴികളിൽ നിന്ന് ജലം വറ്റിച്ച് കൃഷി ചെയ്യാനുള്ള സാധ്യതകൾ നടപ്പിലാക്കുക.

6 കുറഞ്ഞചെലവിൽ ജൈവ-രാസവളപ്രയോഗം നടത്തി എങ്ങിനെ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ഡെമോൺസ്ട്രേഷൻ നടത്തി കൃഷിക്കാരെ ബോധ്യപ്പെടുത്തണം.

7 അമിതമായ കീടനാശിനിപ്രയോഗം സമൂഹത്തിനുണ്ടാകുന്ന മാരകമായ ദോഷത്തെക്കുറിച്ച് മനസ്സിലാക്കികൊണ്ടാണ് സംയോജിത കീട നിയന്ത്രണ പരിപാടി സർക്കാർ നടപ്പിലാക്കുന്നത്. ഇത് വിജയിക്കണമെങ്കിൽ ഈ പരിപാടി പ്രായോഗികമായി ശരിയാണെന്ന് കൃഷിക്കാരെകൂടി ബോധ്യപ്പെടുത്തണം.

8 വളങ്ങൾക്കും കീടനാശിനികൾക്കും അനുവദിക്കുന്ന സബ്സിഡി ഉയർത്തണം.

9 മഴക്കാലത്ത് വെള്ളം കയറി നിൽക്കുന്ന ഭാഗത്ത് വെള്ളം ഇറങ്ങി പോകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10 മണ്ണ് പരിശോധനകളുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുവാൻ കർഷകരെ ബോധവത്കരിക്കുക.

11 കൃഷിഭവൻെറ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ നടത്തുകയും ഇവിടെ നിന്നും ലഭിക്കുന്ന മരുന്നുകളും സബ്സിഡികളും ശരിയായ സമയത്ത് കർഷകനു ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

12 പീച്ചി ഇടതുകര കനാലിൽകൂടി ആവശ്യസമയങ്ങളിൽ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ ജലം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

13 പഞ്ചായത്തിലെ 6, 7, 8, 9 വാർഡുകളിലെ മണ്ണൊലിപ്പ് കുറയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

14 ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുക.

15 പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഓട്, ഇഷ്ടിക നിർമ്മാണത്തിന് മണ്ണ് എടുത്ത കുഴിയിൽ നിന്നും പുഴയിലേക്ക് വർഷകാലത്തു വെള്ളം ഒഴുകുന്നതിനും വേനൽകാലത്ത് പാടത്തേക്ക് വെള്ളം കയറ്റുന്നതിനും ഉതകുന്ന തോട് നിർമ്മിച്ച് 60 ഹെക്ടർ സ്ഥലം നെൽകൃഷിക്ക് ഉപയുക്തമാക്കുക

16 തൃക്കൂർ മണചിറ, കുട്ടാടം പാടം തുരുത്തിക്കാട്ട് പാടം മുതൽ ചാത്തംകുറ്റി മേക്കട്ടി കളപ്പാടം മതിക്കുന്നു പാടം, പള്ളിയറപാടം, കണ്ണംകുറ്റിപാടം, കിഴക്കുപാടം എന്നിവയടങ്ങുന്ന തൃക്കൂർ പഞ്ചായത്തിൻെറ നെല്ലറയായ പാടശേഖരങ്ങളെ മൂന്നു പ്പൂവാക്കാനും 2,3,4,5,6,11 വാർഡുകളിലെ കുടിവെള്ളം ജലസേചനം എന്നിവകൾക്കും ഉതകുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തൃക്കൂർ പുഴ പരിസരത്ത് നിന്നും മതിക്കുന്നിലേക്ക് അടിയന്തരമായി നടപ്പിൽ വരുത്തുക.

17 മതിക്കുന്നി തൃക്കൂർ പുഴ ലിഫ്റ്റ് ഇറിഗേഷൻ ഉടൻ നടപടി സ്വീകരിച്ച് നടപ്പിൽ വരുത്തുക.

18 കൃഷി തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ നിശ്ചയപ്പെടുത്തുക.

19 പഞ്ചായത്തിൻെറ വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ട്രാക്ടർ റോഡുകൾ നിർമ്മിക്കുക

20 മാക്കിലക്കുളം ആഴവും വീതിയും കൂട്ടി മത്സ്യവളർത്താനും താഴ്വരകളുടെ വികസനപ്രവർത്തനങ്ങൾക്കും ഉതകുന്നതാക്കി മാറ്റി കൃഷിയെ പരിപോഷിപ്പിക്കുക.

21 ഭരത ചെക്ക്ഡാം ആഴംകൂട്ടി മണ്ണുമാറ്റി ജലം കൂടുതൽ ശേഖരിക്കുക.

22 പഞ്ചായത്തിലെ തോടുകളുടെ സൈഡ് കരിങ്കൽകൊണ്ട് കെട്ടി അനുയോജ്യമായ രീതിയിൽ ചെക്കുഡാമുകൾ നിർമ്മിച്ച് ചിപ്പു സൗകര്യം കൂട്ടി കൃഷിയെ രക്ഷിക്കുക.

23 കള്ളായി കാഞ്ഞിരമറ്റം ഭാഗത്തു വെള്ളം മുങ്ങി നെൽകൃഷി നശിക്കുന്ന ഭാഗത്തെ ജലം ഒഴുകി പോകാനുള്ള ചാലുകൾ താഴ്ത്തുക.

24 റബ്ബർ കൃഷിക്കാവശ്യമായി യന്ത്രം കീടനാശിനി വളം എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

25 നാഷ്ണലയിസിഡ് ബാങ്കിൻെറയും സഹകരണ ബാങ്കിൻെറയും ശാഖ വെള്ളാനിക്കോട് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

26 നെടുംകുളത്തിൽ നിന്നും വെള്ളം ലിഫ്റ്റ് ചെയ്ത് അമ്പലകുളത്തിനടുത്ത് ടാങ്കുകെട്ടി വെള്ളം ചാലുകൾ വഴി എല്ലാ കൃഷികൾക്കും ലഭ്യമാക്കുക.

27 പുലക്കാട്ടുകര ഷട്ടറിനടുത്ത് കുളം കുഴിച്ച് മോട്ടർ സ്ഥാപിച്ച് ലിഫ്റ്റ് ചെയ്തു കരുമാൻ കുന്നിൽ ടാങ്ക് കെട്ടി ചാനൽ വഴി വിതരണം ചെയ്താൽ 9,10,11,5 വാർഡുകൾക്ക് കൃഷികൾക്കും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്തുക28 പള്ളിയറ തുരുത്തികാട് തോടിനു സൈഡു കെട്ടി രണ്ടു ചിപ്പുകൾ സ്ഥാപിച്ചാൽ ഇരുവശങ്ങളിലും നെൽകൃഷി പ്രയോജനമാകും. മാഞ്ചിറ തോട്ടിലെ ചെക്കുഡാമിൽ വെള്ളം ശേഖരിക്കാൻ കഴിഞ്ഞാൽ തുരുത്തികാട്ടുകളത്തിൽ ജലം എത്തിക്കാൻ കഴിയും.

29 ആമ്പല്ലൂർ പാടം മുതൽ തൃക്കൂർ പാലം വരെ ട്രാക്ടർ റോഡു നിർമ്മിക്കുക.

30 കയ്യാലപ്പടി മംഗലംതണ്ട് റോഡിൽ ഫാം റോഡിൻെറ പാലം വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

31 പഞ്ചായത്തിൻെറ രണ്ടാം വാർഡിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന C.C.D.P. പദ്ധതിപ്രകാരമുള്ള അയ്യപ്പൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻെറ പ്രവർത്തനം വേഗത്തിൽ തീർക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

32 പാറക്കാടിൻെറ ഹൃദയഭാഗത്തുള്ള ഊത്തിയകുളം പുനർനിർമ്മിക്കുക

33 സി.സി.ഡി.പി.യുടെ മൺ ചാൽ പള്ളിയറ സെൻററിൽ എത്തിക്കുക.

# 2 - മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

കഴിഞ്ഞ മൂന്നു ദശാബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക-സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിൻെറ 94% ഗ്രാമ പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. തൃക്കൂർ പഞ്ചായത്തിലെ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിടനാമമാത്ര കർഷകരും, കർഷകതൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും തൃക്കൂർ പഞ്ചായത്തിൻെറ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കും. കഴിഞ്ഞ പദ്ധതി കാലയളവിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മാ വർദ്ധനവും ഉൽപാദനക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

താഴെ പറയുന്ന രംഗങ്ങളിൽ ലഭ്യമാകുന്ന സംഭാവനകൾ കണക്കിലെടുക്കുമ്പോൾ, മൃഗസംരക്ഷണമേഖല പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

(a) *തൊഴിലവസരങ്ങൾ - തൊഴിലുള്ളവർക്ക് ഉപതൊഴിലും തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിലും*

(b) *ദൈനംദിന വരുമാന വർദ്ധനവ്*

(c) *മുട്ട, പാൽ, മാംസം തുടങ്ങിയ പോഷകപ്രധാനമായ ആഹാര വസ്തുക്കളുടെ ഉൽപാദന വർദ്ധനവ്*

(d) *ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ആവിർഭാവം*

(e) *പരിസ്ഥിതിക്ക് അനുകൂലമായ മ-ഗശക്തി*

(f) *ജൈവവളങ്ങൾ*

(g) *മാംസ സംസ്കരണം - വിപണനം, ഉപോൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ ഉൽപാദനവും ഉപഭോഗവും*

1982 - നും 87 നും ഇടക്ക് പശുക്കൾ ഉൾപടെയുള്ള നമ്മുടെ കാലിസമ്പത്തിൻെറ വർദ്ധനവ് ഗണ്യമായിരുന്നു. എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്1987 കന്നുകാലി സെൻസസ് പ്രകാരം തൃക്കൂർ പഞ്ചായത്തിലെ 60% പശുക്കളും സങ്കരയിനത്തിൽപെട്ടവയാണ്. നാടൻ പശുക്കളിൽ നിന്ന് മേൽത്തരം ജനുസുകളിലേക്കുണ്ടായ പരിവർത്തനവും അവയുടെ പരിപാലനവും മൂലം പാൽ ഉൽപാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 87 സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

## വളർത്തു മൃഗങ്ങൾ

വാർഡ് 1 – 11

കാള നാടൻ

വംശവർദ്ധനവ് ഉള്ളത് - 5, മറ്റുള്ളവ - 248

കാള സങ്കരം ; വംശവർദ്ധനവ് ഉള്ളത് - 3 , മറ്റുള്ളവ 230

പശു നാടൻ ; കറവ ഉള്ളത് - 1011, കറവ ഇല്ലാത്തത് - 561

പശു സങ്കരം ; കറവ ഉള്ളത് - 1403, കറവ ഇല്ലാത്തത് - 778

എരുമ ; കറവ ഉള്ളത് - 317, കറവ ഇല്ലാത്തത് - 174

പോത്ത് ; 66, ആട് ; 967, പട്ടി ; 461

## വളർത്തു പക്ഷികൾ

| വാർഡ് | പൂവൻകോഴി | പിടക്കോഴി | താറാവ് | മറ്റുള്ളവ |
|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | |
| 1 - 11 | 1123 | 9620 | 6103 - | 181 |

കോഴി ഇറച്ചിയുടേയും കോഴിമുട്ടകളുടെയും ആഭ്യന്തര ഉപഭോഗത്തിനനുസൃതമായി ഉൽപാദനം വർദ്ധിപ്പിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അസുഖങ്ങൾ മൂലവും മറ്റും മുട്ടക്കോഴികളുടെ എണ്ണത്തിലും മുട്ട ഉൽപാദനത്തിലും ഗണ്യമായ കുറവ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ വിപണനം ചെയ്യപ്പെടുന്ന കോഴിമുട്ടയുടെ 95% അന്യനാടുകളിൽ നിന്ന് എത്തിചേരുന്നതാണ്. ഇറച്ചി കോഴിവളർത്തൽ യൂണിറ്റുകളും വേണ്ടത്ര നമ്മുടെ പഞ്ചായത്തിൽ ഇല്ല.

പഞ്ചായത്തിലെ മാംസോൽപാദന വിപണനരംഗം അസംഘടിതവും കുത്തഴിഞ്ഞുതുമാണ്. ശരിയായ രീതിയിൽ കശാപ്പു ചെയ്യുന്നതിനോ, കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനോ വിപണനം ചെയ്യപ്പെടുന്ന മാംസത്തിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനോ ഉള്ള യാതൊരു വിധ സംവിധാനങ്ങളും ഇന്ന് പഞ്ചായത്തിൽ നിലവിലില്ല എന്നുള്ളത് ഏറെ ദുഃഖകരമായ വസ്തുതയാണ്.

1988 -ൽ സ്ഥാപിതമായ തൃക്കൂർ ഗവ. വെറ്ററിനറി ഡിസ്പെൻസറിയാണ് പഞ്ചായത്തിലെ

ഏകമൃഗചികിത്സാകേന്ദ്രം. VII വാർഡിലെ മുട്ടിത്തടിയിൽ സ്ഥിതി ചെയ്യുന്ന ഉപകേന്ദ്രത്തിൽ കൃത്രിമ ബീജസങ്കലത്തിനുള്ള സൗകര്യവും ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രി പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്. പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിലാണ് ആശുപത്രി സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിലെ എല്ലാ കർഷകർക്കും ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അതിനാൽ വെള്ളാനിക്കോട്, കോനിക്കര എന്നീ മേഖലകളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിൻെറ സാധ്യതകൾ പരിശോധിക്കേണ്ടതാണ്. വിവിധ അസുഖങ്ങൾക്കെതിരെയുള്ള പ്രതിരോധകുത്തിവെയ്പ്പുകൾ ഈ ആശുപത്രിയിൽ നിന്നും ലഭ്യമാണെങ്കിലും രോഗനിർണ്ണയത്തിനുള്ള ആധുനിക സൗകര്യങ്ങൾ മറ്റ് പ്രാഥമികാവശ്യങ്ങൾ എന്നിവ ഈ ആശുപത്രിയിൽ ലഭ്യമല്ല.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾക്ക് കാണപ്പെടുന്ന

രോഗവിവരങ്ങൾ താഴെ പറയുന്നു.

**രോഗവിവരങ്ങൾ**

| | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി | പട്ടി | മറ്റുള്ള |
|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 169 | 7 | 45 | 7 | - | - | 1 |
| | ശ്വാസകോശസംബന്ധം | 30 | 1 | 13 | - | 9 | - | - |
| 3 | ഉപാപചയ സംബന്ധം | 26 | 1 | 14 | - | - | - | - |
| 4 | ത്വക് രോഗങ്ങൾ | 22 | - | 2 | 1 | - | - | 1 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 6 | - | - | - | - | - | - |
| 6 | പാദരോഗങ്ങൾ | 213 | 47 | 8 | 1 | 1 | - | - |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 208 | 8 | 12 | - | - | - | - |
| 8 | വന്ധ്യത | 14 | - | - | - | - | - | - |
| 9 | അകാടുവീക്കം | 43 | 1 | 8 | - | - | - | - |
| 10 | മുടന്തൻ പനി | 27 | - | - | - | - | - | - |

( അവലംബം ; മൃഗാശുപത്രി രജിസ്റ്റർ )

**കൃത്രിമ ബീജസങ്കലനം നടത്തിയ മൃഗങ്ങൾ**

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 – ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു കിടാരി | 3753 | 1308 | 456 |
| എരുമ | 491 | 73 | 26 |

( അവലംബം ; മൃഗാശുപത്രി രജിസ്റ്റർ )

## തൃക്കൂർ ക്ഷീരവ്യവസായ സഹകരണ സംഘം

പഞ്ചായത്തിലെ പാൽ ഉൽപാദകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരെ സഹായിക്കുന്നതിനും വേണ്ടി 1971 - ൽ സ്ഥാപിതമായതാണ് ഈ സംഘം. ഇപ്പോൾ ഇതിൽ 1250 റോളം അംഗങ്ങൾ ഉണ്ട്. ഇവരിൽ 600 റോളം പേർ പാൽ അളക്കുന്നുമുണ്ട്. 100 ലിറ്ററിൽ കൂടുതൽ പാൽ അളക്കുന്ന പ്രദേശങ്ങളിൽ സംഘത്തിൻെറ കീഴിലായി യൂണിറ്റുകൾ സ്ഥാപിക്കാറുണ്ട്. ഇങ്ങനെയുള്ള 5 യൂണിറ്റുകൾ ഇപ്പോൾ നിലവിലുണ്ട്. സംഘത്തിൻെറ വകയായി കന്നുകുട്ടികൾക്ക് സമീകൃതാഹാരം വിതരണം ചെയ്യാറുണ്ട്. ബ്രാഞ്ചുകൾ വഴി കാലിത്തീറ്റകൾ വിതരണം ചെയ്യാറുണ്ട്. എങ്കിലും എല്ലാ മാസങ്ങളിലും ഇത് ശരിയായ സമയത്ത് വിതരണം നടത്താൻ സാധിക്കുന്നില്ല. സംഘത്തിൻെറ കീഴിൽ വനിതകൾക്കായി പാലുകൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഒരു യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഇതിൻെറ പ്രവർത്തനം മന്ദഗതിയിലാണ് നടക്കുന്നത്. സംഘത്തിൻെറ കീഴിൽ പ്രതിദിനം 1200 ലിറ്റർ ശേഖരിക്കുകയും ഇതിൽ 650 ലിറ്റർ പഞ്ചായത്തിൽ തന്നെയും ബാക്കി ഉള്ളവ പഞ്ചായത്തിൻെറ പുറത്തേക്ക് അയക്കുന്നു.

## നടപ്പുപദ്ധതികളുടെ ലക്ഷ്യവും, പോരായ്മകളും ഇവയ്ക്കു വേണ്ട മാറ്റങ്ങളും

*1 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി - ഇതിൻെറ ലക്ഷ്യം 4 മുതൽ 9 മാസംവരെ പ്രായമുള്ള സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം പ്രായമാകുന്നതുവരെ അമ്പതു ശതമാനം സബ്സിഡിയോട് കൂടി കാലിത്തീറ്റ വിതരണം ചെയ്യുക എന്നതാണ്. എങ്കിലും ഈ പരിപാടിയുടെ ആനുകൂല്യം ചെറിയൊരു വിഭാഗം കർഷകർക്ക് മാത്രമെ ഇപ്പോൾ ലഭ്യമാകുന്നുള്ളു. കൃത്യസമയത്ത് എല്ലാ മാസവും തീറ്റയുടെ ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല. പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുകുട്ടികളേയും എരുമകുട്ടികളേയും ഉൾപ്പെടുത്തുന്നതിനോടൊപ്പം കാലിതീറ്റയുടെ വിലവർദ്ധനവിന് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കുകയും സമയാസമയങ്ങളിൽ കാലിതീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമെ ഈ പദ്ധതി വിജയകരമായി നടത്താൻ സാധിക്കൂ.*

2 പേ വിഷ നിയന്ത്രണപദ്ധതി ; ഈ പദ്ധതിയുടെ ലക്ഷ്യം ഘട്ടം ഘട്ടമായ പേ വിഷബാധ നിർമ്മാർജ്ജനം ചെയ്യുക. പേ വിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലക്ക് വിതരണം ചെയ്യുക. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തുനായ്ക്കളെ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ പദ്ധതിയിലെ പോരായ്മകൾ വാക്സിൻ വേണ്ട അളവിൽ ലഭിക്കുന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വളർത്തു നായ്ക്കളുടെ ലൈസൻസിങ്ങ് സമ്പ്രദായം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നില്ല. ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കുകയും ലൈസൻസിങ്ങ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും ചെയ്താൽ ഈ പദ്ധതി വിജയകരമാക്കാൻ സാധിക്കും. സാമൂഹിക സന്നദ്ധ സംഘടനകളെ ഈ പദ്ധതിയിൽ പങ്കാളികളാക്കുകയും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

3 ഊർജ്ജിത പന്നിവളർത്തൽ പദ്ധതി ; ഈ പദ്ധതിയുടെ ലക്ഷ്യം മാംസാവിശ്യത്തിനായി ഗുണമേന്മയുള്ളതും പെട്ടെന്ന് തൂക്ക് വയ്ക്കുന്നതുമായ പന്നികളുടെ വ്യാപനവും പന്നിയിറച്ചിയുടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കലുമാണ്. ഈ പദ്ധതിയുടെ പോരായ്മകൾ നല്ലയിനം പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവാണ്. ആവശ്യത്തിന് പന്നികുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ പ്രജനന യൂണിറ്റ് തുടങ്ങണം.

4 ആടുവളർത്തൽ ; പദ്ധതിയുടെ ലക്ഷ്യം മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്രജനനാവശ്യത്തിനുള്ള ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ്. നല്ലയിനം ആട്ടിൻകുട്ടികളുടെ ലഭ്യതയുടെ അഭാവം ആണ് ഈ പദ്ധതിയിലെ പോരായ്മകൾ. തീറ്റയാവശ്യത്തിനു ഉപയോഗിക്കാവുന്ന പച്ചിലകളുടെ ലഭ്യതക്കുവേണ്ടി പ്ലാവ്, മുരിക്ക്, ഡുബാബുൾ തുടങ്ങിയ വൃക്ഷവിളകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും ചെയ്യണം.

5 അടുക്കള മുറ്റത്തെ കോഴിവളർത്തൽ ; കോഴിമുട്ടകളുടെ ഉൽപാദനവും ലഭ്യതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഈ പദ്ധതി. നല്ലയിനം കോഴികുഞ്ഞുങ്ങളുടെ ലഭ്യതക്കുറവുമം പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നില്ല. ഇവയാണ് പോരായ്മകൾ. ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ കഴിയും വിധം പഞ്ചായത്ത് തല "എഗ്ഗർ" നേഴ്സറികൾ സ്ഥാപിക്കണം.

6 ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ ; കൃത്രിമ ബിജസങ്കലനം വഴി കന്നുകാലികളുടെ വർഗ്ഗോദ്ധാരണം സാധ്യമാക്കുകയാണ് ലക്ഷ്യമെങ്കിലും മുഴുവൻ കർഷകർക്കും ഈ സൗകര്യം ലഭ്യമാക്കാൻ കഴിയുന്നില്ല. പ്രത്യുൽപാദനശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന് തോതിൽ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ സ്ഥപീക്കണം. തൃക്കൂർ പഞ്ചായത്തിലെ പശുക്കൾ 60% സങ്കരയിനത്തിൽപ്പെട്ടവയാണ്. 87 ലെ സെൻസസ് കണക്കുകൾ സൂചിപ്പിക്കന്നു. വരുംകാലങ്ങളിൽ ഇതിനു വർദ്ധനവ് ഉണ്ടാക്കുമെന്നതിനാൽ പ്രിമിയം ബുൾസെമൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

### പ്രശ്നങ്ങൾ

1 ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും. ലഭിക്കുന്ന തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പരിശോധനസംവിധാനങ്ങളുടെ അഭാവം.

2 ഉൽപാദകന് കിട്ടുന്ന പാൽ വില ഉൽപാദന ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലക്ക് പാൽ ലഭിക്കുന്നില്ല.

3 പാൽ വിപണന രംഗത്തെ അപര്യാപ്തത

4 ഭാരിച്ച ചികിത്സാ ചിലവ്

5 മൃഗസംഗക്ഷണ മേഖലയിൽ ലോൺ നൽകുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖത.

6 ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത

7 വൈക്കോലിൻെറ ദൗർലഭ്യവും ഉയർന്ന വിലയും തീറ്റ പുൽകൃഷിയുടെ അഭാവവും

8 കർഷകരുടെ ആവശ്യത്തിനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം

9 അശാസ്ത്രീയമായ മാംസോൽപാദന വിപണന രീതികൾ

10 കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത മൃഗാശുപത്രി (ഉപകരണങ്ങൾ ലബോറട്ടറി, മരുന്നുകൾ ടെലിഫോൺ )

11 സമഗ്ര പേ വിഷ നിയന്ത്രണ നയത്തിൻെറ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.

12 ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം

13 സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗ ചികിത്സ

**നിർദ്ദേശങ്ങൾ**

I ഉൽപാദനമേഖല ; ചെറുകിട നാമമാത്രമായ കർഷകരേയും കർഷകതൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. കാലി വളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിൻെറ ഉൽപാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കണം.

1 മിനി ഡയറി യൂണിറ്റുകൾ. മൂന്നു പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്.

2 പഞ്ചായത്തിലുണ്ടാകുന്ന മുഴുവൻ സങ്കരയിനം പശുകുട്ടികളേയും എരുമകുട്ടികളേയും കന്നുകുട്ടി പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി 32 മാസം പ്രായമാകുന്നതുവരെ സബ്സിഡി നിരക്കിൽ കാലിതീറ്റ, മരുന്ന്, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നടപ്പിലാക്കുക.

3 പാലിൻെറ ഉൽപാദന ചിലവ് ഗണ്യമായി കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതും തെങ്ങിൻ തോപ്പുകളിലെ ഇടവിളയെന്ന നിലക്കും പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിലും കനാലുകളുടെ വശങ്ങളിലും തീറ്റപുൽകൃഷി നടത്താവുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4 നിയന്ത്രിത വിലക്കും ഗുണനിലവാരമുള്ള കാലിതീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹകരണ മേഖലയിൽ ചെറുകിട തീറ്റമിശ്രണയൂണിറ്റ് സ്ഥാപിക്കുക.

5 വൈക്കോൽ ധാരാളമായി ലഭിക്കുന്ന സമയങ്ങളിൽ സംഭരിച്ചുവെയ്ക്കുകയും സംപുഷ്ടീകരിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

6 കന്നുകാലികളുടെ രോഗം മൂലവും മരണം മൂലവും കർഷകർക്ക് സംഭവിക്കുന്ന നഷ്ടങ്ങൾക്ക് മാസ്റ്റർ പോളിസിയിലൂടെ ഇൻഷുറൻസ് പരിരക്ഷ നൽകുക.

7 തൊഴുത്തുകളുടെ അശാസ്ത്രീയമായ നിർമ്മാണം മൂലം ഉണ്ടാകുന്ന അകിടുവീക്കം, കുളമ്പുദീനം പോലെയുള്ള രോഗങ്ങളെ ഒഴിവാക്കുവാൻ വേണ്ടി ശാസ്ത്രീയമായ തൊഴുത്തുകളുടെ നിർമ്മാണത്തെ പറ്റി ജനങ്ങളെ ബോധവത്കരിക്കാനക്ഷ ക്ലാസുകൾ നടത്തുക.

## II മുട്ട ഉൽപാദനം

1 ഗുണമേന്മയുള്ള മുട്ടകോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ എഗ്ഗർ നേഴ്സറികൾ സ്ഥാപിക്കുക.

2 അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 60 ദിവസം പ്രായമായ 10 കോഴികുഞ്ഞുങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റു വീതം എല്ലാ കുടുംബങ്ങൾക്കും സൗജന്യ നിരക്കിൽ നൽകുക.

3 സ്ക്കൂൾ പൗൾട്രി ക്ലബ്ബ് രൂപീകരിക്കുക. വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ജനിപ്പിക്കുന്നതിനു വേണ്ടി രണ്ടുമാസം പ്രായമുള്ള മൂന്ന് മുട്ടകോഴികുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

4 രണ്ടാഴ്ചയിലൊരിക്കൽ വിപണന പ്രായമെത്തിയ 250 ഇറച്ചികോഴികളെ വീതം വില്പനക്ക് സജ്ജമാക്കാവാൻ കഴിയുന്ന യൂണിറ്റുകൾ വ്യാപകമായി പ്രോത്സാഹിപ്പിക്കുക. ഇടത്തട്ടുകാരുടെ ചൂഷണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു മേഖലയാണിത്. അവരെ ഒഴിവാക്കുവാൻ പ്രാദേശികാടിസ്ഥാനത്തിൽ സഹകരണസംഘം രൂപാകരിക്കുകയും കോഴികുഞ്ഞുങ്ങളുടേയും കോഴിതീറ്റയുടേയും സംഭരണം പ്രായമായ കോഴികളുടെ വിപണനം എന്നിവ സംഘം വഴി നടപ്പിലാക്കണം. പഞ്ചായത്തിൽ ഇറച്ചി കോഴിയൂണിറ്റുകൾ അധികമില്ല. ഈ മേഖലയിലേക്ക് കൂടുതൽ തൊഴിൽരഹിതരായ ചെറുപ്പക്കാരെ കൊണ്ടുവരണം.

## മാംസോൽപാദനം

പൊതുജനാരോഗ്യപ്രശ്നമെന്ന നിലയിൽ സംശുദ്ധമായ മാംസോൽപാദനവും വിപണനവും ഉറപ്പു വരുത്തേണ്ടതും ആധുനിക രീതിയിൽ ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുകയും മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനു മുമ്പും പിമ്പും ഉള്ള പരിശോധന നിർബന്ധമാക്കുകയും ചെയ്യണം.

## കാളക്കുട്ടി പരിപാലനം

കൃത്രിമ ബീജസങ്കലനം വഴി തൃക്കൂർ പഞ്ചായത്തിൽ പ്രതിവർഷം ഏകദേശം 500 കാളക്കുട്ടികൾ ജനിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ ബഹുഭൂരിപക്ഷവും ശരിയായ പരിചരണം ലഭിക്കാതെ വളർച്ച മുരടിച്ചുപോവുകയോ മരണപ്പെടുകയോ ആണ് ചെയ്യുന്നത്. ആസൂത്രണ സമീപനം വഴി പാഴായിപോകുന്ന ഈ സമ്പത്ത് നമ്മുടെ പ്രദേശത്തിൻെറ ആഭ്യന്തരുൽപാദന വർദ്ധനവിനും വരുമാന വർദ്ധനവിനും ഉള്ള ഉപാധിയായി സ്വീകരിക്കാവുന്നതാണ്. രണ്ടോ മൂന്നോ മാസം പ്രായമുള്ള അഞ്ചു കാളക്കുട്ടികൾ അടങ്ങുന്നതാകാം ഒരു യൂണിറ്റ് ഇവയെ 6 മാസമാകുമ്പോൾ വരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്

## ആടുവളർത്തൽ പദ്ധതി ;

പഞ്ചായത്തിൻെറ മലയോരപ്രദേശങ്ങളിൽ കൂടുതൽ ഊന്നൽ നൽകികൊണ്ട് കുട്ടികളുടേയും വീട്ടമ്മമാരുടേയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗിപ്പെടുത്താവുന്ന മേഖലയാണ്. നാമമാത്ര കർഷകരുടെയും കർഷകതൊഴിലാളികളുടെയും സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യമാണ് ആടുവളർത്തൽ.

## പന്നിവളർത്തൽ

പഞ്ചായത്തിലെ സാധ്യതകളുള്ള മേഖലകളിൽ നടപ്പിലാക്കാവുന്നതാണ് (മുട്ടിത്തടി, വെള്ളാനിക്കോട്, ഭരത, കള്ളായി പ്രദേശങ്ങൾ ) അഞ്ച് പെൺപന്നിയും ഒരു ആൺപന്നിയും അടങ്ങുന്ന പ്രജനനയൂണിറ്റുകളും മാംസാവിശ്യത്തിനായി രണ്ടു പന്നികുഞ്ഞുങ്ങൾ അടങ്ങിയ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

## ഇറച്ചിമുയൽ വളർത്തൽ

പത്തുപെൺമുയലുകളും രണ്ട് ആൺമുയലുകളും അടങ്ങുന്ന ഒരു യൂണിറ്റ് ആരംഭിക്കുക. നാമമാത്രകർഷകരും കർഷകതൊഴിലാളികളുമായിരിക്കണം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

## പേ വിഷനിയന്ത്രണ പദ്ധതി

പഞ്ചായത്തിലെ മുഴുവൻ നായ്ക്കളെയും പ്രതിരോധകുത്തിവെയ്പ്പിന് വിധേയമാക്കുക. നായ്ക്കളുടെ ലൈസൻസിംഗ് സമ്പ്രദായം നിർബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക എന്നിവ അടങ്ങിയ ഒരു തുടർ പദ്ധതി ജനപങ്കാളിത്തത്തോടെ ആവിഷ്കരിക്കപ്പെടുക.

## വനിതാ പങ്കാളിത്തം

1 മഹിളാസംഘങ്ങൾ വഴി പശു വളർത്തൽ പദ്ധതി ആരംഭിക്കുക.

2 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുക

3 സംസ്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ ഉൽപാദനവും വിപണനവും വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങളിൽ നടതൃതാവുന്നതാണ്.

മൃഗസംരക്ഷണ രംഗത്തെ പ്രാഗൽഭ്യം തെളിയിക്കുന്ന കർഷകന് അവാർഡും അതിനോടനുബന്ധിച്ച് കാർഷികമേളയും സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്.

## മത്സ്യബന്ധനം

ജലാശയങ്ങളിൽ നിനനും മത്സ്യം പിടിച്ച് ജീവിക്കുന്നവർ ഈ ഗ്രാമപഞ്ചായത്തിൽ വളരെ കുറവാണ്. എന്നിരുന്നാലും ആതൂർ, പള്ളിയറ, കോളനികളിൽ ഒരു പ്രത്യേക സമുദായത്തിൽ കുറച്ച് പേർ ഉള്ളതായി കാണാം. കഴിഞ്ഞ വർഷങ്ങളിൽ മത്സ്യങ്ങളിൽ കണ്ട സാംക്രമിക രോഗങ്ങൾ മത്സ്യസമ്പത്ത് ഗണ്യമായ തോതിൽ കുറഞ്ഞുപോകാൻ കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ മത്സ്യം കഴിക്കുന്നവർ ഭൂരിഭാഗമാണ്. എന്നാൽ പഞ്ചായത്തിൽ ഒരിടത്തും തന്നെ മത്സ്യകൃഷി കണ്ടുവരുന്നില്ല. ഇവിടെ തൃശ്ശൂർ ചന്തയിൽ നിന്നും കടൽ മത്സ്യം വ്യാപകമായ തോതിൽ കൊണ്ടുവന്ന് വിപണനം ചെയ്യുന്നുണ്ട്. കേന്ദ്രീകൃതമായ ചന്തയില്ലാത്തതുകൊണ്ട് ഏകീകൃതമായ വിലനിലവാരം കണ്ടുവരുന്നില്ല. പഞ്ചായത്തിൻെറ വിവധ തുറകളിലായി പഞ്ചായത്ത് കുളങ്ങൾ, സ്വകാര്യവ്യക്തികളുടെ കുളങ്ങൾ, മണ്ണെടുത്തു മാറ്റിയ കുഴികൾ, ഇഷ്ടികപ്പണി നടത്തിയതിനുശേഷമുള്ള കുഴികൾ എന്നിവയിൽ മത്സ്യം വളർത്തുന്നതിന് വ്യാപകമായ സാദ്ധ്യതകളുണ്ട്. അതിനാവശ്യമായി ബോധവൽക്കരണം നടത്തേണ്ടതുണ്ട്. കൂടാതെ ഒരു പ്രത്യേക സഹകരണസംഘം രൂപീകരിച്ച് അതിലൂടെ ഭക്ഷ്യയോഗ്യമായ മത്സ്യങ്ങൾ വളർത്തുന്നതിനാവശ്യമായ മത്സ്യകുഞ്ഞുങ്ങൾ, അലങ്കാര മത്സ്യകുഞ്ഞുങ്ങൾ എന്നിവയെ എത്തിച്ചു കൊടുക്കുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതുണ്ട്. അങ്ങിനെ ഈ പഞ്ചായത്തിൽ മാതൃകാപരമായ ഫാമുകൾ നടത്തുന്നതിന് കഴിയും. ഈ രംഗത്ത് വനിതകളുടെ പങ്കും പ്രത്യേകം ശ്രദ്ധയാകർഷിക്കേണ്ടതുണ്ട്. തൊഴിൽ ശുഷ്കമായികൊണ്ടിരിക്കുന്ന ഈ കാലയളവിൽ വളരെ ലാഭകരമായി ചെയ്യാവുന്ന മാന്യമായ ഒരു തൊഴിൽ കൂടിയാണിത്. കൂടാതെ ജനങ്ങൾക്ക് ആരോഗ്യപരമായ ഒരു തരത്തിലുള്ള പ്രശ്നങ്ങളും ഉണ്ടാക്കാത്തതരത്തിൽ ശുദ്ധമായിതും പോഷകാംശം കൂടിയതുമായ മത്സ്യം കഴിക്കുന്നതിനുള്ള ലഭ്യതയും ഇതിലൂടെ സാധ്യമാകുന്നു. ചുരുക്കത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൻെറ വികസന പ്രക്രിയയിൽ ചെറിയ തോതിൽ സ്വാധീനം ചെലുത്താവുന്ന ഈ മേഖല തീർച്ചയായും സംരക്ഷിക്കപ്പെടണം.

# 3 വിദ്യാഭ്യാസം

1920 കളിലാണ് തൃക്കൂർ പഞ്ചായത്തിൽ ആദ്യത്തെ സ്ക്കൂൾ സ്ഥാപിതമായത്. ഇന്ന് പുറംകാവ് ക്ഷേത്രം സ്ഥിതി ചെയ്യുന്നതിന്റെ പരിസരത്ത് പാലിയം വകയായാണ് ഈ സ്ക്കൂൾ അനുവദിച്ചത്. ഈ പരിസരം പിന്നീട് സ്ക്കൂൾ കുന്ന് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയതിന് ശേഷം ഇന്ന് കാണുന്ന ഭാഗത്ത് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. 1941 ലെ കൊടുങ്കാറ്റിൽ ഈ സ്ക്കൂൾ നശിച്ചുപോയി. സ്ക്കൂൾ പുതുക്കിപണിതതിന് ശേഷം പാലിയത്തുകാർ സർക്കാരിലേക്ക് വിട്ടുകൊടുത്തു. ആ സ്ക്കൂളാണ് "ഗവൺമെൻറ് ലോവർ പ്രൈമറി" എന്ന പേരിൽ അറിയപ്പെടുന്നത്. ആദ്യകാലത്ത് ആരംഭിച്ച ഈ സ്ഥാപനത്തിന്റെ സേവനം ജനങ്ങൾ ശരിക്കും ഉപയോഗിച്ചതായി കാണാനാകും. പഞ്ചായത്തിലെ തന്നെ ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ളവരും അതുമൂലം ജോലിസമ്പാദിച്ചവരും ഈ ഭാഗത്ത് കൂടുതലാണെന്ന കാര്യം തർക്കമറ്റ സംഗതിയാണ്.

പിന്നീടാണ് 1953 ൽ T.P.സീതാരാമിന്റെ നേതൃത്തിൽ ഒരു യു.പി. സ്ക്കൂൾ ആരംഭിച്ചത്. കൂടാതെ VLPS, St. Amtpmys LPS ശങ്കര UPS എന്നിവ സ്ഥാപിതമായി. ടി.പി. സീതാരാമിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച UPS 15 വർഷം വളരെ സുഗമമായി പ്രവർത്തിച്ചു. ഈ സ്ഥാപനം സർക്കാരിലേക്ക് വിട്ടുകൊടുത്താൽ അത് ഹൈസ്ക്കൂളാകുമെന്ന അവസ്ഥയിൽ സീതാറാം സന്തോഷം സമ്മതിക്കുകയും ഒരു രൂപാ മാത്രം വില നിശ്ചയിച്ച് പഞ്ചായത്തിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു. അകകാലത്ത് യു.പി.സ്ക്കൂളിന്റെ ഹെഡ്മിട്രസ്സ് ആഴ്ചകുളങ്ങര വാരിയത്ത് രാധാ വാരസ്യാർ ആയിരുന്നു. അങ്ങിനെ 1968 ൽ എട്ടാം ക്ളാസ്സിലേക്ക് ഒരു ഡിവിഷനോടുകൂടി "തൃക്കൂർ പഞ്ചായത്ത് സർവ്വോദയ ഹൈസ്ക്കൂൾ" സ്ഥാപിതമായി. 1971 ൽ ആദ്യത്തെ S. S.L.C. ബാച്ച് പരീക്ഷയെഴുതി. ഓല കെട്ടിടത്തിലാണ് പ്രവർത്തനമാരംഭിച്ചതെങ്കിലും തൊട്ടടുത്ത കാരക്കാട്ടുമനയിലെ നമ്പൂതിരി കുറച്ചുകൂടി സ്ഥലം സ്ക്കൂളിന് സംഭാവന ചെയ്യുകയും 1970 ൽ പഞ്ചായത്ത് പ്രസിഡൻറായിരുന്ന നാരായണൻ ഇളയതിന്റെ പ്രത്യേക താൽപര്യപ്രകാരം ജനങ്ങളും സ്ക്കൂളിലെ മുഴുവൻ അദ്ധ്യാപകരും കുട്ടികളും ചേർന്ന് പൈസ പിരിച്ചും സന്നദ്ധസേവനം നടത്തിയുമാണ് സ്ക്കൂളിന് സ്വന്തമായി ഓടിട്ട കെട്ടിടം നിർമ്മിച്ചത്. ആദ്യത്തെ ഹെഡ്മാസ്റ്റർ എം.വി. കൃഷ്ണൻകുട്ടി ഇളയതായിരുന്നു.

വളരെ നല്ല നിലയിൽ ആരംഭിച്ച ഈ സ്ഥാപനത്തിൻെറ ആദ്യകാല വിജയ ശതമാനവും വളരെ ഉയർന്നതായിരുന്നു. ജില്ലയിലെ മികച്ച സ്ക്കൂളുകളിൽ ഒന്നായിരുന്നു TPSHS. ആരംഭകാലത്ത് 90% ൽ അധികം റിസൾട്ടുണ്ടായിരുന്നു.

## വിദ്യാലയവിവരങ്ങൾ

| | സ്ക്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | SC/ST ആൺ | പെൺ | അദ്ധ്യാപകർ | | ഭൗതികം | പഠന നിലവാരം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | വി.എൽ.പി.എസ്സ് | എയിഡഡ് | 243 | 199 | 442 | 68 | 35 | 13 | | നല്ലത് | നാല്ലത് |
| 2 | ജി.എൽ.പി.എസ്സ് | സർക്കാർ | 73 | 67 | 140 | 2 | 3 | 7 | | - | ഭേദം |
| 3 | സെൻറ് ആൻറണീസ് | എയ്ഡഡ് | 91 | 94 | 185 | 6 | 4 | 7 | | - - | |
| 4 | പനമ്പിള്ളി എൽ.പി.എസ്സ് | - | 57 | 52 | 109 | 6 | 7 | 4 | | ഭേദം | മോശം |
| 5 | സെൻറ് റാഫേൽസ് | - | 196 | 192 | 388 | 25 | 29 | 13 | | നല്ലത് | ഭേദം |
| 6 | ശങ്കര യു.പി.എസ്സ് | - | 489 | 423 | 912 | 21 | 12 | 20 | - | നല്ലത് | |
| 7 | തൃക്കൂർ പഞ്ചായത്ത് സർവ്വോദയ | - | 600 | 496 | 1098 | 89 | 93 | 47 | - | മോശം | |
| 8 | ഹോളി ഫാമിലി | അൺഎയഡഡ് | 113 | 137 | 250 | - | - | 6 | - | ഭേദം | |
| | | ആകെ | 1862 | 1662 | 3524 | 217 | 183 | 117 | | | |

ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയ TPHS ന് എല്ലാ തരത്തിലുള്ള ഭൗതിക സാഹചര്യങ്ങളും ഉണ്ട്. എന്നാലും വിജയശതമാനം വളരെ കുറവാണ്. സ്ക്കൂളിൻെറ റിപ്പോർട്ടിൽ ഇതിന് കാരണമായി പറയുന്നത് കുട്ടികളുടെ കുടുംബസാഹചര്യങ്ങളിലെ പിന്നോക്കാവസ്ഥയും മറ്റ് സ്ക്കൂളുകൾ മാർക്കിൻെറ അടിസ്ഥാനത്തിൽ മാത്രം പ്രവേശനം നൽകുന്നതും മറ്റ് സ്ക്കൂളുകളിലെ മോശമായ കുട്ടികൾക്ക് ചേരാനുള്ള ഇടത്താവളമായി ഈ സ്ക്കൂൾ മാറുന്നതും പ്രമോഷനും കൂടുതൽ സ്ക്കൂളുകൾ അനുവദിച്ചതുകൊണ്ടുമാണെന്നാണ്. ഒരു പരിധിവരെ ഇതെല്ലാം ശരിയാണെങ്കിലും പ്രധാന കാരണങ്ങൾ ഇവയല്ലെന്നാണ് ചൂണ്ടികാണിക്കപ്പെടുന്നത്. കുട്ടികൾക്ക് കർശനമായ നിയന്ത്രണങ്ങളില്ല. കുട്ടികൾക്ക് രാഷ്ട്രീയക്കാരുടെ ഒത്താശ ലഭിക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി PTA വളരെ ഉയർന്ന നിലവാരം പുലർത്തിയിട്ടും സമരങ്ങൾ ഇല്ലാതായിട്ടും റിസൾട്ട് ഉയർന്നിട്ടില്ല. മാനേജ്മെൻറ് (പഞ്ചായത്ത്) സജീവമായി ഇടപ്പെടുന്നുണ്ട്. അദ്ധ്യാപകരുടെയും അദ്ധ്യാപികമാരുടേയും ഗ്രൂപ്പ് തിരിഞ്ഞുള്ള ശീതസമരവും പണിയെടുക്കാനുള്ള ഒരു വിഭാഗത്തിൻെറ വിമുഖതയും ഇവരെയെല്ലാം സമന്വയിപ്പിച്ചുകൊണ്ടാപോകാൻ നേതൃത്വത്തിന് കഴിയാത്തതും ഒരു പ്രധാന കാരണമായി ചൂണ്ടികാണക്കപ്പെടുന്നു.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരെ പ്രധാന ചെയ്യുന്നതിലും പ്രത്യേകിച്ച് തൃക്കൂർ പള്ളിയറയുടെ വികസനത്തിലും TPSHS വഹിച്ച പങ്ക് ഏറെ പ്രശംസനീയമാണ്. അന്ന് കാലത്ത് വളരെ അകലെയുള്ള സ്ക്കൂളുകളായ ഒല്ലൂർ, പുതുക്കാട് എന്നീ സ്ഥലങ്ങളിലാണ് കുട്ടികൾ പോയി പഠിച്ചിരുന്നത്. ആ കാലത്ത് TPHS ഒരു അനുഗ്രഹമായാണ് രംഗപ്രവേശം ചെയ്തത്.

ഇന്ന് കേരളത്തിൽ മൊത്തമായിത്തന്നെ വിദ്യാഭ്യാസത്തിന്റെ മൂല്യത്തകർച്ച കാണാവുന്നതാണ്. കാരണങ്ങൾ പലതാണ്. ആ തകർച്ച ഈ പഞ്ചായത്തിലും ദർശിക്കാവുന്നതാണ്. എന്നിരുന്നാലും കാരണങ്ങൾപ്പറഞ്ഞ് രക്ഷപ്പെടുന്നതിന് പകരം നമ്മുടെ പഞ്ചായത്തിലെ ഈ തകർച്ചയെ കാരണമറിഞ്ഞ് ചികിത്സിക്കേണ്ടത് വളരെ അനിവാര്യമാണ്. നമ്മുടെ കുട്ടികൾ ദേശീയ, അന്തർദേശീയ നിലവാരത്തിനോട് അടുക്കേണ്ടത് വളരെ ആവശ്യം കൂടിയാണ്. കേരളത്തേക്കാൾ വളരെ പിന്നോക്കം നിന്നിരുന്ന തമിഴ്നാട്, കർണ്ണാടക. മഹാരാഷ്ട്ര, ആന്ദ്രപ്രദേശ് സംസ്ഥാനങ്ങളിൽ നിന്ന് IAS, IPS, IFS കാഡറിലുള്ളവരുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം കേരളത്തിൽ നിന്നുള്ളവരുടെ എണ്ണം വളരെയധികം കുറഞ്ഞു വരുന്നത് ആപത്കരമായ സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുന്നതായി കാണാം. കേരളത്തിലെ സർവ്വകലാശാലബിരുദങ്ങൾക്ക് വന്ന മൂല്യശോഷണവും പരിശോധിക്കേണ്ടതാണ്.

വളരെയധികം കുട്ടികൾ നമ്മുടെ പഞ്ചായത്തിലെ ഹൈസ്ക്കൂളിൽ ചേരാതെ അകലങ്ങളിലുള്ള HS കളിൽ പോയി പഠിക്കുന്നത് കാണാം. അതുമൂലം ആവശ്യമില്ലാതെ ഒരുപാട് പണം രക്ഷിതാക്കൾക്ക് ചെലവാകുന്നുണ്ട്. പലപ്പോഴും ബസ്സ് സർവ്വീസുകളുമായുള്ള സൗന്ദര്യപിണക്കങ്ങളും ചിലപ്പോൾ അതിൽ കൂടുതൽ പ്രശ്നങ്ങളും ഇതുമൂലം ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി ഈ പഞ്ചായത്തിൽ U.P. തലത്തിൽ നിന്നും വരുന്ന 1200 ൽപ്പരം കുട്ടികളിൽ നിന്നും ഓരോ വർഷവും 200 ൽ താഴെ കുട്ടികൾ മാത്രമാണ് പരീക്ഷയെഴുതുന്നത്. ഏകദേശം 1000 ൽ കൂടുതൽ കുട്ടികളും SSLC ക്ക് മാത്രം വിവിധ സ്ക്കൂളുകളിലാണ് പഠിക്കുന്നത്. ഈ അവസ്ഥയിൽ മാറ്റം വരുത്തിയേ പറ്റൂ. അതിനാവശ്യമായ ബോധവൽക്കരണം എത്രയും പെട്ടെന്ന് നടത്തുകയും വേണം. TPHSവളരെയധികം സൗകര്യമുള്ള ഒരു സ്ഥാപനമായിട്ടും ഈ അവസ്ഥ തുടർന്നുപോകുന്നത് ഒട്ടും ആശ്വാസകരമല്ല.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഒരു അൺ എയിഡഡ് സ്ക്കൂൾ മാത്രമാണ് ഈ പഞ്ചായത്തിൽ വന്നത്. ഈതുമൂലം GLPS അടച്ചുപൂട്ടൽ ഭീഷിണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പരിശീലനം ലഭിക്കാത്ത അൺ എയ്ഡഡ് സ്ക്കൂളിലെ അദ്ധ്യാപകരുടെ കൈകളിലെത്തുന്ന പിഞ്ചുകുഞ്ഞുങ്ങൾ പിൽക്കാലത്ത് സമൂഹത്തിന് തന്നെ ഒരു വൻ ബാധ്യതയാകുമെന്ന കാര്യവും പരിഗണിക്കേണ്ടതാണ്. ഇവിടുങ്ങളിലെ പഠനം ശിക്ഷകളിൽ അധിഷ്ഠിതമാണ്. പഠനമാധ്യമം ഇംഗ്ലീഷോ മലയാളമോ അല്ല. മറിച്ച് ഒരു അവിയൽ സമ്പ്രദായമാണ്. ഭീനമായ ഫീസും നാമമാത്രമായ ശമ്പളവും മറ്റൊരു ഭീഷണിയുമാണ്. പഞ്ചായത്തിലെ 3 എൽ.പി., 2 യു.പി. എന്നിവയിലെ അദ്ധ്യായന നിലവാരം ഭേദമാണ്. 2 എൽ.പി. 1 യു.പി, ഹൈസ്ക്കൂൾ എന്നിവയിൽ നിലവാരം മെച്ചപ്പെടുത്തണം. എല്ലാ സ്ക്കൂളുകളിലും കൊഴിഞ്ഞുപോകുന്നുണ്ടെങ്കിലും ഒരു സ്ഥലത്തും അവസ്ഥ ഗുരുതരമല്ല.



464

സ്ക്കൂളുകൾ എല്ലാം തന്നെ പ്രാഥമിക സൗകര്യങ്ങൾ ഉള്ളവയാണ്. പനമ്പിള്ളി എൽ.പി.യെ. സർക്കാർ അൺ എനോണമിക് ആയി പ്രഖ്യാപിച്ചിട്ടുണ്ട്

PTA

| നമ്പർ | സ്ക്കൂൾ | ഉണ്ട് | ഇല്ല | ശക്തമാണ് | പ്രതിഫലനം |
|---|---|---|---|---|---|
| 1 | VLPS | - | | - | നല്ലനിലവാരം |
| 2 | GLP | - | | | വ്യക്തമായിട്ടില്ല |
| 3 | St. Antony's | - | | - | |
| 4 | PNGLPS | - | | - | |
| 5 | SUPS | - | | - | ഉയർന്നനിലവാരം |
| 6 | St. Raphel's | - | | | ഭേദപ്പെട്ടനില |
| 7 | TPHS | - | | - | റിസൾട്ട് മോശം |

പഞ്ചായത്തിൽ സ്ക്കൂളുകളിലെല്ലാം PTA കൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. സാക്ഷരതാ നിരക്കിലെ കുറവ് ഇവിടേയും പ്രതിഫലിക്കുന്നതായി കാണാം. തങ്ങളുടെ കുട്ടികളെ എങ്ങിനെയുള്ള സ്ക്കൂളുകളിലാണ് പഠിപ്പിക്കേണ്ടത്, ഏതെല്ലാമാണ് നല്ലത് എന്നിവയെക്കുറിച്ചൊന്നും തനതായ കാഴ്ചപ്പാട് ഇവർക്കില്ല. കുട്ടികളെ മാരകമായ രീതിയിൽ ശിക്ഷിക്കുകയും പീഡിപ്പിക്കുകയും ചെയ്ത് പഠനമെന്നത് ഭാരിച്ചൊരു ചുമതലയാക്കി മാറ്റി, കുട്ടികളെ പഠനത്തിൽ നിന്നും അകറ്റുന്ന വിധത്തിലുള്ള സ്ഥാപനങ്ങളിലാണ് ഇവരിൽ പലരും കുട്ടികളെ അയക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾ 100% എന്ന സർക്കസ്സും പാഠങ്ങൾ മനസ്സിലാക്കിക്കൊടുക്കാതെ നേരത്തെ ക്ലാസ്സുകൾ അവസാനിപ്പിച്ച് മനസ്സിലാകാത്ത ഭാഗങ്ങൾ കാണാപ്പാഠം പഠിക്കാൻ നിർബന്ധിച്ച് റിവിഷനെന്ന പ്രഹസനവും ഇക്കൂട്ടർ നടത്തുന്നു. ഇത്തരം സ്ഥാപനങ്ങളെ വേർതിരിച്ചറിഞ്ഞ് ശരിക്കും നല്ലവയിൽ കുട്ടികളെ ചേർക്കുന്നതിനാവശ്യമായ ബോധവൽക്കരണവും അത്യാവശ്യമായി കാണുന്നുണ്ട്.

പാഠ്യാനുബന്ധപ്രവർത്തനങ്ങൾ വളരെക്കുറവാണ്. ഉള്ളവ തന്നെ ശോഷിച്ചു വരുന്നതായാണ് കാണുന്നത്. പലപ്പോഴും ഈ പ്രവർത്തനങ്ങൾ സബ്ജില്ലാ, ജില്ലാ തലങ്ങളിൽ മത്സരിക്കുന്നതിന് മാത്രമായുള്ളവയായി മാറുകയാണ്. കുട്ടികളുടെ പഠനത്തെ സഹായിക്കുന്ന രീതിയിലും അവയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടും പ്രവർത്തിക്കേണ്ട്. പക്ഷെ അവ മതിയായത്ര അളവിലില്ല. അദ്ധ്യാപകരുടെ ശ്രദ്ധക്കുറവും ഈ കാര്യത്തിലുണ്ട്. കുട്ടികളെ സംബന്ധിച്ചിടത്തോളം സ്ക്കൂൾ, വീട്, സുഹൃത്തുക്കൾ എന്നിവരിൽ നിന്ന് എപ്പോഴും പഠനത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ മാത്രമാണ് ലഭിക്കുന്നത്. പഠനത്തെ സഹായിക്കുന്നതിനുള്ള ഇത്തരം പ്രവർത്തനങ്ങൾ നടക്കാത്തത് പഠനത്തെ വിരസമാക്കുന്നുണ്ടെന്ന കാര്യം തള്ളിക്കളയാവതല്ല.

പാഠ്യേതരപ്രവർത്തനങ്ങളിൽ കുറച്ച്കൂടി ഭേദപ്പെട്ട നിലവാരമാണുള്ളത്. അവയും കുട്ടികൾക്ക് അർഹിക്കുന്ന വിധത്തിൽ ലഭിക്കുന്നില്ല. കുറച്ച കാലങ്ങൾക്ക് മുമ്പ് കുട്ടികൾ

അവരുടെ കഴിവുകൾ കലാസമതികളിലെ വാർഷികങ്ങൾ, കലോത്സവങ്ങൾ, ഓണാഘോഷപരിപാടികൾ, പെരുന്നാളിനും മറ്റും പള്ളിയിലെ പരിപാടികൾ എന്നിവയിൽ പ്രകടിപ്പിച്ചിരുന്നു. പക്ഷെ ടി.വി.യുടെ കടന്നുകയറ്റം ഇതിനെയെല്ലാം നിലംപരിശാക്കുകയാണ് ചെയ്തത്. കുട്ടികളുടെ വായാനാശീലം ഏകദേശം 40% ൽ അധികം കുറവ് വന്നു. നിലവാരമല്ലാത്ത ടി.വി. പരിപാടികൾ അവരെ ഒരു പരിധിവരെ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രധാനം ടി.വി. കാണൽ എന്ന രീതിയിലേക്ക് വന്നു തുടങ്ങിയിട്ടുണ്ട്. അവരെ വായനയുടെ മേഖലകളിലേക്ക് തിരിച്ചുവിടുന്നതിനുള്ള ബോധപൂർവ്വമായ ശ്രമവും അനിവാര്യമാണ്.

ഈ പഞ്ചായത്തിൽ സമാന്തരവിദ്യാലയമെന്നത് ഒരേയൊരു പാരലൽ കോളേജ് മാത്രമാണ്. സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളായി ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 3 എണ്ണം പ്രവർത്തിക്കുന്നു.

കഴിഞ്ഞ 5 - 10 വർങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. കാരണം പ്രധാനമായും കുടുബാസൂത്രണമാണ്. പല കുട്ടികളും കലാ-കായിക മത്സരങ്ങളിൽ സ്ക്കൂൾ തലത്തിൽ നിന്നും ജില്ലാ തലം വരെ എത്തുന്നതായി കാണാറുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങൾക്ക് മുമ്പ് വരെ ശാസ്ത്രസാഹിത്യപരിഷത്തിൻെറ യൂറിക്കാ വിജ്ഞാനപരീക്ഷ പഞ്ചായത്തിലാകമാനം നടത്തിയെങ്കിൽ കഴിഞ്ഞ വർഷങ്ങളിൽ വളരെ മോശമായ രീതിയിലായിരുന്നു. പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളികളിലും കലാ-കായിക മത്സരങ്ങൾക്ക് ഇന്നുള്ളതിനേക്കാൾ പ്രാധാന്യം കൊടുത്ത് സ്ക്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും കഴിവുള്ള മുത്തുകളെ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതവരെ പഠനത്തിലും മുൻപന്തിയിലെത്തിക്കും. മഹത്വചനങ്ങളനുസരിച്ച് ആരോഗ്യമുള്ളൊരു മനസ്സ് ആരോഗ്യമുള്ള ശരീരത്തിൽ തന്നെ നമുക്ക് വാർത്തെടുക്കാം.

പഞ്ചായത്തിൽ അംഗനവാടികൾ ഒന്നും തന്നെയില്ല. മഹിളാസമാജങ്ങൾ 5 എണ്ണമുണ്ട്. ഇവയിൽ കുടി ഫീഡിംഗ് നടക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും മെച്ചപ്പെടുത്തേണ്ടതുണ്ട്. 4 ബാലവാടികളും 4 നഴ്സറികളും ഉണ്ടെങ്കിലും ഒരൊറ്റ മാതൃകാ ശിശുവിദ്യാലയങ്ങളും ഇല്ലെന്നത് ഒരു പ്രധാന കുറവായി ചൂണ്ടികാണിക്കപ്പെടുന്നു. പ്രീ - പ്രൈമറി തലത്തിൽ ഈ കുറവ് വളരെ ശ്രദ്ധിക്കപ്പെടുന്നതും അതോടൊപ്പം അതുമൂലമുണ്ടാകുന്ന തലച്ചോറിൻെറ വികാസക്കുറവ് നികത്തപ്പെടാനാവാതെ നിലനിൽക്കുകയുമാണ്. തദ്വദീക്ഷയില്ലാതെ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ നഴ്സറികൾ പഠനത്തെക്കുറിച്ച് കുട്ടികളിൽ അലോസരമാണുണ്ടാക്കുന്നതെന്ന് വളരെ എളുപ്പത്തിൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

പഞ്ചായത്തിലെ സ്ക്കൂളുകളുടെ ചരിത്രത്തിൽ എടുത്തു പറയേണ്ട ഒരു കാര്യം TPSHS ൽ ശ്രീരാമകൃഷ്ണമിഷൻെറ ആദ്ധ്യാത്മികാചാര്യനും തൃക്കൂർ സ്വദേശിയുമായ രംഗനാഥസ്വാമിയുടെ സന്ദർശനമാണ് മറ്റൊന്ന്. 1988ൽ ശങ്കര യു.പി. സ്ക്കൂളിലെ പ്രധാനാദ്ധ്യാപകനായ ശ്രീമാൻ അനിയൻ മാസ്റ്റർക്ക് ഇന്ത്യൻ പ്രസിഡൻറിൻെറ അവാർഡ് പ്രഖ്യാപിക്കുകയും 1989 ൽ അത് സമ്മാനിക്കുകയും ചെയ്തുവെന്നതാണ്. ശങ്കര യു.പി.സ്ക്കൂൾ സഞ്ചയികാപദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽതന്നെ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഒരു



466

സ്ഥാപനമാണ്. കുട്ടികളുടെ പച്ചകൃഷിപദ്ധതിയും വളരെ ശ്രദ്ധയാകർഷിച്ച ഒരു പ്രവർത്തനമാണ്.

തൃക്കൂർ പഞ്ചായത്ത് സർവ്വോദയ ഹൈസ്ക്കൂളിലെ കഴിഞ്ഞ 5 വർഷങ്ങളിലെ SSLC വിജയശതമാനം താഴെകൊടുക്കുന്നു. ഈ പട്ടികയിൽ നിന്നും പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളിൻെറ പഠന നിലവാരത്തകർച്ച ബോധ്യപ്പെടുന്നതാണ്.

| | | എഴുതിയവർ | | | ജയിച്ചവർ | | | |
|---|---|---|---|---|---|---|---|---|
| സ്കൂൾ | വർഷം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ശതമാനം |
| | 1991-92 | 79 | 89 | 168 | 46 | 37 | 83 | 49.4% |
| | 1992-93 | 72 | 87 | 159 | 24 | 21 | 45 | 28.3% |
| | 1993-94 | 85 | 76 | 161 | 28 | 26 | 54 | 33.54% |
| TPSHS | 1994-95 | 76 | 85 | 161 | 31 | 27 | 58 | 36.02% |
| | 1995-96 | 91 | 93 | 194 | 22 | 29 | 51 | 26.28% |

## ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | കെട്ടിടം | മൂത്രപ്പുര | കക്കൂസ് | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | കളി സ്ഥലം | വൈദ്യുതി | ജലലഭ്യത | പാചകപ്പുര | ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|
| VLPS | 3 | 2 | 2 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ആവശ്യമുണ്ട് |
| GLPS | 2 | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | താൽക്കാലികം | - |
| PMLPS | 1 | ഇല്ല | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - |
| St.Antonys | 3 | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | -- |
| SUPS | 3 | 3 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | -- |
| St. Raphel's | 3 | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| TPSHS | 5 | 4 | 4 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | -- |
| HOLY | 2 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ആവശ്യമില |

## അനൗപചാരിക വിദ്യാഭ്യാസം

ദേശീയ, നവോത്ഥാനപ്രസ്ഥാനങ്ങളുടെ ഭാഗമായി തൃക്കൂർ പഞ്ചായത്തിൽ പ്രത്യേകിച്ച് പ്രതിഫലനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ വായനശാലകളും ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ സജീവമായ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വളരെ



467

ശുഷ്കമാണ്. ഓണാഘോഷപരിപാടികളിലോ വാർഷികപൊതുയോഗ പരിപാടികളോ ആയി ചുരുങ്ങിയിരിക്കുന്നകയാണ്. ഈ കാര്യത്തിൽ മുമ്പ് സൂചിപ്പിച്ചതുപോലെ ടി.വി.യുടെ കടന്നുകയറ്റമാണ് പ്രശ്നം ഗുരുതരമാക്കിയിട്ടുള്ളത്. വായന ശാലകളിൽ പഞ്ചായത്ത് ലൈബ്രറിയും ഗ്രാമീണവായനശാലയും പൊന്നൂക്കരയിലെ മതിക്കുന്ന് വായനശാലയും ആലേങ്ങാട്ടിലെ ജനതാ വായന ശാലയുമാണ് മുൻകാലങ്ങളിൽ നിലവാരമുള്ള പുസ്തകങ്ങൾ തെരെഞ്ഞെടുത്തിരുന്ന ഈ സ്ഥാപനങ്ങൾ ഇപ്പോൾ പുസ്തകങ്ങളുടെ എണ്ണത്തിലാണ് കൂടുതൽ ശ്രദ്ധിക്കുന്നതെന്ന് പറയപ്പെടുന്നു. സർക്കാർ തലത്തിൽ നിന്നുള്ള ധനസഹായത്തിലെ അപര്യാപ്തതയും ഇത്തരം സ്ഥാപനങ്ങളോട് ജനങ്ങൾക്കുള്ള അടുപ്പക്കുറവും മറ്റ് കാരണങ്ങളാണ്.

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് വളരെക്കുറവാണ്. 17 ഹരിജൻ കോളനികൾ ഉണ്ടെന്നുള്ളത് ഇതിനൊരു കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു. സാക്ഷരതാ നിരക്ക് 78.8% മാത്രമാണ്.. ഇതിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 76.04% ഉം പുരുഷന്മാരുടെ 81.70% വും ആണ്. ഇവരിൽ നിന്നും വരുന്ന PTA ബലഹീനമായിരിക്കുമല്ലോ? സാക്ഷരതാ പ്രസ്ഥാനം വളരെ മനോഹരമായി നടത്തിയ ഒരു പഞ്ചായത്തായിരുന്നു തൃക്കൂർ പഞ്ചായത്ത്. എല്ലാ വാർഡുകളിലും പരമാവധി ക്ലാസ്സുകൾ ആരംഭിക്കുകയും അവയെല്ലാം നല്ല രീതിയിൽ നടത്തികൊണ്ടുപോകുകയും ചെയ്തിരുന്നു. ഇതിൻെറ പ്രവർത്തനത്തിൽ തികഞ്ഞ ആത്മാർത്ഥതയോടെ പ്രവർത്തിച്ച പഞ്ചായത്ത് ജീവനക്കാരനും APOയും ആയ തേർക്കയിൽ ഉണ്ണികൃഷ്ണൻെറ പേര് എടുത്ത് പറയേണ്ടത് അത്യാവശ്യമാണ്. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതിരുന്നത് എടുത്ത പണിയെല്ലാം അവതാളത്തിലാക്കുകയാണ് ചെയ്തത്. അതുമൂലം വീണ്ടും നിരക്ഷരരായ വ്യക്തികളെ കണ്ടുപിടിച്ച് അവരെ അക്ഷരജ്ഞാനമുള്ളവരാക്കേണ്ടത് നമ്മുടെ കടമയും ബാദ്ധ്യതയും ആണെന്ന് കൂടി ഇത്തരുണത്തിൽ പ്രസ്താവിക്കപ്പെടുന്നു.

## നിർദ്ദേശങ്ങൾ

*1 എല്ലാ വാർഡുകളിലും അംഗനവാടികളും പഞ്ചായത്തിൽ 4 മാതൃകാ പ്രി - പ്രൈമറി സ്ഥാപനങ്ങളും സ്ഥാപിക്കുക.*

*2 ഏക HS ( TPSHS ലെ പഠന നിലവാരം ഉയർത്തുക*

*3 പഞ്ചായത്ത് തലത്തിൽ എൽ.പി., യു.പി., ഹൈസ്ക്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകണം.*

*4 പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സ് ആരംഭിയ്ക്കണം. അതായത് എല്ലാ സ്ക്കൂളുകളുടേയും ഒരു പ്രത്യേക കമ്മിറ്റിക്ക് കീഴിൽ കൊണ്ടുവരിക. മാസത്തിൽ ഒരിക്കൽ കമ്മിറ്റി കൂടി വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ച് കുറവുകൾ നികത്തിയെടുക്കുക. വിദ്യാഭ്യാസപരമായി കുട്ടികളേയും രക്ഷിതാക്കളേയും ആവശ്യമായ രീതിയിൽ ബോധവൽക്കരണം നടത്തുക. വിദ്യാഭ്യാസം കുറ്റമറ്റതാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സ്ഥലകാലഭേദമില്ലാതെ സ്വീകരിക്കുക.*

*5 പഞ്ചായത്തിലെ സക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.*



468

6 TPSHS നെ ഹൈയ്യർ സെക്കൻററി സ്ക്കൂൾ ആക്കി ഉയർത്തുക.

7 പഞ്ചായത്ത് തലത്തിൽ TPSHS ഒരു കമ്പ്യൂട്ടർ സെൻറർ സ്ഥാപിക്കുക.

8 TPSHS ൻെറ ഒഴിവുള്ള മുറിയിൽ ട്രൈസം പ്രോജക്ടിൻെറ ഒരു യൂണിറ്റ് ആരംഭിക്കുക

9 സാങ്കേതിക പരിശീലന കേന്ദ്രം ആരംഭിക്കണം.

10 ശങ്കര യു.പി.സ്ക്കൂളിനെ ഹൈസ്ക്കൂൾ ആക്കി ഉയർത്തുക

11 എല്ലാ യു.പി. സ്ക്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക

12 വായനശാലകൾക്ക് ധനസഹായം നൽകി നിലവാരമുള്ള പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുക

13 പഞ്ചായത്തിലെ കുട്ടികളെ വാർഡ് തിരിച്ച് പഞ്ചായത്തിലെ തന്നെ സ്ക്കൂളുകളിൽ ചേർത്തി പഠിപ്പിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക. ആവശ്യമെങ്കിൽ പഞ്ചായത്ത് തലത്തിൽ തന്നെ നിർബന്ധം ചെലുത്തുക.

14 സ്ക്കൂൾ തെരഞ്ഞെടുപ്പ് കക്ഷി - രാഷ്ട്രീയത്തിനതീതമായി പാർലിമെൻറ് രീതിയിൽ നടത്തുക.

15 വാർഡ് തലത്തിൽ മഹിളാ സമാജങ്ങൾ സ്ഥാപിച്ച് അവയോടനുബന്ധിച്ച് മാതൃകാ നഴ്സറികൾ നടത്തണം.

16 VLPS ൽ ഓരു മാതൃകാ നഴ്സറി വേണം. സ്ഥലം അനുവദിച്ച് തരുവാൻ മാനേജ്മെൻറ് തയ്യാറാണ്.

17 വനിതാ തൊഴിൽ പരിശീലനകേന്ദ്രം അനുവദിക്കണം.

18 സെൻറ് റഫേൽസ് സ്ക്കൂൾ ഹൈസ്ക്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യണം



469

# 4 പൊതുജനാരോഗ്യവും കുടിവെള്ളവും

## A ആരോഗ്യം

ആരോഗ്യവും അറിവുമുള്ള ജനതയാണ് ഒരു സമൂഹത്തിൻെറ സമ്പത്ത്. രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ തീവ്രയത്നത്തിലാണ് ലോകരാഷ്ട്രങ്ങൾ ലക്ഷ്യപ്രാപ്തിക്കുള്ള ശ്രമം ഭാരതസർക്കാരും സ്വീകരിച്ചുവരുന്നു. ദേശീയമായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ നാം ഇതിനകം നേടി കഴിഞ്ഞു. എങ്കിലും ഇക്കാര്യത്തിൽ നമുക്കിനിയും ഏറെ കാര്യങ്ങൾ ചെയ്യാനുണ്ട്.

ആയുർദൈർഘ്യം, പൊതുമരണനിരക്ക്, ശിശുമരണ നിരക്ക് എന്നീ സൂചകങ്ങളിലൊക്കെ വികസന രാജ്യങ്ങളോടൊപ്പം നിൽക്കുമ്പോൾ തന്നെ കേരളത്തിൽ പല ദരിദ്രജന്യരോഗങ്ങളും മലീനികരണസംബന്ധമായി രോഗങ്ങളും ഈയിടെയായി വർദ്ധിച്ച് വരികയാണ്. ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ സാധാരണക്കാരിൽ വ്യാപകമാവുകയാണ്. കേരളീയരുടെ രോഗതുരത നിരക്ക് വളരെ കൂടുതലാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. പതിറ്റാണ്ടുകളിലൂടെ നാം നേടിയ ആരോഗ്യരംഗത്തെ നേട്ടങ്ങളെല്ലാം ശരിയായ ഒരു ആരോഗയനയത്തിൻെറ അഭാവത്താൽ കൈവിട്ടുപോയേക്കാം.

പഞ്ചായത്തിൽ മുൻകാലങ്ങളിൽ നാട്ടുവൈദ്യമായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. മുൻകാലങ്ങളിളെപോലെ ഉപ്പോഴും വിഷചികിത്സയും പഞ്ചായത്തിൽ ഉണ്ട്. ജനങ്ങളുടെ വിശ്വസ്തതക്കു മാറ്റം വന്നതോടൊപ്പം നാട്ടുവൈദ്യത്തിൽ നിനനു അലോപ്പതിയിലേക്കും ആയുർവേദത്തിലേക്കും ചികിത്സകൾ മാറി. പഞ്ചായത്തിൽ ഏകദേശം 3 ദശാബ്ദങ്ങൾക്ക് മുമ്പ് സർക്കാർ ഉടമസ്ഥതയിൽ തൃക്കൂരിൽ ആരംഭിച്ച പ്രാഥമികാരോഗ്യകേനദ്രം ആയിരുന്നു. അലോപ്പതി രംഗത്തെ പ്രഥമസ്ഥാനം. ആയുർവേദരംഗത്ത് 1972-ൽ ആലേങ്ങാട് ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിലായി എല്ലാ വാർഡുകളിലും സഹായം ലഭിക്കത്തക്കവണ്ണം 5 സബ്സെൻറുകൾ പ്രവർത്തിക്കുന്നുണ്ട്.



470

പഞ്ചായത്തിൽ ഹോളി ഫാമിലി സിസ്റ്റേഴ്സ് നടത്തുന്ന ഒരു ഹോസ്പിറ്റൽ ഉണ്ട്. അവിടെ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും ഉണ്ട്. പഞ്ചായത്തിൽ ആറ് സ്വകാര്യ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ട്. ഇവരിൽ 3 പേർ അലോപ്പതി രംഗത്തും 2 പേർ ഹോമിയോ രംഗത്തും ഒരാൾ ആയുർവേദ രംഗത്തുമാണം സേവനം നടത്തുന്നത്.

പട്ടിക 1

## ആരോഗ്യരംഗത്തെ സർക്കാർ - സ്വകാര്യ സ്ഥാപനങ്ങൾ

| സ്ഥാപനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | കെട്ടിടം വാടകയോ സ്വന്തമോ | കിടത്തി ചികിത്സ ഉണ്ടോ/ഇല്ല | ബഡുകളുടെ എണ്ണം |
|---|---|---|---|---|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം തൃക്കൂർ (സർക്കാർ) | II | 1961 | 17 | വാടക | ഇല്ല | ഇല്ല |
| ആയുർവേദഡിസ്പെൻസറി ആലങ്ങാട് (സർക്കാർ) | VII | 1972 | 4 | വാടക | ഇല്ല | ഇല്ല |
| സെൻറ് ജോസഫ് ഹോസ്പിറ്റൽ, കല്ലൂർ സ്വാകാര്യ | XI | - | - | സ്വന്തം | ഉണ്ട് | 20 |

പഞ്ചായത്തിൻെറ II- വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രാഥമികാരോഗ്യകേന്ദ്രമാണ് അലോപ്പതിരംഗത്തെ ഏകസ്ഥാപനം. വാടക കെട്ടിടത്തിൽ ആരംഭിച്ച കേന്ദ്രം പണിയുവാനായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും ഇവിടെ പ്രവർത്തനം ഒന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. മരുന്നുകളുടേയും മറ്റു സാമഗ്രഹികളുടേയും അപര്യാപ്തത ഈ കേന്ദ്രത്തെ പലപ്പോഴും ജനങ്ങളുടെ മുഖ്യ ആശ്രയകേന്ദ്രമെന്ന പദവി ഇല്ലാതാക്കുന്നു. പഞ്ചായത്തിൻെറ VII - വാർഡിൽ നിലനിൽക്കുന്ന ആയുർവേദ ആശുപത്രിയാണ് ആയുർവ്വേദരംഗത്തെ ഏകസ്ഥാപനം. പൊതുജനങ്ങളുടെ പിന്തുണയോടെ കെട്ടിടം പണിയുവാനായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും അതിൻെറ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് കുട്ടികളുടെയും സ്ത്രീകളുടെയും പോഷണ നിലവാരം തൃപ്തികരമാണെന്ന് കാണിക്കുന്നു.

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 0 - 1 | 95 | 107 | 42 | 48 | 12 | 13 | - | - |
| 1 - 3 | 331 | 319 | 47 | 48 | 26 | 24 | - | - |
| 3 - 6 | 330 | 319 | 105 | 109 | 53 | 52 | - | - |

ഒന്നാം ഗ്രേഡ് = ലഘുവായ പോഷണകുറവുള്ളവർ

രണ്ടാം ഗ്രേഡ് = മിതമായ പോഷണകുറവുള്ളവർ

മൂന്നാം ഗ്രേഡ് = ഗുരുതരമായ പോഷണകുറവുള്ളവർ

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളിക ലഭിച്ച

ഗർഭിണികളുടെ എണ്ണം = 60

ഇരുമ്പ് / ഫോളികാസിഡ് ഗുളിക ലഭിച്ച

കുട്ടികളുടെ എണ്ണം = 50

വിറ്റാമിൻ 'എ' തുള്ളിമരുന്ന് ലഭിച്ച

കുട്ടികളുടെ എണ്ണം = 50

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = 294

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = 23

**(അവലംബം - പ്രാഥമികാരോഗ്യകേന്ദ്രം)**

പഞ്ചായത്തിലെ കുട്ടികളുടെ ഇടയിൽ രോഗതുരത കുറവാണ്. എങ്കിലും കാലവർഷാരംഭത്തിൽ വയറിളക്ക്, പനി, ഛർദ്ദി തുടങ്ങിയ രോഗങ്ങൾ കുട്ടികളിൽ കണ്ടു വരുന്നുണ്ട്. കുട്ടികളുടെയും ഗർഭിണികളുടേയും രോഗ പ്രതിരോധ കുത്തിവെയ്പുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | പോളിയോ | | | ഡി.റ്റി | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 1 D | IID | IIID | BD | I | II | III | B | I |
| II | | B മീൽസ് | | | | | | | | | | |
| 0-1 | 291 | 281 | 277 | 271 | 281 | 277 | 271 | | | | 265 | |
| 1-3 | 795 | 766 | 761 | 756 | 564 | 766 | 761 | 756 | 564 | | 745 | |
| 3-6 | 968 | 943 | 931 | 925 | 922 | 943 | 931 | 925 | 922 | 949 | 923 | . |

**ടൈറ്റനസ് ടോക്സോയിഡ് (T.T)**

| | ID | IID | BD |
|---|---|---|---|
| ഗർഭിണികൾ | 122 | 183 | 17 |



472

പ്രാഥമികരോഗ്യകേന്ദ്രത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് ജലജന്യരോഗങ്ങൾ ആണ് കൂടുതലുള്ളത്. പകർച്ചവയാധി രോഗങ്ങളായ കോളറ, മലമ്പനി എന്നി രോഗങ്ങൾ പഞ്ചായത്തിലില്ലെങ്കിലും കുഷ്ഠരോഗം ബീധിച്ച 34 പേർ പഞ്ചായത്തിലുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു.

## പകർച്ചവ്യാധി രോഗവിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ മറ്റുള്ളവ രോഗങ്ങൾ |
|---|---|---|---|
| 1993-94 | 282 | 79 | 5 |
| 1994-95 | 267 | 116 | 4 |
| 1995-96 | 259 | 103 | 5 |

മുകളിൽ പറഞ്ഞിരിക്കുന്ന പട്ടിക പ്രകാരം ജലജന്യരോഗങ്ങൾ ആണ് കൂടുതൽ. ഇതിന്റെ മുഖ്യകാരണം ശുദ്ധജലവിതരണത്തിന്റെ തകരാറും പരിസരശുചിത്വം ഇല്ലായ്മയുമാണ്. പകർച്ചവയാധിരോഗങ്ങൾ നേരിയ തോതിൽ കുറഞ്ഞു വരുന്നതായിട്ടാണ് മുകളിലത്തെ പട്ടി സൂചിപ്പിക്കുന്നു.

പഞ്ചായത്തിലെ ജനനമരണനിരക്ക് കണക്ക് അനുസരിച്ച് ആനുപാതികമായി കുറയുകയാണ് ചെയ്തിട്ടുള്ള്. ജനനനിരക്കും മരണനിക്കും കുറയാൻ മുഖ്യകാരണം കുടുംബാസൂത്രണ പ്രവർത്തനങ്ങളുടേയും രോഗപ്രതിരോധ മാർഗ്ഗങ്ങളുടേയും ഫലമായാണ്. പഞ്ചായത്തിലെ കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ എണ്ണം കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്നു.

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ |
|---|---|---|
| 1 - കുട്ടികളുള്ളവർ | 564 | 322 |
| 2 കുട്ടികളുള്ളവർ | 1458 | 1312 |
| 2 ൽ കൂടുതൽ കുട്ടികളുള്ളവർ | 1362 | 1362 |

പട്ടിക see annex

## ശുചിത്വം

നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഏറെയൊന്നുമില്ലെങ്കിലും ഓട്ടുകമ്പനികളിൽ നിന്നുവരുന്ന പുക അന്തരീക്ഷത്തെ മലിനമാക്കുന്നു. നമ്മുടെ പഞ്ചായതതിന് ഒരു പൊതു മാർക്കറ്റ് ഇല്ലാതതതുകൊണ്ട് പല സ്ഥലങ്ങളിലെ കടകളിൽ നിന്നും അറവുശാലകളിൽ നിന്നും, ഹോട്ടലുകളിൽ നിന്നും മാലിന്യങ്ങളും അവശിഷ്ടങ്ങളും റോഡിൽ കൂട്ടിയിടുകയും മലിനജലം കെട്ടികിടക്കുകയും ചെയ്യുന്നതുകൊണ്ട് പകർച്ച വ്യാധികൾ ഉണ്ടാകാൻ സാധ്യത കൂടുതലാണ്.

ഒരു വീടിന് ഒരു കക്കൂസ് എന്ന ലക്ഷ്യം നടപ്പിൽ വരുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ 3568 വിടുകൾക്കും സ്വനതമായി കക്കൂസുകൾ ഉണ്ട്. ബാക്കി ഉള്ളവർ തുറന്ന കക്കൂസുകൾ ആണ് ഉപയോഗിക്കുന്നത്. താഴ്ന്ന വരുമാനക്കാരായ ജനങ്ങൾ കൂട്ടമായി താമസിക്കുന്നിടത്ത് ഇതൊരു ഗുരുതരമായ പരിസ്ഥിതി പ്രശ്നം ആണ്. കനാൽ പുറംമ്പോക്കിലും മറ്റ് പുറംമ്പോക്കുകളിലും അനാരോഗ്യകരമായ സാഹചര്യത്തിൽ താമസിക്കുന്നവരെ സംബന്ധിച്ച് ഇത് ഗൗരവാർഹമായ പ്രശ്നമാണ്. വീടുകളിൽ നിന്നും കടകളിൽ നിന്നും തള്ളുന്ന മാലിന്യങ്ങൾ വെയിസ്റ്റ് തൊട്ടികളിൽ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## പഞ്ചായത്തിലെ കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഉള്ളവർ | ഇല്ലാത്തവർ | വിവിധ പദ്ധതി പ്രകാരം അനുവദിച്ചവരുടെ എണ്ണം | പൂർത്തീകരിച്ചവരുടെ | കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| I | 270 | 66 | 3 | 2 | 66 |
| II | 311 | 124 | 5 | 4 | 124 |
| III | 307 | 163 | | | 163 |
| IV | 277 | 134 | 4 | 4 | 134 |
| V | 336 | 128 | 4 | 1 | 128 |
| VI | 296 | 167 | 1 | 1 | 167 |
| VII | 263 | 152 | 2 | 2 | 152 |
| VIII | 104 | 235 | | | 235 |
| IX | 454 | 196 | | | 196 |
| X | 362 | 94 | 5 | 5 | 94 |
| XI | 588 | 273 | 5 | 5 | 273 |

## പ്രശ്നങ്ങൾ

### A ആയുർവേദം

1. പഞ്ചായത്തിലെ ആകെയുള്ള ആയുർവേദാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ല. എല്ലാ വാർഡുകളിലും ഇതിൻെറ സേവനം ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല. എല്ലാ സമയത്തും ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

### B അലോപ്പതി

1 പഞ്ചായത്തിൽ കിടത്തി ചികിത്സാക്കായിട്ടുള്ള ഒരു ആരോഗ്യകേന്ദ്രം ഇല്ല.

2 പഞ്ചായത്തിൻെറ പല വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രങ്ങളിൽ നിന്നുള്ള ഗൃഹസന്ദർശനം തൃപ്തികരമായി നടക്കുനനില്ല.

3 പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം ഇല്ല.

4 പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.

5 ഹെൽത്ത് വിസിറ്റേഴ്സുകളുടെ കുറവു നിമിത്തം ആവശ്യമുള്ള സമയങ്ങളിൽ ഇവരുടെ സേവനം ലഭിക്കുന്നില്ല.

6 മന്ദബുദ്ധികളേയും മനോരോഗികളേയും പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്തിൽ ഒരു ആരോഗ്യ കേന്ദ്രം ഇല്ല.

7 പഞ്ചായത്തിലെ നല്ലൊരു ഭാഗം ആളുകൾക്കും കക്കൂസുകൾ ഇല്ല

8 പഞ്ചായത്തിലെ വാർഡുകളിൽ ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കാറില്ല

9 നേഴ്സറികളിലും ബാലവാടികളിലും ഉള്ള കുട്ടികളുടെ പോഷണകുറവ് പരിഹരിക്കാനുള്ള നടപടികൾ നേരാവണ്ണം നടക്കുന്നില്ല.

10 പൊതു സ്ഥലങ്ങളിൽ മലിനജലം കെട്ടികിടക്കുനനതുകൊണ്ട് ഈച്ച, കൊതുക് എനനിവ വളരുവാൻ കാരണമാകുന്നു. ഇതിനെതിരായുള്ള പ്രതിരോധമാർഗ്ഗങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല.

11 പകർച്ചവ്യാധികൾക്കെതിരായുള്ള ബോധവത്ക്കരണക്ലാസ്സുകൾ നടത്താറില്ല.

12 തുറസായ സ്ഥലത്തെ അറവുശാലകൾ നിമിത്തം പകർച്ചവ്യാധികൾ ഉണ്ടാകുവാൻ കാരണമാകുന്നു.

13 പഞ്ചായത്തിലെ മൂന്നാം വാർഡിൽ ആരംഭിക്കിൻ പോകുന്ന ക്രഷർ യൂണിറ്റിൽ നിന്നു വരുന്ന പൊടികൾ ആ ഭാഗത്തെ മലിനമാക്കാൻ സാധ്യതയുണ്ട്.

14 പഞ്ചായത്തിലെ എട്ടാം വാർഡ് ഏറ്റവും കിഴക്കേ അറ്റത്തായതുകൊണ്ട് ഇവിടെയുള്ള രോഗികൾക്ക് 6 കി.മീറ്റർ അകലെയുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ എത്തിചേരുവാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

15 വാഹനത്തിൻെറ അഭാവം നിമിത്തം പ്രാഥമിക കേന്ദ്രത്തിലെ ഡോക്ടർമാർക്ക് പഞ്ചായത്തിൻെറ എല്ലാ ഭാഗതതും എത്തി രോഗവിവരങ്ങൾ അന്വേഷിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

*നിർദ്ദേശങ്ങൾ*

1 ഒമ്പതാം വാർഡിൽ ആയുർവേദാശുപത്രിക്കായി പൊതുജനപങ്കാളിത്തത്തോടെ വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. രോഗികൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുക. ഡോക്ടറുടെ സേവനം എല്ലാ സമയത്തും ലഭ്യമാക്കുക.

2 പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രത്തിന് കുറഞ്ഞത് 10 കിടക്കകളോടുകൂടിയ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉള്ള ഒരു കെടടിടം പണിയുക.

3 പൊതുജനാരോഗ്യകേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനോടൊപ്പം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4 ഹെൽത്ത് വിസിറ്റേഴ്സിൻെറ സേവനം ആവശ്യമായ സമയങ്ങളിലെല്ലാം ജനങ്ങൾക്ക് ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ഇവർക്കു വേണ്ട കെട്ടിടങ്ങളും മറ്റു സാമഗ്രികളും നിർമമിച്ചു നൽകുകയും ചെയ്യുക.

5 കക്കൂസുകളുടെ ആവശ്യകതയെപറ്റി ജനങ്ങളെ ബോധവത്കരിക്കുന്നതോടൊപ്പം കക്കൂസുകൾ ഇല്ലാത്ത നിർദ്ധന കുടുംബങ്ങൾക്ക് കക്കൂസുകൾ പണിതു നൽകുകയോ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകുകയോ ചെയ്യുക.

6 അംഗീകാരമില്ലാതെ അറവുശാലകൾ നടത്തുന്നത് നിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പൊതുവായ ഒരു അറവുശാല സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക

7 ജനങ്ങൾ തിങ്ങി പാർക്കുന്ന കോളനികൾ ലക്ഷംവീട് മുതലായ സ്ഥലങ്ങളിൽ പൊതുവായ സെപ്ടിടാങ്കുകൾ നിർമ്മിക്കുക.

8 ആരോഗ്യ പരിപാലനത്തെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനുവേണ്ടി വാർഡുതലത്തിൽ ബോധവത്കരണക്ലാസ്സുകൾ നടത്തുക

9 ശുദ്ധജല പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടുവെള്ളം അണുവിമുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10 തെരുവു മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

11 പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും ആരോഗ്യക്ളാസ്സുകൾ നടത്തുക

12 സൗജന്യരക്തപരിശോധന ക്യാമ്പുകളും രോഗനിർണയക്യാമ്പുകളും പഞ്ചായത്തു തലത്തിൽ നടത്തുക

13 പഞ്ചായത്ത് തലത്തിൽ ഒരു വണ്ടി വാങ്ങുകയും ആഴ്ചയിൽ ഒരു ദിവസം വീതം പ്രാഥമികാരോഗ്യകേന്ദ്രത്തിന് നൽകുകയും ചെയ്താൽ ഡോക്ടർമാർക്ക് പഞ്ചായത്തിലെ എല്ലാ ഭാഗത്തും എത്തി അവരുടെ സേവനം നൽകാൻ കഴിയും.

14 ഗ്രാമപഞ്ചായത്തുതലത്തിൽ സാമൂഹ്യ സർക്കാർ ഏജൻസികൾ വഴി രോഗ പ്രതിരോധം, ആരോഗ്യം വിദ്യാഭ്യാസം ചികിത്സ എന്നീ രംഗങ്ങളിൽ നടന്നു വരുന്ന പ്രവർത്തനങ്ങളേയും സ്ഥാപനങ്ങളേയും ജീവനക്കാരുടെ സേവനത്തെയും പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ



476

*നേതൃത്വത്തിൽ ഏകോപിപ്പിക്കുക.*

*15. പഞ്ചായത്തിൽ വേനൽക്കാലങ്ങളിൽ വ്യാപകമായി വർദ്ധിച്ചുവരുന്ന പൊടി ശല്യം ഇല്ലാതാക്കുന്നതിനുള്ള ഒരു ശാസ്ത്രീയ വീക്ഷണമുള്ള പദ്ധതി ആവിഷ്കരിക്കുക. തൊഴിലുടമകളുമായി ആലോചിച്ച് ഗ്രാമപഞ്ചായത്ത് ഇതിനാവശ്യമായി വിഭവസമാഹരണം നടത്തുക*

*16 മലിനജലം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കുക.*

## കുടിവെള്ളം

തൃക്കൂർ പഞ്ചായത്തിലെ ജനങ്ങൾ കുടിനീരിനായ മുഖ്യമായും ആശ്രയിക്കുന്നത് പരമ്പരാഗത ജലസ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ എന്നിവയാണ്. ആകെയുള്ള 5309 വീടുകളിൽ 2982 വീടുകളിലും സ്വന്തമായി കിണറുകളുണ്ട്. 56.17% കുടുംബങ്ങൾ കുടിനീരിനായി സ്വന്തം കിണറുകളെ ആശ്രയിക്കുമ്പോൾ 27.88% അയൽവീടിനെയും 17% പൊതുവിതരണത്തെയും ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 28 പൊതുകിണറുകളും 7 പൊതുകുളങ്ങളും 22 പൊതു കുഴൽകിണറുകളും നിലവിലുണ്ടെങ്കിലും കുടിനീർക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ടായത്തിലെ 6, 7, 8 വാർഡുകളൊഴിച്ച് ബാക്കി എല്ലാ വാർഡുകളിലും ഭാഗികമായോ പൂർണ്ണമായോ പൈപ്പുകണക്ഷനുകളുണ്ട്. ഇവയുടെ ഉപയോഗം വേണ്ടവിധത്തിൽ ജനങ്ങൾക്ക് ലഭിക്കാറില്ല. പല പൊതു കിണറുകളും കുഴൽകിണറുകളും ഉപയോഗക്ഷമമുള്ളതല്ല. പൈപ്പുലൈനുകൾ ഉള്ള വാർഡുകളിൽ തന്നെ പൈപ്പുകളുടെ വ്യാസകുറവുമൂലവും പൊതുടാപ്പുകളുടെ എണ്ണം കൂടുതൽകൊണ്ടും ജലം വേണ്ടവിധത്തിൽ ലഭിക്കാറില്ല. പഞ്ചായത്തിൽ C.C.D.P. പദ്ധതി പ്രകാരം അയ്യപ്പൻകുന്നിൽ ഒരു ടാങ്ക് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പണി കഴിയുന്നതോടെ നല്ലൊരു ഭാഗം ജനങ്ങൾക്ക് കുടിവെള്ളക്ഷാമവും കൃഷിസ്ഥലങ്ങളിലെ ജലദൗർലഭ്യവും ഇല്ലാതാക്കാൻ കഴിയും.

പഞ്ചായത്തിൽ ജനുവരി മാസം മുതൽ മെയ് മാസം വരെയാണ് കഠിനമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. കുടിവെള്ളം ലഭ്യമാകുന്നതിനുവേണ്ടി കേരളാ വാട്ടർ അതോറിട്ടിയുടെതായ 36 പൊതുടാപ്പുകൾ അടങ്ങിയ ഒരു വാട്ടർ സപ്ലൈ സ്കീം പഞ്ചായത്തിൽ നിലവിലുണ്ട്. സ്രോതസുകളുടേയും സംഭരണടാങ്കിന്റെയും ശേഷി കണക്കിലെടുക്കാതെ പലവിധ സമ്മർദ്ദങ്ങളാൽ പൈപ്പ് ലയിൻ നീട്ടുന്നതും ഗൃഹകണകഷനുകൾ നൽകുന്നതും ജലവിതരണത്തിന്റെ ക്ഷമതയെ കുറയ്ക്കുന്നു. ആസൂത്രണമില്ലായ്മ പലപ്പോഴും ഈ സമ്പ്രദായത്തെ നാശോന്മുഖമാക്കുന്നു.

പൈപ്പ്ലൈൻ മുലമുള്ള ജലവിതരണത്തെകുറിച്ച് പരിശോധിക്കുമ്പോൾ ഇക്കാര്യം കൂടി പരിഗണിക്കേണ്ടതാണ്. നിലവിലുള്ള 22 പൊതുകുഴൽകിണറുകളിൽ 16 എണ്ണം പ്രവർത്തനക്ഷമമല്ല. കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് ഗ്രാമവാസികളുടെ അഭിപ്രായം.

ഓരോ വാർഡിലും പരമ്പരാഗത ജലസ്രോതസ്സുകളുടെ സാധ്യതകൾ വിലയിരുത്തി

അവ യുക്തമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രാദേശിക അറിവും നവീന സാങ്കേതികവിദ്യകളും സമന്വയിപ്പിച്ചുകൊണ്ട് ഒരു ആസൂത്രണരീതിയും പദ്ധതിരൂപീകരണവും സാധ്യമാക്കണം. കൂടാതെ, പൊതുജനങ്ങളെ കുടിവെള്ളത്തിന്റെ ദുരുപയോഗത്തെക്കുറിച്ച് ബോധവന്മാരാകുകയും അതിനെതിരെ അണിനിരത്തുകയും വേണം.

**പ്രശ്നങ്ങൾ**

*1 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും, വേനൽക്കാലാരംഭത്തോടെ (ഡിസംബർ മാസത്തോടെ) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.*

*2 ചില വാർഡുകളിൽ മണ്ണിനടിയിൽ കരിങ്കൽ പാറകൾ ഉള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.*

*3 പഞ്ചായത്തിലെ ചില വാർഡുകളിൽ പൈപ്പുലൈനുകൾ ഉണ്ടെങ്കിലും പൈപ്പുകളുടെ വ്യാസകുറവുനിമിത്തവും, സമയാസമയങ്ങളിൽ പൈപ്പുകളുടെ കേടുപാടുകൾ തീർക്കാത്തതുകൊണ്ടും, വാൽവുകൺട്രോൾ വേണ്ടുപോലെ നടത്താത്തതുകൊണ്ടും ഇതിന്റെ ഉപയോഗം ശരിക്കും ലഭിക്കുന്നില്ല.*

*4 പഞ്ചായത്തു കുളങ്ങളും, കിണറുകളും മലിനമായി കിടക്കുന്നത് കാലാകാലങ്ങളിൽ നന്നാക്കുന്നില്ല.*

*5 പഞ്ചായത്തിലെ പല വാർഡുകളിലും കുഴൽകിണറുകൾ ഉണ്ടെങ്കിലും പലതും കേടുവന്നതും ശരിയായി പ്രവർത്തിക്കാത്തതും ആണ്.*

*6 പൈപ്പു കണക്ഷൻ ഉള്ള വാർഡുകളിലെ പൊതുടാപ്പുകളുടെയും ഹൗസ്കണക്ഷന്റെയും എണ്ണം കൂടുതലായതിനാൽ വെള്ളം ശരിയായ വിധത്തിൽ ലഭിക്കുന്നില്ല.*

*7 പഞ്ചായത്തിലൂടെ കടന്നുപോകുന്ന കനാലിൽ ആവശ്യസമയത്ത് ജലം ലഭിക്കുന്നില്ല.*

**സാധ്യതകൾ**

*1 നിലവിലുള്ള പൊതുകിണറുകൾ എല്ലാം ഉപയോഗ്യമാക്കുക.*

*2 പൈപ്പു ലൈനുകളുടെ കേടുപാടുകൾ ശരിയായ സമയത്തു പരിഹരിക്കുക*

*3 പഞ്ചായത്തിലെ ഏറ്റവും രൂക്ഷമായ ജലക്ഷാമം ഉള്ള പ്രദേശങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക.*

*4 അയ്യപ്പൻ കുന്നിൽ നിർമ്മിക്കുന്ന ടാങ്കിന്റെ നിർമ്മാണ പ്രവർത്തനം വേഗത്തിൽ പൂർത്തികരിക്കുക*

*5 വാട്ടർ ടാങ്കിൽ നിന്നുള്ള പൈപ്പിന്റെ വ്യാസം കൂട്ടുക.*

*6 നിലവിലുള്ള വാട്ടർ ടാങ്കിന്റെ കേടുപാടുകൾ വേഗത്തിൽ തീർക്കുക*

*7 പഞ്ചായത്തിൽ ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.*

*8 പഞ്ചായത്തിലെ ചെക്കുഡാമുകൾ വൃത്തിയാക്കുകയും സംരക്ഷിക്കുകയും ചെയ്യു.*



478

9 കരുവാക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

10 ജലസംഭരണത്തെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണപരിപാടികൾ നടത്തുക.

11 ഭരതമല ചെക്ക്ഡാമിന് സമീപം ഒരു കിണർ കുഴിച്ച് 600 മീറ്റർ ദൂരെയുള്ള കുന്നിൻെറ മുകളിൽ ടാങ്ക് നിർമ്മിച്ച് പൈപ്പു വഴി വെള്ളം തിരിച്ചു വിടുകയാണെങ്കിൽ ഏകദേശം 125 വീട്ടുകാരുടെ കുടിവെള്ളക്ഷാമം ഒരു പരുധിവരെ പരിഹരിക്കാൻ കഴിയും.

12 തൃക്കൂർ പുഴ, കുറുമാലി പുഴ എന്നിവയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പഞ്ചായത്തിലെ ഉയർന്ന സ്ഥലങ്ങളിൽ ടാങ്കുകൾ കെട്ടി പൈപ്പു കണക്ഷനുകൾ നൽകിയാൽ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

13 പഞ്ചായത്തിൻെറ ജലക്ഷാമം ഉള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക

14 വെള്ളാനിക്കോടുള്ള കനാലിൻെറ സ്പൗട്ട് തുർത്ത് കള്ളായി ഭാഗത്ത് വെള്ളം എത്തിക്കുക.

15 പൊതുടാപ്പിൻെറയും വീടുകണക്ഷനുകളുടെയും എണ്ണം കൂടുതലായതിനാൽ കൂടുതൽ വെള്ളം ലഭിക്കുന്നതിനുവേണ്ടി ശക്തിയുള്ള മോട്ടർ സ്ഥാപിക്കുകയും വെള്ളം ശേഖരിക്കുന്നതിന് ഓവർ ഹെഡ് നിർമ്മിക്കുകയും വേണം.

16 ഉപയോഗശൂന്യമായ സ്വകാര്യ കിണറുകൾ നന്നാക്കി പൊതുകിണറുകളാക്കുക

17 പഞ്ചായത്തിലെ ഒന്നാം വാർഡിൽ ജലക്ഷാമം പരിഹരിക്കുന്നതിന് തൃക്കൂർ പുഴയിൽ നിന്ന് തോടുവെട്ടി തലോർ കായൽ നിലങ്ങളിൽ ജലം എത്തിക്കുക.

18 പഞ്ചായത്തിൻെറ അരികിലൂടെ ഒഴുകുന്ന പുഴയിൽ നിന്ന് 25 HP യുടെ മോട്ടർ വെച്ച് വെള്ളം പമ്പു ചെയ്ത് വാട്ടർ ലൈനുകളുമായി ബന്ധിപ്പിക്കുക

19 പഞ്ചായത്തിലെ പൊതുകുഴൽ കിണറുകൾ ഉപയോഗയോഗ്യമാക്കുക

20 അയ്യംകോട്ടുകുളം വലുപ്പപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുക.

പഞ്ചായത്തിലെ മുഖ്യ കുടിവെള്ളസ്രോതസ്സുകൾ

പട്ടിക **See Annex**

**പഞ്ചായത്തിലെ വാർഡുകളിൽ ജലക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങൾ**

| വാർഡ് നമ്പർ | സ്ഥലങ്ങൾ |
|---|---|
| 1 | കോനിക്കര |
| 2 | കരുവാൻകുന്ന് സ്ക്കൂൾകുന്ന്, ഗുജറാത്ത് കുന്ന്, എസ്.എം.എസ്.റോഡ് |
| 3 | ആശാരികുന്ന് റോഡ്, മൃഗാശുപത്രി പരിസരം, പറപ്പാടം റോഡ് |
| 4 | പൊന്നൂക്കര, വാരിയത്തൊടി, സർവ്വോദയം, മതിക്കുന്ന്, എസ്.എം.എസ്. റോഡ് |
| 5 | പള്ളിക്കുന്ന് ലക്ഷംവീട്, ചക്കൽ കോളനി, കോട്ടായി |
| 6 | ഭരത, പകണിശ്ശേരി, സൊസൈറ്റികുന്ന്, അയ്യംകോടിൻെറ വടക്കുവശം, ആലങ്ങാടിൻെറ വടക്കുവശം |
| 7 | ഭരത വട്ടകോട്ടുമല |
| 8 | വട്ടകൊട്ടായി, വേപ്പൂർ, വെള്ളാനിക്കോട്, പുളിംചോട്, കാഞ്ഞരമറ്റം, കള്ളായി കിണർ പരിസരം |
| 9 | പുല്ലുത്തി മുസ്ലീംപള്ളി, ആതൂർ കോളനി, പച്ചിലപുറം |
| 10 | കരുവാൻകുന്ന്, പഞ്ചായത്ത് ഓഫീസ് വഴി, ഞെള്ളൂരമ്പല പരിസരം |
| 11 | കൊല്ലംകുന്ന്, കരുവാകുന്ന്, ഷിംജി തിയേറ്റർ പരിസരം, സ്ക്കൂൾ മൂല |

# പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ

| | (സ്വകാര്യ ഉടമസ്ഥത | | (പഞ്ചായത്ത് ) | | | |
|---|---|---|---|---|---|---|
| വാർഡ് | കിണർ ഉള്ളവർ | ഇല്ലാത്തവർ | കിണർ | കുളങ്ങൾ | പൊതുവായ കുഴൽ കിണറുകൾ | പൊതുടാപ്പു കളുടെ എണ്ണം |
| 1 | 285 | 51 | - | - | - | - |
| 2 | 194 | 241 | 2 | - | - | 13 |
| 3 | 192 | 278 | - | 1 | 2 | 6 |
| 4 | 287 | 124 | 5 | 1 | 2 | 5 |
| 5 | 316 | 148 | 3 | 2 | 3 | 5 |
| 6 | 329 | 134 | | 2 | 2 | - |
| 7 | 305 | 110 | 2 | - | 1 | - |
| 8 | 194 | 145 | 1 | - | 1 | - |
| 9 | 182 | 468 | 10 | 1 | 8 | 5 |
| 10 | 380 | 76 | 3 | 2 | 3 | - |
| 11 | 318 | 547 | 1 | 1 | 2 | 2 |



480

# 5 വ്യവസായം

വ്യാവസായിക രംഗത്ത് വളർച്ചമുരടിച്ച തൃശ്ശൂർ ജില്ലയിൽ വ്യാവസായികമായി പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഒരു പഞ്ചായത്താണ് തൃക്കൂർ. ആധുനിക വ്യവസായങ്ങളോ പൊതുമേഖലാവ്യവസായങ്ങളോ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.31 ചെറുകിടിവ്യവസായ ഫാക്ടറികൾ, 5 കുടിൽ വ്യവസായ യൂണിറ്റുകൾ 5 വെൽഡിങ് വർക്ഷോപ്പുകൾ, 2 ഓയിൽ മില്ലുകൾ, 16 ഫ്ലോർമില്ലുകൾ 2 സിനിമാ തീയ്യേറ്റർ, രണ്ടു കരിങ്കൽ ക്വാറികൾ എന്നിവയും 20 ഓളം വരുന്ന പരമ്പരാഗത കുട്ടനെയ്തു കുടുംബങ്ങളും പന്ത്രണ്ടോളം ചെറുതും വലുതുമായ ഇഷ്ടികക്കളങ്ങളും ചേർന്നാൽ ഏകദേശം പഞ്ചായത്തിൻെറ വ്യാവസായിക ചിത്രമായി.

## കളിമൺവ്യവസായം ; ഓട്

ജില്ലയിൽ എന്നും മുൻതൂക്കമുള്ള വ്യവസായമാണല്ലോ കളിമൺ - ഓട് നിർമ്മാണം. തൃക്കൂർ പഞ്ചായത്തിലും വ്യാവസായിക രംഗത്ത് എന്തെങ്കിലും സംഭാവന നൽകിയത് ഈ വ്യവസായംതന്നെ, ഏറെ പ്രതിസന്ധികൾ നേരിടുന്ന കളിമൺ വ്യവസായം. 80 കളിൽ എട്ടോ പത്തോ കമ്പനികളിലൊതുങ്ങിനിന്ന ഈ രംഗത്ത് ഇന്ന് ചെറുതും ഇടത്തരവുമായ 21 കമ്പനികൾ പ്രവർത്തിക്കുന്നു. അതലൊരെണ്ണം കേരള ഖാദി ൙ വില്ലേജ് ഇൻഡസ്ട്രീസിൻെറ കീഴിലുള്ള രു സഹകരണ യൂണിറ്റാണ്. ഈ യൂണിറ്റും സ്വകാരമേഖലയിലെ മറ്റൊരു യൂണിറ്റും ചില പ്രത്യേക സാങ്കേതികകാരണങ്ങളാൽ പൂട്ടികിടക്കുകയാണ്. വളർച്ച മുരടിച്ച ഈ രംഗത്ത് ഏറെ പ്രതിസന്ധികൾ തരണം ചെയ്ത് 19 കമ്പനികളിലായി 400 പേർ ജോലി ചെയ്യുന്നു. അതിൽ 126 പുരുഷന്മാരും 294 സ്ത്രീകളുമാണ്. പുരുഷതൊഴിലാളികൾക്ക് ശരാശരി 75 രൂപ വീതവും സ്ത്രീതൊഴിലാളികൾക്ക് 40 രൂപ വീതവും ദിവസകൂലി ലഭിച്ചുവരുന്നു. 80കളിൽ ഇത് യഥാക്രമം 35 രൂപയും 20 രൂപയുമായിരുന്നുവെന്നോർക്കുക. മുഖ്യ അസംസ്കൃതവസ്തുവായ കളിമണ്ണിൻെറയും മുഖ്യ ഊർജസ്രോതസ്സായ വിറകിൻെയും ദൗർബല്യമാണ് ഈ രംഗത്തെ പ്രധാന പ്രതിസന്ധികൾ. സമീപപ്രദേശങ്ങളിലെ പാടശേഖരങ്ങൾ നികത്തുകയോ മുൻപ് മണ്ണുനീക്കം ചെയ്തതോ ആകയാൽ കളിമണ്ണ് ഇപ്പോൾ ദുർലഭമാണ് ദൂരദേശത്ത് നിന്ന് കളിമണ്ണ് കൊണ്ടുവരുമ്പോൾ താങ്ങാനാവാത്ത ചെലവു വരുകയും ഉൽപാദനം നഷ്ടതതിലാവുകയും ചെയ്യുന്നു. വിറകിൻെറ ദൗർലഭ്യവും വിലക്കയറ്റവും മൂലമുണ്ടാകുന്ന നഷ്ടം വേറെയും. ഈ കമ്പനികളിലെ ഉൽപാദനങ്ങളായ റൂഫിങ്ങ് ടൈൽസ്, ഫ്ലോറിങ്ങ് ടൈൽസ്, ഡെക്കറേഷൻ ടൈൽസ് എന്നിവയിൽ ഭൂരിഭാഗവും അയൽസംസ്ഥാനങ്ങളിലേക്ക്

കയറ്റി അയക്കുകയാണ്. കെട്ടിടനിർമ്മാണരംഗത്ത് മേച്ചിലോടെന്ന നിലക്ക് ഓടിൻെറ പ്രസക്തി കുറഞ്ഞുവരുമ്പോഴും കോൺക്രീറ്റ് റൂഫിനടിയിൽ പാകുന്നതിനും മറ്റുമായി ഓടിന് ഇന്നും ആവശ്യക്കാറേറെ. സേവനവേതന വ്യവസ്ഥകൾ ജീവിതനിലവാരസൂചികയുമായി പൊരുത്തപ്പെട്ടുപോകുന്നവയല്ലെങ്കിലും ഏകദേശം 400 ഓളം കുടുംബങ്ങളെ ഈ വ്യവസായം തീറ്റി പോറ്റുന്നു എന്നത് ഒരു ചെറിയ കാര്യമല്ല. ആയതിനാൽ പൂട്ടികിടക്കുന്ന രണ്ടു കമ്പനികൾ തുറന്നുപ്രവർത്തിക്കുന്നതിലേക്ക് സത്വരനടപടികൾ വേണ്ടതാണ്. നഷ്ടത്തിലോടുന്ന കമ്പനികൾ ഈ രംഗത്തില്ല എന്നു സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു.

### കളിമൺവ്യവസായം - ഇഷ്ടിക

പഞ്ചായത്തിൽ ചെറുതും ഉടത്തരവുമായ 12 ഇഷ്ടികകളങ്ങളുണ്ട്. 300 ഓളം പേർ ജോലി ചെയ്യുന്ന ഈ രംഗത്ത് 120 പുരുഷത്തൊഴിലാളുകളും 180 സ്ത്രീതൊഴിലാളികളും ആണ്. പുരുഷത്തൊഴിലാളികൾക്ക് 100 രൂപ വീതവും സ്ത്രീത്തൊഴിലാളികൾക്ക് 60 രൂപ വീതവും ദിവസക്കൂലി ലഭിക്കുന്നു. 80 കളിൽ ഇത് യഥാക്രമം 50 രൂപയും 30 രൂപയും ആയിരുന്നു. വേനലിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഈ വ്യവസായത്തിനും സ്ഥലം, കളിമണ്ണ്, വിറക് എന്നിവയുടെ ദൗർലഭ്യമാണ് മുഖ്യപ്രതിസന്ധി. 300 ഓളം കുടുംബങ്ങളെ തീറ്റിപ്പോറ്റുന്ന ഈ വ്യവസായം ലാഭനഷ്ടക്കണക്കുകൾക്കുപരി ഉപജീവനമാർഗത്തിലൊതുങ്ങി നിൽക്കുന്നു.

### ഗ്രാനൈറ്റ് ക്രഷിങ്ങ് കമ്പനി

ഈ രംഗത്ത് രണ്ട് യൂണിറ്റുകളാണുള്ളത്. രണ്ടു യൂണിറ്റുകളിലുമായി 20 ഓളം പേർ ജോലി ചെയ്യുന്നു. 12 പുരുഷന്മാരും 8 സ്ത്രീകളും പുരുഷത്തൊഴിലാളികൾക്ക് 100 രൂപ വീതവും സ്ത്രീത്തൊഴിലാളികൾക്ക് 60 രൂപവീതവും ദിവസക്കൂലി ലഭിക്കുന്നു. കരിങ്കൽ അസംസ്കൃതവസതുവായ ഈ വ്യവസായം ഇന്നത്തെ സാഹചര്യത്തിൽ ലാഭകരമായി നടത്തിക്കൊണ്ടു പോകാവുന്നതാണ്. കെട്ടിട നിർമ്മാണരംഗത്തെ ഊർജസ്വലതയാണിതിനു കാരണം. പ്രധാന ഊർജ്ജം വൈദ്യുതി ആകയാൽ പവർകട്ട് ഈ വ്യവസായത്തിൻെറ മുഖ്യ പ്രതിസന്ധിയാണ്. കൂടാതെ പരിതസ്ഥിതി പ്രശ്നങ്ങളും.

### കരിങ്കൽ ക്വാറി

പഞ്ചായത്തിൽ 7, 8 വാർഡുകളായുള്ള രണ്ടു ക്വാറികളിലായി 80 പുരുഷന്മാരും 120 സ്ത്രീകളും വിവധതുറകളിൽ ജോലി ചെയ്യുന്നു. ശരാശരി പുരുഷന്മാർക്ക് 120 രകുപ വീതവും സ്ത്രീകൾക്ക് 60 രൂപ വീതവും ദിവസേന വേതനം ലഭിക്കുന്ന ഈ രംഗത്ത് പ്രതിസന്ധികൾ ഏറെയുണ്ട്. ഗതാഗതം, വെടിക്കോപ്പുകൾ കൈകാര്യം ചെയ്യുമ്പോഴത്തെ അപകടസാദ്ധ്യതകൾ, ലൈസൻസിങ്ങ് സമ്പ്രദായതതിലെ നൂലാമാലകൾ എന്നിവ മുഖ്യ പ്രശ്നങ്ങളാണ്. എങ്കിലും വിപണന സാദ്ധ്യതകൾ ഏറെയുള്ളതുകൊണ്ട് ഇന്നും ഈ രംഗം തകരാതെ പിടിച്ചുനിൽക്കുന്നു എന്നു പറയാതെ വയ്യ.

### പാക്കിംഗ് കേസ് നിർമ്മാണം.

രണ്ടു യൂണിറ്റുകളിലായി 4 പുരുഷന്മാരും 6 സ്ത്രീകളുമടക്കം 10 പേർ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നു. 100 രൂപ 40 രൂപ എന്നീ ക്രമത്തിലാമ് ഇവരുടെ ദിവസകൂലി. സാദ്ധ്യതകൾ



482

ഏറെയുള്ള ഈ വ്യവസായത്തിന് പാഴ്മരങ്ങളുടെ ലഭ്യതക്കുറവും വിലകൂടുതലും വൈദ്യുതിയുടെ ദൗർലഭ്യവും മുഖ്യപ്രശ്നങ്ങളാണ്. ലാഭനഷ്ടക്കണക്കുകൾക്ക് പ്രസക്തിയില്ലാത്താ ഈ രംഗത്തും നിലനില്പിനുള്ള വ്യഗ്രത മാത്രം ശേഷിക്കുന്നു.

### പെയിൻറ് നിർമ്മാണം ;

രണ്ടു പേർക്ക് തൊഴിൽ നൽകുന്ന ഈ രംഗത്ത് വികസനത്തിന് സാദ്ധ്യതകളുണ്ട്. അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ്, വൈദ്യുതിയുടെ ദൗർലഭ്യം, വിപണനരംഗത്തെ മാത്സര്യം എന്നിവ പ്രശ്നങ്ങൾ തന്നെ. ലാഭനഷ്ടങ്ങൾക്കുപരി ഇതൊരു തൊഴിലധിഷ്ടിതസ്ഥാപനമാണിപ്പോൾ. വേതന ഇനത്തിൽ ഏകദേശം 200 രൂപയാണ് ഇവിടത്തെ ഒരു ദിവസത്തെ ചെലവ്. സാമ്പത്തിക പരാധീനതമൂലം ഉൽപാദനം കുറവും വിപണനം ജില്ലയിൽ മാത്രവുമായി ഒരുങ്ങി നിൽക്കുന്നു.

### ഹോളോ ബ്രിക്സ് യൂണിറ്റ്

പഞ്ചായത്തിൽ 3 യൂണിറ്റുകളിലായി ഈ രംഗത്ത് 3 പുരുഷന്മാരും 9 സ്ത്രീകളുമടക്കം 12 പേർ ജോലി ചെയ്യുന്നു. യഥാക്രമം 100 രൂപ 60 രൂപ എന്നീ നിരക്കിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ദിവസവേതനം ലഭിക്കുന്നു. നിർമ്മാണരംഗത്തെ നൂതന പ്രവണതകളും ഇഷ്ടികയുടെ ദൗർലഭ്യവും വിലക്കയറ്റവും ഈ രംഗത്ത് ഏറെ പ്രതീക്ഷക്ക് വക നൽകുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും സിമൻറിൻെറ വിലവർദ്ധനവും ഈ രംഗത്തെ പ്രശ്നങ്ങളാണ്. എങ്കിലും കെട്ടിടനിർമ്മാണരംഗത്തെ നൂതന സാങ്കേതങ്ങളെന്ന നിലക്ക് ഇവക്ക് പ്രസക്തിയേറെ.

### എഞ്ചിനീയറിങ് വർക്ക്ഷോപ്പ്

ഗേറ്റ്, ഗ്രിൽ, കൊളാപ്സിബ്ൾ ഷട്ടർ, റോളിംഗ് ഷട്ടർ, സ്റ്റീൽ ഫർണിച്ചർ മുതലായവ നിർമ്മിക്കുന്ന ഈ രംഗത്ത് 5 യൂണിറ്റുകളിലായി ഏകദേശം 20 പുരുഷത്തൊഴിലാളികൾ ജോലി ചെയ്യുനനു. ശരാശരി 100 രൂപ പ്രതിദിവേതനം ഇവർക്ക് ലഭിക്കുന്നുണ്ട്. വിപണനരംഗത്തെ മാന്ദ്യം ഈ രംഗത്ത് ഏറെയില്ലെങ്കിലും വിദഗ്ധത്തൊഴിലാളികളുടെ അഭാവം വൈദ്യുതിയുടെ ദൗർലഭ്യം, വോൾട്ടേജ് കുറവ്, കമ്പിയുടേയും വെൽഡിങ്റോഡിൻെറയും വില കൂടുതൽ എന്നിവ പ്രശ്നങ്ങളാണ്. പ്രതിസന്ധികളേറെയുണ്ടെങ്കിലും ഈ യൂണിറ്റുകളൊന്നും നഷ്ടത്തിലോടുന്നവയല്ല.

### വയർനെയിൽസ് കമ്പനി

രണ്ടു യൂണിറ്റുകളുള്ള ഈ രംഗത്ത് മൊത്തം 6 പേർ ജോലി ചെയ്യുന്നു. ശരാശരി 80 രൂപയാണ് ഇവർക്ക് ദിവസവേതനം. GI വയറിൻെറ വിലവർദ്ധനവ്, വൈദ്യുതിയുടെ ദൗർലഭ്യം, വോൾട്ടേജ് കുറവ് എന്നിവയും വിപണനരംഗത്തെ മാത്സര്യവും ഈ രംഗത്തെ പ്രശ്നങ്ങളാണ്. വികസനം കൊതിക്കുന്ന ഈ രംഗം നഷ്ടത്തിലോടുന്നില്ല എന്നു കഷ്ടിച്ചു പറയാം.

### ഓയിൽ മിൽ

ചെറുതും മീഡിയവുമായ രണ്ടു യൂണിറ്റുകളിലായി 8 പുരുഷന്മാർ ഈ രംഗത്ത് ജോലി ചെയ്യുന്നു. ശരാശരി 100 രൂപ പ്രതിദിനവേതനം ഇവർക്കു ലഭിക്കുന്നു. അസംസ്കൃത

വസ്തുവിൻെറ ദൗർലഭ്യമാണ് ഈ രംഗത്തെ മുഖ്യ പ്രശ്നം. വിപണനരംഗത്ത് വലിയ പ്രശ്നങ്ങളില്ലാത്തതുകൊണ്ടും ഉടമസ്ഥരുടെ നേരിട്ടുള്ള മേൽ നോട്ടത്തിലുള്ളവയായതുകൊണ്ടും ഈ യൂണിറ്റുകൾ നഷ്ടത്തിൽ നിന്നു കഷ്ടിച്ചു കരകയറുന്നു.

## ഫ്ലോർമിൽ

മുളക്, മഞ്ഞൾ, ധാന്യങ്ങൾ എന്നിവ പൊടിച്ചുകൊടുക്കുകയും നെല്ലുകുത്തുകയും ചെയ്യുന്ന ഈ യൂണിറ്റുകൾ പഞ്ചായത്തിൽ 15 എണ്ണമാണുള്ളത്. 15 യൂണിറ്റുകളിലായി 15 പേർ ജോലി ചെയ്യുന്നു. 13 പുരുഷന്മാരും 2 പേർ സ്ത്രീകളും. 100 രൂപ, 60 രൂപ എന്നിങ്ങനെയാണ് യഥാക്രമം ഇവരുടെ ദിവസവേതനനിരക്ക്. സാദ്ധ്യതകൾ ഏറെയില്ലാത്ത ഈ രംഗത്ത് ലാഭത്തിലേറെ ഉപജീവനത്തിനുള്ള ഒരു തൊഴിൽ - അഥവാ സ്വയം തൊഴിൽ - അത്രയേയുള്ളു. വൈദ്യുതിയുടെ ദൗർലഭ്യമാണിവിടത്തെ മുഖ്യപ്രശ്നം. - സാദ്ധ്യതകൾ വിരളവും

## സിനിമാതിയറ്റർ

രണ്ടു തിയറ്ററുകളിലായി ഈ രംഗത്തും 18 പേർ ജോലി ചെയ്യുന്നു. പാർട്ട് ടൈം ജോലിക്കാരായ പുരുഷത്തൊഴിലാളികൾക്ക് 500 മുതൽ 1500 രൂപ വരെ പ്രതിമാസ വേതനം ലഭിക്കുന്നു. ദൂരദർശൻ, കേബിൾ ടി.വി., വി.സി.ആർ എന്നിവയുടെ പ്രചാരം മൂലം കാണികളുടെ കുറവ് വൈദ്യുതിക്ഷാമം എന്നിവ വളർച്ച മുരടിച്ച ഈ രംഗത്തെ പ്രശ്നങ്ങളാണ്. നഷ്ടത്തിലോടുന്ന ഈ രംഗത്ത് നഷ്ടത്തിൻെറ കഥകളേ പറയാനുള്ളു.

## കുടിൽവ്യവസായം

കുടിൽ വ്യവസായരംഗത്ത് ഈ പഞ്ചായത്തിൽ 5 യൂണിറ്റുകളുണ്ട്. ഇവയെല്ലാം തന്നെ ലാഭത്തേക്കാളുപരി തൊഴിലധിഷ്ഠിത യൂണിറ്റുകളാണ്. താരതമ്യേന കുറഞ്ഞ വേതന നിരക്കുള്ള ഈ രംഗത്ത് സ്ത്രീകളാണ് 99% വും.

## ഖാദി നൂൽ നൂൽപ്പു കേന്ദ്രം

കേരള ഖാദി ഗ്രാമോദ്യോഗഭവൻെറ കീഴിലുള്ള ഈ രണ്ടു യൂണിറ്റുകളിലായി ഏകദേശം 80 വനിതകൾ ജോലി ചെയ്യുന്നു. ശരാശരി 20 രൂപ പ്രതിദിന വേതനം ലഭിക്കുന്ന ഈ രംഗത്ത് പരാധീനതകളേറെ. വിപണനരംഗത്തെ മാന്ദ്യം ഉൽപാദനരംഗത്തെ അസംസ്യകൃതവസ്തു ലഭ്യതക്കുറവ്, വിലവർദ്ധനവ് എന്നിവയാണ് മുഖ്യ പ്രശ്നങ്ങൾ. പ്രായോഗിക വീക്ഷണത്തോടെ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചാൽ ഈ രംഗത്ത് വികസനത്തിനും തദ്വാരാ നല്ലൊരു ശതമാനം വനിതകൾക്ക് തൊഴിലിനും ഈ രംഗത്ത് സാദ്ധ്യതയുണ്ട്യ

## കുടനിർമ്മാണം

കുടനിർമ്മാണരംഗത്ത് 3 (മൂന്ന്) സ്ത്രീതൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവർ ശരാശരി 40 രൂപ പ്രതിദിനവേതനം പറ്റുന്നു. അസംസ്കൃതവസ്തുക്കളായ തുണി, കാവി മുതലായവയുടെ വില വർദ്ധനവും വിപണിയിലെ മാത്സര്യവും ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെങ്കിലും ഈ കുടിൽ വ്യവസായത്തിന് സാദ്ധ്യതകൾ ഏറെയാണ് വനിതകൾക്ക് ഏറെ തൊഴിലവസരം സൃഷ്ടിക്കുന്ന ഒരു മേഖലയാണിത്.



484

## ചെമ്പുകൊണ്ടുള്ള ആഭരണനിർമ്മാണം

ഇമിറ്റേഷൻ ആഭരണങ്ങൾ നിർമ്മിക്കുന്ന ഈ രംഗത്ത് ഒരു യൂണിറ്റാണുള്ളത്. 2 പുരുഷൻമാരും 10 സ്ത്രീകളും അടക്കം 12 തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ രംഗത്ത് പുരുഷൻമാർക്ക് 120 രൂപയും സ്ത്രീകൾക്ക് 40 രൂപയും പ്രതിദിനവേതനം ലഭിക്കുന്നു. സാദ്ധ്യതകൾ പ്രവചനാതീതമാണെങ്കിലും സങ്കീർണ്ണതയും പ്രതിസന്ധികളും ഏറെയില്ലാത്ത ഈ മേഖല നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു. ചെമ്പിൻെറ വില വർദ്ധനവ് മുഖ്യപ്രതിസന്ധിയാണ്. സ്ത്രീകൾക്കിടയിൽ ഇമിറ്റേഷൻ ആഭരണങ്ങൾക്ക് പ്രിയംകൂടിവരുന്ന ഈ കാലഘട്ടിത്തിൽ ഈ വ്യവസായത്തിന് സാദ്ധ്യതയേറുന്നു. തന്മൂലം ഗ്രാമീണ വനിതകൾക്കു തൊഴിലാവസരങ്ങളും.

## വുഡൺ ഫർണിച്ചർ നിർമ്മാണം

5 യൂണിറ്റികളിലായി ഈ മേഖലയിൽ 20 പുരുഷത്തൊഴിലാളികൾ ജോലി ചെയ്യുന്നു. ഫർണിച്ചറിനു പുറമെ ഒരു യൂണിറ്റിൽ കട്ട്ള, ജനവാതിൽ എന്നിവയും നിർമ്മിച്ചുകൊടുക്കുന്നു. ശരാശരി 120 രൂപ പ്രദിദിനംവേതനം ഇവിടത്തെ തൊഴിലാളികൾക്കു ലഭിക്കുന്നു. സാദ്ധ്യതകൾ ഏറെയുള്ള ഈ വ്യവസായത്തിന് പ്രതിസന്ധികളും ഏറെയാണ്. വിദഗ്ദജോലിക്കാരുടെ അഭാവം, തടിയുടെ ലഭ്യതക്കുറവ് വിലവർദ്ധന വിപണന രംഗത്തെ മാത്സര്യം എന്നിവ മുഖ്യ പ്രശ്നങ്ങളാണ്. പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് ഈ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നു.

## പച്ചില വളനിർമ്മാണം

2 പേരുള്ള ഒരു യൂണിറ്റാണ് ഈ രംഗത്തുള്ളത്. 80 രൂപ പ്രതിദിനവേതനം കണക്കാക്കുന്ന ഈ മേഖലയിൽ മുഖ്യ അസംസ്യത വസ്തുവായ പച്ചിലയുടെ ക്ഷാമം ഒരു പ്രശ്നം തന്നെ. സാദ്ധ്യതകളേറെയുള്ള ഈ രംഗത്ത് പ്രോത്സാഹനവും പരിശീലനവുംകൊണ്ട് ഗ്രാമീണവനിതകൾക്ക് സ്വയം തൊഴിൽ നേടാം. ആധുനിക കൃഷി രീതിയിൽ ജൈവവളങ്ങളുടെ പ്രസക്തി ഇതിൻെറ വിപണനരംഗം സജീവമാകുന്നു.

## വെടിക്കോപ്പുനിർമ്മാണം.

അപകടസാദ്ധ്യകളേറെയുള്ള ഈ മേഖലയിൽ 2 യൂണിറ്റിലായി 18 പേർ ജോലി ചെയ്യുന്നു. 6 പുരുഷന്മാരും 12 സ്ത്രീകളും യഥാക്രമം 150 രൂ, 70 രൂ നിരക്കിൽപ്രതിദിനവേതനം പറ്റുന്നു. വിപണനരംഗത്തെ സാദധ്യതകളും ഏറെയാണെങ്കിലും പ്രതിസന്ധികൾ ഏറെയാണ്. വെടിപ്പോപ്പുകൾ കൈകാര്യം ചെയ്യുന്നതിലെ അപകടങ്ങൾ ലൈസൻസിങ്ങ് രംഗത്തെ നൂലാമാലകൾ എന്നിങ്ങനെ പോകുന്നു അവ. ഈ സംരംഭങ്ങളുടെ ബാക്കി പത്രങ്ങളിൽ ലാഭനഷ്ടങ്ങൾക്ക് പ്രസക്തിയില്ല.

## കോറ നിർമ്മാണം ;

വെടിക്കോപ്പു നിർമ്മാണരംഗത്തെ ലൈസൻസിങ്ങ് സമ്പ്രദായത്തിലെ പ്രശനങ്ങളും നിയന്ത്രണങ്ങളും മൂലവുമാവാം. നൂറോളം സ്ത്രീകൾ കോറ നിർമ്മാണത്തിൽ മുഴുകിയിരിക്കുന്നു. 30 രൂപ പ്രതിദിനവേദനം പറ്റുന്ന ഈ മേഖല മുഖ്യമായും വനിതകളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.



485

## പരമ്പരാഗത വ്യവസായങ്ങൾ ;

പൊതുവേ തളർച്ച ബാധിച്ച ഈ രംഗത്ത് ആകെ ഒരു യൂണിറ്റേ ഈ പഞ്ചായത്തിലുള്ളൂ.

## കൊട്ടനെയ്ത്ത്

4 പുരുഷന്മാരും 16 സ്ത്രീകളും ജോലി ചെയ്യുന്ന ഈ രംഗത്ത് പുരുഷജോലികാർക്ക് 100 രൂപയും സ്ത്രീകൾക്ക് 40 രൂപയും പ്രതിദിനവരുമാനം ലഭിക്കുന്നു. പാരമ്പര്യവ്യവസായത്തിൽ ഏറെ സാദ്ധ്യതകളുള്ള ഈ രംഗം അസംസ്കൃത വസ്തുക്കളായ ഈറ്റ, മുള എന്നിവയുടെ ദൗർലഭ്യം മൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തിയാൽ ഈ മേഖലയിൽ വനിതകൾക്ക് തൊഴിലവസരം ഏറെയാണ്. വിപണന രംഗത്ത് ഈ ഉൽപന്നങ്ങൾക്ക് ഏറെ പ്രിയവും ദൗർലഭ്യവും വിലയും ഉണ്ട് എന്നത് ഒരു പ്ലസ്പോയിൻറ് ആണ്.

## പഞ്ചായത്തിലെ വ്യവസായങ്ങൾ സ്ഥിതിവിവരക്കണക്ക്

പട്ടിക **See Annex**

മേൽ പറഞ്ഞ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ ഏകദേശം 90 യൂണിറ്റുകളിലായി വിവിധ മേഖലകളിൽ 1280 പേർ ജോലി ചെയ്യുന്നുവെന്നും അതിൽ 439 പുരുഷന്മാരും 841 സ്ത്രീകളും ആണെന്ന് കാണാം. പുരഷന്മാരുടെ ശതമാനം 34.3%വും സ്ത്രീകളുടെ 65.7% വുമാണ്. അതായത് മൊത്തം പഞ്ചായത്തിലെ ജനസംഖ്യയുടെ 4.92% ജനങ്ങൾ വ്യവസായമേഖലയെ ആശ്രയിച്ചു ജീവിക്കുന്നു എന്നർത്ഥം.

## വാർഡു തലത്തിലുള്ള ആവശ്യങ്ങൾ

*പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ഇലക്ട്രോണിക് ചോക്ക്, ഇൻവെർട്ടർ എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റ്*

*ഗ്രാമീണ വനിതകളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിൽ ഒരു റെഡിമെയ്ഡ് എംബ്രോയ്ഡറി യൂണിറ്റ്*

*ഹരിജനമേഖലയിൽ വനിതകൾക്ക് തൊഴിലുദ്ദേശിച്ചുള്ള ഒരു കുടനിർമ്മാണ യൂണിറളര്, നിലവിലുള്ള യൂണിറ്റിൻെറ വികസനം*

*ചകിരി, ചിരട്ട എന്നിവകൊണ്ട് കരകൗശലവസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ്*

*ആധുനിക സജ്ജീകരണങ്ങളോടെ ഒരു ഖാദി നൂൽ നൂൽപ്പുകേന്ദ്രം*

*തൃക്കൂർ ക്ഷീരവ്യവസായസഹകരണ സംഘത്തിൻെറ കീഴിലുള്ള അമൃത് മിൽക്ക് പ്രൊഡക്ട്സിൻെറ വികസനം*

*അഞ്ചാം വാർഡിൽ പൂട്ടികിടക്കുന്ന ഖാദി ഗ്രാമോദ്യോഗ ഭവൻെറ കീഴിലുള്ള ഓട്ടുകമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ*

*റബ്ബറുല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ്*

വെളിച്ചെണ്ണയുപയോഗിച്ച് ഹെയർ ഓയിൽ നിർമ്മിക്കുന്ന ഒരു യൂണിറ്റ്

അറവുശാലകളിലെ എല്ലുപയോഗിച്ച് എല്ലുപൊടിനിർമ്മാണശാല

ഒരു കാർഷികോപകരണ നിർമ്മാണശാല

ഒരു പ്ലാസ്റ്റിക് യൂണിറ്റ്

ചിപ്സ്, മധുരപലഹാരനിർമ്മാണയൂണിറ്റ്

എന്നിവ കൂടാതെ സഹകരണാടിസ്ഥാനത്തിൽ ഒരു ഗ്രൂപ്പ് ബ്രോയ്ലർ ഫാം, ഒരു കാലിത്തീറ്റ ഫാക്ടറി എന്നിവസ്കും പഞ്ചായത്തിൽ സാധ്യത കാണുന്നു. മേൽ പറഞ്ഞ ഒന്നു മുതൽ മൂന്നുവരെയുള്ള യൂണിറ്റുകൾ ഉൾപ്പെടുത്തി ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിനെക്കുറിച്ച് സഗൗരവം ചിന്തിക്കേണ്ടതാണ്.

## ഇൻഡസട്രീയൽ എസ്റ്റേറ്റ്

സ്ഥലത്തിനം അനുദിനം വിലവർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഈ പഞ്ചായത്ത് പരിധിയിൽ ഊർജ്ജം, ഗതാഗതം, ജലം എന്നീ പശ്ചാത്തല സൗകര്യങ്ങൾ സ്ഥിരമായി ലഭിക്കാൻ സാധ്യതയുള്ള 10 ഏക്കർ സ്ഥലം ഉടനെ പഞ്ചായത്തുടമസ്ഥതയിൽ വാങ്ങുകയും ക്രമേണ മേൽ പറഞ്ഞ പാശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുകയും ചെയ്താൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള സാധ്യതകൾ ഗ്രാമസഭാ നിർദ്ദേശങ്ങളിൽ തെളിഞ്ഞുകാണുന്നു. ചെറിയ യൂണിറ്റുകൾ അങ്ങിങ്ങു ചിതറിക്കിടക്കുന്നതിനുപകരം ഒരു മിനി വ്യവസായ എസ്റ്റേറ്റിലൊതുങ്ങി നിന്നാൽ ഗുണങ്ങളേറെ. വിപണനം, ഊർജ്ജപരതിസന്ധി എന്നുവേണ്ട എല്ലാ പൊതുപ്രശ്നങ്ങളും കൂട്ടായ പ്രയത്നം വഴി പരിഹാരമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് ഈ വഴിയ്ക്കുള്ള ശ്രമങ്ങൾ ഉടനെ തുടങ്ങേണ്ടതും സർക്കാരിൽ നിന്ന് ഇതിനു വേണ്ട സഹായങ്ങൾ നേടിയെടുക്കേണ്ടതുമാണ്.

## വ്യവസായരംഗത്തെ പൊതുപ്രശ്നങ്ങളും പരിഹാരമാർങ്ങളും

### പ്രശ്നങ്ങൾ

*ഉൽപാദനക്ഷമതയുമായി ബന്ധപപെട്ട ആസൂത്രണരംഗത്തെ ന്യൂനതകൾ*

*പദ്ധതി നടത്തിപ്പിൽ വരുന്ന കാലതാമസം*

*ബ്യൂറോക്രസിയുടെ നിസ്സഹകരണം / കാര്യക്ഷമതാക്കുറവ് മൂലമുണ്ടാകുന്ന കാലതാമസം, തടസ്സങ്ങൾ*

*ആവശ്യത്തിലേറെയുള്ള രാഷ്ട്രീയ ഇടപെടലുകൾ*


*താങ്ങാവുന്നതിലധികം വരുന്ന പുറം ചെലവുകൾ*

*ജലം, ഊർജ്ജം, ഗതാഗതസൗകര്യം എന്നിവയുടെ ലഭ്യതക്കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ*

*ഉൽപാദനക്ഷമതയുമായി ബന്ധപ്പെട്ട നൂതന സാങ്കേതങ്ങളിലെ അറിവില്ലായ്മ*

*തൊഴിലാളികളുടെ / മാനേജ്മെൻറിൻെറ കാര്യക്ഷമതക്കുറവ്*

*അസംസ്കൃതവസ്തുക്കളുടെ ശരിയായ ലഭ്യതക്കുറവ്*





488

# തൃക്കൂർ പഞ്ചായത്തിലെ വ്യവസായങ്ങൾ സ്ഥിതിവിവരക്കണക്ക്

| ക്രമ നമ്പർ | വിഭാഗം | യൂണിറ്റുകളുടെ എണ്ണം | അസംസ്കൃത വസ്തു / ഊർജ്ജം | ഉൽപന്നം | തൊഴിലാളികളുടെ എണ്ണം / വേതനം പ്ര.ദി. പു | സ്ത്രീ | ആകെ തൊഴിലാളികളുടെ എണ്ണം | വ്യവസായരംഗത്ത് തൊഴിലാളികളുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതത്തിൽ |
|---|---|---|---|---|---|---|---|---|
| | **ചെറുകിടവ്യവസായങ്ങൾ —** | | | | | | | |
| 1 | കളിമൺ ഓട്ടുകമ്പനി | 21 | കളിമൺ വിറക് &വൈദ്യുതി | മേച്ചിലോട് ഡെക്കറേഷൻ & ഫ്ലോറിങ് ടൈൽസ് | 126<br>75 രൂപ | 294<br>40 രൂപ | 420 | 78.00% |
| 2 | ചെറുകിടവ്യവസായം കളിമൺ - ഇഷ്ടിക നിർമ്മാണം | 12 | കളിമൺ/വിറക് | ഇഷ്ടിക | 120<br>100 രൂപ | 180<br>60 രൂപ | 300 | |
| 3 | ഗ്രാനൈറ്റ് ക്രഷിംഗ് | 2 | ഇഷ്ടിക കരിങ്കല്ല്/ വൈദ്യുതി | ബേബി മെറ്റൽ കരിങ്കൽപൊടി, | 12<br>100 രൂപ | 8<br>60രൂപ | 20 | |
| 4 | കരിങ്കൽ ക്വാറി | 22 | കരിങ്കല്ല്/എണ്ണ, മാനവശേഷി | കരിങ്കല്ല് (റബ്ബർ) കരിങ്കൽ ചീള് | 80<br>120 രൂപ | 120<br>60 രൂപ | 200 | |
| 5 | പാക്കിംഗ്കേസ് | 2 | പാഴ്മരം/ വൈദ്യുതി | പാക്കിംഗ് കേസ് | 4<br>100 രൂപ | 6<br>40 രൂപ | 10 | |
| 6 | പെയിൻറ് നിർമ്മാണം | 1 | റെസിൻ & കെമിക്കൽസ്/ വൈദ്യുതി | ഡിസ്റ്റംബർ | 2<br>100 രൂപ | - | 2 | |
| 7 | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 5 | സ്റ്റീൽവെൽഡിങ്ങ് റോഡ്/വൈദ്യുതി | ഗേറ്റ്, ഗ്രിൽ,കൊളാപ്സിബിൾ ഷട്ടർ, സ്റ്റീൽ ഫർണിച്ചർ | 20<br>100 രൂപ | -<br>- | 20 | |
| 8 | ഹോളോബ്രിക്സ് | 3 | സിമൻറ്, സിമൻറ്, കരിങ്കൽപൊടി, മണൽ/വൈദ്യുതി | ഇഷ്ടിക (ഹോളോ) | 3<br>100 രൂപ | 9<br>60 രൂപ | 12 | |
| 9 | ഓയിൽമിൽ | 2 | കൊപ്ര, എള്ള്/ വൈദ്യുതി | എണ്ണ, പിണ്ണാക്ക് | 8<br>100 രൂപ | - | 8 | |
| 10 | ഫ്ലോർ മിൽ | 15 | സർവ്വീസ് യൂണിറ്റ് | സർവ്വീസ് യൂണിറ്റ് | 13<br>100 രൂപ | 2<br>60 രൂപ | 15 | |
| 11 | സിനിമ - സിനിമാതിയറ്റർ | 2 | വൈദ്യുതി (ഊർജ്ജം) | വിനോദം | 18<br>750 രൂപ പ്ര.മാസം | - | 18 | 1.44% |
| 12 | ഖാദി നൂൽനൂൽപ്പുകേന്ദ്രം | 2 | പരുത്തി/മാനവശേഷി | ഖാദി നൂൽ | | 80<br>20 രൂപ | 80 | 19.00% |
| 13 | കുട നിർമ്മാണം | 1 | കമ്പി, തുണി/ മാനവശേഷി | കുട | | 3<br>40 രൂപ | 3 | |
| 14 | ചെമ്പുകൊണ്ടുള്ള ആഭരണനിർമ്മാണം | 1 | ചെമ്പ് കമ്പി/ മണ്ണെണ്ണ, മാനവശേഷി | ഇമിറ്റേഷൻ ആഭരണങ്ങൾ | 2<br>120 രൂപ | 10 12<br>40 രൂപ | | |
| 15 | വുഡൺ ഫർണിച്ചർ നിർമ്മാണം | 5 | മരം/വൈദ്യുതി/ മാനവശേഷി | മര ഉരുപ്പടികൾ | 20<br>120 രൂപ | - | 20 | |
| 16 | കോറ നിർമ്മാണം | 10 | കട്ടിക്കടലാസ്, പശ/മാനവശേഷി | കോറ - ഗുണ്ട് കവർ | - | 100<br>30 രൂപ | 100 | |
| 17 | പച്ചിലവളനിർമ്മാണം | 1 | പച്ചില, കാർഷികാവിശിഷ്ടം/മാനവശേഷി | ജൈവവളം | 1<br>100 രൂപ | 1<br>60 രൂപ | 2<br>- | |
| 18 | വെടിക്കോപ്പുകൾ | 2 | വെടയുപ്പ്, ഗന്ധകം /മാനവശേഷി | പടക്കം, കദന, ഗുണ്ട് | 6<br>150 രൂപ | 12<br>70 രൂപ | 18 | |
| 19 | പരമ്പരാഗതം കൊട്ടനെയ്ത്ത് | 1 | ഈറ്റ, മുള, മാനവശേഷി | കൊട്ട, മുറം മുതലായവ | 4<br>100 രൂപ | 16<br>40 രൂപ | 20 | 1.56% |
| | | | | | 430 34.3% | 841 65.7% | 1280 | 4.92% |

489




**റോഡിന്റെ സ്വഭാവം – അനുപാതത്തിൽ**

ടാറ റോഡ്: 53.41%
PWD ക്കാ റോഡ്: 11.3%
പഞ്ചായത്ത് ക്കാ റോഡ്: = 8.92%
പഞ്ചായത്തിലെ മെറ്റൽ റോഡ്: = 8.63%
നടവഴി: 17.8%

*അസംസ്കൃത വസ്തുക്കളുടെ ശരിയായ ലഭ്യതക്കുറവ്*

*സാമ്പത്തിക പരാധീനത*

*വിപണനരംഗത്തെ കാര്യക്ഷമതക്കുറവ്*

*സർക്കാർ വകുപ്പുകൾ തമ്മിലുള്ള നിസ്സഹകരണം*

*മാനേജ്മെൻറിൻെറ കാര്യക്ഷമതക്കുറവ്*

*അനുയോജ്യമല്ലാത്ത സമീപനം*

*അംഗങ്ങളുടെ വിശ്വസ്തത*

*വിപണനരംഗത്തെ അനാരോഗ്യകരമായ മത്സരപ്രവണതകൾ*

*രാഷ്ട്രീയാതിപ്രസരം അഥവാ അനുയോജ്യമല്ലാത്ത രാഷ്ട്രീയാധിപത്യം*

**നിർദ്ദേശങ്ങൾ – പരിഹാരങ്ങൾ**

*പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് റിപ്പോർട്ടുണ്ടാക്കി സംഘങ്ങൾ രൂപീകരിക്കുക*

*പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് പദ്ധതിനടത്തിക്കൊണ്ടുപോകാൻ കഴിവുള്ള സാങ്കേതിജ്ഞാനമുള്ള ഒരു സംഘം വിദഗ്ധരെ സംഘം നയിക്കാൻ ഏൽപിക്കുക.*

*ഉൽപാദനരംഗത്ത് നൂതന പ്രക്രിയകൾ ആവിഷ്കരിക്കുക.*

*രാഷ്ട്രീയാതിപ്രസരം ഒഴിവാക്കുക*

*സ്വാർത്ഥതാൽപര്യക്കാർക്കുപരി സമൂഹനന്മക്കായി, വിശ്വസ്തതയോടെ അർപ്പണമനോഭാവത്തോടെ വർത്തിക്കുന്ന അംഗങ്ങളെ വാർത്തെടുക്കുക.*

*അംഗങ്ങൾ സേവനതൽപരത.യോടെ ഉൽപന്നത്തിൻെറ ഗുണനിലവാരം ഉയർത്തുകയും ഉൽപാദന വിപണന രംഗത്തെ നൂതന സങ്കേതങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുക.*

*പരമാവധി മെമ്പർമാരെ ഉൾപ്പെടുത്തി നല്ല സാമ്പത്തിക അടിത്തറയിട്ടുകൊണ്ട് സംഘം രൂപീകരിക്കുക.*

*ഉൽപാദനക്ഷമതയും സാങ്കേതികയുമായി ബന്ധപ്പെട്ട തൊഴിലാളികളെ കണ്ടെത്തുകയും നൂതനരംഗങ്ങളിൽ പരിശീലിപ്പിക്കുകയും ചെയ്യുക.*

*മാനേജുമെൻറും തൊഴിലാളികളും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തുക*

*സഹകരണമേഖലയിലേക്ക് ചില ഉൽപന്നങ്ങൾ സംവരണം ചെയ്താൽ വാണിജ്യരംഗത്തെ ബഹുരാഷ്ട്രകുത്തക മുതലാളിമാരിൽനിന്നും രക്ഷനേടാം.*

*സംഘം നേരിട്ടു ബന്ധമുള്ളവരുടെ നിയന്ത്രണത്തിലും കാലാകാലങ്ങളിൽ സംഘത്തിൻെറ പ്രവർത്തനം വിലയിരുത്തി ഓഡിറ്റു ചെയ്തു കുറവുകൾ പരിഹരിച്ചും മുന്നോട്ടു പോകണം.*

*സംഘത്തിൻെറ പ്രവർത്തനത്തിനനുയോജ്യമായ സാമ്പത്തികസഹായം സ്വരൂപിക്കുന്നതിന് സർക്കാർ ധനസഹായസ്ഥാപനങ്ങളിൽ വേണ്ടവിധം സമീപനം*

*സംഘങ്ങളുടെ ഏകോപനം, സമാനസ്വഭാവമുള്ള ഇത്തരം സംഘങ്ങൾ ഏകോപിപ്പിച്ചും അന്യോന്യം പ്രശ്നങ്ങൾ ചർച്ചചെയ്തും സഹകരിച്ചും പ്രവർത്തിക്കാൻ ഏർപ്പാടുണ്ടാക്കണം.*

**see annex table**



491

# 6 ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോലും പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകളെ ആശ്രയിച്ചാണ് മനുഷ്യൻ ജീവിച്ചുപോന്നത്. തെരുവുവിളക്കുകൾ പലതും പാനീസു വിളക്കുകളും ചിലസ്ഥലങ്ങളിൽ വിളക്കുമാടങ്ങളുമായിരുന്നു. രാത്രികാലങ്ങളിൽ ചൂട്ടുകളും ഉപയോഗിച്ചിരുന്നു. വിറകിനു പുറമെ ഉണങ്ങിയചാണകവും പാചകത്തിന് ഇന്ധനമായി ഉപയോഗിച്ചിരുന്നു. നിലമുഴുന്നതിനും ജലസേചനത്തിനും വളർത്തുമൃഗങ്ങളെയാണ് ഉപയോഗിച്ചിരുന്നത്.

സ്വാതന്ത്ര്യലബ്ദിക്കുശേഷം പഞ്ചവത്സരപദ്ധതികളുടെ ആവിർഭാവത്തോടെ ഈ അവസ്ഥക്ക് കാര്യമായ മാറ്റം വന്നു. ഊർജ്ജരംഗത്തെ പുരോഗതി ത്വരിതഗതിയിലാവുകയും വ്യവസായം, വാണിജ്യം, ഗാർഹികം, കാർഷികം എന്നീ എല്ലാ മേഖലകളിലും വൈദ്യുതിയുടെ ഉപയോഗം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു.

തൃക്കൂർ പഞ്ചായത്തിൽ പ്രധാന ഊർജ്ജമായ വൈദ്യുതി ഏറെയും ഗാർഹികാവശ്യങ്ങൾക്കും കൃഷിക്കുമായി ഉപയോഗിച്ചുവരുന്നു. ഹരിജൻ കോളനികളടക്കം 72% വീടുകൾ വൈദ്യുതീകരിച്ചവയാണ്. ഇതിൽ ഏകദേശം 60 പേർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. വ്യവസായങ്ങളെല്ലാം തന്നെ ലോടെൻഷൻ വിഭാഗത്തിൽപെടുന്നവയാണ്. ഹൈടെൻഷൻ വിഭാഗത്തിലുള്ള വ്യവസായങ്ങൾ പഞ്ചായത്തിലില്ലെന്നുതന്നെ പറയാം. പഞ്ചായത്തിലെ പ്രധാന വ്യവസായമായ കളിമൺ - ഓടുനിർമ്മാണരംഗത്ത് ഇന്നും മുഖ്യ ഊർജ്ജസ്രോതസ്സ് വിറകുതന്നെ. കൽക്കരിയും പെട്രോളിയം ഉൽപന്നങ്ങളും ഉപയോഗിച്ചുള്ള വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

കാർഷികാവശ്യത്തിനും കുടിവെള്ളത്തിനുമായി പഞ്ചായത്തിൽ 1200 ഓളം പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ 450 പമ്പുസെറ്റുകൾ കാർഷികാവശ്യത്തിനും 750 പമ്പുസെറ്റുകൾ ഗാർഹികാവശ്യത്തിനുമായി ഉപയോഗിക്കുന്നു. 94% പമ്പുസെറ്റുകളും വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുമ്പോൾ 6% എണ്ണ ഉപയോഗിച്ചും പ്രവർത്തിക്കുന്നു.

ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഏറിയ പങ്കും വെളിച്ചത്തിനും വിവിധ ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമായി ഉപയോഗിക്കുന്നു. പാചകാവശ്യത്തിനും വെള്ളം ചൂടാക്കുവാൻ വൈദ്യുതി ഉപയോഗിക്കുന്നവർ വളരെവിരളമാണ്. ഏകദേശം 1% പാചകാവശ്യത്തിന് കൂടുതലായും ആശ്രയിക്കുന്ന ഊർജ്ജസ്രോതസ്സുകൾ

വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ്. ഇതിൽ വിറക് തന്നെ മുൻപന്തിയിൽ. പഞ്ചായത്തിൽ 88% പേരും പാചകത്തിന് വിറകിനെ ആശ്രയിക്കുമ്പോൾ 2% മണ്ണെണ്ണയും 9% പേർ പാചകവാതകത്തെയും ആശ്രയിക്കുന്നു. രണ്ടായിരാമാണ്ടോടെ വിറകിൻെറ ദൗർലഭ്യം രൂക്ഷമാവുകയും പാചകാവശ്യങ്ങൾക്ക് മറ്റു ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിഗതികളിലേക്ക് നമ്മളെത്തിക്കൊണ്ടിരിക്കുമ്പോൾ ഈ രംഗത്ത് ചിലവു കുറഞ്ഞതും സങ്കീർണ്ണമല്ലാത്തതുമായ നൂതന സാങ്കേതികവിദ.കൾ പ്രയോഗിക്കുന്നതിലേക്ക് ഒരു ബോധവൽക്കരണം ആവശ്യമായി വരുന്നു.

**ഒരു വർഷത്തിൽ വീടുകളിൽ ഉപയോഗിക്കുന്ന**
**വൈദ്യുതേതര ഊർജ്ജത്തിൻെറ അളവ്**

| | | |
|---|---|---|
| 1 | വിറക് | 17000 ടൺ |
| 2 | കാർഷികാവശിഷ്ടങ്ങൾ | 24000 ടൺ |
| 3 | മണ്ണെണ്ണ | 108000 ലിറ്റർ |
| 4 | പാചകഗ്യാസ് | 9000 സിലിണ്ടർ |

പഞ്ചായത്തിൽ വിറകിൻെറ ലഭ്യത രൂക്ഷമായിക്കൊണ്ടിരിക്കയാണ്. ഏകദേശം 1200 രൂപയാണ് ഇപ്പോൾ വിറക് ടണ്ണൊന്നിന് വില. കാർഷികാവിശിഷ്ടങ്ങളും മണ്ണെണ്ണയും പാചകവാതകവും ഉപഭോക്താവിൻെറ ആവശ്യമനുസരിച്ച് ലഭിക്കുന്നില്ലെന്ന് സർവ്വേ വ്യക്തമാക്കുന്നു. മണ്ണെണ്ണ ലിറ്ററിന് ഏകദേശം 4 രൂപയും ഗ്യാസ് സിലിണ്ടറിന് 149 രൂപയും വില വരുന്നു. ഓപ്പൺ മാർക്കറ്റിൽ മണ്ണെണ്ണക്ക് ലിറ്ററിന് 12 രൂപ വില വരുന്നുണ്ട്.

വിരലിലെണ്ണാവുന്ന ഗോബർ ഗ്യാസ് പ്ലാൻറുകളേ ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. വളർത്തുമൃഗങ്ങളുടെ കുറവുമൂലമുണ്ടാകുന്ന ചാണകത്തിൻെറ ദൗർലഭ്യവും നിലവിലുള്ള പ്ലാൻറുകളുടെ കാര്യക്ഷമതക്കുറവും ഈ രംഗത്തെ തളർത്തുന്നു. ചാണകത്തിന് ടണ്ണൊന്നിന് 800 രൂപയോളം വിലവരുന്നുണ്ട്.

വൈദ്യുതരംഗത്ത് ഗാർഹികമേഖലയിൽ ഇനിയും ഏകദേശം 28% വരുന്ന ജനസംഖ്യക്ക് വൈദ്യുതി ഇന്നു കൈയെത്താത്ത ദുരത്താണ്. വൈദ്യുതിക്ഷാമം മൂലം സർക്കാർ ആവിഷ്കരിച്ച നിയന്ത്രണനയവും ഉപഭോക്താക്കളുടെ സാമ്പത്തിക പരാധീനതയും ലൈൻ വലിക്കാനുള്ള മറ്റു സാങ്കേതിക തടസ്സങ്ങളും ഇതിനു കാരണങ്ങളായി ചൂണ്ടി കാണിക്കപ്പെടുന്നു.

**മൊത്തം വൈദ്യുതിയുടെ ഉപഭോഗവിവരം ;**

| | |
|---|---|
| മൊത്തം വീടുകളുടെ എണ്ണം | 6200 |
| വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | 4464 |

**നിലവിലുള്ള ഉപഭോക്താക്കൾ – ഇനം തിരിച്ചുള്ള ഉപഭോഗം**

| | |
|---|---|
| ഗാർഹികം | 4200 |
| വാണിജ്യം | 1810 |

| | |
|---|---|
| വ്യവസായം | 468 |
| കാർഷികം | 424 |
| സൗജന്യമായി കണക്ഷൻ ലഭിച്ചവർ | 60 |
| തെരുവു വിളക്കുകൾ | |
| ബൾബ് 25 W | 173 |
| 40W | 199 |
| 60W | 157 |
| ട്യൂബ് 40W | 157 |
| 40W | 21 |
| 60W | - |

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

| | |
|---|---|
| ഓർഡിനറി | 104 |
| otp 10 | OYEC 28 മൊത്തം 142 |

**തൻവർഷത്തെ കണക്ഷൻ**

| | |
|---|---|
| ഔർഡിനറി | 23 |
| OTP | 10 |
| OYEC | 39 മൊത്തം 312 |

പഞ്ചായത്തിലുള്ള 17 ഹരിജൻ കോളനികളിൽ ആതൂർ ലക്ഷംവീട് കോളനി പാലത്തും കോളനി, രംഗയ്യ കോളനി എന്നീ മൂന്നു ഹരിജൻ കോളനികൾ മാത്രമേ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുള്ളൂ.

പുകയില്ലാത്ത അടുപ്പുകൾ ഈ പഞ്ചായത്തിൽ അപൂർവ്വമാണ്.

മൊത്തം 19 കി.മീ. ഫലട റോഡ് നിലവിലുള്ള നമ്മുടെ പഞ്ചായത്ത് പരിധിയിൽ ഏകദേശം 17 കി.മീ. ദൂരത്തിൽ മാത്രമേ സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളൂ എന്നത് എടുത്തുകാട്ടേണ്ട ന്യൂനതതന്നെയാണ്. ജനബാഹുല്യമുള്ള മറ്റ് റോഡുകളിലും, വാണിജ്യപ്രധാന്യമുള്ള കവലകളിലും സ്ട്രീറ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ അത്യാവശ്യമാണ്.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതിവിതരണം ചെയ്യുന്ന ട്രാൻസ്ഫോർമുകളുടെ എണ്ണം

| ക്രമനമ്പർ | ട്രാൻഫോർമുകളുടെ സ്ഥാനം/പേര് | ക്രമനമ്പർ | ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം |
|---|---|---|---|
| 1 | തൃക്കൂർ നമ്പർ - 1 | 16 | വി.ടു. ടൈൽസ് - 63 ദറ |
| 2 | തൃക്കൂർ നമ്പർ 2 | 17 | റോസ് സിറാമിക്സ് - 100 ദറജ |
| 3 | തൃക്കൂർ നമ്പർ 3 | 18 | കേരളഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ടൈൽസ് 63 KVA |
| 4 | തൃക്കൂർ നമ്പർ 4 | 19 | മൈത്രി ടൈൽസ് - 100 KVA |
| 5 | അമ്പലനട | 20 | ആലേങ്ങാട് - 100 KVA |
| 6 | വാരിയത്തൊടി | 21 | ചുള്ളി ടൈൽസ് അച്ചംകോട് - 100 KVA |
| 7 | ഗോൾഡൻ ഗ്രാനൈറ്റ് | 22 | ഭരത 100 KVA |



494

| | | | |
|---|---|---|---|
| 8 | ജെല്ലൂർ - 63KVA | 23 | മുട്ടിത്തടി 100 KVA |
| 9 | കല്ലൂർ സൗത്ത് 250 KVA | 24 | വെള്ളാനിക്കോട് 160 KVA |
| 10 | ആതൂർ 160ദറജ | 25 | സെൻറ്മേരീസ് ടൈൽസ് 63 KVA |
| 11 | വട്ടക്കുഴി ടൈൽസ് 160 KVA | 26 | കള്ളായി 63 KVA |
| 12 | സെൻറ്ത്രേസ്യാ ടൈൽസ് 100KVA | 27 | വട്ടക്കോട്ടായി 100 KVA |
| 13 | പാലക്കപ്പറമ്പ് 100 KVA | 28 | തട്ടിൽ ഗ്രാനൈറ്റ് |
| 14 | മാവിൻചുവട് - 1- 250 KVA | 29 | സന്തോഷ് സിറാമിക്സ് |
| 15 | മാവിൻചുവട് - 2- 250 KVA | 30 | പൊന്നൂക്കര നമ്പർ 2 |
| | | 31 | കല്ലൂർ സൗത്ത് നമ്പർ 2 |

**ഊർജ്ജരംഗത്തെ പ്രധാന പ്രശ്നങ്ങൾ**

*പഞ്ചായത്തിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമം*

*നിലവിലുള്ള 17 ഹരിജൻ കോളനികളിൽ 14 എണ്ണം വൈദ്യുതീകരിച്ചിട്ടില്ല.*

*പഞ്ചായത്തിൽ വൈദ്യുതിക്ക് പണമടച്ച് ഏറെക്കാലമായി കാത്തിരിക്കുന്നവർക്ക് കണക്ഷൻ ലഭിക്കാനുള്ള കാലതാമസം*

*സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം*

*വാണിജ്യപ്രാധാന്യമുള്ള കവലകളിൽ സ്ട്രീറ്റ് ലൈറ്റിൽ ട്യൂബുകളുടെ അഭാവം*

*നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളിന്മേലുള്ള ബൾബ്, ട്യൂബ് എന്നിവ കാലകാലങ്ങളിൽ മാറ്റിയിടുന്നതിലുള്ള അലംഭാവം*

*പഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രമായ മാവിൻചുവട് കവലയിലെ അപകടകാരിയായ ട്രാൻസ്ഫോർമർ*

*വൈദ്യുതി ഇനിയും ലഭ്യമായിട്ടില്ലാത്ത കാർഷിക പ്രാധാന്യമുള്ള പ്രദേശങ്ങൾ*

*ഗ്യാസ് ഏജൻസികളുടെയും സിലിണ്ടറുകളുടേയും അഭാവം*

*പ്രകൃതിജന്യമായ ഊർജ്ജസ്രോതസ്സുകളുടെ ഉൽപാദനം / ഉപഭോഗം എന്നിവയിൽ പ്രോത്സാഹനക്കുറവ്*

*ഊർജസ്രോതസ്സുകളിൽ നൂതന സാങ്കേതിക വിദ്യകളുടെ അഭാവം*

*വിറകിൻെറ ക്ഷാമവും തന്മൂലമുള്ള വിലവർദ്ധനവും*

*നിർദ്ദേശങ്ങളും പരിഹാരങ്ങളും*

*വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. പ്രേഷണതടസ്സങ്ങൾ ഒഴിവാക്കാൻ വൈദ്യുതിലൈനിൻെറ മുകളിലുള്ള പാഴ്മരങ്ങളും വേലിപ്പടർപ്പുകളും വെട്ടിമാറ്റുക*

*വൈദ്യുതീകരണം നടന്നിട്ടില്ലാത്ത 14 കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ എടുക്കുക.*

*ഏറെക്കാലമായി വൈദ്യുതിക്ക് പണമടച്ച് കാത്തിരിക്കുന്നവർക്ക് ഉടനെ കണക്ഷൻ ലഭിക്കാനുള്ള നടപടികൾ എടുക്കുക*

സ്ട്രീറ്റ് ലൈറ്റുകളില്ലാത്ത പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ

മാവിൻചുവട് പോലെ വാണിജ്യപ്രാധാന്യമുള്ള കവലകളിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളിൽ ബൾബിനു പകരം റ്റ്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകളിന്മേൽ ഫ്യൂസാവുന്ന ബൾബുകളും റ്റ്യൂബുകളും കാലാകാലങ്ങളിൽ മാറ്റിയിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

പഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രമായ മാവിൻചുവട് കവലയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറിൽ ഷോർട്ട് സർക്യൂട്ട് മൂലം ഉണ്ടാകാനിടയുള്ള അപകടങ്ങളൊഴിവാക്കാൻ പുനർനിർണ്ണയം ചെയ്ത് ജനസാന്ദ്രത കുറഞ്ഞ മറ്റേതെങ്കിലും സ്ഥലത്ത് മാറ്റി സ്ഥാപിക്കുക

കാർഷികപ്രാധാന്യമുള്ള വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക

ഗ്യാസ് ഏജൻസികളുടെ വിതരണ ദൂരപരിധി പുനർനിണയം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യുക

പ്രകൃതിദത്യമായി ഊർജ്ജസ്രോതസ്സുകളുടെ ഉത്പാദനം / ഉപഭോഗം എന്നിവയിൽ ബോധവൽക്കരണവും പ്രോത്സാഹനവും നൽകുക

ഊർജ്ജസ്രോതസ്സുകളിൽ ANERT മുതലായവയുമായി ബന്ധപ്പെട്ട് നൂതന സാങ്കേതിക വിദ്യകളുടെ ആവിഷ്കാരം നടത്തുക

വിറകിന്റെ ക്ഷാമം പരിഹരിക്കാൻ പാഴ്മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ബോധവൽക്കരണം.


അനാർട്ടിന്റെ സൗരോർജപമ്പുസെറ്റുകളും അടുപ്പുകളും വാട്ടർഹീറ്ററുകളും പുകയില്ലാത്ത അടുപ്പുകളും ഗോബർഗ്യാസ് പ്ലാൻറുകളും തുടങ്ങിയ ഊർജ്ജസ്രോതസ്സുകളും വിറകും ഗാർഹികരംഗത്ത് ഉപയോഗിച്ചാൽ അതുവഴി ലഭ്യമാവുന്ന വൈദ്യുതി നാടിന്റെ വ്യാവസായിക വളർച്ചക്ക് ഉപയോഗിക്കുകയും ചെയ്യാം.



496


ത്രിക്കൂർ പഞ്ചായത്ത്:- ഊർജ്ജം:-


വൈദ്യുതി:




വൈദ്യുതി ഉപഭോഗം അനുപാതത്തിൽ:

ഗാർഹികം: 64.65%
വാണിജ്യ: 27.84%
വ്യാവസായികം: 1.04%
കാർഷികം= 6.52%






പാചകരംഗത്ത് ഊർജ്ജത്തിന്റെ ഉപയോഗ-
രീതി — ഗ്രാമത്തിൽ.

# ഗതാഗതം

നാടിൻെറ പുരോഗതിയുടെ പാതയിൽ ഏറ്റവും പ്രാധാനമർഹിക്കുന്ന ഒന്നാണ് ഗതാഗതം. വ്യവസായം, ഊർജ്ജം, വാണിജ്യം, കാർഷികം, സംസ്കാരം, വിദ്യാഭ്യാസം എല്ലാ മേഖലകളുടെയും വികസനം ഗതാഗതവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

തൃശ്ശൂർ ജില്ലയിൽ വാണിജ്യപരമായും വ്യാവസായികമായും കാർഷികമായും പിന്നോക്കാവസ്ഥയിൽ കഴിയുന്ന തൃക്കൂർ പഞ്ചായതതിൽ മേൽ പറഞ്ഞ മേഖലകളിൽ വികസനം എത്തി നോക്കാതിൻെറ മുഖ്യ കാരണവും ഗതാഗതസൗകര്യത്തിൻെറ പരിമിതിതന്നെ. മലയോര പ്രദേശമായി ഈ പഞ്ചായത്തിലെ ഗതാഗതമാർഗ്ഗം റോഡാണ്. പുതുമന ഇല്ലത്തെ മൂന്നു തലമുറ മുമ്പത്തെ ഒരു കാരണവരാണ് ആദ്യമായി തൃക്കൂർ പഞ്ചായത്തിനെ ആമ്പല്ലൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡ് ഉണ്ടാക്കാൻ വേണ്ട നടപടികളെടുത്ത്. അദ്ദേഹം തിരു കൊച്ചിരാജ്യത്തെ എം.എൽ.സി ആയിരുന്നു.

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭം മുതൽക്കാണ് പഞ്ചായത്തിൽ ജനസംഖ്യ വർദ്ധിക്കാൻ തുടങ്ങിയത്. പഞ്ചായത്തിൻെറ കിഴക്ക് - വടക്ക് മലയോരമേഖലകളിലെ ഇപ്പോഴത്തെ താമസക്കാരെല്ലാം തന്നെ കുടിയേറ്റക്കാരാണ്. ജനസംഖ്യാവർദ്ധനവിനാനുപാതികമായി റോഡുകളുടെ എണ്ണവും വർദ്ധിച്ചു. നാട്ടുവഴികളായും നാടടുവഴികൾ പഞ്ചായത്തു റോഡുകളായും പിന്നീടവ PWD റോഡുകളായി കച്ചാ പക്കാ റോഡുകളുമായും രൂപം പ്രാപിച്ചു. ഇന്ന് പഞ്ചായത്തിലാകമാനം ഏകദേശം 30 കി. മീറ്ററോളം നാട്ടുവഴികളും പഞ്ചായത്ത് രജിസ്റ്ററിൽ പെടാത്ത കൈവഴികൾ) 90 കി.മീറ്റർ കച്ചാ റോഡുകളും 14.5 കി. മീറ്റർ മെറ്റൽ റോഡുകളും 15 കി. മീറ്റർ പക്കാ റോഡ് പഞ്ചായത്തുടമസ്ഥതയിലും 19 കി. മീറ്റർ പക്കാ റോഡ് PWD ഉടമസ്ഥതയിലും ഉണ്ടെന്ന് പട്ടിക ഒന്നിലെ കണക്കുകൾ സൂചിപ്പിക്കുന്നു. കച്ചാ റോഡുകൾ പലതും 4 മീറ്റർ മുതൽ 8 മീറ്റർ വരെ വീതിയുള്ളതും എന്നാൽ വാഹനഗതാഗതത്തിന് അനുയോജ്യമല്ലാതതവയുമാണെന്ന് ഗ്രാമസഭകൾ വിലയിരുത്തുന്നു. മൊത്തം പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി വിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ മലയോഗപ്രദേശങ്ങളായ 6,7,8,9 എന്നീ വാർഡുകളെ കാലാകാലങ്ങളായി അവഗണിച്ചിരുന്നുവെന്ന ദുഃഖസത്യം മറനീക്കി പുറത്തുവരും. പഞ്ചായത്തിലെ വാണിജ്യവിളകളുടെ കേന്ദ്രങ്ങളാണ് ഈ വാർഡുകൾ. ഇതിൽ തന്നെ ഒമ്പതാം വാർഡിൽ മെറ്റൽ റോഡുകൾ 700 മീറ്ററും പക്കാ റോഡ് 1 കി.മീറ്ററും വാഹനയോഗ്യമായ കച്ചാ റോഡുകൾ ഏകദേശം 2 കി.മീറ്ററും മാത്രമാണ്.

**റോഡുകൾ**

**പക്കാ റോഡ്** **പട്ടിക 1 (ഒന്ന്)**

| PWD | നീളം(km) | വീതി |
|---|---|---|
| കല്ലൂർ - വെള്ളാനിക്കോട് - കള്ളായി | 13.00 | 8 മീ |
| കല്ലൂർ - സർവ്വോദയം | 1.50 | |
| സർവ്വോദയം - കോനിക്കര | 3.00 | |
| സർവ്വോദയം - പൊന്നൂക്കര | 1.50 | |
| | 19.00 | |

**MLA റോഡ്**

| | |
|---|---|
| മാവിൻചോട് - വട്ടണാതറ | 1.00 |
| പഞ്ചായത്ത് | |
| കള്ളായി - വരന്തരപ്പിള്ളി | 2.00 |
| ആലേങ്ങാട് - ഭരത | 0.60 |
| ആലേങ്ങാട് - മംഗലംതണ്ട് | 2.00 |
| ഞെള്ളൂർ റോഡ് | 2.20 |
| നായരങ്ങാടി - അവണൂർമന ഹൈസ്കൂൾ | 1.50 |
| മാം ഷട്ടർ റോഡ് | 1.00 |
| ആതൂർ റോഡ് | 1.00 |
| പാലത്തുപറമ്പ് റോഡ് | 0.50 |
| ചുങ്കം - പകര റോഡ് | 0.90 |
| പ്ലാവും കുന്ന് - ഭരത | 0.60 |
| തലോണിക്കര - കോന്നിക്കര | 0.60 |
| | 13.9 |

**മെറ്റൽ റോഡ്**

| | |
|---|---|
| 8MS റോഡ് | 2.00 |
| മംഗലംതണ്ട് - വട്ടക്കോട്ടായി | 6.00 |
| കള്ളായി - കാഞ്ഞിരമറ്റം | 2.00 |
| ഭരത - ചമ്പാംകണ്ടം | 3.00 |
| പച്ചളിപ്പുറം - കാവല്ലൂർ | 1.00 |
| തലോണിക്കര - കോനിക്കര | 0.30 |
| ആതൂർ | 0.20 |
| | 14.5 |

| | |
|---|---|
| കള്ളായി - വെള്ളാനക്കോട് | 2.00 |
| കയ്യാലപ്പടി - മുട്ടിത്തടി - അമ്പലംഹാം റോഡ് | 1.50 |
| പോസ്റ്റാഫീസ് - വെള്ളാനിക്കോട് കനാൽ | 1.00 |
| മുട്ടിത്തടി - അമ്പലം - ഫഞ്ഞ വേലായുധൻ റോഡ് | 1.50 |
| അമ്പരൻ - ഭരത റോഡ് | 0.50 |
| എടക്കൊട്ടിൽ റോഡ് | 0.32 |
| കൂടാൻ റോഡ് | .240 |
| പപ്പുനായർചിറ - ഭരത റോഡ് | 3.00 |
| ഭരത - മാക്കലെക്കുളം റോഡ് | 3.50 |
| ഭരത - പൊന്നൂക്കര റോഡ് | 3.5 |
| പറവട്ടാനി റോഡ് | 0.400 |
| വെള്ളാനിക്കോട് - പൂച്ചക്കുന്ന് | 4.00 |
| വട്ടക്കോട്ടായി - വെള്ളാനിക്കോട് | 3.00 |

| | | |
|---|---|---|
| പൂച്ചക്കുന്ന് - കനാൽറോഡ് | 3.00 | |
| വെള്ളാനിക്കോട് ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ടുള്ള റോഡ് | 2.00 | |
| വെള്ളാനിക്കോട് ജംഗ്ഷനിൽ നിന്ന് വടക്കോട്ട് | 2.00 | |
| കള്ളായി - റിസർവ് ഫോറസ്റ്റ് | 1.47 | |
| വെള്ളാനിക്കോട് കനാൽ - കള്ളായി അപ്രോച്ച് റോഡ് | 1.5 | |
| പൈപറമ്പിൽ റോഡ് | .40 | |
| അയ്യംകോട് - പുല്ലൂത്തി - വീട്ടിക്കുന്ന് ക്ഷേത്രം - കാവല്ലൂർ സ്ക്കൂൾ | 1.00 | |
| ഞാഞ്ഞൂരാൻ റോഡ് - | 0.60 | |
| പൊന്മണിശ്ശേരി കനാൽ റോഡ് | 0.2 | |
| പുണിശ്ശേരി എസ്റ്റേറ്റ് - കോട്ടായി | 4.60 | |
| പച്ചിളിപ്പുറം - മുസ്ലിംപള്ളി- ആതൂർ | 2.00 | |
| പഴയ പോസ്റ്റാഫീസ് - കനാൽ | 0.30 | |
| മാവിൻചോട് വീട്ടിക്കുനന് | 1-0.50 | |
| | 2-0.50 | |
| | 3-0-50 | |
| മതിക്കുന്ന് എസ്റ്റേറ്റ് എളങ്ങത്ര റോഡ് | 2.00 | |
| എളങ്ങത്ര പ്ലാവുംകുന്ന് | 1.00 | |
| ആതൂർ - ലക്ഷം വീട് 1 | 1 | - 0.250 |
| | 2 | 0.25 |
| | 3 | 0.25 |
| കല്ലൂർ കിഴക്കെപള്ളി - ലക്ഷംവീട് | 0.75 | |
| ആതൂർ കോളനി | 1.5 | |
| കല്ലൂർ കിഴക്കെ പള്ളിയുടെ പിന്നിലൂടെ കിഴക്കോട്ട് പോകുന്ന റോഡ് | 0.75 | |
| പഞ്ചായത്ത് ഓഫീസ് - ഞെള്ളൂർ | 0.80 | |
| പാലയ്ക്കപറമ്പ് - പാലത്തുപറമ്പ് | 1.50 | |
| വി.എൽ.പി. സ്ക്കൂൾ റോഡ് - മെയിൻ റോഡ് | 0.20 | |
| നേതാജി വായനശാല - ബണ്ട് റോഡ് | 0.80 | |
| ചാക്കേരി ആൻറണി - ചാൽ റോഡ് | 0.40 | |
| പൊറക്കാടടികകളം റോഡ് | 0.25 | |
| തലോണിക്കര - കോനിക്കര റോഡ് | 0.60 | |
| നെല്ലിച്ചോട് - ചിറയത്ത് റോഡ് | 0.40 | |
| പറമ്പതത് റോഡ് | 0.25 | |
| കീറ്റിക്ക റോഡ് | 0.35 | |
| കോനിക്കര - റേഷൻഷാപ്പ് റോഡ് | 0.[illegible] | |
| തലോർ - തലോണിക്കര 1.00 | | |

| | | |
|---|---|---|
| തൃക്കൂർ - കല്ലൂപ്പാടം -<br>(കിഴക്കെനടയിൽ നിന്നും തെക്കോട്ട് പോകുന്ന റോഡ്) | 0.50 | |
| പോത്തോട്ടു പറമ്പ് വഴി തൃക്കൂർ - കുളിക്കുളം റോഡ് | 0.50 | |
| പാണ്ടൻകുറ്റി റോഡ് | 0.50 | |
| കൊളിപ്പാഴ റോഡ് | 0.30 | |
| കണ്ണനൻകുറ്റി റോഡ് | 1.2 | |
| മേലൂക്കാവ് റോഡ് | 0.23 | |
| പള്ളിയം - കോളനി റോഡ് | 0.5 | |
| തൃക്കൂർ - ആശാരിക്കുന്ന് റോഡ് | 2.00 | |
| വായനശാല - കരുവാക്കുന്ന മനമ | 1.5 | |
| സിണ്ടിക്കേറ്റ് ബാങ്ക് ശ്മശാനം - മുട്ടൻസ് | 0.50 | |
| പള്ളിയറ - കോളനി | 0.500 | |
| തൃക്കൂർ പടിഞ്ഞാറെ നട - പുറങ്കാവ് | 0.8 | |
| വായനശാല - പോതതോട്ടുപറമ്പ് | 0.5 | |
| തൃക്കൂർ ബാലവാടി - ബണ്ട് റോഡ് | 1.0 | |
| കണ്ണമാത്ത് കടവ് റോഡ് | 0.8 | 4 മീ |
| തൃക്കൂർ - പുറയങ്കാവ് റോഡ്<br>(സ്വാമി രംഗനാഥാനന്ദജി റോഡ്) | 0.8 | |
| തോട്ടം മൂല എസ് എം.എസ് | 0.9 | |
| തട്ടിൽ ഗ്രാനൈറ്റ് റോഡ് -1 | 0.3 | |
| തട്ടിൽ ഗ്രാനൈറ്റ് - തോട്ടംമൂല - 2 | 0.4 | |
| സുന്ദരി പൈപ്പ് എസ് എം.എസ് റോഡ് | 0.8 | |
| വാരിയത്തൊടി അമ്പലം എസ് എം.എസ് | 0.2 | |
| എസ് എം.എസ് പാടം റോഡ് - 1 | 0.3 | |
| എസ് എം.എസ് 2 0.3 | | |
| എസ് എം.എസ് 3 0.3 | | |
| എസ് എം.എസ് 4 0.3 | | |
| ആകെ 90 km | | |

## ഗ്രാമസഭയിൽ ഉയർന്നുവന്ന ആവശ്യങ്ങൾ

*കോനിക്കര ബണ്ട് റോഡും ഹരിജൻ കോളനിറോഡും സൈഡ് കെട്ടി, മണ്ണിട്ടുയർത്തി മെറ്റൽ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കിത്തീർക്കണം.*

*കോനിക്കര വായനശാല മുതൽ അമ്പലത്തിനരികിലൂടെ NH 47 ബൈ പാസ്സിലേക്ക് തലോർ കായലിലൂടെ 7 മീറ്റർ വീതിയുള്ള റോഡ് മണ്ണിട്ടുനികത്തിയും സൈഡ് കെട്ടിയും ഗതാഗതയോഗ്യമാക്കണം. ഇതിന് സ്ഥലം ഫ്രീ സറണ്ടർ ചെയ്തതാണ്.*

*കോനിക്കര ഹരിജൻ കോളനിയിലേക്കുള്ള വഴി മെറ്റൽ ചെയ്ത് സൈഡ് കെട്ടി വാഹനഗതാഗതയോഗ്യമാക്കണം.*

കോനിക്കര മെയിൻ റോഡും ചാൽ റോഡും ബന്ധിപ്പിക്കുന്നതിന് നിലവിലുള്ള നടവരമ്പ് 4 മീറ്റർ വീതിയിൽ വികസിപ്പിക്കുക

പാണ്ടൻകുറ്റി റോഡ് വീതി കൂട്ടി ഗതാഗതസോഗ്യമാക്കുക

പുറക്കാട്ടുകുളം റോഡ് വീതികൂട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

കണ്ണംമത്ത് കടവ് - രംഗനാഥാനന്ദസ്വാമിജി റോഡ് വീതി കൂട്ടി മെറ്റൽ ചെയ്യുക

കണ്ണം മത്ത് കടവ് - കല്ലൂർ - ആമ്പല്ലൂർ റോഡ് സമ്മതപത്രം പൂർത്തിയാക്കി സമർപ്പിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ആയത് പരിശോധിച്ച് നടപടിയെടുക്കണം.

അത്താണി മുതൽ പോത്തോട്ട പ്പറമ്പ് വഴി വായനശാലയുടെ പുറകിലെത്തുന്ന വഴി സഞ്ചാരയോഗ്യമാക്കുക

എസ്.എം.എസ്. റോഡ് പൂർണ്ണമായും ടാർ ചെയ്ത് അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കിത്തീർക്കുക. വാഹനഗതാഗതം പുനസ്ഥാപിക്കുക.

തൃക്കൂർ ബാലവാടി റോഡിന്റെ എതിർവശത്തുകൂടി ശ്മശാനംകൂടി മുട്ടൻസിനടുത്തെത്തുന്ന വഴി വാഹനഗതാഗതയോഗ്യമാക്കുക.

മേൽപറഞ്ഞ വഴിക്കു വേണ്ടി സ്ഥലം നൽകാൻ പരിസരവാസികൾ തയ്യാറാണ്.

തൃക്കൂർ പള്ളിവഴിയിലൂടെ പാറപ്പാടം റോഡ് മേക്കെട്ടി എത്തുന്നതുവരെ മെറ്റൽ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കിത്തീർക്കുക.

ബാലവാടിറോഡിന്റെ സൈഡിലുള്ള കാനകെട്ടിയും റോഡ് അറ്റകുറ്റപ്പണികൾ ചെയ്തും വാഹനഗതാഗതയോഗ്യമാക്കുക.

പള്ളിയറ മുതൽ മതിക്കുന്ന് ക്ഷേത്രസമീപത്തുള്ള അഞ്ചാം വാർഡുമായി ബന്ധിപ്പിക്കുന്ന ഒരു ബണ്ട് റോഡ് നിർമിക്കാൻ നടപടിയെടുക്കുക.

റോഡിന്റെ ഒരു സൈഡ് ഒരു വാർഡിലും മറ്റേ സൈഡ് വേറൊരു വാർഡിലുംപെടുന്ന രീതിയിലുള്ള വിഭജനരീതി മാറ്റി റോഡുകൾ പൂർണമായും ഏതെങ്കിലും ഒരു വാർഡിൽ പെടുത്താനുള്ള ക്രമീകരണം - രണ്ടു പഞ്ചായത്തുകളുടെ അതിർത്തിയിലും ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുക

പള്ളിയറ മുതൽ അത്താണി വരെ PWD റോഡ് വീതികൂട്ടുക. കണക്കിൽ 8 മീറ്ററുള്ള ഈ റോഡ് കൈവശം വച്ചിരിക്കുന്നവരിൽ നിന്നും തിരിച്ചെടുത്ത് വീതിവെപ്പിക്കുവാനുള്ള നടപടി എടുക്കുക

തൃക്കൂർ മതിക്കുന്ന് റോഡ് ടാറിങ്ങ് ചെയ്ത് വാഹന ഗതാഗതയോഗ്യമാക്കുക. മതിക്കുന്ന് പാടശേഖരങ്ങളിലേക്ക് ട്രാക്ടർ, വളം മുതലായവ എത്തിക്കുന്നതിനും കാർഷികവിളകൾകൊണ്ടുവരുന്നതിനും ഈ വഴി അത്യാവശ്യമാണ്.

എളങ്ങത്ര - ചെമ്പംകണ്ട് റോഡ് സൈഡ് കെട്ടിയും അറ്റകുറ്റപ്പണികൾ ചെയ്തും വാഹനഗതാഗതം യോഗ്യമാക്കിത്തീർക്കുക.

മടത്തിച്ചിറ - മതിക്കുന്ന് ക്ഷേത്രം റോഡ് പാടത്തിന്റെ ഓരം ചേർന്ന് വികസനത്തിന് സ്ഥലം വിട്ടുകൊടുക്കാൻ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.. തെങ്ങുകൃഷിക്കാർക്കും റബ്ബർ കർഷകർക്കും ഏറെ പ്രയോജനപ്പെടുന്ന ഈ റോഡിന്റെ പണി ഉടൻ ആരംഭിക്കണം.

വാരിയത്തൊടി ക്ഷേത്രം റോഡ് വീതികൂട്ടി മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കിത്തീർക്കുക.

SMS വിദ്യാലക്ഷ്മ റോഡ് വീതി കൂട്ടി കാനകെട്ടി ഗതാഗത യോഗ്യമാക്കുക

SMS മുട്ടിക്കൽ കടവ് റോഡ് വീതികൂട്ടി അറ്റകുറ്റപ്പണികൾ നടത്തി വാഹനഗതാഗതയോഗ്യമാക്കിത്തീർക്കുക

ടി.കെ.കറപ്പൻ റോഡ് കാനകെട്ടിസംരക്ഷിച്ച് വാഹനഗതാഗതയോഗ്യമാക്കുക.

രാജ്യ കോളനിറോഡ് ടാർ ചെയ്യുകയും തോടിന് നടപ്പാലം നിർമ്മിക്കുകയും ചെയ്യുക

പാലക്കാപറമ്പ് പഴയ പോസ്റ്റാഫീസ് കനാൽ റോഡിൽ കനാൽപാലം പണിയുക.

എസ്റ്റേറ്റ് വഴി - കോട്ടായി റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കുക

പൂണിശ്ശേരി - എസ്റ്റേറ്റ് റോഡ് മെറ്റൽ ചെയ്ത് സൈഡ് കാനകെട്ടി ഗതാഗത യോഗ്യമാക്കിത്തീർക്കുക.

ചുങ്കം പകരപാലത്തിങ്കര റോഡ് അറ്റകുറ്റപണികൾ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കിത്തീർക്കുക.

ഭരതയിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമല്ലാത്തതിനാൽ ബസ്സുകൾ പലപ്പോഴും ആലേങ്ങാട്ടിൽ ട്രിപ്പ് അവസാനിപ്പിക്കുന്നു. ഈ സ്ഥിതി അവസാനിപ്പിക്കാൻ ഭരതയിലേക്കുള്ള റോഡുകൾ നന്നാക്കണം.

ഭരത ചെമ്പകണ്ടം റോഡ് ടാർ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കുക

പഞ്ചായത്ത് പരിധിയിൽപ്പെട്ട PWD റോഡിൽ ചേരുന്ന ഭാഗത്ത് കൾവർട്ട് കെട്ടി സംരക്ഷിക്കുക. മേൽപറഞ്ഞ റോഡുകൾ ബന്ധിപ്പിച്ചുകൊണ്ട് ആലേങ്ങാട് - അയ്യംകോട്ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുക.

പൂണിശ്ശേരിയിൽ നിന്നും അയ്യംകോട് ചെന്നു ചേരുന്ന രണ്ടു വഴികളുടെ സൈഡ് കെട്ടി സംരക്ഷിക്കുക.

ഭരത, പള്ളിത്താഴം, കോഴിപ്പാടൻവഴി, ഭരത പൊന്നൂക്കര റോഡിൽ നിന്നും സൊസൈറ്റിയിലേക്കുള്ള വഴി എന്നിവ പഞ്ചായത്ത് രജിസ്റ്റർ ചേർത്ത് അറ്റകുറ്റപ്പണികൾ ചെയ്യുക.

ഭരത - മാക്കലക്കുളം റോഡ് മെറ്റൽ ചെയ്ത് സൈഡ് കെട്ടി സംരക്ഷിച്ച് വാഹനഗതാഗതയോഗ്യമാക്കിത്തീർക്കുക.

മുട്ടിത്തടി - ഭരതറോഡ് രണ്ടാംഘട്ടം പണി തുടങ്ങുക

ആനക്കുന്ന് - ഭരത റോഡ് സൈഡ്കെട്ടി മെറ്റൽ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കിത്തീർക്കുക.

മുട്ടിത്തടി പഴയ പോസ്റ്റാഫീസ് - കനാൽറോഡ് അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കിത്തീർക്കുക

ആലേങ്ങാട് - മംഗലംതണ്ട് റോഡ് ടാറിങ് പൂർത്തിയാക്കുക, ബസ് സർവ്വീസ് വട്ടക്കോട്ടായി വരെ നീട്ടാൻ നടപടികളെടുക്കുക.

വട്ടക്കോട്ടായി വട്ടക്കോട്ടുമല റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിത്തീർക്കുക.

കയ്യാലപ്പടി - ബണ്ട് റോഡ് പൂർത്തീകരിച്ച് വാഹനയോഗ്യമാക്കിത്തീർക്കുക.

ആലേങ്ങാട് - പിച്ചംപള്ളിറോഡ് BM പണിതീർത്ത് വാഹനഗതാഗതയോഗ്യമാക്കി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

കല്ലൂർ - വെള്ളാനിക്കോട് - കള്ളായി PWD റോഡിന്റെ ദുരാവസ്ഥ പരിഹരിക്കാനുള്ള നടപടികൾ എടുക്കുക.

വെള്ളാനിക്കോട് - കയ്യാലപ്പടി (ചുങ്കൻ) റോഡ് സൈഡ്കെട്ടി സഞ്ചാരയോഗ്യമാക്കുക

വെള്ളാനിക്കോട് - കള്ളായി - കാഞ്ഞിരമറ്റം വേപ്പൂർ റോഡുകൾ ടാർ ചെയ്ത് അറ്റകുറ്റപ്പണികൾ ചെയ്ത് കാനകെട്ടി സംരക്ഷിച്ച് വാഹനഗതാഗതയോഗ്യമാക്കുക.

പഴവെള്ളം മൂക്ക് റോഡ് സൈഡ് കെട്ടി സംരക്ഷിക്കുക

വെള്ളാനിക്കോട് - വട്ടക്കോട്ടായി (കനാൽ റോഡ്) സൈഡ് കെട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിത്തീർക്കുക

കള്ളായി പഞ്ചായത്തുകിണറിന്റെ സമീപത്തുനിന്നും തുടങ്ങി കള്ളായി വരന്തരപ്പിള്ളി റോട്ടിലെത്തുന്ന ലിങ്ക് റോഡ് ടാർ ചെയ്യുക

വെള്ളാനിക്കോട് - കള്ളായി റോഡിൽ മുട്ടുന്ന മറ്റത്തിക്കുന്ന് റോഡ് ഗതാഗതയോഗ്യമാക്കുക.

കള്ളായി - വെള്ളാനിക്കോട് റോഡിൽ നിന്ന് പുത്തൂർ പഞ്ചായത്തു റോഡുമായി ബന്ധിപ്പിക്കുന്ന കൈവഴി വീതികൂട്ടി ഗതാഗതയോഗ്യമാക്കുക

അയ്യംകോട് - പുല്ലൂത്തി - വീട്ടിക്കുന്ന് ക്ഷേത്രം കാവല്ലൂർ എൽ.പി. സ്കൂൾ റോഡ് - 1 കി.മീറ്റർ ഇപ്പോൾ 4 മീറ്റർ വീതിയാക്കി PWD റോഡിൽ നിന്നും തുടങ്ങുന്ന ഭാഗത്ത് കൾവർട്ട് കെട്ടി പാടം ഏകദേശം 200 മീറ്റർ നീളത്തിൽ 6 അടി ഉയർത്തി, കുന്നിടിച്ച് നിരപ്പാക്കി ടാർ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കിത്തീർക്കുക. രണ്ടു സ്ക്കൂളുകളിലേക്കും വീട്ടിക്കുന്ന് ക്ഷേത്രത്തിലേക്കും ജനബാഹുല്യമുള്ള ഈ പ്രദേശത്തുനിന്നുള്ള ഈ ഒറ്റവഴി വർഷകാലത്ത് ഒട്ടും സഞ്ചാരയോഗ്യമല്ലാതാവുന്നു. ഈ വഴിക്ക് അടിയന്തിര പ്രാധാന്യം കൊടുക്കണം.

പച്ചളിപ്പുറം - ആതൂർ കോളനി റോഡ് ഗതാഗതയോഗ്യമാക്കിതീർക്കുക.

ഹരിജൻ കോളനി - പൊതുശ്മശാനം റോഡ് അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കിത്തീർക്കുക.

ഈ പഞ്ചായത്തിലെ ഏക മുസ്ലിം പള്ളിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

കരുവാൻകുന്ന് - ഞെള്ളൂർ റോഡ് ഗതാഗതയോഗ്യമാക്കുക

പഞ്ചായത്ത് റോഡുകൾ കാനകെട്ടി സംരക്ഷിക്കുക

ഫ്രാൻസ് കമ്പനിയുടെ സമീപമുള്ള PWD റോഡിൽ നിന്നും നെടുകുളംവഴി വെണ്ടൂർവരെ റോഡ് നിർമ്മിക്കുക

ഞെള്ളൂർ - വട്ടണാത്ര റോഡ് വികസിപ്പിക്കുക

പാലയ്ക്കപ്പറമ്പ് - പഞ്ചായത്താഫീസ് വഴി ഞെള്ളൂർ റോഡ് ടാറിംഗ് ചെയ്യുക.

പുലക്കാട്ടുകരയുമായി ബന്ധപ്പെടുത്തുന്ന പൂഴംപാലം വീതികൂട്ടാനുള്ള നടപടികൾ

പള്ളത്ത് കോളനിയിലേക്കുള്ള കനാൽബണ്ട് റോഡിൽ കനാൽ ക്രോസ് ചെയ്യുന്നതിന് കൾവർട്ട് നിർമ്മിക്കുക.

കനാൽ റോഡിൻെറ പുറംപോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും കനാൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും വേണ്ട നടപടികൾ

ഗ്രാമസഭയുടെ ആവശ്യങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ ചിത്രം വ്യക്തമാവുന്നു. റോഡുകൾക്ക് വേണ്ടത്ര ഡ്രൈനേജ് സൗകര്യമില്ല എന്നതും (സൈഡ്കാനകൾ) കൾവർട്ട് ഓവുപോലെ ക്രോസ് വേ (നിലംപതി) എന്നിവ വേണ്ടത്ര ഇല്ല എന്നതുമാണ് മുഖ്യമായും റോഡുകളെ ഇന്നത്തെ ശോചനീയവസ്ഥയിലെത്തിക്കാൻ കാരണം.

19.5 കി.മീറ്റർ ഫലട റോഡും ഏകദേശം 14 കി.മീറ്റർ പഞ്ചായത്തുടമസ്ഥതയിലുള്ള പക്കാ റോഡും 14.5 കി.മീ മെറ്റൽ റോഡും 90 കി.മീ. കച്ചാറോഡും 80 കി.മീ. വരുന്ന നാട്ടുവഴികളും ഉള്ള പഞ്ചായത്തുപരിധിയിൽ ഏകദേശം 4 പാലങ്ങളും രണ്ടു ബണ്ടുകളും 350 കൾവർട്ടുകളും മുപ്പതോളം കോസ്‌വേ (നിലംപതി)കളും കാണും. കുന്നും മലയുമായി കിടക്കുന്ന ഈ പഞ്ചായത്തിൽ റോഡിൽ ആവശ്യത്തിന് കലുങ്കുകളും നിലംപതികളും നിർമിക്കാൻ നടപടികളെടുക്കണം.

റോഡുകളുടെ ഇപ്പോഴത്തെ ശോചനീയവസ്ഥയുടെ മറ്റൊരു കാരണം റോഡുകളുടെ സാങ്കേതികമികവു കുറവാണ്. ശോളിംഗ്, മെറ്റലിംഗ്, ടാറിംഗ് എന്നിവ ചെയ്യുമ്പോൾ ആവശ്യത്തിന് മെറ്റൽ ഉപയോഗിക്കാതിരിക്കുക, നിശ്ചിതസമയം റോളിംഗ് ( റോളർ ഉപയോഗിക്കാതിരിക്കൽ) നടത്താതിരിക്കൽ, ആവശ്യത്തിന് ടാർ ഉപയോഗിക്കാതിരിക്കൽ എന്നിവയും, സൂപ്പർ എലിവേഷൻെറ പോരായ്ക എന്നിവയും ടാറിങ്ങിനിരുവശവും മണ്ണിട്ടുനികത്താത്തതിനാൽ വശങ്ങൾ ഇടിഞ്ഞുപോകുന്നതുമാണ് - ഇത്തരം കുറവുകൾ പരിഹരിക്കുന്നതിന് നിർമ്മാണരംഗങ്ങളിൽ സാങ്കേതിക ജ്ഞാനമുള്ള പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമുണ്ട്.

ആവശ്യത്തിന് ബസ്സുകളില്ല എന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. തൃശ്ശൂർ - തൃക്കൂർ കല്ലൂർ - വെള്ളാനിക്കോട്, തൃശ്ശൂർ - പുത്തൂർ - കല്ലൂർ - ആമ്പല്ലൂർ - കല്ലൂർ വട്ടണാത്രവഴി തൃശ്ശൂർ, ചാലക്കുടി - തൃശ്ശൂർ (ദമയേഞ്ഞെ തൃശ്ശൂർ - കല്ലൂർ - മരോട്ടിച്ചാൽ, തൃശ്ശൂർ കല്ലൂർ - ചീരക്കുണ്ട്, തൃശ്ശൂർ - കല്ലൂർ - ഭരത, തൃശ്ശൂർ - കല്ലൂർ - മെഗലംതണ്ട് തൃശ്ശൂർ കല്ലൂർ - കള്ളായി എന്നീ റൂട്ടുകളിലായി ഇരുപത്തോളം ബസ്സുകൾ സർവ്വീസ് നടത്തിയിട്ടും തിരക്കൊഴിയുന്നില്ല എന്ന സ്ഥിതിയാണിന്ന്. ഇത് തന്നെ ഈ പഞ്ചായത്തിൻെറ ജനബാഹുല്യവും ഗതാഗതസൗകര്യവും തമ്മിലുള്ള അനുപാതം വ്യക്തമാക്കുന്നു. റോഡുകളുടെ ദുരാവസ്ഥ മൂലം പല ബസ്സുകളും ഓടാൻ മടിക്കുകയും കട്ട് ട്രിപ്പുകളാക്കുകയുമാണ്. ഇത്തരുണത്തിൽ പുതിയ റൂട്ടുകൾക്കുവേണ്ടിയുള്ള ഗ്രാമസഭയുടെ ആവശ്യങ്ങൾ പരിശോധിക്കാം.



506

പൊന്നൂക്കര - കല്ലൂർ - ആമ്പല്ലൂർ വഴി ഇരിഞ്ഞാലകുടക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ്സ്

പള്ളിയറ - പൊന്നൂക്കര - പഞ്ചാബ് മൂല മേത്തുകളിക്ഷേത്രം - പുത്തൂർ - കുട്ടനെല്ലൂർ - തൃശ്ശൂർ - അയ്യന്തോൾ ഒരു ബസ് സർവ്വിസ്

തൃശൂർ - കല്ലൂർ - കുഞ്ഞനംപാറ - ബണ്ട് വഴി ഒരു ബസ് സർവ്വീസ്

താലൂക്ക് ആസ്ഥാനമായ ഇരിഞ്ഞാലക്കുടയിലേക്ക് തൃക്കൂർ - പുലക്കാട്ടുകര - ആമ്പല്ലൂർ - ഒല്ലൂർ - പൂച്ചിന്നിപ്പാടം വഴി ഇരിഞ്ഞാലക്കുടക്ക് ഒരു ബസ് സർവ്വീസ്

മനമ റോഡിൽ കൂടി ബസ് സർവ്വീസ്

പൊന്നൂക്കര - കല്ലൂർ - ഇരിഞ്ഞാലക്കുട പെരിഞ്ഞനം റൂട്ട് പുനസ്ഥാപിച്ച് NH 17 നുമായി ബന്ധപ്പെടുത്തി ഒരു ബസ് സർവ്വീസ്

വെള്ളാനിക്കോട് - ആമ്പല്ലൂർ ഒരു ദമഭയണ ബസ്സ്

വളരെയേറെ മർമ്മ പ്രധാനങ്ങളായ ഈ ആവശ്യങ്ങളിലേക്ക് അധികാരികളുടെ സത്വരശ്രദ്ധതിരിച്ചുവിടാനുള്ള നടപടികൾ ഉടൻ വേണ്ടതാണ്.

വാണിജ്യപരമായി ഏറെ വികസ്വരമായ ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ടാക്സി - ഓട്ടോ പാർക്കിംഗ് സ്റ്റാൻഡുകളെ ഉള്ളൂ. പാലക്കപ്പറമ്പ്, മാവിൻചുവട്, ആലേങ്ങാട്, മുട്ടിത്തടി, വെള്ളാനിക്കോട്, പൊനനൂക്കര, കോനിക്കര എന്നിവിടങ്ങളിൽ ഓട്ടോ - ടാക്സി സ്റ്റാൻഡുകൾ വർദ്ധിച്ചുവരുന്ന ജനത്തിരക്കിനും വാഹനബാഹുല്യത്തിനും അനുയോജ്യമായ രീതിയിൽ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

ഇത്രയേറെ ബസ്സുകൾ സർവ്വീസ് നടത്തുന്ന കല്ലൂർ - കള്ളായി റൂട്ടിൽ ബസ്സുകൾ ഒതുക്കി പാർക്കുചെയ്യാനും ഒരിടമില്ല. പൊന്നൂക്കരയിലെയും സ്ഥിതി ഇതുതന്നെ. ആലേങ്ങാടും പൊന്നൂക്കരയിലും ഓരോ ബസ്സ് സ്റ്റാൻറുകൾ നിർമ്മിക്കുന്നത് ആവശ്യമാണ്.

ഫെയർ സ്റ്റേജ് ഫിക്സേഷനിലുമുണ്ട് ഏറെ അപാകതകൾ. ഉദാഹരണത്തിന് കല്ലൂർ - വെള്ളാനിക്കോട് റൂട്ടിൽ മാവിൻചുവട് കഴിഞ്ഞാൽ പിന്നെ മുട്ടിത്തടിയിലാണ് (പ്ലാവുംകുന്ന്) ഫെയർസ്റ്റേജ്. ആലേങ്ങാട് വരെ സർവ്വീസ് നടത്തുന്ന 9 ബസ്സുകൾ മുട്ടിത്തടി വരെയുള്ള ചാർജ് ഈടാക്കുന്നു. ഇത് തിരുത്താനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. കൂടാതെ കളക്ഷനില്ലാത്ത ട്രിപ്പുകൾ ചില ബസ്സുകൾ മനഃപൂർവ്വം മുടക്കുനനതും നിത്യസംഭവമാണ്. ഇത് നിർത്തുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതാണ്.

നാടിൻെറ നാനാമുഖമായ പുരോഗതി നിർണ്ണയിക്കുന്നത് മുഖ്യമായത് ഗതാഗതത്തിലൂടെയാണ്. ആയതിനാൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ളവ കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നതിനും അടിയന്തിരനടപടികൾ അത്യന്താപേക്ഷിതമാണ്.

# മാർക്കറ്റ്

വാണിജ്യമേഖലയിൽ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു എന്നു അവകാശപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ പൊതു വാണിജ്യകേന്ദ്രങ്ങൾ അഥവാ മാർക്കറ്റുകളൊന്നും തന്നെ നിലവിലില്ല.

പഞ്ചായത്ത് സിരാകേന്ദ്രവും സിവിൽ സ്റ്റേഷൻ ഏരിയയുമായ പാലക്കപ്പറമ്പിൽത്തന്നെ ഒരു പൊതുമാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും മയട ടെലഫോൺ ബൂത്ത്, കമ്യൂണിറ്റിഹാൾ എന്നിവയും ആവശ്യമാണ്.

രണ്ട്, മൂന്ന്, നാല്, അഞ്ച് വാർഡുകളുടെ സംഗമസ്ഥലമായ പൊന്നൂക്കരയിലും ഒരു പൊതുമാർക്കറ്റിന് സാദ്ധ്യത കാണുന്നു. മത്സ്യം, മാംസം, പച്ചക്കറി, സ്റ്റേഷനറി, ഗ്രോസറി എന്നിവ ഒരിടത്ത് കേന്ദ്രീകരിക്കുമ്പോൾ പൊതു ജനത്തിന് ഏറെ സൗകര്യമാണ്. പൊതുജനപങ്കാളിത്തത്തോടെ പരീക്ഷണാടിസ്ഥാനത്തിലും ഇതിനു ശ്രമിക്കാം.

പഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രമായ മാവിൻ ചുവട് എല്ലാത്തരം വാണിജ്യവിളകളുടേയും, കാർഷികോൽപ്പന്നങ്ങളുടേയും വിപണനകേന്ദ്രമാണ്. താരതമ്യേന ജനസാന്ദ്രതകൂടിയ ഈ പരിസരത്ത് അടിയന്തിരമായും ഒരു പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ അത്യന്താപേക്ഷിതമാണ്. മാവിൻ ചുവട് പരിസരത്തുതന്നെ ആറാം വാർഡിലോ എട്ടാം വാർഡിലോ പഞ്ചായത്തുടമയിലോ പൊതുജനപങ്കാളിത്തത്തോടെയോ സ്ഥലമെടുത്ത് വാണിജ്യസംരംഭകർക്ക് പാട്ടത്തിനു കൊടുത്താൽ പഞ്ചായത്തിൻെറ മൊത്തം വാണിജ്യ താൽപര്യം സംരക്ഷിക്കാമെന്നുള്ള കാര്യത്തിൽ സംശയമില്ല. പരിസരപ്രദേശങ്ങളിലെ എല്ലാ മാംസ-മത്സ്യ വിപണികളും ഈ മാർക്കറ്റിലൊതുക്കി ലൈസൻസ് നൽകി ശുചിത്വ പരിപാലനം സംബന്ധിച്ച നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കാലകാലങ്ങളിൽ പരിശോധിക്കേണ്ടതുമാണ്. മുട്ടിത്തടിയിൽ ഈയിടെ പ്രവർത്തനം തൃക്കൂർ പഞ്ചായത്ത് സഹകരണമാർക്കറ്റിംങ് & പ്രോസസിങ്ങ് സൊസൈറ്റി നമ്പർ ആർ. 961 ന് ജില്ലാ ബാങ്ക് അഫിലിയേഷനുള്ള നടപടികളും പൂർത്തിയാക്കേണ്ടതാണ്.

◆

# 7 പാർപ്പിടം സാമൂഹ്യക്ഷേമം

ഭക്ഷണം, വസത്രം, പാർപ്പിടം മനുഷ്യൻെറ സർവ്വപ്രധാനമായ ആവശ്യങ്ങളത്രെ ഇവ മൂന്നും. പ്രാചീനമനുഷ്യന് ജോലിചെയ്ത് ക്ഷീണിച്ചുവരുമ്പോൾ തലചായ്ക്കനൊരിടമായിരുന്നു പാർപ്പിടം. ഇത് വെറും ദശാക്ഷ്ങങ്ങൾക്കു മുമ്പുള്ള കഥ. കാലം മാറി. പാർപ്പിടത്തെക്കുറിച്ചുള്ള മനുഷ്യൻെറ സങ്കല്പങ്ങളും ഏറെ മുന്നോട്ടുപോയി. ശബ്ദവേഗത്തിലോ പ്രകാശവേഗത്തിലോ ആയിരുന്നു പിന്നെ ആവൻെറ പ്രയാണം.

ദശാബ്ദങ്ങൾക്കു മുമ്പ് ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിപോലും ഭൂരിഭാഗം ജനങ്ങളും മുള, ഓല, വയ്ക്കോൾ എന്നീ വസ്തുക്കൾ ഉപയോഗിച്ചാണ് പാർപ്പിടങ്ങങ്ങൾ നിർമ്മിച്ചിരുന്നത്. ഒരു ഓടിട്ടവീട് എന്ന സ്വപനം പോലും പ്രായേണ വിദൂരത്തായിരുന്നു ഭൂരീഭാഗം ജനങ്ങൾക്കും. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓട്, മരം, സിമൻറ് മുതലായ വസ്തുക്കളുടെ ദൗർലഭ്യം ഗതാഗതസകര്യക്കുറവ് എന്നിവ മുഖ്യപ്രശനങ്ങളായിരുന്നു.

ഊർജ്ജം വ്യവസായം വിദ്യാഭ്യാസം ഗതാഗതം വാർത്താവിനിമയം എന്നീ മേഖലകളിലെ കുതിച്ചുച്ചാട്ടം ഈ അവസ്ഥക്കു മാറ്റം വരുത്തി. കാണാനും കേൾക്കാനും ഉൾക്കൊള്ളാനുമുള്ള മനുഷ്യൻെറ ഇച്ഛാശക്തിക്കുമുന്നിൽ അവൻെറ സങ്കല്പങ്ങൾ ചിറകുവിരിച്ചു. പാർപ്പിടം എന്നത് ആവശ്യത്തിലുപരി ആഢംഭരത്തിൻേറ പ്രൗഢിയുടെയും കേളീരംഗമായി. കെട്ടിടനിർമ്മാണരംഗത്തെ നൂതന പ്രക്രിയകൾ ഇതിന് അണിയറ തീർത്തു.

ഗ്രാമീണ ജനത ദശാബ്ദങ്ങൾക്കുമുമ്പ് വൈയ്ക്കോലും മുളയും ഉപയോഗിച്ച് വീടുകൾ നിർമ്മിച്ചിരുന്നു എന്ന് നാം കണ്ടല്ലോ. ഇത്തരം വീടുകൾക്ക് കരിങ്കൽകൊണ്ടുള്ള ഉറപ്പുള്ള തറയോ ചുമരോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ചാണകം മെഴുകിയ തറ ഓലകൊണ്ടോ പനമ്പുകൊണ്ടോ മണ്ണുരുളകൾ ചേർത്തുവച്ചതോ ആയ ചുമരുകൾ ഓലയും മുളയും കൊണ്ട് കെട്ടിയുണ്ടാക്കിയ വാതിൽ. മുളകൊണ്ട് മേൽക്കൂര, ഓലയോ വക്കോലോ കൊണ്ട് മേച്ചിൽ. ഇത് പ്രാദേശികമായി വൈക്കോലിൻേറായോ ഓലയുടേയോ ലഭ്യതയും വിലയും അനുസരിച്ചിരുന്നു.

അടുത്തപടി പച്ച ഇഷ്ടികകൊണ്ടുള്ള ചുമരും മുള, വൈക്കോൽ, ഓല എന്നിവ കൊണ്ടു മേച്ചിലും ഓലകൊണ്ടുള്ള ചെറ്റവാതിലുകളുമായിരുന്നു. ഫറൂക്ക് പാറ്റൺ ടൈൽസ് അഥവാ ഇന്നുകാണുന്ന മേച്ചിലോടുകളുടെ രംഗപ്രവേശത്തോടെ ഈ അവസ്ഥക്ക് മാറ്റം വന്നു. കാട്ടുകല്ലുകൊണ്ടുള്ള തറയും പച്ച ഇഷ്ടികകോണ്ടുള്ളു ചുമരും മരങ്ങൾകൊണ്ടുള്ള കട്ടില ജനലുകൾ മുളകൊണ്ട് മേൽക്കൂരയും ഓടുകൊണ്ട് മേച്ചിലുമായി. ക്രമേണ പച്ച ഇഷ്ടികകൊണ്ടുള്ള ചുമരുകൾ ചുണ്ണാമ്പും മണ്ണും കൊണ്ടു ചേർത്ത മിശ്രിതംകൊണ്ടു തേച്ചവയായി. ഈ കാലഘട്ടിതതിൽ തന്നെ പച്ച ഇഷ്ടികക്കു പകരം വെട്ടുകല്ലും തറകെട്ടുന്നതുനും ചുമരിനും ഉപയോഗിച്ചിരുന്നു. വനങ്ങളിലും പറമ്പുകളിലും മുള അപ്രത്യക്ഷമാകുകയും ഈ രംഗം പതുക്കെപതുക്കെ മരങ്ങൾ കയ്യടക്കുകയും ചെയ്തു. പ്ലാവ്, തേക്ക്, വീട്ടി, മരുത്, വെന്തേക്ക് എന്നീ മരങ്ങൾ ഉപയോഗിച്ച് വീടിൻെറ മേൽക്കൂര.



509

കട്ട്ള, ജനൽ എന്നിവ തീർക്കാൻ തുടങ്ങിയത് ഇക്കാലത്താണ്. അന്നത്തെ കെട്ടിടനിർമ്മാണരംഗത്ത് കാട്ടുമരങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. പഞ്ചായത്തതിർത്തിയിലുള്ള റിസർവ്വ് വനങ്ങളിൽ നിന്നും ശേഖരിച്ച ഇത്തരം മരങ്ങൾ അറക്കവാൾ ഉപയോഗിച്ചം അറത്തെടുത്താണ് ഉരുപ്പടികൾ രൂപപ്പെടുത്തിയിരുന്നത്. ഈർച്ച മില്ലുകൾ പഞ്ചായത്തു പരിധിയിൽ അന്നുണ്ടായിരുന്നില്ല. ഗതാഗത സൗകര്യക്കുറവും മറ്റൊരു മുഖ്യപ്രശ്നമായിരുന്നു.

ഗതാഗതസൗകര്യം വർദ്ധിച്ചതോടെ മനുഷ്യൻ ഗ്രാമങ്ങളിൽ നിന്ന് പട്ടണങ്ങളിൽ പോകാനും നിർമ്മാണരംഗത്തെ പ്രക്രിയകൾ കാണാനും കൂടുതൽ പഠിക്കാനും ഇടയായി. വിദ്യാഭ്യാസം വാർത്താവിനിമയം എന്നീ രംഗത്തെ വികസനവും ഇതിനു സഹായിച്ചു. പട്ടണങ്ങളിൽ നിന്നും സിമൻറും കമ്പിയും ദൂരദേശങ്ങളിൽ നിന്നും അയൽപ്രദേശത്തുനിന്നു ചൂള ഇഷ്ടികകളും മണലും എത്തിക്കാനുള്ള സൗകര്യങ്ങളായി. തറ പണിയുന്ന കരിങ്കല്ലും പഞ്ചായത്തു പരിധിക്കപ്പുറത്തുനിന്നുമാണ് എത്തിച്ചിരുന്നത്. ഇതോടെ പാർപ്പിടരംഗത്തെ സമൂല മാറ്റത്തിന് തുടക്കം കുറിക്കുകയായി.വീടുകൾക്ക് കരിങ്കല്ലുകൊണ്ടുള്ള തറയും ചൂള ഇഷ്ടികയും സിമൻറും ചേർത്ത ഉറപ്പുള്ള ചുമർ തേക്ക് വീട്ടി, പ്ലാവ് മുതലായ വിലപിടിച്ച മരങ്ങൾ കൊണ്ടുള്ള കട്ട്ല, വാതിൽ കമ്പിയും ചില്ലും ഉപയോഗിച്ചുള്ള ജനലുകൾ കമ്പിയും സിമൻറും ഉപയോഗിച്ച് വാർത്ത മേൽക്കൂര എന്നിങ്ങനെ

ഇതൊരു തുടക്കം മാത്രമായിരുന്നു -

മൊസൈക്, വിവിധിനം പെയിൻറ് ഉല്പന്നങ്ങൾ പോളിഷ്ഡ് ഗ്രാനൈറ്റുകൾ, മാർബിൾ, ഡെക്കറേഷൻ ടൈൽസ്, വിവിധയിനം കടപ്പകല്ലു, ജെയ്പൂർ സ്റ്റോൺ എന്നിവയുടെ രംഗപ്രവേശം നിർമ്മാണരംഗത്തെ നൂതനസാങ്കേതിക മത്സര പ്രവണതകൾ മുതലായവയും വസ്തു ശില്പകലയിൽ പ്രാവണ്യം നേടിയ സാങ്കേതിക വിദഗ്ദരുടെ ലഭ്യതയും വാണിജ്യ രംഗത്തെ കുതിച്ചുകയറ്റവും ഗൾഫ് പണത്തിൻെറ സ്വാധീനവും ഒത്തുചേർന്നപ്പോൾ പാർപ്പിടരംഗത്ത് വിപ്ലവത്തിൻെറ കാഹളം ഉയരുകയായി. അക്ഷരാർത്ഥത്തിൽ ശബ്ദവേഗത്തിൽ തന്നെ.

ശുചിത്വമേറിയ വീടുകൾ സമൂഹനന്മക്കും ആരോഗ്യത്തിനും ഒരത്യന്താപേക്ഷിത ഘടകമാണെന്നുള്ള വസ്തുത തള്ളികളയാനാവില്ല. എന്നിരുന്നാലും കെട്ടിടനിർമ്മാണരംഗത്തെ ഇന്നത്തെ മത്സരപ്രവണത അനാശാസ്യകരവും അനാരോഗ്യകരവുമാണ്. ആവശ്യമെന്നതിലുപരി പാർപ്പിടം ആഡംഭരവസ്തുവായി മാറുമ്പോൾ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും സമൂഹത്തിൻെറ സന്തുലിതാവസ്ഥക്ക് മാറ്റം വരുകയും ചെയ്യുന്നു. നല്ല വൃത്തിയും ഭംഗിയും ഉള്ള വീടുകൾ നാടിൻെറ ഐശ്വര്യത്തിൻെറ മാറ്റു കൂട്ടുന്നു എന്നത് ഒരു വസ്തുതയാണ്. പക്ഷേ നാടിൻെറ സമ്പത്തും മുഴുവൻ കോൺക്രീറ്റു സൗധങ്ങളിൽ നിക്ഷേപിക്കുന്നത് ആശാവഹമായ പ്രവണതയല്ലല്ലോ.

ചെറിയ ഒരു വിഭാഗം ജനങ്ങൾ മാർബിളിലും കോൺക്രീറ്റുകളിലും തങ്ങളുടെ പാർപ്പിടസ്വപ്നങ്ങൾ മോടിപിടിപ്പിക്കുമ്പോൾ സമൂഹത്തിൻെറ താഴെക്കിടയിൽ ഒരു വിഭാഗത്തിന് ഒരു മിഥ്യാസ്വപ്നമാത്രമാണ്. ചിലർക്ക് വീടുപണിയാൻ ഒരു തുണ്ട് ഭൂമിയില്ലാത്തതാണ് പ്രശ്നമെങ്കിൽ മറ്റൊരു കൂട്ടർക്ക് ചെറിയ ഒരു കൂര തട്ടിക്കൂട്ടുവാനുള്ള സാമ്പത്തിക പരാധീനതയാണ് പ്രശ്നം. അടിക്കടി വർദ്ധിച്ചുവരുന്ന അസംസ്കൃതവസ്തുക്കളുടെ വിലയും കൂലി വർദ്ധനവും മറ്റൊരു പ്രശ്നമാണ്. നിർമ്മിതി കേന്ദ്രങ്ങളുടെ ചിലവു കുറഞ്ഞ വീടകൾക്ക് ഇക്കാരണത്താൽ പ്രസക്തിയേറുന്നു.

**ചിലവുകുറഞ്ഞ വീടുകൾ**

ലോകപ്രസിദ്ധ വസ്തുശില്പശാസ്ത്രജ്ഞനായ ലാറി ബേക്കർ രൂപ കല്പന ചെയ്ത ചിലവു കുറഞ്ഞു വീടുകൾ ഇന്ന് ഏറെ പ്രചാരത്തിലുണ്ട്. ഇത്തരം വീടകൾക്ക് തേപ്പ് ആവശ്യമില്ല എന്നതുകൊണ്ട് സിമൻറിൻേറയും മണലിൻേറയും വിലവർദ്ധനം മൂലമുള്ള ചിലവ് കുറക്കുന്നു.

കട്ട്ല, ജനവാതിലുകൾ മുതലായവക്ക് ഉപയോഗവും ഈ മോഡലുകളിൽ കുറവാണ്. മരത്തിൻെറ വിലയും കൂലിചിലവും മൂർദ്ധന്യത്തിലെത്തിനിൽക്കുന്ന ഈ അവസരത്തിൽ മരപണി കുറഞ്ഞ എന്ന നിർമ്മാണരീതി ഏറെ ആശ്വാസമാണല്ലോ. ലാറി ബേക്കർ മോഡലുകളുടെ മറ്റൊരു പ്രത്യേകത അന്തരീക്ഷ ഊഷ്മാവ് തടഞ്ഞുനിർത്തി കെട്ടിടത്തിനുള്ളിൽ ഒരു സ്ഥിരോഷ്മാവ് നിലനിർത്തുന്നു എന്നതാണ്. ഇതുമൂലം ശൈത്യകാലത്ത് അതികഠിനമായ ശൈത്യവും ഉഷ്ണകാലത്ത് അതികഠിനമായി ഉഷ്ണവും ഇല്ലാതെ താപനില നിയന്ത്രിക്കുന്നു. കോൺക്രീറ്റ് റൂഫിങ്ങിനടിയിൽ വാർക്കുന്നതിനു മുമ്പ് താണതരം മേച്ചിലോടുകൾ പതിച്ചും ഭിത്തികൾക്കിടയിൽ വിടവിട്ടു മണൽനിറച്ചും മറ്റു ഇത്തരം ക്രമീകരണങ്ങൾ ചെയ്യുന്നു. റൂഫിങ്ങ് ചരിച്ചുവാർക്കുന്നതിനാൽ ഇന്ന് വ്യാപകമായി കാണുന്ന ചോർച്ചയും ഒഴിവാകുന്നു. ഈ നിർമ്മാണരീതി പ്രചാരത്തിൽ വരുത്തുന്നതിന് വ്യാപകമായ ബോധവൽക്കരണം അത്യാവശ്യമാണ്. കെട്ടിടനിർമ്മാണരംഗത്തെ പ്രതിസന്ധികൾ വിലവർദ്ധനവും കൂലിവർദ്ധനവുമായി ബന്ധപ്പെട്ട പരിശോധിച്ചു നോക്കാം.

പഞ്ചായത്തിലെ ജനസംഖ്യയിൽ അര ശതമാനം പേർ മുഴുവൻ ഓല ഉപയോഗിച്ചുള്ള വീടുള്ളവരും 1% പേർ ഓലയും മണ്ണും ഉപയോഗിച്ചുള്ള വീടുള്ളവുരം 3.5% പേർ മുളയും ഓടും മണ്ണും ഉപയോഗിച്ച് വിടുള്ളവരും 20% പച്ച ഇഷ്ടികയും മരവും ഓടും ഉപയോഗിച്ച് വീടു പണിതവരും 17% പേർ വെട്ടുകല്ലും മരവും ഓടുമുപയോഗച്ച് വീടുപണിതവരും 25% പേർ മരം ചൂള ഇഷ്ടിക ഓട് എന്നിവ ഉപയോഗിച്ചം ഒറ്റനില വീടുള്ളവരും 5% പേർ ഇപ്രകാരം പേർ ഇരുനിലവീടുള്ളവരും 19% ഒറ്റനില വാർക്കകെട്ടിടമുള്ളവരും 7% പേർ ഇരുനില വാർക്കകെട്ടിടമുള്ളവരും 1% പേർ ചിലവുകുറഞ്ഞ വീടുകൾ പണിതവരുമാണെങ്കിൽ 1% പേർ ഭവനരഹിതരുമാണ്. ഭവനനിർമ്മാണരംഗത്തെ പുരോഗതി ഈ പട്ടികയിൽ നിന്ന് വ്യക്തമാകുന്നു. പട്ടിക 2. ഭവനനിർമ്മാണരംഗത്ത് ഹരിജന പ്രാതിനിധ്യം 6% ഉണ്ടെന്നുള്ളത് ആശാവഹമാണ്. പട്ടിക 3 കാണുക. 1985 മുതൽ നടപ്പുവർഷം വരെയുള്ള ഭവനനിർമ്മാണരംഗത്തെ മൊത്തം വർദ്ധനവ് പട്ടിക 1 കാണുക.

കെട്ടിടനിർമ്മാണരംഗത്തെ പ്രധാന അസംസ്കൃത വസ്തുവായ ചൂള ഇഷ്ടിക 1990 ൽ 1000 ന് 600 രൂപയെന്നതിൽ നിന്നും തൽ വർഷത്തിൽ 1300 ലെത്തി എന്നത് വിസ്മയകരമായ ഒരു സത്യമാണ്. ഇഷ്ടികകളത്തിനുവേണ്ട സ്ഥലത്തിൻേറയും വിറകിൻേറയും ദൗർലഭ്യവും വിലവർദ്ധനവും കൂലിവർദ്ധനവും ഇതിനു കാരണമായി ചൂണ്ടി കാണിക്കപ്പെടുന്നു. പട്ടിക 4 കാണുക.

കരിങ്കല്ലിൻെറ കാര്യം വ്യത്യസ്തമല്ല. 1990 ൽ ഒരു ലോഡ് കരിങ്കല്ലിന് 150 രൂപയുണ്ടായിരുന്ന സ്ഥാനത്ത് നടപ്പുവർഷതതിൽ 700 രൂപയായി വാർദ്ധിച്ചിരിക്കയാണ്. പട്ടിക 5 കാണുക

സിമൻറ്, കമ്പി, ഓട്, എന്നിവയുടെ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്ന് സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നു. (പട്ടിക 6 ). 1990 ൽ ഒരു ചാക്കു സിമൻറിന് 77 രൂപയായിരുന്നെങ്കിൽ ഇന്നത് 180 രൂപയാണ് വർദ്ധനവ്. സ്റ്റീൽ 1990 ൽ ടണ്ണിന് 900 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 1530 രൂപയാണ്. (പട്ടിക 7) ഓട് ഒന്നാതരം 1990 ൽ 1000 ന് 1500 രൂപ ഉണ്ടായിരുന്നപ്പോൾ നടപ്പുവർഷത്തിൽ 3500 ൽ എത്തിനിൽക്കുകയാണ്. ( പട്ടിക 8)

കല്ലാശാരി, മരാശാരി എന്നീ വിദഗ്ദതൊഴിലാളികളുടെ പണിക്കൂലിയിൽ വന്ന വർദ്ധനവും മോശമല്ല. 1990 ആളൊന്നിന് ദിവസകൂലി ശരാശരി 70 രൂപയിൽ ഒതുങ്ങിനിന്നപ്പോൾ ഇന്നത് ശരാശരി 150 ൽ എത്തി നിൽക്കുന്നു. (പട്ടിക 9)

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 1% ഇന്നും ഭവനരഹിതരാണ്. ഉള്ളവരിൽ തന്നെ ഗ്രന്നനിലവാരം കുറഞ്ഞവരേയറെ. ഭവനനിർമ്മാണസഹകരണസംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. പാർപ്പിടയോഗ്യമായ നല്ലൊരു സ്ഥലം പഞ്ചായത്ത് പരിധിയിൽ കണ്ടെത്തിവികസിപ്പിച്ചെടുത്ത് ജലം, ഗതാഗതം, ഊർജ്ജം എന്നീ പ്രാഥമിക സൗകര്യങ്ങൾ

ഏർപ്പെടുത്തി ഒരു ഭവനനിർമ്മാണസംഘം രൂപീകരിക്കുന്നതിനെകുറിച്ചം സഗൗരവം ചിന്തിക്കാം.ഗൃഹനിർമ്മാണ വായ്പകൾകകുള്ള കാലതാമസവും ഗുഭോക്താക്കളുടെ കഴിവിൻെറ പരിധിക്കപ്പുറമുള്ള നിയന്ത്രണങ്ങളും സുതാര്യമാക്കാൻ ഉള്ള ശുപാർശകൾ പഞ്ചായത്തുതലത്തിൽ നിന്നുണ്ടാകേണ്ടിയിരുക്കുന്നു. നിത്യവരുമാനത്തിൻേറയോ സാമ്പത്തികശേഷിയുടേയോ നിചസ്ഥിതി നേരിട്ട മനസ്സിലാക്കി അവയുടെ അടിസ്ഥാനത്തിൽ നിർദ്ധനരായ ഭവനരഹിതർക്ക് സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കുന്നതിനും പ്രായേണ ചെറിയ വരുമാനമുള്ളവർക്ക് വീടുപണിയുന്നതിന് ധനസഹായം ലഭിക്കുന്നതിനും പഞ്ചായത്തു തലത്തിൽ നടപടികൾ കൈകൊള്ളേണ്ടതാം്. നിർദ്ധനരായ ഹരിജനങ്ങളുടെ വീടുകൾ അറ്റകുറ്റ പണികളും പഞ്ചായത്തു തലത്തിൽ നടത്തികൊടുക്കണം.

ചെലവു കുറഞ്ഞ വീടുകൾ പണിയുന്നതിലക്ഷ്യ് ഉപഭോക്താക്കളെ ബോദവൽക്കരണം നടത്തുനനതോടൊപ്പം ഈ മേഖലയിൽ വിദഗ്ദതൊഴിലാളികളെ വാർത്തെടുക്കുന്നതിനുള്ള സംരഭവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഹോളോ ബ്രിക്സ് മുതലായ ചിലവുകുറഞ്ഞ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുകയും ഇത്തരം പുതിയ തുടങ്ങുന്ന സംരഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരുക്കുന്നു. ചിലവു കുറഞ്ഞ ശുചിത്വമുള്ള ചെറിയ വീട് ഓരോരുത്തർക്കും അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി നമുക്ക് ഒന്നിച്ച് കൈകോർക്കാം.

# സാമൂഹ്യക്ഷേമം

ഗ്രാമീണജനതയുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ കൊച്ചു കേരളം എന്നും മുമ്പന്തിയിൽ ഉണ്ട്. ഗ്രാമത്തിലെ വൃദ്ധജനങ്ങൾ ശിശുക്കൾ സാമൂഹ്യമായും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന യുവജനങ്ങൾ വനിതകൾ എന്നിവരെ ഉദ്ധരിക്കുക എന്നതാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. സാക്ഷരതയിൽ ഇന്ത്യയിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ തൃക്കൂർ പഞ്ചായത്തിൽ 84% പേർ വിദ്യാഭ്യാസമുള്ളവരും ശേഷം 16% പേർ നിരക്ഷരരുമാണ്. സാമൂഹ്യക്ഷേമം ലാക്കാക്കി ഒരുപാട് പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതിൻെറ മുഴുവൻ പ്രയോജനവും ഗുണഭോക്താകകൾക്കു കിട്ടുന്നുണ്ടോ എന്നുള്ള കാര്യത്തിൽ പുനർചിന്തനവും ആവശ്യമാണ്.

DRDA അഥവാ ജില്ലാ ഗ്രാമവികസന ഏജൻസി മുഖേന താഴെ പറയുനന സാമൂഹ്യക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നു.

IRDP അഥവാ സംയോജിത ഗ്രാമവികസന പദ്ധതി

ദാരിദ്രരേഖക്കു താഴെയുള്ള ജനങ്ങൾക്കു സ്വയം തൊഴിൽ കാർഷികവൃത്തി ഭവനനിർമ്മാണം എന്നീ മേഖലകളിൽ സബ്സിഡിയോടുകൂടിയുള്ള ധനസഹായമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായത്തിൽ നിശ്ചിതശതമാനം സൗജന്യമാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ശരിയായ സൂക്ഷ്മപരിശോധനക്കുശേഷം ലഭിക്കുന്ന ഈ ധനസഹായത്തിന് അർഹരാകുന്നതിൽ നല്ലൊരു ശതമാനം പേർ കിട്ടുന്ന തുക വക മാറ്റി ചിലവു ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ശരിയായ രീതിയിൽ ഈ ധനസഹായം ഉപയോഗിക്കുന്നതിനും തന്മൂലം ഗുണഭോക്താക്കളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വ്യാപകമായ ബോധവൽകൃകരണം ആവശ്യമാണ്.

JRY അഥവാ ജവഹർ റോസഗർ യോജന തൊഴിൽദാന പദ്ധതി

പൂർണ്ണമായും ഹരിജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിനും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ലഭിച്ചുവരുന്നു. ഈ പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം പഞ്ചായത്തിലെ ഹരിജനങ്ങൾക്ക് ഗ്രൂപ്പായോ ഒറ്റയ്ക്കോ സ്വയംതൊഴിൽ നേടുന്നതിന് ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും ലഭിച്ചുവരുന്നു. ദൗർഭാഗ്യവശാൽ

നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിക്ക് സാന്നിദ്ധ്യം കുറവാണ്. ദേശസാൽകൃതബാങ്കുകൾ ഇത്തരം പദ്ധതികൾക്ക് ധനസഹായം നൽകുന്നത്.

PMRY അഥവാ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി

ദാരിദ്രരേഖക്കു താഴംയുള്ള തൊഴിൽ ഉദ്ദേശിച്ചുള്ള ഈ പദ്ധതിയിൽ അഞ്ചുപേർക്ക് തൻവർഷം ധനസഹായം ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം മൊത്തം മൂലധനത്തിൻെറ 5% സംരഭകൻെറ വിഹിതവും 95% ദേശസാൽകൃതബാങ്കുകളുടെയും വഴിയുള്ള ധനസഹായമാണ്.

DWCRA ©Development of Women & Children in Rural Area എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ വനിതകളുടെയും കുട്ടികളുടേയും ഉന്നമനമാണ് ഉദ്ധേശിക്കുന്നത്. ഗ്രാമീണ വനിതകൾക്ക് തൊഴിലും അതുവഴി വരുമാനവർദ്ധനവും തദ്വാര ഉയർന്ന ജീവിതനിലവാരവും പ്രദാനം ചെയ്യുവാനുള്ള ഈ പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ ഒരു യൂണിറ്റുണ്ടായിരുന്നു. സാങ്കേതിക കാരണങ്ങളാൽ ഈ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

TRYSEM - Traiing for Youth Self Employment എന്ന ഈ പദ്ധതി തൊഴിൽ സംരഭകരെ ഉദ്ദേശിച്ചുള്ളതാണ്. മുകളിൽ പ്രസ്താവിച്ചപ്രകാരമുള്ള പദ്ധതികൾ മുഖേനെ സ്വയംതോഴിലുകളിൽ ഏർപ്പെടാനുദ്ദേശിച്ചിട്ടുവർക്ക് പരിശീലനം ഈ പദ്ധതി വഴി സാദ്ധ്യമാകുന്നു. വ്യതസ്ഥ തൊഴിലുകളിൽ സംഭകർക്ക് വ്യത്യസ്ഥ കാലയളവുകളിൽ പരിശീലനം ലഭിക്കുന്നു. ഇതിന് പ്രതിമാസം 500 രൂപ നിരക്കിൽ സ്റ്റൈഫൻറും ലഭിച്ചുവരുന്നു. ഉദാഹരണത്തിന് വെൽഡിങ്ങ് വർക്ക്ഷോപ്പ് തുടങ്ങേണ്ട സംരഭകന് ഒരു വർഷം പരിശീലനം ലഭിക്കുമ്പോൾ പ്ലാസ്റ്റിക്, കുട്ടനിർമ്മാണം എന്നിവക്ക് മൂന്നു മാസമാണ് പരിശീലന കാലാവുധി. നിർഭാഗ്യവശാൽ ഈ വർഷം നമ്മുടെ പഞ്ചായത്തിൽ നിന്നും ഈ പദ്ധതിയിൽ പ്രാതിനിധ്യം ഇല്ല.

Million Well Scheme പൂർണ്ണമായും പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ കൃഷി ജലസേചന രംഗങ്ങളിലുള്ള വികസനം ലാക്കാക്കിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ദാരിദ്രരേഖക്ക് താഴെയുള്ള ഹരിജനങ്ങൾക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഈ പദ്ധതി പ്രകാരം ഹരിജൻ കോളനികൾ ജലസേചനത്തിനാവശ്യമായ ഇറിഗേഷൻ കനാൽ ഭൂമിസംരക്ഷണത്തിനാവശ്യമായ തിട്ടകെട്ടി തട്ടുതിരിക്കൽ മുചലായവ ചെയതു കൊടുക്കുന്നു. ഈ പദ്ധതിപ്രകാരം ആതൂർ ഹരിജൻ കോളനിയിൽ ഫീൽഡ് കനാൽ നിർമ്മിച്ചിട്ടുണ്ട്. 94-95 ൽ ആറു വീടുകളും 96-97 ൽ 8 വീടുകളും ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്.

CRSP Central Rural Sanitation Programme ഈ പദ്ധതി പ്രകാരം ദാരിദ്രരേഖക്കു താഴെയുള്ള വീടുള്ള ഹരിജനങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാൻ 2000 രൂപ സർക്കാരിൽ നിന്നും ധനസഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 94-95 കാലയളവിൽ 24 കക്കൂസുകൾക്ക് 95-96 ൽ 21 കക്കൂസുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

IAY - Indira Awas Yojana പദ്ധതി പ്രകാരം ഭവനരഹിതരായ 11000 രൂപയിൽ താഴെ വരുമാനമുള്ള ചുരുങ്ങിയത് 3 സെൻറ് ഭൂമിയെങ്കിലും സ്വന്തമായിടടുളളവർക്ക് ഭവനനിർമ്മാണത്തിനാവശ്യമായി 22000 രൂപ സരക്കാരിൽ നിന്നും സൗജന്യ ധനസ്ഹായം ലഭിക്കുന്നു. 89% ഹരിജനവിഭാഗക്കാരെ ഉദ്ദേശിച്ചിട്ടുള്ളതുതന്നെയാണ് ഈ പദ്ധതി. ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ 93-94 ൽ 17 വീടുകളും 94-95 ൽ 19 വിടുകളും 95-96 ത 21 വീടുകൾക്കും ധനസഹീയം ലഭിച്ചിട്ടുണ്ട്. മേൽപദ്ധതിപ്രകാരം ധനസഹീയം ലഭിച്ചിട്ടുള്ളവരിൽ 93-94 തഎ 2 പേരും 94-95 ൽ 3 പേരും വീടുകൾ നിർമ്മിച്ചിട്ടെല്ലെന്നു കാണുന്നു. വീടുകൾ നിർമ്മിച്ചിട്ടില്ലാത്തവരുടെ പേരിൽ റവന്യു റിക്കവറി അടക്കമുള്ള നടപടികൾ എടുക്കാൻ ജില്ലാ പഞ്ചായത്തു സെക്രട്ടറി അഥവാ കളക്ടർക്ക് അധികാരമുണ്ട്.

തൃക്കൂർ പഞ്ചായത്തിൽ ഏകദേശം 700 കർഷകതൊഴിലാളി പെൻഷനും 200 ഓളം വിധവാ പെൻഷനും 150 ഓളം തൊഴിലില്ലായ്മ വേതനവും ഏകദേശം 50 പേർ

വാർദ്ധക്യകാലപെൻഷനും ലഭിച്ചുവരുന്നു. മേൽ പ്രസ്താവിച്ച പെൻഷനുകൾ സമയത്തിനു ലഭിക്കുന്നില്ല എന്ന പരാതി വ്യാപകമാണ്.

5 ബാലവാടികളും 5 മഹിളാസമാജങ്ങളും പഞ്ചായത്തുപരിധിയിലുണ്ട്. സാമ്പത്തികപരാധീനതകളാണ് ഈ സ്ഥാപനങ്ങളുടെ മുഖ്യപ്രശ്നം

സാമൂഹ്യക്ഷേമ രംഗത്ത് പദ്ധതികളേറെയുണ്ടെങ്കിലും പരാധീനതകളും ഏറെയുണ്ട്. യഥാർത്ഥ ഗുണഭോക്താവിലേക്ക് ഇന്നും ഈ പദ്ധതികളുടെ പ്രയോജനം എത്തിച്ചേരുന്നില്ലാ എന്നത് ഒരു നഗ്നസത്യമാണ്.

***പ്രശ്നങ്ങൾ***

സാമൂഹ്യക്ഷേമപദ്ധതികളിൽ പലതിനെകുറിച്ചും ഗ്രാമീണ ജനത അജ്ഞരാണ്.

ധനസഹായത്തിന്റെ ഘട്ടത്തിലെത്തുമ്പോൾ സാമ്പത്തികം പ്രശ്നമാകുന്നു. പ്രായേണ നിർദ്ധരരായ ഗുണഭോക്താക്കൾക്ക് അവരുടെ പ്രവർത്തനമേഖലക്ക് അനുയോജ്യമായ മൂലധനത്തിന് ജാമ്യവസ്തു നൽകാനില്ലാത്തതാണ് പ്രശ്നം.

വ്യക്തമായ ധാരണകളില്ലാതെ ആരംഭിക്കുന്ന ഇത്തരം പദ്ധതികൾ ഇടക്കുവെച്ച് വഴിമുട്ടുന്നു. ഇത്തരം പദ്ധതികൾക്ക് ധനസഹായം സബ്സിഡി ലഭിച്ചുകഴിഞ്ഞാൽ വകമാറ്റി ചിലവഴിക്കുന്നു.

***നിർദ്ദേശങ്ങൾ***

IRDP, JRY, PMRY, DWCRA, TRISEM, Million Well, CRSP, IAY എന്നീ പദ്ധതികളെകുറിച്ച് ജനമദ്ധ്യത്തിൽ വ്യാകമായ ബോധവൽക്കരണം നടത്തുക.

ഇത്തരം സാമൂഹ്യക്ഷേമപദ്ധതികൾ മുഖേനെയുള്ള ധനസഹായത്തിന് അർഹരായവരെ സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി ജാമ്യവ്യവസ്ഥകളിൽ ഇളവു വരുത്തുവാനുള്ള പദ്ധതികൾ നടത്തുക.


പദ്ധതികൾ ആരംഭിക്കുന്നതിനുമുമ്പ് സംരംഭകന്റെ അഭിരുചി, ഉൽപാദനവിപണന മേഖലകളിലെ കഴിവ് എന്നിവ തിരിച്ചറിയാനുള്ള സംവിധാനം ഏർപ്പെടുത്തുക.

ഇത്തരം പദ്ധതികൾക്ക് ലഭിക്കുന്ന വകമാറ്റി ചിലവു ചെയ്യാതിരിക്കാനും ശരിയായ രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതിനും ഓഡിറ്റുചെയ്യുന്നതിനും സർക്കാർ ലോക്കൽ ബോഡി തലത്തിൽ മേൽനോട്ടത്തിനുള്ള സംവിധാനം നടപ്പിലാക്കുക.




574

പാർപ്പിടത്തിന്റെ സ്വഭാവം ശതമാന വ്യാഖ്യാനത്തിൽ





പട്ടിക -1-




പട്ടിക-2


പാർപ്പിട രംഗത്തെ വർദ്ധനവ്.




പട്ടിക - 3


A. ഇഞ്ചി . കൈത്തറിക്കാവശ്യമായ അസംസ്കൃതവസ്തു വിലവർദ്ധനവ്.

പട്ടിക.4.





B. കാരികല്ല്

പട്ടിക. 5.





സിമന്റ്.

പട്ടിക. 6.




മീൻ

പട്ടിക. 7




മെരിട്ട്:


പട്ടിക. 8




പഞ്ഞുമ്മി വ്യവസായവ്

പഞ്ഞുമ്മി:

പട്ടിക. 9.



# 8 സംസ്കാരം

തൃക്കൂർ എന്ന പേരുണ്ടായത് എങ്ങിനെയെന്ന് വിശദീകരിച്ചുകൊണ്ട് വേണം തൃക്കൂർ പഞ്ചായത്തിൻെറ സാംസ്കാരിക പൈതൃകത്തിലേക്ക് കടക്കാൻ. തൃക്കൂർ പഞ്ചായത്തിൽ രണ്ടു വില്ലേജുകൾ ഉൾപ്പെടുന്നുണ്ട്. 1. തൃക്കൂർ 2 കല്ലൂർ രണ്ടുപേരുകളും ഉണ്ടായതിന് വ്യക്തമായ വിശദീകരണവും നമുക്ക് കണ്ടെത്താം. തൃക്കണ്ണൻെറ ( തൃക്കൂരപ്പനായ ശിവൻെറ) ഊര് എന്നർത്ഥത്തിൽ തൃക്കൂരുണ്ടായി അതെല്ലെന്നും കല്ലൂർ, തലോർ, പുത്തൂർ എന്നിങ്ങനെ മൂന്ന് ദിക്കുകൾക്ക് അഭിമുഖമായി ( തൃ + ദിക്ക് + ഊര് ) നിൽക്കുന്നതുകൊണ്ടാണ് തൃക്കൂർ എന്ന പേരുണ്ടായതെന്നുമുള്ള വാതഗതികളുമുണ്ട്. എന്നാൽ കല്ലുള്ള സ്ഥലം ( കല്ല് + ഊര്) എന്നർത്ഥത്തിലാണം കല്ലൂര് ഉണ്ടായതെന്നുള്ള ഏകവാദം ഉണ്ടായത്.

നാനാജാതി മതസ്ഥരാണ് ഇവിടെ താമസിക്കുന്നത്. ഒരു തരത്തിലുമുള്ള പ്രശ്നങ്ങളുമില്ലാതെ സൗഹാർദ്ദപരമായാണ് ജനങ്ങൾ കഴിഞ്ഞുപോന്നിരുന്നത്. ഇപ്പോഴും ഒരു ജാതി സ്പർദ്ദപോലും ഇല്ലാത്ത ഒരു പഞ്ചായത്താണിത്. ഹിന്ദു - കൃസ്ത്യൻ - മുസ്ലീം മതങ്ങളാണ് പ്രധാനമായും ഉള്ളത്. ജനസംഖ്യയിൽ 9% പട്ടികജാതിക്കാരും ഇവിടെ നിവസിക്കുന്നു. മലയോരമേഖലയായ കള്ളായി പ്രദേശത്ത് 10 ൽ താഴെ കുടുംബങ്ങളിൽ 29 പട്ടിക വർഗ്ഗക്കാരും താമസിക്കുന്നുണ്ട്. ഇവരിൽ പലരും മറ്റത്തൂർ പഞ്ചായത്തിലെ ആനപാന്തം ഗിരിവർഗ്ഗകോളനിയിൽ നിന്നും കുടിയേറി പാർത്തവരാണ്. ഇവിടത്തെ പട്ടികജാതിയിൽ പെട്ടവർ ജീവിതനിലവാരം വളരെ താഴ്ന്നതും സാമൂഹ്യപരമായി പിന്നോക്കം നിൽക്കുന്നവരുമാണ് പട്ടികവർഗ്ഗക്കാർ ഇവിടെ എത്തിയതോടെ സാമൂഹ്യപരമായി ഉയർന്നുവെന്നുള്ള മിഥ്യാധാരണയുണ്ട്. ഗിരിവർഗ്ഗക്കാരായിരിക്കുമ്പോൾ അവർ വളരെ ഉയർന്ന നിലവാരമാണ് പുലർത്തിയിരുന്നത്. കാരണം ആവശ്യത്തിന് ഭക്ഷണം, ജോലി, വിറക് എന്നു തുടങ്ങി അവന് വേണ്ടതായ എല്ലാം തന്നെ ലഭിച്ചിരുന്നു. അവൻ അർഹിക്കുന്ന അംഗീകാരവും ലഭിച്ചിരുന്നു. എന്നാൽ സാംസ്കാരികമായി അവൻ ഇവിടെ വന്ന് അധഃപതിച്ചുപോയി. കാരണം അവൻെറ തനതായ ജീവിതശൈലി എല്ലാം മാറി. അവന് ലഭിച്ചിരുന്ന സർക്കാർ സഹായങ്ങൾ ലഭിക്കുമെങ്കിലും അവർ ഒരുമിച്ച് താമസിക്കുമ്പോൾ ലഭിക്കുന്നത്ര ഇവിടെ ലഭ്യമല്ല.

ഇവിടത്തെ ജനങ്ങളുടെ മതാചാരപ്രകാരം ആചാരാനുഷ്ഠാനങ്ങളാൽ അധിഷ്ഠിതമായി ദേവാലയങ്ങളും അവയോടനുബന്ധിച്ച് പെരുന്നാളുകളും ആഘോഷങ്ങളും കൊണ്ടാടുന്നുണ്ട്.

**പ്രധാന ദേവാലയങ്ങൾ താഴെ പറയുന്നവയാണ്.**

**1. തൃക്കൂർ ശ്രീമഹാദേവക്ഷേത്രം.**

മദ്ധ്യകേരളത്തിലെ തൊടുകുറിയായ തൃശ്ശൂർ പട്ടണത്തിൽ നിന്നും 10 കി.മീ. തെക്കുകിഴക്കാഴി സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ തൃക്കൂർ ഗ്രാമത്തിൻെറ ഹൃദയഭാഗത്തുകൂടെ ഒഴുകുന്ന മണലിയാറിൻെറ തീരത്ത് ഏകദേശം 150 അടിയോളം ഉയരത്തിൽ സ്ഥിതി ചെയ്യുന്ന അതിമനോഹരമായി ഒരു ഗുഹാക്ഷേത്രമാണ് തൃക്കൂർ ശ്രീമഹാദേവക്ഷേത്രം. പാറ തുരന്ന് ശിവഗണങ്ങളാൽ നിർമ്മിതമെന്ന് വിശ്വസിക്കപ്പെടുന്ന ഗർഭഗൃഹത്തിന് ഉദ്ദേശം 24 അടി നീളവും 18 അടി വീതിയും 10 അടി ഉയരവുമുണ്ട്. ശ്രീകോവിലിൻെറ ഭിത്തിയിലുള്ള ആലേഖനങ്ങളും മണ്ഡലത്തിൽ നില്ക്കുന്ന ശിലാസ്തംഭങ്ങളിലെ ശില്പകലയും മറ്റും വിദഗ്ദമായി പരിശോധിച്ചതിൽ നിന്നും ഈ ക്ഷേത്രത്തിന് 1500 വർഷങ്ങളോളം പഴക്കമുണ്ടെന്നാണ് പുരാവസ്തുഗവേഷകന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ മഹാക്ഷേത്രം ഒരു സുരക്ഷിത സ്മാരകചരിഹ്നമായി കേന്ദ്രപുരാവസ്തു ഗവേഷണ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്നതിൽ നിന്നുതന്നെ ഇതിൻെറ മാഹാത്മ്യവും ചരിത്രപ്രാധാന്യവും ഊഹിക്കാവുന്നതാണ്. എല്ലാവർഷവും ജനുവരി മാസത്തിൽ ഏഴു ദിവസങ്ങളിലായിട്ടാണ് ഇവിടത്തെ ഉത്സവം കൊണ്ടാടുന്നത്. തൃക്കൂരിലെ ആബാലവൃദ്ധം ജനങ്ങൾ ആഹ്ലാദതിമർമ്മപ്പിലാറാടുന്ന ഉത്സവം ഏഴാം ദിവസത്തെ ആറാട്ടോടുകൂടി സമാപിക്കുന്നു.



579

**മതിക്കുന്ന് ഭഗവതി ക്ഷേത്രം**

തൃശ്ശൂർ നഗരത്തിൽ നിന്നും 10 കി.മീ. തെക്കു കിഴക്കായി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ തൃക്കൂർ ഗ്രാമത്തിൻെറ കിഴക്കുഭാഗത്ത് വർത്തിക്കുന്ന അതിമനോഹരമായ ഒരു പ്രാചീന ക്ഷേത്രമാണ് മതിക്കുന്ന് ഭഗവതി ക്ഷേത്രം.

പ്രാചീനകാലത്ത് ബ്രാഹ്മണാധീനതയിലായിരുന്നു ക്ഷേത്രം. ആ ബ്രാഹ്മണകുടുംബത്തിൻെറ സമീപത്തുണ്ടായിരുന്ന മറ്റൊരു ഇല്ലക്കാരുമായി മുൻപറഞ്ഞ ബ്രാഹ്മണകുടുംബക്കാർ മതമത്സരങ്ങൾക്കിടവരുവാനും തൽഫലമായി ഈ ക്ഷേത്രാധിപരായിരുന്ന ബ്രാഹ്മണകുടുംബക്കാർ നശിപ്പാൻ ഇടവരുകയും ക്ഷേത്രവും ക്ഷേത്രഭൂമിയും പ്രകൃതിക്ഷോഭത്താൽ നശിച്ച് അന്യാധീനപ്പെടുവാൻ ഇടവരുകയും ഈ കാലഘട്ടത്തിൽ ഈ ഭൂമി ക്ഷത്രിയബന്ധസേലകരായ പാലിയത്തുകാർ കയ്യടക്കിയതായും അവരുടെ അനാസ്ഥമൂലം ഇന്നത്തെ പൂജകഗൃഹത്തിലെ ഭക്തനായ ഒരു കാരണവർക്ക് ദേവീദർശനത്തിന് ഇടവരുകയും ആ കുടുംബക്കാർ ക്ഷേത്രനിർമ്മാണം ചെയ്ത് ദേവിയെ പ്രതിഷ്ഠിച്ച് പൂജിച്ചുവരുന്നതായുമാണ് ക്ഷേത്രചരിത്രപ്രകാരം കാണുന്നത്. ഈ ദേവിസാന്നിദ്ധ്യം കൂടാതെ ഒരു മഹാദേവസാന്നിദ്ധ്യം ഇവിടെയുണ്ടെന്നും ഇതോടനുബന്ധിച്ച് മറ്റൊരു ദേവീക്ഷേത്രബന്ധവും ഇന്നത്തെ ക്ഷേത്രാധികാരികളിൽ ഉള്ളതായും കാണുന്നു. പ്രധാന പ്രതിഷ്ഠ ഭദ്രകാളിയാണ്. പ്രധാന ആഘോഷം നടത്തുന്നത് പ്രതിഷ്ഠാദിനമായ മകരമാസത്തിലെ അത്തം നാളിലാണ്. അനവധി ഗജവീരന്മാരെ അണിനിരത്തികൊണ്ട് വിവധദേശക്കാരുടെ അകമ്പടിയോടെ നടത്തുന്ന പൂരം മഹോത്സവം ഗ്രാമവാസികളുടെ ഉള്ളിനെ വിസ്മയഭരിതമാക്കുന്ന ഒരു കാഴ്ചയാണ്. കേരളത്തിലെ ഏറ്റവും തലയെടുപ്പുള്ള ഗജവീരനെ എല്ലാവർഷവും ഒരു ദേശക്കാരുടേതായി എഴുന്നുള്ളിക്കുന്നത് മറ്റൊരു പ്രത്യേകതയാണ്.

**ഞെള്ളൂർ ശ്രീസുബ്രഹ്മണ്യക്ഷേത്രം ;**

പഞ്ചായത്തിൻെറ സമീപപ്രദേശങ്ങളിൽ വച്ച് ഏറ്റവും പുരാതനമായ സുബ്രഹ്മണ്യക്ഷേത്രങ്ങളിലൊന്നാമ് ഞെള്ളൂർ ശ്രീസുബ്രഹ്മുണ്യക്ഷേത്രം. അനവധി ഉപപ്രതിഷ്ഠകളോടുകൂടി ക്ഷേത്രത്തിൻെറ ശ്രീകോവിലിൻെറ മുൻഭാഗം കരിങ്കല്ലിൽ തീർത്ത ഒറ്റക്കല്ലാണ്. വിശാലമായ അമ്പലപ്പറമ്പ് സമീപസ്ഥലങ്ങളായ മറ്റൊരു ക്ഷേത്രങ്ങൾക്കുമില്ലാത്തൊരു പ്രത്യേകതയാണ്.

വൃശ്ചികമാസത്തിലെ പൂയ്യം നാളാണം ഇവിടുത്തെ പ്രശസ്തമായി ആഘോഷം നടക്കുന്നത്. അനവധി കാവടിസെറ്റുകൾ കേരളത്തിലെ പ്രശസ്ത നാദസ്വരവിദ്വാന്മാരുടെ അകമ്പടിയോടെ കാലത്തും വൈകുന്നേരവും ക്ഷേത്രപറമ്പിൽ പ്രവേശിച്ച് നടത്തുന്ന കാവടിയാട്ടം വിസ്മയകരമായ ഒരു കാഴ്ചതന്നെ. അതോടൊപ്പം പ്രശസ്ത പഞ്ചമേളവിദഗ്ദരുടെ അകമ്പടിയോടെ 3 ഗജവീരന്മാരുടെ ശിവേലിയും മറ്റൊരു പ്രത്യേകതയാണ്. ക്ഷേത്രപരിധിയിൽപ്പെട്ട ഒരു പ്രത്യേക സമുദായക്കാർ എല്ലാവരും ഒരു സെറ്റും മറ്റുള്ളവർ എല്ലാവരും സഹകരണ മനോഭാവത്തോടെ വിവധ സെറ്റുകളും നടത്തുന്നൊരു ന്യൂനതയൊഴിച്ചാൽ മറ്റെല്ലാം ശുഭം.

**കല്ലൂർ ശിവക്ഷേത്രം**

കല്ലൂർ നിവാസികൾ കല്ലൂരപ്പൻ എന്ന് ഭക്തിപുരസ്സരം വിളിക്കുന്ന കല്ലൂർ ശിവക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശിവനാണ്. ഏകദേശം 1200 ൽ പരം വർഷം പഴക്കമുണ്ടെന്നാണ് അഷ്ടമംഗല്യപശ്നത്തിൽ തെളിഞ്ഞത്. കാടുപിടിച്ച് കിടന്നിരുന്ന ഈ സ്ഥലത്ത് പുല്ല് അരിയുന്നതിന് വന്ന ഒരു പുലയസ്ത്രീ അരിവാൾ ഒരു കല്ലിൽ തേയ്ച്ചപ്പോൾ രക്തം പൊടിഞ്ഞുവെന്നും ശിവൻെറ ദർശനം ലഭിച്ചുവെന്നും നാട്ടുകാർ പ്രശ്നം വെച്ചു നോക്കിയപ്പോൾ അവിടെ ക്ഷേത്രം പണിയണമെന്ന് ബോധ്യം വരികയും അങ്ങിനെയാണ് പണിതതെന്നുമാണ് ഐതിഹ്യം

ക്ഷേത്രത്തിൻെറ ഊരായ്മ പുതുമന ഇല്ലത്തിനും അവണൂറ് മനക്കും ആയിരുന്നു. ഈ രണ്ട് മനകളും തമ്മിലുള്ള കിടമത്സരം മൂലം രണ്ടു മനകളും കൂടി ഊരകത്തു തൃപടിയിൽ കൊണ്ടു വയ്ക്കുകയും അങ്ങിനെ ഊരകം ദേവസ്വത്തിൻെറ അധീനതയിൽ

വരികയുമാണുണ്ടായത്. ഇപ്പോൾ ഈ ക്ഷേത്രം കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലാണ്. കലശ ദിനമായ മീനമാസത്തിലെ അശ്വതി നാളിലാണ് പ്രധാന ഉത്സവം നടക്കുന്നത്. മൂന്നു ദിവസങ്ങളിലായി നടക്കുന്ന ആഘോഷത്തിലെ പ്രധാന പരിപാടി വിദഗ്ദരായ പഞ്ചവാദ്യക്കാരുടെ അകമ്പടിയോടുള്ള പൂരാഘോഷമാണ്.

തൃക്കൂർ അയ്യപ്പൻ കുന്ന് ധർമ്മശാസ്താ ക്ഷേത്രം ആയിരം വർഷമെങ്കിലും പഴക്കമുള്ളതാണ് ഈ ക്ഷേത്രം. മഹാദേവക്ഷേത്രത്തിൻെറ അരകിലോമീറ്റർ വടക്കുമാറി സ്ഥിതിചെയ്യുന്നു. ശാസ്താവിൻെറ പ്രധാന പ്രതിഷ്ഠയും ഗണപതി, സുബ്രഹ്മണ്യൻ, ശിവൻ, പാർവ്വതി, മാളികപ്പുറത്തമ്മ, കറപ്പസ്വാമി, വാവര് എന്നിവരുടെ ഉപപ്രതിഷ്ഠകളും ഉണ്ട്. എല്ലാവർഷവും ശബരിമല മകരവിളക്ക് നാളിൽ പ്രധാന ഉത്സവം നടത്തുന്നു. ഇവിടെ പൂരവും പുയ്യവും ഒരാഘോഷത്തിൽ തന്നെ നടത്തുന്നുവെന്നത് ഒരു പ്രത്യേകതകൂടി കാണാവുന്നതാണ്. ഒരിക്കൽ ശബരിമല തീർത്ഥാടകർ ഇവിടെയത്തി കുടിനീരിന് ദാഹിച്ച് ശരണം വിളിച്ചപ്പോൾ ഉഗ്രമായ ശബ്ദത്തോടെ നിരുറവയുണ്ടാവുകയും ഭക്തർ ദാഹംതീർക്കുകയുമുണ്ടായി. അന്ന് രൂപം കൊണ്ട നീരുറവയാണ് 200 അടി ഉയരത്തിൽ കാണുന്ന ഇന്നത്തെ തീർത്ഥകുളം.

**വാരിയത്തൊടി**

ഏകദേശം 500 വർഷം പഴക്കമുള്ളതാണീ ക്ഷേത്രം. പ്രധാന പ്രതിഷ്ഠ മഹാവിഷ്ണുവാണ്. സമീപ പ്രദേശങ്ങളിൽ വിഷ്ണു പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ വളരെ കുറവാണ്. തൃക്കൂരിൽ വാരിയത്തൊടിഭാഗത്ത് അതിമനോഹരമായ നെൽവയലുകൾക്ക് സമീപം സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു ക്ഷേത്രമാണിത്.

കുംഭമാസത്തിലെ രോഹിണി നാളിലാണ് ഇവിടത്തെ പ്രധാന ആഘോഷം നടത്തിവരുന്നത്. ഏതൊരു ഭക്തൻേറയും കൺകുളിർപ്പിക്കുന്നതാണിവിടുത്തെ ഉത്സവം.

**വീട്ടിക്കുന്ന് ശ്രീധർമ്മശാസ്താ ക്ഷേത്രം**

പഞ്ചായത്തിൻെറ മധ്യഭാഗത്ത് സമുദ്രനിരപ്പിൽ നിന്നും 500 ഓളം അടി ഉയരത്തിൽ ഒമ്പതാം വാർഡിൽ – പഞ്ചായത്തിൻെറ മുഖ്യവാണിജ്യകേന്ദ്രമായ മാവിൻചിവട്ടിൽ നിന്നും 1 കി.മീ. ദൂരെ അളഗപ്പനഗർ, കല്ലൂർ പാടശേഖരങ്ങൾക്കു നടുവിൽ തലയുയർത്തി നിൽക്കുന്ന ക്ഷേത്രമാണ് ശ്രീധർമ്മശാസ്താക്ഷേത്രം.

എല്ലാ വർഷവും മിഥുനമാസം 31 ന് പ്രതിഷ്ഠാദിനവും മകരമാസത്തിൽ ഉത്രം നാളിൽ ഗംഭീരമായ ഉത്സവവും കലാപരിപാടികളുടെ അകമ്പടിയോടെ നടന്നുവരുന്നു.

**ഭരതൻ ഭരതക്ഷേത്രം**

നൂറ്റാണ്ടുകൾ തന്നെ പഴക്കമുള്ളതാണീ ക്ഷേത്രം കാട് പിടിച്ച് നാശോന്മുഖമായിരുന്ന ക്ഷേത്രം വർഷങ്ങൾക്ക് മുമ്പ് കാട് വെട്ടിത്തെളിച്ചപ്പോഴാണ് കണ്ടത്. ഒരു കോൽ മാത്രം വ്യാസത്തിൽസ പാറയിൽ നിർമ്മിച്ചിട്ടുള്ള ഇതിലെ മണികിണർ ഒരു അതിശയമാണ്. 1981 ൽ ക്ഷേത്രം പുനരുദ്ധാരണം നടത്തി ഇന്നു കാണുന്ന ക്ഷേത്രം നിർമ്മിച്ചു. സമീപവാസികൾക്ക് അത്യധികം വിശ്വാസമുള്ളതാണീ ക്ഷേത്രം. അവിടെ വണങ്ങാതെ നട മുറിച്ച് കടന്നാൽ ഉദ്ധേശിച്ച കാര്യം നടക്കില്ലെന്ന് മാത്രമല്ല അപകടവും വരുമെന്നുള്ള ഒരു വിശ്വാസവും നിലനിൽക്കുന്നു. കേരളതതിൽ അപൂർവ്വമായി കാണുന്ന ഭരതൻെറ ക്ഷേത്രങ്ങളിൽ ഒന്നാണ് ഈ ക്ഷേത്രം.

**മുട്ടിത്തടി ശക്തീദേവി ക്ഷേത്രം.**

പണ്ടു കാലത്ത് മലയന്മാർ പൂജിച്ചിരുന്നൊരു ദേവീ വിഗ്രഹം മാത്രമായിരുന്നു. കണ്ടുപിടിച്ചതിന് ശേഷം കുറച്ച് നാളുകൾക്കുള്ളിൽ ഈ വിഗ്രഹം അപ്രത്യക്ഷമായി. പിന്നീട് തറ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടുണ്ടായ ക്ഷേത്രപ്രശ്നപ്രകാരം ഇവിടൊരു ക്ഷേത്രമില്ലാതതതിൻെറ ഭവിഷ്യത്തിനെക്കുറിച്ച് നാട്ടുകാർക്ക് ബോധ്യം വരികയും 1992 ൽ ചെറിയൊരു ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. 1998 ൽ വലിയൊരു ക്ഷേത്രമാക്കി പുനർനിർമ്മാണം നടത്തി. ഇവിടുത്തെ പ്രധാന ഉത്സവം നടത്തുന്നത് മീനമാസത്തിലെ മകീര്യം നാളിലാണ്.

**ഹോളിമേരി റോസറി ചർച്ച്**

കല്ലൂരിൽ കിഴക്ക്, പടിഞ്ഞാറ് എന്നിങ്ങനെ രണ്ടു പള്ളികളാണുള്ളത്. പടിഞ്ഞാറെ പള്ളിയായ **ഹോളിമേരി റോസറി** ചർച്ച് 1874 ലാണ് സ്ഥാപിതമായത്. 122 വർഷങ്ങൾ പഴക്കമുള്ള ഈ ദേവാലയം 1996ൽ പുതുക്കിപ്പണിതു. 25 ലക്ഷത്തിൽ പരം രൂപ ചെലവ് ചെയ്ത മനോഹരമായ ഈ ദേവാലയം കണ്ണഞ്ചിപ്പിക്കുന്ന, വിസ്മയകരമായൊരു കാഴ്ചയായി നിലകൊള്ളുന്നു. ഈ പള്ളിയുടെ കീഴിൽ അത്ഭുതപ്രവർത്തകനായ വിശുദ്ധ അന്തോണീസിൻെറ ഒരു കപ്പേളയും കല്ലൂർ പാലയ്ക്കപ്പറമ്പിൽ നിലകൊള്ളുന്നു. എല്ലാ ചൊവ്വാഴ്ചകളിലും നടക്കുന്ന നൊവേനയിൽ അനവധി ഭക്തജനങ്ങൾ പങ്കുകൊള്ളുന്നു.

ജനുവരി മാസം 25, 26 തിയ്യതികളിലായി വിശുദ്ധ അന്തോണീസിൻെറ അമ്പുതിരുന്നാൾ ആഘോഷിക്കുന്നു. അനവധി അമ്പുസെറ്റുകൾ പ്രഗൽഭരായ ബാൻറ് വാദ്യക്കാരുടെ അകമ്പടിയോടെ പാലയ്ക്കപ്പറമ്പിലെ വിശുദ്ധ അന്തോണീസിൻെറ കപ്പേളയിൽ നിന്നും ആരംഭിക്കുന്ന ഘോഷയാത്ര ഏതൊരു വിശ്വാസിയുടെയും മനസ്സിനെ ത്രസിപ്പിക്കുന്നൊരു കാഴ്ചയാണ്.

**സെൻറ് റാഫേൽസ് ചർച്ച്**

1946 ഫെബ്രുവരി മാസം 27 തിയ്യതിയാണ് വിശുദ്ധ റാപ്പായേൽ മാലാഖയുടെ നാമത്തിലുള്ള ഈ പള്ളി സ്ഥാപിതമായത്. 700 ഓളം ഇടവകക്കാരാണ് ഈ പള്ളിയുടെ കീഴിൽ. ഒക്ടോബർ മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് വിശുദ്ധ റാപ്പായേൽ മാലാഖയുടെ ഊട്ടുതിരുന്നാൾ ആഘോഷിക്കുന്നത്. സമീപ പ്രദേശങ്ങളിലെ നാനാജാതി മതസ്ഥർ അതിയായ വിശ്വാസത്തോടെയാണ് ഈ ഊട്ടുതിരുനാളിൽ പങ്കെടുക്കുന്നത്. വിശുദ്ധ സെബാസ്റ്റ്യനോസിൻെറ അമ്പുതിരുന്നാൾ എല്ലാ വർഷവും ജനുവരി 10, 11 തിയ്യതികളിൽ ആഘോഷപൂർവ്വം കൊണ്ടാടുനനു. ആലേങ്ങാട്ടിൽ ഒരുപാട് അമ്പുസെറ്റുകൾ ഒരുമിച്ച് കർണ്ണാനന്ദകരമായ വാദ്യമേളങ്ങളോടേ പള്ളിയിലേക്കാനയിക്കപ്പെടുന്നത് വിശ്വാസികൾക്ക് കണ്ണിന് കുളിർമ്മയേകുന്നൊരു കാഴ്ചയാണ്. ഈ പള്ളി സ്ഥാപിതമായതോടെയാണ് അതുവരെ വള്ളിക്കുന്ന് എന്നറിയപ്പെട്ടിരുന്ന വള്ളികൾ നിറഞ്ഞിരുന്ന ഈ സ്ഥലം പള്ളിക്കുന്നായത്.

**സെൻറ് ആഗസ്റ്റ്യൻസ് ചർച്ച്**

1967 ലാണ് ഈ പള്ളി വെള്ളാനിക്കോട് സ്ഥാപിതമായത്. പഞ്ചായത്തിൽ എട്ടാം വാർഡിൽ മാമലകളോട് ചേർന്നു കിടക്കുന്ന മനോഹരമായ സ്ഥലത്താണ് സ്ഥാപിതമായിരിക്കുന്നത്. 275 ഓളം ഇടവകക്കാരുണ്ട്. ഓരോ വർഷവും ജനുവരി മാസത്തിലെ ആദ്യ ഞായറാഴ്ചയാണ് വിശുദ്ധ സെബാസ്റ്റ്യാ നോസിൻെറ അമ്പു തിരുന്നാൾ കൊണ്ടാടുന്നത്.

**സെൻറ് ഹോളി ട്രിനിറ്റി ചർച്ച്, ഭരത**

1990 ൽ കല്ലൂർ കിഴക്കേപള്ളി, വെള്ളാനിക്കോട് പള്ളി, പൊന്നൂക്കര പള്ളി എന്നീ ദേവാലയങ്ങളിൽ നിന്നും പിരിഞ്ഞുപോയ 200 ഓളം ഇടവകക്കാരുടെ പ്രയത്നഫലമായിട്ടാണ് ഹോളി ട്രിനിറ്റി ചർച്ച് സ്ഥാപിതമായത്. അതിരൂപതാ മെത്രാനുമായ ജോസഫ് കുണ്ടുകുളം മെത്രാൻ തിരുമേനിയാണ് ഈ ദേവാലയത്തിൻെറ വെഞ്ചരിപ്പ് കർമ്മം നടത്തിയത്. വിശുദ്ധ സെബാസ്റ്റ്യാനോസിൻെറ അമ്പുതിരുന്നാളാണ് പ്രധാന ആഘോഷം. എല്ലാ വർഷവും ജനുവരി അവസാനത്തെ ഞായറാഴ്ചയാണ് പ്രധാന ആഘോഷമായ അമ്പുതിരുന്നാൾ നടത്തപ്പെടുന്നത്.

**സെൻറ് ആൻറണീസ് ചർച്ച്, തൃക്കൂർ**

195 ലാണ് പള്ളി സ്ഥാപിതമായത്. പ്രസിദ്ധമായ തൃക്കൂർ ശ്രീമഹാദേവക്ഷേത്രത്തിനു വടക്കുമാറി സ്ഥിതി ചെയ്യുന്ന ഈ പള്ളിയിൽ പഞ്ചായത്തിലെ 2,3,4 വാർഡുകളിലെ ക്രിസ്തുമതവിശ്വാസികൾ ആരാധന നടത്തുന്നു.

**ജുമാ അത്ത് മസ്ജിദ്**

1950 ലാണ് ഈ മസ്ജിദ് സ്ഥാപിതമായത്. സമീപസ്ഥലങ്ങളായ പഞ്ചായത്തുകൾക്കെല്ലാം കൂടി ഈ ഒരു മസ്ജിദ് മാത്രമാണ്. ആരാധനാലയമായിട്ടുള്ളത്. മുൻ എം.എൽ.ഏ. ആയിരുന്ന

ടി.പി. സീതാരാമൻ, ഫാദർ പൗലോസ് മഞ്ഞളി എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ മതമൈത്രിയുടെ കാഹളധ്വനി മുഴക്കിക്കൊണ്ടാണ് ഈ മസ്ജിദ് ആരംഭിച്ചത്. 140 കുടുംബങ്ങളിലായി 1400 ൽ പരം അംഗങ്ങളാണുള്ളത്. എല്ലാ വർഷവും മാർച്ച് 23ന് സെയ്ത് മുഹമ്മദിൻെറ പേരിൽ നടത്തുന്ന ആണ്ടു നേർച്ചയാണ് തനതായ പ്രധാന ആഘോഷം. കൂടാതെ റംസാൻ, ബക്രീദ്, മിലാദ് ഈ ഷെരീഫ് എന്നീ വിശേഷങ്ങൾക്കനുസരിച്ച് ലോകത്താകമാനം നടക്കുന്ന ആഘോഷങ്ങളും വിപുലമായ തോതിൽ ഇവിടെ ആഘോഷിക്കുന്നു.

**കള്ളായി കാർന്നവരുടെ ക്ഷേത്രം.**

ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയായി പറയുന്ന കാർന്നവർ വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നൊരു വ്യക്തിയായിരുന്നു. ഒരു താണ ജാതിയിൽപ്പെട്ട ആളായിരുന്നു. പക്ഷെ സമീപത്തുള്ള ജനങ്ങൾക്കെന്നല്ല ആ വഴി പോകുന്നവർക്കെല്ലാം വിശ്വാസമുള്ളൊരു ക്ഷേത്രമാണിതം. ഇവിടുത്തെ ഏറ്റവും പ്രധാന പ്രത്യേകത ഞായറാഴ്ചകളിൽ മാത്രമായുള്ള പൂജയാണ്. കാർന്നവരുടെ ഇഷ്ടനിവേദ്യം കള്ളും തവിടുമാണ്. ഈ വഴി പോകുന്നവർ കാര്യസിദ്ധിക്കായി ഇവിടെ ഇവ സമർപ്പിച്ചുപോകുന്നത് സ്ഥിരമായൊരു കാഴ്ചയാണ്.

ഇത്രയും ആഘോഷങ്ങളും പെരുന്നാളുകളും ആഘോഷിക്കുന്ന ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ തനതായ പരിപാടികളും ഉണ്ട്. പക്ഷെ അതൊന്നും നടത്തുന്നത് ഇവിടെ വച്ചല്ല എന്ന് മാത്രം. പട്ടികജാതിയിൽപ്പെട്ട നാല് പ്രധാന വിഭാഗങ്ങളാണ് ഇവിടെയുള്ളത്. പറയ, പുലയ, വേട്ടുവ്, കൂടാൻ തുടങ്ങിയവർ. ഇവരുടെ ഇഷ്ടദേവത തട്ടകത്തിലെ (പള്ളിശ്ശേരി തട്ടകം) പള്ളിശ്ശേറി ഭഗവതിയാണ്. കുംഭമാസത്തിലെ ഭരണി കഴിഞ്ഞ് പിറ്റെ ദിവസമായ കാർത്തികവേലയാണ് പ്രധാന ദിവസം. അന്നേ ദിവസം കാലത്ത് പറയർ മുടിയേറ്റും പുലയർ കാളക്കളിയും കൂടാന്മാർ തപ്പും കുടയുമായി ആഘോഷമായി പുറപ്പെടും. വേട്ടുവർ ഇവിടെ 2 വീട്ടുകാർ മാത്രമേയുള്ളു. പറയരുടെ മുടിയേറ്റ് 11 പേരുടെ സംഘമാണ്. ( 2 മരം, 1 ചെണ്ടം, 1 കുഴൽ, 3 കൊട്ടിയാട്ടക്കാർ, 1 പൂതം, 3 മാറ്റമാർ ) പുലയരുടെ കാളക്കളിക്ക് 7 പേരുണ്ടാകും. (2 പേർ കാളയെടുക്കും, 1 കുട, 2 കൊട്ടുകാർ, 2 പേർ മാറ്റത്തിന് ) കൂടാന്മാർ 8 പേർ തപ്പും കുടയും ( 4 തപ്പ്, 1 കുട, 1 ഇലത്താളം, 2 ചെണ്ട ) ഇവയുടെ വേല ഉച്ചതിരിഞ്ഞ് 2 മണിയോടുകൂടി ഭഗവതി കാവിലെത്തിയാൽ മറ്റെല്ലാ ആഘോഷങ്ങളും അവസാനിച്ചിരിക്കും. ഇവരുടെ കളികഴിഞ്ഞ് നടയിൽ വഴിപാട് ചെയ്യുമ്പോൾ ശാന്തിക്കാരന് അവകാശമായി ഒരു കോടിമുണ്ട് നൽകും. അതോടെ ആ വർഷത്തെ വേലക്ക് തിരശ്ശീലയായി.

പിന്നെയൊന്ന് പോത്തോട്ടമാണ്. കന്നിമാസത്തിലെ തിരുവോണ നാളിലാണ് പോത്തോട്ട മകം കൊണ്ടാടുന്നത്. ഈ ആഘോഷത്തിൻെറ വേരുകൾ ജന്മി - കുടിയാൻ ബന്ധത്തിൽ നിന്നാണ് തുടങ്ങുന്നത്. ജന്മി കാര്യസ്ഥൻ മുഖേന പോത്തിനം ആവശ്യമായ അവൽ, മലര്, അട, നാളികേരം തുടങ്ങിയ സാധനങ്ങളും പോത്തിനെ ഓടിപ്പിക്കുന്ന ആൾക്ക് തലേകെട്ടും കൊടുക്കും. 4 ദിവസം മുമ്പ് തന്നെ പോത്തിന് കറുപ്പും കള്ളാവുമെല്ലാം കൊടുത്ത് നിർത്തുമത്രെ. പോത്തോട്ടദിവസം തൊഴുത്തു പൂജയെന്ന ചടങ്ങ് നടത്തി ആർപ്പ് വിളിച്ച് കൊട്ടി, അരിയെറിഞ്ഞ് പോത്തിനെ പുറത്തിറക്കും. 20 പേരെങ്കിലും കയറിട്ട് പിടിച്ചാൽപോലും വരുത്തി തീർത്തുവാൻ ബുദ്ധിമുട്ടായിരിക്കും. വീട്ടിൽ നിന്നിറങ്ങുമ്പോൾ പുലയൻെറ പെണ്ണ് ഒരു ചുരുട്ട് (നെല്ക്കറ്റ) തലയിൽ വച്ച് കൊണ്ടുപോയി പോത്തോട്ടപറമ്പിലെ കല്ലിൽ വക്കും. അവിടെ "കല്ലിന്മേൽ കണക്കനെന്ന " ആൾ ചുരുട്ടും കരിക്കും മറ്റും പുലയ, പറയ, വേട്ടുവർക്ക് ഭാഗിച്ചുകൊടുക്കും. ഇയാൾ വരുമ്പോൾ അലങ്കരിച്ചൊരു കുടയും കാണും. പോത്തിനെ പൂജചെയ്ത കല്ലിന് ചുറ്റും മൂന്ന് പ്രാവശ്യം ഓടിച്ചു കഴിഞ്ഞാൽ ഈ ആഘോഷത്തിനും തിരശ്ശീല വീഴും.

പഞ്ചായത്തിൽ രണ്ടാം വാർഡിൽ ഒരു പോത്തോട്ട പറമ്പുണ്ട്. കല്ലൂരിലെ പാലയ്ക്കപ്പറമ്പിനടുത്ത് ആദ്യമൊരു "കല്ലു"ണ്ടായിരുന്നു. കുറച്ച് കൊല്ലം മുമ്പ് വരെ ഈ കല്ലിനെചുറ്റി പോത്തിനെകൊണ്ടുപോയിരുന്നു. തുടർന്നും ഇതു നടത്തണമെന്ന ആഗ്രഹം ഇവിടുത്തെ ജനങ്ങൾക്കുണ്ട്. നിർത്താതെ ആചാരമനുസരിച്ച് നടത്തികൊണ്ടുപോകുന്ന

പോത്തോട്ടം തലോരിൽ വച്ചാണ് നടത്തുന്നത്. ഈ [illegible] വരുന്ന തടസ്സങ്ങൾ നീങ്ങി തുടർന്നും ഈ പുരാതന വിനോദത്തെ നിലനിർത്തേണ്ടത് നമ്മുടെ കമടമായണ്.

കലാ സാംസ്കാരിക രംഗത്ത് ഏറ്റവും പ്രധാനമായ പങ്കുവഹിക്കുന്ന സ്ഥാപനമാണ് അവിടുത്തെ വായന ശാലകൾ. അവയുടെ പ്രവർത്തനങ്ങൾ വളരെയധികം മന്ദീഭവിച്ചിട്ടുണ്ട്. ആസന്ന ഭാവിയിൽ വളരെ ഭവിഷത്തുണ്ടാക്കാവുന്ന രീതിയിൽ ജനങ്ങളുടെ വായനാശീലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 5 വർഷങ്ങൾക്കു മുമ്പ് വരെ അവയ്ക്കുണ്ടായിരുന്ന പ്രസക്തിയിൽ നിന്നും വളരെയധികം കാര്യങ്ങൾ പിന്നോട്ട് പോയി. അന്ന് സായാഹ്നങ്ങൾ വായനശാലകളിലാണ് യുവാക്കൾ ചെലവഴിച്ചിരുന്നത്. നിത്യേന അനവധി ആളുകൾ തങ്ങളുടെ സമീപത്തുള്ള വായനശാലകളിൽ നിത്യസന്ദർശകരായിരുന്നു. അന്നത്തെ അവസ്ഥയിൽ നിന്നും ഇന്നത്തെ ദയനീയമായ അവസ്ഥയിലേക്കുള്ള ദൂരം വളരെ കൂടുതലാണ്. വായനശാലകളോടനുബന്ധിച്ചാണ് അക്കാലത്ത് കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ രൂപം കൊണ്ടിരുന്നത്. ഒരു ഗ്രാമത്തിലെ ചെറുപ്പക്കാരുടെ മുഴുവൻ പ്രവർതതനത്തിലൂടെയായിരുന്നു അവിടുത്തെ കലാസമിതികളുടെ വാർഷികത്തിനോ അല്ലെങ്കിൽ സമീപങ്ങളിലുള്ള ദേവാലയങ്ങളിലോ ആഘോഷത്തോടനുബന്ധിച്ചു നടത്തിക്കുന്ന "അമേച്ചർ നാടകങ്ങൾ" ഈ പഞ്ചായത്തിലെ വായശാലകൾ, ക്ലബ്ബുകൾ എന്നിവയെക്കുറിച്ച് പട്ടിക 1, 2 എന്നിവയിൽ നിന്നും ഒരേകദേശം ധാരണ തരുവാൻ കഴിയുന്നതാണ്.

പട്ടിക 1

| നമ്പർ | പേര് | വാർഡ് | സ്ഥാപിച്ച വർഷം | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | നേതാജി വായനശാല, കോനിക്കര | 1 | 1953 | 6500 | 1500 | 5 | രക്തദാനക്യാമ്പ് |
| 2 | ഗ്രാമീണവായനശാല, തൃക്കൂർ | 2 | 1944 | 7975 | 800 | 8 | സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തി |
| 3 | മതിക്കുന്ന് വായന ശാല,പൊന്നൂക്കര | 4 | 1954 | 10,000 | 1000 | 7 | ഓണാഘോഷം |
| 4 | ജനതാ വായനശാല, ആലേങ്ങാട് | 7 | 1966 | 6000 | 1500 | 3 | ഓണാഘോഷം |

പട്ടിക 2

| | പേര് | വാർഡ് |
|---|---|---|
| 1 | റെഡ്സ്റ്റാർ A & മതൃക്കൂർ | 2 |
| 2 | ഗാന്ധി A &Sതൃക്കൂർ | 2 |
| 3 | തക്ഷശില, A & Sഅത്താണി | 3 |
| 4 | ജയ്ഹിന്ദ് A & Sപള്ളിയറ | 3 |
| 5 | വാസ്കോ A & Sതൃക്കൂർ | 3 |
| 6 | യുവജന കലാസമിതി, പാലയ്ക്കപ്പറമ്പ് | 5 |
| 7 | യങ്മെൻസ് A & Sപള്ളിക്കുന്ന് | 5 |
| 8 | നോർത്ത് സോക്കർ, മാവിൻചുവട് | 5 |
| 9 | ജിംഖാന A & S കല്ലൂർ | 6 |
| 10 | സാരഥി, A & Sഅയ്യൻകോട് | 6 |
| 11 | സ്റ്റാർലൈറ്റ് തിയ്യറ്റേഴ്സ്, മുട്ടിത്തടി | 7 |
| 12 | യങ്സ്റ്റാർ A & S, പള്ളിക്കുന്ന് | 9 |
| 13 | യുവലയം A&S ഞെള്ളൂർ | 10 |
| 14 | ഹാപ്പി A & S കല്ലൂർ | 10 |
| 15 | ഫീനിക്സ് ജാമകല്ലൂർ | 11 |
| 16 | നവധാര ജാമകല്ലൂർ | 11 |

എണ്ണത്തിൽ ഇത്രയധികം സ്ഥാപനങ്ങളുണ്ടായിട്ടും അവയുടെ പ്രവർത്തനങ്ങൾ നിസ്സാരമാണ്. ജില്ലാ തലത്തിലോ സംസ്ഥാനതലത്തിലോ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം വാങ്ങുന്നത് തന്നെ അപൂർവ്വം കുറച്ച് വർഷങ്ങൾക്കു മുമ്പ് നടത്തിയ പഞ്ചായത്ത് കലാമേളകൾ ഗ്രാമങ്ങളിലാകെയുള്ള യുവാക്കളെ കായികരംഗത്ത് അണിനിരത്തിയെങ്കിൽ ഇപ്പോഴതിൻെറ പ്രവർത്തനവും നിലച്ചതായിട്ടാണ് കാണുന്നത്. പഞ്ചായത്തുകൾ തോറും മത്സരങ്ങളിലൂടെ കായികപ്രതിഭകളെ വാർത്തെടുക്കുന്നതിനും മറഞ്ഞുകിടക്കുന്ന പൊൻമുത്തുകളെ കണ്ടെത്താനുമുള്ള നടപടികൾ യുദ്ധകാലടിസ്ഥാനത്തിലെന്നവണ്ണം നടപ്പിലാക്കണം.

പഞ്ചായത്തിലെ കലാ കായിക സാംസ്കാരിക രംഗത്ത് പ്രവർത്തിട്ടുള്ള, സമുന്നതരായ പല വ്യക്തികളും ഈ സമയത്ത് ഓർക്കേണ്ടതുണ്ട്. ശ്രീരാമകൃഷ്ണൻെറ ഹൈദരാബാദിലുള്ള മഠാധിപതി സ്വാമി രംഗനാഥാനന്ദജി തൃക്കൂർ സ്വദേശിയാണ്. തൃക്കൂരിലെ പുരാതന നായർ തറവായാ ചിങ്ങപുരത്തെ അംഗമാണെന്നതിൽ ഇവിടുത്തെ ജനങ്ങൾ അഭിമാനം കൊള്ളുന്നു. തൃക്കൂർ ഗ്രാമത്തെ അടുത്ത പ്രദേശങ്ങളുമായി ബന്ധപ്പെടുത്തുന്ന പാലം നിർമ്മിക്കുന്നതിന് മുൻകൈ എടുത്ത് നടപ്പിലാക്കിയ മഹാനും പത്തിരുപത് കൊല്ലക്കാലം എം.എൽ.സിയും ആയിരുന്നിട്ടുള്ള ശ്രീ.ടി.ഐ. രാമചന്ദ്രയ്യർ എക്കാലവും ഓർമ്മിക്കപ്പെടേണ്ട വ്യക്തിയാണ്. തൃക്കൂർ പ്രദേശത്ത് ആദ്യമായി ബസ്സ് സർവ്വീസ് ആരംഭിച്ചതും അദ്ദേഹമാണ്. ഇക്കഴിഞ്ഞ സെപ്തംബറിൽ അന്തരിച്ച ടി.കെ. പരമേശ്വരമാരാർ ചേരുമംഗലം സ്വദേശിയാണെങ്കിലും പത്തറുപത് കൊല്ലക്കാലം തൃക്കൂരിലാണ് ജീവിച്ചിരുന്നത്. അദ്ദേഹം ഡ്രോയിങ്ങിൽ വളരെ നിപുണനായിരുന്നു. അവശകലാകാരന്മാർക്കുള്ള പെൻഷൻ ലഭിച്ചിരുന്ന വ്യക്തിയാണദ്ദേഹം. ഉന്നത വിദ്യാഭ്യാസത്തിൽ ആദ്യകാലങ്ങളിൽ ഒല്ലൂരിലേക്കും മറ്റും പോകേണ്ടിയിരുന്ന ഇവിടുത്തെ വിദ്യാർത്ഥികൾക്ക് ഇവിടെത്തന്നെ ഹൈസ്കൂൾ വിദ്യാഭ്യാസം ചെയ്യുന്നതിന് സന്ദർഭമുണ്ടാക്കിയ മാന്യവ്യക്തിയാണ് ശ്രീ. ടി.പി. സീതാരാമൻ. ഇന്നാ ഹൈസ്കൂൾ പഞ്ചായത്തിൻെറ കീഴിലാണ്.

യശഃശരീരരായ കലാകാരന്മാരെപ്പറ്റി ഓർക്കുമ്പോൾ കിഴിയേടത്ത് രാമമാരാർ (ചെണ്ട), കൃഷ്ണൻകുട്ടിമാരാർ, ഗോപാലൻകുട്ടി മാരാർ (മദ്ദളം) എന്നിവരെപ്പറ്റി പറയാതെ വയ്യ. കൃഷ്ണൻകുട്ടിമാരാരുടെ മക്കളായ ഉണ്ണികൃഷ്ണനും തൃക്കൂർ രാജനും മദ്ദളത്തിൽ വിദ്വാന്മാരാണ്. ഉണ്ണികൃഷ്ണൻ ഡൽഹിയിലുള്ള കഥകളി കേന്ദ്രത്തിൽ മദ്ദളം അദ്ധ്യാപകനായിരുന്നു. ഇപ്പോഴദ്ദേഹം തളർവാദംമൂലം അവശനാണ്. തൃക്കൂർ രാജൻ കേരളത്തിലെ തലയെടുപ്പുള്ള മദ്ദള വിദ്വാനാണ്. കേരളത്തിനകത്തും പുറത്തും മാത്രമല്ല പഞ്ചവാദ്യസങ്കത്തോടൊപ്പം റഷ്യ മുതലായ വിദേശ രാജ്യങ്ങളിലും സഞ്ചരിച്ച് തൻെറ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്.

തൃശ്ശൂർ പുറനാട്ടുകര വിലങ്ങൻ ആശ്രമം സ്ഥാപിച്ച സ്വാമി അജരാനന്ദ പുതുമന ഇല്ലത്തെ അംഗമായിരുന്നു. ലോകമതസമ്മേളനത്തിൽ ഇന്ത്യാനേഷ്യയിലെ പ്രതിനിധിയായി പങ്കെടുത്തു ആദ്ദേഹം. ഇന്ത്യാനേഷയിലെ ബാലി യൂണിവേഴ്സിറ്റി പ്രൊഫസറായിരുന്നു. ഒരു ജപ്പാൻ വംശജയെ വിവീഹം ചെയ്ത് കല്ലൂർ - ആതൂരിൽ താമസിച്ചു. അവിടെ ഒരു ഡയറി ഫാം നടത്തുകയും പാൽ അളഗപ്പ ടെക്സ്റ്റയിൽസിലേക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു. അദ്ദേഹം ടോക്കിയോ യൂണിവേഴ്സിറ്റിയിൽ നിന്നും 1961 ഓഗസ്റ്റിൽ ഡോക്ടറേറ്റ് എടുത്തിരുന്നു.

ഒരു ഗ്രാമത്തിൻെറ വികസനപ്രക്രിയകളിൽ പത്രമാസികകൾക്കുള്ള പങ്ക് വളരെ കൂടുതലാണ്. എന്നാൽ പത്രധർമ്മം എന്താണെന്ന കാര്യം മറന്നുകൊണ്ടാണ് ഇന്നത്തെ പത്രങ്ങൾ പ്രവർത്തിക്കുന്നത്.തന്നെ. പഞ്ചായത്തിൽ മലയാളമനോരമ, മാതൃഭൂമി, ദീപിക, ദേശാഭിമാനി, മംഗളം, ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദി എന്നീ പത്രങ്ങളു മാതൃഭൂമി, കലാകൗമുദി, മനോരമ, മംഗളം, കന്യക തുടങ്ങിയ വാരികകളും പല മാസികകളും പ്രചാരത്തിലുണ്ട്. പത്രങ്ങളിൽ കൂടുതൽ മാതൃഭൂമിയാണ്. വാരികകളിൽ 'മ' പ്രസിദ്ധീകരണങ്ങളും പക്ഷെ ഇവയുടെ വായനയിൽ തന്നെ പ്രകടമായ കുറവ്, കഴിഞ്ഞ പത്തു വർഷങ്ങളിലായി വന്നിരിക്കുന്നത് കാണാം. കാരണങ്ങൾ പലതാണെങ്കിലും പ്രധാനകാരണം ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നുകയറ്റമാണ്. പത്രങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടതും

കാരണമാണ്. പല പത്രങ്ങളും ഏതെങ്കിലും രാഷ്ട്രീയത്തിൻേറയോ മതത്തിൻേറയോ വക്താക്കന്മാരാണ്. സാധാരണക്കാരായ പട്ടിണിപ്പാവങ്ങളുടെ കാര്യത്തിൽ ഉയർന്നുവരേണ്ട ഒരു തരത്തിലുള്ള കാര്യങ്ങളും ഈ പത്രങ്ങളിൽ കാണില്ല. എന്നാൽ നേതാക്കന്മാരുടെ അഴിമതിക്കഥകളും പെൺവാണിഭ്യക്കേസ്സുകളുടെ പെരുപ്പിച്ചുള്ള വിശദീകരണങ്ങളും കൊണ്ട് (ഇതൊന്നും ആവശ്യമില്ലെന്നല്ല, മാത്രം പോരെന്നാണ് ) പത്രം നിറയുന്നു. സാധാരണക്കാരന് ഒരു കാര്യത്തിലും ലഭിക്കാത്ത നീതി, അവൻെറ പട്ടിണിയകറ്റാനുള്ള മാർഗ്ഗം, അവൻെറ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസലും മാന്യമായ ജോലിയും ലഭിക്കുന്നതിനുള്ള മാർഗ്ഗം എന്നതുകൂടി ജനങ്ങളുടെ അത്യാവശ്യകാര്യങ്ങൾ ഈ പത്രങ്ങൾ വിസ്മരിക്കുന്നതും പത്രങ്ങളേയും പത്രമാസികകളേയും ജനങ്ങളിൽ നിന്നകറ്റിയ കാര്യങ്ങളാണ്. സ്വദേസശാഭിമാനി രാമകൃഷ്ണപിള്ളയുടെ സ്വതന്ത്രമായ പത്രപ്രവർത്തനത്തിലേക്ക് പത്രങ്ങൾ എത്തേണ്ടിയിരിക്കുന്നു. പഞ്ചായത്ത് തലത്തിലെങ്കിലും ജനങ്ങളെ ശരിയായ രീതിയിൽ ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു.

ആധുനിക യുഗത്തിലെ ഇലക്ട്രോണിക്സ് മാധ്യമങ്ങളെ മാറ്റിനിർത്തിക്കൊണ്ട് മറ്റൊരു സമാന്തര വികസനരേഖക്ക് പ്രസക്തിയില്ല. പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളിലും ടി.വി. ഉണ്ട്. കേബിൾ ടി.വി. ശൃംഗലകളും ഉണ്ട്. ഇവയുടെ ഉപഭോഗസംസ്കാരമാണ് നമ്മുടെ അനുവാദമില്ലാതെ തന്നെ നമ്മുടെ അകത്തളങ്ങളിൽ എത്തുന്നത്. പാശ്ചാത്യ സംസ്കാരത്തിൻെറ വൃത്തികെട്ട രീതി അവ നമുക്ക് പ്രധാനം ചെയഎയുന്നത്. ഇവ നമ്മുടെ കുട്ടികളിലും സ്ത്രീകളിലും ചീഞ്ഞ സംസസ്കാരത്തിൻെറ വിത്തുപാകിയിരിക്കുന്നത് സൂക്ഷ്മമായ കണ്ണുകളിലൂടെ നോക്കിയാൽ കാണാം. അവയിലെ തെറ്റും ശരിയും മനസ്സിലാക്കികൊടുക്കാൻ അതിലൂടെ തന്നെ ശ്രമം നടത്തണം. കേബിൾ ടി.വി. ശൃംഗലക്ക് ലൈസൻസ് നിർബന്ധമാക്കുകയും അവയിലൂടെ ആഴ്ചയിൽ 2 മണിക്കൂർ വീതം പഞ്ചായത്തിൻെറ നല്ല നല്ല പരിപാടികൾ അവതരിപ്പിക്കുകയും വേണം. നമ്മുടെ തനതായ സംസ്കാരം, ജീവിത ശൈലി, വ്യക്തിത്വം, പരസ്യങ്ങളുടെ തട്ടിപ്പുകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ബോധവൽക്കരണം നടത്തണം. ഗ്രാമപഞ്ചായത്തിൻെറ മാസത്തിലൊരിക്കൽ ഒരു ലഘുലേഖ പ്രസിദ്ധീകരിക്കണം. അവയിലൂടെ നമുക്ക് അന്യംനിന്നുവരുന്ന സംസ്കാരത്തെ തിരിച്ചുപിടിച്ച് ആർഷഭാരത സംസ്കൃതിയുള്ള പൗരന്മാരാക്കി മാറ്റിയെടുക്കുന്നതിനുള്ള വിപ്ലവാത്മകമായ സമീപനം തന്നെ നടത്തണം.

*പ്രശ്നങ്ങൾ – നിർദ്ദേശങ്ങൾ*

1 *പഞ്ചായത്തിലെ 4 ഗ്രന്ഥശാലകൾക്കും ആവശ്യമായി ഗ്രാൻറ് അനുവദിക്കുക*

2 *പുസ്തകങ്ങളുടെ എണ്ണകൂടുതലിൽ ശ്രദ്ധിക്കുന്നതിന് പകരം നിലവാരത്തിൽ ശ്രദ്ധിക്കുക*

3 *വായനശാലകളിലെ സ്ത്രീവരിക്കാരെ അടക്കം വരിക്കാരെ വർദ്ധിപ്പിക്കുക*

4 *നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളെ എത്രയും പെട്ടെന്ന് പുനരുദ്ധരിക്കുക.*

5 *പഞ്ചായത്ത് കലാമേളകളിലേക്കുള്ള പ്രതിഭകളെ വാർഡ് തലത്തിൽ നിന്നും തെരഞ്ഞെടുക്കുക*

6 *വാർഡ് തലത്തിൽ മെമ്പർ പ്രസിഡൻറായി ഒരു സഭയെ തെരഞ്ഞെടുക്കുക. ഈ വാർഡിലെ തർക്കങ്ങൾ ഈ സഭയുടെ മുമ്പാകെ ആദ്യം വരുത്തുകയും അതിന് ശേഷം ഗ്രാമപഞ്ചായത്തിൽ വരുത്തുകയും ചെയ്തതിന് ശേഷം മാത്രം നിമയപരമായ നടപടികളിലേക്ക് അയക്കുക*

7 *വാർഡിലെ വികസനങ്ങൾ മേൽപറഞ്ഞ സഭയിലൂടെ ചർച്ച ചെയ്തതിനുശേഷം മാത്രം നടപ്പിലാക്കുക.*

8 *പഞ്ചായത്തിലെ ലൈബ്രറി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുക*

9 *ഈ ലൈബ്രറിയിൽ ഒരു പാർട്ട് ടൈം ലൈബ്രേറിയനെ നിയമിക്കുക.*

10 *പുസ്തകങ്ങൾ കേടുവരുത്തുകയോ തിരികെ കൊണ്ടുകൊടുക്കാതിരിക്കുകയോ ചെയ്യുന്നവരുടെ പക്കൽ നിന്നും പുതുയ കോപ്പിയുടെ വില ഈടാക്കുകയും അനുസരിക്കാത്തവർക്ക് നേരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക.*

11 പഞ്ചായത്ത് ലൈബ്രറിയിൽ HS. PDC, Degree വിദ്യാർത്ഥികൾക്ക് ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ സൂക്ഷിക്കുക.

13 പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കലാ കായിക മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

14 ദേശീയ തലത്തിലും അന്താരാഷ്ട്രതലത്തിലും ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ക്രിക്കറ്റ് കളിക്കാനാവശ്യമായി സർവ്വോദയ ഹൈസ്ക്കൂൾ ഗ്രൗണ്ടിനെ സജ്ജമാക്കുക.

15 കോളനികൾക്ക് പ്രത്യേകമായി ടി.വി. കൾ വാങ്ങിസ്ഥാപിക്കണം. അവയിലെല്ലാം കേബിൾ യോജിപ്പിക്കുകയും അതിലൂടെ പഞ്ചായത്തിന്റെ തനതായ പരിപാടികളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

16 ക്ലബ്ബുകൾക്ക് ധനസഹായം നൽകുകയും അവരെ ദേശീയ ധാരയിലേക്ക് തിരിച്ചുവിടുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യും

17 ക്ലബ്ബുകൾ തമ്മിൽ കായിക മത്സരങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തണം.

18 ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ്സുണ്ടാകുന്നത്. ആരോഗ്യമുള്ള ശരീരത്തിനും കായിക ക്ഷമതെ ആവശ്യവും. അതുകൊണ്ട് കായിക ക്ഷമതയുണ്ടാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി ഓരോ ക്ലബ്ബിലും കൃത്യമായ അനുപാതത്തിൽ വിതരണം നടത്തുക

19 വർഷത്തിലൊരിക്കൽ സാഹിത്യ സദസ്സ് പ്രഗൽഭരായ സാഹിത്യകാരന്മാരെ അണിനിരത്തികൊണ്ട് നടത്തുക.

20 ഇത്ര സാഹിത്യകാരന്മാരുടെ സഹായത്തോടെ സാഹിത്യ പ്രതിഭകളെ കണ്ടെത്തുന്നതിന് ഒരു മാസം മുമ്പെങ്കിലും സാഹിത്യമത്സരങ്ങൾ നടത്തി, കയ്യെഴുത്തു പ്രതികൾ അവരെ ഏൽപ്പിക്കുക

21 പഞ്ചായത്തിൽ പൊതു ജനങ്ങൾക്ക് എല്ലായ്പ്പോഴും ഉപയോഗപ്പെടുത്താവുന്ന രീതിയിൽ ഒരു പൊതുകളിസ്ഥലം ഉണ്ടാക്കുക.



527

# 9 – വനിത

സമൂഹത്തിലെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ അർഹമായ പങ്കാളിത്തം ഉറപ്പുവരുത്താതെ സാമൂഹ്യവികസനം അസാധ്യമാണ്. 1991 -ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 51.20% സ്ത്രീകളാണ്. എന്നാൽ പട്ടിക ജാതിക്കാരും സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീ പുരുഷാനുപാതം 1000 ; 1052 എന്നാണ്. ഇത് സംസ്ഥാന ശരാശരിയേക്കാളും ജില്ലാ ശരാശരിയേക്കാളും കൂടുതലാണ്.

പട്ടിക – I

പഞ്ചായത്തിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വിവധ മേഖലയിലെ അന്തരം

| മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| ജനസംഖ്യ | 11567 | 12140 |
| സാക്ഷരത | 9450 | 9231 |
| 0-6 വയസുള്ളവരുടെ എണ്ണം | 1503 | 1419 |
| സക്കൂൾ വിദ്യാർത്ഥികൾ | 1862 | 1662 |
| തൊഴിൽ ചെയ്യുന്നവർ | 5517 | 2176 |
| തൊഴിൽ ഇല്ലാത്തവർ | 5616 | 9498 |
| ഭാഗികമായി തൊഴിൽ ചെയ്യുനനവർ | 435 | 466 |

*അവലംബം ; 1991 ലെ കാനേഷുമാരി കണക്കുകൾ*

സമൂഹത്തിലെ ഭൂരിപക്ഷ ഘടകമായ സ്ത്രീകളുടെ ആരോഗ്യവും വിദ്യാഭ്യാസവും വളരെ പ്രാധാന്യമേറിയ വിഷയങ്ങളാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വിജയകരമായി പൂർത്തീകരിച്ച പഞ്ചായത്തായിരുന്നിട്ടും സ്ത്രീ സാക്ഷരത പുരുഷസാക്ഷരതക്ക് ഒപ്പം എത്തിയിട്ടില്ല. പഞ്ചായത്തിലെ കുട്ടികളിൽ ആൺകുട്ടികളേക്കാൾ പെൺകിട്ടികളാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞവർ. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന സ്ത്രീകൾ ആധുനിക കാലഘട്ടത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്തിയിട്ടുണ്ട്. സ്ക്കൂളുകളിലേക്കും, കോളേജുകളിലേക്കും പോകുന്നവരിൽ ഭൂരിഭാഗവും സ്ത്രീകൾ തന്നെ ആംന് പഞ്ചായത്തിലെ സ്ത്രീകളുടെ സാക്ഷരത 76.04% പുരുഷന്മാരുടെ 81.70% ആണ്. വിദ്യാഭ്യാസ സംവിധാനത്തിൽ സ്ത്രീകൾ ആർജിച്ചിട്ടുള്ള മേൽകൈ ലിംഗപരമായ തുല്യതയുടെ തെളിവായിട്ട് കാണാൻ കഴിയില്ല. തൊഴിൽ മേഖല പരിശോധിക്കുമ്പോൾ നമുക്കിത് ബോദ്ധ്യമാകും.

പട്ടിക (1) ൽ സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 17.92% ആണ്. പുരുഷന്മാരുടെ 48.54% ആണ്. ഈ പ്രകടമായ അന്തരത്തിനു കാരണം തീർച്ചയായും ലിംഗപരമായ അസന്തുലിതാവസ്ഥക്കുള്ള ഏറ്റവും മികച്ച സൂചിക ആയി നമുക്കിത് പരിഗണിക്കാവുന്നതാണ്. അദ്ധ്യാപന മേഖലയിൽ സ്ത്രീകൾക്കുള്ള മേധാവിത്വം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ആകെയുള്ള 8 സ്ക്കൂളുകളിലെ മൊത്തം 117 അദ്ധ്യാപകരിൽ 95 പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ സ്ത്രീകളിൽ കൂടുതൽ പേരും ഓട്ടുകമ്പിനി, പാറമട, മണ്ണുമട, ഇഷ്ടികകളം, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ ജോലിചെയ്യുന്നു. മിനിമം വേജസ് ആക്ട് നിലനിൽക്കുന്ന ഓട്ടുകമ്പനി മേഖല ഒഴിച്ച് മറ്റ് അസംഘടിതമേഖലകളിൽ വേതനത്തിന്റെ കാര്യത്തിൽ വലിയ സ്ത്രീ പുരഷ അന്തരം ദൃശ്യമാണ്. ഓട്ടുകമ്പനികളിൽ തന്നെ താൽക്കാലിക തൊഴിലാളികളുടെ കാര്യത്തിൽ തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ചിലപ്പോഴൊക്കെ അവഗണിക്കപ്പെടുന്നുണ്ട്. ആദ്യകാലങ്ങൾ പഞ്ചായത്തിന്റെ കാർഷികമേഖലയിൽ സ്ത്രീകളുടെ സേവനം വളരെയേറെ ലഭിച്ചിരുന്നു. കാർഷികമേഖലയിലെ

വ്യതിയാനങ്ങൾ മൂലം ( നെൽപാടങ്ങൾ നികത്തുക, മറ്റു വിളകൾക്കായി ഉപയോഗിക്കുക). കർഷകതൊഴിലാളിസ്ത്രീകളുടെ എണ്ണം വളരെയേറെ കുറഞ്ഞുപോയിട്ടുണ്ട്.

പഞ്ചായത്തിലെ ഇടത്തട്ടുകാരായ കുടുംബങ്ങളിലെ സ്ത്രീകൾ കൂടുതൽ പേരും വീട്ടുജോലിയും കന്നുകാലി സംരക്ഷണവും ക്ഷീരവികസനവും എന്നീ ജോലികളിൽ ഏർപ്പെട്ടിരുന്നു. നാടൻ പശുക്കളുടെ ലഭ്യതക്കുറവും സങ്കരയിനം പശുക്കളെ സംരക്ഷിക്കുവാനുള്ള ബുദ്ധിമുട്ടും തീറ്റയുടെ ദൗർലഭ്യവും പാലിന് ശരിയായ വില ലഭിക്കാത്തതും പശുവളർത്തലിൽ നിന്നും സ്ത്രീകൾ പിന്തിരിയാൻ കാരണമായി. പഞ്ചായത്തിൽ പരമ്പരാഗത കുടിൽ വ്യവസായമായ കുട്ടനെയ്ത്തുമേഖലയിൽ സ്ത്രീകളുടെ സേവനം ലഭിച്ചിരുന്നു എങ്കിലും അസംസ്കൃതവസ്തുക്കളുടെ ലഭ്യതകുറവുമൂലം സ്ത്രീകൾ ഈ ജോലിയിൽ നിന്ന് പിന്തിരിഞ്ഞ് മറ്റുമേഖലകളിലെ ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നു

ജനസംഖ്യയിൽ ഭൂരിപക്ഷം ഉണ്ടായിട്ടും അതനുസരിച്ചുള്ള സ്ഥാനം ഇന്നും നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കില്ലെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. പല മേഖലകളിലെ പ്രവർത്തനങ്ങളിൽ സ്ത്രീകൾ പങ്കാളികളാണെങ്കിലും രേഖകളിൽ അവരുടെ അദൃശത പ്രകടമാണ്. തൊഴിൽ രംഗത്തും ഉൽപാദനരംഗത്തും സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നവെന്ന് കണക്കുകൾ കാണിക്കുന്നുണ്ടെങ്കിലും സ്ത്രീകളുടെ എണ്ണത്തിൻെറ തീരെ ചെറിയ ഭാഗമെ ഇതാകുന്നുള്ളു.

തൊഴിൽ മേഖല ഉൾപ്പെടെയുള്ള സമൂഹത്തിലെ മുഴുവൻ സ്ത്രീകളും ഏർപ്പെട്ടിരിക്കുന്ന വളരെ വിലയേറിയ ഒരു ജോലിയുണ്ട്. കാനേഷുമാരി കണക്കുകളിൽ തൊഴിൽരഹിതരല്ലെങ്കിൽ അല്ലെങ്കിൽ വീട്ടമ്മ എന്ന രീതി രേഖപ്പെടുത്തിയവർ ചെയ്യുന്ന ജോലിയാണ് ഇത്. കുടുംബത്തിൻെറ ആവശ്യത്തിനുവേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നതിനും കുടുബാങ്ങൾക്കും ബന്ധുക്കൾക്കും പലതരം സേവങ്ങൾ ചെയ്യുന്നതിലാണ് സ്ത്രീകൾ തങ്ങളുടെ മുഴുവൻ പ്രവർത്തനശേഷിയും സമയവും ചിലവഴിക്കുന്നത്. ഒരു വീട്ടമ്മ വിറകുകത്തിച്ച് ഭക്ഷണം പാകം ചെയ്യുമ്പോൾ ഒരു പുരുഷൻ വലിക്കുന്ന 10 സിഗററ്റിന് തുല്യമായ പുക അകത്താക്കുന്നുണ്ട്. ഒരു വീട്ടമ്മ ശരാശരി 16 മണിക്കൂർ വീതം ജോലിചെയ്യുന്നുണ്ടെന്നാണ് ഈ മേഖലയിൽ നടത്തിയിട്ടുള്ള കണക്കുകൾ കാണിക്കുന്നത്. ഈ കാണാ പണിയെ വളരെ ലാഘവത്തോടെ ചിരിച്ചുതള്ളുകയാണ് പുരുഷമേധാവിത്തസങ്കല്പങ്ങൾ ഭരിക്കുന്ന നമ്മുടെ സമൂഹം ചെയ്യുന്നത്. സ്ത്രീകളുടെ വ്യക്തിപരമായ കഴിവുകളും സ്വാതന്ത്ര്യവും സമൂഹം അംഗീകരിക്കുക തന്നെ വേണം. ഭരണഘടനയുടെ ഒരു ഭാഗത്ത് സ്ത്രീകളെ തുല്യമായി കാണുന്നുണ്ടെങ്കിലും ഈ ഭാഗങ്ങളിൽ മതസ്വാതന്ത്ര്യത്തിനുള്ള അവകാശവും ഉൾപ്പെടുത്തിയിരിക്കുന്നത് അടിസ്ഥാനപരമായി സ്ത്രീകൾക്ക് ജീവിതത്തിൻെറ എല്ലാ തുറകളിലും സമത്വം നിഷേധിക്കുകയാണ് ചെയ്യുന്നത്. നയപരമായു ഭരണപരമായും നിലപാടുകൾ ശാസ്ത്രീയമായാൽ മാത്രമെ സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടു.

പഞ്ചായത്തിലെ വിവിധ മേഖലകളിലെ തൊഴിലാളികളുടെ സ്ത്രീപുരുഷാന്തരം പട്ടിക 2ൽ കൊടുക്കുന്നു.

പട്ടിക 2

തൊഴിൽ പങ്കാളിത്തം

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| കർഷകർ | 1085 | 251 |
| കർഷകതൊഴിലാളി | 1430 | 903 |
| കരിങ്കൽ മട | 80 | 120 |
| കുടിൽ വ്യവസായം | 150 | 67 |
| മറ്റു വ്യവസായങ്ങൾ | 987 | 534 |
| മൃഗസംരക്ഷണം- മത്സ്യബന്ധനം | 163 | 15 |
| കെട്ടിടനിർമ്മാണം | 148 | 10 |
| വാണിജ്യം, വ്യാപാരം | 638 | 59 |
| ഗതാഗതം വാർത്താവിനിമയം | 404 | 65 |
| മറ്റുള്ളവ | 494 | 266 |

അവലംബം 1991 ലെ സെൻസസ് പ്രകാരം

പട്ടിക രണ്ട് പ്രകാരം എല്ലാ മേഖലയിലും സ്ത്രീതൊഴിലാളികളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണെന്നു കാണാം. ഇതിനുള്ള മുഖ്യമായ കാരണങ്ങൾ ലിംഗാടിസ്ഥാനത്തിലുള്ള അവഗണനയും വേതനനിരക്കിലുള്ള അന്തരവുമാണ്. പുരുഷൻമാർക്ക് വേതനം ശരാശരി 90 രൂപയുള്ളപ്പോൾ സ്ത്രീകളുടേത് 55 രൂപ മാത്രമാണ്.IRDP പദ്ധതി പ്രകാരം ടൈലറിങ്ങ് റോൾഡ്ഗോൾഡ് നിർമ്മാണം പപ്പടനിർമ്മാണം തുടങ്ങിയ മേഖലകളിൽ ഏർപ്പെട്ട് കുടുംബവരുമാനം ഉയർത്തുന്ന സ്ത്രീകൾ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 5 മഹിളാസമാജങ്ങളും 13 നെഴ്സറികളും ഉണ്ടെങ്കിലും ഇവരുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. DWCRAപദ്ധതിപ്രകാരം മൂന്നു വനിത യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഒരെണ്ണം നിർത്തുകയും ബാക്കിയുള്ള രണ്ടെണ്ണത്തിൻെറ പ്രവർത്തനം മന്ദഗതിയിലുമാണ്. പഞ്ചായത്തിലെ വിവധ വാർഡുകളിലായി ഏകദേശം നൂറോളം പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ പരിധിയിൽ രണ്ടു ഖാദികേന്ദ്രങ്ങൾ വനിതകളുടെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. ഇതിൽ 80 വനിതകൾ ജോലിചെയ്യുന്നു. കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ പറ്റിയ മേഖലയാണെങ്കിലും ഉപകരണങ്ങളുടെ കുറവും യന്ത്രവൽക്കരണം നടക്കാത്തതുമൂലവും തൊഴിൽ നൽകാൻ കഴിയുന്നില്ല.

പട്ടിക

മഹിളാസമാജങ്ങളുടെ വിവരങ്ങൾ

| പേര് | വാർഡ് | സ്ഥാപിച്ച വർഷം |
|---|---|---|
| കല്ലൂർ മഹിളാസമാജം | 5 | 1984 |
| ജ്വാല മഹിളാസമാജം മുട്ടിത്തിടി | 7 | 1985 |
| ആലേങ്ങാട് മഹിളാസമാജം | 7 | 1985 |
| തൃക്കൂർ മഹിളാസമാജം | 2 | 1986 |
| സർവ്വോദയം മഹിളാസമാജം | 4 | 1986 |

സ്ത്രീകളുടെ സാമൂഹികവും സാംസ്കാരികവുമായ അവസ്ഥയും പരിഗണിക്കേണ്ടതുണ്ട്. പഞ്ചായത്ത് രാജ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംവരണസീററുകളിൽ സ്ത്രീകൾ തിരഞ്ഞെടുക്കപ്പെടുന്നുവെങ്കിലും സാമൂഹ്യപ്രസ്ഥാനങ്ങളുടെ മുൻനിരയിലേക്ക് വരുന്ന സ്ത്രീകളുടെ എണ്ണം ഇപ്പോഴും വിരളമാണ്. പഞ്ചായത്തു തലത്തിലോ വില്ലേജു തലത്തിലോ പ്രവർത്തിക്കുന്ന ബഹുജനസംഘടനകളുടെ നേതൃത്വസ്ഥാനത്ത് വനിതകൾ ആരുംതന്നെ ഇല്ല. സാമൂഹ്യ മണ്ഡലത്തിലല്ല സ്ത്രീപുരുഷബന്ധങ്ങൾക്ക് പ്രാധാന്യമുള്ള സ്വകാര്യമണ്ഡലത്തിലാണ് സ്ത്രീയുടെ സ്ഥാനമെന്ന് കരുതപ്പെടുന്നവരാണ് നമ്മുടെ സമൂഹത്തിലുള്ളത് ഇതിൽ നിന്നും ഒരു വ്യതിചലനം നടത്തേണ്ടത് നമ്മുടെ കടമയാണ്.

**പ്രശ്നങ്ങൾ**

*തൊഴിൽമേഖലകളിൽ സ്ത്രീകൾ നേരിടുന്ന നാനാതരം പീഢനങ്ങളും വിവേചനങ്ങളും*

*രൂക്ഷമായ തൊഴിലില്ലായ്മയാണ് സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നം*

*ആരോഗ്യപ്രശ്നങ്ങളിൽ സ്ത്രീകൾ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല*

*മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല.*

*മദ്യപാനവും ചീട്ടുകളിയും മൂലം അതിൻെറ ക്രൂരമായ ഫലം അനുഭവിക്കുന്നത് സ്ത്രീകളാണ്.*

*സ്ത്രീകൾക്ക് പുരുഷൻമാരെ പോലെ സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രതിബന്ധങ്ങൾ ഉണ്ട്.*

*തുല്യജോലിക്ക് തുല്യവേതനം പല മേഖലകളിലും ലഭിക്കുന്നില്ല.*

*സ്ത്രീധനപീഢനം പലസ്ഥലങ്ങളിലും നടക്കുന്നു*

*സർക്കാർ സഹായപദ്ധതികളെകുറിച്ച് വേണ്ടത്ര അറിവില്ലാത്തിതിനാൽ ആ പദ്ധതികളെ*

ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

ഗ്രാമീണവായനശാലകളുടെ പ്രവർത്തനം ശരിയായ വിധത്തിൽ നടക്കുന്നില്ല

വീട്ടുജോലികൾക്കു പുറമെ ചെയ്യാവുന്ന മറ്റു ചെറുസംരംഭങ്ങൾക്ക് മതിയായ പ്രോത്സാഹനം ലഭിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ സ്ഥാപിക്കുന്നതോടൊപ്പം ഇപ്പോഴുള്ളവയുടെ പ്രവർത്തനം കാര്യക്ഷമതയുള്ളതാക്കുകയും ചെയ്യുക

മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായി ചർച്ചാക്ലാസ്സുകളും പോഷകാഹാരങ്ങളുടെ വിതരണവും നടത്തുക

തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക

വീട്ടുജോലികളിൽ സ്ത്രീയും പുരുഷനും പരസ്പരം സഹകരിക്കുന്ന ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കണം

സ്ത്രീകളെ മാധ്യമങ്ങളിലും പോസ്റ്ററുകളിലും മോശമായി ചിത്രീകരിക്കുന്നതിനെതിരായി പ്രചാരണപ്രക്ഷോപപ്രവർത്തനങ്ങൾ നടത്തണം.

തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക

ശിശുക്ഷേമ പദ്ധതികൾ മെച്ചപ്പെടുത്തുക

എല്ലാ വാർഡിലും അംഗൻവാടി, ബാലവാടികളുടെ പ്രവർത്തനം ഉറപ്പാക്കുക

ഗ്രാമീണവായനശാലകൾ ആർട്ട്സ് ക്ലബ്ബുകൾ, കലാസമിതികൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുംവിധം പ്രവർത്തനം ചിട്ടപ്പെടുത്തുക

അർഹരായ മുഴുവൻ ആളുകൾക്കും അഗതി പെൻഷൻ, വിധവ പെൻഷൻ, മാതൃസഹായപദ്ധതി മുതലായ ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കണം

സ്ത്രീനിയമങ്ങളെക്കുറിച്ചും അവയുടെ അവകാശങ്ങളെ കുറിച്ചും പ്രതിബാധിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ പരിശീലനസംരംഭങ്ങൾ എന്നിവ തുടർച്ചയായി ലഭ്യമാക്കുക

വ്യാജ്യമദ്യത്തിനെതിരായി കർശനനടപടികൾ വേണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയും ചീട്ടുകളി നിരുത്സാഹപ്പെടുത്തുകയും വേണം

അശ്ലീലപോസ്റ്ററുകൾ കർശനമായും നിരോധിക്കണം

ഒരു വനിതാ സഹകരണസംഘം രൂപീകരിച്ചുകൊണ്ട് അതുവഴി ഇറച്ചിക്കോഴി, മുട്ട, മുയൽ, കാട എന്നിവയുടെ വളർത്തൽ ഒരു തൊഴിൽ സംരംഭമായി വനിതകൾ ഏറ്റെടുക്കണം

ടൈലറിങ്, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, അടുക്കളത്തോട്ടങ്ങൾ, ആടുമാടുവളർത്തൽ തുടങ്ങിയ സംരംഭങ്ങൾ വനിതകൾക്ക് കുടുംബസംരക്ഷണത്തോടൊപ്പം നിർവ്വഹിക്കാവുന്നതാണ്. അവയെ പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണം

പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം ഒരു ലേഡി ഡോക്ടറുടെ സേവനം സ്ഥിരമായി ലഭ്യമാക്കുകയും വേണം.

അശരണരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

വനിതകളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് സഹായങ്ങൾ നൽകുന്നതിനും വേണ്ടി ഒരു പ്രത്യേകമായ ബാങ്ക് സ്ഥാപിക്കുക.

വനിതകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട പരിശീലനകോഴ്സുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കുക

പഞ്ചായത്തിൽ നിലനിൽക്കുന്ന രണ്ടു ഖാദികേന്ദ്രങ്ങളിലെ വനിതകൾക്ക് അവർ ചെയ്യുന്ന ജോലിക്കനുസരിച്ച് വേതനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക

# 10 സഹകരണം

കേരളത്തിൽ ആദ്യമായി സഹകരണപ്രസ്ഥാനം ഉടലെടുക്കുന്നത് 1904 ലായിരുന്നു. കേരളത്തിൽ ഈ പ്രസ്ഥാനത്തിൻെറ പങ്ക് നിർണ്ണായകമാണ്. ഈ പ്രസ്ഥാനത്തിൻെറ ഏററവും വലിയ നേട്ടം ഇത്തരത്തിൽപ്പെട്ട സ്ഥാപനങ്ങളെല്ലാം തങ്ങളുടെ ഓഹരിയുള്ളതാണെന്നും അതുകൊണ്ട് തന്നെ ഇവയുടെ ലാഭത്തിലും നഷ്ടത്തിലും തനിക്ക് ബാധ്യതയുണ്ടെന്നുമാണ്. ഓരോ തരത്തിലുള്ള സംഘങ്ങളിലും അംഗങ്ങളുടെ എണ്ണം കൂടിയപ്പോൾ ഒരു പരിധിവരെ ഇവയുടെ അന്തഃസത്തയിൽ മൂല്യശോഷണം വന്നിട്ടുണ്ട്. അവയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന കാര്യത്തിൽ സ്ഥാപനങ്ങളും അവയുടെ ഡയറക്ടർ ബോർഡുകളും പരാജയവുമാണ്. സമൂഹത്തിൽ വന്ന മൂല്യശോഷണവും രാഷ്ട്രീയത്തിൽ വന്ന അധഃപതനവും ഇവയുടെ തകർച്ചക്ക് വഴിയൊരുക്കിയ പ്രധാന കാരണങ്ങളാണ്. സമൂഹജീവിയായ മനുഷ്യന് പരസ്പരം വന്ന വിശ്വാസക്കുറവും സ്വാർത്ഥതയും മററുകാരണങ്ങളായി മാറുകയും ചെയ്തു. പ്രശ്നങ്ങൾ ദൂരികരിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസം വീണ്ടെടുത്തുകൊണ്ട് ഇവയുടെ അമരത്തിലുള്ളവർ പ്രവർത്തനം ആരംഭിച്ചാൽ ഏതൊരു മേഖലയോടും മത്സരിക്കാനാവുന്നവിധത്തിൽ ആഴത്തിൽ വേരുകളുള്ളതാണ് ഈ പ്രസ്ഥാനം. തങ്ങളുടെ സ്ഥാപനമെന്നതുകൊണ്ട് ജനങ്ങൾ എപ്പോഴും ഇവയുടെ കൂടെ നിൽക്കുകയും സ്വകാര്യസ്ഥാപനങ്ങളുടെ തട്ടിപ്പും ചൂഷണവും സമൂഹത്തിന് എളുപ്പത്തിൽ വേർതിരിച്ചറിയാനും ഇവർക്ക് കഴിയും. സഹകരണസ്ഥാപനങ്ങളുടെ നാശത്തിന് കാരണമായിട്ടുള്ളത് എല്ലായ്പോഴും കെട്ടുകാര്യസ്ഥരായ ബോർഡും സ്ഥാപനത്തിലെ സ്റ്റാഫും ആയിരിക്കും. തൊഴിലാളികളുണ്ടെങ്കിൽ അവർ നിസ്സഹായരായിരിക്കുന്ന അവസ്ഥയാണ് കാണുകപതിവ്. ആയതുകൊണ്ട് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നേർവഴിക്ക് കൊണ്ടുപോകുന്നതിനും പ്രധാന രാഷ്ട്രീയപാർട്ടികളിൽ നിന്നും ദീർഘമായ ക്ലീൻ ഇമേജുള്ള സാമൂഹ്യപ്രവർത്തകരേയും ഉൾപ്പെടുത്തി 25 പേരടങ്ങുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചാൽ തീർച്ചയായും ഈ മേഖലയായിരിക്കും. ഒരു പഞ്ചായത്തിൽ ഏററവും കൂടുതൽ ലാഭമുണ്ടാക്കുന്നതും ജനങ്ങളുടെ സേവനത്തിന് വേണ്ടി പ്രവർത്തിക്കുന്നതും.

**തൃക്കൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനം നിലച്ചതുമായ സഹകരണ സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.**

*1 കല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്ലിപ്പം No R 227*

*2 ഗവൺമെൻറ് എയിഡഡ് റബ്ബർ പ്ലാൻേററഴ്സ് സർവ്വീസ് സഹകരണ സംഘം R 233*

*3 തൃക്കൂർ കോ. ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി No. R 7 (D)*

*4 തൃക്കൂർ പഞ്ചായത്ത് സഹകരണ മാർക്കറ്റിങ്ങ് ആൻറ് പ്രൊസസ്സിംഗ് സൊസൈറ്റി R. 961*

*5 കല്ലൂർ കളിമൺ വ്യവസായസഹകരണസംഘം*

## I കല്ലൂർ സർവ്വീസ് സഹകരണസംഘം

തൃക്കൂർ ഗ്രാമപഞ്ചായത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനമാണിത്. 1963 ൽ ആരംഭിച്ച് 33 വർഷം പിന്നിട്ടു. ഈ സംഘത്തിൽ 8793 അംഗങ്ങളുണ്ട്. ഓഹരി 1ന് 10 രൂപയാണ് മുഖവില. ഈ പഞ്ചായത്തിലെ ഏകദേശം 90% കുടുംബങ്ങളിൽ നിന്നും അംഗങ്ങളുണ്ട്. ഇവരുടെ എല്ലാം കാർഷിക വായ്പാ ആവശ്യങ്ങൾ നിറവേറ്റാൻ ഒരു പരിധിവരെ ഈ

സ്ഥാപനത്തിന് കഴിയുന്നു. എന്നാൽ കാർഷികേതരവായ്പകളും വ്യവസായ ആവശ്യങ്ങൾക്കുള്ള വായ്പകളും ആവശ്യത്തിനനുസരിച്ച് കൊടുക്കുവാൻ കഴിയുന്നില്ല. മാറിയ സാഹചര്യത്തിൽ വിഭവസമാഹരണം സഹകരണസ്ഥാപനങ്ങളുടെ ചുമതലയിൽ ആണെങ്കിലും ബാങ്കുകൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിൻെറ സാമ്പത്തിക ഫലഫൂയിഷ്ഠത വിഭവസമാഹരണത്തിൽ വലിയ പങ്കു വഹിക്കുന്നു. സഹകരണബാങ്കുകൾ "സർവ്വീസ് സഹകരണബാങ്കുകൾ" എന്ന പേരിലാണ് അറിയപ്പെടുന്നതെങ്കിലും സർവ്വീസ് എന്ന പദത്തിൻെറ അർത്ഥവും വ്യാപ്തിയും പുതിയ സാഹചര്യ.ത്തിൽ എത്രമാത്രം ശരിയാകും എന്നത് വിലയിരുത്തേണ്ടതാണ്. ലാഭം ലാക്കാക്കികൊണ്ടാണ് ഇന്നത്തെ ബാങ്കുകൾ പ്രവർത്തിക്കുന്നത്.അത് സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരെ ഉയർത്തികൊണ്ടുവരുന്നതിന് ശ്രമിക്കുകയും ചെയ്യുവാൻ ഇവയുടെ പ്രവർത്തനം ശ്രമകരമായിതീരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്നേതു മേഖലയിലായാലും നിലനിൽപ്പില്ല എന്ന കാരണം പറഞ്ഞുകൊണ്ട് സമൂഹത്തിൽ സാമ്പത്തികമായി ഉയർന്നവനെ കൂടുതൽ ഉയർന്നവനാക്കി മാറ്റുന്ന ഷെഡ്യൂൾഡ്, നാഷണലൈസ്ഡ് ബാങ്കുകളുടെ പ്രവർത്തനശൈലിയിൽ നിന്നു മാറി സാധാരണക്കുരനെ ഉയർത്തുന്നതിനുവേണ്ടി സർവ്വീസ് ബാങ്കുകളും അവരുടെ അമരത്തുള്ളവരും പ്രവർത്തി ക്കണ്ടത് ഇന്ത്യയെപോലെ ദരിദ്രനാരായണമാരുടെ നാട്ടിൽ അത്യാവശ്യമാണ്. അവിടെനാണ് ഇത്തരം ബാങ്കുകളുടെ ഓഹരിക്കാർ, ഡയറക്ടർമാർ, സ്റ്റാഫ് എന്നിവരുടെ മിടുക്ക് കാണിക്കേണ്ടത്. ഇതെല്ലാം ഒരു പരിധിവരെ ഈ സ്ഥാപനത്തിലും നടക്കുന്നുണ്ടെങ്കിലും കുറച്ചുകൂടി ഉയരങ്ങളിലേക്ക് പറക്കേണ്ടതിൻെറ ആവശ്യകത ജനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും.

**വിവരങ്ങൾ**

1 *സ്ഥാപനത്തിൻെറ പേർ - കല്ലൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം R 227 P.O. Kallur*

2 *പ്രവർത്തനപരിധി - കല്ലൂർ വില്ലേജ് മുഴുവനും തൃക്കൂർ വില്ലേജിലെ പള്ളിയറ,. കോട്ടായിദേശം*

3 *Credit / Non credit - Credit*

4 *പ്രവർത്തനം ആരംഭിച്ച വർഷം - 1963*

5 *ആകെ അംഗങ്ങൾ - 8793*

6 *ഒരു ഓഹരിയുടെ വില - 10 രൂപ*

7 *അംഗീകൃത ഓഹരി മൂലധനം - 25 ലക്ഷം*

8 *പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 10,48,120/- രൂപ*

9 *സർക്കാർ ഓഹരിയുണ്ടോ - ഉണ്ട്*

10 *ഉണ്ടെങ്കിൽ ലഭിച്ച തുക - 44,000/-*

11 *പരമാവധി കടം എടുക്കാവുന്ന തുക - 3,14,43,600/-*

**II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ**

| | | |
|---|---|---|
| A | സ്ഥിരം | - 1.36,085.73 രൂപ |
| B | ഹ്രസ്വകാലം | - 9,16,457/- |
| | ആകെ | 1,45,25,030/- |

3 നൽകിയുട്ടുള്ള വായ്പകൾ

A കാർഷികവായ്പകൾ

| | | |
|---|---|---|
| 1 | Simple loan - | 64,33,205/- |

B മറ്റു വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1 | Simple loan | 12,76,423/- |
| 2 | MT Diary | 3,92,785/- |
| 3 | OLC (Ordinary loan) | 3996,589/- |
| 4 | ദീർഘകാലം Rubber Loan | 2,10,863/- |
| 5 | ഭവനനിർമ്മാണവായ്പ | 9,000/- |

C പ്രത്യേക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1 | മറ്റു വായ്പകൾ | 9,75,252/- |
| 2 | സ്വർണ്ണപണ്ട വായ്പ | 44,67,095/- |
| | മൊത്തം | 1,75,61,212/- |

മറ്റു സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വായ്പകൾ

| | സ്ഥാപനം | സ്വഭാവം | തുക |
|---|---|---|---|
| 1 | ജില്ലാ സഹകരണബാങ്ക് | ST (Agr) | 54,46,570/- |
| | | IRDPL (MT) | 3,52,156/- |
| | | LT (R) | 2,02,382/- |
| | | LT (Non Agr) | 11,428/- |
| | | Overdraft | 5,23,503/- |
| | | | **65,36,039/-** |

V നൽകിയവായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

| | വായ്പാ സ്വാഭവങ്ങൾ | തുക |
|---|---|---|
| 1 | ST (Agr) | 11,05,395/- |
| 2 | SL (Simple loan) | 2,04,803/- |
| 3 | MT Diary | 1,20,158/- |
| 4 | OL Ordinary Loan | 10,15,104/- |
| 5 | ദീർഘകാലം | 15,845/- |
| | മറ്റു വായ്പകൾ | 26,645/- |
| | സ്വർണ്ണപണ്ട വായ്പകൾ | 1,13,475/- |
| | | 26,10,425/- |

## VI സ്ഥാപനത്തിൻെറ ചിലവുകൾ

| | | |
|---|---|---|
| 1 | Establishment charges for 1 year | 5,65,000/- |
| 2 | Condigency | 2,16,000/- |

## VII വായ്പാസഹകരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. *ചിട്ടികൾ നടത്തുന്നു*
2. *വളം കീടനാശിനി എന്നിവകളുടെ വിതരണം നടത്തുന്നു.*
3. *സ്വർണ്ണപണ്ടം പണയത്തിൽ വായ്പ നൽകുന്നു.*
4. *കാർഷിക / കാർഷികേതര വായ്പകളുടെ വിതരണം*
5. *നിക്ഷേപങ്ങൾ സ്വീകരിക്കൽ*
6. *ചെക്കുകളും ഡ്രാഫ്റ്റുകളും collection സ്വാകരിക്കുക*

## II തൃക്കൂർ co-operative milk society Ltd. No. R 7 (D)

1971 ലാണ് ഈ സ്ഥാപനം തൃക്കൂർ അമ്പലനടയിൽ പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഈ സ്ഥാപനത്തിന് 1250 അംഗങ്ങളുണ്ട് ഇവരിൽ 600 അംഗങ്ങൾ ഇപ്പോൾപാൽ അളന്നുകൊണ്ടിരിക്കുന്നു. ഈ സംഘത്തിൻെറ കീഴിൽ 5 ബ്രാഞ്ചുകളുണ്ട്. ഇവയിലൂടെയും സംഘത്തിലും അടക്കം 1200 ലിറ്റർ പാലാണ് അളന്നുകൊണ്ടിരിക്കുന്നത്. ഇതിൽ 650 ലിറ്റർ പാൽ പഞ്ചായത്തിൽ തന്നെ വിൽക്കുന്നുണ്ട്. ബാക്കി വരുന്ന 550 ലിറ്റർ പാൽ പുറത്തേക്കയക്കുന്നു. ഈ സംഘത്തിൻെറ കീഴിൽ പാലുൽപന്നങ്ങൾ നിർമ്മിക്കുന്ന വനിതകളുടെ ഒരു ചെറിയ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് . പ്രവർത്തനം സുഖകരമല്ല. ഇതിനെ നല്ല രീതിയിൽ നടത്തിയെടുക്കണ്ടത് ആവശ്യമാണ്. പാലുൽപാദനമേഖലയിലേക്ക് കടന്നുവരുന്നവരേക്കാൾ ഈ മേഖലയോട് വിടപറയുന്നവരാണ് കൂടുതൽ.കാരണം കാലിത്തീറ്റയുടെ ഉയർന്ന വില, വയ്ക്കോലിൻേറയും പുല്ലിൻെറയും ക്ഷാമം എന്നിവയാണ്. എന്നാൽ അതിന് ആനുപാതികമായി കർഷകന് വില ലഭിക്കുന്നില്ല. ഉപഭോക്താക്കൾക്ക് പാലിന് വില ഇപ്പോൾ തന്നെ കൂടുതലാണുതാനും. ഈ പ്രശ്നങ്ങൾ ഗൗരവമായി പഠിച്ച് അതിന് ഒരു ശ്വാശത പരിഹാരം കാണുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകണം. ചെറിയൊരു കാലിതീറ്റ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണം. അവിടേക്കാവശ്യായ അസംസ്കൃതവസ്തുക്കൾ ലഭ്യമാകുന്നതിനുള്ള വഴിയുണ്ടാക്കണം.. അങ്ങിനെ കുത്തകകാരിൽ നിന്നു ലഭിക്കുന്നതിനേക്കാൾ വില കുറഞ്ഞതും ഗുണമേന്മയേറിയതുമായ തീറ്റ ലഭ്യമാക്കണം.

ഇവിടെ ലഭിക്കുന്ന പാൽ സംശുദ്ധമായി രീതിയിൽ പാക്കറ്റിലാക്കി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെ പാലുപയോഗിച്ചുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും പഞ്ചായത്തിൻെറ വിവിധ മേഖലകളിലായി ചെറിയ യൂണിറ്റുകൾ ആരംഭിക്കണം. അഭ്യസ്തവിദ്യരെകൂടി സ്വതന്ത്രമായ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തണം. താല്പര്യമുള്ള 10 പേരെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ അത്യുൽപാദനശേഷിയുള്ള പത്തു പശുക്കൾ തൊഴുത്ത് അനുബന്ധസാമഗ്രികകൾ എന്നിവക്ക് ഉയർന്ന തുക ലോൺ അനുവദിക്കണം. ഇവർക്ക് കൊടക്കുന്ന വായ്പതുകക്ക് ജാമ്യം പശുക്കളും പഞ്ചായത്തിലെ ജനകീയ കമ്മിറ്റിയുമായിരിക്കണം. അവർ വായ്പ ദുരുപയോഗപ്പെടുത്താതിരിക്കാൻ ജനകീയ കമ്മിറ്റികൾ തന്നെ മുൻകൈ എടുക്കുകയും വേണം.

വ്യാപകമായ രീതിയിൽ പുൽകൃഷിക്കാവശ്യമായ (വിലകുറഞ്ഞത്) വിലക്കും പാട്ടത്തിനും എടുക്കണം അവയിൽ പുൽകൃഷിക്ക് നേതൃത്വം സംഘത്തിൽ നിന്ന് പശുക്കളെ വായ്പ എടുത്ത സംഘാങ്ങളെ ഏൽപ്പിക്കുകയും വേണം. ഇവർക് വേണ്ട വിധത്തിൽ സഹായം നൽകുന്നതിനും മറ്റും പഞ്ചായത്തിലെ മൃഗഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം അങ്ങനെ ഇന്നു നടക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും വളരെയധികം മെച്ചപ്പെടുത്തി ഈ സംഘത്തിനെ ഉയർന്ന നിലവാരത്തിലെത്തിക്കണം.

| | |
|---|---|
| സ്ഥാപനത്തിൻെറ പേർ | തൃക്കൂർ ക്ഷീരവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ R 7(D) |
| പ്രവർത്തനപരിധി | തൃക്കൂർ പഞ്ചായത്ത് |
| Credot / Non Credir | Non credit |
| പ്രവർത്തനം ആരംഭിച്ച വർഷം | 19.11.1972 |
| ആകെ അംഗങ്ങൾ | 1294 |
| ഒരു ഓഹരിയുടെ വില | 10 രൂപ |
| അംഗീകൃത ഓഹരി മൂലധനം | 25,000 |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 18,160 |
| സർക്കാർ ഓഹരിയുണ്ടോ | ഇല്ല |
| പരമാവധി കടം എടുക്കാവുന്ന തുക | - പിരിഞ്ഞു കിട്ടിയ ഓഹരി തുകയും അടച്ച കരുതൽ ധനത്തിൻെറയും പത്തിരട്ടിയിൽ അധികരിച്ചുകൂടാത്തതാണ്. |
| പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാറുണ്ടോ | ഇല്ല |
| വായ്പകൾ നല്കിയിട്ടുണ്ടോ | ഇല്ല |

## II സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ

*അംഗങ്ങൾ ഉൽപാദിപ്പിക്കുന്ന പാൽ വാങ്ങി വിതരണം നടത്തുന്നു.*
*അംഗങ്ങളുടെ സൗകര്യാർത്ഥം 5 കളക്ഷൻ സെൻററുകൾ പ്രവർത്തിക്കുന്നു.*
*കളക്ഷൻ സെൻററുകളിൽ കാലിത്തീറ്റ സൗകര്യം നൽകിവരുന്നു.*
*നല്ലയിനം പശുകുട്ടികൾക്ക് DRDA സമീകൃതാഹാരം നൽകി വരുന്നു.*
*പാൽ ഉൽപന്നങ്ങളുടെ യുണിറ്റ് ( 4 വനിതകൾ ) പ്രവർത്തനം ആരംഭിച്ചു.*

## III ഗവ. എയ്ഡഡ് റബ്ബർ പ്ലാൻേറഴ്സ് സർവ്വീസ് സഹകരണസംഘം

## R No. 233

1960 ൽ കല്ലൂരിൽ റബ്ബർ കൃഷിക്കാർക്കുവേണ്ടിയാണ് ഈ സംഘം നിലവിൽ വന്നത്. ഇന്നത് ഒരു ഓഹരിക്കു 11 രൂപ മുഖവിലയോടുകൂടി 750 അംഗങ്ങളുമായി ആലേങ്ങാടിൽസ്വന്തമായ ഒരു ഇരുനിലകെട്ടടത്തിൽ പ്രവർത്തിച്ചുവരുന്നു. ആദ്യകാല പ്രസിഡണ്ട് ശ്രീമാൻ ജോസ്കുമാർ ആയിരുന്നു. റബ്ബർ കർഷകർക്ക് 25,000 രൂപവരെയും റബ്ബർ റോളർ വാങ്ങുന്നവർക്ക് പരമാവധി 13,700 രൂപവരെയും ഒരു ഹെക്ടർ സ്ഥലത്ത് റബ്ബർ നടുന്നതിന് പരമാവധി 50,000 വരെയും വായ്പ നൽകുന്നു.



536

## IV തൃക്കൂർ പഞ്ചായത്ത് സഹകരണമാർക്കറ്റിങ്ങ് & പ്രോസസ്സിങ്ങ് സൊസൈറ്റി R 961

തൃക്കൂർ പഞ്ചായത്തിൽ മുട്ടിത്തടിയിൽ 143 അംഗങ്ങളും ഒരു ഓഹരിക്ക് 300 രൂപ മുഖവിലയുമായി തുടങ്ങിയതാണ് ഈ സ്ഥാപനം. ഈ സ്ഥാപനത്തിൽ റബ്ബർ ഷീറ്റ് വാങ്ങുന്നുണ്ട്. അതുകൂടാതെ ദിവസംതോറും 10 രൂപ വീതം അടയ്ക്കുന്ന ഒരു നിക്ഷേപപദ്ധതിയും നടത്തുന്നുണ്ട്. ഈ മലയോരമേഖലയിൽ വളരെയധികം പ്രവർത്തനസാദ്ധ്യതയുള്ള ഈ സ്ഥാപനത്തിന് വളർത്തിയെടുക്കുവാൻ ഗ്രാമപഞ്ചായത്തിൽ നിന്നും ശക്തമായ സ്വാധീനം ചെലുത്തേണ്ടതുണ്ട്.

### കല്ലൂർ കളിമൺ വ്യവസായ സഹകരണസംഘം

ഖാദി വില്ലേജ് ഇൻഡസ്ട്രീസിൻെറ കീഴിലായി 1982 ആണ് ഈ സ്ഥാപനം രൂപം കൊണ്ടത് ഇപ്പോൾ ഇതിൽ 160 ഓഹരിക്കാരാണ് ഉള്ളത്. ഒരു ഒഹരിക്ക് 100 രൂപയാണ് മുഖവില. 40 തൊഴിലാളികളുമായി പ്രവർത്തനം ആരംഭിച്ച ഈ തൊഴിൽ സ്ഥാപനം അടച്ചുപൂട്ടിയിരിക്കുകയാണ്. ഒരുപാട് പരാധീനതകളാണ് പറയപ്പെടുന്നത്. എന്തായാലും തൊഴിലാളികളുടെ കാര്യം ശോചനീയമാണ്. എന്തു വിലകൊടുത്തും ഈ യൂണിറ്റ് തുറന്ന് പ്രവർത്തനം ആരംഭിക്കാനുള്ള ഒരു പദ്ധതി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കണം. അങ്ങിനെ സഹകരണ മേഖലയിലുള്ള ഈ തൊഴിൽ സ്ഥാപനം മാതൃകാ തൊഴിൽ സ്ഥാപനമാക്കി എടുക്കണം.

### തൃക്കൂർ കോ.ഒപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ R No. 704

1982 അമ്പലനടയിൽ 500 രൂപവീതം 40 പേർ സഹകരണാടിസ്ഥാനത്തിൽ പ്രൊഫ. അരവിന്ദാക്ഷൻ മാസ്റ്ററുടെ നേതൃത്വത്തിൽ ആരംഭിച്ചതാണീ പ്രസ്ഥാനം. ഇപ്പോൾ തൃക്കൂർ ആമ്പലനടയിലും പള്ളിയറയിലുമായി രണ്ടു ബ്രാഞ്ചുകളുണ്ട്. ഇന്ന് 100 രൂപയുടെ ആളോഹരിയുമായി 147 അംഗങ്ങളാളുള്ളത്. പല വ്യജ്ഞനങ്ങളും സ്റ്റേഷനറി സാധനങ്ങളുമാണ് ഇവിടെ വില്ക്കുന്നത്. ഇന്ന് ഈ സ്ഥാപനത്തിൻെറ നില വളരെ ശോചനീയമാണ്. കൊണ്ടുനടക്കാൻ പോലും ആളില്ലാത്ത അവസ്ഥയാണ്. കോറം തികയാത്തത്തുകൊണ്ട് മീറ്റിങ്ങുകൾ പോലും ശരിയാം വണ്ണം നടക്കാറില്ല. നോമിനേഷൻ കൊടുക്കാൻ ആളില്ലാത്തതുകൊണ്ട് ആരെയെങ്കിലും ഏൽപ്പിക്കുന്ന അവസ്ഥയാണിന്ന്.

1988 ൽ ജീരകം വിലകുറച്ചു കൊടുത്തതിൻെറ പേരിൽ മായമുണ്ടെന്നു പറഞ്ഞ് Food Inspector കേസ് ചാർജ്ജ് ചെയ്യുകയും 10000 രൂപ ചെലവുവരികയും വില്പനടത്തിയ ആളിനെ ശിക്ഷിക്കുകയും ചെയ്തുവെന്ന പരാതിയുണ്ട്.

സിവിൽ സപ്ലൈസിൽ നിന്നും സാധനങ്ങൾ വേണ്ടത്ര ലഭിക്കാത്തതുകൊണ്ട് പൊതു മാർക്കറ്റിൽ നിന്നാണ് സാധനങ്ങൾ വാങ്ങുന്നത്. ഈ പരിതാപകരമായ അവസ്ഥമാറ്റി ഗ്രാമപഞ്ചായത്തിൽ കൂടുതൽ ബ്രാഞ്ചുകൾ ആരംഭിച്ച് ഇലക്ഷൻ നടത്തി ഈ സ്ഥാപനത്തിനെ credit ആക്കികൊണ്ടുവരേണ്ടത് അത്യാവശ്യമാണ്.

### ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിസ്

ഖാദിയുടെ കീഴിലുള്ള ചർക്കക്ലാസിൽ 80 ൽ പരം വനിതകൾ ജോലി ചെയ്യുന്നുണ്ട്. ഇത്രയും വനിതകൾ ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിൻെറ മുൻകാല പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിലായിരുന്നു. വളരെ കുറച്ചു കൂലിയാണ് ഇവർക്കു ലഭിക്കുന്നത്. ഇവരുടെ തന്നെ ഭാഷ്യത്തിൽ നിന്നും ജോലി വളരെ കഠിനമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

## പ്രശ്നങ്ങളും സാധ്യതകളും

വെള്ളാനിക്കോട്, നായിരങ്ങാടി തൃക്കൂർ എന്നിവിടങ്ങളിൽ കല്ലൂർ സർവ്വീസ് സഹകരണബാങ്കിൻെറ ബ്രാഞ്ച് അനുവദിക്കുക.

നിലവിലുള്ള മാർക്കറ്റിങ്ങ് & പ്രോസസ്സങ്ങ് സഹകരണസംഘത്തിന് ഫലപ്രദമായി പ്രവത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കി കൊടുക്കുക ആവശ്യാനുസരണം പ്രവർത്തനമൂലധനവും ഓഹരി മൂലധനവും സർക്കാർ അനുവദിക്കുക.

അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവും ആയ ആവശ്യങ്ങൾക്ക് വായ്പ കൊടുക്കാൻ പലിശയിൽ ചുരുങ്ങിയത് 5% മാർജി കിട്ടത്തകവണ്ണം വായ്പകൾ ലഭ്യമാക്കുക.

മാസനിക്ഷേപതുകകൾ ദീർഘകാല നിക്ഷേപപദ്ധതികൾ എന്നിവ ചിട്ടികൾ നടത്തുന്നതുപോലെ നടത്തുവാൻ അനുവാദം നേടികൊടുക്കുക. ഇതു വഴി സ്വകാര്യമേഖലയിൽ കുന്നുകൂടുന്ന നിക്ഷേപങ്ങളും ജനങ്ങളുടെ സമ്പാദ്യവും സഹകരണമേഖലയിലേക്ക് തിരിച്ചുവിടാനാകും.

ചിട്ടികമ്പനികളും സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും നടത്തുന്ന സാമ്പത്തിക ഇടപാടുകാർക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

Nationalised ബാങ്കുകളുടെ കൂടുതൽ ശാഖകൾ ഗ്രാമപഞ്ചായത്തിൽ അനുവദിക്കാതിരിക്കുക

തൃക്കൂരിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സംഘത്തിൽ കൂടി സംഭരിക്കുന്ന പാൽ പാക്കറ്റിലാക്കി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

സംഘം അനുവദിച്ചിട്ടുള്ള മിൽമാ പ്രോഡക്ടിന് സർക്കാർ വേണ്ടത്ര സഹായം നൽകി അതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.

കേരഫെഡിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ ഗ്രാമപഞ്ചായത്തിൻെറ പ്രധാന ഭാഗത്ത് ഒരു കൊപ്ര സംഭരണ യൂണിറ്റ് ആരംഭിക്കാൻ വേണ്ട നടപടിയെടുക്കുക.

ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് എന്നും ഉപയോഗം വരുന്ന സോപ്പു നിർമ്മാണം മെഴുകുതിരി നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്കായി വനിത സഹകരണസംഘം രൂപീകരിക്കുക.

DWCRA യൂണിറ്റുകൾ സംഘടിപ്പിക്കുക വഴി സ്ത്രീകൾക്ക് തൊഴിലും സാമ്പത്തികവും മെച്ചപ്പെടുത്തുന്നതുപോലെ സഹകരണമേഖലകളിൽ വനിതകളെ കൊണ്ടുവരുന്നതിന് സാധിക്കും

കല്ലൂർ കളിമൺ വ്യവസായ കേന്ദ്രത്തെ പുനരുദ്ധരിക്കുക വഴി തൊഴിലാളികളു നഷ്ടപ്പെട്ട തൊഴൽ വീണ്ടെടുക്കുക.

കല്ലൂർ ഭാഗത്ത് സഹകരണമേഖലയിലായി കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.



538

ഇത്രയു ബുദ്ധിമുട്ടുള്ള ജോലിക്ക് കിട്ടുന്ന കൂലി മറ്റു ജോലികൾക്ക് ലഭിക്കുന്ന കൂലിയുമായി താരതമ്യം ചെയ്യുമ്പോൾ തുലോം നിസ്സാരമാണ്. വേനൽകാലങ്ങളിൽ നൂല് വളരെയധികം പൊട്ടുന്നതും കൂലി കുറയുന്നതുകാരണമാവുന്നുണ്ട്. ആയതുകൊണ്ട് ഇവർക്ക് മാന്യമായ കൂലി കിട്ടുന്നതിനും വേനൽകാലങ്ങളിൽ നൂല് പൊട്ടാതിരിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുതലത്തിൽ നടപടിയെടുക്കണം.

*പട്ടികജാതിയിൽ പെട്ട ആളുകൾ തിങ്ങിപാർക്കുന്ന ആതൂർ കോളനിയിൽ കുട്ട, മുറം, പനമ്പ് തുടങ്ങിയ പരമ്പരാകതമായ കുടിൽ വ്യവസായത്തിന് ഒരു സഹകരണ സംഘം ആരംഭിക്കുക.*

*വനഭൂമിയും കയ്യേറ്റ പ്രദേശങ്ങളും കൂടുതലായ ഈ പഞ്ചായത്തിൽ പട്ടയം ലഭിക്കാത്തവർക്കു കൂടി വായ്പാ സൗകര്യം ലഭ്യമാക്കുക.*

*കൃഷിവായ്പകളിൽ ജൈവവളത്തിന് മുൻതൂക്കം നൽകുക.*

*കാലിത്തീറ്റ, കറവുമാട് എന്നിവയുടെ വിതരണം കാര്യക്ഷമമാക്കുക*

*കൂടുതൽ വനിത സഹകരണസംഘങ്ങൾ ആരംഭിക്കുക*

*സർക്കാരിൻെറ അനുമതിയോടുകൂടി സഹകരണരംഗത്ത് ക്വാറി തൊഴിലാളികൾ ഇഷ്ടികപണിക്കാർ സമാന തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സഹകരണ സംഘം ആരംഭിക്കുക.*

*ബീഡി, കോറ നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി സഹകരണസംഘങ്ങൾ ആരംഭിക്കുക*

*കൺസ്യൂമർ സ്റ്റോറുകൾക്ക് ആവശ്യമായ സാധനങ്ങൾ സിവിൽ സപ്ലൈസിൽ നിന്നും ലഭ്യമാക്കുക*

*തിരഞ്ഞെടുപ്പു നടത്തി സ്റ്റോറുകളുടെ ചമതലകൾ ഡയറക്ടർ ബോർഡിനെ ഏല്പിക്കുക*

*കല്ലൂർ കളിമമൺ വ്യവസായകേന്ദ്രം പ്രവർത്തിച്ചിരുന്നത് ഒരു ഒറ്റ ഹാൻറ് പ്രസ്സ് ഉപയോഗിച്ചായിരുന്നു. അതിന് ഒരു ഹാൻറ് പ്രസ്സ്, റിവോൾവിങ് പ്രസ് ആവശ്യത്തിന് സ്റ്റാൻഡ് എന്നിവ വാങ്ങുന്നതിനം പണം സർക്കാരിൽ നിന്ന് അനുവദിപ്പിക്കുക.*

*ഇത്രയും ആയാൽ ഇപ്പോഴുള്ള എല്ലാ ആനുകൂല്യങ്ങളും പറ്റുന്ന തൊഴിലാളികളെ മാത്രം ഉപയോഗിച്ച് സ്ഥാപനം ലാഭകരമാക്കാം. വഴിമാറി ചിലവു ചെയ്ത പ്രവർത്തനമൂലധനത്തിന് വ്യക്തമായ കണക്കുള്ളതുകൊണ്ട് ആവശ്യമായ പ്രവർത്തനമൂലധനം അനുവദിപ്പിക്കുക.*

*കൺസ്യൂമർ സ്റ്റോറിൽ നിന്ന് ലഭിക്കുന്ന സാധനങ്ങൾ ഗുണമേന്മയുള്ളതായിരിക്കുവാൻ ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ടം.*

*പാലിൽ ഉൽപാദകന് ന്യായമായ വില ലഭ്യമാക്കണം.*

*സഹകരണസംഘങ്ങളിൽ നിന്നും കൊടുക്കുന്ന വായ്പയുടെ പരിധി ഉയർത്തുക*

*ഖാദിബോർഡിൻെറ കീഴിലുള്ള ചർക്കക്ലാസ്സുകളിലെ വനിതകൾക്ക് മാന്യമായ വേതനം ഉറപ്പുവരുത്തുക*



539

# 11 പട്ടികജാതി പട്ടികവർഗ്ഗ വികസനം

ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുതന്നെ ഉയർന്ന ജാതിയിൽ പെട്ടവരുടെ പീഢനങ്ങൾക്കിരയായി ജീവിച്ചിരുന്ന ഒരു തൊഴിലാളി വിഭാഗമായിരുന്നു പട്ടികജാതി പട്ടികവർഗ്ഗം. കാർഷികവൃത്തിയിൽ അസാമാന്യ പാണ്ഡിത്യമുണ്ടായിരുന്ന മണ്ണറിയുന്ന കർഷകരായിരുന്നു ഇവർ. പക്ഷെ ചെണ്ടയുടെ ഗതിയായിരുന്നു ഇവർക്കും. കൃഷി ചെയ്യുന്നത് ഇവരും കൊയ്യുന്നത് മേലാളന്മാരും. സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് ഗാന്ധിജി ഇവരെ ഹരി (ദൈവം) യുടെ ഇഷ്ടപ്പെട്ടവർ അതായത് ഹരിജനങ്ങൾ എന്ന പേരിലാണ് സ്നേഹത്തോടെ വിളിച്ചത്. അതുവരെ സ്വന്തമായ പേരു വിളിക്കാതെ ജാതിപേര് വിളിക്കുകയായിരുന്നു പതിവ്. തന്നെയുമല്ല മേലാളന്മാരുടെ പേരുകളൊന്നും ഇവർക്ക് അനുവദിച്ചിരുന്നില്ല. ക്ഷേത്രങ്ങൾ ഗുരുകുലം എന്നിവയിൽ പ്രവേശനം നിഷേധിച്ചിരുന്നു. മേലാളന്മാർ വരുമ്പോൾ അവരുടെ കാര്യസ്ഥന്മാർ ശബ്ദമുണ്ടാക്കിയിരുന്നു. അതുകേട്ടാൽ ഇവർ വഴി മാറി പോകണമായിരുന്നു. എന്നിരുന്നാലും ഇവരുടെ സഹോദരിമാരെയും ഭാര്യമാരെയും പീഢിപ്പിക്കുന്നതിന് അലിഖിതമായ അവകാശം മേലാളന്മാർക്കുണ്ടായിരുന്നു. മഹാത്മജി, അംബേദ്കർ, എന്നിവരുടെ ശ്രമഫലമായി ഇവരുടെ ജീവിതനിലവാരം വളരെയധികം മെച്ചപ്പെട്ടു. സ്വാതന്ത്ര്യത്തിനു ശേഷം 1996 എത്തിയപ്പോൾ ഒരു പരിധിവരെയെങ്കിലും അവരുടെ അന്തസ്സ് ഉയർത്തിപിടിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ കാർഷിക വിളംബരവും വളരെയധികം ഇവർക്കു ഗുണം ചെയ്തു.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 9.5% പട്ടികജാതിവിഭാഗമാണ്. എന്നാൽ 29 പട്ടികവർഗ്ഗ അംഗങ്ങൾ മാത്രമെ ഉള്ളു. 11 ആണുങ്ങളും 18 പെണ്ണുങ്ങളുമാണവർ അംഗീകരിച്ച 17 കോളനികളിലായി 329 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇവരുടെ ജനസംഖ്യ 2254 ആണ്. ഇവയിൽ ആതൂർ കോളനിയിൽ മാത്രമാണ് ഇവർ ഒരു പ്രത്യേക വിഭാഗമായി ജിവിക്കുന്നത് എന്നാൽ സാമ്പത്തികവും സാമൂഹികവുമായി ഉയർന്ന കൂടുതൽ കുടുംബങ്ങൾ ഇവരുടെ അടുത്തായി താമസിക്കുന്നതുകൊണ്ട് ഈ കോളനിയിലുള്ളവർ ഉയർന്ന ജീവിതനിലവാരമാണ് പുലർത്തുന്നത്. ഏകദേശം എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. മിക്കവയും ഓടിട്ട വീടുകളാണ്. പൈപ്പുലൈനുകളുണ്ട്. ധാരാളം കുഴൽകിണറുകളും പഞ്ചായത്തുകിണറുകളും ഉണ്ട്.

വിദ്യാഭ്യാസസാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ദാരിദ്ര്യം പരിപൂർണ്ണമായി മാറിയിട്ടില്ലെങ്കിലും പട്ടിണി കിടക്കുന്ന വീടുകൾ ഉണ്ടാകുകയില്ല. പലപ്പോഴും അറിവു കുറവാണ് ഇവർക്ക് ബുദ്ധുമുട്ടുണ്ടാക്കുന്നത്. ആദ്യകാലത്ത് മേലാളന്മാർ കൊടുത്തിരുന്നത് വാങ്ങിപോന്നിരുന്നവർ ഇന്ന് കണക്കു പറഞ്ഞ് കൂലി വാങ്ങും. കൂലിയും ഉയർന്നതാണ്. ശരിക്കും ഉപയോഗിച്ചാൽ ഒരാണിൻെറയും പെണ്ണിൻെറയും കൂലികൊണ്ട് വളരെ നല്ല രീതിയിൽ ജീവിക്കാൻ കഴിയും. പക്ഷെ ഒരു കുടുംബ ബജറ്റ് ഇല്ലാത്തതുകൊണ്ട് അധികം പൈസയും മദ്യം കഴിക്കുന്നതിനും അനാവശ്യകാര്യങ്ങൾക്കുമായി ഉപയോഗിച്ച് പ്രശ്നത്തിൽ അകപ്പെടുകയാണു ചെയ്യുന്നത്. ഇവരുടെ ഉന്നമനത്തിനുവേണ്ടി സർക്കാർ ഇറക്കുന്ന പദ്ധതികൾ ഇവരുടെ കൈകളിൽ ശരിയായ രീതിയിൽ എത്തിച്ചേരുന്നില്ല. എത്തിയാൽ തന്നെ അവ ഉപയോഗപ്പെടുത്തുന്ന കാര്യത്തിലും ഇവർ പലപ്പോഴും വിജയിക്കാറില്ല. ഇവിടുത്തെ കോളനിയിൽ പുലയ, പറയ, വേട്ടുവ, എന്നീ സമുദായത്തിൽ പ്പെട്ടവരാണ് താമസിക്കുന്നത്.



540

ആരോഗ്യപരമായ [illegible] പ്രശ്നങ്ങളുള്ളവരാണ് ഇവിടത്തെ ആളുകളിൽ ഭൂരിഭാഗവും. താഴ്ന്ന സാക്ഷരതയും ഉയർന്ന വിദ്യാഭ്യാസമില്ലാത്തതും പഞ്ചായത്തുതലത്തിലുള്ള ബോധവത്കരണക്കുറവുമാണ് അതിനുള്ള പ്രധാന കാരണങ്ങൾ സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഭാഗമായി കുടിവെള്ളം ശുദ്ധമായതുമാത്രം ഉപയോഗിക്കണമെന്ന് പഠിപ്പിച്ചിട്ടും പലരും പൂർണ്ണമായും പാലിക്കുന്നില്ല. തിളപ്പിച്ചവെള്ളം വളരെ കുറവ് ജനങ്ങൾ മാത്രമെ ഉപയോഗിക്കുന്നുള്ളു. ശുദ്ധജലം ലഭിക്കുന്നതിനും ഭൂരിഭാഗം കോളനി നിവാസികൾക്ക് ബുദ്ധിമുട്ടുണ്ട്. പല കോളനികളിലും ഉള്ളവർക്ക് സ്വന്തമായി നല്ല കക്കൂസുകൾ ഉണ്ടെങ്കിൽ ഭൂരിഭാഗം വീടുകൾക്കും തുറന്ന കക്കൂസുകളുള്ളവരോ അതുപോലും ഇല്ലാത്തവരും ആണ്. ഇതും ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. വേനൽക്കാലത്തുണ്ടാകുന്ന രൂക്ഷമായ ജലക്ഷാമം കൊണ്ട് ശരീരം ദിവസേനയെന്നോണം ശുചിയാക്കാൻ കഴിയാത്തതും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട സ്ത്രീകൾ ഗർഭിണികൾ ആയാൽ ആവശ്യത്തിന് പോഷകാഹാരം ലഭിക്കുന്നതിനുള്ള ഒരു സൗകര്യവും ഇവിടങ്ങളിൽ കാണുന്നില്ല. അതുപോലെ കൃത്യമായ പരിശോധനയും അവർ പാലിക്കേണ്ട കാര്യങ്ങളും നടക്കുന്നില്ല. അതുകൊണ്ട് അമ്മക്കും കുട്ടിക്കും പലവിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നതായി കാണുന്നു. വല്ലപ്പോഴും വരുന്ന ഹെൽത്ത് വിസിറ്റർ ഒരിക്കലും ഇവരുമായി സമ്പർക്കം പുലർത്താറില്ല. കാരണം ഹെൽത്ത് വിസിറ്റർ വരുമ്പോൾ അവർ പണിയെടുക്കുന്ന സ്ഥലങ്ങളിലായിരിക്കും. പലരും ഞായറാഴ്ച അടക്കം ജോലിക്ക് പോകും. മിക്ക സ്ത്രീകളും പണിക്കുപോകുന്നതുകൊണ്ട് കൊച്ചുകുട്ടികളുടെ ആരോഗ്യകാര്യത്തിലും പോഷണത്തിലും ശ്രദ്ധക്കുറവുമൂലം അവരിൽ പല രോഗങ്ങളും ചെറുപ്പത്തിൽ തന്നെ കണ്ടുവരുന്നു.

പട്ടിക കാണുക

വിദ്യാഭ്യാസപരമായി ഇവിടത്തെ ജനങ്ങൾക്ക് താഴ്ന്നനിലവാരം മാത്രമെ ഉള്ളു. എസ്.എസ്.എൽ.സി. പാസായവരുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്. അതിൽ നിന്നും അപര്യാപ്തത വ്യക്തമാകുന്നുണ്ട്. പഞ്ചായത്തിൽ മൊത്തമായും ഇവരിൽ ബിരുദധാരികളും ബിരുദാനന്തബിരുദധാരികളും വളരെ കുറവാണ്. ആതൂർ കോളനിയിൽ താമസിക്കുന്ന ഒരാൺകുട്ടി വർഷങ്ങൾക്കു മുമ്പു തന്നെ ബി.ടെക് പാസായതും ഇപ്പോൾ താമസിക്കുന്ന ഒരു പെൺകുട്ടി എം.എ. ഇക്ണോമിക്സ് പാസായതും എടുത്തുപറയാവുന്ന കാര്യങ്ങളാണ്. അതുപോലെ ഞെള്ളൂർ കോളനിയിലും ഒരു കുട്ടി ബി.ടെക് പാസായിട്ടുണ്ട്.

മാതാപിതാക്കളുടെ പാത പിന്തുടരുന്നതും ചെറുപ്പത്തിൽ തന്നെ ആവശ്യമായ ശ്രദ്ധയില്ലാത്തതും കുട്ടികളെ വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരത്തിലെത്തിക്കുന്നു. പഞ്ചായത്തിൽ കോളനികളുമായി ബന്ധപ്പെട്ട് മഹിളാസമാജങ്ങളോ ശിശുക്ഷേമകേന്ദ്രങ്ങളോ ഇല്ലാത്തതും ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരതകർച്ചക്ക് കാരണമാകുന്നു. ഇവരുടെ കുട്ടികൾക്ക് പഞ്ചായത്തു തലത്തിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്. മുൻകൊല്ലങ്ങളിൽ സ്കൂൾ ക്ലാസ്സുകളിൽ നിന്നുതന്നെ ഉണ്ടായിരുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇപ്പോൾ ഹൈസ്ക്കൂൾ തലത്തിലടക്കം വളരെ കുറവു വന്നിട്ടുണ്ട്. വിദ്യ അഭ്യസിക്കുന്നത് അറിവിനുവേണ്ടി മാത്രമല്ലെന്നും നല്ലൊരു ജോലിക്കുള്ള പാതകൂടിയാണെന്നും അതിലൂടെ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കാമെന്നുള്ള ഒരു ധാരണ കുറച്ചുപേർക്കെങ്കിലും ഉണ്ടായിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിലാണ് ജോലിചെയ്തുവന്നിരുന്നത്. എന്നാൽ അടുത്ത കാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ച



125

പട്ടിക1

# പട്ടികജാതി / പട്ടികവർഗ്ഗ കോളനികളുടെ വിവരങ്ങൾ

| നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങളുടെ എണ്ണം | പു | സ്ത്രീ | ഓല മേഞ്ഞ വീടുകൾ | കുഴൽ കിണർ | പഞ്ചാ. കിണർ | പൈപ്പ് | തെരുവ് വിളക്ക് | സർക്കാർ ജീവനക്കാർ | ആശുപത്രി | എസ്.എസ്.എൽ.സി പാസ്സായവർ | സ്വയം തൊഴിൽ | ഐ.ആർ.ഡി.പി | മറ്റ് വായ്പകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കോനിക്കര കോളനി | 1 | 34 | 82 | 92 | 14 | X | - | X | - | 1 | X | 13 | 1 | 6 | 3 |
| 2 | പള്ളിയറ കോളനി | 4 | 18 | 48 | 54 | 3 | - | - | X | X | X | X | X | X | 1 | X |
| 3 | തൃക്കൂർ ഓ.എൽ.എച്ച് | 4 | 25 | 53 | 57 | 6 | - | - | X | - | X | X | 3 | X | 7 | 2 |
| 4 | കോട്ടായി കോളനി | 5 | 23 | 40 | 54 | 12 | | | X | - | X | X | 1 | X | 4 | X |
| 5 | ചുങ്കം - പള്ളി | 5 | 10 | ബോയൻ കോളനി | | | | | | | | | | | | |
| 6 | പള്ളിക്കുന്ന് - കോളിനി | 5 | 18 | ബോയൻ കോളനി. | | | | | | | | | | | | |
| 7 | ആലേങ്ങാട് | 6 | 15 | 40 | 41 | 6 | X | - | X | - | X | H | 5 | 0 | 4 | X |
| 8 | മുട്ടിത്തടി കോളനി | 7 | 12 | 39 | 41 | 5 | X | - | X | X | X | X | 4 | X | 1 | X |
| 9 | ഭരതമല | 7 | 12 | 18 | 17 | 3 | - | - | X | X | 0 | X | 3 | X | 1 | 1 |
| 10 | വട്ടക്കൊട്ടായി | 7 | 8 | 14 | 22 | 4 | X | - | X | X | X | X | X | X | 3 | X |
| 11 | കള്ളായി | 8 | 20 | 39 | 46 | 6 | X | - | X | X | 1 | X | 1 | X | X | X |
| 12 | ആതൂർ എച്ച്.ഡി.പി. | 9 | 81 | 188 | 180 | 20 | | | | | 0 | X | 12 | 3 | 50 | 6 |
| 13 | ഞെള്ളൂർ | 10 | 22 | 50 | 44 | 4 | - | - | X | - | X | X | 2 | 1 | 5 | 1 |
| 14 | പാറക്കാട് | 11 | 20 | 60 | 66 | 2 | X | X | X | X | 3 | X | 4 | 1 | 6 | 1 |
| 15 | പള്ളം | 11 | 31 | 73 | 84 | 21 | X | - | X | - | X | X | 3 | X | 11 | 1 |
| 16 | കൊല്ലക്കുന്ന് | 11 | 13 | 30 | 33 | 3 | | X | X | - | X | X | 3 | X | X | X |
| 17 | പാലത്തുപറമ്പ് | 11 | 20 | 59 | 59 | 8 | X | - | X | - | 1 | X | 4 | X | 4 | X |
| | Total | | 382 | | | | | | | | | | | | | |

ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതരാകുകയും ചെയ്തു. ഇവരിൽ ഭൂരിഭാഗവും നിർമ്മാണ മേഖലയിലാണ് എത്തി ചേർന്നിട്ടുള്ളത്. സ്ത്രീകൾക്ക് 70 രൂപയും പുരുഷന്മാർക്ക് 120 രൂപയും കൂലി ലഭിക്കുന്നു. പക്ഷേ ഇതുമൂലം കാർഷികമേഖലയിൽ ഞാറുവലി, നടീൽ, കൊയ്ത്, തുടങ്ങിയ ജോലികൾക്ക് കടുത്ത ക്ഷാമം നേരിടുന്നുണ്ട്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യഉൽപാദനമെന്ന അധികപരിഗണനകൊടുത്ത് ഈ മേഖലയിലേക്ക് പരിശീലനം ലഭിച്ചവരെ ആകർഷിക്കുകയും പുതിയ തലമുറയിലേക്ക് കൈമാറ്റം ചെയ്യുകയും വേണം. അതുപോലെ ഇവരുടെ തൊഴിൽമേഖലയിൽ വന്ന ആവശ്യത്തിന് മുള ലഭിക്കാത്തതുകൊണ്ട് കുട്ട മുള, പനമ്പ് എന്നിവയുണ്ടാക്കാൻ കഴിയുന്നില്ല. കൈതയോലയുടെ കുറവുമൂലം പായനെയ്ത്ത് അസാദ്ധ്യമാകുന്നു. പുരുഷന്മാർ ഓട്ടുകമ്പനി, ഇഷ്ടികപണി, മീൻപിടുത്തം,. കൃഷിപണി തുടങ്ങിയ മേഖലകളിലാണ് ജോലി ചെയ്യുന്നത്. സർക്കാർ ജോലികളിൽ ഇവരുടെ എണ്ണം പരിമിതമാണെന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

സാംസ്കാരികപരമായി തനതായ വ്യക്തിത്വമുള്ളവരാണ് ഇവിടത്തെ ജനങ്ങൾ. ഇവരുടേതാ പ്രത്യേക ഉത്സവങ്ങളൊന്നുംതന്നെ പഞ്ചായത്തിലില്ല.. എന്നാൽ കുംഭഭരണിക്ക് പല്ലിശ്ശേരിക്ഷേത്രത്തിലേക്ക് ഇവിടെ നിന്നും തയ്യം, തിറ, കാളക്കളി തുടങ്ങിയ പ്രാചീന കലാരൂപങ്ങൾകൊണ്ട്യുടുള്ള ഘോഷയാത്രനടക്കാറുണ്ട്. കന്നിമാസത്തിലെ തിരുവോണം നാളിൽ തലോരിൽ നടത്താറുള്ള പോത്ത് മകത്തിനും ഇവിടത്തെ ജനങ്ങളുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകാറുണ്ട്. പൂജാഘോഷങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്ത താളമേളങ്ങളിലൊന്നായ നാദസ്വരത്തിലെ പ്രധാന ഇനമായ തകിൽ വാദ്യം നടത്തുന്ന കുറച്ചുപേർ ഈ പഞ്ചായത്തിലുണ്ട്. പുള്ളുവൻ പാട്ടു നടത്തി ഉപജീവനം നടത്തുന്ന ഒരു കുടുംബവും ഉണ്ട്. പ്രാചീന കലാരൂപങ്ങളെ കുറിച്ച് നല്ല അറിവുള്ള ആളുകളും ഇവിടത്തെ കോളനിനിവാസികളുടെ ഇടയിൽ കാണാം. പക്ഷേ ഇവരുടെയൊന്നും അടുത്ത തലമുറ ഈ മേഖലയിൽ അല്ലാത്തതുകൊണ്ട് ഇന്നെല്ലാം ഈ പഞ്ചായത്തിൽ അന്യം നിന്നുപോകുന്ന അവസ്ഥ വിദൂരമല്ല.

കുടിവെള്ളക്ഷാമമാണ് കോളനികളിൽ വളരെ ചെറിയൊരു ശതമാനം മാത്രമെ പരിഹാരം കണ്ടിട്ടുള്ള. പലയിടത്തും കുഴൽ കിണർ, പഞ്ചായത്തു കിണർ എന്നിവയുണ്ടെങ്കിലും ഏറിയഭാഗത്തും ഇവ ഒന്നും തന്നെയില്ല. വേനൽ കാലങ്ങളിൽ വൈകി പണികഴിഞ്ഞെത്തുനന സ്ത്രീകളുടെ പണിയാണ് വെള്ളം ചുമക്കൽ. അതിനൊരു ശാശ്വത പരിഹാരം കാണേണ്ട് വളരെ അത്യാവശ്യമാണ്. പല സർക്കാർ സഹായങ്ങളും ഈ കാര്യത്തിൽ പ്രഖ്യാപിതപ്പെടാറുണ്ടെങ്കിലും പരിഹരിച്ചുകണ്ടിട്ടില്ല. കുടിവെള്ളത്തെപോലെ ശ്രദ്ധ അർഹിക്കേണ്ട ഒന്നാണ് പാർപ്പിടപ്രശ്നം. പല കോളനികളിലും സ്വന്തമായി സ്ഥലമുള്ളവർക്ക് ഭേദപ്പെട്ട വീടുകളില്ല ചുങ്കം പരിസരത്ത് കനാലിന്റെ സമീപം താമസിക്കുന്നവർക്ക് സ്വന്തമായി ഭൂമിപോലു ഇല്ലാത്തതാണ്. ഇവരുടെയെല്ലാം തന്നെ സാമ്പത്തികമായ അവസ്ഥ തീരെ മോശമാണ്. ഓരോ ദിവസം കിട്ടുന്നത് അന്നന്ന് അവസാനിപ്പിക്കുന്നവരാണ് ഭാരിഭാഗവും. ഇന്നത്തെ അവസ്ഥയിൽ കുറച്ചു സമ്പാദ്യം നിലം പറമ്പ്, റബ്ബർ എന്നിവ സ്വന്തമായിട്ടുള്ളവരും അപൂർവ്വമാണെങ്കിലും കാണാം.

സർക്കാർ തലത്തിൽ ഇവർക്കുള്ള ക്ഷേമപദ്ധതികളുടെ പേർ എഴുതുവാൻ തുടങ്ങിയാൽ നിരവധിയാണ്. പക്ഷെ ഇവയിലധികവും അർഹിക്കുന്ന കൈകളിലെത്തിചേരാറില്ല. അല്ലെങ്കിൽ മറ്റുള്ളവർ വളരെ ബോധപൂർവ്വം കവർന്നെടുക്കുന്നു. ക്ഷേമ പദ്ധതികൾക്ക് അനുവദിക്കുന്ന പണം പലപ്പോഴും തികയാറില്ല. അതുകൊണ്ടുതന്നെ ഇവ ഭൂരിഭാഗവും ഇവ വിജയിക്കാറില്ല. ഉദാഹരണമായി വീട് പണിയുന്നതിന് സർക്കാർ തലത്തിൽ നിന്നും ധനസഹായം നൽകുന്നതും



543

പലപ്പോഴും വീടിന്റെ പണി നടത്താനാവശ്യമായ സ്ഥലത്തിന്റെ 30% മാത്രമായിരിക്കും. താല്പര്യമുള്ളവൻ നാട്ടിലെ കൊള്ളപലിശക്കാരന്റെ ഒരു ഇരയാകുകയും അങ്ങിനെ ജീവിതം മുരടിക്കുകയും ചെയ്യുന്നു. മറ്റൊരു പ്രധാന പ്രശ്നം ധനസഹായസ്ഥാപനങ്ങളെക്കുറിച്ചും ധനസഹായത്തെക്കുറിച്ചും ഇവർക്കുള്ള അജ്ഞതയാണ് ഇവയെക്കുറിച്ച് ഇവരെ ബോധവാന്മാരാക്കുന്നതിന് പഞ്ചായത്തുതലത്തിൽ തന്നെ ബോധവൽക്കരണം നടത്തണം. മറ്റൊരു പ്രശ്നം എസ്.എസ്.എൽ.സി. പരാജയപ്പെട്ടവർ വിജയിച്ചവർ ബിരുദവും ബിരുദാന്തബിരുദവും നേടിയവരെ കണ്ടെത്തി അവരെ സർക്കാർ ജോലി ലഭിക്കുന്നതിന് പ്രാപ്തമാക്കാനും നടപടികൾ ആവശ്യമാണ്. ആ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിനോടനുബന്ധിച്ച് ഒരു ട്രെയിനിങ്ങ് സെൻറർ സ്ഥാപിക്കുന്നത് നന്നായിരിക്കും.

**പ്രശ്നങ്ങൾ**

*വിദ്യാഭ്യാസരംഗത്ത് ആവശ്യമായ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.*

*കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷികമേഖലയിൽ നിന്ന് തൊഴിലാളികൾ സ്വയം ഒഴിഞ്ഞു പോകുന്നു.*

*തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങുന്നു.*

*എല്ലാവർക്കും സ്വന്തമായി വീടില്ല. പലർക്കും വീടുവെക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാനുള്ള ധനസഹായംകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ സഹായം ദുർവിനിയോഗം ചെയ്യുന്നു.*

*കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതിയില്ല.*

*പൊതുശ്മശാനം 16 കോളനികളിലില്ല*

*കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.*

*ആരോഗ്യസംരക്ഷണം സംവിധാനം മെച്ചപ്പെട്ടതല്ല. നിർധനകുടുംബങ്ങളുടെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.*

*IRDP പദ്ധതിയിയും മറ്റും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.*

*പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമ വകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല*

*പട്ടികജാതി / വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്ര ഇല്ല. നാട്ടിലെ കൊള്ളപലിശക്കാരുടെ കടക്കെണിയിൽ പെട്ടുപോകുന്നു.*

***സാധ്യതകൾ***

*തൊഴിൽ മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം.*

*പായ് നെയ്ത്ത്, കുട്ട പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.*

*പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കണം.*



544

എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതി ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.

ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെൻററുകൾ സ്ഥാപിക്കുക.

അഭ്യസ്തവിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുടികളെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന 3 - 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നേഴ്സറികളും രണ്ടോ മൂന്നോ കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

നാലുസെൻറ് കോളനികളിലും ലക്ഷംവീട് കോളനികളിലും വീട് പുതുക്കി പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.

പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പലാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്ത് നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

പഞ്ചായത്തു കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലനം കൊടുക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കുക.

ലക്ഷംവീട് കോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടുകളാക്കി മാറ്റുക.

വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾക്കും പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

സഹകരണമേഖലയിൽ ഹോളോ ബ്രിക്സ് യൂണിറ്റ് ആരംഭിക്കുക.

അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ഉപയോഗിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

ഓരോ കോളനികളിലും കലാ സാംസ്കാരിക വികസനത്തിനുതകുന്ന വിധത്തിൽ ക്ലബ്ബുകൾ കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ സ്ഥാപിക്കുക.

പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾക്ക് പത്താം ക്ലാസ്സ് വരെ നിർബന്ധവിദ്യാഭ്യാസം നടപ്പിലാക്കുക

പട്ടികജാതി / പട്ടികവർഗ്ഗക്ഷേമ നിധികളേയും അവർക്ക് അനുവദിച്ചുള്ള ആനുകൂല്യങ്ങളേ സംബന്ധിച്ച് അപ്പപ്പോൾ കോളനികളിലെ ക്ലബ്ബുകളിൽ നോട്ടീസ് മൂലം അറിയിക്കുക.

545

# 12 വിഭവ സമാഹരണം

ഒരു ഗ്രാമപഞ്ചായത്തിൻെറ ഏറ്റവും പ്രധാനവിഭവം മനുഷ്യശക്തിയാണ്. അത് പഞ്ചാ.യത്തിൽ സുലഭവുമാണ്. പക്ഷെ വേണ്ട വിധത്തിൽ വിഭവങ്ങൾ ഉപയോഗിക്കാതിരുന്നാൽ അത് തീർച്ചയായും വളരെ വലിയ ഭവിഷ്യത്താണ് ഉണ്ടുക്കുക. പഞ്ചായത്തിൻെറ ധനാഗമമാർഗ്ഗങ്ങളെകുറിച്ച് വളരെ ഗൗരവം അർഹിക്കുന്ന കാഴ്ചപ്പാടാണ് വേണ്ടത്. തൃക്കൂർ ഗ്രാമപഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. പ്രധാനമായ വരുമാനം ഓട്ടുകമ്പികളിൽ നിന്നും മറ്റുമുള്ളതാണ്. കൂടാതെയുള്ള വരുമാനങ്ങളെക്കുറിച്ച് അനബന്ധം 1 ൽ നിന്നും ലഭിക്കുന്നതാണ്. തൊഴിൽ, കെട്ടിടം, എന്നിവയുടെ നികുതി പിരിക്കൽ സമ്പ്രദായത്തിൽ വളരെയധികം വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ട്. പല മേഖലകളിൽ നിന്നുമായി വളരെയധികം നികുതികൾ പിരിച്ചെടുക്കാൻ സാധിക്കും. അതുപോലെ നികുതിയിനത്തിൽ വളരെയധികം രൂപ അടയ്ക്കാതെയും ഇരിക്കുന്നതായി കാണാം. ഇപ്പോൾ പിരിച്ചെടുക്കുന്ന നികുതികൾ കൂടാതെ തൊഴിൽ നികുതി ആരിൽ നിന്നെല്ലാം പിരിക്കാമെന്നുള്ള കാഴ്ചപ്പാടുണ്ടാകണം. പുതിയ വീടുകൾ പണിത പലരും പഴയവീടിൻെറ നമ്പർ തന്നെ ഉപയോഗിച്ച് നികുതി വെട്ടിപ്പ് നടത്തുന്നത് വ്യാപകമായ തോതിൽ കാണാം. സിനിമാശാലകളിൽ ഒരു പ്രാവശ്യം കൊടുത്ത ടിക്കറ്റുകൾ വീണ്ടും കൊടുക്കുന്നതും പഞ്ചായത്തിൻെറ സീൽ തന്നെ സ്വന്തമായുണ്ടാക്കി നികുതി തട്ടിപ്പ് നടത്തുന്നതും വ്യാപകമായ തോതിൽ തന്നെ നടക്കുന്നുണ്ട്. ഇങ്ങിനെ പഞ്ചായത്തിൻെറ നികുതി വെട്ടിപ്പ് നടത്തുന്നവരെ ശിക്ഷിക്കണം അവർക്ക് ഒത്താശകൾ ചെയ്തുകൊടുക്കുന്നവർ ആരായാലും കണ്ടില്ലെന്ന് നടിക്കരുത്. അങ്ങിനെ ന്യായമായി ലഭിക്കാനുള്ള നികുതികൾ പിരിച്ചെടുക്കുകയും സാധാരണക്കാരൻെറ ചുമലിലെ നികുതിഭാരം പരമാവധി കുറക്കുകയും ചെയ്തുകൊണ്ടുള്ള ഒരാസൂത്രണം നടത്തേണ്ടത് വളരെ ആവശ്യം വേണ്ട കാര്യമാണ്.

## അനുബന്ധം 1

| ഇനം | | സമാഹരിച്ച രൂപ | | | | |
|---|---|---|---|---|---|---|
| | | 1991–92 | 1992–93 | 1993–94 | 1994-95 | 1995-96 |
| 1 | കെട്ടിട നികുതി | 1,28,703.50 | 140288 | 203100 | 210825.60 | 231167 |
| 2 | തൊഴിൽ നികുതി | 73410 | 87078 | 94030 | 124008 | 150120 |
| 3 | വാഹനനികുതി | - | | | | |
| 4 | വിനോദനികുതി | 7469.20 | 7539.15 | 8054.80 | 16806.15 | 11776 |
| 5 | അഡീ. വിനോദനികുതി | 404.45 | 6802 | 5252.55 | 5509.95 | 6802 |
| 6 | പ്രദർശനനികുതി | 1489 | 1498 | 2496 | 3062 | 2692 |
| 7 | പ്രദർശന നി. സർചാർജ് | 373 | 379 | 630 | 766 | 673 |
| 8 | ലൈസൻസ് ഫീസ് | | | | | |
| 9 | വസ്തു കൈമാററ നികുതി | 93589 | 103470 | 150000 | 140007 | 100000 |
| 10 | ഒഴികെയുള്ള വരവുകൾ | 475847 | 411711 | 521957 | 552906 | 875547 |
| 11 | ഡെപ്പോസിറ്റ് | 4431 | 5062 | 15997 | 51016 | 39790 |
| 12 | മറ്റുള്ളവ | | | | | |
| 13 | | | | | | |
| | ആകെ | 704810.10 | 781728 | 1275405 | 1217969.15 | 1467401.75 |

ഈ വിധം ലഭിക്കുന്ന നികുതികളിലെ വരുമാനം പ്രധാനമായും ചെലവഴിക്കപ്പെടുന്നത് റോഡ് പണിക്കും മറ്റുമാണ്. വേനൽക്കാലങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന തൽക്കാല പരിഹാരങ്ങൾക്കും പണം വിനിയോഗിക്കുന്നുണ്ട്. സ്ഥിരമായൊരു സംവിധാനം ഏർപ്പെടിത്തിയാൽ ഈ വകയിലും നല്ലൊരു നീക്കിയിരിപ്പുണ്ടാക്കാം.

റോഡുകൾ ആവശ്യത്തിന് മാത്രം ഉണ്ടാക്കുകയും അവയിൽ പണം ചെലവഴിക്കുകയും ചെയ്താൽ മതി. നാടു മുഴുവൻ റോഡുണ്ടാക്കുന്ന പ്രവണത നല്ലതല്ല. കേരളത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ കിഴക്കു ഭാഗത്തുള്ളതുപ്പോലെ എണ്ണത്തിൽ കൂടുതലുള്ള റോഡുകളില്ല. അതുമൂലം ആ പഞ്ചായത്തുകളിൽ ഇവിടുത്തെപോലെ വ്യാപകമായി രീതിയിൽ പണം വ്യയം ( ദുർവ്യയം) ചെയ്യപ്പെടുന്നില്ല. തന്നെയുമല്ല കാർഷിക വിളകൾ ധാരാളം കൃഷി ചെയ്യുന്ന സ്ഥലങ്ങളാണ് ഈ വിധത്തിൽ നശിപ്പിക്കുന്നത്. പുതിയ പുതിയ റോഡുകൾ ഈവിധം പെരുകിയാൽ തീർച്ചയായും പഞ്ചായത്തുകളുടെ വരുമാനം മുഴുവനും ഇവയിൽ ചെലവഴിക്കേണ്ടി വരുന്ന കാലം വിദൂരമല്ല.

ചെലവ് സംബന്ധിക്കുന്ന കണക്കുകൾ താഴെ അനുബന്ധം 2 ൽ കൊടുക്കുന്നുണ്ട്. അതിൽ നിന്നും മുകളിൽ പറഞ്ഞ കാര്യങ്ങളിൽ സത്യമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. അതുപോലെ പൊതുമരാമത്ത് പണികൾ അവ ചെറുതായാൽപോലും ഇടനിലക്കാരെ ഏൽപ്പിച്ച് നടത്തുന്ന രീതി അവസാനിപ്പക്കണം. ഒരു റോഡ് പണിയുവാൻ അതിന്റെ ഉപഭോക്താക്കളായ 25 പേരടങ്ങുന്ന ഒരു ജനകീയ കമ്മിറ്റിക്ക് താൽപര്യമുണ്ടെങ്കിൽ തീർച്ചയായും ഏൽപ്പിച്ച് കൊടുക്കണം. അവർ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാലം നിൽക്കുമെന്നതുകൊണ്ട് 5 കൊല്ലത്തിനുള്ളിൽ കണക്കെടുത്താൽ തീർച്ചയായും ഈ ഇനത്തിൽ നല്ലൊരു നീക്കിയിരുപ്പുണ്ടാക്കാൻ സാധിക്കും.

അനുബന്ധം 2

| ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| ഭരണം | | | | | |
| പ്രസിഡണ്ട് | 13216 | 31980 | 36807 | 30570 | 63051 |
| കാര്യനിർവ്വഹണകാര്യസ്ഥൻ | 36556 | 54907 | 67690 | 52871 | 68905 |
| ജനറൽ എസ്റ്റാബ്ലിഷ്മെന്റ് | 131712 | 136566 | 165960 | 194405 | 186203 |
| ആഫീസ് കണ്ടിജൻസ് | 21359 | 68828 | 49347 | 52533 | 50761 |
| കളക്ഷൻ | 49561 | 51635 | 64089 | 76187 | 63126 |
| ഗതാഗതം | 108507 | 167765 | 467737 | 319096 | 415667 |
| വിദ്യാഭ്യാസം | 10673 | 8558 | 49372 | 38929 | 92391 |
| തെരുവുവിളക്ക് കത്തിക്കുന്നത് | 42863 | 68736 | 68736 | 68736 | 70689 |
| ജലവിതരണം | 20600 | 25000 | 25000 | 43473 | 42118 |
| ആരോഗ്യം | 19606 | 45045 | 34768 | 29097 | 40371 |
| മറ്റുള്ളവ | 200 | 955 | 525 | 15932 | 17076 |
| ആകെ | 526230 | 665212 | 1021225 | 985047 | 1150944 |

അനുബന്ധം 3ൽ കൊടുത്തിട്ടുള്ള പ്രകാരം കിട്ടുന്ന നിസ്സാരമായ വിഹിതം കൊണ്ട് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് പരിമിതികളുണ്ട്. തന്നെയുമല്ല ഇത്തരം പരിമിതികൾ മൂലം വികസന രംഗത്ത് മുരടിപ്പാണുണ്ടാകുന്നത്. മുകളിൽ നിന്നുതന്നെയുള്ള വികലമായ ഇത്തരം ആസൂത്രണങ്ങൾ ഇനിയെങ്കിലും ഗ്രാമപഞ്ചായത്തുകളിലൂടെയുള്ള വിഭവസമാഹരണത്തിലൂടെ ഒരു പരിധിവരെയെങ്കിലും പരിഹരിക്കപ്പെടണം.

## അനുബന്ധം 3

| വകുപ്പ് | പദ്ധതി വിഹിതമായി അനുവദിച്ച തുക |
|---|---|
| മൃഗസംരക്ഷണം | 2500.00 |
| ആയുർവേദം (ആരോഗ്യം) | 3045.00 |
| സഹകരണം | 6950.00 |
| കൃഷി | 22500.00 |
| കൃഷി (CCDP) | 300000.00 |
| ഹരിജനക്ഷേമ | 500.00 |
| പിഡബ്ലിയുഡി | ഇല്ല |
| ആകെ | 335495.00 |

**നമ്മുടെ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ധനകാര്യസ്ഥാപനങ്ങളുടെ സേവനം ലഭ്യമാകുന്നുണ്ട്**

1. *കല്ലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ആർ. 227*
2. *തൃശ്ശൂർ ജില്ലാ സഹകരണബാങ്ക് ബ്രാഞ്ച് പുതുക്കാട്*
3. *ഇരിഞ്ഞാലക്കുട സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, കോടകര*
4. *കോർപ്പറേഷൻ ബാങ്ക്, കല്ലൂർ*
5. *സിൻഡിക്കേറ്റ് ബാങ്ക്, തൃക്കൂർ*

ഈ സ്ഥാപനങ്ങളിൽ നിന്നായി ഹ്രസ്വകാല കാർഷിവായ്പകൾ, ദീർഘകാല കാർഷിക വായ്പകൾ, സ്വയം തൊഴിൽ, മൃഗസംരക്ഷണം, ഭവനനിർമ്മാണം, ചെറുകിട വ്യവസായം തുടങ്ങിയവക്ക് ധനസഹായം നൽകുന്നുണ്ട് ഈ സഹായങ്ങൾ പലപ്പോഴും കൊടുക്കുന്ന സഹായതുകയുടെ കുറവ് മൂലം വഴിമാറി ചെലവ് ചെയ്യുക സാധാരണമാണ്. പിന്നീട് തിരിച്ചടവും വളരെക്കുറവായിട്ടാണ് കാണുക പതിവ്. ഗ്രാമപഞ്ചായത്തുകൾക്ക് സഹായമെന്ന നിലയിൽ പ്രവർത്തിച്ചുകാണുന്നത് സഹകരണ ബാങ്കുകളാണ്. അവയുടെ നിക്ഷേപങ്ങൾ പഞ്ചായത്തിൽ തന്നെ ചെലവഴിക്കപ്പെടുന്നു. വായ്പ സൗകര്യങ്ങൾ എളുപ്പമാക്കുന്ന കാര്യത്തിൽ സഹകരണ ബാങ്കുകൾ വളരെ മുന്നിലാണ്.

വാണിജ്യബാങ്കുകളുടെ പ്രവർത്തനം പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാർക്ക് പരിമിതമായ സഹായങ്ങളാണ് ചെയ്യുന്നത്. അവർ വായ്പകൾ കൂടുതലും കൊടുക്കുന്നത് വൻകിടക്കാർക്കാണ്. അവർ ആവശ്യപ്പടുന്ന സെക്യൂരിറ്റിയും ഇവർക്ക് തന്നെയേ കൊടുക്കാനും കഴിയു. ഇവരുടെ ആസൂത്രണങ്ങൾ ദേശീയതലത്തിലായതുകൊണ്ട് ഗ്രാമപഞ്ചായത്തുകളുടെ തനതായ അഭിവൃദ്ധിക്ക് ഇവരുടെ സഹായങ്ങൾ ഉപയോഗിക്കുവാൻ കഴിയാറില്ല.

ഗൾഫ് പണം ; നമ്മുടെ പഞ്ചായത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശരാജ്യങ്ങളിലും പോയി ജോലി നോക്കുന്ന ധാരാളം പേർ ഉണ്ട്. അവർ മുഖാന്തിരം ധാരാളം പണം നമ്മുടെ ഗ്രാമപഞ്ചായത്തിൽ എത്തുകയും ചെയ്യുന്നു. അവരിലൂടെ ഇവിടെയെത്തുന്ന ലക്ഷങ്ങൾ ജനോപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. അവരിൽ പലരും അറിവ് കുറവുകൊണ്ടും എന്നും ഈ ധനാഗമം ഉണ്ടാക്കുമെന്നുള്ള മിഥ്യാധാരണയിലും പണം മുഴുവൻ ആഡംബരത്തിനും



548

വീടുപണികൾക്കുമാണ് ഉപയോഗിക്കുന്നത്. ഇവരുടെ പണം ഉപയോഗിച്ച് വികസനപ്രവർത്തനങ്ങളോ വ്യവസായങ്ങളോ മറ്റോ തുടങ്ങുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. ആ നിലക്കുള്ള ബോധവൽക്കരണം നമ്മൾ പഞ്ചായത്തിൽ ഒരിടത്തും തുടങ്ങിയിട്ടും ഇല്ല. നമ്മുടെ സാമ്പത്തിക ശാസ്ത്രജ്ഞരായ കെ.എൻ.രാജ്, തോമസ് ഐസക് എന്നിവർ വർഷങ്ങൾക്ക് മുമ്പ് തന്നെ നമ്മുടെ സമൂഹത്തിലുണ്ടാകാൻ പോകുന്ന സാമ്പത്തീകധ്രുവീകരണത്തിൽ പ്രധാന പങ്ക് ഗൾഫ് മേഖലയിലുണ്ടാകാൻ പോകുന്ന തകരാറ് മൂലമാണെന്ന് ചൂണ്ടികാണിച്ചിട്ടും നമ്മൾ താഴെത്തട്ടിൽ നിന്ന് ഇതിനെകുറിച്ച് ചിന്തിച്ചില്ല. എന്തായാലും രണ്ടായിരമാണ്ടോടെ നമ്മുടെ സാമ്പത്തികമേഖലയിൽ ചെറിയൊരു വിടവുണ്ടാക്കുന്ന സംഭവമാണിത്. ഇനിയെങ്കിലും ഒമ്പതാം പദ്ധതിയുടെ അവസാനഘട്ടത്തിലെത്തുമ്പോഴെക്കും നമ്മുടെ കണ്ണു തുറക്കേണ്ടിയിരിക്കുന്നു. അതിലൂടെ നടത്തുന്ന വിഭവസമാഹരണത്തിലൂടെ ഉത്പാദന മേഖലയെ അല്പമെങ്കിലും ചലിപ്പിക്കാൻ കഴിയണം. അതിനാവശ്യമായ ആസൂത്രണം താഴെതട്ടിൽ നിന്നും ആരംഭിക്കുകയും വേണം.

**മാംസവില്പന ;** മാംസവില്പന പഞ്ചായത്തിൽ 20 ൽ അധികം കേന്ദ്രങ്ങളിൽ നല്ലതോതിൽ തന്നെ നടക്കുന്നുണ്ട്. അവർക്കൊന്നും തന്നെ പഞ്ചായത്തിൽനിന്നുള്ള ലൈസൻസ് ഇല്ല. അതുകൊണ്ടു തന്നെ അവർക്ക് തോന്നിയവിധത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഗ്രാമപഞ്ചായത്തിലെ അഞ്ചാംവാർഡിൽ നടക്കുന്ന മാംസവില്പന തനി തോന്നിവാസമാണ്. മാംസകച്ചവടത്തിനുശേഷം കഴുകിയ അഴുക്കുജലം റോഡിലേക്കൊഴുകുന്നതും അവിടെയുള്ള അലച്ചിൽ പട്ടികളുടെ ശല്യവും വൈകുന്നേരങ്ങളിൽ നെയ്യ് ഉരുക്കുന്നതിൻെറ ദുർഗന്ധവും ജനങ്ങളുടെ ക്ഷമയുടെ നെല്ലിപ്പടി കാണിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ പെട്ട എല്ലാ മാംസകച്ചവടക്കാർക്കുംവേണ്ടി ഒരു അറവുശാല നിർമ്മിച്ച് കശാപ്പു നടത്തിയാൽ തീർച്ചയായും വൃത്തിയുള്ള മാംസം ലഭിക്കുന്നതിനും അതിലൂടെ പഞ്ചായത്തിന് നല്ലൊരു തുക വരുമാനമായി ലഭിക്കുന്നതിനും സാധിക്കും.

**കരിങ്കൽ ക്വാറി** മറ്റൊരു ധനാഗമമാർഗ്ഗം ക്വാറികളിൽ നിന്നാണ്. ഒന്നിനും ലൈസെൻസ് ഏർപ്പെടുത്തിയിട്ടില്ല. വളരെ ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്നവയാണ് ഇവ. ലൈസെൻസ് കൊടുക്കുമ്പോൾ തീർച്ചയായും ഇവയുടെ മേൽ കർശനമായ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുകയും അതിലൂടെ ധനാഗമത്തിനുള്ള സാധ്യത തെളിയുകയും ചെയ്യുന്നു.

**മണ്ണുപണി – ഇഷ്ടികപണി** കളിമണ്ണ് കുഴിച്ചെടുക്കുന്നവർക്ക് ലൈസെൻസ് ഏർപ്പെടുത്തണം. അതുപോലെ ഇവരുടെ ലോറികളാണ് നമ്മുടെ റോഡുകൾ ഏറ്റവും വ്യാപകമായ രീതിയിൽ ഉപയോഗിക്കുന്നതും അപകടങ്ങൾ ഉണ്ടാക്കുന്നതും. ഇവരിൽ നിന്നും നല്ലൊരു തുക റോഡുകളുടെ അറ്റകുറ്റപണികൾക്കായി വാങ്ങിയിരിക്കണം. ഇഷ്ടികപണി നടത്തുന്നവർക്കും ലൈസൻസ് ഏർപ്പെടുത്തി പണിയുന്ന ഭൂമിയുടെ വിസ്തൃതി കണക്കാക്കി ഫീ ചുമത്തണം.

**സ്വകാര്യ മോട്ടോർ വാഹനം** സ്വകാര്യമോട്ടോർ വാഹനങ്ങൾ കൈവശം വക്കുന്നതിന് തീർച്ചയായും ഫീ ചുമത്തണം. പഞ്ചായത്തിൽ ഇരുചക്രവാഹനങ്ങളും സ്വകാര്യ കാറുകളും വ്യാപകമായി രീതിയിൽ വാങ്ങികൂട്ടുന്നുണ്ട്. അവയിലൂടെയും നല്ലൊരു തുക സമാഹരിക്കാം.

**സ്വകാര്യ പണമിടപാടുകൾ** സ്വകാര്യപണമിടപാടു നടത്തുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുക. ലൈസൻസില്ലാതെ 60% മുതൽ 180% വരെ പലിശവാങ്ങുന്നവർക്കും ദിവസപലിശ വാങ്ങുന്നവർക്കുമെതിരെ പഞ്ചായത്തിലെ ജനകീയ കമ്മറ്റിയിൽ പരാതികൾ വന്നാൽ പരിഗണിക്കണം. ഇത്തരം കൊള്ളപലിശകൊടുപ്പുകാരെ നിയന്ത്രിക്കുകയും അവരെ വൃത്തികെട്ട നയത്തിൽ നിന്നും പിന്തിരപ്പിക്കുകയും വേണം.



549

പാവപ്പെട്ട ജനങ്ങളാണ് ഇവരുടെ വഞ്ചനക്ക് ഇരയാകുന്നത്. പലരും സർക്കാർ സഹായം കൊണ്ട് വീടുപണിയോ മറ്റു പ്രവർത്തനങ്ങളോ നടത്തുവാൻ പണം തികയാതെ ഇത്തരക്കാരുടെ കൈകളിൽ നിന്നു പണം വാങ്ങുകയും ഒരു വർഷത്തിനടക്ക് പണിത വീടും അതിരിക്കുന്ന സ്ഥലവും കൂടി ഇവർക്കു നൽകേണ്ടി വരുന്ന ദയനീയമായ ഒരു വശം പഞ്ചായത്തിൽ പരക്കെ കാണപ്പെടുന്നു. അത്തരം ദയനീയമായ അവസ്ഥ പറഞ്ഞുകൊണ്ട് ജനകീയ കമ്മിററികളിൽ പരാതി വന്നാൽ ഗ്രാമപഞ്ചായത്തുതലത്തിൽ വച്ചുതന്നെ ന്യായമായ രീതിയിൽ ഇവ തീർക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണം.

സാധാരണക്കാരെ കാർന്നുതിന്നുന്ന ഈ കാൻസറിന് ചികിത്സ വളരെ അത്യാവശ്യമാണ്. സാധാരണക്കാരൻെറ ചെറുതായ നിക്ഷേപങ്ങൾ ബാങ്കുകളിൽ എത്താതെ വരുന്നതിന് പ്രധാനകാരണം ഈ കൊള്ള പലിശകൊടുപ്പുകാരാണ്. ഇവർ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് ഇത്തരം സമ്പാദ്യങ്ങൾ കൈക്കലാക്കുകയും കഷ്ടപ്പാടിൽ മുങ്ങിതാഴുന്നവനെ ആത്മഹത്യയിലേക്ക് വലിച്ചിഴക്കുകയും ചെയ്യുന്നു. ഈ ദയനീയത ഇല്ലാതാക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ നിന്നു തന്നെ തുടക്കം കുറിക്കണം.സാധാരണക്കാരൻെറ കൊച്ചുകൊച്ചു ബുദ്ധിമുട്ടുകൾക്കുവേണ്ടി അവൻ വാങ്ങുന്ന സംഖ്യകൾക്കുവേണ്ടി അവൻെറ മുഴുവൻ സമ്പാദ്യവും ആയസ്സും ചിലപ്പോൾ ജീവൻ തന്നെയും ഇവനു വേണ്ടി ഹോമിക്കുന്ന അവസ്ഥയുണ്ടായാൽ പിന്നെ മറ്റെന്തു വികസനം നടത്തിയാലും അതിന് പ്രസക്തിയില്ലാതാകും.

**വീട്ടുനികുതി** പഞ്ചായത്തിലെ മിക്ക വീടുകൾക്കും പലതരത്തിലുള്ള മാറ്റങ്ങളും വന്നിട്ടുണ്ട്. അവയുടെ ഗുണനിലവാരം വിസ്തീർണ്ണം മൊസൈക്, മാർബിൾ ഗ്രാനൈററ് എന്നിവ തരംതിരിച്ച് പുതിയ നികുതികൾ ഏർപ്പെടുത്തണം. ജീവനക്കാരെ സ്വാധീനിച്ച് വളരെ വലിയ വീടുകൾക്കുപോലും നാമമാത്രമായ നികുതി ചുമത്തിയിരിക്കുന്നതു മാറ്റി പുതിയ നികുതി ചുമത്തണം. നികുതിപിരിവിൽ ജനങ്ങൾക്കു പരാധിയുണ്ടായാൽ പരിശോധിക്കുന്നതിന് ആ വാർഡിലെ മെമ്പർ ജീവനക്കാരെ ജനകീയകമ്മിറ്റിയിലെ ചുരിങ്ങിയത് രണ്ട് അംഗങ്ങൾ എന്നിവർ പരിശോധിക്കണം. സാധാരണ ജനങ്ങൾക്ക് അറിയുന്നതിന് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഇത്രയും രേഖകൾ എല്ലാസമയത്തും പരിശോധിക്കാനുള്ള അവകാശം കൊടുക്കുകയും വേണം.

**വിനോദനികുതി** നിലവിലുള്ള വിനോദനികുതിക്കുപുറമെ കേബിൾ ടി.വി., ടി,വി. ടെലിഫോൺ വീഡിയോ, കാസറ്റ് ലൈബ്രറികൾ എന്നിവക്കും നികുതി ഏർപ്പടുത്തണം.

**വസ്തുകൈമാറ്റ ഫീസ്** പഞ്ചായത്തതിർത്തിയിലുള്ള ഭൂമികൾ ക്രയവിക്രയം നടത്തുമ്പോൾ രജി. ഫിൻെറ 2% പഞ്ചായത്തിനു നൽകണം. അതിൻെറ രശീതുകൾ ഹാജരാക്കിയാൽ മാത്രമേ രജി. ഓഫീസുകളിൽ നിന്ന് രജിസ്ട്രേഷൻ നടത്താവു. അതിനാവശ്യമായ നിയമനിർമ്മാണത്തിന് പ്രേരണ ചെലുത്തണം.

**വിവാഹ രജിസ്ട്രേഷൻ** പഞ്ചായത്തിൽ നടക്കുന്ന എല്ലാവിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യിപ്പിക്കണം. ആഡംബരരഹിതവിവാഹങ്ങൾ പട്ടികജാതി / പട്ടികവർഗ്ഗ വിവാഹങ്ങൾ എന്നിവ ഒഴിവാക്കണം.

**പാചകവാതകം** പഞ്ചായത്തതിർത്തിയിൽ പാചകവാതകം വിതരണം നടത്തുന്ന എല്ലാ ഏജൻസികളിൽ നിന്നും വിതരണത്തിൻെറ തോതനുസരിച്ച് നികുതി ചുമത്തണം

**സാങ്കേതികവിദ്യാലയങ്ങൾ** പഞ്ചായത്തിൽ സ്ഥാപിക്കുന്ന സ്വകാര്യസാങ്കേതിക സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കണം -

**പാർക്കിങ്ങ്** കാറുകൾ ഓട്ടോറിക്ഷകൾ, വാനുകൾ, എന്നിവക്ക്, നിയമാനുസൃതമായ പാർക്കിങ്ങ് സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുകയും അവരിൽ നിന്ന് നികുതി ചുമത്തുകയും ചെയ്യുക

**മനുഷ്യപ്രയത്നം** ഓരോ വാർഡിലേയും വികസനപ്രവർത്തനങ്ങൾക്ക് ബോധവൽക്കരണത്തിലൂടെ സൗജന്യമായി ലഭിക്കുന്ന മനുഷ്യപ്രയത്നങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക

ഓട്ടുകമ്പനി തൊഴിലാളികൾ, സ്വർണ്ണപണിക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും നികുതിക്കനുസരിച്ച് സംഭാവന ഈടാക്കി പഞ്ചായത്തിൽ ബൃഹത്തായ ഒരു വ്യവസായസഹകരണസംഘം രൂപീകരിക്കുക.

വീടുവീടാന്തരം മുല്ല, കുറ്റിമുല്ല, ജമന്തി മുതലായവ കൃഷി ചെയ്ത് പഞ്ചായത്തുതലത്തിൽ പൂക്കൾ ശേഖരിച്ച് വിപണനം നടത്തുക.

*പ്രശ്നങ്ങൾ*

*വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം കുറവാണ്*

*വരുമാന സാധ്യതകൾ പൂർണ്ണമായും വിനിയോഗിക്കുന്നില്ല*

*സ്വയംതൊഴിലിനാവശ്യമായ പണം ബാങ്കുകളിൽ നിന്നും ലഭിക്കുന്നതിനുവേണ്ടി വരുന്ന കാലതാമസം*

*നികുതി പിരിച്ചെടുക്കുന്നതിനുള്ള വിമുഖത*

*നിർമ്മാണപ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരായ കോൺട്രാക്ടർമാരുടെ അമിതലാഭം*

*സംഭാവനകൾ ഉപയോഗിച്ചുള്ള ഫണ്ടുകൾ മുഖാന്തിരമുള്ള വ്യവസായസംരഭങ്ങളില്ല*

*സമ്പാദ്യശീലം വളർത്തുന്നതിൽ ശുഷ്കാന്തിയില്ല..*

*അമിതപലിശക്കാരെ നിയന്ത്രിക്കുന്നില്ല. അവരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനുള്ള നടപടികളില്ല.*

*മൃഗസംരക്ഷണമേഖലയിലേക്ക് പുതിയ ആളുകളെ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ കുറവാണ്.*

*കാർഷികോൽപന്നങ്ങളുടെ ഉൽപാദനമേഖലയിൽ അഭ്യസ്തവിദ്യർ കാണിക്കുന്ന അഭിരുചിക്കുറവുമൂലം സ്വതന്ത്രമായ ഈ തൊഴിൽമേഖലയിൽ നിന്ന് അവർ സ്വയം അകലുന്നു.*




557

വരന്തരപ്പിള്ളി
ഗ്രാമപഞ്ചായത്ത്



# വികസന രേഖ-96



FOREST
FOREST
FOREST
FOREST
FOREST
RUBBER ESTATE
RUBBER ESTATE
RUBBER ESTATE
RUBBER ESTATE
P.W.D
1
2
3
4
5
7
9
9
10
11
12
13
14
N
S
E
W

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

# അടിസ്ഥാന വികസന രേഖ

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ

നവംബർ 1996



**ഇന്ത്യയുടെ ആത്മാവ്**
**കുടികൊള്ളുന്ന,**
**പരശതം ഗ്രാമങ്ങളിലെ**
**ദരിദ്രനാരായണന്മാരുടെ**
**ഒരു തുള്ളി കണ്ണുനീരെങ്കിലും ഒപ്പാൻ,**
**നിങ്ങളുടെ ആസൂത്രണത്തിനു**
**കഴിഞ്ഞാൽ,**
**അതിനെ ഞാൻ**
**നല്ല ആസൂത്രണമെന്നു വിളിക്കും**


എഡിറ്റർ

**കെ.എം. പത്മനാഭൻ**

ഉപദേശകസമിതി

ഇ.കെ.സത്യൻ
സി.ജി. സുനിൽ കുമാർ
അഡ്വ. സ്മിതാ ചന്ദ്രൻ
കെ.കെ. ബാലൻ
പി.എ. ജോർജ്
കെ.വി. ഉണ്ണികൃഷ്ണൻ
ടി.എൻ. മുകുന്ദൻ
എം.എ. നാരായണ റാവു
അബ്ദുറം റഹ്മാൻ
എ. ഉണ്ണികൃഷ്ണൻ
ശിവദാസൻ തൂയാത്ത്

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡൻറുമാർ


ടി.എ.അന്തോണി


വി.സി.കുഞ്ഞാണ്ടി


സി.ടി.ഉബൈദ്


പി.എ. മൊയ്തീൻകുട്ടി


ഹെൻറി ജോർജ്

## പഞ്ചായത്തു ഭരണസമിതി


കെ.എം. പത്മനാഭൻ
പ്രസിഡൻറ്


കുരിക്കൾ കുഞ്ഞുമുഹമ്മദ്
വൈസ് പ്രസിഡൻറ്


പി.എം. ഗോപാലൻ
പ്രതിപക്ഷ നേതാവ്


ശിവദാസൻ തൂയത്ത്
സ്റ്റാൻറിംങ്ങ് കമ്മറ്റി ചെയർമാൻ

അംഗങ്ങൾ
ബേബി ചന്ദ്രൻ
എ. ഉണ്ണികൃഷ്ണൻ
ചന്ദ്രൻ കുന്നമ്പിള്ളി
സലോമി ടീച്ചർ
പി.വി. ചാക്കുണ്ണി മാസ്റ്റർ
അമ്മിണി കുമാരൻ
സെയ്താലി മൗലവി
എ.എ. അബ്ദുൾ റഹ്മാൻ
തങ്കമ്മ ടീച്ചർ
ഗിരിജാ ബാലകൃഷ്ണൻ

" അധികാരത്തെ സൂക്ഷിക്കുക. അധികാരം ദുഷിപ്പിക്കും. അതിൻെറ ആഢംബരത്തിൽ മയങ്ങിപ്പോകരുത്. ഇന്ത്യൻ ഗ്രാമങ്ങളിലെ പാവങ്ങളെ സേവിയ്ക്കാനാണ് നിങ്ങൾ അധികാരത്തിൽ ഏറിയതെന്നുള്ള കാര്യം ഓർമ്മയിരിക്കട്ടെ."

ഗാന്ധിജി.

**ശ്രീ. ബൽവന്ത് റായ് മേത്ത**

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്
ലിഖിത രൂപം നൽകിയ മഹാനാണ്
ശ്രീ. ബൽവന്ത് റായ് മേത്ത.
1899 ഫെബ്രുവരി 19ന് ജനിച്ച് 1938 ഏപ്രിൽ
19ന് വിവാഹിതനായി. 1965 സെപ്പം. 19ന്
വധിക്കപ്പെടുകയും ചെയ്തു.
ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ
ഇന്ത്യ-പാകിസ്ഥാൻ യുദ്ധകാലത്ത്
പത്നി സമേതനായി സംസ്ഥാനാതിർത്തി
സന്ദർശിക്കുന്ന വേളയിൽ ശത്രുസൈന്യത്തിൻെറ
ആക്രമണത്തിനു വിധേയമായി
രക്തസാക്ഷിത്വം വരിക്കുകയായിരുന്നു.
ജ്വാലാമുഖമായ ആ സ്മരണക്കു മുന്നിൽ
ആദരപൂർവ്വം നമുക്ക് ശിരസ്സു നമിക്കാം.


| | | പേജ് |
|---|---|---|
| 1 | ആമുഖം | 7 |
| 2 | പഞ്ചായത്ത് - പൊതുവിവരണം | 11 |
| 3 | സാമൂഹ്യ - സാംസ്കാരിക ചരിത്രം | 12 |
| 4 | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 24 |
| 5 | സാമൂഹ്യ - സാമ്പത്തിക മേഖലകൾ | 33 |
| 5.1 | കൃഷി - ജനസേചനം | 34 |
| 5.2 | മൃഗസംരക്ഷണം - മത്സ്യബന്ധനം | 53 |
| 5.3 | വ്യവസായം | 66 |
| 5.4 | വിദ്യാഭ്യാസം | 73 |
| 5.5 | കുടിവെള്ളം - പൊതുജനാരോഗ്യം | 81 |
| 5.6 | ഗതാഗതം - ഊർജ്ജം - മാർക്കറ്റ് | 94 |
| 5.7 | പാർപ്പിടം - സാമൂഹ്യക്ഷേമം | 100 |
| 5.8 | സംസ്കാരം | 117 |
| 5.9 | വനിത | 121 |
| 5.10 | സഹകരണം | 123 |
| 5.11 | പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം | 126 |
| 5.12 | വിഭവസമാഹരണം | 128 |
| 6 | ഉപസംഹാരം | 131 |

# ആമുഖം

[illegible] പിന്നിട്ട നാൽപത്തി ഒൻപത് വർഷത്തിനുള്ളിൽ പല [illegible] കൈവരിച്ചു. ഭരണരംഗത്തും വികസന രംഗത്തും നിറം പിടിപ്പിച്ച പരിഷ്കാരങ്ങൾ ഏറെയുണ്ടായി. ദാരിദ്ര്യത്തിന്റെ ഉഷ്ണം പുകയുന്ന മേഖലകളെ നോക്കി, പറഞ്ഞു ശീലിക്കുവാൻ [illegible] ജനകീയാവശ്യങ്ങളുടെ കുരുക്കഴികളിൽ തട്ടിത്തടഞ്ഞു കിട്ടിയ [illegible] ഉണ്ടായി. നേട്ടങ്ങൾ ജനങ്ങൾക്ക് ലഭ്യമായി. കിട്ടേണ്ടിയിരുന്ന പലതിനും കൈമോശവും സംഭവിച്ചു.

ഇന്ന് അനുഭവിക്കുന്ന സൗകര്യങ്ങൾ എല്ലാം പിന്നിട്ട വർഷങ്ങളിലെ രാജ്യഭരണം [illegible] ഭരണ നൈപുണ്യങ്ങൾ കൊണ്ടുണ്ടായതുതന്നെ. എന്നിരുന്നാലും നാട്ടിന്റെ [illegible] ഇന്നും ഒരുപാടൊരുപാടു പ്രശ്നങ്ങൾ!

കേന്ദ്രത്തിൽ ഇരുന്ന് പത്തോ ഇരുപതോ മന്ത്രിമാർ ഭരിച്ചതു കൊണ്ട് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന പരശ്ശതം ഗ്രാമങ്ങളിലെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ആവില്ല എന്നതു രാഷ്ട്രപിതാവിന്റെ ചിന്തയായിരുന്നു. ഈ ദർശനത്തിനു വിധേയമായി ഗ്രാമീണ ആവശ്യങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന എന്ന നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുവാൻ തന്നെ നാല്പത്തിയേഴു വർഷമെടുത്തു.

[illegible] കാലയളവിൽ [illegible] നാട്ടുകാരെയും [illegible] കാണാതിരിക്കുന്നതുപോലെ [illegible] അടിച്ചേൽപ്പിക്കുകയായിരുന്നു. യാതൊരു വക വിലയിരുത്തലുകളോ മുൻഗണനാക്രമങ്ങൾ നിശ്ചയിക്കലോ ഒന്നുമില്ലാതെ പണം ചിലവഴിക്കാൻ സ്വാധീനമുള്ളവരുടെ വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുവാൻ പദ്ധതി ചിലവിൽ വലിയൊരു ഭാഗവും വിനിയോഗിക്കൽ മുകളിൽ നിന്നും അടിച്ചേൽപ്പിച്ചുവരുന്ന ആസൂത്രണത്തിന്റെ വിവിധങ്ങളായ വൈകല്യങ്ങൾ ഇനിയും വിവരിക്കേണ്ടതില്ലല്ലോ?

[illegible] അധികാരത്തിന്റെ [illegible] ആസൂത്രണ [illegible] വൈരുദ്ധ്യങ്ങൾ [illegible] വിമുക്തമാക്കുമെന്ന [illegible] രാജ്യ[illegible] [illegible]

ആസൂത്രണം എന്നത് ഗൗരവമേറിയ ഒരു ശാസ്ത്ര-സാങ്കേതിക പ്രവർത്തനമാണെന്ന കണിശത മനസ്സിലുയർത്താനായാൽ വികസനം ജനങ്ങളുടെ രാഷ്ട്രീയപ്രവർത്തനത്തിൻെറ ഭാഗമാണെന്നും, ഇതിൽ ഞാനും, എൻെറ പ്രസ്ഥാനവും ഒരു പടി മുന്നിലായിരിക്കും എന്ന വാശിയിൽ ജനങ്ങളെ അണിനിരത്തുകയും ചെയ്താൽ മേൽ പ്രസ്താവിച്ച ഞാനും കൂടിയ ജനകീയത ഒരേ ഒരു പ്രസ്ഥാനമാവുന്നു.

നാട്ടിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും ഗ്രാമീണമേഖലയിലെ ജനങ്ങളുടെ കൂട്ടായ ചർച്ചയിലൂടെയും നിർദ്ദേശങ്ങളിലൂടെയും രൂപപ്പെട്ടു വരുന്നു എന്നതും അത് നടപ്പാക്കുവാനുള്ള അധികാരവും സമ്പത്തും ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുകയും ചെയ്യുന്നു എന്നുള്ളതും ജനകീയാസൂത്രണത്തെ പതിവാസൂത്രണത്തിൽ നിന്നും കുറെ കൂടി മഹത്തരമായ ഒന്നാക്കി മാറ്റുന്നു.

ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന പ്രഖ്യാപനത്തോടെ ലോകശ്രദ്ധയെ ആകർഷിക്കുന്ന പരീക്ഷണ വേദിയാക്കി സംസ്ഥാനത്തെ മാറ്റിയിരിക്കുന്നത്.

1997 ഏപ്രിൽ ഒന്നാം തിയ്യതി ആരംഭിയ്ക്കുന്ന ഒമ്പതാം പദ്ധതി അടങ്കൽ തുകയുടെ 40% ജനങ്ങൾ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്കായി പഞ്ചായത്തുകൾക്ക് ചിലവഴിക്കാവുന്നതാണ്. ഇതുവഴി മുൻകാലങ്ങളെ അപേക്ഷിച്ച് പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള ദീർഘനാളത്തെ കാത്തിരിപ്പിന് അവസാനമുണ്ടാകുന്നു. പഞ്ചായത്തുകൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം, കേന്ദ്രസർക്കാർ ഫണ്ട്, മറ്റു വികസന ഏജൻസികളിൽ നിന്നുള്ള സഹായം, നികുതി വരുമാനം എന്നിവയ്ക്കും പുറമെ ജനകീയ സംഭാവനകൾ സർവ്വോപരി സന്നദ്ധപ്രവർത്തനങ്ങൾ എല്ലാം കൂടി ചേർന്നാൽ നാം ഇന്ന് അനുഭവിക്കുന്ന വികസന പ്രതിസന്ധിക്ക് ഒരളവ് വരെ പരിഹാരം കാണുവാൻ കഴിയുമെന്നുറപ്പുണ്ട്. ഇതിനു പുറമെ പദ്ധതി നടത്തിപ്പിലൂടെ ജനപങ്കാളിത്തം യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കുവാൻ പോകുന്ന പദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമവും ദ്രുതഗതിയിലും ആകുന്നു. സർവ്വോപരി അഴിമതിയുടെ എല്ലാ കൈവഴികളേയും തടത്തുനിർത്തുവാൻ ഈ ജനശക്തിയ്ക്കാവും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഒന്നാം ഘട്ട പ്രവർത്തനം ആരംഭിക്കുന്നതോടെ മാത്രമെ വരന്തരപ്പിള്ളി പഞ്ചായത്തിലും പ്രവർത്തനമാരംഭിയ്ക്കാനാവുള്ളൂ. ജില്ലാതല പരിശീലനത്തിലും പ്രാദേശിക പരിശീലത്തിലും ഉത്സാഹപൂർണ്ണമായ പങ്കാളിത്തം പഞ്ചായത്തിലുണ്ടായിട്ടുണ്ട്. പ്രതിഫലേച്ഛ കൂടാതെ വികസന പ്രക്രിയയിൽ തന്നാലാവുന്നത് ചെയ്യാൻ ഏറെ പേർ മുന്നോട്ടു വരുകയുണ്ടായി. അതുകൊണ്ട് തന്നെ വിശേഷാൽ ഗ്രാമസഭകളെ ഏറെക്കുറെ സജീവമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമസഭകളിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നവരിൽ ഭൂരിഭാഗവും ദുർബ്ബലജനവിഭാഗങ്ങളായിരുന്നു. അഭ്യസ്തവിദ്യരും ഇടത്തരക്കാരും ആയ ജനവിഭാഗങ്ങളുടെ പങ്കാളിത്തം താരതമ്യേന

കുറവായിരുന്നു. എങ്കിലും സാമൂഹിക-രാഷ്ട്രീയരംഗത്തെ പ്രവർത്തകർ പൊതുവെ സജീവമായി പങ്കുകൊണ്ടു. ഈ പങ്കാളിത്തം ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ തുടർപ്രവർത്തനങ്ങൾക്ക് ആവേശം പകരുന്നു.

ഒക്ടോബർ 25-ാം തിയതി മുതൽ നവംബർ 5 വരെ പതിനഞ്ചോളം ചെറുഗ്രൂപ്പുകൾ പഞ്ചായത്തിൻെറ ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായി. പഞ്ചായത്തിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു ചേർത്ത് നടപ്പു പദ്ധതികളുടെ അവലോകനം നടത്തുകയും ഒമ്പതാം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ കാഴ്ചപ്പാടുകൾ ഉൾകൊണ്ട് പുതിയൊരു വികസന സംസ്കാരത്തിന് പിറവി കുറിക്കുവാൻ കേരളത്തിൻെറ 41-ാം പിറന്നാൾ ദിനത്തിൽ ഒരു നവകേരളസൃഷ്ടിയ്ക്കായി മലയാളക്കര 'പുനരർപ്പണ' ദിനമായി ആചരിച്ചതിലും പഞ്ചായത്തിന് തിളക്കമാർന്ന പങ്കുവഹിക്കുവാൻ കഴിഞ്ഞു.

മൂന്ന് വില്ലേജുകൾ ഉൾപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൻെറ അതിവിസ്തൃതമായ പ്രദേശങ്ങളിൽ രണ്ടു ഗ്രൂപ്പുകളായി 24 അംഗങ്ങൾ നാലു ദിവസം പഠനപര്യടനം നടത്തുകയുണ്ടായി. പഴമയുടെ പൊലിമയുള്ള നൂറോളം പേരെ നേരിൽ ക[illegible] അവരുടെ നാട്ടറിവും കേട്ടറിവും കണ്ടറിവും അക്ഷരങ്ങളാക്കുവാനും കഴിഞ്ഞിട്ടുണ്ട്. പത[illegible]ൂന്ന് ഗ്രൂപ്പു ലീഡർമാരുടെ നേതൃത്വത്തിൽ അമ്പതോളം പേർ പത്തു ദിവസ[illegible]ളിലായി പഞ്ചായത്തോഫീസിൽ ഒന്നിച്ചിരുന്ന് ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന മഹത്[illegible] നിർദ്ദേശങ്ങളെ ക്രോഡീകരിച്ചുകൊണ്ട് തയ്യാറാക്കപ്പെട്ടതാണ് വികസനത്തിൻെറ ഈ അ[illegible]സ്ഥാനരേഖ.

ജന[illegible]യാസൂത്രണത്തിൻെറ ഓരോ ഘട്ടത്തിലും ഉണ്ടായ വമ്പിച്ച ജനപങ്കാളിത്തം ഈ പ്രസ്ഥാനത്തിൻെറ വിജയത്തിലേക്കുള്ള ചൂണ്ടു പലകയാണ്. കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നേറുവാനുള്ള കരുത്തും പ്രചോദനവും പൂർണ്ണമായ അർത്ഥത്തിൽ ഉൾകൊണ്ടുകൊണ്ട് നമ്മുടെ പഞ്ചായത്ത് പുതുമയുള്ള നല്ല നാളെക്കായി പ്രത്യാശയോടെ കാത്തിരിക്കുന്നു.

ഗുരുസ്ഥാനീയരായ കഴിഞ്ഞകാല [illegible]ധികാരികളെ ആദരപൂർവ്വം സ്മരിച്ചുകൊണ്ടും ജനങ്ങളുടെ ഇച്ഛാശക്തി കൈമുതലാക്കി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഒരൊറ്റ മനസ്സോടെ മുന്നോട്ട്.

പോയകാല ചരിത്രാനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവിയെ അനുഭവയോഗ്യമാക്കുവാനുള്ള ഒരു പുത്തൻ ഉയർത്തെഴുന്നേല്പിന് സാക്ഷ്യം വഹിക്കുവാൻ മനസ്സിൻെറയും ശരീരത്തിൻെറയും സമ്പത്തിൻെറയും അംശങ്ങൾ മുതൽക്കൂട്ടാക്കി പൊൻതൂകര വെച്ച മാതൃകക്ക് പടച്ചട്ടയായി ഈ രേഖ പരിണമിയ്ക്കട്ടെ. ഈ

രേഖയിലൂടെ വരുംകാല വെല്ലുവിളികളെ നേരിടുവാൻ പുലർക്കാല വിശുദ്ധിയുടെ സൂര്യതേജസ്സുകളാവാൻ നമുക്ക് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ വികസന രേഖ സാദരം സമർപ്പിക്കട്ടെ.

***മാർബിളിൽ കൊത്തിവെക്കുന്നത് മാഞ്ഞുപോയേക്കും.***
***എന്നാൽ മനുഷ്യമനസ്സിൽ എഴുതിവെക്കുന്നത്***
***ഒരിക്കലും മായില്ല.***

***- ഡാനിയൽ വെബ്സ്റ്റർ***

## പഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | മുപ്ലിയം. വരന്തരപ്പിള്ളി, നന്തിപുലം |
| ബ്ലോക്ക് പഞ്ചായത്ത് | കൊടകര |
| താലൂക്ക് | മുകുന്ദപുരം |
| അസംബ്ലി മണ്ഡലം | കൊടകര |
| ജില്ല | തൃശ്ശൂർ |
| വിസ്തീർണ്ണം | 103 ചതുരശ്ര കി.മീറ്റർ |
| അതിരുകൾ | വടക്ക് .. പുത്തൂർ, അളഗപ്പനഗർ തൃക്കൂർ എന്നീ പഞ്ചായത്തുകൾ<br>കിഴക്ക് .. പശ്ചിമഘട്ട മലനിരകൾ<br>തെക്ക് .. മറ്റത്തൂർ പഞ്ചായത്ത്<br>പടിഞ്ഞാറ് .. അളഗപ്പനഗർ, പുതുക്കാട് പഞ്ചായത്തുകൾ |
| ജനസംഖ്യ | 37,771 |
| പുരുഷന്മാർ | 18,371 |
| സ്ത്രീകൾ | 19,400 |
| വാർഡുകൾ | 14 |

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

വി.എസ് . പ്രിൻസ് .. കീ റിസോഴ് സ് പേഴ് സൺ
സി.ജി. സുനിൽകുമാർ... ചെയർമാൻ
ഇ.കെ. സത്യൻ കൺവീനർ
അഡ്വ. പി.സി. സ്മിത
ശിവദാസൻ തൂയത്ത്
എ. ഉണ്ണികൃഷ്ണൻ
എ.എ. അബ്ദുൾ റഹിമാൻ
അമ്മിണി കുമാരൻ
ബേബി ചന്ദ്രൻ
പി. വേലായുധൻ നായർ
ഗോപി കുറുവത്ത്
പി.വി. തമ്പി
ചന്ദ്രശേഖരൻ
എം.എ. നാരായണറാവു
ടി.ജെ. ജയരാമൻ
പി.എം. മാമ്മൻ
ടി.ജി. അശോകൻ
കൊപ്പറമ്പിൽ നാരായണൻകുട്ടി
അഡ്വ. പി.ഡി. ചാക്കോ
സി.കെ. കൃഷ്ണൻ
ആറ്റുപ്പുറം ലോനപ്പൻ
സെബി ആൻറണി
എം.എസ്. മാരാർ
കെ.വി. ഉണ്ണികൃഷ്ണൻ
പി.എ. ജോർജ്ജ്
പി.എസ്. സത്യൻ
രാജേഷ്
സി.കെ. ആൻറണി
ടി.എൻ. മുകുന്ദൻ
കൃഷ്ണൻ പെരുമ്പിള്ളി
വി.എസ്. ജോഷി
എം.ഡി. ദിവാകരൻ നമ്പൂതിരി

ഷീലാ ദേവൻ
കെ.വി. രാജു
ജയരാജൻ
ജോതിഷ്കുമാർ
എ.എം. സിന്ധു
സോണി. ഐ.വി
ടി.എം. ജയൻ
കെ.വി. സൂരജ
സി.കെ. മോഹനൻ
പി.പി. ദാസൻ
പി.വി. രാമചന്ദ്രൻ
സിജി താഴത്തിൽ
സി.കെ. ലീല
അബ്ദുൾ റസാക്ക്
എം.വി. സുരേഷ്
രാമൻകുട്ടി കല്ലൂക്കാരൻ
എൻ.കെ. സുബ്രൻ
കുറുമ്പ പി.പി.
വാവ പുന്നപ്പുഴ
എ.വി. ഹരിദാസ്
സുരേഷ് കൊളുത്തുപ്പറമ്പിൽ
സുലോചനാ ചക്കേരി
കെ.വി. ബിജു
സി.കെ. ഗോപാലൻ
വി.ആർ. വേണു
പി.ജി. സജി
സി. മഹേശ്വരൻ മാസ്റ്റർ
കുഞ്ഞനി രാഘവൻ
തെക്കുംപുറം പവിത്രൻ
രാജൻ വെട്ടിയാടൻ
എ.ടി. ജോസ്
ഷാജി ചിറയത്ത്

563

# സാമൂഹിക-സാംസ്കാരിക ചരിത്രം

ഐതിഹാസികമായ പോരാട്ടങ്ങളുടേയോ വിഖ്യാതരായ മഹാന്മാരുടേയൊ ജന്മം കൊണ്ട് പ്രസിദ്ധമല്ല നമ്മുടെ നാട്. വടക്കൻ വീരഗാഥപോലെ പാണന് പാടുവാനുള്ള പഴം പാട്ടുകളും നമ്മുടെ പഞ്ചായത്തിന് ചരിത്രതാളുകളിൽ എഴുതി ചേർക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പച്ചയായ മനുഷ്യന്റെ കായിക ശേഷികൊണ്ട് ഉഴുതു മറിച്ച മണ്ണിന് കർഷകന്റെ പുളകമുണർത്തുന്ന ജീവിതഗന്ധിയായ ചരിത്രം വിസ്മരിക്കുവാൻ കഴിയുകയില്ല. തൊഴിലാളിവർഗ്ഗത്തിന്റെ അരച്ചാൺ വയറിനുവേണ്ടിയുള്ള പോരാട്ടങ്ങളും വിപ്ലവപ്രസ്ഥാനങ്ങളുടെ ത്യാഗോജ്ജ്വലമായ സേവനങ്ങളും തൊഴിലാളികളുടേയും സാധാരണക്കാരന്റേയും ഉയിർത്തെഴുന്നേൽപ്പിന് കളമൊരുക്കിയത് ചരിത്രത്തിന്റെ ഭാഗം ആണ്.

പ്രകൃതിയുടെ വരദാനമായ വരന്തരപ്പിള്ളി പഞ്ചായത്തിന്റെ ഭൂപ്രദേശം കവിഹൃദയത്തെ തരളിതമാക്കുവാൻ മാത്രം സുന്ദരമാണ്! അന്നുമിന്നും. പുഴയും കൈത്തോടുകളും വയലേലകളും മലമടക്കുകളും പൗരാണികമായ മുനിയറകളും സുന്ദരമായ കൃഷിയിടങ്ങളും റബ്ബർ മരങ്ങൾ പാലൊഴുക്കുന്ന പാലപ്പിള്ളി തോട്ടം മേഖലയും ദേശീയ പ്രാധാന്യം ഉള്ള ടൂറിസ്റ്റ് കേന്ദ്രമായ ചിമ്മിനിഡാമും അങ്ങിനെ ഏറെ ഈ ഭൂപ്രദേശം പ്രകൃതിയുടെ അനുഗൃഹീതമായ കരസ്പർശനമേറ്റതാണ്.

ഈ നാടിന്റെ ചരിത്രം നൂറ്റാണ്ടുകൾ പഴക്കമുള്ള കഥകൾ പേറുന്നതായാണ്. പഴമക്കാരുടെ വായ്മൊഴികൾ. ആയിരത്തിഇരുന്നൂറ് വർഷങ്ങൾക്കു മുമ്പുതന്നെ ഈ പ്രദേശം ഉണ്ടായിരുന്നതിന്റെ പൗരാണികമായ കഥകൾ പലരിൽ നിന്നും കേൾക്കുവാൻ കഴിഞ്ഞു. ഭാരതത്തിൽ ബുദ്ധമതം പ്രചാരത്തിൽ വരുന്നതിന് മുമ്പേ ശൈവമതത്തിന്റെ ശക്തി കേന്ദ്രമായിരുന്നു ഇന്ന് അറിയപ്പെടുന്ന ഓത്തനാട്, പിടയ്ക്കാപ്പറമ്പ്, വരന്തരപ്പിള്ളി, നന്തിപുലം, ആറ്റപ്പിള്ളി തുടങ്ങിയ പ്രദേശങ്ങൾ. ബുദ്ധമതത്തിന്റെ ആഗമനത്തോടെ ശൈവമതം തകരുകയും എന്നാൽ അക്കാലത്ത് നിലവിലിരുന്ന ശിവക്ഷേത്രങ്ങൾ അന്യാധീനപ്പെടുകയും ചെയ്തുവെങ്കിലും ശൈവ മതത്തിന്റെ ഓർമ്മ ഒരിക്കലും മായാതെ നിന്നിരുന്നു. ഇന്ന് കുറുമാലിപുഴ എന്നറിയപ്പെടുന്ന ഈ നദി ശിവന്റെ വാഹനത്തെ ഓർമ്മിപ്പിക്കുന്ന 'നന്ദിയാർ' എന്നാണ് അറിയപ്പെട്ടിരുന്നത്. ബ്രിട്ടീഷുകാർ കുറുമാലിയിൽ പാലം പണിതപ്പോൾ 'കുറുമാലി റിവർ' എന്ന് നാമകരണം ചെയ്യുകയാണ് ഉണ്ടായത്. നന്ദിയാർ എന്ന പേരിന് ബലം നൽകുന്നത് നന്ദിപുലം, നന്ദിക്കര, നന്ദി എന്നീ പ്രദേശങ്ങൾ ഈ നദിയുടെ തീരങ്ങളാണ്. അതുപോലെ 400 വർഷങ്ങൾക്ക് മുമ്പും തൃശ്ശൂർ

- പൊങ്ങണം കേന്ദ്രമായി "ചന്ദ്രോത്സവം" നടന്ന കാലഘട്ടത്തിൽ ഉണ്ണുനീലി സന്ദേശത്തിൻെറയും കാലത്ത് നന്തിപുലത്ത് പ്രസിദ്ധയായ ഒരു നർത്തകി ഉണ്ടായിരുന്നതായും അവരുടെ പേര് "ഇട്ടി" എന്നായിരുന്നുവെന്നും ചരിത്രത്തിൽ പറയുന്നു.

ഈ പഞ്ചായത്തിലെ പല പ്രദേശങ്ങൾക്കും ഇന്ന് അറിയപ്പെടുന്ന പേരുകളെ കുറിച്ച് ചില കഥകൾ നിലവിലുണ്ട്. വനാന്തരത്തിലുള്ള പ്രദേശം ആയതുകൊണ്ട് 'വനാന്തരപ്പിള്ളി' ആവുകയും കാലാനുസൃതമായ മാറ്റം അതിനെ വരന്തരപ്പിള്ളി ആക്കുകയും ചെയ്തു എന്ന് ഒരു കഥയുണ്ട്. മൂന്ന് നാട്ടുരാജാക്കന്മാരുടെ സേനകളുടെ മൂന്ന് പാളയങ്ങൾ ഉണ്ടായിരുന്ന പ്രദേശം മൂപ്പാളയം എന്ന പേര് കൈവരിക്കുകയും കാലക്രമേണ മുപ്ലിയം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. മുപ്ലിയത്തിൻെറ ചരിത്രം മുപ്പാളചരിതം എന്ന ഒരു വഞ്ചിപ്പാട്ട് മുപ്ലിയം പ്രൈമറി സ്ക്കൂളിലെ അദ്ധ്യാപകനായിരുന്ന രാമകൃഷ്ണപിള്ള എഴുതിയാതായി കാണുന്നുണ്ട്. ബ്രാഹ്മണർക്ക് ക്ഷേത്ര നിർമ്മാണത്തിനും മറ്റു ആവശ്യങ്ങൾക്കുമായി കല്ലുവെട്ടിയ കുഴിയാണ് 'കൽക്കുഴി' എന്ന് അറിയപ്പെടുന്നത്. ബ്രാഹ്മണർ ഓത്ത് നടത്തുന്നതിന് തിരഞ്ഞെടുത്ത സ്ഥലമാണ് 'ഓത്തനാട്' എന്ന് പറയപ്പെടുന്നത്. ഓത്തിന് ദർഭ പറിക്കുവാൻ പോയ പ്രദേശം 'ദർപ്പാടം' എന്ന പേരിലും അറിയപ്പെടുന്നു. വേലൂപ്പാടം കിണർ പരിസരത്തുള്ള പുരാതനമായ വേലുഭഗവതിയുടെ ക്ഷേത്രപ്പെരുമായി ബന്ധപ്പെട്ടാണ് 'വേലുപ്പാടം' ഉണ്ടായതെന്നും പള്ളിയുള്ള കുന്ന് 'പള്ളിക്കുന്ന്' ആയി എന്നും പറയപ്പെടുന്നു. ഈ കാര്യങ്ങളെല്ലാം തികച്ചും വായ്മൊഴികളിൽ നിന്നും യുക്തിപൂർവ്വമായ അഭിപ്രായങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടിട്ടുള്ളതാണ്.

നമ്മുടെ പഞ്ചായത്ത് എന്ന് നാം പറയുമ്പോൾ ഈ പഞ്ചായത്തിൻെറ ചരിത്രം തുടങ്ങുന്നത് നമ്മുടെ മാത്രം പഞ്ചായത്ത് ആയിട്ടല്ല. അളഗപ്പനഗർ, പുതുക്കാട് പഞ്ചായത്തുകൾ കൂടി ചേർന്നതായിരുന്നു. മുൻപത്തെ വരന്തരപ്പിള്ളി പഞ്ചായത്ത്. ചരിത്രം എഴുതുമ്പോൾ കുറെ വ്യക്തികൾ - ചരിത്രത്തോടൊപ്പം നടന്നവർ അവരെ ഒഴിവാക്കികൊണ്ട് ഒരു ചരിത്രം എഴുതുവാൻ നമുക്ക് കഴിയില്ല. അതുകൊണ്ട് അവർ നമ്മുടെ ചരിത്രപുരുഷന്മാരാകുന്നു. ഈ പഞ്ചായത്ത് നിലവിൽ വന്നു എന്ന് ഏകദേശം നാം അനുമാനിക്കുന്നത് 1938-ൽ ആണ്. അന്നത്തെ പഞ്ചായത്തിൽ വോട്ടവകാശം പട്ടയമുള്ളവർക്കേ ഉണ്ടായിരുന്നുള്ളു. ജന്മിമാർക്കും കര പ്രമാണിമാർക്കും മാത്രമെ അതുകൊണ്ട് ഭരണസ്ഥാനങ്ങളിൽ എത്തിപ്പെടുവാൻ കഴിഞ്ഞിരുന്നുള്ളു. അന്നത്തെ നമ്മുടെ പഞ്ചായത്ത് പ്രസിഡൻറിൻെറ പേര് പഞ്ചായത്ത് രേഖകളിലൊന്നും അവശേഷിക്കുന്നില്ല. അക്കാലത്തെ പഴമക്കാരിൽ നിന്നും ലഭിച്ച അറിവാണ് ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് രാമചന്ദ്ര അയ്യർ ആയിരുന്നു എന്നത്. പില്ക്കാലത്ത് എം. എൽ. എ. ആയിരുന്ന ടി.പി.. സീതാരാമൻെറ വലിയാച്ഛനായിരുന്നു അദ്ദേഹം. ഇദ്ദേഹം കൊച്ചി അസംബ്ലിയിൽ എം.എൽ.സി. ആയിരുന്നു. ചരിത്രത്തിൽ സ്ഥാനമില്ലാതിരുന്നവർ ചരിത്രം കുറിക്കുന്ന ഈ വേളയിൽ പട്ടയ വോട്ടിൽ നിന്നും എത്രയോ കാതം നാം പിന്നിട്ടിരിക്കുന്നു. അന്ന് അധികാരത്തിൽ സ്ഥാനമില്ലാതിരുന്നവർ നാളേക്ക് വേണ്ടി ചരിത്രം കുറിക്കുമ്പോൾ



565

ഇന്നലെയുടെ ചരിത്രം വിചിത്രമായി തോന്നാം. രാമചന്ദ്ര അയ്യരെ തുടർന്ന് പ്രസിഡൻറുമാരായവർ കുറുപ്പത്ത് രാമൻമേനോൻ, പുളിയ്ക്കൽഅന്തോണി പനേലിഅന്തോണി, സി. ആർ. മാണിക്യൻ, വി.ആർ. കൃഷ്ണൻകുട്ടിമേനോൻ, കരുമാലി കൊച്ചുഗോവിന്ദൻനായർ, കുണ്ടനി നാരായണൻ എന്നിവരാണ്. ഇവരിൽ സി.ആർ. മാണിക്യൻ ഒന്നിൽ കൂടുതൽ തവണ പ്രസിഡൻറായിട്ടുണ്ട്. അക്കാലത്ത് വില്ലേജ് ജഡ്ജിമാർ ഉണ്ടായിരുന്നതായി അറിയുവാൻ കഴിഞ്ഞു തൊറവ്, ആമ്പല്ലൂർ, വരന്തരപ്പിള്ളി എന്നീ മൂന്ന് വില്ലേജുകൾക്കുകൂടി ഏഴ് ജഡ്ജിമാർ അടങ്ങുന്ന ഒരു പാനൽ ആയിരുന്നു ഉണ്ടായിരുന്നത്. ഇവർക്ക് 50 രൂപ വരെ പരിധിയുള്ള സിവിൽ കേസുകൾ തീർക്കുവാൻ അധികാരം ഉണ്ടായിരുന്നു. ഈ ജഡ്ജിമാരിൽ വരന്തരപ്പിള്ളിയിൽ നിന്ന് സി.ആർ. മാണിക്യൻ ഉണ്ടായിരുന്നതായി അറിയുവാൻ കഴിഞ്ഞു. 1953 ജൂലായ് 15-ന് ആണ് യഥാർത്ഥത്തിൽ വരന്തരപ്പിള്ളി പഞ്ചായത്ത് നിലവിൽ വന്നത്. അളഗപ്പനഗർ, പുതുക്കാട് പഞ്ചായത്തുകൾ കൂടി രൂപീകരിക്കപ്പെടുകയും ചെയ്തു. അന്നത്തെ പഞ്ചായത്ത് പ്രസിഡൻറ് തോട്ട്യാൻ അന്തോണിയായിരുന്നു. മെമ്പർമാർ സർവ്വശ്രീ. കുണ്ടനി നാരായണൻ (വൈസ് പ്രസിഡൻറ്) സി. കൃഷ്ണൻനായർ, ഗോവിന്ദൻ പൂത്തേറ്റിൽ, എ. വാസുദേവൻ നമ്പൂതിരി, വി.സി. കുഞ്ഞാണ്ടി, ടി.പി. മേനോൻ, സി.ആർ. മാണിക്യൻ എന്നിവരായിരുന്നു. ആ പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധിയ്ക്കുള്ളിൽ ശ്രീമാൻ തോട്ട്യാൻ അന്തോണി രാജി വെക്കുകയും തുടർന്ന് നമ്മുടെ പഞ്ചായത്ത് ചരിത്രത്തിൽ ഒരു പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമാൻ വി.സി. കുഞ്ഞാണ്ടി പഞ്ചായത്ത് പ്രസിഡൻറാവുകയും ചെയ്തിട്ടുണ്ട്.

ഇക്കാലത്ത് വരന്തരപ്പിള്ളിയുടെ രാഷ്ട്രീയരംഗം എടുത്ത് പറയേണ്ടതാണ്. സ്വാതന്ത്ര്യസമര ചരിത്രത്തിലൊന്നും പറയാവുന്ന സംഭാവന നമ്മുടെ പഞ്ചായത്തിനില്ല. എന്നാൽ വരന്തരപ്പിള്ളിയുടെ ഇന്ന് കാണുന്ന രാഷ്ട്രീയ ചരിത്രം വാർത്തെടുത്തത് 48 മുതൽ 60 വരെയുള്ള കാലമാണ്. 1902 ൽ സ്ഥാപിച്ച പാലപ്പിള്ളി മേഖലയിലെ റബ്ബർ എസ്റ്റേറ്റ് ആണ് നമ്മുടെ രാഷ്ട്രീയ രംഗത്തെ ഊർജ്ജസ്വലമാക്കിയത്. ആദ്യകാലത്ത് മലപ്പുറം തുടങ്ങി മലബാറിൽ നിന്നും തോട്ടത്തിൽ പണിയെടുക്കുന്നതിന് കങ്കാണിമാർ വഴിയാണ് തൊഴിലാളികളെ ഇവിടെ എത്തിച്ചത്. യഥാർത്ഥത്തിൽ ഒരു അടിമ-ഉടമ വ്യവസ്ഥിതിയാണ് നിലനിന്നിരുന്നത്. തൊഴിലാളികൾക്ക് വേതനം നേരിട്ടല്ല നല്കിയിരുന്നത്. മാസത്തിൽ മൂന്നു പ്രാവശ്യമായിട്ടാണ് കങ്കാണിമാർ ഉടമയിൽ നിന്ന് പണം വാങ്ങി തൊഴിലാളികൾക്ക് നല്കിയിരുന്നത്. അവർ യാഥാർത്ഥത്തിൽ വാങ്ങിയ പണത്തിൻെറ ചെറിയ തുക മാത്രമാണ് അവകാശികൾക്ക് നല്കിയിരുന്നത്. 40-കൾക്ക് മുമ്പ് ഇവിടെ ജോലിയ്ക്കെത്തിയ പ്രായമായവരിൽ നിന്നും അറിയുവാൻ കഴിഞ്ഞത്. വേതനക്കുറവ് എന്നതിൽ ഉപരി കങ്കാണിമാരിൽ നിന്നും ഏല്ക്കേണ്ടിവന്ന പീഡനം ഇന്നും ആ ഭീകരദിനങ്ങളെ കുറിച്ച് ഉൾഭയത്തോടെ മാത്രമെ ചിന്തിക്കാൻ കഴിയൂ എന്നാണ്. ആറ് മുറികളുള്ള 'പാടി' എന്ന് പറയുന്ന ഷെഡ്ഡുകളിൽ 140 പേർ വരെ ഒരുമിച്ച് കഴിയേണ്ടി വന്നത് പീഡനത്തിൻെറ അനുഭവങ്ങളിൽ ഒന്നാണ്. അവരെ സംഘടിപ്പിക്കുവാനും അവകാശ

പോരാട്ടങ്ങൾക്ക് ശക്തി പകരുവാനും ജീവിക്കുക അല്ലെങ്കിൽ മരിക്കുക എന്ന സ്ഥിതിയിൽ അവർക്ക് കൂടുതൽ കരുത്ത് പകർന്ന ട്രേഡ് യൂണിയൻ നേതാക്കളെയും വിപ്ളവ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും വിസ്മരിക്കുവാൻ കഴിയുകയില്ല. '1936- ൽ തന്നെ ചാക്കോൻ നാരായണൻ എന്ന കോൺഗ്രസ്സ് നേതാവ് ട്രേഡ് യൂണിയൻ ഉണ്ടാക്കുവാൻ ശ്രമിച്ചതായി അറിയുവാൻ കഴിഞ്ഞു. ആ ശ്രമം ഫലപ്രദമായില്ല. എന്നാൽ 1949 ൽ ആണ് അവിടെ ആദ്യമായി ട്രേഡ് യൂണിയൻ നിലവിൽ വന്നത്. വരന്തരപ്പിള്ളിയിൽ വച്ചാണ് രൂപീകരണയോഗം നടന്നത്. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ്സ് എന്ന പേരിൽ I.N.T.U.C. യിൽ അഫിലിയേഷൻ എടുത്ത യൂണിയന്റെ പ്രസിഡന്റ് ടി.പി. സീതാരാമനും സെക്രട്ടറി ഒ.ആർ. നായരും ആയാണ് രൂപീകരിച്ചത്., എന്നാൽ ഈ യൂണിയൻ നല്ല നിലയിൽ പ്രവർത്തനം നടക്കണമെങ്കിൽ കരുത്തനായ ഒരാളെ ഓർഗനൈസിങ്ങ് സെക്രട്ടറിയാക്കണമെന്ന് ടി.പി. സീതാരാമൻ പറയുകയും തൊഴിലാളികൾക്ക് സമ്മതമാണെങ്കിൽ അങ്ങിനെ ഒരാളെ ഞാൻ കൊണ്ടുവരാമെന്ന് പറഞ്ഞ് കമ്മ്യൂണിസ്റ്റ് നേതാവും ഒളിവിൽ പ്രവർത്തിക്കുന്ന പ്രവർത്തകനുമായിരുന്ന കെ.കെ. രാമനെ ഓർഗനൈസിങ്ങ് സെക്രട്ടറിയാക്കുകയാണ് ഉണ്ടായത്. (തുടർന്ന് അദ്ദേഹം സെക്രട്ടറിയാവുകയും ചെയ്തു). പാർട്ടിയുടെ "കൽക്കത്താ തിസീസ്സിനെ" തുടർന്ന് ഒളിവിൽ കഴിയുന്ന കമ്മ്യൂണിസ്റ്റുകാരെ തേടി പോലിസ് കമിഴ്ന്ന് വീണകരയിലപോലും പൊക്കിനോക്കുന്ന കാലത്തുതന്നെയാണ് സിതാരാമനെപോലുള്ള മനുഷ്യസ്നേഹി തൊഴിലാളികൾക്കുവേണ്ടി അവരെ നയിക്കുന്നതിന് കരുത്തനായ ഒരു കമ്മ്യൂണിസ്റ്റ് വിപ്ളവകാരിയെതന്നെ സെക്രട്ടറിയാക്കിയത് പൊതുപ്രവർത്തനമുള്ളിടത്തോളം കാലം നിലനിൽക്കുന്ന പ്രോജ്ജ്വലമായ ഒരു മാതൃകയാണ്.

അക്കാലത്തെ അറിയപ്പെടുന്ന വരന്തരപ്പിള്ളിയിലെ കോൺഗ്രസ്സ് നേതാക്കൾ സീതാരാമൻ, അനന്തരാമൻ, തോട്ട്യാൻ അന്തോണി, കുണ്ടനി പരമേശ്വരൻ, സി.ആർ. മാണിക്യൻ, പാലോളി മൊയ്തിൻകുട്ടി തുടങ്ങിയവരാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അക്കാലത്ത് പരസ്യമായ രാഷ്ട്രീയ പ്രവർത്തനത്തിന് സാഹചര്യം ഇല്ലാതിരുന്നതുകൊണ്ട് എല്ലാവിധ പ്രതിബന്ധങ്ങളെയും ധൈര്യപൂർവ്വം നേരിട്ട് പ്രവർത്തിച്ചവരിൽ പ്രമുഖർ ഈച്ചരവാര്യർ, കെ.ടി. മാണിക്യൻ, വലുമുറ്റം നാരായണൻ തുടങ്ങിയവരായിരുന്നു. സാധാരണക്കാരന്റെയും തൊഴിലാളികളുടെയും ഇടയിൽ മാത്രം പ്രവർത്തനം നടത്തിക്കൊണ്ടായിരുന്നു. ഇവിടെ പാർട്ടി വേരുറപ്പിച്ചത്. ഇവിടെ തോട്ടം മേഖലയിൽ കങ്കാണിമാരുടെ കീഴിൽ അടിമതൊഴിലാളികളായി വന്നവരാണ് പില്ക്കാലത്ത് പഞ്ചായത്ത് പ്രസിഡന്റുമാരായി മാറിയ പി.എ. മൊയ്തീൻകുട്ടി, സി.ടി. ഉബൈദ്, തുടങ്ങിയവർ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിമാരായ ഉണ്ണ്യാൻകുട്ടി, എ. കുഞ്ഞാലി എന്നിവരും. ഇ.കെ. ഇബിച്ചി ബാവ, പറവത്ത് അബു, സി.ഒ. പോൾ എന്നിവർ ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനും കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനും കാര്യമായി സംഭാവന ചെയ്തവരാണ്.



587

കെ. കരുണാകരൻ, സി.കെ. ചക്രപാണി, അമ്പാടി ശങ്കരൻകുട്ടി മേനോൻ, എം.എ. കാർത്തികേയൻ, വി.എൽ. ലോനപ്പൻ, പി.പി. ജോർജ്ജ് തുടങ്ങിയ പ്രമുഖർ ഇവിടെ മുൻകാല ട്രേഡ് യൂണിയൻ നേതാക്കളായിരുന്നിട്ടുണ്ട്. നിലവിലുള്ള യൂണിയൻ നേതാക്കളിൽ വി.കെ. രാജൻ, കെ. പത്മനാഭൻ, പി.ആർ. ഫ്രാൻസിസ്, കെ.പി. രാജേന്ദ്രൻ, ആർ.വി. രാമൻകുട്ടിവാര്യർ, കെ.വി.കെ. പണിക്കർ തുടങ്ങിയ പ്രഗത്ഭരാണ്. 1958 ജൂലായ് 26 ലെ ഇരുണ്ട സന്ധ്യയിൽ വരന്തരപ്പിള്ളിയിലേക്ക് പ്രകടനമായി വന്ന തോട്ടം തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ജാഥക്ക് നേരെ ഉണ്ടായ അക്രമസംഭവങ്ങളെ തുടർന്ന് ആറു മനുഷ്യജീവൻ അപകടപ്പെടാനിടയായത് വരന്തരപ്പിള്ളിയുടെ രാഷ്ട്രീയചരിത്രത്തിൽ ദുഃഖകരമായ ഒരു യാഥാർത്ഥ്യമാണ്. അന്നത്തെ കേസ്സിൽ പ്രതികളായിരുന്ന എല്ലാവരെയും കോടതി വെറുതെ വിടകയും ചെയ്തു. അന്ന് കേസന്വേഷണം നടത്തിയ സർക്കിൾ ഇൻസ്പെക്ടർ വേലുകുട്ടിനായർ, പോലീസ് സൂപ്രണ്ട് സൈമൺ മാഞ്ഞൂരാൻ എന്നിവരാണ്. ആകെ 29 പ്രതികളാണ് കേസിൽ ഉണ്ടായിരുന്നത്. ടി.വി. ഈച്ചരവാര്യർ, സി.ടി. ഉബൈദ്, ഉണ്ണ്യാൻകുട്ടി, കെ.ടി. മാണിക്യൻ, പി.കെ. അബ്ദുൾറഹിമാൻകുട്ടി, എം.എച്ച്. മുഹമ്മദ്, പുഴംമ്പള്ളം ഗോപാലൻ തുടങ്ങിയവരായിരുന്നു. 11 പ്രതികൾ 6 മാസക്കാലം റിമാൻഡിൽ കഴിയുകയും ചെയ്തു. പ്രതിഭാഗം വക്കീൽ പ്രസിദ്ധ നിയമജ്ഞനായ അഡ്വ. കെ. കുഞ്ഞിരാമമേനോനും അദ്ദേഹത്തിൻെറ ജൂനിയർ ആയ ശിവരാമമേനോനും ആയിരുന്നു. ഇദ്ദേഹം പിന്നീട് ഹൈക്കോടതി ജഡ്ജി ആയിട്ടുണ്ട്.

ഈ സംഭവത്തോടനുബന്ധിച്ച് കേന്ദ്രമന്ത്രി വി.കെ. കൃഷ്ണമേനോൻ, എ.എം.തോമസ്സ് കോൺഗ്രസ്സ് പ്രസിഡൻറ് ജയു എൻ. ധാബർ എന്നിവർ വരന്തരപ്പിള്ളി സന്ദർശിച്ചതായി കാണുന്നു. തോട്ടം മേഖലയിൽ അവകാശപോരാട്ടങ്ങളുടെ ഭാഗമായി നീണ്ടുനിന്ന സമരങ്ങളുടേയും പട്ടിണിക്കൊണ്ട് പൊറുതിമുട്ടിയ തൊഴിലാളികളുടെ ദയനീയാവസ്ഥയിൽ മനംനൊന്ത് സ്വന്തം കൃഷിയിടത്തിലെ കൊള്ളിക്കിഴങ്ങ് വലിച്ച് തൊഴിലാളികളുടെ പാടികളിൽ എത്തിച്ചുകൊടുത്ത കുഞ്ഞാലൻ ഹാജിയെ ഇന്നും തൊഴിലാളികൾ നന്ദിപൂർവ്വം സ്മരിക്കുന്നു. രജിസ്റ്റർ ചെയ്ത റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ്സും 6/50 ഇപ്പോൾ C.I.T.U.യൂണിയൻ ആയാണ് അറിയുന്നത്. 58-ലെ കൊലക്കേസിൽ പ്രതികളായ മുഴുവൻ കമ്മ്യൂണിസ്റ്റുകാരും അന്നും അതിനു ശേഷവും ടി.പി. സീതാരാമൻ നേതാവായ I.N.T.U.C. യൂണിയൻ അഫിലിലേഷനുള്ള റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ്സിൽ അംഗങ്ങളായിരുന്നു. 60 നു ശേഷമാണ് ഈ യൂണിയനുള്ളിൽ നിന്ന് I.N.T.U.C.എന്ന പേരിൽ കുറച്ചു പേർ പുതിയ യൂണിനുണ്ടാക്കി പുറത്ത് പോയത്. പഴയകാല തൊഴിലാളി പ്രവർത്തകർക്കും തൊഴിലാളികൾക്കും ഇന്നും കെ.കെ. രാമനെയും, ടി.പി. സീതാരാമനെയും നന്ദിപൂർവ്വം മാത്രമെ സ്മരിക്കുവാൻ കഴുയുന്നുള്ളു.

പഞ്ചായത്തിൻെറ വികസന ചരിത്രത്തിൽ വൈദ്യുതിയുടെ രംഗപ്രവേശം 50-52 കാലഘട്ടങ്ങളിലാണ് സജീവമായത് എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. അക്കാലത്ത്

പഞ്ചായത്തോഫിസുകളായി ഇപ്പോൾ നിലവിലുള്ള പഞ്ചായത്തോഫീസിന്റെ എതിർവശത്തുള്ള സി.ആർ. മാണിക്യന്റെ കെട്ടിടത്തിലും അതിനു ശേഷം വരന്തരപ്പിള്ളി സെന്ററിലുള്ള മഞ്ഞളിയുടെ കെട്ടിടത്തിനു മുകളിലും ആയിരുന്നു ഓഫീസ്. അക്കാലത്ത് ജനങ്ങൾ വാർത്തകൾ അറിയുന്നതിനും മറ്റും പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിരുന്ന പബ്ലിക്ക് റേഡിയോവിനെയാണ് ആശ്രയിച്ചിരുന്നത്. വിവിധ ഘട്ടങ്ങളിലായി 19 കലാസമിതികൾക്ക് പഞ്ചായത്ത് റേഡിയോ അനുവദിച്ചിരുന്നു. അന്ന് കലാ-സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്ന പല കലാസമിതികളും പഞ്ചായത്തിലുണ്ടായിരുന്നു. മുപ്ളിയം വായനശാല 1939 ൽ തന്നെ സ്ഥാപിച്ചതായും കാണാൻ കഴിഞ്ഞു. മുപ്ലിയത്തിന്റെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസരംഗത്ത് പരിഷ്കർത്താവായ രാമകൃഷ്ണപിള്ള തന്നെയാണ് സ്ഥാപിച്ചത്. മുപ്ലിയം സ്കൂൾ ഏകദേശം 60 വർഷങ്ങൾക്കു മുമ്പ് വട്ടോലിപ്പറമ്പൻ "ഇക്കോരൻ" ആണ് സ്ഥാപിച്ചത്. അക്കാലത്ത് "തീത്തായി" എന്ന അദ്ധ്യാപകനായിരുന്നു ഹെഡ്മാസ്റ്റർ, മുപ്ലിയം പ്രദേശത്തിന്റെ വികസനം യഥാർത്ഥത്തിൽ മുപ്ലിയം പാലത്തിന്റെ നിർമ്മാണത്തോടെയാണ് ശക്തിപ്പെട്ടത്. 1962 ഒക്ടോബർ 31 നാണ് അന്നത്തെ പൊതുമരാമത്ത് മന്ത്രി പി.പി. ഉമ്മർകോയ തുടക്കം കുറിച്ചത്. 66 ഡിസംബർ 30 ന് കേന്ദ്രഭക്ഷ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ പാലം ജനങ്ങൾക്കായി തുറന്നു കൊടുത്തു. അക്കാലത്ത് സർക്കാർ നടപ്പാക്കിയ കമ്മ്യൂണിറ്റി പ്രോജക്ട് അനുസരിച്ച് മുപ്ലിയം കച്ചേരിക്കടവ് റോഡ് പൂത്തെറ്റി വേലപ്പൻ നോമിനിയായി 22 അടി വീതിയിൽ ഉണ്ടാക്കി. പാപ്പാളിക്കുളം, പുൽപ്പാച്ചിറ തുടങ്ങിയ കുളങ്ങളും അഞ്ച് പഞ്ചായത്ത് കിണറുകളും ഈ സ്കീമിൽ സ്ഥാപിച്ചതായി കാണുന്നു.

S.N.D.P. യൂണിയന്റെ പ്രവർത്തനം സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ആറ്റപ്പിള്ളി ഭാഗത്ത് ഉണ്ടായതായി കാണുന്നു. 192-ാം നമ്പർ ശാഖയായിരുന്നു അത്. കുണ്ടനി നാരായണൻ പ്രസിഡൻറും കുണ്ടനി പരമേശ്വരൻ സെക്രട്ടറിയും ആയിരുന്നു. നന്ദിപുലം സർവ്വീസ് ബാങ്ക് 58-ൽ ലിഫ്റ്റ് ഇറിഗേഷൻ സർവ്വീസ് സഹകരണസംഘം ആയാണ് രജിസ്റ്റർ ചെയ്തത്. സ്ഥാപക പ്രസിഡൻറ് കുണ്ടനി നാരായണൻ ആയിരുന്നു. നന്ദിപുലം ഗവൺമെൻറ് യു.പി. സ്ക്കൂൾ ആയി അറിയപ്പെടുന്ന വിദ്യാലയം 76 വർഷം മുമ്പ് പ്രൈമറിയായി തുടങ്ങിയത് കുണ്ടനി ചാത്തുണ്ണി വൈദ്യർ ആണ്. സൗജന്യമായി സർക്കാരിന് പിന്നീട് വിട്ടുകൊടുത്തു. നന്ദിപുലം പ്രദേശത്ത് ആദ്യമായി കറൻറ് എത്തിയത് ലിഫ്റ്റ് ഇറിഗേഷൻ സൊസൈറ്റിയുടെ മോട്ടോറിനു വേണ്ടി മിനിമം ഗ്യാരണ്ടി തുക കെട്ടിവെച്ച് മറ്റത്തൂർ കുന്നിൽ നിന്നാണ് (62ൽ) കറൻറ് വലിച്ചത്. അക്കാലത്ത് തന്നെ ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് വേണമെന്നാവശ്യപ്പെട്ട് അപേക്ഷ മുഖ്യമന്ത്രി പട്ടം താണുപിള്ളക്ക് പ്രിൻറ് ചെയ്ത് അയച്ചതിന്റെ കോപ്പി ലഭിക്കുകയുണ്ടായി. വിദ്യാഭ്യാസരംഗത്ത് അവർണ്ണർക്ക് സംസ്കൃതം തീരെ നിഷിദ്ധമായിരുന്ന കാലഘട്ടത്തിൽ കുണ്ടനി ഗോവിന്ദൻ എന്ന ആളുടെ വീട്ടിൽ ജാതിമതവ്യത്യാസമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നല്കിയിരുന്നു. സവർണ്ണനും അവിടെ വിദ്യാഭ്യാസം നടത്തിയിരുന്നു.

അക്കാലത്ത് അയിത്തം നിലവിലിരുന്നിരുന്നു. അതിൽ വിശേഷപ്പെട്ട ഒരു ആചാരം സവർണ്ണരുടെ വീട്ടിൽ ആരെങ്കിലും മരിച്ചാൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ട പുലയസമുദായക്കാർ മരിച്ച ആളുടെ കുടുംബത്തിനുവേണ്ടി നെഞ്ചത്തടിച്ച് കരയുക എന്ന ഒരു മുറ നിലവിലുണ്ടായിരുന്നു. ഇതിന് 'പുലമുറ' എന്നാണ് പറഞ്ഞിരുന്നത്. താഴ്ന്ന പിന്നോക്കവിഭാഗക്കാർക്ക് സവർണ്ണരുടെ വാസസ്ഥലങ്ങളിലൂടെ നടന്നുപോകുവാനോ കുടചൂടുവാനോ ഉള്ള സ്വാതന്ത്ര്യം പരിമിതമായിരുന്നു എന്നാണ് വായ്മൊഴികൾ.

53 നു ശേഷം 61 ൽ പഞ്ചായത്ത് ആക്റ്റ് നിലവിൽ വന്നതിനുശേഷം 63 ഡിസംബറിൽ പഞ്ചായത്ത് തെരെഞ്ഞെടുപ്പ് നടത്തുകയും 64 ജനുവരി 1 ന് പുതിയ പഞ്ചായത്ത് ബോർഡ് നിലവിൽ വരുകയും ചെയ്തു. തുടർന്ന് നിലവിൽ വന്ന പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സർവ്വശ്രീ തോട്ട്യാൻ അന്തോണി, കെ. ശങ്കരൻനായർ, ടി.വി. കേശവൻ, എം.ഡി. ചെറിയക്കുട്ടി, പി. നാരായണൻ നായർ, അരിക്കാടൻ വർഗ്ഗീസ്, സി.ടി. ഉബൈദ്, വി.സി. കുഞ്ഞാണ്ടി, കെ. വിജയൻ മേനോൻ, പി.എ. മൊയ്തീൻകുട്ടി, ചെല്ലമ്മ ഡൊമിനിക് എന്നിവരാണ്. ഭരണസമിതിയുടെ ആദ്യ 40 ദിവസം സി.ടി. ഉബൈദ് പ്രസിഡൻറാവുകയും തുടർന്ന് തോട്ട്യാൻ അന്തോണി പ്രസിഡൻറാവുകയും ചെയ്തു. കെ. ശങ്കരൻനായർ വൈസ് പ്രസിഡൻറുമായിരുന്നു. തോട്ട്യാൻ അന്തോണി ഒരു കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ പോയതിനെ തുടർന്ന് പി.എ. മൊയ്തീൻകുട്ടി പഞ്ചായത്ത് പ്രസിഡൻറ് ആവുകയും ചെയ്തു. ഇദ്ദേഹത്തിൻെറ കാലത്താണ് പഞ്ചായത്താഫീസിൻെറ പണി കഴിപ്പിച്ചത്. ഇഞ്ചക്കുണ്ട് വരെയുള്ള റോഡ് നിർമ്മിച്ചതും ഇക്കാലത്താണ്.

1970-ൽ തോട്ട്യാൻ അന്തോണി വീണ്ടും പ്രസിഡൻറാവുകയും ചെയ്തു. ഈ കാലയളവിൽ ഒട്ടനവധി പുതിയ ജലസേചന പദ്ധതികൾക്ക് ചിമ്മിനിഡാം ഉൾപ്പെടെ തുടക്കം കുറിച്ചു. (1) നന്തിപുലം - പാറക്കടവ് ജലസേചന പദ്ധതി (2) തോട്ടുമുഖം ജലസേചന പദ്ധതി (3) മുപ്ലിയം ജലസേചന പദ്ധതി (4) ചീരക്കുഴി ജലസേചന പദ്ധതി (5) മുപ്ലിയം - മുല്ലപ്പറമ്പ് ജനസേചന പദ്ധതി (6) വെള്ളാരംപാടം ജലസേചന പദ്ധതി തുടങ്ങിയവയാണ് പ്രധാനപ്പെട്ടത്.

പാർപ്പിടരംഗത്ത് പാവപ്പെട്ടവർക്ക് വീടു നിർമ്മിച്ചു കൊടുക്കുന്നതിൻെറ ഭാഗമായി നന്തിപുലം, മുപ്ലിയം, പള്ളിക്കുന്ന്, വരന്തരപ്പിള്ളി, വേലൂപ്പാടം എന്നീ സ്ഥലങ്ങളിൽ 5 ലക്ഷം വീട് കോളനികൾ നിർമ്മിച്ചു. അങ്ങനെ 100 പേർക്ക് പാർപ്പിട സൗകര്യം ഒരുക്കി കൊടുത്തു. ദേശീയ പ്രാധാന്യമർഹിക്കുന്ന ചിമ്മിനി ജലസേചന പദ്ധതിയുടെ തറക്കല്ലിടൽ 1976-ൽ കേന്ദ്രമന്ത്രി ജഗ്ജീവൻറാം ആണ് നിർവ്വഹിച്ചത്. ഇക്കാലയളവിൽ കലവറക്കുന്ന് ഗവൺമെൻറ് ഡിസ്പെൻസറിയും സ്ഥാപിച്ചു. അതുപോലെ മുപ്ലിയം ഭാഗത്ത് ഒരു ഡിസ്പെൻസറിയും സ്ഥാപിച്ചുവെങ്കിലും ഇപ്പോൾ അത് ഉപ്പുഴിയിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ആദ്യത്തെ സിനിമാ തിയേറ്റർ പയനീയർ ടാക്കീസ് എന്ന പേരിലായിരുന്നു എന്നാണ് അറിവ്. അഞ്ച് സിനിമാ തിയേറ്റർ വരെ പ്രവർത്തിച്ചിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്ന് മൂന്ന് തിയേറ്ററുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ടി.വി.യുടേയും

ആവിർഭാവം ആണ് സിനിമാ തിയേറ്ററുകളുടെ പൊഴിഞ്ഞു പോക്കിനുള്ള കാരണം.

വരന്തരപ്പിള്ളി പഞ്ചായത്തിൽ ഈ കാലയളവിൽ വേലൂപ്പാടത്തും ഒരു സ്വകാര്യ ആശുപത്രി സ്ഥാപിക്കുകയുണ്ടായി. ആദ്യകാലത്ത് നല്ല രീതിയിൽ പ്രവർത്തിക്കുകയും പിന്നീട് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയാതെ ഇന്ന് അത് നിലനിൽക്കുന്നു.

1979-ൽ നടന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിൽ പുതുമുഖങ്ങളായിരുന്നു ജയിച്ചവരെല്ലാം. ടി.കെ. ഗംഗാധരൻ, സി.എം. നാരായണൻ മാസ്റ്റർ, സി.എസ്. രാമചന്ദ്രൻ മാസ്റ്റർ, അരങ്ങൻ രാമൻ (വൈസ് പ്രസിഡൻറ് ), ടി.കെ. തങ്കപ്പൻ, പി.പ്രേമചന്ദ്രൻ, പി.പി. ദാസൻ, ഇത്തിക്കുട്ടി എം.കെ., പി.ജി. വാസുദേവൻ നായർ, എം.ജെ. സക്കറിയാസ്, എൻ.ഡി. പൈലോത് മാസ്റ്റർ, ഹെൻട്രി ജോർജ്ജ് മാസ്റ്റർ (പ്രസിഡൻറ്) എന്നിവരായിരുന്നു ഈ കാലയളവിൽ ചെറിയ ഒരു ഇടവേള ജനാധിപത്യ ഭരണസമിതി പിരിച്ചുവിട്ടുകൊണ്ടുള്ള ഉദ്യോഗസ്ഥ ഭരണവും ഉണ്ടായിരുന്നു. ഈ ഭരണസമിതിയുടെ കാലത്താണ് പഞ്ചായത്തിൽ വ്യാപകമായ വികസനപ്രവർത്തനങ്ങൾ നടന്നത്. വരന്തരപ്പിള്ളി വെള്ളിക്കുളങ്ങര റോഡുകൾ ടാർ ചെയ്തതും അതുവഴി ബസ് സർവ്വീസ് നിലവിൽ വന്നതും ആറ്റപ്പിള്ളിയിലേക്ക് ബസ് സർവ്വീസ് ആരംഭിച്ചതും റോഡ് ടാർ ചെയ്തതും വരന്തരപ്പിള്ളി വേപ്പൂർ റോഡ്, ടാർ ചെയ്തതും ബസ് സർവ്വീസ് ആരംഭിച്ചതും ഈ കാലത്താണ്. പ്രധാനപ്പെട്ട റോഡ് ഗതാഗത സൗകര്യങ്ങൾ നിലവിൽ വരുകയും വൈദ്യുതി ഗ്രാമങ്ങളിലേക്കെത്തുകയും ജലസേചന രംഗത്ത് ഒട്ടനവധി മൈനർ ഇറിഗേഷൻ പദ്ധതികളും, മോട്ടോർ പമ്പുസെറ്റുകൾ കർഷകർക്ക് വിവിധ ധനസഹായ ഏജൻസികൾ വഴി സബ്സിഡിയോടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടെലഫോണിനും പ്രചാരം സിദ്ധിച്ചത് ഈ സമയത്താണ്. വരന്തപ്പിള്ളി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിച്ചത്. വരന്തരപ്പിള്ളി പോലീസ് സ്റ്റേഷൻ ഇന്നു കാണുന്ന കെട്ടിടത്തിലേക്ക് മാറ്റിയത് ഈ കാലയളവിലാണ്. 88-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ടി.കെ.ഗംഗാധരൻ, സാവിത്രി അന്തർജ്ജനം, സി.എൻ. അശോകൻ, തീതായി ദേവസ്സി, സി.എൽ. ജോർജ്ജ്, ജെസീന മഞ്ഞളി, എം.സി. മാധവൻ, യു.പി. മുഹമ്മദ്, പി.ജി. വാസുദേവൻ നായർ, എം.ജെ.സക്കറിയാസ്, പി.എം. ഗോപാലൻ എഴുത്തച്ഛൻ, ഹെൻട്രി ജോർജ്ജ് എന്നിവർ മെമ്പർമാരാവുകയും ചെയ്തു. ഹെൻട്രി ജോർജ്ജ് വീണ്ടും പ്രസിഡൻറും ജെസീന മഞ്ഞളി വൈസ്പ്രസിഡൻറാവുകയും ചെയ്തു. ഈ ഭരണസമിതിയുടെ കാലത്താണ് വരന്തരപ്പിള്ളി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചത്. പുലിക്കണ്ണി - കാരികുളം കടവ് റോഡ്, തോട്ടുമുഖം - സൂര്യഗ്രാമം റോഡ്, പള്ളിക്കുന്ന് - വടാന്തോൾ റോഡ് തുടങ്ങിയവയുടെ ടാറിങ്ങ് നടത്തുകയും മുപ്ലിയം-കൽക്കുഴി റോഡ് അമ്മുകുളം കോളനി റോഡ്, പള്ളിക്കുന്ന് - മാട്ടിൽ ദേശം റോഡ്., ജനതാ സ്ക്കൂൾ - കോരനൊടി റോഡ്, വെട്ടിങ്ങപാടം റോഡ് അങ്ങനെ ഒട്ടനവധി റോഡുകൾ വീതികൂട്ടുകയും മെറ്റൽ വിരിക്കുകയും ചെയ്തു.

ഐക്കരകുന്ന് ലിഫ്റ്റ് ഇറിഗേഷൻ, ശുദ്ധജലവിതരണപദ്ധതി തുടങ്ങി ഒട്ടേറെ വികസന പദ്ധതികൾ നടപ്പിൽ വരുത്തി ഈ കാലയളവിലാണ് സംസ്ഥാനത്ത് ആദ്യമായി അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ജില്ലാ കൗൺസിലുകൾ നിലവിൽ വന്നത്. 91-ൽ നടന്ന വരന്തരപ്പിള്ളി ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ എം.കെ. പോൾസൺ മാസ്റ്ററായിരുന്നു. തിരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹത്തിന്റെ മുഖ്യ എതിർസ്ഥാനാർത്ഥികൾ പി.പി. ഹെൻട്രി മാസ്റ്ററും, വി.കെ. വിശ്വംഭരനും ആയിരുന്നു. തുടർന്ന് ദീർഘകാലം കഴിയുന്നതിനു മുമ്പ് ജില്ലാ കൗൺസിലുകൾ നിർത്തലാക്കുകയും ചെയ്തു. അങ്ങനെ ജില്ലാ കൗൺസിലുകൾ ചരിത്രത്തിന്റെ ഭാഗമായി തീർന്നു. തുടർന്ന് 94-ൽ ഇന്ത്യൻ ഭരണഘടനയുടെ 73-74 ഭരണഘടനാ ഭേദഗതികൾ അനുസരിച്ച് പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വരുകയും അതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തു സംവിധാനം നിലവിൽ വരുകയും, 95 സെപ്റ്റംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ വരന്തരപ്പിള്ളി പഞ്ചായത്തിലെ പഞ്ചായത്ത് മെമ്പർമാരായി ബേബി ചന്ദ്രൻ, എ.ഉണ്ണികൃഷ്ണൻ, കുന്നമ്പിള്ളി ചന്ദ്രൻ, സലോമി ടീച്ചർ, പി.വി. ചാക്കുണ്ണി മാസ്റ്റർ, അമ്മിണി കുമാരൻ, കെ.എം. പത്മനാഭൻ, ശിവദാസൻ തൂയത്ത്, കെ.എസ്. സെയ്താലി മൗലവി, കുരുക്കൾ കുഞ്ഞുമുഹമ്മദ്, അബ്ദുൾ റഹ്മാൻ, പി.എം. ഗോപാലനെഴുത്തച്ഛൻ, തങ്കമ്മ ടീച്ചർ, ഗിരിജ ബാലകൃഷ്ണൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ നിന്നും കെ.എം. പത്മനാഭൻ പ്രസിഡന്റും കുരുക്കൾ കുഞ്ഞുമുഹമ്മദ് വൈസ് പ്രസിഡന്റും ശിവദാസൻ തൂയത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാനും ആയും തിരഞ്ഞെടുക്കപ്പെട്ടു. ബ്ലോക്ക് പഞ്ചായത്തിലേക്ക് വരന്തരപ്പിള്ളി ഡിവിഷനിൽ നിന്ന് വി.എസ്സ്. പ്രിൻസും, മുപ്ലിയം ഡിവിഷനിൽ നിന്ന് സ്മിതാ ചന്ദ്രനും, ചെങ്ങാലൂർ ഡിവിഷനിൽ നിന്ന് ഡെയ്സി തോമസും തിരഞ്ഞെടുക്കപ്പെട്ടു. ജില്ലാ പഞ്ചായത്തിലേക്ക് എം.കെ. പോൾസൺ മാസ്റ്ററും തിരഞ്ഞെടുക്കപ്പെട്ടു. ഇക്കാലയളവിൽ പ്രമുഖരായ ആറ് നേതാക്കൾ നിര്യാതരായി. വരന്തരപ്പിള്ളി കേരള രാഷ്ട്രീയത്തിന് സംഭാവന ചെയ്ത സി.എസ്. രാമചന്ദ്രൻ മാസ്റ്റർ, ട്രേഡ്യൂണിയൻ രംഗത്തു കൂടി കോൺഗ്രസ്സ് രാഷ്ട്രീയത്തിലെ പ്രമുഖനായിരുന്ന പി. പ്രേമചന്ദ്രൻ, തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ കരുത്തനായ നേതാവും ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റുമായിരുന്ന എ.ഒ. വേലായുധൻ, ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളായ കെ.ടി.മാണിക്യൻ, വലുമുറ്റും നാരായണൻ എന്നിവരും ടി.പി. അനന്തരാമൻ തുടങ്ങിയ ആറു പ്രമുഖരുടെ ദേഹവിയോഗം പറയാതെ കടന്നുപോകാൻ കഴിയില്ല. നിലവിലുള്ള വരന്തരപ്പിള്ളിയുടെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ അനുസ്മരിക്കുമ്പോൾ ഹിന്ദു-മുസ്ലീം ക്രിസ്ത്യൻ മൈത്രി നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് വരന്തരപ്പിള്ളി. മുസ്ലീം ആരാധനാലയങ്ങൾ പാലപ്പിള്ളി തോട്ടം മേഖലയുടെ ആവിർഭാവത്തിന് ശേഷമാണ് വരന്തരപ്പിള്ളി പഞ്ചായത്തിലുണ്ടായത്, പൗണ്ട്, വേലൂപ്പാടം, പുലിക്കണ്ണി, ചീനിക്കുന്ന്, വേലൂപ്പാടം കിണർ, പാലപ്പിള്ളി, വലിയകുളം, എച്ചിപ്പാറ, കാരികുളം, കുണ്ടായി എന്നിവിടങ്ങളിലാണ് മുസ്ലിം ആരാധനാലയങ്ങളുള്ളത്. ബിദായത്തുൽ ഹിദായ ഇസ്ലാമിക് കോംപ്ലക്സ് എന്ന പേരിൽ ഒരു ഓർഫനേജും നടത്തപ്പെടുന്നുണ്ട്. ക്രിസ്ത്യൻ ദേവാലയങ്ങൾ ഇഞ്ചക്കുണ്ട് പള്ളി, മുപ്ലിയം, ആറ്റപ്പിള്ളി, നന്തിപുലം, പള്ളിക്കുന്ന്,

കൊവേന്ത, വേലൂപ്പാടം, എച്ചിപ്പാറ, ചെമ്മലങ്ങാട്, വെള്ളാരംപാടം എന്നിവയാ ണ്. വേലൂപ്പാടത്ത് ഒരു ഓർഫനേജും പ്രവർത്തിക്കുന്നുണ്ട്. ഹിന്ദു ആരാധനാലയങ്ങൾ മുപ്പിയ 10, മുത്തുകുന്ന്, പിടിക്കപറമ്പ് (ശാസ്തക്ഷേത്രം, വിഷ്ണു ക്ഷേത്രം) കൊമരംചിറ, പയൂർക്കാവ 1', ആറ്റപ്പിള്ളി ഭൂവനേശ്വരിക്ഷേത്രം, ഇടലപ്പിള്ളി ഭഗവതിക്ഷേത്രം, ബലരാമക്ഷേത്രം, ശ്രീകൃഷ്ണക്ഷേത്രം, ശ്രീകണ്ഠേശ്വരം, പാലക്കൽ, വരാക്കര, മാട്ടിൽ, അമ്മുകുളം, ഗോപാലകൃഷ്ണസ്വാമീക്ഷേത്രം, കലവറക്കുന്ന്, വേലുഭഗവതിക്ഷേത്രം, 907 ഓത്തനാട് ക്ഷേത്രം, ഒളനപ്പറമ്പ് ആദിവാസിക്ഷേത്രം, എലിക്കോട് എന്നിവയാണ്.

S.N.D.P.ശാഖായോഗങ്ങൾ - ആറ്റപ്പിള്ളി, മാഞ്ഞൂർ, നന്തിപുലം, കരയാംപാടം, വടുക്കുംമുറി, കൽക്കുഴി, വേലൂപ്പാടം, എച്ചിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

N.S.S.- നന്തിപുലം, വരന്തരപ്പിള്ളി എന്നീ പ്രദേശത്ത് പ്രവർത്തിക്കുന്നു.

പുലയർ മഹാസഭ, സാംഭവസഭ, വിശ്വകർമ്മസഭ എന്നീ സാമുദായിക സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. ആദിവാസിരംഗത്തും ആദിവാസിസംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

സാംസ്കാരികരംഗത്തും എടുത്തുപറയാവുന്ന വ്യത്യസ്തമേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർ ഉണ്ട് കേരളത്തിന് പുറത്തും പ്രസിദ്ധനായ സിനിമാസംവിധായകനും ആർട്ടിസ്റ്റുമായ കുരിയൻ വർണ്ണശാല, കെ. നാരായണൻ എന്നിവർ നമ്മുടെ അഭിമാനമാണ്. ആർട്ടിസ്റ്റ് രാജൻ വരന്തരപ്പിള്ളി, കവിയും, പത്രപ്രവർത്തകനുമായിരുന്ന തങ്കപ്പൻ വരന്തരപ്പിള്ളി എന്നിവർ നമ്മുടെ അഭിമാനസ്തംഭങ്ങളാണ്.

കായികരംഗത്തു നമ്മുടെ നാമദേയം ഇന്ത്യയിൽ ഉയർത്തിയ അർജ്ജുന അവാർഡ് ജേതാവും ഇന്ത്യൻ വോളിബോൾ ക്യാപ്റ്റനുമായിരുന്ന സിറിൾ സി. വള്ളൂർ കായിക പ്രതിഭ എക്കാലവും വരന്തരപ്പിള്ളിയുടെ രോമാഞ്ചമാണ്. ദേശീയ അത്‌ലാറ്റായി ഉയർന്ന പറക്കും നബീസയും നമ്മുടെ കായിക പ്രതിഭയായിരുന്നു.

മേൽ സൂചനയിൽ പരാമർശിച്ച വിധം പഞ്ചായത്ത് രൂപീകരണം നടന്ന 1938-കളിൽ നിന്നും വീക്ഷിക്കുമ്പോൾ അധികാരം അന്യമായിതീരുവാൻ ഇടയുണ്ടായിരുന്ന അധഃസ്ഥിത വിഭാഗത്തിൻെറ കൈകളിൽ ഇന്നാധികാരം കൈവന്നിട്ടുള്ളതിൽ ഒരു സാമൂഹ്യ വളർച്ച പ്രകടമാണ്. കേരളത്തിൽ ആകെ നടന്ന സാമൂഹിക വളർച്ചയുടെ ഭാഗമാണ് നമ്മുടെയും ഈ മാറ്റം. എന്നാൽ ദേശീയ പ്രസ്ഥാനത്തിൻെറയും പാരമ്പര്യത്തിൻെറയും അനുഭവങ്ങളുടെയും പിന്തുടർച്ചാവകാശികൾ മുള്ളും മുനയും നിറഞ്ഞ വഴിത്താരകളിലൂടെയാണ് കടന്നുപോയത്. മഞ്ഞുകട്ടയിലൂതിയൂതി അഗ്നിജ്ജ്വലിപ്പിച്ച മഹാന്മാരുടെ നിരയും നേതൃത്വവും ഇല്ലായിരുന്നെങ്കിലും ഇരുൾ വീണതും ഇഴജന്തുക്കൾ ഉണർന്നു വിഹരിക്കുന്നതുമായ വഴിയിലൂടെ നടന്നും ഉറക്കം നീർകെട്ടിയ കറുത്ത കൺതടം തിരുമ്മിയും അവർ കാത്തു സൂക്ഷിച്ച മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ വൈമുഖ്യമുള്ള

ഒരു തലമുറയെ നാം ഇന്ന് കാണുന്നു.

നമുക്ക് മുമ്പെ കടന്നുപോയ ത്യാഗിവര്യൻമാർ സുഖസൗകര്യങ്ങളുടെ ശീതളഛായയിൽ അമരുവാൻ സമയം കണ്ടെത്തുവാനാവാതിരുന്നവരാണ്. അവരുടെ അനുഭവങ്ങളുടെ അംശങ്ങൾ ഉൾകൊള്ളാനും സാമൂഹിക-രാഷ്ട്രീയ പ്രവർത്തനം മറ്റൊന്നിനേക്കാൾ വലുതെന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ നമുക്ക് ചുറ്റും അപൂർവ്വമായിട്ടെങ്കിലും ചിലരുള്ളത് വിസ്മരിക്കുന്നില്ല. ഉന്നതമായ ചിന്തക്കുടമകളായ ഇവരെ മാറ്റി നിർത്തിയാൽ ശേഷിക്കുന്ന ഈ തലമുറ സ്വകാര്യ ജീവിതത്തിൻെറ മാളങ്ങളിലേക്കൊതുങ്ങുന്ന ഒളിച്ചുപോക്കിന് വിരാമമിടാൻ വരും നാളുകളിൽ നാം പലതും ചെയ്തേക്കാം. - പക്ഷെ ഇന്ന് നാം എന്തു ചെയ്യുന്നു എന്ന ഒരു ആത്മ പരിശോധനക്ക് ചരിത്രസംഗ്രഹത്തിലെ ഊന്നൽ പര്യാപ്തമാകട്ടെ എന്നാശിച്ചുകൊള്ളുന്നു.

> *ഉത്തമപൗരൻമാരാവുകയെന്നതാവണം നമ്മുടെ ലക്ഷ്യം.*
> *സ്വന്തം താൽപര്യങ്ങൾക്ക് രണ്ടാം സ്ഥാനം നൽകിക്കൊണ്ട്*
> *പൊതു നൻമക്കായി പ്രവർത്തിക്കുക.*
>
> *- നെഹറു.*

# ഭൂപ്രകൃതി

തൃശ്ശൂർ ജില്ലയുടെ കിഴക്കേ അതിർത്തിയിലാണ് വരന്തരപ്പിള്ളി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 14 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. മുപ്ലിയം, നന്തിപുലം, വരന്തരപ്പിള്ളി എന്നീ മൂന്ന് വില്ലേജുകളിലായി ഇവ വ്യാപിച്ചുകിടക്കുന്നു. നന്തിപുലം വില്ലേജിൽ ഒന്നും രണ്ടും വാർഡുകളും വരന്തരപ്പിള്ളി വില്ലേജിൽ 3 മുതൽ 11 ഉൾപ്പെടെയുള്ള വാർഡുകളും മുപ്ലിയം വില്ലേജിൽ 12, 13, 14 എന്നീ വാർഡുകളും ഉൾക്കൊള്ളുന്നു. കൊടകര നിയോജകമണ്ഡലത്തിൽ വരുന്ന ഈ പഞ്ചായത്ത് കൊടകര ബ്ലോക്കിൻെറ പരിധിയിലാണ് വരുന്നത്.

കിഴക്ക് പശ്ചിമഘട്ടമലനിരകളും പടിഞ്ഞാറ് അളഗപ്പനഗർ, പുതുക്കാട് എന്നീ പഞ്ചായത്തുകളും തെക്ക് മറ്റത്തൂർ പഞ്ചായത്തും വടക്ക് അളഗപ്പനഗർ, പുത്തൂർ, തൃക്കൂർ എന്നീ പഞ്ചായത്തുകളുമാണ് ഈ പഞ്ചായത്തിൻെറ നാല് അതിരുകൾ.

1976-ൽ കേന്ദ്രമന്ത്രിയായിരുന്ന ജഗജ്ജീവൻറാം തറക്കല്ലിട്ട് 1996 മാർച്ച് 5 ന് അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന എ.കെ. ആൻറണി രാഷ്ട്രത്തിനായി സമർപ്പിച്ച ചിമ്മിണി ജലസേചനപദ്ധതി ഇന്ത്യൻ ഭൂപടത്തിലെ ടൂറിസം മാപ്പിൽ സ്ഥാനം പിടിച്ച ഒന്നാണ്. മലനിരകളാലും താഴ്വരകളാലും പ്രകൃതിരമണീയമായ ഈ കേന്ദ്രം വിനോദസഞ്ചാരികളുടെ പറുദീസയാണ്. രാഷ്ട്രചരിത്രരേഖകളിൽ സ്ഥാനം പിടിച്ച ഈ അണക്കെട്ടിനോട് ചേർന്ന വനപ്രദേശം ഒരു വന്യമൃഗസംരക്ഷണകേന്ദ്രം കൂടിയാണ്. കേരളത്തിലെന്നല്ല ഇന്ത്യയിലെ വനാന്തരങ്ങളിൽ നിന്നുപോലും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പല അപൂർവ്വവന്യജീവികളാലും പക്ഷിജാലങ്ങളാലും സമ്പുഷ്ടമാണ് ഈ വനപ്രദേശം. പ്രകൃതിയുടെ ഈ അപൂർവ്വവരദാനം ഉൾക്കൊള്ളുന്ന ചിമ്മിനിഡാം വരന്തരപ്പിള്ളി പഞ്ചായത്തിലാണ് എന്നത് പഞ്ചായത്തിന് അഭിമാനാർഹമാണ്.

കിഴക്ക് പശ്ചിമഘട്ട മലനിരകളിൽനിന്നും ഉത്ഭവിച്ച് ചിമ്മിനിഡാമിനെ സമ്പുഷ്ടമാക്കി ഒഴുകിയെത്തുന്ന കുറുമാലിപ്പുഴ, കാരിക്കുളം ദേശത്ത് രണ്ടാറ്റുമുഖത്തെത്തുമ്പോൾ മുപ്ലിപുഴയും സംഗമിച്ച് കാർഷികമേഖലയെ സമ്പന്നമാക്കി പഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടി ജീവനാഡിയായി ഒഴുകുന്നു.

ഭൂപ്രകൃതിയനുസരിച്ച് വരന്തരപ്പിള്ളി പഞ്ചായത്തിനെ ഏഴ് മേഖലകളായി തരംതിരിക്കാം.

1 ഉയർന്ന മലനിരകൾ

2 കുത്തനെയുള്ള ചെരിവ്

3 ഇടത്തരം ചെരിവ്

4 സമതലം

5 താഴ്‌വര

6 പുഴ

7 ചെറുതോട്

ഉയർന്ന മലനിരകളിൽ പ്രധാനമായും തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന മുത്തുമലയും, തെക്ക് മാട്ടുമലയും കിഴക്ക് മുനിയാട്ടുകുന്നും വടക്കുപടിഞ്ഞാറായി കോരനോടിമലയും കിഴക്കായി പാലപ്പിള്ളി മലയുമാണ്.

പഞ്ചായത്തിലെ ഏകപുഴ പശ്ചിമഘട്ടമലനിരകളിൽനിന്ന് ഉത്ഭവിക്കുന്ന കുറുമാലിപ്പുഴയാണ്. ഈ പുഴയിൽ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽനിന്നും ഉത്ഭവിച്ചെത്തുന്ന ചെറുതോടുകളായ വലിയതോട്, പിള്ളതോട്, കാനത്തോട്, കരയാംപാടംതോട്, കുട്ടേലിപ്പാലം തോട്, കുരിയാടിതോട് എന്നിവയും കൂടിച്ചേർന്ന് കുറുമാലിപ്പുഴയെ കൂടുതൽ ധന്യമാക്കുന്നു.

പതിനായിരത്തിമുന്നൂറ് ഹെക്ടറാണ് ഈ പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം. ഇതിൽ 7861.23 ഹെക്ടർ ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡ് കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡ്- ഉം ഉൾക്കൊള്ളുന്ന റബ്ബർ എസ്റ്റേറ്റ് മേഖലയാണ്.

### ഭൂപ്രകൃതിയിലെ സമീപകാലമാറ്റങ്ങൾ

1 ചിമ്മിനിഡാം നിർമ്മാണത്തോടനുബന്ധിച്ച് വളരെ ഏറെ വനപ്രദേശം ജലനിരപ്പിനടിയിലായി.

2 ഡാമിനോടനുബന്ധിച്ച് ഒരു വയർലസ് സ്റ്റേഷനും, ഐ.ബി.യും നിലവിൽ വന്നു.

3 ഈ ഡാമിന് കുറുമാലിപ്പുഴ ഒഴിച്ച് കനാലുകളില്ലാത്തതിനാൽ വെള്ളം തുറന്ന് വിടുമ്പോഴുണ്ടാകുന്ന കുത്തൊഴുക്കുമൂലം പാർശ്വങ്ങളിലുള്ള ഭൂപ്രദേശങ്ങൾ ഇടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്നു.

4 ജലസമൃദ്ധമായ ഈ ഡാം കമ്മീഷൻ കഴിഞ്ഞെങ്കിലും ഈ ജലസമ്പത്ത് പല നിയമനൂലാമാലകൾകൊണ്ടും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടവിധം ഉപയോഗിക്കാൻ കഴിയുന്നില്ല.

5 പ്രധാന ഫോറസ്റ്റുകളിലൊന്നായ പുലിക്കണ്ണി-വേലുപ്പാടം വനമേഖല മുറിച്ച് മാറ്റി പകരം വിവിധതരം മുള്ളുകളും ഔഷധചെടികളും കശുമാവുകളും വച്ചുപിടിപ്പിക്കുകയും പുതുതായി ഒരു ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും ചെയ്തു.

6 കുറുമാലിപ്പുഴയിലെ ഉയർന്ന പ്രദേശത്തുണ്ടായിരുന്ന പല വലിയ കയങ്ങളും മണ്ണൊലിപ്പുമൂലം നികക്കുകയും എന്നാൽ താഴ്ന്ന പ്രദേശങ്ങളിൽ മണൽവാരൽമൂലം പുതിയ കയങ്ങൾ രൂപപ്പെടുകയും ചെയ്തു.

7 വിഭവസമൃദ്ധമായ നെൽപ്പാടങ്ങൾ ചെറിയതോതിലാണെങ്കിലും നികത്തുകയും തൽസ്ഥാനത്ത് കെട്ടിടങ്ങൾ നിലവിൽ വരികയും ചെയ്തു.

8 പ്രധാനപ്പെട്ട പല വലിയ പാറക്കുന്നുകളും നശിപ്പിച്ച് തൽസ്ഥാനത്ത് കരിങ്കൽ കോറികൾ നിലവിൽവരികയും ചെയ്തു.

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ

### പട്ടിക 1

| വില്ലേജിന്റെ പേര് | പുരയിടം | നിലം | പുറംമ്പോക്ക് | തരിശ് | ആകെ | ഹെക്ടർ. ആർ |
|---|---|---|---|---|---|---|
| വരന്തരപ്പിള്ളി | 592.6663 | 357.6314 | 164.9386 | 219.9329 | 1335 | 1692 |
| നന്തിപുലം | 315.8500 | 114.2263 | 39.6128 | ഇല്ല | 469 | 6891 |
| മുപ്ലിയം | 447.8280 | 141.6377 | 321.3417 | 73.7093 | 984 | 5167 |
| ആകെ | 1356. | 3443 | 613.4954 | 525.8931 | 293.6422 | 2789.3750 |

### പട്ടിക 2

ഉടമസ്ഥരുടെ എണ്ണം - ഹെക്ടർ. ആർ

| വില്ലേജിന്റെ പേര് | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മേൽ |
|---|---|---|---|---|---|---|---|
| വരന്തരപ്പിള്ളി | 918 | 4234 | 3112 | 2016 | 612 | 144 | 28 |
| നന്തിപുലം | 617 | 3417 | 2212 | 4516 | 718 | 216 | 48 |
| മുപ്ലിയം | 412 | 684 | 1314 | 918 | 116 | 67 | 82 |
| ആകെ | 1947 | 8335 | 6638 | 7450 | 1446 | 427 | 152 |

പുറംമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ
ഹെക്ടർ. ആർ.

പട്ടിക 3

| വില്ലേജിൻെറ പേര് | റോഡ് | തോട് k.m. | കുളം | പുഴ | റവന്യൂ | വനം | |
|---|---|---|---|---|---|---|---|
| വരന്തരപ്പിള്ളി | 25.5063 | 13.8666 | 1.9222 | 10.6149 | 71.6298 | 15.1761 | 138.7159 |
| നന്തിപുലം | 9.8675 | 1.8575 | .4249 | 21.4564 | ഇല്ല | ഇല്ല | 33.6063 |
| മുപ്ലിയം | 11.0073 | 3.8445 | .1983 | 23.,6052 | 11.6184 | 27.0491 | 77.3228 |
| ആകെ | 46.3811 | 19.5686 | 2.5454 | 55.6765 | 83.2482 | 42.2252 | 249.6450 |

റബ്ബർ എസ്റ്റേറ്റ് സംബന്ധിച്ച വിവരങ്ങൾ ഹെക്ടറിൽ

പട്ടിക 4

| ഹാരിസൺസ് -മലയാളം ലിമിറ്റഡ് | | | കൊച്ചിൻ - മലബാർ എസ്റ്റേറ്റ് ഇൻഡസ് ട്രീസ് ലിമിറ്റഡ് |
|---|---|---|---|
| മുപ്ലി എസ്റ്റേറ്റ് | കുണ്ടായി എസ്റ്റേറ്റ് | പുതുക്കാട് എസ്റ്റേറ്റ് | ചിമ്മിനി എസ്റ്റേറ്റ് |
| 3330.60 | 1616.20 | 1068.48 | 1845.95 |

# ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം വരന്തരപ്പിള്ളിയിലെ ജനസംഖ്യ 37771 ആയിരുന്നു. ഇതിൽ 18371 പുരുഷന്മാരും 19400 സ്ത്രീകളും ഉണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് 1029 സ്ത്രീകൾ അധികമാണ്. ഇപ്പോഴത്തെ ആകെ വീടുകളുടെ എണ്ണം 10770 ആണ്. ഇതിൽ 120 വീടുകൾ പട്ടിക വർഗ്ഗക്കാരും 548 വീടുകൾ പട്ടികജാതിക്കാരുമാകുന്നു. ആകെ പട്ടികജാതിക്കാരുടെ എണ്ണം 2583 - ഉം അതിൽ പുരുഷന്മാർ 1257 - ഉം സ്ത്രീകൾ 1326 - ഉം ആണ്. ആകെ പട്ടികവർഗ്ഗക്കാരുടെ എണ്ണം 538 ഉം ഇതിൽ 263 ഉം പുരുഷന്മാരും 275 സ്ത്രീകളുമാകുന്നു. മൊത്തം പഞ്ചായത്തിലെ 17 കോളനികളിൽ പട്ടികവർഗ്ഗക്കാർക്കായി 7 ഉം പട്ടിക ജാതിക്കാർക്ക് 10 ഉം കോളനികൾ ഉണ്ട്.

കേരളത്തിൻെറ സാംസ്കാരികതലസ്ഥാനമായ തൃശ്ശൂർ ജില്ലയുടെ കിഴക്കേയറ്റത്തെ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം ഏറെ പ്രശംസനീയമാണ്. മൊത്തം ജനസംഖ്യയുടെ 91% സാക്ഷരരാണ്. സ്കൂൾ കോളേജ് തലങ്ങളിൽ സംസ്ഥാനനിലവാരത്തോട് കിടപിടിക്കാൻ കഴിയുന്ന വിദ്യാഭ്യാസനിലവാരമുള്ള പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്തെന്നപോലെ കലാകായിക സംസ്കാരിക രംഗങ്ങളിലും പ്രശംസനീയമായ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസനിലവാരത്തിൽ ആശാവഹമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ്ഗജനവിഭാഗങ്ങളുടെ കാര്യത്തിൽ വളരെ ശോചനീയമായ അവസ്ഥയാണുള്ളത്. ഇവരുടെ മൊത്തം ജനസംഖ്യയുടെ 97% വരുന്നവരും ഹൈസ്ക്കൂൾ വിദ്യാഭ്യാസനിലവാരത്തിന് താഴെയാണ്. ഈ അവസ്ഥ അടിയന്തിരപ്രാധാന്യത്തോടെ ദൂരീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പൊതുവെ കാണുന്ന മൂല്യശോഷണം ഈ പഞ്ചായത്തിനേയും സാരമായി ബാധിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരിൽ ഏറിയ പങ്കും സ്ത്രീകളാണ്. വിദ്യാഭ്യാസം സിദ്ധിച്ച പുരുഷന്മാരിൽ അധികവും അന്യനാടുകളിൽ തൊഴിൽ തേടിപ്പോകുന്നു. പ്രാദേശികമായി തൊഴിലിനെ ആശ്രയിക്കുന്ന സ്ത്രീവിഭാഗങ്ങൾക്ക് ഇന്നത്തെ ചുറ്റുപാടിൽ പ്രാദേശികമായ തൊഴിൽ മേഖല കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് സ്ത്രീകൾക്കെന്നപ്പോലെ പുരുഷന്മാർക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അവിഭാജ്യഘടകമാണ്.

മലയോരകാർഷികവൃത്തിയിൽ ഉപജീവനം കണ്ടെത്തുന്നവരാണ് ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും. പരമ്പരാഗതവ്യവസായ മേഖലകളിലുള്ള വളർച്ച ആശാവഹമല്ല. റബ്ബർ എസ്റ്റേറ്റ് മേഖലയെ മാറ്റി നിർത്തിയാൽ വ്യാവസായികഗരംഗത്ത് യാതൊരുവിധ പുരോഗതിയും നേടാൻ വരന്തരപ്പിള്ളി പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരമല്ലാതായ ഈ സാഹചര്യത്തിൽ പരമ്പരാഗത-വ്യവസായ മേഖലകൾക്കും മറ്റു ചെറുകിട വ്യവസായ യൂണിറ്റുകളേയും അഭിവൃദ്ധിപ്പെടുത്തേണ്ടത് ഈ പഞ്ചായത്തിൻെറ അഭിവൃദ്ധിക്ക് ആത്യന്താപേക്ഷിതമാണ്.

# ജലപ്രകൃതി

പശ്ചിമഘട്ടമലനിരകളിലെ നിബിഡവനങ്ങളാൽ ചുറ്റപ്പെട്ട പ്രദേശമാണ് വരന്തരപ്പിള്ളി എങ്കിലും ഉയർന്ന മലകളും കുന്നുകളും നിറഞ്ഞ പഞ്ചായത്തിൽ കുടിവെള്ളക്ഷാമ്ണ്. വളരെ രൂക്ഷമാമ്. വനപ്രദേശത്തോടടുത്ത് കിടക്കുന്നുവെങ്കിലും കാലാകാലങ്ങളിൽ ലഭിക്കുന്ന മഴയിൽ വലിയൊരളവ് കുറവ് വന്നിട്ടുണ്ട്.


ഇടവപ്പാതിയോടെ ആരംഭിക്കുന്ന കാലവർഷം ജൂൺ-ജൂലൈ മാസങ്ങളിലാണ് സമൃദ്ധിയായി ലഭിക്കുന്നത്. മുൻകാലങ്ങളിൽ വലിയൊരളവിൽ ലഭിച്ചിരുന്ന തുലാവർഷം ഇപ്പോൾ തുലോം കുറവാണ്. പൊതുവെ കാലവർഷത്തിൽ വന്ന അസന്തുലിതാവസ്ഥ ഇവിടെയും പ്രകടമാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും അധികം ജലദൗർലഭ്യം അനുഭവപ്പെടുന്നത്. മലയോര പ്രദേശമായതിനാൽ പഞ്ചായത്തിലെ ഏകദേശം മുക്കാൽ ഭാഗവും കുടിവെള്ളക്ഷാമം അനുഭവിക്കുന്ന മേഖലകളാണ്. വേലൂപ്പാടം, മുത്തുമല, വടക്കുമുറി, കുട്ടൻചിറ, മാട്ടുമല, പരുന്തുപാറ, ഇഞ്ചക്കുണ്ട്, കടുപ്പക്കുന്ന്, പാലാമ്പ്രക്കുന്ന്, പുളിയാനിക്കുന്ന്, മുനിയാട്ടുകുന്ന്, വെള്ളാരംകുന്ന്, കമരമ്പിള്ളിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളാണിവ.

55.6765 ഹൈക്ടർ. ആർ വരുന്ന കുറുമാലിപ്പുഴയാണ് ഈ പഞ്ചായത്തിലെ ഏക പുഴ. 19.5686 ഹെക്ടർ. ആർ വരുന്ന വിവിധ തോടുകൾ ഈ പുഴയിൽ ലയിക്കുന്നു. ഇതിൽ പാലപ്പിള്ളി പ്രദേശത്തുകൂടി ഒഴുകിയെത്തുന്ന പിള്ളത്തോടാണ് ഏറ്റവും വലുത്. ചിമ്മിന്നിഡാം കമ്മീഷൻ ചെയ്തതിനാൽ കുറുമാലിപ്പുഴയുടെ സമീപപ്രദേശത്തുള്ള കിണറുകളിൽ വെള്ളം വറ്റാതെ നിൽക്കുന്നത് മുമ്പുണ്ടായിരുന്ന ചുരുക്കം പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമത്തിന് ചെറിയ തോതിലെങ്കിലും പരിഹാരമായിട്ടുണ്ട്.

സ്വകാര്യമേഖലയിലെ ജലസ്രോതസ്സുകളുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പൊതു ജലസ്രോതസ്സുകളുടെ വിവരത്തിനായി പട്ടിക ഒന്ന് നോക്കുക.

**പൊതു ജലവിഭവങ്ങൾ വാർഡു തിരിച്ചുള്ള പട്ടിക 1**

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പൊതു ടാപ്പുകൾ | - | - | 10 | 12 | 15 | 33 | 10 | 12 | - | - | - | 40 | 20 | 19 | |
| പൊതു കുഴൽകിണർ | | 4 | 5 | 1 | 1 | 1 | 1 | - | - | - | - | - | 3 | 1 | 2 |
| പൊതു കിണർ | 1 | 5 | 7 | 3 | 4 | 4 | 2 | 5 | 3 | 2 | 1 | - | 3 | 7 | |
| പൊതു കുളങ്ങൾ സെൻറിൽ | 2 | 7 | 12 | 6 | 3 | 4 | 3 | 5 | 2 | 1 | - | - | 4 | 9 | |



"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

— ഗാന്ധിജി

# സാമൂഹ്യ - സാമ്പത്തിക മേഖലകൾ

## കൃഷി, ജലസേചനം

### കൃഷി

നാല്പതിറ്റാണ്ടുകൾക്ക് മുമ്പ് കാർഷികമേഖലയെ അടക്കി വാണിരുന്നത് ഭൂപ്രമാണിത്തമായിരുന്നല്ലോ! അന്നാളുകളിൽ 90% പേർക്കും കൃഷിഭൂമി സ്വന്തമായി ഉണ്ടായിരുന്നില്ല. ഭൂമിയെല്ലാം നാട്ടുപ്രമാണിമാരുടെയും ദേവസ്വങ്ങളുടെയും അധീനതയിലായിരുന്നു.

ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതിലൂടെ കുടിയാന്മാർക്കും, കുടികിടപ്പുകാർക്കും കൃഷിഭൂമി സ്വന്തമായി ലഭിച്ചു. ജന്മിക്കു നല്കിയിരുന്ന പാട്ടം കൃഷിക്കാരനു സ്വന്തമായി കിടക്കാൻ ഇടമില്ലാതിരുന്ന കർഷക തൊഴിലാളികളുടെ ജീവിതത്തിൽ ഒരു പുതിയ വസന്തമുണർന്നു. ഈ വസന്തത്തിന്റെ ഇടിമുഴക്കം ഉല്പാദന മേഖലയിലും പ്രതിഫലിച്ചു. ആരോഗ്യ വിദ്യാഭ്യാസമേഖലകളിലും ജീവിതഗുണമേന്മയിലും പ്രകടമായ വ്യത്യാസങ്ങൾ ഉണ്ടായി. നാളതുവരെ ചരിത്രത്തിൽ ഒന്നുമല്ലാതിരുന്നവർ ചരിത്രം രചിക്കാൻ തുടങ്ങി.

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തെ പശ്ചിമഘട്ട മലനിരകളിലെ ഈറ്റകൂമ്പൻ, വിറകുതോട് എന്നീ മലകളെ പരസ്പരം ബന്ധിപ്പിച്ചാണ് ചിമ്മിനി ഡാം രൂപപ്പെടുത്തിയത്. ജില്ലയുടെ ഏറെക്കുറെ മദ്ധ്യഭാഗത്തുള്ള കോൾ കൃഷി പ്രദേശത്തേക്ക് വെള്ളംകൊണ്ടു പോകുന്നതിനുള്ള പ്രകൃതിദത്തമായ മാർഗ്ഗമാണ് കുറുമാലിപുഴ. ഈ പുഴ, ഡാം കമ്മിഷൻ കഴിഞ്ഞതിനുശേഷം ജലസമൃദ്ധമാണ്. ഈ ജലസമൃദ്ധിയാണ് പഞ്ചായത്തിലെ കാർഷിക വികസനത്തെകുറിച്ച് ചിന്തിക്കുന്നവരുടെ പ്രതീക്ഷാമാർഗ്ഗം. പഞ്ചായത്തിന്റെ കുന്നിൻ പ്രദേശങ്ങളിലേക്ക് സമയാസമയങ്ങളിൽ സ്വതന്ത്രമായി വെള്ളം പമ്പ് ചെയ്യാൻ കഴിയുന്നതിനെ ആശ്രയിച്ചാണ് കാർഷിക വികസനം സാദ്ധ്യമായി തീരുക.

ആദ്യകാലങ്ങളിൽ കൃഷിനിലങ്ങളുടെ വ്യാപ്തി വളരെ വലുതായിരുന്നു. പാരമ്പര്യകൃഷിരീതികളെയാണ് ആദ്യം കർഷകർ ആശ്രയിച്ചിരുന്നത്. കൂട്ടായ്മയോടുകൂടിയ പ്രവർത്തനം, കർഷകർ തമ്മിലുള്ള സഹകരണം എന്നിവ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന കൃഷി രീതികളിൽ പ്രാധാന്യമുള്ളതായിരുന്നു. കാലാകാലങ്ങളിൽ ജൈവവളങ്ങൾ

ചേർത്തും കീടങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും കൃഷിയെ രക്ഷിക്കുന്നതിന് 'നാട്ടറിവ്' പ്രയോഗിച്ചും കൃഷിക്കാർ ജീവിതം പുലർത്തിപോന്നിരുന്നു. പരമ്പരാഗത കൃഷി രീതികൊണ്ട് ഭക്ഷ്യധാന്യ ആവശ്യം നിറവേറ്റാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് ഊർജ്ജിത കാർഷിക വികസന പദ്ധതികൾ നടപ്പാക്കാൻ തുടങ്ങിയത്.

ഈ പദ്ധതികൾ മൂലം ഭക്ഷ്യഉല്പാദനരംഗത്ത് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കി എന്നത് അംഗീകരിക്കേണ്ട വസ്തുതയാണ്. ആദ്യകാലത്ത് കൃഷിക്കാർ രാസവളങ്ങളും, കീടനാശിനികളും ഉപയോഗിക്കുന്നതിന് വിമുഖത കാണിച്ചിരുന്നു. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും, രാസവളങ്ങളും ഉപയോഗിച്ചപ്പോൾ ഉല്പാദനത്തിലുണ്ടായ വർദ്ധനവ് കൃഷിക്കാർക്ക് ഉത്തേജനം നൽകുകയുണ്ടായി. ഇത് അമിതമായ രാസവളപ്രയോഗത്തിന് കാരണമാക്കി. ഉല്പാദന വർദ്ധനവ് ഉണ്ടായതോടൊപ്പം പുതിയ ശത്രുകീടങ്ങളുടെ ആഗമനവും കൃഷിക്ക് ഭീഷിണിയായി. ഇത് പരിഹരിക്കുന്നതിന് കീടനാശിനികൾ ഉപയോഗിക്കാൻ കർഷകർ നിർബന്ധിതരായി. കീടനാശിനികളുടെ അമിത ഉപയോഗം ശത്രുകീടങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിച്ചതോടൊപ്പം മിത്രകീടങ്ങളുടെ വംശനാശത്തിനും തന്മൂലം പരിഃസ്ഥിതിപ്രശ്നങ്ങൾക്കും ഇടയാക്കി. രാസവളത്തിൻെറ അമിത ഉപയോഗം മണ്ണിൻെറ അമ്ലത വർദ്ധിപ്പിക്കുകയും സ്വാഭാവികമായ ഘടനക്ക് വ്യതിയാനമുണ്ടാക്കുകയും ചെയ്തു. ഇത് കൃഷിക്കാരന് ഗുണത്തേക്കാളേറെ ദോഷമാണ് ഉണ്ടാക്കിയത്.

ക്രഷിഭൂമി ചെറുതുണ്ടുകളായി മാറിയതുമൂലം കന്നുകാലികളെ മേക്കുന്നതിന് ഉപയോഗിച്ചുരുന്ന ഭൂവിസ്തൃതി കുറയുകയും തന്മൂലം അനുബന്ധകൃഷിയായ മൃഗസംരക്ഷണം ചിലവേറിയതുമായി. ഇത് കൃഷിക്ക് അത്യാവശ്യമായ ജൈവളത്തിൻെറ വിലയേയും ലഭ്യതയേയും പ്രതികൂലമായി ബാധിച്ചു.

ആധുനിക സാങ്കേതികവിദ്യ ചിലവേറിയതും അപ്രായോഗികവുമായി. അസ്ഥിരമായ വിപണിയും ഈ അനിശ്ചതത്വത്തിന് ആക്കം കൂട്ടുന്നു. അതുകൊണ്ട് ക്രഷിക്കാരൻ അവൻെറയും കൃഷിയിട, പരിസ്ഥിതിയുടെയും രക്ഷക്കായി ജൈവ കീടനാശിനികൾ പ്രയോഗിക്കാൻ തയ്യാറാകേണ്ടതുണ്ട്. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച കുടുംബങ്ങളിൽ നൈരാശ്യത്തിൽ നിന്നുയിർകൊള്ളുന്ന നെടുവീർപ്പുകൾ ഉയരുകയാണ്. ഇവിടെയാണ് ശാസ്ത്രീയകൃഷി രീതികളെ കുറിച്ചുള്ള പ്രസക്തിയേറുന്നത്. അതോടൊപ്പം, അനുഭവസമ്പത്തുള്ള കർഷകരുടെ കൊണ്ടറിവുകളെയും നൂതന കാർഷിക സാങ്കേതിക വിദ്യകളേയും സമന്വയിപ്പിക്കാൻ കഴിയുന്ന സംവിധാനത്തിനേ കാർഷികമേഖലയെ പരിപോഷിപ്പിക്കാൻ കഴിയൂ.

ഈ പഞ്ചായത്തിലെ മൂന്നിലൊരു ഭാഗം കൃഷി ഭൂമിയും മണ്ണൊലിപ്പു ഭീഷിണിയെ അഭിമുഖീകരിക്കുന്നു. ഇതു പരിഹരിക്കുന്നതിന് രാമച്ച കൃഷി, തീറ്റപൂൽകൃഷി എന്നിവ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനും പുറമെ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു

കുറുകെ കിടങ്ങുകൾ എടുത്ത് അവയുടെ വശങ്ങളിൽ രാമച്ചം, പൈനാപ്പിൾ എന്നീ നാരു പടലങ്ങൾ കൂടുതലുള്ള ചെടികൾ നട്ടുപിടിപ്പിച്ചും മണ്ണൊലിപ്പ് ഒരു പരിധി വരെ തടയാവുന്നതാണ്. ഇതുമൂലം കാർഷിക അനുബന്ധ തൊഴിലായ മൃഗസംരക്ഷണത്തിനും, അതുവഴി ജൈവവള ഉല്പാദനത്തിനും സാദ്ധ്യത കൂടും.

നമ്മുടെ പഞ്ചായത്തിൻെറ വിസ്തീർണ്ണം 103 ചതുരശ്ര കിലോ മീറ്ററാണ്. ഈ ഭൂവിഭാഗത്തെ ആറ് മേഖലകളായി തിരിക്കാം.

1 മലനിരകൾ

2 കുത്തനെയുള്ള ചരിവുകൾ

3 ഇടത്തരം ചരിവ്

4 സമതലം

5 പുഴകൾ

6 ചെറുതോടുകൾ

ഇവയുടെ വിസ്തീർണ്ണം പട്ടിക 1-ൽ കാണുക

പട്ടിക 1

| | തരം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1 | ഉയർന്ന മലനിരകൾ | 293.0642 |
| 2 | കുത്തനെയുള്ള ചരിവ് | 1237.041 |
| 3 | ഇടത്തരം ചരിവ് | 80.0000 |
| 4 | സമതലം | 320.0000 |
| 5 | പുഴകൾ | 55.6765 |
| 6 | ചെറുതോടുകൾ | 19.5686 |

കാർഷികമേഖലയിൽ പുരുഷന്മാരുടെതിനേക്കാൾ കുറഞ്ഞ തൊഴിൽ പങ്കാളിത്തമാണ് സ്ത്രീകളുടെ. സ്ത്രീകൾ ചെയ്യുന്ന പല ഉല്പാദനപരമായ ജോലികളും കാനേഷുമാരി കണക്കെടുപ്പുകളിൽ പരിഗണിക്കപ്പെടുന്നില്ല. പ്രത്യേകമായ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണെന്നത് ഗൗരവമായ പ്രശ്നമാണ്. കാർഷിക മേഖലക്കാണ് നമ്മുടെ പഞ്ചായത്തിൽ പ്രാമുഖ്യം. കാർഷിക വ്യാവസായിക മേഖലയിൽ 1981 സ്ഥിരം തൊഴിലാളികളും ഏകദേശം അത്രതന്നെ താല്കാലികതൊഴിലാളുകളും പണിയെടുക്കുന്നു.

നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഓരോ കർഷകനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത നെൽകൃഷി വികസന പരിപാടിയാണ് ആസൂത്രണം ചെയ്യേണ്ടത്. ഓരോ വിളകൾ ഇറക്കുമ്പോഴും എത്രകണ്ട് ഉല്പാദനം വർദ്ധിപ്പിക്കാം എന്ന് നിർണ്ണയിച്ച് കൂടുതൽ ഉല്പാദനം തരുന്ന വിത്തിനങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്.

### തെങ്ങ്കൃഷി

സംസ്ഥാനത്താകമാനം തെങ്ങുകൃഷിക്ക് ഭീഷിണിയായി തീർന്നിരിക്കുന്ന 'കാറ്റുവീഴ്ച' രോഗം ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വ്യാപിച്ചിട്ടുണ്ട്. 3365 തെങ്ങുകൾക്ക് ഈ രോഗം ബാധിച്ചിട്ടുണ്ടെന്ന് അന്വേഷണത്തിൽ നിന്നും ഔദ്യോഗികമായി അറിയാൻ കഴിഞ്ഞത്. തെങ്ങിനെ ബാധിക്കുന്ന കൊമ്പൻചെല്ലി മുതലായ കീടങ്ങളെ നശിപ്പിക്കുന്നതിന് തെങ്ങിൻെറ മണ്ട വൃത്തിയാക്കേണ്ടത് ആവശ്യമാണെങ്കിലും തൊഴിലാളികളുടെ ലഭ്യതകുറവ് പ്രശ്നമായിതീരുന്നുണ്ട്. തെങ്ങിന് കണ്ടുവരുന്ന മറ്റൊരു രോഗമാണ് ചെന്നീരൊലിപ്പ്. ഈ രോഗം തടയുന്നതിന് ശാസ്ത്രീയമായ നിർദ്ദേശങ്ങൾ കൃഷിക്കാർക്ക് ലഭിക്കേണ്ടിയിരിക്കുന്നു. രോഗബാധിതവൃക്ഷങ്ങൾ വെട്ടി മാറ്റുകയെന്നത് ഏറ്റവും അടിയന്തിരമായി നടപ്പിലാക്കേണ്ടത്. ഇതിന് ഒരു സന്നദ്ധസേനയെ രൂപീകരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. കിണറുകൾ കുഴിക്കാനും, പ്രകൃത്യാലുള്ള ജലശ്രോതസുകളിൽ നിന്നും വെള്ളം ആവശ്യാനുസരണം ലഭിക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാകണം. ഇതിന് ആവശ്യമായ നിയമനിർമ്മാണങ്ങളും മാറ്റാനുകൂല്യങ്ങളും ഉണ്ടാകേണ്ടതുണ്ട്.

### റബ്ബർകൃഷി

രണ്ട് വൻകിട സ്വകാര്യ കമ്പനികളുടെ കീഴിലായി നാല് എസ്റ്റേറ്റുകളാണ് പഞ്ചായത്തിൽ കാർഷികവ്യവസായങ്ങളായി ഉള്ളത്. റബ്ബർകൃഷിക്ക് വളരെ അനുകൂലമായി സാഹചര്യങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് മറ്റു കൃഷികളുടെ വിസ്തൃതി

കുറഞ്ഞുവരുന്ന സാഹചര്യത്തിൽ റബ്ബർ കൃഷിമാത്രം അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചെറുകിട-ഇടത്തരം കർഷകരും ഈ രംഗത്തേക്ക് കൂടുതലായി കടന്നു വരുന്നുണ്ട്. ഉല്പാദനത്തിന്റെ ഉയർന്ന വിലയും വിപണന സൗകര്യവും ഇതിന് മുഖ്യകാരണങ്ങളാണ്. ഈ കൃഷിയുടെ ക്ഷേമത്തിനായി രണ്ട് റബ്ബറുല്പാദകസംഘങ്ങളും ഒരു മാർക്കറ്റിങ്ങ് സഹകരണസംഘവും പ്രവർത്തിക്കുന്നു.

### വാഴകൃഷി

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും പലതരം വാഴകൃഷിക്ക് അനുയോജ്യമാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത് മുഖ്യമായും നേന്ത്രവാഴയാണ്. ഈ കൃഷിക്ക് കണ്ടു വരുന്ന പ്രധാന രോഗങ്ങൾ കോക്കാൻ കേടും, കൂമ്പടപ്പു രോഗവുമാണ്. നേന്ത്രക്കായ് ഉപയോഗിച്ച് നിർമ്മിക്കാവുന്ന വിവിധതരം ഉല്പന്നങ്ങളുടെ വ്യവസായത്തിന് വൻ സാധ്യതകളുണ്ട്.

വാഴക്കുല പകുതി മൂപ്പെത്തുന്നതോടുകൂടി കച്ചവടക്കാർ തോട്ടങ്ങൾ കരാറാക്കി കഴിഞ്ഞിരിക്കും. ഇതുകൊണ്ടുതന്നെ വില കൂടുന്നതുകൊണ്ടുള്ള സാമ്പത്തിക നേട്ടങ്ങൾ കർഷകനു ലഭിക്കുന്നില്ല. സാമ്പത്തിക പരാധീനതകളും, വിപണനത്തിന്റെ ബുദ്ധിമുട്ടുകളും കണക്കിലെടുത്താണ് കർഷകർ ഇങ്ങനെ ചെയ്യാൻ നിർബന്ധിതരാകുന്നത്.

പഞ്ചായത്തു തലത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനം സഹകരണ സംഘങ്ങൾ മുന്നോട്ടു വന്നാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകനെ രക്ഷിക്കാനാകും.

### കുരുമുളകു കൃഷി

മലയോരങ്ങളിലെ ചില പ്രദേശങ്ങളിൽ കുരുമുളക് വ്യാപകമായി കൃഷി ചെയ്തു വന്നിരുന്നതാണ്. ഈ കൃഷിക്ക് വ്യാപകമായ സാധ്യതകൾ ഉണ്ടെങ്കിലും 'ദ്രുതവാട്ട' രോഗം കർഷകന് ഭീഷിണി ഉയർത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ കർഷകരുടെ കൂട്ടായ പരിശ്രമമുണ്ടായാൽ ഈ കൃഷി ഏറെ പരിപോഷിപ്പാക്കാവുന്നതാണ്. ഈ കൃഷി, റബ്ബർ കൃഷിയുടെ കടന്നു കയറ്റത്തോടെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

### കവുങ്ങ്

മുൻകാലങ്ങളിൽ പഞ്ചായത്തിലെ തേമാലിപ്പാടങ്ങളിൽ കവുങ്ങുകൃഷി സർവ്വസാധാരണമായിരുന്നു. ഏകദേശം പത്തോളം അടയ്ക്കാ സംസ്കരണകേന്ദ്രങ്ങളും

പഞ്ചായത്തിലുണ്ടായിരുന്നു. വ്യാപകമായി മഹാളി രോഗം പടർന്നു പിടിച്ചതും അടയ്ക്കായുടെ വിലക്കുറവും നിമിത്തം കഴിഞ്ഞ കാലങ്ങളിൽ, അടയ്ക്കാ മരങ്ങൾ നശിപ്പിക്കുന്നതിന് ഈ അടയ്ക്കാസംസ്കരണകേന്ദ്രങ്ങളുടെ അടച്ചുപൂട്ടലിനു കാരണമായി. അടുത്ത കാലത്തായി അടയ്ക്കാ വിപണി സജീവമാകുകയും കർഷകന് ഉയർന്ന വില ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ കൂടുതലായി ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ട്.

### കശുമാവ്

വളരെ വ്യാകപമായി കൃഷി ചെയ്തിരുന്ന ഒരു നാണ്യവിളയാണ് കശുമാവ്. സാമ്പത്തികമായി കൂടുതൽ ലാഭമുണ്ടാകുന്ന റബ്ബർ മുതലായ കൃഷിയുടെ ആവിർഭാവത്തോടുകൂടി കർഷകർ കശുമാവ് വെട്ടി ഈ സ്ഥലങ്ങളിൽ റബ്ബർ കൃഷിതുടങ്ങി. ഇന്ന് കശുമാവ് കൃഷി നാമമാത്രമാണ്.

### ജാതി

സമ്മിശ്രകൃഷിയുടെ ഭാഗമായി തെങ്ങ്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ജാതികൃഷി ചെയ്തു വരുന്നു. ആൺ, പെൺ വർഗ്ഗത്തിനെ തിരിച്ചറിയാൻ സംവിധാനമില്ലാത്തതിനാലും കുറഞ്ഞ വിലക്ക് ബഡ്ചെയ്ത തൈകൾ ആവശ്യമായി സമയത്ത് ലഭ്യമല്ലാത്തതിനാലും വിളവെടുപ്പിന് ദീർഘകാലം കാത്തിരുന്ന് നിരാശപ്പെടേണ്ടിവരുന്നതുകൊണ്ടും, വിപണിയിലെ അസ്ഥിരതയും, ഈ കൃഷിയുടെ വളർച്ചക്ക് പ്രതികൂല ഘടകമാകുന്നു.

### കൂൺകൃഷി

പോഷക സമൃദ്ധമായ ഈ ഉല്പന്നം കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും സാങ്കേതികോപദേശത്തിന്റേയും പ്രോത്സാഹനത്തിന്റെയും കുറവ് നിമിത്തം ഈ കൃഷി പരിപോഷിപ്പിക്കപെടുന്നില്ല. കുറഞ്ഞ മുതൽ മുടക്കും, അദ്ധ്വാനവും ഉപയോഗിച്ച് സ്ത്രീകളുടെ ഒഴിവുസമയം വിനിയോഗിക്കുകയാണെങ്കിൽ കുടുബാഹാരത്തിന്റെ പോഷകമൂല്യം വർദ്ധിപ്പിക്കാനും, സാമ്പത്തിക നേട്ടം കൈവരിക്കാനും ഉതകുന്നതാണ്.

പച്ചക്കറി

പച്ചക്കറി കൃഷിക്ക് വളരെയധികം സാധ്യതകൾ ഉള്ള പ്രദേശമാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന പച്ചക്കറികൾ പാവൽ (കയ്പക്ക), പയർ, കുമ്പളം, വെള്ളരി, മത്തൻ, പടവലം, ചീര, ചേന, ഇഞ്ചി, കൂർക്ക എന്നിവയാണ്. മുണ്ടകൻ കൃഷിക്കു ശേഷം പാടശേഖരങ്ങളിലാണ് ഈ കൃഷി മുഖ്യമായും നടത്തുന്നത്. ഇത് കർഷകന് കൃഷിയിൽ നിന്നുള്ള ആദായ വർദ്ധനവിന് സഹായകമാണ്.

ഇന്ന് അന്തർവ്യാപനശേഷിയുള്ള കീടനാശിനികളാണ് കർഷകർ കൂടുതലും ഉപയോഗിക്കുന്നത്. പെട്ടെന്ന് കീടനിയന്ത്രണം സാധ്യമാകുന്നതിനു വേണ്ടിയാണ് ഇത്തരം കീടനാശിനികൾ ഉപയോഗിക്കുന്നത്. ഇതുമൂലം കായ്ഫലങ്ങളിൽ വിഷാംശം കൂടുതലായി അടങ്ങിയിരിക്കാൻ സാധ്യതകൾ ഉണ്ട്. ഇത് പരിഹരിക്കുന്നതിന് അപകട സാധ്യത തീരെയില്ലാത്ത ജൈവ കീടനാശിനി ഉണ്ടാക്കുന്നതിനും, ഉപയോഗിക്കുന്നതിനും കർഷകർക്കിടയിൽ സമഗ്രമായി ബോധവൽക്കരണം ആവശ്യമാണ്. ഇവിടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ ഭൂരിഭാഗവും തൃശ്ശൂർ മാർക്കറ്റിനെയാണ് വിപണനത്തിനുവേണ്ടി ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിലെ പച്ചക്കറി ചില്ലറ വിൽപ്പനക്കാർ തൃശ്ശൂർ മാർക്കറ്റിൽ നിന്നാണ് വാങ്ങുന്നതും ഇവിടെ വിപണനം നടത്തുന്നതും. കർഷകൻ ഉൽപ്പന്നങ്ങൾ മാർക്കറ്റിലേക്ക് കൊണ്ടുപോകുന്നതിനുള്ള ചിലവും കച്ചവടക്കാർ മാർക്കറ്റിൽ നിന്നും കൊണ്ടുവരുന്നതിനുള്ള ചിലവും കൂടിയാകുമ്പോൾ ഉൽപ്പന്ന വിലയും കൃഷിക്കാരന് യഥാർത്ഥത്തിൽ ലഭിക്കുന്ന വിലയും തമ്മിൽ വലിയ അന്തരമുണ്ടാകുന്നു. ഈ അന്തരം കുറക്കുന്നതിനു കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ഉള്ള സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.

കപ്പ

ഒരു കാലത്ത് കപ്പ നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്തിരുന്നു. കപ്പ ജനങ്ങളുടെ ഉപമുഖ്യ ആഹാരമായിരുന്നു. ഇപ്പോഴും ഈ നില തുടരുന്നുണ്ടെങ്കിലും, ഇക്കാര്യത്തിൽ സ്വയം പര്യാപ്തത നഷ്ടപ്പെട്ടതിനാൽ സമീപപഞ്ചായത്തുകളിൽ നിന്ന് നമുക്കാവശ്യമുള്ള കപ്പ ലഭിക്കുന്നത്.

വ്യാപകമായി എലി ശല്യവും മറ്റു നാണ്യവിളകളുടെ വ്യാപനവും ഈ കൃഷിയിൽ നിന്നും കർഷകർ പിൻതിരിയാൻ കാരണമായി. നമ്മുടെ ഭക്ഷ്യ വിളകളിൽ ഗണ്യമായ പങ്കും തിന്നു നശിപ്പിക്കുന്ന എലി വർഗ്ഗങ്ങളെ ഉന്മൂലനനാശം ചെയ്യുന്നതിനു് പഞ്ചായത്തുതലത്തിൽ ഊർജ്ജിത നടപടികൾ സ്വീകരികേണ്ടതാണ്. പഞ്ചായത്തിലെ

തരിശു സ്ഥലങ്ങളിൽ കപ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാക്കേണ്ടതാണ്. കപ്പകൃഷിയിൽ ഇടവിളയായി നിലക്കടലകൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ കർഷകൻ അധികവരുമാനവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കഴിയുന്നതാണ്.

**ഇഞ്ചി, മഞ്ഞൾ, പച്ചമുളക്**

ഇഞ്ചിയും, മഞ്ഞളും, പച്ചമുളകും ഓരോ കുടുംബത്തിനും അവശ്യം ആവശ്യമാണ്. ഇത് നമ്മുടെ പഞ്ചായത്തിലെ മലയോരപ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നുണ്ട്. എന്നിരുന്നാലും ഗാർഹികാവശ്യത്തിന് ഭൂരിഭാഗം കുടുംബങ്ങളും വിപണിയെ ആശ്രയിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ അവസ്ഥക്ക് പരിഹാരം കാണുന്നതിനു വേണ്ടി എല്ലാ വീടുകളുടേയും അടുക്കളത്തോട്ടങ്ങളോടനുബന്ധിച്ച് ഇഞ്ചി, മഞ്ഞൾ, പച്ചമുളക് എന്നിവ കൃഷി ചെയ്യുന്നതിന് കൃഷിഭവന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം. മെയ്, ജൂൺ മാസങ്ങളിൽ ആണ് സാധാരണയായി ഇവ കൃഷി ചെയ്യുന്നത്. ഈ സമയത്ത് നല്ലയിനം വിത്തിനങ്ങൾ ലഭിക്കുന്നതിനുവേണ്ട നടപടികളും ഉണ്ടാകേണ്ടതാണ്.

**അലങ്കാര പുഷ്പങ്ങൾ**

ഈ പഞ്ചായത്തിൽ പുഷ്പകൃഷിയുടെ സാധ്യതകൾ ഉണ്ടെങ്കിലും പ്രോത്സാഹനവും, സാങ്കേതികോപദേശത്തിന്റെ അപര്യാപ്തതയും മൂലം മേൽപ്പറഞ്ഞ സാധ്യതയെ ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. വനിതകളുടെ തൊഴിൽസാധ്യതയും, കുടംബത്തിന്റെ വരുമാനവും വർദ്ധിപ്പിക്കുവാൻ ഈ കൃഷിയിലൂടെ സാധിക്കും. ഇക്കാര്യത്തിൽ ദൈനംദിനാവശ്യങ്ങൾക്ക് നമ്മുടെ സംസ്ഥാനം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണിന്ന്. ആദായകരവും നിഷ്പ്രയാസം ചെയ്യാവുന്നതുമായ കുറ്റിമല്ല, ജമന്തി, പിച്ചകം, റോസ്, താമര മുതലായവ കൃഷി ചെയ്യുന്നതിന് ശാസ്ത്രീയോപദേശവും സാമ്പത്തിക സഹായവും ലഭിക്കേണ്ടതുണ്ട്. കയറ്റുമതി സാധ്യതയുള്ള ഓർക്കിഡ്, ആന്തുറിയം എന്നിവയുടെ കൃഷിക്ക് പ്രത്യേകം പരിഗണന നൽകി കർഷകർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.



592

## പ്രശ്നങ്ങൾ

### നെല്ല്

1 ജലസേചന സൗകര്യത്തിൻെറ അപര്യാപ്തത

2 അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ആവശ്യത്തിന് സമയത്ത് ലഭിക്കുന്നില്ല.

3. ഗ്രൂപ്പ് ഫാമിങ്ങ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല

4 വളം, കീടനാശിനി എന്നിവയുടെ വില വർദ്ധനവും ആവശ്യമായ സമയത്ത് ലഭിക്കാതിരിക്കലും

5 വളം, കീടനാശിനി എന്നിവയുടെ അശാസ്ത്രീയമായ ഉപയോഗം

6 കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ്

7 ആവശ്യമായ സമയത്ത് സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നില്ല.

8 മണ്ണ് പരിശോധന നടത്താറില്ല

9 കാർഷിക യന്ത്രങ്ങളുടെ പ്രയോജനം ആവശ്യമായ സമയത്ത് ലഭിക്കാറില്ല.

10 വിപണിയിലെ അസ്ഥിരത

11 പുതിയ ശത്രു കീടങ്ങളുടെ ആഗമനം

12 മണ്ണിലെ അമ്ലത

13 കാലവർഷക്കെടുതികൾ മൂലമുള്ള നഷ്ടങ്ങൾ

14 വനനശീകരണം



593

തെങ്ങ്

1 കാറ്റുവീഴ്ച രോഗത്തിൻെറ വ്യാപനം

2 ചെന്നീരൊലിപ്പ്, കൂമ്പുചീയൽ രോഗങ്ങൾ

3 ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്

4 യഥാസമയത്ത് നടീൽ വസ്തുക്കൾ കൃഷിഭവനിൽ നിന്നും ലഭിക്കുന്നില്ല

5 വിപണിയിലെ അസ്ഥിരത

6 തെങ്ങുകയറ്റ തൊഴിലാളികളെ ലഭിക്കുന്നില്ല

7 കീടനിയന്ത്രണത്തിൽ ആവശ്യമായ ഉപദേശം ലഭിക്കുന്നില്ല

കവുങ്ങ്

1 മഹാളിരോഗം, കൂമ്പുചീയൽ

2 വില നിശ്ചയിക്കാനുള്ള സംവിധാനം കർഷകർക്കില്ല

3 തൊഴിലാളികളുടെ ലഭ്യതക്കുറവ്

കൂടാതെ കുറുമാലിപ്പുഴയിൽനിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പു ചെയ്യുന്നതിന് കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

**സാധ്യതകൾ, നിർദ്ദേശങ്ങൾ**

1 കാർഷികതൊഴിലിനോടുള്ള അഭിരുചി വളർത്തി ഈ രംഗത്തേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ കഴിയണം.

2 ധനകാര്യ സ്ഥാപനങ്ങൾ കൃഷിക്ക് ആവശ്യമായ കാർഷിക വായ്പകൾ സമയാസമയത്ത് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഓരോ കൃഷിക്കും ആവശ്യമായ വായ്പാ തുക തീരുമാനിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ധനകാര്യസ്ഥാപനങ്ങളും കൃഷിഭവനും കൃഷിക്കാരുടെ പ്രതിനിധികളും അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കണം.

3 ഉൽപാദന ബോണസ് കൃഷിക്കാരന് നേരിട്ട് നൽകുന്ന സംവിധാനം ഏർപ്പെടുത്തുക.

4 ശാസ്ത്രീയമായ മണ്ണു പരിശോധനക്കുള്ള സംവിധാനം കൃഷിഭവൻ വഴി ഏർപ്പെടുത്തണം

5 കൃഷിഭവനും, ഗ്രൂപ്പ് ഫാമിങ് സമിതികളും കാർഷികവികസന സമിതിയുമായി കൂടിയാലോചിച്ച് ആവശ്യമായ കാർഷിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ഇവ നീതിപൂർവ്വമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

6 കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് ഉതകുന്നതരത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സഹകരണസംഘങ്ങൾ രൂപീകരിക്കണം.

7 വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തി കാലവർക്കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കാവുന്നതാണ്. ജലസേചനത്തിന് പെർമിറ്റ് പ്രകാരം ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

8 രോഗബാധിതമായ മുഴുവൻ തെങ്ങുകളും മുറിച്ചുനീക്കുകയും ആയതിനുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുകയും ചെയ്യുക.

9 ചെന്നീരൊലിപ്പ്, കൂമ്പുചീയൽ മുതലായ രോഗങ്ങൾക്കെതിരെ സമായസമയങ്ങളിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുക.

10 പച്ചില വളച്ചെടികളുടെ വിത്തുകൾ ആവശ്യാനുസരണം ലഭ്യമാക്കുക.

11 മഹാളി രോഗത്തിന് ബോർഡോ മിശ്രിതം തളിച്ച് കവുങ്ങുകളെ രക്ഷിക്കേണ്ടതാണ്.

12 കൃഷിഭവനിൽ നിന്നും ലഭിക്കുന്ന പച്ചക്കറിവിത്തുകൾ, മുളപരിശോധന നടത്തിയതിനു



595

ശേഷം വിതരണം നടത്തേണ്ടതാണ്

13 തെങ്ങു കയറ്റ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് ഈ രംഗത്തെ ലഘുയന്ത്രങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക.

14 മെതിയന്ത്രം സൗജന്യമായ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

15 സർക്കാർ ധന സഹായവും കൃഷിക്കാരുടെ ഉല്പാദനബോണസും ഉപയോഗിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ വാങ്ങിയിട്ടുള്ള കാർഷിക യന്ത്രോപകരണങ്ങൾ ആവശ്യമായ സമയത്ത് കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഇവ മറ്റു പാടശേഖരങ്ങളിൽ ഉയർന്ന നിരക്കിൽ ഉപയോഗിക്കുകയും ചെയ്യുന്നു. നീതികരിക്കാനാവാത്ത വാടകയാണ് ഇത്തരം യന്ത്രങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥിതി മാറ്റുന്നതിന് ഇവയുടെ നിയന്ത്രണം കാർഷികവികസന സമിതിയിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

> *"അത്യുത്സാഹംകൊണ്ടല്ലാതെ*
> *മഹത്തായ ഒന്നും ആരും നേടിയിട്ടില്ല."*
> *- എമേഴ്സൺ*



596

# ജലസേചനം

മഴയെമാത്രം ആശ്രയിച്ചുള്ള ഒരു കാർഷികവ്യവസ്ഥയാണ് ഈ പഞ്ചായത്തിൽ നിലനിന്നിരുന്നത്. വൈദ്യുതരംഗത്തെ നേട്ടങ്ങൾ കൃഷി രീതിയിൽ വ്യാപകമായ മാറ്റങ്ങളുണ്ടാക്കി. ചിമ്മിനിഡാം കമ്മീഷൻ ചെയ്തതോടെ ഈ പഞ്ചായത്തിലെ കാർഷിക രംഗം സമൂലമായ മാറ്റങ്ങൾക്ക് വഴിതെളിയിക്കുകയാണ്. നീലക്കയത്തിൽ നിന്നും ഉത്ഭവിച്ചെത്തുന്ന കുറുമാലിപുഴ വരന്തപ്പിള്ളി ഗ്രാമപഞ്ചായത്തിൻെറ ഹൃദയത്തിലൂടെ 55.6765 കി.മീറ്റർ ദൈർഘ്യത്തിൽ ഒഴുകി പോകുന്നു. ഈ പുഴ പഞ്ചായത്തിൻെറ കാർഷിക അഭിവൃദ്ധിക്കും ഐശ്വര്യത്തിനും ഏറെ സംഭാവനകൾ നല്കുന്ന വിധത്തിലാണെങ്കിലും ഭൂപ്രകൃതികൊണ്ട് മലയോരങ്ങളാൽ ചുറ്റപ്പെട്ടതിനാൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമായ ഒരു പ്രദേശം കൂടിയാണിത്.

ചിമ്മിനി ഡാം കമ്മീഷൻ ചെയ്തതോടെ ഈ പ്രദേശത്തെ ജലക്ഷാമത്തിന് അറുതിവരുമെന്ന് സ്വപ്നംകണ്ടുകൊണ്ടിരുന്ന ജനത ഇതിലെ ജലം ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പല നിയമനൂലാമാലകൾക്കിടയിൽപ്പെട്ട് തിരാദുഃഖം അനുഭവിക്കുകയാണ്. ഇതിന് അടിയന്തിര പ്രാധാന്യത്തോടെ നിയമ പരിവർത്തും ഉണ്ടാകേണ്ടതുണ്ട്.

### തോടുകൾ

19.5686 കി.മീറ്റർ ദൈദർഘ്യം വരുന്ന 12 തോടുകളാണ് ഈ പഞ്ചായത്തിലുള്ളത്. കൃഷി ജലസേചനത്തിന് ഉപയുക്തമായ 8 തോടുകൾ ഇതിൽ ഉൾപ്പെടുന്നു. ഈ തോടുകൾ അനുദിനം വീതികുറഞ്ഞ് വരുന്ന പ്രവണത നിലനിൽക്കുന്നു. വില്ലേജ് രേഖകൾ പ്രകാരം തോടുകൾ വീതി ക്കൂട്ടികെട്ടി സംരക്ഷിച്ച് ജലനിർഗ്ഗമനത്തിന് അതിൻെറ തിട്ടകൾ കൃഷിസ്ഥലത്തെക്കുള്ള യാത്രാ സൗകര്യത്തിനും ഉപയുക്തമാക്കാവുന്നതാണ്.

ചിമ്മിനി ഡാമിൻെറ റിസർവ്വോയർ 10.2 ചതുരശ്ര കി. മീറ്ററായി വ്യാപിച്ചു കിടക്കുന്നു ഇതിൽ സംഭരിക്കാവുന്ന വെള്ളത്തിൻെറ പരമാവുധി അളവ് 172 മില്യൻ ക്യുബിക് മീറ്ററാണ്. ഇപ്പോൾ 105 മില്യൻ ക്യുബിക് മീറ്റർ വെള്ളം സ്റ്റോക്കുണ്ട്.



597

**കുളങ്ങൾ**

14 കുളങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. മൊത്തം വിസ്തൃതി 2.5454 ഹെക്ടറാണ്. ഇതിൽ 10 കുളങ്ങൾ കാർഷിക ജലസേചനത്തിന് ഉപയോഗിക്കുന്നു. ഇവ കെട്ടി വൃത്തിയാക്കി മത്സ്യം വളർത്തി ബന്ധനം നടത്തുന്നതിനും താമരപൂവ് കൃഷി ചെയ്യുന്നതിനുമായി ലേലം ചെയ്ത് നല്കാവുന്നതാണ്.

**കിണർ**

ഈ പഞ്ചായത്തിൽ 4500 കിണറുകളാണ് ഉള്ളത്. ഇവ കുടിവെള്ളത്തിനും ജലസേചനത്തിനും ആയി സൗകര്യമുള്ളവയാണ്.

**നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷനുകൾ**

**താഴെപറയുന്ന 10 ഇറിഗേഷനുകളാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്**

| | | |
|---|---|---|
| 1 | പാറക്കടവ് | ലിഫ് റ്റ് ഇറിഗേഷൻ |
| 2 | കൊളക്കാട്ടിപാടം | """" |
| 3 | നന്തിപുലം | """" |
| 4 | തോട്ടുമുഖം | """" |
| 5 | ഐക്കരക്കുന്ന് | """" |
| 6 | വിമൽഹിൽ | """" |
| 7 | മൂപ്പ ിയം | """" |
| 8 | ചീരക്കുഴി | """" |
| 9 | അന്ത്യാംപാടം | """" |
| 10 | വെള്ളാരം പാടം | """" |

**പണിനടന്നുകൊണ്ടിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷനുകൾ**

**1 നന്തിപുലം ലിഫ്റ്റ് ഇറിഗേഷൻ (ആറ്റപ്പിള്ളി)**

ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഈ ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർത്തികരിച്ച് കഴിഞ്ഞാൽ നിലവിലുള്ള വിരിപ്പ് കൃഷി 15 ഹെക്ടറിൽ നിന്നും 66 ഹെക്ടറായും മുണ്ടകൻ 22 ഹെക്ടറിൽ നിന്ന് 66 ഹെക്ടറായും പുഞ്ചകൃഷി 10 ഹെക്ടറിൽ നിന്നും 66 ഹെക്ടറായും അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുന്നതാണ്. ഈ ഭാഗത്തുള്ള മറ്റു കൃഷികൾക്കും ഈ ജലസേചനസൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിൻെറ മൊത്തം ആയക്കെട്ട് ഏരിയ 144 ഹെക്ടർ പ്രദേശമാണ്.

**2 ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ്**

ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഈ പ്രദേശത്തെ കൃഷിക്ക് സമൃദ്ധിയായി ജലം ലഭിക്കുന്നതാണ്. കൂടാതെ പാലക്കാട്, എറണാകുളം എന്നീ 2 ജില്ലകളെ ബന്ധിപ്പിച്ച് ഗതാഗതസൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

**3 തോട്ടുമുഖം - മാട്ടുമല ലിഫ്റ്റ് ഇറിഗേഷൻ**

ഈ ലിഫ്റ്റ് ഇറിഗേഷൻെറ കരയാംപാടം കനാൽ കോൺക്രീറ്റ് ചെയ്ത് ചോർച്ച നിറുത്തിയാൽ പാഴായിപോകുന്ന 15% ജലം കൃഷിക്ക് ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

കരയാംപാടം മാട്ടിൻകര ഹെൽത്ത് സെൻറർ ലിഫ്റ്റ് ഇറിഗേഷൻ (M1)സർവ്വെ നടത്തിയിട്ടുള്ളതാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ 80.64 ഏക്കർ നിലവും 147.16 ഏക്കർ കരഭൂമിയിലും ജലസേചനം നടത്താൻ കഴിയുന്നതാണ്.

**4. പരിശ്ശേരിപറമ്പ് - വിട്ടക്കുഴി പദ്ധതി**

ഈ പദ്ധതി നടപ്പിലാക്കിയാൽ ഒരുപ്പൂവ് കൃഷി ചെയ്യുന്ന 22 ഹെക്ടർ കൃഷിഭൂമി ഇരുപ്പൂവ് കൃഷിയായി മാറ്റാവുന്നതാണ്. കൂടാതെ 185.3 ഹെക്ടർ സ്ഥലങ്ങളിലെ കുടിനീർക്ഷാമം പരിഹരിക്കുവാനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്.

## 5 നന്തിപുലം ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതി വഴി കിഴക്കോട്ട ജലസേചനത്തിന് പൈപ്പ് ലൈൻ നിർമ്മിച്ച് മാഞ്ഞൂർ പഞ്ചായത്ത് കിണറിന് സമീപം എത്തിക്കുകയാണെങ്കിൽ ഏകദേശം 25 ഏക്കർ ഭൂമി ജലസേചനം നടത്തുവാൻ കഴിയുന്നതാണ്. 50 വീട്ടുകാരുടെ കുടിനീർ ക്ഷാമം പരിഹരിക്കുന്നതിനും ഈ പദ്ധതികൊണ്ട് കഴിയുന്നതാണ്.

## 6 ചക്കാലക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

ഈ പദ്ധതി നടപ്പിലായാൽ കോട്ടായിക്കടവ് മുതൽ ചക്കാലക്കടവ് വരെയുള്ള കൃഷി സ്ഥലങ്ങൾ ജലസേചനത്തിന് ഉപയുക്തമാക്കാൻ കഴിയുന്നതാണ്.

## 7 ഐക്കരക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതിയിൽ 80 HPയുടെ ഒരു മോട്ടോർക്കൂടി കനാൽ ലഭ്യമാക്കുകയും മണലി കുളത്തിൻെറ തെക്കുഭാഗംവരെ എത്തി നില്ക്കുന്ന ഇറിഗേഷൻ കനാൽ 500 മീറ്റർക്കൂടി പടിഞ്ഞാറോട്ട് ദീർഘിപ്പിക്കുകയാണെങ്കിൽ 50 ഹെക്ടർ നിലം പുതുതായി പുഞ്ചകൃഷി ചെയ്യാവുന്നതും അതുവഴി നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ സ്കീമിൻെറ മിനിമം ഗ്യാരണ്ടി വ്യവസ്ഥ ഒഴിവാക്കിതരേണ്ടതാണ്.

## 8 ഏഴാം വാർഡ് പാറക്കടവ് ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതിയിൽ നിന്നും വേനൽ കാലം തുടങ്ങുമ്പോൾ വെള്ളം പമ്പ് ചെയ്ത് അഞ്ചാം വാർഡിലെ പാത്തിക്കാരിചിറയിലെത്തിച്ച് അവിടെ നിന്ന് പടിഞ്ഞാറ് ഭാഗത്തുള്ള പാടത്തേക്ക് വിട്ടാൽ പാടത്തിൻെറ നടുവിലുള്ള തോട്ടിൽക്കൂടി നിലവിലുള്ള ചീപ്പ് വഴി 5, 6, 7, 8, 9 എന്നീ വാർഡുകളിലെ നെൽകൃഷിക്കാർക്കും മറ്റ് വിളകൾക്കും ഉപയോഗിക്കാവുന്നതാണ്.

## 9 മാട്ടുമല ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതി ആരംഭിച്ചാൽ 2, 3 വാർഡുകളിലെ 300 ഏക്കർ കരഭൂമിയിൽ ജലസേചന സൗകര്യം നടത്താവുന്നതാണ്.

## 10 കാരിക്കുളം - പാലചുവട് ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും വലിയ വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനും സൗജന്യമായി സ്ഥലം ലഭിക്കുന്നതും ഏകദേശം ആകെ ചിലവിന്റെ 20% ജനകീയ പങ്കാളിത്തം ഉണ്ടായിരിക്കുന്നതുമാണ്. ഈ പദ്ധതികൊണ്ട് 105.34 ഹെക്ടർ സ്ഥലം കൃഷിക്കും ജലസേചനത്തിനും കുടിനീർക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്.

എട്ടാം വാർഡിൽ ഉയർന്ന പ്രദേശമായ കാരിക്കുളം വെട്ടിങ്ങപ്പാടം പ്രദേശത്ത് ടാങ്കും സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുകയാണെങ്കിൽ 7,8 എന്നീ വാർഡുകളിൽ കൃഷിക്കും കുടിവെള്ളത്തിനും ഉപകരിക്കാവുന്നതാണ്.

## 11 കന്നാറ്റുപാടം - ഓത്തനാട് ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതി നടപ്പിലായി കഴിഞ്ഞാൽ 133.07 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി പരിപോഷിപ്പിക്കുന്നതിനും കുടിനീർക്ഷാമം പരിഹരിക്കുന്നതിനും കഴിയുന്നതാണ്.

12 കുട്ടോലിപ്പാടം തോടിൽ കുത്ത് എന്ന സ്ഥലത്ത് 5 HP മോട്ടോർ സ്ഥാപിച്ചാൽ കുട്ടോലി പാടത്തിന്റെ തെക്ക് ഭാഗത്തെ ഉയർന്ന സ്ഥലത്ത്, ഐക്കരക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നും വെള്ളം എത്താതെ തെങ്ങ് കൃഷി നടത്തുന്ന സ്ഥലത്ത് ജലസേചനം നടത്താവുന്നതാണ്.

തോട്ടുമുഖം (കാരളിക്കടവ്) മേജർ ഇറിഗേഷൻ പദ്ധതി വികസിപ്പിച്ചെടുക്കുകയാണെങ്കിൽ പുതുക്കാട്, അളഗപ്പനഗർ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനും വരന്തപ്പിള്ളി പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും വെള്ളം എത്തിക്കുന്നതിനും സാധിക്കുന്നതാണ്. ഈ പദ്ധതിയുടെ ആയക്കെട്ട് ഏരിയ 942.5 ഹെക്ടർ ആകുന്നു. എസ്റ്റിമേറ്റ് തുക ഏകദേശം 263 ലക്ഷം രൂപയാണ്. ഭരണാനുമതിയും സാങ്കതികാനുമതിയും ലഭിച്ചിട്ടില്ല.

## 13 മുത്തുമല ലിഫ്റ്റ് ഇറിഗേഷൻ

പദ്ധതിയുടെ ആയക്കെട്ട് ഏരിയ 254.55 ഹെക്ടറും എസ്റ്റിമേറ്റ് തുക ഏകദേശം 78 ലക്ഷം രൂപയുമാണ്. ഭരണാനുമതി ലഭിച്ചിട്ടുള്ളതും സാങ്കേതികാനുമതി ലഭിച്ചിട്ടില്ലാത്തതുമാണ്.

ഒരുപ്പൂ കൃഷിചെയ്യുന്ന 41 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂ കൃഷിയാക്കി മാറ്റുവാനും 229 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം എത്തിക്കുന്നതിനും കുടിനീർക്ഷാമം പരിഹരിക്കുന്നതിനും കഴിയുന്നതാണ്.

## 14 മുപ്പിയം - പ്ലായിലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ

ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ 25 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂകൃഷി ചെയ്യുന്നതിനും 99.2 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനും കുടിനീർ ക്ഷാമം പരിഹരിക്കുന്നതിനും കഴിയുന്നതാണ്.

## ചെക്ക് ഡാമുകൾ

താഴെപറയുന്ന സ്ഥലങ്ങളിൽ മൺചിറകൾക്കു പകരം സ്ഥിരമായി നിലനില്ക്കുന്ന ചെക്ക് ഡാമുകൾ സ്ഥാപിക്കുകയാണെങ്കിൽ കൃഷി ആവശ്യത്തിനും കുടിവെള്ളക്ഷാമത്തിനും അറുതിവരുത്താവുന്നതാണ്.

1 കന്നാറ്റുപാടം

2 കൽക്കുഴി

3 കച്ചേരിക്കടവ്

4 തോട്ടുമുഖം

5 ചക്കാലക്കടവ്, വാസുപുരം

തോട്ടുമുഖം കരയാംപാടം, തോട്ടിൽ ഒരു ഷട്ടർ സ്ഥാപിച്ച് ജലവിതരണം നിയന്ത്രിക്കാവുന്നതാണ്

കച്ചേരികടവ് ചെക്ക് ഡാമിൻെറ ആയക്കെട്ട ഏരിയ 376 ഹെക്ടറും എസ്റ്റിമേറ്റ് തുക ഏകദേശം 60.30 ലക്ഷം രൂപയുമാണ്. ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ 700 ഹെക്ടറോളം നിലവിലള്ള കൃഷി ഭൂമികൾ പരിപോഷിപ്പിക്കുന്നതിനും ഉല്പാദനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.



602

തെങ്ങ്, കവുങ്ങ്, ജാതി, കരയാംമ്പൂ, വാഴ മുതലായ കാർഷിക വിളകൾ ഉൾകൊള്ളുന്ന 4600 ഹൈക്ടർ സ്ഥലത്തെ ഉല്പാദനം മൂന്നിരിട്ടിയായി വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്.

തരിശായി കിടക്കുന്ന 100 - ളം ഹെക്ടർ പ്രദേശങ്ങളിൽ കാലിത്തീറ്റ കൃഷി നടപ്പിലാക്കാവുന്നതും ഇതുവഴി ഏറെ ഭീഷണി നേരിട്ട്കൊണ്ടിരിക്കുന്ന മണ്ണൊലിപ്പ് ഒരു പരിധിവരെ തടഞ്ഞ് നിർത്താവുന്നതുമാണ്.

**അടിയന്തിരമായി നിയമാനുമതി ലഭിക്കേണ്ട നിർദ്ദേശങ്ങൾ**

ചിമ്മിനി ഡാമിൽ നിന്നും തുറന്നു വിടുന്ന ജലം പടിഞ്ഞാറ് ഭാഗത്തുള്ള കോൾ പടവ് കർഷകർക്കായി കൊടുക്കുന്നതോടൊപ്പം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഇറിഗേഷൻ ഉപഭോക്താക്കൾക്കും കർഷകർക്കും പുഴയിൽനിന്നും വെള്ളം പമ്പു ചെയ്യുന്നതിന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിരാക്ഷേപ സാക്ഷ്യപത്രം ഉണ്ടായാൽ മാത്രമേ വൈദ്യുതി കണക്ഷൻ ലഭിക്കുകയുള്ളുവെന്ന നിബന്ധന എടുത്തു മാറ്റി പുഴയിൽ നിന്നും ജലം പമ്പ് ചെയ്യുന്നതിന് യാതൊരു വിധത്തിലുള്ള അനുമതിയും ആവശ്യമില്ലെന്ന് നിയമനിർമ്മാണം അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ്.

കോൾകർഷകരുടെ ഉപയോഗം കഴിച്ചുള്ള ജലം ഇപ്പോൾ കടലിലേക്ക് ഒഴുകിപോകുന്ന ചറ്റുപാടണ് നിലനില്ക്കുന്നത്. പുഴയിൽ ആവശ്യാനുസരണം ജലമുള്ളപ്പോൾ ജില്ലാ കോൾ കർഷക സമിതി ഇത്തരം നിബന്ധനകൾ നിലനിർത്തി പുഴയുടെ സമീപ പ്രദേശത്തുള്ള കർഷകരേയും മറ്റ് ജനങ്ങളേയും ബുദ്ധിമുട്ടിക്കുന്ന ഈ നിയമനിർമ്മാണം ഒഴിവാക്കിയേ പറ്റൂ.

ചിമ്മിനി പദ്ധതിയോടൊപ്പം രൂപകല്പന ചെയ്തിട്ടുള്ള മുപ്ലി പദ്ധതിയുടെ നിർമ്മാണം ഉടനെ ആരംഭിക്കേണ്ടതും അത് വഴി മറ്റത്തൂർ പഞ്ചായത്തിലേയും വരന്തരപ്പിള്ളി പഞ്ചായത്തിലേയും ജലക്ഷാമത്തിന് പരിഹാരമാക്കേണ്ടതുമാണ്.

കാർഷിക ആവശ്യങ്ങൾ നിർവ്വഹിക്കന്നതിന് അഞ്ചോളം വിവിധ ഡിപ്പാർട്ടുമെൻറുകളെ ആശ്രയിക്കേണ്ട നിയമവ്യവസ്ഥയാണ് ഇന്ന് നിലനില്ക്കുന്നത്. ഈ വ്യവസ്ഥമാറ്റി വിവിധ ഡിപ്പാർട്ടുമെൻറുകളെയെല്ലാം ഏകീകൃത സ്വഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഏകികൃത സമിതിയെന്ന നിലയിൽ രൂപപ്പെടുത്തേണ്ടതാണ്.

പുലിക്കണ്ണിയിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലീസിന് എടുത്ത 44 ഹെക്ടർ സ്ഥലത്ത് 53 തരം മുളകൾ വെച്ച് പിടിപ്പിച്ച് അവയുടെ വേരുപടലത്തെ കുറിച്ചുള്ള ഒരു ഗവേഷണ പ്രവർത്തനം നടന്നുവരുന്നു. മറ്റു പലതരം സസ്യങ്ങളുടേയും വേരുപടലത്തെക്കുറിച്ചുള്ള ഗവേഷണവും ഇവിടെ നടക്കുന്നുണ്ട്. വർഷംതോറും ഉണ്ടാകുന്ന കാട്ടുതീ ഗവേഷണപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

# മൃഗസംരക്ഷണം

ഇന്ത്യ ലോക രാഷ്ട്രങ്ങളിൽ മൃഗസമ്പത്തിൻെറ കാര്യത്തിൽ വളരെ മുന്നിട്ടുനിൽക്കുന്ന ഒരു രാജ്യമാണ്. മൊത്തം ആഭ്യന്തര ഉദ്പാദനത്തിൻെറ 10% ഉം മൃഗസംരക്ഷണമേഖലയാണ് സംഭാവന ചെയ്യുന്നത്. കാർഷിക വരുമാനത്തിൻെറ 25% മൃഗസംരക്ഷണമേഖലയിലൂടെ ലഭ്യമാകുന്നുണ്ട്. മാംസത്തിൻെറ കയറ്റുമതിയിലൂടെ വിദേശനാണ്യം നേടിത്തരുന്നതിൽ ഈ മേഖല സുപ്രധാനമായ പങ്കു വഹിക്കുന്നു.

കന്നുകാലികളുടെ വംശവർദ്ധനവും ജനിതിക ഗുണമേന്മയും വർദ്ധിച്ചിട്ടുണ്ടെങ്കിലും മൃഗസംരക്ഷണമേഖലയുടെ വികസനത്തിലൂടെ ദേശീയ വരുമാനം വർദ്ധിപ്പിക്കുന്നതിൽ നമ്മുടെ രാജ്യം ബഹുദൂരം പിന്നിലാണ്. അതിവിസ്തൃതമായ ഭൂപ്രകൃതിയും ഏറ്റവും അനുയോജ്യമായ കാലാവസ്ഥയും ഒത്തിണങ്ങിയിട്ടും കന്നുകാലി വളർത്തലിലും സംരക്ഷണത്തിലും ശക്തമായ ഒരു കുതിച്ചുകയറ്റം ഉണ്ടാകാത്തതിന് ഒരു പ്രധാനകാരണം ഈ മേഖലയോട് കാണിക്കുന്ന അവഗണനയാണ്. ഈ അവഗണനയും അഹംഭാവവും മാറ്റിയെടുത്തെങ്കിൽ മാത്രമേ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും അതുവഴി പ്രതിശീർഷവരുമാനം വർദ്ധിപ്പിക്കാനും, മൃഗസംരക്ഷണമേഖലയിൽ വിപ്ലവകരമായ നേട്ടങ്ങൾ കൈവരിക്കാനും നമുക്ക് കഴിയൂ.

വരന്തരപ്പിള്ളി പഞ്ചായത്ത് പ്രധാനമായും ഒരു കാർഷിക മേഖലയാണ്. ജനങ്ങളിൽ ഭൂരിഭാഗവും ഉപജീവനത്തിനായി കൃഷിയും മൃഗപരിപാലനവും സ്വീകരിച്ചു പോരുന്നു. പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് ഇത് മൃഗസംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായ മേഖലയാണ്. ഇപ്പോൾ പഞ്ചായത്തിൽ വിവിധ ജനുസ്സുകളിൽപെട്ട 33,500 ഓളം കാലി സമ്പത്തും 26,500 ഓളം വളർത്തു കോഴികളും ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

പട്ടിക 1 കാണുക

വീട്ടാവശ്യത്തിന് മാത്രം പാൽ തരുന്ന ഒരു നാടൻ പശു എന്ന സങ്കല്പത്തിൽനിന്ന് അല്പം വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്തുക എന്ന സ്ഥിതിയിലേക്കുള്ള മാറ്റം പ്രോത്സാഹജനകമാണ്. എന്നാൽ ഉയർന്ന ജനിതകമേന്മയും പാൽ ഉത്പാദനശേഷിയുമുള്ള സങ്കര ഇനങ്ങളെ വാങ്ങുന്നതിനും

സംരക്ഷിക്കുന്നതിനും കർഷകന് ഭീമമായ മുതൽ മുടക്കും ശാസ്ത്രീയമായ പരിജ്ഞാനവും വേണ്ടിവരുന്നു. മാത്രമല്ല ഇവയുടെ കുറഞ്ഞ രോഗപ്രതിരോധശേഷി കർഷകർക്ക് മറ്റൊരു ഭീഷിണിയാണ്. വൈക്കോലിൻേറയും പുല്ലിൻേറയും ലഭ്യതക്കുറവും ഉയർന്ന വിലയും കാലിതീറ്റയുടെ വിലവർദ്ധനവും പാലിനും പാലുത്പന്നങ്ങൾക്കും ന്യായമായ വില ലഭിക്കാത്തതും കർഷകർക്ക് ഈ രംഗത്തേക്ക് കടന്നു വരുന്നതിനെതിരെയുള്ള വെല്ലുവിളികളായി മാറിയിരിക്കുകയാണ്.

രണ്ടായിരമാണ്ടോടുകൂടി കേരളത്തിൻെറ മൊത്തം പാലുത്പാദനം 38 ലക്ഷം മെട്രിക് ടൺ എന്ന തോതിലേക്കുയർത്തണമെന്ന് ലക്ഷ്യമിട്ടിരിക്കുകയാണല്ലോ. ഇതിന് ആനുപാതികമായി തൃശ്ശൂർ ജില്ലയുടെ ലക്ഷ്യം 3 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനനുസൃതമായി നമ്മുടെ പഞ്ചായത്തിൻെറ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ മേഖലയിലുള്ള കർഷകർ ഇന്നഭിമുഖീകരിക്കുന്ന മേൽപറഞ്ഞ വെല്ലുവിളികളെ ധീരമായി നേരിടേണ്ടതാണ്. അതിലൂടെ തൊഴിൽരഹിതരായ കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും തദ്വാര ഉത്പാദന ലക്ഷ്യം നേടുന്നതിനും നമുക്ക് കഴിയണം.

പാലിൻെറ ഉപഭോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവിനോടൊപ്പം മാംസത്തിൻെറ ഉപഭോഗത്തിലും ഗണ്യമായ വർദ്ധനവാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ഈ ആവശ്യത്തിന് ഇന്നു നാം അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഒരു സ്ഥിതിയാണുള്ളത്. എന്നാൽ നമ്മുടെ പ്രദേശത്തുതന്നെ ജനിക്കപ്പെടുന്ന കാളക്കുട്ടികളെ വേണ്ടരീതിയിൽ പരിപാലിക്കപ്പെടുകയാണെങ്കിൽ നമ്മുടെ മാംസാവശ്യത്തിൻെറ ഏറിയപങ്കും നിറവേറ്റാനാകുമെന്നതുകൊണ്ട് ഇപ്പോൾ നടക്കുന്ന ക്രയവിക്രയത്തിലൂടെ മറ്റ് സംസ്ഥാനങ്ങളിലേക്കൊഴുകുന്ന നമ്മുടെ സമ്പത്തിന് തടയിടാനും നമുക്ക് കഴിയും.

ഇറച്ചിക്കോഴികളുടെ കാര്യത്തിലും സ്ഥിതി വിഭിന്നമല്ല. അന്യസംസ്ഥാനങ്ങളിൽ മുട്ടയുത്പാദനത്തിനുവേണ്ടി പരമാവധി ഉപയോഗിച്ചുകഴിഞ്ഞ വെറും ചകിരി പരുവത്തിലായ വൈറ്റ് ലഗോൺ കോഴികൾ നമുക്ക് വിശിഷ്ടഭോജ്യമായി മാറുന്നു.

മൃഗസംരക്ഷണ മേഖലയിൽ ഇന്നുള്ള ഈ സ്ഥിതിക്ക് ആശാവഹമായ മാറ്റം വന്നാൽ മാത്രമേ ഈ രംഗത്ത് അഭിവൃദ്ധി ഉണ്ടാകുകയുള്ളൂ. ഈ അഭിവൃദ്ധി കൈവരിക്കുന്നതിന് വിഘാതമായി നിൽക്കുന്ന മൃഗസംരക്ഷണമേഖലയിലെ ഇന്നത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും സാധ്യതകളും താഴെ പ്രതിപാദിക്കുന്നു.

## പ്രശ്നങ്ങൾ

1 വെള്ളക്കോളർ സംസ്കാരത്തിൻെറ ഭാഗമായി തൊഴിൽരഹിതരായ ചെറുപ്പക്കാർപോലും മൃഗസംരക്ഷണമേഖലയിലേക്ക് കടന്നു വരുന്നതിന് തയ്യാറാകുന്നില്ല.

2 മെച്ചപ്പെട്ട ജനിതക ഗുണമേന്മയും ഉത്പാദശേഷിയുമുള്ള വളർത്തുമൃഗങ്ങളെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിലുള്ള അജ്ഞതയും ഇവയുടെ വർദ്ധിച്ച വിലയും

3 കാലിതീറ്റയുടെയും കോഴിത്തീറ്റയുടെയും ലഭ്യതക്കുറവും വർദ്ധിച്ച വിലയും

4 കാലിവസന്തയും കോഴിവസന്തയും സൃഷ്ടിക്കുന്ന ഉത്പാദന ശേഷിക്കുറവും ജീവഹാനിയും

5 പൊതുവായ മേച്ചിൽ പുറങ്ങളുടേയും ജലാശയങ്ങളുടെയും അഭാവം

6 ഉത്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കാത്ത സാഹചര്യം

മൃഗസംഗക്ഷണ മേഖലയിലേക്ക് ധാരാളമാളുകൾ ആകർഷിക്കപ്പെടാതിരിക്കാനുള്ള നിരവധി കാരണങ്ങളിൽ ചിലതുമാത്രമാണ് ഇവ. ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞാൽ മാത്രമേ മേഖലയുടെ സമഗ്രമായ വികസനം സാധ്യമാകുകയുള്ളു.

## പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1 ഏതുതൊഴിലിനും മാന്യത കല്പിക്കുന്ന ഒരു സമൂഹത്തിൽ മാത്രമെ മൃഗസംരക്ഷണം പോലുള്ള ഒരു മേഖലയിലേക്ക് ചെറുപ്പക്കാർ ആകർഷിക്കപ്പെടുകയുള്ള. അതിനാൽ മൃഗസംരക്ഷണമേഖലയുടെ വർദ്ധിച്ച സാധ്യതകളും വരുമാനവും ജീവിതനിലവാരത്തിൽ വരുത്തുന്ന അഭിവൃദ്ധിയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

2 വർദ്ധിച്ചുവരുന്ന കാലിത്തീറ്റ വിലകണക്കിലെടുത്ത് വില്പനനികുതി ഒഴിവാക്കി 50% സബ്സീഡി നിരക്കിൽ കാലിതീറ്റ ലഭ്യമാക്കണം.

3 പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കർഷകർക്ക് സൗകര്യപ്രദമായ രീതിയിൽ പഞ്ചായത്ത് ഓഫീസ് പരിസരത്തേക്ക് മാറ്റി സ്ഥാപിക്കണം. ആധുനിക സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കണം.

4 ഓരോ ക്ഷീര സഹകരണസംഘങ്ങളും കേന്ദ്രമാക്കി ഒരു ICDPസെൻററും ഒരു മൊബൈൽ യൂണിറ്റും ഉണ്ടാകേണ്ടതാണ്.

5 വർദ്ധിച്ചുവരുന്ന മാംസാവശ്യം നേരിടുന്നതിനും ഗുണമേന്മയേറിയ മാംസം ലഭ്യമാക്കുന്നതിനുമായി യൂണിറ്റടിസ്ഥാനത്തിൽ മൂരിക്കുട്ടികൾ, പന്നികൾ, ആട്, ഇറച്ചിക്കോഴി, മുയലുകൾ എന്നിവയെ വളർത്തുന്നതിന് സർക്കാർ ധനസഹായത്തോടുകൂടി വിപുലമായി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

6 മുട്ടയുടെ ക്ഷാമം പരിഹരിക്കുന്നതിന് വീട്ടമ്മമാർക്ക് സ്വയം തൊഴിൽ എന്ന നിലക്ക് ചുരുങ്ങിയത് 10 കോഴികളെ സൗജന്യമായി വിതരണം ചെയ്യണം.

7 പഞ്ചായത്തടിസ്ഥാനത്തിൽ പേ വിഷബാധക്കെതിരെയുള്ള കുത്തിവെപ്പ് പൂർണ്ണമായും സൗജന്യനിരക്കിൽ വ്യാപകമാക്കുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാൻ പരിശീലനം ലഭിച്ചവരെ നിയോഗിക്കുകയും ചെയ്യുക.

8 പഞ്ചായത്തിലെ എല്ലാ ക്ഷീര കർഷകർക്കും ക്ഷേമനിധി, പെൻഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. കൂടാതെ ക്ഷീരകർഷകർക്ക് ഇൻഷ്വൂറൻസ് ഏർപ്പെടുത്തേണ്ടതാണ്.

9 ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ തീറ്റപ്പുല്ല് ലഭ്യമാക്കുന്നതിന് തരിശുഭൂമികളിലും പാലപ്പിള്ളി - കുണ്ടായി മേഖലകളിലെ റബ്ബർ മരങ്ങൾ മുറിച്ചു നീക്കിയ സ്ഥലങ്ങളിലും തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കേണ്ടതാണ്.

10 പഞ്ചായത്തിലുള്ള പൊതുകുളങ്ങളിലും തോടുകളിലും കന്നുകാലികളെ ഇറക്കി കുളിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

11 സമഗ്രക്ഷീരവികസനത്തിനും മൃഗസംരക്ഷണത്തിനും ജില്ലാ - ബ്ലോക്ക് - ക്ഷീരവികസന കാര്യാലയത്തിനു പുറമെ പഞ്ചായത്തു തലത്തിൽ ഒരു ക്ഷീരവികസന ഓഫീസ് തുറക്കേണ്ടതും അവിടെ ഒരു ഡയറി ഫാം ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്

12 സംഘങ്ങൾ ശേഖരിക്കുന്ന പാൽ മിൽമ വളരെ കുറഞ്ഞ വിലക്കു വാങ്ങി, കൂടിയ വിലക്ക് കൊടുക്കുന്നു. വിലയിലുള്ള ഈ അന്തരം പരിഹരിക്കണം.

13 പഞ്ചായത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ശാസ്ത്രീയമായ രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കണം

14 കാലഹരണപ്പെട്ട PFAആക്ട് പ്രകാരമുള്ള പാലിൻെറ ഗുണനിലവാരനിർണയതൊത് കാലോചിതമായി പുതുക്കി നിശ്ചയിക്കണം

15 സംഘങ്ങൾക്ക് സംഭരണ കേന്ദ്രങ്ങളിൽ നിന്ന് പാൽ ശേഖരിച്ച് സംഘത്തിൽ എത്തിക്കുന്നതിനാവശ്യമായ വാഹനം വാങ്ങുന്നതിനുള്ള പ്രവർത്തന മൂലധനവും ഉപകരണങ്ങളും സൗജന്യമായി ലഭിക്കണം.

**സാധ്യതകൾ**

1 ക്ഷീരോത്പാദകർക്ക് സൗകര്യപ്രദമായി പാൽ വിപണനം ചെയ്യുന്നതിന് ഓരോ 3 വാർഡുകൾ തോറും ക്ഷീരോത്പാദകസംഘങ്ങൾ സ്ഥാപിക്കണം.

2 കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് ക്ഷീരസംഘങ്ങൾ ശേഖരിക്കുന്ന പാൽ സംസ്കരിച്ച് വിപണനം നടത്തുന്നതിന് ഒരു ചില്ലിംഗ് പ്ലാൻറും വാഹനസൗകര്യവും വേണം.

3 വർദ്ധിച്ചുവരുന്ന പാൽ ക്ഷാമം പരിഹരിക്കുന്നതിനും സ്വയം തൊഴിൽ ലഭിക്കുന്നതിനും വാർഡുകൾ തോറും മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കണം.

4 പാലിൽനിന്നും ഉപോത്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിന് വനിത യൂണിറ്റുകൾ സർക്കാർ ധനസഹായത്തോടെ സ്ഥാപിക്കണം

5 പഞ്ചായത്ത് അടിസ്ഥാനത്തിൽ കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അനുയോജ്യമായ സ്ഥലത്ത് നിയന്ത്രിത-വിപണന സംവിധാനം (Regulated Market)സ്ഥാപിക്കണ്.

6 അംഗീകൃത പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ മാതൃകാ ഡയറി യൂണിറ്റുകൾ സ്ഥാപിക്കണം.

7 മൃഗസംരക്ഷണമേഖലയിലെ നിലവിലുള്ള വിവരങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന പട്ടി അനുബന്ധമായി ചേർക്കുന്നു.

പട്ടിക 2

പഞ്ചായത്തിലെ കൃത്രിമ ബീജസങ്കലനവിവരങ്ങൾ

ഇനം

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 - ൽ അധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 10,200 | 822 | 170 |
| കിടാരി | 6000 | 540 | 110 |
| എരുമ | 500 | 95 | 15 |
| ആകെ | 16700 | 1457 | 295 |

നിലവിലുള്ള പ്രശ്നങ്ങൾക്ക് ഇവിടെ നിർദ്ദേശിച്ചിട്ടുള്ള പരിഹാരനിർദ്ദേശങ്ങളും പുതിയ സാധ്യതകളും ക്രോഡീകരിച്ചുകൊണ്ടുള്ള ആസൂത്രിത നീക്കങ്ങൾ മൃഗസംരക്ഷണമേഖലയുടെ വളർച്ചയേയും ജനതയുടെ ജീവിതനിലവാരത്തേയും ഉയർത്തുമെന്നതിൽ സംശയമില്ല

*നന്മയാണ് ഒരിക്കലും*
*പരാജയപ്പെടാത്ത നിക്ഷേപം.*

*- തോറ*



609

പട്ടിക 1

പഞ്ചായത്തിലെ വളർത്തു പക്ഷി - മൃഗാദികൾ

| | | |
|---|---|---|
| കാള | നാടൻ | 1800 |
| | സങ്കരയിനം | 1200 |
| നാടൻ പശു | കറവ ഉള്ളവ | 1400 |
| | കറവ ഇല്ലാത്തവ | 1600 |
| സങ്കരയിനം പശു | കറവ ഉള്ളവ | 6100 |
| | കറവ ഇല്ലാത്തവ | 4100 |
| എരുമ | കറവ ഉള്ളവ | 200 |
| | കറവ ഇല്ലാത്തവ | 300 |
| പോത്ത് | | 150 |
| ആട് | | 3250 |
| നായ | | 10200 |
| പൂവൻ കോഴി | | 8500 |
| പിടകോഴി | മുട്ടയിടുന്നവ | 10000 |
| | മുട്ടയിടാത്തവ | 14000 |
| താറാവ് | ആൺ | 50 |
| | പെൺ | 250 |
| മറ്റുള്ളവ | | 500 |

പട്ടിക 5 ( ഭവനനിർമ്മാണപുരോഗതി (1990 മുതൽ )

| വർഷം | വരന്തരപ്പിള്ളി | | | | വേലൂപ്പാടം | | | | നന്തിപുലം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | IAY | MWS | JRY | Total | IAY | MWS | JRY | Total | IAY | MWS | JRY | Total | Panchyat JRY | ആകെ | |
| 1990-91 | | | | | 1 | | 7 | 8 | 2 | 3 | 1 | 6 | 6 | | |
| 1991-92 | | | | | 1 | 1 | - | 2 | - | - | - | 1 | 12 | | |
| 1992-93 | | | | | - | - | - | - | - | - | - | | 2 | | |
| 1993-94 | | | | | 1 | 5 | - | 6 | - | 2 | 1 | 3 | 10 | | |
| 1994-95 | | | | | 3 | 1 | - | 4 | 5 | 2 | - | 7 | - | | |
| 1995-96 | | | | | 5 | 13 | - | 18 | 14 | 1 | 1 | 16 | 6 | | |
| 1996-97 | 8 | | 1 | 9 | 10 | - | 1 | 11 | 9 | - | 1 | 10 | 6 | | |
| | | | | | | | | | | | | | | | |
| ആകെ | 34 | 2 | 3 | 39 | 21 | 20 | 8 | 49 | 31 | 8 | 4 | 43 | 42 | 173 | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

611

പഞ്ചായത്തിലെ ക്ഷീര സഹ: സംഘങ്ങൾ - 2 എണ്ണം

1 വേലൂപ്പ ാടം ക്ഷീരവ്യവസായ സഹകരണസംഘം ക്ല ിപ്പNo. R 76 (D)

| ആകെ അംഗങ്ങൾ | എസ് .ടി. / എസ് .സി. അംഗങ്ങൾ | അംഗങ്ങളല്ല ാത്തവർ | നിലവിലുള്ള ഉല്പ ാദകർ | Dairy Collection |
|---|---|---|---|---|
| 583 | 89 | 1286 | 136 | 350 ലി. |

Board of Directors - 7 Staffs - 3 commission Agents 3

നന്തിപുലം ക്ഷീരവ്യവസായ സഹകരണസംഘം ക്ലിപ്തം No. R 69 (D)

| ആകെ അംഗങ്ങൾ | SC/ST അംഗങ്ങൾ | അംഗങ്ങളല്ല ാത്തവർ | നിലവിലുള്ള ഉല്പ ാദകർ | Dairy Collection |
|---|---|---|---|---|
| 290 | 4 | 500 | 140 | 700 ലി. |

Board of Directors - 9 Staffs - 4 Commission Agents - ഇല്ല

ക്ഷീരവ്യവസായ സംഘങ്ങളിലെ പാൽ വിതരണം

| ക്ഷീരവ്യവസായസഹകരണസംഘങ്ങളുടെ പേരു വിവരം | മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയക്കുന്നത് |
|---|---|---|---|
| വേലൂപ്പ ാടം | 44814.600 ലിറ്റർ | 22500.600 ലിറ്റർ | 22314 ലിറ്റർ |
| നന്തിപുലം(ഒരു മാസം) | 24,000 ലിറ്റർ | 450 ലിറ്റർ | 23550 ലിറ്റർ |

പട്ടിക 3

| | |
|---|---|
| | Varandarappilly Live Stock Population |
| Cencus | |
| Cattle | |
| Cross Breed | M 286 /FM1431 / Breedable 779 |
| Non Discript | M 657 / FM 3123 / Breedable 1635 |
| Buffelows | M 86 / FM 417/ Breedable 238 |
| Sheep | . 1 |
| Gots | M 276 / FM 1052 |
| Pigs | 181 |
| Dogs | 992 |
| Fools | |
| Desi | 24386 |
| Improved | 4023 |
| Ducks | 236 |



613

# മത്സ്യബന്ധനം

കേരളത്തിൻെറ ഉൾനാടൻ മലയോരപ്രദേശമായ വരന്തരപ്പിള്ളി പഞ്ചായത്ത് മത്സ്യകൃഷിയെ സംബന്ധിച്ചിടത്തോളം വളരെ പിന്നിലാണ്. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 31 കുളങ്ങളും, ഒരു പുഴയും ഏതാനും തോടുകളും ഒരു ഡാമും ജലസ്രോതസ്സുകളായി ഉണ്ടായിട്ടും മത്സ്യകൃഷി ശാസ്ത്രീയമായി ഇവിടെ പുരോഗതി പ്രാപിച്ചിട്ടില്ല.

ചിമ്മിനിഡാമിൻെറ ആവിർഭാവത്തിനു മുമ്പ് ആദിവാസികളും, മറ്റുള്ളവരും മത്സ്യം പിടിച്ച് ഉപജീവനം കഴിച്ചിരുന്നു. ചിമ്മിനിഡാമിൻെറ ആവിർഭാവത്തോടുകൂടി ഇതിൻെറ പരിസരം മത്സ്യകൃഷിക്ക് പ്രാധാന്യം കൽപ്പിച്ചുകൊണ്ട് 1.5 ലക്ഷം മത്സ്യകുഞ്ഞുങ്ങൾ ഉത്പാദിപ്പിച്ചെടുക്കാവുന്ന ഒരു പദ്ധതി മുൻ വരന്തരപ്പിള്ളി പഞ്ചായത്ത് പ്രസിഡൻറ് നടപ്പിലാക്കിയിരുന്നു. എന്നാൽ ഈ പ്രദേശങ്ങൾ വനം വകുപ്പിൻെറ കീഴിലായതുകൊണ്ട് ഈ ജലാശയങ്ങളിൽ നിന്നും മത്സ്യം പിടിച്ച് വിപണനം നടത്തുന്നതിന് തടസ്സമായിരിക്കുകയാണ്. വനം വകുപ്പിൻെറ ഈ മാർഗ്ഗതടസ്സം നീക്കി ചിമ്മിനിഡാമിൽ നിന്നുള്ള മീൻപിടുത്തം ഊർജ്ജിതമാക്കുകയാണെങ്കിൽ സാമാന്യം ഭേദപ്പെട്ട മത്സ്യങ്ങൾ ചുരുങ്ങിയ വിലക്ക് സാധാരണക്കാർക്ക് ലഭിക്കുകയും തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണ്. ഇതിൻെറ ഫലമായി വരന്തരപ്പിളി കേന്ദ്രീകരിച്ചുകൊണ്ട് ഒരു മത്സ്യ വിപണന മേഖല ഉണ്ടാക്കുന്നതിനും കഴിയുന്നതാണ്.

ഈ പഞ്ചായത്തിൽ തന്നെ ഇപ്പോൾ അന്യസ്ഥലങ്ങളിൽ നിന്ന് കേടുവന്ന മത്സ്യങ്ങൾ കൊണ്ടുവന്ന് വിറ്റഴിക്കുന്നതുമൂലം ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന വളരെയധികം രോഗങ്ങൾ പടർന്നു പിടിക്കുന്നതിനും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നതിനും വഴിതെളിയിക്കുന്നു.

നിലവിലുള്ള പോട്ടച്ചാൽ, നന്തിപുലം ചാൽ എന്നീ ചാലുകൾ മത്സ്യം വളർത്തുന്നതിനു വേണ്ടിയുള്ള കേന്ദ്രങ്ങളായി മാറ്റുന്നതിന് ഭീമമായൊരു തുക വേണ്ടി വരുന്നതാണ്. എന്നാൽ ഈ സ്ഥലങ്ങൾ നല്ലവരായ കർഷകർക്ക് ഏൽപ്പിച്ചുകൊടുത്ത് ഈ ജലാശയങ്ങളുടെ സംരക്ഷണം അവരിൽ നിക്ഷിപ്തമാക്കി മത്സ്യ കൃഷിയിടങ്ങളാക്കി മാറ്റുന്നതോടൊപ്പം ബണ്ഡുകെട്ടി, അതിനു മുകളിൽ ഔഷധ സസ്യങ്ങൾ നട്ടുവളർത്തി വിപണനം നടത്തുന്നതുമൂലം 2 രീതിയിലുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കാവുന്നതാണ്.



614

ഇതുമൂലം പഞ്ചായത്തിൻെറ പ്രതിശീർഷവരുമാനം വർദ്ധിക്കുന്നതാണ്

വരന്തരപ്പിള്ള ഗ്രാമ പഞ്ചായത്തിലെ കുളങ്ങളിലും, തോടുകളിലും, പുഴയിലും സാധാരണ കാണുന്ന മത്സ്യഇനങ്ങൾ പള്ളാത്തി, വരാൽ, വാള, പൂഴാൻ, കൂരി, കല്ലക്കി, പരൽ എന്നിവയാണ്.

പ്രധാന പ്രശ്നങ്ങൾ

1 ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതകളുണ്ടെങ്കിലും യാതൊരു വിധ പ്രോത്സാഹനവുമില്ല

2 മത്സ്യ വിപണനത്തിന് ആധുനിക സംവിധാനങ്ങളോ പൊതുസംവിധാനമോ ഇല്ല.

3 മത്സ്യ തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവാണ്

4 പുഴയിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും വർഷക്കാലത്ത് ധാരാളം മത്സ്യരോഗങ്ങൾ കണ്ടുവരുന്നു.

5 മത്സ്യം പിടിക്കുന്നതിന് ഇന്ന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളായ ജലത്തിൽ വിഷം കലർത്തൽ, തോട്ട പൊട്ടിക്കൽ തുടങ്ങിയവ അശാസ്ത്രീയ രീതികൾ ആണ്.

നിർദ്ദേശങ്ങൾ

1 മത്സ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സൗകര്യവും പൊതു മാർക്കറ്റുകളും സ്ഥാപിക്കുക.

2 മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.

3 മത്സ്യ തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിന്, കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക, വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുക, ചെമ്മീൻ അച്ചാർ, കടുക്ക അച്ചാർ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

4 ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെകൊണ്ടുവന്ന് വളർത്തുന്നതിന് സൗകര്യം സൃഷ്ടിക്കുക.

5 ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടുത്തി മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഗ്രാൻറ് നൽകുന്ന പദ്ധതി നടപ്പിലാക്കുക.

6 മത്സ്യതൊഴിലാളികളുടെ ഓലമേഞ്ഞ വീടുകൾ ഓടിടുന്നതിനും കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിനും പ്രത്യേക ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുക.

7 ഉപയോഗമില്ലാത്ത മത്സ്യം ഉപയോഗിച്ച് ശാസ്ത്രീയമായി വളം നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കുക.

8 ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതി ഉണ്ടാക്കുക.

9 ജലാശയങ്ങളിൽ നഞ്ഞ് കലർത്തൽ, തോട്ടപൊട്ടിക്കൽ തുടങ്ങിയ പരമ്പരാഗത രീതികൾ ഉപേക്ഷിച്ച് മത്സ്യ ബന്ധനത്തിന് ശാസ്ത്രീയമായ രീതികൾ സ്വീകരിക്കുക.

**സാധ്യതകൾ**

പഞ്ചായത്തിൽ 14 വാർഡുകളിലായി 31 കുളങ്ങൾ ഉള്ളതിനാൽ മിക്കതിലും ബണ്ടു പിടിപ്പിച്ച് ആധുനിക രീതിയിൽ മത്സ്യകൃഷി നടത്താവുന്നതാണ്.

മത്സ്യകൃഷി നടത്തുന്നതിന് ഗവൺമെൻറ് ഏജൻസിയായ F.F.D.A., B.F., F.D.A.മുതലായവയുടെ കീഴിൽ തൊഴിൽരഹിതരായ യുവാക്കൾക്ക് പരിശീലനം ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം. കൂടാതെ പൊതു ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും നടത്തേണ്ടതാണ്. മത്സ്യ കർഷകർക്ക് മത്സ്യകുഞ്ഞുങ്ങൾ, മത്സ്യത്തീറ്റ മുതലായവ സൗജന്യനിരക്കിൽ സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

**2 റിസർവോയർ**

പഞ്ചായത്തിൻെറ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ചിമ്മിനിഡാമിൻെറ റിസർവോയറിൽ വൻതോതിൽ, അതിവേഗം വളരുന്ന കാർപ്പ് ഇനത്തിൽപെട്ട കട്ല, റോഹു, മൃഗാൾ, സൈപ്രിനസ്, ഗ്രാസ് കാർപ്പ് , സിൽവർ കാർപ്പ് മുതലായ മത്സ്യ കുഞ്ഞുങ്ങളെ സ്റ്റോക്ക് ചെയ്യാവുന്നതാണ്. മറ്റു ഡാമുകളിൽ ഉള്ളതുപോലെ ഇവിടെയും മത്സ്യബന്ധനത്തിന് മത്സ്യതൊഴിലാളി സഹകരണസംഘം രൂപീകരിച്ച് മത്സ്യതൊഴിലാളികൾക്ക് മത്സ്യ ബന്ധനാവകാശം നൽകാവുന്നതാണ്. ഇപ്പോൾ പാലപ്പിള്ളിയിൽ ഉള്ള സൊസൈറ്റിയുടെ പ്രവർത്തന മേഖല വികസിപ്പിച്ചാലും ഇത് നടത്താവുന്നതാണ്.



616

### 3 ഹാച്ചറി

ചിമ്മിനിഡാമിനു താഴെ പുഴയുടെ തെക്കുഭാഗത്ത് മത്സ്യ കുളങ്ങൾ നിർമ്മിക്കാവുന്നതും ഇവിടെ വൻതോതിൽ മത്സ്യം വളർത്താവുന്നതുമാണ്. കൂടാതെ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഒരു ഹാച്ചറി തുടങ്ങണം. ഇതിലേക്ക് ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ സഹകരണം തേടാവുന്നതാണ്.

വേനൽക്കാലത്ത് കുളങ്ങളിൽ ജലക്ഷാമം നേരിടുമ്പോൾ റിസർവോയറിൽ നിന്നും ആവശ്യാനുസരണം വെള്ളം കുളങ്ങളിലേക്ക് വിടാവുന്നതാണ്. പഞ്ചായത്തു വക എല്ലാ കുളങ്ങളിലേക്കും വേനൽ കാലത്ത് വെള്ളം ഉപയുക്തമാക്കാൻ സാധിക്കുകയാണെങ്കിൽ മത്സ്യകൃഷി വികസനത്തിന് പഞ്ചായത്തിൽ സാധ്യതകൾ വളരെയുണ്ട്.

### 4 ചെമ്മീൻ കൃഷി

ശുദ്ധജലത്തിൽ വളരുന്ന മക്രോബ്രാക്കിയം ഇനത്തിൽപെട്ട ചെമ്മീൻ കുളങ്ങളിൽ വളർത്താവുന്നതാണ്. ഗവൺമെൻറ് ഹാച്ചറികളിൽ നിന്നും ചെമ്മീൻ കുഞ്ഞുങ്ങൾ ലഭ്യമാണ്. ചെമ്മീൻ കൃഷിക്കും, മത്സ്യകൃഷിക്കും സബ്സീഡി നിരക്കിൽ ഇന്ന് വായ്പകൾ ലഭ്യമാണ്.

### 5 ഫിഷറീസ് കോംപ്ലക്സ്

വരന്തരപ്പിള്ളി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചിമ്മിനിഡാമിൻെറ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് 'മലമ്പുഴ മോഡൽ' മത്സ്യം വളർത്തുന്നതിനും, മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ഒരു ഫിഷറീസ് കോംപ്ലക്സ് സ്ഥാപിക്കാവുന്നതാണ്.

### 6 ഫിഷറീസ് ഫാം

ഒരു ഫിഷറീസ് ഫാം രൂപീകരിക്കുന്നതിന് വേണ്ട ഭൗതീകസാഹചര്യങ്ങൾ എല്ലാം ഒത്തിണങ്ങിയ ഒരു പ്രദേശം; വരന്തരപ്പിള്ളി പഞ്ചായത്തിൻെറ അധീനതയിലുള്ള 10 ഏക്കറോളം വിസ്തീർണ്ണമുള്ള ഉറവ വറ്റാത്ത ഒരു ജലസ്രോതസ്സ് നമ്മുടെ പഞ്ചായത്ത് പരിധിയിലുണ്ട്. പഞ്ചായത്ത് മുൻകൈയെടുത്തോ, ഫിഷറീസ് ഡിപ്പാർട്ടുമെൻറുമായി



617

ബന്ധപ്പെട്ടുകൊണ്ടോ, ആധുനിക സജ്ജീകരണങ്ങളുള്ള ഒരു ഫിഷറീസ് ഫാം രൂപീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു അനുകൂല സാഹചര്യം ഉപയുക്തമാക്കികൊണ്ട് തൊഴിലില്ലായ്മ പ്രത്യക്ഷമായും പരോക്ഷമായും പരിഹരിക്കാവുന്നതാണ്. ഒരു മത്സ്യ കമ്പോളമാക്കി വിപുലീകരിക്കാനും ചെമ്മീൻകൃഷി, മത്സ്യകൃഷിയോടൊപ്പം താമരകൃഷി എന്നിവക്കുള്ള സാധ്യതകളും ഏറെയുണ്ട്. ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.

*"കഠിനമായ ജോലിയാണ് നമ്മുടെ മുന്നിലുള്ളത്.*
*നമ്മുടെ പ്രതിജ്ഞ നിറവേറ്റുന്നതുവരെ*
*നമുക്കാർക്കും ഇനി വിശ്രമമില്ല."*

*- നെഹറു*



618

# വ്യവസായം

വ്യാവസായിക രംഗത്ത് വരന്തരപ്പിള്ളി പഞ്ചായത്തിന് കാര്യമായ മുന്നേറ്റങ്ങളൊന്നും തന്നെ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യം ഭക്ഷിക്കുന്നതിന് മുമ്പ് 1902- ൽ സ്ഥാപിതമായ പാലപ്പിള്ളി തോട്ടം മേഖലിയിലുള്ള റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട നാല് വൻകിട സ്വകാര്യവ്യവസായങ്ങളൊഴിച്ച് എടുത്ത് പറയാവുന്ന വ്യവസായങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായ യൂണിറ്റുകളായി പ്രവർത്തിക്കുന്ന സോമിൽ, PVCപൈപ്പ് നിർമ്മാണം, ക്രഷർ, എല്ലുപൊടി നിർമ്മാണം, കുടൽ സംസ്കരണം, ഫർണിച്ചർ, ഹോളോ ബ്രിക്സ്, ക്രാസി, ഓട് നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ബീഡി നിർമ്മാണം, റോൾഡ് - ഗോൾഡ്, സ്വർണ്ണം, വെള്ളി, ചിപ്സ് നിർമ്മാണം, ഓയിൽ മിൽ, റൈസ് മിൽ, റെഡിമെയ്ഡ് നിർമ്മാണം, ആയുർവ്വേദ മരുന്നു നിർമ്മാണം കരിങ്കൽ ക്വാറി, കുട്ടനെയ്ത്ത്, പ്ളാസ്റ്റിക് നിർമ്മാണം തുടങ്ങിയവ നിലവിലുണ്ടെങ്കിൽ പോലും നാടിൻെറ വികസന പന്ഥാവിൽ ഏറ്റവും വലിയ ഭീഷിണിയായി നില്ക്കുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണുവാൻ സാധിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ 4543 പേരാണ് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ കേവലം 8.5% ജനങ്ങൾ മാത്രം വ്യവസായ മേഖലയെ ആശ്രയിക്കുന്നുള്ളു.

## വ്യവസായ മേഖലകളിലെ സ്ത്രീ പങ്കാളിത്തം

വ്യവസായ മേഖലയിൽ പാലപ്പിള്ളി എസ്റ്റേറ്റ് മേഖലയിൽ 1500 ഓളം സ്ത്രീ തൊഴിലാളികൾ സ്ഥിര-താൽക്കാലികമായി തൊഴിലെടുക്കുന്നു. ചെറുകിട-വ്യവസായ യൂണിറ്റുകളിൽ മൊത്തം 3000 ത്തോളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടുള്ള വ്യവസായമേഖലക്ക് കൂടുതൽ സാധ്യതയുള്ള പഞ്ചായത്താണിത്.



619

### പട്ടിക 1 പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം പു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | കുട്ടനെയ്ത്ത് | 20 | 20 | 40 |

### പട്ടിക 2 ചെറുകിട വ്യവസായ യൂണിറ്റുകൾ

അവലംബം പഞ്ചായത്ത് രജിസ്റ്റർ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| 1 | ഓയിൽ മിൽ | 9 | 13 | 8 | 21 |
| 2 | സോമിൽ | 2 | 20 | - | 20 |
| 3 | PVCപൈപ്പ് നിർമ്മാണം | 1 | 4 | - | 4 |
| 4 | ക്രഷർ | 1 | 15 | 35 | 50 |
| 5 | എല്ലുപൊടി നിർമ്മാണം | 1 | 3 | 6 | 9 |
| 6 | കുടൽ സംസ്കരണം | 1 | 5 | - | 5 |
| 7 | ഫർണിച്ചർ | 10 | 50 | - | 50 |
| 8 | ഹോളോബ്രിക്സ് | 4 | 5 | 7 | 12 |
| 9 | ക്രാസി | 1 | 2 | 5 | 7 |
| 10 | ഓട് നിർമ്മാണം | 1 | 5 | 10 | 15 |
| 11 | ഇഷ്ടിക നിർമ്മാണം | 3 | 45 | 50 | 95 |
| 12 | ബീഡി തെറുപ്പ് | 3 | 5 | 150 | 155 |
| 13 | റോൾഡ് ഗോൾഡ് | 100 | 200 | 600 | 800 |
| 14 | സ്വർണ്ണം | 50 | 100 | - | 100 |
| 15 | വെള്ളി | 3 | 10 | - | 10 |
| 16 | ചിപ്പ് നിർമ്മാണം | 2 | 4 | - | 4 |
| 17 | റൈസ് മിൽ | 5 | 10 | 5 | 15 |
| 18 | റെഡിമെയ്ഡ് നിർമ്മാണം | 4 | - | 40 | 40 |
| 19 | ആയുർവ്വേദമരുന്നു നിർമ്മാണം | 2 | 2 | 20 | 22 |
| 20 | കരിങ്കൽ ക്വാറി | 7 | 70 | - | 70 |
| 21 | പ്ലാസ്റ്റിക് നിർമ്മാണം | 1 | 1 | 2 | 3 |
| 24 | കോഴി വളർത്തൽ | 3 | 3 | 0 | 3 |

പട്ടിക iii വൻകിട കാർഷിക വ്യവസായം

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | സ്ഥിരം തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | റബ്ബർ | 4 | 1215 | 766 | 1981 |

ഈ മേഖലയിൽ 1981 സ്ഥിരം തൊഴിലാളികളും ഏകദേശം അത്രതന്നെ താല്ക്കാലിക തൊഴിലാളികളും ജോലി ചെയ്യുന്നു. മറ്റു തൊഴിൽ മേഖലകളെ അപേക്ഷിച്ച് കുറഞ്ഞ കൂലിയാണ് ഇവർക്ക് ലഭിക്കുന്നത്. ഉല്പന്നത്തിന് താരതമ്യേന ഉയർന്ന വിലയും തൊഴിലാളികൾക്ക് കുറഞ്ഞു കൂലിയും എന്നത് ഈ മേഖലയിലെ ഒരു വൈരുദ്ധ്യമാണ്. ഇത് ഈ വിഭാഗം തൊഴിലാളികളുടെ ജിവിതനിലവാരത്തിൻെറ പിന്നോക്കാവസ്ഥക്കു കാരണമാകുന്നു.

പട്ടിക iv

വ്യവസായ സഹകരണസംഘങ്ങൾ

പ്രവർത്തിക്കുന്നവ

| സംഘത്തിൻെറ പേര്, സ്ഥലം | തൊഴിലാളികളുടെ എണ്ണം |
|---|---|
| ഖാദി നൂൽനൂൽപ്പ് സഹകരണസംഘം നന്തിപുലം | 15 |

പട്ടിക V

വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കാത്തവ

| സംഘത്തിൻേറ പേര് | തൊഴിലാളികളുടെ എണ്ണം | സ്വഭാവം |
|---|---|---|
| ഹോളോബ്രിക്സ് സഹകരണസംഘം | - | രജിസ്റ്റർ ചെയ്ത് തൊഴിൽ ആരംഭിച്ചിട്ടില്ല |
| തീപ്പെട്ടി നിർമ്മാണസഹകരണസംഘം, വരന്തരപ്പിള്ളി | 20 | മുഴുവൻ വനിതകൾ ആയിരുന്നു |
| വനിതാവ്യവസായ സഹകരണസംഘം, വരന്തരപ്പിള്ളി | 5 | മുഴുവൻ വനിതകൾ ആയിരുന്നു |
| ക്ഷീരവ്യവസായസഹകരണസംഘം, മുപ്ലിയം, വരന്തരപ്പിള്ളി, പാലപ്പിള്ളി | 9 | ഒന്നും പ്രവർത്തിക്കുന്നില്ല |
| കൈത്തറി സഹകരണസംഘം പാലപ്പിള്ളി | 35 | " |
| ഗ്രാമവ്യവസായസഹകരണ സംഘം, ഇഞ്ചക്കുണ്ട് | 6 | ഇപ്പോൾ പ്രവർത്തിക്കുന്നില്ല |

വിദ്യാഭ്യാസത്തിൻെറയും ആരോഗ്യത്തിൻെറയും കാര്യത്തിൽ മുൻപന്തിയിൽ നില്ക്കുന്ന നമ്മുടെ പഞ്ചായത്ത് വ്യവസായിക രംഗത്ത് വളരെയേറെ പിന്നിലാണ്. റബ്ബർ, തെങ്ങ്, മുതലായ കാർഷിക വിളകൾ ധാരാളം ഉണ്ടെങ്കിലും ഈ വിഭവങ്ങളിൽ അധിഷ്ഠിതമായ വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിലില്ല.

വസ്തുതകൾ പരിശോധിക്കുമ്പോൾ വരന്തരപിള്ളി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും പ്രവർത്തനത്തിലില്ലാത്തവയും ലിക്വിഡേഷൻെറ വക്കത്ത് എത്തി നില്ക്കുന്നതുമായ വ്യവസായ യൂണിറ്റുകളും സംഘങ്ങളും ആണ് അധികവും ഉള്ളത്. നന്തിപുലത്ത് സർക്കാർ സഹായത്തോടെ പ്രവർത്തനം ആരംഭിച്ച ഒരു അലൂമിനിയം പാത്രനിർമ്മാണ യൂണിറ്റുമുണ്ട്. കെട്ടിടവും വൈദ്യുതി കണക്ഷനും ഉള്ള ഈ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. നന്തിപുലത്ത് പ്രവർത്തിക്കുന്ന ഖാദി നൂൽനൂൽപ്പ് സഹകരണസംഘം കൂടുതൽ വനിതകളെ ഉൾപ്പെടുത്തി വിപുലീകരിക്കുവാൻ സാധ്യതയുള്ളതാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന സഹകരണ സംഘങ്ങൾ പലതും വെറും കടലാസുസംഘങ്ങൾ മാത്രമാണ്. ഗവൺമെൻറിൻെറ ഗ്രീൻറിനു വേണ്ടി മാത്രം രജിസ്റ്റർ ചെയ്യുകയും ആനുകൂല്യങ്ങൾ ലഭിച്ചു കഴിഞ്ഞാൽ അടച്ചുപൂട്ടുകയും ചെയ്യുന്നു. ശക്തമായ മാനേജ്മെൻറിൻെറ അഭാവവും ഭരണത്തിലെ തകരാറുകളും ചില സംഘങ്ങളുടെ പൂട്ടിയിടലിന് ഇടയാക്കിയിട്ടുണ്ട്.

ഇഞ്ചക്കുണ്ടിലും നന്തിപുലത്തും രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സഹകരണ സംഘങ്ങൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. അത് ജനകീയ കമ്മിറ്റിയെ ഏല്പിച്ച് വേണ്ട സഹായധനങ്ങൾ നല്കിയാൽ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയും. മാട്ടിൻ ദേശത്ത് പ്രവർത്തിക്കുന്ന ചകിരി സംസ്കാരണത്തെ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂലിതർക്കം മൂലം അടഞ്ഞുകിടക്കുന്ന ആ യൂണിറ്റിൻെറ പ്രശനം മധ്യസ്ഥർ ഇടപ്പെട്ട് പരിഹരിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1 പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഇല്ല.

2 വൈദ്യുതി ക്ഷാമം

3 എസ്റ്റേറ്റിലെ വൻകിട വ്യവസായശാലയിൽ നിന്നും മലിനജലം കുറുമാലി പുഴയിലേക്ക് ഒഴുകുന്നു.

4 ആവശ്യമുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ട പരിശീലനം നല്കാൻ ഉള്ള സ്ഥാപനങ്ങൾ നിലവിലില്ല.

5 പരമ്പരാഗത - കുടിൽ വ്യവസായങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നല്കി പ്രോത്സാഹിപ്പിക്കുക

6 നിലവിലുള്ള ലൈസൻസ് നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതാണ്.

7 വ്യാവസായിക സംരഭകർക്ക് വായ്പാ സൗകര്യങ്ങൾ പരിമിതമാണ്

8 വ്യാവസായികാഭിവൃദ്ധിയുടെ ആവശ്യകതയെപറ്റി ജനങ്ങളിൽ ശരിയായ അവബോധമില്ല

9 റോൾഡ് ഗോൾഡ് നിർമ്മാണ തൊഴിലാളികൾ അസംസ്കൃത വസ്തുക്കളും വിപണിയും കണ്ടെത്താനാവാതെ വിഷമിക്കുന്നുണ്ട്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 ചകിരി സംസ്കരണ യൂണിറ്റുകൾ

2 കൊപ്രയാട്ടി വെളിച്ചെണ്ണയുണ്ടാക്കുന്ന യൂണിറ്റുകൾ

3 റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ

4 ഫർണിച്ചർ നിർമ്മാണ കേന്ദ്രങ്ങൾ

5 കൈത്തറി - പവർലൂം കേന്ദ്രങ്ങൾ ആരംഭിക്കുക.

6 ടാപ്പിങ്ങിന്നാവശ്യമായ ചിരട്ട, ചില്ല്, വളയം, മുതലായവ നിർമ്മിക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

7 ചിപ്സ് നിർമ്മാണ യൂണിറ്റുകൾ

8 ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മാണ യൂണിറ്റ്

9 പായ നെയ്ത്ത്, ബ്രഷ് നിർമ്മാണം യൂണിറ്റുകൾ നിർമ്മിക്കുക.

10 കരിങ്കൽ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക

11 റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ

12 മെഴുകുതിരി - സോപ്പ് നിർമ്മാണ യൂണിറ്റുകൾ

13 ഓർക്കിഡ് - കുറ്റിമുല്ല കൃഷി യൂണിറ്റുകൾ

14 കാലിത്തീറ്റ യൂണിറ്റുകൾ

15 മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

### സാധ്യതകൾ

1 വനസമ്പത്തും കാർഷിക സമ്പത്തും മനുഷ്യശേഷിയും ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്

2 ഉൾനാടൻ ജലാശയങ്ങളിൽ വ്യവസായികാടിസ്ഥാനത്തിൽ മത്സ്യ ഉത്പാദനം

നടത്താവുന്നതാണ്

3 കിഴങ്ങു വർഗ്ഗങ്ങൾ ഉപയോഗിച്ച് ഗ്ലൂക്കോസ് ഉല്പാദനം നടത്തുന്ന യൂണിറ്റുകൾ

4 പച്ചമരുന്നുകൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്.

5 മുനിയാട്ടുകുന്ന് ചിമ്മിനിഡാമുമായി ബന്ധിപ്പിച്ച് ടൂറിസം വികസന സാദ്ധ്യതയുണ്ട്.

6 വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ചിമ്മിനി ഡാം - ഹൈഡ്രോ - ഇലക്ട്രിക് പ്രോജക്ട് നടപ്പിലാക്കാലവുന്നതാണ്.

മുകളിലുദ്ധരിച്ച നിർദ്ദേശങ്ങളും സാധ്യതകളും കണക്കിലെടുത്ത് ചർച്ചയിൽ ഉരുത്തിരിയുന്ന മാർഗ്ഗനിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നമ്മുടെ പഞ്ചായത്തിനാവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും. പ്രാദേശിക ഉല്പന്നങ്ങളെ ആശ്രയിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കാനും അങ്ങിനെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനും കഴിഞ്ഞാൽ തൊഴിലില്ലായ്മക്ക് അറുതി വരുത്തി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും അങ്ങിനെ പുതിയ വികസന സംസ്കാരത്തിന് മാതൃകയാകാനും കഴിയും.

*അധ്വാനം കൂടാതെ*
*മഹത്തായ ഒന്നും ആരും നേടിയിട്ടില്ല.*
*- എമേഴ്സൺ*

# വിദ്യാഭ്യാസം

ഒരു ജനതയുടെ സാംസ്കാരികമായ ഔന്നത്യം, രാജ്യത്ത് നിലനിൽക്കുന്ന വിദ്യാഭ്യാസത്തിൻെറ വളർച്ചയെ ആശ്രയിച്ചുനിൽക്കുന്നു. ആയതിനാൽ സംസ്കാരകവും, വിദ്യാഭ്യാസവും ഒരു സമൂഹത്തിൻെറ വളർച്ചയുടെ അവിഭാജ്യഘടകങ്ങളാണെന്നു മനസ്സിലാക്കാം.

വിദ്യാഭ്യാസം മനുഷ്യനെ, അവൻെറ ചുറ്റുപാടുകളുടെ സ്വാധീനത്താൽ സ്വയം സൃഷ്ടിച്ച ബന്ധനങ്ങളിൽ നിന്ന് മോചിതനാകാൻ സഹായിക്കുന്നതോടൊപ്പം, മാനവികതയിൽ അധിഷ്ഠിതമായ ഒരു പുതിയ ചിന്താധാരയിലൂടെ സമൂഹത്തെ മുന്നോട്ടുനയിക്കുന്നതിന് ശക്തരാക്കുകയും ചെയ്യുന്നു. അജ്ഞതയാൽ കൊട്ടിയടക്കപ്പെടുന്ന മനസ്സിൽ ലോകത്തിനു നേരെ തുറക്കപ്പെടുന്ന ഒരു കിളിവാതിൽ - അതിനെ വിദ്യാഭ്യാസമെന്ന് നമുക്ക് വിളിക്കാം. പാരമ്പര്യവും, പൈതൃകവുമായ മൂല്യങ്ങളിൽ നിന്നുകൊണ്ട് ബൗദ്ധിക മേഖലയെ ഉണർത്തുവാനുതകുന്ന ഒരു വിദ്യാഭ്യാസനയം ഓരോ സമൂഹത്തിനും ആവശ്യമാണ്. ഈ ലക്ഷ്യപ്രാപ്തിക്ക് ഒമ്പതാം പദ്ധതി സാക്ഷ്യം വഹിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിയ്ക്കാം.

സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യത്ത് വിദ്യാഭ്യാസരംഗത്തുണ്ടായ മുന്നേറ്റം വരന്തരപ്പിള്ളി പഞ്ചായത്തിലും ഒരു പരിധിവരെ പ്രതിഫലിച്ചിട്ടുണ്ട്. ഈ മുന്നേറ്റത്തിൽ ഔപചാരികവും, അനൗപചാരികവുമായ സ്ഥാപനങ്ങളുടെ പങ്ക് എടുത്തു പറയാവുന്നതാണ്.

വരന്തരപ്പിള്ളി പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് മാതൃകാപരമായ നേട്ടം കൈവരിച്ച അപൂർവ്വം ചില വ്യക്തികളെ നമുക്ക് ഇവിടെ സ്മരിക്കാം. രാജ്യത്തെ പരമോന്നത ബിരുദങ്ങളിൽ ഒന്നായ I.F.S. (ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്) ലഭിച്ച നടാംപാടം, പടിഞ്ഞാറേടത്തു മനയിൽ ഉണ്ണികൃഷ്ണൻ, കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് B.A. ക്ക് ഒന്നാം റാങ്ക് നേടിയ ആറ്റപ്പിള്ളി സ്വദേശി വേല്ത്തിപ്പറമ്പിൽ ഔസേഫ് മകൻ ആൻറണി. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്ന് സംസ്കൃതത്തിൽ ഒന്നാം റാങ്ക് നേടിയ മല്ലിശ്ശേരി മനയ്ക്കൽ ശ്രീദേവി (ആറ്റപ്പിള്ളി) B.A.ഇക്കണോമിക്സിൽ ഉന്നതവിജയം കരസ്ഥമാക്കിയ ടെസ്സി പി.പി., കാലിക്കറ്റ് B.A സംസ്കൃതം II റാങ്ക് നേടിയ സരിത മഹേശ്വരൻ B.Sc സ്റ്റാറ്റിസ്റ്റിക് ഒന്നാം റാങ്ക് നേടിയ കവിത മഹേശ്വരൻ സ്കോളർഷിപ്പ് പരീക്ഷയിൽ ഗവർണറിൽ നിന്ന് സ്വർണ്ണമെഡൽ നേടിയ വേലൂപ്പാടം



626

സ്വദേശി മാക്കോത്ത് കുമാരൻ മകൻ ജിനീഷ് എന്നിവർ വരന്തരപ്പിള്ളിയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

ഔപചാരിക രംഗത്ത് സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും കൂടി, മൊത്തം 12 സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ 2 എണ്ണം സർക്കാർ മേഖലയിലും 2 എണ്ണം സ്വകാര്യമേഖലയിലുമാണ്. യു.പി. വിഭാഗത്തിൽ 3 സ്ക്കൂളുകളിൽ ഒന്ന് സർക്കാർ മേഖലയിലും 2 എണ്ണം സ്വാകാര്യമേഖലയിലുമാണ്. L.P.വിഭാഗത്തിൽ ആകെയുള്ള 5 സ്ക്കൂളുകളിൽ ഒന്ന് സർക്കാർ മേഖലയിലും 4 എണ്ണം സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നു.

വരന്തരപ്പിള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ നിലവാരം ഉയർത്തുന്നതിന് അനൗപചാരിക രംഗത്ത് പ്രവർത്തിക്കുന 5 വായനശാലകൾ വഹിച്ച പങ്ക് നിർണ്ണായകമാണ്. ഈ പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലനിൽക്കുന്നില്ല. എങ്കിലും, ഉന്നത വിദ്യാഭ്യാസരംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു പാരലൽ കോളേജും ഇവിടുത്തെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിൽ നിസ്സീമമായ പങ്കു വഹിക്കുന്നു. ശിശു വിദ്യാഭ്യാസത്തെ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന 5 നേഴ്സറികളും, 3 ബാലവാടികളും കുട്ടികളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടി അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും വിദ്യാഭ്യാസരംഗത്തിൻെറ ഭാഗമായി ഇവിടെ നിലനിൽക്കുന്നു.

മേൽപറഞ്ഞ 12 സ്ക്കൂളുകളിലും മറ്റ് ശിശു വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്പത വിദ്യാഭ്യാസ നിലവാര തകർച്ചക്ക് കാരണമാകുന്നു. പല സ്ക്കൂളുകളിലും പ്രാഥമിക ആവശ്യങ്ങൾക്കുപോലും സൗകര്യമില്ലാത്ത അവസ്ഥയാണ്. ഇതുപോലെത്തന്നെ, വൈദഗ്ദ്യമുള്ള അദ്ധ്യാപകരുടെ അഭാവം ബോധന നിലവാരത്തെ താഴ്ത്തുന്നു. ഈ പഞ്ചായത്തിലെ വ്യത്യസ്ഥ മേഖലകളിൽ വസിക്കുന്ന കുട്ടികൾക്ക് ഹൈസ്ക്കൂളുകളിൽ എത്തിച്ചേരുന്നതിന് കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ട അവസ്ഥയുമുണ്ട്.

വരന്തരപ്പിള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തിൻെറ ഒരു പരിഛേദം നമുക്ക് പട്ടികകളിലൂടെ വിവക്ഷിയ്ക്കാം.

പട്ടിക 1

വിദ്യാർത്ഥികൾ

| | സ്ക്കൂളിന്റെ പേര് | മാനേജ്മെന്റ് | ആൺ | പെൺ | ആകെ | അധ്യാപകർ |
|---|---|---|---|---|---|---|
| 1 | ബി.ബി.എൽ.പി.എസ് മാഞ്ഞൂർ | എയ്ഡഡ് | 107 | 96 | 203 | 6 |
| 2 | സെന്റ് ജോൺ ബോസ്കൊ എൽ.പി.സ്ക്കൂൾ, വരന്തരപ്പിള്ളി | എയ്ഡഡ് | 238 | 211 | 449 | 12 |
| 3 | ഗവ. ട്രൈബൽ എൽ.പി.സ്ക്കൂൾ, എച്ചിപ്പാറ | സർക്കാർ | 64 | 54 | 118 | 5 |
| 4 | സെന്റ് ആന്റണീസ് എൽ.പി.എസ്, വരന്തരപ്പിള്ളി | എയ്ഡഡ് | 320 | 282 | 602 | 17 |
| 5 | എ.എൽ.പി.എസ്. വേലൂപ്പാടം | എയ്ഡഡ് | 247 | 196 | 443 | 13 |
| 6 | ജനത യു.പി.എസ്. വരന്തരപ്പിള്ളി | എയ്ഡഡ് | 104 | 75 | 179 | 12 |
| 7 | ഗവ. യു.പി.എസ്. നന്തിപുലം | സർക്കാർ | 84 | 80 | 164 | 9 |
| 8 | സെന്റ് പയസ് ടെൻത് സി.യു.പി.എസ്, വരന്തരപ്പിള്ളി | എയ്ഡഡ് | 552 | 646 | 1198 | 27 |
| 9 | ഗവ. ഹൈസ്ക്കൂൾ, മുപ്ലിയം | സർക്കാർ | 761 | 689 | 1450 | 50 |
| 10 | ഗവ. ഹൈസ്ക്കൂൾ, കന്നാറ്റുപാടം | സർക്കാർ | 460 | 409 | 869 | 30 |
| 11 | സെന്റ് ജോസഫ് ഹൈസ്ക്കൂൾ, വേലൂപ്പാടം | എയ്ഡഡ് | 267 | 249 | 516 | 27 |
| 12 | അസംപ്ഷൻ എച്ച്.എസ്, വരന്തരപ്പിള്ളി | എയ്ഡഡ് | 882 | 844 | 1726 | 54 |
| | ആകെ കുട്ടികളുടെ എണ്ണം ..... | | | 4086 | 3831 | 7917262 |

പട്ടിക 2

ഭൗതിക സാഹചര്യം

| സ്കൂൾ | സ്റ്റാഫ് മുറി | മൂത്രപ്പുര | കക്കൂസ് | ലൈബ്രററി | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കുടിവെള്ളം |
|---|---|---|---|---|---|---|---|---|
| ബി.ബി.എൽ.പി.എസ്, മാഞ്ഞൂർ | ഇല്ല | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| സെൻറ് ജോൺബോസ്കോ, വരന്തരപ്പിള്ളി | ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ട്രൈബൽ സ്കൂൾ, എച്ചിപ്പാറ | ഇല്ല | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| സെൻറ് ആൻറണീസ്, എൽ.പി.എസ്, വരന്തരപ്പിള്ളി | ഉണ്ട് | ഇല്ല | 2 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എ.എൽ.പി.എസ്, വേലൂപ്പാടം | ഇല്ല | 2 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ജനത യു.പി.എസ്, വരന്തരപ്പിള്ളി | ഉണ്ട് | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവ. യു.പി.എസ്, നന്തിപുലം | ഉണ്ട് | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| സെൻറ് പയസ് ടെൻത്ത് സി.യു.പി.എസ് വരന്തരപ്പിള്ളി | ഉണ്ട് | 4 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| ഗവ. ഹൈസ്ക്കൂൾ, മുപ്ലിയം | ഇല്ല. | 3 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| ഗവ. ഹൈസ്ക്കൂൾ, കന്നാറ്റുപാടം | ഉണ്ട് | 3 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| സെൻറ് ജോസഫ് എച്ച്.എസ്. വേലൂപ്പാടം | ഉണ്ട് | 2 | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| അസംപ്ഷൻ ഹൈസ്ക്കൂൾ, വരന്തരപ്പിള്ളി | ഉണ്ട് | 3 | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്ന ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ പല സ്ക്കൂളുകൾക്കും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾപോലുമില്ല എന്ന് നമുക്ക് മനസ്സിലാക്കാം. പല സ്ക്കൂളുകളിലും കളിസ്ഥലവും പാചകമുറിയും ഇല്ലാത്ത അവസ്ഥയും വ്യക്തമാണ്.

പട്ടിക 3

പഠനം നിർത്തിയവരുടെ കണക്ക്

| എസ് .സി / എസ് .ടി. | | | ജനറൽ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 25 | 15 | 40 | 103 | 80 | 183 |

95-96 വർഷത്തിലെ കണക്കുകൾ പരിശോധിക്കുമ്പോൾ പത്താംക്ലാസ്സ് എത്തുന്നതിനു മുമ്പ് പഠനം നിർത്തിയവരുടെ എണ്ണം ആകെ 223 ആണെന്ന് മനസ്സിലാക്കുന്നു. അതിൽ എസ്.സി./ എസ്.ടി. വിഭാഗം 40ഉം ജനറൽ 183ഉം. എസ്.സി./എസ്. ടി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എണ്ണത്തിൽ കുറവാണെങ്കിലും മൊത്തം ഈ വിഭാഗത്തിലുള്ളവരുടെ ശതമാനം പരിശോധിച്ചാൽ 40 എന്ന നമ്പർ വളരെ വലുതാണെന്നു കാണാം.

പട്ടിക 4

എസ്.എസ്.എൽ.സി. വിജയശതമാനം.

| സ്ക്കൂളിന്റെ പേര് | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| സെൻറ് ജോസഫ് ഹൈസ്ക്കൂൾ, വേലൂപ്പാടം | 94% | 74% | 74.3% | 59.9% |
| അസംപ്ഷൻ ഹൈസ്ക്കൂൾ, വരന്തരപ്പിള്ളി | 77.1% | 83.55% | 84.58% | 80% |
| ഗവ. ഹൈസ്ക്കൂൾ, മുപ്ളിയം | 85.03% | 67.1% | 45.1% | 49% |
| ഗവ. ഹൈസ്ക്കൂൾ, കാന്നാറ്റുപാടം | 18.98% | 44.3% | 18% | 11% |



630

മേൽ കാണിച്ച പട്ടികയിലെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിച്ചാൽ മുൻകൊല്ലങ്ങളെ അപേക്ഷിച്ച് വിജയശതമാനം കുറഞ്ഞു കൊണ്ടിരിക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്.

പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും അതുപോലെതന്നെ ബോധന നിലവാരത്തിൻെറ കുറവും പരിഗണിച്ചുകൊണ്ട് ഗ്രാമസഭകളിൽ നിന്നു വന്ന അഭിപ്രായങ്ങൾ വിശകലനം ചെയ്ത് വിദ്യാഭ്യാസരംഗത്തെ സമഗ്ര വികസനത്തിനു വേണ്ടി ചില നിർദ്ദേശങ്ങളും, ബാധ്യതകളും മുൻഗണനാക്രമത്തിൽ ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങളും പരിഹാരങ്ങളും

### 1. ഭൗതികാവസ്ഥ

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ സ്ക്കൂളുകളിലും ഭൗതികസാഹചര്യത്തിൻെറ അപര്യാപ്തതയുണ്ട്. കെട്ടിടമില്ലായ്മ, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കുറവ്, കുടിവെള്ളത്തിൻെറ ലഭ്യതകുറവ് എന്നിവ ഇതിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

ഹൈസ്ക്കൂൾ വിഭാഗത്തിൽ ഗവ. ഹൈസ്ക്കൂൾ മുപ്ലിയം മതിയായ ക്ലാസ്സു മുറികളുടെ അപര്യാപ്ത മൂലം പഠനനിലവാരം ഉയർത്താൻ കഴിയാത്ത സ്ക്കൂൾ ആണ്. ആയതിനുവേണ്ടി, 12, 13, 14 എന്നി വാർഡുകളിലെ ജനങ്ങളുടെ സഹകരണത്തോടുകൂടി ആവശ്യമുള്ളത്ര ക്ലാസ്സുമുറികൾ പണിയാമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതുപോലെ കാന്നാറ്റുപാടം ഹൈസ്ക്കൂളിൽ എത്തിച്ചേരുന്നതിനുള്ള യാത്രാസൗകര്യക്കുറവ് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. ഈ അസൗകര്യം പരിഹരിക്കുവാൻ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

യു.പി. വിഭാഗത്തിൽ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭൗതിക സാഹചര്യങ്ങളുടെ അഭാവം പ്രകടമാണ്.

ഇതിൽ പ്രധാന മായും എടുത്തു പറയേണ്ടത് ജനത യു.പി. സ്ക്കൂളിൻെറ സ്ഥിതിയാണ്. സുരക്ഷിതമല്ലാത്ത ക്ലാസ്സുമുറികളും പഴകിത്തകർന്ന ഫർണിച്ചറുകളും, കുടിവെള്ളത്തിൻെറ ലഭ്യതകുറവും പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അസൗകര്യവും ഇവിടെയുണ്ട്. ഈ വക പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

എൽ.പി. വിഭാഗത്തിൽ നിലവിലുള്ള സ്ക്കൂളുകളിൽ മാഞ്ഞൂർ ബി.ബി.എൽ.പി. സക്കൂളിൻെറ നിലയും ഏകദേശം ജനതസ്ക്കൂളിൻെറ അവസ്ഥയോട് തുല്യമാണ്.



631

മറ്റുള്ളവ, സെൻറ് ആൻറണീസ് എൽ.പി. സ്ക്കൂളും, എൽ.പി.എസ്. വേലൂപ്പാടവും, ട്രൈബൽ സ്ക്കൂൾ എച്ചിപ്പാറയും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്ന സ്ക്കൂളുകളുമാണ്.

ശിശു വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ബാലവാടി നേഴ്സറി, അങ്കനവാടി എന്നീ സ്ഥാപനങ്ങൾ പൊതുവെ കെട്ടിടമില്ലായ്മ, കളിക്കോപ്പുകളുടെ അപര്യാപ്തത, എന്നീ പോരായ്മകൾ അനുഭവിക്കുന്നുണ്ട്.

## 2. ബോധന നിലവാരം

എല്ലാ സ്ക്കൂളുകളിലും ബോധന നിലവാരത്തിൻെറ തകർച്ചവ്യക്തമാണ്. ഈ പഞ്ചായത്തിൽ 12 സ്ക്കൂളുകൾ ഉണ്ടെങ്കിലും മാതൃകാപരമായി എടുത്തു കാണിയ്ക്കുന്നതിന് ഒരു സ്ക്കൂൾപോലുമില്ല എന്നത് നിരാശാജനകമാണ്. ഇത് നല്ല ഒരു തലമുറയെ വാർത്തെടുക്കുന്ന കാര്യത്തിൽ നമ്മെ പരാജയപ്പെടുത്തുന്നു. കോത്താരി കമ്മീഷൻെറ അഭിപ്രായത്തിൽ.

*" The very shape of our nation is being built in the classroom"*

ബോധന നിലവാരമുയർത്തുന്നതിനു വേണ്ടി അധ്യാപനപരിശീലനത്തിൻെറ നിലവാരമുയർത്തുകയും, പഴഞ്ചൻ ബോധനരീതി അവസാനിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതുപോലെത്തന്നെ ഗ്ലോബ്, മാപ്പ് ലാബോറട്ടറി എന്നീ സൗകര്യങ്ങൾ ഉപയോഗിച്ച് പഠിപ്പിയ്ക്കേണ്ടതുമുണ്ട്.

ഓരോ വിഷയത്തിലും പ്രാവിണ്യമുള്ള അധ്യാപകരെക്കൊണ്ട് അതതു വിഷയം എടുപ്പിയ്ക്കേണ്ടതാണ്. യു.പി. തലം മുതൽ B.Ed.അധ്യാപകരുടെ അടിസ്ഥാനയോഗ്യതയാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി പി.ടി.എ. മാതൃസംഘങ്ങൾ എന്നിവയ്ക്കു പുറമെ അഭ്യുദയ കാംക്ഷികളുടെ പങ്കാളിത്തം വിദ്യാലയങ്ങളുടെ നടത്തിപ്പിൽ ഉറപ്പു വരുത്തേണ്ടതാണ്.

## 3 പാരാ അക്കാദമിക് പ്രവർത്തനങ്ങൾ

പഠനനിലവാരമുയർത്തുന്നതിനുവേണ്ടി എല്ലാ സ്ക്കൂളുകളിലും സാഹിത്യ സമാജങ്ങൾ, സയൻസ് കോർണർ, മാസ്സ്ഡ്രിൽ, ലൈബ്രറി സൗകര്യം, പഠനയാത്ര, കൈയെഴുത്തു മാസികകൾ എന്നിവ ഉണ്ടാക്കേണ്ടതുണ്ട്. അതുപോലെത്തന്നെ ഒന്നു മുതൽ ഒമ്പതുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന അക്ഷരമുറക്കാത്ത കുട്ടികളെ കണ്ടെത്തി പഠന സമയത്തിനു പുറമെ സമയം കണ്ടെത്തി പരിശീലനം നൽകേണ്ടതുണ്ട്. പഠിച്ച വിഷയങ്ങൾ



632

അടിസ്ഥാനപരമായി മനസ്സിലാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടി പ്രീ. ടെസ്റ്റ്, പോസ്റ്റ്, ടെസ്റ്റ് എന്നിവ നടത്തേണ്ടതുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി. പി.ടി.എ. മാതൃസംഗമം എന്നിവയ്ക്കുപുറമെ പഞ്ചായത്ത് അധികാരികളുടെ മേൽനോട്ടവും ആവശ്യമാണ്.

4 വരന്തരപ്പിള്ളി പഞ്ചായത്തിലും അതുപോലെ തൊട്ടടുത്തു കിടക്കുന്ന മറ്റത്തൂർ, അളഗപ്പനഗർ എന്നീ പഞ്ചായത്തുകളിലും പ്ലസ്.ടു. വൊക്കേഷണൽ ഹയർ സെക്കൻററി എന്നീ കോഴ്സുകൾ ഇല്ലാത്തതിനാൽ കന്നാറ്റുപാടം ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സൈക്കൻററിയും മുപ്ലിയം ഹൈസ്ക്കൂളിൽ പ്ലസ് ടൂവും ആരംഭിക്കേണ്ടതുണ്ട്.

എച്ചിപ്പാറ ട്രൈബൽ എൽ.പി.സ്ക്കൂൾ, മാഞ്ഞൂർ ബി.ബി.എൽ.പി.സ്ക്കൂൾ എന്നിവ യു.പി.സ്ക്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യണമെന്നും നിർദ്ദേശമുണ്ട്. ഇതുപോലെത്തന്നെ പതിനൊന്നാം വാർഡിൽ കുണ്ടായിയിലെ ചക്കിപ്പറമ്പ് എന്ന സ്ഥലത്ത് ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. എന്തുകൊണ്ടെന്നാൽ ഈ പ്രദേശത്തുനിന്നും നായാട്ടുകുണ്ട്, ചൊക്കന എന്നീ സ്ഥലങ്ങളിൽ നിന്നാണ് കുട്ടികൾക്ക് 8 കിലോമീറ്ററോളം യാത്ര ചെയ്ത് കന്നാറ്റുപാടം സ്ക്കൂളിലേക്ക് എത്തിച്ചേരേണ്ടത്.

## 5 പ്രീ പ്രൈമറി വിദ്യാഭ്യാസം - സമഗ്രവികസനത്തിലൂടെ

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി പ്രീ പ്രൈമറി വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനമാണ് അടുത്തതായി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ മേഖലയിലെ വിദ്യാഭ്യാസത്തിന് കുട്ടികളുടെ മാനസികവളർച്ചക്ക് ഉതകുന്നതും വ്യക്തിത്വവികാസത്തിന് ഉപകരിയ്ക്കുന്നതുമായ വിദ്യാഭ്യാസനയം നടപ്പിലാക്കേണ്ടതുണ്ട്. ഇതിനുവേണ്ടി നിർബന്ധ പഠനരീതികൾ ഉപേക്ഷിച്ചുകൊണ്ട് ജന്മസിദ്ധമായ കഴിവുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശപ്രകാരം 1,2,6,7,9,10,.11,13,14 എന്നീ വാർഡുകളിൽ അങ്കനവാടികൾ, ബാലവാടികൾ, നേഴ്സറിവിദ്യാലയങ്ങൾ എന്നിവ നിലവിലില്ലാത്തതിനാൽ ഇത്തരം വിദ്യാലയങ്ങൾ ആരംഭിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ വാർഡുകളിലൊക്കെത്തിന്നെ ഇത്തരം വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ഗ്രാമസഭയോഗങ്ങളിൽ വാഗ്ദാനം, ചെയ്തിട്ടുണ്ട്. ആയതിന് കുട്ടൻചിറയിൽ 3 സെൻറ് സ്ഥലവും കായികാദ്ധ്വാനവും, വടക്കുംമുറിയിൽ പണവും, കായികാദ്ധ്വാനവും ഗ്രാമസഭ വാഗ്ദാനം ചെയ്തിട്ടുണ്ട്.

4,5,8,12 എന്നീ വാർഡുകളിൽ നിലവിലുള്ള അങ്കണവാടി നേഴ്സറി വിദ്യാലയങ്ങൾ പരിപോഷിപ്പിക്കെണ്ടതിൻെറ പ്രാധാന്യം ഉൾക്കൊള്ളുന്നതാണ് ഇവിടുത്തെ

ഗ്രാമസഭാനിർദ്ദേശങ്ങൾ. കെട്ടിടം, കളിക്കൊപ്പുകൾ, പാചകമുറി എന്നിവയുടെ അഭാവം ഈ വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു.

6 ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോയ കുട്ടികളെ കണ്ടെത്തി സാംസ്കാരിക സംഘടനകളുടെ പങ്കാളിത്തത്തോടുകൂടി തുടർവിദ്യാഭ്യാസത്തിന് സഹായിക്കേണ്ടതാണ്.

7 അനൗപചാരികവിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന വായനശാലകളുടെ സ്ഥിതി മെച്ചമെടുത്താൻ സാമ്പത്തിക സഹായം നൽകുകയും, പുതിയ വായനശാലകൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

8 വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനം ലഭിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത സ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനം, ടൈപ്പ്റൈറ്റിംഗ് എന്നിവ ആരംഭിക്കേണ്ടതാണ്. കൂടാതെ ക്രാഫ്റ്റ്, തുന്നൽ എന്നിവ പ്രൈമറി തലംമുതലേ ആരംഭിക്കേണ്ടതാണ്.

9 വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി കലാകായിക രംഗത്തേയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കളിക്കോപ്പുകളുടേയും, കളിസ്ഥലങ്ങളുടേയും അഭാവം മിക്ക സ്ക്കൂളുകളിലുമുണ്ട്. കന്നാറ്റുപാടം സ്ക്കൂളിൽ കളിസ്ഥലമുണ്ടെങ്കിലും നിയമത്തിൻെറ കുരുക്കിൽപ്പെട്ട് ഉപയുക്തമാക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്. ആരോഗ്യമുള്ള നല്ലൊരു തലമുറയെ വാർത്തെടുക്കാൻ കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി മാനേജുമെൻറിൻേറയും സർക്കാരിൻേറയും ഭാഗത്തുനിന്ന് നടപടികൾ എടുക്കേണ്ടതുണ്ട്.

10 ഒരു സ്ക്കൂൾ കോംപ്ലക്സിൻെറ പ്രവർത്തനവും, നല്ല മോണിറ്ററിങ്ങ് സിസ്റ്റവും ആവശ്യമാണ്. സാക്ഷരതാപ്രവർത്തനം തുടരേണ്ടതിൻെറ ആവശ്യകത വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിരിക്കുന്നു. ഇതിനുവേണ്ടിയുള്ള സഹായ സഹകരണങ്ങൾ സന്നദ്ധസംഘടനകൾ വാഗ്ദാനം ചെയ്യുന്നുണ്ട്യ.

11 1,5 വാർഡുകളിലെ യു.പി. സ്ക്കൂളികൾ ഹൈസ്ക്കൂളുകളായും രണ്ടാം വാർഡിലെ എൽ.പി. സ്ക്കൂൾ, യു.പി. സ്ക്കൂൾ ആയും അപ്ഗ്രേഡ് ചെയ്യണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിക്കുന്നു.

12 മലയാളം മീഡിയം സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതിനു കാരണമായി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ വർദ്ധനയാണെന്ന് കണ്ടുവരുന്നു. ഇതിന് പരിഹാരമായി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുടെ മേൽ ഒരു നിയന്ത്രണം ആവശ്യമാണ്.

13 ജനത യു.പി. സ്ക്കൂളിൽ നിന്ന് ജയിച്ചുവരുന്ന കുട്ടികളെ ഹൈസ്ക്കൂളിൽ ചേർക്കുന്നതിന് അസംപ്ഷൻ ഹൈസ്ക്കൂൾ അധികൃതർ കാണിച്ചുവരുന്ന വിമുകത, ജനത സ്ക്കൂളിൽ കുട്ടികളെ ചേർക്കുന്നതിൽ നിന്ന് രക്ഷാകർത്താക്കളെ അകറ്റി നിർത്തുന്നു. ഇതച് ജനത സ്ക്കൂളിൻെറ തകർച്ചക്ക് കാരണമാകുന്നു. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

14 പഞ്ചായത്തിലെ എല്ലാ മാനേജ്മെൻറ് സ്ക്കൂളുകളിലും കുട്ടികളെ മതം തിരിച്ചുള്ള സാന്മാർഗ്ഗിക പഠനം നടന്നു വരുന്നു. ഈ പ്രവണത അവസാനിപ്പിച്ച് എല്ലാ വിഭാഗം



634

കുട്ടികളെയും ഒരുമിച്ചിരുത്തി ധാർമ്മിക മൂല്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള സാന്മാർഗ്ഗിക ബോധനം ആവശ്യമാണ്.

അന്ധമായ അനുകരണത്തിൻെറ ഒരു തലമുറയെ സൃഷ്ടിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ നിന്ന് വിടുതൽ നേടി കാലത്തിൻെറ ഞാണൊലികൾക്കനുസരിച്ച് പ്രതികരണത്തിൻെറ പ്രതിഷേധത്തിൻെറ, വിമർശനത്തിൻെറ ശരം തൊടുക്കാൻ കഴിവുള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാൻ ഈ ജനകീയ വിപ്ലവം ഉപകരിക്കട്ടെ.

*'സന്യാസത്തിൻെറയും പരിശുദ്ധിയുടേയും അടിത്തറയിലല്ല പടുത്തുയർത്തിട്ടുള്ളതെങ്കിൽ വിദ്യാഭ്യാസം നിഷ്ഫലമാണ്"*

*- ഗാന്ധിജി.*

# കുടിവെള്ളം

*"ജലം ജീവൻെറ അമൃത്"*

പ്രകൃതിയുടെ ഏറ്റവും മഹനീയമായ ദാനമാണ് ജലം. ഈ മഹനീയ ദാനത്തെ ഏറ്റവും പ്രയോജനപരമായി ഉപയോഗപ്പെടുത്തുവാനും വരന്തരപ്പിള്ളി പഞ്ചായത്തിനെ ജലസമൃദ്ധമാക്കാനുമുള്ള നിർദ്ദേശങ്ങൾ

വരന്തരപ്പിള്ളി പഞ്ചായത്തിലെ ജനങ്ങൾ കുടിനീരിനായി പ്രധാനമായും ആശ്രയിക്കുന്നത് പരമ്പരാഗത സ്രോതസ്സായ കിണറുകളെയാണ്. പഞ്ചായത്തിലാകെയുള്ള 10770 വീടുകളിൽ 4500-ഓളം കിണറുകൾ നിലവിലുണ്ട്. സ്വന്തമായി കിണറുകളില്ലാത്തവർ അയൽവീട്ടുകാരെയോ പൊതുജലവിതരണമാർഗ്ഗത്തെയോ ആശ്രയിക്കുന്നു. രൂക്ഷമായ വേനൽക്കാലത്ത് പഞ്ചായത്തിലെ പല വാർഡുകളിലും കഠിനമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ പൊതുജലവിതരണത്തിനായി മൂന്ന് ജലസംഭരണികളാണുള്ളത്. പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള 19 കുഴൽകിണറുകളും 47 പൊതു കിണറുകളും 171 പൊതുടാപ്പുകളും നിലവിലുണ്ട്. പഞ്ചായത്തിൻെറ 2,9,10,11,14 എന്നീ വാർഡുകളിൽ പൊതുജലവിതരണം കാര്യക്ഷമമല്ല. കോരനോടിയിലും മാട്ടുമലയിലും സ്ഥാപിച്ചിരിക്കുന്ന ജലസംഭരണികൾ പ്രവർത്തക്ഷമമല്ലാത്തതിനാൽ വളരെ നാളുകളായി ഉപയോഗശൂന്യമായി കിടക്കുകയാണ്.

പൊതു പ്രശ്നങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും

വരന്തരപ്പിള്ളി പഞ്ചായത്തിലെ 48% ആളുകൾ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. എന്നാൽ മാർച്ച് മാസത്തോടുകൂടി ഈ കിണറുകളിൽ ഭൂരിഭാഗവും വറ്റിപോകുന്നു. രൂക്ഷമായ ഈ പ്രതിസന്ധിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ രണ്ടാം വാർഡിൽ കൂടി ഒഴുകുന്ന പുഴയിൽ യഥാസമയത്ത് താത്കാലിക ബണ്ട് നിർമ്മിക്കുകയാണെങ്കിൽ സമീപപ്രദേശങ്ങളിലെ കിണറുകളിലും ആവശ്യത്തിനുള്ള വെള്ളം സംഭരിക്കപ്പെടുന്നതിനാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിലെ മൂന്നാം വാർഡിനെക്കുറിച്ച് പറയുകയാണെങ്കിൽ ഈ പ്രദേശത്തെ മാട്ടുമലയിൽ കേന്ദ്രഗവർമെൻറ് സഹായത്താൽ പണി പൂർത്തികരിക്കാത്ത പശ്ചിമഘട്ടവികസന പദ്ധതി നടപ്പിൽ വരുകയാണെങ്കിൽ ഈ പഞ്ചായത്തിലെ രണ്ടാം വാർഡ് മുതൽ ഒമ്പതാം വാർഡിൻെറ കുറെ പ്രദേശങ്ങളും 14 -ാം വാർഡിൻെറ കുറെ പ്രദേശങ്ങളും കുടിവെള്ളം എത്തിക്കുവാൻ കഴിയുന്നതാണെന്ന് പ്രസ്തുത പദ്ധതിയുടെ ആധികാരിക റിപ്പോർട്ടിലും ആ പദ്ധതിക്കായി തയ്യാറാക്കിയിരിക്കുന്ന പ്ലാനിലും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതികൊണ്ട് അയൽ പഞ്ചായത്തുകളായ അളഗപ്പനഗർ, പുതുക്കാട്, തൃക്കൂർ പഞ്ചായത്തിലെ ഏതാനും പ്രദേശങ്ങളിൽ കൂടി കുടിവെള്ളം എത്തുന്നതാണ്.

അഞ്ചാം വാർഡിൽ കോരനോടി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന വാട്ടർ ടാങ്കിലേക്ക് വെള്ളം

എത്തിക്കുകയും അവിടെ നിന്നും പൊതുജലവിതരണമാർഗ്ഗത്താൽ വിതരണം ചെയ്യുകയാണെങ്കിൽ നാലാം വാർഡിൻെറ പകുതിയിൽ കൂടുതൽ പ്രദേശങ്ങളും 5 മുതൽ 8 വരെയുള്ള വാർഡുകളിലും കുടിവെള്ളം എത്തുന്നതാണ്.

ആറാം വാർഡിലെ ഇന്നു നിലനിൽക്കുന്ന ജലവിതരണ ലൈനുകളുടെ നീളം വർദ്ധിപ്പിക്കുകയാണെങ്കിൽ പാലമ്പ്രകുന്ന്, വടക്കുംമുറി, കുന്നത്തുപാടം കുട്ടൻച്ചിറ, കോട്ടായിക്കുന്ന്, വേലുപ്പാടം മഠം പ്രദേശത്ത്, എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാകും. മാത്രമല്ല, പാലമ്പറകുന്നത്ത് ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുകയാണെങ്കിൽ ഈ വാർഡിൽ മൊത്തമായും ജലവിതരണം നടത്താം.

വാർഡ് 7 ൽ ജലവിതരണ കുഴലുകളുടെ ദൈർഘ്യം വർദ്ധിപ്പിച്ച് കൂടുതൽ ടാപ്പുകൾ സ്ഥാപിച്ചാൽ വെട്ടിങ്ങപ്പാടം, കാരികുളം, നൊച്ചിക്കുന്ന് ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. പുഴയോട് ചേർന്ന് കിടക്കുന്ന പ്രദേശമായതിനാൽ പൊതു കിണറുകൾ സ്ഥാപിക്കുകയാണെങ്കിൽ ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

എട്ടാം വാർഡിൽ പട്ടികജാതി കോളനി, വേലൂപ്പാടം പള്ളി സ്ഥിതിചെയ്യുന്ന പ്രദേശം, വെട്ടിങ്ങപ്പാടം, കാരിക്കുളം പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നച്. ഇതിനു പരിഹാരമായി കാരികുളം, വെട്ടിങ്ങപ്പാടം പ്രദേശത്ത് ഒരു വാട്ടർടാങ്ക് സ്ഥാപിച്ച് പൊതു ജലവിതരണ മാർഗ്ഗത്താൽ വിതരണം ചെയ്യുകയും, വേലൂപ്പാടം കോളനി പ്രദേശത്ത് മറ്റൊരു ഇറിഗേഷൻ സ്ഥാപിക്കുകയും നിലവിലുള്ള പൊതു കിണറുകൾ ശുചിയാക്കി, ആഴം വർദ്ധിപ്പിക്കുകയം, പൊതുടാപ്പുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്താൽ ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കപ്പെടും.

വാർഡ് 9 ൻെറ ഏറ്റവും ഉയർന്ന പ്രദേശമായ കമരംപ്പിള്ളി കുന്നിൻ പ്രദേശത്ത് ഒരു ടാങ്ക് സ്ഥിപിച്ച് ജലവിതരണം നടത്തുകയാണെങ്കിൽ കമരംപ്പിള്ളി, ചെമ്പനങ്ങാട്, നടാംപാടം, പാത്തിക്കിരിച്ചിറ, കള്ളായി എന്നീ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. കൂടാതെ പാത്തിക്കിരിച്ചിറയിലെ മണ്ണ് മാറ്റി വർഷക്കാലത്ത് വെള്ളം കെട്ടി നിറുത്തുകയാണെങ്കിൽ പരിസര പ്രദേശത്തെ കിണറുകളിൽ ആവശ്യത്തിന് ജലം സംഭരിക്കുപ്പെട്ടതിനാൽ ജല ദൗർലഭ്യം പരിഹരിക്കപ്പെടുന്നതാണ്. ഈ വാർഡിൽ ഉൾപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ആവശ്യമായ പൊതു കിണറുകൾ സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും.

പത്താം വാർഡിൽ കൂടുതൽ വീടുകളും എസ്റ്റേറ്റ് മേഖലയിൽ ആയതിനാൽ ഇവിടത്തെ പാഡികളിൽ ജലവിതരണം നടത്തുന്നത് ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജ്മെൻറ് ആണ്. ഇവിടത്തെ ജലവിതരണം കാര്യക്ഷമമാക്കുകയാണെങ്കിൽ ജലദൗർലഭ്യ് . പരിഹരിക്കാം. പട്ടികജാതി കോളനികളിൽ പൊതുകിണറുകൾ സ്ഥാപിക്കണം.

വാർഡ് 11 ലെ കന്നാറ്റുപാടം, ചക്കിപ്പിറമ്പ് കോളിനിയിലും മറ്റു ചില ഉയർന്ന പ്രദേശങ്ങളിലുമാണ് ജലക്ഷാമം അനുഭവപ്പെടുന്നത്. ചക്കിപ്പറമ്പ് പ്രദേശത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കുകയും, ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജ്മെൻറിൻെറ ജലവിതരണ മാർഗ്ഗം കാര്യക്ഷമമാക്കുകയാണെങ്കിൽ ജലദൗർലഭ്യം പരിഹരിക്കും.

12-വാർഡിൽ ഇന്ന് നിലവിലുള്ള പൊതുജലവിതരണകുഴലിൻെറ വ്യാസം കൂട്ടുകയും ജലദൗർലഭ്യപ്രദേശങ്ങളായ ആശാരിക്കുന്ന്, കല്ലംത്തോട്, ഉപ്പുഴി, വട്ടപ്പാടം എന്നീ പ്രദേശങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ ജലക്ഷാമം പരിഹരിക്കാം.

12-വാർഡിൽ പൊട്ടംപാടം, ദർഭപാടം, മുത്തുമല, വെള്ളാരംക്കുന്ന് എന്നീ പ്രദേശങ്ങളിലാണ്

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ഇതിനു പരിഹാരമാർഗ്ഗമായി സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുള്ള മുത്തുമല ഇറിഗേഷൻ സ്കീം നടപ്പിൽ വരുത്തുകയും നിലവിലുള്ള 19 പൊതുജലവിതരണ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്യാവുന്നതാണ്.

14-ാംവാർഡിൽ കടുപ്പക്കുന്ന് പാറക്കുഴി പരിസരം, ചാക്കപ്പൻ കവല കോളനി പരിസരം എന്നീ പ്രദേശങ്ങളിലാണ് ജലക്ഷാമം രൂക്ഷമായിരിക്കുന്നത്, ഇതിനു പരിഹാരമായി കൂടുതൽ പൊതു കിണറുകൾ സ്ഥാപിക്കുകയും തോട്ടുമുഖ പദ്ധതിയിൽ നിന്നും ജലവിതരണമാർഗ്ഗത്താൽ വെള്ളം എത്തിക്കുകയോ, പ്ലാവിലപ്പാറ പ്രദേശത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും ചെയ്താൽ ജലദൗർലഭ്യം പരിഹരിക്കാം.

### പ്രധാന ന്യൂനതകൾ

തോട്ടുമുഖം പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന പമ്പിങ്ങ് സ്റ്റേഷനിൽ നിന്നും നേരിട്ട് പൈപ്പിൽക്കൂടി ജലവിതരണം നടത്തുന്നതിനാൽ ഉയർന്ന മർദ്ദത്താൽ പൈപ്പ് ലൈനുകൾ പൊട്ടിപ്പോകുന്നു. പൊതുജലവിതരണ ലൈനുകൾ കടന്നുപോകുന്ന ചില പ്രദേശങ്ങളിൽ പൈപ്പ് ലൈനുകൾ കുത്തിപ്പൊട്ടിച്ച് സ്വകാര്യവ്യക്തികൾ ജലസേചനത്തിനു ഉപയോഗിക്കുന്നു. തോട്ടുമുഖത്തം സ്ഥാപിച്ചിരിപ്പിക്കുന്ന 40 HP യുടെ രണ്ട് പമ്പു സെറ്റുകൾക്ക് പമ്പിങ്ങ് നടത്തുന്നതിനാവശ്യമായ ജലം ഒക്ടോബർ മാസത്തോടുകൂടി ലഭിക്കാതെ വരുന്നു. അതിൻെറ പ്രധാന കാരണം വേണ്ട സമയത്ത് പുഴയിൽ ബണ്ട് നിർമ്മിക്കാത്തതാണ്. താത്ക്കാലിക ബണ്ടുകളേക്കാൾ ഉത്തമം സ്ഥിരം ജലം ലഭിക്കുന്ന ചെക് ഡാമുകളാണ്. താത്ക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിന് കാലാകാലങ്ങളിൽ ഉപയോഗിക്കുന്ന ലക്ഷക്കണക്കിന് രൂപ ചെക് ഡാമുകൾ വഴി ലാഭിക്കാം.

വരന്തരപ്പിള്ളി പഞ്ചായത്തിലെ മുഴുവൻ പൊതുജലവിതരണ മാർഗ്ഗങ്ങളിലും ജലം വേണ്ടത്ര ശുദ്ധീകരിക്കാതെ പുഴയിൽ നിന്നും നേരിട്ട് പമ്പിങ്ങ് നടത്തുകയാണ്. ഇതുമൂലം ജലത്തിലൂടെയുള്ള പകർച്ചവ്യാധികൾ വ്യാപിക്കുകയും പൊതുജനാരോഗ്യത്തിന് വൻ ഭീഷണിയാവുകയും ചെയ്യുന്നു.

ഈ പഞ്ചായത്തിലെ ജലവിതരണത്തിനുള്ള മുഴുവൻ പണവും മാസംതോറും പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നു. എന്നാൽ ജലവിതരണത്തിലെ അറ്റകുറ്റപ്പണികൾ നടത്തുവാനോ ജലവിതരണസമ്പ്രദായം നവീകരിക്കുവാനോ വാട്ടർ അതോറിറ്റി ശ്രമിക്കുന്നില്ല. അതിനാൽ ജലവിതരണത്തിൻെറ മുഴുവൻ അധികാരങ്ങളും ജനകീയാസൂത്രണത്തിൻെറ ഭാഗമായി പഞ്ചായത്തിന് കൈമാറണമെന്ന വിഷയത്തെ കുറിച്ച് ബന്ധപ്പെട്ട ഗവർമെൻറ് വകുപ്പുമായി ചർച്ച ചെയ്യേണ്ടതാണ്.

ഒരു പ്ലംബറെ താത്ക്കാലികമായി നിയമിക്കുകയാണെങ്കിൽ പല സ്ഥലങ്ങളിലും പൈപ്പ് ലൈനുകളിൽ പൊട്ടി പാഴായി പോകുന്ന ജലനഷ്ടം ഒഴിവാക്കാവുന്നതാണ്.

കുടിവെള്ളമാണ് മനുഷ്യന് ജീവിക്കുന്നതിന് ഏറ്റവും അത്യാവശ്യം എന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് സാങ്കേതിക വിദഗ്ദരുടെ മാർഗ്ഗനിർദ്ദേശത്തിൽ ജലവിതരണ കുഴലുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുകയാണെങ്കിൽ പാഴായിപ്പോകുന്ന കുടിനീർ സംരക്ഷിക്കാൻ സാധിക്കുകയും പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുവാൻ കഴിയുകയും ചെയ്യും.

*മുഖ്യജല സ്രോതസ്സുകൾ*

*ചിമ്മിനി ഡാം*

*ജലസംഭരണികൾ 3*

*പഞ്ചായത്ത് കിണറുകൾ 47*

*കുഴൽ കിണറുകൾ 19*

*ആകെ കിണറുകൾ 4500*

*പൊതുജലവിതരണ ടാപ്പുകൾ 171*

*സ്വകാര്യ ടാപ്പുകൾസ്ഥിതി വിവരം ലഭ്യമല്ല*

**വരന്തരപ്പിള്ളി പഞ്ചായത്തിലെ പ്രധാന കുടിവെള്ളപ്രശ്നപ്രദേശങ്ങളും - പരിഹാര നിർദ്ദേശങ്ങളും**

| | |
|---|---|
| | പുഴയിൽ സ്ഥിരമായി നിർമിക്കുന്ന ബണ്ട് യഥാസമയം തന്നെ നിർമ്മിക്കുക.<br>നിലംപതി, മാട്ടുമല ഭാഗങ്ങളിൽ പൊതു ജലവിതരണ ടാപ്പുകൾ സ്ഥാപിക്കുക<br>ആവശ്യത്തിന് കുഴൽകിണറുകൾ, പൊതുകിണറുകൾ എന്നിവ നിർമ്മിക്കുക. |
| *മാട്ടുമല പ്രദേശം* | പശ്ചിമഘട്ടവികസനത്തിൻെറ ഭാഗമായി നിർമ്മിച്ചിരിക്കുന്ന ഫിൽറ്റർ പ്ലാൻറിൻെറ പണി പൂർത്തികരിക്കുക. ഐക്കര കുന്ന് ലിഫ്റ്റ് ഇറിഗേഷൻ മിനിമം ഗ്യാരണ്ടി ഒഴിവാക്കി നടപ്പിലാക്കുക. |
| *പയ്യാക്കര, വരാക്കര, വടാന്തോൾ, നൂറുകുളം, അമ്മുകുളം കോളനി, മാട്ടിൽദേശം* | ഭൂപ്രകൃതി പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ കിണറുകളും, കുഴൽകിണറുകളും നിർമ്മിക്കുക. നിലവിലുള്ള പൊതുവിതരണ ലൈനുകളുടെ നീളം കൂട്ടുകയും കൂടുതൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക. |
| *കോരനൊടി പയ്യാക്കരകന്ന്, ലക്ഷം വീട് കോളനി* | കോരനൊടിയിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ ടാങ്കിൽ വെള്ളം എത്തിക്കുക. ഈ ടാങ്കിൽ നിന്നു വെള്ളം വിതരണം നടത്തുക. നിലവിലുള്ള പൊതുകിണറുകൾ വൃത്തിയക്കുകയും കൂടുതൽ താഴ്ത്തുകയും ചെയ്യുക |
| *പാലാമ്പ്രകുന്ന്, വടക്കുമുറി, കുന്നത്തുപാടം, കുട്ടൻചിറ, കോട്ടായികുന്ന്* | നിലവിലുള്ള പൊതുവിതരണ കുഴലുകളുടെ നീളം ആവശ്യാനുസരണം നീളം കൂട്ടി കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക. വേനൽക്കാലത്ത് വറ്റാത്ത വെള്ളം കിട്ടുമെന്ന് ഉറപ്പുള്ള സഥലങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക. പാലാമ്പ്രകുന്നത്ത് ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |

| | |
|---|---|
| *വെട്ടിങ്ങപ്പാടം, കാരിക്കുളം, നൊച്ചികുന്ന് മറ്റ് ചില ഒറ്റപ്പെട്ട പ്രദേശങ്ങളും* | പൊതുവിതരണ കുഴലുകളുടെ നീളം കൂട്ടുകയും, കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. പൊതു കിണറുകൾ നിർമ്മിക്കുക. |
| *പട്ടികജാതി - പട്ടികവർഗ്ഗകോളനി, വേലൂപ്പാടം പള്ളിയുടെ പ്രദേശവും വെട്ടിങ്ങപ്പാടം കാരികുളം പ്രദേശങ്ങൾ* | കാരികുളം, വെട്ടിങ്ങപ്പാടം പ്രദേശത്തെ ഉയർന്ന സ്ഥലത്ത് ടാങ്ക് സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തുക. നിലവിലുള്ള പൊതുവിതരണ കുഴലുകളുടെ നീളം വർദ്ധിപ്പിച്ച് കൂടുതൽ ടാപ്പുകൾ നൽകുക. നിലവിലുള്ള പൊതുകിണറുകുളെ വൃത്തിയാക്കി ആഴം കൂട്ടുക. വേലൂപ്പാടം കോളനി പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ കൊണ്ടുവരിക. |
| *കമരംപിള്ളി, ചെമ്പലംകാട്, നടാംപാടം എലിക്കോട് ചിമ്മിനി, കള്ളായി പാത്തിക്കിരിചിറ* | കമരംപിള്ളി പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക. നിലവിലുള്ള പാത്തിക്കിരി ചിറകൾ വൃത്തിയാക്കുക, പട്ടികജാതി കോളനികളിലും പട്ടികവർഗ്ഗ കോളനികളിലും കൂടുതൽ കിണറുകൾ സ്ഥാപിക്കുക. |
| *പട്ടികജാതികോളനി, എച്ചിപ്പാറ സ്ക്കൂൾ പരിസരം, എസ്റ്റേറ്റ് പാടികൾ* | എസ്റ്റേറ്റ് മാനേജ്മെൻറുമായി ബന്ധപ്പെട്ട് പൊതുവിതരണമാർഗ്ഗത്തിൻെറ നീളം കൂട്ടുക. കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക. കൂടുതൽ സമയത്ത് വെള്ളം നൽകുക. ആവശ്യമായ സ്ഥലങ്ങളിൽ കിണറുകൾ നിർമ്മിക്കുക. |
| *കന്നാറ്റുപാടം, ചക്കിപറമ്പ്കോളനി, മറ്റ് ചില ഉയർന്ന പ്രദേശങ്ങളും കോളനി പ്രദേശങ്ങളും* | കന്നാറ്റുപാടം, ചക്കിപ്പറമ്പ് പ്രദേശത്ത് കുഴൽകിണർ സ്ഥാപിക്കുക. എസ്റ്റേറ്റ് മാനേജ്മെൻറിൻെറ കീഴിലുള്ള പൊതുവിതരണ കുഴലുകളുടെ നീളം കൂട്ടി കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക. ഈ ടാപ്പുകളിൽ കൂടുതൽ സമയം വെള്ളം ലഭിക്കുന്നതിന് ഉള്ള മാർഗ്ഗം ഉണ്ടാക്കുക. |
| *ആശാരിക്കുന്ന്, കല്ലൻതോട്, ഉപ്പുഴി, വട്ടപ്പാടം, മുനിയാട്ടുകുന്ന്, പരുന്തുംപാറ* | നിലവിലുള്ള പൊതുവിതരണ കുഴലിൻെറ വ്യാസം കൂട്ടി കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക. പൊതുവിതരണം കൂടുതൽ കര്യക്ഷമമാക്കുക. |
| *പെട്ടംപാടം, ദർഭപാടം, മുത്തുമല, വെള്ളാരംകുന്ന്* | സാങ്കേതിക അനുമതിക്കായുള്ള മുത്തുമല ഇറിഗേഷൻ എത്രയും വേഗത്തിൽ നടപ്പിൽ വരുത്തുക. നിലവിലുള്ള പൊതുവിതരണ ടാപ്പുകളിൽ വെള്ളം എത്തിക്കുക. |
| *കടുപ്പകുന്ന്, പാറകുഴി പരിസരം, ചാക്കപ്പൻ കവല, കോളനി പരിസരം* | പൊതുകിണറുകൾ കൂടുതൽ സ്ഥാപിക്കുക, പ്ലാവിലപ്പാറയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. തോട്ടുമുഖം പദ്ധതിയിൽ നിന്നും പൊതുവിതരണ മാർഗ്ഗത്തിൽ വെള്ളം എത്തിക്കുക. |

*- ഒരു തുള്ളി വെള്ളം,*
*ഒരു ഗ്രാം സ്വർണ്ണത്തെക്കാളും*
*വിലപെട്ടതാണ്.*
*- നെഹറു*

# പൊതുജനാരോഗ്യം

വരന്തരപ്പിള്ളി പഞ്ചായത്തിൽ മുൻകാലങ്ങളിൽ പാരമ്പര്യ വൈദ്യവും നാട്ടുവൈദ്യന്മാരും വിഷചികിത്സാ വിദഗ്ദരായവരുമാണ് ചികത്സിച്ചിരുന്നത്. ഇവർ തങ്ങളുടെ മുൻതലമുറക്കാർ പകർന്ന് തന്നിരുന്ന പാരമ്പര്യമായ അറിവുകൾ തങ്ങളുടെ അടുത്ത തലമുറകളിലേക്ക് കൈമാറിയിരുന്നു.

സർക്കാർ ഉടമസ്ഥതയിൽ 1940 - കളിൽ നന്തിപുലം പ്രദേശത്ത് സ്ഥാപിക്കപ്പെട്ട ആയുർവ്വേദ ഡിസ്പെൻസറി ഈ പഞ്ചായത്തിലെ ചികിത്സാരംഗത്തെ ആദ്യസ്ഥാപനമാണ്. പിന്നീട് 1962-ൽ വരന്തരപ്പിള്ളിയിലെ വേലൂപ്പാടം കലവറകുന്ന് പ്രദേശത്ത് സ്ഥാപിച്ച അലോപ്പതി രംഗത്തെ ആദ്യസ്ഥാപനം. പിന്നീട് പ്രൈമറി ഹെൽത്ത് സെൻററായി ഉയർത്തുകയുണ്ടായി. 1965-ൽ പള്ളിക്കുന്ന് പ്രദേശത്ത് വരന്തപ്പിള്ളി പ്രൈമറി ഹെൽത്ത് സെൻററിൻെറ ശാഖയായ ഒരു കുടുബക്ഷേമകേന്ദ്രം സ്ഥാപിതപ്പെട്ടു. 1976 - കളിൽ മുപ്ലിയം പ്രദേശത്തെ ഉപ്പുഴിയിൽ ഈ പഞ്ചായത്തിലെ രണ്ടാമത്തെ പ്രാഥമിക ആരോഗ്യകേന്ദ്രം തുറക്കപ്പെട്ടു. നന്തിപുലത്തും, മുപ്ലിയത്തും ഇതിൻെറ ശാഖയായി രണ്ട് കുടുബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ 100 കിടക്കകളുള്ള വേലൂപ്പാടം സെൻറ് ജോസഫ് ആശുപത്രിയും, റബ്ബർതോട്ടം മാനേജ്മെൻറിൻെറ കീഴിൽ 24 കിടക്കകുള്ള ഹാരിസൺ മലയാളം പ്ലാൻേറഷൻെറ ആശുപത്രിയും 75 രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയുന്ന കൊച്ചിൻ മലബാർ എസ്റ്റേറ്റിൻെറ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ എച്ചിപ്പാറ - ചിമ്മിനിഡാം പ്രൊജക്ടിൻെറ വകയായ 4 കിടക്കയുള്ള ഒരു ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന 6 അലോപ്പതി ഡോക്ടർമാരും, 8 ആയുർവ്വേദ ഡോക്ടർമാരും 2 ഹോമിയോ ഡോക്ടർമാരുടേയും സേവനം ഇവിടെ ലഭിക്കുന്നു.

**പഞ്ചായത്തിലെ സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങൾ**

| നമ്പർ | സ്ഥാപനം | സ്ഥിതി ചെയ്യുന്ന വാർഡ് | സ്ഥാപിത വർഷം | ജീവനക്കാരുടെ എണ്ണം | സ്ഥലം |
|---|---|---|---|---|---|
| 1 | ഗവ. ആയുർവ്വേദ ഡിസ്പെൻസറി | 2 | 1940 | 3 | വാടക |
| 2 | പ്രൈമറി ഹെൽത്ത്സെൻറർ, വരന്തരപ്പിള്ളി | 8 | 1962 | .15 | സ്വന്തം |
| 3 | കുടുബക്ഷേമകെന്ദ്രം പള്ളികുന്ന് | | 1965 | 1 | വാടക |
| 4 | പ്രൈമറി ഹെൽത്ത് സെൻറർ, ഉപ്പുഴി | 1976 | 22 | സ്വന്തം | |
| 5 | കുടുംബക്ഷേമകേന്ദ്രം, മുപ്ലിയം | | | | വാടക |
| 6 | കുടുബക്ഷേമകേന്ദ്രം, നന്തിപുലം | | | | |
| 7 | ചിമ്മിനിഡാം പ്രൊജക്ട്വക | 10 | | | സ്വന്തം |

സ്വകാര്യ അലോപ്പതി സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനം | സ്ഥലം | സ്ഥാപിത വർഷം | ജീവനക്കാർ | കെട്ടിടം |
|---|---|---|---|---|---|
| 1 | ഹാരിസൺ മലയാളം പ്ലാൻേറഷൻ | കാരിക്കുളം | 1945 | 19 | സ്വന്തം |
| 2 | കൊച്ചിൻ മലബാർ പ്ലാൻേറഷൻ | പാലപ്പിള്ളി | 1947 | 10 | സ്വന്തം |
| 3 | ഹാരിസൺ പ്ലാൻേറഷൻ - ശാഖ | കുണ്ടായി | 1948 | 2 | സ്വന്തം |
| 4 | ഹാരിസൺ പ്ലാൻേറഷൻ - ശാഖ | പാലപ്പിള്ളി | 1948 | 2 | സ്വന്തം |
| 5 | കൊച്ചിൻ മലബാർ - ശാഖ | എച്ചിപ്പാറ | 1947 | 2 | സ്വന്തം |
| 6 | സെൻറ് ജോസഫ് ഹോസ്പിറ്റൽ | വേലൂപ്പാടം | 1979 | 26 | സ്വന്തം |

## വാർഡുകളിലെ പൊതു ജനാരോഗ്യ പ്രശ്നങ്ങൾ

വരന്തരപ്പിള്ളി പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുടുംബാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം വളരെ ശോചനീയമാണ്.

ഈ പഞ്ചായത്തിലെ ഏക ആയുർവ്വേദ ഡിസ്പെൻസറി ഇപ്പോൾ സ്ഥിതി ചെയ്യുന്നത് വനാടക കെട്ടിടത്തിലാണ്. ഈ ഡിസ്പെൻസറിക്കുവേണ്ടി നാട്ടുകാർ 16 സെൻറ് സ്ഥലം വാങ്ങി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. ഈ ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മരുന്നുകൾ ആവശ്യത്തിനില്ല, ഫാർമസിസ്റ്റില്ല. സ്വന്തമായി കെട്ടിടം നിർമ്മിക്കണം. ആശുപത്രിയാക്കി ഉയർത്തണം.

ഈ വാർഡിൻെറ തുറസ്സായ സ്ഥലത്ത് മത്സ്യ-മാംസ വിൽപ്പന നടത്തുന്നതുകൊണ്ട് ഈച്ചകളും, കൊതുകുകളും പെരുകുന്നു. തന്മൂലം പകർച്ചവ്യാധികൾ വർദ്ധിക്കാൻ സാദ്ധ്യയുണ്ട്. വരന്തരപ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം 10 കിടക്കകളോടുകൂടി ആശുപത്രിയാക്കി ഉയർത്തേണ്ടതാണ്.

പള്ളിക്കുന്ന് പ്രദേശത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ആയത് ഡിസ്പെൻസറിയാക്കി ഉയർത്തണം. അത്യാവശ്യ ചികിത്സകൾക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണം.

ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കണം. അഴുക്കുചാലുകൾ നിർമ്മിക്കുക.

വരന്തരപ്പിള്ളി പ്രാഥമിക ആരോഗ്യകേന്ദ്രം 10 കിടക്കയുള്ള ആശുപത്രിയാക്കി ഉയർത്തുക. പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക. പാലയ്ക്കൽ അമ്പലത്തിന് അടുത്തായി ഒരു കുടുംബാരോഗ്യകേന്ദ്രം തുറക്കുക. ഒരു ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കുക.

വരന്തരപ്പിള്ളി പ്രാഥമിക ആരോഗ്യകേന്ദ്രം 25 കിടക്കകളുള്ള ആശുപത്രി ആക്കി ഉയർത്തുക. അതോടൊപ്പം മതിൽകെട്ടി സംരക്ഷിക്കണം. വാർഡിലെ തുറന്ന സ്ഥലത്ത് മത്സ്യ-മാംസ വിൽപ്പന നടത്തുന്നത് തടയണം. പൗണ്ട് സെൻററിൽ ഒരു പൊതുമാർക്കറ്റ് തുറക്കുക. റബ്ബർ ഫാക്ടറികളിൽ

നിന്നും പുറത്തേക്ക് തുറന്നുവിടുന്ന മലിനജലം നേരെ പുഴയിൽ ലയിക്കുന്നതിനാൽ പരിസരമലീനികരണം നടക്കുന്നു.

ഈ വാർഡിൽ സ്ഥിതി ചെയ്യുന്ന വരന്തരപ്പിള്ളിയിലെ പ്രാഥമിക ആരോഗ്യകേന്ദ്രം 10 കിടക്കകളുള്ള ആശുപത്രി ആക്കി ഉയർത്തുക. നേത്രഖദാനത്തെകുറിച്ച് രക്തചദാനത്തെകുറിച്ചു ജനങ്ങളെ ബോധവാന്മാർ ആക്കുന്നതിനായുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന വിധത്തിൽ പൗണ്ട് സെൻററിൽ നടക്കുന്ന മാംസ-മത്സ്യവിൽപ്പന തടയുക. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ ശോചനീയവസ്ഥ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമാക്കുക.

ഈ വാർഡിൽ സ്ഥിതിചെയ്യുന്ന റബ്ബർ എസ്റ്റേറ്റ് മാനേജ്മെൻറിൻറ് വകയായുള്ള ആശുപത്രികളിൽ ഒരേ സൂചികൊണ്ട് അനേകം രോഗികളെ കുത്തിവെയ്ക്കുന്നു. വരന്തരപ്പിള്ളി പ്രാഥമിക ആരോഗ്യകേന്ദ്രം കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തണം. റബ്ബർ എസ്റ്റേറ്റിൽ കാലി വീപ്പകൾ കത്തിക്കുന്നതിനാൽ അന്തരീക്ഷത്തിൽ വിഷപ്പുക തങ്ങിനിൽക്കുന്നു. റബ്ബർ ഫാക്ടറികളിൽ നിന്നും മലിനജലം നേരെ പുഴയിലേക്ക് തുറന്നുവിടുന്നു. ഫാക്ടറികളിൽ നിന്നും പുറത്തുവിടുന്ന മലിനജലം കെട്ടികിടക്കുന്നതിൽ കൊതുകുകൾ വർദ്ധിക്കുന്നു.

ചിമ്മിനിഡാം പ്രൊജക്ട് ഡിവിഷൻെറ ഭാഗമായുള്ള ഡിസ്പെൻസറി വികസിപ്പിക്കുക.

ഈ വാർഡിൽ ഒരു ആയുർവ്വേദ ആശുപത്രി വേണമെന്ന് ഗ്രാമസഭായോഗത്തിൻെറ റിപ്പോർട്ടിൽ കാണുന്നു. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററിനെ വികസിപ്പിക്കുക. റബ്ബർ എസ്റ്റേറ്റിൻെറ ഫാക്ടറികളിൽ നിന്നും മലിനജലം പുഴയിലേക്ക് തുറന്നുവിടുന്നത് തടയുക.

ഉപ്പുഴി ആരോഗ്യ കേന്ദ്രം 10 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുക. ഇഞ്ചക്കുണ്ട് കേന്ദ്രമായി ഒരു ഹോമിയോ. ആയുർവ്വേദകേന്ദ്രം സ്ഥാപിക്കുക.

നിലവിലുള്ള കുടുംബാരോഗ്യ കേന്ദ്രത്തെ 10 രോഗികളെ കിടത്തി ചികത്സിക്കുവാൻ കഴിയുന്ന വിധത്തിൽ ഉള്ളതാക്കുക. ഒരു സ്ഥിര ഡോക്ടറെ നിയമിക്കുക. ആരോഗ്യകരമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

നിലവിലുള്ള മുപ്ലിയം (ഉപ്പുഴി) പ്രാഥമിക കേന്ദ്രം 10 കിടക്കയുള്ള ആശുപത്രി ആയി ഉയർത്തുക. ഒന്നാം ക്ലാസ്സുമുതൽ 10 ക്ലാസ്സുവരെ കുട്ടികൾക്ക് സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തുക.

നമ്മുടെ പഞ്ചായത്തിലെ വാർഡുകളിലെ ജനങ്ങളിൽ പ്രധാനമായും കണ്ടുവരുന്ന സാംക്രമിക രോഗങ്ങൾ വയറിളക്കം, മഞ്ഞപിത്തം, ടൈഫോയിഡ്, വൈറൽ ഫീവർ, ചർദി എന്നിവയാണ്. ആസ്മ രോഗികളുടെ എണ്ണം ചില മേഘലകളിൽ വളരെ കൂടുതലായി കണ്ടുവരുന്നു. പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ കോളനികളിലും പട്ടികവർഗ്ഗ കോളനികളിലും രക്ത കുറവും പോഷകാഹാരകുറവും മൂലമുണ്ടാകുന്ന രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. അഴുക്കുചാലുകളുടെ അഭാവവും, കക്കൂസുകളുടെ അപര്യാപ്തതയും മൂലം വർഷകാലങ്ങളിൽ കുടിവെള്ളം മലീനമാകുന്നതിന് കാരണമാകുന്നു. ഇത് പകർച്ചവ്യാധിക്ക് പ്രധാന കാരണണായി തീരുന്നു.



643

**നമ്പർ കക്കൂസുകളുടെ വിവരം**

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ വീടുകൾ | 10770 |
| 2 | കക്കൂസുകളുള്ള വീടുകൾ | 6274 |
| 3 | സെപ്റ്റിക് ടാങ്ക് | 3806 |
| 4 | ഇ.എസ്.പി | 1548 |
| 5 | മറ്റുള്ളവ | 920 |

**നമ്പർ സ്ഥായിയായ രോഗബാധിതർ**

| | | |
|---|---|---|
| 1 | രക്തസമ്മർദ്ദം | 329 |
| 2 | പ്രമേഹം | 201 |
| 3 | കാൻസർ | 15 |
| 4 | കുഷ്ഠം | 3 |
| 5 | ക്ഷയം | 28 |
| 6 | ഹൃദ്രോഗം | 20 |

നമ്മുടെ പഞ്ചായത്തിലെ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം കൃത്യമായി ലഭ്യമല്ല. എങ്കിലും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

| | | |
|---|---|---|
| A | 1 കുട്ടി | 674 |
| B | 2 കുട്ടികൾ | 1987 |
| C | 2 ൽ കൂടുതൽ കുട്ടികൾ | 1200 |

വരന്തരപ്പിള്ളി പഞ്ചായത്ത് അതിർത്തിൽ ഉൾപ്പെടുന്ന രണ്ട് പ്രധാന പ്രാഥമികാരോഗ്യ കേന്ദ്രത്തിലും കൂടി 760 കുട്ടികൾക്ക് രോഗപ്രതിരോധ കുത്തിവെയ്പ് നടത്തിവരുന്നതായി കാണുന്നു.

**പകർച്ചവ്യാധി വിവരങ്ങൾ**

| വർഷം | കുടിവെള്ളത്തിൽ നിന്ന് | വായുമലിനീകരണത്താൽ | പ്രാണിജന്യരോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1995-96 | 1815 | 2318 | 8 | 75 |

**1995 ജനുവരി മുതൽ 1996 നവംബർ വരെയുള്ള ജനന - മരണ നിരക്ക്**

| വർഷം | | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|---|
| 1995 | ജനുവരി മുതൽ ഡിസംബർ വരെ | 131 | 130 | - |
| 1996 | ജനുവരി മുതൽ 1996 നവംബർ | 97 | 115 | - |

നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ശേഖരിച്ച ഔട്ട് പേഷ്യൻറ് വിഭാഗത്തിൽ ചികിത്സക്ക് എത്തുന്ന രോഗികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

രോഗവിവരങ്ങൾ

| വർഷം | ഔട്ട്പേഷ്യൻറ് എണ്ണം | ത്വക് രോഗം | വാത രോഗങ്ങൾ | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റു രോഗ |
|---|---|---|---|---|---|---|
| 1995-96 | 13148 | 1745 | 2418 | 4016 | 10 | 4959 |

പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ

| | |
|---|---|
| A | വയറിളക്കം |
| B | മഞ്ഞപിത്തം |
| C | ടൈഫോയിഡ് |
| D | വൈറൽ ഫീഫർ |
| E | ഛർദ്ദി |
| F | ആസ്മ |

നിർദ്ദേശങ്ങൾ

ആരോഗ്യമുള്ള ജനതയാണ് നാടിൻെറ സമ്പത്ത് എന്നതിനാൽ ഈ രംഗത്ത് വളരെ അടിയന്തിര ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. വരന്തരപ്പിള്ളി പഞ്ചായത്തിലെ ഏക ആയുർവ്വേദ ആശുപത്രിക്ക്വേണ്ടി ജനങ്ങൾ സ്ഥലം വിട്ടുകൊടുത്തിട്ട് വർഷങ്ങൾ കഴിയുന്നു. എന്നാൽ ഇവിടെ ഒരു കെട്ടിടം പണിത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും. കൂടാതെ നിലവിലുള്ള കുടുബാരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും നവീകരിക്കുകയും ഉണ്ടായാൽ കൂടുതൽ നന്നായിരിക്കും. ഇന്ന് നിലനിലുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമാകുന്ന വിധത്തിൽ രോഗികളെ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്. വാർഡുകൾ 4,5 ഇവയിൽ ഏതെങ്കിലും ഭാഗത്ത് ഒരു കുടുംബാരോഗ്യകേന്ദ്രം തുറകുന്നത് വളരെ ഉചിതമാണ്. വാർഡുകൾ 3,4,5,6,7,8,9,14 ലെ ഗ്രാമസഭാ യോഗത്തിലെ ആരോഗ്യരംഗത്തെ കുറിച്ചുള്ള റിപ്പോർട്ടുകളിൽ ഇന്ന് വരന്തരപ്പിള്ളി, മുപ്ലിയം എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ ശോചനീയ അവസ്ഥയെ ചൂണ്ടികാണിച്ചിരിക്കുന്നു. കുറഞ്ഞത് 10 കിടക്കയുള്ള രോഗികളെ കിടത്തി ചികിത്സിക്കാവുന്ന തരത്തിൽ ആക്കണമെന്ന് ഉള്ള പൊതുജനാഭിപ്രായം ഉയർന്ന് വന്നിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വളരെ അടിയന്തിര ശ്രദ്ധ പതിയണം. വാർഡ് 10 ലെ

ആരോഗ്യരംഗത്തെ പ്രശ്നത്തിനായി ചിമ്മിനി പ്രോജക്ടിലെ റൂറൽ ഡിസ്പെൻസറിയുടെ വികസനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

**ഇപ്പോഴത്തെ ആരോഗ്യ പ്രശ്നങ്ങളും പരിഹാരവും**

വരന്തരപ്പിള്ളി പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഗവ ഉടമസ്ഥതയിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ ക്രമീകരിച്ചാൽ കൂടുതൽ ഉപകാരമാകുന്ന വരന്തരപ്പിള്ളി പ്രൈമറി ഹെൽത്ത് സെൻററിനെ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന വിധത്തിൽ ആക്കുക. കൂടുതൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക. ഈ ആരോഗ്യകേന്ദ്രത്തിന് സ്വന്തമായി 2.5 ഏക്കറോളം സ്ഥലം സ്വന്തമായുണ്ട്. ഇപ്പോൾ ഇവിടെ രോഗികളുടെ ആവശ്യത്തിനുള്ള മരുന്നുകളോ, പ്രാഥമിക സൗകര്യങ്ങളോ കുടിവെള്ളം പോലും ലഭിക്കാത്ത അവസ്ഥയാണ്. ഇവിടെ ഇപ്പോൾ 15 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

ഇവരുടെ സേവനംവേണ്ട രീതിയിൽ ലഭിക്കുന്നില്ല. കൂടാതെ സ്വന്തമായി സ്ഥലമുള്ള ഈ സ്ഥാപനത്തിന് ചുറ്റും മതിൽ കെട്ടി വേർതിരിച്ച് സംരക്ഷിക്കേണ്ടതാണ്. രാത്രികാലങ്ങളിൽ രോഗികളെ ശുശ്രൂഷിക്കുന്നതിനു വേണ്ടി ഒരു ഡോക്ടറുടെ സേവനം വളരെ അത്യാവശ്യമാണ്. ജീവനക്കാരുടെ പ്രാഥമിക കാര്യങ്ങൾക്ക് വേണ്ടുന്ന സൗകര്യങ്ങളും, താമസിക്കുന്നതിന് ക്വാർട്ടേഴ്സുകളും നിർമ്മിക്കേണ്ടിയിരിക്കുന്നു. അത്യാവശ്യം രോഗികൾക്ക് കൊടുക്കേണ്ട മരുന്നുകൾ യഥാസമയം ലഭിക്കുനതിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തണം. കൂടാതെ ജീവനക്കാരുടെ സേവനം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകണം. അതുപോലെതന്നെ നന്തിപുലം ആയുർവേദ ഡിസ്പെൻസറിയുടെ വികസനത്തിനുവേണ്ടി പൊതുജനങ്ങൾ സർക്കാരിന് 16 സെൻറ് സ്ഥലം കൈമാറിയിട്ട് വർഷങ്ങൾ പിന്നിടുന്നു എന്നാൽ നാളിതുവരെ യാതൊരു പ്രവർത്തനവും നടത്തുന്നതായി കാണുന്നില്ല. രോഗികൾ ഇക്കാലത്ത് പൊതുവെ പാർശ്വഫലങ്ങൾ പൊതുവെ കുറവുള്ള ആയുർവ്വേദ ചികിത്സക്ക് മുൻതൂക്കം കൊടുക്കുന്ന അവസരത്തിൽ മുകളിൽ പരഞ്ഞിരിക്കുന്ന സ്ഥലത്ത് ഒരു ഡിസ്പെൻസറി ആരംഭിക്കേണ്ടതാണ്. ആവശ്യമായി മരുന്നുകൾ യഥാസമയം കൊടുക്കുവാൻ കഴിയാഞ്ഞത് ഗവ. മരുന്നുകൾ വേണ്ടരീതിയിൽ കിട്ടാത്തത് കൊണ്ടാണ്. ആയുർവേദപച്ചമരുന്നുകൾ വരന്തരപ്പിള്ള പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ സമൃദ്ധിയായി കണ്ടു വരുന്നു. അതിനാൽ പഞ്ചായത്തിലെ പുറംമ്പോക്ക് സ്ഥലം കണ്ടെത്തുകയോ, വനം വകുപ്പുമായി ആലോചിച്ച് പ്രസ്തുത വകുപ്പിൻെറ സഹകരണത്തോടെ എടുത്തുകൊണ്ടോ ഒരു ഔഷധ തോട്ടം നിർമ്മിക്കുകയാണെങ്കിൽ കുറച്ച് ജനങ്ങൾക്ക് തൊഴിൽ കൊടുക്കുവാനും ഗവ. ആയുർവ്വേദ ആശുപത്രികൾക്ക് ആവശ്യമുള്ള പച്ച മരുന്നുകൾ കണ്ടെത്താനും കഴിയും. പള്ളിക്കുന്ന് പ്രദേശത്തെ കുടുംബാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഒരു ഡോക്ടറുടെ സേവനം ലഭിക്കുകയും ചെയ്യുകയാണെങ്കിൽ ഈ പ്രദേശത്തെ രോഗികൾക്ക് ആശ്വാസം നൽകുന്നതിന് ഉപകരിയ്ക്കും. വരന്തപിള്ളിയിലെ രണ്ടാമത്തെ പ്രൈമറിഹെൽത്ത് സെൻററിൻെറ കെട്ടിടത്തിൻെറയും പ്രാഥമിക സൗകര്യങ്ങൾ തൃപ്തികരമല്ല. ഈ കെട്ടിടത്തിന് ഒരു ചുറ്റുമതിൽ നിർമിക്കുന്നത് നന്നായിരിക്കം. ഇവിടെ 22 ജീവക്കാർ ഉണ്ട്. ഈ ആരോഗ്യകേന്ദ്രത്തിൻെറ കീഴിൽ രണ്ട് കുടുംബാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയാണെങ്കിൽ ഒരു പരിധിവരെ പൊതുജനത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറ അനുവദിക്കേണ്ടതാണ്.

## പ്രധാന രോഗകാരണങ്ങളും പരിഹാരവും

രോഗം പിടിപ്പെടുന്നവർ തുടർച്ചയായ ചികിത്സക്ക് ശ്രമിക്കുന്നില്ല. സ്വകാര്യപ്രാക്ടീസ് നടത്തുന്ന വിദഗ്ധരെ കണ്ട് താൽക്കാലിക ശമനത്തിനായുള്ള മരുന്നുകൾ കഴിക്കുന്നു. കൂടാതെ പൊതുജനാരോഗ്യത്തെ ദോഷകരമായ് ബാധിക്കുന്ന രീതിയിൽ വരന്തരപ്പിള്ളി പഞ്ചായത്തിൻെറ പലസ ഭാഗത്തും മത്സ്യ മാംസ വിൽപ്പന നടക്കുന്നുണ്ട്. വരന്തപ്പിള്ളി പഞ്ചായത്തിൽ ഒരൊറ്റ മാർക്കറ്റുപോലും രേഖകളിൽ ഉള്ളതായി കാണുന്നില്ല. ആടുമാടുകളെ പരിശോധിച്ചശേഷം അവയെ കൊന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻെറ സീലോട് (മുദ്ര) കൂടിയ മാംസമേ വിൽക്കുവാൻ പാടുള്ളൂ എന്ന നിയമം നിലനിൽക്കുമ്പോൾ ഇവ മറികടന്നുകൊണ്ട് മാംസ വിൽപ്പന ചെയ്യുന്നതായി കാണുന്നു. വരന്തരപ്പിള്ളി പഞ്ചായത്തിൻെറ വ്യവസായ മേഖലയായ പാലപ്പിള്ളി പ്രദേശങ്ങളിലെ കൊച്ചിൻ - മലബാർ, ഹാരിസൺ - മലയാളം പ്ലാൻേറഷനുകളിലെ റബ്ബർ ഫാക്ടറിയിൽ നിന്നു പുറത്തുവനിടുന്ന ആസിഡ് അടങ്ങിയ മലിനജലം നേരിട്ട് പുഴയിലേക്ക് തുറന്നു വിടുന്നു. കൂടാതെ ഈ ഫാക്ടറിയിൽ നിന്നു പുറം തള്ളുന്ന വായുവും പരിസരത്തെ ആകെ മലിനമാക്കുന്നു. ഈ വായു ശ്വസിക്കുന്നതിനാൽ ഇവിടെയുള്ള രോഗികളിൽ കൂടിയ പങ്കും ശ്വാസകോശരോഗങ്ങളും ആസ്മയും കണ്ടുവരുന്നു. മലിനജലം ഒഴുക്കിവിടുന്ന പുഴയിൽ കുളിക്കുന്ന ആളുകളിൽ തൊലിപുറമെ കാണുന്ന പാണ്ഡുരോഗത്തിന് സാമ്യമുള്ള അസുഖങ്ങൾ കാണുന്നു. കൂടാതെ ഈ പുഴയിലെ മൽസ്യങ്ങൾ കൂട്ടത്തോടെ ചത്ത് പൊങ്ങുന്നു. ഈ വെള്ളം കുടിയ്ക്കുന്ന മൃഗങ്ങൾ പലപ്പോഴും രോഗം പിടിപെട്ട് ചാകുന്നതായി മൃഗാശുപത്രി റിപ്പോർട്ടിൽ കാണുന്നു. ഈ പുഴയിലെ വെള്ളമാണ് തോട്ടുമുഖത്തും കലവരകുന്ന് പ്രദേശത്തും വാട്ടർ അതോറിട്ടിപൊതുവിതരണത്തിന് ഉപയോഗിക്കുന്നത്. കൂടാതെ പാലപ്പിള്ളി പുതുക്കാട് പ്രദേശത്തെ റബ്ബർ എസ്റ്റേറ്റ് ആശുപത്രികളിൽ ഒരേ സൂചികൊണ്ട് പലരോഗികൾക്കും കുത്തിവെയ്പ്പ് നടത്തുന്നതിനാൽ എയ്ഡ്സ് പോലുള്ള രോഗം മറ്റുള്ളവരിലേക്ക് പകരുമെന്ന് പൊതു ജനാരോഗ്യവുമായി ബന്ധപ്പെട്ട പല വിദഗ്ദരും മുന്നറിയിപ്പ് നൽകുന്നു.

ആരോഗ്യരംഗത്തെ സേവനങ്ങളുടെ വിശദാംശങ്ങൾ പൂർണ്ണമായും വിശകലനം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. മരുന്നകൾ വേണ്ട സമയത്ത് ലഭിക്കാത്തതിനാലും പൊതുജനങ്ങളിൽ ഭൂരിഭാഗവും ആരോഗ്യകേന്ദ്രത്തിൻെറ സേവനം ഉപയോഗപ്പെടുത്തുന്നില്ല. പൊതുജനാരോഗ്യകേന്ദ്രത്തിൻെറ നടത്തിപ്പിൽ കൂടുതൽ ജനപങ്കാളിത്വം ഉറപ്പു വരുത്തണം. ഗർഭിണികൾ, വൃദ്ധജനങ്ങൾ, കുട്ടികൾ എന്നിവർക്ക് പ്രത്യേക ആരോഗ്യസേവനങ്ങൾ ലഭ്യമാക്കണം. കൂടാതെ നേത്രദാനത്തെ കുറിച്ചും, രക്തദാനത്തെ കുറിച്ചും ഉള്ള പഠനക്ളാസ്സുകൾ നടത്തുകയും പൊതുജനങ്ങളെ ഇക്കാര്യത്തെ കുറിച്ച് ബോധവാന്മാരാക്കുകയും വേണം. രക്തദാനം ചെയ്യുന്നതിന് താൽപര്യമുള്ള ചെറുപ്പക്കാരുടെ രക്ത ഗ്രൂപ്പ് നിർണ്ണയിച്ച് ഓരോ വാർഡിലും ഓരോ രക്തദാനസേനയും രൂപീകരിക്കാവുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ കീഴിൽ പ്രതിരോധ ചികിത്സാക്യാമ്പുകൾ സംഘടിപ്പിച്ചാൽ സാർവ്വത്രിക രോഗപ്രതിരോധം എന്ന ലക്ഷ്യം നേടുവാൻ കഴിയും.

## പരിസരശുചിത്വം.

വരന്തരപ്പിള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള പട്ടിക ജാതി കോളനികളിലും പട്ടികവർഗ്ഗകോളനികളിലും വേണ്ടത്ര കക്കൂസുകൾ ഉള്ളതായി കാണുന്നില്ല. പഞ്ചായത്തിലെ

വീടുകളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ കക്കൂസുകളുടെ സംഖ്യ കുറവു കാണുന്നുണ്ട്. കോളനികളിലെ ഈ പ്രശ്നം പരിസരശുചിത്വത്തെ ബാധിക്കുന്നതിനാൽ എത്രയും വേഗത്തിൽ നടപടികൾ സ്വീകരിക്കണം. വരന്തരപ്പിള്ള പഞ്ചായത്തിൽ ശുചീകരണത്തിനായി ഒരു ജീവനക്കാരുള്ളതായി രേഖകളിൽ കാണുന്നു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിരിക്കുന്ന കുപ്പതൊട്ടികൾ പലതും നിറഞ്ഞ് ചപ്പുചവറുകൾ റോഡിലേക്ക് വീണ് കിടക്കുന്നു. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന രീതിയിൽ മാലിന്യങ്ങൾ കൂടി കിടക്കുന്നത് നീക്കം ചെയ്യുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിക്കണം. നമ്മുടെ പഞ്ചായത്ത് ഒരു സമ്പൂർണ്ണശുചിത്വപഞ്ചായത്ത് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ കോളനികളിലും കക്കൂസുകൾ കുറവുള്ള വീടുകൾ കണ്ടെത്തി ഒരേ സമയത്ത് ആ കുറവ് പരിഹരിക്കുക. കൂടാതെ പൊതുജനങ്ങളെ ശുചിത്വത്തെ കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ നടത്തുക. റോഡ് വക്കുകളിൽ ചപ്പ് ചവറുകൾ നിക്ഷേപിക്കുന്നതിന് പാത്രങ്ങൾ സ്ഥാപിക്കുക. മലിനജലം കെട്ടികിടക്കുന്ന മുഴുവൻ ഓടകളും ജനപങ്കാളിത്തത്തോടെ നന്നാക്കി അവക്ക് മുകളിൽ കോൺക്രീറ്റ് സ്ലാബുകൾ ഇടുക. ഓടകൾക്ക് വെള്ളം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. വെള്ളം കെട്ടികിടക്കുന്നിടത്ത് കൊതുകുകൾ വളരുന്നതിനാൽ അവയെ നശിപ്പിക്കുന്നതിനുവേണ്ടി മരുന്ന് തളിക്കണം. കൂടാതെ പഞ്ചായത്തിൻെറ അതിർത്തിയിൽ ഉൾപ്പെടുന്ന മൂന്ന് സിനിമാതിയ്യേറ്ററുകളാണ് ജനങ്ങളുടെ ഏക വിനോദമാർഗ്ഗം. ഇവയിൽ പലതിലും പ്രാഥമിക സൗകര്യങ്ങൾക്ക് തുറസായ പൊതുസ്ഥലം ഉപയോഗിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ പല ഹോട്ടലുകളിലും ശുചിത്വത്തിൻെറ പോരായ്മ കാണുന്നു. ഇവിടെ വിതരണം നടത്തുന്ന ഭക്ഷണ സാധനങ്ങളിലും അവ പാചകം ചെയ്യുന്ന പാത്രങ്ങളും അടുക്കളപരിസരവും ശുചീകരിക്കുന്നതിന് വേണ്ടതായ കാര്യങ്ങൾ എത്രയും വേഗത്തിൽ ചെയ്യേണ്ടതാണ്. ഹോട്ടലുകളിൽ കഴിയുമെങ്കിൽ തിളപ്പിച്ച ചൂടുവെള്ളം കൊടുക്കുവാൻ സംവിധാനം ഏർപ്പെടുത്തണം. പഞ്ചായത്തിൻെറ ജനതിരക്കുള്ള സ്ഥലങ്ങളിൽ കക്കൂസുകളും മൂത്രപുരകളും നിർമിച്ച് ഇവയുടെ പ്രവർത്തനത്തിനായി പൊതുജനസമിതി നിയമിക്കാവുന്നതാണ്. ശുചിത്വവും, ആരോഗ്യവും എങ്ങനെ സംരക്ഷിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കണം. പൊതുജനസമിതകൾ രൂപീകരിച്ച് ഒരു സർവേയിലൂടെ പഞ്ചായത്തിലെ പ്രശ്നങ്ങൾ കണ്ടെത്തി ഒരു പ്രൊജക്ട് തയ്യാറാക്കി ആയതിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് ഉചിതമായിരിക്കും. പൊതുജനത്തിന് കൂടുതൽ ഉപകരിക്കുന്ന രീതിയിൽ പഞ്ചായത്തിൻെറ വകയായി ഒരു പൊതു മാർക്കറ്റ് നിർമ്മിക്കുന്നത് വളരെ നല്ലതാണ്.

*മദ്യനിരോധം ഏർപ്പെടുത്താൻ ഇന്ത്യയിൽ ഉള്ളിടത്തോളം*
*എളുപ്പം ലോകത്തിൻെറ മറ്റൊരു ഭാഗത്തുമില്ല.*
*കാരണം, നമ്മുടെ നാട്ടിൽ കുടിക്കുന്നവർ ഒരു ന്യൂനപക്ഷം മാത്രമാണ്.*
*മദ്യപാനം അനാദരണീയമായിട്ടാണ് പൊതുവെ കണക്കാക്കപ്പെടുന്നത്.*
*മദ്യം എന്താണെന്ന് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത*
*ജനകോടികൾ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.*

*- ഗാന്ധിജി*

# ഗതാഗതം

കൊടകര നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ വെച്ച് വലിപ്പംകൊണ്ട് രണ്ടാസ്ഥാനമാണ് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിനുള്ളത്. 1980 കളിലെ നമ്മുടെ പഞ്ചായത്തിൻെറ ഗതാഗത സൗകര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ന് വളരെയധികം മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൻെറ മലയോരപ്രദേശങ്ങളടക്കമുള്ള ഉൾപ്രദേശങ്ങളിൽ ഗതാഗത സൗകര്യങ്ങൾ വളരെ കുറവാണ്.

പഞ്ചായത്തിൽ മൊത്തം കച്ച (മണ്ണ്) റോഡം 102-438 കി.മീറ്ററും പക്ക ടാറിങ്ങ് റോഡ് 27 കി.മീറ്ററും (P.W.D.) റോഡടക്കം 40.650 കി.മീറ്ററും മെറ്റൽ റോഡ് 10.350 കി.മീറ്ററും മറ്റുള്ളവ വനം ഉൾപ്പെട 11 കി.മീറ്ററും ആകെ 164.438 കി.മീറ്ററുമാണ്. വർദ്ധിച്ച ഭൂവിസ്തൃതിയും ജനസംഖ്യയും ഉള്ള പഞ്ചായത്തിലെ ഗതാഗത സൗകര്യത്തിന് ഇപ്പോഴുള്ള റോഡ് സൗകര്യങ്ങൾ ഏറെ വർദ്ധിപ്പിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ കൂടുതലും കച്ച (മണ്ണ്) റോഡുകളാണ്. ഇതിൽ ഭൂരിഭാഗം റോഡുകളും വർഷകാലങ്ങളിൽ ഗതാഗതയോഗ്യമല്ല. ഇതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് വശങ്ങളിൽ കാനകൾ ഇല്ലാത്തതാകുന്നു. പഞ്ചായത്ത് ഫണ്ടിൽ നിന്നും കാലാകാലങ്ങളിൽ വഴികൾ (റോഡുകൾ) നന്നാക്കുന്നതിന് പണം ചെലവാക്കുന്നുണ്ടെങ്കിലും ശരിയായ രീതിയിൽ പണി പൂർത്തികരിക്കാത്തത് വേറൊരു കാരണമായി തീരുന്നു.

നമ്മുടെ പഞ്ചായത്തിൽ കച്ചേരിക്കടവ്, ചക്കാലക്കടവ്, ആറ്റപ്പിള്ളിക്കടവ്, മനക്കൽകടവ്, എന്നിങ്ങനെ നാല് കടത്തുവള്ളങ്ങളുപയോഗിക്കുന്ന കടവുകളുണ്ട്. ഒരോ വർഷവും പഞ്ചായത്തിൽ നിന്നും ലേലം ചെയ്താണ് ഈ കടവുകൾ കൊടുക്കാറുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ ആളുകൾ പോകുന്ന രണ്ട് കടവുകളാണ് ആറ്റപ്പിള്ളികടവും., കച്ചേരികടവും. കച്ചേരിക്കടവ് വഴി ജനസാന്ദ്രതയുള്ള വെള്ളാറംപാടം, കൽക്കുഴി, ഇഞ്ചക്കുണ്ട്, മുപ്ലിയം എന്നിവിടങ്ങളിലേക്കും ആറ്റപ്പിള്ളി കടവ് കടന്നാൽ മറ്റത്തൂർ, കൊടകര, കോടാലി, എന്നിവിടങ്ങളിലേക്കും ആണ് എത്തുന്നത്. ഈ നാല് കടവുകളും കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കേണ്ടതാണ്. തോട്ടുമുഖം പുഴയുടെ സൈഡ് കെട്ടി റോഡ് സംരക്ഷിക്കുകയും കുറുമാലി പുഴയുടെ ഓരം ഇടിച്ചിൽ ഭീഷിണയുള്ളതും ഇടിഞ്ഞുകൊണ്ടിരിക്കുന്ന ഭാഗങ്ങൾ കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കേണ്ടതാണ്. 1 മുതൽ 14 വരെയുള്ള ഗ്രാമസഭാ റിപ്പോർട്ടുകൾ താഴെ ചേർക്കുന്നു.

1 ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിൻേറയും ചക്കാലകടവ് റെഗുലേറ്റർ കം ബ്രിഡ്ജിൻേറയും നിർമ്മാണ് ഉടൻ ആരംഭിക്കുക.

2 ആറ്റപ്പിള്ളി കാനതോട് വഴി പുതുക്കാട് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡ് ടാർ ചെയ്ത് ബസ് സൗകര്യം ഏർപ്പെടുത്തുക.

3 റേഷൻ കട കല്ലുപാലം റോഡ് വീതികൂട്ടുക.

4 കാനതോട് പാലത്തിൻെറ അപകടാവസ്ഥ പരിഹരിക്കുകയും പാലത്തിൻെറ താഴ്ഭാഗം കരിങ്കൽകൊണ്ട് കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

5 നന്തിപുലം ഒന്നാം വാർഡ് മാഞ്ഞൂർ പ്രദേശവുമായി ബന്ധിപ്പിക്കുന്ന നന്തിപുലം പാടം വഴി റോഡ് നിർമ്മിക്കുക.

6 ചക്കാലകടവ് റോഡ് ബസ്സ് ഗതാഗതത്തിന് യോഗ്യമാക്കുക.

7 കോരനൊടി ശവക്കോട്ടിയിലേക്ക് വാട്ടർ ടാങ്ക് കൂടി പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.

8 മാട്ടുമല നന്തിപുലം റോഡിലേക്ക് കണക്ട് ചെയ്യുന്ന റിംഗ് റോഡിൽ നിന്നും തെക്കു ഭാഗത്തേക്ക് കൂടി ഐക്കര കുന്നത്തേക്ക് എത്താവുന്ന റോഡ് ഗതാഗതസഞ്ചാര യോഗ്യമാക്കണം.

9 ആറ്റ് പുറം മാത്തുണ്ണിയുടെ തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡും മേരിമാതാ കോളേജ് റോഡുമായി ബന്ധപ്പെടുത്തണ്

10 മുപ്ലിയം കന്നാറ്റുപാടം റോഡ് ടാറിങ്ങ് നടത്തണം

11 വരന്തരപ്പിള്ളി റിംഗ് റോഡ് കപ്പേള റോഡുമായി ബന്ധപ്പെടുത്തണം.

12 വെട്ടിങ്ങപ്പാടം പാലച്ചുവട് റോഡ് ടാറിംഗ് പൂർത്തിയാക്കുകയും കാരിക്കുളം ക്ലബ്ബ് റോഡും കലവറക്കുന്ന് ക്ഷേത്രം വഴിയും ടാറിംഗ് നടത്തേണ്ടത് അത്യാവശ്യമാണ്.

13 ആറാം വാർഡ് ശങ്കുണ്ണി മൂലയിൽ നിന്നും P.V.C.പൈപ്പ് കമ്പനി വഴി ഇഞ്ചക്കുളം കുട്ടോലിപ്പാടം കൂടി മെയിൻ റോഡിൽ മുട്ടത്തക്കവണ്ണം റോഡ് തുറക്കുക.

14 കൊമരംചിറ അമ്പലപരിസരത്ത് നിന്നും തുടങ്ങുന്ന മാട്ടുമലറോഡ് 6 മീറ്റർ വീതിയാക്കുക.

15 പഞ്ചായത്തിൽ റോഡില്ലാത്ത മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ കോളിനികളിൽ പുതിയ റോഡുകൾ നിർമ്മിക്കുകയും വീതികൂടിയ റോഡുകൾ ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കണം.

16 റോഡില്ലാത്ത ലക്ഷം വീട് കോളനികളിൽ പുതിയ റോഡ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

17 പാലപ്പിള്ളി ചൊക്കന റോഡ് ടാർ ചെയ്യുകയും P.W.D.ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുകയും വേണം.

18 ചമ്പലംകാട്ടിലേക്ക് ഫോറസ്റ്റിലൂടെയുള്ള വഴി ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ വേണ്ട സംവിധാനം ചെയ്യുക.

19 കാരികുളത്തു നിന്നും ആരംഭിക്കുന്ന പരുന്തുപാറ – കൽക്കുഴി – മുപ്ലിയം – ഇഞ്ചക്കുണ്ട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് അടിയന്തിരമായി നന്നാക്കണം.

20 വരന്തരപ്പിള്ളി പഞ്ചായത്തിനേയും മററത്തൂർ പഞ്ചായത്തിനേയും യോജിപ്പിക്കുന്ന കുഞ്ഞക്കരപാലം വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.

21 കന്നാററ്പാടം സ്കൂളിലേക്ക് 907 ൽ നിന്നും ബന്ധിപ്പിക്കുന്ന ഏക പാലം തകർന്ന നിലയിലാണുള്ളത്. എത്രയും വേഗം സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

22 ഹെൽത്ത് സെന്ററിനും (പള്ളിക്കുന്ന്) ലക്ഷം വീടിനും തെക്ക് വടക്കായി സ്ഥിതിചെയ്യുന്ന പാടത്തേക്ക് ഇറങ്ങുന്ന റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം.

23 പള്ളിക്കുന്ന് കരയാംപാടം റോഡിലെ പാലം അപകടനിലയിലാണ്. എത്രയും വേഗത്തിൽ നന്നാക്കേണ്ടതാണ്.

24 നന്തിപുലം വരന്തരപ്പിള്ളി റോഡിലെ തോട്ടുമുഖം പാലം അടിയന്തിരമായി പുതുക്കിപണിയേണ്ടതാണ്.

25 എലിക്കോട് പ്രദേശത്ത് പാലം പണിയണം.

26 വാർഡ് 6 ൽ പാലമ്പ്ര തോടിന് കുറുകേയുള്ള ബണ്ട് റോഡിന് മുകളിലും പാലം പണിയണം.

## ബസ് ഗതാഗതം

1 ആററപ്പിള്ളിയിൽ നിന്നും തൃശ്ശൂരിലേക്ക് K.S.R.T.C ഉൾപ്പെടെ മററ് സർവ്വീസുകൾ ആരംഭിക്കണം.

2 പാലപ്പിള്ളി റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന K.S.R.T.C ബസ്സുകൾ പുനരാരംഭിക്കുകയും ട്രാൻസ്പോർട്ട് ബസുകൾ ചിമ്മിനി ഡാമിലേക്ക് റൂട്ട് നീട്ടുകയും ചാലക്കുടി, ഇരിങ്ങാലക്കുട ഭാഗത്തേക്ക് കൂടുതൽ ബസ് സർവ്വീസ് നടത്തുന്നതിനും പൗണ്ട് വരെ ഇപ്പോൾ വരുന്ന ബസുകൾ പാലപ്പിള്ളി വരെ എത്തുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

3 ഇഞ്ചക്കുണ്ടിൽ നിന്ന് തൃശ്ശൂർ – ഇരിങ്ങാലക്കുട – ചാലക്കുടി വഴി പുതിയ ബസ് റൂട്ടുകൾ ആരംഭിക്കുക.

4 ചിമ്മിനിഡാം – ചാലക്കുടി റൂട്ടിൽ കന്നാററുപാടം, കൽക്കുഴി, ഇഞ്ചക്കുണ്ട് വാസുപുരം വഴി ബസ് റൂട്ട് ആരംഭിക്കുക.

5 ഇഞ്ചക്കുണ്ട് – മുപ്ലിയം വഴി തൃശ്ശൂർക്ക് കൂടുതൽ ബസ് അനുവദിക്കുക.

6 ഫോറസ്റ്റിൽ കൂടി പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ തടസ്സങ്ങൾ നീക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

7 പഞ്ചായത്ത് വെയിററിംഗ് ഷെഡ് ആവശ്യമുള്ളേടത്തെല്ലാം അവ അനുവദിക്കുക.

റോഡുകളും കാനകളും അററകുററ പണികൾ നടത്തുന്നതിന് പഞ്ചായത്തിന്റെ സഹകരണത്തോടെ വാർഡുകൾ അടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ സന്നദ്ധപ്രവർത്തനത്തിൽ കൂടി തീർക്കാവുന്നതാണെന്ന് ഗ്രാമസഭകളിൽ അംഗങ്ങൾ ഉറപ്പ് തന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ സ്ഥലം സ്വയം വിട്ടുകൊടുത്തുകൊണ്ട് സന്നദ്ധപ്രവർത്തനം വഴിയും പല റോഡുകളും ഇതിനകം തന്നെ വീതികൂട്ടുകയും ചെയ്തിട്ടുണ്ട്. ജനകീയ ആസൂത്രണത്തിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം കേരളത്തിൽ ആകെയും നമ്മുടെ പഞ്ചായത്തിലും മുൻകാലങ്ങളെ അപേക്ഷിച്ച് വികസന പ്രവർത്തനത്തിൽ ജനപങ്കാളിത്തത്തിന്റെ കാര്യത്തിൽ ആവേശകരമായ കാര്യങ്ങൾ ആണെങ്കിലും മുഴുവൻ ജനങ്ങളെയും വികസന പ്രവർത്തനത്തിൽ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ ജനകീയാസൂത്രണപ്രസ്ഥാനം ഫലപ്രാപ്തിയിലാക്കുവാൻ കഴിയുകയുള്ളു.

നമ്മുടെ പഞ്ചായത്തിലെ ഒന്നു മുതൽ 14 വാർഡുകളിലെയും ഉയർന്ന ആവശ്യങ്ങളുടെയും നിർദ്ദേശങ്ങളുടെയും ക്രോഡീകരിച്ച റിപ്പോർട്ട് ആണ് ഇവിടെ അവതരിപ്പിക്കുന്നത്.



672

# ഊർജ്ജം

ഊർജ്ജ പ്രതിസന്ധി മനുഷ്യൻ അനുഭവിക്കുന്ന പുതിയ പ്രശ്നങ്ങളിൽ മുഖ്യമായ ഒന്നാ വർദ്ധിച്ചുവരുന്ന ജനസംഖ്യയും പ്രകൃതി വിഭവങ്ങളുടെ ദൗർലഭ്യതയും ഇതിനു കാരണമാകുന്നു. ഊർജ്ജ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് വിറക്, എണ്ണ, വൈദ്യുതി എന്നിവയാണ്. നമ്മുടെ നാട്ടിൽ ഗാർഹിക രംഗത്തു കാർഷിക രംഗത്തും വാണിജ്യരംഗത്തും ഊർജ്ജപ്രതിസന്ധി രൂക്ഷമാണ്.

വാണിജ്യാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന വിറക്, എണ്ണ, വൈദ്യുതി എന്നിവയു കാർഷികാവശ്യത്തിനുപയോഗിക്കുന്ന പമ്പ്, ട്രില്ലർ, ട്രക്കർ എന്നിവക്കുവേണ്ടിയുള്ള ഇന്ധനവു ഗാർഹികാവശ്യങ്ങൾക്കുപയോഗിക്കുന്ന വൈദ്യുതി, മണ്ണെണ്ണ എന്നിവയും ഊർജ്ജമെന്ന പദത്തിൻെ അർത്ഥവ്യാപ്തിയിൽപെടുന്നു.

കേരളസംസ്ഥാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈദ്യുതി ക്ഷാമത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. 44 നദികളുള്ള കേരളത്തിൽ ജലവിഭവത്തെ പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നില്ല എന്നതു അതുപോലെ മറ്റു വൈദ്യുത പദ്ധതികൾ വേണ്ടത്ര ഇല്ലാത്തതും വൈദ്യുതിയുടെ ക്ഷാമത്തിന് കാരണമാണ്.

ഊർജ്ജം എന്നു പറയുമ്പോൾ മുഖ്യമായും നമ്മുടെ ശ്രദ്ധയിൽ വരുന്നത് വൈദ്യുതിയാണ്. വരന്തരപ്പിള്ളി പഞ്ചായത്തിനാവശ്യമായ വൈദ്യുതി ലഭിക്കുന്നത് പുതുക്കാട് സബ് സ്റ്റേഷനിൽ നിന്നാണ്. ഇനിയു വൈദ്യുതീകരിക്കാത്ത വീടുകളും, വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്നുണ്ട്. ഇവിടെ 8500 ഓളം വീടുകളും 800 ഓളം കടകളുമുണ്ട്. മൊത്തം 9306 വൈദ്യുത കണക്ഷൻ ആവശ്യമുണ്ട്. എന്നാൽ നിലവിലുള്ള വെറും 5711 കണക്ഷനുകളാണ്. അതായത് ഇനിയും 3595 കണക്ഷൻ ആവശ്യമുണ്ട്.

പട്ടിക ഒന്ന്.

| നിലവിലുള്ള കണക് ഷൻ | ഇനി ആവശ്യമുള്ളത് | അപേക്ഷിച്ചി ട്ടുള്ളത് |
|---|---|---|
| 5711 | 3595 | 673 |

നമ്മുടെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ഓരോ പ്രദേശത്തെയും ജലവിഭവത്തെയും ഉപയോഗിച്ചുകൊണ്ടുള്ള ചെറിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും അങ്ങനെ ജനകീയാസൂത്രണപ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്ന സ്വയം പര്യാപ്തതയിൽ എത്തിച്ചേരുന്നതിനു നമുക്ക് കഴിയും.

പഞ്ചായത്തിൽ മൊത്തം 32 ട്രാൻഫോർമറുകളാണ് നിലവിലുള്ളത്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 25W ബൾബ് - 7 40W- 518 റ്റ്യൂബ് - 51 എന്നിങ്ങനെയാണ്. വോൾട്ടേജിൻെറ കുറവ് എല്ലാപ്രദേശങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഇതിനു കാരണം ദൈർഘ്യം കൂടിയ വിതരണ ലൈനുകളും, ആവശ്യമുള്ളത്ര ട്രാൻസ്ഫോർമറുകൾ ഇല്ലായ്മയുമാണ്.

വൈദ്യുതി ക്ഷാമം പരിഹരിക്കപ്പെടുന്നതിനുള്ള ഇത്തരം നടപ്പിലാക്കിയാൽ വരന്തരപ്പിള്ളി പഞ്ചായത്തിലെ വൈദ്യിതി ക്ഷാമം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്.

1. ചിമ്മിനി ജലവൈദ്യുത പദ്ധതി ആരംഭിക്കുകയും അതിൻെറ സബ്സ്റ്റേഷൻ വരന്തരപ്പിള്ളി പഞ്ചായത്തിൽ ആരംഭിക്കുകയും വേണം.
2. 11 K.V. ബ്രീഫീഡിംഗ് ലൈൻ അഡീഷണൽ ആയി സ്ഥാപിക്കുക.
3. നിർദ്ദിഷ്ട ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിനോടൊപ്പം ഒരു മിനി വൈദ്യുത പദ്ധതിയും കൂടി ആരംഭിക്കുക.
4. വരന്തരപ്പിള്ളി - വെള്ളിക്കുളങ്ങര വൈദ്യിതി ലൈനുമായി ഇൻറർലിങ്ക് ചെയ്യുക.
5. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
6 അനർട്ടിൻെറ സൗരോർജ്ജവിളക്കുകൾ സബ്സീഡിയോടുകൂടി പഞ്ചായത്തിൽ വിതരണം ചെയ്യുക.

ഗാർഹികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്ന വിറകിൻെറ ക്ഷാമം ഇന്ന് ഒരു പുതിയ പ്രശ്നമായി ഉയർന്നു വന്നിരിക്കുകയാണ്. ഇത്തരം പ്രശ്നം പരിഹരിക്കുന്നതിനുംവേണ്ടി താൽപര്യമുള്ള ആളുകളെ പുകയില്ലാത്ത അടുപ്പു നിർമ്മാണം പരിശീലിപ്പിക്കുകയും ഇന്ധന ക്ഷാമത്തിൻെറ പ്രശ്നങ്ങൾ വ്യാപകമായ ബോധവൽക്കരണത്തിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി ശാസ്ത്രസാഹിത്യപരിഷത്തിൻെറ സേവനം ഉപയോഗിക്കാവുന്നതാണ്. അതുപോലെ തന്നെ ബയോഗ്യാസ് പ്ലാൻറുകൾ ഓരോ വീടുകളിലും ആരംഭിക്കുകയും വേണം.

ഒമ്പതാം പദ്ധതി ലക്ഷ്യം വയ്ക്കുന്ന എല്ലാ വീടുകളിലേയും വൈദ്യുതീകരണം എന്ന ആശയം

നടപ്പിലാക്കുന്നതിന് ഗ്രാമസഭകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ -

1. പഞ്ചായത്തിലെ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത എല്ലാ പട്ടികജാതി പട്ടികവർഗ്ഗ ലക്ഷം വീട് കോളനികളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
2. മുപ്പിയം, നന്തിപുലം വില്ലേജുകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനം ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്.
3. തോട്ടം തൊഴിലാളികളുടെ ക്വാർട്ടേഴ്സുകൾ വൈദ്യുതീകരിക്കപ്പെടേണ്ടതാണ്.
4. കൽക്കുഴി, ദർഭപ്പാടം തുടങ്ങിയ പ്രദേശങ്ങളിൽ 100 ൽ കൂടുതൽ വരുന്ന കുടുംബങ്ങൾക്ക് ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല. ഇവ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.
5. നടാംപാടം, കള്ളായി, ചെമ്പലംകാട് എന്നീ ഭാഗത്തേക്ക് വൈദ്യുതി ലഭിക്കുന്നതിനും മുപ്പിയം പാറക്കുഴി പടിഞ്ഞാറുവശം, മാടപ്പിള്ളിക്കാവ് എന്നീ പ്രദശങ്ങളും വൈദ്യുതീകരിക്കുക.
6. 13-ാം വാർഡിൽ 75 -ഓളം വീടുകൾ മിനിമം ഗ്യാരൻറി നൽകിയിട്ടുണ്ട്. അവർക്ക് എത്രയും വേഗം വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. കോം പാക്ട് ഫ്ളൂറസെൻറ് വിളക്കുകൾ സബ്സീഡിയോടുകൂടി വിതരണം ചെയ്യുക.
8. ഉയർന്ന ദക്ഷതയുള്ള ബൾബുകൾ ഉപയോഗിച്ചാൽ വൈദ്യുതി വളരെയധികം ലാഭിക്കാം. ഒരു 60 Wബൾബിനു പകരം 11 W CFLബൾബ് ഉപയോഗിച്ചാൽ കൂടുതൽ വെളിച്ചവും അതുപോലെ തന്നെ കൂടതൽ ഊർജ്ജം ലഭിക്കുകയും ചെയ്യാം. വില അല്പം കൂടുതലാണെങ്കിലും ഒരു ബൾബിൻെറ ശരാശരി ആയുർദൈർഘ്യം 1000 മണിക്കൂറാണെങ്കിൽ CFLബൾബിൻെറ ആയുർദൈർഘ്യം 8000 മണിക്കൂറാണ്. ആദ്യപടിയായി പഞ്ചായത്തിലെ എല്ലാ സ്ട്രീറ്റ് ലൈറ്റുകൾക്ക് CFLബൾബ് ഉപയോഗിക്കുകയും അതിൻെറ പ്രചരണം വ്യാപകമാക്കുകയും വേണം. ഇതിനു അധികം വരുന്ന ചിലവ് സംഭാവനകളിലൂടെ സ്വരൂപിക്കാമെന്ന് ഗ്രാമസഭകൾ നിർദ്ദേശിക്കുന്നു.

മേൽ കാണിച്ച എല്ലാ പ്രശ്നങ്ങളും ജനപങ്കാളിത്തത്തോടെ പരിഹരിക്കാൻ കഴിയുമെന്നും വെളിച്ചത്തിൻെറ നവവിപ്ലവം ഇവിടെ സംജാതമാക്കാം എന്നും ഞങ്ങൾ വിശ്വസിക്കുന്നു.

652

# മാർക്കറ്റ്

പുരാതന കാലത്ത് നിലനിന്നിരുന്ന ചരക്കുകൾക്ക് പകരം ചരക്ക് കൈമാറുന്ന "ബാർട്ടർ സിസ്റ്റം" നാണയത്തിൻെറ കണ്ടുപിടുത്തത്തോടെ അവസാനിക്കുകയും പുതിയ ഒരു വസ്തു കൈമാറ്റവ്യവസ്ഥിതിക്ക് തുടക്കം കുറിക്കുകയും വിപണനത്തിൽ പുതിയ സാധ്യതകൾ തെളിയിക്കുകയും ചെയ്തു.

ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മത്സരബുദ്ധിയോടെ പരസ്പരം പോരാടുന്ന പുതുയ ആഗോളവ്യവസ്ഥിതി നമ്മൾ എന്ത് വാങ്ങണം എന്ന് തീരുമാനിക്കേണ്ട വിവേചന ബുദ്ധിപ്പോലും നമുക്ക് നഷ്ടപ്പെടുത്തുന്നു. ഇതിന് പരിഹാരമായി സ്വയം പര്യപ്തതയിൽ അധിഷ്ഠിതമായ ഒരു കമ്പോളവ്യവസ്ഥിതിയിൽ ഊന്നിനിന്നുകൊണ്ട് വിഭവസമാഹരണവും, വിതരണവും നമുക്ക് സാധ്യമാക്കാം.

വരന്തരപ്പിള്ളി പഞ്ചായത്ത് നിവാസികൾക്ക് ഉപകാരപ്രദമാവുന്ന ഒരു പൊതുവിതരണ മാർക്കറ്റ് 20 കി.മീ. അകലെയുള്ള തൃശ്ശൂർ മാർക്കറ്റാണ്. ഈ പഞ്ചായത്തിലെ എച്ചിപ്പാറ, കുണ്ടായി, ചൊക്കന എന്നീ പ്രദേശങ്ങളിലെ നിവാസികൾക്ക് ഈ മാർക്കറ്റിൽ എത്തുന്നതിന് 40 കി.മീറ്ററോളം യാത്ര ചെയ്യേണ്ടതുണ്ട്.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം കാർഷികരംഗത്തെ സമഗ്രവികസനത്തിനുള്ള ശ്രമങ്ങളായി മാറുന്നു. വരന്തരപ്പിള്ളിയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഒരു പൊതുചന്ത ഇവിടെ നിലനിന്നു എന്ന് കാണാം. പക്ഷേ ഇന്ന് അങ്ങനെ ഒരു ചന്ത വരന്തരപ്പിള്ളിയിലോ, പഞ്ചായത്തിലെ സമീപപ്രദേശങ്ങളിലോ നിലനിൽക്കുന്നില്ല. ഇത് കാർഷിക രംഗത്തെ തകർച്ചക്കും അതിനുപുറമെ സ്വയംപര്യാപ്തതകൈവരിക്കുന്നതിനും കൂടാതെ കാർഷികമേഖലയിലുള്ള തൊഴിൽ സാധ്യതകൾ കുറക്കുന്നതിനും ഒപ്പം സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനും കാരണമാകുന്നു.

വരന്തരപ്പിള്ളിയിലെ കാർഷിക രംഗത്തെ വികസനവും ഒപ്പം വിപണന രംഗത്തെ സാധ്യതകളും ചുവടെ ചേർക്കുന്നു.

1. വരന്തരപ്പിള്ളിയെ കേന്ദ്രീകരിച്ച് കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു പൊതു മാർക്കറ്റ് തുടങ്ങുകയാണെങ്കിൽ നാടിൻെറ വ്യത്യസ്ത മേഖലയിലുള്ളവർക്ക് ന്യായമായ വില ലഭിക്കുന്നതിനും കൂടാതെ ഉല്പാദനവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുന്നു.
2. പച്ചക്കറികളുടെ വിപണനത്തിനും മത്സ്യവിപണനത്തിനും ഈ പൊതുമാർക്കറ്റിൽ സൗകര്യമുണ്ടാകേണ്ടതാണ്.
3. ഈ പ്രദേശത്തെ പ്രധാന കാർഷികോൽപ്പന്നമായ നാളികേരം ന്യായമായ വിലക്ക് വിപണനം നടത്തുന്നതിന് ഒരു പൊതുമാർക്കറ്റ് ആവശ്യമുണ്ട്.
4. പച്ചക്കറികളിൽ ഈ പ്രദേശത്തെ മുഖ്യ ഉല്പന്നമായ നേന്ത്രക്കായ വിറ്റഴിക്കുന്നതിന് സമീപപ്രദേശങ്ങളിൽ ഒരു പൊതുമാർക്കറ്റ് ഇല്ലാത്തതിനാൽ തൃശ്ശൂർ ചന്തയിലേക്ക് പോകേണ്ട അവസ്ഥ ഒഴിവാക്കുന്നതിന് വരന്തരപ്പിള്ളിയിൽ ഒരാഴ്ച ചന്ത തുടങ്ങേണ്ടതാണ്.
5. സഹകരണ അടസ്ഥാനത്തിലുള്ള കാർഷികോല്പന്നങ്ങളുടെ സംഭരണവും, വിപണനവും ആരംഭിക്കുകയാണെങ്കിൽ ഇടത്തട്ടുക്കാരുടെ ലാഭം ഒഴിവാക്കിക്കൊണ്ട് കർഷകന് അർഹിക്കുന്ന വില നൽകാൻ സഹായകരമായിരിക്കും.
6. കാർഷിക രംഗത്തെ നാണ്യവിളകളിൽ പ്രാധാന്യമർഹിക്കുന്ന റബ്ബർ, കശുവണ്ടി, കുരുമുളക് എന്നീവ സഹകരണ അടിസ്ഥാനത്തിൽ സംഭരിക്കേണ്ടതുണ്ട്.
7. തോട്ടം തൊഴിലാളികൾ കൂട്ടമായി ജീവിക്കുന്ന പാലപ്പിള്ളി, കുണ്ടായി, ചൊക്കന എന്നീ പ്രദേശത്തെ ജനങ്ങൾക്കും എച്ചിപ്പാറ തുടങ്ങി ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവർക്കും ഉപകാരപ്രദമാക്കുന്ന ഒരു മിനി മാർക്കറ്റ് പാലപ്പിള്ളി പ്രദേശത്തെ കേന്ദ്രീകരിച്ച് ആരംഭിക്കേണ്ടതുണ്ട്.
8. മാംസ്യ വില്പന ഈ പൊതു മാർക്കറ്റിൽ കേന്ദ്രീകരിച്ച് നടത്തേണ്ടതാണ്.

വരന്തരപ്പിള്ളി സെൻററിൽ കേന്ദ്രീകരിച്ചുള്ള പൊതുമാർക്കറ്റ് നാടിൻെറ വികസന സാധ്യതകൾ പരിഗണിക്കുമ്പോൾ അത്യന്താപേക്ഷികമാണെന്ന് കാണാം. ആറ്റപ്പിള്ളി കടവിനോടു ചേർന്ന് പണി തുടങ്ങുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തികരിക്കുമ്പോൾ മറ്റത്തൂർ പ്രദേശത്തെ ജനങ്ങൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ചാലക്കുടി, തൃശ്ശൂർ എന്നീ ചന്തകളിലേക്ക് പോകുന്നതിനു പകരം വരന്തരപ്പിള്ളി ചന്തയിലേക്ക് വരാവുന്നതാണ്. അതുപോലെ തന്നെ തൃക്കൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളുടെ ഭാഗമായ കള്ളായി തുടങ്ങിയ സമീപപ്രദേശങ്ങളിലേക്ക് വരന്തരപ്പിള്ളിയിൽ നിന്ന് യാത്രാസൗകര്യമുള്ളതുകൊണ്ട് കാർഷിക ഉല്പന്നങ്ങൾ ഈ പ്രദേശങ്ങളിൽ നിന്ന് വരന്തരപ്പിള്ളിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പൊതു മാർക്കറ്റിലേക്ക് വരുവാൻ സാധ്യതയുണ്ട്. കൂടാതെ അളഗപ്പനഗർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ചരക്ക് ഇവിടെ എത്തുന്നതായിരിക്കും.

ഇതിനു പുറമെ പുതിയ മാർക്കറ്റ് തൊഴിൽ സാധ്യതകൾ പ്രദാനം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിക്കും.

ചുമട്ടുതൊഴിൽ, ചരക്കുകൾ വിവിധ പ്രദേശങ്ങളിൽ നിന്ന് എത്തുന്നതിനും ഇവിടെ നിന്ന് കൊണ്ടുപോകുന്നതിനുമായി ലൈറ്റ് വെഹിക്കിൾസുമായി ബന്ധപ്പെട്ടവർക്കു് തൊഴിൽ, ചിമ്മിനി ഡാമിൽ നിന്നും കുറുമാലിപ്പുഴയുടെ പല ഭാഗങ്ങളിൽ നിന്ന് പിടിച്ചു കൊണ്ടുവരുന്ന മത്സ്യ് വിറ്റഴിക്കുന്നവർക്കുള്ള തൊഴിൽ സാധ്യതകൾ എന്നിവ വർദ്ധിക്കുന്നതിന് ഈ പൊതു മാർക്കറ്റ് ഉപകാരപ്രദമാകും.

ചുരുക്കത്തിൽ വരന്തരപ്പിള്ളിയിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള പൊതുമാർക്കറ്റ് ആരംഭിക്കുക എന്നത് നാടിൻെറ വികസനത്തിൻെറ അനിവാര്യഘടകമാണെന്നു കാണാം.

*"ആത്മാർത്ഥതയോടു കൂടിയ*
*സ്വാർത്ഥപരിത്യാഗത്തിൻെറ*
*അനുസ്യൂതഫലമായ് ലഭിക്കുന്ന*
*ഒന്നത്രെ സ്വരാജ്"*

*ഗാന്ധിജി*

# പാർപ്പ ിടം ..സാമൂഹ്യക്ഷേമം

## പാർപ്പിടം

അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പാർപ്പിടം എല്ലാ കുടുംബങ്ങളുടേയും സ്വപ്നമാണ്. ഇതുവരേയും സാക്ഷാത്കരിക്കാൻ കഴിയാത്ത വെറുമൊരു മോഹന സങ്കല്പം മാത്രമാണത്. ദരിദ്രരായ ഗ്രാമീണ ജനവിഭാഗത്തിൻെറ നിലവിലുള്ള പാർപ്പിട സൗകര്യങ്ങളും പ്രശ്നങ്ങളും സങ്കീർണ്ണത നിറഞ്ഞതാണ്. കോൺക്രീറ്റ് ബഹുനില മന്ദിരങ്ങൾ പടുത്തുയർത്തുന്നതിൽ ജനങ്ങൾക്കിടയിൽ ഇന്ന് മത്സരം തന്നെയുണ്ട്. ഈ മത്സരം ഒഴിവാക്കി ലളിതവും മാതൃകാപരവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള അവബോധ് ജനങ്ങളിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഉപഭോഗസംസ്കാരത്തിൻെറ ഭാഗമായി തീർന്ന ആധുനിക സമൂഹത്തിൽ മാന്യതയുടേയും സ്ഥാനമാനങ്ങളുടേയും മാനദണ്ഡങ്ങളായ ധൂർത്തിൻെറ മൂർത്ത ഭാവങ്ങളായി ഇത്തരം ഭവനങ്ങൾ നിലകൊള്ളുന്നു.

ചെലവു ചുരുങ്ങിയതും രൂപഭംഗിയും ശില്പചാതുര്യവും ഒത്തിണങ്ങിയ നിർമ്മിതി കേന്ദ്രായും കോസ്റ്റ്ഫോർഡും രൂപകല്പന ചെയ്യുന്ന വീടുകളെ കുറിച്ച് ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവല്ക്കരണം നടത്തുന്നതിലൂടെ അവരുടെ മിഥ്യാധാരണ മാറ്റുകയും ഇത്തരം വീടുകൾ നിർമ്മിക്കാൻ സന്നദ്ധരാവുകയും ചെയ്താൽ ഭവനനിർമ്മാണരംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഈ പഞ്ചായത്തിൽ നിലവിൽ നിർമ്മിക്കപ്പെടുന്ന വീടുകളിൽ 25% വും നിർമ്മാണചെലവ് രണ്ടു ലക്ഷം രൂപക്ക് മുകളിൽ വരുന്നവയാണ്. ഒരു ലക്ഷത്തിനും 2 ലക്ഷത്തിനുമിടക്ക് നിർമ്മാണചെലവുവരുന്ന 30% വീടുകളും 50,000 നും ഒരു ലക്ഷത്തിനു ഇടയിൽ ചെലവു വരുന്ന വീടുകൾ 30% വും നിർമ്മിക്കപ്പെടുമ്പോൾ തന്നെ കേവലം 5000 - 10000 നും ഇടയിൽ നിർമ്മാണ ചെലവു വരുന്ന താഴ്ന്ന വരുമാനക്കാരുടെ കുടുലികൾപ്പോലും ഈ പഞ്ചായത്തിലുണ്ട്. 9, 10, 11 വാർഡുകളിലെ തോട്ടം മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ ഭൂരിഭാഗവും ക്വാർട്ടേഴ്സിലാണ് താമസിക്കുന്നത്. ഇവരിൽ ഭൂരിപക്ഷം പേർക്കും സ്വന്തമായി ഭൂമിയോ ഭവനമോ ഇല്ല. വർഷങ്ങളായി താമസസൗകര്യത്തിന് ക്വാർട്ടേഴ്സിനെ ആശ്രയിച്ചുവരുന്ന ഈ വിഭാഗത്തിന് ജോലിയിൽ നിന്ന് പിരിയുമ്പോൾ, അവരുടെ ആശ്രിതർക്ക് തോട്ടം മേഖലയിൽ ജോലി ലഭിച്ചിട്ടില്ലെങ്കിൽ ക്വാർട്ടേഴ്സ് സൗകര്യവും തുടർന്ന് ഉപയോഗപ്പെടുത്താൻ കഴിയുകയില്ല. തന്മൂലം സ്വന്തമായി ഒരു സെൻറ് ഭൂമി പോലും ഇല്ലാതെ, ഇവർ സ്വാഭാവികമായും തെരുവിലേക്കിറങ്ങുന്ന ഗതികേടിലാകുന്നു.

പഞ്ചായത്തിൽ മൊത്തം 10770 വീടുകളാണുള്ളത്. കെട്ടിടനികുതിയായി 95 - 96 വാർഷത്തിൽ പഞ്ചായത്തിന് ലഭിച്ചത് 4,01,994 രൂപയാണ്. ഇതിനൻെറ 5% ലൈബ്രറി സെസ്സായും പഞ്ചായത്ത് പിരിക്കുന്നുണ്ട്. പഞ്ചായത്തിൻെറ മൊത്തം വീടുകൾ പട്ടിക 1 കാണുക



655

**മൊത്തം പഞ്ചായത്തിലെ വീടുകൾ**

| വാർഡ് | ടെറസ്സ് | ഷീറ്റ് | ഓട് | ഓല | മൊത്തം |
|---|---|---|---|---|---|
| 1 | 104 | - | 477 | 36 | 617 |
| 2 | 178 | - | 606 | 61 | 845 |
| 3 | 378 | 10 | 611 | 71 | 1070 |
| 4 | 228 | 8 | 700 | 88 | 1024 |
| 5 | 168 | - | 804 | 100 | 1072 |
| 6 | 146 | - | 707 | 53 | 906 |
| 7 | 117 | 5 | 924 | 60 | 1106 |
| 8 | 108 | 545 | 713 | 42 | 1408 |
| 9 | 6 | 321 | 250 | 99 | 676 |
| 10 | 75 | 4 | 495 | 61 | 635 |
| 11 | 76 | - | 543 | 100 | 719 |
| 12 | 103 | - | 522 | 67 | 692 |
| ആകെ വീടുകൾ 10770 എണ്ണം | | | | | |

ഭവനനിർമ്മാണത്തിനുള്ള സാധന സാമഗ്രികളുടെ അമിതമായ വിലവർദ്ധന, കൂലി നിരക്കിൽ വന്ന ഉയർച്ച, ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം മുതലായ കാരണങ്ങൾകൊണ്ട് സാധാരണക്കാരന് വീട് പണിയുന്നതിന് ബുദ്ധിമുട്ടുകൾ ഏറി വരുന്നു. ഭവന നിർമ്മാണവായ്പ ഉദാരമാക്കിയും ഭവനനിർമ്മാണധനസഹായങ്ങൾ വർദ്ധിപ്പിച്ചും ഈ പഞ്ചായത്തിലെ കുടിലുകളുടെ എണ്ണം ക്രമേണ ചുരുക്കികൊണ്ടുവരുവാൻ കഴിയുന്നതാണ്. ഓരോ വാർഡിലും ഗുണഭോക്താക്കൾ അടങ്ങുന്ന സന്നദ്ധ സംഘടനകൾ രൂപീകരിച്ചും സർക്കാർ ഫണ്ടിനുപുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവനയായി സ്വരൂപിച്ചും ഇതിന് പരിഹാരം കാണാവുന്നതാണ്.

പഞ്ചായത്തിൽ 50 കുടുംബങ്ങൾ പുറമ്പോക്കു പ്രദേശങ്ങളിൽ വസിക്കുന്നുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായി നിലനില്ക്കുമ്പോൾ തന്നെ ഭവനനിർമ്മാണരംഗത്ത് ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാതെ വരികയും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഈ രംഗത്തേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്ന വൈരുദ്ധ്യം നിലനില്ക്കുന്നു. അന്യസംസ്ഥാനത്തുനിന്നു വരുന്ന ഭവനനിർമ്മാണതൊഴിലാളികളിൽ ചുരുക്കം ചിലർ വാടകമുറികളിലും മറ്റുള്ളവർ പീടിക തിണ്ണകളിലും പുറമ്പോക്കുകളിലും താമസിക്കുന്നു. കോളനികളിലെ ജനസംഖ്യാവർദ്ധനവിനനുസരിച്ച് പാർപ്പിടസൗകര്യം കൂട്ടുന്നില്ല. ഇത് അവരുടെ ജീവിതത്തെ ബാധിക്കുന്ന സങ്കീർണ്ണ പ്രശ്നമാണ്.

കെട്ടിടനിർമ്മാണരംഗത്ത് കോൺട്രാക്ട് സമ്പ്രദായം സ്വീകരിക്കുന്ന പ്രവണത ഏറി വരുന്നു.

ഭവന നിർമ്മാണത്തിൽ കുടുംബാഗങ്ങളുടെ സംഭാവന തീർത്തും ഇല്ലാതാക്കുന്നു. ഇത് നിർമ്മാണചെലവ് വർദ്ധിതക്കുന്നതിന് ഇത് കാരണമാകുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ മതിലുകളുടെ പ്രചാരം ഏറി വരുകയാണ്.

**നിർദ്ദേശങ്ങൾ**

1 പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത നിർദ്ധന കുടുംബങ്ങൾക്ക് അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേണം.

2 പഞ്ചായത്തിലെ ഭവനരഹിതരും ഭൂരഹിതരുമായ മുഴുവൻ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

3 സ്ഥലത്തിൻെറ കൈവശരേഖയുള്ളവർക്ക് പട്ടയം നൽകാൻ നടപടി വേണം.

4 4 സെൻറ് കോളനികളിൽ സ്ഥലം ലഭിച്ചിട്ടും താമസമാക്കാത്തവരുടെ സ്ഥലങ്ങൾ പുനർവിതരണം നടത്തേണ്ടതാണ്.

5 4 സെൻറ് കോളനികളിലുള്ളവർക്ക് ഭവനനിർമ്മാണ ഗ്രാൻറ് ലഭ്യമാക്കണം.

6 ലക്ഷം വീടുകളുടെ അറ്റകുറ്റ പണികൾ, വൈദ്യുതീകരണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം.

7 ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കണം

8 തോട്ടം തൊഴിലാളികളുടെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

9 ചക്കിപ്പറമ്പ്, മലമ്പതി മുതലായ വർഗ്ഗകോളനികളിൽ സർക്കാർ ധനസഹായത്തോടെ പണിതിട്ടുള്ള വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണം.

10 അപകടമരണം, വീടുനശിക്കൽ എന്നീവ സംഭവിക്കുന്ന ദുർബലവിഭാഗ കുടുംബങ്ങൾക്ക് ആവശ്യമായി സാക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി വേണം.

**പ്രശ്നങ്ങൾ**

1 ചെലവു കുറഞ്ഞ വീടു നിർമ്മാണരീതികളെക്കുറിച്ചുള്ള അജ്ഞത

2 ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം

3 വായ്പകൾ തിരിച്ചടയ്ക്കാൻ കാണിക്കുന അലംഭാവം

4 കെട്ടിട നിർമ്മാണ സാധനസാമഗ്രികളുടെ വില വർദ്ധനവ്

5 സഹായ പദ്ധതികളിലൂടെ ലഭിക്കുന്ന അപര്യാപ്തമായ തുക.

6 തൊഴിലാളികളെ സമയത്തിന് ലഭിക്കാതിരിക്കലും വർദ്ധിച്ച കൂലി നിരക്കും

7 വായ്പ അപേക്ഷകരോട് ബാങ്കുകൾ കാണിക്കുന്ന വിമുഖത

8 ദുർബലവിഭാഗത്തിന് ഭവനനിർമ്മാണത്തിന് നല്കുന്ന ധനസഹായവും ദുർവിനിയോഗം ചെയ്യൽ

65

## സാമൂഹ്യക്ഷേമം

പ്രകൃതി വിഭവങ്ങളുടേയും മനുഷ്യശക്തിയുടേയും കാര്യത്തിൽ സമ്പന്നമാണ് നമ്മുടെ ഭാരതം. എന്നിട്ടും ദാരിദ്ര്യം ഒരു മാരകദുരിതമായി ഇന്നും തുടരുന്നു. ഇതിനുള്ള കാരണങ്ങൾ പ്രധാനമായും രണ്ടാണെന്നു കാണാം.

1. സമ്പത്തിൻെറ നീതിപൂർവ്വമല്ലാത്ത വിതരണം

2. പ്രയോജനപ്പെടുത്താത്ത പ്രകൃതി വിഭവങ്ങൾ ഫലമോ?

സമ്പന്നർ കൂടുതൽ സമ്പന്നരാവുകയും പാവപ്പെട്ടവർ കൂടുതൽ കൂടുതൽ ദരിദ്രവല്ക്കരിക്കപ്പെടുകയും ചെയ്യുന്നു.

നാളത്തെ പൗരന്മാരായ നമ്മുടെ കുട്ടികൾക്ക് ആരോഗ്യവും വിദ്യാഭ്യാസവും പ്രദാനം ചെയ്യാൻ കഴിയാതെ വരുന്നു.

ഒരു വശത്ത് ദാരിദ്ര്യവും – മറുവശത്ത് പ്രയോജനപ്പെടുത്താത്ത പ്രകൃതി വിഭവങ്ങൾ – എന്ത് വിരോധാഭാസം !

സമൃദ്ധിയുടെ മധ്യത്തിൽ ദാരിദ്ര്യം കാണുന്ന അവസ്ഥ

പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ചതിൻെറ ഫലമായി പല നേട്ടങ്ങളും കൈവരിച്ചെങ്കിലും നേട്ടങ്ങളുടെ ഗുണഫലങ്ങൾ സമൂഹത്തിൻെറ താഴെക്കിടയിലുള്ള ജനവിഭാഗങ്ങൾക്ക് വേണ്ടത്ര ലഭിച്ചിട്ടില്ല. ഗ്രാമീണ ജനതയിൽ ഭൂരിഭാഗവും പരിമിതമായ ജീവിത നിലവാരം പുലർത്തുന്നതിനു പോലും വേണ്ടത്ര വരുമാനം ഇല്ലാത്തവരായി തുടരുന്നു.

ഈയൊരു സാഹചര്യത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി പ്രധാനമായും രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ഗ്രാമവികസന വകുപ്പ് ഗ്രാമവികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യനിർമാർജന പദ്ധതികൾ

2. സമൂഹത്തിലെ വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ – ധനസഹായ പദ്ധതികൾ

### ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ

### സംയോജിത ഗ്രാമ വികസന പരിപാടി (ഐ. ആർ.ഡി.പി.)

ദാരിദ്ര്യരേഖക്കു താഴെ കഴിയുന്ന കുടുംബങ്ങൾക്ക് വരുമാനക്ഷമമായ ആസ്തിയും നിക്ഷേപവും നൽകി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ഓരോ പഞ്ചവത്സര പദ്ധതിയുടേയും തുടക്കത്തിൽ നടത്തപ്പെടുന്ന വിപുലമായ ഒരു സർവ്വെയുടെ അടിസ്ഥാനത്തിലാണ് സഹായത്തിനർഹമായ കുടുംബങ്ങളെ

**സാധ്യതകൾ**

1 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കുക

2 കോസ്റ്റ് ഫോർഡ്, നിർമ്മിതികന്ദ്രം, തുടങ്ങിയ സ്ഥാപനങ്ങളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണരീതികളെ കുറിച്ച് ജനങ്ങളിൽ ബോധവല്ക്കരണം നടത്തുകയും ഈ രീതികൾ അവലംബിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3 ഭവന നിർമ്മാണ പദ്ധതികൾ മുഖേനയുള്ള ധനസഹായം പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നിർമ്മതിപ്പോലുള്ള സ്ഥാപനങ്ങളെ ഏല്പിച്ച് നിർമ്മാണം പൂർത്തികരിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

4 ഭവനനിർമ്മാണരംഗത്ത് സന്നദ്ധസംഘടനകളുടെ സേവനം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിക്കുക.

5 ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതികളെ കുറിച്ച് പഞ്ചായത്ത് തലത്തിൽ പരിശീലനം സംഘടിപ്പിക്കുക.

6 ഹൗസിംഗ് സൊസൈറ്റികളുടെ കീഴിൽ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണസാധനസാമഗ്രികൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

7 ലഭ്യമായ കെട്ടിടനിർമ്മാണ സാമഗ്രികൾ ശരിയായ രീതിയിൽ ഉപയുക്തമാക്കുക.

8 നിലവിലുള്ള പദ്ധതികൾക്കു പുറമെ പഞ്ചായത്തിന് തനത് പദ്ധതികൾ ആവിഷ്കരിച്ച് എല്ലാവർക്കും വാസയോഗ്യമായ ഭവനം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാവുന്നതാണ്.

9 എസ്.സി / എസ്.ടി കോളനികളിൽ ഒന്നിൽ കൂടുതൽ വീട്ടുകാർ ഒരു വീട്ടിൽ താമസിക്കുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കേണ്ടതാണ്.

*മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവരേ*
*ജീവിക്കുന്നുള്ളൂ.*

*അങ്ങിനെയല്ലാത്തവർ*
*ജീവിച്ചിരുന്നാലും മരിച്ചവർക്കു തുല്യമാണ്.*

*- സ്വാമി വിവേകാനന്ദൻ*

659

കണ്ടെത്തുന്നത്. 11000/ രൂപവരെ വാർഷികവരുമാനമുള്ള കുടുംബങ്ങളെയാണ് ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. 1992 ഏപ്രിൽ മാസത്തിൽ നടത്തിയ സർവ്വെ യിൽനമ്മുടെ പഞ്ചായത്തിൽ നിന്നുള്ള 2379 കുടുംബങ്ങളെ ഐ. ആർ. ഡിപി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെടുത്തി സഹായത്തിനായി തെരഞ്ഞെടുത്തിരുന്നു. തുടർന്ന് 95 നവംബർ മാസത്തിൽ നടന്ന അഡീഷണൽ സർവ്വെയിൽ 562 കുടുംബങ്ങൾ കൂടി ഉൾപ്പെടുത്തി ലിസ്റ്റ് വിപുലപ്പെടുത്തി.

1992 മുതൽ 97 വരെ ഐ. ആർ.ഡി.പി. സഹായത്തിനർഹമായ കുടുംബങ്ങളുടെ സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ പട്ടിക - 1ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക -1

ഐ. ആർ. ഡി, പി. സർവ്വെ ലിസ്റ്റ് (1992 -97)

| വി. ഇ. ഒ. സർക്കിൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ | എസ്. സി. കുടുംബങ്ങൾ | | മറ്റ് കുടുംബങ്ങൾ |
|---|---|---|---|---|
| വരന്തരപ്പിള്ളി | 774 | 62 | - | 712 |
| വേലൂപ്പാടം | 902 | 186 | 34 | 682 |
| നന്തിപുലം | 1265 | 42 | - | 1223 |
| **ആകെ** | **2941** | **290** | **34** | **2617** |

എട്ടാം പദ്ധതി കാലത്ത് സഹായത്തിനായി തെരഞ്ഞെടുത്ത 2941 കുടുംബങ്ങളിൽ 290 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടവരും 34 കുടുംബങ്ങൾ പട്ടിക വർഗ്ഗത്തിനും ഉൾപ്പെട്ടവരാണ്.

പട്ടികജാതി കുടുംബങ്ങൾ പ്രധാനമായും കാർഷികവൃത്തിയേയും പരമ്പരാഗതമായ മറ്റു തൊഴിലുകളേയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. ഈറ്റ, മുള, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള കുട്ടനെയ്താണ് ഇതിൽ പ്രധാനം റോൾഡ് ഗോൾഡ് ആഭരണങ്ങളുടേയും റെഡിമെയ്ഡ് വസ്ത്രങ്ങളുടേയും നിർമ്മാണം കുടിൽവ്യവസായമെന്ന നിലയിൽ അഭിവൃദ്ധിപ്പെട്ടു വരുന്നു. കാർഷിക മേഖലയിൽ നിന്നും നിർമ്മാണ തൊഴിലാളികളുടെ മേഖലയിലേക്ക് ഈയിടെയായി ധാരാളം പേർ ആകർഷിക്കപ്പെട്ടു വരുന്നു - മെച്ചപ്പെട്ട വേതന ലഭ്യത തന്നെയാണ് ഈ മേഖലയിലേക്കുള്ള കുടിയേറ്റത്തിന് പ്രോത്സാഹനം നൽകുന്ന പ്രധാനഘടകം.

പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ പ്രധാനമായും പാലപ്പിള്ളി എച്ചിപ്പാറ കുണ്ടായി പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. പച്ചമരുന്ന് തേൻ തുടങ്ങിയ വനവിഭവങ്ങളുടെ ശേഖരണമാണ് മുഖ്യതൊഴിൽ. ഈറ്റ, മുള, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള കുട്ടനെയ്ത്തും

പരമ്പരാഗതമായി ചെയ്തുപോരുന്നു. വനവിഭവങ്ങളുടെ വിപണനത്തിനായി പാലപ്പിള്ളികേന്ദ്രമാക്കി ഒരു സഹകരണസംഘം പ്രവർത്തിക്കുന്നു. ശേഖരിക്കപ്പെടുന്ന വനവിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഇത് സഹായകമാണ്. നിർമ്മാണതൊഴിലുകളുടെ മേഖലയിലേക്ക് ഈയിടെയായി ധാരാളം പേർ ആകർഷിക്കപ്പെട്ടുവരുന്നുണ്ട്.

തോട്ടം മേഖല ഉൾപ്പെടുന്ന പ്രദേശമായതിനാലും മേച്ചിൽ സ്ഥലങ്ങൾ ധാരാളമായി ഉള്ളതിനാലും പശുവളർത്തലും ആടുവളർത്തലും ലാഭകരമായ തൊഴിലായി സ്വീകരിക്കുന്നതിന് ധാരാളം സാധ്യതകളുള്ള പ്രദേശമാണിത്. ഐ. ആർ. ഡി. പി. വഴിയുള്ള സഹായം പ്രധാനമായും ഈ പദ്ധതികൾക്കാണ് നൽകിപ്പോരുന്നതും.

മറ്റ് വിഭാഗങ്ങളിൽ ഹിന്ദു, ക്രിസ്ത്യൻ, മുസ്ളീം ജനവിഭാഗങ്ങളാണ് പ്രധാനം. കൃഷി, ചെറുകിടവ്യവസായം, കച്ചവടം എന്നിവയാണ് പ്രധാന തൊഴിൽമേഖലകൾ. പാലപ്പിള്ളി, എച്ചിപ്പാറ, ചിമ്മിനി, കുണ്ടായി പ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുന്ന തോട്ടം മേഖലയിൽ ഏകദേശം 4000 പേർ ജോലിചെയ്യുന്നു.

1979 ൽ ഐ. ആർ. ഡി. പി. ആരംഭിച്ചതുമുതൽഇതുവരെയായി ഏകദേശം 1100 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. എട്ടാം പദ്ധതി കാലത്ത് മാത്രം ഇതുവരെ ഐ. ആർ.ഡി.പി. വഴി സഹായം ലഭിച്ചവരുടെ വിശദാംശങ്ങൾ പട്ടിക -2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

ഐ. ആർ. ഡി. പി. സഹായം ലഭിച്ചവർ (1992-97)

| വി. ഇ. ഒ. | സഹായം ലഭിച്ച വർ | | | | | |
|---|---|---|---|---|---|---|
| സർക്കിൾ | 1992-93 | 93-94 | 94-95 | 95-96 | 96-97 (proposed) | ആകെ |
| വരന്തരപ്പിള്ളി | 16 | 18 | 20 | 22 | 30 | 106 |
| വേലൂപ്പാടം | 10 | 21 | 20 | 14 | 24 | 89 |
| നന്തിപുലം | 29 | 34 | 22 | 31 | 32 | 148 |
| ആകെ | 55 | 73 | 62 | 67 | 86 | 343 |

സമൂഹത്തിലെ താഴേത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജനപരിപാടികളിൽ ഏറ്റവും പ്രധാനം എന്നു തന്നെ വിശേഷിപ്പിക്കാവുന്ന ഒരു പദ്ധതിയായിരുന്നിട്ടു കൂടി ഇതിന് സർക്കാർ ഉദ്ദേശിച്ച രീതിയിലുള്ള ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുന്നതിന് സാധിച്ചിട്ടില്ല എന്നു തന്നെ വിലയിരുത്തേണ്ടിയിരുന്നു. ഗുണഭോക്താക്കൾ സർക്കാരിൽ നിന്നും ലഭിച്ച പരമിതമായ സാമ്പത്തിക സഹായത്തിൻെറ പരിതിക്കുള്ളിൽ മാത്രം ഒതുങ്ങി നിന്നു എന്നുള്ളതാണ് ഇതിന് പ്രധാനകാരണം. സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടൊപ്പം തങ്ങളുടേതായ സംഭാവനകളും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും പ്രയോജനപ്പെടുത്തി സ്ഥായിയായതും

ഉല്പാദനപരമായതുമായ മേഖലകളിൽ മുതൽമുടങ്ങി കിടക്കുന്നതിനു പകരം താത്കാലികമായതും പുനരുത്പാദനപരമല്ലാത്തതുമായ മേഖലകളിലേക്ക് വിഭവം തിരിച്ചു വിട്ടതും പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള പാളിച്ചകളാണ് ഫലമോ ?

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യപ്രാപ്തിയിലെത്താതെ പോകുന്നു.

## ട്രൈസം (Trysem)

ഗ്രാമീണയുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി, പരിശീലനാന്തരം സ്വയം തൊഴിൽ ഏർപ്പെടുന്നതിന് വായ്പയും ധനസഹായവും നൽകി നിശ്ചിതതൊഴിൽ ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന ഐ. ആർ. ഡി. പി. യുടെ ഒരു അനുബന്ധപരിപാടിയാണിത്.

ഈ പദ്ധതി അനുസരിച്ച് വൈരക്കൽ നിർമ്മാണം, വയറിംഗ്, ഖാദിനെയ്ത് പ്ലാസ്റ്റിക്ക് വർക്സ്. ടി.വി&റേഡിയോ റിപ്പയറിംഗ് എംബ്രോയ്ഡറി എന്നീ മേഖലകളിലായി ഇതുവരെ 36 പേർക്ക് സ്റ്റൈപൻഡോടുകൂടിയ പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 24 പേർ ഈ രംഗങ്ങളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുകയോ മറ്റ് സ്ഥാപനങ്ങളിൽ ജോലിക്കണ്ടെത്തുകയോ ചെയ്തിട്ടുണ്ട്. ട്രൈസം നടത്തിപ്പിലെ പുരോഗതിയിലൂടെ വിശദാംശങ്ങൾ പട്ടിക -3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -3

ട്രൈസം പ്രവർത്തന പുരോഗതി

| | വരന്തരപ്പ ിള്ളി | വേലൂപ്പ ാടം | നന്തിപുലം | ആകെ |
|---|---|---|---|---|
| പരിശീലനം നേടിയവർ/ ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ ചെയ്യുന്നവർ | 8/4 | 13/9 | 15/11 | 36/24 |
| വൈരക്കൽ നിർമ്മാണം | 3/1 | 8/5 | | 11/6 |
| വയറിംഗ് | 2/1 | 2/1 | | 4/2 |
| ഖാദിനെയ്ത് | 2/1 | 1/1 | 6/4 | 9/6 |
| പ്ലാസ്റ്റിക് വർക്ക് | | 1/1 | 1/1 | 2/2 |
| റേഡിയോ/ടി.വി. | 1/1 | 1/1 | | 2/2 |
| എംബ്രോയ്ഡറി | | - | 3/3 | 3/3 |
| ആകെ | 8/4 | 13/9 | 15/11 | 36/24 |

പരിശീലനാർത്ഥികളുടെ താൽപര്യത്തിനനുസരിച്ച് അതാതു ട്രേഡുകളിൽ പരിശീലനം ലഭ്യമാക്കുന്നതിന് പലപ്പോഴും കഴിയാറില്ലെന്നുള്ളതാണ് വസ്തുത. അംഗീകൃത പരിശീലന സ്ഥാപനങ്ങളുടെ അഭാവവും, സാമ്പത്തിക പരിമിതികളും ഇതിന് പലപ്പോഴും തടസ്സം സൃഷ്ടിക്കുന്ന ഘടകങ്ങളാണ്. ഈയൊരവസ്ഥമാറ്റി, പരിശീനാർത്ഥിക്ക് താനാഗ്രഹിക്കുന്ന ട്രേഡിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ. പരിശീലനാന്തരം പദ്ധതി നടത്തിപ്പിനാവശ്യമായ വായ്പയും ധനസഹായവും ലഭ്യമാക്കുന്ന കാര്യത്തിലും വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## ഗ്രാമീണ വനിതാ ശിശു വികസന പരിപാടി (DWCRA)

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകുന്ന, ഐ. ആർ. ഡി. പി.യുടെ ഒരു അനുബന്ധപരിപാടിയാണിത്. വായ്പക്കും ധനസഹായത്തിനും പുറമെ യൂണിറ്റ് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും വിപണനം നടത്തുന്നതിനുമായി 25000/ രൂപയുടെ റിവോൾവിംഗ് ഫണ്ടും ഓരോ ഗ്രൂപ്പിനും ലഭ്യമാക്കുന്നു.

ഇത്തരത്തിലുള്ള 3 യൂണിറ്റുകൾ ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. വേലൂപ്പാടം ഹരിജൻകോളനി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കുട്ടനെയ്ത്ത് യൂണിറ്റ്; നടാംപാടം കള്ളിച്ചിത്ര കോളനിയിലെ ഡയറി യൂണിറ്റ് നന്തിപുലത്തുള്ള റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ് എന്നിവയാണ് ഇവ. 27 വനിതകൾ ഈ യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. പ്രതിവർഷം ഏകദേശം 7500 തൊഴിൽ ദിനങ്ങൾ ഇതുവഴി സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ DWCRA യൂണിറ്റുകളുടെ വിശദാംശങ്ങൾ പട്ടിക –4 കൊടുത്തിരിക്കുന്നു.

പട്ടിക –4

**DWCRA യൂണിറ്റുകൾ**

| വി. ഇ. ഒ.സർക്കിൾ | യൂണിറ്റ് പേര് | രൂപീകരിച്ച വർഷം | അംഗങ്ങൾ | പ്രതിവർഷം സൃഷ് ടിക്കപ്പെ ടുന്ന തൊഴിൽ ദിനങ്ങൾ | പ്രവർത്തന മേഖല |
|---|---|---|---|---|---|
| വരന്തരപ്പിള്ളി വേലൂപ്പാടം | 1. ഡേ. അംബേദ്ക്കർ ചാരിറ്റബിൾ സൊസൈറ്റി DWCRA യൂണിറ്റ് വേലൂപ്പാടം | 1995-96 | 10 | 2000 | |
| | 2. മലയൻനാണിവേലായുധൻ ചാരിറ്റബിൾ സൊസൈറ്റി DWCRA യൂണിറ്റ് നടാംപാടം കുള്ളിച്ചിറ | 1996-97 | 7 | 2555 | |
| നന്തിപുലം | 1.ഭാവന ഗാർമെൻറ് | 1995-96 | 10 | 3000 | |
| | ആകെ | | 27 | 7555 | |

വനിതകളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും അവരുടെ കർമ്മശേഷി സമൂഹ നന്മയ്ക്കുവേണ്ടി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള ഇത്തരം പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ശരിയായ നേതൃത്വത്തിൻെറ കീഴിൽ വനിതകളെ സംഘടിപ്പിക്കുക വഴി ഇത് സാധ്യമാക്കാം.

**ഭവന നിർമ്മാണ പദ്ധതികൾ**

സ്വന്തമായി 2 സെൻറ് ഭൂമിയുള്ളവരും വാസയോഗ്യമായ വീടില്ലാത്തവരുമായ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്കാണ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം വീടിനുള്ള ധനസഹായം ലഭ്യമാക്കുന്നത്.

**ജവഹർ റോസ്ഗാർ യോജന (JRY)**

**ഇന്ദിരാ ആവാസ് യോജന IAY**

മില്ല്യൻ വെൽ സ്കീം (MWS) എന്നീ പദ്ധതികൾ വഴിയാണ് ഭവനനിർമ്മാണത്തിനുള്ള സഹായം നല്കിക്കൊണ്ടിരിയ്ക്കുന്നത്. ഇതിനുപുറമെ പഞ്ചായത്ത് JRY ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള ഗ്രാൻറ് നൽകി വരുന്നു. 1990 മുതൽ നടപ്പിലാക്കിയിട്ടുള്ള ഭവനനിർമ്മാണ പുരോഗതി പട്ടിക -5ൽ കൊടുത്തിരിക്കുന്നു.

1990 -91 മുതൽ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ അനുസരിച്ച് ഇതുവരെയായി 173 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ഗ്രാൻറ് നൽകിയിട്ടുണ്ട്. (IAY _86, JRY-57 MWS_30 ) ഇതിൽ ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച 36 വീടുകളും ഉൾപ്പെടുന്നു. 1995-96 സാമ്പത്തിക വർഷം വരെ അനുവദിച്ച 137 വീടുകളിൽ 101 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് വീടുകൾ നിർമ്മാണത്തിൻെറ വിവിധ ഘട്ടങ്ങളിലാണ്.

പട്ടിക -5 അനുബന്ധം കാണുക

17 മുതൽ 20 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണതയുള്ള വീടുണ്ടാക്കുന്നതിന് 15800/ രൂപ എന്ന തോതിലാണ് ധനസഹായം ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്നത്. ഇത് തീർത്തും അപര്യാപ്തമാണെന്നും പറയേണ്ടതില്ലല്ലോ. അസംസ്കൃതവസ്തുക്കളുടേയും നിർമ്മാണസാമഗ്രികളുടേയും വിലവർദ്ധനവും വേതനനിരക്കിലെ വർദ്ധനവും കണക്കിലെടുക്കുമ്പോൾ ഈ സഹായം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ ചിലവു ചുരുക്കിക്കൊണ്ടുള്ള നിർമ്മാണ സാങ്കേതിക വിദ്യയുടെ ഉപയോഗവും നമ്മുടെ പ്രദേശത്ത് വ്യാപകമാക്കേണ്ടിയിരിക്കുന്നു. നിർമ്മാണച്ചെലവിൻെറ 30% വരെ ലഭിക്കാവുന്ന രീതിയിലുള്ള ഫില്ലർ സ്ലാബുകളും, ഫെറോസിമൻറ് റൂമുകളും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിൽ cost ford ൻേറയും മറ്റ് സന്നദ്ധസംഘടനകളുടേയും വൈദഗ്ധ്യം പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

**കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി. (CRSD)**

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പരിപാടിയാണിത്. ഗ്രാമങ്ങളിലെ ദാരിദ്ര രേഖക്ക് താഴേയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ഈ പദ്ധതി വഴി സഹായം ലഭ്യമാക്കുന്നു. 2500/ രൂപ ചെലവു വരുന്ന UNDP മാതൃകയിലുള്ള ഇരട്ടക്കുഴി കക്കൂസുകളുടെ നിർമ്മാണത്തിന്

500രൂപ ഗുണഭോക്താവിന്റെ വിഹിതം കഴിച്ചുള്ള തുക 2000/ രൂപ ഗ്രാൻറായി നൽകുന്നു. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ നിർമ്മിച്ച കക്കൂസുകളുടെ വിശദാംശങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6**

**CRSP പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണ പുരോഗതി (1992-96)**

| വർഷം | വരന്തരപ്പിള്ളി | വേലൂപ്പാടം | നന്തിപുലം | ആകെ |
|---|---|---|---|---|
| 1992-93 | | 32 | - | 32 |
| 1993-94 | - | 10 | 10 | |
| 1994-95 | 16 | - | 10 | 26 |
| 1995-96 | 9 | 47 | 11 | 67 |
| ആകെ | 25 | 79 | 31 | 135 |

ഇന്നത്തെ സാഹചര്യത്തിൽ കക്കൂസിന്റെ നിർമ്മാണച്ചെലവ് നേരിടുന്നതിന് വർദ്ധിപ്പിച്ച തോതിലുള്ള സഹായധനം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്. പൂർണ്ണമായും സർക്കാർ ഏജൻസികളെ മാത്രം ആശ്രയിച്ചുകൊണ്ട് ഈ രംഗത്ത് നമുക്ക് നേട്ടങ്ങൾ കൊയ്യുന്നത് ക്ഷിപ്രസാധ്യമല്ല എന്നിരിക്കെ സന്നദ്ധ സംഘടനകളുടെ സേവനവും CAPART ധനസഹായവും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റുകളുടെ നേതൃത്വത്തിൽ കുറഞ്ഞ ചെലവിൽ കക്കൂസുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയും, കുഴിയും തറയും ഉണ്ടാക്കുന്നവർക്ക് സൗജന്യമായി ക്ലോസറ്റ് നൽകുന്ന പദ്ധതിയും പഞ്ചായത്തുകളുടെ മുൻകൈയ്യോടുകൂടി നടപ്പാക്കാൻ കഴിയുന്ന പരിപാടികളാണ്.

**ജവഹർ തൊഴിൽ ദാന പദ്ധതി (ജെ. ആർ. വൈ)**

തൊഴിൽരഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. അതിനുതകുന്ന അടിസ്ഥാന സൗകര്യങ്ങളും ആസ്തികളും മെച്ചപ്പെടുത്തുകയും തന്മൂലം ഗ്രാമീണരുടെ പൊതു ജീവിത നിലവാരം ഉയർത്തുകയുമാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. എട്ടാം പദ്ധതി കാലത്ത് പഞ്ചായത്തിൽ (ജെ. ആർ. വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി സൃഷ്ടിച്ച സാമൂഹിക ആസ്തികളുടേയും, തൊഴിൽ ദിനങ്ങളുടേയും വിശദാംശങ്ങൾ പട്ടിക -7 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക -7**

**ജെ. ആർ. വൈ. പ്രവർത്തനപുരോഗതി പഞ്ചായത്തു തലം (1990-96)**

| വർഷം | സൃഷ്ടിക്കപ്പെട്ട സാമൂഹിക ആസ്തി | സൃഷ്ടിക്കപ്പെട്ടതൊഴിൽദിനങ്ങൾ |
|---|---|---|
| 1990-91 | റോഡ്, കുളം, ബണ്ട് | 4892 |
| 91-92 | റോഡ്_ടാറിംഗ്, ബണ്ട് | 5348 |
| 92-93 | റോഡ് | 3853 |
| 93-94 | റോഡ് | 2637 |
| 94-95 | റോഡ് | 4499 |
| 95-96 | റോഡ് | 3785 |
| | ആകെ | 25014 |

## മില്ല്യൻ വെൽസ്കീം (MWS)

പ്രധാനമായും ചെറുകിട പരിമിത കർഷകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. കൃഷിഭൂമിയുടെ സമഗ്രമായ വികസനമാണ് പദ്ധതിയുടെ പ്രാധാന ലക്ഷ്യം. കിണർക്കുഴിക്കുന്നതിനും മണ്ണൊലിപ്പു തടയുന്നതിനുമുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നു. MWSപദ്ധതിയനുസരിച്ച് പഞ്ചായത്തിൽ ഇതുവരെയായി 12 പേർക്ക് കിണർക്കുഴിക്കുന്നതിന് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

## ചെറുകിട - പരിമിത കർഷകർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

ഈ പദ്ധതിയനുസരിച്ച് ചെറുകിട പരിമിത കർഷകർക്ക് അവരുടെ കൃഷിഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള കിണർക്കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനുമുള്ള ധനസഹായവും വായ്പയും ലഭ്യമാക്കുന്നു. ഇതനുസരിച്ച് ഇതുവരെയായി 102 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക-8ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8

ചെറുകിട - കർഷകർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി (1989-96)

| വർഷം | വരന്തരപ്പിള്ളി | | വേലൂപ്പാടം | നന്തിപുലം | ആകെ |
|---|---|---|---|---|---|
| 1989-90 | | - | - | 28 | |
| 1990-91 | | - | 5 | 5 | |
| 1991-92 | | - | - | 32 | |
| 1992-93 | | - | - | 17 | |
| 1993-94 | | - | - | - | |
| 1994-95 | | - | - | 1 | |
| 1995-96 | | | - | - | |
| ആകെ | 14 | 5 | 83 | 102 | |

## ഗ്രാമീണ കൈത്തൊഴിലുപകരണ - വിതരണ പരിപാടി (RAP/ SITRA)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നല്കാൻ ഉദ്ദേശിച്ചുള്ള ഒരു പരിപാടിയാണിത്.

ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുവേണ്ടി നടത്തിയ സർവ്വെയിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 57 ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരിൽ 16 പേർക്ക് ഇതുവരെയായി ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾക്ക് പട്ടിക 9കാണു.

പട്ടിക -9

കൈത്തൊഴിലുപകരണ- വിതരണപരിപാടി

| | വരന്തരപ്പിള്ളി | വേലൂപ്പാടം | നന്തിപുലം | ആകെ |
|---|---|---|---|---|
| 1992 ലെ സർവ്വെലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ | 12 | 8 | 37 | 57 |
| സഹായം ലഭിച്ച വർഷം | സഹായം ലഭിച്ച വരുടെ എണ്ണം. | | | |
| 1993 -94 | 3 | 3 | 6 | 12 |
| 1994-95 | - | - | - | - |
| 1995-96 | - | - | 4 | 4 |
| ആകെ | 3 | 3 | 10 | 16 |

പെൻഷൻ - ധനസഹായ പദ്ധതികൾ.

സമൂഹത്തിലെ വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ - ധനസഹായ പദ്ധതികൾ. സമൂഹത്തിലെ സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവന മാർഗ്ഗം നേടാൻ കഴിയാത്ത സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസം നല്കുന്നതിനുള്ള പെൻഷൻ -ധനസഹായ പദ്ധതികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

കർഷകത്തൊഴിലാളി പെൻഷൻ

അഗതി പെൻഷൻ, വിധവാപെൻഷൻ

വികലാംഗ പെൻഷൻ

വിവാഹധനസഹായങ്ങൾ, തൊഴിലാളി ക്ഷേമനിധികൾ എന്നിവ ഇതിൽപ്പെടുന്നു. പഞ്ചായത്തിൽ വിവിധ പെൻഷൻപദ്ധതികളുടെ പ്രയോജനം ലഭിച്ചവരുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

വികാലാംഗപെൻഷൻ–114

വിധവാപെൻഷൻ –93

അഗതി പെൻഷൻ –81

പെൻഷൻ പദ്ധതികൾക്ക് അർഹരായ ധാരാളം പേർ പഞ്ചായത്തിലുണ്ടെങ്കിലും അവരിൽ ചെറിയൊരു വിഭാഗത്തിനു മാത്രമാണ് ഇപ്പോൾ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. വിവിധ പെൻഷൻ പദ്ധതികളുടേയും ധനസഹായങ്ങളുടേയും ആനുകൂല്യം ലഭിക്കുന്നതിന് അർഹരായവരെ കണ്ടെത്തുന്നതിനും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ ഒരു പ്രത്യേക സമിതി രൂപീകരിച്ച് ആവർത്തിക്കുന്നത് നന്നായിരിക്കും

തൊഴിലില്ലായ്മ വേതനം

സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴേയുള്ള, അഭ്യസ്തവിദ്യരായ യുവതീ യുവാക്കളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. നമ്മുടെ പഞ്ചായത്തിലെ ഏകദേശം 600ഓളം പേർക്ക്

തൊഴിലില്ലായ്മാവേതനം ലഭിച്ചു വരുന്നുണ്ട്.

തൊഴിലില്ലായ്മാവേതനത്തിന് അർഹരായ മറ്റു യുവജനങ്ങൾക്കു കൂടി ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മഹിളാസമാജങ്ങൾ - ബാലവാടികൾ - അംഗൻവാടികൾ**

ഗ്രാമവികസന പ്രവർത്തനങ്ങളിലെ സന്നദ്ധ പങ്കാളിത്തത്തിന് സഹായിക്കുന്ന സംഘടനകളാണ് മഹിളാസമാജങ്ങൾ. ഗ്രാമീണസമൂഹത്തിന് പോഷണം, പ്രതിരോധ ചികിത്സ സമ്പാദ്യശീലം, കുടുംബസംവിധാനം , സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് ബോധനം നല്കുന്നതിന് ഇവയുടെ പ്രവർത്തനം വളരെയേറെ സഹായിക്കുന്നു എന്നാൽ -

നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10 മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും പലതിന്റേയും പ്രവർത്തനങ്ങൾ കാര്യ.ക്ഷമമല്ല. വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിൽ മഹിളാസമാജങ്ങൾക്ക് നിസ്തുലമായ പങ്ക് വഹിക്കാനുണ്ട്. ഇവയുടെ പ്രവർത്തങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടായേ മതിയാകൂ.

പഞ്ചായത്തിൽ നാല് ബാലവാടികൾ പ്രവർത്തിക്കുന്നു. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുഞ്ഞുങ്ങൾക്ക് പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിനും പഞ്ചായത്ത് ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

സംയോജിത ശിശുവികസന പദ്ധതി (ഐ. സി. സി. എസ്) ൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ അംഗൻവാടികൾ ആരംഭിക്കുന്നതിന് മുൻകൈ എടുക്കണം.

**നിർദേശങ്ങൾ**

1. ഐ.ആർ.ഡി.പി. പദ്ധതികളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പു വരുത്തുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളും ജനപ്രതിനിധികളും ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധിയും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് ഫലപ്രദമായിരിക്കും. അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലും അവയുടെ വിജയകരമായ നടത്തിപ്പിലും ഗുണഭോക്താക്കൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കാനുള്ള ഒരു ബോഡിയായും ഇത് പ്രവർത്തിക്കണം.

2. ട്രൈസം പദ്ധതിയനുസരിച്ച് പരിശീലനാർത്ഥികൾ ആഗ്രഹിക്കുന്ന ട്രേഡിൽപരിശീലനം നല്കുന്നതിന് പലപ്പോഴും കഴിയാറില്ല. ഇതിനുള്ള പ്രധാനകാരണം അംഗീകൃത പരിശീലന സ്ഥാപനങ്ങളുടെ അഭാവമാണ്. ഇതുമൂലം താൽപര്യത്തിനുപരി ലഭ്യമായ ട്രേഡുകളിൽ പരിശീലനം തേടേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ഈ ന്യൂനത പരിഹരിക്കുന്നതിനും കൂടുതൽ പേർക്ക് വിവിധ മേഖലകളിൽ വൈദഗ്ധ്യം ലഭിക്കുമാറ് നല്ല രീതിയിലുള്ള പരിശീലനം ലഭ്യമാക്കുന്നതിനുമായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകണം.

**(പരിശീലന-സേവനകേന്ദ്രം)**

ഇതിനെ ഒരു Training _cum_Service centre ആയി മാറുന്നതു വഴി പ്രദേശത്തെ ജനങ്ങൾക്ക് വിദഗ്ധമായ സേവനം ലഭ്യമാക്കുന്നതോടൊപ്പം തന്നെ സ്ഥാപനത്തിന്റെ ആവർത്തന ചിലവുകൾ നേരിടുന്നതിന് തക്കവിധമുള്ള ഒരു സ്വാശ്രായ സ്ഥാപനമാക്കി വളർത്തിയെടുക്കാനും കഴിയുന്നതാണ്.

3. DWCRAയൂണിറ്റുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കെട്ടിടം പണിയുന്നതിന് സർക്കാരിൽ നിന്നും ഗ്രാൻറ് അനുവദിക്കുന്നതാണ്. ആയതിനാൽ സ്വന്തമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.ഒരു ഗ്രൂപ്പ് ആക്റ്റിവിറ്റി എന്ന നിലയിലുള്ള DWCRAയൂണിറ്റിന്റെ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനും കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടു പോകുന്നതിനും ഒരു കൂരക്കു കീഴിലുള്ള പ്രവർത്തനം വളരെയേറെ സഹായകമായിരിക്കും. മാത്രമല്ല- അസംസ്കൃതവസ്തുക്കളുടെ സംഭരണവും സൂക്ഷിപ്പും ഉത്പന്നങ്ങളുടെ ശേഖരണവും ഇന്നേറേ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വിഷയങ്ങളാണ്. ഇത് പരിഹരിക്കുന്നതിനും സ്വന്തമായ സ്ഥലവും കെട്ടിടവും യൂണിറ്റുകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

4. മഹിളാസമാജങ്ങൾ തങ്ങളുടെ പതിവു പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം തന്നെ - അംഗങ്ങളുടെ ഒഴിവു സമയം ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള വരുമാനക്ഷാമമായ പദ്ധതികൾക്കു കൂടി പ്രാധാന്യം കൊടുത്ത് കൊണ്ട് നടപ്പാക്കാൻ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.സാമൂഹ്യവനവല്ക്കരണ പദ്ധതിയുടെ ഭാഗമായി 'നേഴ്സറികൾ' തയ്യാറാക്കുന്ന പ്രവർത്തനങ്ങളും മറ്റും മഹിളാസമാജങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ടൈലറിംഗ് പോലുള്ള സ്വയം തൊഴിൽ പരിപാടികൾക്കുള്ള പരിശീലന കേന്ദ്രങ്ങളായും സമാജങ്ങൾക്ക് പ്രവർത്തിക്കാവുന്നതാണ്.

ഗ്രാമസഭാ നിർദേശങ്ങൾ

1. പഞ്ചായത്തിലെ അർഹതപ്പെട്ടവർക്ക് പെൻഷൻ കൊടുക്കുന്നതൊടൊപ്പം അനർഹർ പെൻഷൻ കൈപറ്റുന്നത് നിർത്തലാക്കി വിതരണത്തിലെ പ്രതിസന്ധികൾ പരിഹരിക്കുക.

2. പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്തു തലത്തിൽ ജനകീയ കമ്മറ്റികൾക്ക് രൂപം കൊടുക്കുക.

3. തൊഴിലില്ലായ്മ വേതനം, തൊഴിലാളി ക്ഷേമനിധികൾ വിവാഹധന സഹായങ്ങൾ എന്നിവയുടെ ഗുണഫലത്തെ അർഹരായ കുടുംബങ്ങൾക്ക് ലഭ്യമാക്കുക.

4. വിധവകൾ കുടുംബനാഥരായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക ധനസഹായം ലഭ്യമാക്കുക.

5. ക്ഷേമ പദ്ധതികളെ ക്കുറിച്ച് ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

6. മഹിളാസമാജങ്ങളുടെ പ്രവർത്തനം ശക്തമാക്കുക.

7. വനിതകളുടെ സ്വയം തൊഴിൽ സംരഭങ്ങൾക്ക് പ്രാധാന്യം നല്കി DWCRA യൂണിറ്റുകൾ രൂപവല്ക്കരിക്കുക.

8. നിലവിലുള്ള മഹിളാസമാജങ്ങൾ, ബാലവാടികൾ, DWCRA യൂണിറ്റുകൾ എന്നിവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

9. ഇഞ്ചക്കുണ്ട് കസ്തൂർബാ മഹിളാസമാജം കെട്ടിടത്തിൻെറ ശോചിനീയാവസ്ഥ പരിഹരിക്കുക- ബാലവാടിയിലെ കുട്ടികൾക്ക് പഠനോപകരണങ്ങളും ഫീഡിംഗിന് വേണ്ടി ആവശ്യമായ പാത്രങ്ങളും പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുക.

10. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടി - ഫീഡിംഗ് സെൻററുകൾ മുഴുവൻ ഗുണഭോക്താക്കൾക്കും സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുക.

11. വരന്തരപ്പിള്ളി സെൻററിൽ ബസ് വെയിറ്റിംഗ് ഷെഡും മൂത്രപ്പുരയും സ്ഥാപിക്കുക.

12. പഞ്ചായത്തിൽ പട്ടയം ലഭിക്കാത്ത കർഷകർക്ക് പട്ടയ വിതരണത്തിന് നടപടി സ്വീകരിക്കുക.

13. കരയാംപാടം പ്രദേശത്ത് ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുക.

14. പഞ്ചായത്തിൽ പൊതുവായ കളിസ്ഥലവും സ്റ്റേജും നിർമ്മിക്കുക.

15. ക്രഷ്, കല്യാണമണ്ഡപം, കമ്മ്യൂണിറ്റി ഹാൾ എന്നിവ കൂടുതലായി സ്ഥാപിക്കുക.

16. കോളനികളിലെ പുതിയ കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുക

17. പൊതുശ്മശാനങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

18. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം, നടപ്പാക്കുക, മദ്യത്തിനും, മയക്കുമരുന്നിനും, സ്ത്രീപീഡനത്തിനും സ്ത്രീധനത്തിനുമെതിരെ പഞ്ചായത്തടിസ്ഥാനത്തിൽ ശക്തമായ ബോധവല്ക്കരണവും പ്രതിരോധ നടപടികളും സ്വീകരിക്കുക.

19. വനിതാ പോലീസിൻേറ സേവനം ലഭ്യമാക്കുക

669

20. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ആനുകൂല്യങ്ങൾ അവർ തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക.

21. മാസത്തിലൊരിക്കൽ ആരോഗ്യവകുപ്പിൻേറ സേവനം വഴി കോളനി നിവാസികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുക.

22. ജാതിപരമായ ഉച്ചനീചത്വം കാണിക്കുന്നവരേയും ജാതി പേർ വിളിച്ച് പരിഹസിക്കുന്നവരേയും നിയമപരമായി എതിർക്കുക.

23. സമൂഹത്തിലെ വൃദ്ധജനങ്ങൾക്കു വേണ്ടി വൃദ്ധ മന്ദിരങ്ങൾ സ്ഥാപിക്കുക.

**പ്രശ്നങ്ങൾ**

1. ഐ. ആർ. ഡി.പി. ഗുണഭോക്താക്കളാവേണ്ട ദാരിദ്ര്യരേഖയ്ക്കു താഴേയുള്ള ജനവിഭാഗങ്ങൾ ഈ പദ്ധതിയെക്കുറിച്ച് പൂർണമായും ബോധവാന്മാരല്ല. അതു കൊണ്ടു തന്നെ പദ്ധതിയുടെ ഗുണഫലങ്ങൾ അതിനർഹമായവരുടെ കൈകളിലേക്ക് പൂർണമായും എത്തുന്നില്ല. അർഹതയുള്ളവർക്കു തന്നെ ലഭ്യമാകുന്ന വായ്പാതുക പലപ്പോഴും നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നില്ല. വായ്പകൾ കൃത്യസമയത്ത് തിരിച്ചടക്കുന്നതിൽ ഭൂരിഭാഗം പേരും വീഴ്ച വരുത്തുന്നു.

2. ട്രൈസം പദ്ധതി മുഖേന പരിശീലനം ലഭിച്ചവരിൽ മൂന്നിൽ രണ്ടു ഭാഗം മാത്രമാണ് ഈ രംഗത്ത് തൊഴിൽ ചെയ്യുന്നുള്ളൂ. സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പരിപൂർണ്ണ വൈദഗ്ധ്യം ഈ പരിശീലനത്തിലൂടെ ലഭ്യമാകുന്നില്ല. എന്നതിനാൽ ഇവരിൽ ഭൂരിഭാഗവും ഈ രംഗത്ത് തുടരുന്നില്ല. വായ്പാതുക പലപ്പോഴും തികയാറില്ല. മെച്ചപ്പെട്ട സാങ്കേതിക വൈദഗ്ധ്യം പ്രദാനം ചെയ്യുന്ന ട്രേഡുകളുടെ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിലില്ല.

3. DWCRA യൂണിറ്റുകൾക്ക് കെട്ടിടം ഇല്ല. യൂണിറ്റിൻെറ പ്രവർത്തനങ്ങളിൽ ശരിയായ രീതിയിലുള്ള മാനേജ്മെൻറിൻെറ അഭാവം പ്രകടമാണ്. അസംസ്കൃത വസ്തുക്കൾക്ക് ആവശ്യമായത്ര സബ്സിഡി ലഭ്യമാക്കണം. ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനാർഹമായ രീതിയിൽ വിപണന സൗകര്യങ്ങൾ ഇല്ല. യൂണിറ്റ് ആരംഭിക്കുന്നവർക്ക് പ്രവർത്തന രീതിയെ ക്കുറിച്ച് ആസൂത്രിതമായ മുൻധാരണകൾ ഇല്ല.

4. സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പെൻഷൻ പദ്ധതികളും തൊഴിലില്ലായ്മാവേതനവും കൃത്യമായും അർഹതപ്പെട്ടവർക്കും ലഭിക്കുന്നില്ല. പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും നടത്തിപ്പിനുള്ള കാലതാമസവും, നടപടി ക്രമങ്ങളിലെ സങ്കീർണ്ണതയുമാണ് ഇതിന് മുഖ്യകാരണം.

5. തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരിൽ പലരും അതിനർഹമല്ലാത്തവരാണ്. അതേ സമയം തന്നെ അർഹമായ പലർക്കും വേതനം ലഭിക്കുന്നില്ല.

6. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കാര്യക്ഷമമായ നേതൃത്വത്തിൻെറ അഭാവം പ്രവർത്തനങ്ങൾ ഇദ്ദിഷ്ട ലക്ഷ്യത്തിലെത്തുകയില്ല. പലയൂണിറ്റുകളും രജിസ്ട്രേഷനിൽ മാത്രം ഒതുങ്ങുന്നു.

7. ബാലവാടികളിയെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയും, ഫീഡിംഗിൻെറ അഭാവവും

സ്വകാര്യ നേഴ്സറികളുടെ ആകർഷണീയതയും നിലവിലുള്ള ബാലവാടികളെ പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിൽ അംഗൻവാടികളും ഫീഡിംഗ് സെൻററുകളും ആവശ്യാനുസരണം ഇല്ല.

8. വീട്, കക്കൂസ്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഭൂരിപക്ഷം പേർക്കും ലഭ്യമല്ല.

**സാധ്യതകൾ**

1. സാമാഹ്യക്ഷേമ പദ്ധതികൾ പഞ്ചായത്തു തലത്തിൽ നടപ്പാക്കണം. ഇതു മൂലം പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസവും സങ്കീർണതയും പരിഹരിക്കാനാകും.

670

2. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും ജനങ്ങൾക്കിടയിൽ ബോധവല്ക്കരണം നടത്തണം.

3. പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വഗ്രാമമാക്കുന്നതിനായി സോപ്യോ ഇക്കണോമിക്ക് യൂണിറ്റിന്റേയും പഞ്ചായത്തിന്റേയും സംയുക്ത സംരംഭം വഴി കക്കൂസുകൾ നിലവിലില്ലാത്ത എല്ലാ വീടുകളിലും അവ നിർമ്മിച്ചു നൽകുന്നതിനുള്ള ഒരു ജനകീയ പദ്ധതി ആസൂത്രണം ചെയ്യണം. ജനകീയ ശുചീകരണ പദ്ധതി.

4. പട്ടികജാതി / പട്ടിക വർഗ്ഗക്കാരായ സ്ത്രീകളുടേയും കുട്ടികളുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി 18 വയസ്സു കഴിഞ്ഞ അഭ്യസ്ത വിദ്യരായ വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് തൊഴിൽ പരിശീലനം നൽകുന്ന സുബലകളുടെ യൂണിറ്റ് പഞ്ചായത്തിൽ നടപ്പാക്കണം.

5. സ്വയം തൊഴിൽ സംരഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളുടെ സംഘടനയായ SEWA (self employed womens association) സേവയുടെ ഒരു ഘടകം പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തണം. വനിതാ വേദികളുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്ന ഈ സംഘടന മഹിളാസമാജത്തിലെ അംഗങ്ങൾക്കും DWCRA യൂണിറ്റ് അംഗങ്ങൾക്കും പ്രയോജനപ്രദമായിരിക്കും. ഹോംനേഴ്സ്, കേറ്ററിംഗ് ശുചീകരണപ്രവർത്തനങ്ങൾ പച്ചകൃഷി, മുയൽ വളർത്തൽ എന്നീ മേഖലകളിൽ പുതിയ സംരഭങ്ങൾ ഏറ്റെടുക്കുന്നതിന് ഇത് വനിതകളെ പ്രാപ്തരാക്കുന്നു.

6. 20 -40 കുടുംബങ്ങളിലെ വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾ Area Development Socities_ ADS) പഞ്ചായത്തിൽ നടപ്പിലാക്കണം. സ്ത്രീകളെ സാമൂഹിക ഉത്പാദന മേഖലകളിൽ പങ്കാളികളാക്കി കൊണ്ട് വനിതകൾക്കിടയിൽ സമ്പാദ്യശീലം വളർത്താൻ ഇത് സഹായകമാണ്.

# സംസ്കാരം

ചരിത്രത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുമ്പോൾ മനുഷ്യൻ ആർജ്ജിച്ചെടുത്ത തിരിച്ചറിവിന്റെ ആകെ തുകയാണ് സംസ്കാരം. വർത്തമാനകാലത്തിന്റെ പടികളിറങ്ങി ചരിത്രത്തിന്റെ ജാലകവാതിലിലൂടെ മനുഷ്യസംസ്കാരചരിത്രം തേടുമ്പോൾ നാം ശിലായുഗമനുഷ്യൻ വസിച്ചിരുന്ന ഗുഹാസമൂഹങ്ങളിൽ എത്തിനിൽക്കുന്നു. അവന്റെ ആവാസകേന്ദ്രങ്ങളിലെ ചുമർ ചിത്രങ്ങളും ശിലായുധങ്ങളും അടിസ്ഥാനാവശ്യങ്ങളുടേയും അതുമറികടക്കാൻ അവൻ കണ്ടെത്തിയ മാർഗ്ഗങ്ങളുടേയും ചരിത്രസ്മാരകങ്ങളാകുന്നു.

നമ്മുടെ പഞ്ചായത്തിന്റെ വടക്കുകിഴക്കെ ഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്ന വനപ്രദേശങ്ങളിൽ ഈ ചരിത്ര സ്മാരകങ്ങളുടെ അവശിഷ്ടങ്ങൾ ചിതറികിടക്കുന്നു. തമിഴ്നാട് അതിർത്തിയോടടുത്ത് ഈറ്റകുമ്പൻ മലയടിവാരത്തിലെ ആദിവാസികോളനി, കുറുമാലിപുഴയുടെ ഉത്ഭവസ്ഥാനത്തെ കോലംമുങ്ങിക്കയം അമ്പലം, ചിമ്മിനിഡാം റിസർവ്വോയറിൽ മുങ്ങിപോയ കള്ളിചിത്ര ആദിവാസികോളനി, കനാറ്റുപാടത്തെ അയ്യൻകെട്ടിയപാലം, വെള്ളാരംപാടത്തിന് മേൽകൂര തീർത്തപോലെ നിൽക്കുന്ന മുനിയാട്ടുകുന്നിലെ ബൗദ്ധസന്യാസിമാരുടെ മുനിയറകൾ, കള്ളായി പ്രദേശത്തെ പത്തായപാറയിലെ മുനിയറകൾ, എന്നിവിടങ്ങളിലൂടെയുള്ള ചരിത്രാന്വേഷണം വരന്തരപ്പിള്ളി പഞ്ചായത്തിന്റെ പുരാതന സാംസ്കാരിക ചരിത്രത്തിന്റെ നാഴിക കല്ലുകളായേക്കാം. ഇതിൽതന്നെ ഒരു പുരാതനജനതയുടെ പിൻതലമുറക്കാരുണ്ടായിരുന്ന കള്ളിച്ചിത്ര ആദിവാസി കോളനി. ചിമ്മിനിഡാമിന്റെ റിസർവോയറിനടിയിലകപ്പെട്ടു എന്നുള്ളതും, പത്തായപാറയിലെ മുനിയറകൾ പതിനഞ്ചോളം വർഷങ്ങൾക്കു മുമ്പ് മറ്റു ആവശ്യങ്ങൾക്കുവേണ്ടി എടുത്തു മാറ്റി എന്നുള്ളതും നമ്മുടെ ചരിത്രാന്വേഷണങ്ങൾക്കിടയിലെ തേങ്ങലുകളായി മാറുന്നു.

ബ്രിട്ടീഷ് ഇന്ത്യയുടെ കാലത്ത് മലഞ്ചരക്കുകൾ ഇറക്കികൊണ്ടുവരുവാൻ നിർമ്മിച്ച് ട്രാംവേലയിൻ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സംസ്കാരിക വളർച്ചയുടെ മറ്റൊരുദാഹരണമാണ്. എന്നാൽ തമിഴ്നാട് അതിർത്തിയിലെ ഇറ്റൗറ്റകുമ്പൻ മലയടിവാരം മുതൽ, വെള്ളികുളങ്ങര രണ്ടുകൈ അതിർത്തിവരെ വ്യാപിച്ചുകിടക്കുന്ന അതിന്റെ അവശിഷ്ടങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ചൂഷണത്തിന്റെ കറുത്ത മുഖംകൂടി വെളിപ്പെടുത്തുന്നു. നമ്മുടെ പ്രകൃതിവിഭവങ്ങളായ ചന്ദനം തേക്ക്, ഈട്ടി തുടങ്ങിയ വിലമതിക്കാനാവാത്ത കാട്ടുമരങ്ങളും നിരവധി വന്യമൃഗസമ്പത്തും, വനസമ്പത്തുകളും ഈ ട്രാംവേ ലൈനിലൂടെ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വം കടത്തികൊണ്ടുപോയി എന്നത് നിഷേധിക്കാനാകാത്ത ഒരു സത്യമാണ്.

വിശ്വാസത്തിന്റെ ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും കടക്കുമ്പോൾ.., വനഭൂമിയുടെ ഉൾതടങ്ങളിൽ പ്രകൃതി പ്രതിഭാസങ്ങൾ അവനെ ഞെട്ടിച്ചിരുന്നു. ഇടിമിന്നലിനേയും കൊടുങ്കാറ്റിനേയും നേരറിവില്ലാതെ അവൻ ശപിച്ചിട്ടുണ്ടാകാം. വേദനകളും കഷ്ടതകളും അവനെ അദൃശ്യശക്തികളെ പറ്റിയുള്ള പ്രേരണകളുണ്ടാക്കിയിട്ടുണ്ടാകാം. അദൃശ്യശക്തികളിൽ നിന്നും അവനെ രക്ഷിക്കാൻ കൂടുതൽ കരുത്തനായ മറ്റദൃശ്യശക്തി! .. അതായിരുന്നുവോ അവന്റെ ദൈവസങ്കല്പങ്ങൾ? അതിനേക്കാളേറെ മൺമറഞ്ഞുപോയ ശക്തരായ പിതാമഹന്മാർ അവരുടെ കാവൽ മാലാഖമാരാകുന്ന വിശ്വാസചരിത്രപ്രമാണം. അവനെ പിടികൂടിയിരിക്കാം. അവന്റെ മനസിൽ രൂപപ്പെട്ടുവന്ന ഈ ആശയങ്ങളുടെ പ്രതീകങ്ങളായി വിഗ്രഹങ്ങളും ദേവാലയങ്ങളും ഉയർന്നുവന്നു. ശിലായുഗമനുഷ്യനിൽ നിന്നും കൃഷിചെയ്യുന്ന ആധുനിക മനുഷനായി അവൻ മാറിയ കാലഘട്ടങ്ങളിൽ ഉയർന്നുവന്ന നദീതടസംസ്കാരങ്ങളുടെ നിത്യസ്മാരങ്ങളാണ് ഈ ദേവാലയങ്ങൾ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുറുമാലിപുഴയുടെ തീരപ്രദേശങ്ങളിൽ പടുത്തുയർത്തപ്പെട്ട പഴയ അമ്പലങ്ങൾ മുകളിൽ പറഞ്ഞ സാംസ്കാരിക പരിണാമത്തിന് അടിവരയിടുന്നു.

ടിപ്പുവിന്റെ പടയോട്ടകാലത്ത് നശിച്ചുപോയിരുന്നതും, അടുത്തകാലത്ത് പുനരുദ്ധരിച്ചതുമായ 907 ശിവക്ഷേത്രം, പാലപ്പിള്ളി - മൈസൂരിലുള്ള ഗണപതിയുടെ അവശിഷ്ടങ്ങൾ എന്നിവയും നൂറോളം വർഷങ്ങൾ പഴക്കമുള്ള പയ്യൂർക്കാവ് ഭഗവതിക്ഷേത്രം, കുമരംഞ്ചിറ ഭഗവതി ക്ഷേത്രം, തെക്കേനന്തിപുലത്തെ എടലപ്പിള്ളിക്കാവ് ക്ഷേത്രം, മുപ്ലിയം മറ്റപ്പിള്ളികാവ് ക്ഷേത്രം, ശ്രീ കണ്ഠേശ്വരം ശിവക്ഷേത്രം, മുത്തുമലസുബ്രഹ്മണ്യസ്വാമിക്ഷേത്രം പിടിക്കപറമ്പ് കല്ലേലി ശാസ്താക്ഷേത്രം തുടങ്ങിയ അനേകം ക്ഷേത്രങ്ങളും പള്ളിക്കുന്ന്, തെക്കേ നന്തിപുലം, മാഞ്ഞൂര്, വരന്തരപ്പിള്ളികൊരേച്ച, വേലുപ്പാടം, എച്ചിപ്പാറ, ഇഞ്ചക്കുണ്ട്, മുപ്ലിയം എന്നിവിടങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ക്രസ്ത്യൻ ദേവാലയങ്ങളും, കാരികുളം എച്ചിപ്പാറ, പാലപ്പിള്ളി, പുലികണ്ണി, വേലുപ്പാടം, പൗണ്ട് എന്നിവിടങ്ങളിൽ മുസ്ലീം ദേവാലയങ്ങളായ മസ്ജിദുകളും മുകളിൽ പറഞ്ഞ ചരിത്രസംസ്കാരത്തിന്റെ വർത്തമാനക്കാലത്തിലേക്കുള്ള വാതായനങ്ങളാകുന്നു.

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം അവന്റെ എന്നത്തെയും സംസ്കാരചരിത്രത്തിലെ തിളക്കമാർന്ന നാഴികകല്ലാണ്. ശിലായുഗമനുഷ്യനിൽ നിന്ന് വ്യത്യസ്ഥമായി വളർന്നുവന്ന തനിക്കു വേണ്ട ആഹാരം താൻകൃതി ചെയ്തുണ്ടാക്കുന്ന കാർഷിക സംസ്കാരം നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. പശ്ചിമഘട്ടപർവ്വത നിരകളിൽ നിന്നുത്ഭവിക്കുന്ന കുറുമാലി പുഴയുടെ തീരപ്രദേശങ്ങളിൽ സമൃദ്ധമായിരിക്കുന്ന നെല്ല്, വാഴ, പച്ചക്കറികൾ, തെങ്ങ്കവുങ്ങ്, ജാതി എന്നിവയും മലയോര കൃഷികളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കരച്ചാലം തുടങ്ങിയ കൃഷികളും ഈ പ്രദേശങ്ങളിൽ തിങ്ങിപാർക്കുന്ന ജനങ്ങളുടെ സാമൂഹ്യ-സാംസ്കാരിക പുരോഗതിയിൽ കാര്യമായ പങ്കുവഹിച്ചു.

കുറുമാലി പുഴയോരത്തെ വിശാലമായ കൃഷിയിടങ്ങൾ മിക്കവാറും ഓരോ ദേവാലയങ്ങളുടെ കീഴിലായിരുന്നു. ഈ ദേവാലയങ്ങളും കൃഷിയിടങ്ങളും ഓരോ ജന്മിമാരുടെ കൈവശത്തിലായിരുന്നു. ഇവിടെ ജന്മി-കുടിയാൻ ബന്ധവും അടിമത്തരീതിയും അയിത്തവും നിലനിന്നിരുന്നു.

അന്നത്തെ വയലേലകളിൽ ജലസേചനത്തിനായി മൺചിറകളും കട്ടചിറകളും, ചക്രംചവിട്ടിയും, കയറ്റുകൊട്ട, വേത്ത്, ത്ലാകൊട്ട, കാളത്തേക്ക് എന്നിവ ഉപയോഗിച്ചിരുന്നു. അവന്റെ അദ്ധ്വാനത്തിന്റെ വിയർപ്പിനോടൊപ്പം മനസിന്റെ നൈർമല്ല്യത്തേയും നന്മയേയും എടുത്തു കാണിക്കുന്ന...

"വേല ചെയ്തു തളരുമ്പോൾ
വീണുറങ്ങും ചെറുമാടം
അച്ഛനമ്മമാരും മൺമറഞ്ഞമാടം
കൊച്ചു കാലുമൂന്നി പിച്ചവെച്ച മാടം...

672

എന്നുതുടങ്ങുന്ന ഈരടികളെ പോലെ എത്രയോ എഴുതപ്പെടാത്ത കവിതാ ശകലങ്ങൾ

നെൽകൃഷിക്ക് ഇട്ടി കണ്ടപ്പൻ, നൂറുവിളവൻ, ആരിയൻ, ചെമ്പാവ്, ചീര, നവര, വട്ടപൊക്കാളി, എരുമക്കേരി, തവളകണ്ണൻ എന്നീ വിത്തുകളും ഉപയോഗിച്ചിരുന്നെങ്കിലും മിക്കവയും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു.

നാടൻ കരി, മുട്ടി, ഞവുരി എന്നിവയും കാളകളും മനുഷ്യനും ഒരുമിച്ചു പണിയെടുത്തിരുന്ന പഴയ നെൽവയലുകൾ പോയ്മറഞ്ഞുകൊണ്ടിരിക്കുന്നു.

തലസ്ഥാന നഗരിയിൽ പതഞ്ഞുയറുന്ന പോപ്പു സംഗീതത്തിന്റെ ഇല്ലത്തെ മണലും, നിറവും ഗുണവും ഉണ്ടെന്നു വരുത്തിതീർക്കാൻ നമ്മുടെ മാധ്യമങ്ങൾ പരക്കം പായുമ്പോൾ പൂക്കളുടെ നഗരത്തിൽ സൗന്ദര്യമത്സരത്തിന്റെ പേരിൽ നടക്കാൻ പോകുന്ന അശ്ലീലലീലകൾ കുത്തരങ്ങകളാക്കുമ്പോൾ ഇവയൊക്കെ നമ്മുടെ സംസ്കാരത്തിന്റെ ജീർണ്ണിച്ച മുഖങ്ങളായി മാറുന്നു. അതൊ? കരുത്തുക ഒരു പുരാതന സംസ്കാരത്തിലുള്ള പുതിയ തലമുറയുടെ അവബോധകുറവാകുമോ? ഇതിനു കാരണ?

ഭഗവതികാവുകളുടെയും ചാത്തൻതറകളുയേയും കൊട്ട്ങ്ങളുടേയും തിരമുറ്റങ്ങളിൽ അരങ്ങേറിയിരുന്ന മലംകുറത്തി കളി, ചവിട്ടുനാടകം, പൊറാട്ടുനാടകം, കാളകളി,സ പോത്തോട്ടം, മുടിയാട്ടം, പറയൻ കളി, നന്തുണ്ണിപാട്ട്, തോറ്റംപാട്ടുകളും, അയ്യപ്പൻപാട്ടുകശും, കളമെഴുത്തുപാട്ടുകളും, ഒപ്പന, അർബനമുട്ട്, കൈകൊട്ടിക്കളി തുടങ്ങിയ പുരാതന കലകൾ ജനതയുടെ ജിവിതരീതികളുമായി ഇഴുകിചേർന്നിരുന്നു. പുള്ളവൻപാട്ടും നന്ചുണ്ണിപാഐട്ടും, പാണോർപാട്ടും മൺമറഞ്ഞ നമ്മുടെ ജനതയുടെ ഓർമ്മകളായി മാറി തുടങ്ങിയിരിക്കുന്നു. പണിയാളരുടെ ഉള്ളിന്റെ ഉള്ളിൽ നിന്നും ഒഴുകിയിറങ്ങിയ ഞാറ്റുപാട്ടുകളും കൊയ്തുപാട്ടുകളും വടക്കൻപാട്ടുകളും നമ്മുടെ വയലേലകളെ കോൾമയിർകൊള്ളിച്ചിരുന്നു. ഓണക്കളിയും തിരുവാതിരക്കളിയും നാമമാത്രമായിതീർന്നിരിക്കുന്നു. കായിക സംസ്കാരത്തിന്റെ ഏതോ വഴിത്താരയിൽ നാം ഉപേഷിച്ചു പോന്ന ഓണത്തല്ലും, കുമ്മാട്ടിക്കളിയും തുമ്പിതുള്ളലും, ഊഞ്ഞാലാട്ടവും സംസ്കാരിത കേരളത്തിന്റെ ഭാഗമായിരുന്നുവെന്നതുപോലെ നമ്മുടെ പഞ്ചായത്തിലും നിറഞ്ഞുനിന്നിരുന്നു.

സ്വാതന്ത്ര്യസമരമുന്നേറ്റം നമ്മുടെ പഞ്ചായത്തിലും ജന്മി-കുടിയാൻ ബന്ധങ്ങളിൽ ഉലച്ചിലുണ്ടാക്കി. കേരളപിറവിക്കുശേഷം വന്ന ഭൂപരിഷ്കരണനിയമം കുടിയാൻമാരെ മണ്ണിന്റെ ഉടമകളാക്കുകയും ഇത് കാർഷിക സാംസ്കാരിക പുരോഗതിക്കും വൻമുന്നേറ്റത്തിനും കാരണമാവുകയും ചെയ്തു., ഇത് വിദ്യാഭ്യാസത്തിനും ഉയർന്ന ചിന്തക്കും സാംസ്കാരിക വളർച്ചുക്കും ഇട നൽകി. ഈ കാലഘട്ടത്തിൽ വായനശാലകളും, കലാസമിതികളും നമ്മുടെ പ്രദേശങ്ങളിൽ വളർന്നുവന്നു. വിവേകാനന്ദചിന്തകളും, ശ്രീനാരായണഗുരുദർശനങ്ങളും, വിദ്യാഭ്യാസ രംഗത്തെ കൃസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളും യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സോഷ്യലിസ്റ്റ് മുന്നേറ്റം ഉൾകൊണ്ട നമ്മുടെ പുരോഗമന ചിന്താഗതിക്കാരുടെ പ്രവർത്തനങ്ങളും സാംസ്കാരിക വളർച്ചയിൽ എടുത്തുപറയേണ്ട സംഗതികളാണ്.

കലാസാംസ്കാരിക - ബോധവത്ക്കരണ പ്രസ്ഥാനങ്ങളുടെ വക്താക്കളായി മാറാൻ പുതിയ തലമുറയിലെ ചിലരെങ്കിലും തയ്യാറായിട്ടുണ്ടെങ്കിൽ അതിന് തിരികൊളുത്തിയത് മുകളിൽ പറഞ്ഞ വ്യ.ക്തികളും പ്രസ്ഥാനങ്ങളുമായിരുന്നു. പുതിയ തലമുറയുടെ ഉദയം "തമസ്സോ മാ ജ്യോതിർ ഗമയ" എന്ന ലൂയി വാക്യത്തെ പരേണ്യവർഗ്ഗതലത്തിന്റെ പത്തായപുരകളിൽ നിന്നും സാധാരണ ജനങ്ങളുടെ അക്ഷരപുരകളിലെത്തിച്ചു. ഈ വായനശാലകളുടേയും കലാസമിതികളുടേയും ആവിർഭാവത്തിനും വളർച്ചക്കും ഈ കാലഘട്ടം വേദിയൊരുക്കി. ആയിരത്തിതൊള്ളായിരത്തി അമ്പതുകളുടേയും അറുപതുകളിലേയും കേരളത്തിന്റെ സമൂഹിക - രാഷ്ട്രീയ - സാംസ്കാരിക മണ്ഡലത്തിലുണ്ടായ പുതിയ സൂര്യോദയത്തിന് അടിസ്ഥാനമായി തീർന്ന വിത്തുകൾ പാകുന്നതിൽ ഗ്രന്ഥശാലപ്രസ്ഥാനങ്ങൾ അപ്രധാനമല്ലാത്ത പങ്കുവഹിക്കുകയുണ്ടായി.

കേരളത്തിലെ പൊതുവായ സാമൂഹിക - സാംസ്കാരിക മണ്ഡലത്തിലുണ്ടായ പ്രചോദനങ്ങൾകൊണ്ടുകൊണ്ട് വരന്തപ്പിള്ളിയിലും സംഘടിത ഗ്രന്ഥശാലാപ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. മുപ്ലിയം ഗ്രാമീണവായനശാല, നന്തിപുലം ഗ്രാമീണ വായനശാല, വരന്തരപ്പിള്ളി ഗ്രാമീണവായനശാല, നന്തിപുലം നവോദയ വായനശാല, എന്നിവയും അടുത്ത കാലത്ത് മാത്രം സ്ഥാപിക്കപ്പെട്ട പഞ്ചായത്ത് സംസ്കാരികകേന്ദ്രവും എടുത്തുപറയത്തക്കവയാണ്.

ഗ്രന്ഥശാസ പ്രവർത്തനങ്ങളുടെ ആവർഭാവവുമായി ബന്ധപ്പെട്ടവരിൽ കലാ-സാംസ്കാരിക കേരളം എന്നും ഓർമ്മിക്കുന്ന വ്യ.ക്തികളുണ്ടായിരുന്നു. മുപ്പാളചരിതം വഞ്ചിപ്പാട്ടിന്റെ രചയിതാവായ രാമകൃഷ്ണപിള്ള മുപ്ലിയം ഗ്രാമീണവായനശാലയുടെ സ്ഥാപകരിൽ ഒരാളായിരുന്നു.

ഇന്നത്തെ മുപ്ലിയം മൂന്നു പ്രദേശങ്ങളായി ഭരിച്ചു വന്നിരുന്നു വെന്നും ഇവിടങ്ങളിലെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തെ സരസമായ ഭാഷയിൽ വഞ്ചിപ്പാട്ടിന്റെ ഈണവും താളവും ചേർത്ത് രചിക്കപ്പെട്ടതാണ് മുപ്പാളചരിതം വഞ്ചിപ്പാട്ടെന്നും അറിയുന്നു. ഇന്നം, നമ്മുടെ സംസ്കാരത്തിലേക്കുള്ള ജാലകങ്ങൾ തുറന്നുവെക്കുമ്പോൾ, ശ്രീരാമകൃഷ്ണപിള്ളയെപ്പോലുള്ളവരെ യുവതലമുറ ,ബഹുമാനത്തോടെ സ്മരിക്കുന്നു.

പിന്നിട്ട വായനശാല ചരിത്രങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ ഇന്ന് നിലനിൽക്കുന്നതിലേറെ കൊഴിഞ്ഞുപോയ പള്ളിക്കുന്ന് പീപ്പിൾസ് റീഡിങ് റൂം പോലുള്ള നിരവധി ഗ്രന്ഥാലയങ്ങൾ ഉണ്ടായിരുന്നുവെന്നത് ഒരു ദുഃഖസത്യമാണ്. ഹ്രസ്വമെങ്കിലും ജീവസുറ്റതായിരുന്ന അവയുടെ പ്രവർത്തനങ്ങളേക്കൂടി വിലയിരുത്തികൊണ്ടുകൂടി വേണം ഈ അന്വേഷണത്തിന് വിരാമമിടാൻ. ഇന്ന് നമ്മുടെ പഞ്ചായത്തിൽ താരതമ്യേന നന്നായി പ്രവർത്തിക്കുന്ന അഞ്ച് ഗ്രന്ഥശാലകളുണ്ട്. ഇതിൽ പഞ്ചായത്ത് ലൈബ്രറി ഒഴിച്ച് നാലും കാലത്തിന്റെ കുത്തൊഴുക്കിൽ വീണുപോകാതെ നിൽക്കുന്നുവെന്നുള്ളത് ഈ വായനശാലകളുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പ്രവർത്തിച്ച സേവനസന്നദ്ധരായ ഒരു കൂട്ടം ആളുകളുടെ നിതാന്ത ജാഗ്രത ഒന്നുകൊണ്ടു മാത്രമാണ്. അറിവിന്റെ വെളിച്ചം മാത്രം പ്രതിഫലമായി പറ്റി, ലൈബ്രേറിയൻമാരായി പണിയെടുത്ത ചെറുപ്പക്കാർ മാതൃകാപരമായ ഒരു ദൗത്യം നിറവേറ്റുകയായിരുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഈ വായനശാലകളോട് അനുബന്ധിച്ച് വളർന്നുവന്ന കലാസാംസ്കാരിക സംഘടനകളിൽ പലതും ഇന്നും പ്രവർത്തിക്കുന്നു. ഗുണമേന്മയുള്ള ഭാഷാപോഷിണി, കലാകൗമുദി, മാതൃഭൂമി, ദേശാഭിമാനിവാരിക തുടങ്ങി ആനുകാലികങ്ങൾ ലഭ്യമായിരുന്നുവെന്നുള്ളത് വായനയുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയിരുന്നു. വായനശാലകമ്മറ്റികളുടെ നേതൃത്വത്തിൽ കവിയരങ്ങുകളും, സെമിനാറുകളും രക്തഗ്രൂപ്പനിർണ്ണയക്യാമ്പുകളും, ചർച്ചക്ലാസ്സുകൾ എന്നിവയും നടത്തിയിരുന്നുവെന്നുള്ളതും സാംസ്കാരിക വരന്തരപ്പിള്ളിക്ക് അഭിമാനിക്കാവുന്ന വസ്തുതകളാണ്.

വരന്തരപ്പിള്ളി പഞ്ചായത്തിൽ നിലവിലുള്ള വായനശാലകൾ

ക്രമ നമ്പർപേരും മേൽവിലാസവുംസ്ഥാപിതംകെട്ടിടം സ്വന്തമാണോ / വാടകയാണോനിലവിലുള്ള മെമ്പർമാരുടെ എണ്ണംപുസ്തകങ്ങളുടെ എണ്ണംപ്രതിദിന പുസ്തകവിതരണംസർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ / ഇല്ലയോമറ്റഭിപ്രായങ്ങൾ

1മുപ്ലിയം 1939 സ്വന്തം 48 7 കൃത്യമായ കണക്ക് ലഭ്യമല്ല

2 നന്തിപുലം ഗ്രാമീണ വായനശാല 1954 സ്വന്തം 534

3 നവോദയ ഗ്രാമീണ വായനശാല 1964 സ്വന്തം 218 1

4 വരന്തരപ്പിള്ളി ഗ്രാമീണ വായനശാല 1957 സ്വന്തം 950

5 വരന്തരപ്പിള്ളി പഞ്ചായത്ത് വായനശാല 1990 സ്വന്തം 265

സാക്ഷരതപോലുള്ള ബഹുജന പ്രസ്ഥാനങ്ങളിൽ വായനശാല പ്രവർത്തകർ സജീവമായി പങ്കെടുത്തിരുന്നു.

14 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന വാർഡുകളിൽ മാത്രം ഗ്രന്ഥശാല പ്രസ്ഥാനത്തെ ഒതുക്കിനിർത്തുന്നത് ആശാവഹമല്ല. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ മുന്നേറ്റ നാളുകളിലെങ്കിലും മുഴുവൻ വാർഡുകളിലും ഗ്രന്ഥശാലാസംസ്കാരം എത്തിക്കാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയുള്ള ഉറച്ച പ്രവർത്തനങ്ങളിൽ സഞ്ചരിക്കുന്നപുസ്തക വിതരണ സമ്പ്രദായം പ്രാവർത്തികമാക്കുന്നതും നല്ലതായിരിക്കും. ഗ്രാമസഭാസമിതികളുടെ ജാഗ്രതയോടു കൂടിയപ്രവർത്തനം ഇതിനു കരുത്തേകട്ടെ. വായനശാലാസമതികളുടെ പ്രവർത്തനം വികസനരംഗത്തും കായികരംഗത്തും ഊന്നൽകൊടുക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. ആരോഗ്യമുള്ള ജനത ഉത്കൃഷ്ടമായ സംസ്കാരം എന്ന മുദ്രാവാക്യംഉയർത്തിപിടിക്കുന്ന തലത്തിലേക്ക് ഈ അക്ഷരശാലകളുടെ പ്രവർത്തനം ഉയരേണ്ടിയിരിക്കുന്നു.

നമുടെ കലാകായിക സംസ്കാരിക രംഗത്തെ വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട സംഭാവനകൾ ചെയ്ത കായികസംഘടനകളുംക്ലബ്ബുകളും ഇന്നത്തെതിനേക്കാളും കാര്യക്ഷമമായ പ്രവർത്തനം എൺപതുകളിലും അതിനു മുമ്പും കാഴ്ചവെച്ചിരുന്നു. 1951ൽ രൂപം കൊണ്ട വേലൂപ്പാടം നവോദയാ കലാസമിതി ഒരുപാട് സാമൂഹ്യ - രാഷ്ട്രീയ സാഹിത്യകാരന്മാരെ സൃഷ്ടിച്ചിട്ടുണ്ട്. അവരുടെ ആദ്യത്തെ നാടകം എഴുപത്തിമൂന്ന് ALPS വേലൂപ്പാടം) സ്ക്കൂളിൽ അവതരിപ്പിച്ചത് പെട്രോൾമാക്സ് വെളിച്ചത്തിൽമൈക്കില്ലാതെ ആയിരുന്നു. 1972 വരെ എല്ലാ വർഷവും നാടകങ്ങളുൾപ്പടെ കലാപരിപാടികൾ അവതരിപ്പിക്കാറുണ്ടായിരുന്നു.നാടകങ്ങളിൽ ചിലത് സമിതി അംഗങ്ങൾതന്നെ എഴുതിയവയായിരുന്നു. ശ്രീ. വി.എസ്. ജോൺ, കുഞ്ഞുമരക്കാർ, തോമസ്പയ്യപ്പിള്ളി, വർഗ്ഗീസ് ആലപ്പാടൻ, സി.കെ. രവീന്ദ്രൻ, ഫ്രാൻസീസ് തുടങ്ങി ഒട്ടനവധി കലാകാരന്മാർ അന്നാളുകളിൽ സജീവമായിട്ടുണ്ടായിരുന്നു.

വി.എസ്. ജോൺ രചിച്ച ബഡ്ഷീറ്റ് എന്ന നാടകത്തിൻെറ 1000 കോപ്പി അച്ചടിച്ച് വിതരണം നടത്തിരുന്നു. 1960 കളിൽഓണാഘോഷത്തോടനുബന്ധിച്ച് വൈവിധ്യങ്ങളായ കലാപരിപാടികളും, മത്സരങ്ങളും നടത്തിയിരുന്നു.

അമ്പിളി ആർട്ട്സ് ക്ലബ്ബ് വരന്തരപ്പിള്ള പഞ്ചായത്തിൻെറ സാംസ്കാരികരംഗത്ത് ഒരു കാലഘട്ടത്തിൻെറ മുഴുവൻസ്പന്ദനങ്ങളുമായി പതിനാറാം വാർഷികം ആഘോഷിക്കുന്നതുവരെ നിലനിന്നിരുന്നു.അമേച്വർ നാടകരംഗത്ത് ഒരു കാലത്ത് ഏറെ പ്രശസ്തമായിരുന്ന 'പർവ്വസന്ധി', 'സൂര്യോത്സവം' എന്നീ നാടകങ്ങൾഅവതരിപ്പിച്ചു. നാടകകൃത്തായ മുഹമ്മദ് പുഴക്കരയെ നേരിൽ വരുത്തി സംവിധാനം നടത്തി അവതരിപ്പിക്കുവാനും ശ്രദ്ധിച്ചിരുന്നു. ഈകാലയളവിൽ തന്നെ അവശകലാകാരൻ എന്നറിയപ്പെട്ടിരുന്ന ശ്രീ. കെ. ഐ. കെ പൂരക്കോട് സ്ഥിരമായി ഇവിടെ വന്ന് നാടകപ്രവർത്തനത്തിൽ ബന്ധപ്പെട്ടിരുന്നു.

1965 ൽ രൂപംകൊണ്ട പള്ളിക്കുന്ന് ഭാവന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, അസംപ്ഷൻ തിയ്യറ്റേഴ്സ് എന്നിവ തനതായിഅവതരിപ്പിച്ച ഭൂമിയിലെ മാലാഖ, വിതച്ചത് കൊയ്യുന്നു. എന്നീ നാടകങ്ങൾ ശ്രദ്ധേയമായിരുന്നു. കോരനൊടി ആർട്ട്സ് ക്ലബ്ബ്,ശാലിന ആർട്ട്സ് ക്ലബ്ബ് , ജവാൻ ആർട്ട്സ് ക്ലബ്ബ് എന്ന അമേച്വർ നാടകരംഗത്ത് പ്രവർത്തിക്കുന്നു.1984 ൽ രൂപം കൊണ്ട ചിന്തആർട്ട്സ് ക്ലബ്ബ് അഖിലകേരള വടംവലി മത്സരം, കരാട്ടെ ക്ലാസ്സ് എന്നി നടത്തിയിരുന്നു. മുപ്ലിയം നവഭാരതസോഷ്യൽ ആൻറ് കൾച്ച റൽ സൊസൈറ്റി ഈയിടെ രൂപം കൊണ്ടതെങ്കിലും പൊതുവായ വികസനരംഗത്തും സാംസ് കാരിക രംഗത്തും പ്രവർത്തിച്ചിരുന്നു.സപ്തസ്വര വെള്ളാരംപാടം, ശിവ ആർട്ട്സ് ക്ലബ്ബ്, ചാർത്ത് തെക്കേ നന്തിപുലം, ബാപ്പുജി ആർട്ട്സ് ആൻറ് സ്പേ ാർട്ട് സ ക്ല ബ്ബ് " ശ്രീനാരായണ ആർട്ട് ആൻറ് സ്പേ ാലട്ട് ക്ല ബ്ബ് " കരയാംപാടം എന്നിവനാടിൻെറ പൊതുവികസന സാംസ്കാരികരംഗത്തും തനതായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിരുന്നു.

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ആർട്ട്സ് ക്ലബ്ബുകൾക്കു പുറമെ ഇത്തരം സാംസ്കാരിക മുന്നേറ്റങ്ങളിൽ നിന്നെല്ലാംപ്രചോദനമുൾകൊണ്ടുകൊണ്ട് നിരവധി ആർട്ട്സ് സൊസൈറ്റികൾ പഞ്ചായത്തിൽ രൂപീകരിക്കപ്പെടുകയുണ്ടായി. ആരാധന,അനശ്വര, ശൃംഗല, വരന്തപ്പിള്ളി ആർട്ട്സ് സൊസൈറ്റി തുടങ്ങിയ കേന്ദ്രീകൃത സ്വഭാവമുള്ള സൊസൈറ്റി തുടങ്ങിയ കേന്ദ്രീകൃതസ്വഭാവമുള്ള സൊസൈറ്റികൾ സാംസ്കാരിക രംഗത്ത് പുത്തൻ അവബോധം ഉയർത്തികൊണ്ടുവന്നു. ആരാധന ആർട്ട്സ് സൊസൈറ്റി പ്രാദേശിക കലാസമിതികളെ പങ്കെടുപ്പിച്ചുകൊണ്ട് നാടകമത്സരങ്ങളും, മത്സരവിജയികളായി നാടക കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രൊഫഷണൽ നാടകഗ്രൂപ്പ് ഉണ്ടാക്കിയെടുക്കാനുള്ള ചിലശ്രമങ്ങൾ ഉണ്ടായിരുന്നതായി കാണാം.

വേലൂപ്പാടം കേന്ദ്രമാക്കി സംവേദനാ തൃശ്ശൂർ എന്ന പേരിൽ 'യുഗാന്തരം' 'ഭരണം ശരണം' എന്നീ നാടകങ്ങൾ ജില്ലയ്ക്കകത്തുംപുറത്തുമായി അമ്പതോളം സ്റ്റേജുകളിൽ അവതരിപ്പിക്കുകയും, പ്രാദേശികമായി കലാകാരന്മാരെ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

വരന്തരപ്പിള്ളി ആർട്ട്സ് സൊസൈറ്റിക്കുവേണ്ടി K.P.A.C. അവതരിപ്പിച്ച സൂത്രധാരൻ എന്ന നാടക അവതരണ വേളയിൽ,മലയാളനാടകവേദിയിലെ അതികായനും, നാടകകൃത്തുമായ ശ്രീ.കെ.ടി. മുഹമ്മദ് വരന്തരപ്പിള്ളിയിൽ വരികയും ചുരുങ്ങിയവാക്കുകളിൽ നാടകാസ്വാദകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

വചസു പോലുള്ള കലാസംഘങ്ങൾ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, ഭഗവാൻ കാലുമാറുന്നു, സൂക്ഷിക്കുക ഇടതുവശം പോവുക, തുടങ്ങിയ സാമൂഹ്യ പ്രാധാന്യമുള്ള നാടകങ്ങൾ അവതരിപ്പിക്കുകയും സാംസ്കാരിക ചിന്തക്ക് കരുത്തേകുകയുംചെയ്തു.വരന്തരപ്പിള്ളി പഞ്ചായത്തിൻെറ കഴിഞ്ഞ കാല സാംസ്കാരിക രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച പലരും ഇന്നുംനമ്മുടെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തും ഭരണരംഗത്തും നേതൃത്വം കൊടുത്തു വന്നു.

പഞ്ചായത്തിൻെറ സാംസ്കാരിപാരമ്പര്യത്തെ വിശകലനം ചെയ്യുമ്പോൾ സാംസ്കാരികരംഗത്ത് അറിയപ്പെട്ടിരുന്ന അപ്പൻവരന്തരപ്പിള്ളി, ബഷീർ മാണിയത്ത്, തോമസ് പയ്യപ്പിള്ളി, രാജൻ വൈലോപ്പിള്ളി, വി.വി. നാനാട്ടിൽ, ശങ്കരൻ

കരുമാലി,കെ.എസ്.പി. കർത്താവ്, കെ.ആർ.സുകുമാരൻ, വേലായുധൻ ഇളയേടത്ത്, പത്മനാഭൻ ആശാൻ നന്തിപുലം (ഓട്ടൻ

തുള്ളൽ)ലോനകുട്ടി ചക്കാലക്കൽ, എന്നിവരെ മാറ്റി നിർത്തികൊണ്ടുള്ള ചരിത്ര രേഖയുണ്ടായാൽ അത് വികലമായിരിക്കും.

കെ. നാരായണൻ, രാജൻ വരന്തരപ്പിള്ളി, കുരിയൻ വർണ്ണശാല, കുമാരൻ വരന്തപ്പിള്ളി എന്നീ സിനി ആർട്ടിസ്റ്റുകളെ ദേശീയസിനിമാ വ്യവസായത്തിന് സമ്മാനിച്ചത് വരന്തപ്പിള്ളിയാണ്.

പാലപ്പിള്ളി, കാരികുളം, കുണ്ടായി എലിക്കോട്, ചൊക്കന, എച്ചിപ്പാറ, ചിമ്മിനി എന്നിവിടങ്ങളിൽലെ റിക്രിയേഷൻ ക്ലബ്ബുകൾകായിക രംഗത്താണ് മുഖ്യമായും പ്രവർത്തിച്ചു വരുന്നത്.

വോളിബോൾ രംഗത്ത് മികച്ച സംഭാവന നൽകിയ ടൈഗേഴ്സ് വരന്തരപ്പിള്ളി, വരന്തരപ്പിള്ളിയുടെ കായിക സംസ്കാരത്തിന്ത്അടിവരയിടുന്നു. ഈ ക്ലബ്ബിലൂടെ കളിച്ചു വളർന്ന സിറിൾ സി. വള്ളൂർ അർജ്ജുന അവാർഡ് ജേതാവും, ദേശീയവോളിബോൾ ടീമിൻെറ ക്യാപ്റ്റനുമായിരുന്നു. സംസ്ഥാന നിലവാരത്തിൽ അത്‌ലാറ്റിക് രംഗത്ത് ഉയർന്നുവന്ന ജോബ് നങ്ങിണി,പറക്കും നബീസ, എന്നിവർ വരന്തരപ്പിള്ളിയുടെ അഭിമാനതാരങ്ങളായിരുന്നു.

വരന്തരപ്പിള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാനാത്വത്തിൽ ഏകത്വം എന്നതിനെ അന്വർത്ഥമാക്കുന്ന വിധത്തിൽ നാനാജാതി മതസ്ഥർ തിങ്ങി പാർക്കുന്നു. അവരുടെ ദേവാലയങ്ങളിൽ നിന്ന് പഞ്ചവാദ്യങ്ങളും ബാൻറു മേളങ്ങളുംചന്ദനകുടനേർച്ചകളുടെ വാദ്യമേളങ്ങളും, കണ്ണിനു കൗതുകമേകുന്ന കോലങ്ങളും വെഞ്ചാമരങ്ങളും, പട്ടുകുടകളുംവരന്തരപ്പിള്ളിയുടെ സാംസ്കാരിക തിലക ചാർത്തുകളാകുന്നു. ഒപ്പനപ്പാട്ടിൻെറ താളങ്ങളും തിരുവാതിര പാട്ടുകളുടെ ഈണങ്ങളുംഅൾത്താരപാട്ടുകളുടെ നൈർമ്മല്യങ്ങളും നമ്മുടെ സാംസ്കാരിക മനസുകളുടെ സർഗ്ഗധാര ഗീതങ്ങളാകുന്നു.

നമ്മുടെ മലയോരപ്രദേശങ്ങളിൽ കുടിയേറി പാർത്ത അദ്ധ്വാനശീലരായ വടക്കൻ കേരളത്തിലേയും തെക്കൻ കേരളത്തിലേയുംജനവിഭാഗങ്ങൾ പഞ്ചായത്തിൻെറ സാംസ്കാരിക സമന്വയത്തിൻെറ മികച്ച മാതൃകയാണ്.

വായനാശീലത്തെപറ്റി പരിശോധിക്കുമ്പോൾ അത് ഗൗരവപൂർവ്വമല്ല എന്ന എവിടത്തെയും, എന്നത്തേയും സാധാരണ ചിന്തനമ്മളേയും പിടികൂടുന്നു. പരിപക്വമാകാത്ത · യൗവ്വനദാഹങ്ങളെ ഉണർത്തിവിടുന്ന വിലകുറഞ്ഞ പൈങ്കിളി വാരികകളിലും,മാധ്യമങ്ങളുടെ തലകെട്ടുകളിലൂടെയും തങ്ങിനിൽക്കുകയല്ലേ നമ്മുടെ വായന ശീലം? പകരം കാണുന്നതൊ? ഗ്രാമഗ്രാമാന്തരങ്ങളിലേക്ക് ഒഴുകിയെത്തുന്ന കേബിൾ ടി.വി. സംസ്കാരം മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്നു സിനിമകൾസുഖഭോഗസകര്യങ്ങളോട് ആഭിമുഖ്യമുള്ള സമീപനം, അതിനുമുന്നിൽ പകച്ചു നിൽക്കുകയല്ലേ യുവതലമുറ ?

കാർഷികമായ ജീവിത രീതികളിൽ ഒതുങ്ങികൂടിയിരുന്ന ഒരു ജനത, ഭ്രാന്തമായ വ്യവസായസംസ്കാരത്തെ നോക്കിനെടുവീർപ്പിടുന്നു. നമ്മുടെ പ്രശ്നങ്ങൾ ഏറിയിരിക്കുന്നു. മനുഷ്യമനസുകളുടെ ഉൾത്തടങ്ങളിൽ നിരാശയുടെ വിഷപൂക്കൾവിരിയുന്നു. വ്യാപകമായികൊണ്ടിരിക്കുന്ന മാനസിക പ്രശ്നങ്ങൾക്ക് നഗരപ്രദേശങ്ങളിൽ വളർന്നു വരുന്ന കൗൺസിലിങ്ങ്സെൻററുകളെകൊണ്ട് പരിഹരിക്കപ്പെടാൻ കഴിയുമൊ? നമ്മുടെ പ്രദേശങ്ങളിലും ആത്മഹത്യകൾ ഏറിയിരിക്കുന്നു.അനാഥരാക്കപ്പെടുന്നു പിഞ്ചുകുഞ്ഞുങ്ങളുടെ മുഖത്തു നോക്കി ആത്മാർത്ഥതയില്ലാത്ത സഹതാപവാക്കുകൾ പറയാനുള്ളതേങ്ങുന്ന ദിവസങ്ങൾക്കു വേണ്ടി കാത്തു നിൽക്കാതെ.... ആത്മഹത്യകളിലേക്ക് നയിക്കുന്ന സാമൂഹ്യ - സാമ്പത്തിക കാരണങ്ങൾവിശകലനം ചെയ്യുകയും ജീവിക്കാൻ വേണ്ട ആത്മവിശ്വാസം പകരുന്നതുമായ സാംസ്കാരിക സാഹചര്യങ്ങൾസൃഷ്ടിച്ചെടുക്കാൻ ഗ്രാമസഭാസമിതികൾക്ക് കഴിയേണ്ടതാണ്. ജിവിക്കാനേറെ കൊതിക്കുന്ന · ജീവിക്കാൻ വേണ്ടിമരിക്കുന്നവരാണ് ആത്മഹത്യ ചെയ്യുന്നവരിലേറെയും എന്ന തിരിച്ചറിവും ഇവർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വെളിച്ചം പകരേണ്ടതാണ്.

ശാസ്ത്രസാഹിത്യപരിഷത്തിൻെറ ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നെങ്കിലും സാക്ഷരകേരളത്തിൻെറയ യുഗപിറവിയുടെ സഹവർത്തിയായി ഈ ജനകീയ ശാസ്ത്ര പ്രസ്ഥാനം. നമ്മുടെ പഞ്ചായത്തിലുംആഴത്തിലുള്ള വേരുറപ്പിച്ചു. സാക്ഷരതയുടെ പ്രോജക്ട് വർക്കിന് യുനെസ്കോ അവാർഡ് ഏറ്റുവാങ്ങിയ ഈ പ്രസ്ഥാനത്തിനെനമ്മെ തൊട്ടറിയിച്ചത്. എം.എസ് മാരാർ മാസ്റ്റർ ആണ്. സാക്ഷരതാപ്രസ്ഥാനം ഒരു തിരിച്ചറിവിൻെറ പ്രസ്ഥാനമായി മാറി വയലേലകളിലും പണിശാലകളിലും അക്ഷരം നഷ്ടപ്പെട്ട അനേകായിരങ്ങളുടെ ആശയും അഭിലാഷവുമായി മാറി. അവരുടെചുണ്ടുകളിൽ ഉരുവിട്ടിരുന്ന...

വയലേലകളിൽ പണിശാലകളിൽ
മലയോരതോട്ടങ്ങളിലും
തീരമാലകൾ ചീറിയടിക്കും
അറബിക്കടലോരങ്ങളിലും...... എന്ന ഈരടികളുടെ അർത്ഥതലങ്ങൾ അവർ കണ്ടെത്തി.

നമ്മുടെ പഞ്ചായത്തിലും പരിതസ്ഥിതി സന്തുലിതാവസ്ഥക്കുനേരെ വെല്ലുവിളിയുയർത്തിയ സെലക്ഷൻ ഫെല്ലിങ്ങ്,ക്ലിയർഫെല്ലിങ്ങ്, നെൽപാടം നികത്തൽ തുടങ്ങിയ തിന്മകൾക്കെതിരെ പ്രതിഷേധങ്ങൾ ഉയർന്നു വന്നിരുന്നു.

നമ്മുടെ പഞ്ചായത്തിലെ സമകാലിനപ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുമ്പോൾ ഇന്ന് നാം കാണുന്ന ശാന്തതസ്ഥായി നിലനിൽക്കുമോ? നമ്മുടെ പ്രദേശത്തെ നിയമപാലനത്തിൻെറ നല്ല വശങ്ങളിലേക്ക് വെളിച്ചം വീശുമ്പോൾ തന്നെകഴിഞ്ഞ കാലങ്ങളിലെ ദുഃഖകരമായ സംഭവങ്ങൾ ഈ നിയമ പരിപാലനം സംവിധാനത്തിൻെറ ന്യൂനതയായിരുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**വരന്തരപ്പിള്ളി പോലീസ് സ്റ്റേഷനിൽ 1994 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ കേസുകൾ**

| നിയമലംഘനം | 1994 | 1995 | 1996 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| റിപ്പോർട്ട് | ട്രാൻഫർ | | ചാർജ്ജ് | | | റേപെഡ് | | അന്വേഷണത്തിൽ | | | മറ്റുള്ളവ | | |
| കൊലപാതകം | 1 | - | - | - | - | 1 | 3 | - | - | - | 2 | 1 | 2 |
| കൊലപാതകശ്രമം | - | - | - | - | - | - | - | - | - | - | - | - | - |
| കുറ്റകരമായ സംഘം ചേർന്ന് ലഹളയുണ്ടാക്കൽ | 6 | - | 5 | - | - | 15 | 11 | - | 6 | 5 | - | -10 | - |
| മാരകായുധമുപയോഗിച്ച് അക്രമം | 22 | - | 6 | 1 | - | 14 | 29 | - | 24 | 1 | - | 4 | 22 |
| വാഹനപകടങ്ങൾ | 26 | - | 12 | - | - | 39 | 31 | - | 29 | - | - | 2 | 32 |
| അസ്വാഭാവികമരണങ്ങൾ | 39 | - | - | 1 | - | - | 36 | - | - | - | - | 36 | 34 |
| സ്വാർത്ഥതാൽപര്യങ്ങൾക്ക് കൊലപാതകം | | - | - | - | - | - | - | - | - | - | - | - | - |
| കൊള്ള | - | - | - | - | - | - | - | - | - | - | - | - | - |
| മോഷണം | 1 | - | 1 | - | - | 2 | 2 | - | - | - | 2 | - | 1 |
| ഭവനഭേദനവും മോഷണവും | 9 | 1 | 1 | 5 | - | - | 12 | - | 2 | 9 | 1 | - | 2 |
| മോഷണമുതൽ കണ്ടെടുക്കൽ | 3 | - | 3 | - | - | - | 15 | - | 8 | 6 | - | 1 | 12 |
| വഞ്ചന | - | - | - | - | - | - | 1 | - | - | - | - | - | - |
| വിശ്വാസവഞ്ചന | 1 | - | - | - | - | - | - | - | - | - | - | - | - |
| നിയമവിരുദ്ധ കരാർ ലംഘനം | - | - | - | - | - | - | - | - | - | - | - | - | 2 |
| മറ്റുള്ളവ | 24 | - | 10 | 3 | - | 11 | 39 | - | 27 | 5 | 1 | 6 | 58 |
| 132 | 1 | 38 | 9 | - | 84 | 178 | - | 96 | 26 | 6 | 50 | 182 | 3 |

വ്യക്തിസംസ്കാരത്തിന്റെ വസ്തുതകളിലേക്ക് കടന്നു ചെല്ലുമ്പോൾ മനസ്സിൽ നിറയെ സ്നേഹവും, ചുറ്റുപാടുകളിൽ നിന്നുംപുസ്തകങ്ങളിൽ നിന്നും അടർത്തിയെടുത്ത അറിവും മനുഷ്യമനസിന്റെ പണിശാലകളിൽ സംസ്കാരത്തിന്റെ വർണ്ണരാജികൾ വിരിയിക്കുന്നു.

"സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവിവാക്യത്തെ അന്വർത്ഥമാക്കികൊണ്ട് സംസ്കാരത്തിന്റെ സർവ്വകലാശാലകളായിനമ്മുടെ ഓരോ ഭവനവും മാറേണ്ടിയിരിക്കുന്നു. നമ്മുടെ കുടുംബജീവിതങ്ങളുടെ ഹൃദയശസ്ത്രക്രിയ നടത്തിയാൽ നാം കാണുന്നതിൗ അന്തരീക്ഷമാണോ? ഒരുമിച്ചു എന്നുള്ളതുകൊണ്ടുമാത്രം തുടർന്നും ബന്ധം നിലനിർത്തേണ്ടത് ഒരു സാമൂഹ്യ ബാദ്ധ്യതയായികണക്കാക്കുന്നതുകൊണ്ടല്ലേ പല കുടുംബങ്ങളിലും ഭാര്യ-ഭർതൃബന്ധം നിലനിൽക്കുന്നത്. പരസ്പരം അടുത്തറിയാനും ഒരാൾമറ്റൊരാളുടെ വ്യക്തിത്വം അംഗീകരിക്കാനുള്ള വിശാല മനസ്ഥിതി നാം ആർജ്ജിക്കേണ്ടിയിരിക്കുന്നു.

പാശ്ചാത്യ സംസ്കാരത്തെ പുച്ഛിച്ചു തള്ളുകയും കുടുംബമഹിമയുടെ പാരമ്പര്യം പെരുമ്പറ കൊട്ടുകയുംചെയ്തിരുന്നവരാണ് നമ്മൾ. നമ്മുടെ സംസ്കാരിക തനിമയുടെ ആഴത്തിലേക്കും പരപ്പിലേക്കുമിറങ്ങി സ്വന്തം വ്യക്തിത്വംകണ്ടെത്താനുള്ള വിമുഖത നമ്മേ എവിടെയാണ് കൊണ്ടെത്തിക്കുന്നത്.

ചീഞ്ഞു നാറിയതെന്നു നാം പറഞ്ഞിരുന്ന ഒരു സംസ്കാരത്തിന്റെ കൗണ്ടറിൽ ടിക്കറ്റെടുക്കുവാൻ തിക്കും തിരക്കും കൂട്ടുന്നവരായിനമ്മളിൽ പലരും മാറിയിരിക്കുന്നു. വൈദികഭാഷയിൽ, പുനരാലോചിക്കാൻ ഇനിയും വൈകിയിട്ടില്ല എന്നു പറയാം. നമ്മുടെ യുവതലമുറ മദ്യത്തിൽ നിന്നും മയക്കുമരുന്നുകളിൽ നിന്നും അവർക്ക് ഉണ്ടാകുന്നുവെന്നു പറയുന്ന കൃത്രിമ നിർവൃതി അവർക്ക്നഷ്ടപ്പെട്ടത് യഥാർത്ഥത്തിൽ എവിടെയാണ്? മേൽ പറഞ്ഞ കുടുംബമഹിമയിലാണോ? അതിന്റെ മേൽക്കൂര കോൺക്രീറ്റോ,പുല്ലോ, ഓലയോ എന്തുമാകട്ടെ അതിനുള്ളിലൂടെ കയറിയിറങ്ങുന്ന പ്രാണവായുവിൽ സ്നേഹത്തിന്റെ ഊഷ്മളപ്രവാഹമുണ്ടായിരിക്കണം. ഇവിടെ നിന്നായിരിക്കട്ടെ ഒരു പുതിയ തലമുറയുടെ സാംസ്ക്കാരികാവബോധത്തിന്റെ തുക്കം. അവർ സാംസ്കാരിക സുന്ദരസ്വപ്നങ്ങൾക്കൊത്തുയരാൻ അനന്തമായ ഉത്സാഹം വേണം... അനന്തമായ പ്രവർത്തനക്ഷമത വേണം. ..എന്ന വിവേകാനന്ദ സൂക്തംസ്മരിച്ചുകൊണ്ടു ഈ ചെറിയ ചിന്തകൾ നമുക്ക് ഉപസംഹരിക്കാം.

> *" നമുക്ക് അറിയുന്ന കാര്യം നമുക്കറിയാമെന്നും*
> *നമുക്കറിയാത്ത കാര്യം നമുക്കറിയില്ല*
> *എന്നുമുള്ള അറിവാണ് യഥാർത്ഥവിജ്ഞാനം "*
> *- ഹെൻറി ഡേവിഡ് തോറോ*

# വനിത

അസ്വാതന്ത്ര്യത്തിന്റെയും പാരതന്ത്രത്തിന്റെയും ചങ്ങലക്കെട്ടുകളിൽ അകപ്പെട്ടു തേങ്ങിയിരുന്ന പഴയകാലസ്ത്രീസമൂഹം, വിദ്യാഭ്യാസത്തിന്റെയും അധികാരത്തിന്റെയും മേഖലകളിൽ കടന്നു കയറാൻ കഴിഞ്ഞ - ഇന്നത്തെ സ്ഥിതിയിലെത്തി നിൽക്കുമ്പോൾ, ഇവർക്കിടയിലൂടെ ഒരു അന്വേഷണത്തിന് തുനിയുമ്പോൾ, അവരുടെ പ്രശ്നങ്ങളും അവക്കു ഹേതുവായ കാരണങ്ങളും നിരവധിയാണെന്ന് കാണാം.

ബാല്യത്തിന്റെ നിഷ്കളങ്കമുഖവുമായി കെട്ടുകല്യാണത്തിനും ശൈശവവിവാഹത്തിനും ആനയിക്കപ്പെട്ടിരുന്ന ഒരു കാലത്ത്കുടുംബത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങപ്പെടേണ്ടവരാണ് സ്ത്രീകൾ എന്ന തെറ്റായ ധാരണ സമൂഹത്തിൽരൂഢമൂലമായിരുന്നു. ഭൂപ്രഭുക്കന്മാരുടെയും മാടമ്പിമാരുടെയും തറവാടുകളിലെ സ്ത്രീകൾക്ക് മാത്രം നിലത്തെഴുത്ത് പോലുള്ളനാമമാത്രമായ. വിദ്യാഭ്യാസസൗകര്യം ലഭിച്ചുരുന്നുവെങ്കിലും സാധാരണകാരെ സംബന്ധിച്ചിടത്തോളം അക്ഷരജ്ഞാനം അവർക്ക്ഒരു സ്വപ്നം മാത്രമായിരുന്നു. ഒരു ജനതയുടെ കണ്ണീരിൽ കുതിർന്ന കഥ പറയുന്ന ജന്മി കുടിയാൻ ബന്ധത്തിൽ സ്ത്രീകളുടെചാരിത്ര്യവും അസ്ഥിത്വവും വരേണ്യവർഗ്ഗം കവർന്നെടുത്തിരുന്നു., ഈ മേധാവിത്തപ്രവണതകൾ നിലനിൽക്കെ വയലേലകളിലും തൊടികളിലും പണിയെടുത്തിരുന്ന സ്ത്രീ തൊഴിലാളികൾ എല്ലാ തരത്തിലും ചൂഷണം ചെയ്യപ്പെട്ടിരുന്നു.മലയോരകാർഷിക പ്രദേശങ്ങളായി ഇന്നും നിലനിൽക്കുന്ന നമ്മുടെതുപോലെയുള്ള പഞ്ചായത്തുകളിൽ മേൽപറഞ്ഞചൂഷണത്തിന്റെ പ്രവണത ചെറിയ തോതിലെങ്കിലും ഇന്നും നിലനിൽക്കുന്നു. അരക്ഷിതാവസ്ഥയും നിരാശയും ദാരിദ്ര്യവുംഅന്നത്തെ സ്ത്രീ സമൂഹത്തെ ചൂഴ്ന്നു നിന്നിരുന്നു. നമ്മുടെ പഞ്ചായത്തിൽ ഈ ഇരുണ്ടദിനങ്ങൾക്കു ദൈർഘ്യമേറുകയുംസാമൂഹ്യ.രാഷ്ട്രീയ പ്രശ്നങ്ങളിലേക്കുള്ള സ്ത്രീകളുടെ കടന്നു വരൽ വൈകുകയും സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും തനതായവ്യക്തിത്വം നിലനിർത്തികൊണ്ട് മലയാളകര ഐതിഹാസികമായ സാമൂഹ്യരാഷ്ട്രീയ സമരങ്ങളുടെ തീജ്വാലയിൽ ആളിപടർന്നനാളുകളിൽ നമ്മുടെ പ്രദേശങ്ങളിൽ നിന്നും അതിന് ശബ്ദം ഇല്ലാതെ പോയതിന് മറ്റൊരു കാരണം തേടേണ്ടതില്ല.

സ്വാതന്ത്ര്യകാലഘട്ടങ്ങളിലൂടെ സ്ത്രീകൾക്ക് ലഭിച്ച വിദ്യാഭ്യാസ സൗകര്യം വിലപ്പെട്ടതായിരുന്നു. അന്നത്തെ സാധാരണകാരായസ്ത്രീകൾ കാൽമുട്ടുവരെ എത്തുന്ന മൽമൽ, ജഗനാഥൻ മുണ്ടുകളും ബോഡിസും കുപ്പായവും ധരിച്ചിരുന്നു.സമ്പന്നവർഗ്ഗത്തിന്റെ വേഷങ്ങളിൽ ജാക്കറ്റ്, മസലിൻപ്പട്ട്, പട്ടുവസ്ത്രങ്ങൾ, മൂലകച്ച, കസവുമുണ്ട് എന്നീവ ഉൾപ്പെടുന്നു.

അമ്പതുകളിലും അറുപതുകളുടെ തുടക്കത്തിലും കർഷകതൊഴിലാളികളെയും സാധാരണകാരെയും പങ്കെടുപ്പിച്ചുകൊണ്ടുകുടികിടപ്പുസമരങ്ങൾ ആളിപടർന്നപ്പോൾ സ്ത്രീകളും അതിൽ വലിയ പങ്കു വഹിച്ചിരുന്നു. പിന്നീട് വന്നകാർഷികപരിഷ്കരണംമൂലം സമൂഹത്തിലെ ബഹുഭൂരിപക്ഷം ആളുകൾക്കും പാർപ്പിടവും കൃഷിഭൂമിയും ലഭിച്ചു.അടിമത്വത്തിന്റെയുംദാരിദ്ര്യത്തിന്റെയും പിടിയിൽ നിന്നും കുറെശ്ശെ തെന്നിമാറിയ നമ്മുടെ സ്ത്രീകൾ സാമൂഹ്യരാഷ്ട്രീയസാംസ്കാരിക രംഗവുമായി ബന്ധപ്പെട്ടുതുടങ്ങി. തുടർന്ന് വന്ന കാലഘട്ടങ്ങളിൽ മഹിളാസമാജങ്ങളുടെയുംഅംഗൻവാടികളുടെയും പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും ഊർജ്ജിതമായി. ഇന്നും ഈ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്.

മഹിളാ സമാജങ്ങൾപേരു വിവരം3 വയസ്സിനു താഴെയുള്ള കുട്ടികൾ3 വയസ്സിനു മുകളിലുള്ള കുട്ടികൾമുലയൂട്ടുന്ന അമ്മമാരുടെ എണ്ണംഗർഭിണികൾ

| | | | | |
|---|---|---|---|---|
| 1 | ചൈതന്യ വരന്തരപ്പിള്ളി | 20 | 12 | 62 |
| 2 | കരയാംപ്പാടം | 20 | 14 | 82 |
| 3 | വരന്തരപ്പിള്ളി സമാജം | 28 | 8 | 73 |
| 4 | കുന്നത്തുപാടം | 45 | 20 | 204 |
| 5 | വേലൂപ്പാടം | 25 | 15 | 1010 |
| 6 | എച്ചിപ്പാറ | 19 | 18 | 71 |
| 7 | കുണ്ടായി | 38 | 18 | 22 |
| 8 | മുപ്ലിയം | 41 | 9 | – |
| 9 | ഇഞ്ചക്കുണ്ട് | 23 | 12 | 34 |

തോട്ടം മേഖലയിലും കൂപ്പുതൊഴിലാളി മേഖലയിലും തൊഴിൽ തേടിയെത്തിയ സ്ത്രീ തൊഴിലാളികൾ ട്രേഡ് യൂണിയൻപ്രസ്ഥാനങ്ങളുടെ ഭാഗമാവുകയും അവകാശങ്ങളെപ്പറ്റിയും കടമകളെപ്പറ്റിയും കൂടുതൽ . ബോധവതികളായി മാറുകയുംചെയ്തു. ദാരിദ്ര്യത്തിന്റെ പിടിയിലമർന്നിരുന്ന കുടുംബങ്ങളിൽ ഈ സ്ത്രീതൊഴിലാളികളുടെ വരുമാനം ആശ്വാസവുംആത്മവിശ്വാസവും പകർന്നു. ഈ സാഹചര്യങ്ങൾ സമൂഹത്തിൽ പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാക്കി തുടർന്നു വന്നകാലഘട്ടങ്ങളിൽ രൂപീകൃതമായ ജനാധിപത്യമഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, ജനാധിപത്യമഹിളാ ഫെഡറേഷൻഎന്നിവയുടെ പ്രവർത്തനത്തിലൂടെ രംഗത്ത് വന്ന പല വനിതകളും പഞ്ചായത്ത് ഭരണത്തിലും സഹകരണസംഘത്തിലെഭരണത്തിലും മറ്റു സാമൂഹ്യരാഷ്ട്രീയ വികസന രംഗത്തെ പ്രവർത്തനത്തിലും നമ്മുടെ പഞ്ചായത്തിൽ,

നിറഞ്ഞുനിൽക്കുന്നു. മുകളിൽ പറഞ്ഞ സംഘടനകളുടെ പ്രവർത്തനം സ്ത്രീകളെ ആത്മവിശ്വാസം ഉളവരാക്കുകയും സാമ്പത്തികവും‌തൊഴിൽപരവുമായ സ്വാതന്ത്ര്യത്തെപ്പറ്റി കൂടുതൽ ബോധവതികളാക്കുകയും ചെയ്തു.

ആദ്യകാലഘട്ടങ്ങളിൽ കർഷക തൊഴിലാളി മേഖലകളിലും കൊട്ടനെയ്ത്ത്, പായ നെയ്ത്ത് നൂൽനൂൽപ്പ്, ആടുമാടുവളർത്തൽതുടങ്ങിയ സ്വയം തൊഴിലുകളിലും നമ്മുടെ സ്ത്രീകൾ വ്യാപൃതരായിരുന്നു. തൊഴിലിനും വേതനമായി നെല്ല്, ചാമ, കപ്പ -സാധനങ്ങളായി നൽകിയിരുന്ന കാലത്തും കൂലിയുടെ കാര്യത്തിൽ സ്ത്രീകൾ വളരെ ചൂഷണം ചെയ്യപ്പെട്ടിരുന്നു.സ്ത്രീതൊഴിലാളികളോടുള്ള ചൂഷണം കാർഷികമേഖലപോലുള്ള കൂലിപണിരംഗത്ത് ഇന്നും നിലനിൽക്കുന്നു.വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഡിഗ്രിവരെയെങ്കിലും പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം ഇന്ന് ആൺകുട്ടികളുടെഎണ്ണത്തെക്കാൾ ഉയർന്നതാണ്. ഇന്നത്തെ അവസരങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടുതന്നെ നമ്മുടെ വനിതകളിൽ പലരുംസർക്കാരിലും സ്വകാര്യമേഖലയിലുള്ള തൊഴിലുകളിലും കടന്നു ചെന്നിട്ടുണ്ട്.

വരന്തരപ്പിള്ളി പഞ്ചായത്ത് തൊഴിൽ മേഖല

സ്ത്രീപു.വേതന സ്ഥിതി

| | | | | |
|---|---|---|---|---|
| 1 | കാർഷികം | കണക്കുകൾക്ക് ഏകീകരണമില്ല | | |
| 2 | തോട്ടംമേഖല | 658 | 1077 | തുല്യം |
| 3 | കുപ്പ് | 200 | 1000<br>സ്ത്രീ കുറവ് | പു. വളരെ കൂടുതൽ |
| 4 | റോൾഡ് ഗോൾഡ് | 200 | 100 | പു. കൂടുതൽ സ്ത്രീ. കുറ |
| 5 | പാറമട | 50 | 1000 | പു. കൂടുതൽ സ്ത്രീ കുറ |
| 6 | ഇഷ്ടികകളം | 100 | 175 | പു. കൂടുതൽ സ്ത്രീ കുറ |
| 7 | കെട്ടിടനിർമ്മാണം | 1500 | 1500 | പു. കൂടുതൽ സ്ത്രീ കുറ |
| 8 | വനം | 25 | 25 | പു. കൂടുതൽ സ്ത്രീ കുറ |
| 9 | കന്നുകാലിവളർത്തൽ | 2000 | 2000 | – |
| 10 | വിദ്യാഭ്യാസം | 200 | 100 | തുല്യം |
| 11 | സർക്കാർ/അർദ്ധ സർക്കാർ | 500 | 250 | തുല്യം |
| 12 | മറ്റുള്ളവർ | 48,000 | 5,000 | - |

സംവരണരാഷ്ട്രീയത്തിൻെറ ഫലമായി അധികാരത്തിലെത്തിചേരാൻ വനിതകൾക്ക് കൂടുതൽ അവസരങ്ങൾ തുറന്നുഎന്നിരിക്കലും, അവഗണനയുടെയും അവഹേളനത്തിൻെറയും കഥകൾ ബാക്കി നിൽക്കുന്നു.

പുതിയ ഒരു തൊഴിൽ സംസ്കാരം വാർത്തെടുക്കേണ്ടതിലേക്കായി സ്വയം തൊഴിൽ മേഖലകളിൽ വനിതകൾക്ക് വേണ്ടപരിശീലനവും ആത്മവിശ്വാസവും വളർത്തിയെടുക്കണം. നമ്മുടെ കാർഷികമേഖലയിൽ നിന്നും മാർക്കറ്റിലേക്ക് ഒഴുകുന്നവിഭവങ്ങൾ സംസ്കരിച്ചെടുക്കുന്ന യൂണിറ്റുകൾ തുടങ്ങുകയും അതിന് ആവശ്യമായ പരിശീലനം കൊടുക്കുന്നതും സ്ത്രീകളുടെതൊഴിൽ പ്രശ്നങ്ങൾക്ക് കൂടുതൽ ഗുണകരമായിരിക്കും. മേൽ പറഞ്ഞതിനാവശ്യമായ പണവും വിഭവങ്ങളും മാർക്കറ്റുകണ്ടെത്തുന്നതിന് കൃഷിഭവൻേറയും സഹകരണസംഘങ്ങളുടെയും ഗ്രാമസഭയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനംഅത്യാവശ്യമാണ്. തൊഴിൽ നേടാൻ സഹായിക്കുന്ന വിദ്യാഭ്യാസത്തിന് സൗകര്യമുള്ള ഇന്ന് സ്ത്രീകൾ പൊതുവെ ഈ രംഗത്തേക്ക് കടന്നുവരാൻ തല്പരരാണ്. പരിശീലനം സിദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ വനിതകളിൽ ഭൂരിഭാഗവുംടൈലറിംഗ് സെൻററുകളിൽ കയറിയിറങ്ങുന്ന ഒരു കുറവും ദൃശ്യമാണ്. തൊഴിൽ കണ്ടെത്താനുള്ള അവസരങ്ങളുടെ അറിവ്കുറവാണിതിന് പ്രധാന കാരണ്. നമ്മുടെ ഗ്രാമസഭകളുടെ നേതൃത്വത്തിൽ സാദ്ധ്യതകൾ പഠിച്ച് മാർഗ്ഗരേഖകൾ ഉണ്ടാക്കി പുതിയപരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ മുൻകയ്യെടുക്കണം.

കാടപക്ഷി, കോഴി, മുയൽ, താറാവ് എന്നിവയുടെ വളർത്തുകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. പൈനാപ്പിൾ, മാങ്ങ, മറ്റുപഴവർഗ്ഗങ്ങൾ എന്നിവയുടെ സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ചും. കൂൺകൃഷി, തേനീച്ച വളർത്തൽ, റെഡിമെയ്ഡ് നിർമ്മാണം,ചിപ്പ്സ് നിർമ്മാണം, അച്ചാറുകൾ, കൈത്തറി എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നത് നന്നായിരിക്കും.

ഇൻഷൂറൻശ് ഏജൻസി, മഹിളാ പ്രധാൻ ഏജൻസി, സഹകരണസംഘമായി ബന്ധപ്പെട്ട കളക്ഷൻ എന്നീങ്ങനെ അനേകമേഖലകളിൽ കുറഞ്ഞ വിദ്യാഭ്യാസമുള്ള സ്ത്രീകൾക്കുപോലും തൊഴിൽ കണ്ടെത്താനാകും.

D.W.C.R.A പോലുള്ള വനിതഗ്രൂപ്പുകളുടെ തൊഴിൽ സംരഭയൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുംപ്രവർത്തിക്കുന്നുണ്ടെന്നുള്ളത് ആശ്വാസകരമാണ്.

നമ്പർപേര്അംഗങ്ങളുടെ എണ്ണംഇനം

1ഡോ. അംബേദ്കർ ചാരിറ്റബിൾ സൊസൈറ്റി, വേലൂപ്പാടം10കുട്ടനെയ്ത്ത്

2ഭാവന ഗാർമെൻറ്സ്, നന്തിപുലം10തയ്യൽ

3അക്ഷയ DWCRAഅമ്മുകുളം കോളനി10കുട്ടനെയ്ത്ത്, ചിപ്പ്സ് നിർമ്മാണം

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നത് സ്ത്രീകളാണ്.

ജനസംഖ്യസ്ത്രീപുരുഷന്മാർജനസാന്ദ്രതസാക്ഷരത

3777119,40018,371366

SC / ST32116011520

രാഷ്ട്രീയസന്നദ്ധസംഘടനകളുടെ മുൻനിരയിൽ വനിതകളുടെ സ്ഥാനം ബോധപൂർവ്വം ഉറപ്പു വരുത്തുകയും സ്ത്രീനിയമങ്ങളെ കുറിച്ചും അവകാശങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തിയും, വായനശാല, ആർട്ട്സ് ക്ലബ്ബുകൾ,കലാസമിതികൾ എന്നിവയുടെ പ്രവർത്തനങ്ങളിലും വനിതകളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം

ശാസ്ത്രസാഹിത.പരിഷത്തുപോലുള്ള സംഘടനകളുടെ പ്രവർത്തനം നമ്മുടെ വനിതകൾക്കിടയിൽ വളർന്നു വരുന്നു എന്നുള്ളതുംശ്രദ്ധേയമാണ്. വനിതകളുടെ ചിരകാല സ്വപ്നമായിരുന്ന ചാരായ നിരോധനം സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ

സമ്പൂർണ്ണമദ്യനിരോധനത്തിന്റെ ആവശ്യകതയിലേക്ക് ശക്തമായി വിരൽ ചൂണ്ടുന്നു.

സ്ത്രീധനസമ്പ്രദായംപോലുള്ള കാര്യങ്ങൾ നിലനിൽക്കെതന്നെ.... അരക്ഷിതബോധത്തിലും നിരാശയിലും മുങ്ങി, ബാഹ്യസൗന്ദര്യംമോടിപിടിപ്പിക്കുന്നതുപോലെയുള്ള കാര്യങ്ങൾക്ക് സമയം കളയാതെ സ്വന്തം വ്യക്തിത്വം വളർത്തിയെടുക്കുന്നതിലും അതിലൂടെകുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചക്ക് വേണ്ടി പുരുഷനോടൊപ്പം ഒപ്പത്തിനൊപ്പം നിൽക്കാവുന്ന ഒരു ഉയർന്നചിന്തയിലേക്ക് നമ്മുടെ വനിതകൾ മാറേണ്ടിയിരിക്കുന്നു.

മനുഷ്യകുലത്തിന്റെ പകുതിയോളം വരുന്ന വിഭാഗമാണ് ഞങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരവും അവകാശവുംതങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു.

*"നിങ്ങളുടെ ജീവിതത്തിലെ ഒരു ദിനം*
*നിങ്ങളുടെ ചരിത്രത്തിന്റെ ഏടാണ് "*
*ഡോ. ജോൺസൺ*

# സഹകരണം

ആസൂത്രണപ്രക്രിയായിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് സഹകരണസ്ഥാപനങ്ങൾക്ക്. നമ്മുടെ സമൂഹത്തിലുള്ളത്. വിവിധതുറകളിൽപ്പെട്ട സാമാന്യ ജനങ്ങൾ സഹകരണ രംഗത്ത് ധാരാളമായി ഇടപ്പെടുന്നുണ്ട്. വരന്തരപ്പിള്ളി പഞ്ചായത്ത് ഹോളോ ബ്രിക്സ്‌വ്യവസായ സഹകരണസംഘം - വരന്തരപ്പിള്ളി, മഹിളാ സഹകരണ സംഘം - വരന്തരപ്പിള്ളി, കൺസ്യൂമർ സഹകരണ സ്റ്റോർ -വരന്തരപ്പിള്ളി, പഞ്ചായത്ത് മാർക്കറ്റിങ്ങ് സഹകരണ സംഘം - ഇഞ്ചക്കുണ്ട്, ഗ്രാമ വ്യവസായ സഹകരണ സംഘം, കൊടകരപ്രിൻറിംഗ് ആൻറ് പബ്ലിഷിങ്ങ്, കൊടകര ബ്ലോക്ക് മാർക്കറ്റിംഗ് സഹകരണസംഘം, വനിതാ സഹകരണ സംഘം, തീപ്പെട്ടിവ്യവസായ സഹകരണ സംഘം എന്നിവയിൽ പലതും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. ഇവയിൽ പ്രവർത്തന രഹിതമായസംഘങ്ങൾ പൊതുജനപങ്കാളിത്തത്തോടെ കൂടി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതാണ്. മേല്പറഞ്ഞ സംഘങ്ങളെ കൂടാതെപഞ്ചായത്തിൽ മൂന്ന് ക്രെഡിറ്റ് സംഘങ്ങളും മൂന്ന് കൺസ്യൂമർ സംഘങ്ങളും ഒരു പട്ടികവർഗ്ഗ സഹകരണ സംഘവും ഉണ്ട്.

വരന്തരപ്പിള്ളി പഞ്ചായത്തിൽ വരന്തരപ്പിള്ളി കേന്ദ്രീകരിച്ച് കൊല്ലവർഷം 1116ൽ രജിസ്റ്റർ ചെയ്തത് 1117 - മാണ്ട് വൃശ്ചിക മാസം15 - തി.തി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത വരന്തരപ്പിള്ളി 450 - നമ്പർ സർവ്വീസ് സഹകരണ ബാങ്കാണ് പ്രവർത്തന ഏരിയകൊണ്ടും അംഗസംഖ്യ - വായ്പാ വിതരണം എന്നിവയിൽ മുൻപന്തിയിൽ നില്ക്കുന്നത് ഈ ബാങ്കിൻെറ വ്യാപകാതൃത്തിവരന്തരപ്പിള്ളി പഞ്ചായത്തിൻെറ 3 മുതൽ 11 കൂടിയുള്ള ഒമ്പത് വാർഡുകളും അംഗ സംഖ്യ 7162 ഉം ആണ്. നിക്ഷേപം(ഡെപ്പോസിറ്റ്) മൊത്തത്തിൽ 15055425/- ആണ്. ഇവിടുത്തെ വായ്പ 1996-97 സഹകരണ വർഷത്തിൽ 30.10.96 വരെദീർഘകാല - മദ്ധ്യകാല - ഹ്രസ്വകാല എന്നീ വായ്പകളും 5015667/- മറ്റു വായ്പകൾ 1029312/- ആണ്. ഈ ബാങ്കിലെപിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 1486325/- ആണ്. ബാങ്കിൽ 12 സ്ഥിരം ജീവനക്കാരും 95-96ലെ തൻ ചിലവ് 761985/-ആണ്. ബാങ്കിൽ 95-96 ലെ കണക്കനുസരിച്ച്5280182/- ആണ്. മൊത്തത്തിൽ ബാങ്കിന് മൂന്നര ലക്ഷം രൂപയുടെ ടേണോവർ ഉണ്ട്. നല്ല നിലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന ബാങ്കിന് വാർഷിക ഓഡിറ്റിംഗിൽ സാങ്കേതികമായി പ്രവർത്തനം നഷ്ടത്തിലാണ്.

വരന്തരപ്പിള്ളി പഞ്ചായത്തിൽ 12, 13, 14 വാർഡുകൾ ഉൾപ്പെടുത്തി ഇഞ്ചക്കുണ്ട് കേന്ദ്രമായി 1961 ൽ രജിസ്റ്റർ ചെയ്തുപ്രവർത്തിച്ചുവരുന്ന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ R, 197 പ്രവർത്തന ഏരിയ കുറവാണെങ്കിലും പ്രശസ്തമായിനിലയിൽ പ്രവർത്തിക്കുന്ന ബാങ്കാണ്. ഈ ബാങ്കിന് മു പ്ലിയം സെൻററിൽ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കിൽ 4657മെബർമാരുണ്ട്. ബാങ്കിൽ 2647252/- നിക്ഷേപം ഉണ്ട്. ബാങ്ക് മെംബർമാർക്കായി പല വിധത്തിലുള്ള വായ്പയായി 31180138/-കൊടുത്തിട്ടുണ്ട്. ബാങ്കിൽ 1005830/- പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനമുണ്ട്. ബാങ്കിന് ഗവൺമെൻറ് ഷെയറായി 95,000/-കിട്ടിയിട്ടുണ്ട്. ബാങ്കിന് ഒരു നാളികേരണ സംസ്കാര യൂണിറ്റുണ്ട്. ബാങ്കിൽ 15 സ്ഥിരം ജീവനക്കാരുണ്ട്. ബാങ്കിൽ ഒരു വർഷത്തേക്ക്699998/- ചിലവുണ്ട്. ബാങ്കിൻെറ മൊത്തം ടേണോവർ അഞ്ചുകോടി രൂപയാകുന്നു. എന്നാലും എല്ലാ വിധത്തിലും ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കിൻെറ വാർഷിക ഓഡിറ്റിൽ ബാങ്കു നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

വരന്തരപ്പിള്ളി പഞ്ചായത്തിൻെറ ഒന്നും രണ്ടും വാർഡുകൾ ഉൾപ്പെട്ട പ്രദേശമാണ് നന്തിപുലം R 2സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനമണ്ഡലം. ഈ ബാങ്ക് സ്ഥാപിക്കപ്പെട്ടത് 1958 - ൽ നന്തിപുലം ലിഫ്റ്റ് ഇറിഗേഷൻ സഹകരണസംഘംആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചതാണ്. കുറച്ച് വർഷങ്ങൾക്ക് ശേഷം ഇത് സർവ്വീസ് സഹകരണ ബാങ്ക് ആയിമാറുകയാണ് ഉണ്ടായത്. ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സർവ്വീസ് സഹകരണ ബാങ്കാണ് ഇത്. ഈ ബാങ്കിൽഇപ്പോൾ 4093 മെബർമാരുണ്ട്. ഈ ബാങ്കിൻെറ പിരിഞ്ഞു കിട്ടിയ മൂലധനം 1574500/- ആണ്. 92000/- ഗവൺമെൻറ് ഷെയർബാങ്കിലുണ്ട്. ഈ ബാങ്കിൽ 20233209/- ഡിപ്പോസിറ്റുണ്ട്. ബാങ്കുമെമ്പർമാർക്കായി ഈ ബാങ്കിൽ നിന്നും 3189689/-പലതരത്തിലുള്ള വായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. ബാങ്കിന് ഒരു വർഷം 956160/- ചിലവുണ്ട്. നല്ല നിലയിൽപ്രവർത്തിക്കുന്ന നന്തിപുലം സർവ്വീസ് സഹകരണ ബാങ്കിൻെറയും വാർഷിക ഓഡിറ്റിൽ ബാങ്കു പ്രവർത്തനം സാങ്കേതികമായിനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ബാങ്കിന് മൂന്ന് കോടി രൂപ ടേണോവറുണ്ട്.

പാലപ്പിള്ളി കേന്ദ്രമായി പ്രവർത്തിച്ചിട്ടു വരുന്ന 3896 നമ്പർ പട്ടിക വർഗ്ഗ സഹകരണസംഘം ഉണ്ട്. ഈ സംഘത്തിന് പാലപ്പിള്ളി,വെള്ളിക്കുളങ്ങര, പരിയാരം ചിമ്മിനി പ്രദേശങ്ങളിൽ നിന്ന് പട്ടിക വർഗ്ഗക്കാർ മുഖേന വനമേഖലയിൽ നിന്നും പച്ച മരുന്നുകൾതേൻ, മറ്റുപല വിധത്തിലുള്ള ഉല്പന്നങ്ങൾ ശേഖരിച്ച് വില്പന (ഗവൺമെൻറ് നിർദ്ദേശിക്കുന്ന സ്ഥാപനങ്ങൾക്ക്) നടത്തുന്നതാണ്സംഘത്തിൻെറ പ്രവർത്തനം. ഈ സംഘത്തിൽ 468 മെമ്പർമാർ ഉണ്ട്. ഈ സംഘത്തിന് പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 5022/-യും സർക്കാർ ഓഹരിയായി 72160/- യും NCDC യിൽ നിന്ന് 10,000/- ഉൾപ്പെടെ 87182/- ആണ് ഉള്ളത് കൂടാതെ സ്വന്തംനിലയിൽ സ്ഥലവും ഓഫീസ് ഗോഡൗൺ കെട്ടിടവും ഉണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ടവരും റേഞ്ച് ഓഫീസർ,സഹകരണസംഘം ഇൻസ്പെക്ടർ എന്നിവരാണ ഭരണ കർത്താക്കൾ. ഇപ്പോൾ ഈ സംഘം സാമാന്യം നന്നായി പ്രവർത്തിക്കുന്നു എന്ന് പറയാവുന്നതാകുന്നു.

ഈ പഞ്ചായത്തിൽപെട്ട തോട്ടം മേഖലയിൽ പുതുക്കാട്, ചിമ്മിനി, കുണ്ടായി എന്നിവിടങ്ങളിലായി മൂന്ന് കൺസ്യൂമർ സ്റ്റോറുകൾനല്ല നിലയിൽ പ്രവർത്തിക്കുന്നതാണ്. 1965 -ൽ പ്രവർത്തനം ആരംഭിച്ചു പുതുക്കാട് സ്റ്റോർ സംഘത്തിൽ 246 അംഗങ്ങളും23910/- മെമ്പർമാരുടെ ഷെയർ സംഖ്യയും ഗവൺമെൻറ് ഷെയറായി 12,000/- ഉൾപ്പെടെ 35910/- ഓഹരി മൂലധനത്തോടുകൂടിയാണ് പ്രവർത്തനം. ചിമ്മിനി സ്റ്റോർ സംഘത്തിൽ 463 അംഗങ്ങളും മൊത്തം 63,000/- ഓഹരി മൂലധനവും ഉണ്ട്. ഈസംഘത്തിന് എച്ചിപ്പാറയിൽ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നു ഈ സംഘം 1966 - ൽ പ്രവർത്തനം തുടങ്ങി എങ്കിലുംഇടക്കാലത്തും കുറെ നാൾ പ്രവർത്തനം നിന്നു പോയിട്ടുള്ളതും പിന്നീട് 1989-90 കാലത്ത് പുനഃപ്രവർത്തനം ആരംഭിച്ചതുംആകുന്നു. ഇതും നല്ല നിലയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. കുണ്ടായി എസ്റ്റേറ്റിലാണ് മൂന്നാമത്തെ കൺസ്യൂമർ സ്റ്റോർപ്രവർത്തിക്കുന്നത്. ഈ സംഘം 1996 ഏപ്രിൽ മാസം മുതലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഈ സംഘത്തിൽ 336മെംബർമാരും 100000/- ഓഹരി മൂലധനവും ഉണ്ട്. കുറഞ്ഞ കാലം കൊണ്ട് നല്ല നിലയിൽ തന്നെ പ്രവർത്തിക്കുന്നു. ഈ മൂന്ന്സംഘങ്ങളിലും എസ്റ്റേറ്റ് തൊഴിലാളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരും മനേജ്മെൻറ് പ്രതിനിധികളുമാണ് ഭരണകർത്താക്കൾ.

**അഭിപ്രായങ്ങൾ**

1 ഈ പഞ്ചായത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന സഹകരണ സംഘങ്ങൾ പ്രവർത്തന ക്ഷമമാക്കണം.ആവശ്യമായ സ്ഥലങ്ങളിൽ മാത്രം വനിതാ സംഘങ്ങൾ രൂപീകരിക്കണം.

2 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരണമായി സ്കീമുകൾ തയ്യാറാക്കണം.പച്ചക്കറി കൃഷി, മീൻ വളർത്തൽ, കിണർ കുഴിക്കൽ, പമ്പുസെറ്റ് സ്ഥാപിക്കൽ ഗോബർഗ്യാസ് പ്ളാൻറുകൾ മുതലായവക്ക്വായ്പ അനുവദിക്കാവുന്നതാണ്. വിവാഹം, ഗൃഹനിർമ്മാണം, വസ്തുവാങ്ങൽ എന്നിവയും പരിഗണിക്കാവുന്നതാണ്.

3 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ആവശ്യാനുസരണം രൂപീകരിക്കപ്പെടണം.

4 പാലപ്പിള്ളിയിലെ പ്രവർത്തന രഹിതമായ കൈത്തറി സഹകരണ സംഘം വേലൂപ്പാടത്ത് പ്രവർത്തിക്കുന്ന കൊട്ടനെയ്ത്ത് സഹകരണ സംഘം നടാം പാടം കേന്ദ്രമാക്കിയുള്ള പശുവളർത്തൽ സഹകരണസംഘം എന്നിവ പുനരുജ്ജീവിപ്പിക്കണം.

5 വരന്തരപ്പിള്ളി - നന്തിപുലം സഹകരണ സർവ്വീസ് ബാങ്കുകൾ ബ്രാഞ്ചുകൾ പ്രവർത്തിപ്പിക്കണം.

6 അതാത് പ്രദേശത്ത് സർവ്വീസ് സഹകരണ ബാങ്കുകൾക്ക് കീഴിൽ എല്ലാ വാർഡുകളിലും സഹകരണ സ്റ്റോറുകൾ ആരംഭിക്കണം.

7 പച്ചക്കറി - ഉല്പാദനം - വിപണന സൗകര്യങ്ങൾക്ക് സഹകരണാടിസ്ഥാനത്തിൽ പരിപാടികൾ ആസൂത്രണംചെയ്യണം.

8 സ്വയം തൊഴിൽ കണ്ടെത്തൽ വായ്പകൾ സഹകരണ സംഘങ്ങൾ മുഖേന നല്കണം

9 ഹാൻറലും പവർലൂം മേഖലയിൽ സഹകരണസംഘങ്ങൾ രൂപീകരിക്കണം. നിലവിലുള്ള ഗ്രൂപ്പ് ഫാമിങ്ങ്സമിതികൾ പ്രവർത്തനക്ഷമമാക്കണം.

10 സോപ്പ്, മെഴുകുതിരി, റെഡിമെയ്ഡ് നിർമ്മാണ രംഗത്ത് വനിതാ സഹകരണസംഘം രൂപീകരിക്കണം

11 വന വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കാവുന്ന ഫർണിച്ചർ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

12 നന്തിപുലം സഹകരണ സംഘത്തിൻെറ കീഴിലുള്ള സ്റ്റോർ മാവേലി സ്റ്റോറാക്കി ഉയർത്തണം.

13 പഞ്ചായത്തിലെ 2583 ഓളം വരുന്ന പട്ടിക ജാതി വിഭാഗങ്ങൾക്കായി ഒരു സഹകരണ സംഘം രൂപീകരിക്കണം.

14 വരന്തരപ്പിള്ളി കേന്ദ്രമാക്കി സഹകരണ ആർട്ട്സ് കോളേജ് സ്ഥാപിക്കണം.

15 സഹകരണ സ്ഥാപനങ്ങളിൽ N.R..I. എക്കൗണ്ട് ആരംഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.

> *നമ്മുടെ ഗ്രാമലക്ഷങ്ങളെ*
> *സേവിക്കുകയാണ്*
> *സ്വരാജിൻെറ ഉദ്ദേശ്യം*
>
> *ഗാന്ധിജി*

125 681

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കേരളത്തിലെ ജന്മി മുതലാളി സവർണ്ണ മേധാവിത്വത്തിൻെറ ക്രൂരമായ മർദ്ദനത്തിന് ഇരയായിട്ടുള്ളവരാണ് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർ. വരന്തരപ്പിള്ളി പഞ്ചായത്തിൽ ജന്മി - മുതലാളിത്ത അനീതിക്കെതിരെ ആദ്യമായി സമരം ചെയ്തത് നന്തിപുലം സെൻററിലാണ്. പൊതുവഴിയിൽ കൂടി നടക്കുന്നതിനും, മനുഷ്യനായി ജീവിക്കുന്നതിനും വേണ്ടിയുള്ള അക്കാലത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരും, പുരോഗമനപരമായി ചിന്തിക്കുന്ന മറ്റു ജനസ്നേഹികളും ഒന്നിച്ച് ജന്മി - മുതലാളിത്ത അടിമത്വത്തിനും, ആക്രമണങ്ങൾക്കുമെതിരെ ശ്രീ. വളപ്പി രാമൻെറ നേതൃത്വത്തിൽ സംഘടിക്കുകയും നന്തിപുലത്ത് -ഇപ്പോഴത്തെ ലക്ഷം വീട് കോളനിയിൽ പൊതുയോഗം നടത്തുകയും ചെയ്തു. 1957 - നു ശേഷം ഭൂപരിഷ്കരണം പാട്ടം നിർത്തൽചെയ്യൽ, ജന്മിത്തം അവസാനിപ്പിക്കൽ, മിച്ചഭൂമി വിതരണം ചെയ്യൽ ലക്ഷം വീട് നിർമ്മാണവും വിതരണവും ഭൂരഹിതർക്ക് ഭൂമിപതിച്ചുകൊടുക്കൽ, പാർപ്പിടം പണിയുന്നതിന് ധനസഹായം നൽകൽ, അയിത്തം ഇല്ലാതാക്കൽ, കർഷകതൊഴിലാളികൾക്ക്പെൻഷൻ നൽകൽ, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായധനം വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായംസംവരണടിസ്ഥാനത്തിൽ ജോലി നൽകൽ എന്നിവ നടപ്പിലാക്കിയതിലൂടെ അന്നത്തെ സാമൂഹ്യവ്യവസ്ഥിതിക്ക് കാര്യമായവ്യത്യാസം വന്നിട്ടുണ്ട്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ ആകെ എണ്ണം 2583 ഉം പട്ടിക വർഗ്ഗക്കാരുടെഎണ്ണം 538 ഉം ആണ്. ഇതിൽ 1520 പുരുഷൻമാരും 1601 സ്ത്രീകളും ആണ്. ആകെ 668 വീടുകളാണ് നിലവിലുള്ളത്. ഇപ്പോൾനിലവിലുള്ള അംഗീകരിച്ച കോളനികൾ പട്ടിക ജാതി വിഭാഗത്തിൽ വേലൂപ്പാടം, ഉപ്പുഴി, കോതേങ്ങലം, വെള്ളാരംപാടം,വരന്തരപ്പിള്ളി വടക്കുംമിറി, കരയാംപാടം, നന്തിപുലം, അമ്മുക്കുളം എന്നിവയും പട്ടിക വർഗ്ഗവിഭാഗത്തിൽ ചക്കിപറമ്പ്,ചീനിക്കുന്ന്, എലിക്കോട്, ഒളനപറമ്പ് ആനപ്പാടം, എച്ചിപ്പാറ, നടാംപാടംകള്ളിചിത്ര എന്നിവയാണ്. ഈ വിഭാഗത്തിൽപ്പെട്ടവർ കള്ളായി, ലക്ഷംവീട് വേലൂപ്പാടം 73 പ്രദേശം, കരയാംപാടം, മാഞ്ഞൂർ, നന്തിപുലം ഒന്നാം വാർഡ്, ഇഞ്ചക്കുണ്ട്, കന്നാറ്റുപാടംഎന്നീ പ്രദേശങ്ങളിലും താമസിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കുടിവെള്ളം: 1, 14 എന്നീ വാർഡുകളിൽ കുടിവെള്ളം ലഭ്യമാണെങ്കിലും പൊതു കിണർ ഇല്ലാത്തത് കുറവായി കാണുന്നു. 2മുതൽ 13 വരെയുള്ള വാർഡുകളിൽ കുടി വെള്ള ക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ച് ഈ ഭാഗങ്ങൾ ഉയർന്ന പ്രദേശങ്ങൾആയതുകൊണ്ട് നിലവിലുള്ള പൊതു ടാപ്പുകളിൽ വെള്ളം കയറാതെ വരികയും പൊതു സ്വകാര്യ കിണറുകളിൽ മാർച്ച് /ഏപ്രിൽ മുതൽ ജൂൺ /ജൂലായ് വരെ കുടിവെള്ളം കിട്ടാത്ത സാഹചര്യവും ആണുള്ളത്. വോൾട്ടേജ് ക്ഷാമവും, മോട്ടോർതകരാറും കൂടിയാവുമ്പോൾ കുടിവെള്ളപ്രശ്നം അതിരൂക്ഷമാവുന്നു.

## നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലുമുള്ള കുഴൽ കിണറുകളും പൊതു കിണറുകളും വൃത്തിയാക്കി കുടിവെള്ളം ലഭ്യമാക്കണം.
2. മാട്ടുമല ലിഫ്റ്റ് ഇറിഗേഷൻ പണി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കണം.
3. അഞ്ചാം വാർഡ് കോരനൊടി ഹരിജൻ കോളനിയോട് ബന്ധപ്പെട്ട് പണിപൂർത്തീകരിക്കാത്ത വാട്ടർ ടാങ്ക് പണി പൂർത്തീകരിച്ചാൽഒരു പരിധിവരെ ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.
4. 6,7,8 എന്നീ വാർഡുകളിലേക്ക് പ്രത്യേകിച്ച് 160 പട്ടിക ജാതി കുടുംബങ്ങൾ തിങ്ങി പാർക്കുന്ന വേലൂപ്പാടം കോളനിയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കാർഷിക വികസന രംഗത്ത് മാറ്റം ഉണ്ടാക്കുന്നതിനുംകൂടി ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.
5. 9,10,11 എന്നീ വാർഡുകളിലെ ആദിവാസി കോളനികളിൽ ശുദ്ധജലവിതരണപദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.ആനപ്പാടം കോളനി നിവാസികൾ ഇന്നും കുടിവെള്ളത്തിനു വേണ്ടി പുഴയെയാണ് ആശ്രയിക്കുന്നത്. ഈ കോളനികളിൽഅടിയന്തിരമായി ശുദ്ധജലലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്.

## വൈദ്യുതി

318 പട്ടികജാതി, പട്ടികവർഗ്ഗ വീടുകളാണ് ഈ പഞ്ചായത്തിൽ വൈദ്യുതികരിച്ചിട്ടുള്ളത്. ഇതിൽ 18 വീടുകൾപട്ടികവർഗ്ഗക്കാരുടെതാണ്. ഈ വിഭാഗത്തിൽ വയറിങ്ങ് പൂർത്തിയായ 8 കുടുംബങ്ങൾ കൂടി -ഉണ്ട്. ഇവർക്കും പട്ടിക ജാതിവിഭാഗത്തിൽ വയറിങ്ങ് പൂർത്തിയായ കുടുംബങ്ങൾക്കും അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്.

## സ്ഥലം ഇല്ലാത്തവർ

സ്വന്തമായി സ്ഥലമില്ലാത്ത 84 കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. നിലവിലുള്ള കോളനി വീടുകളിൽ ഒന്നിലധികംകുടുംബങ്ങൾ താമസിക്കുന്നുണ്ട്. സ്ഥലം വാങ്ങുന്നതിനും വീട് പണിയുന്നതിനും സാമ്പത്തികമായി കഴിവില്ലാത്തതുമൂലം ഈകുടുംബങ്ങൾക്ക് മാറി താമസിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്. വിവധ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തിഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാവേണ്ടതാണ്.

## ഓലപുരകൾ:

ഈ പഞ്ചായത്തിൽ മൊത്തം 95 ഓലപ്പുരകളാണ് ഉള്ളത്. പഞ്ചായത്ത്, ബ്ലോക്ക് വെൽഫെയർ മുഖേന സൗജന്യ പദ്ധതി പ്രകാരംവീടുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും പല വാർഡുകളിലും പുരയുടെയും കക്കൂസുകളുടേയും പണി പൂർത്തികരിക്കാത്തതായികാണുന്നു. ആദിവാസി പുനരധിവാസകോളനിയായ നടാംപാടം കള്ളിചിത്രയിൽ 17 വീടുകൾ കളക്ടർ മുഖേന അനുവദിച്ചുകിട്ടിയിട്ടുണ്ട്.

## വിദ്യാഭ്യാസം

പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ ശതമാനം 70 ആണ്. 40 വയസ്സിനും മുകളിലുള്ളവർക്ക്വിദ്യാഭ്യാസം വളരെ കുറവാണ്. 60 സർക്കാർ ജീവനക്കാരാണുള്ളത്. എല്ലാ കോളനികളിലും പ്രാഥമിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും പരിപോഷിപ്പിക്കുന്നതിനു വേണ്ടി ബാലവാടി, അംഗൻവാടി എന്നിവയും സാക്ഷരത കേന്ദ്രങ്ങളും ആരംഭിക്കേണ്ടതുണ്ട്.

## ആരോഗ്യം

1. പഞ്ചായത്തിലെ 3 മുതൽ 11 വരെ വാർഡുകളിലേക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ കലവറക്കുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം10 കിടക്കകളോടുകൂടി ആശുപത്രിയായി വികസിപ്പിക്കണമെന്ന് ബന്ധപ്പെട്ട ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുള്ളതാണ്.
2. എച്ചിപ്പാറ ഹെൽത്ത് സെൻററിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ആഴ്ചയിൽ ഒരു ദിവസം ഡോക്ടറുടെ സേവനംലഭ്യമാക്കുന്നതിനും നടപടി ഉണ്ടാകേണ്ടതാണ്.
3. മുപ്ലിയം ഹെൽത്ത് സെൻറർ 10 കിടക്കകളോടുകൂടിയ ആശുപത്രയായി ഉയർത്തണമെന്നും ഗ്രാമസഭയിൽ നിർദ്ദേശം ഉണ്ടായിട്ടുണ്ട്.
4. നന്തിപുലം സെൻററിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായുള്ളസ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. മാസത്തിൽ ഒരിക്കലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ ആരോഗ്യവകുപ്പിൻെറ സേവനം ലഭ്യമാക്കുന്നതു വഴിഈ വിഭാഗത്തിൻെറ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്.

## വ്യവസായം

1. D.W.C.R.A.പദ്ധതി പ്രകാരം വേലുപ്പാടം ഹരിജൻ കോളനിയിൽ പ്രവർത്തിച്ചു വരുന്ന കുട്ടനെയ്ത്ത യൂണിറ്റിന് സ്വന്തമായിസ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകണം.
2. സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന രീതിയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

ശവസംസ്കാരത്തിന് സൗകര്യമില്ലാത്ത കോളനികളിൽ പൊതു ശ്മശാനം ഉണ്ടാക്കുന്നതിന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശമുണ്ട്.കോളനി റോഡുകൾ സഞ്ചാര യോഗ്യമാക്കുക, പഞ്ചായത്തുവക 4 സെൻറ് ഭൂമിയിൽ വീടുകൾ പണിയുന്നതിന് സാമ്പത്തികസഹായം നൽകുക എന്നീ നിർദ്ദേശങ്ങളുമുണ്ട്. അംഗൻവാടികളും ബാലവാടികളും നിലവില്ലാത്തത കോളനികളിൽ അവ സ്ഥാപിക്കുകയും I.H.D.P.കോളനികളാക്കി ഉയർത്താത്ത കോളനികളെ ആ പദ്ധതിയിൽ ഉൾപ്പെടുത്തുകയും തെരുവു വിളക്കുകൾസ്ഥാപിക്കുകയും എല്ലാ വീടുകളിലും, വൈദ്യുതി കണക്ഷൻ അനുവദിക്കുകയും വേണം. എല്ലാ കോളനികളിലും,വായനശാലകൾ വേണം. ചെറുകി വ്യവസായ യൂണിറ്റുകൾ കോളനികൾ അടിസ്ഥാനപ്പെടുത്തി ആരംഭിക്കുന്നതിനും മഹിളാസമാജങ്ങൾക്ക് സ്വന്തമായി സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ചിമ്മിനിഡാമിൽ മത്സ്യം 'വളർത്തുന്നതിനും വിപണനത്തിനും സൗകര്യമുണ്ടാക്കുകയും ഈ പ്രവർത്തനങ്ങൾക്കായി സമീപവാസികളായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ ബന്ധപ്പെ ടുത്തണം. പഞ്ചായത്തുതലത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗ വികസന സെൽ രൂപീകരിച്ച് വിവിധ പെൻഷൻ പദ്ധതികളും, മറ്റാനുകൂല്യങ്ങളുടെയുംലഭ്യത ഉറപ്പു വരുത്തണം.

## പട്ടികവർഗ്ഗം

പ്രത്യേക പ്രശ്നങ്ങൾ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പൊതുവായ പ്രശ്നങ്ങൾക്കു പുറമേ പട്ടികജാതി വർഗ്ഗക്കാർക്കു മാത്രമായിചില പ്രത്യേക പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. പരമ്പരാഗതമായി പട്ടിക വർഗ്ഗക്കാർ മാത്രം ചെയ്തിരുന്ന വനസമ്പത്തുപയോഗിച്ചുള്ള പല തൊഴിലുകളിൽ നിന്നും അവർ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. പട്ടിക വർഗ്ഗക്കാർക്കായുള്ളപല ക്ഷേമ പദ്ധതികളും ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല. എച്ചിപ്പാറ ചിമ്മിനി ഡാം പ്രദേശങ്ങളിൽ സാധാരണതൊഴിലാളികളുടെ കൂട്ടത്തിൽ പട്ടികവർഗ്ഗക്കാരും തൊഴിൽ ചെയ്യുന്നു എന്നുള്ളത് പ്രോത്സാഹജനകമാണ്.

## നിർദ്ദേശങ്ങൾ :

1. എച്ചിപ്പാറ ട്രൈബൽ എൽ.പി.സ്കൂൾ അപ്പർ പ്രൈമറിയാക്കി ഉയർത്തേണ്ടതാണ്. വിദ്യാർത്ഥികൾക്കിടയിൽ നടത്തിയവൈദ്യപരിശോധനയിൽ 90% വിദ്യാർത്ഥികൾക്കും വിളർച്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുംവിദ്യാർത്ഥികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. യൂണിഫോം,പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നതിനും, വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് ഹോസ്റ്റൽസൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.
2. ഉൾനാടൻ ജലാശയങ്ങളിൽ ചിമ്മിനി ഡാമിനെകൂടി ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിനു കൈമാറുകയും അതുവഴി അവിടത്തെ ആദിവാസികൾക്കായി മത്സ്യബന്ധന സൗകര്യം നൽകികൊണ്ട് തൊഴിൽ സംരക്ഷണംഉറപ്പുവരുത്താവുന്നതാണ്.
3. പട്ടിക വർഗ്ഗത്തിൽപെട്ടവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ട് വരുന്നതിന് പ്രത്യേക ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
4. പട്ടിക വർഗ്ഗക്കാർക്കിടയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

> *കാലം നിർണ്ണയിക്കപ്പെടുന്നത് കടന്നുപോകുന്ന വർഷങ്ങളിലൂടെയല്ല...*
> *നാം എന്തു ചെയ്യുന്നു, എന്തു ചിന്തിക്കുന്നു..*
> *എന്തു കൈവരിക്കുന്നു എന്ന് കണക്കപ്പെടുത്താണ്.*
>
> *നെഹറു*

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്നു നേരിടുന്ന മുഖ്യ പ്രതിസന്ധി വ്യാവസായികരംഗത്തെ വളർച്ചക്കുറവും കാർഷികരംഗത്തെമുരടിപ്പുമാണ്. കാർഷികരംഗത്ത് നാണ്യവിളകുളുടെ വ്യാപനമുണ്ടെങ്കിലും ഭക്ഷ്യവിളകളുടെ കാര്യത്തിൽ കൃഷിഭൂമിയുടെവിസ്തൃതി അനുദിനം കുറഞ്ഞു വരുന്നു. വൻകിട വ്യവസായമെന്നു പറയാവുന്നത് രണ്ടു കമ്പനികളുടെ കീഴിലായി ഉള്ള നാലുറബ്ബർ എസ്റ്റേറ്റുകളാണ്. പുതിയതായി ചെറുകിട കർഷകരും ഈ രംഗത്തേക്ക് കടന്നു വരുന്നുണ്ട്. റബ്ബർ അധിഷ്ഠിതമായവ്യവസായങ്ങളെ ഒന്നു നമ്മുടെ പഞ്ചായത്തിലില്ല. റബ്ബറും മറ്റു കാർഷിക ഉത്പന്നങ്ങളും അധിഷ്ഠിതമാക്കികൊണ്ടുള്ള ചെറുകിടവൻകിട വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. ഇത്തരം വ്യവസായങ്ങൾ വിജയകരമാക്കുന്നതിന് ആവശ്യമായസാങ്കേതികവിദ്യകളും വൈദ്യുതിയും ബാങ്ക് വായ്പകളുമാണ് ഈ രംഗത്തെ പ്രധാന പ്രതിസന്ധിക്കുകാരണം. ഇതുപരിഹരിക്കാതെ ഈ രംഗത്ത് വിഭവസമാഹരണത്തിനുള്ള സാദ്ധ്യത കുറവാണ്. കാർഷികരംഗത്ത് നാണ്യവിളയായ റബ്ബറിൻെറകാര്യത്തിൽ മാത്രമാണ് കുറച്ചെങ്കിലും പുരോഗതിയുള്ളത്.

നമ്മുടെ പ്രധാന ഭക്ഷ്യവിളയായ നെൽകൃഷിയുടെ കാര്യത്തിൽ ഓരോ വർഷവും കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതികുറഞ്ഞു വരികയാണ്. കൃഷിനിലങ്ങൾ കച്ചവടസ്ഥാപനങ്ങളും പുരയിടങ്ങളുമായി അനുദിനം മാറി വരുന്നു. തെങ്ങു കൃഷി കാറ്റുവീഴ്ച ഭീഷിണ നേരിടുന്നു. ഇതുമൂലം ഉദ്പാദനവും ഉദ്പാദനക്ഷമതയും അനുദിനം കുറഞ്ഞുവരുന്നു.രാസവളത്തിൻേറയും കീടനാശിനിയുടേയും അമിതമായ ഉപയോഗം ഒഴിവാക്കി ജൈവ വള പ്രയോഗത്തിനും ജൈവകീടനാശിനിയും പ്രയോഗിക്കുന്നതിന് കൃഷിക്കാരിൽ ആഭിമുഖ്യം വളർത്തിയെടുക്കണം. അധിക വിഭവസമാഹരണത്തിന് ഇത്തരംപ്രശ്നങ്ങളും പരിഹരിക്കേണ്ടതുണ്ട്.

കാർഷിക-വ്യവസായിക മണ്ഡലങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഫലപ്രദമായി ഇടപ്പെടുന്നതിന് അധികാരം നൽകിയാൽ ഈരംഗത്ത് ഏറെ പുരോഗതി കൈവരിക്കാനാവും.

### പഞ്ചായത്തിൻെറ ഇപ്പോഴത്തെ വരുമാന മാർഗ്ഗങ്ങൾ

ഗ്രാൻറുകൾ

SRY വില്ലേജ്റോഡ് മെയിൻറൻസ്മെനർ ഇറിഗേഷൻവെഹിക്കിൾ ടാക്സ് കോമ്പൻസേഷൻഅടിസ്ഥാന നികുതിസ്പെഷൽ ഗ്രേഡ് അൺടൈഡ്ഫണ്ട്ആകെ

33,37317,9911,73,81425x75xNIL35610033785014988O1

22,56,74353999

പട്ടിക 1A

### നികുതിയിനങ്ങൾപിരിച്ച തുക

| | | |
|---|---|---|
| 1 | കെട്ടിടനികുതി | 401994 |
| 2 | തൊഴിൽ നികുതി | 350422 |
| 3 | വിനോദനികുതി | 36828.57 |
| 4 | അഡീഷണൽ വിനോദനികുതി | 22166.00 |
| 5 | പ്രദർശന നികുതി | 5047.00 |
| 6 | പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1273.50 |
| 7 | ലൈസൻസ് ഫീസ് | 13311.00 |
| 8 | കെട്ടിട നികുതി ലൈബ്രറി സെസ് | 21220.00 |
| 9 | വസ്തുകൈമാറ്റനികുതി 75% | 353999.00 |
| 10 | വസ്തുകൈമാറ്റനികുതി 25% | 225674.00 |
| 11 | ഡെപ്പോസിറ്റ് | 176508.00 |
| 12 | മറ്റുള്ളവ | 1164033.44 |
| | ആകെ | 27,72,476.60 |

### പഞ്ചായത്തീരാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1 B

| പദ്ധതിവിഹിതം | പദ്ധതിയേതരവിഹിതം | ആകെ | |
|---|---|---|---|
| മൃഗസംരക്ഷണം | - | 2,000 | |
| ആരോഗ്യം | - | 141188 | 2,000 |
| കൃഷി | 6210691500 | 622569 | 141188 |
| P.W.D. | | | |
| പട്ടികജാതി | 14496 | - | 80008000 |
| മറ്റുള്ളവ | 8480 | 2045 | 14496 |
| ആകെ 644045 | 154733 | 798778 | 10525 |

## പഞ്ചായത്ത് ചിലവുകൾ പട്ടിക 1C

| | ചിലവുകൾ | സംഖ്യ |
|---|---|---|
| 1 | പഞ്ചായത്ത് ഫണ്ട്, പബ്ലിക്വർക്ക് | 740038 |
| 2 | വാട്ടർസപ്ലൈ | 220240 |
| 3 | അൺടൈഡ് ഫണ്ട് | 514446 |
| 4 | വൈദ്യുതി | 84366 |
| 5 | ശമ്പളം | 495704 |
| | ആകെ | 2054764 |

പഞ്ചായത്തിന്റെ മുഖ്യമായ ചിലവുകൾ ശമ്പളം മരാമത്ത്, വൈദ്യുതി, കുടിവെള്ളം, എന്നിവയാണ്. ഇതിൽ മരാമത്തിൽ ഉൾപ്പെടുന്ന റോഡ് പണികൾ ഒഴിവാക്കാൻ കഴിയാത്തതാണ്. ഈ പണികൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് പഞ്ചായത്തിൽ നിലവിൽഉള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 35%എങ്കിലും ലാഭിക്കാൻ കഴിയും.

വിശേഷാൽ ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന മനുഷ്യപ്രയത്നമടക്കമുള്ള വിഭവസമാഹരണത്തിനും അതിന്റെ ക്രിയാത്മകമായിവിനിയോഗവും ഇത്തരം സന്നദ്ധപ്രവർത്തനത്തിലൂടെ നടപ്പാക്കാവുന്നതാണ്.

പഞ്ചായത്തുതലത്തിൽ സന്നദ്ധസേവനം നടത്താൻ തയ്യാറുള്ള സംഘടനകളെ കണ്ടെത്തുകയും അവയ്ക്ക് പഞ്ചായത്തിന്റെഅംഗീകാരവും, പ്രോത്സാഹനങ്ങളും നിയന്ത്രണവും ഏർപ്പെടുത്തണം. ഇത്തരം സംഘടനകളെ പഞ്ചായത്തു തലത്തിൽസംഘടിപ്പിച്ച് പഞ്ചായത്ത് തല സന്നദ്ധ വികസനസേന രൂപീകരിക്കാം

ശുദ്ധജലവിതരണപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി ആവശ്യമായി വീട്ടുകാർക്ക് വാട്ടർ കണക്ഷൻ നൽകുന്നതിലൂടെപൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും ഈയിനത്തിലുള്ള പഞ്ചായത്തു ചിലവുകുറക്കുന്നതിനും കഴിയും.

വൈദ്യുതിയുടെ കാര്യത്തിൽ തെരുവുവിളക്കുകളിൽ ബൾബുകൾക്ക് പകരം ട്യൂബുകൾ ഉപയോഗിച്ച് വൈദ്യുതചാർജ്കുറക്കുന്നതിനും തന്മൂലം അമിതമായി വൈദ്യുത ഉപഭോഗം കുറയ്ക്കാനും കഴിയും

### നിർദ്ദേശങ്ങൾ

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളും ജനകീയ ആവശ്യങ്ങളും നിർവ്വഹിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുംഅധികവിഭവസമാഹരണം കൂടിയേ തീരൂ. വിലകയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത്.വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ നികുതിയാകാൻ പാടുള്ളൂ. അങ്ങനെയാകുമ്പോൾ എല്ലാവർക്കുംഅതുകൊടുക്കുവാൻ താല്പര്യമുണ്ടാകും. നികുതി കൊടുക്കുന്നതുവഴി തങ്ങളും പഞ്ചായത്തിന്റെ വികസനപ്രക്രിയയിൽപങ്കാളികളാവുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇതിനു ബോധവത്ക്കരണ പ്രക്രിയ ആവശ്യമാണ്.

ഏർപ്പെടുത്തിയ മുഴുവൻ നികുതിയും നമ്മുടെ പഞ്ചായത്ത് പിരിച്ചെടുക്കുന്നുണ്ട്. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും സ്ഥിരവരുമാനമുള്ള ചെത്തുതൊഴിലാളികളുൾപ്പടെയുള്ള എല്ലാവർക്കും നികുതി ഏർപ്പെടുത്തണം.വിടുകൾക്ക് നികുതിയേർപ്പെടുത്തുമ്പോൾ തറവിസ്തീർണ്ണം മാത്രം മാനദണ്ഡമാക്കിയാൽ പോരാ; ആഡംബരവസ്തുക്കളുടെഉപയോഗം കൂടി പരിഗണിച്ച് കൂടുതൽ നികുതി ഏർപ്പെടുത്തണം. 2000 ച. അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് സർചാർജ്ജ് ഏർപ്പെടുത്തണം. ഇതു ചെലവു കുറഞ്ഞ ഭവന നിർമ്മാണ സങ്കേതങ്ങൾ സ്വീകരിക്കുന്നതിന് പ്രോത്സാഹജനകമാകും.2 ഏക്കറിൽ കൂടുതലുള്ള ഭൂവുടമകൾക്ക് ലാൻറ് സെസ് ഏർപ്പെടുത്തണം.

ചിമ്മിനി ഡാമിന്റെ പരിസരത്ത് പഞ്ചായത്ത് വക പാർക്ക് അക്വേറിയം, സ്വിമ്മിംഗ് പൂൾ ഓഡിറ്റോറിയംഷ ഷോപ്പിംഗ് കോപ്ലക്സ്എന്നിവ നിർമ്മിച്ച് ടൂറിസം വികസനസാദ്ധ്യതയും അതുവഴി പഞ്ചായത്തിന്റെ വരുമാനവും വർദ്ധിപ്പിക്കാം. ചിമ്മിനിഡാം,മുനിയാട്ടുകുന്നുമായി ബന്ധിപ്പിച്ച് ടൂറിസവികസനത്തിന് സാദ്ധ്യതകളുണ്ട്.

പാലപ്പിള്ളി സെൻററിൽ കൊച്ചിൻ മലബാർ എസ്റ്റേറ്റിൽ നിന്നും സ്ഥലം അക്വയർ ചെയ്തും നന്തിപുലത്തുള്ള പഞ്ചായത്ത് വകസ്ഥലത്തും ഷോപ്പിംഗ് കോപ്ലക്സുകൾ നിമ്മിക്കാവുന്നതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് ഗ്രൗണ്ടിലുള്ള സ്ഥലത്ത് രാത്രിയിൽബസ്സുകൾക്ക് പാർക്ക് ചെയ്യാനും കഴുകാനുമുള്ള സൗകര്യം ഏർപ്പെടുത്തിയാൽ പാർക്കിംങ്ങ് ചാർജ്ജ് ഏർപ്പെടുത്തുവാനുംതന്മൂലം രാത്രികാലങ്ങളിൽ റോഡരികിൽ പാർക്ക് ചെയ്യുന്നത് ഒഴിവാക്കാനും കഴിയും. ഓട്ടോ ടാക്സി മുതലായവക്ക് പാർക്കിംങ്ങ്പെർമിറ്റ് ഏർപ്പെടുത്താവുന്നതുമാണ്.

കൃഷിഭൂമി മണ്ണിട്ടുനികത്തുന്നവരിൽ നിന്നും പ്രത്യേക നികുതി നിർബന്ധമായും പിരിക്കണം. പുഴയിൽ നിന്നും മണൽവാരുന്നത്കുറച്ചുകാലത്തേക്ക് നിരോധിക്കുകയോ അല്ലെങ്കിൽ കർശനമായും നിയന്ത്രിക്കണം. അമിതമായ മണൽവാരൽമൂലം പുഴയുടെആഴം കൂടുകയും സമീപപ്രദേശത്തുള്ള കിണറുകളിൽ വെള്ളം ലഭിക്കാതെ വരികയും ചെയ്യുന്നു. മുപ്ലിയം പാലത്തിന്റെനിലനില്പിനുതന്നെ ഭീഷിണിയാവുന്നുണ്ട് കേബിൾ ടി.വി.ക്ക് ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്. ഇഷ്ടികവ്യവസായികളും,ക്വാറി ഉടമകളും ഇന്നും നികുതി സംവിധാനത്തിനു പുറത്താണ്. ഇവരെ കൂടി നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

പോട്ടച്ചാലിന് ചുറ്റും ബണ്ടു നിർമ്മിച്ച് മീൻ വളർത്തി പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ്ഉണ്ടാക്കാവുന്നതാണ്. ചിമ്മിനിഡാമിന്റെ റിസർവോയറിൽ മത്സ്യം വളർത്തുന്നതിനുള്ള അവകാശം പഞ്ചായത്തിനുലഭിക്കുകയാണെങ്കിൽ പഞ്ചായത്തിലെ മുഴുവൻ ആദിവാസികൾക്കും മത്സ്യബന്ധനത്തിൽ തൊഴിൽ കണ്ടെത്താനും അതിലൂടെപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില മാറണം. ഗ്രാൻറ് പിരിക്കുന്ന തലത്തിൽ നിന്നുതന്നെപഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം പട്ടികജാതി പട്ടികവർഗ്ഗ അംഗങ്ങളുടെ എണ്ണം സ്ത്രീകളുടെ എണ്ണംഎന്നിവക്കാനുപാതികമായി ഗ്രാൻറുകളുടെ നീതിപൂർവ്വമായ വിതരണം ഉറപ്പു വരുത്തണം. ഇത്തരം ആവശ്യങ്ങൾക്കനുസൃതമായതരത്തിൽ സംസ്ഥാനതലത്തിൽ നിയമനിർമ്മാണം നടത്തിയാൽ മാത്രമേ ജനകീയ ആസൂത്രണപദ്ധതിയാഥാർത്ഥ്യമാകൂ.

> ***മനുഷ്യന് വിശ്വാസം ഒന്നുകൊണ്ട്***
> ***പർവ്വതങ്ങളെ കീഴടക്കാം.***
> ***ഗാന്ധിജി***

# ഉപസംഹാരം

ദേശീയതലത്തിൽ മാത്രമല്ല - ലോകം തന്നേയും മാതൃകയാക്കി ഉയർത്തിയക്കാണിക്കുന്ന വികസന മാതൃകയ്ക്കും ഗുണമേന്മക്കുംഉടമയായ നമ്മുടെ സംസ്ഥാനം ഇന്നെത്തിനിൽക്കുന്നത് നാനാരംഗത്തുള്ള പ്രതിസന്ധിയെ മുറിച്ചു കടക്കാൻ വേണ്ടിയുള്ള ഒരുതീവ്രയത്നത്തിലാണല്ലോ! പ്രതിസന്ധി തരണം ചെയ്യാൻ വേണ്ടിയുള്ള മാർഗ്ഗമാരാഞ്ഞപ്പോഴാണ്കഴിഞ്ഞകാലാസൂത്രണസംവിധാനത്തിന് പകരം വയ്ക്കാൻ ജനകീയാസൂത്രണപ്രസ്ഥാനം രൂപപ്പെട്ടത്. അത് വഴി രാഷ്ട്രപിതാവ് വിഭാവനം ചെയ്ത ഗ്രാമസ്വരാജ് സങ്കല്പത്തിന്റെ പരിപൂർണ്ണതയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

അനുകരണീയസ്വഭാവത്തിൽ മുകളിൽ നിന്നും ആവിഷ്കരിക്കുന്ന പദ്ധതികളിലൂടെയല്ലാതെ ഒരു പുതിയ വികസനസമ്പ്രദായത്തിന് തുടക്കമിടുകയാണ്. ഇതിലൂടെ കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളുടെ കൂട്ടത്തിൽ നമ്മുടെപഞ്ചായത്തിനെ മുൻനിർത്തി ഒരുപാട് സ്വപ്നങ്ങളുണ്ട്. ഡാം കെട്ടി വെള്ളം സുലഭമായി ഒഴുകുമ്പോഴും, ഈ വെള്ളമൊഴുകുന്നഇരുകരകളിലുമുള്ള മണ്ണും മനുഷ്യനും ഉണങ്ങുന്നതിന് നിയമമാണ് തടസ്സകാരണമെങ്കിൽ അത് മാറ്റാൻ ഉപാധികളൊന്നുമില്ലാത്തയോജിപ്പ് ഉണ്ടാകേണ്ടതു. ഡാമിലെ വെള്ളം കെട്ടി നിറുത്താൻ കണ്ടെത്തിയ സ്ഥലങ്ങളിൽ നിന്ന് പറിച്ചു മാറ്റപ്പെട്ട ജനങ്ങളുടെജീവിതവൃത്തിക്ക് വെള്ളത്തിനടിയിൽ മുങ്ങിത്തപ്പിയാൽ മുത്തും പവിഴവും കിട്ടിയില്ലെങ്കിലും കിട്ടാനിടയുള്ള മത്സ്യ സമ്പത്തിനെഉപയോഗിക്കാൻ അവകാശമുണ്ടാകണം.

സർക്കാറിന്റെ കുത്തക പാട്ട വ്യവസ്ഥയുടെ സാങ്കേതികത്വം പറഞ്ഞ് തോട്ടമുടമകൾ പരിസര വാസികളുടേയുംതൊഴിലാളികളുടേയും ജീവിതം കാണാതിരിക്കുക എന്നതിനും നിയമം രൂപപ്പെടണം. വനമേഖലയുടെ പരിസരത്തായി സ്വന്തംകിടപ്പാടവും കൃഷിയിടവും കണ്ടെത്തി ജീവിതം മുന്നോട്ട് കൊണ്ടു പോകുന്നവരുടെ ഉല്പാദന വർദ്ധനവും ജീവിതസൗകര്യവുംഅവഗണിക്കാൻ ഒരു നിമിത്തം മാത്രമായി നിൽക്കുന്ന വന നിയമങ്ങൾക്ക് ഭേദഗതി ഉണ്ടാകണം. മേൽ സൂചിപ്പിച്ച കടമ്പകളെല്ലാംനമ്മുടെ പഞ്ചായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിലെ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളിൽ കാലോചിതമായ മാറ്റവുംയാഥാർത്ഥ്യമാവുമെന്ന് പ്രത്യാശിക്കാം.

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ വികസനരംഗത്ത് കഴിഞ്ഞ കാലങ്ങളിൽ ഏറെ ശ്രദ്ധിച്ചിരുന്നത് റോഡ് നിർമ്മാണത്തിലും മറ്റ്മരാമത്ത് പ്രവർത്തനങ്ങളിലുമാണ്. കാർഷികമേഖലയെ പരിപോഷിപ്പിക്കാൻ കുറേയേറെ ശ്രദ്ധിച്ചിരുന്നു. അതിന്റെ ഭാഗമായിനന്തിപുലം, മുപ്ലിയം മേഖലയെ അപേക്ഷിച്ച് വരന്തരപ്പിള്ളി മേഖല പുരോഗമിച്ചിട്ടില്ല. ഈ മേഖലയിലെ കുട്ടൻചിറപ്പാടവും,കുട്ടോലിപാടവും വെട്ടിങ്ങപാടവും കോരനൊടിപാടവും പള്ളിക്കുന്ന്, മാട്ടിൻചിറ എന്നീ പാടവുംഎല്ലാം ഒരു പൂവും ഇരുപ്പും മാത്രമേ കൃഷി പണിയുന്നുള്ളു.വേനൽകാലത്ത് വരണ്ടുണങ്ങുന്ന ഈ പാടങ്ങളിലെ പച്ചപ്പ് നിലനിർത്താൻ ഏതു വിധേനയും കഴിയണം. എല്ലാകുന്നും പുറത്തുംവെള്ളം ചാടുകകൂടി ചെയ്താൽ ജില്ലയുടെ കിഴക്കൻ മലയോരമായ വരന്തരപ്പിള്ളി ഏവർക്കും വരം തരാൻ ഒരുങ്ങി നിൽക്കുന്നഗ്രാമീണസുഭഗയുടെ രൂപഭംഗിയിലാകും.

വരന്തരപ്പിള്ളി പട്ടണത്തിന് സമീപസ്ഥലത്തായി മാർക്കറ്റും, മറ്റു പ്രധാന സെൻററുകളിൽ ഇതിനനുബന്ധമായ സൗകര്യങ്ങൾഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ കാർഷികവ്യവസായ മേഖലയുടെ വളർന്ന അന്തരീക്ഷം രൂപപ്പെടും മലയോരമേഖലയെകൂട്ടിയിണക്കിപൂർത്തീകരിച്ചും വരുന്ന റോഡ് ആറ്റപ്പിള്ളി റഗുലേറ്റർ - കം - ബ്രിഡ്ജ് എന്നതുമാകുമ്പോൾ പാലക്കാട്,എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്ന ഗതാഗത സൗകര്യത്തിന്റെ ഒരു കേന്ദ്രസ്ഥാനമായി വരന്തരപ്പിള്ളി പട്ടണംമാറാവുന്നതാണ്. ഇന്ന് പരിഗണിനയിലിരിക്കുന്ന ശബരിമല റെയിൽവേ ലൈനിൽ തെക്ക് മൂവ്വാറ്റുപുഴയിലോ,പെരുമ്പാവൂരിലോ, വടക്ക്കിഴക്കുമാറി ആലത്തൂരിലോ പാലക്കാടിലോഇവിടെ എവിടെയെങ്കിലുമായി ബന്ധിപ്പിക്കാവുന്ന വിധം മലയോര റെയിൽവേ ഗതാഗതം എന്ന ദീർഘകാലങ്ങൾക്ക് ശേഷംഉണ്ടാകാവുന്ന പദ്ധതിയിലേക്കുള്ള ഒരു ചിന്ത ഇപ്പോഴേ മുളക്കുന്നതിൽ തെറ്റില്ല.

ആരോഗ്യവ്യവസായിക രംഗങ്ങളിൽ ഒരുപാട് ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്തജനവിഭാഗങ്ങളിൽ ഏറെപ്പേരും പ്രത്യേകിച്ചും ദുർബല ജനവിഭാഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളുടെ ഉൾക്കനമുള്ള ഭാഗമാണ്അത്. വേലൂപ്പാടം പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്ന വാർഡിലെ ഗ്രാമസഭയിൽ തന്നെ 450 ഓളം പേർ പങ്കെടുത്തതിൽ 400 ഓളം പേർ ഈ അഭിപ്രായക്കാരും തൊട്ടടുത്തവാർഡിൽ പങ്കെടുത്ത 400 ഓളം പേരിൽ 300 ഓളം പേരും ഈ അഭിപ്രായക്കാരായിരുന്നു. ഓരോരുത്തരും തന്നാലാവുന്ന"എന്തും" ആശുപത്രിവികസനത്തിനായി സമർപ്പിക്കും എന്ന ഉൾപ്പുളകമുണ്ടാക്കുന്ന അഭിപ്രായങ്ങളെ ആദരപൂർവ്വംമാനിക്കപ്പെടേണ്ടതുണ്ട്. അതുപോലെതന്നെ മുപ്ലിയത്തുള്ള പ്രൈമറി ഹെൽത്ത് സെൻററിന്റേയും ചിമ്മിനിഡാം റൂറൽഡിസ്പെൻസറിയുടേയും നന്തിപുലത്തുള്ള ആയുർവേദ ഡിസ്പെൻസറിയുടേയും വെറ്റിനെറി ഡിസ്പെൻസറിയുടേയും അനുബന്ധപ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതിന് എല്ലാം മറന്ന യോജിപ്പ് ഉണ്ടാകേ പറ്റു.

ദുർബലജനവിഭാഗത്തിൽത്തന്നെ ഏറെ അവശതകളുള്ള പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിനെ മുന്നിൽകണ്ട് ആരംഭിച്ചതായ എച്ചിപ്പാറ ട്രൈബൽ എൽ.പി.സ്കൂൾ തുടർവിദ്യാഭ്യാസത്തിന് സൗകര്യപ്പെടുന്ന വിധം വികസിപ്പിക്കലും മറ്റു ഗവ. ഹൈസ്ക്കൂളുകളുടെ വികസനവുംഎല്ലാം നമ്മുടെ ഭാവിതലമുറയോടുള്ള പ്രതിബദ്ധതയാണ്. യുവാക്കളുടെ വായനയിലും ചിന്തയിലും പ്രവർത്തിയിലുമുള്ളമരവിപ്പിനെ അടിയന്തിരസ്വഭാവത്തോടെ മാറ്റിയെടുക്കത്തക്ക വിധം സാംസ്കാരിക സ്ഥാപനങ്ങളുടെ വൈപുല്യം യഥാർത്ഥ്യമാക്കേണ്ടതുണ്ട്.

അങ്ങിനെ തൊട്ടെണ്ണി പറയാവുന്നതും അല്ലാത്തതുമായ നിരവധി കാര്യങ്ങൾ സാധിതമാക്കി തീർക്കേണ്ടതിന്റെ വിശദാംശങ്ങൾഇവിടെ നീട്ടിപ്പറയുന്നില്ല. പഞ്ചായത്തിന്റെ ഇന്നുള്ള വരുമാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങൾനിർവ്വഹിക്കാനാവില്ല. ഉപാധിരഹിതഫണ്ടിൽ മുൻകാലത്ത് ലഭിച്ച 3,37,850 രൂപയുടെ സ്ഥാനത്ത് 10,87,660 രൂപ നമുക്ക്ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് നിർവ്വഹിക്കാൻ കഴിയുന്നതിനും അതിനപ്പുറത്തും സന്നദ്ധപ്രവർത്തനത്തിന്റെ ഭാഗവുംകൂട്ടിചേർത്ത് നമുക്ക് മുന്നോട്ട് പോകാം.

അതോടൊപ്പംതന്നെ പഞ്ചായത്തിന്റെ തനതായ വരുമാനം ഇന്നുള്ളതിനു പുറമേ വർഷത്തിൽ ചുരുങ്ങിയത് 10 ലക്ഷംരൂപയെങ്കിലും ലഭിക്കാവുന്ന ഭൗതികസാഹചര്യം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. അങ്ങിനെ വന്നാൽ കൈവരിക്കാൻ കഴിയുന്ന വിവിധങ്ങളായു നേട്ടങ്ങൾ വികസന രംഗത്ത് കേരളത്തിലെ മാതൃക പഞ്ചായത്തുകളുടെ പട്ടികയിൽ നമ്മുടെ പഞ്ചായത്തും സ്ഥാനം പിടിക്കും എന്ന് പ്രതീക്ഷയുണ്ട്.

ഈ പ്രതീക്ഷകൾ സ്വന്തം ഞരമ്പുകളിലേക്ക് ആവാഹിച്ച് മുൻഗാമികളായിരുന്ന ഭരണാധികാരികളുടെ പാദമുദ്രകളോട്വിനയഭാവം കൈവെടിയാതെ കർമ്മനിരതമായി മുന്നോട്ടുപോകണം എന്നാഗ്രഹമുണ്ട്. ഈ മുന്നേറ്റത്തിന് ആവേശം പകരാൻജാതിക്കും, മതത്തിനും കൊടികൾക്കും അതീതമായി നാടിന്റെ പ്രശ്നങ്ങൾ, ഭരിക്കുന്നവരുടെ മാത്രം പ്രശ്നമല്ല നാട്ടാരുടെ മുഴുവൻപ്രശ്നമാണ് എന്ന നേരറിവിന്നുടമകളായ് അണിചേരുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് കൂടുതൽവിശകലനത്തിനും പരിപൂർണ്ണതക്കും വേണ്ടി ആദരപൂർവ്വം ഈ സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.

*വിശ്വാസപൂർവ്വം*

*കെ.എം. പത്മനാഭൻ*
*പ്രസിഡന്റ്*

*ഇ.കെ. സത്യൻ*
*കൺവീനർ*

*ജനകീയാസൂത്രണപ്രസ്ഥാനം*
*വരന്തപ്പിള്ളി ഗ്രാമപഞ്ചായത്ത്*

804206

689